# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

2021 ആഗസ്റ്റ് 3,  ചൊവ്വ

സ്പീക്കർ

**ശ്രീ. എം. ബി. രാജേഷ്**

ഡെപ്യൂട്ടി സ്പീക്കർ

**ശ്രീ. ചിറ്റയം ഗോപകുമാർ**

സെക്രട്ടറി

**ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ**

ചീഫ് എഡിറ്റർ

**ശ്രീമതി വി. ചെറുപുഷ്പം**

എഡിറ്റിംഗ് ബ്രാഞ്ച്

കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

106/2022

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| കായികം വഖഫ്, ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി | : | ശ്രീ. വി. അബ്ദുറഹിമാൻ |
| തുറമുഖം മ്യൂസിയം പുരാവസ്തു വകുപ്പുമന്ത്രി | : | ശ്രീ. അഹമ്മദ് ദേവർകോവിൽ |
| ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി | : | ശ്രീ. ജി. ആർ. അനിൽ |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. ആന്റണി രാജു |
| ധനകാര്യ വകുപ്പുമന്ത്രി | : | ശ്രീ. കെ. എൻ. ബാലഗോപാൽ |
| ഉന്നതവിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പുമന്ത്രി | : | ഡോ. ആർ. ബിന്ദു |
| മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി | : | ശ്രീമതി ജെ. ചിഞ്ചുറാണി |
| തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി | : | ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. കെ. കൃഷ്ണൻകുട്ടി |
| പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പുമന്ത്രി | : | ശ്രീ. പി. എ. മുഹമ്മദ് റിയാസ് |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. പി. പ്രസാദ് |
| പട്ടികജാതി,പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാധാകൃഷ്ണൻ |
| റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജൻ |
| നിയമം. വ്യവസായം. കയർ വകുപ്പുമന്ത്രി | : | ശ്രീ. പി. രാജീവ് |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. റോഷി അഗസ്റ്റിൻ |
| മത്സ്യബന്ധനവും സാസ്കാരികവും യുവജനക്ഷേമ വകുപ്പുമന്ത്രി | : | ശ്രീ. സജി ചെറിയാൻ |
| വനം വന്യജീവി വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| പൊതുവിദ്യാഭ്യാസം തൊഴിൽ വകുപ്പുമന്ത്രി | : | ശ്രീ. വി. ശിവൻകുട്ടി |
| സഹകരണ-രജിസ്ട്രേഷൻ വകുപ്പുമന്ത്രി | : | ശ്രീ. വി. എൻ. വാസവൻ |
| ആരോഗ്യ- വനിത-ശിശുവികസന വകുപ്പുമന്ത്രി | : | ശ്രീമതി വീണാ ജോർജ്ജ് |

# ഉള്ളടക്കം


*പേജ്*

**I ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ .. 1
2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ .. 24
   (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 24
   (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ .. 73

**II അടിയന്തരപ്രമേയം**

പ്ലസ് വൺ പ്രവേശനത്തിലെ ആശങ്ക
– ഡോ. എം. കെ. മുനീർ
(അവതരണാനുമതി നിഷേധിച്ചു) .. 438

**III ശ്രദ്ധ ക്ഷണിക്കൽ**

1. കാർഷിക വിളകളുടെ അടിസ്ഥാന വില
– ശ്രീ. സി. എച്ച്. കുഞ്ഞമ്പു .. 452

2. ഭൂമി ഏറ്റെടുക്കാൻ ഇളവ് അനുവദിക്കൽ
– ശ്രീ. ഷാഫി പറമ്പിൽ .. 456

**IV സബ്മിഷൻ**

1. സൈബർ കുറ്റകൃത്യം
– ശ്രീ. കെ. എം. സച്ചിൻദേവ് .. 460

2. സാമ്പത്തിക സംവരണ സമുദായങ്ങൾ
– ശ്രീ. റോജി എം. ജോൺ .. 461

3. പ്രകൃതി വാതക പൈപ്പ് ലൈൻ
– ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ .. 465

4. നഷ്ടപരിഹാരം
– ശ്രീ. മാത്യു ടി. തോമസ് .. 467

*പേജ്*

5. ഭൂമി ഏറ്റെടുക്കൽ

– ശ്രീ. പി. വി. ശ്രീനിജിൻ .. 468

6. ആരാധനാലയങ്ങൾക്ക് പുതിയ വാട്ടർ മീറ്റർ

– ശ്രീ. കെ. ജെ മാക്സി .. 470

7. വെള്ളക്കെട്ട്

– ശ്രീ. ടി. ജെ. വിനോദ് .. 472

8. ബി.ഐ.എസ്. അംഗീകാരം

– ശ്രീ. സജീവ് ജോസഫ് .. 473

9. ഡയറ്റിന്റെ പ്രവർത്തനം

– ശ്രീ. വി. ശശി .. 475

10. ഹാച്ചറിയുടെ പ്രവർത്തനം

– ശ്രീ. പി. കെ. ബഷീർ .. 477

**V റിപ്പോർട്ട് സമർപ്പണം**

സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും .. 479

**VI ക്രമപ്രശ്നം**

(1) ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

– ശ്രീ. പി. സി. വിഷ്ണുനാഥ് .. 479

(2) കോവിഡ് വാക്സിന് വകയിരുത്തിയ അധിക തുകയുടെ വിനിയോഗം

– ശ്രീ. പി. സി. വിഷ്ണുനാഥ് .. 481

*പേജ്*

**റൂളിംഗ്**

**VII ധനകാര്യം**

2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള
പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള
ചർച്ചയും വോട്ടെടുപ്പും .. 486

ധനാഭ്യർത്ഥന നമ്പർ XVIII - വൈദ്യസഹായരംഗവും
പൊതുജനാരോഗ്യവും .. 487

ധനാഭ്യർത്ഥന നമ്പർ XIX – കുടുംബക്ഷേമം

**അനുബന്ധം** .. 596

# കേരള നിയമസഭാ നടപടികൾ

## പതിനഞ്ചാം കേരള നിയമസഭ

### രണ്ടാം സമ്മേളനം

*2021 ആഗസ്റ്റ് 3 ചൊവ്വ*

വാല്യം 185] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 9

നിയമസഭ 2021 ആഗസ്റ്റ് മാസം 3-ാം തീയതി ചൊവ്വാഴ്ച രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എം. ബി. രാജേഷിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

(ബഹുമാനപ്പെട്ട അംഗങ്ങൾ കോവിഡ്-19 പ്രോട്ടോക്കോൾ പ്രകാരം സാമൂഹിക അകലം പാലിച്ച് അവരവരുടെ ഇരിപ്പിടങ്ങളിൽ മുഖാവരണം ധരിച്ച് ഉപവിഷ്ടരായി.)

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി. സ്പീക്കർ: ഓർഡർ...... ഓർഡർ...... ചോദ്യം നമ്പർ *241

### സംസ്ഥാനത്തെ റെയിൽവേ വികസനം

1 (*241) ശ്രീ. വി. കെ. പ്രശാന്ത്:

ശ്രീ. ടി. പി. രാമകൃഷ്ണൻ:

ശ്രീമതി യു. പ്രതിഭ:

ശ്രീ. എം. നൗഷാദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റെയിൽവേ വികസനത്തിന്റെ ഗതിവേഗം വർദ്ധിപ്പിക്കുന്നതിന് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ നടത്തുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(ബി) പാതയിരട്ടിപ്പിക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സിഗ്നലിംഗ് നവീകരണ പ്രവൃത്തികൾ സംസ്ഥാനത്തെ റെയിൽവേ വികസനത്തിന് പ്രതിബന്ധമായിരിക്കുന്നതിനാൽ ഇതിനായുള്ള പ്രവൃത്തികൾ ത്വരിതപ്പെടുത്തണമെന്ന് കേന്ദ്ര റെയിൽവേ മന്ത്രാലയത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) സംസ്ഥാനത്തെ പ്രധാന റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തുന്ന പദ്ധതിയിൽ കാര്യമായ പുരോഗതിയില്ലാത്തത് പരിഹരിക്കാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ) സംസ്ഥാനത്തെ റെയിൽവേ വികസനം ത്വരിതപ്പെടുത്തുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുംവേണ്ടി സംസ്ഥാന സർക്കാരും റെയിൽവേ മന്ത്രാലയവും സംയോജിതമായി രൂപം നൽകിയ സംയുക്ത സംരംഭ കമ്പനിയാണ് കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ്. പ്രസ്തുത കമ്പനി സംസ്ഥാനത്തിന് ആദായകരമായതും സാധ്യമായതുമായ പദ്ധതികൾ ഏറ്റെടുത്ത് സർവ്വേകൾ, സാധ്യതാ പഠനങ്ങൾ, വിശദമായ പ്രോജക്ട് റിപ്പോർട്ട് (ഡി.പി.ആർ.) തയ്യാറാക്കൽ, ആവശ്യമായ അംഗീകാരങ്ങൾ, പദ്ധതികൾ നടപ്പാക്കൽ അനുമതിക്കുവേണ്ടിയുള്ള പ്രോസ്സസിംഗ്, അംഗീകാരം ലഭിച്ച പദ്ധതികളുടെ നടപ്പാക്കൽ എന്നിവ ചെയ്തുവരുന്നു. ടി കമ്പനിക്ക് പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി.) രൂപീകരിക്കാൻ കഴിയും. അതിൽ മറ്റ് ഓഹരി ഉടമകളുടെ ഇക്വിറ്റി ഹോൾഡിംഗ് ഉണ്ടായിരിക്കും. പദ്ധതി അധിഷ്ഠിത പ്രത്യേക ദൗത്യ വിഭാഗം (എസ്.പി.വി.) നടപ്പാക്കുന്നത് റെയിൽവേ മന്ത്രാലയവുമായി കൂടിയാലോചിച്ചായിരിക്കും. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് (കെ.ആർ.ഡി.സി.എൽ.) ഏറ്റെടുക്കുവാനുദ്ദേശിക്കുന്ന പ്രധാന പദ്ധതികൾ ഇവയാണ്:

1. തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ പുതുതായി രണ്ടു റെയിൽവേ ലൈനുകളുടെ നിർമ്മാണം
2. തലശ്ശേരി - മൈസൂർ റെയിൽവേ ലൈൻ
3. നിലമ്പൂർ- നൻജഗുഡ് റെയിൽ ലൈൻ
4. അങ്കമാലി - ശബരി റെയിൽ ലൈൻ.

സംസ്ഥാനത്തിന്റെ റെയിൽ-റോഡ് മേഖലയിൽ വൻ മുന്നേറ്റം നേടുന്നതിനും നിലവിലെ ഗതാഗത സംവിധാനത്തിന്റെ പോരായ്മകൾമൂലം യാത്രാക്ലേശം അനുഭവിക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനകാര്യത്തിൽ

വൻമുന്നേറ്റം കൈവരിക്കുന്നതിനും കെ-റെയിൽ നടപ്പാക്കുന്ന ഈ പദ്ധതികൾ സഹായകമാകും. ഇതിൽ, സംസ്ഥാനത്തെ ഗതാഗത സംവിധാനത്തിന് വൻ കുതിപ്പേകുന്ന അന്താരാഷ്ട്ര നിലവാരത്തിലെത്തുന്നതരത്തിൽ യാത്രക്കാർക്ക് സൗകര്യമൊരുക്കുന്നതിനായി തിരുവനന്തപുരത്തിനും കാസർഗോഡിനും ഇടയിൽ മൂന്നും നാലും പാത നിർമ്മിക്കുക എന്നതാണ് കേരള റെയിൽ വികസന കോർപ്പറേഷൻ നടത്തുന്ന പ്രധാന പദ്ധതി. ഗ്രീൻ ഫീൽഡ് ഇടനാഴിയായി രണ്ട് അധിക റെയിൽവേ ലൈനുകൾ നിർമ്മിച്ച് മണിക്കൂറിൽ 200 കിലോമീറ്റർ വേഗത്തിൽ സെമി ഹൈ സ്പീഡ് ട്രെയിനുകൾ ഓടിക്കുക എന്നതാണ് പ്രൊപ്പോസൽ. ഒന്നര മണിക്കൂറിനുള്ളിൽ എറണാകുളത്ത് എത്തിച്ചേരാനും നാലുമണിക്കൂറിനുള്ളിൽ തിരുവനന്തപുരത്തുനിന്നും കാസർഗോഡെത്താനും ഇത് സഹായിക്കും. പ്രസ്തുത പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് കേരള സർക്കാർ അംഗീകരിച്ച് കേന്ദ്ര റെയിൽവേ മന്ത്രാലയത്തിന്റെ അന്തിമാനുമതിക്കായി സമർപ്പിച്ചിരിക്കുകയാണ്. പദ്ധതിക്കായുള്ള വായ്പാ സ്വരൂപണവും ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടികളും പുരോഗമിക്കുകയാണ്.

തലശ്ശേരി - മൈസൂർ പദ്ധതിയുടെ സാധ്യതാ പഠന റിപ്പോർട്ട് റെയിൽവേ ബോർഡിന് സമർപ്പിച്ചിരുന്നു. പദ്ധതിയുടെ ഡി.പി.ആർ., കൺസൾട്ടൻസിയായ കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡ് തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് കേരളത്തിലെ സർവ്വേ പ്രവൃത്തികളും മറ്റ് പ്രവർത്തനങ്ങളും നടന്നുവരികയാണ്. പ്രസ്തുത പദ്ധതിയുടെ അലൈൻമെന്റിന് തത്വത്തിൽ അംഗീകാരം ലഭിക്കുന്നതിനുവേണ്ടി സർക്കാർതലത്തിൽ കത്തിടപാടുകൾ നടത്തിവരുന്നു. ഉന്നതതല യോഗങ്ങൾ ചേരുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. സമാനമായിത്തന്നെ നിലമ്പൂർ നൻജഗുഡ് റെയിൽ പദ്ധതിയുടെ നടപടിക്രമങ്ങൾ പുരോഗമിക്കുന്നു. രണ്ട് പദ്ധതികൾക്കുമായി പശ്ചിമഘട്ടത്തിൽ ഒരു പൊതുകവാടം നിർദ്ദേശിക്കുകയുണ്ടായി. ഈ രണ്ട് പദ്ധതികളുടേയും അലൈൻമെന്റിന് കർണ്ണാടക സർക്കാരിന്റെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. അംഗീകാരം ലഭിച്ചുകഴിയുന്നമുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ തുടങ്ങാൻ സാധിക്കുന്നതാണ്.

അങ്കമാലി-ശബരി റെയിൽ ലൈൻ 1997-98 റെയിൽവേ ബഡ്ജറ്റിലുൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡിൽ നിന്നുമുള്ള 23-1-2017, 12-10-2017, 18-7-2019 തീയതികളിലുള്ള കത്തുകളിൽ സംസ്ഥാന സർക്കാർ 50 ശതമാനം പദ്ധതി തുക വഹിക്കണമെന്ന് നിർദ്ദേശിക്കുകയുണ്ടായി. ഇതനുസരിച്ച് അങ്കമാലി - ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പദ്ധതി ചെലവിന്റെ 50 ശതമാനം സംസ്ഥാന സർക്കാർ വഹിക്കുന്നതാണെന്ന് 7-1-2021-ലെ സ.ഉ. (കൈ) നമ്പർ 1/2021/ഗതാ. പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം റെയിൽവേ ബോർഡിന്റെ മെമ്പർ, (എഞ്ചിനീയറിംഗ്)-ന്റെ

അറിവിലേയ്ക്കും തുടർ നടപടികൾക്കുമായും നൽകിയിട്ടുണ്ട്. കൂടാതെ പ്രസ്തുത തീരുമാനം സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ അറിയിക്കുകയും ചെയ്തു. പദ്ധതി തുടർന്ന് ഘനീഭവിപ്പിക്കാതിരിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി. കേന്ദ്ര സർക്കാരിൽനിന്നുമുള്ള മറുപടി ഉടൻ ലഭ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) പാതയിരട്ടിപ്പിക്കൽ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുള്ള സിഗ്നലിംഗ് നവീകരണ പ്രവൃത്തികളിലെ നടത്തിപ്പ് ചുമതല ഇന്ത്യൻ റെയിൽവേ അതത് സോണൽ റെയിൽവേയ്ക്കാണ് നൽകിയിരിക്കുന്നത്. എന്നിരുന്നാലും ഈ പദ്ധതികൾ ബഡ്ജറ്റിലുൾപ്പെടുത്താൻവേണ്ടി സംസ്ഥാന ഗവൺമെന്റ് കേന്ദ്ര റെയിൽ മന്ത്രാലയത്തിന് കത്ത് നൽകിയിരുന്നു. ഇതുമായി ബന്ധപ്പെട്ട തുടർ ചർച്ചകളും കത്തിടപാടുകളും നടത്തിവരുന്നു.

(സി) സംസ്ഥാനത്തെ റെയിൽവേ സ്റ്റേഷനുകളുടെ വികസന പ്രവർത്തനങ്ങൾ ഇന്ത്യൻ റെയിൽവേ സ്റ്റേഷൻ ഡെവലപ്മെന്റ് കോർപ്പറേഷൻ, റെയിൽവേ ലാൻഡ് ഡെവലപ്മെന്റ് അതോറിറ്റി എന്നീ ഇന്ത്യൻ റെയിൽവേ പൊതുമേഖലാ സ്ഥാപനങ്ങളാണ് കൈകാര്യം ചെയ്യുന്നത്. വർക്കല സ്റ്റേഷൻ നവീകരണവുമായി ബന്ധപ്പെട്ട് വി.ഐ.വി.ഐ.ഡി. എന്നൊരു എസ്.പി.വി. രൂപീകരിച്ച് ഇന്ത്യൻ റെയിൽവേ സ്റ്റേഷൻ ഡെവലപ്മെന്റ് കോർപ്പറേഷനുമായി ഒരു ധാരണാപത്രം ഒപ്പിടുന്നതിനായുള്ള നടപടിക്രമങ്ങൾ സർക്കാർ നടത്തിവരികയാണ്. കൂടാതെ എറണാകുളം സ്റ്റേഷൻ ഡെവലപ്മെന്റുമായി ബന്ധപ്പെട്ട് പ്രസ്തുത സ്റ്റേഷൻ അന്താരാഷ്ട്ര നിലവാരത്തിലുള്ള കോച്ചിംഗ് ടെർമിനലാക്കി മാറ്റുന്നതിനായുള്ള ഒരു പ്രൊപ്പോസൽ നിർദ്ദേശിക്കുകയുണ്ടായി. എറണാകുളം മാർഷലിംഗ് യാർഡ് - കോച്ചിംഗ് ടെർമിനൽ വികസനം എന്ന പദ്ധതിയുടെ സാധ്യതാ പഠനം റെയിൽവേയുടെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സംരംഭമായ കെ-റെയിൽ നടത്തിയിട്ടുണ്ട്. ഈ സാധ്യതാ പഠന റിപ്പോർട്ട് ദക്ഷിണ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയാണ്. റെയിൽവേയിൽനിന്നും അംഗീകാരം കിട്ടുന്നമുറയ്ക്ക് വിശദ പദ്ധതി റിപ്പോർട്ട് തയ്യാറാക്കാൻ സാധിക്കുന്നതാണ്.

<u>ശ്രീ. വി. കെ. പ്രശാന്ത്</u>: സർ, റെയിൽവേ വികസനവുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഇടപെട്ടുകൊണ്ടിരിക്കുന്ന കാര്യങ്ങളെക്കുറിച്ച് അങ്ങ് വിശദീകരിച്ചു. കഴിഞ്ഞ കുറേ നാളുകളായി റെയിൽവേ വികസന കാര്യത്തിൽ കേന്ദ്ര സർക്കാർ കേരളത്തിനോട് ഒരു ചിറ്റമ്മ നയം സ്വീകരിച്ചുവരികയാണ്. നേമം റെയിൽവേ ടെർമിനൽ പദ്ധതി യാഥാർത്ഥ്യമാക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് ഭൂമിയേറ്റെടുക്കൽ നടപടികൾ തുടങ്ങിയിട്ടുണ്ട്. അതിനാവശ്യമായ തുക വകയിരുത്തിക്കൊണ്ട് പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കുന്നതിനാവശ്യമായ പ്രവർത്തനങ്ങൾ അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, റോഡ് ഗതാഗതമാണ് കേരളത്തിൽ ഇന്ന് ഏറ്റവും കൂടുതലുള്ളത്. ജനങ്ങൾ തിങ്ങിപ്പാർക്കുന്ന കേരളത്തിലെ റെയിൽവേ പദ്ധതികൾ കൂടുതൽ വേഗത്തിൽ നടപ്പാക്കണമെന്നതാണ് സംസ്ഥാനത്തിന്റെ ആവശ്യം. ഇതുമായി ബന്ധപ്പെട്ട് നിരവധി കത്തിടപാടുകൾ നടന്നുവരികയാണ്. അങ്ങ് പറഞ്ഞ ഈ കാര്യത്തിൽ ആവശ്യമായ നടപടികളെടുക്കാൻ റെയിൽവേയുമായി കൂടുതൽ ആലോചനകൾ നടത്തുന്നതാണ്.

ശ്രീ. വി. കെ. പ്രശാന്ത്: സർ, കേരളത്തിലെ 21 റെയിൽവേ സ്റ്റേഷനുകളുടെ നിലവാരം ഉയർത്തുന്നതുസംബന്ധിച്ച് അങ്ങ് മറുപടിയിൽ പരാമർശിക്കുകയുണ്ടായി. തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട കേന്ദ്രമായ തമ്പാനൂർ റെയിൽവേ സ്റ്റേഷനുവേണ്ടി പ്രത്യേകമായി എന്തെങ്കിലും വികസന പദ്ധതികൾ റെയിൽ കോർപ്പറേഷന്റെ നേതൃത്വത്തിൽ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ കെ-റെയിൽ പദ്ധതിയുമായി ബന്ധപ്പെട്ട് നിരവധി പ്രവർത്തനങ്ങൾ നടപ്പിലാക്കാൻ ആഗ്രഹിക്കുകയാണ്. പക്ഷേ റെയിൽവേയുമായി ബന്ധപ്പെട്ട് നിലവിൽ നടപടികളൊന്നും സ്വീകരിച്ചിട്ടില്ല.

ശ്രീ. ടി. പി. രാമകൃഷ്ണൻ: സർ, റെയിൽവേയുടെ വികസനം കേരളത്തിന്റെ സാമൂഹ്യ പുരോഗതിയിൽ ഒരു പ്രധാന പ്രശ്നമായി മാറിയിട്ടുണ്ട്. സംസ്ഥാന ഗവൺമെന്റിന്റെ ഇടപെടൽ ഇത്തരമൊരു പൊതുബോധം ജനങ്ങളിൽ സൃഷ്ടിക്കുന്നതിനും ഇടവരുത്തിയിട്ടുണ്ട്. റെയിൽവേ വികസന പ്രവർത്തനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിന് സംസ്ഥാന സർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുന്ന നടപടികൾ അങ്ങേയറ്റം സ്വാഗതാർഹമാണ്. സർക്കാർ പ്രഖ്യാപിച്ച സിൽവർ ലൈൻ പദ്ധതിയുടെ പൊതുനില സംബന്ധിച്ച് ഉത്തരത്തിൽ പറഞ്ഞിട്ടുണ്ടെങ്കിലും ഈ പദ്ധതി പ്രാവർത്തികമാക്കുന്നതിനുവേണ്ടി എത്ര തുക ചെലവ് വരുമെന്നും ഇതിന്റെ ധനസമാഹരണം എപ്രകാരമാണെന്നും വ്യക്തമാക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേന്ദ്ര ഗവൺമെന്റിന്റെ നീതി ആയോഗ് പോലുള്ള സംവിധാനങ്ങളുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ നടന്നതാണ്. കേന്ദ്ര ധനകാര്യ വകുപ്പുമന്ത്രി ഈ വിഷയത്തിന്മേൽ സംസ്ഥാനത്തിന് കത്തുകൾ നൽകിയിട്ടുമുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ വിദേശ ഫണ്ടുകൾ സ്വരൂപിക്കുന്ന നടപടികളുമായി ബന്ധപ്പെട്ട ചർച്ചകൾ നടന്നുവരുന്നതിനുപുറമേ ഭൂമിയേറ്റെടുക്കുന്നതിനുള്ള നടപടികളുമായി സംസ്ഥാന ഗവൺമെന്റ് മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്.

ശ്രീമതി യു. പ്രതിഭ: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ കുണ്ടന്നൂർ, വൈറ്റില പാലങ്ങളുടെ നിർമ്മാണം കൃത്യസമയത്ത് പൂർത്തീകരിക്കുകയും കരാറിന്റെ അടങ്കൽ തുകയേക്കാൾ 15 കോടി രൂപ ലാഭമുണ്ടാക്കുകയും ചെയ്തതിലൂടെ ലോകശ്രദ്ധ പിടിച്ചുപറ്റിയ കാലഘട്ടത്തിലൂടെയാണ് നമ്മൾ കടന്നുപോയത്. ആ പദ്ധതിയുടെ കൃത്യത ഇപ്പോൾ നമ്മൾ പ്രതീക്ഷയോടെ നോക്കുന്ന 529 കിലോമീറ്റർ നീളമുള്ള സെമി ഹൈസ്പീഡ് റെയിൽവേ (സിൽവർ ലൈൻ) പദ്ധതിയിലും കൈവരിക്കാൻ കഴിയുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതി കേരളത്തിലെ വരുംതലമുറയ്ക്കും നിലവിലുള്ള ഗതാഗതക്കുരുക്കുകൾ പരിഹരിക്കുന്നതിനും പ്രയോജനകരമാകും. 529 കിലോമീറ്റർ നീളംവരുന്ന ഈ പാതയുടെ നിർമ്മാണം കൃത്യസമയത്തുതന്നെ നടപ്പിലാക്കാനും പൂർത്തീകരിക്കാനുമുള്ള നടപടികളാണ് സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നത്. ഇതിനുള്ള ഡി.പി.ആർ. തയ്യാറാക്കുന്നതുൾപ്പെടെയുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തിയായിവരികയാണ്.

ശ്രീ. എം. നൗഷാദ്: സർ, ലോക്ഡൗണിനെത്തുടർന്ന് റെയിൽവേ കൗണ്ടർ ടിക്കറ്റും സീസൺ ടിക്കറ്റും റദ്ദാക്കിയിരിക്കുകയാണ്. അതിന്റെ ഫലമായി സർക്കാർ ജീവനക്കാർ ഉൾപ്പെടെയുള്ള സ്ഥിരം യാത്രക്കാർക്ക് ട്രെയിൻ യാത്ര വളരെ ബുദ്ധിമുട്ടായിരിക്കുകയാണ്. റിസർവ് ചെയ്ത് മാത്രമേ ഓരോ ദിവസവും യാത്ര ചെയ്യാൻ കഴിയൂ എന്ന സ്ഥിതിവിശേഷമാണുള്ളത്. ട്രെയിനുകൾ ഓടിത്തുടങ്ങിയ സാഹചര്യത്തിൽ കൗണ്ടർ ടിക്കറ്റും സീസൺ ടിക്കറ്റും പുനരാരംഭിക്കാനുള്ള ഇടപെടലുകൾ സർക്കാർ നടത്തുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കോവിഡ്-19-ന്റെ പശ്ചാത്തലത്തിലാണ് നിലവിലുള്ള സംവിധാനങ്ങളിൽ മാറ്റം വന്നത്. അതിനോടനുബന്ധിച്ച് കാൻസർ രോഗികൾക്കുള്ള യാത്രാ ടിക്കറ്റുകൾക്കുള്ള കിഴിവ്, സീസൺ ടിക്കറ്റുകൾ എന്നിവ നിലവിൽ ഓൺലൈൺ സംവിധാനത്തിൽ ലഭ്യമല്ല. ട്രെയിനുകൾ സമയബന്ധിതമായി ഓടിത്തുടങ്ങുന്നതനുസരിച്ച് ഇവ പുനഃസ്ഥാപിക്കുമെന്നുള്ളതാണ് റെയിൽവേയിൽനിന്ന് ലഭ്യമായിട്ടുള്ള വിവരം.

ശ്രീ. ടി. സിദ്ദിഖ്: സർ, സീ കണക്ടിവിറ്റിയും എയർ കണക്ടിവിറ്റിയും റെയിൽ കണക്ടിവിറ്റിയും ഇല്ലാത്ത വയനാട് ജില്ലയിൽ റെയിൽവേ ലൈനുമായി ബന്ധപ്പെട്ട് ബ്രിട്ടീഷുകാരുടെ കാലത്ത് വിഭാവനം ചെയ്യപ്പെട്ട പദ്ധതിയാണ് മേപ്പാടി വഴിയുള്ള മൈസൂർ-നഞ്ചങ്കോട്-നിലമ്പൂർ പാത. വയനാട്ടുകാരുടെ ഏറ്റവും വലിയ ആവശ്യം മാത്രമല്ല വിദേശനാണ്യമടക്കം നേടിത്തരുന്ന, പതിനായിരക്കണക്കിന് വിദേശ ടൂറിസ്റ്റുകൾ വരുന്ന ജില്ല എന്ന നിലയ്ക്ക് അതുമായി ബന്ധപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലൂടെയുള്ള ഡി.പി.ആർ. ഉൾപ്പെടെ അടിയന്തരമായി നടപ്പിലാക്കാനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരള സർക്കാർ ഈ പദ്ധതി നടപ്പിലാക്കണമെന്നാണ് ഉദ്ദേശിക്കുന്നത്. കർണ്ണാടക ഗവൺമെന്റിൽനിന്ന് നിലവിൽ ഇതുമായി ബന്ധപ്പെട്ടുള്ള അനുമതികൾ ലഭ്യമായിട്ടില്ല. നിലവിലുള്ള നഞ്ചങ്കോട്-നിലമ്പൂർ പാത, മൈസൂർപാത എന്നിവ സംയോജിതമായി മുന്നോട്ടുകൊണ്ടു പോകാനാണ് സർക്കാരിന്റെ ഭാഗത്തുനിന്നുള്ള നീക്കം. ഇതുമായി ബന്ധപ്പെട്ട അനുമതികൾക്കായി കത്തിടപാടുകൾ നടക്കുകയാണ്. കർണ്ണാടക ഗവൺമെന്റിൽ നിന്നുള്ള അനുമതി ലഭിക്കുന്നമുറയ്ക്ക് തീർച്ചയായും ഈ പാത യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്.

ശ്രീ. ഇ. കെ. വിജയൻ: സർ, തലശ്ശേരി-മൈസൂർ പാത കണ്ണൂർ, കോഴിക്കോട്, വയനാട് ജില്ലകളിലൂടെയാണ് കടന്നുപോകുന്നത്. യാത്രാരംഗത്തും ടൂറിസം രംഗത്തും വലിയ സാധ്യതകളുള്ളതാണ് ഈ റെയിൽവേ ലൈൻ. ഇതിന്റെ അലൈൻമെന്റ് പൂർത്തിയാകുന്നുവെന്നാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചത്. ഏതെല്ലാം പ്രധാന പോയിന്റുകളിലൂടെയാണ് ഈ അലൈൻമെന്റ് കടന്നുപോകുന്നതെന്നും ഏത് സമയം ലക്ഷ്യമാക്കിക്കൊണ്ടാണ് പ്രവർത്തനം നടത്തുന്നതെന്നുംകൂടി വ്യക്തമാക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കൃഷ്ണരാജപുരം, എച്ച്. ഡി. കോട്ട, നാഗർഹോള, ബന്ധിപൂർ ദേശീയ പാർക്കിന്റെ സമീപത്തുകൂടിയാണ് റെയിൽപ്പാത കടന്നുപോകുന്നത്. സമയബന്ധിതമായി എന്ന് പറയാൻ കഴിയില്ല. കാരണം ഇതുമായി ബന്ധപ്പെട്ടുള്ള അനുമതി ലഭ്യമാകേണ്ടതുണ്ട്. നിരവധി വർഷങ്ങളായി കേരള ഗവൺമെന്റ് കർണ്ണാടക ഗവൺമെന്റുമായി ഇക്കാര്യം ചർച്ചചെയ്തുകൊണ്ടിരിക്കുകയാണ്. കർണ്ണാടക ഗവൺമെന്റിന്റെ ഭാഗത്തുനിന്നുള്ള തടസ്സം നീങ്ങുന്നമുറയ്ക്ക് എത്രയും വേഗത്തിൽ പാത പൂർത്തിയാക്കണമെന്നാണ് ആഗ്രഹിക്കുന്നത്.

ഡോ. മാത്യു കുഴൽനാടൻ: സർ, ഞാൻ സ്കൂളിൽ പഠിക്കുന്ന കാലംമുതൽ ശബരി റെയിൽ പദ്ധതിവഴി ഞങ്ങളുടെ നാട്ടിൽ ട്രെയിൻ വരുമെന്ന് കേൾക്കുന്നതാണ്. യഥാർത്ഥത്തിൽ ദശാബ്ദങ്ങൾ കഴിഞ്ഞു. ഇന്ന് ഒരു ജനപ്രതിനിധി എന്ന നിലയ്ക്ക് പറയുന്നതിൽ എനിക്ക് വല്ലാത്ത വിഷമമുണ്ട്. ഇത് നാടിന്റെയൊരു ശാപമായി മാറിയിരിക്കുകയാണ്. ശബരി റെയിൽപ്പാതയ്ക്കുവേണ്ടി കല്ലിട്ടുപോയ കോളനികളുൾപ്പെടെയുള്ള നിരവധി സ്ഥലങ്ങൾ കഴിഞ്ഞ ദിവസം ഞാൻ ആ പ്രദേശത്ത് പോയപ്പോൾ കാണാൻ കഴിഞ്ഞു. ഒന്നുകിൽ ഈ പദ്ധതിയുണ്ട്, അല്ലെങ്കിൽ ഇല്ല, രണ്ടിലൊന്ന് സർക്കാർ വ്യക്തമാക്കണം. കാരണം ആളുകൾക്ക് സ്ഥലം വിൽക്കാനോ വീട് വയ്ക്കാനോ കഴിയുന്നില്ല. എന്റെ മണ്ഡലത്തിൽ മാത്രമല്ല നിരവധി മണ്ഡലങ്ങളിലൂടെ കടന്നുപോകുന്നതാണിത്. ദശാബ്ദങ്ങളായി പ്രസ്തുത പദ്ധതി ഉണ്ടോ ഇല്ലയോ എന്നറിയാൻ കഴിയാതെയിരിക്കുകയാണ്. ഈ പദ്ധതി ഉണ്ടോ ഇല്ലയോ എന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട അംഗം പറഞ്ഞതുപോലെ കേരളത്തിലെ ശബരിമല തീർത്ഥാടകരടക്കം എല്ലാവരും ആഗ്രഹിക്കുന്ന ഒരു പ്രധാനപ്പെട്ട പാതയാണ് അങ്കമാലി-ശബരി റെയിൽപ്പാത. 1997-98-ലെ കേന്ദ്ര റെയിൽവേ ബഡ്ജറ്റിൽ ഉൾക്കൊള്ളിച്ചതാണ് എരുമേലി വഴിയുള്ള ശബരി റെയിൽപ്പാത. അങ്കമാലി-ശബരി റെയിൽപ്പാതയുടെ നിർമ്മാണവുമായി ബന്ധപ്പെട്ട ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കണമെന്ന് റെയിൽവേ ആവശ്യപ്പെട്ടതനുസരിച്ച് കേരള സർക്കാർ തുക വഹിക്കാൻ തയ്യാറാണെന്ന് റെയിൽവേയെ അറിയിച്ചിരുന്നു. പക്ഷേ, കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് അനുകൂലമായ തീരുമാനം ഇതുവരെയുണ്ടായിട്ടില്ല. അത് ലഭിക്കുമെന്നാണ് കേരളം പ്രതീക്ഷിക്കുന്നത്. അനുകൂല തീരുമാനം ലഭിക്കുന്നമുറയ്ക്ക് അങ്കമാലി-ശബരി റെയിൽപ്പാത യാഥാർത്ഥ്യമാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, എം.എൽ.എ.-മാർ ആർ.ടി.സി. ഉപയോഗിച്ചാണ് റെയിൽവേ ടിക്കറ്റെടുക്കുന്നത്. അത്തരത്തിൽ എടുക്കുന്ന ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ റീഫണ്ട് ചെയ്ത് കിട്ടുന്നില്ല. പണം കൊടുത്ത് ടിക്കറ്റ് എടുക്കുകയാണെങ്കിൽ റീഫണ്ട് ചെയ്തുകിട്ടും. ആർ.ടി.സി.-യിൽ എടുത്ത ടിക്കറ്റ് ക്യാൻസൽ ചെയ്യുമ്പോൾ തുക റീഫണ്ട് ചെയ്യാൻ ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് ഇടപെടലുണ്ടാകുമോ?

മി. സ്പീക്കർ: അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇവിടെ മറുപടി പറയാൻ കഴിയില്ല.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച കാര്യവും കേരളത്തിലെ റെയിൽവേ യാത്രക്കാർ ഇന്നനുഭവിക്കുന്ന നിരവധി പ്രശ്നങ്ങളും സംബന്ധിച്ച് കേന്ദ്ര സർക്കാരിന്റെ റെയിൽവേ വിഭാഗവുമായി നിരന്തരം സംസാരിച്ചു കൊണ്ടിരിക്കുകയാണ്. എന്നാൽ ഇതിലൊന്നും അനുകൂലമായ നിലപാട് കേന്ദ്ര സർക്കാരിന്റെ ഭാഗത്തുനിന്ന് ഇതുവരെ ഉണ്ടായിട്ടില്ലെന്നതാണ് വസ്തുത.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, എന്റെ നിയോജക മണ്ഡലത്തിലൂടെ കടന്നുപോകുന്നതാണ് ശബരി റെയിൽപ്പാത. നിരവധി കടമ്പകൾ കടന്ന് 50 ശതമാനത്തോളം തുക അനുവദിക്കാമെന്ന ഉറപ്പ് കേന്ദ്ര ഗവൺമെന്റ് നൽകി ഈ പദ്ധതി യാഥാർത്ഥ്യമാകാൻ പോകുകയാണ്. എരുമേലി വിമാനത്താവളംകൂടി വരുമ്പോൾ തീർച്ചയായും ആ മേഖലയുടെ വികസനത്തിന് വഴി തെളിയും. ഇതുമായി ബന്ധപ്പെട്ട് ഒരു സർവ്വെ ടീമിനെ നിയോഗിക്കുകയും സർവ്വേ കുറെ പൂർത്തീകരിക്കുകയും ചെയ്തു. സർവ്വേ നടപടികൾ എത്രമാത്രം പൂർത്തീകരിച്ചു; ഇനി എത്രയാണ് പൂർത്തീകരിക്കാനുള്ളത്? ഇന്നല്ലെങ്കിൽ നാളെയെങ്കിലും ഈ പദ്ധതി

യാഥാർത്ഥ്യമാക്കാതിരിക്കാൻ കഴിയില്ല. അതിനാൽ കേന്ദ്ര സർക്കാരിന്റെ അനുവാദം ലഭ്യമായശേഷം സർവ്വേ നടപടികൾ പൂർത്തീകരിക്കാൻ നിൽക്കാതെ, സർവ്വേ നടപടികൾ പുനരാരംഭിക്കാനുള്ള നടപടികളുണ്ടാകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ സ്ഥലം ഫ്രീസ് ചെയ്ത് വച്ചിരിക്കുകയാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗത്തിനറിയാം. കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ഏത് സമയത്തും ഈ പദ്ധതി ആരംഭിക്കാൻ തയ്യാറാണ്. ആവശ്യമായ തുകയുടെ 50 ശതമാനം ഏറ്റെടുക്കാൻ തയ്യാറാണെന്നും അറിയിച്ചിട്ടുണ്ട്. ഒന്നുകിൽ സ്ഥലം ഏറ്റെടുക്കുക അല്ലെങ്കിൽ അത് ഉപേക്ഷിക്കുക എന്നാവശ്യപ്പെട്ടുകൊണ്ട് ആ പ്രദേശത്തുനിന്ന് നിരവധി ആളുകൾ ബന്ധപ്പെട്ടിട്ടുണ്ട്. കേരളത്തിന്റെ വികസന രംഗത്ത് ഏറ്റവും അത്യാവശ്യമായ ഒന്നാണ് ശബരി റെയിൽപ്പാത. ഇത് നടപ്പിലാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്. അങ്ങയെപ്പോലെതന്നെ സംസ്ഥാനത്തെ ജനങ്ങളും പ്രത്യേകിച്ച് അന്യസംസ്ഥാന ങ്ങളിൽനിന്ന് വരുന്ന ശബരിമല തീർത്ഥാടകരും ശബരി റെയിൽപ്പാത യാഥാർത്ഥ്യമാകണമെന്നുതന്നെയാണ് ആഗ്രഹിക്കുന്നത്. പക്ഷേ അതിന് കൃത്യമായൊരു സമയം രേഖപ്പെടുത്താൻ കഴിയില്ല.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, സിൽവർ ലൈൻ പദ്ധതി വരുന്നതോടുകൂടി തിരൂരിനും തിരുനാവായയ്ക്കും ഇടയിൽനിന്ന് ലൈൻ തിരിഞ്ഞാണ് പോകുന്നതെന്ന് കേൾക്കാൻ കഴിഞ്ഞു. കേരളത്തിൽ അത്യപൂർവ്വമായി താമര കൃഷി ചെയ്യുന്ന താമരക്കായൽ അവിടെയാണ്. നമ്മുടെ രാജ്യത്തിനകത്തേയ്ക്ക് മാത്രമല്ല, മറ്റ് രാജ്യങ്ങളിലേയ്ക്കും താമര കയറ്റുമതി ചെയ്യുന്നത് അവിടെനിന്നാണ്. അതുപോലെ അത്യപൂർവ്വമായ ദേശാടനപക്ഷികളുടെ സങ്കേതവും ഉൾപ്പെടുന്ന സ്ഥലമാണത്. ഇവ രണ്ടും തഴയാൻ സാധ്യതയുണ്ട്; വളരെ പാരിസ്ഥിതിക ആഘാതമാണുണ്ടാകാൻ പോകുന്നത്. മാത്രമല്ല, ആ പ്രദേശം ഇപ്പോൾ അപ്പുറവും ഇപ്പുറവുമായി മുറിഞ്ഞ് രണ്ടുപ്രദേശമായി കിടക്കുകയാണ്. അത് മൂന്നാമതൊന്നുകൂടി ഓഹരിവയ്ക്കപ്പെടുമെന്നും പറയപ്പെടുന്നു. ഇത്തരത്തിൽ ജനങ്ങൾക്കുള്ള ആശങ്ക മന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ബഹുമാനപ്പെട്ട തിരൂർ അംഗം ചോദിച്ച കാര്യത്തിൽ, നിരവധി നെൽപ്പാടങ്ങളിലൂടെയും വീടുകളും കെട്ടിടങ്ങളുമുള്ള ഭാഗത്തു കൂടെയുമാണ് ഈ റെയിൽ വരുന്നത്. തിരുവനന്തപുരം മുതൽ തിരൂർ വരെ പുതിയ ഗ്രീൻ കോറിഡോറും തിരൂരിൽനിന്ന് കാസർഗോഡ് വരെ റെയിൽവേയോട് ചേർന്നുമാണ് ഈ പാത പോകുന്നതെന്ന് അങ്ങേയ്ക്കറിയാം. പാരിസ്ഥിതിക പ്രശ്നങ്ങളില്ലാതെ പാലങ്ങൾ നിർമ്മിച്ചുകൊണ്ട് അതിന് മുകളിലൂടെയാണ് ഈ ഭാഗങ്ങളിലെല്ലാം രൂപകൽപ്പന ചെയ്തിട്ടുള്ളത്. അതുകൊണ്ട് അങ്ങ് പറയുന്ന കാര്യങ്ങൾക്ക് പരിഹാരമാകും. താമരക്കുളം അടക്കമുള്ള നെൽപ്പാടങ്ങൾ നശിപ്പിക്കാതെതന്നെ റെയിൽ പോകുമെന്നാണ് പറയാനുള്ളത്.

ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി: സർ, തിരുവനന്തപുരത്തുനിന്നും കാസർഗോഡ് വരെ നാലുമണിക്കൂറിനുള്ളിൽ എത്തിച്ചേരാവുന്ന അതിവേഗ റെയിൽവേ ലൈൻ റെയിൽവേയുടെ ചരിത്രത്തിലെതന്നെ പുതിയ പരീക്ഷണ സംരംഭമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഈ കാര്യം നേടിയെടുക്കുന്നതിനുവേണ്ടി പ്രധാനമന്ത്രിയുൾപ്പെടെയുള്ളവരെ കണ്ട് സമ്മർദ്ദം ചെലുത്തിയശേഷമാണ് ഉദ്ഘാടനമുണ്ടായത്. ഇതിനുശേഷം ഈ പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള ശ്രമങ്ങളിൽ കേന്ദ്ര ഗവൺമെന്റിന്റെ നിലപാടുകളും സഹായങ്ങളും ഏതുവരെ എത്തി; ഈ ലൈൻ കടന്നുപോകുന്ന വഴിയിൽ എവിടെ യെങ്കിലും തടസ്സങ്ങളോ പ്രതിബന്ധങ്ങളോ ഉണ്ടെങ്കിൽ അതിന് പരിഹാരമാർഗ്ഗം കണ്ടെത്തുന്നതിന് സംസ്ഥാന സർക്കാരിന് എന്താണ് ചെയ്യാൻ കഴിയുന്നത്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, നിലവിൽ ഇതുമായി ബന്ധപ്പെട്ട് റെയിൽ വേയുടെ അന്തിമ അനുമതിക്കായി കാത്തിരിക്കുകയാണ്. ഇതിന്റെ സാധ്യതാ പഠനങ്ങൾ മുമ്പ് നടത്തിയിരുന്നു. പാരിസ്ഥിതിക പഠനങ്ങൾ പൂർണ്ണതോതിൽ റെയിൽവേയുടെ അനുമതിക്കുശേഷംമാത്രമേ ആരംഭിക്കുകയുള്ളൂ. ഭൂമിയേറ്റെടുക്കൽ നടപടികളും ആരംഭദശയിലാണ്. കേന്ദ്രഗവൺമെന്റിന്റെ അനുമതി അടുത്തുതന്നെ ലഭ്യമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്. നിലവിൽ മറ്റൊരു തടസ്സവുമില്ല.

**കായിക മേഖലയുടെ സമഗ്ര പുരോഗതി**

2 (*242) ശ്രീ. കെ. ഡി. പ്രസേനൻ:
ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീമതി ഒ. എസ്. അംബിക: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കായികവും വഖഫും ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് കായികക്ഷമതയുള്ള ജനതയെ വാർത്തെടുക്കുകയെന്ന ലക്ഷ്യത്തോടെ കമ്മ്യൂണിറ്റി സ്പോർട്സ് എന്ന ആശയത്തിന് പ്രാമുഖ്യം നൽകി കായിക മേഖലയുടെ സമഗ്ര പുരോഗതിക്കായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(ബി) ലോകനിലവാരത്തിലെത്താൻ സാധ്യതയുള്ള കുട്ടികളെ ചെറുപ്രായ ത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്ര നിലവാരത്തിലെത്തിക്കാൻ പ്രത്യേകം പരിപാടി തയ്യാറാക്കിയിട്ടുണ്ടോ;

(സി) കൂടുതൽ സ്പോർട്സ് സ്കൂളുകൾ സ്ഥാപിക്കുന്നതിനും നിലവിലുള്ളവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് എത്തിക്കുന്നതിനും പദ്ധതിയുണ്ടോ; വിശദമാക്കാമോ?

കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ): സർ,

(എ & ബി) സംസ്ഥാനത്ത് കായികക്ഷമതയുള്ള യുവതയെ വാർത്തെടുക്കുക എന്ന ലക്ഷ്യത്തോടെ വിവിധ കായിക ഇനങ്ങളിൽ തൽപ്പരരായവരെ ചെറുപ്രായത്തിൽ കണ്ടെത്തി ഓരോ കായികയിനത്തിലും അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്ന തിനായി നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കായികക്ഷമത മിഷൻ - കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായിക ക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കായിക ക്ഷമതാ മിഷൻ. ടി പദ്ധതി നഴ്സറിതലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റി തലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ എന്നിവർക്ക് പ്രത്യേകമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഓപ്പറേഷൻ ഒളിമ്പ്യ - കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്‌ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്.

എലൈറ്റ് സ്കീം - മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കായിക യുവജനകാര്യാലയം മുഖേന കുട്ടികളിൽ ഫുട്ബോളിന് കിക്കോഫ്, സ്വിമ്മിംഗിന് സ്പ്ലാഷ്, ബാസ്കറ്റ് ബോളിന് ഹൂപ്സ്, അത്‌ലറ്റിക്സിന് സ്പ്രിന്റ് എന്നിങ്ങനെ പ്രത്യേക പരിശീലന പരിപാടികൾ നടപ്പിലാക്കിവരുന്നു. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകൾ ആക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായിക യുവജന കാര്യാലയവും ആസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ "സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ

പാർട്ട്ണർഷിപ്പ്" നടപ്പിലാക്കിവരുന്നു. ജീവിതശൈലീ രോഗങ്ങളിൽനിന്നും മുക്തി നേടി ആരോഗ്യകരമായ ജീവിതം നയിക്കുന്നതിന് ജനങ്ങൾക്ക് സൗകര്യമൊരുക്കുന്നതിന് ഇപ്പോൾ എട്ട് സ്ഥലങ്ങളിൽ സ്പോർട്സ് ലൈഫ് ഫിറ്റ്നസ്സ് സെന്റർ നടത്തിവരുന്നു. മേൽ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം - I* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. കൂടാതെ കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളുമുൾപ്പെടെ ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി. രാജ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ, കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ജി.വി. രാജ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവയെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുതകുന്ന പരിശീലനം നൽകിവരുന്നതോടൊപ്പം അടിസ്ഥാനസൗകര്യങ്ങളും ലഭ്യമാക്കിവരുന്നുണ്ട്.

(സി) കായിക വകുപ്പിന്റെ അധീനതയിൽ പ്രവർത്തിക്കുന്ന ഗവൺമെന്റ് ജി.വി. രാജാ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നീ സ്ഥാപനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മികച്ച കായിക അടിസ്ഥാന സൗകര്യങ്ങൾ, കായിക ഉപകരണങ്ങൾ എന്നിവയും പരിശീലകർ, ഫിസിയോതെറാപ്പിസ്റ്റ്, ന്യൂട്രീഷ്യനിസ്റ്റ്, സ്ട്രെങ്ത് & കണ്ടീഷനിംഗ് എക്സ്പെർട്ട് എന്നിവരുടെ സേവനം, കായിക പ്രകടനം മെച്ചപ്പെടുത്തുന്നതിന് സഹായിക്കുന്ന രീതിയിൽ തയ്യാറാക്കിയ പോഷകാഹാരം എന്നിവ ഈ സ്കൂളുകളിലെ കുട്ടികൾക്കായി ഒരുക്കിയിട്ടുണ്ട്. അന്താരാഷ്ട്ര നിലവാരത്തിൽ കായികമികവുള്ള താരങ്ങളുമായി കുട്ടികൾക്ക് സംവാദം നടത്തുവാനുള്ള "ലെജന്റ് ടോക് റ്റു യു" പദ്ധതിയും ശാസ്ത്രീയമായി കുട്ടികളിലെ കഴിവുകൾ കണ്ടെത്തുന്നതിനുള്ള മസ്സിൽ ബയോപ്സി ടെസ്റ്റും നടത്തുന്നതിന് നടപടികൾ എടുത്തിട്ടുണ്ട്. പരിശീലകരുടെ മികവ് വർദ്ധിപ്പിക്കുന്നതിനുവേണ്ടി ആസ്ട്രേലിയയിലെ വിക്ടോറിയ സർവ്വകലാശാലയുമായി സഹകരിച്ച് പ്രവർത്തിക്കുന്നതിനായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ഇൻഡോർ സ്റ്റേഡിയം, സിന്തറ്റിക് ഹോക്കി ടർഫ്, സിന്തറ്റിക് ഫുട്ബോൾ ടർഫ്, സിന്തറ്റിക് ട്രാക്ക്, ആധുനിക ഫിറ്റ്നസ് സെന്റർ, മോഡുലാർ കിച്ചൺ, സ്പോർട്സ് മെഡിസിൻ സെന്റർ എന്നീ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ട്. ആയതിന്റെ വിശദാംശങ്ങൾ അനുബന്ധം-II* ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്. തൃശ്ശൂർ ജില്ലയിൽ പുതിയ സ്പോർട്സ് ഡിവിഷൻ

---

* അനുബന്ധമായി ചേർത്തിട്ടുണ്ട്.

കുന്നംകുളം ഗവൺമെന്റ് വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളിൽ ആരംഭിക്കു ന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളിലെ നിലവിലെ കളിസ്ഥലങ്ങൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി സ്വാഭാവിക പുൽത്തകിടിയോടുകൂടിയ ഫുട്ബോൾ മൈതാനിയുടെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ഖേലോ ഇന്ത്യ സ്കീമിൽ 400 മീറ്റർ സിന്തറ്റിക് അത്‌ലറ്റിക് ട്രാക്കിന്റെ നിർമ്മാണ പ്രവൃത്തി അന്തിമഘട്ടത്തിലാണ്. ഇൻഡോർ സ്റ്റേഡിയത്തിന്റെ നിലവാരം ഉയർത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, ഇന്നലെ ടോക്കിയോ ഒളിമ്പിക് വേദിയിലെ നമ്മളെയെല്ലാം ആവേശഭരിതമാക്കിയ കാഴ്ച കായികലോകത്ത് എക്കാലവും സ്മരിക്കപ്പെടുമെന്നറിയാം. ജയിക്കാൻ ആരെയും തോൽപ്പിക്കേണ്ടതില്ലെന്ന് ലോകത്തെ ബോദ്ധ്യപ്പെടുത്തിയ ഖത്തറിലെ ഹൈജംപ് താരം മുംതാസ് ഈസാ ബർഷിം എന്ന ലോക മാനവീയന്റെ മുമ്പിൽ ആദരവോടെ ശിരസ് നമിച്ചുകൊണ്ട് ഞാൻ ചോദ്യത്തിലേയ്ക്ക് കടക്കുകയാണ്. ദേശീയ ഗെയിംസിൽ മെഡൽ നേടിയവർക്കും സന്തോഷ് ട്രോഫി വിജയികൾക്കും സർക്കാർ ജോലി നൽകാൻ എൽ.ഡി.എഫ്. സർക്കാർ എടുത്ത തീരുമാനങ്ങൾ എത്രത്തോളം നടപ്പിലാക്കപ്പെട്ടുവെന്നും പ്രസ്തുത കായികതാരങ്ങൾക്ക് ജോലി നൽകുന്നതിനുവേണ്ടി പുതിയ തസ്തികകൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ടോയെന്നും വ്യക്തമാക്കാമോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, 2016-2021-ലെ എൽ.ഡി.എഫ്. സർക്കാരാണ് അഞ്ഞൂറോളം വരുന്ന കായികതാരങ്ങൾക്ക് ജോലി നൽകിയത്. നിലവിൽ അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്. ജൂലൈ 15 വരെയായിരുന്നു ഇതിന്റെ സമയപരിധി. എല്ലാവർഷവും അമ്പതോളം കായികതാരങ്ങൾക്ക് ജോലി നൽകാനുള്ള പദ്ധതികളും സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. ഡി. പ്രസേനൻ</u>: സർ, എല്ലാ ജില്ലയിലും ആധുനിക സ്റ്റേഡിയം നിർമ്മിക്കുമെന്ന എൽ.ഡി.എഫ്. സർക്കാരിന്റെ തീരുമാനപ്രകാരം പാലക്കാട് ജില്ലാകേന്ദ്രത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ജില്ലാ സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനത്തിനാവശ്യമായ സ്ഥലം കണ്ടെത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ നടപടിക്രമങ്ങൾ ആരംഭിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, കേരളത്തിലെ എല്ലാ ജില്ലാ ആസ്ഥാന ങ്ങളിലും അന്താരാഷ്ട്ര നിലവാരത്തിലുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കുകയെന്നുള്ളത് ഒന്നാം പിണറായി സർക്കാരിന്റെ പ്രഥമമായ കായിക രംഗത്തുള്ള പ്രഖ്യാപനമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ നിലവിൽ കിഫ്ബി മുഖാന്തരം എല്ലാ ജില്ലാ ആസ്ഥാ നങ്ങളിലും പുതിയ സ്റ്റേഡിയങ്ങളുടെ പണി പുരോഗമിച്ചുവരികയാണ്. പലതും

പൂർത്തിയാകാൻ കുറച്ചുമാസങ്ങൾ മാത്രമേ എടുക്കുകയുള്ളൂ. പാലക്കാട് സ്റ്റേഡിയത്തിനായുള്ള സ്ഥലം കൈമാറുന്ന കാര്യത്തിൽ അവ്യക്തത നിലനിൽക്കുകയാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുമായി അടുത്ത ദിവസങ്ങളിൽ ചർച്ച ചെയ്യാനിരിക്കുകയാണ്. എത്രയും പെട്ടെന്നുതന്നെ പാലക്കാട് ജില്ലാ സ്റ്റേഡിയത്തിന്റെ പണി പൂർത്തിയാക്കാൻ കഴിയുമെന്നുതന്നെയാണ് സർക്കാർ വിശ്വസിക്കുന്നത്.

ഡോ. കെ. ടി. ജലീൽ: സർ, ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ഒട്ടനവധി മൈതാനങ്ങളും സ്റ്റേഡിയങ്ങളും നിർമ്മിച്ചിട്ടുണ്ട്. കിഫ്ബി പദ്ധതിയിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ കീഴിലുള്ള സ്ഥലങ്ങളും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ സ്ഥലങ്ങളും പ്രയോജനപ്പെടുത്തി സ്കൂൾ ഗ്രൗണ്ടുകളും കോളേജ് ഗ്രൗണ്ടുകളും നല്ല മൈതാനങ്ങളാക്കി മാറ്റിയിട്ടുണ്ട്. കോവിഡ് കാലത്ത് എല്ലാ മൈതാനങ്ങളും അടച്ചിടപ്പെട്ട അവസ്ഥയിലാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കീഴിലുള്ളവ അവർ പരിപാലിക്കും. എന്നാൽ സ്കൂളുകളോടനുബന്ധിച്ചും കോളേജുകളോടനുബന്ധിച്ചും നിർമ്മിക്കപ്പെട്ടിട്ടുള്ള മൈതാനങ്ങൾ മെയിന്റനൻസ് നടത്താതെ എല്ലാം കാടു പിടിച്ചുകിടക്കുന്ന സാഹചര്യം നിലനിൽക്കുന്നുണ്ട്. ജില്ലാ സ്പോർട്സ് കൗൺസിലും വിദ്യാഭ്യാസ വകുപ്പും സംയുക്തമായാണ് അവയുടെ നടത്തിപ്പ് ഏറ്റെടുത്തിരിക്കുന്നത്. ജില്ലാ സ്പോർട്സ് കൗൺസിലുകൾ മുഖേന ഇത്തരത്തിലുള്ള മൈതാനങ്ങൾ മെയിന്റനൻസ് നടത്തുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ നിരവധി സ്റ്റേഡിയങ്ങൾക്ക് അങ്ങുപറഞ്ഞ ഈ അവസ്ഥ നിലനിൽക്കുകയാണ്. സംസ്ഥാനത്ത് സ്റ്റേഡിയങ്ങളുടെ അറ്റകുറ്റപ്പണികൾ, ആനുവൽ മെയിന്റനൻസ്, സ്റ്റേഡിയങ്ങളുടെ സംരക്ഷണം എന്നിവ ലക്ഷ്യമാക്കിക്കൊണ്ടാണ് കേരളത്തിൽ 'സ്പോർട്സ് കേരള ലിമിറ്റഡ് ' എന്ന കമ്പനിക്ക് രൂപം നൽകിയിട്ടുള്ളത്. ഇതുമായി ബന്ധപ്പെട്ട് കമ്പനിയുടെ ഡയറക്ടർ ബോർഡ് യോഗം ഈ മാസം അവസാനവാരത്തിൽ കൂടാൻ പോകുകയാണ്. കേരളത്തിൽ ഇത്തരത്തിലുള്ള സ്റ്റേഡിയങ്ങൾ കണ്ടെത്തി അവ നവീകരിക്കുക, വർഷാവർഷങ്ങളിലാവശ്യമായ മെയിന്റനൻസുകൾ നടത്തുക, കായികമേഖലയ്ക്ക് നല്ല രീതിയിൽ പ്രോത്സാഹനം ലഭിക്കുന്നതിനുള്ള പരിപാടികൾ ആവിഷ്കരിക്കുക ഇതൊക്കെയാണ് സ്പോർട്സ് കേരള ലിമിറ്റഡുകൊണ്ടുദ്ദേശിക്കുന്നത്. തീർച്ചയായും അങ്ങ് പറയുന്ന ഇത്തരം സ്റ്റേഡിയങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട നടപടികൾ പൂർത്തീകരിക്കും.

ശ്രീ. കെ. വി. സുമേഷ്: സർ, കഴിഞ്ഞ ഗവൺമെന്റ് കായിക മേഖലയിൽ ഒട്ടേറെ മികച്ച പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. നമ്മുടെ കായിക മേഖലയെ മെച്ചപ്പെടുത്താൻ ദീർഘവീക്ഷണത്തോടെ സമഗ്രമായ ഒരു കായിക നയം നടപ്പിലാക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ; അതുമായി ബന്ധപ്പെട്ട് എന്തെങ്കിലും പദ്ധതികൾ തയ്യാറാക്കുന്നുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ കായിക രംഗത്തിന് ഉന്മേഷം പകരാൻ കഴിയുന്ന നിരവധി പദ്ധതികൾ കഴിഞ്ഞ ഗവൺമെന്റ് നടപ്പിലാക്കി യിട്ടുണ്ട്. ഇപ്പോൾ പുതുതായി കേരളത്തിലെ സമഗ്ര കായിക വികസനം ലക്ഷ്യ മാക്കിക്കൊണ്ടുള്ള ഒരു പോളിസി തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. അതിന്റെ കരട് രേഖകൾ തയ്യാറായിവരുന്നു. ഇതുമായി ബന്ധപ്പെട്ട് ഏഴംഗ കമ്മിറ്റി അക്കാര്യങ്ങൾ പരിശോധിച്ചുവരികയാണ്. ആ നയത്തിന് കരട് രൂപം തയ്യാറായ തിനുശേഷം ബന്ധപ്പെട്ട ജില്ലാ കൗൺസിലുകൾ, അഫിലിയേറ്റഡ് സംഘടനകൾ, അതാത് നിയോജകമണ്ഡലത്തിലെ എം.എൽ.എ.-മാർ, ബന്ധപ്പെട്ട കായിക പരിശീലകർ, മുൻതാരങ്ങൾ, നിലവിലുള്ള താരങ്ങൾ എന്നിവരുമായെല്ലാം ചർച്ച ചെയ്ത് കേരളത്തിന്റെ കായിക വികസന നയം അടുത്ത ജനുവരിയിൽത്തന്നെ പ്രഖ്യാപിക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീമതി ഒ. എസ്. അംബിക: സർ, സംസ്ഥാനത്തെ എല്ലാ പഞ്ചായത്തു കളിലും കളിക്കളങ്ങൾ നിർമ്മിക്കാൻ പദ്ധതിയുള്ളതായി അറിയുന്നു. നമ്മുടെ ഗ്രാമീണ മേഖലകളിലെ സ്റ്റേഡിയങ്ങളിൽ സ്ത്രീകളുടെയും പെൺകുട്ടികളുടെയും സാന്നിദ്ധ്യം വളരെ കുറവാണ്. ഈ സാഹചര്യത്തിൽ സ്ത്രീകൾക്ക് ഉപയോഗപ്രദമായ രീതിയിലുള്ള കായികാഭ്യാസവും ആയോധനമുറകളും പരിശീലിപ്പിക്കാനുള്ള സൗകര്യങ്ങൾകൂടി സ്റ്റേഡിയങ്ങളിൽ ഒരുക്കാനുള്ള പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, വളരെ പ്രസക്തമായ ഒരു ചോദ്യമാണ് ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചത്. നമ്മുടെ സ്റ്റേഡിയങ്ങളിൽ സ്ത്രീകൾക്ക് സ്വതന്ത്രമായി കായിക പരിശീലനം നടത്താനുള്ള അസൗകര്യം പരിഹരിക്കുന്നതിനുവേണ്ടി ഓരോ സ്റ്റേഡിയങ്ങളിലും പിങ്ക് സോണുകൾ ഏർപ്പെടുത്താൻ ആലോചിച്ചു വരികയാണ്. അതോടൊപ്പംതന്നെ സ്ത്രീകൾക്ക് മാത്രമായുള്ള പിങ്ക് സ്റ്റേഡിയങ്ങൾ നിർമ്മിക്കു ന്നതിനെ സംബന്ധിച്ച് വിവിധ വകുപ്പുകളുമായി ചർച്ച നടത്തിവരികയാണ്. കേന്ദ്ര ഗവൺമെന്റ് 'ഖേലോ ഇന്ത്യ'യിലുൾപ്പെടുത്തി ചെറിയ രീതിയിലുള്ള ഇത്തരം സ്റ്റേഡിയങ്ങൾ നിർമ്മിക്കാനാണ് ആലോചിച്ചുവരുന്നത്. അവിടെ കുങ് ഫു-വും കളരിമുറകളും അടക്കമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താനാണ് ആഗ്രഹിക്കുന്നത്. തീർച്ചയായും വളരെ പ്രസക്തമായ ഇക്കാര്യം നടപ്പിലാക്കാൻതന്നെയാണ് സർക്കാർ ഉദ്ദേശിക്കുന്നത്.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, നമ്മുടെ സംസ്ഥാനത്ത് കളി സ്ഥലങ്ങളില്ലെന്നത് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നമാണ്. സ്കൂളുകളിലും കോളേജുകളിലും എയ്ഡഡ്/അൺഎയ്ഡഡ് സ്ഥാപനങ്ങളിലുമെല്ലാം ഗ്രൗണ്ടുകളുണ്ട്. പക്ഷേ ഈ ഗ്രൗണ്ടുകളൊന്നും കളികൾക്ക് ഉപയോഗപ്പെടുത്താൻ സാധിക്കുന്നില്ല. പല

മാനേജ്മെന്റുകളും ഇതിന് സമ്മതിക്കില്ല. കുട്ടികളെ പരിശീലിപ്പിക്കുന്നതിനായി ഹൈ ആൾറ്റിറ്റ്യൂഡ് സ്റ്റേഡിയം മൂന്നാറിൽ ഒരു ഘട്ടത്തിൽ പ്രവർത്തനമാരംഭിച്ചിരുന്നു. ഇപ്പോൾ അതിന്റെ സ്ഥിതിയെന്താണ്? ഒളിമ്പിക്സ് ഹോക്കിയിൽ ഇന്ന് സെമി ഫൈനലിൽ ഇന്ത്യൻ ടീം പരാജയപ്പെട്ടിരിക്കുകയാണ്. നേരത്തെ കേരളത്തിൽനിന്നും ഹോക്കി താരങ്ങളുണ്ടായിരുന്നു. കേരളത്തിൽ ഒരു ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയംപോലുമില്ല. ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചെന്ന് വ്യക്തമാക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിൽ ആസ്ട്രോ ടർഫ് ഹോക്കി സ്റ്റേഡിയങ്ങളിൽ ഒരെണ്ണം ജി. വി. രാജ സ്പോർട്സ് സ്കൂളിൽ ഇപ്പോൾ പൂർത്തീകരിച്ചിട്ടുണ്ട്. അതോടൊപ്പംതന്നെ എറണാകുളത്തുള്ള ടർഫ് ഹോക്കി സ്റ്റേഡിയം പുനർനിർമ്മിക്കാനുള്ള നടപടികളും പൂർത്തീകരിച്ചു. അഞ്ച് കോടി രൂപ അതിനായി കണ്ടെത്തിയിട്ടുണ്ട്. കേരളത്തിലെ എല്ലാ കായിക ഇനങ്ങളെയും പ്രോത്സാഹിപ്പിക്കുക എന്നുതന്നെയാണ് ഈ സർക്കാരിന്റെ നയം. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് ഇത്തരം ടർഫ് സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ സർക്കാർ തയ്യാറാണ്. അവിടെ ഇത്തരം ടർഫ് സ്റ്റേഡിയങ്ങൾ എത്രകണ്ട് പ്രായോഗികമാണ് എന്നുള്ളത് പരിശോധിക്കേണ്ടതാണ്. എല്ലാ പഞ്ചായത്തുകളിലും ഒരു കളിക്കളമെന്നുള്ള രീതിയിൽ പദ്ധതി ആവിഷ്കരിച്ചു വരികയാണ്. അതാത് പ്രദേശങ്ങളിലെ സ്കൂൾ/കോളേജ് ഗ്രൗണ്ടുകൾ ഇതിനുവേണ്ടി ഉപയോഗിക്കാവുന്നതുമാണ്. ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ പണം സ്വരൂപിക്കുന്നതിനുവേണ്ടി ഏതെല്ലാം മാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന കാര്യവും ചർച്ച ചെയ്തുവരികയാണ്. തദ്ദേശസ്വയംഭരണ വകുപ്പുമായി ബന്ധപ്പെട്ടും ചർച്ചകൾ നടക്കുകയാണ്.

ശ്രീ. വി. ജോയി: സർ, ചെറിയ പ്രായത്തിൽത്തന്നെ നമ്മുടെ കുട്ടികൾക്ക് കായിക പരിശീലനം നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്. അതിനാവശ്യമായ സ്കൂൾ ഗ്രൗണ്ടുകൾക്കുള്ള ഫണ്ട് കഴിഞ്ഞ കാലങ്ങളിൽ നൽകിയിട്ടുണ്ട്. തുടർന്നും അങ്ങനെ ഫണ്ട് നൽകുന്നുണ്ടോ; സ്കൂളുകളിൽ പി. ടി. അദ്ധ്യാപകരുടെ ധാരാളം ഒഴിവുകളുണ്ട്. അത് പരിഹരിക്കുന്നതിന് സ്പോർട്സ് കൗൺസിലിൽനിന്ന് ട്രെയിനർമാരെ സ്കൂളുകളിലേയ്ക്ക് നൽകാൻ സാധിക്കുമോ എന്നുള്ളത് പരിശോധിക്കാമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിലെ കായിക രംഗത്തിന്റെ ഉയർച്ചയ്ക്ക് സ്കൂൾതലങ്ങളിൽ കായിക പാഠ്യപദ്ധതി നടപ്പിലാക്കുകയും കഴിവുള്ള വിദ്യാർത്ഥികളെ തെരഞ്ഞെടുത്ത് അവരുടെ മോട്ടോറിംഗ് സംവിധാനം പരിശോധിച്ച്, ഏറ്റവും നല്ല രീതിയിൽ പെർഫോം ചെയ്യുന്ന കുട്ടികളെ തെരഞ്ഞെടുക്കുകയും ചെയ്യുന്ന പദ്ധതി നിലവിലുണ്ട്. പി. ടി. അദ്ധ്യാപകരുടെ തസ്തിക മാത്രമല്ല, നിരവധി അദ്ധ്യാപക

തസ്തികകളും പല ഘട്ടങ്ങളായി നിൽക്കുകയാണ്. അത്തരത്തിലുള്ള തസ്തികകൾ ഫിൽ ചെയ്യാനും Sports Authority of India പോലുള്ള കേന്ദ്രങ്ങളിൽ പട്യാല ക്യാമ്പ്, അന്താരാഷ്ട്ര നിലവാരത്തിലുള്ള പരിശീലനം ലഭ്യമാക്കുന്ന രീതിയിൽ കായിക പരിശീലകരെത്തന്നെ പുതിയ രീതിയിൽ പരിശീലിപ്പിക്കാനുമുള്ള പദ്ധതി തയ്യാറാക്കിവരികയാണ്. പി. ടി. അദ്ധ്യാപകരെ പരിശീലിപ്പിക്കുന്നതിനും പുതിയ പി. ടി. അദ്ധ്യാപകരെ നിയമിക്കുന്നതിനുമായി ഒരു പരിപാടി ഇപ്പോൾ തയ്യാറായിവരികയാണ്. തീർച്ചയായും അങ്ങയുടെ നിർദ്ദേശം സ്വാഗതാർഹമാണ്.

ശ്രീ. പി. കെ. ബഷീർ: സർ, ഫുട്ബോളിന്റെ മെക്ക എന്നറിയപ്പെടുന്ന സ്ഥലമാണ് എന്റെ നിയോജകമണ്ഡലത്തിലെ അരീക്കോട്. 2013-14-ൽ പതിനൊന്നരക്കോടി രൂപയ്ക്ക് അരീക്കോട് സ്റ്റേഡിയത്തിന്റെ ടർഫ് നിർമ്മിക്കുന്നതിനുവേണ്ടി ഭരണാനുമതി നൽകുകയും അഞ്ചരക്കോടി രൂപ ചെലവഴിച്ച് അതിന്റെ ഒന്നാംഘട്ട നിർമ്മാണം പൂർത്തീകരിക്കുകയും ചെയ്തു. രണ്ടാം ഘട്ടം ടർഫ് പദ്ധതിപ്രകാരം നിർമ്മാണ പ്രവർത്തനം നടത്താനായി 4,43,00,000 രൂപയ്ക്ക് 2016-ൽ ഭരണാനുമതി ലഭിക്കുകയും അതിന്റെ പ്രീ ക്വാളിഫിക്കേഷൻ നടപടികളുമായി മുന്നോട്ടുപോകുകയും ചെയ്തപ്പോൾ അതിൽ ബഹുമാനപ്പെട്ട ഹൈക്കോടതി ഇടപെട്ട് കാലതാമസം വരികയും ഭരണാനുമതിയുടെ കാലാവധി അവസാനിക്കുകയും ചെയ്തു. തുടർന്ന് 2017-ലും 2018-ലും നിരന്തരമായി ഞാൻ അന്നത്തെ സ്പോർട്സ് വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ പ്പെടുത്തിയപ്പോഴും 14-1-2021-ൽ ഇക്കാര്യം സബ്മിഷനിലൂടെ ഉന്നയിച്ചപ്പോഴും സിന്തറ്റിക് ടർഫ് പ്രായോഗികമല്ല, ആയതുകൊണ്ട് ഒന്നരക്കോടി രൂപ വിനിയോഗിച്ച് അവിടെ സ്വാഭാവികമായ പുൽത്തകിടി നിർമ്മിച്ച് സ്റ്റേഡിയം യാഥാർത്ഥ്യമാക്കാമെന്നായിരുന്നു അന്ന് സഭയിൽ മറുപടി നൽകിയത്. ഒരു മെയിൻ റോഡിലാണ് ഈ അഞ്ചേക്കർ അഞ്ച് സെന്റ് സ്ഥലമുള്ളത് എന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രിക്കറിയാം. ആ സ്റ്റേഡിയത്തിന്റെ ഒന്നാം ഘട്ടം പൂർത്തിയായി. ഭരണാനുമതി നൽകി രണ്ടാം ഘട്ടം പൂർത്തീകരിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, അരീക്കോട് സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് ഒന്നാം ഘട്ടത്തിൽ ഗ്യാലറി, ഫുട്ബോൾ ഗ്രൗണ്ട്, മറ്റ് അനുബന്ധ ഇലക്ട്രിക്കൽ പ്രവൃത്തികൾ എന്നിവ 2016-ൽ പൂർത്തീകരിച്ചതാണ്. അതിനുശേഷമുണ്ടായ പ്രളയം ആ ഗ്രൗണ്ടിനെ നന്നായി ബാധിച്ചിട്ടുണ്ട്. ഇത്തരത്തിൽ ബഡ്ജറ്റിൽ പ്രഖ്യാപിച്ച നിരവധി പ്രവൃത്തികൾ പെൻഡിംഗിലാണ്. അത്തരം സ്റ്റേഡിയങ്ങളുടെ പ്രവൃത്തി പുനരാരംഭിക്കുന്നതിനുവേണ്ടി ബന്ധപ്പെട്ട വകുപ്പുകളുമായി ചർച്ചകൾ നടന്നുവരികയാണ്. തീർച്ചയായും അരീക്കോട് പോലുള്ള ഒരു പ്രദേശത്ത് നല്ലൊരു സ്റ്റേഡിയത്തിന്റെ ആവശ്യകത ബോദ്ധ്യപ്പെട്ടിട്ടുണ്ട്. അത് പൂർത്തീകരിക്കാനുള്ള നടപടികൾ സ്വീകരിക്കാൻ കായിക വകുപ്പ് തയ്യാറാണ്.

ശ്രീ. എച്ച്. സലാം: സർ, കഴിഞ്ഞ ഗവൺമെന്റ് ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയത്തിന്റെ പൂർത്തീകരണത്തിനും അമ്പലപ്പുഴ ഗവൺമെന്റ് കോളേജിൽ പുതിയ സ്റ്റേഡിയത്തിനുംവേണ്ടി പണം വകയിരുത്തിയിരുന്നു. എന്നാൽ പല കാരണങ്ങളാൽ അത് ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി ഇതുമായി ബന്ധപ്പെട്ട് ഒരു യോഗം ഇന്ന് വിളിച്ചിട്ടുമുണ്ട്. തടസ്സങ്ങൾ മാറ്റി ഇത് യാഥാർത്ഥ്യമാക്കാൻ ഗവൺമെന്റ് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻപോകുന്നത്?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ഇത്തരത്തിലുള്ള ചെറിയ ചെറിയ തടസ്സങ്ങളാൽ സംസ്ഥാനത്ത് നിരവധി സ്റ്റേഡിയങ്ങളുടെ പ്രവൃത്തികൾ നിലച്ചിരിക്കുകയാണ്. അതിൽ തൃശ്ശൂർ സ്റ്റേഡിയം, കൊല്ലം സ്റ്റേഡിയം എന്നിവയുടെ പ്രവൃത്തികൾ ഇപ്പോൾ പുനരാരംഭിച്ചിട്ടുണ്ട്. ബന്ധപ്പെട്ട അധികൃതരുമായും അവിടത്തെ ജനപ്രതിനിധികളുമായും തദ്ദേശഭരണ സ്ഥാപനങ്ങളുമായും ചർച്ച ചെയ്താണ് ഇത്തരം പദ്ധതികൾ പുനരാരംഭിക്കുന്നത്. ഇതുമായി ബന്ധപ്പെട്ട് ഇന്ന് 3.00 മണിക്ക് നടക്കുന്ന യോഗത്തിൽ അന്തിമമായി പ്രവൃത്തി പുനരാരംഭിക്കാനും ആ സ്റ്റേഡിയം എത്രയും പെട്ടെന്ന് പൂർത്തീകരിക്കാനുമുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

ശ്രീ. സണ്ണി ജോസഫ്: സർ, ലോക കായിക ഭൂപടത്തിൽ കേരളത്തിന്റെ സ്ഥാനം അഭിമാനകരമായി ഉയർത്തിയ വോളിബോൾ ഇതിഹാസം ജിമ്മി ജോർജ്ജിന്റെ നാടാണ് പേരാവൂർ. എന്നാൽ അദ്ദേഹം ജനിച്ച, കളിച്ചും പഠിച്ചും വളർന്ന, അന്ത്യവിശ്രമം കൊള്ളുന്ന പേരാവൂരിന്റെ മണ്ണിൽ അദ്ദേഹത്തിനനുയോജ്യമായ ഒരു സ്മാരകമില്ല. ഇക്കാര്യം അദ്ദേഹത്തിന്റെ 25-ാം ചരമ വാർഷികാചരണത്തിന്റെ ഭാഗമായി ഞാൻ അന്നത്തെ ഗവൺമെന്റിൽ ഉന്നയിച്ചതിനെത്തുടർന്ന് കെ. എം. മാണി സർ പേരാവൂർ ജിമ്മി ജോർജ്ജ് സ്റ്റേഡിയം ബഡ്ജറ്റിൽ പ്രഖ്യാപിക്കുകയും അത് എല്ലാ അംഗങ്ങളും കയ്യടിച്ച് പാസ്സാക്കുകയും ചെയ്തതാണ്. പക്ഷേ അതിന്റെ പ്രവർത്തനം പാതിവഴിയിൽ നിലച്ചിരിക്കുകയാണ്. ജിമ്മി ജോർജ്ജ് മാത്രമല്ല, ശ്രീമതി അഞ്ജു ബോബി ജോർജ്ജ്, ശ്രീമതി സലോമി സേവ്യർ ഉൾപ്പെടെയുള്ള നിരവധി കായിക പ്രതിഭകൾ അവിടെനിന്നും ഉയർന്നുവന്നിട്ടുണ്ട്. ഇപ്പോഴും അവിടെ കായിക അഭിരുചിയുള്ള നിരവധി കുട്ടികളുണ്ട്. അതുകൊണ്ട് ജിമ്മി ജോർജ്ജിന്റെ നാമധേയത്തിൽ അദ്ദേഹത്തിന്റെ ജന്മനാട്ടിൽ ഒരു സ്റ്റേഡിയം പൂർത്തീകരിക്കാനാവശ്യമായ പണം അനുവദിച്ച് നടപടികൾ ത്വരിതപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകണം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിന്റെ കായിക രംഗത്ത് പേരും പ്രശസ്തിയുമുള്ള നമ്മുടെ മുൻതാരങ്ങൾക്ക് സ്മാരകമായി സംസ്ഥാനത്ത് നിരവധി സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നുണ്ട്. ഓരോ സ്റ്റേഡിയത്തിനും ഓരോ പേരാണ്

നിർദ്ദേശിച്ചിട്ടുള്ളത്. ഇത്തരത്തിൽ ബഡ്ജറ്റിൽ തുക വകയിരുത്തിയിട്ടുള്ള തടസ്സപ്പെട്ടുകിടക്കുന്ന സ്റ്റേഡിയങ്ങളുടെ പ്രവൃത്തികൾ ഓരോന്നായി ചർച്ച ചെയ്തുവരികയാണ്. ഒരു സംശയവും വേണ്ട, കേരളത്തിൽ തടസ്സപ്പെട്ട മുഴുവൻ സ്റ്റേഡിയങ്ങളുടെയും പണി പൂർത്തീകരിക്കും. അതുമായി മുന്നോട്ടുപോകാൻ തന്നെയാണ് വകുപ്പ് തീരുമാനിച്ചിട്ടുള്ളത്.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കോഴിക്കോട് സർവ്വകലാശാലയും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തി ഒരു സ്പോർട്സ് ഹബ്ബ് ആവശ്യപ്പെട്ടുകൊണ്ടുള്ള പ്രൊപ്പോസൽ കോഴിക്കോട് സർവ്വകലാശാലയും എം.എൽ.എ. എന്നുള്ള നിലയ്ക്ക് ഞാനും സമർപ്പിച്ചിരുന്നു. നിരവധി അന്തർദ്ദേശീയ താരങ്ങളെ രാജ്യത്തിന് സംഭാവന ചെയ്ത ഒരു സർവ്വകലാശാലയാണ് കോഴിക്കോട് സർവ്വകലാശാല. എല്ലാവിധ അടിസ്ഥാന സൗകര്യങ്ങളും അവിടെയുണ്ട്. കോഴിക്കോട് സർവ്വകലാശാലയും സി. എച്ച്. മുഹമ്മദ്കോയ സാഹിബ് ഓഡിറ്റോറിയവും അനുബന്ധ സൗകര്യങ്ങളും പ്രയോജനപ്പെടുത്തി അവിടെ ഒരു സ്പോർട്സ് ഹബ്ബായി മാറ്റുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, മലബാറിൽ ഏറ്റവും നല്ല സ്റ്റേഡിയങ്ങളുള്ള നാടാണ് മലപ്പുറവും കോഴിക്കോടും. സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ ഏറ്റവും അനുയോജ്യമായ മണ്ണുള്ളതിനാൽ ഏറ്റവും നല്ല പിച്ചുകളാണ് അവിടെയുള്ളത്. ബഹുമാനപ്പെട്ട അംഗം പറഞ്ഞ വിഷയത്തിൽ എനിക്ക് സൂചിപ്പിക്കാനുള്ളത്, സർവ്വകലാശാലയുടെ കോമ്പൗണ്ടിൽത്തന്നെ നിലവിൽ രണ്ടോളം വലിയ സ്റ്റേഡിയങ്ങളുണ്ട് എന്നതാണ്. മാത്രമല്ല മലപ്പുറത്തും മഞ്ചേരിയിലും നല്ല സ്റ്റേഡിയങ്ങളുണ്ട്. കൂടാതെ കോഴിക്കോട് പുതിയൊരു സ്റ്റേഡിയത്തിന്റെ പ്രൊപ്പോസലുമുണ്ട്. ഇതിനെയെല്ലാം കോർത്തിണക്കി ഒരു കായിക ഹബ്ബായി പരിഗണിക്കുന്നകാര്യം പരിശോധിച്ചുവരികയാണ്. ഇതുമായി ബന്ധപ്പെട്ട് ഒന്നുരണ്ട് ചർച്ചകൾ നടന്നിട്ടുണ്ട്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പല പഞ്ചായത്തുകളിലും ഗ്രൗണ്ടുകളില്ല എന്നത് നമ്മുടെ ഏറ്റവും വലിയ പ്രശ്നമാണ്. ഗ്രൗണ്ടില്ലാത്ത പഞ്ചായത്തുകളിൽ വിദ്യാർത്ഥികളും യുവജനങ്ങളും കളിക്കാൻ സ്ഥലമില്ലാതെ പലരുടെയും ഒഴിഞ്ഞുകിടക്കുന്ന സ്ഥലങ്ങളിൽ കളിക്കാൻ പോകുകയും അവിടെ വലിയ പ്രശ്നങ്ങളും സംഘർഷങ്ങളുമുണ്ടാകുകയും ചെയ്യുന്നത് നിത്യ സംഭവമാണ്. ഇങ്ങനെയുള്ള പഞ്ചായത്തുകളിൽ ഗ്രൗണ്ടുകൾ നിർമ്മിക്കുമെന്നത് ഒരു നയമായി സർക്കാർ മുന്നോട്ടുവച്ചിട്ടുണ്ട്. ഇതിൽ ഏറ്റവും വലിയ പ്രശ്നം സ്ഥലം ഏറ്റെടുപ്പിന് പണം ആര് അനുവദിക്കും എന്നതാണ്. മലയുടെയും കുന്നിന്റെയും വശത്തൊന്നും ഗ്രൗണ്ടുകൾ നിർമ്മിക്കാൻ സാധിക്കില്ല, അതിന് അനുയോജ്യമായത് പരന്ന സ്ഥലമാണ്. അങ്ങനെയുള്ള സ്ഥലങ്ങൾക്ക് നല്ല വിലയുണ്ടാകും. അത് വാങ്ങാനുള്ള പ്രൊവിഷനില്ലാത്തത് വലിയ രീതിയിലുള്ള

ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. ഉദാഹരണത്തിന് കഴിഞ്ഞ ബഡ്ജറ്റിൽ പട്ടാമ്പിയിൽ സ്ഥലമേറ്റെടുപ്പിനായി ടോക്കൺ പ്രൊവിഷൻ 100 രൂപ വച്ചിട്ടുണ്ടായിരുന്നു. പക്ഷേ ആര് ഇതിന് പണം കൊടുക്കും എന്നുള്ളത് ഇപ്പോഴും വ്യക്തമല്ല. അത്തരത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിന് പ്രത്യേകമായൊരു സംവിധാനം സ്വീകരിക്കുമോ?

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിൽ ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ പ്രഖ്യാപിത നയമാണ് ഓരോ പഞ്ചായത്തിലും ഓരോ കളിക്കളം എന്നത്. ആ കാര്യത്തിൽനിന്നും പിന്നോട്ടുപോകാൻ സർക്കാർ ആഗ്രഹിക്കുന്നില്ല. കളിക്കളങ്ങളില്ലാത്ത പഞ്ചായത്തുകളുടെ ലിസ്റ്റ് ഇപ്പോൾ പരിശോധിച്ചുവരികയാണ്. നിലവിൽ കളിക്കളങ്ങളില്ലാത്ത പഞ്ചായത്തുകളിൽ പുതിയ കളിക്കളങ്ങൾ നിർമ്മിക്കുന്നതിനുവേണ്ടി ധനം സമാഹരിക്കുന്നതിനുവേണ്ടിയുള്ള എന്തെല്ലാം രീതികളാണ് സ്വീകരിക്കേണ്ടതെന്ന് പരിശോധിച്ചുവരികയാണ്. അതിൽ ധനകാര്യ വകുപ്പുമായി പ്രത്യേകം ചർച്ച നടത്തേണ്ടതുണ്ട്. കാരണം എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിൽനിന്നും ചെറിയൊരു തുക ഇത്തരത്തിൽ ലഭ്യമാക്കാമെങ്കിൽ നമ്മുടെ ഉൾനാടൻ പ്രദേശങ്ങളിലുള്ള കളിക്കളങ്ങൾ സജ്ജീകരിക്കാൻ കഴിയും. അതോടൊപ്പംതന്നെ മുനിസിപ്പൽ തലങ്ങളിലും നഗരങ്ങളിലും നിലവിൽ കളിക്കളങ്ങളുടെ കുറവില്ല. എല്ലായിടത്തും ഒരു സ്റ്റേഡിയമെങ്കിലുമുണ്ട്. പഞ്ചായത്ത് അടിസ്ഥാനപ്പെടുത്തി ഇത്തരം കാര്യങ്ങളിൽ മുന്നോട്ടുപോകാൻ തന്നെയാണ് തീരുമാനം. തീർച്ചയായും അങ്ങയുടെ നിർദ്ദേശം മുന്നണി സംവിധാനത്തിൽനിന്നും പറഞ്ഞ കാര്യമാണ്. അതുമായി മുന്നോട്ടുപോകും.

മി. സ്പീക്കർ: 32 അംഗങ്ങളാണ് ഉപചോദ്യം ആവശ്യപ്പെട്ടിരുന്നത്. എല്ലാവർക്കും സമയം അനുവദിക്കാൻ നിർവ്വാഹമില്ല. അനുമതി ലഭിക്കാത്തവർ അത് സ്പോർട്സ്മാൻ സ്പിരിറ്റിൽ എടുക്കണം.

**മൃഗസംരക്ഷണ വകുപ്പിലെ രോഗനിർണ്ണയ സംവിധാനങ്ങൾ**

3(*243) ശ്രീ. ഇ. ചന്ദ്രശേഖരൻ:

ശ്രീമതി സി. കെ. ആശ:

ശ്രീ. വാഴൂർ സോമൻ:

ശ്രീ. ജി. എസ്. ജയലാൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ?

(എ) സംസ്ഥാനത്ത് പക്ഷിമൃഗാദികൾ പരത്തുന്ന രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുവാൻ എന്തെല്ലാം രോഗനിർണ്ണയ സംവിധാനങ്ങളാണ് മൃഗസംരക്ഷണ വകുപ്പിനുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) എൻ.എ.ബി.എൽ. അംഗീകാരമുള്ള രോഗനിർണ്ണയ സംവിധാനങ്ങൾ മൃഗസംരക്ഷണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്നുണ്ടോ; വിശദമാക്കാമോ;

(സി) ഇത്തരം രോഗനിർണ്ണയ കേന്ദ്രങ്ങളിൽ വിദഗ്ധരായ ടെക്നീഷ്യൻമാരുടെ സേവനം ലഭ്യമാക്കുന്നുണ്ടോ;

(ഡി) മുൻകാലങ്ങളെ അപേക്ഷിച്ച് രോഗനിർണ്ണയം വേഗത്തിൽ നടത്തി രോഗനിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാൻ ഈ സംവിധാനങ്ങൾ പര്യാപ്തമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ആധുനിക രോഗനിർണ്ണയ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കുമോ?

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ,

(എ) മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പാലോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസ് (SIAD) എന്ന സ്ഥാപനവും അതിനുതാഴെ തിരുവല്ല, പാലക്കാട്, കണ്ണൂർ എന്നിവിടങ്ങളിൽ റീജിയണൽ ഡിസീസ് ഇൻവെസ്റ്റിഗേഷൻ ലബോറട്ടറികളും രോഗ നിർണ്ണയത്തിന് സജ്ജമാണ്. കൂടാതെ എല്ലാ ജില്ലകളിലും ജില്ലാ വെറ്ററിനറി കേന്ദ്രത്തിനോടനുബന്ധിച്ചുള്ള ജില്ലാ ക്ലിനിക്കൽ ലബോറട്ടറികളിലും രോഗനിർണ്ണയം നടത്തിവരുന്നു.

(ബി) പാലോട് സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിലും തിരുവല്ല എ.ഡി.ഡി.എൽ, പാലക്കാട് ആർ.ഡി.ഡി.എൽ. എന്നീ ലബോറട്ടറികളിലും എൻ.എ.ബി.എൽ. അംഗീകാരമുള്ള രോഗനിർണ്ണയ സംവിധാനം ലഭ്യമാണ്. പാലോട് സിയാഡിൽ ആനകളുടെ ഹെർപ്പിസ് രോഗനിർണ്ണയത്തിനും വളർത്തുമൃഗങ്ങളിലെ പേവിഷബാധ രോഗനിർണ്ണയത്തിനും എൻ.എ.ബി.എൽ. അംഗീകാരമുണ്ട്. ആർ.ഡി.ഡി.എൽ. പാലക്കാടിൽ എലിസ ടെസ്റ്റിനും എ.ഡി.ഡി.എൽ, തിരുവല്ലയിൽ മൈക്രോബയോളജി, ഹിസ്റ്റോപതോളജി എന്നിവയ്ക്കും എൻ.എ.ബി.എൽ. അംഗീകാരമുണ്ട്.

(സി) രോഗനിർണ്ണയ കേന്ദ്രങ്ങളിൽ പ്രവർത്തി പരിചയവും സാങ്കേതിക പരിജ്ഞാനവുമുള്ള ബിരുദാനന്തര ബിരുദധാരികളാണ് പ്രവർത്തിക്കുന്നത്.

(ഡി) മേൽപ്പറഞ്ഞ ലബോറട്ടറികളിൽ പി.സി.ആർ. തുടങ്ങിയ അത്യാധുനിക സാങ്കേതികവിദ്യ ഉപയോഗിച്ചാണ് പക്ഷിമൃഗാദികളിലെ രോഗനിർണ്ണയം നടത്തി വരുന്നത്. ഇതിനാൽ വളരെ വേഗം രോഗനിർണ്ണയം നടത്തുവാനും രോഗ നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുവാനും സാധിക്കുന്നു.

(ഇ) കണ്ണൂർ ഒഴികെയുള്ള എല്ലാ റീജിയണൽ ഡിസീസ് ഡയഗ്നോസ്റ്റിക് ലബോറട്ടറികളും ആധുനിക രോഗ നിർണ്ണയ സംവിധാനമായ പി.സി.ആർ. പരിശോധന നടത്താൻ സജ്ജമാണ്. കണ്ണൂർ ജില്ലയിലെ ലബോറട്ടറിയിൽ ആധുനിക രോഗ നിർണ്ണയ സംവിധാനമായ പി.സി.ആർ. ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, പക്ഷിമൃഗാദികളിൽനിന്നാണ് ഏകദേശം 60 ശതമാനത്തോളം രോഗങ്ങൾ പകരുന്നത് എന്നാണ് ലോകാരോഗ്യ സംഘടന പറയുന്നത്. തെരുവുനായ്ക്കൾ ഉൾപ്പെടെയുള്ളവയുടെ വർദ്ധനവ്, അത് കടിച്ചാലുണ്ടാകുന്ന പ്രശ്നങ്ങളൊക്കെ ഇന്ന് സമൂഹത്തിൽ ഏറെ ചർച്ച ചെയ്യപ്പെടുകയാണ്. തെരുവു നായ്ക്കളുടെ വർദ്ധനവ് നിയന്ത്രിക്കുന്നതിനുവേണ്ടിയുള്ള ABC (Animal Birth Control) പ്രോഗ്രാം നടപ്പാക്കുന്നതിൽ സർക്കാരിന് എന്തുമാത്രം കാര്യങ്ങളാണ് ചെയ്യാൻ കഴിയുക? വാസ്തവത്തിൽ പേപ്പട്ടി വിഷബാധയേറ്റവരുടെ ചികിത്സയ്ക്കാവശ്യമായ കുത്തിവെയ്പിന് ചെലവഴിക്കുന്ന പണത്തേക്കാൾ എത്രയോ ചെറിയ രീതിയിൽ ഇത് പരിഹരിക്കാൻ കഴിയും. അതിനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയുമോ, ഇത്തരത്തിലുള്ള തെരുവുനായ്ക്കളുടെ വർദ്ധനവ് തടയാൻ കഴിയുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, പക്ഷിമൃഗാദികളിലെ രോഗബാധയുടെയും രോഗവ്യാപനത്തിന്റെയും ജന്തു-ജന്യ രോഗങ്ങളുടെയും പശ്ചാത്തലത്തിൽ സംസ്ഥാനത്ത് മൃഗാശുപത്രികളുടെ പ്രവർത്തനം വിപുലീകരിക്കുകയാണ്. അതോടൊപ്പംതന്നെ എ.ബി.സി. പ്രോഗ്രാം ശക്തമായ നിലയിൽ കൊണ്ടുവരാനുള്ള പ്രവർത്തനങ്ങളും ആലോചിച്ചിട്ടുണ്ട്. പേപ്പട്ടി വിഷബാധയുമായി ബന്ധപ്പെട്ട് പറയാനുള്ളത് പാലോട് പ്രവർത്തിക്കുന്ന സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ടിൽ ഇതെല്ലാം നിർണ്ണയിക്കുവാനുള്ള ആധുനിക സംവിധാനങ്ങളും ഏർപ്പെടുത്തിയിട്ടുണ്ടെന്നാണ്.

ശ്രീ. ഇ. ചന്ദ്രശേഖരൻ: സർ, കേരളത്തിൽ വെറ്ററിനറി സർജൻമാരുടെ ധാരാളം ഒഴിവുകൾ നിലനിൽക്കുന്നതായാണ് മനസ്സിലാകുന്നത്. പി.എസ്.സി. ലിസ്റ്റ് നിലവിലില്ലാത്ത സാഹചര്യത്തിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി ഡോക്ടർമാരെ നിയമിക്കാനുള്ള നടപടി സ്വീകരിക്കാൻ കഴിയുമോ; കാലതാമസമില്ലാതെ അത് എങ്ങനെയാണ് നടപ്പാക്കാൻ കഴിയുക? നിയമനം ലഭിച്ച വെറ്ററിനറി ഡോക്ടർമാരിൽ ചിലർ ലീവ് എടുത്തുപോയാൽ ലീവ് വേക്കൻസിയിൽ ആളെ നിയമിക്കാൻ കഴിയാത്ത സാഹചര്യമുണ്ട്. അവിടെ കോൺട്രാക്ട് അടിസ്ഥാനത്തിൽ ഡോക്ടർമാരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിച്ചാൽ മാത്രമേ കർഷകർക്ക് സഹായകരമാകുകയുള്ളൂ. അതിന് ജില്ലാതല ഓഫീസർമാർക്ക് ആവശ്യമായ നിർദ്ദേശം നൽകുമോ? കാസർഗോഡ് ഏതാണ്ട് 12 വെറ്ററിനറി ഡോക്ടർമാരുടെ ഒഴിവുകളാണുള്ളത്.

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, വെറ്ററിനറി ഡോക്ടർമാരുടെ റാങ്ക് ലിസ്റ്റിന്റെ കാലാവധി കഴിഞ്ഞിരിക്കുകയാണ്. നിലവിൽ തസ്തിക ഒഴിഞ്ഞുകിടക്കുന്ന സ്ഥലമുണ്ടെങ്കിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽനിന്ന് നിയമിക്കാനുള്ള സംവിധാനം ഇതിനകംതന്നെ നടത്തിക്കഴിഞ്ഞിട്ടുണ്ട്. ലീവ് വേക്കൻസിയുമായി ബന്ധപ്പെട്ട കാര്യം പരിശോധിക്കാം.

ശ്രീമതി സി. കെ. ആശ: സർ, എന്റെ മണ്ഡലമുൾപ്പെടുന്ന അപ്പർ കുട്ടനാട്, കുട്ടനാട് മേഖല ഒട്ടേറെ താറാവ് കർഷകരുള്ള പ്രദേശമാണ്. ഇവിടെ വർഷാവർഷം നവംബർ, ഡിസംബർ മാസങ്ങളിൽ താറാവുകളിൽ പടർന്നുപിടിക്കുന്ന പക്ഷിപ്പനി കരളലിയിപ്പിക്കുന്ന കാഴ്ചകളാണ് നമുക്ക് നൽകുന്നത്. രോഗം ബാധിച്ചതും ഇല്ലാത്തതുമായ പതിനായിരക്കണക്കിന് താറാവുകളെയാണ് ചിതകൂട്ടിയും പെട്രോൾ ഒഴിച്ചുമെല്ലാം കൊന്നുകളയുന്നത്. ഈ ദുരവസ്ഥ എല്ലാ വർഷവും ആവർത്തിക്കപ്പെടുന്നത് എന്തുകൊണ്ടാണെന്നത് സംബന്ധിച്ച് ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; പാലോട് സ്ഥിതിചെയ്യുന്ന ലാബിൽ പക്ഷികൾക്കും മൃഗങ്ങൾക്കും കുത്തിവയ്ക്കാൻ പ്രതിരോധ വാക്സിൻ വികസിപ്പിക്കുന്നതിനായി 2018-ൽ നബാർഡിന്റെ സഹായത്തോടെ സർക്കാർ ഒരു പദ്ധതി പ്രഖ്യാപിച്ചിരുന്നു. ഇതിന്റെ നിലവിലുള്ള അവസ്ഥയെന്താണ്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, താറാവിനുണ്ടാകുന്ന പ്രധാന രോഗങ്ങൾ താറാവ് വസന്തയും താറാവിന്റെ ഹൃദയാഘാതവുമാണ്. യഥാർത്ഥത്തിൽ ഈ രോഗങ്ങൾക്ക് ഫലപ്രദമായ വാക്സിനുണ്ട്. ആറ് മാസത്തിലൊരിക്കൽ ആ വാക്സിൻ കൊടുക്കണമെന്നാണ് പറയുന്നത്. പാലോട് ബയോളജിക്കൽ ഇൻസ്റ്റിറ്റ്യൂട്ട് വാക്സിൻ കേന്ദ്രത്തിൽ ഇതെല്ലാം ഉൽപ്പാദിപ്പിക്കപ്പെടുന്നുണ്ട്. അതുകൂടാതെ ദേശാടനപക്ഷികളുടെ വരവ് നമുക്ക് തടയാൻ പറ്റില്ല. ദേശാടനപക്ഷികളിൽനിന്നാണ് കൂടുതലും ഇത്തരത്തിലുള്ള അസുഖങ്ങൾ ബാധിക്കുന്നത്. താറാവുകൾക്ക് അടിയന്തരമായി ആറ് മാസത്തിലൊരിക്കൽ വാക്സിൻ കൊടുക്കാനുള്ള സംവിധാനമൊരുക്കാം.

ശ്രീ. ജി. എസ്. ജയലാൽ: സർ, വന്യജീവികളിൽനിന്ന് മനുഷ്യരിലേയ്ക്ക് പല രോഗങ്ങളും പടരുന്നതായി മനസ്സിലാകുന്നുണ്ട്. ജന്തുജന്യ രോഗങ്ങളുടെ നിർണ്ണയത്തിന് എന്ത് സംവിധാനങ്ങളാണ് നിലവിലുള്ളത്?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, മൃഗസംരക്ഷണ വകുപ്പിന്റെ സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഫോർ അനിമൽ ഡിസീസസിൽ 2019 മുതൽ സെന്റർ ഫോർ വൈൽഡ് ലൈഫ് സയൻസ് പ്രവർത്തിച്ചുവരുന്നു. ആനക്കുട്ടിൽ ഈയിടയ്ക്ക് അധികമായി റിപ്പോർട്ട് ചെയ്യപ്പെട്ട Elephant endotheliotropic herpesvirus രോഗനിർണ്ണയത്തിനുള്ള ഇന്ത്യയിലെ ഏക ഐ.എസ്.ഒ. അംഗീകൃത ലബോറട്ടറിയാണത്. കൂടാതെ വന്യമൃഗങ്ങളിൽനിന്നും പടരുന്ന കുരങ്ങുപനി, പേവിഷബാധ, കരിംപനി തുടങ്ങിയ രോഗങ്ങളുടെ നിർണ്ണയ സൗകര്യങ്ങളും ഇവിടെ ലഭ്യമാണ്.

ശ്രീ. സി. കെ. ഹരീന്ദ്രൻ: സർ, കേരളത്തിൽ ആട് വളർത്തൽ ഒരു പ്രധാനപ്പെട്ട തൊഴിലാണ്. തലശ്ശേരിയിലും തിരുവനന്തപുരത്തുമൊക്കെ മലബാറി ആടുകളുടെ ഫാമുകളുണ്ട്. ഇവിടെ നൂറുകണക്കിന് ആടുകളെയാണ് പരിരക്ഷിച്ചു വരുന്നത്. ഈ അടുത്ത സമയത്തായി ആടുകളിൽ കണ്ടുവരുന്ന ഒരു രോഗമാണ് ജോണിസ് ഡിസീസ്. മനുഷ്യനിലെ ക്ഷയരോഗത്തിന് തുല്യമായിട്ടാണ് ഇത് കണക്കാക്കപ്പെടുന്നത്. ഇത് വന്നാൽ ആ മേഖലയിലെ മറ്റ് ആടുകൾക്കും പകരാനിടയുണ്ട്. സാധാരണഗതിയിൽ ഈ രോഗം പിടിപെട്ടാൽ ആടുകളെ ഐസൊലേറ്റ് ചെയ്യണം. ഈ രോഗം കണ്ടാൽ അപ്പോൾത്തന്നെ ആടുകളെ കൊന്നുകളയണമെന്നാണ് ഇക്കാര്യത്തിൽ വെറ്ററിനറി ഡിപ്പാർട്ടുമെന്റ് എടുത്തിട്ടുള്ള നടപടി. ഈ കാര്യത്തിൽ ഒരു ഗവേഷണം നടത്തി ആവശ്യമായ നടപടി സ്വീകരിച്ച് സാംക്രമിക രോഗം ആടുകളിൽ വരാതിരിക്കാനുള്ള നടപടികൾ സ്വീകരിക്കാനാകുമോ?

ശ്രീമതി ജെ. ചിഞ്ചുറാണി: സർ, ആടുകളിൽ കണ്ടുവരുന്ന ജോണിസ് ഡിസീസ് എന്ന അസുഖം പാറശ്ശാല ഗോട്ട് ഫാമിലും കണ്ണൂരിലെ ഗോട്ട് ഫാമിലും അടുത്ത കാലത്തായി റിപ്പോർട്ട് ചെയ്തിരുന്നു. ഗവൺമെന്റ് ഉദ്യോഗസ്ഥർ, വെറ്ററിനറി യൂണിവേഴ്സിറ്റിയിലെ ഉദ്യോഗസ്ഥർ എന്നിവർ ഉൾപ്പെടെയുള്ള പ്രധാനപ്പെട്ട ഉദ്യോഗസ്ഥരെ പങ്കെടുപ്പിച്ചുകൊണ്ട് അടിയന്തരമായി ഒരു യോഗം കൂടിയിരുന്നു. ഈ രോഗം വന്നാൽ ഉടൻതന്നെ ഇവയെ മാറ്റിപ്പാർപ്പിക്കുകയാണ് ചെയ്യുന്നത്. രണ്ട് ഫാമുകളിലും അടിയന്തരമായി ആടുകളെ മാറ്റി പാർപ്പിച്ചിട്ടുണ്ട്. എന്നാൽ ഈ അസുഖം വന്നുകഴിഞ്ഞാൽ അത് ശരീരത്തിൽ നിലനിൽക്കുമെന്നാണ് അറിയാൻ സാധിച്ചത്. ക്ഷയരോഗം പോലെയുള്ള ഒരു അസുഖമാണ്. രോഗം ബാധിച്ച ആടുകളെ കൊന്നുകളയണമെന്നതാണ് നിലവിലുള്ള നിയമവും യൂണിവേഴ്സിറ്റികളുൾപ്പെടെ പറയുന്നതും. എന്നാൽ അതിൽനിന്ന് വ്യത്യസ്തമായി ഇതിനെ മാറ്റിപാർപ്പിച്ചുകൊണ്ട് മറ്റുള്ള ആടുകളിലേയ്ക്ക് അസുഖം പകരാതിരിക്കാനുള്ള സംവിധാനം ആലോചിക്കുന്നുണ്ട്. ഇന്ത്യയിൽ മധുര എന്ന സ്ഥലത്ത് ഒരു പുതിയ വാക്സിൻ കണ്ടുപിടിച്ചിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. അത് കേരളത്തിലെ വെറ്ററിനറി യൂണിവേഴ്സിറ്റികളുമായി ആലോചിച്ച് പരീക്ഷിച്ചുനോക്കാനുള്ള പ്രവർത്തനത്തിലേയ്ക്കാണ് ഇപ്പോൾ പോകുന്നത്.

**നാളികേര കൃഷി ലാഭകരമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ**

4(*244) ശ്രീ. എൻ. കെ. അക്ബർ:
ശ്രീ. എം. രാജഗോപാലൻ:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീമതി കാനത്തിൽ ജമീല: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ;

(എ) സംസ്ഥാനത്ത് ന്യായവില ഉറപ്പാക്കിക്കൊണ്ടും മൂല്യവർദ്ധിതോല്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ടും നാളികേര കൃഷി ലാഭകരമാക്കുന്നതിന് സർക്കാർ നടത്തുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയാണ്;

(ബി) ഉല്പാദനത്തിലും ഉല്പാദനക്ഷമതയിലും ഗണ്യമായ വർദ്ധനവ് ലക്ഷ്യമിട്ടു കൊണ്ട് നാളികേര വികസന കൗൺസിൽ നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കുമോ;

(സി) വിളവെടുപ്പിനും കീടനിയന്ത്രണത്തിനുമുൾപ്പെടെ വേണ്ട വിദഗ്ദ്ധ തൊഴിലാളികളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ കേര കർമ്മസേനകൾ രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ?

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്): സർ,

(എ) നാളികേര കർഷകരെ വിലത്തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനായി സംസ്ഥാന സർക്കാർ പച്ചത്തേങ്ങയുടെ സംഭരണ വില കിലോയ്ക്ക് 27 രൂപയിൽനിന്നും 32 രൂപയായി ഉയർത്തിയിട്ടുണ്ട്. ജില്ലകളിൽ നാളികേരത്തിന് വിലയിടിവുണ്ടാകുന്ന സാഹചര്യത്തിൽ പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള മൂല്യവർദ്ധന പ്രോത്സാഹന പദ്ധതിപ്രകാരം നാളികേര ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധന നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാപ്പാൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, ബേബി ഓയിൽ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് സബ്സിഡിയായി 1,76,31,435 (ഒരു കോടി ഏഴുപത്തിയാറു ലക്ഷത്തി മുപ്പത്തിയൊന്നായിരത്തി നാനൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയിൽ 25 FPO (ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ)-കൾ രൂപീകരിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. FPO-കൾ രൂപീകരിക്കുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യ വർദ്ധനവ്, വിപണി കണ്ടെത്തൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. നാളികേരം അടിസ്ഥാനമാക്കിയുള്ള FPO-കളും ഇതിലുൾപ്പെടുന്നുണ്ട്. കേരളത്തിൽ കിഫ്ബിയുടെ ധനസഹായത്തോടെ രണ്ട് നാളികേര അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിലും കൂത്താളിയിലും 20 കോടി രൂപ വീതം നൽകി നാളികേര അഗ്രോ പാർക്ക് സ്ഥാപിക്കുന്നതിനുള്ള ഡി.പി.ആർ. കിഫ്ബിക്ക് KAICO നൽകിയിട്ടുണ്ട്. കിഫ്ബിയുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

(ബി) സംസ്ഥാനത്തെ കേരകൃഷിയുടെ വിസ്തൃതി, നാളികേരത്തിന്റെ ഉൽപ്പാദനം, ഉൽപ്പാദനക്ഷമത എന്നിവ വർദ്ധിപ്പിക്കുക, സംയോജിത വിളപരിപാലനമുറകൾ സ്വീകരിച്ച് നാളികേര കൃഷിയുടെ സംരക്ഷണവും അഭിവൃദ്ധിയും ഉറപ്പുവരുത്തുക എന്നിവ ലക്ഷ്യമിട്ട് 2018 മുതൽ 2028 വരെ നീളുന്ന 10 വർഷത്തെ വികസന കാഴ്ചപ്പാടോടെ 21-11-2018-ലെ സർക്കാർ ഉത്തരവ് (കൈ)നമ്പർ 138/2018/കൃഷി; 1-3-2019-ലെ സ.ഉ.(കൈ) 34/2019/കൃഷി; 1-2-2020 ലെ സ.ഉ.(കൈ) നമ്പർ 15/2020/കൃഷി എന്നിവ പ്രകാരം സംസ്ഥാന സർക്കാർ നാളികേര വികസന കൗൺസിൽ രൂപീകരിച്ചു. സംസ്ഥാനത്തെ നാളികേര കൃഷി പുനരുജ്ജീവിപ്പിക്കുന്നതിനായി പ്രായാധിക്യം വന്നതും രോഗം ബാധിച്ചതും ഉല്പാദനക്ഷമത നശിച്ചതുമായ തെങ്ങുകളെ മുറിച്ചുമാറ്റി അത്യുല്പാദന ശേഷിയുള്ള തെങ്ങിൻ തൈകൾ വച്ചുപിടിപ്പിച്ച് നിലവിലുള്ളവ ശാസ്ത്രീയമായി പരിപാലിച്ച് നാളികേര ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കുക, നാളികേരത്തിന്റെ മൂല്യവർദ്ധനവും വിപണനവും ശക്തിപ്പെടുത്തുക എന്നിവയാണ് പ്രധാന ഉദ്ദേശ്യലക്ഷ്യങ്ങൾ. കേരള കാർഷിക സർവ്വകലാശാല (കെ.എ.യു), നാളികേര വികസന ബോർഡ് (സി.ഡി.ബി), കേന്ദ്ര തോട്ടവിള ഗവേഷണ കേന്ദ്രം (സി.പി.സി.ആർ.ഐ), കൃഷി വകുപ്പ് ഫാമുകൾ എന്നിവരുടെ തെങ്ങിൻതൈ ഉല്പാദന കേന്ദ്രങ്ങളിൽ ഉത്പാദിപ്പിച്ച തെങ്ങിൻതൈകൾ സംസ്ഥാനത്തെ ഓരോ വാർഡിലും 75 തെങ്ങിൻ തൈകൾ വീതമെങ്കിലും പുതുതായി ഓരോ വർഷവും വിതരണം ചെയ്യുന്നതിനുള്ള പ്രവർത്തനങ്ങൾ തുടർന്നുവരികയാണ്. പ്രായം ചെന്നതും ഉല്പാദനക്ഷമതയില്ലാത്തതും അസുഖം ബാധിച്ചതുമായ തെങ്ങുകൾ മുറിച്ചുമാറ്റി ഉല്പാദനക്ഷമതയുള്ളതും പൊക്കം കുറഞ്ഞ/കുറിയ ഇനം തൈകൾ വച്ചു പിടിപ്പിക്കുക, സംയോജിത പരിപാലന രീതികളിലൂടെ നിലവിലുള്ള തെങ്ങിൻ തോപ്പുകൾ പുനരുജ്ജീവിപ്പിക്കുക, നിലവിലുള്ള തോട്ടങ്ങളിൽ മുന്തിയ ഇനം തൈകൾ വച്ചുപിടിപ്പിക്കുക, വിത്തുതേങ്ങകൾ ലഭിക്കുന്നതിനായി തെങ്ങിൻതോപ്പുകൾ വികസിപ്പിക്കുക എന്നിവയാണ് പ്രധാന പ്രവർത്തനങ്ങൾ. കോക്കനട്ട് കൗൺസിലിന്റെ മൂന്നാം വർഷ പ്രവർത്തനങ്ങളുടെ ഭാഗമായി 2591 ലക്ഷം രൂപയാണ് 2021-22 വർഷം ബഡ്ജറ്റ് വിഹിതമായി വകയിരുത്തിട്ടുള്ളത്. കൃഷി വകുപ്പിന്റെ വിവിധ ഫാമുകൾ സി.പി.സി.ആർ.ഐ., സി.ഡി.ബി. (കോക്കനട്ട് ഡെവലപ്മെന്റ് ബോർഡ്), കെ.എ.യു. എന്നിവിടങ്ങളിൽ ഉത്പാദിപ്പിച്ച നെടിയയിനം, കുറിയയിനം, സങ്കരയിനം തെങ്ങിൻ തൈകളാണ് കർഷകർക്ക് വിതരണം ചെയ്തുവരുന്നത്. 2019-20 മുതൽ 2021-22 വരെ വിതരണം ചെയ്യുന്ന ഗുണമേന്മയുള്ള തെങ്ങിൻ തൈകളുടെ കണക്ക് അനുബന്ധം 1 ആയി ചേർക്കുന്നു*. നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം ഗുണമേന്മയുള്ള തെങ്ങിൻതൈകളുടെ ഉത്പാദനത്തിനായി വിത്തുതേങ്ങാ സംഭരണത്തിനും അനുബന്ധ പ്രവർത്തനങ്ങൾക്കും തൈകളുടെ ഉത്പാദന ചെലവുകൾക്കുമായി 2021-22 വർഷത്തിൽ 1391 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പദ്ധതി പ്രകാരം ഒരു ലക്ഷം കുറിയയിനം, 12 ലക്ഷം നെടിയയിനം (WCT), 3 ലക്ഷം (എണ്ണം) സങ്കരയിനം വിത്തുതേങ്ങ (ആകെ 16 ലക്ഷം) സംഭരിക്കുന്നതിന് ലക്ഷ്യമിട്ടിരിക്കുന്നു. പദ്ധതിയുടെ വിവിധ ഘടകങ്ങളും ആയതിനായി വകയിരുത്തി യിരിക്കുന്ന തുകയും അനുബന്ധം II ആയി ചേർക്കുന്നു.* 2021 ഡിസംബർ മുതൽ 2022 മേയ് വരെയാണ് വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നത്. കോഴിക്കോട് ജില്ലയിലെ വടകര വിത്തുവികസന യൂണിറ്റ്, തൃശ്ശൂർ ജില്ലയിലെ ചാവക്കാട് വിത്തുവികസന യൂണിറ്റ്, കണ്ണൂർ ജില്ലയിലെ ചാലോട് ടി x ഡി പോളിനേഷൻ യൂണിറ്റ് എന്നിവയുടെ മേൽനോട്ടത്തിലാണ് വിത്തുതേങ്ങ സംഭരണ പ്രവർത്തനങ്ങൾ നടത്തുന്നത്. കൂടാതെ മുണ്ടേരി വിത്തുകൃഷി തോട്ടത്തിൽനിന്നും വിത്തുതേങ്ങാ സംഭരണം നടത്തുന്നു. കോഴിക്കോട് ജില്ലയിലെ കുറ്റ്യാടി പ്രദേശത്തു നിന്നും തൃശ്ശൂർ, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ നിന്നുമാണ് ഡബ്ള്യൂ.സി.ടി. ഇനത്തിൽപ്പെട്ട വിത്തുതേങ്ങ സംഭരിക്കുന്നത്. സങ്കരയിനം വിത്തുതേങ്ങാ ഉല്പാദന ത്തിനായുള്ള പോളിനേഷൻ പ്രവർത്തനങ്ങളും സംഭരണവും തൃശ്ശൂർ, മലപ്പുറം, കണ്ണൂർ, കാസർഗോഡ് ജില്ലകളിലാണ് നടത്തിവരുന്നത്. കുറിയയിനം വിത്തുതേങ്ങ മുണ്ടേരി വിത്തുകൃഷി തോട്ടത്തിൽനിന്നും തൃശ്ശൂർ ചാവക്കാട് പ്രദേശത്തുനിന്നുമാണ് പ്രധാനമായും സംഭരിക്കുന്നത്. കുറിയയിനം മാതൃ വൃക്ഷങ്ങളുടെ ലഭ്യത കുറവായ തിനാൽ സംസ്ഥാനത്തുടനീളം ലഭ്യമായ കുറിയയിനം മാതൃവൃക്ഷങ്ങളിൽ നിന്നും കൃഷിഭവൻ ഉദ്യോഗസ്ഥരുടെ മേൽനോട്ടത്തിലും കുറിയയിനം വിത്തുതേങ്ങ സംഭരിക്കുന്നു. നാളികേര കൗൺസിൽ പ്രവർത്തനങ്ങൾ ആരംഭിച്ചതിനുശേഷം കഴിഞ്ഞ 3 വർഷങ്ങളായി സംഭരിച്ച വിത്തുതേങ്ങയുടെ കണക്ക് വർഷവും ഇനവും തിരിച്ചുള്ള പട്ടിക അനുബന്ധം III ആയി ചേർക്കുന്നു.* നടപ്പുസാമ്പത്തിക വർഷം 16 ലക്ഷം വിത്തുതേങ്ങ സംഭരിക്കുന്നതിനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. 2020-21 വർഷത്തിൽ സംഭരിച്ച 1415212 എണ്ണം വിത്തുതേങ്ങ സംസ്ഥാനത്തെ വിവിധ കൃഷി വകുപ്പ് ഫാമുകളിൽ പാകിയിട്ടുണ്ട്. ഇവയിൽനിന്നും ഏകദേശം 10 ലക്ഷത്തോളം ഗുണമേന്മയുള്ള തെങ്ങിൻ തൈകൾ 2022-23 നടീൽ സീസണിൽ കർഷകർക്ക് വിതരണം ചെയ്യാൻ കഴിയുന്നതാണ്. കൂടാതെ, നാളികേരകൃഷിക്ക് പ്രാമുഖ്യമുള്ള എല്ലാ പഞ്ചായത്തുകളിലും തെങ്ങിന്റെ സംയോജിത വികസനത്തിനായി കേരഗ്രാമങ്ങൾ രൂപീകരിച്ചിട്ടുണ്ട്. 250 ഹെക്ടർ വിസ്തൃതിയിൽ തെങ്ങ് കൃഷിയുള്ള തുടർച്ചയായ ഭൂപ്രദേശമാണ് ഒരു കേരഗ്രാമമായി കണക്കാക്കുന്നത്. ഇവിടെയുള്ള തെങ്ങ് കൃഷിയുടെ അഭിവൃദ്ധിക്കായി സംയോജിത പരിചരണമുറകൾ, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവവള ഉൽപ്പാദനം, തെങ്ങ് കയറ്റ് യന്ത്രങ്ങളുടെ വിതരണം എന്നീ സഹായപദ്ധതികൾ നടപ്പിലാക്കുന്നു. സംയോജിത പരിചരണ മുറകളുടെ ഭാഗമായി തടം തുറക്കൽ, കള നിയന്ത്രണം, പുതയിടീൽ, തൊണ്ട് കുഴിച്ചിടീൽ, മണ്ണ് പരിപോഷണ വസ്തുക്കൾ, ജൈവ-രാസവളങ്ങൾ, ജീവാണുവളങ്ങൾ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

എന്നിവയുടെ പ്രയോഗം, പ്രായാധിക്യം വന്ന തെങ്ങ് മുറിച്ച് മാറ്റി മേൽത്തരം തെങ്ങിൻ തൈകൾ വച്ചുപിടിപ്പിക്കൽ, ഇടവിളകൃഷി എന്നിവ നടപ്പിലാക്കുന്നു. ഇതിനുപുറമേ സാധ്യമായ കേരഗ്രാമങ്ങളിൽ മിനി കയർ നിർമ്മാണ/സംസ്കരണ യൂണിറ്റുകൾ, കേരാധിഷ്ഠിത മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ യൂണിറ്റുകൾ തുടങ്ങിയ സംരംഭങ്ങളും പ്രോൽസാഹിപ്പിക്കുന്നു.

(സി) തെങ്ങിന്റെ സംയോജിത വികസനത്തിനായി സംസ്ഥാനത്ത് 2020-21 വരെ 251 കേരഗ്രാമങ്ങൾ രൂപീകരിച്ച് പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ക്ലസ്റ്റർ അടിസ്ഥാനത്തിൽ നടപ്പിലാക്കിയ ടി പദ്ധതിയുടെ സംയോജിത പരിചരണമുറകൾ ഗ്രൂപ്പ് അടിസ്ഥാനത്തിൽ നടപ്പിലാക്കുവാൻ പഞ്ചായത്തുതല കേരസമിതികൾ രൂപീകരിക്കുകയും കർമ്മസേനകൾവഴി സസ്യസംരക്ഷണ പ്രവൃത്തികൾ, വിവിധ കാർഷിക പ്രവൃത്തികൾ എന്നിവ നടപ്പിലാക്കുകയും ചെയ്തിട്ടുണ്ട്. 2020-21 വരെ 368 കാർഷിക കർമ്മ സേനകൾ സംസ്ഥാനത്തുടനീളം രൂപീകൃതമായിട്ടുണ്ട്. കർമ്മ സേനയിലെ ടെക്നീഷ്യൻമാർക്ക് തെങ്ങുകയറ്റത്തിന് പരിശീലനം നൽകിയിട്ടുണ്ട്. അതാത് പ്രദേശത്ത് ആവശ്യാനുസരണം കാർഷിക കർമ്മസേനകളിലെ ടെക്നീഷ്യൻമാരുടെ സേവനം തെങ്ങുകയറ്റത്തിനും മരുന്ന് തളിക്കുമായി പ്രയോജനപ്പെടുത്തിയിട്ടുണ്ട്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ കാലത്ത് നാളികേര മിഷന് രൂപം നൽകി നാളികേര പുനരുജ്ജീവന പദ്ധതി നടപ്പിലാക്കിയതിലൂടെ നാളികേര കൃഷിയിൽ വലിയ മുന്നേറ്റമുണ്ടാക്കാൻ നമുക്കായിട്ടുണ്ട്. 2019-ൽ കോഴിക്കോടുവച്ച് നടന്ന അന്താരാഷ്ട്ര നാളികേര സമ്മേളനം ഒരു വലിയ കാൽവയ്പ്പായിരുന്നു. പച്ചത്തേങ്ങയുടെ സംഭരണവില 32 രൂപയായി നിശ്ചയിച്ചിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. കഴിഞ്ഞ മാസം 42 രൂപയുണ്ടായിരുന്നതാണ്. അത് കാലോചിതമായി വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള നടപടി സ്വീകരിക്കുമോ; അക്കാര്യം സർക്കാരിന്റെ ആലോചനയിലുണ്ടോ?

<u>ശ്രീ. പി. പ്രസാദ്</u>: സർ, വിളകളുടെയെല്ലാം വില നിശ്ചയിക്കുന്നതിന് ഒരു മാനദണ്ഡമുണ്ടാക്കിയിട്ടുണ്ട്. അതനുസരിച്ചാണ് സംസ്ഥാന സർക്കാർ സംഭരണ വില നിശ്ചയിക്കുന്നത്. വില നിശ്ചയിച്ചതിനുശേഷമുണ്ടായ മാറ്റങ്ങളെല്ലാം പരിശോധിച്ച് വിലയുടെ കാര്യത്തിൽ മാറ്റം വരുത്തേണ്ടതുണ്ടെങ്കിൽ ഇതിനായി നിശ്ചയിച്ചിട്ടുള്ള സമിതിയോട് അക്കാര്യം ശിപാർശ ചെയ്യാൻ ആവശ്യപ്പെടാം. അതനുസരിച്ച് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

<u>ശ്രീ. എൻ. കെ. അക്ബർ</u>: സർ, ചാവക്കാട് ഗ്രീൻ, ഓറഞ്ച് എന്നീ പേരുകളിൽ അറിയപ്പെടുന്ന കർഷകർക്കിടയിൽ നല്ല ഡിമാൻഡുള്ള സങ്കരയിനം തെങ്ങിൻതൈകൾ വിതരണം ചെയ്യാൻ നടപടി ഊർജ്ജിതപ്പെടുത്തുമോ?

ശ്രീ. പി. പ്രസാദ്: സർ, ഇപ്പോൾത്തന്നെ ഒരു വർഷം 15 ലക്ഷം തെങ്ങിൻ തൈകൾ വിതരണം ചെയ്യുന്നതിനുള്ള പരിപാടികളാണ് നടപ്പിലാക്കുന്നത്. West Coast Tall (WCT) എന്ന പേരിൽ അറിയപ്പെടുന്ന നമ്മുടെ നാട്ടിൽ കാണുന്ന സാധാരണയായുള്ള നീളമുള്ള തെങ്ങുകൾ, hybrid, dwarf ഈ ഇനങ്ങളെല്ലാം 60:20:20 എന്ന അനുപാതത്തിലാണ് വിതരണം ചെയ്തുകൊണ്ടിരിക്കുന്നത്.

മി. സ്പീക്കർ: ഓർഡർ.... ഓർഡർ.... ചോദ്യോത്തരവേള അവസാനിച്ചിരിക്കുന്നു.

(ചോദ്യോത്തരസമയം കഴിഞ്ഞു.)

## 2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### റോഡപകടങ്ങളിൽ കാൽനടയാത്രക്കാരുടെ മരണനിരക്ക്

5 (*245) ശ്രീ. സി. ആർ. മഹേഷ്:

ശ്രീ. എ. പി. അനിൽ കുമാർ:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ റോഡപകട മരണങ്ങളിൽ ഇരുപത്തിയെട്ട് ശതമാനം കാൽനട യാത്രക്കാരാണ് എന്ന് സർക്കാരിന്റെ പഠനങ്ങൾ കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ ഇത് കുറയ്ക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉണ്ട്. 2019-ലെ കണക്കുകൾ പ്രകാരം ആകെയുള്ള വാഹനാപകടമരണങ്ങളിൽ 28% കാൽനടയാത്രക്കാരാണ് മരണപ്പെട്ടിട്ടുള്ളത്. 2018 മുതൽ 2021 വരെയുള്ള കാലയളവ് പരിശോധിച്ചാൽ കാൽനടയാത്രക്കാരുടെ അപകട മരണങ്ങൾ 2018-ൽ ആകെ റോഡപകട മരണങ്ങളുടെ 29% ആയിരുന്നത് 2021 ആയപ്പോഴേയ്ക്കും 23% ആയി കുറഞ്ഞിട്ടുണ്ട്.

| | ജൂൺമാസം വരെ | | |
|---|---|---|---|
| വർഷം | ആകെ അപകട മരണം | കാൽനട യാത്രക്കാരുടെ മരണം | കാൽനട യാത്രികരുടെ മരണ നിരക്ക് |
| 2018 | 4303 | 1250 | 29.0% |
| 2019 | 4440 | 1257 | 28.3% |
| 2020 | 2979 | 738 | 24.8% |
| 2021 | 1719 | 394 | 22.9% |

കാൽനടയാത്ര സുരക്ഷിതമാക്കുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടുകൾ അനുവദിച്ച് താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിയിട്ടുള്ളതാണ് :

1. 50 സ്കൂൾ മേഖലകളിൽ സുരക്ഷിത സ്കൂൾ മേഖല നിർമ്മാണം.
2. കാൽനടയാത്ര സുരക്ഷിതമാക്കാൻ കഴിയുന്ന പെലിക്കൻ ക്രോസിംഗ് സിഗ്നലുകൾ.
3. ടേബിൾ ടോപ്പ് ക്രോസിംഗുകൾ.
4. ഫുട്പാത്തും ഹാൻഡ്റെയ് ലുകളും.
5. ബ്ലാക്ക് സ്പോട്ട് ലൊക്കേഷനുകളിൽ കാൽ നടയാത്രക്കാർക്കുള്ള സൗകര്യങ്ങൾ.
6. റോഡ് സുരക്ഷാ ബോധവൽക്കരണം

ഗതാഗത വകുപ്പും പൊതുവിദ്യാഭാസ വകുപ്പും സംയുക്തമായി വിദ്യാർത്ഥികൾക്ക് റോഡ് സുരക്ഷാ അവബോധം നൽകുന്നതിനായി പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ബി) പാതയോരങ്ങളിൽ ആവശ്യമുള്ള വെളിച്ചമില്ലാത്തതുമൂലമാണ് ഭൂരിഭാഗം കാൽനട യാത്രക്കാരും മരിക്കുന്നത് എന്ന കണ്ടെത്തൽ ഗൗരവമായി കാണുന്നുണ്ടോ; എങ്കിൽ ഇത് പരിഹരിക്കാൻ യുദ്ധകാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

ആകെ കാൽനടയാത്രക്കാരുടെ മരണങ്ങളിൽ മൂന്നിൽ ഒന്ന് ഭാഗം രാത്രി കാലങ്ങളിൽ നടക്കുന്നതായാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. ശരിയായ തെരുവു വിളക്കുകളുടെ അഭാവമാണ് പ്രധാന പ്രശ്നങ്ങളിലൊന്ന്. രാത്രികാല റോഡ് സുരക്ഷ മെച്ചപ്പെടുത്തുന്നതിന് പ്രകാശ സാന്ദ്രത (Lux) അടിസ്ഥാനമാക്കി തെരുവുവിളക്കുകൾ സ്ഥാപിക്കുന്നത് വളരെ അത്യാവശ്യമാണ്. ഇത് NHAI-യുടെ നാല്/ആറ് വരി പാതകളിലും സുരക്ഷിത ഇടനാഴി പദ്ധതികളിലും പുതിയതായി നിർമ്മിക്കുന്ന റോഡുകളിലും നടപ്പിലാക്കിവരുന്നു.

(സി) സംസ്ഥാനത്തെ റോഡുകളിലെ അപകട മേഖലകൾ അടയാളപ്പെടുത്തി ക്കഴിഞ്ഞതിനാൽ ഈ സ്ഥലങ്ങളിൽ അപകടം ആവർത്തിക്കാതിരിക്കാൻ പ്രത്യേക ജാഗ്രത പുലർത്തുന്നുണ്ടോ; ഇതിനായി എന്തെങ്കിലും പ്രത്യേക പദ്ധതികൾ നടപ്പി ലാക്കിയിട്ടുണ്ടോയെന്ന് അറിയിക്കാമോ?

കഴിഞ്ഞ 3 വർഷങ്ങളിൽ ഏറ്റവും കൂടുതൽ അപകടമരണങ്ങൾ സംഭവിക്കുന്ന സ്ഥലങ്ങൾ (ബ്ലാക്ക്സ്പോട്ട്) കണ്ടെത്തി അപാകതകൾ പരിഹരിച്ച് സുരക്ഷിതമാക്കാൻ വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. കേരള റോഡ് സുരക്ഷാ അതോറിറ്റി ഫണ്ടു പയോഗിച്ച് പൊതുമരാമത്ത് റോഡുകളിലെ 95 മുൻഗണന ബ്ലാക്ക്സ്പോട്ടുകളിൽ അപാകത പരിഹരിക്കാൻ അടിയന്തര നടപടികൾ സ്വീകരിച്ചിട്ടുണ്ട്. അതുകൂടാതെ 25 അതിതീവ്ര ബ്ലാക്ക്സ്പോട്ടുകളിൽ സ്ഥിരമായ അപാകത മാറ്റൽ യുദ്ധകാലാടി സ്ഥാനത്തിൽ നടപ്പിലാക്കാൻ കേരള റോഡ് സുരക്ഷാ ഫണ്ടിൽനിന്നും 19.85 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

**പച്ചക്കറി സംഭരണം**

6 (*246) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായി പച്ചക്കറികൾക്ക് താങ്ങുവില പ്രഖ്യാപിച്ചിട്ടുണ്ടോ?

ഉണ്ട്. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുമായി 26-10-2020-ലെ G.O.(Ms) 80/2020/Agri നമ്പർ ഉത്തരവ് പ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നിട്ടുണ്ട്.

(ബി) ഇതനുസരിച്ച് ഏതെല്ലാം ഏജൻസികളെയാണ് സംഭരണത്തിനായി നിയോഗിച്ചിരുന്നത്?

കൃഷി വകുപ്പിന്റെ കീഴിലുള്ള വി.എഫ്.പി.സി.കെ., ഹോർട്ടികോർപ്പ്, ഇക്കോ ഷോപ്പുകൾ, എ ഗ്രേഡ് ക്ലസ്റ്ററുകൾ, മൊത്തവ്യാപാര വിപണികൾ, സഹകരണ വകുപ്പിന്റെ കീഴിലുള്ള PACS-കൾ തുടങ്ങിയവയെയാണ് നിലവിൽ സംഭരണത്തിനായി നിയോഗിച്ചിരിക്കുന്നത്.

(സി) സംഭരണ ഏജൻസികൾ കാർഷിക വിഭവങ്ങൾ ഏറ്റെടുക്കുന്നില്ല എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ?

ഏജൻസികൾക്ക് വിറ്റഴിക്കാൻ കഴിയുന്നത്ര ഉത്പന്നങ്ങൾ, AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള കർഷകരിൽനിന്നും സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. എന്നാൽ കോവിഡ് 19 രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനം ഉപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തിയിട്ടുണ്ട്. വി.എഫ്.പി.സി.കെ., സംഭരണ കേന്ദ്രങ്ങളായ സ്വാശ്രയ കർഷക സമിതികൾ എന്നിവ വിഭവങ്ങൾ ഏറ്റെടുക്കുന്നുണ്ട്. 2020-21 കാലയളവിൽ ഹോർട്ടികോർപ്പിന്റെ ജില്ലാ സംഭരണ കേന്ദ്രങ്ങൾ വഴി 7401 ടൺ പച്ചക്കറി 18.2 കോടി രൂപയ്ക്ക് സംഭരിച്ച് വിതരണം നടത്തുകയുണ്ടായി. കേരളത്തിന്റെ വിവിധ മേഖലകളിൽ നിന്നുള്ള പച്ചക്കറികൾ ഹോർട്ടികോർപ്പ് സംഭരിക്കുന്നുണ്ട്. 2021 ഏപ്രിൽ മുതൽ നാളിതുവരെ 1558 ടൺ പച്ചക്കറി 3.59 കോടി രൂപയ്ക്ക് ഹോർട്ടികോർപ്പ് സംഭരിച്ച് വിതരണം നടത്തിയിട്ടുണ്ട്. അടച്ചിടൽ കാരണം മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊണ്ടിട്ടുണ്ട്.

## മിൽക്ക് ഷെഡ് വികസന പദ്ധതി

7 (*247) ശ്രീ. ആന്റണി ജോൺ:
ശ്രീ. ഡി. കെ. മുരളി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരോല്പാദന മേഖലയിലേയ്ക്ക് കൂടുതൽ കർഷകരെയും സംരംഭകരെയും ആകർഷിക്കുന്നതിനായി മിൽക്ക് ഷെഡ് വികസന പദ്ധതി നടപ്പിലാക്കുന്നുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത പദ്ധതിയുടെ ഭാഗമായുള്ള ക്ഷീരഗ്രാമത്തെക്കുറിച്ച് വിശദീകരിക്കാമോ?

ക്ഷീര ഗ്രാമം പദ്ധതി തെരഞ്ഞെടുക്കപ്പെട്ട പഞ്ചായത്തുകളിൽ പാലുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയാണ്. ഇതിനായി സർക്കാർ ധനസഹായത്തോടെ കറവപശുക്കളെ വാങ്ങുന്നതിനും രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റുകൾ, ആവശ്യാധിഷ്ഠിത ധനസഹായം, കാലി ത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. ഒരു പഞ്ചായത്തിന് 50 ലക്ഷം രൂപയാണ് പരമാവധി ധനസഹായമായി അനുവദിക്കുന്നത്.

(സി) ഡയറി ഫാമിന്റെ നവീകരണം, യന്ത്രവൽക്കരണം തുടങ്ങിയ പ്രവർത്തനങ്ങൾക്ക് ധനസഹായം നല്കിവരുന്നുണ്ടോ?

ഉണ്ട്.

(ഡി) മികച്ച കർഷകർക്കുള്ള ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിലൂടെ നൽകുന്ന സഹായങ്ങളെക്കുറിച്ച് വിശദമാക്കാമോ?

ആവശ്യാധിഷ്ഠിത ധനസഹായ പദ്ധതിയിൽ കർഷകർക്ക് പശുവളർത്തലി നാവശ്യമായ അടിസ്ഥാനസൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നു. തൊഴുത്ത് നവീകരണം, തൊഴുത്തിലേയ്ക്കാവശ്യമായ ഉപകരണങ്ങൾ, പാത്രങ്ങൾ മുതലായവയ്ക്കാണ് ധനസഹായം നൽകുന്നത്. ചെലവഴിക്കുന്ന തുകയുടെ പരമാവധി 50 ശതമാനം വരെ ധനസഹായം നൽകുന്നു.

## ഇലക്ട്രിക് വാഹനങ്ങൾ

8 (*248) ശ്രീ. പ്രമോദ് നാരായൺ:
ശ്രീ. ജോബ് മൈക്കിൾ:
ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) ഇന്ധനവില കുതിച്ചുയരുന്ന സാഹചര്യത്തിൽ സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഫോസിൽ ഇന്ധനങ്ങളുടെ വില നാൾക്കുനാൾ വർദ്ധിച്ചുവരുന്ന സാഹചര്യത്തിലും അതിന്റെ പാരിസ്ഥിതിക പ്രശ്നങ്ങളും കണക്കിലെടുത്തും ഹരിത ഊർജ്ജം ഉപയോഗിക്കുന്ന വാഹനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന്റെയും ഭാഗമായി 10-3-2019-ലെ ജി.ഒ. (എംഎസ്.)നമ്പർ 24/2019/ട്രാൻസ് പ്രകാരം 'ഇലക്ട്രിക്ക് വെഹിക്കിൾ പോളിസി' (വൈദ്യുത വാഹന നയം) രൂപീകരിച്ചു ഉത്തരവായിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിനായി ഇത്തരം വാഹനങ്ങളുടെ നികുതിയിൽ ഇളവുനൽകുകയും ഇലക്ട്രിക് ആട്ടോറിക്ഷകൾക്ക് സബ്സിഡി അനുവദിക്കുകയും ചെയ്തുവരുന്നു. കെ.എസ്.ആർ.ടി.സി 50 ഇലക്ട്രിക് ബസുകൾകൂടി കിഫ്ബി ഫണ്ടുപയോഗിച്ച് വാങ്ങുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. ആയത് പരീക്ഷണാടിസ്ഥാനത്തിൽ ഉപയോഗിച്ചതിനുശേഷം കൂടുതൽ വാഹനങ്ങൾ വാങ്ങുന്ന കാര്യം ആലോചിക്കുന്നതാണ്. ഇ-മൊബിലിറ്റി, ഇലക്ട്രിക്ക് വെഹിക്കിൾ ചാർജിംഗ് ഇൻഫ്രാസ്ട്രക്ചർ എന്നിവയുടെ പ്രയോജനങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിനായി " ഗോ ഇലക്ട്രിക്ക് ക്യാമ്പയിൻ" എന്ന പേരിൽ ഒരു വർഷം നീണ്ടുനിൽക്കുന്ന ക്യാമ്പയിൻ എനർജി മാനേജ്മെന്റ് സെന്റർ (ഇ.എം.സി) നടത്തുന്നു. ഇ.എം.സി. നടത്തുന്ന " Go Electric" ക്യാമ്പയിനിന്റെ ഭാഗമായി സംസ്ഥാനത്തെ സർക്കാർ/അർദ്ധ സർക്കാർ ഉദ്യോഗസ്ഥർക്ക് കുറഞ്ഞ വിലയിൽ ഇലക്ട്രിക്ക് 2 വീലർ വാഹനങ്ങൾ വാങ്ങുവാനുള്ള സൗകര്യം ഒരുക്കുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെകീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവീസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ഇ.എം.സി.-യും ചേർന്നാണ് പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്. ഇതുകൂടാതെ സർക്കാർ സ്ഥാപനങ്ങൾക്ക് ഇലക്ട്രിക് കാറുകൾ വാടകയ്ക്ക് നൽകുന്നതിന് ഇലക്ട്രിക്ക് വാഹനങ്ങളുടെ നിർമ്മാതാക്കളിൽനിന്നും എക്സ്പ്രഷൻ ഓഫ് ഇന്ററസ്റ്റ് ക്ഷണിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ഉയർന്നുവരുന്ന

പെട്രോൾ, ഡീസൽ വില വർദ്ധനവുമൂലം പ്രയാസം നേരിടുന്ന ഓട്ടോറിക്ഷ ഡ്രൈവർമാർക്ക് ഇതിൽ നിന്നും മുക്തി നേടുന്നതിന് കുറഞ്ഞ വിലയിൽ ഇലക്ട്രിക്ക് ഓട്ടോറിക്ഷ നൽകുന്നതിനുള്ള പദ്ധതി ഇ.എം.സി. വിഭാവനം ചെയ്തുവരുന്നു. കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിന്റെ കീഴിലുള്ള എനർജി എഫിഷ്യൻസി സർവീസസ് ലിമിറ്റഡിന്റെ അനുബന്ധ സ്ഥാപനമായ കൺവെർജെൻസ് എനർജി സർവീസസ് ലിമിറ്റഡും (സി.ഇ.എസ്.എൽ.) ചേർന്നാണ് ഇ.എം.സി. ഈ പദ്ധതി നടത്തുവാൻ ഉദ്ദേശിക്കുന്നത്.

(ബി) പ്രസ്തുത പദ്ധതിയിൽ ഇലക്ട്രിക് വാഹനങ്ങളുടെ വാഹന നികുതിയിൽ ഇളവ് നൽകുന്നതിന് സർക്കാർ തീരുമാനമെടുത്തിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ?

22-4-2020-ലെ സർക്കാർ ഉത്തരവ് G.O.(P)21/2020/Trans dated പ്രകാരം 1-4-2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ആട്ടോറിക്ഷകളുടെ നികുതി, രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇത്തരം വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് G.O.(P) No.12/2021/Trans 23-2-2021-ലെ in SRO No.231/2021, പ്രകാരം 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചു വർഷത്തെ തുകയുടെ 50% ഇളവ് അനുവദിച്ചിട്ടുണ്ട്.

(സി) ഇലക്ട്രിക് വാഹനങ്ങൾ കൂടുതലായി നിരത്തിലിറക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി ഇ-മൊബിലിറ്റി ഫണ്ടിൽനിന്നും 5 കോടി രൂപ കെ.എസ്.ഇ.ബി.എൽ.-നെ നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 6 സ്റ്റേഷനുകളുടെ നിർമ്മാണപ്രവർത്തനങ്ങൾ പൂർത്തിയാകുകയും 26 കേന്ദ്രങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. പൊതു നിരത്തുകളിൽ വൈദ്യുത വാഹനങ്ങൾക്ക് റീ ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന്റെ ഭാഗമായി ദേശീയ, സംസ്ഥാന പാതകൾ ഉൾപ്പെടെയുള്ള പ്രധാന റോഡുകൾക്കുസമീപം ചാർജിംഗ്സ്റ്റേഷനുകൾ അനെർട്ട് മുഖേനയും സ്ഥാപിച്ചുവരുന്നു. തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, എറണാകുളം എന്നീ ജില്ലകളിലായി ആകെ 6 ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ഇടുക്കി, തൃശ്ശൂർ, പാലക്കാട്, വയനാട്, കാസർഗോഡ് എന്നീ 5 ജില്ലകളിൽ ഓരോ ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവൃത്തി അവസാനഘട്ടത്തിലാണ്. എനർജി എഫിഷ്യൻസി സർവ്വീസ് ലിമിറ്റഡ്

(E.E.S.L) എന്ന കേന്ദ്ര പൊതുമേഖലാ സ്ഥാപനവുമായി ചേർന്ന് സംസ്ഥാനത്ത് കൂടുതൽ പബ്ലിക് ഇ.വി. ഫാസ്റ്റ് ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ അനെർട്ട് നടത്തിവരുന്നു. സർക്കാർ വകുപ്പുകളുടെയോ, പൊതു മേഖല സ്ഥാപനങ്ങളുടെയോ ഉടമസ്ഥതയിൽ പ്രധാന റോഡുകളുടെ സമീപം കുറഞ്ഞത് 5 സെന്റ് സൗകര്യപ്രദമായ സ്ഥലം 10 വർഷ കരാർ കാലാവധിയിൽ ലഭ്യമാണെങ്കിൽ ചാർജിംഗ്സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടി അനെർട്ട് സ്വീകരിക്കുന്നതാണ്. ഒരു യൂണിറ്റിന് 70 പൈസ നിരക്കിൽ തറവാടക ബന്ധപ്പെട്ട സ്ഥാപനത്തിന് നൽകുന്നതാണ്. സ്വകാര്യ ഹോട്ടലുകൾ, മാളുകൾ, മറ്റു പാർക്കുകൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ചാർജിംഗ്സ്റ്റേഷനുകളിൽ സോളാർ വൈദ്യുതി പ്ലാന്റ് സ്ഥാപിക്കുന്നതിന് മുൻഗണനക്രമത്തിൽ അനെർട്ട് സബ്സിഡി അനുവദിക്കുന്നതിനുള്ള പദ്ധതി ഈ വർഷം നടപ്പിലാക്കുന്നതാണ്.

(ഡി) ഇലക്ട്രിക് വാഹനങ്ങൾ വാങ്ങുന്നതിന് വായ്പയെടുക്കുന്നവർക്ക് പലിശ സബ്സിഡി നൽകുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഇലക്ട്രിക് ആട്ടോറിക്ഷകൾ വാങ്ങുന്നതിന് 30,000 രൂപ വരെ സബ്സിഡി അനുവദിക്കുന്നുണ്ട്. കേന്ദ്ര സർക്കാരിന്റെ പദ്ധതി പ്രകാരം ഇലക്ട്രിക് ബസ്സുകൾ ലീസ് അടിസ്ഥാനത്തിൽ ലഭ്യമാക്കുന്നതിന് കിലോമീറ്റർ അടിസ്ഥാനത്തിൽ സബ്സിഡി ലഭ്യമാണ്. കൂടാതെ പലിശ സബ്സിഡി നൽകുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ചുവരികയാണ്.

## സർവ്വകലാശാലകളിലെ പരീക്ഷാഫലം

9 (*249) ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സർവ്വകലാശാലകളിൽ പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കുന്നില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോവിഡ് കാലത്തുപോലും പരീക്ഷ സമയബന്ധിതമായി പൂർത്തിയാക്കാൻ നിഷ്കർഷിക്കുന്ന സർവ്വകലാശാലകൾ പരീക്ഷാഫലം സമയബന്ധിതമായി പ്രസിദ്ധീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

(എ&ബി) കോവിഡ്-19 പശ്ചാത്തലത്തിൽ രാജ്യവ്യാപകമായി/ സംസ്ഥാന വ്യാപകമായി ഏർപ്പെടുത്തിയ ലോക്ഡൗൺ കാരണം അക്കാഡമിക് കലണ്ടർ പ്രകാരം നടക്കേണ്ട പരീക്ഷകൾ വൈകി നടത്തേണ്ടി വന്നതിനാൽ പ്രസ്തുത പരീക്ഷകളുടെ ഫലവും സ്വാഭാവികമായി വൈകിയാണ് പ്രസിദ്ധീകരിക്കാൻ സാധിച്ചിട്ടുള്ളത്. പരീക്ഷ നടന്നതിനുശേഷവും ട്രിപ്പിൾ ലോക്ക്ഡൗൺ/ പ്രാദേശികമായ നിയന്ത്രണങ്ങൾ എന്നിവ ചില പരീക്ഷകളുടെ സമയബന്ധിതമായ ഫലപ്രഖ്യാപനത്തെ ബാധിക്കുകയുണ്ടായി. എല്ലാ സർവ്വകലാശാലകളും സമയബന്ധിതമായി ഫലപ്രഖ്യാപനം നടത്തുന്നതിനായി ശക്തമായ പ്രവർത്തനം നടത്തിവരികയാണ്.

(സി) പരീക്ഷ നടത്തിപ്പ്, മൂല്യനിർണ്ണയം, ഫലപ്രഖ്യാപനം എന്നിവയിൽ എല്ലാ സർവ്വകലാശാലകളിലും ഏകീകൃത സ്വഭാവം വരുത്തുവാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സർവ്വകലാശാലകൾക്ക് പൊതുഅക്കാദമിക് കലണ്ടറും പരീക്ഷാ കലണ്ടറും തയ്യാറാക്കുന്ന നടപടിയുടെ പുരോഗതി അറിയിക്കാമോ?

(സി&ഡി) സംസ്ഥാനത്തെ സർവ്വകലാശാലകളെല്ലാം തന്നെ, അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ ബിരുദ ബിരുദാനന്തര പ്രോഗ്രാമുകൾക്കായുള്ള അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചുവരുന്നു. സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കി യതോടുകൂടി 90 ദിവസം ഉള്ള ഓരോ സെമസ്റ്റർ അക്കാദമിക കലണ്ടറും സർവ്വകലാശാല പ്രസിദ്ധീകരിച്ച് കോളേജുകൾക്ക് നൽകാറുണ്ട്. അക്കാദമിക കലണ്ടറിൽ പ്രോഗ്രാമുകളുടെ ആരംഭം, അഡ്മിഷൻ പൂർത്തിയാക്കൽ, ഇന്റേണൽ പരീക്ഷകൾ, End സെമസ്റ്റർ പരീക്ഷകൾ എന്നിവയുടെ കൃത്യമായ ദിവസങ്ങൾ നിശ്ചയിച്ച് നൽകിവരുന്നു. ഇത് സർവ്വകലാശാല വെബ്സൈറ്റിൽ പ്രസിദ്ധീകരി ക്കുന്നുണ്ട്. സർവ്വകലാശാലയിലെ മുഴുവൻ പരീക്ഷകളുടേയും കലണ്ടറുകൾ സർവ്വകലാശാലകൾ പ്രസിദ്ധീകരിക്കാറുണ്ട്. ഇതിനായി അദ്ധ്യാപക സംഘടനകൾ, വിദ്യാർത്ഥി സംഘടനകൾ, നോൺടീച്ചിംഗ് സ്റ്റാഫ് എന്നിവരുടെ സംഘടനാ പ്രതിനിധികളുമായി വിപുലമായ ചർച്ചകൾ സർവ്വകലാശാലകൾ നടത്തിവരുന്നു. പരീക്ഷാ കലണ്ടർ വാർഷികാടിസ്ഥാനത്തിലും അക്കാദമിക കലണ്ടർ അക്കാദമിക വർഷാടിസ്ഥാനത്തിലുമാണ് തയ്യാറാക്കുന്നത്. വിവിധ പരീക്ഷകൾ നോട്ടിഫൈ ചെയ്യുന്നതും പരീക്ഷകൾ നടത്തുന്നതും അവസാനഫലം പ്രസിദ്ധീകരിക്കുന്നതും സംബന്ധിച്ചുള്ള തീയതികൾ പരീക്ഷാ കലണ്ടറിൽ ഉൾപ്പെടുത്തിവരുന്നു. പരീക്ഷകളുടെ നടത്തിപ്പിനും കരിക്കുലം പരിഷ്കാരത്തിന്റെ പുരോഗതി വിലയിരുത്തുന്നതിനും വിവിധ സർവ്വകലാശാലകളുടെ പ്രൊ-വൈസ് ചാൻസലർമാരടങ്ങിയ ഒരു സമിതി കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ പ്രവർത്തി ച്ചുവരുന്നു.

## എഞ്ചിനീയറിംഗ് കോളേജുകളിലെ നൈപുണ്യശേഷി വികസനം

10 (*250) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി:
ശ്രീ. ടി. പി. രാമകൃഷ്ണൻ:
ശ്രീ. പി. വി. അൻവർ:
ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) വ്യവസായ മേഖലയ്ക്ക് ആവശ്യമായ സാങ്കേതിക വൈദഗ്ധ്യമുള്ള മനുഷ്യവിഭവശേഷി സൃഷ്ടിക്കുകയെന്ന സാങ്കേതിക വിദ്യാഭ്യാസ സ്ഥാപനങ്ങളുടെ ലക്ഷ്യത്തിനനുസരിച്ച് നൈപുണ്യ ശേഷിയുള്ളവരെ സൃഷ്ടിക്കുന്നതിന് സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകൾക്ക് സാധ്യമാകുന്നുണ്ടോ എന്ന് പരിശോധിച്ചിരുന്നോ?

ടെക്നിക്കൽ എഡ്യൂക്കേഷൻ ക്വാളിറ്റി ഇംപ്രൂവ്മെൻറ് പ്രോഗ്രാം (TEQIP-II)-ന്റെ ഭാഗമായിട്ടുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ നൈപുണ്യശേഷി വികസനത്തിനായി വിദ്യാർഥികൾക്ക് കോഴ്സുകളിൽ പങ്കെടുക്കാനും വിദഗ്ധരിൽ നിന്നും അറിവ് ലഭ്യമാക്കുന്നതിനുമുള്ള സാഹചര്യം നിലവിലുണ്ട്. എല്ലാ സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും കോഴ്സ് വിജയകരമായി പൂർത്തീകരിച്ചതിനുശേഷം സംരംഭകത്വ പ്രവർത്തനങ്ങളിലുള്ള പുതിയ വെല്ലുവിളികൾ നേരിടുകയെന്ന ലക്ഷ്യം പൂർത്തീകരിക്കുന്നതിനായി പ്രത്യേകം സജ്ജീകരിച്ച കമ്പ്യൂട്ടർ സംവിധാനത്തോടും അതിവേഗ ഇന്റർനെറ്റ് കണക്ടിവിറ്റിയോടുംകൂടി ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിച്ചുവരുന്നു. നിലവിൽ ഇത്തരത്തിലുള്ള 35 യൂണിറ്റുകളും 12 പ്രീ ഇൻക്യുബേഷൻ യൂണിറ്റുകളും വിവിധ സ്ഥാപനങ്ങളിലായുണ്ട്. 19 യൂണിറ്റുകൾ Gestation period പൂർത്തിയാക്കിയിട്ടുണ്ട്. SIDBI-യുടെ 'സ്വാവലംബൻ ചെയർ' പദ്ധതിയുടെ രാജ്യത്തെ ആദ്യ ധനസഹായം തൃശ്ശൂർ സർക്കാർ എഞ്ചിനീയറിംഗ് കോളേജിന് ലഭിച്ചിട്ടുണ്ട് (153 കോടി രൂപ). മൂന്ന് വർഷത്തിനകം 25 സ്റ്റാർട്ടപ്പുകൾ സാധ്യമാക്കാൻ ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

(ബി) കോഴ്സുകൾ വ്യവസായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ളവ ആക്കുന്നതിനും വ്യവസായവുമായി ആശയവിനിമയം നടത്തുന്നതിനും സംസ്ഥാനത്തെ സർവ്വകലാശാലകൾക്ക് സംവിധാനമുണ്ടോ?

ഉണ്ട്. ഡോ. എ. പി. ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാ ശാലയിലുള്ള Industry Academic Co-ordinator പല സ്ഥാപനങ്ങളുമായി ബന്ധപ്പെട്ട് അവരുടെ ആവശ്യകതക്കനുസരിച്ചുള്ള Minor Programs/Electives കരിക്കുലത്തിന്റെ ഭാഗമാക്കാനുള്ള ശ്രമങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു.

(സി) തൊഴിൽ രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് വിദ്യാർത്ഥികൾക്ക് തൊഴിൽ കണ്ടെത്താനുള്ള നവീകരണം ഉറപ്പാക്കാൻ പ്രമുഖ കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ?

ഉണ്ട്. തൊഴിൽ രംഗത്തെ മാറ്റങ്ങൾക്കനുസരിച്ച് നവീകരണം ഉറപ്പാക്കാൻ വകുപ്പിനുകീഴിലെ സ്ഥാപനങ്ങൾ പ്രമുഖ കമ്പനികളുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്.

**റോഡപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ**

11 (*251) ശ്രീ. എം. മുകേഷ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പി. നന്ദകുമാർ:
ശ്രീമതി ശാന്തകുമാരി. കെ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന സാന്ദ്രതയോടൊപ്പം അനുചിതവും അപകടകര വുമായ ഡ്രൈവിംഗ് സംസ്കാരവും വലിയ തോതിൽ വാഹനാപകടം സൃഷ്ടിക്കുന്നത് നിയന്ത്രിക്കുവാൻ സ്വീകരിച്ചുവരുന്ന നടപടികൾ കൂടുതൽ ഫലപ്രദമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

റോഡ് സുരക്ഷ അവബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷാ അവബോധം നൽകുന്നതിനായി പദ്ധതി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി അദ്ധ്യാപകർക്കായി "റോഡ് സുരക്ഷിത യാത്ര" എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ സിലബസിൽ റോഡ് സുരക്ഷാപാഠങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർനടപടികൾ നടന്നുവരികയാണ്. ഡ്രൈവിംഗ് ലൈസൻസ് നൽകുന്നതിന് മുൻപായി, സുരക്ഷിതമായ ഡ്രൈവിംഗിനുള്ള സമഗ്രമായ പാഠങ്ങൾ നൽകുന്നതിനാവശ്യമായ സംവിധാനങ്ങൾ സംസ്ഥാനത്താകമാനം മോട്ടോർ വാഹന വകുപ്പ് നടപ്പിലാക്കിവരുന്നുണ്ട്.

(ബി) എൻഫോഴ്സ്മെന്റ് കർക്കശമാക്കുന്നതിനോടൊപ്പം ബോധവൽക്കരണ പ്രവർത്തനം വിപുലീകരിക്കാനും നടപടിയെടുത്തിട്ടുണ്ടോ; വിശദമാക്കാമോ?

റോഡ് സുരക്ഷാ മാസാചരണം, എഫ്.എം, ഓൾ ഇന്ത്യ റോഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ/കോളേജ്

വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി-ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ എന്നിവയിലൂടെ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികൾ നടത്തിവരുന്നു.

(സി) റോഡപകടങ്ങൾ കുറയ്ക്കുന്നതിനായി റോഡ് സേഫ്റ്റി അതോറിറ്റി നടത്തുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ?

വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

(1) സേഫ് കേരള

കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് "സേഫ് കേരള പദ്ധതി".

(2) ശബരിമല സേഫ് സോൺ

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "ശബരിമല സേഫ് സോൺ പദ്ധതി".

(3) ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ

മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്തെ ഏറ്റവും അപകടസാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, നാറ്റ്പാക് മുഖാന്തരം പഠനം നടത്തിവരുന്നു. റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള സുപ്രീം കോർട്ട് കമ്മിറ്റി SCCoRS-യുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്, പൊതുമരാമത്ത്, മോട്ടോർ വാഹന വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി പരിഹാര നിർദ്ദേശങ്ങൾ നാറ്റ്പാക്ക് മുഖാന്തരം ക്രോഡീകരിച്ച്, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

(4) മാതൃകാ സുരക്ഷാ വീഥി

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ

സഹായത്തോടെ നിർമ്മിച്ച അട്ടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി. ചലഞ്ച് ഫണ്ടുപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.ടി.പി.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട് :

(i) എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം)

(ii) കൊട്ടിയം-കുണ്ടറ

(iii) മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം

(iv) പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട്.

(5) ബോധവൽക്കരണ പരിപാടികൾ

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം, ഓൾ ഇന്ത്യ റേഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും, ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി-ഇലക്ട്രോണിക്ക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തിവരുന്നു.

(6) റോഡ് സുരക്ഷാ മാസാചരണം

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനുമുതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്നതരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന സംഗതികൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ജനവരി -18 മുതൽ ഫെബ്രുവരി 17 വരെയായിരുന്നു.

(7) അപകട മേഖലകളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നത്

റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീം കോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ മലയോരപാതകളിലും ജലാശയങ്ങളോട് ചേർന്നുള്ള പാതകളിലും മറ്റു അപകടമേഖലയുള്ള പാതകളിലും അടിയന്തരമായി

ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. പൊതു മരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗത്തിന് നിലവിൽ ക്രാഷ് ബാരിയർ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാക്രമത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ 14.88 കോടി രൂപ അനുവദി ച്ചിട്ടുണ്ട്.

(8) സ്കൂൾ സുരക്ഷാ മേഖല

കുട്ടികൾക്ക് സ്കൂളിലേയ്ക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സേഫ് സ്കൂൾ സോൺ. സ്കൂൾ മേഖല അപകടരഹിതമാ ക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനുംവേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവടങ്ങളിൽ ആവശ്യമായ സൈൻ ബോർഡുകളും മാർക്കിംഗുകളും നടപ്പിലാക്കു ന്നതിനാണ് ടി പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**നെൽകൃഷി വികസന പ്രവർത്തനങ്ങൾ**

12 (*252) ശ്രീ. എം.എം. മണി:
ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനം നെൽകൃഷി വിസ്തൃതിയിലും ഉല്പാദനത്തിലും ആശങ്കാജനകമാം വിധം പുറകോട്ടുപോകുന്നത് പരിഹരിക്കാൻ കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലിന്റെ ഫലം വിലയിരുത്തിയിരുന്നോ?

നെൽകൃഷി വിസ്തൃതിയിലും ഉല്പാദനത്തിലും ആശങ്കാജനകമാംവിധം പുറകോട്ടു പോകുന്നത് പരിഹരിക്കാൻ 2016-17 മുതൽ 2020-21 വരെയുള്ള കഴിഞ്ഞ സർക്കാർ കാലയളവിൽ നടത്തിയ ഇടപെടലുകളിൽ നേട്ടം കൈവരിച്ചിട്ടുള്ളതായി കണക്കാക്കിയിട്ടുണ്ട്. നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലുകളുടെ ഫലമായി 2015-16 വർഷത്തിൽ 196870 ഹെക്ടർ നെൽകൃഷി ഉണ്ടായിരുന്നത് 2018-19 വർഷത്തിൽ 202907 ഹെക്ടർവരെ വർദ്ധിപ്പിക്കാൻ സാധിച്ചു. നെല്ലുത്പാദനം 549275 ടണ്ണിൽനിന്നും 661000 ടൺ വരെ ഉയർത്തുവാൻ സാധിച്ചു. 2015-16 വർഷത്തിൽ

നെല്ലിന്റെ ഉത്പാദനക്ഷമത ഹെക്ടറിന് 2790 കിലോ ആയിരുന്നത് 2018-19 വർഷത്തിൽ ഹെക്ടറിന് 3528 കിലോ വരെ ഉയർത്തുവാൻ സാധിച്ചു. നെൽകൃഷി വിസ്തൃതിയിലും ഉത്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിന് കഴിഞ്ഞ സർക്കാർ നടത്തിയ ഇടപെടലുകളും പദ്ധതി നടപ്പിലാക്കിയതിന്റെ വിശദവിവരങ്ങളും നെൽകൃഷി വിസ്തൃതിയുടെ ഉല്പാദനത്തിലുണ്ടായ നേട്ടങ്ങളും അനുബന്ധം-1 ആയി ചേർക്കുന്നു*.

(ബി) തരിശിട്ടിരുന്ന കൃഷിയോഗ്യമായ ഭൂമിയിൽ കൃഷിയിറക്കുന്നതിന് നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമായിരുന്നു?

കേരളത്തിന്റെ ആകെ വിളവിസ്തീർണ്ണം 25.89 ലക്ഷം ഹെക്ടറാണ്. ഇതിൽ 85% ദീർഘകാല വിളകളാണ്. 15% മാത്രമാണ് ഭക്ഷ്യവിളകൾക്കായി ഉപയോഗിക്കുന്നത്. കേരളത്തിൽ 1.04318 ലക്ഷം ഹെക്ടർ സ്ഥലം തരിശു പ്രദേശമായി നിലകൊള്ളുന്നു. ഇതിൽ 57387 ഹെക്ടർ സ്ഥലം നിലവിലെ തരിശുനിലമാണ് (current fallow). കോവിഡ്-19 പ്രതിസന്ധി ഉയർത്തുന്ന ഭക്ഷ്യസുരക്ഷയുടെ വെല്ലുവിളികളെ നേരിടാൻ ഭക്ഷ്യവിളകളുടെ ഉൽപാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് കൃഷി വകുപ്പ് നടത്തിയ പ്രധാന പ്രവർത്തനങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) നെൽകൃഷി ലാഭകരമാക്കുന്ന തരത്തിൽ വില മെച്ചപ്പെടുത്തുന്നതിനും നെല്ല് സംഭരണം കാര്യക്ഷമമാക്കുന്നതിനും നടപടിയെടുത്തിരുന്നോയെന്ന് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സംഭരിക്കുന്നതിനായി കേന്ദ്ര സർക്കാർ നടപ്പാക്കിയിട്ടുള്ള വികേന്ദ്രീകൃത ധാന്യ സംഭരണ സംസ്കരണ വിതരണ പദ്ധതിയിൽ സംസ്ഥാന സർക്കാർ ധാരണപത്രം ഒപ്പുവച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തുൽപ്പാദിപ്പിക്കുന്ന നെല്ല് നൽകുവാൻ താൽപ്പര്യമുള്ള കർഷകരിൽനിന്ന് സപ്ലൈകോ എല്ലാ ജില്ലകളിൽനിന്നും നെല്ല് സംഭരിക്കുന്നുണ്ട്. നിലവിൽ സംഭരണം അവസാനിച്ച 2020-21 സീസണിൽ 27.48 രൂപ/കി.ഗ്രാം നിരക്കിലാണ് കർഷകർക്ക് സംഭരണ വില നൽകിയത്. 2021 സെപ്തംബർ മാസം തുടങ്ങുന്ന അടുത്ത സീസൺ മുതൽ സംഭരിക്കുന്ന നെല്ലിന് സംസ്ഥാന സർക്കാർ വിഹിതമായ എസ്.ഐ.ബി. ഇനത്തിൽ കി.ഗ്രാമിന് 52 പൈസ കൂടി വർദ്ധിപ്പിച്ച് സംഭരണവില കിലോയ്ക്ക് ആകെ 28 രൂപ ആക്കിയിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കാർഷിക രംഗത്തെ നൂറുദിന പരിപാടി

13 (*253) ശ്രീ. ഒ. ആർ. കേളു:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. പി. മമ്മിക്കുട്ടി:
ശ്രീ. കെ. കെ. രാമചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷിക മേഖലയുടെ സാമ്പത്തിക പുനരുജ്ജീവനത്തിന് നൂറു ദിന പരിപാടിയിലുൾപ്പെടുത്തി എന്തെല്ലാം പദ്ധതികൾ പൂർത്തിയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ ?

സംസ്ഥാനത്തെ കാർഷിക മേഖലയുടെ സാമ്പത്തിക പുനരുജ്ജീവനത്തിന് നൂറ് ദിന പരിപാടിയിലുൾപ്പെടുത്തി താഴെപ്പറയുന്ന പദ്ധതികളാണ് നടപ്പിലാക്കുന്നത്.

(1) ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയുടെ ഭാഗമായി 50 ലക്ഷം വിത്തു പാക്കറ്റുകളുടെയും 150 ലക്ഷം തൈകളുടെയും വിതരണം

(2) ഒരു കോടി ഫലവൃക്ഷത്തൈ വിതരണ പദ്ധതിയുടെ ഭാഗമായി 25 ലക്ഷം തൈകളുടെ വിതരണം

(3) 5000 ഹെക്ടറിൽ ഓർഗാനിക് ഫാമിംഗ്

(4) നൂറ് നഗര ചന്തകൾ

(5) 25 FPO -കളുടെ രൂപീകരണവും പ്രവർത്തനം ആരംഭിക്കലും

(ബി) ജൈവകൃഷിക്ക് പ്രാധാന്യം നൽകിക്കൊണ്ട് ഇരുപത്തി അയ്യായിരം ഹെക്ടറിൽക്കൂടി ഇത്തരത്തിലുള്ള കൃഷി വ്യാപിപ്പിക്കാൻ പദ്ധതിയുണ്ടോ?

സർക്കാരിന്റെ 100 ദിന പരിപാടിയുടെ ഭാഗമായി 5,000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി ലക്ഷ്യമിട്ടിരുന്നു. എന്നാൽ ഇതിനകംതന്നെ 18152 ഹെക്ടറിൽ ജൈവ കൃഷി ആരംഭിച്ചു കഴിഞ്ഞു

(സി) ഉപഭോക്താക്കൾ വ്യാപക രീതിയിൽ കബളിപ്പിക്കപ്പെടുന്നതിനാൽ ജൈവകൃഷി രീതിയിലൂടെയുള്ള ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനും ഉല്പാദകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ഉപഭോക്താക്കൾ വ്യാപക രീതിയിൽ കബളിപ്പിക്കപ്പെടുന്നതിനാൽ ജൈവ കൃഷി രീതിയിലൂടെയുള്ള ഉല്പന്നങ്ങൾക്ക് സർട്ടിഫിക്കേഷൻ നൽകുന്നതിനും ഉല്പാദകർക്ക് ന്യായവില ലഭ്യമാക്കുന്നതിനും കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന

സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 60:40 ഫണ്ടുകളുടെ അനുപാതത്തിൽ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജന, സുഭിക്ഷം സുരക്ഷിതം പദ്ധതി-ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ) എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. ടി പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് ലഭിക്കുന്ന ജൈവ സർട്ടിഫിക്കറ്റാണ് പിജിഎസ് ഇന്ത്യ ഓർഗാനിക് (Organic Farming Participatory Guarantee System). ഈ സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനായി pgsindia-ncof.gov.in എന്ന വെബ് പോർട്ടലിൽ കർഷകർ രജിസ്റ്റർ ചെയ്യേണ്ടതാണ്. പി.ജി.എസ്. സർട്ടിഫിക്കറ്റ് നൽകുന്നത് കർഷകരുടെ കൃഷിയിടത്തിനാണ്. ആയതിനാൽ ആ ഭൂമിയിലുള്ള എല്ലാ കാർഷിക വിളകളും ജൈവ ഉല്പന്നമായി ഗുണനിലവാരം ഉറപ്പാക്കി ഉയർന്ന വിലയ്ക്ക് വില്പന നടത്താൻ സാധിക്കും. ഇതൊരു ഗ്രൂപ്പ് സർട്ടിഫിക്കേഷനാണ്. എങ്കിലും ഓരോ കർഷകർക്കും വെവ്വേറെ സർട്ടിഫിക്കറ്റ് ലഭിക്കും. വിശ്വസ്തത ഉറപ്പാക്കി വിപണി മൂല്യം വർദ്ധിപ്പിച്ചും പി.ജി.എസ്. ഇന്ത്യ സർട്ടിഫിക്കറ്റുപയോഗിച്ച് കർഷകർക്ക് ഇന്ത്യ മുഴുവൻ ജൈവ അംഗീകാരത്തോടെ ജൈവ ഉല്പന്നങ്ങൾ വിൽക്കുവാനുള്ള അംഗീകാരം ലഭിക്കുന്നു. കൂടാതെ പി.ജി.എസ്. ഇന്ത്യ ഗ്രീൻ, പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് സർക്കാർ ഒരുക്കിയ ജൈവ ഓൺലൈൻ വിപണിയിൽ (www.jaivikheti.in) ഉല്പന്നങ്ങൾ വിൽക്കുവാൻ സാധിക്കുന്നു.

## വളത്തിന്റെയും രാസവസ്തുക്കളുടെയും വില വർദ്ധനവ്

14 (*254) ശ്രീ. സജീവ് ജോസഫ്:
ശ്രീ. സണ്ണി ജോസഫ്:
ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളത്തിന്റെയും കൃഷിക്കാവശ്യമായ രാസവസ്തുക്കളുടെയും വില വർദ്ധനവ് കോവിഡ് കാരണം പ്രതിസന്ധിയിലായ കർഷകരെ കൂടുതൽ പ്രതിസന്ധിയിലാക്കിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൃഷിക്കാവശ്യമായ രാസവളങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടായിട്ടില്ല. എന്നാൽ കീടനാശിനികൾക്ക് ഉത്പാദക കമ്പനികൾ വില വർദ്ധിപ്പിച്ചിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷിക്കാവശ്യമായ വളവും രാസവസ്തുക്കളും കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാൻ സംസ്ഥാന സർക്കാർ എന്തെങ്കിലും ഇടപെടൽ നടത്തുന്നുണ്ടോ എന്ന് വിശദമാക്കാമോ?

സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കുന്ന സുസ്ഥിര നെൽകൃഷി വികസനം, നാളികേര വികസനം, പച്ചക്കറി വികസനം, സുഗന്ധവ്യഞ്ജന വികസനം, സമഗ്ര കുരുമുളക് വികസനം, ഗ്രാമ്പൂ/ജാതികൃഷി വികസനം, വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുദ്ധാരണ പദ്ധതി, ഇഞ്ചി, മഞ്ഞൾ എന്നിവയുടെ വിസ്തൃതി വർദ്ധിപ്പിക്കൽ, സമഗ്ര കാപ്പി വികസനം, വെള്ളപ്പൊക്ക പ്രദേശങ്ങളിലെ ജാതിയുടെ പുനരുദ്ധാരണ പദ്ധതി എന്നീ പദ്ധതികളിൽ ഉത്പാദനോപാധികളായ വളം, കീടനാശിനി എന്നിവയ്ക്ക് സബ്സിഡി നൽകിവരുന്നുണ്ട്. ഇതിനുപരിയായി ജനകീയാസൂത്രണത്തിലൂടെ നടപ്പിലാക്കുന്ന പദ്ധതികളിലും ഉല്പാദനോപാധികളായ വളം, കീടനാശിനി എന്നിവ 50% സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നുണ്ട്. കേന്ദ്ര ഗവൺമെന്റ് വളങ്ങൾ നിർമ്മിക്കാൻ ഉത്പാദകർക്ക് നൽകുന്ന സബ്സിഡിക്ക് പുറമെയാണ് സംസ്ഥാന സർക്കാർ പ്ലാൻ പദ്ധതികളിൽ ഉൾപ്പെടുത്തി ടി സബ്സിഡി കർഷകർക്ക് നേരിട്ട് നൽകുന്നത്.

(സി) കൃഷിക്കാവശ്യമായ വളത്തിന്റെയും രാസവസ്തുക്കളുടെയും വില നിയന്ത്രണ വിധേയമാക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്തുമോയെന്ന് വ്യക്തമാക്കാമോ; ഇതിനായി ഇതുവരെ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് അറിയിക്കാമോ?

കൃഷിക്കാവശ്യമായ രാസവളങ്ങളുടെ വില നിയന്ത്രിക്കുന്നത് കേന്ദ്ര സർക്കാരാണ്. കീടനാശിനികളുടെ വില ഉത്പാദക കമ്പനികൾ തന്നെയാണ് നിശ്ചയിക്കുന്നത്. ആയതിന് ഒരു നിയന്ത്രണം ഏർപ്പെടുത്താൻ കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പാലുല്പാദന മേഖലയിൽ സ്വയംപര്യാപ്തത

15 (*255) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. ഒ. ആർ. കേളു:
ശ്രീമതി ശാന്തകുമാരി. കെ.
ശ്രീ. ജി. സ്റ്റീഫൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പാലുല്പാദനത്തിലൂടെ ദൈനംദിന വരുമാനം കണ്ടെത്തുന്ന ധാരാളം കുടുംബങ്ങൾ ഉണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകുമോ?

ഉണ്ട്. സംസ്ഥാനത്ത് സ്ത്രീകൾ ഈ മേഖലയിലേയ്ക്ക് കൂടുതൽ കടന്നുവരുന്ന എന്നത് ക്ഷീരവികസന വകപ്പ് നടത്തിയ വനിതാ സർവ്വേയിൽനിന്നും വ്യക്തമായിട്ടുണ്ട്. കൂടാതെ, കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ജോലി നഷ്ടപ്പെട്ട് തിരികെ വന്ന പ്രവാസികൾ ക്ഷീരമേഖലയെ തങ്ങളുടെ ഉപജീവന മാർഗ്ഗമായി തെരഞ്ഞെടുക്കുന്ന ഒരു സ്ഥിതിവിശേഷവും കണ്ടുവരുന്നു.

(ബി) സംസ്ഥാനത്ത് പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനും ഉല്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനും സാധിച്ചിട്ടുണ്ടോ; പാലുല്പാദന മേഖലയിൽ സുസ്ഥിരത കൈവരിക്കുന്നതിന് പ്രത്യേകമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. 2015-ൽ പ്രതിദിനം 16.36 ലക്ഷം ലിറ്റർ പാൽ ക്ഷീരസംഘങ്ങൾ മുഖേന സംഭരിച്ചിരുന്ന സ്ഥാനത്ത് 2020-21-ൽ ക്ഷീരസംഘങ്ങൾ മുഖേനയുള്ള പ്രതിദിന സംഭരണം 21.3 ലക്ഷം ലിറ്ററായി വർദ്ധിച്ചു. 2017-18 വർഷത്തിൽ കേരളത്തിൽ പാലുല്പാദനത്തിൽ ദേശീയ വളർച്ചാ ശരാശരിയെക്കാൾ വർദ്ധനവ് രേഖപ്പെടുത്തി. കേരളത്തിൽ 2015-16 വർഷം പ്രതിദിനം ഏകദേശം 5.5 ലക്ഷം ലിറ്റർ പാൽ ഇറക്കുമതി ചെയ്തിരുന്ന സ്ഥാനത്ത് സംസ്ഥാനത്തിനകത്തെ ആവശ്യം കഴിഞ്ഞ് അധികമുള്ള പാൽ അന്യസംസ്ഥാനത്തെത്തിച്ച് പാൽപ്പൊടിയാക്കി മാറ്റുന്നു. മിൽമയുടെ മൂന്ന് മേഖല യൂണിയനുകളുടേയും ആഭ്യന്തര പാൽ സംഭരണത്തിൽ ഗണ്യമായ വർദ്ധനവാണുണ്ടായിട്ടുള്ളത്. 2020-21 കാലത്ത് തിരുവനന്തപുരം മേഖല യൂണിയന്റെ ആഭ്യന്തര സംഭരണത്തിൽ ദിനംപ്രതി ശരാശരി 39599 ലിറ്ററും എറണാകുളം മേഖല യൂണിയന്റെ പ്രതിദിന ശരാശരി സംഭരണത്തിൽ 25502 ലിറ്ററും മലബാർ മേഖല യൂണിയന്റെ ശരാശരി പ്രതിദിന പാൽ സംഭരണത്തിൽ 51572 ലിറ്ററും വർദ്ധനവ് രേഖപ്പെടുത്തി. ഈ സാഹചര്യത്തിൽ 53.93 കോടിയോളം രൂപ ചെലവഴിച്ച് സർക്കാർ ധനസഹായത്തോടെ മലബാർ മേഖലാ യൂണിയന്റെ ഉടമസ്ഥതയിൽ മലപ്പുറം ജില്ലയിലെ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കൂടാതെ പാലുല്പാദനത്തിൽ സുസ്ഥിരത കൈവരിക്കുന്നതിലേയ്ക്കായി തീറ്റപ്പുൽകൃഷി വികസന പദ്ധതി, മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

(സി) പാലിൽനിന്ന് മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് നൂതന പദ്ധതികൾ ആവിഷ്കരിക്കുന്നത് പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉണ്ട്. സഹകരണ മേഖലയിൽ പാലുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിച്ച ക്ഷീരമേഖല കോവിഡ് ലോക്ക്ഡൗൺ കാലഘട്ടത്തിൽ സംഭരിക്കുന്ന പാൽ മുഴുവൻ വിപണനം നടത്തുവാൻ സാധിക്കാത്ത സാഹചര്യം ഉണ്ടായിരുന്നു. ഇത്തരം സാഹചര്യങ്ങളിൽ അധികപാൽ പാൽപ്പൊടിയാക്കുന്നതിനായി പാൽപ്പൊടി ഫാക്ടറി കേരളത്തിൽ സ്ഥാപിക്കുന്നതിനായി നടപടി ആരംഭിച്ചിട്ടുണ്ട്. ഇതിനോടൊപ്പം മറ്റ് മൂല്യവർദ്ധിത പാലുല്പന്നങ്ങളുടെ ഉല്പാദനവും ആരംഭിക്കാനാണ് പദ്ധതിയിടുന്നത്.

## ജലഗതാഗത വകുപ്പിന്റെ ആധുനികീകരണം

16 (*256) ശ്രീ. പി. വി. ശ്രീനിജിൻ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. പി. പി. ചിത്തരഞ്ജൻ:
ശ്രീമതി ദെലീമ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജലഗതാഗത വകുപ്പിനെ ആധുനികരിക്കുന്നതിന് എന്തെല്ലാം പ്രവർത്തനങ്ങളാണ് നടന്നുവരുന്നതെന്ന് വിശദമാക്കാമോ?

ജലഗതാഗത വകുപ്പിനെ ആധുനികവൽക്കരിക്കുന്നതിന് താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു :

1. ഇന്ത്യയിലെ പ്രഥമ സംരംഭമായ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു സോളാർ ബോട്ട് 'ആദിത്യ' നിർമ്മാണം പൂർത്തീകരിച്ച് 12-1-2017-ൽ ബഹു. മുഖ്യമന്ത്രി ഉദ്ഘാടനം നടത്തുകയും തവണക്കടവ്-വൈക്കം റൂട്ടിൽ മെച്ചപ്പെട്ട രീതിയിൽ സർവ്വീസ് നടത്തിവരികയും ചെയ്യുന്നു. പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തന ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടുകൂടി ആരംഭിച്ച ടി സോളാർ ബോട്ടിന്റെ പ്രവർത്തനം വൻവിജയമായതിനെത്തുടർന്ന് കൂടുതൽ സോളാർ ബോട്ടുകൾ വകുപ്പിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി അഞ്ച് സോളാർ ബോട്ടുകളുടെകൂടി നിർമ്മാണം പുരോഗമിച്ചുവരുന്നു. 2020-ൽ ആദിത്യയ്ക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള ഗസ്റ്റേവ് ട്രോവ് പുരസ്കാരവും ലഭിക്കുകയുണ്ടായി.

2. വകുപ്പിന്റെ പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാനുതകുന്ന രീതിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 5 റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് 19-4-2018-ൽ ബഹു.മുഖ്യമന്ത്രി ഉദ്ഘാടനം നിർവ്വഹിച്ചു. 2018-19-ലെ പ്രളയകാലത്ത് വെള്ളക്കെട്ടാൽ ചുറ്റപ്പെട്ട കുട്ടനാടൻ മേഖലകളിൽനിന്നും രാത്രികാലങ്ങളിൽ ഉൾപ്പെടെ ഒറ്റപ്പെട്ടു പോയവരെ സുരക്ഷിത സ്ഥാനങ്ങളിലെത്തിക്കുവാൻ റെസ്ക്യൂ ബോട്ടുകൾക്ക് സാധിച്ചിരുന്നു. നിലവിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ ഇവ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് ഉപയോഗിച്ചുവരുന്നു.

3. വൈക്കത്തുനിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും സ്വച്ഛമായും സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകൾക്കും യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ടി

റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് 2018-ൽ സർവ്വീസ് ആരംഭിച്ചു. അരൂർ-തേവര ജലമാർഗ്ഗത്തിലൂടെയാണ് വേഗ-120 കൊച്ചിയിൽ എത്തുന്നത്. ടി സർവ്വീസ് ആരംഭിച്ചതിനുശേഷം വൈക്കം നിവാസികൾക്ക് ഒരു മണിക്കൂർ 45 മിനിറ്റ് കൊണ്ട് കൊച്ചിയിൽ എത്തിച്ചേരുവാൻ സാധിക്കുന്നുണ്ട്.

4. വിനോദസഞ്ചാരവും അതോടൊപ്പം യാത്രാസൗകര്യവും മെച്ചപ്പെടുത്തുന്നതിനായി 90 യാത്രക്കാർക്ക് സഞ്ചരിക്കാൻ കഴിയുന്ന രണ്ട് ഡബിൾ ഡെക്കർ പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ ഉപയോഗിച്ച് സീ-കുട്ടനാട് എന്ന പേരിൽ സർവ്വീസ് ആരംഭിച്ചു. പ്രസ്തുത സർവ്വീസ് നല്ല രീതിയിൽ നടന്നുവരുന്നു.

5. പയ്യന്നൂർ മേഖല കേന്ദ്രീകരിച്ച് മാട്ടൂൽ-അഴീക്കൽ ഫെറി സർവ്വീസ് 2019-ൽ ആരംഭിക്കുകയും അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന സർവ്വീസ് ടൂറിസ്റ്റ് ഫ്രണ്ട്‌ലി സർവ്വീസാക്കി നടത്തിവരുകയും ചെയ്യുന്നു.

6. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശ്യത്തോടെയും കോട്ടയത്തുനിന്നും ആലപ്പുഴയ്ക്ക് വരുന്ന യാത്രക്കാർക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിൽ എത്തുന്നതിനും ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ ഒരു 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ ഒരു കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി 8-3-2020-ൽ ഉദ്ഘാടനം നടത്തി.

7. എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടും കൂടിയ ഐ.ആർ.എസ്. ക്ലാസ്സിൽ നിർമ്മിച്ച 5 ബോട്ടുകളുടെയും കൈനകരി സർക്കുലർ സർവ്വീസിന്റെയും ഉദ്ഘാടനം 4-1-2019-ൽ നടത്തി.

8. എറണാകുളം – വരാപ്പുഴ സർവ്വീസ് ആരംഭിച്ചു.

9. ഇൻലാൻഡ് നാവിഗേഷൻ മേഖലയിൽ സർക്കാർതലത്തിൽ കേരളത്തിലെതന്നെ ആദ്യസംരംഭമെന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ഭരണാനുമതിയോടുകൂടി പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

10. പാണാവള്ളി സ്റ്റേഷൻ ഓഫീസ് നിർമ്മാണം പ്രവർത്തനമാരംഭിച്ചു.

11. ജീവനക്കാരുടെ ഹാജരിന്റെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ ആസ്ഥാന ഓഫീസിലും മേഖലാ കാര്യാലയങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തി.

12. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ ആവശ്യകത, രീതി എന്നിവ മനസ്സിലാക്കുന്നതിനും കായൽ മലിനീകരണം ഒഴിവാക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വകുപ്പിന്റെ എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എൽ.ഇ.ഡി. ടി.വി. സ്ഥാപിച്ചു.

13. റോഡ് ഗതാഗതത്തിൽ ടാക്സി സംവിധാനങ്ങളുണ്ടെങ്കിലും ജലഗതാഗതത്തിൽ ഇത്തരം സർവ്വീസുകളില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്ന രീതിയിൽ ഇന്ത്യയിലെതന്നെ ആദ്യ സംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സി നിർമ്മാണം ആരംഭിക്കുകയും ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15-10-2020-ലും രണ്ടാമത്തെ ബോട്ടിന്റെ ഉദ്ഘാടനം 4-1-2021-ലും നടത്തുകയും ചെയ്തു. ടി ബോട്ടുകൾ യഥാക്രമം ആലപ്പുഴയിലും പറശ്ശിനിക്കടവിലും സർവ്വീസ് നടത്തിവരുന്നു. മൂന്നും നാലും ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

14. ആധുനിക സുരക്ഷാ സംവിധാനങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 കാറ്റാമറൈൻ ബോട്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും ഇവയിലെ 2 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് എറണാകുളം മേഖലയിൽ സർവ്വീസ് നടത്തിവരികയും ചെയ്യുന്നു.

15. 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 കാറ്റമറൈൻ ബോട്ടുകളുടെയും ഇന്ത്യയിലെതന്നെ ആദ്യ സോളാർ ക്രൂയിസ് ബോട്ടിന്റെയും 75 പാസഞ്ചർ കപ്പാസിറ്റിയുള്ള രണ്ട് 80 kwh സോളാർ ബോട്ടുകളുടെയും നിർമ്മാണം പുരോഗമിച്ചുവരുന്നു.

16. കൊല്ലം ജില്ലയിലെ അഷ്ടമുടിക്കായലിന്റെ സൗന്ദര്യം ആസ്വദിക്കുന്നതിനായി സാധാരണ യാത്രക്കാർക്കും ടൂറിസ്റ്റുകൾക്കും ഒരുപോലെ ഉപകാരപ്പെടുത്താവുന്ന രീതിയിൽ നിർമ്മിച്ചുകൊണ്ടിരിക്കുന്ന 2 ഡെക്കുകളുള്ള പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകളുടെ നിർമ്മാണവും അന്തിമ ഘട്ടത്തിലാണ്.

(ബി) ഏതെല്ലാം തരത്തിലുള്ള യാത്രാബോട്ടുകളാണ് നിലവിൽ ഉപയോഗിക്കുന്നതെന്ന് അറിയിക്കാമോ; യാത്രാവേഗത വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സുരക്ഷിതത്വം ഉറപ്പാക്കുന്നതിനും പദ്ധതിയുണ്ടോ; വ്യക്തമാക്കാമോ?

ആദ്യകാലങ്ങളിൽ വകുപ്പ് തടി ബോട്ടുകളും സ്റ്റീൽ ബോട്ടുകളുമാണ് ഉപയോഗിച്ചിരുന്നത്. കാലക്രമേണ യാത്രാവേഗത വർദ്ധിപ്പിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി തടി, സ്റ്റീൽ ബോട്ടുകൾക്കുപുറമേ കറ്റാമറൈൻ ഫൈബർ ബോട്ടുകളും ഉപയോഗിക്കുന്നു. 75-നും 100-നുമിടയിൽ പാസഞ്ചർ കപ്പാസിറ്റിയുള്ള തടി, സ്റ്റീൽ ബോട്ടുകളാണ് വകുപ്പ് പാസഞ്ചർ സർവ്വീസിനായി ഉപയോഗിക്കുന്നത്. അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയതും 120 പാസഞ്ചർ കപ്പാസിറ്റിയുള്ളതുമായ കറ്റാമറൈൻ എ.സി. ബോട്ടുകളും അപ്പർഡെക്ക് സൗകര്യമുള്ള ബോട്ടുകളും ഉപയോഗിച്ച് പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകൾ നടത്തിവരുന്നു. ജലഗതാഗതത്തിൽ ടാക്സി സർവ്വീസുകൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 4 വാട്ടർ ടാക്സികളുടെ നിർമ്മാണം ആരംഭിക്കുകയും ഇവയിൽ 2 ബോട്ടുകൾ നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് നടത്തിവരികയും ചെയ്യുന്നു. കൂടാതെ എല്ലാവിധ സൗകര്യങ്ങളോടുകൂടിയ 5 റെസ്ക്യൂ ഡൈവ് ബോട്ടുകൾ ആംബുലൻസ് സർവ്വീസിനായി ഉപയോഗിച്ചുവരുന്നു. എല്ലാ ബോട്ടുകളിലും ആവശ്യമായ ലൈഫ്ജാക്കറ്റുകൾ, തീ നിയന്ത്രണ ഉപകരണങ്ങൾ എന്നിവ സജ്ജമാക്കിയും യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയും സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത, രീതി എന്നിവ മനസ്സിലാക്കുന്നതിനും കായൽ മലിനീകരണം ഒഴിവാക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വകുപ്പിന്റെ എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷനോഫീസുകളിലും എൽ.ഇ.ഡി. ടി.വി.കൾ സ്ഥാപിച്ചിട്ടുണ്ട്. പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു ബോട്ടുപയോഗിച്ച് വൈക്കം-തവണക്കടവ് ഫെറി സർവ്വീസും നടത്തിവരുന്നു. കൂടുതൽ സോളാർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ബോട്ടുകളുടെ എണ്ണത്തിനനുസൃതമായി ജീവനക്കാരെ വിന്യസിക്കുന്നതിനുള്ള തസ്തികകൾ അനുവദിച്ചിട്ടുണ്ടോ; നിലവിലുള്ള ബോട്ട് സർവ്വീസുകൾക്ക് ജീവനക്കാരുടെ എണ്ണം പര്യാപ്തമാണോ?

വകുപ്പിന്റെ നിലവിലുള്ള ഷെഡ്യൂളുകളിൽ 4 സർവ്വീസ് ബോട്ടുകൾ, 5 റെസ്ക്യൂ ബോട്ടുകൾ എന്നിവയിൽ സർക്കാർ ഉത്തരവുകൾപ്രകാരം ദിവസവേതനക്കാരെ ഉപയോഗിച്ച് സർവ്വീസ് നടത്തുന്നു. ശേഷിക്കുന്ന ഷെഡ്യൂളുകളിൽ സ്ഥിരം ജീവനക്കാരെയാണ് ഉപയോഗിക്കുന്നത്. സ്ഥിരം ജീവനക്കാരുടെ അഭാവത്തിൽ സർവ്വീസ് നടത്തിപ്പിലേയ്ക്കായി ദിവസവേതനക്കാരെ ഉപയോഗിക്കാറുണ്ട്.

(ഡി) വേണ്ടത്ര ബോട്ടുകൾ വാങ്ങുന്നതിനും ജീവനക്കാരെ നിയമിച്ച് വകുപ്പിന്റെ പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കുന്നതിനും നടപടി സ്വീകരിക്കുമോ?

2021-22 വർഷത്തിൽ വേഗതയേറിയതും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിക്കുന്നതിന്റെയും ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. നടപടികൾ പുരോഗമിക്കുന്ന മുറയ്ക്ക് ജീവനക്കാരെ നിയമിക്കുന്ന വിഷയം പരിശോധിക്കുന്നതാണ്.

## ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി

17 (*257) ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നടപ്പാക്കുന്ന ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതിയുടെ വിശദവിവരങ്ങൾ എന്തെല്ലാമെന്ന് അറിയിക്കാമോ?

കോവിഡ്-19 മഹാമാരിമൂലം ഉന്നതവിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനും സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുള്ള പദ്ധതിയാണ് "ലെറ്റ്സ് ഗോ ഡിജിറ്റൽ. ഈ പദ്ധതി മിഷൻ രീതിയിൽ നടപ്പിലാക്കുന്നതിനും സംസ്ഥാനതല ഏകോപനം നടത്തുന്നതിനും ഉന്നത വിദ്യാഭ്യാസ മന്ത്രി ചെയർമാനും ഉന്നതവിദ്യാഭ്യാസ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും ഉൾപ്പെട്ട ഒരു "LMS Committee" എന്ന പേരിൽ 19 അംഗ കമ്മിറ്റി 30-7-2021-ലെ സ.ഉ.(സാധാ) നമ്പർ 983/2021/ഉ.വി.വ നമ്പർ ഉത്തരവ് (അനുബന്ധം) പ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ പ്രഥമ യോഗം 5-8-2021-നുമുൻപ് ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നും ഉത്തരവായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ

എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റി ഇതിനാവശ്യമായിട്ടുള്ള സാങ്കേതിക സഹായം ഉന്നതവിദ്യാഭ്യാസ കൗൺസിലിന് നൽകി സ്റ്റേറ്റ് ഡേറ്റാ സെന്ററിൽ ആവശ്യമായ സംവിധാനം - Cloud Space ഒരുക്കുന്നതാണ്. ഇതുപയോഗിച്ച് ഓരോ കോളേജിനും യൂണിവേഴ്സിറ്റിക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സംവിധാനം ഒരുക്കാവുന്നതാണ്. ഇതിനാവശ്യമായ വിഭവങ്ങൾ വിദ്യാർത്ഥിതലം- നെറ്റ്‌വർക്ക് കണക്ടിവിറ്റി, മൊബൈൽ/ ലാപ്ടോപ്പ്/ ഡെസ്ക്ടോപ്പ് ഫാക്കൽറ്റിതലം - നെറ്റ് വർക്ക് കണക്ടിവിറ്റി, മൊബൈൽ/ ലാപ്ടോപ്പ്/ ഡെസ്ക്ടോപ്പ്. ഇൻസ്റ്റിറ്റ്യൂഷൻതലം - നെറ്റ് വർക്ക് കണക്ടിവിറ്റി, മൊബൈൽ/ലാപ്ടോപ്പ്/ഡെസ്ക്ടോപ്പ് Cloud Level- Centralized Cloud Facility of the State Data Centre (SDC) ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജ് അദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ ആരംഭിച്ചുകഴിഞ്ഞു. ആയിരത്തോളം അദ്ധ്യാപകർക്ക് പരിശീലനം കൊടുത്തുകഴിഞ്ഞു.

(ബി) ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഏതൊക്കെ ഏജൻസികളാണ് ഇതിൽ പങ്കാളികളാകുന്നതെന്നും വിശദമാക്കാമോ?

ഉണ്ട്. സ്വതന്ത്ര സോഫ്റ്റ്‌വെയറായ Moodle എന്ന ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ചാണ് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായി "ലെറ്റ്സ് ഗോ ഡിജിറ്റൽ" നടപ്പിലാക്കുന്നത്. സംസ്ഥാനത്തെ എല്ലാ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകുന്നതാണ്.

(സി) അധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഇതുസംബന്ധിച്ച് പരിശീലന പരിപാടി ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. സാങ്കേതിക വകുപ്പിനുകീഴിലെ സ്ഥാപനങ്ങളിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ആവശ്യമായ പരിശീലനം നൽകിവരുന്നു. അദ്ധ്യാപകർക്ക് ലേണിംഗ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിക്കുവാനും ഡിജിറ്റൽ സാങ്കേതികവിദ്യ ഉപയോഗിക്കുവാനും അതിനനുസൃതമായി പഠന പ്രക്രിയ നിർമ്മിക്കുവാനുമുള്ള പരിശീലന പരിപാടി ഉന്നത വിദ്യാഭ്യാസ കൗൺസിൽ നടത്തിവരുന്നു. കേരളത്തിലെ വിവിധ സർവ്വകലാശാലകളുടെ സഹകരണത്തോടെയാണ് ഇത് നടപ്പിലാക്കുന്നത്.

## കേരള ഒളിമ്പിക് അസോസിയേഷൻ

18 (*258) ഡോ. കെ. ടി. ജലീൽ:
ശ്രീ. കെ. വി. സുമേഷ്:
ശ്രീ. കെ. പ്രേംകുമാർ:
ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി (ശ്രീ. വി. അബ്ദുറഹിമാൻ) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ കായിക വികസനവുമായി ബന്ധപ്പെട്ട് ഒളിമ്പിക് അസോസിയേഷൻ നിർവ്വഹിക്കുന്ന പങ്ക് എന്തെല്ലാമാണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) കായിക വികസനത്തിന് സഹായകരമായ എന്തെല്ലാം പ്രവർത്തനങ്ങളാണ് അസോസിയേഷൻ നിലവിൽ ഏറ്റെടുത്ത് നടപ്പാക്കുന്നതെന്ന് അറിയിക്കാമോ?

(എ & ബി)ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ കീഴിൽ അഫിലിയേറ്റ് ചെയ്തും Travancore Cochin Literary, Scientific and charitable Societies Act 1955" ന്റെ കീഴിൽ രജിസ്റ്റർ ചെയ്തുമാണ് കേരള ഒളിമ്പിക് അസോസിയേഷൻ പ്രവർത്തിക്കുന്നത്. 2020-21 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വകയിരുത്തിയിരുന്ന തുക ലഭിക്കുന്നതിനായി കേരള ഒളിമ്പിക് അസോസിയേഷൻ കായിക യുവജനകാര്യ ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പ്രസ്തുത അസോസിയേഷൻ നടപ്പിലാക്കിയതും തുടർന്നുവരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:- കോവിഡ് പശ്ചാത്തലത്തിൽ യൂട്യൂബ്, വിക്ടേഴ്സ് ചാനലുകൾ വഴി കായിക മത്സരങ്ങൾ, പരിശീലന പദ്ധതികൾ എന്നിവ സംബന്ധിച്ച പരിപാടികൾ പ്രാദേശിക ഭാഷയിൽ സംപ്രേഷണം ചെയ്തുവരുന്നു. കായികതാരങ്ങൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ സഹകരണത്തോടെ "സ്റ്റേ ഫിറ്റ്" എന്ന കായിക ക്ഷമതാ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികൾക്ക് സ്വയം സുരക്ഷയ്ക്കായുള്ള ബോധവത്കരണം നടത്തുന്നതിന് കേരള പോലീസുമായി സഹകരിച്ച് "സ്റ്റേ അലർട്ട്" എന്ന പരിപാടിയും ആവിഷ്കരിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ദേശീയ-അന്തർദ്ദേശീയ കായിക ഫെഡറേഷനുകളുമായി ചേർന്ന് ഓൺലൈനായി മോട്ടിവേഷൻ ക്ലിനിക്ക്, സെമിനാറുകൾ, റിഫ്രഷർ കോഴ്സുകൾ, മുതിർന്നവരെ ലക്ഷ്യമിട്ട് ഒളിമ്പിക് വേവ് തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു.

(സി) അസോസിയേഷന്റെ സംസ്ഥാന-ജില്ലാതല ഭരണസമിതിയുടെ ഘടന എങ്ങനെയാണ്; പ്രസ്തുത സമിതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള യോഗ്യതാ മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വ്യക്തമാക്കാമോ?

അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി പ്രസിദ്ധീകരിച്ചിട്ടുള്ള ഒളിമ്പിക് ചാർട്ടർ പ്രകാരം രാജ്യത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഒളിമ്പിക് അസോസിയേഷന്റെ കീഴിൽ അഫിലിയേറ്റ് ചെയ്യും കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അഫിലിയേഷൻ കൂടാതെയും പ്രവർത്തിക്കുന്ന കേരള ഒളിമ്പിക് അസോസിയേഷന്റെ സംസ്ഥാന-ജില്ലാതല ഭരണസമിതികളുടെ തെരഞ്ഞെടുപ്പും യോഗ്യതാ മാനദണ്ഡങ്ങളും 2000-ലെ കേരള സ്പോർട്സ് ആക്ടിലോ അവയുടെകീഴിൽ പുറപ്പെടുവിച്ചിട്ടുള്ള ചട്ടങ്ങൾക്കോ കീഴിൽ പരാമർശിക്കുന്ന രീതിയിലല്ല. കേരള ഒളിമ്പിക് അസോസിയേഷന്റെ സംസ്ഥാന/ജില്ലാ ഘടകങ്ങളുടെ പ്രതിനിധികളടങ്ങുന്ന ജനറൽ കൗൺസിൽ തെരഞ്ഞെടുക്കുന്ന അംഗങ്ങൾ ഉൾപ്പെടുന്ന ഭരണ സമിതിയാണ് സംസ്ഥാന/ജില്ലാ ഒളിമ്പിക് അസോസിയേഷനുകൾ ഭരിക്കുന്നത്.

(ഡി) അസോസിയേഷന്റെ പ്രവർത്തനങ്ങൾക്കായുള്ള സാമ്പത്തിക സ്രോതസ് എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

അഫിലിയേഷൻ ഫീസ്, ഡൊണേഷൻ, രജിസ്ട്രേഷൻ ഫീസ്, സ്പോൺസർഷിപ്പ്, ചാനൽ/മത്സര സംപ്രേഷണ അവകാശം, സർക്കാർ അനുവദിച്ച പരിപാടി നടത്തിപ്പ് ചെലവ്, ബാങ്ക് ഇന്ററസ്റ്റ് എന്നീ ഇനങ്ങളിലായി കേരള ഒളിമ്പിക് അസോസിയേഷന് വരുമാന സ്രോതസ്സുകളുള്ളതായും മേൽ ഇനങ്ങളിലായി 2019-20 സാമ്പത്തിക വർഷം 40,57,762 രൂപയും 2020-21 സാമ്പത്തിക വർഷം 43,83,999 രൂപയും വരുമാനമുള്ളതായും കായിക സംഘടനകൾ, സ്വകാര്യ വ്യക്തികൾ, കൈവശമുള്ള ഇതര ഫണ്ട് എന്നിവയിൽ നിന്നായി 2019-20 സാമ്പത്തിക വർഷം 12,50,000 രൂപയും 2020-21 സാമ്പത്തിക വർഷം 14,75,000 രൂപയും ലോണായി സമാഹരിച്ചിട്ടുള്ളതായി പ്രസ്തുത അസോസിയേഷൻ കായികയുവജനകാര്യ ഡയറക്ടറേറ്റിൽ സമർപ്പിച്ച രേഖകൾ പ്രകാരം കാണുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷത്തെ ബഹു.ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് മറുപടി പ്രസംഗത്തിൽ കേരള ഒളിമ്പിക് അസോസിയേഷന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽനിന്നും 25 ലക്ഷം രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചുകൊണ്ട് 25-2-2021-ലെ സ.ഉ.(സാധാ)നമ്പർ 75/2021/കാ.യു.വ പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധം ആയി ഉൾക്കൊള്ളിച്ചിട്ടുണ്ട്*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## സർവ്വകലാശാലകളുടെ ശാക്തീകരണം

19 (*259) ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ രംഗത്ത് മികവ് കൈവരിക്കുന്നതിനും സർവ്വകലാശാലകളുടെ അക്കാദമികവും ഭരണപരവുമായ ശാക്തീകരണത്തിനുമുള്ള പരിപാടികളെക്കുറിച്ച് വിശദമാക്കാമോ?

വിജ്ഞാന സമ്പദ്ഘടനയിലേയ്ക്ക് പരിവർത്തനം ചെയ്യുകയെന്ന നയത്തിനനുസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങളെ സംബന്ധിച്ചുള്ള 6 സുപ്രധാന നിർദ്ദേശങ്ങൾ 2021-22 -ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

1. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 3 - 5 ലക്ഷം പേർക്കുകൂടി പഠന സൗകര്യങ്ങൾ
2. ഉന്നത വിദ്യാഭ്യാസ മേഖലയിൽ 1000 അദ്ധ്യാപകരുടെ നിയമനം
3. സർവ്വകലാശാലകൾക്കുള്ളിൽ 30 മികവിന്റെ കേന്ദ്രങ്ങൾ
4. 500 പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പുകൾ
5. സർവ്വകലാശാല പശ്ചാത്തല സൗകര്യ വികസനത്തിന് 2000 കോടി രൂപയുടെ കിഫ്ബി ധനസഹായം
6. അഫിലിയേറ്റഡ് കോളേജുകൾക്ക് 1000 കോടി രൂപയുടെ ധനസഹായം.

ഉന്നതവിദ്യാഭ്യാസ രംഗത്ത് മികവ് കൈവരിക്കുന്നതിനായി കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ നടത്തുന്ന പരിപാടികൾ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

1. ദേശീയ/അന്തർദ്ദേശീയതലത്തിൽ പ്രഗത്ഭരായ അക്കാഡമീഷ്യന്മാരെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായോ, സ്ഥാപനങ്ങളുമായോ ബന്ധപ്പെടുത്തി അവരുടെ അറിവും അനുഭവജ്ഞാനവും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും ഒരേ സമയം എത്തിക്കുന്നതിനു വേണ്ടി ORICE – Online Resources Initiatives of Collegiate Education എന്ന പദ്ധതി നടത്തിവരുന്നു.

2. ബിരുദതലത്തിൽ പഠനത്തിൽ പിന്നോക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് സമയബന്ധിതമായി ക്ലാസുകൾ നൽകുക, സർവകലാശാല പരീക്ഷയ്ക്ക് തയ്യാറാക്കുക എന്നീ പ്രവർത്തനങ്ങൾക്കായി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും Scholar Support Programme നടന്നുവരുന്നുണ്ട്.

3. പഠനത്തിൽ പ്രഗത്ഭരായ വിദ്യാർത്ഥികൾക്ക് വിവിധ രീതിയിലുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ നല്കുക, അവർക്ക് വഴികാട്ടിയായി പ്രവർത്തിക്കുന്ന ഉപദേഷ്ടാക്കളെ നിയമിക്കുക എന്നീ പരിപാടികൾക്കായി പഠിതാവിനൊപ്പം Walk With a Scholar എന്ന പദ്ധതി 63 സർക്കാർ കോളേജുകളിലും 151 എയ്ഡഡ് കോളേജുകളിലും നടന്നുവരുന്നു.

4. കേരളത്തിലെ കോളേജുകളിലെ യുവാക്കളായ അദ്ധ്യാപകരുടെ ഒരു സംഘത്തെ കണ്ടെത്തി അവരിലെ പ്രത്യേക വാസനകൾ വികസിപ്പിച്ചെടുക്കുകവഴി അദ്ധ്യയന രംഗത്തെ കണ്ടെത്തലുകളുടെയും ഗവേഷണങ്ങളുടെയും സമന്വയം ത്വരിതപ്പെടുത്തുന്നതിനുവേണ്ടി FLAIR (Fostering Linkages For Academic Innovation and Research) പദ്ധതി നടത്തിവരുന്നു.

5. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സർക്കാർ കോളേജുകളിൽ BSNL-ന്റെ സിംഗിൾ ഒപ്റ്റിക്കൽ ഫൈബർ നെറ്റ്‌വർക്ക് മുഖാന്തരം അതിവേഗ സ്റ്റേബിൾ ഇന്റർനെറ്റ് സേവനം പ്രദാനം ചെയ്യുന്നു.

6. രാജ്യത്തെ മികച്ച ഫാക്കൽറ്റിയുടെയും സ്ഥാപനത്തിന്റെയും സേവനങ്ങൾ പ്രയോജനപ്പെടുത്തുന്നതിനായി അക്കാദമിക് തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന M.Phil/Ph.D/PG വിദ്യാർത്ഥികൾക്ക് അവർ പഠിക്കുന്ന സ്ഥാപനങ്ങൾക്കുപുറമെ ഹ്രസ്വകാലപഠനങ്ങൾ നടത്തുന്നതിനും പ്രോജക്റ്റുകൾ ചെയ്യുന്നതിനും അവരുടെ കോഴ്സിന്റെ ഭാഗമായി ഇന്റേൺഷിപ്പ് രാജ്യത്തെ പ്രമുഖരായ ശാസ്ത്രജ്ഞരും സാമൂഹ്യശാസ്ത്രജ്ഞരുമായി ചേർന്ന് ചെയ്യാനും ആസ്പയർ സ്കോളർഷിപ്പ് എന്ന പദ്ധതി മുഖേന സ്കോളർഷിപ്പുകൾ നൽകിവരുന്നുണ്ട്.

7. ആർട്സ് & സയൻസ് കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്, അംഗപരിമിതരായിട്ടുള്ള വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ ആനുകൂല്യം, ജില്ലാ മെറിറ്റ് സ്കോളർഷിപ്പ്, അഹിന്ദി സംസ്ഥാന ങ്ങളിൽ ഹിന്ദി പ്രചരിപ്പിക്കുന്നതിനുള്ള സ്കോളർഷിപ്പ്, റെക്കറിംഗ് ഇ-ഗ്രാന്റ്സ്, പോസ്റ്റ് മെട്രിക്, പോസ്റ്റ് ഇന്റർമീഡിയറ്റ് ബിരുദാനന്തര പഠനങ്ങൾക്കുള്ള ദേശീയ സ്കോളർഷിപ്പ് തുടങ്ങിയ പദ്ധതികൾ കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിൽ നടന്നുവരുന്നുണ്ട്.

8. ഉന്നത വിദ്യാഭ്യാസമേഖലയുടെ ശാക്തീകരണത്തിനായി ഗവേഷണ സ്ഥാപനങ്ങളെയും ഉന്നത വിദ്യാപീഠങ്ങളെയും മികവിന്റെ കേന്ദ്രങ്ങളാക്കി വികസിപ്പിക്കുന്നതിനായി സെന്റർ ഓഫ് എക്സലൻസ് എന്ന പദ്ധതി രൂപീകരിച്ചിട്ടുണ്ട്.

9. കേരളത്തിലെ സർക്കാർ കോളേജുകളിലെ ലൈബ്രറികളുടെയും ലബോറട്ടറികളുടെയും സമഗ്ര വികസനത്തിനായി ഈ വകുപ്പിന് കീഴിൽ ലൈബ്രറി ലബോറട്ടറി വികസനം എന്ന പദ്ധതിയും നടത്തിവരുന്നു.

10. സർക്കാർ ആർട്സ് & സയൻസ് കോളേജുകളെ കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കോളേജുകളുടെ സമഗ്രവികസനവുമായി ബന്ധപ്പെട്ട് വിവിധ ഘട്ടങ്ങളിലായി നിർമ്മാണ പ്രവർത്തികൾ നടന്നുവരുന്നു.

11. സർക്കാർ കോളേജുകൾക്ക് നാക് അക്രഡിറ്റേഷൻ ലഭിക്കുന്നതിന് ആവശ്യമായ ഭൗതിക സാഹചര്യം ഒരുക്കുന്നതിനും അടിസ്ഥാന സൗകര്യം പ്രദാനം ചെയ്യുന്നതിനുമായി ബഡ്ജറ്റ് വിഹിതം തുക വിനിയോഗിച്ച് വിവിധ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

12. അനുദിനം മാറിക്കൊണ്ടിരിക്കുന്ന ആധുനികലോകത്തിൽ വിദ്യാർത്ഥി കൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദേശങ്ങൾ യഥാസമയം നല്കുന്നതിനുമായി 2019-20 സാമ്പത്തിക വർഷം മുതൽ "Jeevani-College Mental Awareness Programme" എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

13. സർക്കാർ കോളേജുകളുടെ സമഗ്ര പുരോഗതിക്കായി കോളേജുകളിലെ തെരഞ്ഞെടുക്കപ്പെട്ട വകുപ്പുകളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിനായി ലീഡ് കോളേജസ് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

14. സർക്കാർ കോളേജുകളിൽ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഒരുപോലെ ഓൺലൈൻ പാഠ്യ/പഠന സേവനങ്ങൾ യാതൊരു സാങ്കേതിക തടസ്സവും കൂടാതെ ലഭ്യമാക്കുന്നതിനായി വൈഫൈ ക്യാമ്പസുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

15. സർക്കാർ കോളേജുകളെ ഹരിത ക്യാമ്പസുകളാക്കി മാറ്റുന്നതിനായി ഗ്രീൻ ക്യാമ്പസ് ഇനിഷ്യേറ്റീവ് പദ്ധതി നടത്തിവരുന്നു.

16. വിദ്യാർത്ഥികൾക്കും പ്രാദേശിക സമൂഹത്തിനുമിടയിൽ നൂതന ആശയങ്ങളുടെ ഇൻക്യൂബേറ്ററായി പ്രവർത്തിക്കുന്നതിനായി യുറേക്ക ലാബ് പദ്ധതി നടപ്പിലാകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

17. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് തുല്യമായ പഠന സാഹചര്യങ്ങളും അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ബാരിയർ ഫ്രീ ക്യാമ്പസ് പദ്ധതി നടപ്പിലാക്കിവരുന്നു.

18. ആധുനികവത്കരണത്തിന്റെ ഭാഗമായി പുതിയ കോഴ്സുകളും തൊഴിൽ സാധ്യതയേറെയുള്ള ന്യൂജെൻ കോഴ്സുകളും ആരംഭിച്ചിട്ടുണ്ട്.

19. വിദ്യാർത്ഥികൾക്ക് പഠന സൗകര്യത്തിനായി അന്താരാഷ്ട്ര നിലവാരത്തിലുള്ള ലാബുകളും സാങ്കേതികവിദ്യയിലധിഷ്ഠിതമായ പഠനോപകരണങ്ങളും എല്ലാ വിദ്യാർത്ഥികൾക്കും ലഭ്യമാക്കുന്നു.

ഇതുകൂടാതെ, വിവിധ സർവകലാശാലകളിൽ നടപ്പിലാക്കിയ/ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

കേരള സർവകലാശാല :

റിസർച്ച് ഡയറക്ടറേറ്റ് രൂപീകരിച്ചു. റിസർച്ച് കൗൺസിൽ പുന:ക്രമീകരിച്ചു. IQAC-യുടെ ആഭിമുഖ്യത്തിൽ അക്കാദമിക് ആഡിറ്റ് നടപ്പിലാക്കുവാൻ തീരുമാനിച്ചു. വിദ്യാർത്ഥികൾക്കായി LMS ട്രെയിനിംഗ് പ്രോഗ്രാം നടപ്പിലാക്കി. Interaction with Eminent Scholar പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ട്രാവൽ ത്രൂ നോബൽ വിന്നേഴ്സ് പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി.

മഹാത്മാഗാന്ധി സർവകലാശാല:

ഗവേഷണപ്രവർത്തനങ്ങളെ ഉത്പാദന മേഖലയിലെത്തിക്കുന്നതിനുള്ള സഹായം ചെയ്യുന്നതിനായി സർവ്വകലാശാലയിൽ Business Innovation and Incubation Centre സ്ഥാപിച്ചിട്ടുണ്ട്. ടി സെന്ററിന്റെ കീഴിൽ വിവിധ സ്റ്റാർട്ട്അപ്പ്-കൾ തുടങ്ങുകയും പേറ്റന്റുകൾക്കായി അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. വിദ്യാർത്ഥികൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന സാങ്കേതികവിദ്യകളിൽ അറിവും വ്യവസായത്തിനാവശ്യമായ തൊഴിൽ വൈദഗ്ധ്യവും ആർജ്ജിക്കുന്നതിനായി പുതിയ പഠന വകുപ്പുകൾ തുടങ്ങിയിട്ടുണ്ട്.

കണ്ണൂർ സർവ്വകലാശാല:

വിദ്യാർത്ഥികളിൽ സാമൂഹിക പ്രതിബദ്ധത വളർത്താൻ സ്മാർട്ട് ഫാർമിംഗ്, പ്ലാസ്റ്റിക് വിമുക്ത നദികൾ, കാവ്, earn while you learn തുടങ്ങിയ നിരവധി പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. മെക്സിക്കോ, ജർമനി, ഓസ്ട്രേലിയ മുതലായ രാജ്യങ്ങളിലെ സർവ്വകലാശാലകളുമായി ധാരണാപത്രം ഒപ്പിട്ടിട്ടുണ്ട്. നിലവിലെ വിവിധ ബിരുദ പ്രോഗ്രാമുകളുടെ സിലബസുകൾ ഫലാധിഷ്ഠിത വിദ്യാഭ്യാസ സമ്പ്രദായത്തിന്റെ (Outcome Based Education) മാതൃകയിൽ പരിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. നവീകരിച്ച ബ്ലൂംസ് ടാക്സോണമി പ്രകാരം വിദ്യാർത്ഥികളുടെ മൂല്യനിർണ്ണയം മികച്ചരീതിയിൽ നടന്നുവരുന്നു.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല:

മാനവിക വിഷയങ്ങളിൽ ഗവേഷണം നടത്തുന്നതിനായി യു.ജി.സി.-യുടെ STRIDE പ്രോജക്ട് നടപ്പിലാക്കിവരുന്നു. ഓൺലൈൻ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനായി Moodle അടിസ്ഥാനമാക്കിയുള്ള LMS (Learning Management System) ഉപയോഗപ്പെടുത്തുന്നു.

എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല :

ബി.ടെക് മൈനർ ബിരുദം ആരംഭിച്ചതുവഴി ഏതു സാങ്കേതികശാഖയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു ശാഖകളിലെ നവീനമായ വിഷയങ്ങൾ പഠിക്കുവാൻ അവസരം ലഭിക്കുന്നതാണ്.

കാലിക്കറ്റ് സർവ്വകലാശാല:

സർവ്വകലാശാലകളിലെ ബിരുദ ബിരുദാനന്തര കോഴ്സുകളുടെ നിലവാരം ഉയർത്താൻ പാഠ്യപദ്ധതിയിൽ കാലോചിതമായ മാറ്റങ്ങൾ വരുത്തിക്കൊണ്ടിരിക്കുന്നുണ്ട്. വിജ്ഞാന വർദ്ധനവും തൊഴിൽ സാദ്ധ്യതയും ലക്ഷ്യമാക്കി കാലിക പ്രാധാന്യമുള്ള നൂതന ബി.വോക്. കോഴ്സുകളും ബി.എസ്‌സി., ഫോറൻസിക് സയൻസ്, ബി.എ. ക്രിമിനോളജി ആൻഡ് പോലീസ് സയൻസ് എന്നീ ബിരുദ ബിരുദാനന്തര കോഴ്സുകളും സർവ്വകലാശാല നടത്തുന്നുണ്ട്. കാലോചിതമായ മാറ്റങ്ങൾ ഉൾക്കൊണ്ടുകൊണ്ട് നവീന വിഷയങ്ങളിൽ ഡബിൾ മെയിൻ പ്രോഗ്രാമുകളും അഞ്ചുവർഷ ഇന്റഗ്രേറ്റഡ് പ്രോഗ്രാമുകളും ആരംഭിക്കുകയും ട്രിപ്പിൾ മെയിൻ പ്രോഗ്രാമുകൾ തുടങ്ങുന്നതിനായി റെഗുലേഷൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയും ചെയ്യുന്നുണ്ട്. കൂടാതെ, SWAYAM പദ്ധതിയുടെ ഭാഗമായി മാസ്സിവ് ഓപ്പൺ ഓൺലൈൻ കോഴ്സുകളും നടപ്പാക്കിയിട്ടുണ്ട്.

(ബി) ലോകത്തെ മികച്ച സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും ബന്ധം വ്യാപിപ്പിക്കാൻ എന്തെങ്കിലും പദ്ധതിയുണ്ടോയെന്ന് അറിയിക്കാമോ?

കേരള സർവ്വകലാശാല: മീറ്റ് ദി സ്കോളർ, ട്രാവൽ ത്രൂ നോബൽ വിന്നേഴ്സ് എന്നീ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ മറ്റു സർവ്വകലാശാലകളുമായി ബന്ധം സ്ഥാപിക്കുന്നതിന് സെന്റർ ഫോർ ഗ്ലോബൽ അക്കാഡമിക്സും മറ്റ് ഗവേഷണ സ്ഥാപനങ്ങളുമായി ബന്ധം സ്ഥാപിക്കുന്നതിന് സെന്റർ ഫോർ അക്കാഡമിക്സ് ആന്റ് ഇൻഡസ്ട്രിയൽ കൊളാബറേഷനും കേരള സർവ്വകലാശാലയുടെ കീഴിൽ പ്രവർത്തിച്ചുവരുന്നു.

മഹാത്മാഗാന്ധി സർവ്വകലാശാല:

ESSO- National Centre for Antarctic and Ocean Research-മായി സഹകരിച്ച് ഇന്ത്യ ആർട്ടിക് എക്സ്പെഡിഷൻ പ്രോഗ്രാമിൽ സ്കൂൾ ഓഫ് എൻവയോൺമെന്റൽ സയൻസസ് പ്രവർത്തിക്കുന്നു. ടി പദ്ധതിയുമായി ബന്ധപ്പെട്ട് International Centre for Polar Studies സ്ഥാപിച്ചിട്ടുണ്ട്. International and Inter University Centre for Nano science and Nanotechnology-യിൽ ഇൻഡോ റഷ്യൻ ഗവേഷണപദ്ധതി പ്രവർത്തിക്കുന്നുണ്ട്. Shastri Indo Canadian Institute-ൽ അംഗത്വം നേടുകയും അതുവഴി സർവ്വകലാശാലയിലെ വിദ്യാർത്ഥികളെ അവരുടെ പഠനത്തിന്റെ ഭാഗമായി Canada-യിലേയ്ക്കയയ്ക്കാൻ സൗകര്യം ഒരുക്കുകയും ചെയ്തു. അസോസിയേഷൻ ഓഫ് കോമൺ വെൽത്ത് യൂണിവേഴ്സിറ്റീസ്, ഇന്റർനാഷണൽ അസോസിയേഷൻ ഓഫ് യൂണിവേഴ്സിറ്റീസ് എന്നീ സംഘടനകളിൽ അംഗത്വം നേടുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല :

സർവ്വകലാശാല ഏർപ്പെടുത്തിയ ചാൻസലേഴ്സ് ചെയർ എന്ന പദ്ധതി പ്രകാരം വിദേശ സർവ്വകലാശാലകളിലെ പ്രഗത്ഭരായ അധ്യാപകരെ CUSAT-ൽ ക്ലാസെടുക്കാൻ ക്ഷണിക്കുന്നുണ്ട്.

തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല:

ജർമ്മനിയിലെ തുബിംഗൻ സർവ്വകലാശാലയുടെ സഹകരണത്തോടെ തുബിംഗൻ സർവ്വകലാശാലയിൽ ഗുണ്ടർട്ട് ചെയർ സ്ഥാപിക്കുകയും അക്കാദമിക-വിദ്യാർത്ഥി വിനിമയ പരിപാടികൾ നടത്തുകയും ചെയ്യുന്നുണ്ട്. കാലിക്കറ്റ് സർവ്വകലാശാല: ധാരണാ പത്രങ്ങൾ (MoU) പ്രകാരം ബന്ധം സ്ഥാപിക്കാറുണ്ട്.

1. Sao Paulo University, Brazil-ഉം Department of Zoology, University of Calicut-ഉം തമ്മിലുള്ള MoU പ്രകാരം സ്റ്റുഡന്റ് എക്സ്ചേഞ്ച് പ്രോഗ്രാം നടക്കുന്നുണ്ട്.

2. Stamford International University, Bangkok-ഉം University of Calicut-ഉം തമ്മിലുള്ള MoU പ്രകാരം ബന്ധം സ്ഥാപിച്ച് ഉത്തരവ് ഇറക്കിയിട്ടുണ്ട്.

(സി) ലോക റാങ്കിംഗിൽ മുന്നിലുള്ള ദേശീയ-അന്തർദ്ദേശീയ സർവ്വകലാശാല കളുമായി ട്രെയിനിംഗ് പ്രോഗ്രാമിന് സാങ്കേതികശാസ്ത്ര സർവ്വകലാശാല ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഈ മാതൃക മറ്റ് സർവ്വകലാശാലകൾ കൂടി പിന്തുടരുമോയെന്ന് വ്യക്തമാക്കാമോ?

സാങ്കേതിക സർവ്വകലാശാല വിദേശ സർവ്വകലാശാലകളുമായി ചേർന്ന് പഠനം സാധ്യമാക്കുന്നതിനായുള്ള കൊളാബറേഷൻ ആൻഡ് ട്വിന്നിങ് പ്രോഗ്രാമിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾക്ക് അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ പുരോഗമി ക്കുകയാണ്. വിവിധ പഠന ശാഖകളിൽ സ്കൂളുകൾ തുടങ്ങാനുള്ള നടപടികൾ പൂർത്തിയാകുന്നമുറയ്ക്ക് ദേശീയ/അന്തർദ്ദേശീയ സർവ്വകലാശാലകളുമായും ഗവേഷണ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കാൻ നടപടികൾ സ്വീകരിക്കുന്നതാണ്. സംസ്ഥാനത്തെ മറ്റു സർവകലാശാലകൾ ഗവേഷണ/അക്കാദമിക മേഖലകളിൽ വിവിധ അന്തർദേശീയ സർവകലാശാലകളുമായി ധാരണാപത്രം ഒപ്പുവയ്ക്കുകയും നോബൽ സമ്മാനജേതാക്കളടക്കമുള്ള പ്രമുഖരെ ഉൾപ്പെടുത്തി സ്കോളർ ഇൻ റസിഡൻസ്, എറുഡൈറ്റ് പ്രോഗ്രാമുകൾ നടത്തിവരികയും ചെയ്യുന്നു.

(ഡി) ദേശീയ-അന്തർദ്ദേശീയ തലത്തിൽ പ്രഗത്ഭരായ അക്കാഡമീഷ്യൻമാരുടെ ജ്ഞാനവും അനുഭവവും സംസ്ഥാനത്തെ വിദ്യാർത്ഥികൾക്ക് പ്രചോദനമാകുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ള എറൈസ് എത്ര മാത്രം ഫലപ്രദമായിട്ടുണ്ടെന്ന് അറിയിക്കാമോ?

കോളേജ് വിദ്യാഭ്യാസ വകുപ്പിന്റെ Online Resources Initiatives of Collegiate Education (ORICE) പദ്ധതി മുഖേന ദേശീയ/അന്തർദേശീയ തലത്തിൽ പ്രഗത്ഭരായ അക്കാഡമീഷ്യന്മാരെ കേരളത്തിലെ ഉന്നത വിദ്യാഭ്യാസ വകുപ്പുമായോ, സ്ഥാപനങ്ങളുമായോ ബന്ധപ്പെടുത്തി അവരുടെ അറിവും അനുഭവജ്ഞാനവും എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കും ഒരേ സമയം എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. വീഡിയോ കോൺഫറൻസിംഗ് സൗകര്യമുള്ള കോളേജുകളിൽ ടു വേ കമ്മ്യൂണി ക്കേഷനിലൂടെയും മറ്റ് സ്ഥാപനങ്ങളിൽ ലൈവ് സ്ട്രീമിംഗ് മുഖാന്തരവും ഓൺലൈൻ ക്ലാസുകൾ നടത്തിവരുന്നുണ്ട്.

**ജലഗതാഗത സർവ്വീസുകൾ**

20 (*260) ശ്രീ. എം. രാജഗോപാലൻ:
ശ്രീ. എം. മുകേഷ്:
ശ്രീ. എച്ച്. സലാം:
ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് ജലഗതാഗത വകുപ്പ് ബോട്ട് സർവ്വീസ് നടത്തുന്നതെന്ന് അറിയിക്കാമോ?

കേരളത്തിലെ കൊല്ലം, ആലപ്പുഴ, കോട്ടയം, എറണാകുളം, കണ്ണൂർ, കാസർഗോഡ് എന്നീ ആറ് ജില്ലകളിൽ സംസ്ഥാന ജലഗതാഗത വകുപ്പ് സർവ്വീസുകൾ നടത്തി വരുന്നു. മറ്റ് ഗതാഗത സംവിധാനങ്ങൾ ഒന്നുംതന്നെയില്ലാത്ത മേഖലകൾ കേന്ദ്രീകരിച്ചാണ് വകുപ്പ് നിലവിൽ സർവ്വീസുകൾ നടത്തിവരുന്നത്. പാസഞ്ചർ സർവ്വീസുകൾക്കുപുറമേ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകളും വകുപ്പ് നടത്തുന്നുണ്ട്. വകുപ്പിന്റെ പ്രവർത്തനങ്ങൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി മറ്റ് ജില്ലകളിൽക്കൂടി സർവ്വീസുകൾ ആരംഭിക്കുന്നതിനുള്ള പഠനങ്ങൾ നടന്നുവരുന്നു.

(ബി) കോവിഡുമൂലം നിർത്തിവച്ച ബോട്ട് സർവ്വീസുകൾ പുനരാരംഭിക്കുന്നതിന് സാധിച്ചിട്ടുണ്ടോ?

കോവിഡുമൂലം നിർത്തിവച്ച സർവ്വീസുകൾ എല്ലാംതന്നെ പൂർണ്ണമായും ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. കോവിഡ് വ്യാപന തോത് പരിശോധിച്ച് അത്യാവശ്യ സർവ്വീസുകൾ നിലനിർത്തിക്കൊണ്ട് തിരക്കുള്ള സമയങ്ങളിൽ കൂടുതൽ സർവ്വീസുകൾ നടത്തിവരുന്നു. യാത്രക്കാരുടെ ആവശ്യത്തിനനുസരിച്ച് സർവ്വീസുകൾ ക്രമപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കോവിഡുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്കായി 24 മണിക്കൂറും പ്രവർത്തിക്കുന്ന 5 റെസ്ക്യൂ ആന്റ് ഡൈവ് ബോട്ടുകൾ എറണാകുളം, പാണാവള്ളി, ആലപ്പുഴ, മുഹമ്മ, വൈക്കം എന്നീ സ്റ്റേഷൻ ഓഫീസുകളിൽ സജ്ജമാക്കിയിട്ടുണ്ട്.

(സി) കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; പ്രസ്തുത റൂട്ടിൽ കൂടുതൽ സർവ്വീസുകൾ ആരംഭിക്കേണ്ടതിന്റെ ആവശ്യകത പരിശോധിക്കുമോ?

കൊല്ലം-ആലപ്പുഴ ബോട്ട് സർവ്വീസ് കോവിഡുമൂലം നിർത്തിവച്ചതാണ്. 85 പേർക്ക് യാത്രചെയ്യാൻ സാധിക്കുന്ന ബോട്ടാണ് വകുപ്പ് ടി സർവ്വീസിനായി ഉപയോഗിക്കുന്നത്. ടൂറിസ്റ്റ് സീസൺ കാലത്ത് എല്ലാ ദിവസവും രാവിലെ 10.30-ന്

ആലപ്പുഴയിൽനിന്നും കൊല്ലത്തേയ്ക്കും കൊല്ലത്തുനിന്നും ആലപ്പുഴയിലേയ്ക്കും എന്ന രീതിയിലാണ് സർവ്വീസുകൾ നടത്തിയിരുന്നത്. നിലവിൽ ടി റൂട്ടിലെ അഷ്ടമുടിക്കായൽ ഉൾപ്പെടെയുള്ള പല സ്ഥലങ്ങളിലും എക്കൽ അടിഞ്ഞിട്ടുള്ളതിനാൽ സർവ്വീസ് കൂടുതൽ കാര്യക്ഷമമായി നടത്തുന്നതിന് കൃത്യമായ ആഴം വർദ്ധിപ്പിക്കൽ ആവശ്യമാണ്. കൂടാതെ തൃക്കുന്നപ്പുഴ പാലം, കോവിൽത്തോട്ടം പാലം, ചവറ തോട് എന്നിവിടങ്ങളിൽ വീതി കൂട്ടേണ്ടതും എയർഡ്രാഫ്റ്റ് വർദ്ധിപ്പിക്കേണ്ടതുമുണ്ട്. തൃക്കുന്നപ്പുഴ ലോക്ക് ഗേറ്റിന്റെ വീതി കൂട്ടുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. മേൽപ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന മുറയ്ക്കും കോവിഡ് നിയന്ത്രണങ്ങളിൽ ഇളവ് വരുന്ന സാഹചര്യത്തിലും സർവ്വീസ് ആരംഭിക്കുന്നതാണ്. യാത്രക്കാരുടെ ആവശ്യകത പരിശോധിച്ച് ടി റൂട്ടിൽ കൂടുതൽ സർവ്വീസുകൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഡി) സ്റ്റോപ്പുകളുടെ എണ്ണം കുറച്ചുകൊണ്ട് ദീർഘദൂര-അതിവേഗ ജലഗതാഗത സർവ്വീസുകൾ ആരംഭിക്കുന്നതിന് ആവശ്യമായ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുമോ?

സ്റ്റോപ്പുകളുടെ എണ്ണം കുറച്ച് വകുപ്പ് നിലവിൽ നടത്തിവരുന്ന ടൂറിസ്റ്റ്-കം-പാസഞ്ചർ സർവ്വീസാണ് സീ-കുട്ടനാട്, വൈക്കം-എറണാകുളം വേഗ 1 സർവ്വീസ്, ആലപ്പുഴ-കുമരകം വേഗ 2 സർവ്വീസ് എന്നിവ. ഇതേപോലെയുള്ള കൂടുതൽ ദീർഘദൂര സർവ്വീസുകൾ നടത്തുന്നത് സംബന്ധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ദേശീയ ജലപാത പ്രയോജനപ്പെടുത്തി കൂടുതൽ ദീർഘദൂര സർവ്വീസുകളും ടൂറിസം സർവ്വീസുകളും നടത്തുന്നത് സംബന്ധിച്ച് വകുപ്പ് പഠനം നടത്തിവരുന്നു.

(ഇ) സർവ്വീസ് ബോട്ടുകൾക്കുണ്ടാകുന്ന അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പരിഹരിക്കുന്നതിന് ഡോക്കുകളിലെ സൗകര്യങ്ങൾ പര്യാപ്തമാണോ; വിശദമാക്കാമോ?

സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ട ഭൗതിക സംവിധാനങ്ങൾ ഡോക്കിൽ ലഭ്യമാണ്. ഏഴ് ബോട്ടുകൾ ഒരേ സമയം കരയ്ക്ക് കയറ്റാനാകുന്ന സ്ലിപ് വേ സംവിധാനം, നാല് ബോട്ടുകൾ കയറ്റാനാകുന്ന ഡ്രൈഡോക്ക് സംവിധാനം എന്നിവ റിപ്പയർ വിഭാഗത്തിന് നിലവിലുണ്ട്. എന്നാൽ വിഭാഗത്തിന് സ്ഥലസൗകര്യത്തിന്റെയും കെട്ടിടങ്ങളുടെയും ജീവനക്കാരുടെ എണ്ണത്തിന്റെയും കാര്യത്തിൽ പരിമിതികളുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ തേവരയിലും പയ്യന്നൂർ മേഖലയിലെ അയിറ്റിയിലും റിപ്പയർ വിഭാഗം പ്രവർത്തിച്ചുവരുന്നു. വകുപ്പ് പുതുതായി ആധുനിക സൗകര്യങ്ങളോടുകൂടിയ സോളാർ ഫൈബർ ബോട്ടുകൾ വാങ്ങിയിട്ടുണ്ടെങ്കിലും ഇതിന്റെ മെയിന്റനൻസിനാവശ്യമായ ഫൈബർ ഫാബ്രിക്കേറ്റർ, ഇലക്ട്രീഷ്യൻ എന്നീ തസ്തികകൾ,

സ്റ്റീൽ ബോട്ടുകളുടെ മേജർ സ്വഭാവമുള്ള റിപ്പയറുകൾ ചെയ്യുന്നതിനാവശ്യമായ വെൽഡർ, ബ്ലാക്ക് സ്മിത്ത് എന്നീ തസ്തികകൾ പരിമിതമാണ്. കാലഹരണപ്പെട്ട ബോട്ടുകളുടെ ഡിസ്പോസൽ നടപടികൾ സങ്കീർണ്ണമായതിനാൽ ബോട്ടുകൾ യഥാസമയം ലേലം ചെയ്തു പോകാത്ത അവസ്ഥയുമുണ്ട്.

**കേരളത്തിലെ പരമ്പരാഗത വിത്തിനങ്ങൾ**

21 (*261) ശ്രീ. എം. വിൻസെന്റ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്ക് അനുസൃതമായ വിളകളുടെ വിത്തിനങ്ങൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദീകരിക്കുമോ?

കൃഷി വകുപ്പിന്റെ Scheme on Biodiversity and Local Germplasm Conservation and Promotion പദ്ധതി പ്രകാരം പരമ്പരാഗത നെൽവിത്തിനങ്ങളും ചെറുധാന്യങ്ങളും കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 10000 രൂപ നിരക്കിൽ ധനസഹായം നൽകിവരുന്നു. ഈ തുകയിൽ നെൽവിത്തിന് 100% സബ്സിഡി അനുവദിച്ചുവരുന്നു. കർഷകർ ഉത്പാദിപ്പിക്കുന്ന പരമ്പരാഗത നെൽവിത്തുകൾ, ഗുണനിലവാര പരിശോധനയ്ക്ക് ശേഷം കിലോയ്ക്ക് 50 രൂപ നിരക്കിൽ കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി സംഭരിച്ച് വിതരണം ചെയ്യുന്നു. കൃഷി വകുപ്പ് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്ക് അനുസൃതമായി നെൽവിത്തിനങ്ങൾ കർഷകർക്ക് വിതരണം ചെയ്യുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. അതിൽ പ്രധാനപ്പെട്ട ഒരു പദ്ധതിയാണ് "ജൈവ വൈവിധ്യ സംരക്ഷണവും വൈവിധ്യവൽക്കരണവും". 2021-2022 സാമ്പത്തിക വർഷം ടി പദ്ധതിക്കായി 25 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. അതിൽ വയനാട് ജില്ലയിലെ നെല്ലിനങ്ങൾ സംരക്ഷിച്ച് കൃഷി ചെയ്യുന്നതിനായി 5 ലക്ഷം രൂപ പ്രത്യേകമായും വകയിരുത്തിയിട്ടുണ്ട്. നാടൻ നെൽ വിത്തിനങ്ങളേയും ചെറുധാന്യങ്ങളുടെ വിത്തിനങ്ങളേയും തിരിച്ചറിഞ്ഞ് അവയുടെ വിത്തുൽപ്പാദനം വർദ്ധിപ്പിച്ച് പ്രസ്തുത ഇനങ്ങളുടെ വ്യാപനം ലക്ഷ്യമാക്കിയാണ് പദ്ധതി നടപ്പിലാക്കുന്നത്. ഈ പദ്ധതിയുടെ ഭാഗമായി വയനാട് മേഖലയിൽ വെളിയൻ, തൊണ്ടി, ചൊമല, മുള്ളൻകൈമ, പാൽതൊണ്ടി, അടുക്കൻ, ചെന്തൊണ്ടി, കരിയടുക്കൻ, ഓർക്കയമ, മണ്ണുവെളിയൻ, ചിറ്റുവെളിയൻ, കല്ലടി

ആര്യൻ, ചെന്നെല്ല്, ജീരകശാല, ഗന്ധകശാല മുതലായ നെൽവിത്തിനങ്ങൾ വ്യാപിപ്പിക്കുന്നതിനുള്ള നടപടികളാണ് സ്വീകരിച്ചുവരുന്നത്. ആലപ്പുഴ ജില്ലയിൽ ചേട്ടിവിരിപ്പ്, പൊക്കാളി, ചേറാടി, മുണ്ടകൻ മുതലായവയും പാലക്കാട് ജില്ലയിൽ തവളക്കണ്ണൻ, ചിറ്റേനി, ചേറാടി, കുഞ്ഞ്കുഞ്ഞ്, രക്തശാലി മുതലായവയുടേയും കൃഷി വ്യാപിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. 2017-18 മുതലാണ് ഈ പദ്ധതി നടപ്പിലാക്കിയത്. പദ്ധതി പ്രകാരം 2017-18-ൽ 410 ഹെക്ടർ സ്ഥലത്തും 2018-19-ൽ 383.52 ഹെക്ടർ സ്ഥലത്തും 2019-20-ൽ 392.184 ഹെക്ടർ സ്ഥലത്തും 2020-21-ൽ 248 ഹെക്ടർ സ്ഥലത്തും പരമ്പരാഗത/നാടൻ നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കി. കൂടാതെ നെൽ കൃഷി വികസന പദ്ധതിയുടെ ഭാഗമായുള്ള "പ്രത്യേക നെല്ലിനങ്ങൾക്കുള്ള ധനസഹായം" എന്ന ഘടകം പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് ഹെക്ടറിന് 10,000 രൂപ എന്ന നിരക്കിൽ ആനുകൂല്യം നൽകുന്നുണ്ട്. ഈ സാമ്പത്തിക വർഷത്തിൽ 500 ഹെക്ടർ സ്ഥലത്തേയ്ക്കായി 50 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, ബസ്മതി അരി മുതലായ ഇനങ്ങളാണ് ടി പദ്ധതി പ്രകാരം കൃഷി ചെയ്തുവരുന്നത്. അടിസ്ഥാന സൗകര്യം ഉൾപ്പെടെയുള്ള നെൽ കൃഷിയുടെ വികസനത്തിനായി "കരി, കൈപ്പാട്, പൊക്കാളി എന്നീ പരമ്പരാഗത നെൽകൃഷി മേഖലകൾക്കുള്ള പ്രത്യേക ധനസഹായം" എന്ന ഘടക പദ്ധതി പ്രകാരം 136 ലക്ഷം രൂപ 2020-21-ൽ വകയിരുത്തിയിട്ടുണ്ട്. പരമ്പരാഗത പച്ചക്കറി വിത്തിനങ്ങളുടെ ഉല്പാദനത്തിനും പ്രചരണത്തിനുമായി 'പച്ചക്കറി വികസന പദ്ധതി'യിൽ ഉൾപ്പെടുത്തി പ്രത്യേക ഘടകം ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഓരോ പ്രദേശത്തെയും പ്രാധാന്യമുള്ള പച്ചക്കറി ഇനങ്ങൾ (ആനക്കൊമ്പൻ വെണ്ട, അഞ്ചൽ പയർ, പുള്ളി പയർ, വേങ്ങേരി വഴുതന, മലപ്പുണ്ട് വെളുത്തുള്ളി, ഓണക്കൂർ പാവൽ, ഇടയൂർ മുളക്, കാഞ്ഞങ്ങാട് ലോക്കൽ പയർ തുടങ്ങിയവ) കൃഷി ചെയ്യുന്നതിന് ഹെക്ടറൊന്നിന് 25,000 രൂപ അധിക ധനസഹായമായി നൽകിവരുന്നു. ഇതിലേയ്ക്കാവശ്യമായ വിത്തുകൾ പരമ്പരാഗത കർഷകരിൽനിന്നും സ്വരൂപിച്ച് കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 സാമ്പത്തിക വർഷത്തിൽ ഇപ്രകാരം 80 ഹെക്ടർ സ്ഥലത്ത് ഓരോ പ്രദേശത്തിന്റെയും പ്രത്യേകതകൾക്ക് അനുസൃതമായ പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിനായുള്ള പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 20 ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. കൂടാതെ പ്രാദേശികമായി പ്രചാരത്തിലുള്ള പരമ്പരാഗത പച്ചക്കറി വിത്തിനങ്ങൾ ക്ലസ്റ്റർ ഗ്രൂപ്പ്, ഇക്കോ ഷോപ്പ് എന്നിവിടങ്ങൾ വഴി കൃഷിക്കാർക്ക് വിതരണം ചെയ്തുവരുന്നു. ഇതിനുപുറമേ വി.എഫ്.പി.സി.കെ. വഴി കേരളത്തിന്റെ കാലാവസ്ഥയ്ക്കനുയോജ്യമായ 17-ഓളം പച്ചക്കറി വിത്തിനങ്ങൾ പാലക്കാട് ജില്ലയിലെ വി.എഫ്.പി.സി.കെ. വിത്തു സംസ്കരണ കേന്ദ്രത്തിന്

കീഴിലുള്ള 106 വിത്തുല്പാദക കർഷകർ മുഖേന ഉല്പാദിപ്പിച്ച് വിതരണം ചെയ്തു വരുന്നു. കൂടാതെ ഓരോ പ്രദേശത്തേയും തെരഞ്ഞെടുത്ത 10 ഇനം നാടൻ പരമ്പരാഗത വിത്തിനങ്ങളും അതാത് ജില്ലകളിൽ വിത്തുല്പാദനം നടത്തി ചെറിയ തോതിൽ വിതരണം ചെയ്തുവരുന്നു. 2020-21 സാമ്പത്തിക വർഷം 1.53 ടൺ നാടൻ വിത്തുകൾ ഉല്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

(ബി) പരമ്പരാഗതമായ കൃഷി അറിവ് പരിപോഷിപ്പിക്കുന്നതിനും വിത്തുകളുടെ സംരക്ഷണത്തിനും പദ്ധതിയുണ്ടോ; വിശദീകരിക്കുമോ?

പരമ്പരാഗത നെല്ല്, പച്ചക്കറി, ചെറുധാന്യ വിളകളുടെ ശേഖരവും സംരക്ഷണവും കേരള കാർഷിക സർവകലാശാല വിത്ത് ശാസ്ത്ര സാങ്കേതിക വിഭാഗത്തിൽ നടപ്പിലാക്കിവരുന്നു. 52 വിളകളിലായി 3872 ഇനങ്ങൾ കാർഷിക സർവ്വകലാശാലയുടെ വിവിധ കേന്ദ്രങ്ങളിൽ സംരക്ഷിച്ചുവരുന്നു. കൂടാതെ വെള്ളാനിക്കര കാർഷിക കോളേജിൽ പ്രധാന ഇനങ്ങളുടെ വിത്തുകൾ ദീർഘകാലം ശീതീകരിച്ച് സൂക്ഷിക്കുന്നതിനുള്ള പദ്ധതി 25-1-2021-ന് ഉദ്ഘാടനം ചെയ്യപ്പെട്ടു. 50,000 ഇനം വിത്തുകൾ സൂക്ഷിക്കുവാനുള്ള സംവിധാനം തയ്യാറായിട്ടുണ്ട്. നാനൂറോളം പരമ്പരാഗത നെല്ലിനങ്ങളും 150-ഓളം മറ്റു വിളകളുടെ ഇനങ്ങളും ഇവിടെ സൂക്ഷിക്കുകയും കർഷകർക്ക് കൈമാറ്റം ചെയ്തുവരികയും ചെയ്യുന്നു. കൂടുതൽ ഇനങ്ങളുടെ വിത്തുകൾ ശേഖരിക്കുവാനുള്ള നടപടികൾ പുരോഗമിക്കുന്നു. കേരളത്തിലെ കാർഷിക വിളകളുടെ ലഭ്യമായ ജനിതക സമ്പത്ത് സംരക്ഷിക്കുക, ഇപ്പോൾ പ്രചാരത്തിലില്ലാത്ത ഇനങ്ങളുടെ കൃഷി പ്രോത്സാഹിപ്പിക്കുക, വൈജ്ഞാനിക ജനിതക സമ്പത്തിന്റെ ഉടമസ്ഥാവകാശം ഉറപ്പാക്കാനുള്ള സംവിധാനം സൃഷ്ടിക്കുക എന്നീ ലക്ഷ്യങ്ങളോടെ കേരള കാർഷിക സർവ്വകലാശാലയിൽ സംസ്ഥാന സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കുന്ന വിളജനിതക വൈവിധ്യ സംരക്ഷണ പദ്ധതി ഉദ്ഘാടനം ചെയ്യപ്പെട്ടിട്ടുണ്ട്. ഈ പദ്ധതിയിൻ കീഴിൽ കേരളത്തിലെ തനത് വിളകളുടെ ജനിതക സമ്പത്ത് സംരക്ഷിക്കുക എന്ന ലക്ഷ്യത്തോടെ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയ 'Seed Gene Bank' അഥവാ വിത്ത് ജീൻ ബാങ്കിന്റെ നിർമ്മാണം 2021 ജനുവരി 25-ന് പൂർത്തിയായി. അമ്പതിനായിരത്തോളം ശേഖരണങ്ങൾ 25 മുതൽ 30 വർഷക്കാലം വരെ സംഭരിച്ചുവെക്കാനുതകുന്ന മീഡിയം ടേം സ്റ്റോറേജ് വാൾട്ടോടുകൂടിയ (Medium Term Storage Vault) ജീൻ ബാങ്കാണ് രൂപകൽപ്പന ചെയ്തിട്ടുള്ളത്. നിലവിൽ ലഭ്യമായിട്ടുള്ള നാനൂറിൽപ്പരം പരമ്പരാഗത നെല്ലിനങ്ങളിൽ ചെമ്പാവ്, ചീര, തവളക്കണ്ണൻ, പൊന്നാര്യൻ, കുറവ, പ്രത്യേകതരം നെല്ലിനമായ നവര എന്നിവ കൃഷിയാവശ്യത്തിനും വിത്തുൽപ്പാദനത്തിനുമായി കർഷകർക്ക് വിതരണം ചെയ്തിട്ടുണ്ട്. വിവിധ പയറിനങ്ങളും പോഷകാഹാരഗുണങ്ങളുള്ള ചെറുധാന്യവർഗ്ഗങ്ങളും ഘട്ടംഘട്ടമായി വിതരണം ചെയ്തിട്ടുണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക നേതൃത്വത്തിൽ

തെരഞ്ഞെടുത്ത കൃഷിഭവനുകളും തദ്ദേശഭരണ സ്ഥാപനങ്ങളും ചേർന്ന് നടപ്പിലാക്കുന്ന 'വിത്ത് ഗ്രാമ' പദ്ധതിയിലൂടെ പരമ്പരാഗത വിളയിനങ്ങളുടെയും ഇപ്പോൾ പ്രചാരത്തിലില്ലാത്ത ഇനങ്ങളുടെയും സംരക്ഷണവും വിത്തുൽപ്പാദനവും കർഷകർ മുഖേന നടന്നുവരികയാണ്. മാടക്കത്തറ, കുട്ടനാട്, കണ്ണൂർ എന്നീ ഗ്രാമപഞ്ചായത്തിൽ ഈ പരിപാടി പ്രാവർത്തികമാക്കി. പൊക്കാളി ഇനങ്ങളുടെ വിത്തുല്പാദനം 2021-ലെ വിരിപ്പ് സീസൺ മുതൽ എറണാകുളം ജില്ലയിൽ പള്ളിപ്പുറം പൊക്കാളി നിലങ്ങളിൽ ഇപ്പോൾ കൃഷി ചെയ്തുവരികയാണ്. കൂടാതെ പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി പരമ്പരാഗത പച്ചക്കറി കൃഷിയിനങ്ങൾ ക്ലസ്റ്റർ അടിസ്ഥാനത്തിൽ കൃഷി ചെയ്യുമ്പോൾ ആ ക്ലസ്റ്ററിലെ മറ്റു കൃഷിക്കാർക്ക് പ്രായോഗികമായ അറിവ് പകർന്നു നൽകാൻ സാധിക്കുന്നു. പരമ്പരാഗത പച്ചക്കറി ഇനങ്ങൾ കൃഷി ചെയ്യുന്നതിന് പ്രോത്സാഹനം നൽകുന്നതിലൂടെ ഓരോ പ്രദേശത്തേയും പരമ്പരാഗത ഇനങ്ങൾ അന്യംനിന്നുപോകാതെ സംരക്ഷിക്കുവാനും സാധ്യമാകുന്നു.

(സി) സംസ്ഥാനത്ത് കൃഷി വകുപ്പ് നൽകുന്ന വിത്തുകളുടെ ഗുണനിലവാരം ഉറപ്പുവരുത്താൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

പരമ്പരാഗത നെൽവിത്ത് കൃഷി ചെയ്തുവരുന്ന കർഷകരുടെ പക്കൽനിന്നും അവർ ഉത്പാദിപ്പിച്ച നെൽവിത്തിന്റെ സാമ്പിളുകൾ സീഡ് ഇൻസ്പെക്ടർ വിത്ത് പരിശോധന ലാബിൽ പരിശോധനയ്ക്കയയ്ക്കുകയും ഗുണനിലവാരമുള്ള നെൽവിത്ത് "'ട്രൂത്ത് ഫുള്ളി ലേബൽഡ്" വിത്തായി സംഭരിക്കുകയും ചെയ്യുന്നു. കേരള കാർഷിക സർവകലാശാലയിൽ നിന്നും ലഭ്യമാക്കുന്ന ബ്രീഡർ നെൽ വിത്ത് കൃഷി വകുപ്പിലെ 33 സംസ്ഥാന വിത്തുല്പാദന കേന്ദ്രങ്ങൾക്ക് നൽകി ഫൗണ്ടേഷൻ സീഡ് ഉത്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖേന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത കർഷകർക്ക് നൽകുന്നു. പ്രസ്തുത വിത്ത് ഉപയോഗിച്ച് കർഷകർ സെർട്ടിഫൈഡ് നെൽവിത്ത് ഉത്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് തിരികെ നൽകുകയാണ് ചെയ്യുന്നത്. പദ്ധതി പ്രകാരം വിത്തുല്പാദനത്തിലെ വിവിധ ഘട്ടങ്ങളിൽ ശാസ്ത്രീയമായ കൃഷി രീതികൾ (കളമാറ്റൽ, മറ്റിനം നെൽച്ചെടികൾ നശിപ്പിക്കൽ/കീടരോഗ നിയന്ത്രണം) എന്നിവ സീഡ് ഇൻസ്പെക്ടർ, കൃഷി ഓഫീസർ എന്നിവരുടെ കർശന നിരീക്ഷണത്തിലും മേൽനോട്ടത്തിലും നടത്തിവരുന്നു. നിലവിൽ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരാണ് സീഡ് ഇൻസ്പെക്ടർമാരായി പ്രവർത്തിച്ചുവരുന്നത്. കർഷകർ ഉല്പാദിപ്പിക്കുന്ന വിത്ത്, നെല്ലിന്റെ 3 പ്രധാനപ്പെട്ട വളർച്ചാ ഘട്ടങ്ങളിൽ (ചിനപ്പ് പൊട്ടൽ, അടിക്കണപ്പരുവം, നെല്ലിന്റെ പാൽപ്പരുവം) ബ്ലോക്ക് തലത്തിലെ സീഡ് ഇൻസ്പെക്ടർമാരായ കൃഷി അസ്സിസ്റ്റന്റ് ഡയറക്ടർമാർ സ്ഥല പരിശോധനയിലൂടെ

ഗുണനിലവാരം ഉറപ്പുവരുത്തുകയും കൊയ്ത്തു കഴിഞ്ഞ് വിത്ത് സാമ്പിളെടുത്ത് വിത്ത് പരിശോധന ലാബിൽ അയയ്ക്കുകയും ചെയ്യുന്നു. സംസ്ഥാനത്ത് 3 വിത്ത് പരിശോധനാ ലാബുകൾ പ്രവർത്തിച്ചുവരുന്നു; തുടർന്ന് വിത്ത് പരിശോധന ലാബുകളിൽ നിന്ന് ലഭിക്കുന്ന ഫലങ്ങളുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കേഷൻ ഏജൻസിയായുള്ള കൃഷി ഡയറക്ടറേറ്റിലെ അഡീഷണൽ ഡയറക്ടർ (സി.പി) സീഡ് സർട്ടിഫിക്കറ്റ് നൽകുന്നു. ഇപ്രകാരം സർട്ടിഫൈ ചെയ്ത ഗുണനിലവാരമുള്ള നെൽവിത്ത് കർഷകരിൽ നിന്നും സംഭരിച്ച് ആവശ്യാനുസരണം കൃഷി ഭവൻ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നു. തെങ്ങിൻ തൈ നഴ്സറികളിൽ നിന്നും ഗുണമേൻമയുള്ള നാടൻ, കുറിയ ഇനം, സങ്കരയിനം തെങ്ങിൻ തൈകൾ കോക്കനട്ട് മാന്വൽ പ്രകാരം ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നു. നെൽവിത്തുകൾ ഉൾപ്പെടെയുള്ള എല്ലാ വിത്തിനങ്ങളും പരിശോധിച്ച് ഗുണമേന്മ ഉറപ്പുവരുത്തുന്നതിനായി കേരളത്തിൽ 3 വിത്ത് പരിശോധന ലബോറട്ടറികൾ പ്രവർത്തിക്കുന്നു. ഇതിൽ 2 ലാബുകൾ കൃഷി വകുപ്പിന് കീഴിലും ഒരെണ്ണം കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുമാണ് പ്രവർത്തിക്കുന്നത്. കൃഷി വകുപ്പിന്റെ ഫാമുകളിൽ ഉത്പാദിപ്പിച്ചതും വി.എഫ്.പി.സി.കെ ലഭ്യമാക്കുന്നതുമായ പച്ചക്കറി വിത്തുകളാണ് സംസ്ഥാനത്ത് കൃഷി വകുപ്പ് വിതരണം നടത്തുന്നത്. വി.എഫ്.പി.സി.കെ.-യുടെ പാലക്കാട് ആലത്തൂരിൽ പ്രവർത്തിക്കുന്ന വിത്ത് സംസ്കരണ ശാലയോടനുബന്ധിച്ച് വിത്തുൽപ്പാദനത്തിൽ പ്രത്യേക പരിശീലനം ലഭിച്ച വിത്തുൽപ്പാദക കർഷകരാണ് പച്ചക്കറി വിത്തുകൾ ഉൽപ്പാദിപ്പിക്കുന്നത്. ഇതിനാവശ്യമായ ബ്രീഡർ സീഡ് കേരള കാർഷിക സർവ്വകലാശാല, IIHR, ബംഗ്ളൂരു തുടങ്ങിയ സ്ഥാപനങ്ങളിൽ നിന്നാണ് ലഭ്യമാക്കുന്നത്. വിത്തുകളുടെ ശുദ്ധതയും, ഈർപ്പവും, അങ്കുരണശേഷിയും വിത്ത് പരിശോധനാ ലാബുകളിൽ പരിശോധിച്ചതിന് ശേഷമാണ് പച്ചക്കറി വിത്തുകൾ വിതരണം നടത്തുന്നത്.

(ഡി) പ്രൊട്ടക്ഷൻ ഓഫ് പ്ലാന്റ് വെറൈറ്റി ആന്റ് ഫാർമേഴ്സ് റൈറ്റ്സ് ആക്ട്, 2001 കർഷകർക്ക് നൽകുന്ന അവകാശങ്ങൾ കവർന്നെടുക്കുന്ന കേന്ദ്ര സർക്കാരിന്റെ സീഡ് ബില്ലിനെതിരെ പ്രതിഷേധം അറിയിച്ചിരുന്നോ; വ്യക്തമാക്കാമോ?

കേന്ദ്ര സർക്കാരിന്റെ 1966 -ലെ വിത്ത് ആക്ടിന് പകരമായി വിത്ത് ബിൽ 2004 തയ്യാറാക്കിയെങ്കിലും പ്രാബല്യത്തിൽ വന്നില്ല. തുടർന്ന് കൃഷി മന്ത്രാലയം വിത്ത് ബില്ല് 2019-ന്റെ കരട് പ്രസിദ്ധീകരിക്കുകയാണ് ചെയ്തിട്ടുള്ളത്. ടി കരട് ബില്ലിനെതിരെ വ്യാപക പ്രതിഷേധം ഉയർന്ന സാഹചര്യത്തിൽ ടി ബില്ലും ഇതുവരെ നിയമമായി പ്രാബല്യത്തിൽ വന്നിട്ടില്ല.

## സാങ്കേതിക വിദ്യാഭ്യാസ രംഗത്തെ നവീകരണം

22 (*262) ശ്രീ. പി. പി. സുമോദ്:
ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ:
ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) വിജ്ഞാന സമ്പദ്ഘടനയിലേയ്ക്ക് സംസ്ഥാനത്തിന്റെ സാമ്പത്തിക അടിത്തറ പരിവർത്തനം ചെയ്യുകയെന്ന നയത്തിനനസൃതമായി ഉന്നത, സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നടത്താനുദ്ദേശിക്കുന്ന നവീകരണങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

ഉന്നത സാങ്കേതിക വിദ്യാഭ്യാസ രംഗത്ത് നടത്തിവരുന്ന നവീകരണങ്ങളും അതോടൊപ്പം ഒരു ഇന്നൊവേഷൻ സമൂഹമായി വരണമെന്ന് ലക്ഷ്യമിട്ടുകൊണ്ടും സർക്കാർ/എയ്ഡഡ് എഞ്ചിനീയറിംഗ് കോളേജുകളിലും പോളിടെക്നിക്ക് കോളേജുകളിലും നൂതന ആശയങ്ങൾ ടെക്നോളജി ഇൻക്യുബേഷൻ സെന്ററുകൾ വഴി നടപ്പിലാക്കപ്പെട്ടുവരുന്നു. സെന്റർ ഫോർ എക്സലൻസ് ഇൻ ഡിസെബിലിറ്റി സ്റ്റഡീസ് മുഖേന വിദ്യാർത്ഥികൾക്ക് ഗവേഷണ സഹായം, Skill Development പരിശീലന പരിപാടികൾ, Industrial Institute Interaction Cell വഴി വിദഗ്ധരെക്കൊണ്ട് നൂതന അറിവുകൾ വിദ്യാർത്ഥികൾക്ക് ലഭ്യമാക്കുന്നുണ്ട്. ഇതുവഴി വിവര സാങ്കേതിക മേഖലയിൽ തൊഴിൽ ലഭിക്കുവാൻ അവരെ പ്രാപ്തരാക്കുന്നു. വിദ്യാർത്ഥികളിൽ നിന്നും യുവസംരംഭകരെ വാർത്തെടുക്കുന്നതിനായി കേരള സ്റ്റാർട്ട് അപ്പ് മിഷനുമായി സഹകരിച്ച് പരിശീലന പരിപാടികൾ നടപ്പിലാക്കിയിട്ടുണ്ട്. എഞ്ചിനീയറിംഗ് കോളേജുകളിൽ സാങ്കേതിക വിദ്യാഭ്യാസ ഗുണമേൻമ വർദ്ധന പരിപാടിയായ TEQIP-ലൂടെ പഠന നിലവാരം മെച്ചപ്പെടുത്തുവാനും തൊഴിൽ സാധ്യത വർദ്ധിപ്പിക്കുവാനും സാധിക്കുന്നു. കൂടാതെ എല്ലാ എഞ്ചിനീയറിംഗ് കോളേജുകളിലും തൊഴിലില്ലാത്തവർക്കും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികളെ ലക്ഷ്യമിട്ട് ASDP എന്ന പദ്ധതി നടത്തിവരുന്നു. കൂടാതെ YIP (Young Innovator's Programme) വഴി വിദ്യാർത്ഥികളുടെ നൂതന ആശയങ്ങൾ നടപ്പിലാക്കിവരുന്നു.

(ബി) കരിക്കുലം പരിഷ്കരണം ഉൾപ്പെടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനുള്ള നടപടികളെക്കുറിച്ച് അറിയിക്കാമോ?

A.I.C.T.E-യുടെ നിർദ്ദേശാനുസരണം 2019-ൽ ബി.ടെക്-ന്റെ കരിക്കുലം പരിഷ്കരിക്കുകയുണ്ടായി. വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി കരിക്കുലത്തിൽ Honors-ഉം Minor Programme-ഉം ഉൾപ്പെടുത്തി

യിട്ടുണ്ട്. കൂടാതെ, ഈ മേഖലകളിലുണ്ടാകുന്ന പുരോഗതിക്കനുസരിച്ച് elective courses പുതുതായി ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. Multi-disciplinary ആയും cross-disciplinary ആയും ഉള്ള വിഷയങ്ങൾ ഉൾപ്പെടുത്തി കരിക്കുലം ഡിസൈൻ ചെയ്തിരിക്കുന്നതുകൊണ്ട് കുട്ടികൾക്ക് വിവിധ മേഖലകളിൽ ജോലി ലഭിക്കുന്നതിനും ഗവേഷണ ചാതുര്യം വളർത്തുന്നതിനും സഹായകരമാകുന്നു. അക്കാഡമിക് ഓഡിറ്റ് മുഖാന്തരം എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും യൂണിവേഴ്സിറ്റി മിനിമം നിലവാരം ഉറപ്പുവരുത്തുന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്. NBA, NAAC മുതലായ അക്രെഡിറ്റേഷന് കോളേജുകളെ പ്രേരിപ്പിക്കുകയും അതുമൂഖേന അക്കാദമിക നിലവാരം ഉയർത്തുന്നതിനും ശ്രമിക്കുന്നുണ്ട്. ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ പുനഃസംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയത് ഉന്നതവിദ്യാഭ്യാസ കൗൺസിലാണ്. ഈ സമ്പ്രദായം സംസ്ഥാനത്ത് 2009-2010 മുതൽ നടപ്പിലാക്കി തുടങ്ങി. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധസമിതിയുടെ റിപ്പോർട്ട് സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. സർവ്വകലാശാലകളിലെ പരീക്ഷാപരിഷ്കരണം സംബന്ധിച്ച് സംസ്ഥാന ഉന്നതവിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. എൻ.ജെ. റാവു അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടും സർക്കാർ പരിഗണനയിലുണ്ട്.

(സി) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്നും പഠിച്ചിറങ്ങുന്നവർ ഒരു ഇന്നവേഷൻ സമൂഹമായി വരണമെന്നത് ലക്ഷ്യമിടുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

വിവിധ വ്യവസായ സംരംഭങ്ങളിൽ വിദഗ്ദ്ധരെക്കൊണ്ടുള്ള നൂതന അറിവുകൾ വിദ്യാർത്ഥികൾക്ക് ലഭിക്കുന്നതിലേയ്ക്കുവേണ്ടിയുള്ള വിസിറ്റിംഗ് ഫാക്കൽറ്റി സ്കീം, സ്കോളർ സപ്പോർട്ട് സ്കീം, റെമഡിയൽ ക്ലാസ്സ്, അന്തർദേശീയ സെമിനാറുകൾ, ശില്പശാലകൾ, കൊളോക്യങ്ങൾ എന്നിവ സംഘടിപ്പിക്കാറുണ്ട്. കൂടാതെ ക്യാമ്പസ് പ്ലേസ്മെന്റിലൂടെയും SDC സെന്റർ മുഖേനയും തൊഴിൽ ലഭ്യമാക്കുന്നതിനുവേണ്ട നടപടികൾ കൈക്കൊണ്ടുവരുന്നുണ്ട്. അതോടൊപ്പം പ്ലേസ്മെന്റ് സെല്ലുകൾ കാര്യക്ഷമമായി പ്രവർത്തിക്കുന്നുണ്ട്. സർക്കാർ പദ്ധതികളായ ASAP, YIP (Young Innovator's Programme) എന്നിവയിലൂടെ സർക്കാർ വേദി ഒരുക്കുന്നതാണ്. ഈ പദ്ധതികൾക്കായി വിദ്യാർത്ഥികളേയും Facilitators-ഉം mentors-ഉം ആയി ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ കീഴിലുള്ള സ്ഥാപനങ്ങളിൽനിന്നും അദ്ധ്യാപകരെയും പങ്കെടുപ്പിക്കാറുണ്ട്. പാഠ്യപദ്ധതിയിൽ specialization ആയി ഉൾപ്പെടുത്തിയതുവഴി കാലത്തിനനുയോജ്യമായ തരത്തിൽ മുന്നോട്ടുപോകുവാൻ വിദ്യാഭ്യാസ മേഖലയെ

പ്രാപ്തമാക്കിയിട്ടുണ്ട്. 6 പോളിടെക്നിക് കോളേജുകളിൽ ASAP-ന്റെ സഹായത്തോടെയും പാലക്കാട് സർക്കാർ പോളിടെക്നിക് കോളേജിലും 4 സർക്കാർ എഞ്ചിനീയറിംഗ് കോളേജുകളിലും KSUM-ന്റെ സഹായത്തോടെയും മിനി ഫാബ് ലാബുകൾ സ്ഥാപിച്ചിട്ടുണ്ട്.

**അസാപ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ**

23 (*263) ശ്രീ. ലിന്റോ ജോസഫ്:
ശ്രീ. എ. സി. മൊയ്തീൻ:
ശ്രീ. വി. കെ. പ്രശാന്ത്:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അഭ്യസ്തവിദ്യരുടെ തൊഴിൽ ശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ ഡിജിറ്റൽ ഇക്കോണമിയുടെ ഭാഗമാക്കുന്നതിനും അസാപ് മുഖേന നടത്തുന്ന പ്രവർത്തനങ്ങൾ അറിയിക്കാമോ?

സംസ്ഥാനത്തെ അഭ്യസ്തവിദ്യരുടെ തൊഴിൽശേഷി വർദ്ധിപ്പിക്കുന്നതിനും അവരെ ഡിജിറ്റൽ ഇക്കോണമിയുടെ ഭാഗമാക്കുന്നതിനും അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള മുഖാന്തരം അനവധി നൂതന കോഴ്സുകൾ ലഭ്യമാക്കുന്നു. ഈ കോഴ്സുകൾ വിദ്യാർത്ഥികൾക്കും പൊതുജനങ്ങൾക്കും ലഭ്യമാണ്. ആമസോൺ വെബ് സർവീസ് അക്കാഡമി ക്ലൗഡ് ഫൗണ്ടേഷൻ, ആർട്ടിഫിഷ്യൽ ഇന്റലിജൻസ് ആൻഡ് മെഷീൻ ലേണിംഗ്, ഫുൾ സ്റ്റാക്ക് ഡെവലപ്പർ മുതലായ നൂതന വിവര സാങ്കേതിക വിദ്യയിലധിഷ്ഠിതമായ കോഴ്സുകൾ ഇത്തരത്തിൽ ലഭ്യമാണ്. പ്രമുഖ ഇൻഡസ്ട്രികളുടെ പങ്കാളിത്തത്തോടുകൂടി നടത്തപ്പെടുന്ന ഈ കോഴ്സുകൾ പഠിതാക്കളെ ഇൻഡസ്ട്രി നിലവാരത്തിലേയ്ക്കുയർത്തി തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാൻ സഹായിക്കുന്നവയാണ്. കോഴ്സുകളുടെ പേര് അനുബന്ധമായി ചേർക്കുന്നു*.

(ബി) അസാപ് കമ്പനിയാക്കി മാറ്റിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; എങ്കിൽ അതുവഴി ലക്ഷ്യമിടുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

അസാപ്-നെ 22 ജനുവരി 2021-ൽ കമ്പനീസ് ആക്ട് 2013-ലെ സെക്ഷൻ 8 പ്രകാരം അഡീഷണൽ സ്കിൽ അക്വിസിഷൻ പ്രോഗ്രാം കേരള (അസാപ് കേരള) എന്ന പേരിൽ കമ്പനിയായി രജിസ്റ്റർ ചെയ്തു. സംസ്ഥാനത്തെ യുവാക്കൾക്കിടയിലെ തൊഴിലില്ലായ്മയുടെ പ്രതിസന്ധി മറികടക്കുന്നതിനുവേണ്ടി വിവിധ പദ്ധതികൾ

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഏറ്റെടുത്തു നടപ്പിലാക്കുകയാണ് അസാപ് കേരള. വിദ്യാർത്ഥികളിൽ തൊഴിൽ നൈപുണ്യം വളർത്തിയെടുക്കുക വഴി പുതിയ തലമുറയുടെ തൊഴിൽക്ഷമത ഉറപ്പാക്കി, അതുവഴി തൊഴിലില്ലായ്മ എന്ന സാമൂഹിക പ്രശ്നം ഫലപ്രദമായി പരിഹരിക്കുക എന്നതാണ് അസാപ് കേരള എന്ന കമ്പനിയുടെ മുഖ്യലക്ഷ്യം. രാജ്യത്തെ പ്രമുഖ വ്യവസായ/പരിശീലന സ്ഥാപനങ്ങളുമായി ചേർന്ന് പുതിയ തൊഴിൽ മേഖലകൾക്കാവശ്യമായ വിവിധ പരിശീലന പദ്ധതികൾ, ഇംഗ്ലീഷ് ഭാഷ പരിശീലനം, മറ്റിതര വിദേശ ഭാഷ പരിശീലനം എന്നിവ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇതുകൂടാതെ അസാപ്പിന്റെ ഇന്റേൺഷിപ്/പ്ലേസ്മെന്റ് പോർട്ടൽവഴി യോഗ്യരായ വിദ്യാർത്ഥികൾക്ക് തൊഴിൽ ലഭ്യതയ്ക്കുള്ള സഹായവും ചെയ്തുവരുന്നു.

(സി) അധിക വൈദഗ്ദ്ധ്യം ആർജ്ജിക്കുന്ന പദ്ധതി പ്രാവർത്തികമാക്കുന്നതിന് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ടോ; പദ്ധതിയുടെ നിക്ഷേപ പ്രയോജനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കാമോ?

ഉണ്ട്. സ്കൂൾ, കോളേജുകളിലായി 121 സെന്ററുകളും (17 എണ്ണം സർക്കാർ കോളേജുകളിലും 104 എണ്ണം സർക്കാർ ഹയർ സെക്കണ്ടറി സ്കൂളുകളിലും) 99 എഞ്ചിനീയറിംഗ് കോളേജുകൾ, 45 പോളിടെക്നിക്കുകൾ എന്നിവിടങ്ങളിലെ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളും പൊതുജനങ്ങൾക്ക് നൈപുണ്യ പരിശീലനം നൽകുന്നതിനായി 9 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകളും അസാപ് കേരള സ്ഥാപിച്ചിട്ടുണ്ട്. 7 കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾ പുരോഗമിച്ചുവരുന്നു. 45 ഗവൺമെന്റ് പോളിടെക്‌നിക്കുകളിലെ അഡ്വാൻസ്ഡ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകളിൽ, ആറര കോടിയോളം രൂപ ചെലവിൽ CNC ലെയ്ത്ത്, 3D പ്രിന്റർ, ടോട്ടൽ സ്റ്റേഷൻ, ടിഗ് മിഗ് വെൽഡിംഗ്, ഫാബ് ലാബ്, റോബോട്ടിക് കിറ്റ് തുടങ്ങിയ നൂതന സാങ്കേതിക ഉപകരണങ്ങളടങ്ങിയ വ്യാവസായിക ലാബുകൾ തയ്യാറാക്കി ഇൻഡസ്ട്രി ഓൺ ക്യാമ്പസ് എന്ന പദ്ധതി ഈ വർഷം ആരംഭിക്കാനുള്ള പ്രവർത്തനങ്ങൾ പൂർത്തിയായിവരുന്നു. അസാപ് സ്കിൽ ഡെവലപ്മെന്റ് സെന്ററുകൾ വഴി 145 കോഴ്സുകളിലൂടെ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികൾ പരിശീലനം നേടിക്കഴിഞ്ഞു. കമ്മ്യൂണിറ്റി സ്കിൽ പാർക്കുകൾവഴി പൊതുസമൂഹത്തിനും നൈപുണ്യ വികസനത്തിനുള്ള അവസരം നൽകിക്കഴിഞ്ഞു. അസാപ് പരിശീലനം നേടിയ രണ്ട് ലക്ഷത്തിലധികം വിദ്യാർത്ഥികളിൽ Neilson India മുഖാന്തരം നടത്തിയ പഠന റിപ്പോർട്ട് പ്രകാരം, നൈപുണ്യ വികസനം നേടാനും ആത്മവിശ്വാസവും തൊഴിൽ വൈദഗ്ദ്ധ്യവും മെച്ചപ്പെടുത്തുവാനും അസാപ് പരിശീലനംവഴി സാധിച്ചു എന്ന് കാണുന്നു. പഠനത്തിന്റെ ഭാഗമായി അറുപതോളം തൊഴിൽദാതാക്കളുടെ അഭിപ്രായം എടുത്തതിൽ ഭൂരിപക്ഷംപേരും അസാപ് വിദ്യാർത്ഥികളുടെ തൊഴിലിടത്തിലെ സാങ്കേതിക പരിജ്ഞാനത്തിലും നേതൃപാടവത്തിലും സംതൃപ്തി രേഖപ്പെടുത്തി.

## ഉന്നതവിദ്യാഭ്യാസ രംഗത്തെ ഗവേഷണം

24 (*264) ശ്രീ. അൻവർ സാദത്ത്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് ഗവേഷണ വികസന പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികൾ അറിയിക്കാമോ;

&

(ബി) സർവ്വകലാശാലകളിൽ ഗവേഷണ വിദ്യാർത്ഥികൾക്ക് എന്തെങ്കിലും പ്രത്യേക ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നുണ്ടോ?

(എ&ബി) ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളും/സംരംഭങ്ങളും ചുവടെ ചേർക്കുന്നു :

I. കൈരളി ഗവേഷണ പുരസ്കാരങ്ങൾ:

ഗവേഷണരംഗത്ത് മികവ് കാട്ടുന്ന കേരളീയർക്ക് അംഗീകാരവും പ്രോത്സാഹനവും നൽകാൻ സംസ്ഥാന സർക്കാർ ഏർപ്പെടുത്തിയിരിക്കുന്നതാണ് കൈരളി റിസർച്ച് അവാർഡുകൾ. പോസ്റ്റ് ഡോക്ടറൽ ഗവേഷണത്തിൽ ഏർപ്പെട്ടിരിക്കുന്ന വിദ്യാർത്ഥികൾക്കുള്ള കൈരളി ഗവേഷക പുരസ്കാരം, റിസർച്ച് ഫാക്കൽറ്റിക്ക് നൽകുന്ന കൈരളി ഗവേഷണ പുരസ്കാരം, പ്രമുഖ ശാസ്ത്രജ്ഞർക്ക് സമഗ്ര സംഭാവനയ്ക്ക് നൽകുന്ന കൈരളി ലൈഫ് ടൈം അച്ചീവ്മെന്റ് അവാർഡ്, കൈരളി ഗ്ലോബൽ ലൈഫ് ടൈം അച്ചീവ്മെൻറ് അവാർഡ് എന്നിവയാണ് കൈരളി ഗവേഷണ അവാർഡ് ശ്രേണിയിൽ ഉൾപ്പെടുന്ന പുരസ്കാരങ്ങൾ. അവാർഡുകളുടെ നിർവ്വഹണ ചുമതല കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലിനാണ്.

1. കേരളത്തിലെ അംഗീകൃത സർവ്വകലാശാലയിൽനിന്ന് ഡോക്ടറൽ ബിരുദം നേടിയ വിദ്യാർത്ഥികൾക്ക് നൂതന ഗവേഷണം തുടരുന്നതിനുള്ള അഞ്ചുലക്ഷം രൂപ വീതം അഞ്ചുവിഷയ മേഖലയിൽ നൽകുന്നു.

2. കേരളത്തിലെ യൂണിവേഴ്സിറ്റികളിലോ കോളേജുകളിലോ ഗവേഷണ മേഖലകളിൽ മികവ് പുലർത്തുന്ന ഫാക്കൽറ്റി അംഗങ്ങൾക്കുള്ള ഇരുപത്തിയഞ്ച് ലക്ഷം രൂപയുടെ അവാർഡ് നൽകുന്നത്, അവർ സമർപ്പിച്ച പ്രോജക്ടുകൾ പൂർത്തിയാക്കുന്നതിനുള്ള തുകയായിട്ടാണ്. ഇതും അഞ്ചുവിഷയ മേഖലയിൽ നൽകുന്നു.

3. ഇത് കൂടാതെ കേരളത്തിനുള്ളിലെതന്നെ സ്ഥാപനത്തിലെ അക്കാഡമിക് ഗവേഷണ പണ്ഡിതർക്കുള്ള രണ്ടരലക്ഷം രൂപയുടെ പ്രൈസ് തുക.

4. ഇന്ത്യയിലോ വിദേശത്തോ ഉള്ള മലയാളികളായ ഗവേഷണ പണ്ഡിതർക്കുള്ള അഞ്ചുലക്ഷം രൂപയുടെ അവാർഡ്.

II. സർവ്വകലാശാലകളുടെ പ്രവർത്തന മികവിന് നൽകുന്ന ചാൻസലേഴ്സ് അവാർഡ്:

ബഹു-വൈജ്ഞാനിക സർവ്വകലാശാലകൾക്ക് 5 കോടി രൂപയും സ്പെഷ്യ ലൈസ്ഡ് യൂണിവേഴ്സിറ്റി വിഭാഗത്തിൽ 1 കോടി രൂപയും അടങ്ങിയതാണ് ഈ അവാർഡ്. സർവ്വകലാശാലകളിലെ ഗവേഷണ പ്രവർത്തനങ്ങൾക്ക് ഈ അവാർഡ് പ്രോത്സാഹനജനകമാണ്.

III. എറുഡൈറ്റ് പദ്ധതി (Erudite- Scholar- in -Residence Programme):

ഉന്നത വിദ്യാഭ്യാസ രംഗത്തെ ഗുണമേന്മ വർദ്ധനവിനായി സംസ്ഥാന സർക്കാർ ആവിഷ്കരിച്ചിട്ടുള്ള ഭാവനാപൂർണ്ണമായ പദ്ധതിയാണ് 'എറുഡൈറ്റ്' അഥവാ 'Scholar in Residence Scheme.' ഉന്നത വിദ്യാഭ്യാസ കൗൺസിൽ വഴിയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ദേശീയ/അന്തർദേശീയ തലത്തിൽ പ്രശസ്തിയാർജ്ജിച്ച, നോബൽ സമ്മാന ജേതാക്കളടക്കമുള്ള പ്രമുഖരെ സംസ്ഥാനത്തെ സർവ്വകലാശാലകളിലും മറ്റ് ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലുമെത്തിച്ച് അവരുമായി സംവദിക്കാൻ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും അവസരം ഒരുക്കുകയാണ് ഈ പദ്ധതിയുടെ ലക്ഷ്യം. നൊബേൽ സമ്മാന ജേതാക്കളടക്കമുള്ള ദേശീയ-അന്തർദേശീയ പ്രശസ്തരായ ഏകദേശം 300-ഓളം അക്കാദമിക പണ്ഡിതർ ഈ പദ്ധതി അനുസരിച്ച് സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ സന്ദർശിച്ചു.

IV. ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം:

ആധുനിക ശാസ്ത്രസാങ്കേതിക മാനവിക വിഷയങ്ങളുമായി ബന്ധപ്പെട്ട ഗവേഷണ മേഖലകളും അവയിലെ നൂതന ഗവേഷണ പ്രവണതകളും രീതിശാസ്ത്രവും സംസ്ഥാനത്തെ സർവ്വകലാശാല കോളേജദ്ധ്യാപകർക്ക് പരിചയപ്പെടുത്തുന്നതിന്, വിദഗ്ദ്ധരുടെ നേതൃത്വത്തിൽ ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാമുകൾ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ സംഘടിപ്പിച്ചുവരുന്നു.

V. (FLAIR-Fostering Linkages for Academic Innovation & Research):

കോളേജദ്ധ്യാപകരുടെ ഗവേഷണ പ്രവർത്തനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി ഫ്ലെയർ (FLAIR- Fostering Linkages for Academic Innovation & Research) പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത പദ്ധതി മുഖേന അദ്ധ്യാപകർക്ക് അവരുടെ തെരഞ്ഞെടുക്കപ്പെട്ട പ്രബന്ധങ്ങൾ വിദേശ സർവ്വകലാശാലകളിൽ അവതരിപ്പിക്കുന്നതിന് അവസരം നൽകുന്നു. പദ്ധതിയുടെ ഭാഗമായി രാജ്യത്തിനകത്തും പുറത്തുമായുള്ള സ്ഥാപനങ്ങളിൽ ഹ്രസ്വകാല പരിശീലന പരിപാടികൾ നടപ്പിലാക്കുന്നുണ്ട്.

VI. ആസ്പയർ സ്കോളർഷിപ്പ് പദ്ധതി:

ടി പദ്ധതി മുഖേന അക്കാദമിക തലത്തിൽ ഉന്നത നിലവാരം പുലർത്തുന്ന ബിരുദാനന്തര ബിരുദ ഗവേഷണ വിദ്യാർത്ഥികൾക്ക് രാജ്യത്തെ മികച്ച സ്ഥാപനങ്ങളുടെയും ഫാക്വൽറ്റികളുടെയും സേവനം പ്രയോജനപ്പെടുത്താവുന്ന വിധം ഹ്രസ്വകാല പ്രോജക്ടുകൾ ചെയ്യുന്നതിന് സ്കോളർഷിപ്പ് നൽകുന്നു.

VII. PLEASE - Performance Linked Encouragement for Academic Studies & Endeavour:

ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിലെ ഫാക്കൽറ്റികൾക്കോ ഡിപ്പാർട്ട്മെന്റുകൾക്കോ ഏതെങ്കിലും സർവ്വകലാശാലയുമായി ഇന്റേൺഷിപ്പിനുള്ള ധാരണാപത്രം ഒപ്പുവച്ചിട്ടുള്ള ഗവേഷണ പ്രോജക്ടുകൾ നടത്തുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും ലാബ് ഉപകരണങ്ങൾ വാങ്ങുന്നതിനും ധനസഹായം നൽകുന്നതിനായി ലക്ഷ്യമിടുന്ന പുതിയ പദ്ധതിയാണിത്.

(സി) സംസ്ഥാനത്ത് ഗവേഷണം പൂർത്തിയാക്കിയ വിദ്യാർത്ഥികളുടെ ഗവേഷണ വിഷയങ്ങൾ ഗുണകരമായി പ്രയോജനപ്പെടുത്താൻ ആലോചിക്കുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാന സർവ്വകലാശാലകളിലെ ഗവേഷണഫലങ്ങൾ പ്രയോജനപ്പെടുത്തുന്നതുമായി ബന്ധപ്പെട്ട് കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ "പ്രബുദ്ധത" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. തിരുവനന്തപുരം ജില്ലയിലെ കരകുളം പഞ്ചായത്തിലാണ് കുടുംബശ്രീയുടെ സഹായത്തോടുകൂടി ഒരു പൈലറ്റ് പ്രോജക്ടായി ഇത് നടപ്പിലാക്കിയത്. തിരുവനന്തപുരം ജില്ലയിലെ പ്രധാന ഗവേഷണ സ്ഥാപനങ്ങളും ഗവേഷണവുമായി ബന്ധപ്പെട്ട വ്യക്തികളും അവരുടെ

ഗവേഷണ വിഷയങ്ങളുമായി ബന്ധപ്പെട്ട വിവിധ പ്രവർത്തനങ്ങൾ കരകുളം ഗ്രാമപഞ്ചായത്തിൽ ഏറ്റെടുത്തിരുന്നു. ഉദാഹരണത്തിന്, കേരള സർവ്വകലാശാലയിലെ ജിയോളജി വിഭാഗം അദ്ധ്യാപകർ പഞ്ചായത്തിലെ കിണറുകളിലെ വെള്ളത്തിന്റെ ഗുണനിലവാരം തിട്ടപ്പെടുത്താൻ മുന്നോട്ടുവന്നിരുന്നു. സാമൂഹിക, കാലിക പ്രസക്തമായിട്ടുള്ള തീസീസുകൾ ഉപയോഗപ്പെടുത്തി ഗവേഷണ മേഖലയിൽ വരുത്തേണ്ട ഉന്നമനങ്ങളെക്കുറിച്ച് മഹാത്മാഗാന്ധി സർവ്വകലാശാല ആലോചിച്ചുവരുന്നു. കൂടാതെ എം.ജി.യു. ഇന്നൊവേഷൻ ഫൗണ്ടേഷൻ, BIIC (Business Innovation & Incubation Centre) എന്നീ സർവ്വകലാശാല സെന്ററുകൾ ഇതിനുവേണ്ട മാർഗ്ഗനിർദ്ദേശങ്ങൾ നൽകി വരുന്നു. ഗവേഷണ മാർഗ്ഗനിർദ്ദേശങ്ങൾ, പേറ്റന്റുകൾ, പ്രോജക്ടുകൾ എന്നിവ നേടിയെടുക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ ടി സർവ്വകലാശാല സെന്ററുകൾ നൽകിവരുന്നു. എ.പി.ജെ. അബ്ദുൾകലാം സർവ്വകലാശാലയിൽ ഉല്പന്നങ്ങൾ വികസിപ്പിക്കാൻ സാധ്യമായ ഗവേഷണങ്ങൾക്ക് ധനസഹായം നല്കാനുള്ള പദ്ധതികളും ഗവേഷണ ഫലങ്ങൾക്ക് ബൗദ്ധിക സ്വത്തവകാശം ഉറപ്പാക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിക്കുന്നുണ്ട്. കേരള സർവ്വകലാശാലയിൽ മുഴുവൻ പ്രബന്ധങ്ങളും ഓൺലൈൻ പോർട്ടൽവഴി ശേഖരിച്ച് ഭാവി ആവശ്യങ്ങൾക്കായി ഉപയോഗിക്കുന്ന തരത്തിൽ നടപടികൾ സ്വീകരിച്ചുവരുന്നു.

## മലബാർ മേഖലയിലെ ജലഗതാഗത വികസനം

25 (*265) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ:
ശ്രീ. സി. എച്ച്. കുഞ്ഞമ്പു:
ശ്രീ. ടി. ഐ. മധുസൂദനൻ:
ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) മലബാർ മേഖലയിൽ ജലഗതാഗതം സാധ്യതകൾക്കനുസരിച്ച് പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോയെന്ന് അറിയിക്കാമോ?

വകുപ്പിന് മലബാർ മേഖലയിൽ പറശ്ശിനി, പയ്യന്നൂർ എന്നിവിടങ്ങളിലാണ് സർവ്വീസുകളുള്ളത്. പറശ്ശിനിയിൽനിന്നും അഴീക്കൽ വരെ ഒരു ടൂറിസം-കം-പാസഞ്ചർ സർവ്വീസ് നടത്തുന്നു. ടി ബോട്ടിൽ യാത്രയ്ക്കായി വരുന്നവർക്ക് കൂടുതൽ ആസ്വാദന സൗകര്യങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. ടി മേഖലയിലെ മറ്റു ബോട്ടുകളിൽനിന്നും വ്യത്യസ്തമായി LED ലൈറ്റുകൾ ക്രമീകരിച്ചിട്ടുണ്ട്. കൂടാതെ സഞ്ചാരികൾക്ക് വിനോദ പരിപാടികൾ അവതരിപ്പിക്കുന്നതിന് ഒരു LED TV, സൗണ്ട് സിസ്റ്റം എന്നിവയും നല്കിയിട്ടുണ്ട്. സുഗമമായ യാത്രയ്ക്കായി സീറ്റുകൾ മോടിപിടിപ്പിക്കുകയും ബോട്ടിന്റെ ഉള്ളിൽ ചിത്രങ്ങൾ പെയിന്റിംഗ് ചെയ്ത് ഭംഗിയാ

ക്കിയിട്ടുള്ളതുമാണ്. കുടുംബശ്രീയുടെ സഹായത്തോടെ ബോട്ടിൽ ഭക്ഷണശാല ക്രമീകരിച്ചിട്ടുണ്ട്. ടി ബോട്ട് സർവ്വീസിന് പറശ്ശിനിയിൽ വരുന്ന തീർത്ഥാടക രുടെയും സഞ്ചാരികളുടെയും ഭാഗത്തുനിന്നും നല്ല രീതിയിലുള്ള സ്വീകാര്യതയാണ് ലഭിക്കുന്നത്. മറ്റൊരു ബോട്ട് അഴീക്കൽ-മാട്ടൂൽ ഫെറി സർവ്വീസ് ആണ് നടത്തിവരുന്നത്. രാവിലെ 6.30 മുതൽ വൈകുന്നേരം 7 വരെ 46 സർവ്വീസുകൾ നടത്തുന്നുണ്ട്. റോഡ് മാർഗ്ഗം 45 മിനിറ്റ് ദൈർഘ്യം എടുക്കുന്നതിനാൽ ടി മേഖലയിലെ യാത്രക്കാർ കൂടുതലും ബോട്ട് പ്രയോജനപ്പെടുത്തുന്നു. അഴീക്കൽ-മാട്ടൂൽ ബോട്ട് യാത്രയ്ക്ക് 7 മിനിറ്റ് ദൈർഘ്യവും 10 രൂപ ടിക്കറ്റ് ചാർജ്ജും മാത്രമാണുള്ളത്. പയ്യന്നൂർ മേഖലയിൽ ആയിറ്റി- കൊറ്റി, ആയിറ്റി പടന്ന എന്നീ സർവ്വീസുകളാണ് നടത്തിവരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ യാത്രക്കാരുടെ തിരക്ക് കുറവായതിനാൽ രണ്ട് ഷെഡ്യൂളുകളുടെയും പ്രാധാന്യമുള്ള സമയങ്ങൾ ക്രമീകരിച്ച് ഒരു ബോട്ട് സുഗമമായി സർവ്വീസ് നടത്തിവരുന്നു. ടി മേഖലയിലെ ടൂറിസം സാധ്യതകൾ പരിശോധിക്കുന്നതിനായി കവ്വായ്- വലിയ പറമ്പ് ഭാഗങ്ങളിൽ ശനി, ഞായർ മറ്റ് അവധി ദിവസങ്ങളിൽ ഒരു ബോട്ട് സമയ ക്രമീകരണം നടത്തി വിനോദസഞ്ചാരികൾക്കായി പരീക്ഷണ സർവ്വീസ് നടത്തിയത് വൻവിജയമായി കാണുന്നതിനാൽ കൊറ്റി- കവ്വായ്- വലിയപറമ്പ്- ആയിറ്റി- പടന്ന- മാവിലാടം വരെ ടൂറിസ്റ്റ്- കം- പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് സോളാർ ഇലക്ട്രിക് ബോട്ട് അഭികാമ്യമാണോ എന്ന് പഠനങ്ങൾ നടത്തിവരുന്നു. പ്രകൃതി മലിനീകരണം ഒഴിവാക്കി നടത്തുന്ന ഇത്തരം സർവ്വീസുകൾ സാധാരണക്കാർക്കും വിനോദ സഞ്ചാരത്തിനായി വരുന്നവർക്കും കൂടുതൽ പ്രയോജനമാകുന്നതാണ്. കൂടാതെ വർദ്ധിച്ചുവരുന്ന ഇന്ധന വിലവർദ്ധനവിൽനിന്നുമുണ്ടാകുന്ന ദൈനംദിന ചെലവ് കുറയ്ക്കുന്നതിനും ഇത്തരത്തിൽ സാധിക്കുന്നതാണ്. നിലവിലെ സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തിയാണ് പാസഞ്ചർ, ടൂറിസ്റ്റ്- കം-പാസഞ്ചർ സർവ്വീസുകൾ നടത്തിവരുന്നത്.

(ബി) തൃക്കരിപ്പൂർ കേന്ദ്രീകരിച്ച് നടത്തുന്ന സർവ്വീസുകൾ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുവാൻ ആലോചിക്കുന്നുണ്ടോ ?

തൃക്കരിപ്പൂർ മേഖലയിൽ ആയിറ്റി- കൊറ്റി, ആയിറ്റി- പടന്ന എന്നീ സർവ്വീസുകളാണ് നടത്തിവരുന്നത്. നിലവിലെ കോവിഡ് സാഹചര്യത്തിൽ യാത്രക്കാരുടെ തിരക്ക് കുറവായതിനാൽ രണ്ട് ഷെഡ്യൂളുകളുടെയും പ്രാധാന്യമുള്ള സമയങ്ങൾ ക്രമീകരിച്ച് ഒരു ബോട്ട് സുഗമമായി സർവ്വീസ് നടത്തിവരുന്നു. ടി മേഖലയിലെ ടൂറിസം സാധ്യതകൾ പരിശോധിക്കുന്നതിനായി കവ്വായ്- വലിയപറമ്പ് ഭാഗങ്ങളിൽ ശനി, ഞായർ, മറ്റ് അവധി ദിവസങ്ങളിൽ ഒരു ബോട്ട് സമയക്രമീകരണം നടത്തി വിനോദസഞ്ചാരികൾക്കായി പരീക്ഷണ സർവ്വീസ് നടത്തിയത് വൻവിജയമായി

കാണുന്നതിനാൽ കൊറ്റി- കവ്വായ്-വലിയപറമ്പ്- ആയിറ്റി- പടന്ന- മാവിലാടം വരെ ടൂറിസ്റ്റ്-കം- പാസഞ്ചർ സർവ്വീസ് നടത്തുന്നതിന് സോളാർ ഇലക്ട്രിക് ബോട്ട് അഭികാമ്യമാണോ എന്ന് പഠനങ്ങൾ നടത്തിവരുന്നു.

(സി) മലബാർ മേഖലയിലെ വിവിധ കേന്ദ്രങ്ങളിൽ സാധ്യതകൾക്കനുസരിച്ച് പുതിയ സർവ്വീസുകളും സർവ്വീസ് സ്റ്റേഷനുകളും ആരംഭിക്കുന്നതിന് പദ്ധതി ആസൂത്രണം ചെയ്യുമോയെന്ന് വ്യക്തമാക്കാമോ?

മലബാർ മേഖലയിലെ ടൂറിസം-പാസഞ്ചർ സാധ്യതകൾ പരിശോധിച്ച് മലപ്പുറം, കോഴിക്കോട്, കണ്ണൂർ ജില്ലകളിൽ പുതുതായി ടൂറിസ്റ്റ്- കം-പാസഞ്ചർ സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു. ലോക ടൂറിസം ഭൂപടത്തിൽ ഇടം പിടിക്കുന്ന രീതിയിൽ മലബാർ മേഖലയിലെ ടൂറിസം സാധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തി സമയബന്ധിതമായി പദ്ധതികൾ നടപ്പിലാക്കുന്നതാണ്.

(ഡി) പ്രസ്തുത മേഖലയിലെ ജലഗതാഗത വികസനം പ്രാദേശിക ടൂറിസം കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുക വഴി ഗതാഗതത്തിനും വിനോദസഞ്ചാരത്തിനും ഗുണകരമാകുമെന്നതും ഇത് പ്രാദേശിക വികസനത്തിനുകൂടി വഴിതെളിക്കുമെന്നതും പരിഗണിച്ച് ഊർജ്ജിത നടപടികൾ സ്വീകരിക്കുമോ?

മലബാർ മേഖലയിലെ ജലഗതാഗത സാധ്യതകളും ടൂറിസം സാധ്യതകളും വളരെ അടിയന്തര പ്രാധാന്യത്തോടെ പരിശോധിച്ചുവരുന്നു. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി-പൊന്നാനി കേന്ദ്രീകരിച്ചും കോഴിക്കോട് ജില്ലയിൽ വടകര-പയ്യോളി അങ്ങാടി മേഖലകളെ ബന്ധിപ്പിച്ചും വയനാട് ജില്ലയിലെ ബാണാസുര സാഗർ അണക്കെട്ടിലും ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് വകുപ്പ് പ്രാഥമിക പഠനം നടത്തിയിട്ടുണ്ട്.

**കെ. എസ്. ആർ.ടി.സി. ജീവനക്കാരുടെ ശമ്പളവും പെൻഷനും**

26 (*265) ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു) സദയം മറുപടി നൽകുമോ:

(എ) കോവിഡ് കാലത്ത് കെ. എസ്. ആർ. ടി. സി.-യിൽ ശമ്പളവും പെൻഷനും മുടങ്ങാതിരിക്കാൻ എന്തൊക്കെ നടപടികളാണ് ഈ സർക്കാർ സ്വീകരിച്ചിരിക്കുന്നതെന്ന് അറിയിക്കാമോ?

കോവിഡ് 19 മഹാമാരി കെ.എസ്.ആർ.ടി.സി.-യെ ഏറെ പ്രതിസന്ധിയിലാക്കിയിട്ടുണ്ട്. ഈ പ്രതികൂല സാഹചര്യത്തിലും 2021 ജൂൺ മാസം വരെയുള്ള കാലയളവിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും സർക്കാർ ധനസഹായം നൽകി കൃത്യമായി വിതരണം ചെയ്തിട്ടുണ്ട്. 2021 ജൂലൈ മുതലുള്ള പെൻഷൻ വിതരണത്തിന് നടപടി സ്വീകരിച്ചുകഴിഞ്ഞു. 2020 മാർച്ച് മാസം മുതൽ 2021 ജൂൺ മാസം വരെ കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ശമ്പളം നൽകുന്നതിന് സർക്കാർ ആകെ 1155.81 കോടി രൂപ സഹായമായി അനുവദിച്ചിട്ടുണ്ട്. പെൻഷൻകാർക്ക് സർക്കാർ സഹായത്തോടുകൂടി സഹകരണ ബാങ്കുകളുടെ കൺസോർഷ്യം രൂപീകരിച്ച് പെൻഷൻ വിതരണം ചെയ്യുന്നതിനാൽ കോവിഡ് കാലത്തും തടസ്സമില്ലാതെ പെൻഷൻ വിതരണം ചെയ്തു. ഇത്തരത്തിൽ സഹകരണ ബാങ്ക് മുഖേന നൽകുന്ന പെൻഷൻ തുകയുടെ പൂർണ്ണമായ തിരിച്ചടവ് സർക്കാർ ധനസഹായം മുഖേനയാണ് നടത്തിവരുന്നത്. കോവിഡ് കാലഘട്ടത്തിൽ പെൻഷൻ ഇനത്തിൽ സർക്കാർ 1064.66 കോടി രൂപ അനുവദിച്ചിട്ടുണ്ട് (10% പലിശ ഉൾപ്പെടെ).

(ബി) കെ. എസ്. ആർ. ടി. സി.-യുടെ പ്രവർത്തന നഷ്ടം കുറയ്ക്കുന്നതിന് ഈ സർക്കാർ നടത്തിവരുന്ന ഇടപെടലുകൾ എന്തൊക്കെയാണ് കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു.

1. ദീർഘദൂര സർവ്വീസുകളിൽ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങളൊരുക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.യുടെ പരിപൂർണ്ണ സഹായ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. ഏതാണ്ട് 90 കോടിയിലധികം രൂപ പ്രതിമാസം Diesel ചെലവിനായി നൽകേണ്ടതുണ്ട്. വിപണിയിൽ വില കുറവുള്ള CNG-യിലേയ്ക്ക് 3000 വാഹനങ്ങൾ മാറ്റുന്നതുവഴി പ്രതിമാസം 35-40 കോടി രൂപ ലാഭിക്കാനാകും. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റുതലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തിവരുന്നു.

3. KIIFB മുഖാന്തരം 310 CNG ബസ്സുകൾ 50 electric ബസ്സുകൾ വാങ്ങാനും കൂടാതെ 400 Diesel ബസ്സുകൾ LNG-യിലേയ്ക്ക് മാറ്റാനുമായി 359 കോടി രൂപ അനുവദിക്കുകയും അതനുസരി

ച്ചുള്ള ടെണ്ടർ നടപടികൾ അന്തിമഘട്ടത്തിൽ എത്തിച്ചേരുകയും ചെയ്തിട്ടുണ്ട്. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.-യുടെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. BOND Service/ City Circular Service / Feeder Service മുതലായവയുടെ സഹായത്തോടുകൂടി പൊതുജനത്തിന് കൂടുതൽ യാത്രാസൗകര്യം നൽകി വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സർവ്വീസ് നടത്തുന്നതിനുള്ള 3800 ബസ്സുകൾ കൂടാതെ 12% സ്പെയർ ബസ്സുകൾ അടക്കം 4250 ബസ്സുകൾ സജ്ജമാക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുള്ളതും ബാക്കിയുള്ള ബസ്സുകൾ 18 സുരക്ഷിത കേന്ദ്രങ്ങളിലേയ്ക്ക് മാറ്റി പാർക്ക് ചെയ്തിട്ടുമുണ്ട്. തന്മൂലം ഇൻഷ്വറൻസ് തുക ഇനത്തിൽ മാത്രം ഒരു വർഷക്കാലയളവിൽ 12 കോടിയിൽപ്പരം രൂപ കുറവുവരും. കൂടാതെ ബാറ്ററി, ടയർ, ല്യൂബ്രിക്കൻസ് ഇനത്തിലും ചെലവ് കുറയും. 3400 ഡീസൽ ബസ്സുകൾ LNG/ CNG-യിലേയ്ക്ക് convert ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. ഇത് പ്രാവർത്തികമാക്കുന്നതോടുകൂടി ഇന്ധന ചെലവിൽ ഉദ്ദേശം പ്രതിവർഷം 148 കോടി രൂപയുടെ കുറവ് വരുമെന്ന് പ്രതീക്ഷിക്കുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ്

എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. Scheduled Tribes Development Department-നും കെ.എസ്. ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ്-ഓൺ-വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ്-ഓൺ-വീൽസ് പദ്ധതിയിൽ താൽപ്പര്യമറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേല ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസസൗകര്യം ഒരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും " conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. ഇതിനുപുറമേ കെ.എസ്.ആർ.ടി.സി ബസ്സുകളിലും ലോറികളിലും സർക്കാർ/അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും കൊറിയർ, പാഴ്സൽ സർവ്വീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ഡീസൽ പമ്പുകൾ IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യൂവൽ കോംപ്ലക്സ് (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾ (public amenities), കഫറ്റേറിയ, ATM, റെസ്റ്റ് റൂമുകൾ ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. കൂടാതെ പരസ്യ ലേല ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട് കെ.എസ്.ആർ.ടി.സി.-യുടെ 67 കൺസ്യൂമർ പമ്പ് റീട്ടെയിൽ ഔട്ട്ലെറ്റുകളിൽ നിലവിലുള്ള ജീവനക്കാരെ ഉപയോഗപ്പെടുത്തി റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ തുടങ്ങുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഈ ഔട്ട്ലെറ്റുകൾ വഴി കെ.എസ്.ആർ.ടി.സി.-ക്ക് ഡീലർ കമ്മീഷൻ, പാട്ടവാടക എന്നിവ അധിക വരുമാനമായി ലഭിക്കുന്നതാണ്. ആദ്യഘട്ടത്തിൽ 8-ഓളം ഡിപ്പോകളിൽ ഉടൻതന്നെ റീട്ടെയിൽ ഫ്യൂവൽ ഔട്ട്ലെറ്റുകൾ പ്രവർത്തനം തുടങ്ങുന്നതിനുള്ള നടപടികൾ നടന്നുവരികയാണ്.

കൂടാതെ സ്ക്രാപ്പ് ചെയ്യേണ്ടുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ ലൂബ് ഷോപ്പ് എന്ന പദ്ധതി നടപ്പിലാക്കുകയും കെ.എസ്.ആർ.ടി.സി. നേരിട്ട് ലൂബ്രിക്കന്റ് വിൽപന നടത്തുന്നതിലൂടെ ഡീലർ കമ്മീഷൻ വഴി ടിക്കറ്റേതര വരുമാനം വർദ്ധിപ്പിക്കുകയും ഇതോടനുബന്ധിച്ച് ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾകൂടി ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം ലഭിക്കുന്നതുമാണ്.

(സി) സ്ഥാപനത്തിന്റെ പ്രവർത്തന കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന സാങ്കേതിക വിദ്യാധിഷ്ഠിതമായതുൾപ്പെടെയുള്ള നവീകരണങ്ങളെക്കുറിച്ച് അറിയിക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിന് നടത്തുന്ന സാങ്കേതിക വിദ്യാധിഷ്ഠിതമായതുൾപ്പെടെ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതനായി M/s. KUDSIT-നെ ഏല്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് പൂർണ്ണമായും നടപ്പിലാക്കികഴിയുമ്പോൾ ബസ് utilization, mileage, service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാനും സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

2. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കി കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയാൻ സാധിക്കും. മാത്രമല്ല പ്രീപെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കാൻ സാധിക്കും. ആയതു വഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധ തരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേക്ക് മാറ്റുവാനും കഴിയുന്നതാണ്.

3. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ നൂതന സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസംമുൻപ് മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ. ടി.സി. ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

4. ജീവനക്കാരുടെ ശമ്പള വിവരങ്ങളും സർവ്വീസ് സംബന്ധമായ വിവരങ്ങളും സാലറി സ്ലിപ്പ് തുടങ്ങിയ സംവിധാനങ്ങളോടുകൂടിയ ജി-സ്പാർക്ക് സോഫ്റ്റ്വെയർ നടപ്പിലാക്കിയിട്ടുണ്ട്.

5. ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമമാക്കുന്നതിനും IT Mission-ന്റെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരികയാണ്. ആദ്യ ഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതിനായി IT Mission-മായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം വരുത്തുന്നതിനായുള്ള നടപടികൾ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള പുനർദർഘാസിൽ 2 കമ്പനികൾ പങ്കെടുത്തിട്ടുള്ളതും തുടർനടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുകയുമാണ്. നിലവിലുള്ള 3000 ഡീസൽ ബസ്സുകൾക്ക് വാഹന നിർമ്മാതാക്കളിൽനിന്നും പുതിയ സി.എൻ.ജി. എഞ്ചിൻ വാങ്ങി പരിവർത്തനം നടത്തുന്ന പദ്ധതി ഇതോടൊപ്പം പുരോഗതിയിലാണ്. സി.എൻ.ജി./എൽ.എൻ.ജി. ബസുകൾ പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽനിന്നും ഒരു സി.എൻ.ജി ബസ് വാങ്ങുകയും 23-3-2018 മുതൽ വിവിധ മേഖലകളിൽ സർവ്വീസ് നടത്തിയതിൽനിന്നും ഇന്ധന വിലയിൽ 38% കുറവ് വന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ M/s Petronet LNG യുടെ ഉടമസ്ഥതയിലുള്ള 2 എൽ.എൻ.ജി. ബസുകൾ വാടകയ്ക്ക് ലഭ്യമാക്കി 21-6-2021 സർവ്വീസ് നടത്തി, ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള

വിവരങ്ങളും വിശകലനം ചെയ്തുവരുന്നു. കെ.എസ്.ആർ.ടിസി.-യിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന് ഫ്യൂവൽ സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിപ്പോതലത്തിൽ ഇന്ധനക്ഷമത കുറവുള്ള ബസ്സുകൾ കണ്ടെത്തി പരിഹാര നടപടികൾ സമയബന്ധിതമായി നടപ്പിലാക്കി വരുന്നു. പൊതുമേഖലാ എണ്ണക്കമ്പനികളുടെ സഹകരണത്തോടെ ഡിപ്പോകളിലെ ഡീസൽ പമ്പുകളിൽ ഓട്ടോമൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. ഇതുവഴി ബസുകളിൽ നിറയ്ക്കുന്ന ഡീസൽ, ഉപഭോഗം, ഇന്ധനക്ഷമത എന്നിവ നേരിട്ട് ഓൺലൈനായി ലഭിക്കുന്നതിനുള്ള സൗകര്യമുണ്ട്. കൂടാതെ ഡ്രൈലീസിൽ ബസുകൾ എടുക്കുന്ന നടപടിയും സ്വീകരിച്ചുവരുന്നു.

**ഉന്നതവിദ്യാഭ്യാസ രംഗത്തെ ഡിജിറ്റൽ സാങ്കേതിക വിദ്യ**

27 (*267)ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:
ശ്രീ. പി. എസ്. സുപാൽ:
ശ്രീ. വി. ആർ. സുനിൽ കുമാർ:
ശ്രീ. പി. ബാലചന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പഠന പ്രക്രിയ ഡിജിറ്റൽ സാങ്കേതിക വിദ്യാധിഷ്ഠിതമായി ക്രമീകരിക്കേണ്ട നിലവിലെ സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കാമോ;

&

(ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഓൺലൈൻ ക്ലാസ്, പരീക്ഷ എന്നിവ ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി പരിഗണന യിലുണ്ടോ; വിശദമാക്കാമോ?

(എ&ബി) ഉണ്ട്. കോവിഡ്-19 മഹാമാരിമൂലം ഉന്നതവിദ്യാഭ്യാസ രംഗത്ത് സംജാതമായിട്ടുള്ള ആഘാതം നേരിടുന്നതിനും സംസ്ഥാനത്തെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഡിജിറ്റൽ വിദ്യാഭ്യാസം നടപ്പിലാക്കുന്നതിനുമുള്ള പദ്ധതിയാണ് "ലെറ്റ്സ് ഗോ ഡിജിറ്റൽ". ഈ പദ്ധതി മിഷൻ രീതിയിൽ നടപ്പിലാക്കുന്നതിനും സംസ്ഥാനതല ഏകോപനം നടത്തുന്നതിനും ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനും ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഡീഷണൽ ചീഫ് സെക്രട്ടറി കൺവീനറും ഉൾപ്പെട്ട ഒരു "LMS Committee" എന്ന പേരിൽ 19 അംഗ കമ്മിറ്റി 30-7-2021-ലെ സ.ഉ.

(സാധാ) നമ്പർ 983/2021/ഉ.വി.വ. നമ്പർ ഉത്തരവ് (അനുബന്ധം) പ്രകാരം രൂപീകരിക്കുകയും പ്രസ്തുത കമ്മിറ്റിയുടെ പ്രഥമ യോഗം 5-8-2021-ന് മുൻപ് ചേർന്ന് ഭാവിപ്രവർത്തനങ്ങൾ ആസൂത്രണം ചെയ്യണമെന്നും ഉത്തരവായിട്ടുണ്ട്. കേരളത്തിലെ മുഴുവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലേയും അദ്ധ്യയനം (Teaching), പഠനം (Learning), വിലയിരുത്തൽ (Assessment), പരീക്ഷ (Examination) ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. LMS നടപ്പിലാക്കുന്നതിന്റെ ഭാഗമായി, സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. Virtual Machine Docker Containers System (VMDCS) എന്ന ടെക്നോളജി അടിസ്ഥാനപ്പെടുത്തിയാണ് ഇത് നടപ്പിലാക്കുന്നത്. ഈ മാതൃകയ്ക്ക് പരിമിതമായ മെഷീൻ സംവിധാനം മതിയാകും. സർവ്വകലാശാലകളിലെയും കോളേജുകളിലെയും എല്ലാ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും Moodle പോർട്ടൽ ലഭ്യത ഇത് ഉറപ്പാക്കുന്നു. ഡിജിറ്റൽ യൂണിവേഴ്സിറ്റിയുടേയും ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെയും സാങ്കേതിക സൗകര്യങ്ങൾ പ്രയോജനപ്പെടുത്തിയും സ്റ്റേറ്റ് ഡാറ്റാ സെന്ററിന്റെ Cloud Space സംവിധാനം ഉപയോഗപ്പെടുത്തിയും ഓരോ കോളേജിനും യൂണിവേഴ്സിറ്റിക്കും അവരുടേതായ അക്കാദമിക് പ്രവർത്തനങ്ങൾ നടത്തുന്നതിനാവശ്യമായ സംവിധാനം ഒരുക്കാവുന്നതാണ്. ഇതിനാവശ്യമായ വിഭവങ്ങൾ:- വിദ്യാർത്ഥിതലം - നെറ്റ്‌വർക്ക് കണക്ടിവിറ്റി, മൊബൈൽ/ലാപ് ടോപ്പ്/ ഡെസ്ക്ടോപ്പ്, ഫാക്കൽറ്റിതലം- നെറ്റ്‌വർക്ക് കണക്ടിവിറ്റി, മൊബൈൽ/ലാപ്ടോപ്പ്/ഡെസ്ക്ടോപ്പ്, ഇൻസ്റ്റിറ്റ്യൂഷൻതലം - നെറ്റ്‌വർക്ക് കണക്ടിവിറ്റി, മൊബൈൽ/ലാപ്ടോപ്പ്/ഡെസ്ക്ടോപ്പ് Cloud Level – Centralized Cloud Facility of the State Data Centre (SDC) ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/കോളേജദ്ധ്യാപകർക്കായി പരിശീലന പരിപാടി ഉന്നതവിദ്യാഭ്യാസ കൗൺസിൽ നടപ്പിലാക്കിവരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി ഡിജിറ്റൽ സർവ്വകലാശാലയുടെ സഹായത്തോടെ കേന്ദ്രീകൃത ക്ലാസ് സ്പേയ്സ് ഒരുക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദീകരിക്കാമോ?

"Let's go digital" പദ്ധതിക്കായി ഡിജിറ്റൽ സർവ്വകലാശാലയും ഹയർ എഡ്യൂക്കേഷൻ കൗൺസിലും സംയുക്തമായി ഒരു കേന്ദ്രീകൃതമായ ലേണിങ് മാനേജ്മെന്റ് സിസ്റ്റം ഒരുക്കുവാനുദ്ദേശിക്കുന്നു. അതിൻപ്രകാരം സ്റ്റേറ്റ് ഡാറ്റാ സെന്ററിൽ ഹോസ്റ്റ് (host) ചെയ്യുന്ന Moodle എന്ന ലേണിങ് മാനേജ്മെന്റ് സിസ്റ്റം കേരളത്തിലെ വിവിധ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതാണ്. ഓരോ കോളേജും അവരവരുടെ ആവശ്യപ്രകാരമുള്ള കോഴ്സുകൾ ഈ കേന്ദ്രീകൃത

പശ്ചാത്തലസൗകര്യത്തിന്റെ അടിസ്ഥാനത്തിൽ വികസിപ്പിക്കുന്നതാണ്. ഇതിനായുള്ള അദ്ധ്യാപകരെ തയ്യാറാക്കാൻവേണ്ടി ട്രെയിനിംഗ് പ്രോഗ്രാമുകൾ ഹയർ എഡ്യൂക്കേഷൻ കൗൺസിൽ നടത്തിവരുന്നുണ്ട്.

(ഡി) പദ്ധതിയുമായി സർവ്വകലാശാല ലൈബ്രറികളെ ബന്ധിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. സംസ്ഥാനത്തെ സർവ്വകലാശാല-കോളേജ് ലൈബ്രറികളെ പരസ്പരം ബന്ധിപ്പിക്കുന്ന ഡിജിറ്റൽ നെറ്റ്വർക്ക് സംവിധാനമായ കാൾനെറ്റി (KALNET)-ന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ വെബ്സൈറ്റിൽ ലഭ്യമാക്കിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലുള്ള ലൈബ്രറികളുടെ നെറ്റ്വർക്കിലൂടെ നമ്മുടെ ലൈബ്രറികളിലെ വിജ്ഞാന വിഭവങ്ങൾ വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ഗവേഷകർക്കും മറ്റും കൂടുതൽ ഫലപ്രദമായി ഉപയോഗിക്കാൻ സാധിക്കുന്ന രീതിയിലാണ് Kerala Academic Libraries Network (KALNET) സംവിധാനം ചെയ്തിരിക്കുന്നത്. കൂടാതെ ജേർണലുകളും ഗവേഷണ പ്രബന്ധങ്ങളും ഈ വിജ്ഞാന വിഭവങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാനത്തെ എല്ലാ സർവ്വകലാ ശാലകളിൽനിന്നുള്ള പ്രതിനിധികളും സാങ്കേതിക വൈദഗ്ധ്യം നേടിയ ഉദ്യോഗസ്ഥരും ഉൾപ്പെടുന്ന കാൾനെറ്റ് ഗവേണിംഗ് കൗൺസിലും എല്ലാ സർവ്വകലാശാലകളിലെയും ലൈബ്രേറിയൻമാരും/സാങ്കേതിക വിദഗ്ദ്ധരും ഉൾപ്പെടുന്ന ടെക്നിക്കൽ കമ്മിറ്റിയും പ്രസ്തുത പദ്ധതിയുടെ കാര്യക്ഷമമായ പ്രവർത്തനത്തിനായി രൂപീകൃതമായിട്ടുണ്ട്.

**ക്ഷീരകർഷകരുടെ ക്ഷേമം**

28 (*268) <u>ശ്രീ. മുരളി പെരുനെല്ലി</u>:
<u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>:
<u>ശ്രീ. എ. രാജ</u>:
<u>ശ്രീ. ജി. സ്റ്റീഫൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി) സദയം മറുപടി നൽകുമോ:

(എ) ക്ഷീരോല്പാദന മേഖലയിൽ കർഷകരുടെ സാമൂഹ്യസുരക്ഷ ഉറപ്പാക്കു ന്നതിന് ആവിഷ്കരിച്ചിട്ടുള്ള ഇൻഷ്വറൻസ് പദ്ധതിയെക്കുറിച്ചും ക്ഷേമനിധിയുടെ പ്രവർത്തനത്തെക്കുറിച്ചും വിശദമാക്കാമോ; ക്ഷീര സാന്ത്വനം പദ്ധതിയിൽ എന്തെല്ലാം ഘടകങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ക്ഷീരസാന്ത്വനം - സമഗ്ര ഇൻഷ്വറൻസ് പദ്ധതി പ്രകാരം ക്ഷീരകർഷകർ, കുടുംബാംഗങ്ങൾ, അവർ വളർത്തുന്ന കന്നുകാലികൾ എന്നിവയ്ക്ക് ചികിത്സാ സഹായം ഉൾപ്പെടെയുള്ള ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയും കൂടാതെ

ക്ഷീരകർഷക ക്ഷേമനിധി വഴി 60 വയസ്സ് പൂർത്തിയാക്കിയ ക്ഷീരകർഷകർക്ക് പെൻഷൻ, കുടുംബ പെൻഷൻ, ചികിത്സാ സഹായം, വിവാഹ ധനസഹായം, മരണാനന്തര ധനസഹായം, വിദ്യാഭ്യാസ ധനസഹായം എന്നിവയും സാമൂഹ്യ സുരക്ഷാ പദ്ധതിയായി നടപ്പിലാക്കിവരുന്നു. ക്ഷീരസാന്ത്വനം പദ്ധതിയിൽ ആരോഗ്യ സുരക്ഷാ പോളിസി, അപകട സുരക്ഷാ പോളിസി, ലൈഫ് ഇൻഷ്വറൻസ് പോളിസി, ഗോസുരക്ഷാ പോളിസി എന്നീ ഘടകങ്ങളാണുള്ളത്. ഒരു ക്ഷീരകർഷകൻ ക്ഷേമനിധിയിൽ അംഗമായ ശേഷം അഞ്ച് വർഷമെങ്കിലും കുറഞ്ഞത് അഞ്ഞൂറ് ലിറ്റർ പാൽ പ്രതിവർഷം സംഘത്തിൽ അളക്കുകയും അറുപത് വയസ്സ് പൂർത്തിയാക്കുകയും ചെയ്താൽ പെൻഷന് അർഹത ഉണ്ടായിരിക്കുന്നതാണ്. ക്ഷേമനിധിയിൽ അംഗമായ കർഷകൻ ആനുകൂല്യം ലഭിക്കേണ്ട കുറഞ്ഞ കാലയളവിനുള്ളിൽ മരണപ്പെടുകയാണെങ്കിൽ പ്രസ്തുത അംഗത്തിന്റെ അനന്തരാവകാശി ക്ഷേമനിധിയിൽ അംഗമായി തുടർന്നും പാലളക്കുന്നു എങ്കിൽ മരണപ്പെട്ട അംഗം പാലളന്ന കാലയളവുകൂടി അനന്തരാവകാശിയായ അംഗത്തിന് ആനുകൂല്യം ലഭിക്കുന്നതിന് പരിഗണിക്കുന്നതാണ്.

(ബി) മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കർഷക ഭവനങ്ങളിൽ ജിയോമാപ്പിംഗ് നടത്തുന്നുണ്ടോ; ഇതുകൊണ്ട് ലക്ഷ്യമാക്കുന്ന നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ?

ഉണ്ട്. മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ കേരളത്തിലെ മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള കർഷക ഭവനങ്ങളുടെ ജ്യോഗ്രഫിക് ലൊക്കേഷൻ മാപ്പ് ചെയ്യുന്ന പദ്ധതിയാണിത്.

<u>നേട്ടങ്ങൾ</u> :

കേരളത്തിലെ, മൃഗസംരക്ഷണ മേഖലയുമായി ബന്ധപ്പെട്ടിട്ടുള്ള മുഴുവൻ വീടുകളും മാപ്പ് ചെയ്യപ്പെടുകയാണെങ്കിൽ, അടിയന്തര മൃഗചികിത്സ അടക്കം വിവിധ സർക്കാർ സേവനങ്ങൾ ടി കർഷകരുടെ വീട്ടുപടിക്കൽ ലഭ്യമാക്കാൻ സാധിക്കുന്നതാണ്. കൂടാതെ സംസ്ഥാനത്തെ ഏതെങ്കിലും മൃഗത്തിന് സാംക്രമിക രോഗബാധയുണ്ടായാൽ നിമിഷനേരംകൊണ്ട് ടി മൃഗം നിൽക്കുന്ന പ്രദേശത്തിനു ചുറ്റുമുള്ള കർഷകരേയും അവരുടെ ഉരുക്കളേയും തിരിച്ചറിയുന്നതിനും വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിക്കുന്നതിനും സാധിക്കുന്നതാണ്. കൂടാതെ ഓരോ വർഷവും ഓരോ പ്രദേശത്തും പൊട്ടിപ്പുറപ്പെടാൻ സാധ്യതയുള്ള രോഗങ്ങളെപ്പറ്റി കർഷകർക്ക് മുൻകൂർ വിവരം നൽകാനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കാൻ വകുപ്പിനും സാധിക്കുന്നതാണ്. പ്രളയം പോലുള്ള പ്രകൃതി ദുരന്തങ്ങളുണ്ടാകുന്ന പക്ഷം മാപ്പ്ചെയ്യപ്പെട്ട വീടുകളിൽ അടിയന്തര

സേവനമെത്തിക്കുന്നതിനും ഇത് പ്രയോജനപ്പെടുത്താവുന്നതാണ്. കൂടാതെ, വകുപ്പിലെ ഏതൊരു ഫീൽഡ് തല ജീവനക്കാരനും ഇതിൽ രജിസ്റ്റർ ചെയ്യപ്പെട്ടിട്ടുള്ള ഏതൊരു കർഷകന്റെ വീട്ടിലും ഭൂമിക മൊബൈൽ ആപ്പിന്റെ സഹായത്തോടുകൂടി കൃത്യമായി എത്തിച്ചേരാൻ കഴിയുന്നതാണ്.

(സി) മൃഗചികിത്സാ സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കാൻ വേണ്ട നടപടിയെടുത്തിട്ടുണ്ടോ എന്നറിയിക്കാമോ?

മൃഗചികിത്സ സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി മൃഗസംരക്ഷണ വകുപ്പിന് കീഴിലെ 25 വെറ്ററിനറി പോളിക്ലിനിക്കുകളും 6 വെറ്ററിനറി ഹോസ്പിറ്റലുകളുമുൾപ്പെടെ 31 സ്ഥാപനങ്ങളിൽ 24 മണിക്കൂർ വെറ്ററിനറി സേവനം ആരംഭിച്ച് ഉത്തരവായിട്ടുണ്ട്. മൃഗാശുപത്രികളുടെ പ്രവർത്തനസമയശേഷം, മൃഗസംരക്ഷണ മേഖലയിലെ കർഷകർക്കാവശ്യമായ അടിയന്തര മൃഗചികിത്സാ സേവനങ്ങൾ കർഷകരുടെ വീട്ടുപടിക്കൽ നൽകുന്ന രാത്രികാല അടിയന്തര വെറ്ററിനറി സേവനം പദ്ധതി ഏർപ്പെടുത്തിയിട്ടുണ്ട്.

### കർഷകർക്ക് പ്രത്യേക പാക്കേജ്

29 (*269) ഡോ. മാത്യു കുഴൽനാടൻ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ. സി. ബാലകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) സദയം മറുപടി നൽകുമോ:

(എ) കോവിഡ് പ്രതിസന്ധി, കേന്ദ്ര - സംസ്ഥാന സർക്കാരുകളുടെ നയങ്ങൾ, വിലത്തകർച്ച, കൃഷി നാശം എന്നിവമൂലം സംസ്ഥാനത്തെ കർഷകർ പ്രതിസന്ധി നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് പ്രതിസന്ധി, അടിക്കടിയുണ്ടാകുന്ന പ്രകൃതിക്ഷോഭങ്ങൾ എന്നിവമൂലവും കേന്ദ്ര സർക്കാരിന്റെ നയങ്ങൾമൂലവും കർഷകർ പ്രതിസന്ധിയിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കോവിഡ് പ്രതിസന്ധിയും പ്രളയവും കാരണം ബുദ്ധിമുട്ടിലായ കർഷകർക്ക് ആശ്വാസം നൽകുന്നതിന് കഴിഞ്ഞ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചത്; ഈ സർക്കാർ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കോവിഡ്, പ്രളയം തുടങ്ങിയ പ്രതിസന്ധികൾ തരണം ചെയ്യുന്നതിനായി മുൻ സർക്കാർ നടപ്പിലാക്കിയ താഴെപ്പറയുന്ന വിവിധ പദ്ധതികൾ ഈ സർക്കാർ തുടരുന്നുണ്ട് :

1. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംയോജിത ഭക്ഷ്യ സുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കി. ഈ പദ്ധതിയിൻകീഴിൽ 2020-21-ൽ കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്.

2. കർഷകരുടെ ഉപജീവനമാർഗ്ഗം മെച്ചപ്പെടുത്തുന്നതിന് പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ, ആട്ട വളർത്തൽ, പോഷകത്തോട്ടം, തേനീച്ച കൃഷി, കൂൺകൃഷി, പശു വളർത്തൽ, മത്സ്യ കൃഷി, ജൈവവള നിർമ്മാണം, മുയൽ വളർത്തൽ, അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്ന ജൈവ ഗൃഹം - സംയോജിത കൃഷി പദ്ധതി.

3. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറ കൃഷിക്ക് പ്രോത്സാഹനം നൽകുന്ന പദ്ധതി.

4. "ഒരു കോടി ഫലവൃക്ഷതൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 136.28 ലക്ഷം ഫലവൃക്ഷതൈകൾ വിതരണം ചെയ്തു.

5. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ, കർഷകർക്ക് സമയ ബന്ധിതമായി കാർഷിക പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള പ്രത്യേക ഹ്രസ്വകാല വായ്പ പദ്ധതിയായ Special Liquidity facility-2 (SLF-2)ൽ കർഷകർക്ക് 600 കോടി രൂപയുടെ വായ്പ ലഭ്യമാക്കി.

6. കാർഷികോല്പന്നങ്ങൾക്ക് വിലസ്ഥിരതയും ന്യായവിലയും ഉറപ്പാക്കുന്നതിനും അതിലൂടെ പച്ചക്കറികളുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുമായി "കേരള ഫാം ഫ്രഷ് പഴം പച്ചക്കറി" എന്ന പദ്ധതിയിലൂടെ 16 ഇനം പഴം പച്ചക്കറികളുടെ അടിസ്ഥാന വില പ്രഖ്യാപിച്ചു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള എല്ലാ

1884 മാർക്കറ്റുകളും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉല്പാദിപ്പിക്കുന്ന പഴം പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

7. പ്രകൃതി ദുരന്തങ്ങളിൽ നട്ടെല്ലൊടിഞ്ഞ കർഷകർക്ക് പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗനിയന്ത്രണത്തിനുമുള്ള അടിയന്തര പദ്ധതി, പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയിലൂടെ ആനുകൂല്യങ്ങൾ ലഭ്യമാക്കി. ഈ സർക്കാർ അധികാരത്തിൽവന്നശേഷം പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനുള്ള അടിയന്തര പരിപാടി എന്ന പദ്ധതിയിൽ 2021-22 വർഷത്തിലേയ്ക്ക് വകയിരുത്തിയിട്ടുള്ള 750.00 ലക്ഷം രൂപയ്ക്കുപുറമെ 4993.86 ലക്ഷം രൂപയും കൂടി അധികമായി അനുവദിച്ചിട്ടുണ്ട്. ഇതുകൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് ആനുകൂല്യം നൽകുന്നതിനായി 2000 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ (SDRF) നിന്നും പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനായി 489.31029 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ കാർഷിക മേഖലയിൽ പുത്തനുണർവ് സൃഷ്ടിക്കുന്നതിനായി 2020 മേയ് 15-നു കേന്ദ്ര സർക്കാർ പ്രഖ്യാപിച്ച കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വരുത്തി. ഈ പദ്ധതി പ്രകാരം നാളിതുവരെ 37.849828 കോടി രൂപയ്ക്കുള്ള പദ്ധതികൾക്ക് അനുമതി ലഭിച്ചിട്ടുണ്ട്.

(സി) റബ്ബറിന്റെ താങ്ങുവില ഇരുനൂറ്റി അൻപത് രൂപയാക്കുന്നതിന് നടപടി സ്വീകരിക്കുമോ ?

റബ്ബറിന്റെ താങ്ങുവില 2021 വർഷത്തെ ബഡ്ജറ്റിൽ 150 രൂപയിൽനിന്നും 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

(ഡി) കോവിഡുമൂലം സാമ്പത്തിക പ്രതിസന്ധിയിലായ കർഷകരെ സഹായിക്കുന്നതിന് പ്രത്യേക പാക്കേജ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദവിവരം വെളിപ്പെടുത്തുമോ?

പരിശോധിക്കുന്നതാണ്.

**ഭിന്നശേഷിക്കാർക്കായുള്ള പദ്ധതികൾ**

30(*270) ശ്രീമതി ഒ. എസ്. അംബിക:
ശ്രീ. മുരളി പെരുനെല്ലി:
ശ്രീ. എ. പ്രഭാകരൻ:
ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി (ഡോ. ആർ. ബിന്ദു) സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് എത്തിക്കുന്നതിനുതകുന്ന കർമ്മപദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ അറിയിക്കാമോ?

ഉണ്ട്. സംസ്ഥാനത്ത് ഭിന്നശേഷി വിഭാഗത്തിൽപ്പെട്ടവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിനായി സാമൂഹ്യനീതി ഡയറക്ടറേറ്റ്, കേരള സാമൂഹ്യസുരക്ഷാ മിഷൻ, കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ, എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ്, പൊതു വിദ്യാഭ്യാസ ഡയറക്ടറേറ്റ് എന്നിവ മുഖേന പദ്ധതികൾ നടപ്പിലാക്കിവരുന്നു. സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം I ആയി ചേർക്കുന്നു*. കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കിവരുന്നു. ഘട്ടം ഘട്ടമായാണ് അനുയാത്രയിലെ പദ്ധതികൾ നടപ്പാക്കിവരുന്നത്. ഭിന്നശേഷികൾ എത്രയും നേരത്തെ കണ്ടെത്തുന്നതിനും ഇടപെടുന്നതിനും തെറാപ്പികൾ, പരിശീലനങ്ങൾ, ചികിത്സകൾ തുടങ്ങിയവ നൽകുന്നതിനുള്ള സംവിധാനങ്ങളാണ് ആദ്യഘട്ടമായി നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം II ആയി ചേർക്കുന്നു* കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ മുഖേന നടപ്പിലാക്കി വരുന്ന പദ്ധതികൾ അനുബന്ധം III ആയി ചേർക്കുന്നു*

1. ഹൈടെക് ലിംബ്, ഇലക്ട്രോണിക് വീൽചെയർ തുടങ്ങിയ ആധുനിക ഉപകരണങ്ങളുടെയും പ്രത്യേക ആവശ്യങ്ങൾക്കുള്ള മറ്റ് സഹായ ഉപകരണങ്ങളുടെയും സൗജന്യ വിതരണം.
2. ട്രൈസ്കൂട്ടർ വിതരണം
3. മോട്ടോറൈസ്ഡ് മുച്ചക്രവാഹനങ്ങൾക്കുള്ള സബ്സിഡി
4. സ്വയംതൊഴിൽ പദ്ധതി (ബാങ്ക് വായ്പ സബ്സിഡി)

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

5. സ്വയംസഹായ സംഘങ്ങളുടെ പരിപോഷണം
6. ഭിന്നശേഷിക്കാരായ ലോട്ടറി ഏജന്റുമാർക്കുള്ള സാമ്പത്തിക സഹായം (സബ്സിഡി)
7. എൻ.എച്ച്.എഫ്.ഡി.സി. വായ്പ
8. ഭിന്നശേഷിക്കാരായവർക്ക് പ്രൊഫിഷ്യൻസി അവാർഡ്
9. ഗുരുതരമായ ഭിന്നശേഷിത്വമുള്ള കുട്ടികൾക്കുവേണ്ടി സ്ഥിര നിക്ഷേപ പദ്ധതി
10. പാറശ്ശാലയിലെ 'സാഫല്യം' പരിചരണ കേന്ദ്രം എംപ്ലോയ്മെന്റ് ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ.

തൊഴിൽരഹിതരായ യുവജനങ്ങളിൽ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളുടെ സമഗ്ര തൊഴിൽ പുനരധിവാസം നാഷണൽ എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൈവല്യ. വൊക്കേഷണൽ ആൻഡ് കരിയർ ഗൈഡൻസ്, കപ്പാസിറ്റി ബിൽഡിംഗ്, മൽസര പരീക്ഷകൾക്കുള്ള പരിശീലനം, സ്വയം തൊഴിൽ വായ്പ പദ്ധതി എന്നിങ്ങനെ നാല് ഘടകങ്ങളാണ് ടി പദ്ധതിയിലുള്ളത്. ടി പദ്ധതി പ്രവർത്തനങ്ങൾ സംബന്ധിച്ച അതാത് ജില്ലകളിലെ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി സബ് റീജിയണൽ എംപ്ലോയ്മെന്റ് ഓഫീസർമാരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്. (പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു.*) പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റ് മുഖേന നടപ്പിലാക്കിവരുന്ന പദ്ധതികൾ സംസ്ഥാനത്തെ പൊതുവിദ്യാലയങ്ങളിൽ ഒന്നു മുതൽ എട്ട് (1 മുതൽ 8) വരെയുള്ള ക്ലാസ്സുകളിൽ പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികളെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുന്നതിലേയ്ക്ക് അടിസ്ഥാന വിദ്യാഭ്യാസം നേടുന്നതിനായി സർക്കാർ അവശ്യംവേണ്ട സാമ്പത്തിക സഹായം നൽകിവരുന്നു. കാഴ്ച വൈകല്യം, ശ്രവണവൈകല്യം, മാനസികമായ വെല്ലുവിളി നേരിടുന്നവർ, അസ്ഥിസംബന്ധമായ വൈകല്യങ്ങളുള്ളവർ എന്നിവർക്ക് സാമ്പത്തിക സഹായം നൽകിവരുന്നുണ്ട്. ബുക്ക് ആൻഡ് സ്റ്റേഷനറി അലവൻസ്, യൂണിഫോം അലവൻസ്, ട്രാൻസ്പോർട്ട് അലവൻസ്, എസ്കോർട്ട് അലവൻസ്, റീഡേഴ്സ് അലവൻസ് എന്നീ ഇനങ്ങളിലായാണ് തുക വിതരണം ചെയ്തുവരുന്നത്. ഇതിൽ റീഡേഴ്സ് അലവൻസ് കാഴ്ച വൈകല്യമുള്ളവർക്ക് മാത്രമായി നിജപ്പെടുത്തിയിരിക്കുന്നു. ഇതിനുപുറമേ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പൊതുവിദ്യാഭ്യാസ വകുപ്പ് നടത്തുന്ന എല്ലാ പൊതുപരീക്ഷകൾക്കും അർഹമായ പരീക്ഷാനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്. 40 ശതമാനമോ അതിലധികമോ വൈകല്യങ്ങളുള്ളവർക്കാണ് ഇത്തരത്തിലുള്ള സഹായങ്ങൾ നൽകുന്നത്. മാനസിക വെല്ലുവിളി നേരിടുന്ന കുട്ടികളെ

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പഠിപ്പിക്കുന്നതിനായി സ്പെഷ്യൽ പാക്കേജും നടപ്പിലാക്കിവരുന്നു. കൂടാതെ കോവിഡ് 19-ന്റെ പശ്ചാത്തലത്തിൽ സ്കൂൾ ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരാത്ത സ്പെഷ്യൽ വിദ്യാലയങ്ങളിലെ എട്ടാം ക്ലാസ്സ് വരെയുള്ള കാഴ്ച, കേൾവി പരിമിതികളുള്ള ഭിന്നശേഷി കുട്ടികൾക്കും ശാരീരിക അവശതകൾ/പ്രയാസങ്ങൾ മൂലം തങ്ങളുടെ വീടുകളിൽത്തന്നെ തുടർന്നുകൊണ്ട് റിസോഴ്സ് അദ്ധ്യാപകരുടെ സഹായത്തോടെ വിദ്യാഭ്യാസം നേടുന്ന ഒന്നു മുതൽ എട്ടാം ക്ലാസ്സ് വരെയുള്ള കുട്ടികൾക്കും സ്കൂളുകൾ തുറന്നു പ്രവർത്തിക്കുന്നതുവരെ 'ഭക്ഷ്യ ഭദ്രതാ അലവൻസ്' ഭക്ഷ്യകിറ്റുകളായി നൽകുവാനും ഉത്തരവായിട്ടുണ്ട്. ഇവയ്ക്കുപുറമേ സമഗ്ര ശിക്ഷാ കേരളയിൽനിന്നും ഭിന്നശേഷിക്കാരായ കുട്ടികൾക്ക് വേണ്ടി ചില സഹായ പദ്ധതികളും നടപ്പാക്കിവരുന്നു. ആയത് അനുബന്ധം II ആയി ചേർക്കുന്നു*.

(ബി) അനുയാത്ര പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്ന കാര്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ; പ്രസ്തുത പദ്ധതിയിലൂടെ ഇതിനകം ആർജ്ജിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഭിന്നശേഷി മേഖലയിൽ അനിവാര്യമായ ഇടപെടലുകൾ നടത്തുന്നതിനും ഭിന്നശേഷിക്കാരുടെ സാമൂഹ്യ ഉന്നമനത്തിനും സംസ്ഥാനത്തെ അംഗപരിമിത സൗഹൃദമാക്കുന്നതിനുംവേണ്ടി കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര' എന്ന പേരിലുള്ള ഒരു സമഗ്ര പരിപാടി നടപ്പാക്കിവരുന്നു. അംഗപരിമിത മേഖലയിൽ നടപ്പാക്കേണ്ട പ്രതിരോധ പ്രവർത്തനങ്ങൾ മുതൽ പുനരധിവാസം വരെയുള്ള "ജീവിതചക്ര സമീപനമാണ്" അനുയാത്രയിൽ സ്വീകരിച്ചിട്ടുള്ളത്. അംഗപരിമിത മേഖലയിലെ അന്താരാഷ്ട്ര കാഴ്ച്പ്പാടുകൾക്കും സമീപനങ്ങൾക്കും അനുസൃതമായും 2016-ലെ അംഗപരിമിതരുടെ അവകാശ നിയമത്തിനനുസൃതമായുമാണ് അനുയാത്ര പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നത്. ഘട്ടംഘട്ടമായിട്ടാണ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നത്. അനുയാത്രയുടെ ഭാഗമായി നിലവിൽ നടപ്പിലാക്കുന്ന പ്രവർത്തനങ്ങൾ അനുബന്ധം III ആയി ചേർക്കുന്നു.* അനുയാത്ര പദ്ധതിയിലൂടെ ഇതിനകം ആർജ്ജിക്കാൻ കഴിഞ്ഞ നേട്ടങ്ങൾ അനുബന്ധം IV ആയി ചേർക്കുന്നു*

(സി) ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉള്ള കുട്ടികളുടെ പുനരധിവാസത്തിനായി ആവിഷ്കരിച്ച പദ്ധതികൾ ഏതൊക്കെയാണ്; വിശദാംശങ്ങൾ നൽകാമോ?

കേരള സാമൂഹ്യസുരക്ഷാ മിഷൻ അനുയാത്രയുടെ ഭാഗമായി ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് 'സ്പെക്ട്രം' (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, പരിശീലനങ്ങൾ, ആധുനിക

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ദ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കിവരുന്നു. സ്പെക്ട്രം (SPECTRUM) പദ്ധതിയുടെ ഭാഗമായി നിലവിൽ നടപ്പാക്കിവരുന്ന പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

(a) ഓട്ടിസം സെന്ററുകൾ

(b) റീജിയണൽ ഓട്ടിസം റീഹാബിലിറ്റേഷൻ ആന്റ് റിസർച്ച് സെന്റർ

(c) രക്ഷിതാക്കൾക്കുള്ള പരിശീലനം (വിശദാംശങ്ങൾ വിശദീകരണ കുറിപ്പിൽ ചേർക്കുന്നു.)

കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉൾപ്പെടെ 50 ശതമാനത്തിലധികം ഭിന്നശേഷിത്വമുള്ള 12 വയസ്സിൽ താഴെ പ്രായവും ഒരു ലക്ഷത്തിൽ കുറവ് വാർഷിക വരുമാനവുമുള്ള കുട്ടികളുടെ പേരിൽ 20,000 രൂപ സ്ഥിരനിക്ഷേപം നടത്തിവരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക് കുറഞ്ഞ പലിശനിരക്കിൽ സ്വയംതൊഴിൽ വായ്പയും ഇവർക്കാവശ്യമായ സഹായ ഉപകരണങ്ങളും നൽകിവരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനായി സമഗ്ര ശിക്ഷാ കേരള മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. 168 ബി.ആർ.സി.-കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചു.

2. ഈ ഓട്ടിസം സെന്ററുകളിലെ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ വിഭാഗത്തിലുള്ള കുട്ടികൾക്ക് അധിക പിന്തുണ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെയും ആയമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

3. ഈ കുട്ടികൾക്ക് സെൻസറി ഇന്റഗ്രേഷൻ പോലെയുള്ള വിവിധ തെറാപ്പികൾ നൽകിവരുന്നു.

4. കോവിഡ് 19 കാലത്ത് ഇവർക്ക് പഠന പ്രവർത്തനങ്ങൾക്കായി പ്രത്യേകം വീഡിയോ തയ്യാറാക്കി നൽകിയിട്ടുണ്ട്.

5. വീടുകളിൽ തെറാപ്പി സൗകര്യമൊരുക്കുന്നതിന് രക്ഷിതാക്കളെ ശാക്തീകരിക്കുന്നതിനായി പ്രത്യേക വീഡിയോകൾ നിർമ്മിച്ച് നൽകിയിട്ടുണ്ട്.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ്

1 (2720) ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പിൽ സ്പെഷ്യൽ റൂൾസ് നടപ്പിലാക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ്; വിശദമാക്കാമോ?

കാർഷിക വികസന കർഷക ക്ഷേമ വകുപ്പിൽ അഗ്രിക്കൾച്ചർ സ്റ്റേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് നിലവിലുണ്ട്. അഗ്രിക്കൾച്ചർ സബോർഡിനേറ്റ് സർവ്വീസ് സ്പെഷ്യൽ റൂൾസ് രൂപീകരണവുമായി ബന്ധപ്പെട്ട് കരട് സ്പെഷ്യൽ റൂൾസ് തയ്യാറാക്കിയതിന്മേൽ സർവീസ് സംഘടനകളുമായി 11-8-2020-ാം തീയതി കാർഷികോല്പാദന കമ്മീഷണറുടെ നേതൃത്വത്തിൽ ചർച്ച നടത്തിയിരുന്നു. പ്രസ്തുത ചർച്ചയുടെ ഭാഗമായി ലഭിച്ച നിർദ്ദേശങ്ങളുടെയും അഭിപ്രായങ്ങളുടെയും അടിസ്ഥാനത്തിൽ പരിശോധിച്ച് തയ്യാറാക്കിയ കരട് സ്പെഷ്യൽ റൂൾസ് ഉദ്യോഗസ്ഥ ഭരണ പരിഷ്കാര വകുപ്പിന്റെ പരിശോധനയിലാണ്.

### സുഗന്ധവിളകളുടെ വികസനത്തിനായി പദ്ധതി

2 (2721) ശ്രീ. പി. ടി. തോമസ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. സനീഷ്കുമാർ ജോസഫ്:
ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സുഗന്ധവിളകളുടെ വികസനത്തിനായി കഴിഞ്ഞ സർക്കാർ എന്തെങ്കിലും പദ്ധതി പ്രഖ്യാപിച്ചിരുന്നോ; വിശദാംശം നൽകാമോ?

സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് 2020-21 സാമ്പത്തിക വർഷത്തിൽ സുഗന്ധ വിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പൂ എന്നീ വിളകളുടെ വിസ്തൃതി വർദ്ധിപ്പിക്കുന്നതിന് ധനസഹായം, കുരുമുളകിന്റെ വികേന്ദ്രീകൃത നഴ്സറികൾക്ക് ധനസഹായം, നിലവിലുള്ള കുരുമുളക് തോട്ടങ്ങളുടെ പുനരുജ്ജീവനം, ഇടുക്കി ജില്ലയിലെ കുരുമുളകിന്റെ ഉത്പാദനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികളായ കുരുമുളക് കൃഷി കൂടുതൽ പ്രദേശത്തേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള സഹായം, കർഷകർ വികസിപ്പിച്ചെടുത്ത ഇനങ്ങളുടെ പ്രദർശനത്തോട്ടത്തിന് ധനസഹായം, സൂക്ഷ്മമൂലകങ്ങൾക്കും സെക്കണ്ടറി മൂലകങ്ങൾക്കുമുള്ള ധനസഹായം, മണ്ണ് സാമ്പിൾ ശേഖരണം, സോയിൽ അമിലിയൊറൻസിന് ധനസഹായം,

ദ്രുതവാട്ടത്തിനെതിരെ സ്പ്രേയിംഗ് നടത്തുന്നതിന് ധനസഹായം, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം എന്നിവ നടപ്പിലാക്കിയിരുന്നു. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ മുഖേന പ്രോജക്ട് അടിസ്ഥാനത്തിൽ നഴ്സറികൾ ആരംഭിക്കുന്നതിനും ധനസഹായം നൽകിയിട്ടുണ്ട്. തലനാടൻ ഗ്രാമ്പൂവിന് ഭൗമസൂചികാപദവി ലഭിക്കുന്നതിനുവേണ്ട നടപടിക്കായി കേരള അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിക്കും ധനസഹായം നൽകിയിട്ടുണ്ട്. ഇപ്രകാരം 2020-21 വർഷത്തിൽ സുഗന്ധവിള വികസന പദ്ധതിക്കായി 983.08922 ലക്ഷം രൂപ ചെലവഴിച്ചു.

(ബി) ഏതൊക്കെ സുഗന്ധവിളകളുടെ കൃഷിക്കാണ് ഊന്നൽ നൽകിയതെന്ന് വ്യക്തമാക്കാമോ; ഇതിൽ നേട്ടം കൈവരിക്കാൻ സാധിച്ചിട്ടുണ്ടോ?

സുഗന്ധവിളകളായ കുരുമുളക്, ഇഞ്ചി, മഞ്ഞൾ, ജാതി, ഗ്രാമ്പു എന്നീ വിളകളുടെ കൃഷിക്കാണ് ഊന്നൽ നൽകിയത്. ഈ പദ്ധതി പ്രകാരം 1245 ഹെക്ടറിൽ കുരുമുളകിന്റെ കൃഷി വിസ്തൃതി വർദ്ധിപ്പിക്കൽ, 240 ഹെക്ടറിൽ ഇഞ്ചി, മഞ്ഞൾ എന്നിവയുടെ കൃഷി വ്യാപനം, 47.244 ഹെക്ടറിൽ ജാതി, ഗ്രാമ്പൂ എന്നിവയുടെ കൃഷി വ്യാപനം, 1300 ഹെക്ടറിൽ കുരുമുളകിന്റെ ദ്രുതവാട്ടത്തിനെതിരെ സ്പ്രേയിംഗ്, 1000 ഹെക്ടറിൽ സെക്കണ്ടറി സൂക്ഷ്മ മൂലകങ്ങൾ ഉപയോഗിക്കുന്നതിന് ധനസഹായം, 214 ഹെക്ടറിൽ വെള്ളപ്പൊക്ക ബാധിത മേഖലകളിലെ ജാതികൃഷിയുടെ പുനരുദ്ധാരണം, കുരുമുളക് സമിതികളുടെ പുനരുജ്ജീവനം എന്നിവ പദ്ധതി മുഖേന നടപ്പിലാക്കി.

(സി) സുഗന്ധവിള വികസന പദ്ധതിയുടെ ഭാഗമായി അന്താരാഷ്ട്ര മാർക്കറ്റിൽ വിപണി കണ്ടെത്താൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകാമോ?

കൃഷി വകുപ്പ് 2020-21 വർഷം നടപ്പിലാക്കിയ സുഗന്ധവിള വികസന പദ്ധതിയിൽ വിപണനം ഒരു ഘടകമല്ലായിരുന്നു. സുഗന്ധവിളകളുടെ മൂല്യവർദ്ധനവ്, അന്താരാഷ്ട്ര മാർക്കറ്റിൽ മാർക്കറ്റ് കണ്ടെത്തൽ തുടങ്ങിയ സുഗന്ധവിളകളുമായി ബന്ധപ്പെട്ട കാര്യങ്ങൾ കേന്ദ്രഗവൺമെന്റ് സ്ഥാപനമായ Spices Board -ന്റെ നേതൃത്വത്തിൽ കൈക്കൊള്ളുന്നുണ്ട്.

**കാർഷികോത്പന്ന സംഭരണ-സംസ്കരണ-വിപണന കേന്ദ്രം**

3 (2722) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**നടപ്പുവർഷത്തെ ബജറ്റിൽ നിർദ്ദേശമുള്ള തിരുവമ്പാടി മണ്ഡലത്തിലെ എരണിമാവിൽ സഹകരണ മേഖലയിൽ കാർഷികോത്പന്ന സംഭരണ-സംസ്കരണ-വിപണന കേന്ദ്രം ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?**

കാർഷികോത്പന്ന സംഭരണ-സംസ്കരണ-വിപണന കേന്ദ്രം ആരംഭിക്കുന്നതിനായുള്ള അപേക്ഷ ബന്ധപ്പെട്ട സഹകരണ സംഘങ്ങൾ സമർപ്പിക്കുന്ന മുറയ്ക്ക് ആയതിന്റെ പ്രായോഗികത പരിശോധിച്ച് തുടർ നടപടി സ്വീകരിക്കുന്നതാണ്.

**ഡാറ്റാ ബാങ്ക്**

4 (2723) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2008-ലെ കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കുവാനും ഉപഗ്രഹ സംവിധാനം ഉപയോഗിച്ച് ഡാറ്റാബാങ്ക് കുറ്റമറ്റ രീതിയിൽ പരിഷ്കരിക്കുന്നതിനുമായി സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതുപ്രകാരം സംസ്ഥാനത്തെ എത്ര കൃഷി ഭവനുകളിൽ ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്;

(സി) ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുവാൻ അവശേഷിക്കുന്ന കൃഷിഭവനുകൾ എത്ര എണ്ണമുണ്ട്; വ്യക്തമാക്കുമോ;

&

(ഡി) ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കുവാൻ അവശേഷിക്കുന്ന കൃഷി ഭവനുകളിൽ അടിയന്തരമായി അവ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

(എ-ഡി) കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമപ്രകാരം ഡാറ്റാ ബാങ്കിലെ അപാകതകൾ പരിഹരിക്കുന്നതിനും ഉപഗ്രഹ സാങ്കേതിക സംവിധാനമുപയോഗിച്ച് ശാസ്ത്രീയമായ വാലിഡേഷൻ നടത്തുന്നതിനുമായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് ആൻഡ് എൻവയോൺമെന്റ് സെന്ററിനെ (KSREC) ചുമതലപ്പെടുത്തുകയുണ്ടായി. 351 ഡാറ്റാബാങ്കുകളുടെ വാലിഡേഷൻ പൂർത്തീകരിക്കുകയും ചെയ്തു. സംസ്ഥാനത്തുള്ള 1077 കൃഷിഭവനുകളിൽ ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിക്കേണ്ടതായ 1061 കൃഷി ഭവനുകളിലും ഡാറ്റാബാങ്ക് പ്രസിദ്ധീകരിച്ചു . ഇപ്രകാരം പ്രസിദ്ധീകരിച്ച ഡാറ്റാ ബാങ്കിലെ ഉള്ളടക്കങ്ങളിൽ ഇനിയും ആക്ഷേപമുള്ള ഏതൊരാൾക്കും കേരള നെൽവയൽ തണ്ണീർത്തട സംരക്ഷണ ചട്ടത്തിലുള്ള ഫാറം-5-ലുള്ള അപേക്ഷ റവന്യൂ ഡിവിഷണൽ ഓഫീസർക്ക് സമർപ്പിക്കാവുന്നതാണ്. അത്തരം അപേക്ഷകൾ ലഭിക്കുന്ന മുറയ്ക്ക് പരിഹാര നടപടികളും സ്വീകരിക്കുന്നതാണ്.

## പച്ചക്കറി ഉല്പാദനത്തിൽ സ്വയംപര്യാപ്തത

5 (2724) ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ):
ശ്രീ. ടി. സിദ്ദിഖ്:
ശ്രീ. ടി. ജെ. വിനോദ്:
ശ്രീ. എ. പി. അനിൽ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പച്ചക്കറികളുടെയും പഴങ്ങളുടെയും ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്?

സംസ്ഥാനത്തെ പച്ചക്കറിയുല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിന് ലക്ഷ്യമിട്ട് കൃഷി വകുപ്പ് വിഭാവനം ചെയ്തിട്ടുള്ള ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. പ്രസ്തുത പദ്ധതിയിൽ അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന പച്ചക്കറികൾ ഒഴിവാക്കി സംസ്ഥാനത്തിനാവശ്യമായ പച്ചക്കറികൾ വ്യാവസായിക അടിസ്ഥാനത്തിലും വീട്ടുവളപ്പുകളിലും ഉല്പാദിപ്പിക്കുവാൻവേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കുവാൻവേണ്ടിയുള്ള വിവിധ ഘടകങ്ങൾ വിഭാവനം ചെയ്തത് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം 7445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പച്ചക്കറി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും സ്വയംപര്യാപ്തതയിലേയ്ക്കെത്തുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് കാർഷിക വികസന കർഷകക്ഷേമ വകുപ്പ് ചുവടെ ചേർത്തിട്ടുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി ഘടകങ്ങൾ നടപ്പിലാക്കിവരുന്നു.

1. ഓണത്തിന് ഒരു മുറം പച്ചക്കറി ഉൾപ്പെടെയുള്ള വീട്ടുവളപ്പിലെ പച്ചക്കറി കൃഷി പ്രോത്സാഹനം.
2. സ്ഥാപനങ്ങൾ വഴി പച്ചക്കറി കൃഷി.
3. ജില്ലാ ക്ലസ്റ്റർ വികസനം.
4. ഗ്രേഡഡ് ക്ലസ്റ്ററുകളുടെ വികസനം.
5. കാര്യക്ഷമമായി പ്രവർത്തിക്കുന്ന എ ഗ്രേഡ് ക്ലസ്റ്ററുകൾക്കുള്ള ധനസഹായം.
6. മട്ടുപ്പാവ് കൃഷി പ്രോത്സാഹനവും മാലിന്യ സംസ്കരണവും.
7. ഹരിത ഗ്രൂപ്പുകളുടെ രൂപീകരണം.
8. നഴ്സറികൾ സ്ഥാപിക്കൽ.

9. ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം പ്രോത്സാഹിപ്പിക്കൽ.

10. മഴമറ നിർമ്മാണം.

11. സേഫ്-ടു-ഈറ്റ്.

12. സുഭിക്ഷ കേരളം പദ്ധതി.

13. വി.എഫ്.പി.സി.കെ. മുഖേനയുള്ള സമഗ്ര പച്ചക്കറി വികസന പദ്ധതി. പച്ചക്കറി നടീൽ വസ്തുക്കൾ ഉൽപാദന പദ്ധതി. ഹരിതനഗരി പദ്ധതി. ജൈവ പച്ചക്കറി കൃഷി പ്രോത്സാഹനം.

14. സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന പദ്ധതികൾ

(ബി) വിളകളുടെ ഉല്പാദനത്തിലെ അസ്ഥിരതയും വിലത്തകർച്ചയും പരിഹരിക്കുന്നതിന് ഏതൊക്കെ വിളകൾക്കാണ് കഴിഞ്ഞ സർക്കാർ അടിസ്ഥാനവില ഏർപ്പെടുത്തിയിരിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

&

(സി) പ്രസ്തുത പദ്ധതിയുടെ പ്രയോജനം എല്ലാ കർഷകർക്കും ലഭിക്കുന്നതിനായി ഏർപ്പെടുത്തിയിട്ടുള്ള ക്രമീകരണങ്ങൾ എന്തൊക്കെയാണെന്നറിയിക്കാമോ?

(ബി&സി) സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉൽപ്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില ചുവടെ ചേർക്കുന്നു :

| നമ്പർ | വിള | അടിസ്ഥാന വില (രൂപ) |
|---|---|---|
| (1) | (2) | (3) |
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ<br>വയനാടൻ നേന്ത്രൻ | 30<br>24 |
| 3. | കൈതച്ചക്ക | 15 |

| (1) | (2) | (3) |
|---|---|---|
| 4. | കുമ്പളം | 9 |
| 5. | വെള്ളരി | 8 |
| 6. | പാവൽ | 30 |
| 7. | പടവലം | 16 |
| 8. | വള്ളിപ്പയർ | 34 |
| 9. | തക്കാളി | 8 |
| 10. | വെണ്ട | 20 |
| 11. | കാബേജ് | 11 |
| 12. | കാരറ്റ് | 21 |
| 13. | ഉരുളക്കിഴങ്ങ് | 20 |
| 14. | ബീൻസ് | 28 |
| 15. | ബീറ്റ്റൂട്ട് | 21 |
| 16. | വെളുത്തുള്ളി | 139 |

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾവഴി സംഭരിക്കുന്നു. ഇതിൽ 300 വിപണി കൃഷി വകുപ്പിന്റേതും 250 വിപണികൾ PACS-ന്റേതുമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| വി.എഫ്.പി.സി.കെ | 250 |
| ഹോർട്ടികോർപ് | 18 |
| ഇക്കോഷോപ്പുകൾ | 12 |
| എ ഗ്രേഡ് ക്ലസ്റ്ററുകൾ | 14 |
| മൊത്തവ്യാപാര വിപണികൾ | 6 |
| ആകെ | 300 |

ഇങ്ങനെ സംഭരിക്കുമ്പോഴുണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങുവിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു.

**ഹരിത കേരളം പദ്ധതി**

6 (2725) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പിറവം മണ്ഡലത്തിൽ ഹരിത കേരളം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഹരിതകേരളം മിഷന്റെ ആഭിമുഖ്യത്തിൽ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെ പിറവം മണ്ഡലത്തിലെ രാമമംഗലം, തിരുമാറാടി, പാമ്പാക്കുട, ആമ്പല്ലൂർ, എടയ്ക്കാട്ടുവയൽ എന്നീ ഗ്രാമപഞ്ചായത്തുകളിൽ പരിസ്ഥിതി പുനഃസ്ഥാപനം എന്ന ഹരിത കേരളം ലക്ഷ്യം നടപ്പിലാക്കുന്നതിന് 'പച്ചത്തുരുത്തുകൾ' നിർമ്മിച്ചിട്ടുണ്ട്.

(ബി) ഇതിൽ ഉൾപ്പെടുത്തി മണ്ഡലത്തിൽ ഏതെല്ലാം പുതിയ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത് എന്നറിയിക്കാമോ?

പച്ചക്കറി വികസന പദ്ധതിയുടെ ഭാഗമായി പച്ചക്കറി വിത്ത്, തൈ, സ്പ്രെയർ, പമ്പ്സെറ്റ്, ക്ലസ്റ്റർ അടിസ്ഥാനത്തിലുള്ള പച്ചക്കറി കൃഷി, പന്തൽ കൃഷി, ഗ്രോ ബാഗ് കൃഷി, മഴമറ എന്നിവയ്ക്കായി പിറവം നിയോജക മണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ 34,10,000 രൂപയും മുളന്തുരുത്തി ബ്ലോക്ക് പരിധിയിൽ 22,20,000 രൂപയും തിരുവാങ്കുളം ഗ്രാമ പഞ്ചായത്ത് പരിധിയിൽ 2,33,000 രൂപയും അനുവദിച്ചിട്ടുണ്ട്. സുഭിക്ഷ കേരളം പദ്ധതിയിൽ തരിശുനില പച്ചക്കറി, മഴമറകൃഷി

എന്നിവയ്ക്കായി പിറവം നിയോജകമണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ 3,50,000 രൂപയും മുളന്തുരുത്തി ബ്ലോക്കിന് 4,04,600 രൂപയും അനുവദിച്ചിട്ടുണ്ട്. ഭാരതീയ പ്രകൃതി കൃഷി പദ്ധതിയുടെ ഭാഗമായി (BPKP) കിസാൻ മേള, പി.ജി.എസ്. സർട്ടിഫിക്കേഷൻ, ഡിബിടി വഴി കർഷകർക്ക് നേരിട്ടുള്ള സഹായം, ഫാർമർ ഇൻടറസ്റ്റ് ഗ്രൂപ്പ് 1 (ജൈവ-ജീവാണു വളം കീടനാശിനികളുടെ നിർമ്മാണം), ഗ്രൂപ്പ് 2 (മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ നിർമ്മാണം), പരമ്പരാഗത നാട്ടറിവ് സംരക്ഷണ തോട്ടങ്ങൾ, പരമ്പരാഗത കാർഷിക വിളകളുടെ മാതൃക സംരക്ഷണ തോട്ടങ്ങൾ, സാധാരണ മാതൃക തോട്ടങ്ങൾ എന്നീ ഘടകങ്ങളെല്ലാം ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്ന പിറവം നിയോജകമണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ 25,98,000 രൂപയും മുളന്തുരുത്തി ബ്ലോക്കിലേയ്ക്കായി 25,04900 രൂപയും തിരുവാങ്കുളം ഗ്രാമപഞ്ചായത്തിലേയ്ക്കായി 1,09,000 രൂപയും അനുവദിച്ചിട്ടുണ്ട്. സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതിപ്രകാരം വാഴ, പൈനാപ്പിൾ, പ്ലാവ്, മാവ്, ടിഷ്യുകൾച്ചർ വാഴ, ഡ്രാഗൺ ഫ്രൂട്ട്, ഞാവൽപ്പഴം എന്നിവയുടെ വിസ്തൃതി വ്യാപനത്തിന് പിറവം നിയോജകമണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ 5,50,000 രൂപയും മുളന്തുരുത്തി ബ്ലോക്ക് പരിധിയിൽ 3,72,000 രൂപയും തിരുവാങ്കുളം ഗ്രാമപഞ്ചായത്തിലേയ്ക്കായി 2250 രൂപയും അനുവദിച്ചിട്ടുണ്ട്. പവർ ടില്ലർ വാങ്ങുന്നതിനായി 50,000 രൂപയും പുല്ലുവെട്ടി യന്ത്രം വാങ്ങുന്നതിന് 12,000 രൂപയും സ്പ്രേയർ വാങ്ങുന്നതിന് 1200 രൂപയും തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ അനുവദിച്ചിട്ടുണ്ട്. പിറവം നിയോജകമണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ സംരക്ഷിത കൃഷിക്കായി 8,60,000 രൂപയും മുളന്തുരുത്തി ബ്ലോക്കിന് 1,06,500 രൂപയും തിരുവാങ്കുളം ഗ്രാമപഞ്ചായത്ത് പരിധിയിൽ 1760 രൂപയും അനുവദിച്ചിട്ടുണ്ട് പിറവം നിയോജകമണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ മണ്ണിര കമ്പോസ്റ്റിനായി 50,000 രൂപയും കാർഷിക യന്ത്രവത്കരണത്തിനായി 3,70,000 രൂപയും അനുവദിച്ചിട്ടുണ്ട്. പിറവം നിയോജകമണ്ഡലത്തിലെ മുളന്തുരുത്തി ബ്ലോക്ക് പരിധിയിൽ പോളി ഹൗസ് കൃഷിയിലെ സങ്കരയിനം പച്ചക്കറി കൃഷിക്കായി 28000 രൂപയും കാർഷികയന്ത്രവൽക്കരണത്തിന് 3,21,100 രൂപയും കൂൺകൃഷിക്ക് പ്രോസസ്സിംഗ് യൂണിറ്റ് പദ്ധതിയും നടപ്പിലാക്കിവരുന്നു.

(സി) സമഗ്ര നെൽകൃഷി വികസനത്തിന് കൂടുതൽ ഊന്നൽ നൽകുന്ന പദ്ധതി മണ്ഡലത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

പിറവം നിയോജകമണ്ഡലത്തിലെ പിറവം ബ്ലോക്ക് പരിധിയിൽ നെൽകൃഷി വികസനത്തിന് ഊന്നൽ നൽകിക്കൊണ്ട് തരിശ്ശ് നെൽകൃഷിക്ക് 4,00,000 രൂപയും സുസ്ഥിരനെൽകൃഷി വികസനത്തിന് 15,51,000 രൂപയും പാടശേഖര സമിതികൾക്കുള്ള സഹായമായി 86,400/- രൂപയും മണ്ണ് പരിപോഷണത്തിനുള്ള

കുമ്മായ വിതരണത്തിനായി 14,63,400 രൂപയും അനുവദിച്ചിട്ടുണ്ട്. മുളന്തുരുത്തി ബ്ലോക്ക് പരിധിയിൽ തരിശു നെൽകൃഷിക്ക് 7,81,660 രൂപയും നെൽകൃഷിക്ക് കുമ്മായം നൽകുന്ന സോയിൽഹെൽത്ത് മാനേജ്മെന്റ് പദ്ധതികൾക്കായി 73,44,000 രൂപയും അനുവദിച്ചിട്ടുണ്ട്. സമഗ്രനെൽകൃഷി വികസനത്തിനായി മുളന്തുരുത്തി ബ്ലോക്ക് പഞ്ചായത്ത് തോട്ടറ പുഞ്ചയിലെ അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കുന്നതിലേയ്ക്കായി എടയ്ക്കാട്ടുവയൽ, ആമ്പല്ലൂർ പഞ്ചായത്തുകളുമായി സഹകരിച്ച് തോട്ടറപുഞ്ചയിലെ പാടശേഖരങ്ങൾക്ക് 20,00,000 രൂപയുടെ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

**കാർഷിക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ**

7(2726) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ കാർഷിക മേഖലയിൽ പുതിയ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാർ എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് 2020-21 വരെ ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്ത് തലത്തിൽ 368 കാർഷിക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. 2021-22-ൽ ഈ പദ്ധതിയിൻ കീഴിൽ ബ്ലോക്ക്തലത്തിൽ 8 പുതിയ കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ) രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാർഷിക മേഖലയിൽ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ടി പദ്ധതി. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളി കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉത്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയൊക്കെ ഇതിന്റെ ലക്ഷ്യങ്ങളാണ്. കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യ വർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കുമ്പോഴും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷ കേരളം പദ്ധതിയുടെ ഒരു പ്രധാന ഘടകമാണ് ജൈവ ഗൃഹം-സംയോജിത കൃഷി

(IFS). പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ, ആടു വളർത്തൽ, പോഷകത്തോട്ടം, തേനീച്ച കൃഷി, കൂൺകൃഷി, പശു വളർത്തൽ, മത്സ്യ കൃഷി, ജൈവവള നിർമ്മാണം, മുയൽ വളർത്തൽ, അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് 'ജൈവ ഗൃഹം" പദ്ധതി. കർഷക വരുമാനം വർദ്ധിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈയൊരു പദ്ധതി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. ഒന്നിലധികം സംരംഭങ്ങളുള്ളതുകൊണ്ടുതന്നെ വർഷം മുഴുവൻ വരുമാനം കർഷകന് ഉറപ്പുവരുത്താനാകും എന്നതാണ് സംയോജിത യൂണിറ്റുകളുടെ പ്രത്യേകത. പരമാവധി യുവാക്കളെയും കോവിഡ്-19 മൂലം നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള പ്രവാസികളെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് ഒരു സുസ്ഥിരവരുമാനം ഉറപ്പുവരുത്തുക എന്നതുകൂടി പദ്ധതി ലക്ഷ്യമിടുന്നുണ്ട്. 2748 യുവാക്കളും 704 പ്രവാസികളും 2717 വനിതകളും ഉൾപ്പെടെ ഇതുവരെ 14680 ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്ത് സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. 14000 ഗുണഭോക്താക്കളായിരുന്നു ലക്ഷ്യമെങ്കിലും പദ്ധതിയുടെ പൊതുസ്വീകാര്യതമൂലം കൂടുതൽ ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായി. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പുവരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം ഉത്പന്നങ്ങളുടെ മൂല്യ വർദ്ധനവ് നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021-ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## സംസ്ഥാനത്ത് പ്ലേഗ് പുഴുവിന്റെ സാന്നിദ്ധ്യം

8 (2727) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷികവിളകളുടെ നിലനിൽപ്പിന് ഭീഷണിയുയർത്തുന്ന പ്ലേഗ് പുഴുവിന്റെ സാന്നിധ്യം സംസ്ഥാനത്ത് കണ്ടെത്തുകയുണ്ടായോ?

കണ്ടെത്തിയിട്ടുണ്ട്.

(ബി) ഇത് വളരെ വേഗത്തിൽ പടർന്നുപിടിക്കുന്ന ഒരു കീടബാധയാണോ; എങ്കിൽ വാഴ, പച്ചക്കറികൾ തുടങ്ങിയ വിളകൾക്ക് ഇത് കടുത്ത ഭീഷണി ഉയർത്തുമെന്ന് കരുതുന്നുണ്ടോ?

പ്ലേഗ് പുഴ വളരെ പെട്ടെന്ന് പെറ്റുപെരുകുമെങ്കിലും അവ വളരെപ്പെട്ടെന്നു തന്നെ നശിച്ചുപോകുന്നവയുമാണ്. വാഴ, പച്ചക്കറി, കപ്പ, ചേന, കളകൾ എന്നിങ്ങനെ വിവിധതരം സസ്യങ്ങളെ ഇവ ആക്രമിക്കുന്നുണ്ട്. പക്ഷേ ഒരൊറ്റ തലമുറയോടുകൂടി ഇവ നശിച്ച് പോകുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. അതുകൊണ്ടുതന്നെ ഇവ വിളകൾക്ക് വലിയ ഭീഷണിയുയർത്തുന്നില്ല.

(സി) പ്രസ്തുത കീടബാധ നിയന്ത്രിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണ്; ഇത് പടർന്നുപിടിക്കുന്നത് തടയുന്നതിനും നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികൾ കൈക്കൊള്ളുമെന്ന് വ്യക്തമാക്കുമോ?

എറണാകുളം ജില്ലയിലെ പൂതൃക്ക പഞ്ചായത്തിലാണ് ഈ പുഴുവിന്റെ സാന്നിദ്ധ്യം ആദ്യമായി കണ്ടെത്തുന്നത്. പുഴുവിനെ കണ്ട സ്ഥലങ്ങളിലെല്ലാം പുഴുക്കളെ പ്രകൃത്യാതന്നെ നശിപ്പിക്കുന്ന വൈറസിനെയും കണ്ടെത്തിയിട്ടുണ്ട്. അതുകൊണ്ട് പുഴുക്കൾ വൈറസ് ബാധിച്ച് ചത്തുപോകുന്നുമുണ്ട്. വൈറസ് ബാധ ഉണ്ടായിരുന്നതു കൊണ്ട് പുഴുവിനെ കണ്ട മിക്ക സ്ഥലങ്ങളിലും മറ്റു നിയന്ത്രണമാർഗ്ഗങ്ങൾ അവലംബിക്കാതെതന്നെ പുഴു നശിച്ചുപോകുന്നതായിട്ടാണ് കണ്ടിട്ടുള്ളത്. പക്ഷികളും മറ്റും ഈ പുഴുക്കളെ ധാരാളമായി ഭക്ഷിക്കുന്നുണ്ട്. പുഴുക്കളുടെ എണ്ണം വളരെയധികം കണ്ട പത്തനംതിട്ട ജില്ലയിൽ മാത്രം കാർഷിക സർവ്വകലാശാലയുടെ നിർദ്ദേശ പ്രകാരം ഭക്ഷ്യക്കെണി ഉപയോഗിക്കുകയും അവയെ നിയന്ത്രിക്കുവാനും സാധിച്ചിട്ടുണ്ട്. ജൈവിക നിയന്ത്രണം സാധ്യമാക്കുന്നതിന് വേപ്പധിഷ്ഠിത കീടനാശിനിയായ (അസാഡിറാക്റ്റിൻ 300 ppm) ഫോളിയാർ സ്പ്രേയായി ഉപയോഗിക്കാവുന്നതാണ്. കൂടാതെ ക്ലോറാൻ ട്രാനിലിപ്രോൾ (chlorantraniliprole 18.5 Sc), ഫ്ലൂബൻഡാമൈഡ് (Flubendiamide 39.35 Sc) എന്നിവയും ഈ കീടബാധയ്ക്കെതിരെ ഇലകളിൽ തളിക്കുന്നതിനായി ഉപയോഗിക്കാവുന്നതാണ് എന്ന് സെൻട്രൽ ഇന്റഗ്രേറ്റഡ് പെസ്റ്റ് മാനേജ്മെന്റ് സെന്റർ (CI PMC) ശുപാർശ ചെയ്തിട്ടുണ്ട്.

**കാർഷികവൃത്തിക്കായി കൂടുതൽ വായ്പകൾ**

9(2728) <u>ശ്രീ. ഐ. സി. ബാലകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് കാർഷിക മേഖലയിലേയ്ക്ക് പുതിയ തലമുറയെ ആകർഷിക്കുന്നതിനും കാർഷികവൃത്തിക്കായി കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

കാർഷിക രംഗത്തേയ്ക്ക് കടന്നുവരുന്ന പുതിയ തലമുറയെ ആകർഷിക്കാൻ നൂതന കൃഷിരീതികൾ, യന്ത്രവത്ക്കരണം, വിപണനത്തിനുള്ള ആധുനിക സൗകര്യങ്ങൾ, മികച്ച വരുമാനം എന്നിവ അടിസ്ഥാനമാക്കി കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പ്രധാന പദ്ധതികൾ അനുബന്ധം - I ആയും കാർഷികവൃത്തിക്കായി കൂടുതൽ വായ്പകൾ ലഭ്യമാക്കുന്നതിനായി സ്വീകരിച്ച നടപടികൾ അനുബന്ധം -II ആയും ചേർക്കുന്നു*.

**കർഷക ക്ഷേമനിധി ബോർഡ്**

10(2729) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വമെടുക്കുവാൻ വേണ്ടി ഓൺലൈൻ രജിസ്ട്രേഷൻ ആരംഭിച്ചിട്ടുണ്ടോ; എത്രപേർ ഓൺലൈൻ വഴി രജിസ്ട്രേഷൻ നടത്തിയിട്ടുണ്ടെന്ന് അറിയിക്കാമോ?

കേരള കർഷക ക്ഷേമനിധി ബോർഡിൽ അംഗത്വം നല്കുന്നതിനായി ഓൺലൈൻ രജിസ്ട്രേഷനായി സോഫ്റ്റ്‌വെയർ തയ്യാറാക്കിക്കഴിഞ്ഞു. ഇതിന്റെ സുരക്ഷാ പരിശോധന നടന്നുവരുന്നു. ആയത് പൂർത്തിയായതിനുശേഷം രജിസ്ട്രേഷൻ ആരംഭിക്കുന്നതാണ്.

(ബി) എത്ര വർഷം അംശാദായം അടച്ചവർക്കാണ് പെൻഷന് അർഹത ലഭിക്കുന്നതെന്ന് വ്യക്തമാക്കാമോ?

അഞ്ചു വർഷത്തിൽ കുറയാതെ അംശദായം അടയ്ക്കുകയും കുടിശ്ശിക ഇല്ലാതെ 60 വയസ്സ് വരെ അംശദായം അടച്ച് അംഗമായി തുടരുകയും ചെയ്ത കർഷകർക്ക് ഒടുക്കിയ അംശദായത്തിന്റെയും ഒടുക്കിയ കാലയളവിന്റെയും ആനുപാതികമായി പദ്ധതി പ്രകാരമുള്ള തുക പെൻഷൻ ആയി ലഭിക്കുന്നതാണ്. കൂടാതെ, ആക്ടിന്റെ പ്രാരംഭ തീയതിയിൽ (20-12-2019) 56 വയസ് പൂർത്തിയാക്കിയ ഏതൊരു കർഷകനും 65 വയസ് വരെ 5 വർഷത്തിൽ കുറയാതെ അംശദായം അടച്ചു തീർക്കുകയും ചെയ്ത തീയതിയുടെ തൊട്ടടുത്ത മാസം മുതൽ അർഹമായ നിരക്കിൽ പെൻഷൻ ലഭിക്കുന്നതാണ്.

(സി) പെൻഷൻ അനുവദിക്കാനുള്ള വരുമാനം ക്ഷേമനിധി ബോർഡ് എങ്ങനെയാണ് സ്വരൂപിക്കുന്നത് എന്നത് വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കർഷകരുടെ ക്ഷേമത്തിനായി 'കേരള കർഷകക്ഷേമനിധി പദ്ധതി' എന്ന പേരിൽ ഒരു പദ്ധതി സർക്കാർ ആവിഷ്കരിക്കുന്നതിനും വിജ്ഞാപനം വഴി ഒരു നിധി സർക്കാർ രൂപീകരിക്കുന്നതിനും കേരള കർഷക ക്ഷേമനിധി ആക്ട് വ്യവസ്ഥ ചെയ്തിരിക്കുന്നു. ഇപ്രകാരം രൂപീകൃതമാകുന്ന നിധിയിൽനിന്നുമാണ് പെൻഷൻ നൽകുന്നതിനുള്ള തുക കണ്ടെത്തേണ്ടത്. നിധിയിലേയ്ക്ക് താഴെപ്പറയും പ്രകാരം വരുമാനം സ്വരൂപിക്കുന്നതിന് വ്യവസ്ഥ ചെയ്യുന്നു.

(i) അംഗങ്ങളുടെ നിധിയിലേയ്ക്കുള്ള അംശദായം;

(ii) കാർഷിക ഇൻസെന്റീവ്:- കർഷകരുടെ ക്ഷേമത്തിനായി നിധിയിലേയ്ക്കുള്ള തുക സ്വരൂപിക്കുന്നതിനായി കാർഷികോൽപ്പന്നങ്ങൾ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളാക്കി മാറ്റി വ്യാപാരം നടത്തുന്ന, വാർഷിക ലാഭം ഒരു ലക്ഷം രൂപയുടെ മുകളിൽ വരുന്ന ഓരോ വ്യാപാരിയും തന്റെ വാർഷിക ലാഭത്തിന്റെ ഒരു ശതമാനം വരുന്ന തുക കർഷകർക്കുള്ള അവകാശ ലാഭമെന്ന നിലയ്ക്ക് കാർഷിക ഇൻസെന്റീവ് ആയി നിധിയിലേയ്ക്ക് നൽകുന്ന തുക;

(iii) വരുമാന രൂപീകരണത്തിന്റെ ഭാഗമായി കേരള കർഷക ക്ഷേമനിധി സ്റ്റാമ്പ് വിൽപ്പന നടത്തുന്ന വകയിൽ ലഭിക്കുന്ന തുക;

(iv) അംഗങ്ങളുടെ അംശാദായത്തിന് ആനുപാതിക വിഹിതം പ്രതിമാസം പരമാവധി 250 രൂപ എന്നതിന് വിധേയമായി സർക്കാർ നൽകുന്ന അംശാദായം;

(v) അംഗത്വം പുനരുജ്ജീവിക്കൽ പ്രകാരം ലഭിക്കുന്ന കുടിശ്ശികയും പലിശയും;

(vi) കേരള കർഷക ക്ഷേമനിധി ബോർഡിന് കൈമാറ്റം ചെയ്യപ്പെടുന്ന 'കിസ്സാൻ അഭിമാൻ പദ്ധതി' പ്രകാരം ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിലേയ്ക്കുള്ള തുക;

(vii) കേന്ദ്ര സർക്കാരോ സംസ്ഥാന സർക്കാരോ തദ്ദേശഭരണ സ്ഥാപനങ്ങളോ ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ മുഖേന ലഭിക്കുന്ന ഗ്രാന്റോ വായ്പകളോ മുൻകൂറുകളോ 2013 ലെ കമ്പനി നിയമ പ്രകാരമുള്ള കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി ഫണ്ട് മുതലായവ;

(viii) കിസ്സാൻ അഭിമാൻ പദ്ധതിയുടെ നടത്തിപ്പിനായി സർക്കാർ കൃഷി വകുപ്പിന് നൽകി വന്നിരുന്ന തുകയ്ക്ക് സമാനമായി നിധിയിലേയ്ക്ക് സർക്കാർ വർഷംതോറും നൽകുന്ന തുക;

(ix) ബോർഡിന്റെ വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബോർഡ് തീരുമാന പ്രകാരം സമാഹരിക്കുന്ന ഏതെങ്കിലും നിയമാനുസൃത ഇനത്തിലുള്ള തുക;

(x) പദ്ധതി പ്രകാരം ചുമത്തുന്ന ഫീസ്;

(xi) പരിസ്ഥിതി സംരക്ഷണം എന്ന ഉദ്ദേശ്യത്തോടുകൂടി, കർഷക ക്ഷേമ ത്തിനായി ഏതെങ്കിലും നിയമ പ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ അനുവദിക്കുന്നതും മറ്റേതെങ്കിലും നിയമപ്രകാരമോ സർക്കാർ ഉത്തരവ് പ്രകാരമോ കർഷക ക്ഷേമത്തിനായി അനുവദിക്കുന്നതുമായ തുകകൾ ;

(xii) സർക്കാരിന്റെ മുൻകൂർ അനുമതിയോടുകൂടി നിധി ആദായകരമായ രീതിയിൽ നിക്ഷേപം നടത്തുന്നതിൽനിന്നും പ്രത്യേക പരിഗണന അർഹിക്കുന്ന മേഖലകളിൽ പുതിയ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുന്നതിൽ നിന്നുമുള്ള വരുമാനം ;

(xiii) പദ്ധതിയിലെ വ്യവസ്ഥകൾ പ്രകാരം നിധിയിലേയ്ക്ക് വരവ് കൊള്ളി ക്കേണ്ടതായിട്ടുള്ള മറ്റേതെങ്കിലും തുക.

**കാർഷിക ഉല്പന്നങ്ങളുടെ മൂല്യവർദ്ധനവ്**

11(2730) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷിക ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവിനും ഫുഡ് പ്രോസസ്സിംഗിനും അഗ്രി സ്റ്റാർട്ടപ്പുകൾക്കും അഗ്രി ബിസിനസുകൾക്കും പ്രോത്സാഹനം നൽകാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് വിശദമാക്കാമോ?

കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ടാണ് എസ്.എഫ്.എ.സി. വഴിയുള്ള പദ്ധതികൾ നടപ്പാക്കുന്നത്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനു തകുന്നതരത്തിൽ മൂല്യവർദ്ധിത ഉൽപ്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പ റയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്. ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഈ വർഷം മുതൽ കർഷകരുടെ കൂട്ടായ്മകൾ സംഘടിപ്പിച്ച് കർഷകരെ ഉത്പാദനം, വായ്പ, വിപണനം തുടങ്ങിയ എല്ലാ വളർച്ചാഘട്ടങ്ങളിലും സഹായിക്കുമാറ് പുതുതായി

കേരളത്തിൽ 50 കർഷക ഉത്പാദക സംഘടനകൾ സ്ഥാപിക്കാനും നിലവിലുള്ള 50 കർഷക ഉത്പാദക സംഘടനകളെ ശാക്തീകരിക്കുന്നതിനും ആർ.കെ.വി.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി എസ്.എഫ്.എ.സി. കേരള ലക്ഷ്യമിട്ടിട്ടുണ്ട്. ഇതുവഴി കാർഷിക മേഖലയിലെ മൂല്യവർദ്ധനവിനും തദ്വാര കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു.

(സി) ഏതൊക്കെ കാർഷിക വിളകളുടെ മൂല്യവർദ്ധിത ഉത്പന്നങ്ങൾ പരീക്ഷിച്ചു എന്നും ഏതൊക്കെ വിജയം കൈവരിച്ചുവെന്നും വ്യക്തമാക്കാമോ?

വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ചക്ക, കൈതച്ചക്ക, കപ്പ, പപ്പായ തുടങ്ങിയവയുടെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ കാര്യത്തിൽ കൈക്കൊണ്ട നടപടികളും അവയുടെ ഫലം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുമോ; ഇതിനായി ട്രെയിനിംഗ് കോഴ്സുകൾ കൃഷി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ചക്കയുടെ മൂല്യവർദ്ധനത്തിനായി ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ചക്ക സംസ്കരണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇത് വഴി ഫ്രോസൺ ജാക്ക്, ചക്ക അട, ചക്ക കുരു തുടങ്ങിയവ തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നുണ്ട്. കോട്ടയം ജില്ലയിലെ പാറത്തോട് പഴം സംസ്കരണ കേന്ദ്രത്തിൽനിന്നും ഡീഹൈഡ്രേറ്റഡ് പൈനാപ്പിൾ ഉല്പന്നവും സീസണലായി വിപണനം ചെയുന്നുണ്ട്. ഈ രണ്ട് യൂണിറ്റും ആരംഭിക്കുന്നതിനുമുമ്പ് കേരള കാർഷിക സർവ്വകലാശാലയിൽനിന്നും പത്തനംതിട്ട കൃഷി വിജ്ഞാന കേന്ദ്രത്തിൽനിന്നും കർഷകർക്ക് പരിശീലനം ലഭ്യമാക്കിയിട്ടുണ്ട്. വാഴക്കുളത്ത് പ്രവർത്തിക്കുന്ന പൈനാപ്പിൾ പ്രോസസ്സിംഗ് സെന്റർ വഴി കർഷകരിൽനിന്നും പൈനാപ്പിൾ ശേഖരിച്ച് പൾപ്പാക്കി സംരക്ഷിക്കുകയും വിപണനം ചെയ്തു വരികയും ചെയ്യുന്നു. കൂടാതെ ജൈവ് എന്ന ലേബലിൽ പൈനാപ്പിൾ ജ്യൂസ് നിർമ്മിച്ച് വിതരണം ചെയ്തുവരുന്നു. കോവിഡ് 19-ന്റെ സാഹചര്യത്തിൽ കപ്പയുടെ വിപണനത്തിൽ പ്രതിസന്ധിയുണ്ടായപ്പോൾ ഹോർട്ടികോർപ് നേരിട്ട് കപ്പ സംഭരിക്കുകയും വാട്ട് കപ്പയാക്കി വിപണനം നടത്തുകയും ചെയ്തുവരുന്നു. കാർഷിക മേഖലയിലെ എല്ലാ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളെക്കുറിച്ചും നിർമ്മാണ രീതികളെക്കുറിച്ചും കേരള കാർഷിക സർവ്വകലാശാല, കൃഷി വിജ്ഞാന കേന്ദ്രങ്ങൾ, കൃഷി വകുപ്പിന്റെ സ്ഥാപനങ്ങൾ തുടങ്ങിയവ വഴി പുതിയ സംരംഭകർക്കും കർഷകർക്കും പരിശീലനം നൽകിവരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ഡി) കേരളത്തിലെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ കയറ്റുമതി സാധ്യത വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

കേരളത്തിൽ കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് നിലവിലുള്ള പോരായ്മകളും അടിസ്ഥാന സൗകര്യവികസന ആവശ്യകതയും മനസ്സിലാക്കുന്നതിന് വി.എഫ്.പി.സി.കെ. ഒരു പഠനം നടത്തുകയുണ്ടായി. ടി റിപ്പോർട്ടിൽ ചക്ക ചിപ്പ്സ്, ചക്കപ്പൊടി, ഓസ്മോ ഡ്രൈഡ് ജാക്ക്, ചക്കക്കുരു പൊടി, മാമ്പഴ പൾപ്പ്, നേന്ത്രക്കായ ചിപ്പ്സ്, ബനാന ഫൈബർ ഉൽപ്പന്നങ്ങൾ എന്നീ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾക്ക് കയറ്റുമതി സാധ്യതയുള്ളതായി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

## ചക്കയ്ക്ക് വിപണനമൂല്യം ഉറപ്പാക്കുന്നതിന് നടപടി

12(2731) <u>ശ്രീ. കെ. പി. കുഞ്ഞമ്മദ്കുട്ടി മാസ്റ്റർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏറെ പോഷകഗുണമുള്ളതും രാസവസ്തുകൾ ഉപയോഗിക്കാത്തതുമായ ചക്കപ്പഴം ഭക്ഷണാവശ്യത്തിന് ഉപയോഗിക്കപ്പെടാതെ ധാരാളമായി നശിച്ച് പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ചക്കപ്പഴം വിളവെടുക്കുന്നതിനുള്ള ബുദ്ധിമുട്ടുമൂലം ഭക്ഷണാവശ്യത്തിന് ഉപയോഗിക്കാതെ നശിച്ചുപോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വിദേശ രാജ്യങ്ങളിൽ വലിയ പ്രാധാന്യമുള്ള ചക്കയ്ക്ക് സംസ്ഥാനത്ത് വിപണനമൂല്യം ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

സംസ്ഥാന ഫലമായി പ്രഖ്യാപിച്ചിട്ടുള്ള ചക്കയ്ക്ക് മികച്ച വില ലഭ്യമാക്കുന്നതിനും കർഷകർക്ക് അധികവരുമാനം ഉറപ്പുവരുത്തുന്നതിനുമായി വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ഇടുക്കി ജില്ലയിലെ കലയന്താനിയിലും വയനാട് ജില്ലയിലെ മുട്ടിലിലും ചക്ക വിപണന കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ വിപണന ശൃംഖല കൂടുതൽ വിപുലീകരിക്കുന്നതിനും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിപണി കണ്ടെത്തുന്നതിനും ശ്രമിച്ചുവരുന്നു. 2020-21 സാമ്പത്തിക വർഷം 35 ടണ്ണോളം ചക്കയുടെ വിപണനം നടത്തിയിട്ടുണ്ട്. ഇത് കൂടാതെ വി.എഫ്.പി.സി.കെ. മുഖേനയുള്ള പഴവർഗ്ഗ കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി ചുവടെ ചേർക്കുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു :

- ചക്ക സംഭരണത്തിന് കിലോയ്ക്ക് 5 രൂപ നിരക്കിൽ കർഷകർക്ക് സഹായം.

- ചക്കയുടെ മൂല്യവർദ്ധന പരിശീലനങ്ങൾ കർഷകർക്ക് നൽകുന്നതിനും പദ്ധതി.
- ഇടുക്കി ജില്ലയിൽ ആരംഭിച്ച ചക്ക മൂല്യവർദ്ധന യൂണിറ്റിനും വയനാട് ജില്ലയിൽ ചക്ക മൂല്യവർദ്ധന യൂണിറ്റ് ആരംഭിക്കുന്നതിനുമുള്ള അടിസ്ഥാനസൗകര്യ വികസന പദ്ധതി സഹായം.

(സി) കുട്ടികളിലും മുതിർന്നവരിലും ചക്ക ഉപയോഗിച്ചുള്ള ഭക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ എന്നറിയിക്കാമോ;

(ഡി) നിലവിലെ ജങ്ക് ഭക്ഷണരീതി കുട്ടികളിൽ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒരു പരിധിവരെയെങ്കിലും ചക്കപ്പഴം ഉപയോഗിക്കുന്നത് വഴി തടയാൻ സാധിക്കുമോ എന്നറിയിക്കാമോ ?

(സി&ഡി) നാരുകളാലും പോഷകഗുണങ്ങളാലും സമൃദ്ധമായ ചക്കപ്പഴം ഭക്ഷണത്തിൽ ഉൾപ്പെടുത്തുന്നതുവഴി ജങ്ക് ഭക്ഷണരീതി കുട്ടികളിൽ ഉണ്ടാക്കുന്ന ആരോഗ്യ പ്രശ്നങ്ങൾ ഒരു പരിധിവരെ തടയാൻ സാധിക്കുന്നതാണ്. കുട്ടികളിലും മുതിർന്നവരിലും ചക്ക ഉപയോഗിച്ചുള്ള ഭക്ഷണം പ്രോത്സാഹിപ്പിക്കുന്നതിന് ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഉണക്കിയ ചക്ക, ചക്ക ഉപ്പേരി, ചക്ക അട, ചക്ക സ്ക്വാഷ്, ചക്ക ഹൽവ എന്നിവ ഉൽപാദിപ്പിച്ച് വി.എഫ്.പി.സി.കെ. മുഖാന്തരം തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നുണ്ട്. കൂടാതെ ആരോഗ്യ സംരക്ഷണ ത്തിനായി, സുരക്ഷിത പച്ചക്കറിയുടെ ആവശ്യകതയെ സംബന്ധിച്ച് എല്ലാ വിഭാഗം ജനങ്ങൾക്കും അവബോധം നൽകുന്നതിന് വിവിധ തലത്തിലുള്ള ബോധവല്ക്കരണ ക്ലാസുകൾ, കൃഷി പാഠശാലകൾ എന്നിവ സംഘടിപ്പിച്ചിരുന്നു.

(ഇ) ചക്കപ്പഴം കോൾഡ് സ്റ്റോർ ചെയ്ത് സൂക്ഷിക്കുന്നതിന് പ്രത്യേക പദ്ധതികൾ നിലവിലുണ്ടോ എന്നറിയിക്കാമോ;

(എഫ്) ഇത് ഉപയോഗിച്ചുള്ള മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ നിർമ്മിക്കുന്നതിന് ഏതെങ്കിലും എജൻസികളെ ഏൽപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദ വിവരങ്ങൾ ലഭ്യമാക്കാമോ?

(ഇ&എഫ്) ചക്കപ്പഴം കോൾഡ് സ്റ്റോർ ചെയ്ത് സൂക്ഷിക്കുന്നതിന് നിലവിൽ കൃഷി വകുപ്പിൽ പദ്ധതികളില്ല. എന്നാൽ വി.എഫ്.പി.സി.കെ.-യുടെ കീഴിൽ ചക്കയുടെ മൂല്യവർദ്ധനത്തിനായി ഇടുക്കി ജില്ലയിലെ കലയന്താനിയിൽ പ്രവർത്തിക്കുന്ന ജാക്ക് ഫ്രൂട്ട് ട്രേഡിംഗ് ആൻഡ് പ്രോസ്സസിംഗ് സെൻർ വഴി ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളായ ഉണക്കിയ ചക്ക, ചക്ക ഉപ്പേരി, ചക്ക അട, ചക്ക സ്ക്വാഷ്, ചക്ക ഹൽവ എന്നിവ ഉൽപാദിപ്പിച്ച് തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നുണ്ട്.

കൂടാതെ ഈ വർഷം വയനാട് ജില്ലയിലെ മുട്ടിൽ കേന്ദ്രമായി പ്രവർത്തിക്കുന്ന ജാക്ക് ഫ്രൂട്ട് ട്രേഡിംഗ് സെന്ററിൽനിന്നും ചക്കയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപാദിപ്പിച്ച് തളിർ ബ്രാൻഡിൽ വിപണനം ചെയ്യുന്നതിന് നടപടികൾ സ്വീകരിച്ചു വരുന്നു. കൂടാതെ കാർഷികോല്പന്നങ്ങളുടെ മൂല്യവർദ്ധനവ് ലക്ഷ്യമിട്ടുകൊണ്ട് എസ്.എഫ്.എ.സി. പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി വഴി നടപ്പാക്കുന്നത്.

| ക്രമനമ്പർ | സംരംഭം | മൂലധനനിക്ഷേപം | സബ്സിഡി |
|---|---|---|---|
| 1. | സൂക്ഷ്മതല സംരംഭം | 25 ലക്ഷം രൂപ വരെയുള്ള സംരംഭം | 50% പരമാവധി 10 ലക്ഷം |
| 2. | ചെറുകിട സംരംഭം | 25 ലക്ഷം മുതൽ 1 കോടി രൂപ വരെയുള്ള സംരംഭം | 40% പരമാവധി 25 ലക്ഷം |
| 3. | ഇടത്തരം സംരംഭം | 1 കോടി മുതൽ 5 കോടി രൂപ വരെ | 30% പരമാവധി 50 ലക്ഷം |

ഇത്തരം സംരംഭങ്ങൾ തുടങ്ങുന്നതിനായി ഈ വർഷം 400 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 2021-22-ൽ "Procurement. trading and processing of Jack fruit by VFPCK" എന്ന പദ്ധതിക്ക് 75 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

**കോലിഞ്ചി കർഷകർക്ക് സബ്സിഡി**

13(2732) ശ്രീ. കെ. യു. ജനീഷ് കുമാർ: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

**സംസ്ഥാനത്തെ കോലിഞ്ചി കർഷകർക്ക് സബ്സിഡി ലഭ്യമാക്കുന്നതിന് വേണ്ടി സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?**

കോലിഞ്ചി കർഷകരുടെ പ്രശ്നങ്ങൾ ചർച്ച ചെയ്യുന്നതിനായി ബഹു. കൃഷി വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 29-7-2020-ന് യോഗം ചേരുകയും സ്റ്റേറ്റ് മെഡിസിനൽ പ്ലാന്റ് ബോർഡ് നൽകുന്ന സബ്സിഡി കോലിഞ്ചി കർഷകർക്ക് കൂടി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് തീരുമാനമെടുക്കുകയും ചെയ്യുകയുണ്ടായി. അതിന്റെ ഭാഗമായി സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ മുഖാന്തരം ദേശീയ ഔഷധസസ്യ ബോർഡിന്റെ 2015-16, 2016-17 വാർഷിക കർമ്മപദ്ധതി വിഹിതമുപയോഗിച്ച് 2020-21 സാമ്പത്തിക വർഷത്തിൽ പത്തനംതിട്ട ജില്ലയിൽ 204.97 ഹെക്ടർ സ്ഥലത്തെ കോലിഞ്ചി കൃഷിക്കായി 43,85,361 രൂപ (നാൽപ്പത്തിമൂന്ന് ലക്ഷത്തി എൺപത്തിഅയ്യായിരത്തി മൂന്നൂറ്റി അറുപത്തിയൊന്ന് രൂപ) അനുവദിച്ച് നൽകിയിട്ടുണ്ട്. റാന്നി, കോന്നി, പത്തനംതിട്ട, അടൂർ ബ്ലോക്കുകളിൽപ്പെട്ട 1298 കോലിഞ്ചി കർഷകർക്കാണ് സബ്സിഡി ആനുകൂല്യം ലഭ്യമാക്കിയത്. കൃഷിഭവൻ തലത്തിൽ നൽകിയ ആനുകൂല്യങ്ങളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*. ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കുന്നതിനും കോലിഞ്ചി മൂല്യവർദ്ധിത ഉത്പന്നങ്ങൾ വിപണിയിലെത്തിക്കുന്നതിനും അതുവഴി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനുംവേണ്ട സാഹചര്യങ്ങൾ ഒരുക്കുന്നതിനും കർഷക കൂട്ടായ്മകൾ സംഘടിപ്പിക്കുന്നതിനുമായി കോലിഞ്ചി കർഷകരുടെ കൺസോർഷ്യം ചിറ്റാർ ആസ്ഥാനമായി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു.

## കാർഷിക രംഗത്ത് നടപ്പാക്കുന്ന പരിഷ്കാരങ്ങൾ

14(2733) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ കാർഷിക രംഗത്ത് ഈ സർക്കാർ നടപ്പാക്കുന്ന പരിഷ്കാരങ്ങളും സേവനങ്ങളും എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാൻ താഴെപ്പറയുന്ന പദ്ധതികളും സേവനങ്ങളും സർക്കാർ നടപ്പാക്കുന്നു :

1. പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി.
2. പയർവർഗ്ഗ വിള, കിഴങ്ങ് വർഗ്ഗ വിള പ്രോത്സാഹന പദ്ധതി
3. നെൽകൃഷിയുടെ ഉത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികൾ
4. പച്ചക്കറി കൃഷിയുടെ ഉത്പാദനം വർധിപ്പിക്കുന്നതിനുള്ള വിവിധ പദ്ധതികൾ.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

5. ഗുണമേന്മയുള്ള പച്ചക്കറിത്തൈകളുടെ ലഭ്യത ഉറപ്പാക്കുന്നതിനുള്ള വിവിധ പദ്ധതികൾ.

6. സൂക്ഷ്മ ജലസേചനം പ്രോത്സാഹിപ്പിക്കുന്ന ഉറപ്പാക്കുന്ന പദ്ധതികൾ.

7. വിവിധ വകുപ്പുകളുമായി ഏകോപിപ്പിച്ച് നടപ്പാക്കുന്ന സുഭിക്ഷ കേരളം പദ്ധതി.

8. സംസ്ഥാനത്തെ ഫലവർഗ്ഗ വിളകളുടെ വിസ്തൃതി വ്യാപനത്തിനുള്ള പദ്ധതികൾ.

9. ഹൈടെക് അഗ്രികൾച്ചർ പദ്ധതികൾ.

10. Safe to eat പദ്ധതി കൂടാതെ കർഷക സഹായമായ ഉപപദ്ധതികളും നടപ്പിലാക്കുന്നു.

(ബി) കാർഷിക രംഗത്തേക്ക് പുതുതലമുറയെ ആകർഷിക്കുന്നതിന് കാർഷിക ഉൽപ്പന്നങ്ങളുടെ കയറ്റുമതി ഉൾപ്പെടെയുള്ള മേഖലകളിൽ യുവജനങ്ങൾക്ക് സഹായകരമാകുന്ന പദ്ധതി നടപ്പാക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കാർഷിക രംഗത്തേയ്ക്ക് പുതുതലമുറയെ ആകർഷിക്കുന്നതിനും തൊഴിൽ സംരംഭങ്ങൾ സൃഷ്ടിക്കുന്നതിനും കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവ സഹായിക്കുന്നതാണ്. കൂടാതെ മാർക്കറ്റിംഗ് മേഖലയിൽ ഓൺലൈൻ മാർക്കറ്റിംഗ് സംവിധാനങ്ങൾ, സ്റ്റാർട്ടപ്പുകൾ, കർഷക കൂട്ടായ്മകൾ എന്നിവ വഴി ഏർപ്പെടുത്തുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. കർഷക സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്ന വിധത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് വിവിധ പദ്ധതികൾ എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നു. കേരളത്തിൽ കാർഷിക കയറ്റുമതി പ്രോത്സാഹിപ്പിക്കുന്നതിന് വി.എഫ്.പി.സി.കെ.-യെ നോഡൽ ഏജൻസിയായി തെരഞ്ഞെടുക്കുകയും APEDA യുമായും കൃഷി വകുപ്പുമായും ചേർന്ന് തുടർപ്രവർത്തനങ്ങൾ നടത്തിവരികയും ചെയ്യുന്നു. സുഭിക്ഷ കേരളം പദ്ധതി ഉൾപ്പെടെ സംസ്ഥാന കാർഷിക കർഷക ക്ഷേമ വകുപ്പ് വഴി നടപ്പിലാക്കുന്ന എല്ലാ പദ്ധതികളിലും യുവജന പങ്കാളിത്തം ഉറപ്പാക്കുന്നുണ്ട്.

**കാർഷിക മേഖലയുടെ വികസനം**

15(2734) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയുടെ വികസനത്തിനായി സംസ്ഥാനത്ത് നടപ്പാക്കി വരുന്ന പദ്ധതികൾ ഏതൊക്കെ; വിശദാംശങ്ങൾ വ്യക്തമാക്കാമോ;

&

(ബി) മട്ടന്നൂർ മണ്ഡലത്തിൽ കാർഷിക മേഖലയുടെ വികസനത്തിനായി ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്നും അവയുടെ ഇന്നത്തെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ?

(എ & ബി) അനുബന്ധമായി ചേർത്തിരിക്കുന്നു*.

**ഭാരതീയ പരമ്പരാഗത കൃഷി പദ്ധതി**

16(2735) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഭാരതീയ പരമ്പരാഗത കൃഷി പദ്ധതി 2021-22- ന്റെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 'സുഭിക്ഷം സുരക്ഷിതം പദ്ധതി - ഭാരതീയ പ്രകൃതി കൃഷി പദ്ധതി (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേസിറ്റി കൺസർവേഷൻ)' കേരളത്തിൽ നടപ്പിലാക്കുന്നു. ഈ പദ്ധതിയിലൂടെ ഘട്ടംഘട്ടമായി സംസ്ഥാനത്ത് 84000 ഹെക്ടർ സ്ഥലത്ത് പൂർണ്ണമായും പ്രകൃതി സൗഹൃദ കൃഷി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു. ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ലഭിക്കുന്ന രീതിയിലാണ് പ്രവർത്തനങ്ങൾ നടത്തുന്നത്. ടി പദ്ധതി മൂന്നുവർഷം കൊണ്ടാണ് നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിന് ആദ്യ വർഷത്തെ (2020-21) ആദ്യ ഗഡുവായി 13-1-2021-ലെ G.O.(Rt)No.47/ 2021/ Agri ഉത്തരവുപ്രകാരം 2227.70 ലക്ഷം രൂപ (കേന്ദ്രവിഹിതവും സംസ്ഥാന വിഹിതവും ഉൾപ്പെടെ) നൽകിയിട്ടുണ്ട്. പദ്ധതി നടപ്പിലാക്കുന്നതിന്റെ ഭാഗമായി ബ്ലോക്ക് തലത്തിൽ 50 ഹെക്ടർ വീതമുള്ള 10 മൈക്രോ ക്ലസ്റ്ററുകൾ ചേർത്ത് ഒരു

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്ലസ്റ്റർ (500 ഹെക്ടർ) രൂപീകരിക്കുന്നു. ഓരോ ക്ലസ്റ്ററിന്റെയും മേൽനോട്ടത്തിനായി കൃഷി അസിസ്റ്റന്റ് ഡയറക്ടർ ചെയർമാനായി കൃഷി ഓഫീസർമാർ, കർഷക പ്രതിനിധികളായ 4 ഹൈ പവർ കമ്മിറ്റി അംഗങ്ങൾ, 4 സിനീയർ ലോക്കൽ റിസോഴ്സ് പേഴ്സൺ അംഗങ്ങൾ എന്നിവർ ഉൾപ്പെടുന്ന ഹൈപവർ കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ഹൈപവർ കമ്മിറ്റിയെക്കൂടാതെ ക്ലസ്റ്ററുകളുടെ മേൽനോട്ടം വഹിക്കുന്നതിനായി താഴെപ്പറയുന്ന കർഷക പ്രതിനിധികളെയും തെരഞ്ഞെടുക്കുന്നു.

(എ) ഹൈപവർ കമ്മിറ്റി കോ-ഓർഡിനേറ്റർ

(ബി) സിനീയർ ലോക്കൽ റിസോഴ്സ് പേഴ്സൺ (SLRP)

(സി) ലോക്കൽ റിസോഴ്സ് പേഴ്സൺ (LRP)

(ഡി) കമ്മ്യൂണിറ്റി റിസോഴ്സ് പേഴ്സൺ (CRP);

പരിശീലന പരിപാടികൾ -

ടി പദ്ധതിയിൽ അംഗമാകുന്ന എല്ലാ കർഷകർക്കും ബോധവൽക്കരണ പരിപാടികൾ, ഫീൽഡ് സന്ദർശനം, പരിശീലനം എന്നിവ നൽകുന്നു.

ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകളുടെ രൂപീകരണം

ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ വഴി ജൈവ ഉല്പാദനോപാധികൾ ഉത്പാദിപ്പിച്ച് ക്ലസ്റ്ററിലെ മറ്റ് കർഷകർക്ക് നൽകുകയും മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിച്ച് വില്പന നടത്തുകയും ചെയ്യും. ഇതിനായി ഒരു ക്ലസ്റ്ററിൽ 2 ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ പ്രവർത്തിക്കും. വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്ന ഘടകങ്ങൾ പരമ്പരാഗത നാട്ടറിവുകൾ കർഷകരിലേയ്ക്ക് എത്തിക്കുന്നതിനും അതാത് പ്രദേശത്തിന് അനുയോജ്യമായ പരമ്പരാഗത വിളകളുടെ തനിമ നഷ്ടപ്പെടാതെ വിത്തുല്പാദിപ്പിച്ച് മറ്റ് കർഷകർക്ക് വിതരണം ചെയ്യുന്നതിനും ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് മാതൃകാ കൃഷി ത്തോട്ടങ്ങൾ നിർമ്മിക്കുന്നതിന് ധനസഹായം നൽകുന്നു.

പി.ജി.എസ്. (Participatory Guarantee Scheme) സർട്ടിഫിക്കേഷൻ

ടി പദ്ധതിയിൽ ഉൾപ്പെടുന്ന കർഷകരെ പി.ജി.എസ്. ഇന്ത്യ വെബ് പോർട്ടലിൽ രജിസ്റ്റർ ചെയ്യുകയും പി.ജി.എസ്. ഇന്ത്യാ ഗ്രീൻ സർട്ടിഫിക്കറ്റ് നൽകുകയും ചെയ്യുന്നു. ടി പദ്ധതിയിലെ മാനദണ്ഡങ്ങൾ പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്ന് വർഷം കഴിഞ്ഞ് പി.ജി.എസ്. ഓർഗാനിക് സർട്ടിഫിക്കറ്റും നൽകുന്നു. പി.ജി.എസ്. സർട്ടിഫിക്കറ്റ് നൽകുന്നത് കർഷകരുടെ കൃഷിയിടത്തിനാണ്. ആയതിനാൽ ആ ഭൂമിയിലുള്ള എല്ലാ കാർഷിക വിളകളും ജൈവ ഉല്പന്നമായി ഗുണനിലവാരം ഉറപ്പാക്കി ഉയർന്ന വിലയ്ക്ക് വില്പന നടത്താൻ സാധിക്കും. ഇതൊരു ഗ്രൂപ്പ് സർട്ടിഫി ക്കേഷനാണ്. എങ്കിലും ഓരോ കർഷകർക്കും വെവ്വേറെ സർട്ടിഫിക്കറ്റ് ലഭിക്കും. പി.ജി.എസ്. സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾ ജൈവ ഓൺലൈൻ വിപണിയായ

Jaivik kheti (www.jaivikkheti.in) പോർട്ടൽ വഴി ആരംഭഘട്ടത്തിൽത്തന്നെ വില്പന നടത്താനും ഉപഭോക്താക്കൾക്ക് വാങ്ങുവാനും സാധിക്കും. കർഷകർക്ക് അവരുടെ ജൈവ ഉൽപന്നങ്ങൾക്ക് വില നിശ്ചയിക്കുവാനുള്ള അവസരം ഇ-വിപണിയിലൂടെ സാധ്യമാകുന്നു. പദ്ധതിയിൽ ഉൾപ്പെട്ട ഓരോ കർഷകനും സർട്ടിഫിക്കേഷൻ ലഭിക്കുകയും സർട്ടിഫിക്കറ്റിൽ ലഭിക്കുന്ന "ലോഗോ"യും കോഡ് നമ്പറും വിപണി ആവശ്യങ്ങൾക്കായി ഉപയോഗിക്കുവാനുള്ള അവകാശം ലഭിക്കുകയും ചെയ്യും. മേൽപ്പറഞ്ഞവയുടെ പൂർണ്ണത കൈവരിക്കപ്പെടുന്നത് "പി.ജി.എസ്. ഇന്ത്യ ഓർഗാനിക്" എന്ന സർട്ടിഫിക്കേഷൻ ലഭിക്കുമ്പോഴാണ്. ആയതിനാൽ "പി.ജി.എസ്. ഇന്ത്യ ഓർഗാനിക്" ഉൽപന്നങ്ങൾക്ക് "പി.ജി.എസ്. ഇന്ത്യ ഗ്രീൻ" ഉൽപ്പന്നങ്ങളേക്കാൾ കൂടുതൽ വില ലഭിക്കും.

(ബി) പ്രസ്തുത പദ്ധതിയിൽ മാവേലിക്കര മണ്ഡലത്തിൽനിന്നും എത്ര അപേക്ഷകൾ ലഭിച്ചുവെന്നും എത്രപേർ ഈ പദ്ധതിയിൽ അംഗമായി എന്നും വ്യക്തമാക്കുമോ?

മാവേലിക്കര മണ്ഡലത്തിൽനിന്നും 1870 അപേക്ഷകൾ ലഭിച്ചു. ഈ പദ്ധതിയിൽ 1870 കർഷകരെയും അംഗമാക്കിയിട്ടുണ്ട്.

(സി) ഈ പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ ലഭിച്ച അപേക്ഷകളുടെയും പദ്ധതിയിൽ അംഗമായവരുടെയും എണ്ണം കൃഷി ഓഫീസുകൾ തിരിച്ച് വിശദമാക്കുമോ?

ഈ പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ ലഭിച്ച അപേക്ഷകളുടെയും പദ്ധതിയിൽ അംഗമായവരുടെയും എണ്ണം കൃഷി ഓഫീസുകൾ തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

**സുഭിക്ഷ കേരളം പദ്ധതി**

17(2736) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. മുഹമ്മദ് മുഹസിൻ :
ശ്രീ. സി. സി. മുകുന്ദൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഭക്ഷ്യ സുരക്ഷ ഉറപ്പാക്കാൻ കഴിഞ്ഞ സർക്കാർ ആരംഭിച്ച സുഭിക്ഷ കേരളം പദ്ധതിയുടെ പ്രവർത്തന പുരോഗതി വകുപ്പ് വിലയിരുത്തി യിട്ടുണ്ടോ; പ്രസ്തുത പദ്ധതി ആരംഭിച്ചശേഷം കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് വർദ്ധിച്ചിട്ടുണ്ടോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്

വിലയിരുത്തിയിട്ടുണ്ട്. പദ്ധതി ആരംഭിച്ചശേഷം കൃഷി ചെയ്യുന്ന ഭൂമിയുടെ അളവ് വർദ്ധിച്ചിട്ടുണ്ട്. (1) തരിശ് നില കൃഷി- തരിശ് നിലകൃഷിയിൽ ഉൾപ്പെടുത്തി നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങ് വർഗ്ഗവിളകൾ, പയർവർഗ്ഗവിളകൾ, ചെറുധാന്യങ്ങൾ (Millets) എന്നിവയുടെ വിസ്തൃതി 22,847 ഹെക്ടറായി വർദ്ധിച്ചിട്ടുണ്ട്.

(എ) <u>നെല്ല്</u> :

സംസ്ഥാനത്തുള്ള 5000 ഹെക്ടർ തരിശു നിലങ്ങൾ കണ്ടെത്തി കൃഷി യിറക്കുന്നതിന് ഹെക്ടറിന് 40000 രൂപ ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 9070 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

(ബി) <u>പച്ചക്കറി കൃഷി</u>:

ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടുപിടിച്ച്, 7000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി അധികമായി ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് 40,000 രൂപ സഹായമായി നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 4527 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

(സി) <u>ഫലവർഗ്ഗ കൃഷി</u>:

ആരോഗ്യദായകമായ ഭക്ഷണങ്ങളുടെ പട്ടികയിൽ പഴങ്ങൾ ഒഴിച്ചു കൂടാനാകാത്തതാണ്. വാഴപ്പഴത്തിന്റെ സ്ഥാനം ഒന്നാമത് തന്നെ. അൻപതോളം പഴയിനങ്ങൾ കേരളത്തിൽ ഉണ്ടെങ്കിലും നേന്ത്രൻ, ഞാലിപ്പൂവൻ, പൂവൻ, കപ്പവാഴ, പാളയംകോടൻ, റോബസ്റ്റ എന്നീ ഇനങ്ങൾ വ്യാപകമായി കൃഷി ചെയ്ത് ഒരു വർഷത്തിനകം ഉല്പാദന ക്ഷമമാവുകയും ഭക്ഷ്യ - പോഷക ഭദ്രത ഉറപ്പു വരുത്തുകയും ചെയ്യും. നടപ്പുവർഷം 7000 ഹെക്ടർ സ്ഥലത്ത് യോജ്യമായ ഫലവർഗ്ഗ കൃഷി വ്യാപനത്തിന് ഹെക്ടർ ഒന്നിന് 40,000 രൂപ പ്രകാരം ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 3381 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

(ഡി) <u>കിഴങ്ങ് കൃഷി-</u>

നാമമാത്രമായ പരിചരണംകൊണ്ട് മികച്ച ഉല്പാദനം ലഭിക്കുന്ന കിഴങ്ങുവിളകൾ ഉഷ്ണമേഖലയായ കേരളത്തിൽ വളരെ യോജിച്ചതാണ്. ചേന, മരച്ചീനി, ചേമ്പ്, കാച്ചിൽ, മധുരക്കിഴങ്ങ്, കൂർക്ക തുടങ്ങിയ

ഒട്ടനവധി കിഴങ്ങുവർഗ്ഗങ്ങൾ കൃഷി ചെയ്ത് 5000 ഹെക്ടർ തരിശ് ഭൂമിയിൽ ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷി ചെയ്യിക്കാനാണ് ലക്ഷ്യമിട്ടിരുന്നത്. നാളിതുവരെ 4907 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

(ഇ) പയർവർഗ്ഗ കൃഷി-

മാംസ്യത്തിന്റെ മികച്ച സ്രോതസ്സായ പയർവർഗ്ഗങ്ങൾ നിത്യവും ആഹാരത്തിന്റെ ഭാഗമാക്കേണ്ടത് ആരോഗ്യത്തിനും വളർച്ചയ്ക്കും അത്യന്താപേക്ഷിതമാണ്. ഉഴുന്ന്, മുതിര, തുവര, ചെറുപയർ, വൻപയർ ഒന്നാം വിളയ്ക്കുശേഷമോ രണ്ടാം വിളയ്ക്കുശേഷമോ കൃഷി ചെയ്യുന്നത് ഇവിടത്തെ സമ്പ്രദായമായിരുന്നു. 500 ഹെക്ടർ സ്ഥലത്ത് 30,000 രൂപ സഹായത്തോടെ പയർ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയി ട്ടിരുന്നു. നാളിതുവരെ 637 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

(എഫ്) ചെറുധാന്യങ്ങൾ-

സംസ്ഥാനത്തിനാവശ്യമായ ഭക്ഷ്യധാന്യത്തിന്റെ 20 ശതമാനത്തിൽ താഴേ മാത്രം ഉല്പാദിപ്പിക്കുന്ന നമ്മുടെ നാട്ടിൽ ഫലഭൂയിഷ്ഠത കുറഞ്ഞ മണ്ണിൽ വലിയ പരിചരണമില്ലാതെതന്നെ ഉല്പാദിപ്പിച്ചെടുക്കാവുന്ന ഭക്ഷ്യവിളയാണ് ചെറുധാന്യങ്ങൾ. പ്രാഥമികമായി 500 ഹെക്ടർ തരിശ് സ്ഥലത്ത് ഹെക്ടറിന് 30000 രൂപ സഹായത്തോടെ കൃഷിക്ക് ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 325 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്. ഇതിലൂടെ 149163 കർഷകർ കൃഷിയിൽ ഏർപ്പെട്ടു.

(2) ജൈവഗൃഹം സംയോജിത കൃഷി (IFS)-

14000 എണ്ണം ലക്ഷ്യമിടുകയും 14680 എണ്ണം യൂണിറ്റുകൾ സ്ഥാപിക്കുകയും 34.19 കോടി 2020-21-ൽ ചെലവഴിക്കുകയും ചെയ്തു.

(3) ഒരു കോടി ഫലവൃക്ഷതൈകൾ പദ്ധതി-

പദ്ധതിയിൽ 1.3628 കോടി നടീൽ വസ്തുക്കൾ വിതരണം ചെയ്തു.

(4) മഴമറ (Rain Shelter)-

100000 സ്ക്വയർ മീറ്റർ സ്ഥലത്ത് മഴമറ നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിരുന്നു. 2020-21-ൽ 122522 സ്ക്വയർ മീറ്റർ മഴമറ നിർമ്മാണം പൂർത്തീകരിച്ചു.

(5) ആഴ്ചച്ചന്ത-

956 ആഴ്ചച്ചന്തകൾ 2020-21-ൽ പ്രവർത്തനം ആരംഭിച്ചു.

(6) അടിസ്ഥാന വില–

16 ഇനം (പഴം, പച്ചക്കറി) അടിസ്ഥാന വില നിശ്ചയിക്കപ്പെട്ടു. 250 പ്രൈമറി കാർഷിക മാർക്കറ്റിംഗ് സൊസൈറ്റി മുഖേന 2712 അപേക്ഷകർക്ക് 302.186 ലക്ഷം രൂപ വിതരണം ചെയ്തു.

(7) കൃഷി പാഠശാല -

1075 കൃഷി പാഠശാലകൾ സംഘടിപ്പിച്ചു.

(8) FPO -

50 FPO- കൾ സ്ഥാപിക്കപ്പെട്ടു.

(ബി) ഭക്ഷ്യസുരക്ഷയ്ക്ക് പുറമെ കാർഷിക മേഖലയിൽ കൂടുതൽ പേർക്ക് തൊഴിൽ ഉറപ്പുവരുത്താൻ പ്രസ്തുത പദ്ധതിക്ക് സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

സുഭിക്ഷകേരളം പദ്ധതിയുടെ വിവിധ ഘടകങ്ങളിലായി പ്രവർത്തനം നടത്തിയതിലൂടെ കാർഷികമേഖലയിൽ കൂടുതലായി 26430 തൊഴിൽ ദിനങ്ങൾ സൃഷ്ടിക്കപ്പെട്ടു.

(സി) കർഷകരുടെ ഉത്പന്നങ്ങൾക്ക് വിപണി ലഭ്യമാക്കുവാൻ പ്രസ്തുത പദ്ധതിയിലൂടെയുള്ള സർക്കാരിന്റെ ഇടപെടൽ എപ്രകാരമായിരുന്നെന്ന് അറിയിക്കാമോ?

കോവിഡ്-19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കാൻ സർക്കാർ സംവിധാനമുപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. കോവിഡ് 19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിലിടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം

കൃഷി ഓഫീസർമാർ കൈക്കൊണ്ടിട്ടുമുണ്ട്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച്ചചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചു കൊണ്ട് വിപണനം നടത്തിവരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. ഹൈഎൻഡ് കാർഷിക വിപണികളെപ്പോലെ കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന വിപണിയാണ് "റോഡരികിലെ നഗര വിപണികൾ" അല്ലെങ്കിൽ "കർഷകരുടെ വിപണികൾ" എന്ന് വിളിക്കപ്പെടുന്ന നഗര വഴിയോര കാർഷിക വിപണികൾ. ഇതുപ്രകാരം ആകെ 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടിയുടെ ഭാഗമായി പ്രവൃത്തിപഥത്തിൽ എത്തുന്നു.

(ഡി) കാർഷികരംഗത്തെ ദീർഘവീക്ഷണത്തോടെയുള്ള ഇത്തരം നടപടികളുടെ തുടർച്ചയായി ഈ സർക്കാർ എന്തൊക്കെ പ്രവർത്തനങ്ങളാണ് ആവിഷ്കരിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കാമോ?

കാർഷികരംഗത്തെ ദീർഘവീക്ഷണത്തോടെയുള്ള ഇത്തരം നടപടികളുടെ തുടർച്ചയായി കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് 2020-21-ൽ നടപ്പാക്കിയ പ്രവർത്തനങ്ങൾ ഈ വർഷവും തുടരുന്നതാണ്. സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നിവയ്ക്കാണ് താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാനവില ചുവടെ ചേർക്കുന്നു :

| നമ്പർ | വിള | അടിസ്ഥാന വില (രൂപ) |
|---|---|---|
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ | 30 |
| 3. | കൈതച്ചക്ക | 15 |
| 4. | കുമ്പളം | 9 |
| 5. | വെള്ളരി | 8 |
| 6. | പാവൽ | 30 |
| 7. | പടവലം | 16 |
| 8. | വള്ളിപ്പയർ | 34 |
| 9. | തക്കാളി | 8 |
| 10. | വെണ്ട | 20 |
| 11. | കാബേജ് | 11 |
| 12. | ഉരുളക്കിഴങ്ങ് | 20 |
| 13. | ബീൻസ് | 28 |
| 14. | ബീറ്റ്റൂട്ട് | 21 |
| 15. | വെളുത്തുള്ളി | 139 |

കൂടാതെ ജില്ലാ സംഭരണകേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സംഭരിക്കുന്നതും സംസ്കരിച്ചതുമായ പഴം പച്ചക്കറികൾ കേടുകൂടാതെ ഉപഭോക്താവിന് എത്തിക്കുന്നതിനായി സപ്ലൈ ചെയിൻ മാനേജ്മെന്റിനും ലോജിസ്റ്റിക് സൗകര്യങ്ങൾക്കുമായി

ശീതീകരിച്ച വാഹനങ്ങൾ എല്ലാ ജില്ലകൾക്കും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്തൽ, കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ/വിപണന കേന്ദ്രം, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന മൊബൈൽ വാഹന വിപണി, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ/ ഇൻക്യൂബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ, എന്നിവ കാർഷികരംഗത്തെ ശാക്തീകരിക്കുന്നതിന് നടപ്പിലാക്കാൻ അനുവദിച്ച പദ്ധതികളാണ്.

## തരിശുനില കൃഷിക്ക് പ്രോത്സാഹനം

18(2737) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാർഷികരംഗത്തേയ്ക്ക് കൂടുതൽ സംരംഭകരെ കൊണ്ടു വരാനും കാർഷികരംഗത്ത് കൂടുതൽ തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാനും ഉത്പാദനം വർദ്ധിപ്പിക്കാനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യകതമാക്കാമോ?

കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ, സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾ, ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കൽ എന്നിവവഴി കാർഷിക രംഗത്തെ തൊഴിൽ സംരംഭങ്ങൾ സർക്കാർ പ്രോത്സാഹിപ്പിക്കുന്നുണ്ട്. കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനുതകുന്ന തരത്തിൽ മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണ വ്യവസായങ്ങൾക്ക് താഴെപ്പറയുന്ന പദ്ധതികളാണ് എസ്.എഫ്.എ.സി. വഴി നടപ്പാക്കുന്നത്. 1. സൂക്ഷ്മ തല സംരംഭം - 25 ലക്ഷം രൂപവരെയുള്ള സംരംഭം - 50% (പരമാവധി 10 ലക്ഷം വരെ സബ്സിഡി) 2. ചെറുകിട സംരംഭം - 25 ലക്ഷം മുതൽ 1 കോടി വരെയുള്ള സംരംഭം - 40% (പരമാവധി 25 ലക്ഷം വരെ സബ്സിഡി) 3. ഇടത്തരം സംരംഭം - 1 കോടി മുതൽ 5 കോടി വരെ - 30% (പരമാവധി 50 ലക്ഷം വരെ സബ്സിഡി). കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് 2020-21 വരെ ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്തുതലത്തിൽ 368 കാർഷിക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. 2021-22-ൽ ഈ പദ്ധതിയിൻ കീഴിൽ ബ്ലോക്കുതലത്തിൽ 8 പുതിയ കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ)

രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാർഷികമേഖലയിൽ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ടി പദ്ധതി. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളി കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉത്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയൊക്കെ ഇതിന്റെ ലക്ഷ്യങ്ങളാണ്. കാർഷിക മേഖലയിൽ തൊഴിൽസംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കുമ്പോഴും തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് ജൈവ ഗൃഹം-സംയോജിത കൃഷി (IFS). പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ, ആടുവളർത്തൽ, പോഷകത്തോട്ടം, തേനീച്ചക്കൃഷി, കൂൺകൃഷി, പശുവളർത്തൽ, മത്സ്യക്കൃഷി, ജൈവവള നിർമ്മാണം, മുയൽ വളർത്തൽ, അക്വാപോണിക്സ് തുടങ്ങിയവയിൽനിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവ ഗൃഹം പദ്ധതി. കർഷക വരുമാനം 50% വർദ്ധിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈയൊരു പദ്ധതി ആവിഷ്കരിക്കപ്പെട്ടിരിക്കുന്നത്. ഒന്നിലധികം സംരംഭങ്ങളുള്ളതുകൊണ്ടു തന്നെ വർഷം മുഴുവൻ കർഷകന് വരുമാനം ഉറപ്പുവരുത്താനാകും എന്നതാണ് സംയോജിത യൂണിറ്റുകളുടെ പ്രത്യേകത. പരമാവധി യുവാക്കളെയും കോവിഡ്-19 മൂലം നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള പ്രവാസികളെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് ഒരു സുസ്ഥിരവരുമാനം ഉറപ്പുവരുത്തുക എന്നതുകൂടി പദ്ധതി ലക്ഷ്യമിടുന്നുണ്ട്. 2748 യുവാക്കളും 704 പ്രവാസികളും 2717 വനിതകളും ഉൾപ്പെടെ ഇതുവരെ 14680 ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്ത് സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. 14000 ഗുണഭോക്താക്കളായിരുന്നു ലക്ഷ്യമെങ്കിലും പദ്ധതിയുടെ പൊതുസ്വീകാര്യതമൂലം കൂടുതൽ ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായി. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പുവരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ദ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്. സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ്

കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവ് നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021-ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഇതുവഴി കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെടുന്നതാണ്

(ബി) യുവജന ഗ്രൂപ്പുകൾക്ക് തരിശുനില കൃഷിക്ക് പ്രത്യേക സഹായം നൽകുമോ; എങ്കിൽ അവ കൃഷിഭവനുകൾ മുഖാന്തിരം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദവിവരം ലഭ്യമാക്കുമോ?

തരിശുനിലത്തിൽ കൃഷി ചെയ്യാൻ താല്പര്യമുള്ള യുവജന ഗ്രൂപ്പുകൾക്ക് കൃഷി ഭവനുകൾ മുഖേന കൃഷി ചെയ്യുന്നതിന് സുഭിക്ഷ കേരളം പദ്ധതിയിൽ ധനസഹായം നൽകിവരുന്നുണ്ട്. നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, പയറുവർഗ്ഗങ്ങൾ, കിഴങ്ങു വർഗ്ഗ വിളകൾ, ചെറുധാന്യങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. വിവിധ വിളകൾക്കുള്ള സംസ്ഥാനാവിഷ്കൃത പദ്ധതികൾ, കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ എന്നിവയിലൂടെ കർഷകർക്ക് ആനുകൂല്യം നൽകുന്നുണ്ട്.

<u>നെൽ കൃഷി</u> :

ഹെക്ടർ ഒന്നിന് കർഷകർക്ക് 35,000 രൂപയും ഭൂവുടമയ്ക്ക് 5,000 രൂപയും ഉൾപ്പെടെ ആകെ 40,000 രൂപയാണ് ധനസഹായം നൽകുന്നത്.

<u>പച്ചക്കറി കൃഷി</u> :

ഹെക്ടർ ഒന്നിന് കർഷകർക്ക് 37,000 രൂപയും ഭൂവുടമയ്ക്ക് 3000 രൂപയും ഉൾപ്പെടെ ആകെ 40,000 രൂപയാണ് ധനസഹായം.

<u>വാഴ കൃഷി</u>:

ഹെക്ടർ ഒന്നിന് കർഷകർക്ക് 32,000 രൂപയും ഭൂവുടമയ്ക്ക് 3000 രൂപയും ഉൾപ്പെടെ ആകെ 35,000 രൂപയാണ് ധനസഹായം.

<u>കിഴങ്ങു വർഗ്ഗ വിളകളുടെ കൃഷി</u> :

ഹെക്ടർ ഒന്നിന് കർഷകർക്ക് 27,000 രൂപയും ഭൂവുടമയ്ക്ക് 3000 രൂപയും ഉൾപ്പെടെ ആകെ 30,000 രൂപയാണ് ധനസഹായം.

പയർ വർഗ്ഗ കൃഷി:

പയർ, ഉഴുന്ന്, മുതിര, തുവര, ചെറുപയർ, വൻപയർ തുടങ്ങിയ പയറു വർഗ്ഗവിളകൾ തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് കർഷകർക്ക് 27,000 രൂപയും ഭൂവുടമയ്ക്ക് 3000 രൂപയും ഉൾപ്പെടെ ആകെ 30,000 രൂപയാണ് ധനസഹായം.

ചെറുധാന്യവിളകൾ :

തരിശു ഭൂമിയിൽ കൃഷി ചെയ്യുന്നതിന് ഹെക്ടർ ഒന്നിന് കർഷകന് 27,000 രൂപയും ഭൂവുടമയ്ക്ക് 3000 രൂപയും ഉൾപ്പെടെ ആകെ 30,000 രൂപയാണ് ധനസഹായം നൽകുന്നത്.

### ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികൾ

19(2738) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ., ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പ് ഏതെല്ലാം പ്രവൃത്തികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

മുൻസർക്കാരിന്റെ കാലഘട്ടത്തിൽ ചങ്ങനാശ്ശേരി നിയോജക മണ്ഡലത്തിൽ ആർ.കെ.വി.വൈ, ആർ.ഐ.ഡി.എഫ്. XXVI എന്നീ പദ്ധതികളിൽ ഉൾപ്പെടുത്തി കൃഷി വകുപ്പിനുകീഴിൽ പ്രവൃത്തികൾ ഒന്നുംതന്നെ അനുവദിക്കപ്പെട്ടിട്ടില്ല.

(ബി) ഓരോ പ്രവൃത്തിക്കും അനുവദിച്ച തുക എത്രയെന്നും അവയുടെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പുകൾ ലഭ്യമാക്കുമോ;

(സി) ഓരോ പ്രവൃത്തിയും നടപ്പിലാക്കുന്നതിന് ഏത് ഏജൻസിയെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

(ബി & സി) ബാധകമല്ല.

### തരിശുനിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിനുള്ള പദ്ധതികൾ

20(2739) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ വിശദീകരിക്കാമോ;

(ബി) തരിശുനിലങ്ങൾ കൃഷി യോഗ്യമാക്കുന്നതിന് എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകുന്നത് എന്ന് വിശദമാക്കാമോ?

(എ & ബി) തരിശുനിലങ്ങളിൽ നെൽകൃഷി വ്യാപിപ്പിക്കുന്നതിനായി 2021-22 വർഷത്തിൽ സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടറിനു 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും) എന്ന നിരക്കിൽ കർഷകർക്ക് കൃഷി വകുപ്പ് ആനുകൂല്യം നൽകുന്നു. ഇതിനായി "നെൽകൃഷി വികസന പദ്ധതി"-യിലെ ഘടക പദ്ധതിയായ 'തരിശ് ഭൂമിയിലെ നെൽകൃഷി'-ൽ ഉൾപ്പെടുത്തി 750 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ, തദ്ദേശഭരണ സ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തിയും തരിശ് നെൽകൃഷിക്ക് 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ ധനസഹായം നൽകുന്നുണ്ട്. 2021-22 സാമ്പത്തിക വർഷത്തിൽ നടപ്പാക്കുന്ന "പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതിയിൽ" സുഭിക്ഷകേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി 166.67 ഹെക്ടർ തരിശ് ഭൂമിയിൽ ചെറുധാന്യങ്ങൾ കൃഷി ചെയ്യുന്നതിനായി 50 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി "പയർവർഗ്ഗ- കിഴങ്ങുവർഗ്ഗ വിളകളുടെ പ്രോത്സാഹന പദ്ധതിയിൽ" 50 ഹെക്ടർ തരിശ് ഭൂമിയിൽ പയർവർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 15 ലക്ഷം രൂപയും 70 ഹെക്ടർ തരിശ് ഭൂമിയിൽ കിഴങ്ങുവർഗ്ഗ വിളകൾ കൃഷി ചെയ്യുന്നതിന് 21 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. "പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസനം", "പയർവർഗ്ഗ - കിഴങ്ങുവർഗ്ഗ വിളകളുടെ പ്രോത്സാഹനം" എന്നീ പദ്ധതികൾ പ്രകാരം തരിശ് ഭൂമിയിൽ ചെറുധാന്യകൃഷി, പയർവർഗ്ഗ കൃഷി, കിഴങ്ങു വർഗ്ഗ കൃഷി എന്നിവയ്ക്ക് ഹെക്ടറിന് 30000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. പാട്ടത്തിന് കൃഷി ചെയ്യുമ്പോൾ 27,000 രൂപ കർഷകനും 3,000 രൂപ സ്ഥലം ഉടമയ്ക്കുമാണ് നൽകുന്നത്. കൃഷി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന സമഗ്ര പച്ചക്കറി വികസന പദ്ധതിയിലെ സുഭിക്ഷ കേരളം എന്ന ഘടകത്തിൽ ഉൾപ്പെടുത്തി തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി കർഷകർക്ക് ധനസഹായം നൽകുന്നു. തരിശുസ്ഥലങ്ങളിൽ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ഹെക്ടറിന് 40,000 രൂപയാണ് ധന സഹായം നൽകുന്നത്. ഇതിൽ ഭൂമി കൃഷി ചെയ്യാനായി വിട്ടുകൊടുക്കുന്ന ഉടമസ്ഥന് ഹെക്ടറിന് 3,000 രൂപയും കൃഷി ചെയ്യുന്ന കർഷകന് ഹെക്ടറിന് 37,000 രൂപയുമാണ് ധനസഹായം നൽകിവരുന്നത്. ഈ സാമ്പത്തിക വർഷം 625 ഹെക്ടർ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്.

## കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ

21(2740) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് സർക്കാർ തലത്തിൽ നിലവിലുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് അഗ്രോ സർവ്വീസ് സെന്റർ & സർവ്വീസ് ഡെലിവറി. ഈ പദ്ധതിയുടെ കീഴിൽ സംസ്ഥാനത്ത് 2020-21 വരെ ബ്ലോക്ക് തലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും പഞ്ചായത്തുതലത്തിൽ 368 കാർഷിക കർമ്മസേനകളും രൂപീകരിച്ചിട്ടുണ്ട്. 2021-22-ൽ ഈ പദ്ധതിയിൻ കീഴിൽ ബ്ലോക്കുതലത്തിൽ 8 പുതിയ കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ) രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കാർഷിക മേഖലയിൽ തൊഴിലാളിക്ഷാമം പരിഹരിക്കുന്നതിനുവേണ്ടി രൂപീകരിച്ചിട്ടുള്ളതാണ് ടി പദ്ധതി. കാർഷിക യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കുക, തൊഴിലാളി കുറവുമൂലം തരിശായി കിടക്കുന്ന കൃഷിയിടങ്ങൾ കൃഷിയോഗ്യമാക്കുക, കാർഷിക മേഖലയിലെ ഉത്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക തുടങ്ങിയവയൊക്കെ ഇതിന്റെ ലക്ഷ്യങ്ങളാണ്. കാർഷിക മേഖലയിൽ തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന്റെ ഭാഗമായി കാർഷിക ഉത്പന്നങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ് എന്നിവയുമായി ബന്ധപ്പെട്ട് കൃഷി വകുപ്പിന്റെയും സഹകരണ വകുപ്പിന്റെയും സംയുക്ത ആഭിമുഖ്യത്തിൽ ആരംഭിക്കുന്ന യൂണിറ്റുകൾ തുടങ്ങുവാൻ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ രൂപീകരിക്കുമ്പോഴും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതാണ്. ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയായ സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് ജൈവ ഗൃഹം-സംയോജിത കൃഷി (IFS). പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ, ആട്ടു വളർത്തൽ, പോഷകത്തോട്ടം, തേനീച്ച കൃഷി, കൂൺകൃഷി, പശു വളർത്തൽ, മത്സ്യ കൃഷി, ജൈവവള നിർമ്മാണം, മുയൽ വളർത്തൽ, അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവ ഗൃഹം പദ്ധതി. കർഷക വരുമാനം വർദ്ധിപ്പിക്കുക എന്ന സംസ്ഥാന സർക്കാരിന്റെ ആശയത്തിന്റെ അടിസ്ഥാനത്തിലാണ് ഈയൊരു പദ്ധതി ആവിഷ്കരിക്കപ്പെട്ടിരി

ക്കുന്നത്. ഒന്നിലധികം സംരംഭങ്ങൾ ഉള്ളതുകൊണ്ടുതന്നെ വർഷം മുഴുവൻ വരുമാനം കർഷകന് ഉറപ്പുവരുത്താനാകും എന്നതാണ് സംയോജിത യൂണിറ്റുകളുടെ പ്രത്യേകത. പരമാവധി യുവാക്കളെയും കോവിഡ്-19 മൂലം നാട്ടിൽ തിരിച്ചെത്തിയിട്ടുള്ള പ്രവാസികളെയും കൃഷിയിലേയ്ക്ക് ആകർഷിച്ച് ഒരു സുസ്ഥിര വരുമാനം ഉറപ്പുവരുത്തുക എന്നതുകൂടി പദ്ധതി ലക്ഷ്യമിടുന്നുണ്ട്. 2748 യുവാക്കളും 704 പ്രവാസികളും 2717 വനിതകളും ഉൾപ്പെടെ ഇതുവരെ 14680 ഗുണഭോക്താക്കളാണ് രജിസ്റ്റർ ചെയ്ത് സംരംഭങ്ങൾ ആരംഭിച്ചിരിക്കുന്നത്. 14000 ഗുണഭോക്താക്കളായിരുന്നു ലക്ഷ്യമെങ്കിലും പദ്ധതിയുടെ പൊതു സ്വീകാര്യതമൂലം കൂടുതൽ ഗുണഭോക്താക്കൾ ഈ പദ്ധതിയുടെ ഭാഗമായി. ഓരോ ഗുണഭോക്താവും വരവുചെലവുകൾ കണക്കാക്കി വ്യക്തമായ ഫാം പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. നിലവിലുള്ളതിനേക്കാൾ അധിക വരുമാനവും സുസ്ഥിര ആദായവും ഉറപ്പുവരുത്തുന്ന രീതിയിലാണ് കൃഷി അനുബന്ധ മേഖലയിലെ വിദഗ്ധരുടെ സഹായത്തോടെ ഫാം പ്ലാനുകൾ അംഗീകരിച്ച് നടപ്പിലാക്കുന്നത്.

(ബി) കാർഷിക മേഖലയിൽ സ്റ്റാർട്ടപ്പുകളും തൊഴിൽസംരംഭങ്ങളും പ്രോത്സാഹിപ്പിക്കുന്നതിന് സംവിധാനങ്ങൾ നിലവിലുണ്ടോ; ഉണ്ടെങ്കിൽ അവയെക്കുറിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സ്മാൾ ഫാർമേഴ്സ് അഗ്രി ബിസിനസ് കൺസോർഷ്യം മുഖേന കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട-ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതിപ്രകാരം ഉത്പന്നങ്ങളുടെ മൂല്യവർദ്ധനവ് നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. കൂടാതെ 2020-21 വർഷത്തിൽ സ്റ്റാർട്ടപ്പുകൾ തുടങ്ങുന്നതിനായി 200 ലക്ഷം രൂപ വകകൊള്ളിച്ചിരുന്നു. വൈഗ 2021-ന്റെ ഭാഗമായി സ്റ്റാർട്ടപ്പുകളെ സംഘടിപ്പിച്ചുകൊണ്ട് മാർക്കറ്റിംഗ് രംഗത്ത് ഓൺലൈൻ സംവിധാനം ഒരുക്കുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**കാർഷിക വികസന പദ്ധതികൾ**

22(2741) <u>ശ്രീമതി ദെലീമ</u>: താഴെ കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കൃഷി വകുപ്പ് മുഖേന അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കാമോ?

2021-22 കാലയളവിൽ അരൂർ മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി കൊടുക്കുന്നു.*

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കർഷകത്തൊഴിലാളികളുടെ ക്ഷാമം

23(2742) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:

ശ്രീ. അൻവർ സാദത്ത്:

ശ്രീ. റോജി എം. ജോൺ:

ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നമായ കർഷക തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും പ്രസ്തുത തൊഴിൽ മേഖല കൂടുതൽ ആകർഷകമാക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കർഷകത്തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും പ്രസ്തുത തൊഴിൽ മേഖല കൂടുതൽ ആകർഷകമാക്കുന്നതിനും അഗ്രോ സർവ്വീസ് സെന്റർ ആൻഡ് സർവ്വീസ് ഡെലിവറി എന്ന പദ്ധതി രൂപീകരിച്ച് നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയുടെ കീഴിൽ പഞ്ചായത്തുതലത്തിൽ കാർഷികകർമ്മസേനകളും ബ്ലോക്കുതലത്തിൽ അഗ്രോ സർവ്വീസ് സെന്ററുകളും രൂപീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കാർഷികമേഖല നേരിടുന്ന പ്രധാന പ്രശ്നമായ കർഷകത്തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിനും യഥാസമയം ന്യായമായ വേതനത്തിൽ തൊഴിലാളികളെ ആവശ്യാനുസരണം ലഭിക്കുന്നതിനുമായി സംസ്ഥാനത്തെ 14 ജില്ലകളിലായി തെരഞ്ഞെടുത്ത ഗ്രാമ പഞ്ചായത്തുകളിൽ കാർഷിക കർമ്മസേനകൾ രൂപീകരിച്ചിട്ടുണ്ട്. 18 വയസ്സു മുതൽ 55 വയസ്സുവരെ പ്രായമുള്ള കാർഷികമേഖലയിലെ തൊഴിൽ ചെയ്യുവാൻ സന്നദ്ധരായ 25 മുതൽ 30 വരെ അംഗങ്ങൾ/തൊഴിലാളികൾ അടങ്ങുന്നതാണ് കാർഷിക കർമ്മസേന. ഇത് ചാരിറ്റബിൾ സൊസൈറ്റീസ് ആക്ട് പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ളതാണ്. കാർഷിക കർമ്മസേനാംഗങ്ങൾക്കും മാസ്റ്റർ ട്രെയിനർമാർക്കും വിവിധ കൃഷിപ്പണികൾ ചെയ്യുന്നതിനും യന്ത്രസാമഗ്രികൾ ഉപയോഗിക്കുന്നതിനും കർമ്മസേന വഴി പരിശീലനവും യന്ത്രസാമഗ്രികളും നൽകിവരുന്നു. യന്ത്രസാമഗ്രികളുടെ സഹായത്തോടെ കൃഷിപ്പണികൾ കുറഞ്ഞ സമയത്തിനുള്ളിൽ കൃത്യമായി നടത്തുന്നു. തൊഴിലാളികൾക്ക് കൃത്യമായ വരുമാനവും അതോടൊപ്പം കർഷകർക്ക് മെച്ചപ്പെട്ട സേവനവും ഇതിലൂടെ ലഭ്യമാക്കുന്നു. സംസ്ഥാനത്താകെ കൃഷിഭവന്റെ മേൽനോട്ടത്തിൽ ഗ്രാമപഞ്ചായത്തുകളിൽ ഇതുവരെ (2020-21) 368 കാർഷിക കർമ്മസേനകൾ രൂപീകൃതമായി പ്രവർത്തനങ്ങൾ നടത്തിവരുന്നു. ഇതോടൊപ്പം തൊഴിലാളിക്ഷാമം പരിഹരിക്കുക എന്ന ലക്ഷ്യത്തോടെ ബ്ലോക്കുതലത്തിൽ രൂപീകരിച്ചിട്ടുള്ള ഒരു പദ്ധതിയാണ് അഗ്രോ സർവ്വീസ് സെന്ററുകളുടെ രൂപീകരണം.

സംസ്ഥാനത്തൊട്ടാകെ ഇതുവരെ (2020-21) 99 അഗ്രോസർവ്വീസ് സെന്ററുകൾ രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നു. 2021-22-ൽ ഈ പദ്ധതിയിൻ കീഴിൽ ബ്ലോക്ക് തലത്തിൽ 8 പുതിയ കൃഷിശ്രീ സെന്ററുകൾ (അഗ്രോ സർവ്വീസ് സെന്ററുകൾ ഇനിമേൽ അറിയപ്പെടുന്നത്) രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) കാർഷിക മേഖലയിലെ തൊഴിലാളികളുടെ ജോലി ഭാരം കുറയ്ക്കാൻ യന്ത്രവൽക്കരണ നടപടികൾ സർക്കാർ പ്രോത്സാഹിപ്പിക്കുമോ; വിശദാംശങ്ങൾ നൽകാമോ?

കാർഷിക മേഖലയിലെ യന്ത്രവൽക്കരണം പ്രോത്സാഹിപ്പിക്കാനായി വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയിൽ ഉൾപ്പെടുത്തി ബ്ലോക്കുതലത്തിൽ അഗ്രോ സർവീസ് സെന്ററുകൾ സ്ഥാപിക്കുകയും ഗ്രാമപഞ്ചായത്ത് തലത്തിൽ കാർഷിക കർമ്മസേനകൾ സ്ഥാപിക്കുകയും ചെയ്തുവരുന്നുണ്ട്. നാളിതു വരെ ബ്ലോക്കുതലത്തിൽ 99 അഗ്രോ സർവ്വീസ് സെന്ററുകളും ഗ്രാമ പഞ്ചായത്ത് തലത്തിൽ 368 കാർഷിക കർമ്മസേനകളും സ്ഥാപിച്ച് കഴിഞ്ഞിട്ടുണ്ട്. കർഷകർക്ക് വിവിധ യന്ത്രവൽക്കരണ പ്രവൃത്തികൾക്കായി ഇവിടങ്ങളിലെ പരിശീലനം സിദ്ധിച്ച അംഗങ്ങളുടെ സേവനം ലഭ്യമാക്കിവരുന്നുണ്ട്. കാർഷിക കർമ്മ സേനയുടെയും അഗ്രോ സർവീസ് സെന്ററുകളുടെയും പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി കാർഷിക സർവ്വകലാശാലയുടെ കീഴിൽ കേരള സംസ്ഥാന കാർഷിക യന്ത്രവൽക്കരണ മിഷൻ രൂപീകരിച്ചിട്ടുണ്ട്. ആയതിന്റെ പ്രവർത്തനങ്ങൾക്കുള്ള സാമ്പത്തിക സഹായവും കൃഷി വകുപ്പിന്റെ പ്ലാൻ ഫണ്ടിൽനിന്നും നൽകിവരുന്നുണ്ട്. കൂടാതെ ജില്ലകളിലെ കാർഷിക എഞ്ചിനീയറിംഗ് വിഭാഗത്തോട് അനുബന്ധമായി കാർഷിക യന്ത്രങ്ങൾ വാടകയ്ക്ക് നൽകുന്ന കേന്ദ്രങ്ങൾ സ്ഥാപിച്ചിട്ടുണ്ട്. അവിടെനിന്നും കർഷകർക്ക് ചെറുതും വലുതുമായ യന്ത്രോപകരണങ്ങൾ മിതമായ നിരക്കിൽ വാടകയ്ക്ക് നൽകിവരുന്നുണ്ട്.

(സി) ഇതിനായി എന്തെങ്കിലും പുതിയ പദ്ധതികൾക്ക് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കാമോ?

കേന്ദ്രാവിഷ്കൃത പദ്ധതിയായ കാർഷിക യന്ത്രവൽക്കരണ ഉപ പദ്ധതി (Sub Mission on Agricultural Mechanization) പ്രകാരം കർഷകർക്ക് യന്ത്രോപകരണങ്ങൾ നാൽപ്പത് മുതൽ അറുപത് ശതമാനം വരെ സബ്സിഡിയിൽ ലഭ്യമാക്കുന്നുണ്ട്. കർഷക ഗ്രൂപ്പുകൾക്കും സ്വയം സഹായ സംഘങ്ങൾക്കും കർഷക സഹകരണ സംഘങ്ങൾക്കും കാർഷിക യന്ത്രങ്ങളുടെ വാടക കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നാൽപ്പതു മുതൽ എൺപതു ശതമാനം വരെ സബ്സിഡി ഈ പദ്ധതിയുടെ വിവിധ ഘടകങ്ങളിലായി നൽകിവരുന്നുണ്ട്.

(ഡി) കർഷക ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കർഷകർക്ക് ക്ഷേമനിധിയിലേയ്ക്ക് ഓൺലൈനായി അപേക്ഷ സമർപ്പിക്കുന്നതിനായി C-DIT തയ്യാറാക്കിയ http://kfwfb.kerala.gov.in വെബ് പോർട്ടൽ ടെസ്റ്റിംഗ്, സെക്യൂരിറ്റി ഓഡിറ്റ് എന്നിവ പൂർത്തിയാക്കി കർഷകർക്കായി തുറന്നു നൽകുന്ന നടപടി പുരോഗമിക്കുന്നു.

**അട്ടപ്പാടിയിൽ സുഭിക്ഷ കേരളം പദ്ധതി**

24(2743) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിമൂലം ഭക്ഷ്യ ഉൽപ്പാദന മേഖലയിൽ സ്വയംപര്യാപ്തതയുടെ ആവശ്യകത സർക്കാരിന് ബോധ്യപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത ആവശ്യകതയ്ക്കായി കൃഷി വകുപ്പ് നടപ്പാക്കിയിട്ടുള്ള പദ്ധതികളുടെ വിശദ വിവരം ലഭ്യമാക്കുമോ?

ബോദ്ധ്യപ്പെട്ടിട്ടുണ്ട്. കോവിഡ് 19 മഹാമാരിയുടെ പശ്ചാത്തലത്തിൽ കേരളത്തിലേയ്ക്ക് മറ്റ് സംസ്ഥാനങ്ങളിൽനിന്നുള്ള ഭക്ഷ്യോത്പന്നങ്ങളുടെ വരവ് പ്രതികൂലമായി ബാധിക്കാനുള്ള സാധ്യത കണക്കിലെടുത്ത് ഭക്ഷ്യ സ്വയംപര്യാപ്തത ലക്ഷ്യമിട്ടുകൊണ്ട് സംസ്ഥാന സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കിയ സംയോജിത ഭക്ഷ്യസുരക്ഷാ പദ്ധതിയാണ് സുഭിക്ഷകേരളം. കൃഷി, മൃഗസംരക്ഷണം, ക്ഷീര വികസനം, മത്സ്യബന്ധനം, സഹകരണം, ജലസേചനം തുടങ്ങിയ വകുപ്പുകളുടെ പ്രവർത്തനങ്ങളെ ഏകോപിപ്പിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിലാണ് പദ്ധതി നടപ്പിലാക്കിയത്. കാർഷിക മേഖലയിൽ പ്രധാനമായും ലക്ഷ്യമിട്ടത് തരിശുഭൂമിയിൽ കൃഷി ചെയ്യുക, സംയോജിത കൃഷി സമ്പ്രദായം നടപ്പിലാക്കുക, ഒരു കോടി ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കുക, മഴമറയിലെ കൃഷി പ്രോത്സാഹിപ്പിക്കുക, കാർഷിക വിപണി ശക്തിപ്പെടുത്തുക, കർഷകർക്ക് ആവശ്യമായ വായ്പ ലഭ്യമാക്കുക എന്നിവയാണ്. തരിശുഭൂമിയിലെ കൃഷി ഓരോ തദ്ദേശഭരണ സ്ഥാപനങ്ങളുടെ പരിധിയിലും തരിശായി കിടക്കുന്ന കൃഷിയോഗ്യമായ ഭൂമി കണ്ടെത്തി കൃഷി ചെയ്യുക എന്ന ലക്ഷ്യമാണ് കൈവരിച്ചത്. പ്രധാനമായും നെല്ല്, പച്ചക്കറി, ഫലവർഗ്ഗങ്ങൾ, കിഴങ്ങുവർഗ്ഗങ്ങൾ, പയർവർഗ്ഗങ്ങൾ, ചെറുധാന്യങ്ങൾ എന്നീ വിളകളാണ് കൃഷി ചെയ്തത്. കേന്ദ്രാവിഷ്കൃത പദ്ധതിയായ ആർ.കെ.വി.വൈ. പ്രോജക്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ പദ്ധതികൾ എന്നിവയിലൂടെ 25000 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള ആനുകൂല്യം നൽകുന്നതിനാണ് ലക്ഷ്യമിട്ടത്. 2020-21 വർഷത്തിൽ നടപ്പിലാക്കിയ തരിശുഭൂമിയിലെ കൃഷി സംബന്ധിച്ച വിശദ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

| ക്രമ നമ്പർ | വിള | കൃഷി ചെയ്ത വിസ്തീർണ്ണം (ഹെ.) | ധനസഹായ നിരക്ക് (രൂപ/ഹെ.) |
|---|---|---|---|
| 1 | നെല്ല് | 9070 | 40000 |
| 2 | പച്ചക്കറി | 4527 | 40000 |
| 3 | ഫലവർഗ്ഗം (വാഴ) | 3381 | 35000 |
| 4 | കിഴങ്ങുവർഗ്ഗം | 4907 | 30000 |
| 5 | പയർവർഗ്ഗം | 637 | 30000 |
| 6 | ചെറുധാന്യങ്ങൾ | 325 | 30000 |

ജൈവ ഗൃഹം-സംയോജിത കൃഷി-

സുഭിക്ഷകേരളം പദ്ധതിയുടെ ഒരു പ്രധാനഘടകമാണ് ജൈവ ഗൃഹം-സംയോജിത കൃഷി (IFS). പ്രധാന കൃഷിക്കൊപ്പം അനുബന്ധ സംരംഭങ്ങളായ കോഴി വളർത്തൽ, ആട്ടു വളർത്തൽ/ പോഷകത്തോട്ടം/ തേനീച്ച കൃഷി/ കൂൺകൃഷി/ പശു വളർത്തൽ/ മത്സ്യ കൃഷി/ ജൈവവള നിർമ്മാണം/ മുയൽ വളർത്തൽ/ അക്വാപോണിക്സ് തുടങ്ങിയവയിൽ നിന്നും 5 സംരംഭങ്ങളെങ്കിലും ഏറ്റെടുത്ത് നടപ്പിലാക്കുന്നതാണ് ജൈവ ഗൃഹം പദ്ധതി.

കൃഷി വകുപ്പിന്റെ ജൈവ ഗൃഹം -

സംയോജിതകൃഷി പദ്ധതിയിൽ 14,000 സംയോജിതകൃഷി യൂണിറ്റുകൾക്ക് ധനസഹായം നൽകുക എന്നതായിരുന്നു പദ്ധതി ലക്ഷ്യം. റീബിൽഡ് കേരള ഇനിഷ്യേറ്റീവിൽ ഉൾപ്പെടുത്തി 50 കോടി രൂപയാണ് രണ്ട് വർഷങ്ങളിലായി പദ്ധതി നടത്തിപ്പിന് വിഭാവനം ചെയ്തിട്ടുള്ളത്. 2020-21 വർഷം 35 കോടി രൂപയാണ് പദ്ധതിക്കായി സംസ്ഥാന സർക്കാർ നൽകിയത്. കൃഷി ഭൂമിയുടെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ മൂന്ന് തരത്തിലാണ് ധനസഹായം. 5 മുതൽ 30 സെന്റ് വരെ സ്ഥല വിസ്തൃതിയുള്ളവർക്ക് 30,000 രൂപ, 30 മുതൽ 40 സെന്റ് വരെ 40,000 രൂപ, അതിനുമുകളിൽ 50,000 രൂപ എന്നിങ്ങനെയാണ് ധനസഹായ നിരക്ക്. 34.52 കോടി രൂപ കർഷകർക്ക് ധനസഹായമായി നൽകിയിട്ടുണ്ട്.

<u>മഴമറയിലെ കൃഷി പ്രോത്സാഹനം-</u>

മഴമറ കൃഷിരീതിയിലൂടെ വർഷത്തിലുടനീളം പച്ചക്കറി കൃഷി സാധ്യമാക്കുന്നതിനും ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. വേനൽക്കാലത്തും മഴക്കാലത്തും വിളകളെ സംരക്ഷിച്ച് പച്ചക്കറി കൃഷിചെയ്യുന്നതിനായി നൂതന രീതിയായ മഴമറയിലെ കൃഷി കർഷകർക്ക് ഏറെ സഹായകരമാണ്. 2020-21 സാമ്പത്തിക വർഷം സംസ്ഥാനത്തൊട്ടാകെ 1 ലക്ഷം സ്ക്വയർ മീറ്റർ (1,000 എണ്ണം) വിസ്തൃതിയിൽ മഴമറ നിർമ്മിക്കുന്നതിനായി 500 ലക്ഷം രൂപ ' സമഗ്ര പച്ചക്കറി വികസന പദ്ധതി' യിൽ വകയിരുത്തിയിരുന്നു. എന്നാൽ ആകെ 1,22,522 സ്ക്വയർ മീറ്റർ (1,337 എണ്ണം) മഴമറ നിർമ്മിക്കുകയുണ്ടായി. ഇതിലേയ്ക്കായി 615.0827 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തു. 100 സ്ക്വയർ മീറ്റർ മഴമറ നിർമ്മാണത്തിന് ആകെ ചെലവുവരുന്ന തുകയിൽ 75% സബ്സിഡിയോടുകൂടി 50,000 രൂപയിൽ അധികരിക്കാതെയാണ് കർഷകർക്ക് നൽകുന്നത്.

<u>ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ-</u>

" ഒരു കോടി ഫലവൃക്ഷത്തൈകൾ നട്ടുവളർത്തൽ" എന്ന പദ്ധതി കാർഷിക വികസന കർഷക ക്ഷേമം, തദ്ദേശ സ്വയംഭരണം, വനം, വിദ്യാഭ്യാസം എന്നീ വകുപ്പുകൾ സംയുക്തമായിട്ടാണ് നടപ്പിലാക്കിയത്. തദ്ദേശഭരണ സ്ഥാപനം, കുടുംബശ്രീ, എം.ജി.എൻ.ആർ.ഇ.ജി.എസ്./ അയ്യങ്കാളി തൊഴിലുറപ്പ്, സന്നദ്ധ പ്രവർത്തകർ എന്നിവരുടെ സഹായത്തോടുകൂടി സംസ്ഥാനത്തെ വീട്ടുവളപ്പുകൾ, പൊതുസ്ഥലങ്ങൾ, പാതയോരങ്ങൾ, സർക്കാർ കെട്ടിടങ്ങളുടെ വളപ്പുകൾ, സ്കൂൾ കോമ്പൗണ്ടുകൾ, വിനോദസഞ്ചാര കേന്ദ്രങ്ങൾ എന്നിവിടങ്ങളിൽ ഫല വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും അവയുടെ പരിപാലനവും ചെയ്തുവരുന്നു. കൃഷി വകുപ്പിന്റെ കീഴിലുള്ള കൃഷി ഫാമുകൾ, വി.എഫ്.പി.സി.കെ., കാർഷിക കർമ്മസേന/അഗ്രോ സർവ്വീസ് സെന്റർ, കാർഷിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങൾ ഉൽപ്പാദിപ്പിക്കുന്ന ഗ്രാഫ്റ്റ്, ലെയർ ടിഷ്യൂകൾച്ചർ തൈകൾ ഒഴികെയുള്ള ഫലവൃക്ഷത്തൈകൾ പൂർണ്ണമായും സൗജന്യമായാണ് കർഷകർക്ക് വിതരണം ചെയ്തത്. ഗ്രാഫ്റ്റ്, ലെയർ, ടിഷ്യൂകൾച്ചർ തൈകൾ തുടങ്ങിയവയ്ക്ക് 25% വില ഈടാക്കിയാണ് വിതരണം നടത്തിയത്. " ഒരു കോടി ഫല വൃക്ഷത്തൈകൾ നട്ടുവളർത്തൽ 2020-21" പദ്ധതിയുടെ ഭാഗമായി 143.74 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ലക്ഷ്യമിട്ടിരുന്നതിൽ 136.28 ലക്ഷം ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തു.

കാർഷിക വിപണി ശക്തിപ്പെടുത്തൽ -

കോവിഡ് 19 രൂക്ഷമായി തുടരുന്ന സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനമുപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. കോവിഡ് 19-ന്റെ രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടി കോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊണ്ടിട്ടുണ്ട്. കൃഷി വകുപ്പ് സംഭരിക്കുന്ന ഉത്പന്നങ്ങൾ കൃഷി വകുപ്പിന്റെ നിയന്ത്രണത്തിൽ പ്രവർത്തിക്കുന്ന വിവിധ എ ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ് വിപണികൾ, വി.എഫ്.പി.സി.കെ വിപണികൾ തുടങ്ങി 1884 മാർക്കറ്റുകളിലും ഏകോപിപ്പിച്ചുകൊണ്ടു വിപണനം നടത്തിവരുന്നു. കൂടാതെ സുഭിക്ഷ കേരളത്തിന്റെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചചന്തകൾ വഴിയും ഉത്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. ഹൈഎൻഡ് കാർഷിക വിപണികളെപ്പോലെ കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന വിപണിയാണ് "റോഡരികിലെ നഗര വിപണികൾ" അല്ലെങ്കിൽ "കർഷകരുടെ വിപണികൾ" എന്ന് വിളിക്കപ്പെടുന്ന നഗര വഴിയോര കാർഷിക വിപണികൾ. ഇതുപ്രകാരം ആകെ 100 നഗര കാർഷിക വിപണികൾ 2021-22 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയുടെ ഭാഗമായി പ്രവൃത്തിപഥത്തിലെത്തുന്നു. വായ്പാ സൗകര്യം 2020-21-ൽ സുഭിക്ഷ കേരളം പദ്ധതി നടപ്പാക്കുന്നതിന് കർഷകർക്ക് 196 കോടി രൂപ വിവിധ ബാങ്കുകൾ മുഖേന വായ്പ അനുവദിച്ചിട്ടുണ്ട്.

(ബി) സുഭിക്ഷ കേരളം പദ്ധതിയിൽ ആദിവാസി കാർഷിക മേഖലയായ അട്ടപ്പാടിയിൽ കൃഷി വകുപ്പിന്റെ ആഭിമുഖ്യത്തിൽ നടപ്പിലാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണെന്നതിന്റെ വിശദാംശം ലഭ്യമാക്കുമോ?

സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി അട്ടപ്പാടി ആദിവാസി മേഖലയിലെ ഭക്ഷ്യസ്വയം പര്യാപ്തത ലക്ഷ്യമിട്ട് 2020-21 വർഷം താഴെ പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

(1) ചെറുധാന്യ കൃഷി (160.46 lakhs) -

(a) RKI അട്ടപ്പാടി ആദിവാസി സമഗ്ര സുസ്ഥിര കാർഷിക വികസനപദ്ധതി പ്രകാരം, ഒന്നാം വിളയ്ക്ക് ചെറുധാന്യങ്ങൾ-570 Ha, പയറു വർഗ്ഗങ്ങൾ-100 Ha, എണ്ണക്കുരുക്കൾ-135 Ha, പച്ചക്കറി-10Ha, ചിയ - 20 Ha എന്നിവ കൃഷി ചെയ്തിട്ടുണ്ട്. രണ്ടാം വിളയ്ക്ക് ചെറുധാന്യങ്ങൾ-330 Ha, പയറുവർഗ്ഗങ്ങൾ-37Ha, എണ്ണക്കുരുക്കൾ- 55 Ha, പച്ചക്കറി-15 Ha., ചിയ-10 Ha എന്നിവ കൃഷി ചെയ്യുന്നതാണ്.

(b) തരിശുഭൂമി കൃഷി (പ്രാദേശിക പ്രാധാന്യമുള്ള വിളകളുടെ വികസന പദ്ധതി) (2.4 lakhs) 80 Ha തരിശുഭൂമിയിൽ ചെറുധാന്യങ്ങൾ കൃഷിയിറക്കും.

(2) കരനെൽ കൃഷി (1.92 ലക്ഷം) -

കൃഷി വകുപ്പിന്റെ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 14.14 Ha-ൽ കരനെൽകൃഷി ഒന്നാം വിളയ്ക്ക് ചെയ്തിട്ടുണ്ട്.

(3) പച്ചക്കറി കൃഷി (11 ലക്ഷം) -

കൃഷി വകുപ്പിന്റെ പച്ചക്കറി കൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി 20 Ha പച്ചക്കറി കൃഷി ചെയ്തിട്ടുണ്ട്. ഒപ്പം 1.5 Ha തരിശുഭൂമിയിൽ പച്ചക്കറി കൃഷി ചെയ്യുന്നു.

(4) ജനകീയാസൂത്രണം (37 ലക്ഷം) -

ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി 2020-21-ൽ ബ്ലോക്ക് പഞ്ചായത്ത് 110 Ha-ൽ പച്ചക്കറി കൃഷിക്ക് പദ്ധതി രൂപീകരിച്ചിട്ടുണ്ട്. ഷോളയൂർ പഞ്ചായത്ത് സുഭിക്ഷ കേരള പദ്ധതിയിൽ ഉൾപ്പെടുത്തി ചെറുധാന്യങ്ങൾ, വാഴ, പച്ചക്കറി, കിഴങ്ങു വർഗ്ഗങ്ങൾ എന്നിവ 28.57 Ha.-ൽ കൃഷി ചെയ്യാനായി പ്രോജക്റ്റ് വച്ചിട്ടുണ്ട്.

**പരിസ്ഥിതി സംരക്ഷണ പദ്ധതികൾ**

25(2744) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി സംരക്ഷണവുമായി ബന്ധപ്പെട്ട് കൃഷി വകുപ്പും മറ്റ് വകുപ്പുകളും ചേർന്ന് സംസ്ഥാനത്ത് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഹരിത കേരളം മിഷന്റെ പച്ചത്തുരുത്ത് ക്യാമ്പയിന്റെ ഭാഗമായി എല്ലാ ജില്ലകളിലുമായി 550 ഏക്കർ വിസ്തൃതിയിൽ 1661 പച്ചത്തുരുത്തുകൾ 2019 - 20 വർഷങ്ങളിലായി സ്ഥാപിച്ചിട്ടുണ്ട്. ഈ ക്യാമ്പയിനിൽ സാമൂഹ്യ വനവൽക്കരണ പദ്ധതി, മഹാത്മാഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതി, അയ്യങ്കാളി തൊഴിലുറപ്പ് പദ്ധതി, കൃഷി വകുപ്പ് എന്നിവയുടെ പങ്കാളിത്തം ഉണ്ടായിരുന്നു. ഒരു കോടി വൃക്ഷത്തൈ ക്യാമ്പയിനിൽ കൃഷി വകുപ്പ് ഫാമുകളുടെ സാങ്കേതിക സഹായത്തോടെ തൈകൾ വിതരണം ചെയ്യുകയും ചെയ്തിട്ടുണ്ട്. കൂടാതെ ഹരിത കേരളം മിഷന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'തരിശു രഹിത ഗ്രാമം' ക്യാമ്പയിനിന്റെ ഭാഗമായി 87 ഗ്രാമപഞ്ചായത്തുകളെ തരിശുരഹിത ഗ്രാമങ്ങളായി പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി ധാരാളം നെൽവയലുകൾ വീണ്ടെടുക്കുന്നതിനും അതുവഴി പരിസ്ഥിതി പുനഃസ്ഥാപനത്തിന് സഹായകമായ അവസ്ഥ ഉണ്ടാക്കുന്നതിനും സാധിച്ചിട്ടുണ്ട്. 2020-21 മുതൽ അടുത്ത 10 വർഷത്തേയ്ക്ക് ഓരോ വർഷവും ഒരു കോടി ഫലവൃക്ഷത്തൈകൾ നടുന്നതിനുള്ള പദ്ധതി വകുപ്പ് രൂപകൽപ്പന ചെയ്ത് നടപ്പിലാക്കിവരുന്നു. ഇതിന്റെ ഭാഗമായി 2020-21 വർഷത്തിൽ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ തദ്ദേശ സ്വയംഭരണം, വനം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ ദേശീയ തൊഴിലുറപ്പ്, കുടുംബശ്രീ തുടങ്ങിയ ഏജൻസികളെ ഉൾപ്പെടുത്തി സംസ്ഥാനത്തൊട്ടാകെ 1 കോടി 34 ലക്ഷം ഫലവൃക്ഷത്തൈകൾ വച്ചുപിടിപ്പിച്ചു. 2021-22 വർഷം പരിസ്ഥിതി ദിനമായ ജൂൺ 5-ന് ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണോദ്ഘാടനം നടത്തുകയും തുടർന്ന് നാളിതുവരെ 18 ലക്ഷം ഫലവൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിയിലൂടെ ഫലവർഗ്ഗങ്ങളുടെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഒരു പരിധി വരെ പരിസ്ഥിതി സംരക്ഷണം ഉറപ്പുവരുത്തുന്നതിനും സഹായിച്ചിട്ടുണ്ട്. പരിസ്ഥിതി സംരക്ഷണത്തിൽ നെൽവയലുകളുടെ പ്രാധാന്യം കണക്കിലെടുത്ത് കൃഷി ചെയ്യാവുന്ന നെൽവയൽ ഉടമസ്ഥർക്ക് നെൽവയൽ സംരക്ഷണത്തിനായി ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നതിനായി ഈ വർഷം 1500 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കേന്ദ്രാവിഷ്കൃത പദ്ധതിയായ സബ്മിഷൻ ഓൺ അഗ്രോ ഫോറസ്ട്രിയിലൂടെ 2 ലക്ഷം വൃക്ഷത്തൈകൾ ഉല്പാദിപ്പിക്കുന്നതിനും കാർഷിക വനവൽക്കരണം പ്രോത്സാഹിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

**സുഭിക്ഷ കേരളം പദ്ധതി**

26(2745) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് കൂടുതൽ സ്ഥലത്ത് നെൽകൃഷിയും പച്ചക്കറി കൃഷിയും ചെയ്യുവാൻ സാധിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

സാധിച്ചിട്ടുണ്ട്. പദ്ധതി ആരംഭിച്ചശേഷം നെല്ല്, പച്ചക്കറി, എന്നിവ അധികമായി കൃഷി ചെയ്യാൻ സാധിച്ചു.

തരിശ് നില കൃഷി

(എ) നെല്ല് : സംസ്ഥാനത്തുള്ള 5000 ഹെക്ടർ തരിശുനിലങ്ങൾ കണ്ടെത്തി കൃഷി ഇറക്കുന്നതിന് ഹെക്ടറിന് 40,000 രൂപ ധനസഹായം നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 9,070 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

(ബി) പച്ചക്കറി കൃഷി : ഓരോ പഞ്ചായത്തിലും കൃഷിയോഗ്യമായ തരിശു ഭൂമി കണ്ടുപിടിച്ച് 7000 ഹെക്ടർ സ്ഥലത്ത് പച്ചക്കറി അധികമായി ഉണ്ടാക്കുക എന്നതാണ് ലക്ഷ്യം. പ്രത്യേക പ്രോത്സാഹനമെന്ന നിലയിൽ ഹെക്ടറിന് 40000 രൂപ സഹായമായി നല്കാൻ പദ്ധതിയിട്ടിരുന്നു. നാളിതുവരെ 4527 ഹെക്ടർ തരിശ് കൃഷി ചെയ്തിട്ടുണ്ട്.

(ബി) ഇതുപ്രകാരം എത്ര ഉല്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ?

നെല്ലുൽപ്പാദനത്തിൽ 30339.15 മെട്രിക് ടണ്ണും പച്ചക്കറി ഉൽപ്പാദനത്തിൽ 51391.2 ടണ്ണും ഉൽപ്പാദന വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

**കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട്**

27(2746) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതെല്ലാമാണ് സംസ്ഥാനത്ത് നിലവിലുള്ളതെന്നും അവയുടെ വിശദാംശങ്ങളും അറിയിക്കാമോ?

നിലവിൽ സംസ്ഥാനത്തു നടപ്പിലാക്കി വരുന്ന കേന്ദ്രാവിഷ്കൃത പദ്ധതികളുടെ വിവരങ്ങൾ അനുബന്ധം (എ) ആയിക്കൊടുത്തിരിക്കുന്നു*. പദ്ധതികളിലെല്ലാം തന്നെ കൃഷി ഓഫീസർ സ്ഥലപരിശോധന നടത്തിയാണ് ഗുണഭോക്താവിന്റെ അന്തിമമായ അർഹത നിശ്ചയിക്കുന്നത്. അപേക്ഷാ ഫോറത്തിന്റെ മാതൃക

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷിഭവനിൽനിന്നും ലഭിക്കും. അപേക്ഷകൾ പൂർണ്ണമായും ഓൺലൈനായി കൃഷി വകുപ്പിന്റെ പോർട്ടലായ aims.kerala.gov.in-യിൽ സമർപ്പിക്കാൻ സജ്ജമാക്കുന്ന നടപടികൾ കൃഷി വകുപ്പ് സ്വീകരിച്ചുവരുന്നു.

(ബി) കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതി സംസ്ഥാനത്ത് നടപ്പിലാക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ?

ആത്മനിർഭർ അഭിയാൻ പാക്കേജിന്റെ ഭാഗമായി കേന്ദ്ര സർക്കാർ കാർഷിക അടിസ്ഥാനസൗകര്യ വികസനത്തിനായി നടപ്പിലാക്കിയ പുതിയ പദ്ധതിയാണ് അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്. ഒരു ലക്ഷം കോടി രൂപയുടെ കാർഷിക അടിസ്ഥാനസൗകര്യ വികസനനിധിയിൽ നിന്ന് സാമ്പത്തികസഹായം ലഭ്യമാക്കുന്ന ഈ പദ്ധതി പ്രകാരം കേരളത്തിന്റെ വിഹിതം 2520 കോടി രൂപയാണ്. ശീതീകരണ സംഭരണികൾ, സംഭരണ കേന്ദ്രങ്ങൾ, സംസ്കരണ കേന്ദ്രങ്ങൾ തുടങ്ങി സാമൂഹികാടിസ്ഥാനത്തിലുള്ള കാർഷിക ആസ്തികളും വിളവെടുപ്പാനന്തര അടിസ്ഥാന സൗകര്യങ്ങളും ഒരുക്കുന്നതിന് ഈ പദ്ധതി സഹായകരമാകും. കേരളത്തിൽ സഹകരണ സംഘങ്ങളുടെ വിവിധ പദ്ധതികൾക്ക് കേരള ബാങ്ക് മുഖേനയും ഷെഡ്യൂൾഡ് ബാങ്കുകൾ മുഖേനയും ധനസഹായം നല്കി നടപ്പിലാക്കിവരുന്നു.

(സി) ഉണ്ടെങ്കിൽ എന്നുമുതൽ; അനുവദിച്ച അടങ്കൽ തുക എത്ര; പ്രസ്തുത പദ്ധതി പ്രകാരം ഇതുവരെ എത്ര രൂപ ചെലവഴിച്ചു എന്നീ വിവരങ്ങൾ ലഭ്യമാക്കാമോ?

8-7-2020 മുതൽ പ്രസ്തുത പദ്ധതി കേരളത്തിൽ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. ഈ പദ്ധതി പ്രകാരം 2520 കോടി രൂപ മൂന്നുവർഷംകൊണ്ട് നടപ്പാക്കാൻ പദ്ധതി അടങ്കലായി കേന്ദ്ര സർക്കാർ വകയിരുത്തിയിട്ടുണ്ട്. ഈ പദ്ധതി പ്രകാരം നാളിതുവരെ 37.849828 കോടി രൂപയുള്ള പദ്ധതി അനുമതി ലഭിക്കുകയും അതിൽ 4.286928 കോടി രൂപ വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്.

(ഡി) പദ്ധതിയുടെ വിശദാംശങ്ങൾക്കും സംശയനിവാരണത്തിനുമായി ബന്ധപ്പെടുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഫോൺ നമ്പരടക്കമുള്ള വിവരങ്ങൾ ലഭ്യമാക്കാമോ; ഇല്ലെങ്കിൽ ഇതിനായി പ്രത്യേക സെൽ രൂപീകരിക്കുമോ?

പദ്ധതിയുടെ വിശദാംശങ്ങൾക്കും സംശയനിവാരണത്തിനുമായി ബന്ധപ്പെടുന്നതിനുവേണ്ടി പ്രത്യേക സെൽ രൂപീകരിക്കുന്നകാര്യം പരിശോധിക്കുന്നതാണ്. സംശയനിവാരണത്തിനായി ജില്ലാതലത്തിൽ പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറെ ബന്ധപ്പെടാവുന്നതാണ്. പ്രിൻസിപ്പൽ അഗ്രിക്കൾച്ചറൽ ഓഫീസറെ ബന്ധപ്പെടാനുള്ള ഫോൺ നമ്പരുകൾ, സഹകരണ സംഘം ജോയിന്റ് രജിസ്ട്രാർ

(ജനറൽ) ഓഫീസിലെ ഡെപ്യൂട്ടി രജിസ്ട്രാർ (ഭരണം)മാരുടെ പേരുവിവരങ്ങളും ഫോൺ നമ്പരുകളും അനുബന്ധം (ബി) ആയി ചേർത്തിരിക്കുന്നു*. കേരള ബാങ്കിലെ നിലവിലുള്ള PACS Development Department-മായും 0471-2547258 എന്ന ഫോൺ നമ്പറിലും ബന്ധപ്പെടാവുന്നതാണ്.

(ഇ) ഈ പദ്ധതിപ്രകാരം ഈടില്ലാതെ ബാങ്ക് വായ്പകൾ ലഭിക്കുന്നതിന് സർക്കാർ ഗ്യാരണ്ടി ഉണ്ടോയെന്ന് വ്യക്തമാക്കാമോ; എത്ര തുക വരെയുള്ള ബാങ്ക് വായ്പകൾക്കാണ് സർക്കാർ ഗ്യാരണ്ടിയുള്ളതെന്നും വായ്പാ കാലാവധി, പലിശ നിരക്ക്, മൊറട്ടോറിയം തുടങ്ങിയവയുടെ വിവരങ്ങളും അറിയിക്കാമോ?

കാർഷിക അടിസ്ഥാനസൗകര്യ ഫണ്ട് എന്ന പദ്ധതിയുടെ കാലാവധി 2020-21 മുതൽ 2029-30 വരെയാണ്. 7 വർഷമോ അല്ലെങ്കിൽ 2029-30 വരെയോ മാത്രമാണ് വായ്പാ കാലാവധിയായി അനുവദിച്ചിട്ടുള്ളത്. ഈ പദ്ധതി പ്രകാരം രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്ക് 3% പലിശ ഇളവ് ഏഴ് വർഷം വരെ ലഭിക്കുന്നതാണ്. Credit Guarantee Fund Trust for Micro and Small Enterprises (CGTMSE) സ്കീം പ്രകാരം രണ്ട് കോടി രൂപ വരെയുള്ള വായ്പകൾക്ക് ക്രെഡിറ്റ് ഗ്യാരണ്ടി ഉണ്ട്. ഇതിന്റെ ഫീസിനത്തിലുള്ള ചെലവ് കേന്ദ്ര സർക്കാർ വഹിക്കുന്നതാണ്. പദ്ധതി പ്രകാരം തിരിച്ചടവിന് ആറ് മാസം മുതൽ രണ്ട് വർഷം വരെ മൊറട്ടോറിയമുണ്ട്. മറ്റു കേന്ദ്ര സംസ്ഥാന പദ്ധതികളുമായി സംയോജിപ്പിക്കാനും അതിന്റെ പ്രയോജനം പൂർണ്ണമായി കർഷകരിലേയ്ക്കെത്തിക്കാനുള്ള സംവിധാനവും ഈ പദ്ധതിയിലുണ്ട്.

**ജൈവകൃഷി**

28 (2747) <u>ശ്രീ. പി. കെ. ബഷീർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി ഈ സർക്കാർ ആവിഷ്കരിച്ചിട്ടുള്ള പ്രവർത്തനങ്ങൾ വിശദമാക്കുമോ?

സംസ്ഥാനത്ത് 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് ധനസഹായം നൽകുന്നു. ഇതിനായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ജൈവരീതിയിൽ ഉല്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ "സേഫ് റ്റു ഈറ്റ് - കേരള ഓർഗാനിക്" എന്ന ബ്രാൻഡിൽ കമ്പോള വിലയേക്കാൾ ഉയർന്ന വിലയ്ക്ക് സംഭരിച്ച് വിപണനം നടത്തുന്നതിനായി ഇക്കോഷോപ്പുകൾ സംസ്ഥാനത്ത് ആരംഭിച്ചിട്ടുണ്ട്. ഒരു ഇക്കോഷോപ്പിന്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

രണ്ട് ലക്ഷം രൂപ വീതം ധനസഹായം നല്കുന്നുണ്ട്. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും പച്ചക്കറി സംഭരിച്ച് വില്പന നടത്തുന്നതിനുള്ള റിവോൾവിംഗ് ഫണ്ടിനായും ഈ തുക ചെലവഴിക്കുന്നു. ഇക്കോഷോപ്പുകൾക്കനുയോജ്യമായ സ്ഥലം കണ്ടെത്തി ഇതിനായി താല്പര്യമുള്ള GAP ക്ലസ്റ്ററുകൾ മുഖേനയാണ് പദ്ധതി നടപ്പിലാക്കുന്നത്. 2016-2021 കാലയളവിൽ സംസ്ഥാനത്ത് 218 ഇക്കോഷോപ്പുകൾ 'ജൈവകൃഷിയും ഉത്തമ കൃഷിമുറകളും' പദ്ധതിക്ക് കീഴിൽ ആരംഭിച്ചിട്ടുണ്ട്. നടപ്പ് സാമ്പത്തിക വർഷം പുതിയ 12 ഇക്കോഷോപ്പുകൾ ആരംഭിക്കുന്നതിന് 28 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പാക്കിവരുന്നു. കൂടാതെ വിപണികളിൽ ലഭ്യമാകുന്ന പഴം, പച്ചക്കറികൾ സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടിക്കൾച്ചർ കോളേജ് വെള്ളാണിക്കര (തൃശ്ശൂർ), ആർ.എ.ആർ.എസ്. മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്. അതുവഴി ഉപഭോക്താക്കൾക്ക് ഗുണമേന്മ ഉറപ്പുവരുത്താനും കൂടുതൽ സ്വീകാര്യത കൈവരിക്കാനും സാധിക്കും. കൂടാതെ പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകൾ 60:40 അനുപാതത്തിൽ ഉപയോഗിച്ച് ജൈവകൃഷി വ്യാപനം നടത്തുന്നു. തുടർച്ചയായി മൂന്ന് വർഷം ധനസഹായം നൽകി ജൈവകൃഷി നടപ്പിലാക്കുന്നു. ക്ലസ്റ്റർ ഒന്നിന് 14.95 ലക്ഷം രൂപ വീതം ധനസഹായം നൽകും. 624 ക്ലസ്റ്ററുകൾ രൂപീകരിച്ചു. 12480 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപിപ്പിച്ചു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ ഓരോ കർഷകനും പി.ജി.എസ് സർട്ടിഫിക്കേഷൻ നൽകുന്നു. പരമ്പരാഗത കൃഷി വികാസ് യോജന (പി.കെ.വി.വൈ) പദ്ധതിയിൽ പുതിയ 5 ക്ലസ്റ്ററുകൾ സ്ഥാപിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനുപുറമെ കേന്ദ്ര, സംസ്ഥാനാവിഷ്കൃത പദ്ധതിയായ സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം) നടപ്പിലാക്കിവരുന്നു. പൂർണ്ണമായും സ്വാഭാവിക കൃഷി പ്രോത്സാഹിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടെ 60:40 അനുപാതത്തിൽ കേന്ദ്ര, സംസ്ഥാന ഫണ്ടുകളുപയോഗിച്ച് സ്വാഭാവിക കൃഷി വ്യാപിപ്പിക്കുക എന്നതാണ് ടി പദ്ധതിയുടെ ഉദ്ദേശ്യം. കേരളത്തിൽ ഒരു ക്ലസ്റ്ററിന് 500 ഹെക്ടർ വീതം ആകെ 168

ക്ലസ്റ്ററുകളാണ് (84000 ഹെക്ടർ) ടി പദ്ധതിയിലൂടെ നടപ്പിലാക്കുന്നത്. ഒരു ക്ലസ്റ്ററിന് 26.52 ലക്ഷം രൂപ വകയിരുത്തുക വഴി 4455.36 ലക്ഷം രൂപ ഒന്നാം വർഷം ചെലവഴിക്കും.

(ബി) പൂർണ്ണമായും ജൈവകൃഷി ചെയ്യുന്ന കർഷകർക്ക് നഷ്ടം നേരിടുന്നപക്ഷം ആയത് ലഘൂകരിക്കുന്നതിന് സർക്കാർ നൽകുന്ന ആനുകൂല്യങ്ങൾ വിശദമാക്കുമോ?

ജൈവകൃഷി ചെയ്യുന്ന കർഷകർക്ക് നഷ്ടം സംഭവിക്കാതെ ഇരിക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ 60:40 ഫണ്ടുകളുടെ അനുപാതത്തിൽ കേരളത്തിൽ പരമ്പരാഗത കൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)-യും നടപ്പിലാക്കുന്നു. സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)-യിൽ ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. ഇതിനായി ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 26.52 ലക്ഷം രൂപയും രണ്ടാം വർഷം 17.85 ലക്ഷം രൂപയും മൂന്നാം വർഷം 17.85 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 62.22 ലക്ഷം രൂപ ടി പദ്ധതിയിലെ ഒരു ക്ലസ്റ്ററിന് ലഭിക്കുന്നു. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി വഴി 50 ഏക്കർ വീതമുള്ള 624 ക്ലസ്റ്ററുകൾ രൂപീകരിച്ച് 12380 ഹെക്ടർ സ്ഥലത്ത് ജൈവകൃഷി വ്യാപനം നടത്തുന്നു. ഒരു ക്ലസ്റ്ററിന് ഒന്നാം വർഷം 7.06740 ലക്ഷം രൂപയും രണ്ടാം വർഷം 4.98670 ലക്ഷം രൂപയും മൂന്നാം വർഷം 2.89590 ലക്ഷം രൂപ വീതം ധനസഹായമായി നൽകുന്നു. അങ്ങനെ ആകെ 14.95 ലക്ഷം രൂപ ടി പദ്ധതിയിലെ ഒരു ക്ലസ്റ്ററിന് ലഭിക്കുന്നു. ഇത്തരം കൃഷിയിലൂടെ ഉൽപ്പാദനത്തിന് ഗണ്യമായ കുറവുള്ളതായി പഠനങ്ങളിൽ കണ്ടെത്തിയിട്ടില്ല. കൂടാതെ ഇത്തരം പി.ജി.എസ് സർട്ടിഫൈഡ് ഉൽപ്പന്നങ്ങൾക്ക് പ്രീമിയം വിലയും ഉറപ്പാക്കുന്നു. കൂടാതെ ടി പദ്ധതിയിൽ അംഗമാകുന്ന കർഷകർക്ക് അവരുടെ ഉല്പന്നങ്ങൾക്ക് ന്യായവില ലഭ്യമാക്കുന്നതിനായി pgsindia-ncof.gov.in എന്ന വെബ് പോർട്ടലിൽ കർഷകരെ രജിസ്റ്റർ ചെയ്ത് കർഷകർക്ക് ആദ്യ ഘട്ടത്തിൽത്തന്നെ പിജിഎസ് ഇന്ത്യ ഗ്രീൻ സർട്ടിഫിക്കറ്റും (ജൈവ കൃഷി ആരംഭിച്ച കർഷകർ എന്ന് ഈ സർട്ടിഫിക്കറ്റ് സൂചിപ്പിക്കുന്നു) പദ്ധതിയുടെ മാനദണ്ഡങ്ങൾ പാലിച്ച് കൃഷി ചെയ്യുന്ന കർഷകർക്ക് മൂന്ന് വർഷം കഴിഞ്ഞ് പിജിഎസ് ഇന്ത്യ ഓർഗാനിക് എന്നീ സർട്ടിഫിക്കറ്റുകൾ നൽകുന്നു. പി.ജി.എസ് സർട്ടിഫിക്കറ്റ് നൽകുന്നത് കർഷകരുടെ കൃഷിയിടത്തിനാണ്. ആയതിനാൽ ആ ഭൂമിയിലുള്ള എല്ലാ കാർഷിക വിളകളും ജൈവ ഉല്പന്നമായി ഗുണനിലവാരം

ഉറപ്പാക്കി ഉയർന്ന വിലയ്ക്ക് വില്പന നടത്താൻ സാധിക്കും. ഇതൊരു ഗ്രൂപ്പ് രജിസ്ട്രേഷൻ ആണെങ്കിലും ഓരോ കർഷകർക്കും വെവ്വേറെ സർട്ടിഫിക്കറ്റ് ലഭിക്കുന്നു. കൂടാതെ വിശ്വസ്തത ഉറപ്പാക്കി വിപണിമൂല്യം വർദ്ധിപ്പിച്ചും ടി സർട്ടിഫിക്കറ്റ് ഉപയോഗിച്ച് കർഷകർക്ക് ഇന്ത്യ മുഴുവൻ ജൈവ അംഗീകാരത്തോടെ ജൈവ ഉല്പന്നങ്ങൾ വിൽക്കുവാനുള്ള അംഗീകാരം ലഭിക്കുകയും പി.ജി.എസ്. ഇന്ത്യ ഗ്രീൻ, പി.ജി.എസ്. ഇന്ത്യ ഓർഗാനിക് സർട്ടിഫിക്കറ്റ് ലഭിച്ച കർഷകർക്ക് സർക്കാർ ഒരുക്കിയ ജൈവ ഓൺലൈൻ വിപണിയിൽ (www.jaivikheti.in) ഉല്പന്നങ്ങൾ വിൽക്കുവാൻ സാധിക്കും.

(സി) ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി മാലിന്യത്തിൽനിന്നും ഉല്പാദിപ്പിക്കുന്ന ജൈവ വളം കുറഞ്ഞ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

ജൈവ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതിയിൽ അംഗമാകുന്ന ക്ലസ്റ്ററിലെ കൃഷിയിട മാലിന്യത്തിൽനിന്നും കർഷകർക്ക് ജൈവ വളം ഉല്പാദിപ്പിക്കുന്നതിനായി ഒരു മണ്ണിര കമ്പോസ്റ്റ് യൂണിറ്റിന് 5,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. കൂടാതെ സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ) വഴി ക്ലസ്റ്ററിൽ അംഗമാകുന്ന കർഷകരുടെ കൂട്ടായ്മയായ ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകൾ രൂപീകരിച്ച് ടി ക്ലസ്റ്ററിലെ അംഗങ്ങൾക്ക് സൗജന്യമായും ആ പഞ്ചായത്തിനാവശ്യമായി വരുന്ന ജൈവ ഉത്പാദനോപാധികൾ ഉത്പാദിപ്പിച്ച് പ്രാദേശികമായി വിതരണം ചെയ്യുന്നതിനുള്ള നടപടികൾ ബ്ലോക്ക് തലത്തിൽ സ്വീകരിച്ചുവരുന്നു. ഇതിനായി 1680 ഫാർമർ ഇൻട്രസ്റ്റ് ഗ്രൂപ്പുകളുടെ പ്രവർത്തനങ്ങൾ പ്രാരംഭ ഘട്ടത്തിലാണ്.

**വിഷരഹിത പഴവർഗ്ഗങ്ങളും പച്ചക്കറികളും**

29(2748) ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. പ്രമോദ് നാരായൺ:
ഡോ. എൻ. ജയരാജ്:
ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് വെളിപ്പെടുത്തുമോ?

സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിനായി ലക്ഷ്യമിട്ട് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് ആവിഷ്കരിച്ച നടപ്പിലാക്കുന്ന ബൃഹത് പദ്ധതിയാണ് സമഗ്ര പച്ചക്കറി വികസന പദ്ധതി. അന്യസംസ്ഥാനങ്ങളിൽനിന്നും വരുന്ന വിഷലിപ്തമായ പച്ചക്കറികൾ ഒഴിവാക്കി ജൈവ പച്ചക്കറികൾ ഓരോ വീട്ടിലും ഉല്പാദിപ്പിക്കുവാൻ വേണ്ട ബോധവൽക്കരണവും ഉല്പാദന ഉപാധികളുടെ ലഭ്യതയും ഉറപ്പാക്കാൻ സർക്കാർ സമഗ്ര പച്ചക്കറി വികസന പദ്ധതി നടപ്പിലാക്കി വരുന്നു. ഈ പദ്ധതി വിജയകരമായി നടപ്പിലാക്കിയതിലൂടെ സംസ്ഥാനത്തെ പച്ചക്കറി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് സാധിച്ചിട്ടുണ്ട്. പദ്ധതിയിലൂടെ കർഷകർക്ക് വിത്തുമുതൽ വിപണി വരെയുള്ള എല്ലാവിധ സഹായങ്ങളും നൽകിവരുന്നു. ഇതിലേയ്ക്കായി 2021-22 സാമ്പത്തിക വർഷം ബഡ്ജറ്റിൽ 7445 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതുവഴി ഈ സാമ്പത്തിക വർഷം 1.22 ഹെക്ടർ സ്ഥലത്ത് പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നതിനും 18.3 ലക്ഷം മെട്രിക് ടൺ പച്ചക്കറി ഉല്പാദിപ്പിക്കുന്നതിനും ലക്ഷ്യമിട്ടുകൊണ്ട് പദ്ധതി പ്രവർത്തനം നടപ്പിലാക്കിവരുന്നു. സംസ്ഥാനത്ത് വിഷരഹിതമായ പച്ചക്കറി ലഭ്യമാക്കുന്നതിനായി കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും സംയുക്ത സഹായത്തോടെ (ഫണ്ടുകളുടെ 60:40 അനുപാതത്തിൽ) കേരളത്തിൽ പരമ്പരാഗതകൃഷി വികാസ് യോജനയും സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കേരള അഗ്രോ ഇക്കോളജി ബേസ്ഡ് ബയോഡൈവേഴ്സിറ്റി കൺസർവേഷൻ)-യും നടപ്പിലാക്കുന്നു. ഈ പദ്ധതിയിൽ ബ്ലോക്ക് തലത്തിൽ ഒരു ക്ലസ്റ്ററിന് ചുരുങ്ങിയത് 500 ഹെക്ടർ വീതം ആകെ 168 ക്ലസ്റ്ററുകൾ വഴിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്. അങ്ങനെ 84000 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കുന്നു. കൂടാതെ സംസ്ഥാന സർക്കാർ പദ്ധതിയിൽ 2021-22 സാമ്പത്തിക വർഷത്തിൽ ഒരു ഹെക്ടറിന് 10,000 രൂപ നിരക്കിൽ ജൈവ പച്ചക്കറി കൃഷി ചെയ്യുന്ന കർഷകർക്ക് അധിക ധനസഹായമായി 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പരമ്പരാഗത കൃഷി വികാസ് യോജന പദ്ധതി വഴി 50 ഏക്കർ വീതമുള്ള 624 ക്ലസ്റ്ററുകൾ രൂപീകരിച്ച് 12480 ഹെക്ടർ സ്ഥലത്ത് ജൈവ കൃഷി നടപ്പിലാക്കുന്നു. കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും മേൽ പറഞ്ഞ രണ്ട് പദ്ധതിയിലുമായി ആകെ 96480 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി വ്യാപിപ്പിക്കുന്നു. ടി കർഷകരുടെ ഉല്പന്നങ്ങൾ ഇക്കോഷോപ്പുകൾ, ആഴ്ച ചന്തകൾ, ഹോർട്ടികോർപ്പ് എന്നിവ വഴി വിൽപ്പന നടത്തുന്നു.

(ബി) ഈ വർഷത്തെ ഓണം ഉത്സവനാളുകളിൽ നല്ല ഗുണമേന്മയുള്ളതും വിഷരഹിതവുമായ പച്ചക്കറി ലഭ്യമാക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

ഓണക്കാലത്ത് വിഷരഹിതമായ പച്ചക്കറികൾ നമ്മുടെ സ്വന്തം വീട്ടുവളപ്പിൽ നിന്നുതന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പിന്റെ സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി, 2021-22 വർഷത്തിൽ നടപ്പിലാക്കിവരുന്ന ബൃഹത് പദ്ധതിയാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി'. പച്ചക്കറി ഉല്പാദനത്തിൽ സമൂഹത്തിലെ എല്ലാ വിഭാഗം ജനങ്ങളെയും പങ്കാളികളാക്കുക എന്ന ഉദ്ദേശത്തോടെ സംസ്ഥാനത്തെ എല്ലാ കുടുംബങ്ങളെയും ഉൾപ്പെടുത്തിക്കൊണ്ടാണ് 'ഓണത്തിന് ഒരു മുറം പച്ചക്കറി' പദ്ധതി നടപ്പിലാക്കിവരുന്നത്. പദ്ധതി പ്രകാരം 50 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകൾ, 150 ലക്ഷം പച്ചക്കറി തൈകൾ എന്നിവ കർഷകർ, വിദ്യാർത്ഥികൾ, സഹകരണ സ്ഥാപനങ്ങൾ, കുടുംബശ്രീ അംഗങ്ങൾ, ഉദ്യോഗസ്ഥർ, സന്നദ്ധ സംഘടനകൾ, റെസിഡൻസ് അസോസിയേഷനുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ എന്നിവർക്ക് സൗജന്യമായി വിതരണം ചെയ്യുകയും ടിയാളുകളുടെ പങ്കാളിത്തത്തോടുകൂടി പദ്ധതി നടപ്പിലാക്കിവരികയും ചെയ്യുന്നു. ഓണത്തിന് ഒരു മുറം പച്ചക്കറി പദ്ധതിയിൽ പച്ചക്കറി കൃഷിക്ക് ജൈവകൃഷി രീതികൾക്ക് പ്രാധാന്യം നല്കുന്നതിലൂടെ ഓണക്കാലത്ത് സുരക്ഷിത പച്ചക്കറി ലഭ്യമാക്കുകയും അന്യസംസ്ഥാനങ്ങളിൽനിന്നുള്ള പച്ചക്കറികളുടെ ഇറക്കുമതിയുടെ തോത് കുറയ്ക്കുന്നതിനും സാധിക്കുന്നുണ്ട്. കൂടാതെ ഓണത്തിനോടനുബന്ധിച്ച് ബഹു. മുഖ്യമന്ത്രിയുടെ 100 ദിന പരിപാടിയുടെ ഭാഗമായി സുഭിക്ഷം സുരക്ഷിതം പദ്ധതി (ഭാരതീയ പ്രകൃതി കൃഷി പദ്ധതി) (കാർഷിക പരിസ്ഥിതി അധിഷ്ഠിത വിള സംരക്ഷണം)-യിൽ ഉൾപ്പെടുത്തി 25000 ഹെക്ടർ സ്ഥലത്ത് ജൈവ പച്ചക്കറി കൃഷി നടപ്പിലാക്കി വരുന്നു. കൂടാതെ ഈ വർഷത്തെ ഓണം ഉത്സവനാളുകളിൽ നല്ല ഗുണമേന്മയുള്ളതും വിഷരഹിതവുമായ പച്ചക്കറി ലഭ്യമാക്കുന്നതിനായി കൃഷിവകുപ്പ്, ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. എന്നിവരുടെ ആഭിമുഖ്യത്തിൽ 2000 ഓണ വിപണികൾ സംഘടിപ്പിക്കുന്നു. ഈ വിപണികൾ വഴി കർഷകർ ഉല്പാദിപ്പിക്കുന്ന സുരക്ഷിതമായ പച്ചക്കറികൾ സംഭരിച്ച് വിതരണം നടത്തുവാൻ സാധിക്കും.

(സി) പച്ചക്കറികളിലെയും പഴവർഗ്ഗങ്ങളിലെയും വിഷാംശം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനം ഉണ്ടോ; ഉണ്ടെങ്കിൽ എവിടെയെല്ലാമെന്ന് വ്യക്തമാക്കുമോ?

പച്ചക്കറികളിലെയും പഴവർഗ്ഗങ്ങളിലെയും വിഷാംശം പരിശോധിക്കാൻ സംസ്ഥാനത്ത് സംവിധാനമുണ്ട്. വിപണികളിൽ ലഭ്യമാകുന്ന പഴം, പച്ചക്കറികൾ സുരക്ഷിത ഭക്ഷണമാണെന്ന് ഉറപ്പുവരുത്തുന്നതിന്റെ ഭാഗമായി വെള്ളായണി കാർഷിക കോളേജ് (തിരുവനന്തപുരം), ഹോർട്ടികൾച്ചർ കോളേജ് വെള്ളാനിക്കര (തൃശ്ശൂർ), ആർ.എ.ആർ.എസ് മങ്കൊമ്പ് (ആലപ്പുഴ), പടന്നക്കാട് കാർഷിക കോളേജ് (കാസർഗോഡ്) എന്നീ കേന്ദ്രങ്ങളിൽ പ്രവർത്തിക്കുന്ന "കീടനാശിനി

അവശിഷ്ട വിഷാംശ പരിശോധന" ലാബുകളിലെ ഉദ്യോഗസ്ഥർ കർഷകരുടെ കൃഷിയിടങ്ങൾ, ഇക്കോഷോപ്പുകൾ, മാർക്കറ്റുകൾ എന്നിവിടങ്ങളിൽ നിന്നും പഴം, പച്ചക്കറി സാമ്പിളുകൾ ശേഖരിച്ച് കീടനാശിനി അവശിഷ്ട വിഷാംശം ടി ലാബിൽ പരിശോധിച്ച് പരിശോധന ഫലം കേരള സർക്കാരിന്റെ ഔദ്യോഗിക വെബ് പോർട്ടൽ www.kerala.gov.in-ലും കേരള കാർഷിക സർവ്വകലാശാലയുടെയും കൃഷി വകുപ്പിന്റെയും വെബ്സൈറ്റുകളിലും പ്രസിദ്ധീകരിക്കുന്നു. മൂന്ന് മാസത്തിലൊരിക്കൽ ഇപ്രകാരം ഫലം പ്രസിദ്ധീകരിക്കുന്നുണ്ട്.

## തൃശ്ശൂർ-പൊന്നാനി മേഖലയിലെ നെല്ലുല്പാദനം

30(2749) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃശ്ശൂർ - പൊന്നാനി മേഖലയിലെ നെല്ലുല്പാദനം വർദ്ധിപ്പിക്കുന്നതിന് അടിസ്ഥാന വികസന പദ്ധതി പ്രകാരം അനുവദിച്ച സബ്ബ് മേഴ്സിബിൾ ഏക്സിയൽ ഫ്ലോ പമ്പുകൾ സജ്ജമാക്കുന്നതിനും പവർ കണക്ഷൻ ലഭ്യമാക്കുന്നതിനും നടപടി സ്വീകരിക്കാമോ?

സ്വീകരിച്ചിട്ടുണ്ട്.

(ബി) പോന്നോർപാടം, വടക്കേ പോന്നോർതാഴം, മുണ്ടൂർ, പേരാമംഗലം എന്നീ പടവുകൾക്ക് ഉപയോഗപ്രദമായ രീതിയിൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.), കനാലിൽ ഊരകം - പതിയാർകുളങ്ങര താഴത്ത് ഭാഗത്ത് തടയണ കെട്ടുന്നതിന് നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

(സി) പടവ് പ്രവർത്തനങ്ങൾക്കാവശ്യമായ ഉപകരണങ്ങൾ, വിത്ത്, കുമ്മായം, വളം എന്നിവ സംഭരിക്കുന്നതിനും വിതരണം ചെയ്യുന്നതിനുമായി പടവുകളിൽ ഗോഡൗൺ സൗകര്യം ഏർപ്പെടുത്തുമോ?

പൊന്നാനി മേഖലയിൽ നിലവിലുള്ള മൂന്ന് ഗോഡൗണുകളുണ്ട്. ഇവ വിത്തു സംഭരണത്തിനായി കർഷകർ ഉപയോഗിക്കുന്നുണ്ട്.

(ഡി) കോൾ പടവുകളിലെ സ്ഥലങ്ങളിലേയ്ക്ക് വളം, കാർഷിക ഉപകരണങ്ങൾ തുടങ്ങിയവ സുഗമമായി എത്തിക്കുന്നതിനും നെല്ല് കയറ്റിപ്പോകുന്നതിനുമാവശ്യമായ ഫാം റോഡുകൾ നിർമ്മിക്കുവാനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനും ബണ്ടുകളിൽ മണ്ണിട്ട് നിരപ്പാക്കി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

കോൾ പാടങ്ങളിലെ ഫാം റോഡുകൾ നിർമ്മിക്കുന്നതിന് വിവിധ പാടശേഖരങ്ങളുടെ അപേക്ഷ പ്രകാരം പ്രവൃത്തികൾ ആർ.കെ.ഐ പദ്ധതിയിൽ വിഭാവനം ചെയ്തിട്ടുണ്ട്. തൃശ്ശൂർ-പൊന്നാനി കോൾനിലങ്ങളുടെ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പദ്ധതി പ്രകാരം കോൾ ചാലുകൾ ആഴവും വീതിയും കൂട്ടുമ്പോൾ ലഭിക്കുന്ന മണ്ണുപയോഗിച്ച് ബണ്ടുകൾ മണ്ണിട്ടു നിരപ്പാക്കുന്നതിനും ബലപ്പെടുത്തുന്നതിനും അറ്റകുറ്റപ്പണികൾ നടത്തുന്നതിനുമുള്ള പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നുണ്ട്.

## നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള സഹായങ്ങൾ

31(2750) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കർഷകർക്ക് എന്തൊക്കെ സഹായങ്ങളാണ് സർക്കാർ അനുവദിക്കുന്നതെന്ന് വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപ്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.84 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കരനെൽകൃഷി ചെയ്യുന്നതിന് ഹെക്ടറിന് 13600 രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് ഹെക്ടറിന് 10,000 രൂപയും പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ കരനെൽകൃഷിക്ക് 55 ലക്ഷം രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായി 50 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തരിശ് നെൽകൃഷിക്കായി സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി വർഷം ഹെക്ടറൊന്നിന് ആകെ 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും) സഹായധനമായി നൽകുന്നു.

ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ ഘടക പദ്ധതിയായ തരിശ് നെൽകൃഷിക്കുവേണ്ടി 300 ലക്ഷം രൂപ നീക്കിവെച്ചിട്ടുണ്ട്. പാടശേഖര സമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ സഹായധനം നൽകുന്നതിന് 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിൽ 68.16266 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാടശേഖര സമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപയും പ്രകൃതിക്ഷോഭമുണ്ടാകുന്ന അവസരങ്ങളിൽ അത്യാവശ്യമായി നെൽകൃഷി സംരക്ഷിക്കുന്നതിന് നടപ്പിലാക്കേണ്ട അടിയന്തര പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും നെൽകൃഷി വികസന പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കി വരുന്നു. അപ്രകാരം 10000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം സംഭരിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5400 രൂപയും നൽകുന്നു. ഇതിനായി 3050 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ 1500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000 രൂപ നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം

നൽകുന്നത്. 2021-22 വർഷത്തിൽ 88.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽവിത്തിനും കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലകവളങ്ങളുടെയും ഉപയോഗത്തിനും സംയോജിത കീട നിയന്ത്രണത്തിനും കാർഷിക യന്ത്രവൽക്കരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4,500 രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യവർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കൽ, സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്. പ്രകൃതി ക്ഷോഭംമൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽനിന്നും ഹെക്ടറിന് 13,500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35000 രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപ്പാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് സർക്കാർ സംഭരിക്കുന്നത്.

(ബി) കോഴിക്കോട് ജില്ലയിൽ തരിശ് പാടങ്ങളിൽ ഏറ്റവും കൂടുതൽ നെൽകൃഷി നടത്തിയത് പേരാമ്പ്ര മണ്ഡലത്തിലെ ആവളപാണ്ടി, കരുവോട്-കണ്ടംചിറ, വെളിയന്നൂർചെല്ലി എന്നിവിടങ്ങളിലാണെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) അടിസ്ഥാന സൗകര്യങ്ങൾ ഇല്ലാത്തതിന്റെ പേരിൽ ഈ പാടശേഖ രങ്ങളിൽ തുടർകൃഷിക്ക് കർഷകർ പ്രയാസം നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ കർഷകരെ സഹായിക്കുന്നതിന് വേണ്ടി എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. ജനകീയാസൂത്രണ പദ്ധതിയിൽ ജില്ലാ പഞ്ചായത്ത് പള്ളിനട തവ്വാക്കുറ്റി തോട് നവീകരണത്തിന് പദ്ധതിവച്ചിട്ടുണ്ട്. വെളിയണ്ണൂർ ചല്ലിയുടെ നവീകരണത്തിനും ആയത് കൃഷിയോഗ്യമാക്കുന്നതിനുമായി കൃഷി വകുപ്പ് മൈനർ ഇറിഗേഷൻ വകുപ്പുമായി ചേർന്ന് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. മേപ്പയൂർ പഞ്ചായത്തിലെ കരുവോട് കണ്ടം ചിറയിൽ ഹിറ്റാച്ചി ഉപയോഗിച്ച് ചെളിയും പുല്ലും നീക്കി ഏകദേശം 180 ഏക്കർ

സ്ഥലം കൃഷിയോഗ്യമാക്കുന്നതിനും കീഴ്പ്പയൂർ പാടശേഖരത്തിൽ 600 മീറ്റർ നീളത്തിൽ ചെളിയെടുത്ത് ബണ്ട് നിർമ്മിക്കുന്നതിനും ജില്ലാ പഞ്ചായത്ത് മുഖേന കെ.എൽ.ഡി.സി.-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. കരുവോട് കണ്ടംചിറ നവീകരണത്തിനും കൃഷിയോഗ്യമാക്കുന്നതിനുംവേണ്ടി മൈനർ ഇറിഗേഷൻ വകുപ്പ് മുഖാന്തരം 1,22,58,576 രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്.

**കാർഷിക മേഖലയിലെ പരാതികൾ**

32(2751) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെല്ല് സംഭരണത്തിൽ നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ മുൻ സർക്കാർ പ്രഖ്യാപിച്ച റൈസ് പാർക്കുകൾ ആരംഭിക്കാൻ സാധിച്ചിട്ടുണ്ടോ?

വ്യവസായ വകുപ്പിന്റെ അധീനതയിൽ റൈസ് ടെക്നോളജി പാർക്കുകൾ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ട് ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) വിപണിയിലെ വിലയ്ക്കനുസൃതമായി കർഷകർക്ക് വില ലഭിക്കാൻ ആവശ്യമായ പരിഷ്കരണങ്ങൾ കാർഷിക വിപണി സംവിധാനത്തിൽ ഏർപ്പെടുത്താൻ പദ്ധതിയുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം-പച്ചക്കറികൾക്കാണ് അടിസ്ഥാനവില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാനവില സംബന്ധിച്ച വിവരം അനുബന്ധം-1 ആയി ചേർക്കുന്നു*. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ, ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾ വഴി സംഭരിക്കുകയും ചെയ്യുന്നു. ഇങ്ങനെ സംഭരിക്കുമ്പോൾ,

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങുവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. 550 വിപണികളിൽ 300 വിപണികൾ കൃഷി വകുപ്പിന്റേതും 250 വിപണികൾ PACS-ന്റേതുമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകളുടെ വിവരങ്ങൾ അനുബന്ധം - 2 ആയി ചേർക്കുന്നു*.

(സി) സുസ്ഥിര കൃഷി വികസനത്തിനുവേണ്ട ഗുണമേന്മയുള്ള നടീൽ വസ്തുക്കൾ, വളം, ജലസേചന സൗകര്യം തുടങ്ങിയ പശ്ചാത്തല സൗകര്യങ്ങൾ പര്യാപ്തമായ തോതിൽ വർദ്ധിപ്പിക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വിശദമാക്കുമോ?

ഗുണമേന്മയുള്ള കുരുമുളക് തൈകൾ ഉല്പാദിപ്പിക്കുന്നതിനായി വയനാട് ജില്ലയുടെ കാർഷിക മേഖലയുടെ പുനരുദ്ധാരണം എന്ന പദ്ധതിയിൽ 50,000 തൈകൾ വീതം ഉല്പാദിപ്പിക്കുന്ന കുരുമുളകിന്റെ 4 വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് 1.2 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. കൂടാതെ സുഗന്ധവിള വികസനം എന്ന പദ്ധതി പ്രകാരം 50,000 തൈകൾ വീതം ഉല്പാദിപ്പിക്കുന്ന കുരുമുളകിന്റെ 20 വികേന്ദ്രീകൃത നഴ്സറികൾ സ്ഥാപിക്കുന്നതിന് നഴ്സറി ഒന്നിന് 30,000 രൂപ നിരക്കിൽ, ധനസഹായം നൽകുന്നതിന് 6 ലക്ഷം രൂപ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. കർഷകർക്ക് ഗുണമേന്മയുള്ള നെൽവിത്ത് ലഭ്യമാക്കുന്നതിനായി കൃഷി വകുപ്പ് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി (RSGP പദ്ധതി). 2021-22 വർഷത്തിൽ ഇതിനായി 125 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കേരള കാർഷിക സർവകലാശാലയിൽനിന്നും ലഭ്യമാക്കുന്ന ബ്രീഡർ നെൽ വിത്ത് കൃഷി വകുപ്പിലെ 33 സംസ്ഥാന വിത്ത് ഉല്പാദന ഫാമുകൾക്ക് നൽകി ഫൗണ്ടേഷൻ സീഡ് ഉത്പാദിപ്പിക്കുന്നു. ഇപ്രകാരം ഉല്പാദിപ്പിക്കുന്ന ഫൗണ്ടേഷൻ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി (KSSDA) മുഖേന നടപ്പിലാക്കുന്ന രജിസ്റ്റേർഡ് വിത്തുല്പാദന പദ്ധതി പ്രകാരം രജിസ്റ്റർ ചെയ്ത നെൽകർഷകർക്ക് നൽകുന്നു. പ്രസ്തുത വിത്തുപയോഗിച്ച് കർഷകർ സർട്ടിഫൈഡ് നെൽവിത്ത് ഉല്പാദിപ്പിച്ച് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റിക്ക് തിരികെ നൽകുകയാണ് പദ്ധതി പ്രകാരം ചെയ്യുന്നത്. പദ്ധതി പ്രകാരം വിത്തുല്പാദനത്തിലെ വിവിധഘട്ടങ്ങളിൽ ശാസ്ത്രീയമായ കൃഷിരീതികൾ (കള മാറ്റൽ, മറ്റിനം നെൽച്ചെടികൾ നശിപ്പിക്കൽ/ കീടരോഗ നിയന്ത്രണം) എന്നിവ സീഡ് ഇൻസ്പെക്ടർ, കൃഷി ഓഫീസർ എന്നിവരുടെ കർശന നിരീക്ഷണത്തിലും മേൽനോട്ടത്തിലുമാണ് നടത്തുന്നത്. നിലവിൽ ബ്ലോക്കുതല കൃഷി അസിസ്റ്റന്റ് ഡയറക്ടർമാരാണ് സീഡ് ഇൻസ്പെക്ടർമാരായി പ്രവർത്തിച്ചുവരുന്നത്. കർഷകർ ഉല്പാദിപ്പിക്കുന്ന വിത്ത് നെല്ലിന്റെ 3 പ്രധാനപ്പെട്ട വളർച്ചാഘട്ടങ്ങളിൽ ബ്ലോക്കുതലത്തിലെ സീഡ് ഇൻസ്പെക്ടർമാരായ കൃഷി അസിസ്റ്റന്റ് ഡയറക്ടർമാർ സ്ഥല പരിശോധനയിലൂടെ ഗുണനിലവാരം ഉറപ്പുവരുത്തുകയും കൊയ്ത്തു കഴിഞ്ഞ് വിത്ത് സാമ്പിളെടുത്തു വിത്ത്

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പരിശോധനാ ലാബിൽ അയയ്ക്കുകയും ചെയ്യുന്നു. തുടർന്ന് ഈ പരിശോധനാഫലങ്ങളുടെ അടിസ്ഥാനത്തിൽ സർട്ടിഫിക്കേഷൻ ഏജൻസി ആയുള്ള കൃഷി ഡയറക്ടറേറ്റിലെ കൃഷി അഡീഷണൽ ഡയറക്ടർ (സി.പി.) സീഡ് സർട്ടിഫിക്കറ്റ് നൽകുന്നു. ഇപ്രകാരം സർട്ടിഫൈ ചെയ്ത നെൽ വിത്ത് കർഷകരിൽനിന്നും സംഭരിച്ച് ആവശ്യാനുസരണം കൃഷി ഭവൻ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നു. 2021-22 വർഷം കൃഷി വകുപ്പ് ഫാമുകളിൽ വിവിധ പദ്ധതികളിലൂടെ കേരളത്തിന്റെ വിവിധ വിളകളുടെ ഗുണമേന്മയുള്ള നടീൽവസ്തുക്കൾ ഉത്പാദിപ്പിക്കുന്നു. നടീൽവസ്തുക്കളുടെ ഉത്പാദനവും വിതരണവും എന്ന പദ്ധതിയിൽ 2021-22 വർഷം വിവിധ ഘടകങ്ങൾ നടപ്പിലാക്കുന്നു. നെൽവിത്തുത്പാദനത്തിനായി 200 ലക്ഷം രൂപയും ഫാമുകളിലെ ഹൈടെക് യൂണിറ്റുകളിലൂടെ വിത്തുത്പാദനത്തിനായി 20 ലക്ഷം രൂപയും മാതൃ സസ്യത്തോട്ടങ്ങളുടെ സ്ഥാപിക്കലും പരിപാലനത്തിനുമായി 80 ലക്ഷം രൂപയും ഫാമുകളിൽ സംയോജിത കൃഷി യൂണിറ്റുകൾ നടപ്പിലാക്കുന്നതിനായി 30 ലക്ഷം രൂപയും ടിഷ്യൂക്കൾച്ചർ ലാബുകളിലൂടെ ടിഷ്യൂ വാഴത്തൈകൾ ഉത്പാദിപ്പിക്കുന്നതിന് 15 ലക്ഷം രൂപയും തെങ്ങ്, കിഴങ്ങുവർഗ്ഗങ്ങൾ, കുരുമുളക് തൈകൾ, പച്ചക്കറി, ഔഷധവിളകൾ, സുഗന്ധവിളകൾ, അലങ്കാര സസ്യങ്ങൾ എന്നിവയുടെ നടീൽ വസ്തുക്കൾ ഉത്പാദിപ്പിക്കുന്നതിനായി 650 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഫലവർഗ്ഗ വികസന പദ്ധതി പ്രകാരം ഫാമുകളിൽ 70 ലക്ഷം ഫലവർഗ്ഗ തൈകൾ (ഗ്രാഫ്റ്റുകൾ, ലേയറുകൾ) ഉത്പാദിപ്പിക്കുന്നു. റെയിൻഷെൽട്ടർ, പോളീഹൗസുകൾ തുടങ്ങിയവയുടെ നിർമ്മാണത്തിനായി 180 ലക്ഷം രൂപയും ജലസേചന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി 120 ലക്ഷം രൂപയും ഉത്പാദനചെലവിനത്തിൽ 100 ലക്ഷം രൂപയും പ്രോജനിതോട്ടങ്ങൾ സ്ഥാപിക്കുന്നതിനായി 83 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നാളികേര വികസന പദ്ധതിപ്രകാരം വിത്തുതേങ്ങയുടെ വിലയിനത്തിൽ 1135 ലക്ഷം രൂപയും ട്രാൻസ്പോർട്ടേഷൻ ചാർജ്ജിനത്തിൽ 60 ലക്ഷം രൂപയും പ്രവർത്തന ചെലവുകൾക്കായി 75 ലക്ഷം രൂപയും നഴ്സറി ചെലവുകൾക്കായി 59.1 ലക്ഷം രൂപയും മറ്റു ചെലവുകൾക്കായി 30 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. ഫാമുകളിലെ അടിസ്ഥാനസൗകര്യ വികസനവും സ്പെഷ്യൽ ഫാമുകളുടെ യന്ത്രവത്ക്കരണവും എന്ന പദ്ധതിക്കായി 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഇതിലൂടെ ഫാമുകളുടെ വികസനത്തിനും കാർഷിക പ്രവർത്തനങ്ങളുടെ കാര്യക്ഷമത ഉയർത്തുന്നതിനും അതുവഴി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനും സാധിക്കും. കഴിഞ്ഞ സാമ്പത്തിക വർഷം 600 ടൺ നെൽ വിത്ത്, 35 ലക്ഷം കുരുമുളക് തൈകൾ, 47 ലക്ഷം പച്ചക്കറി തൈകൾ, 45.25 ലക്ഷം ഫല വൃക്ഷ തൈകൾ, 8.3 ലക്ഷം തെങ്ങിൻ തൈകൾ, 40 ലക്ഷം കിഴങ്ങുവർഗ്ഗ നടീൽവസ്തുക്കൾ എന്നിവ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് നൽകിയിട്ടുണ്ട്. 2021-22-ൽ ഇതിൽ കൂടുതൽ ഉൽപ്പാദിപ്പിക്കുന്നതിനു ലക്ഷ്യമിടുന്നു.

### കുന്നത്തുനാട് മണ്ഡലത്തിൽ നെൽകൃഷി പ്രോത്സാഹന പദ്ധതി

33(2752) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്നത്തുനാട് മണ്ഡലത്തിൽ നെൽകൃഷി പ്രോത്സാഹന പദ്ധതിയിൽ ഉൾപ്പെടുത്തി എത്ര ഹെക്ടർ സ്ഥലത്ത് കൃഷി ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

കുന്നത്തുനാട് മണ്ഡലത്തിൽ നെൽകൃഷി വികസന പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ ഉൾപ്പെടുത്തി ആകെ 775.32 ഹെക്ടർ സ്ഥലത്ത് നെൽകൃഷി ചെയ്യുന്നുണ്ട്. ആയതു സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു*.

(ബി) മണ്ഡലത്തിലെ തരിശായി കിടക്കുന്ന നെൽവയലുകളിൽ കൃഷി ആരംഭിക്കുന്നതിന് വകുപ്പ് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദവിവരം അറിയിക്കുമോ?

കീഴ്മാട് ബ്ലോക്കിൽ തരിശു നിലം കൃഷിചെയ്യുന്നതിനായി ബ്ലോക്ക് പഞ്ചായത്തിന്റെ ആഭിമുഖ്യത്തിൽ 1.5 ഹെക്ടർ സ്ഥലത്ത് കൃഷി ചെയ്യുന്നതിനുള്ള പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

### നെല്ല് ഉല്പാദനം വർദ്ധിപ്പിക്കാൻ നടപടി

34(2753) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നെല്ല് ഉൽപ്പാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ട് ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപ്പാദന ശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം തുടങ്ങിയവയ്ക്കായി ഹെക്ടറൊന്നിന് 5,500 രൂപ നിരക്കിൽ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി കർഷകർക്ക് വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

വകയിരുത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. ഒരു ഹെക്ടർ കരനെൽക്കൃഷി ചെയ്യുന്നതിന് 13,600 രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 10,000 രൂപയും പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ കരനെൽ കൃഷിക്ക് 55 ലക്ഷം രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായി 50 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വർഷം 35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ സഹായധനമായി ഹെക്ടറൊന്നിനു 40,000 രൂപ നൽകുന്നു. നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ 'തരിശ് നെൽകൃഷി'-യിൽ ഉൾപ്പെടുത്തി 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാടശേഖരസമിതികളുടെ പ്രവർത്തനച്ചെലവിനായി ഹെക്ടറിന് 360 രൂപ സഹായധനം നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തനച്ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നുണ്ട്. ഇതിനായി 68.16266 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. പാടശേഖരസമിതികളുടെ അടിസ്ഥാനസൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപയും പ്രകൃതിക്ഷോഭമുണ്ടാകുന്ന അവസരങ്ങളിൽ അത്യാവശ്യമായി നെൽ കൃഷി സംരക്ഷിക്കുന്നതിന് നടപ്പിലാക്കേണ്ട അടിയന്തര പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും ഈ സാമ്പത്തിക വർഷം വകയിരുത്തിയിട്ടുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്തുത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിവരുന്നു. അപ്രകാരം 10000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം സംഭരിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5,400 രൂപയും നൽകുന്നു. ഇതിനായി 3,050 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിൽ 1,500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നോൺ പ്ലാൻ (പദ്ധതിയേതരം) പദ്ധതിയിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസ്സായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1,000 രൂപ നൽകുന്നു. ഇതിനായി 2021-2022 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1,324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി

44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷിക യന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. 2021-2022 വർഷത്തിൽ 88.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനും, കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മമൂലക വളങ്ങളുടെയും ഉപയോഗത്തിനും സംയോജിത കീട നിയന്ത്രണത്തിനും കാർഷിക യന്ത്രവൽക്കരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4,500 രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യ വർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കൽ, സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4,100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22,000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 13,500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35,000 രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേന സംഭരിക്കുകയും ചെയ്യുന്നു.

(ബി) ഒരു വർഷം എത്ര ലക്ഷം ടൺ അരിയാണ് സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നത്?

സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ കഴിഞ്ഞ 5 വർഷത്തെ അരിയുടെ ഉത്പാദനം സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-1 ആയി ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) സംസ്ഥാനത്തെ ഒരു വർഷത്തെ അരി ഉപഭോഗം എത്ര ലക്ഷം ടണ്ണാണെന്ന് അറിയിക്കുമോ?

നാഷണൽ സാമ്പിൾ സർവ്വേയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ കഴിഞ്ഞ 5 വർഷത്തെ അരിയുടെ ആവശ്യകത സംബന്ധിച്ച വിവരങ്ങൾ അനുബന്ധം-2 ആയി ചേർക്കുന്നു*.

**നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി**

35 (2754) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനാവശ്യമായ അരിയുടെ എത്ര ശതമാനമാണ് ആഭ്യന്തരമായി ഉൽപ്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കുമോ?

സാമ്പത്തിക സ്ഥിതി വിവരക്കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ, കഴിഞ്ഞ 5 വർഷത്തെ, അരിയുടെ ഉത്പാദനവും നാഷണൽ സാമ്പിൾ സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കേരളത്തിന്റെ കഴിഞ്ഞ 5 വർഷത്തെ അരിയുടെ ആവശ്യകതയും അരിയുടെ ആവശ്യകതയുടെ എത്ര ശതമാനം ആഭ്യന്തരമായി ഉത്പാദിപ്പിക്കപ്പെടുന്നു എന്നിവ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു.*

(ബി) നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഹെക്ടറിന് 5,500 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കരനെൽക്കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 13,600 രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് ഹെക്ടറിന് 10,000 രൂപയും പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ കരനെൽകൃഷിക്ക് 55 ലക്ഷം രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായി 50 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വർഷം ഹെക്ടറൊന്നിനു ആകെ 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും) സഹായധനമായി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ ഘടക പദ്ധതിയായ തരിശ് നെൽകൃഷിക്ക് വേണ്ടി 300 ലക്ഷം രൂപ നീക്കി വച്ചിട്ടുണ്ട്. പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ സഹായധനം നൽകുന്നതിന് 300 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്ട് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും തുക അനുവദിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിൽ 68.16266 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപയും പ്രകൃതിക്ഷോഭം ഉണ്ടാവുന്ന അവസരങ്ങളിൽ അത്യാവശ്യമായി നെൽകൃഷി സംരക്ഷിക്കുന്നതിന് നടപ്പിലാക്കേണ്ട അടിയന്തിര പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും നെൽകൃഷി വികസന പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിവരുന്നു. അപ്രകാരം 10,000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം സംഭരിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5,400 രൂപയും നൽകുന്നു. ഇതിനായി 3,050 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2,000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ 1,500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന്

1,000 രൂപ നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1,324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന, എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതി പ്രകാരം പ്രദർശനത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. 2021-22 വർഷത്തിൽ 88.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനും കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മ മൂലക വളങ്ങളുടെയും ഉപയോഗത്തിനും സംയോജിത കീട നിയന്ത്രണത്തിനും കാർഷിക യന്ത്രവൽക്കരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4,500 രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യവർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കൽ, സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 4,100 ലക്ഷം രൂപയുടെ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്രസർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22,000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്. പ്രകൃതിക്ഷോഭംമൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതി ക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും ഹെക്ടറിന് 13500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35,000 രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് സർക്കാർ സംഭരിക്കുന്നത്.

(സി) സാമ്പത്തിക പ്രതിസന്ധിയെത്തുടർന്ന് സുസ്ഥിര നെൽകൃഷി വികസന പദ്ധതിക്കുള്ള വിഹിതം വെട്ടിക്കുറിച്ചിട്ടുണ്ടോ?

ഇല്ല. സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം ഒരു ഹെക്ടറിന് നൽകുന്ന ധനസഹായത്തിൽ യാതൊരു കുറവും വരുത്താതെയാണ് പദ്ധതി ഈ വർഷവും നടപ്പാക്കുന്നത്. 2021-22 വർഷത്തിൽ സുസ്ഥിര നെൽകൃഷി

വികസനത്തിന് മാത്രമായി ഹെക്ടറിന് 5,500 രൂപ പ്രകാരം 6,073 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. കൂടാതെ റീ-അലോക്കേഷൻ വഴി 2511.83734 ലക്ഷം രൂപ കൂടി അധികമായി ഉൾപ്പെടുത്തി ആകെ 8584.83734 ലക്ഷം രൂപ സുസ്ഥിര നെൽകൃഷി വികസന പദ്ധതിക്കായി നീക്കിവച്ചിട്ടുണ്ട്.

(ഡി) എങ്കിൽ നെൽകർഷകരെ പ്രതികൂലമായി ബാധിക്കുന്ന ഈ നടപടി പുനഃപരിശോധിക്കുമോ എന്നറിയിക്കാമോ?

നെൽകർഷകരെ പ്രതികൂലമായി ബാധിക്കുന്ന നടപടികൾ കൈക്കൊണ്ടിട്ടില്ല.

## കോൾ നിലത്തെ ഇരുപ്പൂ കൃഷിനാശം

36(2755) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ ഇരുപ്പൂ കൃഷി ഇറക്കിയ ഏതെല്ലാം പാടശേഖരങ്ങളിൽ കൃഷി നാശം സംഭവിച്ചുവെന്ന് വ്യക്തമാക്കാമോ?

തൃശ്ശൂർ ജില്ലയിലെ കോൾ മേഖലയിൽ ഇരുപ്പൂ കൃഷി ഇറക്കിയ സംഘം കോൾ നോർത്ത് പടവ്, നായ്ക്കൻ കോൾ കാളിപ്പാടം പടവ്, വടക്കേ പോന്നോർത്താഴം പടവ്, കാഞ്ഞാണിത്താഴം മാരുതി കോൾപടവ് പാടശേഖര സമിതി എന്നീ പാടശേഖരങ്ങളിൽ കൃഷിനാശം സംഭവിച്ചു.

(ബി) ഈ വർഷത്തെ കാലവർഷക്കെടുതിയിൽ മണലൂർ മണ്ഡലത്തിൽ ഇരുപ്പൂ കൃഷിക്ക് നാശനഷ്ടം സംഭവിച്ച പാടശേഖരങ്ങളുടെ പേര് വിവരം നൽകാമോ; പ്രസ്തുത പാട ശേഖരങ്ങളിലെ കൃഷി നാശത്തിന്റെ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; നാശനഷ്ടങ്ങളുടെ കണക്ക് ലഭ്യമാക്കാമോ?

മണലൂർ മണ്ഡലത്തിൽ കാഞ്ഞാണിത്താഴം മാരുതി കോൾപടവ് പാടശേഖര സമിതിയിലാണ് നാശനഷ്ടം ഉണ്ടായത്. 7.8 ഹെക്ടറിലെ നെൽകൃഷിക്ക് നാശനഷ്ടം സംഭവിച്ചതായി കണക്കാക്കിയിട്ടുണ്ട്.

(സി) ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതി പ്രകാരം കൃഷി ഇറക്കി നഷ്ടം സംഭവിച്ച കർഷകർക്ക് എന്തെല്ലാം നഷ്ടപരിഹാരമാണ് നൽകിയതെന്ന് അറിയിക്കാമോ?

നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## നെൽകൃഷിയുടെ പുരോഗതിക്കായുള്ള പദ്ധതികൾ

37(2756) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെൽകൃഷിയുടെ അഭിവൃദ്ധിക്കായും നെൽകർഷകരുടെ ക്ഷേമത്തിനായും കൃഷിവകുപ്പ് നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ അറിയിക്കാമോ?

സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കാനും സംസ്ഥാനത്ത് ഭക്ഷ്യ സ്വയംപര്യാപ്തത കൈവരിക്കാനും വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നു. സംസ്ഥാനാവിഷ്കൃത പദ്ധതിയായ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ സുസ്ഥിര നെൽകൃഷി വികസനപദ്ധതിയിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5,500 രൂപ നിരക്കിൽ വിതരണം ചെയ്യുന്നു. ഇതിനായി 8584.83734 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതികളും കൃഷി വകുപ്പ് നടപ്പിലാക്കുന്നുണ്ട്. കരനെൽക്കൃഷി ചെയ്യുന്നതിന് ഹെക്ടറിന് 13,600 രൂപയും, ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് ഹെക്ടറിന് 10,000 രൂപയും പ്രത്യേക നെല്ലിനങ്ങളുടെ (പൊക്കാളി, ഞവര, ജീരകശാല, ഗന്ധകശാല, രക്തശാലി, ബസ്മതി) വികസനത്തിനായി ഹെക്ടറിന് 10,000 രൂപയും സബ്സിഡിയായി നൽകുന്നുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷി വികസന പദ്ധതിയിലെ ഘടക പദ്ധതിയായ കരനെൽകൃഷിക്ക് 55 ലക്ഷം രൂപയും ഒരുപ്പൂ ചെയ്യുന്ന വയലുകൾ ഇരുപ്പൂ ആക്കുന്നതിന് 50 ലക്ഷം രൂപയും പ്രത്യേക നെല്ലിനങ്ങളുടെ കൃഷിക്കായി 50 ലക്ഷം രൂപയുമാണ് നീക്കിവച്ചിട്ടുള്ളത്. തരിശ് നെൽകൃഷിക്കായി സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി വർഷം ഹെക്ടറൊന്നിന് ആകെ 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമകൾക്കും) സഹായധനമായി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ ഘടക പദ്ധതിയായ തരിശ് നെൽകൃഷിക്കുവേണ്ടി 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്; പാടശേഖരസമിതികളുടെ പ്രവർത്തന ചെലവിനായി ഹെക്ടറിന് 360 രൂപ ക്രമത്തിൽ സഹായധനം നൽകുന്നതിന് 300 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. സംസ്ഥാനത്തുള്ള പത്ത് നെൽകൃഷി വികസന ഏജൻസികൾക്ക് അവരുടെ പ്രവർത്തന ചെലവുകൾക്കും പ്രോജക്റ്റ് അധിഷ്ഠിത പ്രവർത്തനങ്ങൾക്കും

തുക അനുവദിക്കുന്നതിന് നെൽകൃഷി വികസന പദ്ധതിയിൽ 68,16,266 രൂപ വകയിരുത്തിയിട്ടുണ്ട്. പാടശേഖരസമിതികളുടെ അടിസ്ഥാന സൗകര്യവികസന പ്രവർത്തനങ്ങൾ പ്രോജക്ട് അധിഷ്ഠിതമായി നടപ്പിലാക്കുന്നതിന് 70 ലക്ഷം രൂപയും പ്രകൃതിക്ഷോഭമുണ്ടാകുന്ന അവസരങ്ങളിൽ അത്യാവശ്യമായി നെൽകൃഷി സംരക്ഷിക്കുന്നതിന് നടപ്പിലാക്കേണ്ട അടിയന്തര പ്രവർത്തനങ്ങൾക്കായി 50 ലക്ഷം രൂപയും നെൽകൃഷി വികസന പദ്ധതിയിൽ നീക്കിവച്ചിട്ടുണ്ട്. 2021-22 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി 2500 ഹെക്ടർ സ്ഥലത്ത് നടപ്പിലാക്കിവരുന്നു. അപ്രകാരം 10000 ടൺ നെൽവിത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി മുഖാന്തരം സംഭരിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. മണ്ണിന്റെയും വേരിന്റെയും ആരോഗ്യ പരിപാലന പദ്ധതിയിൽ (Soil and Root Health Management) ഉൾപ്പെടുത്തി കുമ്മായത്തിന് 5,400 രൂപയും നൽകുന്നു. ഇതിനായി 3050 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നെൽവയലുകളുടെ ഉടമസ്ഥർക്ക് ഹെക്ടറിന് 2000 രൂപ നിരക്കിൽ റോയൽറ്റി നൽകുന്നു. ഇതിനായി നെൽകൃഷി വികസന പദ്ധതിയിൽ 1500 ലക്ഷം രൂപ നീക്കിവച്ചിട്ടുണ്ട്. നോൺ പ്ലാൻ (പദ്ധതിയേതരം) ഇനത്തിൽ ഉൾപ്പെടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1,000 രൂപ നൽകുന്നു. ഇതിനായി 2021-22 വർഷത്തിൽ ഗ്രാമപഞ്ചായത്തുകൾക്കായി 1,324 ലക്ഷം രൂപയും മുനിസിപ്പാലിറ്റികൾക്കായി 44 ലക്ഷം രൂപയും കോർപ്പറേഷനുകൾക്കായി 0.50 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്. നെൽകൃഷിയുടെ വികസനത്തിനായി കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി, രാഷ്ട്രീയ കൃഷി വികാസ് യോജന എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു. ദേശീയ ഭക്ഷ്യ സുരക്ഷ പദ്ധതി പാലക്കാട് ജില്ലയിലാണ് നടപ്പിലാക്കുന്നത്. 60% കേന്ദ്ര വിഹിതവും 40% സംസ്ഥാന വിഹിതവും ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതിപ്രകാരം പ്രദർശന ത്തോട്ടങ്ങൾ സംഘടിപ്പിക്കുക, വിത്ത് വിതരണം, മണ്ണ് സംരക്ഷണം, സൂക്ഷ്മ മൂലകങ്ങളുടെ വിതരണം, സസ്യ സംരക്ഷണം, കാർഷികയന്ത്രോപകരണങ്ങൾ, ഗ്രൂപ്പടിസ്ഥാനത്തിലുള്ള പ്രാദേശിക സംരക്ഷണ പ്രവർത്തനങ്ങൾ എന്നിവയ്ക്കാണ് ആനുകൂല്യം നൽകുന്നത്. 2021-22 വർഷത്തിൽ 88.00 ലക്ഷം രൂപയാണ് ഇതിനായി വകയിരുത്തിയിട്ടുള്ളത്. രാഷ്ട്രീയ കൃഷി വികാസ് യോജന പദ്ധതിയിലെ Productivity Improvement of Paddy in Kerala എന്ന ഘടകത്തിൽ അത്യുല്പാദനശേഷിയുള്ള നെൽ വിത്തിനും കുമ്മായ വസ്തുക്കളുടെയും സൂക്ഷ്മ മൂലക വളങ്ങളുടെയും ഉപയോഗത്തിനും സംയോജിത കീട നിയന്ത്രണത്തിനും കാർഷിക യന്ത്രവൽക്കരണത്തിനും ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ മാനദണ്ഡങ്ങൾക്കനുസൃതമായി ഹെക്ടറൊന്നിന് 4500 രൂപ ധനസഹായം നൽകുന്നതിനും നെല്ലിന്റെ മൂല്യവർദ്ധനവിനായി മിനി റൈസ് മിൽ സ്ഥാപിക്കൽ, സംസ്കരണ യൂണിറ്റ് സ്ഥാപിക്കുന്നതിന് 50 ലക്ഷം രൂപയും

ഉൾപ്പെടെ ആകെ 4,100 ലക്ഷം രൂപയുള്ള പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുള്ളത് കേന്ദ്ര സർക്കാരിന്റെ പരിഗണനയിലാണ്. കൂടാതെ, ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും മറ്റ് ഉത്പാദനോപാധികൾക്കുമായി ഒരു ഹെക്ടറിന് പരമാവധി 22,000 രൂപയുടെ ആനുകൂല്യം കർഷകർക്ക് ലഭിക്കുന്നുണ്ട്. പ്രകൃതി ക്ഷോഭംമൂലം നെൽകൃഷിക്ക് നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നുണ്ട്. കൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസനിധിയിൽ നിന്നും ഹെക്ടറിന് 13,500 രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഹെക്ടറിന് 15,000 രൂപയും 45 ദിവസത്തിനുശേഷമുള്ള വിളയ്ക്ക് ഹെക്ടറിന് 35,000 രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ല് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മുഖേനയാണ് സർക്കാർ സംഭരിക്കുന്നത്.

(ബി) തരിശുനിലങ്ങൾ പൂർണ്ണമായും കൃഷിയോഗ്യമാക്കി നെൽകൃഷി നടത്തുന്നതിനായി കൃഷി വകുപ്പ് നിലവിൽ പ്രത്യേക പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ എന്നും ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കുന്ന നെൽകൃഷി വികസന പദ്ധതി പ്രകാരം തരിശ് നെൽകൃഷിക്ക് ഹെക്ടറിന് ആകെ 40,000 രൂപ (35,000 രൂപ കർഷകനും 5,000 രൂപ ഭൂവുടമയ്ക്കും) എന്ന നിരക്കിൽ 750 ഹെക്ടർ സ്ഥലത്ത് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് ആകെ 300 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിനായി കഴിഞ്ഞ അഞ്ചു വർഷങ്ങളിലായി ആകെ 4483.0595 ലക്ഷം രൂപയാണ് വിനിയോഗിച്ചിട്ടുള്ളത്. അതിന്റെ വിവരങ്ങൾ അനുബന്ധം ആയി ചേർക്കുന്നു* 2020-21 വർഷത്തിൽ രാഷ്ട്രീയ കൃഷി വികാസ് യോജന എന്ന കേന്ദ്രാവിഷ്കൃത പദ്ധതിയുടെ ഭാഗമായ സുഭിക്ഷകേരളം എന്ന ഘടക പദ്ധതിയിലും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ പദ്ധതിപ്രകാരവും 9070 ഹെക്ടർ സ്ഥലത്ത് തരിശ് നെൽകൃഷി നടപ്പിലാക്കി. തദ്ദേശ ഭരണസ്ഥാപനങ്ങൾ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി തരിശ് നെൽകൃഷിക്ക് ധനസഹായം നൽകുന്നുണ്ട്.

## കീടങ്ങളുടെ നശീകരണം

38(2757) ശ്രീ. പി. ജെ. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ണിന്റെ പി.എച്ച്. നിർണ്ണയിക്കുന്നതിനുള്ള പി.എച്ച്. മീറ്ററുകൾ കൃഷി ഭവനുകൾ വഴി ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

പരിശോധിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) തെങ്ങുകളെ ആക്രമിക്കുന്ന ചുവന്ന ചെല്ലിയെ നശിപ്പിക്കുന്നതിനുള്ള കെണികൾ സംസ്ഥാനത്തുടനീളം ഒറ്റ ദിവസം വയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

&

(സി) ഈ ദിവസം നിശ്ചയിച്ച് പ്രചരണം നടത്താൻ നടപടി സ്വീകരിക്കുമോ?

(ബി&സി) ചെമ്പൻ ചെല്ലിയെ നശിപ്പിക്കുന്നതിനായി ഉപയോഗിച്ചുവരുന്ന കെണികൾ സംസ്ഥാനത്തുടനീളം ഒരുമിച്ച് വയ്ക്കുന്നതിനുള്ള നടപടികൾ ആലോചിച്ചിട്ടില്ല. ഭീമമായ എണ്ണത്തിൽ ആവശ്യമായ ഇത്തരം കെണികളുടെ ലഭ്യതക്കുറവാണ് പ്രധാന പരിമിതി.

**കർഷകരെ സഹായിക്കാനായി പദ്ധതികൾ**

39(2758) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നാളികേര കർഷകരെയും സുഗന്ധദ്രവ്യ മേഖലയേയും സഹായിക്കാനായി വ്യവസായശാലകളുടെ ശ്രേണി സജ്ജമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാനത്തെ നാളികേര കർഷകരെയും സുഗന്ധദ്രവ്യ മേഖലയേയും സഹായിക്കാനായി നാളികേരം, സുഗന്ധ വിളകൾ എന്നിവയെ അടിസ്ഥാനമാക്കി ഫാർമർ പ്രൊഡ്യൂസർ ഓർഗനൈസേഷൻ (FPO)-കൾ രൂപീകരിക്കുന്നതിന് പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. FPO-കൾ രൂപീകരിക്കുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണി കണ്ടെത്തൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. മൂല്യവർദ്ധിത ഉത്പന്നങ്ങൾ പ്രോത്സാഹിപ്പിച്ചുകൊണ്ട് നാളികേര കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ ചെറുകിട ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം നാളികേര ഉല്പന്നങ്ങൾക്ക് മൂല്യവർദ്ധന നടത്തുന്നതിനായി സഹായം നൽകിയിട്ടുണ്ട്. വെർജിൻ കോക്കനട്ട് ഓയിൽ, തേങ്ങാപ്പാൽ, ഡെസിക്കേറ്റഡ് കോക്കനട്ട് പൗഡർ, ബേബി ഓയിൽ തുടങ്ങിയ ഉല്പന്നങ്ങൾ നിർമ്മിക്കുന്ന യൂണിറ്റുകൾക്ക് 2016 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള കാലയളവിൽ സബ്സിഡിയായി 1,76,31,435 (ഒരു കോടി ഏഴുപത്തിയാറു ലക്ഷത്തി മുപ്പത്തി യൊന്നായിരത്തി നാന്നൂറ്റി മുപ്പത്തിയഞ്ച് രൂപ മാത്രം) രൂപ നൽകിയിട്ടുണ്ട്.

ബഹു. മുഖ്യമന്ത്രിയുടെ നൂറു ദിന പരിപാടിയിൽ 25 FPO-കൾ രൂപീകരിക്കു ന്നതിന് വേണ്ട നടപടികൾ സ്വീകരിച്ചുവരുന്നു. FPO-കൾ രൂപീകരിക്കുന്നതോടെ വിളകളുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ്, വിപണി കണ്ടെത്തൽ തുടങ്ങിയ മേഖലകളിൽ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്താൻ സാധിക്കുന്നതാണ്. നാളികേരം അടിസ്ഥാനമാക്കിയുള്ള FPO-കളും ഇതിൽ ഉൾപ്പെടും. കേരളത്തിൽ KIIFB-യുടെ ധനസഹായത്തോടെ രണ്ടു നാളികേര അഗ്രോപാർക്കുകൾ സ്ഥാപി ക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു. കോഴിക്കോട് ജില്ലയിൽ വേങ്ങേരിയിലും കുത്താളിയിലും 20 ലക്ഷം രൂപ വീതം നൽകി സ്ഥാപിക്കുന്നതിനുള്ള നാളികേര അഗ്രോ പാർക്കിന്റെ DPR, KIIFB-ക്ക് KAICO നൽകിയിട്ടുണ്ട്. KIIFB-യുടെ അംഗീകാരം ലഭിക്കേണ്ടതുണ്ട്. നാളികേരത്തിന്റെ മൂല്യവർദ്ധിത ഉത്പന്നങ്ങളുടെ പ്രോത്സാഹനത്തിനായി രൂപീകരിച്ചിട്ടുള്ള കേരള സംസ്ഥാന നാളികേര വികസന കോർപ്പറേഷന് 100 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. നാളികേര വികസന കോർപ്പറേഷന്റെ കീഴിൽ മാമത്ത് പ്രവർത്തിക്കുന്ന പ്ലാന്റിൽ വെളിച്ചെണ്ണ, വിർജിൻ കോക്കനട്ട് ഓയിൽ തുടങ്ങിയ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തിവരുന്നു. മുൻകാലങ്ങളിൽ നാളികേര വികസന ബോർഡിന്റെ കീഴിൽ തുടങ്ങിയിട്ടുള്ള 29 ഫാർമർ പ്രൊഡ്യൂസർ കമ്പനികളിൽ വഴി നാളികേരം അടിസ്ഥാനമാക്കിയുള്ള നീര ഉൾപ്പടെയുള്ള നാളികേര മൂല്യവർദ്ധിത ഉത്പന്നങ്ങൾ ഉല്പാദിപ്പിച്ചു വിപണനം നടത്തിവരുന്നു. ഇതിൽ നാല് FPC-കൾക്കായി 199 ലക്ഷം രൂപ കൃഷി വകുപ്പിൽനിന്നും നൽകിയിട്ടുണ്ട്. സുഗന്ധദ്രവ്യ മേഖലയിൽ വ്യവസായ ശാലകൾ പ്രത്യേകമായി ആരംഭിക്കുവാൻ കൃഷി വകുപ്പിന്റെ കീഴിൽ മറ്റ് പദ്ധതികൾ നിലവിലില്ല.

(ബി) റബ്ബറിന്റെയും മറ്റും മൂല്യവർദ്ധനയ്ക്കായി മികവിന്റെ കേന്ദ്രം രൂപീകരി ക്കുന്നത് ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം ലഭ്യമാക്കുമോ?

സംസ്ഥാന കൃഷി വകുപ്പിന്റെ കീഴിൽ റബ്ബറിന്റെയും മറ്റും മൂല്യ വർദ്ധനയ്ക്കായി മികവിന്റെ കേന്ദ്രം രൂപീകരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടില്ല.

**റബ്ബർ കർഷകരുടെ പ്രതിസന്ധി**

40(2759) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് റബ്ബർ കർഷകർ നേ4 രിടുന്ന സാമ്പത്തിക പ്രതിസന്ധി സംബന്ധിച്ച് വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റബ്ബർ വിലസ്ഥിരതാ ഫണ്ട് വർദ്ധിപ്പിക്കണമെന്ന കർഷകരുടെ ആവശ്യം പരിഹരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദമാക്കാമോ;

(സി) റബ്ബർ വിലസ്ഥിരതാ ഫണ്ടിന്റെ കാര്യത്തിൽ കാലോചിതമായ എന്തെല്ലാം മാറ്റങ്ങളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ?

(എ-സി) സംസ്ഥാനത്ത് റബ്ബർ കർഷകർ നേരിടുന്ന സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിനും റബ്ബർ കൃഷി ലാഭകരമാക്കുന്നതിനുംവേണ്ടി റബ്ബറിന് താങ്ങു വില പ്രഖ്യാപിച്ച് റബ്ബർ കർഷകർക്ക് സബ്സിഡി നേരിട്ട് ലഭ്യമാക്കുന്ന പദ്ധതിയായ റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീം സംസ്ഥാന സർക്കാർ 2015 മുതൽ നടപ്പിലാക്കിവരികയാണ്. ധനകാര്യ വകുപ്പും റബ്ബർ ബോർഡും സംയുക്തമായാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി പ്രകാരം റബ്ബറിന്റെ താങ്ങുവിലയും റബ്ബർ ബോർഡ് അതാതു ദിവസം പ്രസിദ്ധീകരിക്കുന്ന വിലയും തമ്മിലുള്ള വ്യത്യാസം, റബ്ബർ ബോർഡ് സാക്ഷ്യപ്പെടുത്തിയ ബില്ലിന്റെ അടിസ്ഥാനത്തിൽ സബ്സിഡിയായി, രജിസ്റ്റർ ചെയ്ത കർഷകരുടെ ബാങ്ക് അക്കൗണ്ടിലേയ്ക്ക് നൽകുന്നു. ഒരു ഹെക്ടറിന് പ്രതിവർഷം പരമാവധി 1800 കിലോഗ്രാം റബ്ബറിനാണ് ആനുകൂല്യം നൽകുന്നത്. 5 ഹെക്ടറിന് താഴെ കൃഷി ഭൂമിയുള്ള കർഷകർക്ക് പരമാവധി രണ്ടു ഹെക്ടറിനാണ് സബ്സിഡി നൽകുന്നത്. പ്രസ്തുത പദ്ധതിക്കായി 2021-22 സാമ്പത്തിക വർഷത്തെ സംസ്ഥാന ബഡ്ജറ്റിൽ 500 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. 2021 മാർച്ച് മാസത്തിനുശേഷം സബ്സിഡി ഇനത്തിൽ നൽകാനുള്ള തുക കർഷകർക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. റബ്ബർ പ്രൊഡക്ഷൻ ഇൻസെന്റീവ് സ്കീമിനുകീഴിൽ റബ്ബറിന്റെ താങ്ങുവില 2021 ഏപ്രിൽ 1 മുതൽ 150 രൂപയിൽ നിന്ന് 170 രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്.

**കർഷകർക്ക് ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായം**

41(2760) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഡിജിറ്റൽ സാങ്കേതികവിദ്യയുടെ സഹായത്തോടെ ഏതൊക്കെ തരത്തിലുള്ള സഹായമാണ് കർഷകർക്ക് ഇപ്പോൾ ലഭ്യമാക്കിക്കൊണ്ടിരിക്കുന്നത് എന്നറിയിക്കാമോ?

ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ ആവിഷ്കരിച്ചിട്ടുള്ള സംസ്ഥാന കൃഷി വകുപ്പിന്റെ വെബ് പോർട്ടലാണ് Agriculture Information Management System (AIMS). പ്രസ്തുത പോർട്ടലിനുകീഴിൽ പ്രകൃതിദുരന്തം കാരണമുണ്ടായ വിളനാശങ്ങൾക്ക് ധനസഹായത്തിനുള്ള അപേക്ഷ, സംസ്ഥാനവിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗത്വം, നഷ്ടപരിഹാരത്തിനായി അപേക്ഷ നൽകൽ, നെൽകൃഷി യോഗ്യമായ നെൽവയലുടമകൾക്കുള്ള റോയൽറ്റി, കേരള ഫാം ഫ്രഷ് പഴം-

പച്ചക്കറി അടിസ്ഥാന വില പദ്ധതി എന്നീ പദ്ധതികളിലെ സേവനങ്ങൾ, കർഷകരുടെ അപേക്ഷ സ്വീകരിക്കുന്നത് മുതൽ ആനുകൂല്യവിതരണംവരെയുള്ള എല്ലാ നടപടിക്രമങ്ങളും ഇപ്പോൾ ഓൺലൈൻ മുഖേനയാണ് നടന്നുവരുന്നത്. കൂടാതെ കാർഷിക മേഖലയുടെ വികസനത്തിനായി നവമാധ്യമങ്ങളുടെ സേവനം വിനിയോഗിച്ചും വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തിയും താഴെപ്പറയുന്ന സേവനങ്ങൾ കർഷകർക്കായി നിലവിൽ ഡിജിറ്റൽ രൂപത്തിൽ നൽകുന്നുണ്ട്.

കാർഷിക വിവര സങ്കേതം വെബ് പോർട്ടൽ - www.krishi.info - വിവര വിനിമയ സാങ്കേതിക വിദ്യ അടിസ്ഥാനമാക്കി ഒരുക്കുന്ന ഏകജാലക സംവിധാനമാണ് "കാർഷിക വിവര സങ്കേതം – ഒരു വിരൽതുമ്പിൽ" എന്ന വെബ്പോർട്ടൽ.

മൊബൈൽ ആപ്ലിക്കേഷൻ - കൃഷിഭവനുകളിലെ കൃഷി ഉദ്യോഗസ്ഥരുടെ ഉപയോഗത്തിനായി കാർഷിക വിവര സങ്കേതം – ഒരു വിരൽത്തുമ്പിൽ എന്ന മൊബൈൽ ആപ്ലിക്കേഷൻ.

കൃഷി മന്ത്രി വിളിപ്പുറത്ത് - ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി കർഷകരുമായി നേരിട്ട് സംവദിക്കുന്ന പരിപാടി

ഫേസ്ബുക്ക് ഗ്രൂപ്പ്-കാർഷിക വിവര സങ്കേതം, ഫേസ്ബുക്ക് ലൈവ്-ഓൺലൈൻ ഫാർമേഴ്സ് ഫീൽഡ് സ്കൂൾ - കർഷകർക്കുള്ള തത്സമയ പരിശീലന പരിപാടി വാട്ട്സ്ആപ്പ് ഗ്രൂപ്പുകൾ,

എസ്.എം.എസ്.-

www.mkisan.gov.in-കേന്ദ്ര ഗവൺമെന്റ് തയ്യാറാക്കിയിട്ടുള്ള mkisan.gov.in എന്ന എസ്.എം.എസ്. പ്ലാറ്റ്ഫോമിലൂടെ സംസ്ഥാന, ജില്ലാ, ബ്ലോക്കുതല കൃഷി ഉദ്യോഗസ്ഥർ കർഷകർക്ക് എസ്.എം.എസ്. മുഖേന നവീന കൃഷി രീതികളെക്കുറിച്ചും കൃഷിവകുപ്പിന്റെ വിവിധ സ്കീമുകളെക്കുറിച്ചും വിവരങ്ങൾ നൽകുന്നു.

FEM@Mobile -

കാർഷിക വികസന കർഷക ക്ഷേമ വകുപ്പും കേരള കാർഷിക സർവ്വകലാശാലയും ചേർന്ന് തയ്യാറാക്കിയിട്ടുള്ള മൊബൈൽ ആപ്ലിക്കേഷനായ FEM@ Mobile, വെബ്സൈറ്റായ www.farmextensionmanager.com എന്നിവ കാർഷിക വിജ്ഞാന വ്യാപന ഉദ്യോഗസ്ഥർ, കാർഷിക വിദ്യാർത്ഥികൾ, പുരോഗമനോന്മുഖരായ കർഷകർ എന്നിവർക്ക് വളരെ പ്രയോജനപ്രദമാണ്.

ASHA Portal -

വിദഗ്ധരായ തൊഴിലാളികളുടെ സഹായത്തോടെ കാർഷിക യന്ത്രങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്കും കാർഷിക മേഖലയിൽ പ്രവർത്തിക്കുന്ന സംഘങ്ങൾക്കും ലഭ്യമാക്കുന്നതിനാണ് ASHA പോർട്ടൽ എന്ന (www.asha.kerala.gov.in) സൗകര്യം ഏർപ്പെടുത്തിയിരിക്കുന്നത്.

K-SWIFT Portal -

വളം ഉത്പാദനം, മൊത്തക്കച്ചവടം, ചില്ലറ വില്പന വ്യവസായം/വ്യാപാരം ചെയ്യുന്നതിനുള്ള പുതിയ ലൈസൻസ്, കീടനാശിനി ഉത്പാദനം, മൊത്ത ക്കച്ചവടം, ചില്ലറ വില്പന വ്യവസായം/വ്യാപാരം ചെയ്യുന്നതിനുള്ള പുതിയ ലൈസൻസ്, പെസ്റ്റ് കൺട്രോൾ ഓപ്പറേഷൻസുമായി ബന്ധപ്പെട്ട് പ്രവർത്ത നങ്ങൾ ചെയ്യുന്നതിനുള്ള പുതിയ ലൈസൻസ് തുടങ്ങിയ ലൈസൻസുകൾ നൽകുന്നതിനുള്ള നടപടികൾ നിലവിൽ പൂർണ്ണമായും K-SWIFT മുഖേനയാണ് നടത്തുന്നത്. www.kswift.kerala.gov.in എന്ന കേരള സർക്കാരിന്റെ തന്നെ പോർട്ടലിലാണ് ഏകജാലക സംവിധാനം എന്ന നിലയിൽ ഈ സൗകര്യം പ്രവർത്തിക്കുന്നത്.

സേവന പെൻഷൻ പോർട്ടൽ - പദ്ധതി പൂർണ്ണമായും ഓൺലൈനായി www.welfarepension.lsgkerala.gov.in എന്ന വെബ് പോർട്ടൽ മുഖേന ചെറുകിട നാമമാത്ര കർഷക പെൻഷൻ ആനുകൂല്യങ്ങൾ നേരിട്ട് കർഷകരുടെ ബാങ്ക് അക്കൗണ്ടുകളിലേയ്ക്ക് ഡി.ബി.റ്റി. മുഖേന വിതരണം നടത്തുന്നു. മേൽസൂചിപ്പിച്ച സൗകര്യങ്ങൾ കൂടാതെ കേന്ദ്ര സർക്കാർ പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ട് താഴെപ്പറയുന്ന വെബ് പോർട്ടലുകളും ഡിജിറ്റൽ സാങ്കേതിക വിദ്യയുടെ സഹായത്തോടെ നിലവിൽ പ്രവർത്തിക്കുന്നുണ്ട്. PM-KISAN SAMMAN NIDHI portal- www.pmkisan.gov.in, സോയിൽ ഹെൽത്ത് കാർഡ് പോർട്ടൽ- www.soilhealth.dac.gov.in

(ബി) കൃഷി വകുപ്പിന്റെ എല്ലാ പദ്ധതികളും ഒരു കുടക്കീഴിൽ കൊണ്ടു വരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

വിവര സാങ്കേതിക വിദ്യയുടെ സഹായത്തോടുകൂടി കാർഷിക വികസന കർഷക ക്ഷേമ വകുപ്പിനെ നവീകരിക്കുന്നതിന്റെ ഭാഗമായി, കൃഷി വകുപ്പിന്റെ മുഴുവൻ പദ്ധതികളെയും പ്രവർത്തനങ്ങളെയും സേവനങ്ങളെയും ഏകോപിപ്പിക്കുന്നതിനുള്ള ബൃഹത്തായ ഒരു ഡിജിറ്റൽ ഓൺലൈൻ സംവിധാനം Agriculture Information Management System (AIMS) എന്ന പേരിൽ വികസിപ്പിച്ചുവരുന്നു.

(സി) എയിംസ് ആപ്പിലൂടെ കൂടുതൽ സേവനങ്ങൾ കർഷകർക്ക് ലഭ്യമാക്കാൻ സർക്കാർ തയ്യാറാകുമോ എന്നറിയിക്കാമോ?

കൃഷി വകുപ്പിന്റെ മുഴുവൻ പദ്ധതികളും പ്രവർത്തനങ്ങളും സേവനങ്ങളും ഓൺലൈൻ സേവനങ്ങളാക്കി മാറ്റി, കർഷകർക്ക് മൊബൈൽ ആപ്ലിക്കേഷൻ (എയിംസ് ആപ്പ്) വഴിയോ ഓൺലൈൻ പോർട്ടൽ വഴിയോ എല്ലാ അപേക്ഷകളും സമർപ്പിക്കുന്നതിനുള്ള സൗകര്യം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

**കർഷക പെൻഷൻ**

42 (2761) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 60 വയസ് പൂർത്തിയായ എല്ലാ ചെറുകിട-നാമമാത്ര കർഷകർക്കും പ്രതിമാസം ആയിരം രൂപ നിരക്കിൽ കർഷക പെൻഷൻ നൽകി വരുന്നുണ്ടോ; വിശദമാക്കാമോ?

ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ചേരുന്നതിന് അപേക്ഷ സമർപ്പിക്കുന്ന 60 വയസ് പൂർത്തിയായ ചെറുകിട-നാമമാത്ര കർഷകർക്ക്, അർഹതാ മാനദണ്ഡങ്ങൾക്ക് വിധേയമായി കർഷക പെൻഷൻ നൽകുന്നുണ്ട്. നിലവിൽ കർഷക പെൻഷൻ നിരക്ക് പ്രതിമാസം 1,600 രൂപയാണ്.

(ബി) ഈ പെൻഷൻ ലഭിക്കാൻ അപേക്ഷ എവിടെയാണ് നൽകേണ്ടത്, അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ എന്തെല്ലാം, അർഹതാ മാനദണ്ഡങ്ങൾ എന്തെല്ലാം എന്നിവ വിശദമാക്കാമോ?

ചെറുകിട നാമമാത്ര കർഷക പെൻഷൻ പദ്ധതിയിൽ ചേരുന്നതിന് അതാത് കൃഷി ഭവനുകളിൽ അപേക്ഷ സമർപ്പിക്കേണ്ടതാണ്. അപേക്ഷയുടെ മാതൃക കൃഷി വകുപ്പിന്റെ വെബ്സൈറ്റിൽ ലഭ്യമാണ്. അപേക്ഷയോടൊപ്പം ആധാർ കാർഡിന്റെ പകർപ്പ്, വസ്തുവിന്റെ നികുതി അടച്ച രശീതിന്റെ പകർപ്പ്, വരുമാന സർട്ടിഫിക്കറ്റ് എന്നിവ കൂടി നൽകേണ്ടതാണ്. നിലവിൽ കർഷക പെൻഷൻ കിട്ടുന്നതിനുള്ള അർഹതയും മാനദണ്ഡങ്ങളും താഴെപ്പറയുന്നു :

1. 60 വയസ്സ് പൂർത്തിയാക്കിയ 10 സെന്റെങ്കിലും കൃഷി ചെയ്യുന്ന/ചെയ്തു വരുന്നതും പരമാവധി രണ്ട് ഹെക്ടർ വരെ കൃഷി ഭൂമിയുള്ളവരുമായ കൃഷി മുഖ്യ ഉപജീവനമാർഗ്ഗമാക്കിയ കർഷകനായിരിക്കണം.

2. തെരഞ്ഞെടുക്കപ്പെടുന്ന കർഷകർക്കുള്ള മെമ്പർഷിപ്പ് ഫീസ് 25 രൂപ ആയിരിക്കും.

3. കർഷകന്റെയും ജീവിത പങ്കാളിയുടെയും ആകെ വാർഷിക വരുമാനം ഒന്നര ലക്ഷം രൂപയിൽ താഴെ ആയിരിക്കണം.

4. സർവ്വീസിൽനിന്നും വിരമിച്ച സർക്കാർ ജീവനക്കാർ, പെൻഷൻ കൈപ്പറ്റുന്ന മറ്റ് വിഭാഗങ്ങൾ എന്നിവർക്ക് കർഷക പെൻഷന് അർഹതയുണ്ടായിരിക്കില്ല. എന്നാൽ ഇ.പി.എഫ്. പെൻഷൻ ലഭിക്കുന്നവർക്കും ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ പദ്ധതി പ്രകാരം പെൻഷൻ ലഭിക്കുന്നവർക്കും കർഷക പെൻഷൻ ലഭിക്കുന്നതിന് അർഹതയുണ്ടായിരിക്കും.

5. കഴിഞ്ഞ പത്ത് കൊല്ലമായി കൃഷി ചെയ്ത് ജീവിച്ചുവരുന്നവർക്കാണ് പദ്ധതിയിൽ ചേരാൻ അർഹതയുള്ളത്.

6. വർഷങ്ങളായി വിദേശത്ത് ജോലി ചെയ്ത് മടങ്ങിയെത്തിയവർക്ക് കുറഞ്ഞത് 10 വർഷമെങ്കിലും കാർഷിക മേഖലയിൽ ജോലി ചെയ്താൽ മറ്റ് നിബന്ധനകൾക്ക് വിധേയമായി കർഷക പെൻഷന് അർഹതയുണ്ടായിരിക്കും.

7. കർഷക പെൻഷന് അപേക്ഷിക്കുന്ന വ്യക്തിയുടെ പേര് വിവരങ്ങൾ ബന്ധപ്പെട്ട കൃഷി ഓഫീസർ സർട്ടിഫൈ ചെയ്യേണ്ടതും ഓരോ മാസത്തേയും കാർഷിക വികസന സമിതിയിൽ അവതരിപ്പിച്ച് അംഗീകാരം തേടേണ്ടതും അംഗീകാരം ലഭിക്കുന്ന മാസം മുതൽ പെൻഷൻ പദ്ധതിയിൽ അംഗത്വം നല്കുന്നതുമാണ്.

8. ഒരു കുടുംബത്തിൽ ഭാര്യക്കോ/ഭർത്താവിനോ (ഒരാൾക്ക്) മാത്രമേ കർഷക പെൻഷന് അർഹതയുള്ളൂ. പെൻഷൻ ലഭിക്കുന്ന ആൾ മരണമടഞ്ഞാൽ, മറ്റ് വരുമാനങ്ങളില്ലാത്തപക്ഷം ജീവിത പങ്കാളിക്ക് പെൻഷൻ നൽകുന്നതാണ്.

9. നിലവിലുള്ള ലിസ്റ്റിൽ നിന്നാണ് മേൽമാനദണ്ഡങ്ങൾക്ക് വിധേയമായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

10. പുതിയ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുവാൻ സർക്കാരിന്റെ മുൻകൂർ അനുമതി ആവശ്യമാണ്.

11. 85 വയസ്സിന് മുകളിലുള്ള കർഷകർ, മാനസികമോ ശാരീരികമോ ആയ 80%-ന് മുകളിൽ വൈകല്യമുള്ളവർ, സ്ഥിരമായി കിടപ്പിലുള്ള രോഗികൾ എന്നിവർക്ക് ബന്ധപ്പെട്ട ഉദ്യോഗസ്ഥന് ബോദ്ധ്യപ്പെടുന്ന പക്ഷം ആധാർ കാർഡ് നിർബന്ധമല്ല.

(സി) മറ്റ് സാമൂഹ്യസുരക്ഷാ പെൻഷനുകൾ ക്ഷേമനിധി പെൻഷനുകൾ എന്നിവ ലഭിച്ചുവരുന്നവർക്ക് ഈ പെൻഷന് അർഹതയുണ്ടോ; വിശദമാക്കാമോ?

21-1-2017-നുമുൻപ് കർഷക പെൻഷനും സാമൂഹ്യ സുരക്ഷാ പെൻഷനും ഒരുമിച്ച് വാങ്ങിയവർക്ക് 1,600 രൂപ നിരക്കിൽ കർഷക പെൻഷനും 600 രൂപ നിരക്കിൽ ഒരു സാമൂഹ്യ സുരക്ഷാ പെൻഷനും അർഹതയുണ്ടായിരിക്കും. എന്നാൽ 21-1-2017 മുതൽ പുതുതായി കർഷക പെൻഷന് അർഹരാകുന്നവർക്ക് സാമൂഹ്യ സുരക്ഷാ പെൻഷന് അർഹതയുണ്ടായിരിക്കില്ല. നിലവിലെ സർക്കാർ ഉത്തരവുകൾപ്രകാരം ഒരു വ്യക്തിക്ക് ഒരേ സമയം രണ്ട് ക്ഷേമ ബോർഡ് പെൻഷനുകൾ അനുവദനീയമല്ല.

## കർഷകർക്ക് നഷ്ടപരിഹാരം

43 (2762) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 മേയ് മാസം തിരൂരങ്ങാടി മണ്ഡലത്തിലുണ്ടായ മഴക്കെടുതിയിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭ്യമാക്കിയിരുന്നോ; നൽകിയെങ്കിൽ വിശദവിവരം നൽകുമോ?

നഷ്ടപരിഹാരം ലഭ്യമാക്കിയിട്ടില്ല.

(ബി) ഇല്ലെങ്കിൽ നഷ്ടപരിഹാരം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

2021 മേയ് മാസം ഉണ്ടായ പ്രകൃതിക്ഷോഭത്തിന്റെ നഷ്ടപരിഹാരം ലഭിക്കുവാനുള്ള അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി ജൂൺ 30 വരെ നീട്ടിയിരുന്നു. ലഭിച്ച അപേക്ഷകൾ പരിശോധിച്ച് നഷ്ടപരിഹാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## ടൗട്ടേ ചുഴലിക്കാറ്റിലുണ്ടായ കൃഷിനാശം

44(2763) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ടൗട്ടേ ചുഴലിക്കാറ്റിലും മഴയിലും എത്ര കോടി രൂപയുടെ കൃഷിനാശമാണ് സംഭവിച്ചിട്ടുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

11-5-2021 മുതൽ 20-5-2021 വരെ ഉണ്ടായ ടൗട്ടേ ചുഴലിക്കാറ്റുമൂലം 595.14 ലക്ഷം രൂപയുടെ കൃഷിനാശമാണ് പ്രഥമ വിവര റിപ്പോർട്ടുപ്രകാരം കാസർഗോഡ് ജില്ലയിൽ കണക്കാക്കിയിട്ടുള്ളത്. അതിൻപ്രകാരം 6415 കർഷകരുടെ 405.59 ഹെക്ടർ സ്ഥലത്തെ കൃഷി നശിച്ചതായി കണക്കാക്കുന്നു.

(ബി) കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

നടപടി സ്വീകരിച്ചിട്ടുണ്ട്. ടി കാലയളവിലെ നാശനഷ്ടത്തിന് നഷ്ടപരിഹാരം ആവശ്യപ്പെട്ടുകൊണ്ട് അപേക്ഷകൾ സമർപ്പിക്കുവാനുള്ള അവസാന തീയതി ജൂൺ 30 വരെ നീട്ടിനൽകിയിരുന്നു. അപേക്ഷകൾ സർക്കാർ മാനദണ്ഡങ്ങൾ പ്രകാരം പരിശോധിച്ച് അനുവദനീയമായ തുക അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

**കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം**

45(2764) ശ്രീ. കെ. പി. എ. മജീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ തണ്ണിമത്തൻ കൃഷി ചെയ്യുന്ന കർഷകർക്ക് 2021 മേയ് മാസത്തെ മഴക്കെടുതിയിൽ ഉണ്ടായ കൃഷിനാശം തിട്ടപ്പെടുത്തി നഷ്ട പരിഹാരം നൽകിയിരുന്നോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്നറിയിക്കുമോ?

നഷ്ടപരിഹാരം നൽകിയിട്ടില്ല. നിലവിലെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി മാനദണ്ഡങ്ങൾ പ്രകാരം നഷ്ടപരിഹാരം നൽകേണ്ട വിളകളുടെ പട്ടികയിൽ "തണ്ണിമത്തൻ" ഉൾപ്പെടുത്തിയിട്ടില്ല.

(ബി) പ്രസ്തുത മഴക്കെടുതിയിൽ കൃഷി നാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരത്തുക വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

മലപ്പുറം ജില്ലയിൽ എസ്.ഡി.ആർ.എഫ്.-ൽനിന്നും 31-5-2021-വരെ AIMS പോർട്ടലിൽ നടപടികൾ പൂർത്തീകരിച്ച് എല്ലാ കർഷകർക്കും (327 കർഷകർക്ക്) 22,99,995 രൂപ ഇതിനോടകം വിതരണം ചെയ്തിട്ടുണ്ട്. കോവിഡിന്റെ പശ്ചാത്തലത്തിൽ 2021 മേയ് മാസത്തിൽ സംഭവിച്ച പ്രകൃതിക്ഷോഭങ്ങളുടെ FIR രേഖപ്പെടുത്താനും അപേക്ഷ സമർപ്പിക്കുവാനുമുള്ള അവസാന തീയതി ജൂൺ 30 വരെ ദീർഘിപ്പിച്ചിരുന്നു. ടി അപേക്ഷകൾ പരിശോധിച്ച് നഷ്ടപരിഹാരം അനുവദിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടുവരുന്നു.

**സുഭിക്ഷ കേരളം പദ്ധതി**

46 (2765) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി കൃഷിയിറക്കിയ കാർഷികോൽ പ്പന്നങ്ങളിൽ പലതിനും പാതി വിലപോലും ലഭ്യമാകാത്ത അവസ്ഥ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് രണ്ടാംതരംഗത്തിന്റെ ഭാഗമായി ലോക്ക്ഡൗൺ ഏർപ്പെടുത്തിയപ്പോൾ വിപണനം തടസ്സപ്പെട്ടതിനാലും കാലാവസ്ഥ വ്യതിയാനംമൂലമുണ്ടായ അതിവർഷംമൂലവും ഒരുമിച്ച് വിളവെടുപ്പ് നടത്തേണ്ടി വന്നതിനാലും കർഷകർക്ക് വിപണി കണ്ടെത്താൻ സാധിക്കാതെ പൈനാപ്പിൾ, കപ്പ തുടങ്ങിയ വിളകൾക്ക് വില കുറയുന്ന സാഹചര്യമുണ്ടായി. വിഷയത്തിൽ സമയബന്ധിതമായി സർക്കാർ ഇടപെട്ടിട്ടുണ്ട്.

(ബി) ഉണ്ടെങ്കിൽ ഇത് പരിഹരിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കർഷകർ ഉല്പാദിപ്പിക്കുന്ന കാർഷിക ഉത്പന്നങ്ങൾ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിനായി കേരള ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ 1-ന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില ചുവടെ ചേർക്കുന്നു :

| നമ്പർ | വിള | അടിസ്ഥാന വില (രൂപ) |
|---|---|---|
| (1) | (2) | (3) |
| 1 | മരച്ചീനി | 12 |
| 2 | നേന്ത്രൻ | 30 |
| | വയനാടൻ നേന്ത്രൻ | 24 |
| 3. | കൈതച്ചക്ക | 15 |
| 4. | കുമ്പളം | 9 |
| 5. | വെള്ളരി | 8 |
| 6. | പാവൽ | 30 |
| 7. | പടവലം | 16 |
| 8. | വള്ളിപ്പയർ | 34 |

| (1) | (2) | (3) |
|---|---|---|
| 9. | തക്കാളി | 8 |
| 10. | വെണ്ട | 20 |
| 11. | കാബേജ് | 11 |
| 12. | കാരറ്റ് | 21 |
| 13. | ഉരുളക്കിഴങ്ങ് | 20 |
| 14. | ബീൻസ് | 28 |
| 15. | ബീറ്റ്റൂട്ട് | 21 |
| 16. | വെളുത്തുള്ളി | 139 |

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാന വില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻപ്രകാരം ഉത്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുക്കപ്പെട്ട 550 വിപണികൾ വഴി സംഭരിക്കുന്നു. ഇങ്ങനെ സംഭരിക്കു മ്പോൾ ഉണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങുവിലയിൽ നിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് നേരിട്ട് നൽകുന്നു. കോവിഡ് 19 രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനമുപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് 10.00 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അടച്ചിടൽ കാരണം മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദ്ദേശം നൽകുകയും അതുപ്രകാരം

ഹോർട്ടികോർപ്പ് വിപണിയിലിടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സഹകരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊണ്ടിട്ടുണ്ട്. കൂടാതെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച ചന്തകൾ വഴിയും ഉല്പന്നങ്ങൾ വിറ്റഴിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉല്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ 28-7-2021 വരെ 61439 കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്.

**കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ നടപടികൾ**

47 (2766) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വേനൽമഴ ഉൾപ്പെടെയുള്ള അവിചാരിതമായ കാരണങ്ങളാൽ കൃഷിനാശം സംഭവിച്ച കർഷകരെ സഹായിക്കാൻ സമയബന്ധിതമായ നടപടികൾ ഉണ്ടാകുമോ?

പ്രകൃതി ദുരന്തങ്ങൾ കാരണം കൃഷി നശിക്കുന്ന സാഹചര്യത്തിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി, പരിഷ്കരിച്ച വിള ഇൻഷ്വറൻസ് പദ്ധതി, കേന്ദ്രാവിഷ്കൃത വിള ഇൻഷ്വറൻസ് പദ്ധതികളായ പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവ മുഖേന അർഹതയുള്ള ധനസഹായം സമയബന്ധിതമായി കർഷകർക്ക് നൽകിവരുന്നുണ്ട്.

(ബി) കാസർഗോഡ് ജില്ലയിൽ കാലവർഷത്തിന് മുമ്പ് വ്യാപകമായി ഉണ്ടായ കൃഷിനാശത്തിന് നഷ്ടപരിഹാര വിതരണം അടിയന്തരമായി ഉണ്ടാകുമോ?

പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള സംസ്ഥാന വിഹിതമായി അനുവദിച്ച തുകയിൽനിന്നും 3.68609 ലക്ഷം രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുള്ള 4.01860 ലക്ഷം രൂപയും കാസർഗോഡ് ജില്ലയിലെ കർഷകർക്ക് വിതരണം നടത്തിയിട്ടുണ്ട്. അപേക്ഷകൾ പരിശോധിച്ച് അർഹതയുള്ള നഷ്ടപരിഹാരത്തുക കർഷകർക്ക് അനുവദിച്ചുവരുന്നു.

### കർഷകർക്ക് നഷ്ടപരിഹാരം

48 (2767) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിലുള്ള ആലത്തൂർ, എരിമയൂർ, മേലാർകോട്, വണ്ടാഴി, കിഴക്കഞ്ചേരി, കുഴൽമന്ദം, തേങ്കുറുശ്ശി എന്നീ കൃഷിഭവനകളിൽ 2019-20, 2020-21 വർഷങ്ങളിൽ കൃഷിനാശം സംഭവിച്ച കർഷകർക്ക് നൽകേണ്ട നഷ്ടപരിഹാരം എത്രയെന്ന് കൃഷിഭവൻ തിരിച്ച് വ്യക്തമാക്കുമോ?

2019-20 വർഷത്തേയ്ക്ക് നൽകേണ്ട നഷ്ടപരിഹാരത്തുക പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2020-21 വർഷത്തെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത നഷ്ടപരിഹാരം എപ്പോൾ നൽകാൻ കഴിയുമെന്ന് വിശദമാക്കുമോ?

2020-21 വർഷത്തെ കുടിശ്ശിക അടിയന്തരമായി നൽകുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### നെൽകർഷകർക്ക് സംഭവിച്ച നഷ്ടം

49 (2768) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ ശക്തമായ മഴയിൽ നെൽകർഷകർക്ക് സംഭവിച്ച ഭീമമായ നഷ്ടത്തിന്റെ അടിസ്ഥാനത്തിൽ കൃഷി വകുപ്പ് സ്വീകരിച്ച നടപടികൾ അറിയിക്കുമോ?

കഴിഞ്ഞ വർഷത്തെ ശക്തമായ മഴയിൽ കൃഷിനാശം സംഭവിച്ച കർഷകർക്കും പാടശേഖരങ്ങൾക്കും പ്രകൃതിക്ഷോഭംമൂലമുള്ള കൃഷിനാശത്തിനുള്ള ധനസഹായ പദ്ധതി പ്രകാരവും സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരവും അർഹമായ ആനുകൂല്യം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിന് സംസ്ഥാന വിഹിതമായി 4993.8543 ലക്ഷം രൂപ അധിക ധനാനുമതി പ്രകാരം അനുവദിച്ചിട്ടുണ്ട്. അതിൽ 1-1-2020 മുതൽ 31-5-2020 വരെ AIMS പോർട്ടലിലെ അംഗീകരിച്ച ക്ലെയിമുകളിൽ 1518.69184 ലക്ഷം രൂപ വിതരണം നടത്തിയിട്ടുണ്ട്. കൂടാതെ 2021-22 ൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച 750.00 ലക്ഷം രൂപയിൽ നിന്നും 175.0473 ലക്ഷം രൂപ 2018-19 ലെ കുടിശ്ശിക തുകയും കർഷകർക്ക് നൽകിയിട്ടുണ്ട്. സംസ്ഥാന ദുരന്ത പ്രതികരണ

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നിധിയിൽനിന്നും 489.31029 ലക്ഷം രൂപ അനുവദിച്ചു. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2000 ലക്ഷം രൂപ വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് നഷ്ടപരിഹാരമായി വിതരണം ചെയ്യുന്നതിന് അനുവദിച്ചു.

(ബി) നെൽകൃഷിയെ മഴ പ്രതികൂലമായി ബാധിച്ചതിന്റെ അടിസ്ഥാനത്തിൽ നെൽകർഷകർക്കുണ്ടായ നഷ്ടം കണക്കാക്കിയിട്ടുണ്ടോ; ജില്ല തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

ഉണ്ട്. 2020-21 വർഷത്തിൽ മഴ പ്രതികൂലമായി ബാധിച്ചതിന്റെ ഫലമായി സംസ്ഥാനത്തെ 65489 നെൽകർഷകരുടെ 27073.42 ഹെക്ടർ സ്ഥലത്ത് വിളനാശമുണ്ടായി. പ്രഥമ വിവര ശേഖരണ റിപ്പോർട്ട് പ്രകാരം (FIR) 89041.73 ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്ക് അനുബന്ധം-I ആയി ചേർക്കുന്നു.*

(സി) കോട്ടയ്ക്കൽ മണ്ഡലത്തിൽനിന്നും ആനുകൂല്യത്തിനായി അപേക്ഷകൾ ലഭിച്ചിട്ടുണ്ടോ; എത്ര അപേക്ഷകൾ ലഭിച്ചെന്നും ഇതിൽ എത്ര പേർക്ക് ആനുകൂല്യം നൽകിയിട്ടുണ്ടെന്നും പഞ്ചായത്തും നഗരസഭയും തിരിച്ച് കണക്ക് ലഭ്യമാക്കുമോ?

വിശദാംശങ്ങൾ അനുബന്ധം - II ആയി ചേർക്കുന്നു.*

**കർഷകർക്കുള്ള നഷ്ടപരിഹാരം**

50 (2769) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ കാലവർഷക്കെടുതിയിലും അല്ലാതെയും കൃഷിനാശം സംഭവിച്ച എത്ര കർഷകർക്ക് എത്ര രൂപയുടെ നഷ്ടപരിഹാരം വിതരണം ചെയ്യാൻ ബാക്കിയുണ്ട്; എന്തുകൊണ്ടാണ് സഹായം വിതരണം ചെയ്യാൻ കാലതാമസ മുണ്ടാകുന്നത്?

ഈ സർക്കാർ കാലയളവിൽ മങ്കട നിയോജകമണ്ഡലത്തിൽ കാലവർഷക്കെടുതിയിലും അല്ലാതെയും 73 കർഷകർക്ക് 3,24,013 രൂപ നഷ്ടപരിഹാരം നൽകാൻ ബാക്കിയുണ്ട്.

(ബി) കൃഷി നാശം നേരിട്ട കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് സർക്കാർ നൽകി വരുന്നത്; ഓരോ വിളയ്ക്കും എന്തെല്ലാം തരത്തിലുള്ള സഹായമാണെന്ന് ഇനം തിരിച്ച് ലഭ്യമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കൃഷിനാശം സംഭവിച്ച കർഷകർക്ക് പ്രകൃതിക്ഷോഭങ്ങൾ അഭിമുഖീകരിക്കുന്നതിനും കീടരോഗബാധ നിയന്ത്രണത്തിനുമുള്ള അടിയന്തര പദ്ധതിയിൽ ഉൾപ്പെടുത്തി പ്രകൃതിദുരന്തങ്ങൾ ഉണ്ടാകുന്നപക്ഷം ആനുകൂല്യങ്ങൾ നൽകുന്നതിനായി കരുതൽ വിത്തിന്റെ ശേഖരത്തിൽനിന്നും സൗജന്യമായ വിത്ത് വിതരണം, മടവീഴ്ചമൂലം നശിച്ച ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും കേടുപാടുകൾ പരിഹരിക്കുന്നതിനുമുള്ള സഹായം, നിലവിലുള്ള ബണ്ടുകൾ ശക്തിപ്പെടുത്തുന്നതിനും വെള്ളം കയറിയ കൃഷിയിടങ്ങളിൽനിന്നും ചെളിയും മണ്ണും നീക്കം ചെയ്യുന്നതിനുമുള്ള സഹായം, കീടരോഗബാധകൾ അനിയന്ത്രിതമായുണ്ടാകുന്ന അവസരങ്ങളിൽ വിളയെ സംരക്ഷിക്കുന്നതിനുള്ള സഹായം, പ്രകൃതിക്ഷോഭംമൂലം വിളനാശം സംഭവിക്കുന്നതിനുള്ള നഷ്ടപരിഹാരം എന്നീ സഹായങ്ങൾ നൽകുന്നു. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി, പ്രധാനമന്ത്രി ഫസൽ ബീമാ യോജന, കാലാവസ്ഥാധിഷ്ഠിത വിള ഇൻഷ്വറൻസ് പദ്ധതി എന്നിവയിലൂടെയും പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് നഷ്ടപരിഹാരങ്ങൾ അനുവദിക്കാറുണ്ട്. SDRF-ൽനിന്നും വിള നാശത്തിനും കർഷകർക്ക് തുക അനുവദിക്കാറുണ്ട്. ഓരോ വിളകൾക്കും നൽകുന്ന സഹായങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

**വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശം**

51(2770) <u>ശ്രീമതി ഒ. എസ്. അംബിക</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

വന്യജീവികളുണ്ടാക്കുന്ന നാശനഷ്ടത്തിന് സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം ഇൻഷ്വർ ചെയ്ത കർഷകർക്ക് നഷ്ടപരിഹാരം നൽകുന്നുണ്ട്. വന്യജീവി ആക്രമണത്തെ തടയുന്നതിനായി കൃഷിത്തോട്ടങ്ങളിലും നഴ്സറികളിലും സൗരോർജ്ജവേലി, കിടങ്ങുകൾ, Chain link Fence എന്നിവ നിർമ്മിക്കുന്നുണ്ട്. കൂടാതെ കൃഷി വകുപ്പിന്റെ ആത്മ, Crop Health Management എന്നീ പദ്ധതികൾ പ്രകാരം ബോറപ്പ്, ഇക്കോടോൺ തുടങ്ങിയ രാസവസ്തുക്കളുടെ പ്രയോഗം സംബന്ധിച്ചും കർഷകർക്ക് പരിജ്ഞാനം നൽകുകയും വിതരണം നടത്തുകയും ചെയ്തിട്ടുണ്ട്. 2020-21 വർഷത്തിൽ വിള ആരോഗ്യ പരിപാലന പദ്ധതി പ്രകാരം വന്യജീവി ആക്രമണത്തിനെതിരെ നിയന്ത്രണ മാർഗ്ഗങ്ങൾ പ്രോജക്ട് അടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിന്റെ ഭാഗമായി തിരുവനന്തപുരം ജില്ലയിലെ നെടുമങ്ങാട് ബ്ലോക്കിലെ കാട്ടുപന്നി ആക്രമണം രൂക്ഷമായ സ്ഥലങ്ങളിൽ അവയെ നിയന്ത്രിക്കുന്നതിനായി നൈലോൺനെറ്റ് വേലി, ബോറപ്പ്, സോളാർവേലി,

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ബയോ അക്വാസ്റ്റിക്സ്, ചെയിൻ ലിങ്ക് ഫെൻസിംഗ് എന്നീ മാർഗ്ഗങ്ങൾ ഉപയോഗിച്ച് നിയന്ത്രണ മാർഗ്ഗം ഏർപ്പെടുത്തുന്ന പദ്ധതിക്ക് പത്തുലക്ഷം രൂപ ചെലവഴിച്ച് നടപ്പിലാക്കിയിട്ടുണ്ട്. ആത്മ പദ്ധതിയിൽ ഉൾപ്പെടുത്തി എക്കോഡോണിന്റെ ഉപയോഗത്തിനെ പ്രോത്സാഹിപ്പിക്കുവാനായി പ്രദർശന തോട്ടങ്ങളും ഒരുക്കി യിട്ടുണ്ട്. ഇതുകൂടാതെ വനം വകുപ്പും വന്യജീവികൾ ഉണ്ടാക്കുന്ന കൃഷിനാശവുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) ജനവാസ മേഖലകളിൽ കൃഷിനാശം ഉണ്ടാക്കുന്നത് തടയാനായി മറ്റു വകുപ്പുകളുമായി ചേർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ജനവാസമേഖലകളിൽ വന്യജീവി ആക്രമണംമൂലം കൃഷിനാശം ഉണ്ടാകുന്നത് തടയാൻ മറ്റു വകുപ്പുകളുമായി ചേർന്ന് നടപടികളൊന്നും സ്വീകരിച്ചിട്ടില്ല. എന്നാൽ കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധി കളോടെ കൊല്ലുവാൻ 16-2-2019-ലെ സ.ഉ.(കൈ)നമ്പർ 7/2019/വനം പ്രകാരം വനം വകുപ്പ് അനുമതി നൽകിയിട്ടുണ്ട്.

## വന്യമൃഗശല്യംമൂലമുള്ള കൃഷിനാശം

52(2771) <u>ശ്രീ. എ. സി. മൊയ്തീൻ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വന്യമൃഗ ആക്രമണംമൂലം ഉണ്ടാകുന്ന കൃഷിനാശം ഗണ്യമായി വർദ്ധിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) എങ്കിൽ ഇത് തടയുവാൻ വനം വകുപ്പുമായി ചേർന്ന് ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വിശദമാക്കാമോ?

ഇത് തടയുവാൻ വനം വകുപ്പുമായി ചേർന്ന് ഒരു പദ്ധതിക്കും രൂപം നൽകിയിട്ടില്ല. എന്നാൽ കൃഷിയിടങ്ങളിൽ നിരന്തരം കൃഷിനാശം വരുത്തുന്ന കാട്ടുപന്നികളെ ഉപാധികളോടെ വെടിവച്ചു കൊല്ലുവാൻ വനം വകുപ്പ് ഉത്തരവുകൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇത്തരത്തിൽ കൃഷിനാശം സംഭവിച്ചവർക്ക് നഷ്ടപരിഹാരം നൽകുന്ന തിനായി ആവിഷ്കരിച്ച പദ്ധതികൾ എന്തൊക്കെയെന്ന് അറിയിക്കാമോ?

സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം പദ്ധതിയിൽ അംഗങ്ങളായ കർഷകർക്ക് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള 27 ഇനം കാർഷിക വിളകൾക്ക് പദ്ധതിയിൽ പരാമർശിച്ചിട്ടുള്ള നിബന്ധനകൾക്കും നിരക്കുകൾക്കും വിധേയമായി കാട്ടാനകൾക്ക് പുറമേ മറ്റ് വന്യമൃഗ ആക്രമണം മൂലമുള്ള നാശനഷ്ടങ്ങൾക്കും നഷ്ടപരിഹാരം നൽകിവരുന്നു. വന്യജീവി ആക്രമണംമൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് വനം വകുപ്പും നഷ്ടപരിഹാരം നൽകിവരുന്നുണ്ട്.

**വിളകൾക്ക് തറവില**

53 (2772) <u>ഡോ. മാത്യു കുഴൽനാടൻ</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മരച്ചീനിയും വാഴയും കൈതച്ചക്കയും കൃഷി ചെയ്യുന്ന കർഷകർക്ക് അവരുടെ ഉൽപ്പന്നങ്ങൾക്ക് തറവിലപോലും ലഭ്യമാകാത്ത അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ നടപടി സ്വീകരിക്കുമോ?

16 ഇനം പച്ചക്കറികൾക്ക് അടിസ്ഥാന വില നൽകുന്ന പദ്ധതി പ്രകാരം AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത അർഹരായ കർഷകർക്ക് അടിസ്ഥാന വില ലഭ്യമാക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 6-7-2021-ലെ G.O. (Rt) 580/2021/Agri നമ്പർ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. അടച്ചിടൽ കാരണം മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിലിടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗരപ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊള്ളുകയും ചെയ്തിട്ടുണ്ട്. അടിസ്ഥാന വില പദ്ധതി പ്രകാരം 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ 28-7-2021 വരെ 61439 കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. ഇതിൽ 31640 കർഷകർ വാഴക്കൃഷിക്കും 618 കർഷകർ പൈനാപ്പിൾ കൃഷിക്കും 7705 കർഷകർ മരച്ചീനി കൃഷിക്കും രജിസ്റ്റർ ചെയ്തിട്ടുണ്ട്.

**കാർഷിക വിഭവങ്ങളുടെ സമാഹരണം**

54 (2773) <u>ശ്രീ. റോജി എം. ജോൺ</u>: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തറവില പ്രഖ്യാപിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും പച്ചക്കറി ഉൾപ്പെടെ കാർഷിക വിഭവങ്ങൾക്ക് വില നൽകി സമാഹരിക്കാൻ സർക്കാർ തയ്യാറായിട്ടില്ല എന്ന ആക്ഷേപത്തിന്റെ നിജസ്ഥിതി വെളിപ്പെടുത്തുമോ?

26-10-2020-ലെ G.O.(Ms) 80/2020/Agri നമ്പർ ഉത്തരവുപ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതി നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു.

പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ മരച്ചീനി, നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളക്കിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. 2020-21 വർഷത്തിൽ വിവിധ ജില്ലകളിന്മേൽ പച്ചക്കറികളുടെ സംഭരണത്തിലൂടെ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും ചെയ്തു. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ കീഴിൽ 28-7-2021 വരെ 61439 കർഷകരാണ് രജിസ്റ്റർ ചെയ്തിട്ടുള്ളത്. കോവിഡ് 19 രണ്ടാം തരംഗമുണ്ടായ സാഹചര്യത്തിൽ നടപ്പാക്കിയ അടച്ചിടൽ കാരണം വിപണിയിൽ കർഷകരുടെ ഉത്പന്നങ്ങൾ വിൽക്കുന്നതിന് പ്രയാസങ്ങൾ അനുഭവപ്പെട്ടു. ഇത് പരിഹരിക്കുവാൻ സർക്കാർ സംവിധാനമുപയോഗിച്ച് നിരവധി ഇടപെടലുകൾ നടത്തുകയും ചെയ്തു. AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്ത അർഹരായ കർഷകർക്ക് അടിസ്ഥാന വില പദ്ധതിപ്രകാരം സഹായം ലഭിക്കുന്നതിന് ഈ വർഷം 10.00 കോടി രൂപ വകയിരുത്തിയിട്ടുള്ളതും 6-7-2021 -ലെ GO (Rt) 580/2021/Agri നമ്പർ ഉത്തരവ് പ്രകാരം ടി തുകയ്ക്ക് ഭരണാനുമതി നൽകിയിട്ടുള്ളതുമാണ്. അടച്ചിടൽ കാരണം മരച്ചീനി വിറ്റഴിക്കുന്നതിന് കർഷകർക്ക് ബുദ്ധിമുട്ടുണ്ടായ സാഹചര്യത്തിൽ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്യാത്ത കർഷകരുടെയും മരച്ചീനി അടിസ്ഥാന വിലയ്ക്ക് സംഭരിക്കുന്നതിന് ഹോർട്ടികോർപ്പിന് നിർദേശം നൽകുകയും അതുപ്രകാരം ഹോർട്ടികോർപ്പ് വിപണിയിൽ ഇടപെടുകയും ചെയ്തു. കൂടാതെ കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ നഗര പ്രദേശങ്ങളിൽ വഴിയോര വിപണികൾ സംഘടിപ്പിക്കുകയും തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ക്ഷീര സഹകരണ സ്ഥാപനങ്ങളുടെയും സഹകരണത്തോടെ മരച്ചീനി വിറ്റഴിക്കുന്നതിനുള്ള നേതൃത്വം കൃഷി ഓഫീസർമാർ കൈക്കൊണ്ടിട്ടുണ്ട്.

**ഫാം ടൂറിസം പദ്ധതി**

55 (2774) <u>ശ്രീ. ആന്റണി ജോൺ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിൽ ആരംഭിക്കുന്ന ഫാം ടൂറിസം പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതിനായി 50 കോടി രൂപയുടെ പ്രൊപ്പോസൽ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ.എൽ.ഡി.സി.) സമർപ്പിച്ചിരുന്നു. വിവിധ സ്രോതസ്സുകളിൽ നിന്നും തുക കണ്ടെത്തിക്കൊണ്ട് ഘട്ടങ്ങളായി നടപ്പിലാക്കാനുള്ളതാണ് ടി പദ്ധതി. ഇതിന്റെ ആദ്യ ഘട്ടത്തിൽ 13.53 കോടി രൂപ (ആർ.കെ.ഐ.-10 കോടി, ആർ.കെ.വി.വൈ. - 3.53 കോടി) അനുവദിച്ചിട്ടുണ്ട്. ഇതിൽ ആർ.കെ.വി.വൈ.-യുടെ

1.18 കോടി രൂപയുടെ വർക്കുകൾ സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് വിഭാഗം നടപ്പിലാക്കുമ്പോൾ, ബാക്കി 12.35 കോടി രൂപയുടെ വർക്കുകളാണ് കെ.എൽ.ഡി.സി. നിർവ്വഹിക്കുന്നത്. പരിശീലന കേന്ദ്രം, ഗസ്റ്റ് ഹൗസ്, ചെറുകിട സംസ്കരണ യൂണിറ്റുകൾ, ചെക്ക് ഡാം, ഹൈടെക് പോളി ഹൗസ്, ഗ്രീൻ ഹൗസ്, ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം എന്നിവയുടെ പ്രവൃത്തികൾ പുരോഗമിക്കുന്നു. കൂടാതെ മത്സ്യ കുളങ്ങൾ, വിവിധ വിളകളുടെ മ്യൂസിയം, കൂൺ കൃഷി യൂണിറ്റുകൾ, വില്പന ഗ്യാലറികൾ എന്നിവയുടെ വർക്കുകൾ പുരോഗമിക്കുന്നു. കൃത്യത കൃഷി സംവിധാനം സ്ഥാപിക്കൽ, ഹൈ ഡെൻസിറ്റി പഴത്തോട്ടങ്ങൾ സ്ഥാപിക്കൽ എന്നിവയുടെ വർക്കുകൾ ആരംഭിച്ചു.

(ബി) നേര്യമംഗലം കൃഷി ഫാമിൽ ഫാം ടൂറിസം നടപ്പിലാക്കുന്നതിനുവേണ്ടി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ തയ്യാറാക്കിയ അൻപത് കോടി രൂപയുടെ ഫാം ടൂറിസം പ്രോജക്ടിൽ എന്ത് തുടർ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

കെ.എൽ.ഡി.സി. തയ്യാറാക്കിയ 50 കോടി രൂപയുടെ ഫാം ടൂറിസം പ്രോജക്ടിൽ നിലവിൽ അനുവദിച്ചിട്ടുള്ള തുക 13.53 കോടി രൂപയാണ് (ആർ.കെ.ഐ.- 10 കോടി, ആർ.കെ.വി.വൈ.- 3.53 കോടി). ആർ.കെ.വി.വൈ. ഫണ്ടിൽ 1.18 കോടി രൂപയുടെ പ്രവർത്തനങ്ങൾ സ്റ്റേറ്റ് അഗ്രിക്കൾച്ചർ എഞ്ചിനീയറിംഗ് വിഭാഗത്തിന് കീഴിൽ നടപ്പിലാക്കേണ്ടവയാണ്. പമ്പ് ഹൗസ്, കന്നുകാലി ഷെഡ്ഡുകൾ, ഗ്രൗണ്ട് വാട്ടർ ടാങ്കുകൾ എന്നിവയുടെ നിർമ്മാണം, വിവിധ യന്ത്രങ്ങൾ വാങ്ങൽ എന്നിവ പൂർത്തീകരിച്ചുകഴിഞ്ഞു. കെ.എൽ.ഡി.സി.-യുടെ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു :

റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് സ്കീമിൽ (ആർ.കെ.ഐ) ഉൾപ്പെടുത്തി 6-2-2020-ലെ സ.ഉ.(സാധാ)നമ്പർ 75/2020/പി.&ഇ.എ. സർക്കാർ ഉത്തരവ് പ്രകാരം 10 കോടി രൂപയുടെ ഭരണാനുമതി കെ.എൽ.ഡി.സി.-ക്ക് ലഭിച്ചു. ഫാം ടൂറിസത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുക, ഫാം തൊഴിലാളികളുടെയും യുവ ജനങ്ങളുടെയും തൊഴിലവസരം വർദ്ധിപ്പിക്കുക, ഫാമിലെ മറ്റു പ്രവർത്തനങ്ങളെ വിപുലീകരിച്ച് സമഗ്രവികസനം ഉറപ്പാക്കുക എന്നീ ലക്ഷ്യം ഉൾപ്പെടുന്ന പദ്ധതിയുടെ ആദ്യ ഘട്ടത്തിൽ 10 കോടി രൂപയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിച്ചിട്ടുണ്ട്. ചുവടെ പറയുന്ന ഘടകങ്ങൾ ഇതിൽ ഉൾപ്പെടുന്നു.

| ക്രമ നമ്പർ | ഇനം | തുക (ലക്ഷത്തിൽ) |
|---|---|---|
| (1) | (2) | (3) |

| (1) | (2) | (3) |
|---|---|---|
| 1 | ഡെവലപ്മെന്റ് ഓഫ് ഇന്റഗ്രേറ്റഡ് ഫാമിംഗ് സിസ്റ്റം | 165.00 |
| 2 | ഹൈടെക് പോളി ഹൗസ്, ഗ്രീൻ ഹൗസ് എന്നിവ | 100.00 |
| 3 | പരിശീലന കേന്ദ്രവും ഗസ്റ്റ് ഹൗസും | 375.00 |
| 4 | ചെക്ക് ഡാമിന്റെ നിർമ്മാണം | 175.00 |
| 5 | ചെറുകിട സംസ്കരണ യൂണിറ്റുകൾ | 125.00 |
| 6 | ടോപ്പോഗ്രാഫിക് സർവ്വേ | 12.00 |
| 7 | മറ്റു ചെലവുകളും മേൽനോട്ട ചെലവുകളും ഉൾപ്പെടെ | 48.00 |
| | ആകെ | 1000.00 |

പ്രസ്തുത പ്രവൃത്തികളിൽ ഹൈടെക് സ്ട്രക്ച്ചേഴ്സ്, ചെക്ക് ഡാം, കുളങ്ങൾ, സ്മാൾ സ്കെയിൽ പ്രോസസ്സിംഗ് യൂണിറ്റുകൾ, പരിശീലന കേന്ദ്രവും ഗസ്റ്റ് ഹൗസും നിർമ്മിക്കൽ മുതലായവ ഇതിനോടകംതന്നെ ആരംഭിക്കുകയും 25% ഭൗതിക പുരോഗതി കൈവരിക്കുകയും ചെയ്തിട്ടുണ്ട്. റീ-ബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിൽ 2.35 കോടി രൂപയുടെ പ്രവർത്തനങ്ങൾ കെ.എൽ.ഡി.സി. നടപ്പിലാക്കുന്നുണ്ട്. അതിൽ 2 മത്സ്യക്കുളങ്ങൾ, വിവിധ വിളകളുടെ മ്യൂസിയം, കൂൺ കൃഷി യൂണിറ്റുകൾ, വില്പന ഗാലറികൾ എന്നിവയുടെ വർക്കുകൾ പുരോഗമിക്കുന്നു. കൃത്യത കൃഷി സംവിധാനം സ്ഥാപിക്കൽ, ഹൈ ഡെൻസിറ്റി പഴത്തോട്ടങ്ങൾ സ്ഥാപിക്കൽ എന്നിവയുടെ വർക്കുകൾ നടത്തുന്നതിനുള്ള ആദ്യ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഫാം ടൂറിസത്തിന്റെ ഭാഗമായി എന്തെല്ലാം പദ്ധതികളാണ് നിർദ്ദിഷ്ട പ്രോജക്ടിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വിശദമാക്കാമോ?

നേര്യമംഗലം ജില്ലാ കൃഷിതോട്ടത്തിൽ 50 കോടി രൂപയുടെ ഫാം ടൂറിസം പ്രോജക്ടിൽ ഫെസിലിറ്റേഷൻ സെന്റർ, അഗ്രി ട്രേഡ് സെന്റർ, വാക് വേ, പ്രോമിനേഡ്, ഗോൾഡൻ വില്ല, ടെന്റ് ബെഡ് വിത്ത് ടോയ്‌ലറ്റ്, സീറ്റിംഗ് ബെഞ്ച്

വിത്ത് പ്ലാന്റർ ബോക്സ്, ഹാർഡ് റെയിൽ, എൻട്രൻസ് ഗെയിറ്റ്, നെയിം ബോർഡ്, ടോയ്‌ലറ്റ് ബ്ലോക്ക്, എൻട്രസ് പ്ലാസ, കോമ്പൗണ്ട് വാൾ മുതലായവയാണ് ഉൾപ്പെടുത്തിയിരിക്കുന്നത്.

(ഡി) ഹൈറേഞ്ചിന്റെ കവാടവും ഏറെ വിനോദസഞ്ചാരികൾ നിത്യേന സന്ദർശിക്കുന്നതുമായ നേര്യമംഗലം കൃഷി ഫാമിൽ ഫാം ടൂറിസം വേഗത്തിൽ ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഇപ്പോൾ അനുവദിച്ച 13.53 കോടി രൂപ വിനിയോഗിച്ച് ഫാം ടൂറിസവുമായി ബന്ധപ്പെട്ട വികസന പ്രവർത്തനങ്ങൾ നേര്യമംഗലം കൃഷി ഫാമിൽ വേഗത്തിൽ പുരോഗമിച്ചുവരികയാണ്.

**കാർഷിക വിളകളുടെ നാശനഷ്ടങ്ങൾ**

56(2775) ശ്രീ. അൻവർ സാദത്ത്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2018-ലെ പ്രളയംമൂലമുണ്ടായിട്ടുള്ള കാർഷിക വിളകളുടെ നാശനഷ്ടങ്ങളുടെ കണക്കുകൾ ലഭ്യമാക്കുമോ; ഇവയ്ക്ക് വിള ഇൻഷ്വറൻസ് പരിരക്ഷയും നഷ്ട പരിഹാര ത്തുകയും വിതരണം ചെയ്യുന്നത് പൂർത്തിയായിട്ടുണ്ടോ; വിശദാംശം നൽകുമോ?

2018 ആഗസ്റ്റ് മാസത്തിലുണ്ടായ പ്രകൃതിക്ഷോഭംമൂലം സംസ്ഥാനമൊട്ടാകെ കാർഷിക മേഖലയ്ക്ക് 19001.84 കോടി രൂപയുടെ നാശനഷ്ടമുണ്ടായതായി കണക്കാക്കിയിട്ടുണ്ട്. ഇതിൽ വിളകൾക്കുണ്ടായ നാശനഷ്ടം 18545.25 കോടി രൂപ, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽ എന്നിവമൂലം കൃഷി ഭൂമിക്കുണ്ടായ നാശം 326.25 കോടി രൂപ, കാർഷിക മേഖലയിലെ ആസ്തികൾക്കും ഉല്പാദനോപാധികൾക്കുമുണ്ടായ നാശനഷ്ടം 130.34 കോടി രൂപ എന്നിവ ഉൾപ്പെടുന്നു. 2018-19-ൽ പ്രളയത്തിൽ കൃഷി നശിച്ചവർക്ക് പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം സംസ്ഥാന വിഹിതമായി 17579 ലക്ഷം രൂപയും, എസ്.ഡി.ആർ.എഫ്.-ൽനിന്ന് 11598.8514 ലക്ഷം രൂപയും അനുവദിച്ചു. എറണാകുളം, കോഴിക്കോട്, തൃശ്ശൂർ ജില്ലകളിൽ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പദ്ധതി പ്രകാരം പ്രളയത്തിന്റെ കുടിശ്ശികയുണ്ടായിരുന്ന 175.0473 ലക്ഷം രൂപയും ഇപ്പോൾ 2021-22-ലെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും അനുവദിച്ചിട്ടുണ്ട്. കൂടാതെ സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതി പ്രകാരം 2018-19 ൽ 3996.47315 ലക്ഷം രൂപയും കുടിശ്ശിക നൽകുവാനുണ്ടായിരുന്ന 2037 ലക്ഷം രൂപ 2019-20-ലും അനുവദിച്ചു.

**സബ്സിഡിയോടുകൂടി വാങ്ങുന്ന വളം**

57 (2776) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർഷകർ സബ്സിഡിയോടുകൂടി വാങ്ങുന്ന വളത്തിന് സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരമൊരു തീരുമാനമെടുക്കാൻ കാരണമെന്താണ്; വിശദാംശം ലഭ്യമാക്കുമോ?

രാസവളങ്ങളുടെ സംഭരണം, വിതരണം, ചരക്കുനീക്കം, സബ്സിഡി നിശ്ചയിക്കൽ എല്ലാം കേന്ദ്ര സർക്കാരിന്റെ പരിധിയിൽപ്പെട്ട വിഷയങ്ങളാണ്. സംസ്ഥാനങ്ങൾക്കുള്ള മാസംതോറുമുള്ള രാസവളങ്ങളുടെ വിഹിതം നിശ്ചയിക്കുന്നതും കേന്ദ്ര സർക്കാരാണ്. കർഷകർ സബ്സിഡിയോടുകൂടി വാങ്ങുന്ന വളത്തിന് നിലവിൽ കേന്ദ്ര സർക്കാർ നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ഒരു കർഷകന് മാസത്തിൽ 50 ചാക്ക് (2500 Kg.) സബ്സിഡിയുള്ള വളങ്ങൾ മാത്രമേ വാങ്ങാൻ സാധിക്കൂ. പല വ്യാവസായിക ആവശ്യങ്ങൾക്കും അസംസ്കൃത വസ്തുവായി ടെക്നിക്കൽ ഗ്രേഡ് യൂറിയ ഉപയോഗിക്കുന്നുണ്ട്. ഇതിന്റെ വില ഒരു കിലോയ്ക്ക് 30 രൂപയ്ക്ക് മുകളിലാണ്. കാർഷികാവശ്യത്തിനുപയോഗിക്കുന്ന യൂറിയയ്ക്ക് ഒരു കിലോയ്ക്ക് 6 രൂപയിൽ താഴെയാണ് വില. കർഷകർക്ക് ലഭിക്കുന്ന കാർഷിക ആവശ്യത്തിനുള്ള യൂറിയ പല സന്ദർഭങ്ങളിലും കർഷകരുടെ പേരിൽ വാങ്ങി വ്യവസായങ്ങൾക്ക് മറിച്ച് വിൽക്കുന്നതായി കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിരുന്നു. ഇത് നിയന്ത്രിക്കുന്നതിനുവേണ്ടിയെന്ന പേരിലാണ് കേന്ദ്ര സർക്കാർ കർഷകർക്ക് ലഭിക്കുന്ന സബ്സിഡിയുള്ള വളങ്ങൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയത്.

(ബി) സംസ്ഥാനത്തെ കർഷകർക്ക് ഈ തീരുമാനം പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതുപരിഹരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ തീരുമാനം പുനഃപരിശോധിക്കണമെന്ന കർഷകരുടെ ആവശ്യത്തിന്മേൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; കർഷകരുടെ ആശങ്ക കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

(ബി&സി) ചില വിളകൾ കൃഷി ചെയ്യുന്ന കർഷകർ ഈ തീരുമാനത്തിൽ ബുദ്ധിമുട്ട് നേരിടുന്നുണ്ടെന്ന് അറിയിച്ചിട്ടുണ്ട്. ഇത് പരിശോധിച്ച് നടപടി സ്വീകരിക്കുന്നതാണ്.

## അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം

58 (2777) ശ്രീ. എം. എം. മണി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനം സംബന്ധിച്ച വിശദാംശം നൽകാമോ; എന്തൊക്കെ സേവനങ്ങളാണ് പ്രസ്തുത സെന്ററുകൾ മുഖാന്തരം ലഭ്യമാവുകയെന്ന് വ്യക്തമാക്കുമോ?

കർഷക തൊഴിലാളികളുടെ കുറവ് പരിഹരിക്കുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപ്പാദനം, വിതരണം എന്നീ മേഖലകളിൽ ഇടപെടുക, ഗുണമേന്മയുള്ള നടീൽവസ്തുക്കൾ, ജൈവവളം മറ്റ് ഉൽപ്പാദനോപാധികൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക തുടങ്ങിയവ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനപരിധിയിൽ വരുന്ന ഘടകങ്ങളാണ്. കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുകയും യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിക്കൊടുക്കുകയും ചെയ്യുന്നു. കർഷകർക്ക് ആവശ്യമുള്ള ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനമാണ് അഗ്രോ സർവ്വീസ് സെന്ററുകൾ. തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുക, കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുക, ബയോ ഫാർമസി, ഇക്കോ ഷോപ്പ് തുടങ്ങിയവ നടത്തുക എന്നിവയൊക്കെ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങളിൽപ്പെടുന്നവയാണ്. നഴ്സറികൾ നടത്തുന്നതുവഴി ഗുണമേന്മയുള്ള നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും അഗ്രോ സർവ്വീസ് സെന്ററുകൾ സഹായിക്കുന്നു.

(ബി) ഉടുമ്പൻചോല മണ്ഡലത്തിൽ നിലവിൽ എത്ര അഗ്രോ സർവ്വീസ് സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്; വിശദാംശം നൽകാമോ?

ഉടുമ്പൻചോല മണ്ഡലത്തിൽ ഒരു അഗ്രോസർവ്വീസ് സെന്റർ ബാലഗ്രാമിൽ അനുവദിച്ച് 2016-ൽ പ്രവർത്തനം തുടങ്ങിയെങ്കിലും അഗ്രോ സർവ്വീസ് ടെക്നീഷ്യൻമാർ ജോലി ചെയ്യാൻ തയ്യാറാകാത്തതിനാൽ നിലവിൽ പ്രവർത്തനരഹിതമാണ്.

(സി) പുതിയതായി അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിക്കുന്നുണ്ടോ; ഇവ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ സംബന്ധിച്ച വിശദാംശം നൽകാമോ?

2021-22 സാമ്പത്തിക വർഷം മുതൽ അഗ്രോസർവ്വീസ് സെന്ററുകൾ കൃഷിശ്രീ സെന്ററുകൾ എന്നറിയപ്പെടുന്നു. ഈ സാമ്പത്തിക വർഷത്തിൽ എട്ട് കൃഷിശ്രീ സെന്ററുകൾ രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഫ്രണ്ട് ഓഫീസ് സൗകര്യം, മെഷിനറി സൂക്ഷിക്കുന്നതിന് സൗകര്യം എന്നിവ നൽകുന്ന ഏജൻസി കളേയോ, ഇവയ്ക്ക് സ്ഥലസൗകര്യം നൽകുന്ന ബ്ലോക്ക് പഞ്ചായത്തുകളേയോ ആണ് അഗ്രോസർവ്വീസ് സെന്ററുകൾ സ്ഥാപിക്കുന്നതിന് തെരഞ്ഞെടുക്കുന്നത്. അതതു ജില്ലകളിലെ ആത്മ പ്രോജക്ട് ഡയറക്ടർ പരസ്യം നൽകി ഏത് ബ്ലോക്കിലാണ് അഗ്രോസർവ്വീസ് സെന്റർ/കൃഷിശ്രീ സെന്ററുകൾ ആവശ്യം എന്നതനുസരിച്ച് പുതിയ അഗ്രോസർവ്വീസ് സെന്റർ അനുവദിക്കുന്നു. ഓഫീസ് പ്രവർത്തിക്കുന്നതിന് 25m2 വിസ്തീർണ്ണമുള്ള മുറിയും മെഷിനറി സൂക്ഷിക്കുന്നതിന് 200m2 സ്ഥല സൗകര്യവും നിർബന്ധമായും നൽകുന്ന ബ്ലോക്കിനാണ് കൃഷിശ്രീ സെന്ററുകൾ അനുവദിക്കുക. ഒരു ബ്ലോക്കിൽ സാധാരണഗതിയിൽ ഒരു കൃഷിശ്രീ സെന്റർ മാത്രമേ അനുവദിക്കുകയുള്ളൂ.

## ഹോർട്ടികോർപ്പ്-കാർഷികോല്പന്ന സംഭരണ കേന്ദ്രം

59 (2778) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക മേഖലയിലെ ഉല്പന്നങ്ങൾ സംഭരിക്കുന്നതിനും വിൽക്കുന്നതിനും കർഷർക്ക് ന്യായവില ലഭ്യമാക്കുന്നതിനും മലപ്പുറം ജില്ലയിൽ നിലവിലുള്ള സർക്കാർ സംവിധാനങ്ങൾ വിശദീകരിക്കാമോ; വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതുപരിഹരിക്കാൻ മലപ്പുറം ജില്ലാ ആസ്ഥാനത്തുൾപ്പെടെ പ്രധാന കേന്ദ്രങ്ങളിൽ ഹോർട്ടികോർപ്പിന് കീഴിൽ കാർഷികോല്പന്നങ്ങളുടെ സംഭരണ-വിപണന കേന്ദ്രം ആരംഭിക്കുമോയെന്ന് വ്യക്തമാക്കാമോ?

(എ & ബി) മലപ്പുറം ജില്ലയിലെ കാർഷികോല്പന്നങ്ങൾ സംഭരിച്ച് വിതരണം നടത്തുന്നതിന് വണ്ടൂർ കേന്ദ്രമായി ഹോർട്ടികോർപ്പ് ജില്ലാ സംഭരണ കേന്ദ്രം പ്രവർത്തിക്കുന്നു. ഇങ്ങനെ സംഭരിക്കുന്ന പച്ചക്കറികൾ മലപ്പുറം ജില്ലയിലെ ഹോർട്ടികോർപ്പിന് കീഴിലുള്ള 5 സ്വന്തം സ്റ്റാളുകൾ വഴിയും പത്തോളം ഇൻസ്റ്റിറ്റ്യൂഷനുകൾ വഴിയും വിറ്റഴിക്കുന്നു. അധികമായി സംഭരിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിന്റെ മറ്റു ജില്ലാ സംഭരണകേന്ദ്രങ്ങളിലേയ്ക്ക് അയച്ച് അവിടെ വിൽപ്പന നടത്തുന്നു. പ്രസ്തുത സംഭരണകേന്ദ്രത്തിന് വേണ്ടത്ര അടിസ്ഥാന സൗകര്യങ്ങൾ നിലവിലില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടതിനാൽ, ആയത് പരിഹരിക്കുന്നതിന് വണ്ടൂരിൽ നിലവിലുള്ള സംഭരണ കേന്ദ്രത്തിന് പുറമെ വളാഞ്ചേരി/തവനൂർ കേന്ദ്രമാക്കി ഒരു സംഭരണ കേന്ദ്രവും അനുബന്ധമായി വിൽപ്പന കേന്ദ്രങ്ങളും ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**കശുമാങ്ങയിൽനിന്നും മൂല്യവർദ്ധിത ഉൽപ്പന്നം**

60 (2779) <u>ശ്രീ. സി. എച്ച്. കുഞ്ഞമ്പു</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കശുമാങ്ങയിൽനിന്നും വ്യവസായികാടിസ്ഥാനത്തിൽ മൂല്യവർദ്ധിത ഉൽപ്പന്നം ഉണ്ടാക്കി വിപണനം ചെയ്യാൻ പ്ലാന്റേഷൻ കോർപ്പറേഷൻ തീരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

&

(ബി) ഈ ഉൽപ്പന്നം വിപണിയിൽ ഇറക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കുമോ?

(എ&ബി) ഉണ്ട്. കേരള കാർഷിക സർവ്വകലാശാലയുടെ സാങ്കേതിക സഹായത്തോടെ കശുമാങ്ങയിൽനിന്നും ഒരു കാർബണേറ്റഡ് പാനീയം പ്ലാൻറേഷൻ കോർപ്പറേഷന്റെ കാസർഗോഡ് എസ്റ്റേറ്റിൽ ഉൽപാദിപ്പിച്ച്, 'ഒസ്സിയാന' എന്ന ബ്രാൻഡ് നെയിമിൽ വിപണനം ആരംഭിച്ചിട്ടുണ്ട്.

(സി) ഇത് വ്യവസായികാടിസ്ഥാനത്തിൽ ഉൽപ്പാദിപ്പിക്കുന്നതിന് തുടർ നടപടികൾ എന്തെങ്കിലും സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

2019-20 വർഷം 300ml-ന്റെ 75000 ബോട്ടിലുകൾ വിപണനം നടത്താൻ ഉദ്ദേശിച്ചിരുന്നുവെങ്കിലും കോവിഡ് മഹാമാരിമൂലം ആവശ്യത്തിന് കശുമാങ്ങാപ്പഴം ശേഖരിക്കുന്നതിൽ ബുദ്ധിമുട്ട് നേരിട്ടതിനാൽ, 39422 എണ്ണം ബോട്ടിലുകൾ മാത്രമേ ഉൽപാദിപ്പിച്ചുള്ളൂ. 300ml-ന്റെ നാലുലക്ഷം ബോട്ടിലുകൾ ആർ.കെ.വി.വൈ. പദ്ധതിപ്രകാരമുള്ള സാമ്പത്തിക സഹായം ലഭ്യമാകുന്നതോടെ ഉൽപ്പാദിപ്പിച്ച് വിപണനം നടത്തുവാനാണ് ലക്ഷ്യമിട്ടിരിക്കുന്നത്. ആയതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**ചക്ക സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ**

61 (2780) <u>ശ്രീ. കെ. പ്രേംകുമാർ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിത ശൈലീരോഗങ്ങളെ ചെറുക്കാൻ ചക്ക ഉത്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചക്ക സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനെക്കുറിച്ച് സർക്കാർ ആലോചിച്ചിട്ടുണ്ടോ;

&

(ബി) ഇല്ലെങ്കിൽ അത്തരം കേന്ദ്രങ്ങൾ എല്ലാ പഞ്ചായത്തിലും ആരംഭിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

(എ&ബി) സംസ്ഥാനത്ത് വർദ്ധിച്ചുവരുന്ന ജീവിത ശൈലീരോഗങ്ങളെ ചെറുക്കാൻ ചക്ക ഉത്പന്നങ്ങളുടെ ഉപയോഗം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ചക്ക സംഭരണ സംസ്കരണ വിപണനം എന്ന പദ്ധതി വി.എഫ്.പി.സി.കെ. വഴി ഇടുക്കി, വയനാട് ജില്ലകളിൽ നടപ്പിലാക്കിവരുന്നു. ഇതിലേക്കായി 'ഡെവലപ്മെന്റ് ഓഫ് ഫ്രൂട്ട്സ്, ഫ്ലവേർസ് ആൻഡ് മെഡിസിനൽ പ്ലാന്റ്സ്' എന്നപദ്ധതിയിൽ ഉൾപ്പെടുത്തി 75 ലക്ഷം രൂപ 2020-21 വർഷത്തിൽ നൽകിയിട്ടുണ്ട്. ചക്ക സംഭരണ-വിപണന കേന്ദ്രങ്ങൾ ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ആരംഭിച്ചിട്ടുണ്ട്. വയനാട് ജില്ലയിലെ മുട്ടിലിലെ സ്വാശ്രയ കർഷക സമിതിയിൽ ചക്ക സംഭരണ കേന്ദ്രം ആരംഭിച്ചിട്ടുണ്ട്. ഇതുവഴി 35 ടണ്ണോളം ചക്ക കഴിഞ്ഞ വർഷം സംഭരിച്ചിട്ടുണ്ട്. സംഭരണത്തിന് കിലോയ്ക്ക് 5 രൂപ എന്ന നിരക്കിൽ കർഷകർക്ക് സഹായം ലഭ്യമാക്കി. കൂടാതെ ചക്കയുടെ മൂല്യവർദ്ധന പരിശീലനങ്ങൾ കർഷകർക്ക് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്. ചക്കയുടെ മൂല്യവർദ്ധനവിനായി ഇടുക്കി ജില്ലയിലെ കലയന്താനിയിൽ ചക്ക സംസ്കരണ കേന്ദ്രം വഴി ഫ്രോസൺ ജാക്ക്, ചക്ക അട, ചക്ക കുരു തുടങ്ങിയവ തളിർ ബ്രാൻഡിൽ വിപണനം ചെയ്തുവരുന്നു. ഇതിന്റെ വിപണന ശൃംഖല കൂടുതൽ വിപുലീകരിക്കുന്നതിനും ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വിപണി കണ്ടെത്തുന്നതിനും ശ്രമിച്ചുവരുന്നു. ഈ വർഷം വകയിരുത്തിയിട്ടുള്ള 75 ലക്ഷം രൂപ ഇടുക്കി ജില്ലയിൽ ആരംഭിച്ച മൂല്യവർദ്ധന യൂണിറ്റിനും വയനാട് ജില്ലയിൽ തുടങ്ങുവാനുദ്ദേശിച്ച യൂണിറ്റിനും സംഭരണത്തിനും കർഷകർക്കുള്ള പരിശീലനത്തിനുമായി വിനിയോഗിക്കുന്നതാണ്. എല്ലാ പഞ്ചായത്തിലും ചക്ക സംഭരണ-സംസ്കരണ-വിപണന കേന്ദ്രങ്ങൾ ആരംഭിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

**അഗ്രോസെന്ററുകൾ**

62(2781) <u>ശ്രീ. കെ. ബാബു (നെന്മാറ)</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ മണ്ഡലത്തിൽ എത്ര അഗ്രോസെന്ററുകളാണ് നിലവിലുള്ളത് എന്ന് വിശദമാക്കുമോ; അഗ്രോസെന്ററിന്റെ പ്രവർത്തനം എന്തെല്ലാമാണെന്ന് വിശദമാക്കുമോ?

നെന്മാറ മണ്ഡലത്തിൽ ഒരു അഗ്രോ സർവ്വീസ് സെന്ററാണ് നിലവിലുള്ളത്. ആയത് പല്ലശ്ശന ഗ്രാമപഞ്ചായത്തിലാണ്. കർഷക തൊഴിലാളി ക്ഷാമത്തിന് പരിഹാരം കണ്ടെത്തുക, കാർഷിക മേഖലയിൽ യന്ത്രോപകരണങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുക, വിവിധ കാർഷിക പ്രവർത്തനങ്ങളും സേവനങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് ലഭ്യമാക്കുക, കാർഷിക മേഖലയിലെ ഉൽപ്പാദനം, വിതരണം എന്നീ മേഖലകളിൽ

ഇടപെടുക, ഗുണമേന്മയുള്ള നടീൽവസ്തുക്കൾ, ജൈവവളം മറ്റ് ഉൽപ്പാദനോപാധികൾ എന്നിവ കർഷകർക്ക് ലഭ്യമാക്കുക തുടങ്ങിയവ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനപരിധിയിൽ വരുന്ന ഘടകങ്ങളാണ്. കൂടാതെ കൃഷിപ്പണികൾക്കാവശ്യമായ കാർഷിക ഉപകരണങ്ങളും യന്ത്രങ്ങളും മിതമായ നിരക്കിൽ കർഷകർക്ക് വാടകയ്ക്ക് നൽകുകയും യന്ത്രങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്തിക്കൊടുക്കുകയും ചെയ്യുന്നു. കർഷകർക്കാവശ്യമുള്ള ഉത്പാദനോപാധികൾ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സംവിധാനമാണ് അഗ്രോ സർവ്വീസ് സെന്ററുകൾ. തരിശുനിലങ്ങൾ ഏറ്റെടുത്ത് കൃഷി ചെയ്യുക, കാർഷിക മേഖലയിൽ മൂല്യവർദ്ധിത സംരംഭങ്ങൾ ഏറ്റെടുത്ത് നടത്തുക, ബയോഫാർമസി, ഇക്കോ ഷോപ്പ് തുടങ്ങിയവ നടത്തുക എന്നിവയൊക്കെ അഗ്രോ സർവ്വീസ് സെന്ററുകളുടെ പ്രവർത്തനങ്ങളിൽപ്പെടുന്നവയാണ്. നഴ്സറികൾ നടത്തുന്നതുവഴി ഗുണമേന്മയുള്ള നടീൽവസ്തുക്കൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും അഗ്രോ സർവ്വീസ് സെന്ററുകൾ സഹായിക്കുന്നു. പല്ലശ്ശനയിൽ രൂപീകരിച്ചിരിക്കുന്ന അഗ്രോ സർവ്വീസ് സെന്റർ പച്ചക്കറി വികസന പദ്ധതിയിലൂടെ വിതരണം ചെയ്യേണ്ട പച്ചക്കറി തൈകളും തൈകളടങ്ങിയ ഗ്രോബാഗുകളും അയിലൂർ, എലവഞ്ചേരി, മേലാർക്കോട്, നെന്മാറ, പല്ലശ്ശന, വണ്ടാഴി എന്നീ കൃഷി ഭവനുകളിലേയ്ക്ക് വിതരണം ചെയ്യുന്നു. ഇതുകൂടാതെ പോഷകത്തോട്ടത്തിനാവശ്യമായ ചെടികളും സ്കൂൾ ഗാർഡനാവശ്യമായ പച്ചക്കറി തൈകളും ഗ്രോബാഗുകളും ഈ കാർഷിക സേവന കേന്ദ്രം മുഖേന ഉല്പാദിപ്പിച്ച് വിതരണം ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ പുതിയ അഗ്രോസെന്റർ അനുവദിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; എങ്കിൽ അത് സംബന്ധിച്ച വിശദാംശം നൽകുമോ?

2021-22 സാമ്പത്തിക വർഷം മുതൽ അഗ്രോസർവ്വീസ് സെന്ററുകൾ കൃഷിശ്രീ സെന്ററുകൾ എന്നറിയപ്പെടുന്നു. ഈ സാമ്പത്തിക വർഷത്തിൽ എട്ട് കൃഷിശ്രീ സെന്ററുകൾ രൂപീകരിക്കുന്നതിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഓഫീസ് പ്രവർത്തിക്കുന്നതിന് 25m2 വിസ്തീർണ്ണമുള്ള മുറിയും മെഷിനറി സൂക്ഷിക്കുന്നതിന് 200m2 സ്ഥല സൗകര്യവും നിർബന്ധമായും നൽകുന്ന ബ്ലോക്കുകൾക്ക് പുതിയതായി അഗ്രോ സർവ്വീസ് സെന്റർ/കൃഷിശ്രീ സെന്റർ അനുവദിക്കുന്നതാണ്. അഗ്രോ സർവ്വീസ് സെന്ററുകൾ അനുവദിച്ചിട്ടില്ലാത്ത ബ്ലോക്കുകൾക്കാണ് മുൻഗണന നൽകുന്നത്.

**വെയർഹൗസുകൾ**

63(2782) ശ്രീ. ടി. ജെ. വിനോദ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മുൻ സർക്കാർ പുതിയതായി വെയർഹൗസുകൾ ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉണ്ട്. മുൻ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നബാർഡ്, വെയർഹൗസ് ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട് (WIF) പദ്ധതിയിൽ ആരംഭിച്ച ഗോഡൗണുകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. എറണാകുളം ജില്ലയിലെ നോർത്ത് പറവൂർ വെയർഹൗസിൽ പുതിയ ഗോഡൗണിന്റെ നിർമ്മാണത്തിന് 100 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പൂർത്തിയായിട്ടുണ്ട്.

2. പാലക്കാട് ജില്ലയിലെ കൊഴിഞ്ഞാമ്പാറ വെയർഹൗസിൽ മൾട്ടി സ്റ്റോറീഡ് വെയർഹൗസ് കം അഗ്രി കോംപ്ലക്സ് നിർമ്മാണത്തിന് 380 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വെയർഹൗസിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

3. ആലപ്പുഴ ജില്ലയിലെ മാവേലിക്കര വെയർഹൗസിൽ പുതിയ ഗോഡൗണിന്റെ നിർമ്മാണത്തിന് 180 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

4. ആലപ്പുഴ ജില്ലയിലെ ഹരിപ്പാട് വെയർഹൗസിൽ പുതിയ ഗോഡൗണിന്റെ നിർമ്മാണത്തിന് 363 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

5. കണ്ണൂർ ജില്ലയിലെ തലശ്ശേരി (തലായ്) വെയർഹൗസിൽ പുതിയ ഗോഡൗണിന്റെ നിർമ്മാണത്തിന് 167.5 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

6. കൊല്ലം ജില്ലയിലെ ശാസ്താംകോട്ടയിലുള്ള പുതിയ വെയർഹൗസ് ഗോഡൗണിന്റെ നിർമ്മാണത്തിന് 240 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി ഗോഡൗണിന്റെ നിർമ്മാണം പുരോഗമിച്ചുവരുന്നു.

7. പാലക്കാട് ജില്ലയിലെ മുതലമട വെയർഹൗസിൽ മൾട്ടി സ്റ്റോറീഡ് വെയർഹൗസ് നിർമ്മിക്കുന്നതിന് 750 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വെയർഹൗസിന്റെ നിർമ്മാണം സാങ്കേതിക കാരണത്താൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

8. കൊല്ലം ജില്ലയിലെ പുനലൂർ വെയർഹൗസിൽ പുതിയ മൾട്ടി സ്റ്റോറീഡ് വെയർഹൗസ് നിർമ്മിക്കുന്നതിന് 325 ലക്ഷം രൂപ അനുവദിച്ചിരുന്നു. ടി വെയർഹൗസിന്റെ നിർമ്മാണം സാങ്കേതിക കാരണത്താൽ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

**അഗ്രോപാർക്കുകൾ**

64 (2783) ശ്രീ. ലിന്റോ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പുവർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ച അഗ്രോപാർക്കുകൾ സംബന്ധിച്ചുള്ള ഉദ്ദേശ്യ ലക്ഷ്യങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ?

കർഷകരുടെ ഉത്പന്നങ്ങൾ മൂല്യവർദ്ധനവിലൂടെ സംസ്ഥാനത്തിനകത്തും പുറത്തും രാജ്യാന്തരതലത്തിലും വിപണനം നടത്താൻ സാധിക്കുകയെന്ന കാഴ്ചപ്പാടോടുകൂടിയാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. നടപ്പുസാമ്പത്തിക വർഷത്തിൽ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്ന അഗ്രോപാർക്കുകൾ വിള അടിസ്ഥാനമാക്കി പ്രവർത്തിക്കുന്നവയാണ്. നാളികേരം, നേന്ത്രക്കായ, തേൻ, മാങ്ങ, പച്ചക്കറികൾ എന്നിവയുടെ സംഭരണം, സംസ്കരണം, മൂല്യവർദ്ധനവ് എന്നിവ ലക്ഷ്യമാക്കിയാണ് അഗ്രോപാർക്കുകൾ സ്ഥാപിക്കുന്നത്. കാർഷിക മേഖലയിൽ മൂല്യവർദ്ധിത വ്യവസായങ്ങൾ ആരംഭിക്കുന്നതിനായി കിഫ്ബിയുടെ സാമ്പത്തിക സഹായത്തോടെ തൃശ്ശൂരിലെ കണ്ണാറയിൽ ബനാനാ & ഹണി പാർക്ക്, കോഴിക്കോട് ജില്ലയിലെ വേങ്ങേരിയിലും കൂത്താളിയിലും നാളികേര പാർക്ക്, പാലക്കാട് ജില്ലയിലെ മുതലമടയിൽ മാംഗോ പാർക്ക്, ഇടുക്കിയിലെ വണ്ടിപ്പെരിയാറിൽ വെജിറ്റബിൾ പാർക്ക് എന്നിവ സ്ഥാപിക്കുന്നതിന് 100.13 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ബനാനാ &ഹണി പാർക്കിന്റെ കെട്ടിട നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(ബി) തിരുവമ്പാടി മണ്ഡലത്തിൽ അഗ്രോപാർക്ക് അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

കോഴിക്കോട് ജില്ലയിൽ രണ്ട് നാളികേര അഗ്രോ പാർക്കുകളാണ് സ്ഥാപിക്കുന്നത്. വേങ്ങേരിയിലും കൂത്താളിയിലും സ്ഥാപിതമാകുന്ന ഈ അഗ്രോപാർക്കുകളുടെ പ്രയോജനം തിരുവമ്പാടി മണ്ഡലത്തിലെയുൾപ്പെടെയുള്ള കർഷകർക്കും ലഭ്യമാകുന്നതാണ്.

**പഴം പച്ചക്കറികൾക്കുള്ള താങ്ങുവില**

65(2784) ശ്രീ. കെ. ബാബു (നെന്മാറ): താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്രയിനം പഴം-പച്ചക്കറികൾക്കാണ് സർക്കാർ താങ്ങുവില പ്രഖ്യാപിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

26-10-2020-ലെ G.O.(Ms) 80/2020/Agri നമ്പർ ഉത്തരവുപ്രകാരം "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആൻഡ് വെജിറ്റബിൾസ്" എന്ന പേരിൽ അടിസ്ഥാന വില പ്രഖ്യാപിച്ചുകൊണ്ടുള്ള പദ്ധതിയിലൂടെ കേരളത്തിലെ 16 ഇനം പഴം പച്ചക്കറികൾക്കാണ് അടിസ്ഥാന വില പ്രഖ്യാപിച്ചത്. ഓരോ വിളയ്ക്കും പ്രഖ്യാപിച്ച അടിസ്ഥാന വില അനുബന്ധമായി ചേർക്കുന്നു.*

(ബി) പഴം-പച്ചക്കറി താങ്ങുവില സമയബന്ധിതമായി കർഷകർക്ക് നൽകുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കുന്നുണ്ട്. "കേരള ഫാം ഫ്രഷ് ഫ്രൂട്ട്സ് ആന്റ് വെജിറ്റബിൾസ്" എന്ന പദ്ധതി പ്രകാരം 2020-21 വർഷത്തിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2187 കർഷകർക്ക് 1.54 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### ഹോർട്ടികോർപ്പ് അഴിമതിയിലെ വിജിലൻസ് പരിശോധന

66 (2785) ശ്രീ. ഡി. കെ. മുരളി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-2016 കാലയളവിലെ സർക്കാരിന്റെ കാലത്ത് ഹോർട്ടികോർപ്പിൽ അഴിമതി നടന്നതായി കണ്ടെത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

2011-16 കാലയളവിൽ ഹോർട്ടികോർപ്പിൽ നടന്ന അഴിമതിയുമായി ബന്ധപ്പെട്ട് മൂന്ന് വിജിലൻസ് അന്വേഷണങ്ങൾ (വി.ഇ 08/2016/എസ്.ഐ.യു-2, വി.ഇ.03/2018/ഇടുക്കി, വി.ഇ.01/2018/കെ.എസ്.ഡി.) ഒരു മിന്നൽ പരിശോധന (എസ്.സി.35/2014/എസ്.ഐ.യു.1), രണ്ട് സത്വരാന്വേഷണങ്ങൾ (ക്യൂവി. 04/ 2015/ എസ്.ഐ.യു.1, ക്യൂവി.21/ എസ്.ഐ.യു.1) എന്നിവ നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) കർഷകർക്ക് ലഭിക്കേണ്ട സബ്സിഡി ഉദ്യോഗസ്ഥർ തട്ടിയെടുത്തതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിട്ടുണ്ടോ?

ഇല്ല.

(സി) ഹോർട്ടികോർപ്പിലെ അഴിമതി സംബന്ധിച്ച് നടക്കുന്ന വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ വിശദാംശങ്ങൾ നൽകാമോ?

ഹോർട്ടിക്കോർപ്പിലെ അഴിമതി സംബന്ധിച്ച് നടക്കുന്ന വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ വിവരങ്ങളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഹോർട്ടികോർപ്പിന്റെ വാഴക്കുല സംഭരണം

67(2786) ശ്രീ ഒ. ആർ. കേളു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വയനാട് ജില്ലയിൽ ഈ വർഷം ഹോർട്ടികോർപ്പ് വാഴക്കുല സംഭരണം നടത്തിയിട്ടുണ്ടോ?

ഉണ്ട്.

(ബി) ഉണ്ടെങ്കിൽ എത്ര ടൺ വാഴക്കുല സംഭരണം നടത്തിയെന്നും ഏതെല്ലാം സംഭരണ കേന്ദ്രങ്ങൾ വഴിയാണ് സംഭരിച്ചതെന്നും വ്യക്തമാക്കാമോ?

4-1-2021 മുതൽ 27-06-2021 വരെ 231.5 ടൺ നേന്ത്രൻ ഹോർട്ടികോർപ്പിന്റെ വയനാട് ജില്ലാ സംഭരണ കേന്ദ്രം വഴി സംഭരിച്ചിട്ടുണ്ട്.

(സി) ജില്ലയിൽ ഹോർട്ടികോർപ്പ് സംഭരിച്ച ഉത്പന്നങ്ങളുടെ വില കർഷകർക്ക് നൽകാൻ ബാക്കിയുണ്ടോ?

ഉണ്ട്.

(ഡി) ഉണ്ടെങ്കിൽ എത്ര തുകയാണെന്നും ഇത് അടിയന്തിരമായി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കാമോ എന്നും വ്യക്തമാക്കാമോ?

81,57,158 രൂപ നൽകുവാനുണ്ട്. അടിയന്തരമായി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കാർഷിക കടാശ്വാസ കമ്മീഷൻ

68(2787) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ കാർഷിക കടാശ്വാസ കമ്മീഷൻ വഴി കർഷകർക്ക് എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ?

പരമാവധി കടാശ്വാസ തുക 1 ലക്ഷം രൂപ എന്നത് നിലവിൽ 2 ലക്ഷം രൂപയാക്കിയതും ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ

കടാശ്വാസത്തിന് പരിഗണിക്കുവാൻ തീരുമാനിച്ചതും കഴിഞ്ഞ സർക്കാരിന്റെ കാലത്താണ്. കൂടാതെ 2016-17 സാമ്പത്തിക വർഷത്തിൽ 20,00,00,000 രൂപയും 2017-18 സാമ്പത്തിക വർഷത്തിൽ 19,76,64,765 രൂപയും 2018-19 സാമ്പത്തിക വർഷത്തിൽ 2,86,37,258 രൂപയും 2019-20 സാമ്പത്തിക വർഷത്തിൽ 1,87,12,456 രൂപയും 2020-21 സാമ്പത്തിക വർഷത്തിൽ 16,99,74,102 രൂപയും കടാശ്വാസം അനുവദിച്ച് നൽകിയിട്ടുണ്ട്.

(ബി) നിലവിൽ കാർഷിക കടാശ്വാസ കമ്മീഷൻ വഴി എന്തെല്ലാം ആനുകൂല്യങ്ങളാണ് കർഷകർക്ക് നൽകി വരുന്നതെന്ന് അറിയിക്കാമോ?

കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 75% വരെയും 50,000 രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 50% വരെയും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി കടാശ്വാസം അനുവദിച്ചുവരുന്നു. പരമാവധി കടാശ്വാസ തുക നിലവിൽ 2 ലക്ഷം രൂപയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്കും 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31 വരെയും സഹകരണ ബാങ്കുകളിൽ നിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നു.

**കാർഷിക കടാശ്വാസ കമ്മീഷൻ**

69 (2788) ശ്രീ. ഐ. ബി. സതീഷ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക കടാശ്വാസ കമ്മീഷൻ നൽകിവരുന്ന ആനുകൂല്യത്തെക്കുറിച്ച് വിശദമാക്കാമോ;

(ബി) പ്രസ്തുത ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ?

(എ & ബി) കേരളത്തിലെ കർഷകർ സഹകരണ സ്ഥാപനങ്ങളിൽനിന്നും എടുത്തിട്ടുള്ള 50,000 രൂപ വരെയുള്ള വായ്പകൾക്ക് വായ്പ തുകയുടെ 75% വരെയും 50,000 രൂപയ്ക്ക് മുകളിലുള്ള വായ്പകൾക്ക് വായ്പാ തുകയുടെ 50% വരെയും നിശ്ചിത നിബന്ധനകൾക്ക് വിധേയമായി കടാശ്വാസം അനുവദിച്ച് വരുന്നു. പരമാവധി കടാശ്വാസ തുക നിലവിൽ 2 ലക്ഷം രൂപയാണ്. ഇടുക്കി, വയനാട് ജില്ലകളൊഴിച്ച് മറ്റ് എല്ലാ ജില്ലകളിലെയും പ്രളയബാധിത പ്രദേശങ്ങളിലെ കർഷകർക്ക് 2014 മാർച്ച് 31 വരെയും ഇടുക്കി, വയനാട് ജില്ലകളിലെ കർഷകർക്ക് 2018 ആഗസ്റ്റ് 31

വരെയും സഹകരണ ബാങ്കുകളിൽനിന്നും എടുത്ത വായ്പകൾ കർഷക കടാശ്വാസ കമ്മീഷൻ കടാശ്വാസത്തിന് പരിഗണിക്കുന്നു. പ്രസ്തുത കടാശ്വാസം ലഭിക്കുന്നതിന് കർഷക കടാശ്വാസ കമ്മീഷന്റെ നിർദ്ദിഷ്ട 'സി' ഫോറത്തിലുള്ള അപേക്ഷയും കർഷകനാണെന്ന് കൃഷി ഓഫീസറുടെ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, കരം തീർത്ത രസീത്, ബാങ്ക് പാസ് ബുക്ക്, ബാങ്ക് സ്റ്റേറ്റ്മെന്റ് എന്നിവ സഹിതം കമ്മീഷനിൽ അപേക്ഷ നൽകുകയും അപേക്ഷയിന്മേൽ കമ്മീഷൻ സിറ്റിംഗ് നടത്തി കടാശ്വാസം അനുവദിക്കുകയുമാണ് ചെയ്യുന്നത്.

## കെ.എൽ.ഡി.സി. മുഖേന മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ

70(2789) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എൽ.ഡി.സി. മുഖേന മണലൂർ മണ്ഡലത്തിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ നൽകാമോ?

കെ.എൽ.ഡി.സി. മുഖേന മണലൂർ മണ്ഡലത്തിൽ ചുവടെ ചേർക്കുന്ന പ്രവൃത്തികൾ നടപ്പിലാക്കിവരുന്നു.

1. നബാർഡ് ആർ.ഐ.ഡി.എഫ് XX- സേവിംഗ്സ് പ്രോജക്ടിൽ ഉൾപ്പെട്ട മണലൂർ താഴം ഡബിൾ സ്ലൂയിസിന്റെ നിർമ്മാണം.
2. നബാർഡ് ആർ.ഐ.ഡി.എഫ്. XX- പദ്ധതിയിൽ ഉൾപ്പെട്ട സേവിംഗ്സ് പ്രോജക്ടായ വിളക്കുമാടം പടവിലെയും എരവ് കൈപ്പള്ളിയിലെയും സ്ലൂയിസ് നിർമ്മാണം.
3. നബാർഡ് ആർ.ഐ.ഡി.എഫ്. XXI- പുത്തൻ കോവിലകം മുതൽ അയ്യപ്പൻകാവ് പാലം വരെയുള്ള ഹൈലെവൽ കനാലിന്റെ പുനരുദ്ധാരണ പ്രവൃത്തികൾ.
4. ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെട്ട പെരുമ്പുഴ തോടിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി.
5. ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെട്ട കോട്ടച്ചാലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി.
6. ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെട്ട ഏനമാക്കൽ ഫേസ് കനാലിന്റെ ആഴം വർദ്ധിപ്പിക്കുന്ന പ്രവൃത്തി.

7. ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ ചാവക്കാട് താലൂക്കിലെ ഇടതുവലതു കടാംതോടിലും പൊണ്ണോത ചാലിലും ആഴം കൂട്ടൽ പ്രവൃത്തി.

8. ആർ.കെ.ഐ. പദ്ധതിയിൽ ഉൾപ്പെട്ട തൃശ്ശൂർ ജില്ലയിലെ മണലൂർ അസംബ്ലി നിയോജകമണ്ഡലത്തിൽ ഇടതു വലതു ചെമ്മീൻ ചാലിൽ ആഴം കൂട്ടലും ഒരു എഞ്ചിൻ തറയുടെ നിർമ്മാണവും, രണ്ട് എഞ്ചിൻ ഷെഡ് നിർമ്മാണവും.

9. തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം താലൂക്കിൽ മുല്ലശ്ശേരി കനാൽ ഒന്നും രണ്ടും റീച്ചിൽ കനാലിന്റെ ആഴം കൂട്ടൽ പ്രവൃത്തിയും അഞ്ച് എഞ്ചിൻ ഷെഡ് നിർമ്മാണവും.

10. നബാർഡ് ആർ.ഐ.ഡി.എഫ്. XX-പദ്ധതിയിൽ ഉൾപ്പെട്ട സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി പതിയാർകുളങ്ങരയിൽ മൂന്ന് സ്പാനോടുകൂടി ബോക്സ് കൾവർട്ട് നിർമ്മാണവും നടന്നുവരുന്നു.

(ബി) മുല്ലശ്ശേരി കനാലിൽ പതിയാർ കുളങ്ങര പാലം നിർമ്മാണത്തിന്റെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്?

മുല്ലശ്ശേരി കനാലിൽ മൂന്നു സ്പാനോടുകൂടിയ ബോക്സ് കൾവർട്ടിന്റെ നിർമ്മാണം 80% പൂർത്തിയാക്കിയിട്ടുണ്ട്. കാലവർഷത്തിൽ വെള്ളം ഉയർന്നതിനാൽ പ്രവൃത്തി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. മഴ കുറയുന്ന മുറയ്ക്ക് പ്രവൃത്തി പുനരാരംഭിക്കുന്നതാണ്.

## മങ്കടയിൽ ചെറുപുഴയിലെ ആർ.ഐ.ഡി.എഫ്. പദ്ധതി

71(2791) ശ്രീ. മഞ്ഞളാംകുഴി അലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട മണ്ഡലത്തിൽ ചെറുപുഴയിൽ ആർ.ഐ.ഡി.എഫ്. XXI പദ്ധതിയിലുൾപ്പെടുത്തി കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ (കെ. എൽ.ഡി.സി.) വഴി നടപ്പിലാക്കുന്ന ജല, മണ്ണ് സംരക്ഷണ പദ്ധതികൾ ഓരോന്നിന്റെയും നിലവിലെ സ്ഥിതി എന്താണെന്ന് അറിയിക്കുമോ; പ്രവൃത്തികൾ അടിയന്തരമായി പൂർത്തിയാക്കാൻ നടപടി സ്വീകരിക്കുമോ?

മങ്കട നിയോജകമണ്ഡലത്തിലെ ചെറുപുഴയുടെ പുനരുദ്ധാരണവുമായി ബന്ധപ്പെട്ട് നബാർഡ് RIDF- XXI-ൽ 10 കോടി രൂപയുടെ ഭരണാനുമതി നൽകിയ പദ്ധതിയിൽ അഞ്ച് ചെക്ക് ഡാമുകളുടെ നിർമ്മാണവും ഒരു VCB cum bridge-ന്റെ

പ്രവൃത്തിയും ഉൾപ്പെടുന്നു. ആയതിൽ നാല് ചെക്ക് ഡാമുകളുടെ പ്രവൃത്തി പൂർത്തീകരിച്ചു. അഞ്ചാമത്തെ ചെക്ക് ഡാമിന്റെ നിർമ്മാണം നടത്തുന്നതിന് ഉദ്ദേശിച്ച സ്ഥലത്തിന് താഴെയായി ഇറിഗേഷൻ ഡിപ്പാർട്ട്മെന്റ് പുതിയ ഒരു റെഗുലേറ്റർ കം ബ്രിഡ്ജ് നിർമ്മിച്ചതിനാൽ പ്രസ്തുത ചെക്ക് ഡാമിന്റെ നിർമ്മാണം നടപ്പിലാക്കിയിട്ടില്ല. പ്രസ്തുത പ്രോജക്ടിലെ റെഗുലേറ്റർ കം ബ്രിഡ്ജിന്റെ നിർമ്മാണം അന്തിമഘട്ടത്തിലാണ്. കൂടാതെ പ്രസ്തുത പ്രോജക്ടിലെ പൂർത്തീകരിച്ച പ്രവൃത്തികളുടെ സേവിംഗ്സിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തി പുഉച്ചിറ കടവിൽ താഴെയായി പുതിയ ഒരു ചെക്ക് ഡാമിന്റെ നിർമ്മാണത്തിന് ടെണ്ടർ നടപടി പൂർത്തീകരിച്ച് നിർമ്മാണത്തിനായുള്ള നടപടികൾ കെ.എൽ.ഡി.സി. സ്വീകരിച്ചു വരുന്നു.

(ബി) പ്രസ്തുത പദ്ധതി പ്രദേശത്ത് തന്നെയുള്ള ഉടുമ്പനാശേരി വി.സി.ബി. കം ബ്രിഡ്ജ് നിർമ്മിക്കുന്നതിന് കെ.എൽ.ഡി.സി. എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിലവിലത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കുമോ?

ഉടുമ്പനാശ്ശേരി വി.സി.ബി. കം ബ്രിഡ്ജിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് കെ.എൽ.ഡി.സി. നിലവിൽ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടില്ല.

(സി) ഈ പദ്ധതി പ്രദേശത്തെ ജല, മണ്ണ് സംരക്ഷണ പദ്ധതികൾ ഫലപ്രദമാകണമെങ്കിൽ ഉടുമ്പനാശേരി വി.സി.ബി. കം ബ്രിഡ്ജ്, ചെറുപുഴയിൽ റഗുലേറ്റർ കം ബ്രിഡ്ജിന്റെ താഴെയും മുകളിലും മണ്ണും മണലും നീക്കംചെയ്യൽ, ചെറുപുഴയുടെ പാർശ്വ സംരക്ഷണ ഭിത്തി നിർമ്മാണം, കടുങ്ങുത്ത് ആനക്കുണ്ട് ഭാഗത്തെ പുഴയോരം ഇടിഞ്ഞ ഭാഗം കെട്ടി സംരക്ഷിക്കൽ എന്നീ പ്രവൃത്തികൾകൂടി ഏറ്റെടുക്കേണ്ടതുണ്ടെന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ കെ.എൽ.ഡി.സി. നടപ്പിലാക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി ഈ പ്രവൃത്തികൾ കൂടി ഏറ്റെടുക്കുന്നതിനാവശ്യമായ നിർദ്ദേശം നൽകുമോ?

(സി&ഡി) ചെറുപുഴ തോടിലെ 10 കോടി രൂപ ഭരണാനുമതി ലഭിച്ച പദ്ധതിയിൽ ഉണ്ടാകുന്ന സേവിംഗ്സ് തുക ഉപയോഗപ്പെടുത്തി സമയബന്ധിതമായി പൂർത്തീകരിക്കാവുന്നതും ഏറ്റവും പ്രാധാന്യമുള്ളതുമായ പദ്ധതികൾ ഏതൊക്കെയെന്ന് കണ്ടെത്തി 2.71 കോടി രൂപയുടെ പ്രവൃത്തികളുടെ എസ്റ്റിമേറ്റ്, കെ.എൽ.ഡി.സി തയ്യാറാക്കിയിട്ടുണ്ട്. ആയതിൽ കോതറപുഴ കടവിന്റെ ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി നിർമ്മാണവും നാറാത്ത്കടവ്, കടുംങപുറത്തിനടുത്തുള്ള പൂലകുണ്ട്പാലം, ചെറുപുഴ ചൊവ്വന റഗുലേറ്റർ കം ബ്രിഡ്ജ് തുടങ്ങിയ ഇടങ്ങളിൽ മുകളിലും താഴെയുമായുള്ള ആഴം വർദ്ധിപ്പിക്കലും പാർശ്വഭിത്തി നിർമ്മാണവും തട്ടാർമണ്ണയുടെ പാർശ്വഭിത്തി നിർമ്മാണം തുടങ്ങിയ പ്രവൃത്തികൾ ഉൾപ്പെടുന്നു.

## കൃഷി ഭവനുകളുടെ പ്രവർത്തനം

72(2792) ശ്രീ. പി. വി. ശ്രീനിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവർ ഓഫീസ് ജോലികളിൽ വ്യാപൃതരാകേണ്ടി വരുന്നതിനാൽ ഫീൽഡുതല പ്രവർത്തനങ്ങളിൽ വീഴ്ചവരുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഇല്ല. ഓഫീസ് ജോലികളോടൊപ്പം ഫീൽഡുതല പ്രവർത്തനങ്ങളുടെ ചുമതലയും കൃഷി ഓഫീസർ, കൃഷി അസിസ്റ്റന്റ് എന്നിവർ നിർവ്വഹിക്കുന്നതിന്റെ പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കൃഷി ഭവനുകളുടെ സുഗമമായ പ്രവർത്തനത്തിന് എല്ലാ കൃഷി ഭവനുകളിലും ക്ലറിക്കൽ തസ്തികകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

പുനർവിന്യാസം സംബന്ധിച്ച് കാർഷിക വികസന കർഷക ക്ഷേമ വകുപ്പ് പഠനം നടത്തുന്നുണ്ട്. റിപ്പോർട്ട് സർക്കാരിൽ ലഭ്യമാകുന്ന മുറയ്ക്ക് ഈ വിഷയം പരിശോധിക്കുന്നതാണ്.

(സി) കൃഷി ഉദ്യോഗസ്ഥർ ഫീൽഡുതല പ്രവർത്തനങ്ങൾ ഫീൽഡ് ഡയറിയിൽ രേഖപ്പെടുത്തുന്നതിനും ആയത് യഥാസമയം മേലുദ്യോഗസ്ഥർ പരിശോധിക്കുന്നതിനും ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

കൃഷി ഉദ്യോഗസ്ഥർ ഫീൽഡുതല പ്രവർത്തനങ്ങൾ ഫീൽഡ് ഡയറിയിൽ രേഖപ്പെടുത്തുന്നതിനും ആയത് യഥാസമയം മേലുദ്യോഗസ്ഥർ പരിശോധിക്കുന്നതിനും നിലവിൽ മാർഗ്ഗനിർദ്ദേശങ്ങളുണ്ട്.

## കൃഷി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയിലെ നിയമനം

73(2793) ശ്രീമതി ശാന്തകുമാരി കെ.: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 446/2016 പി.എസ്.സി. വിജ്ഞാപനപ്രകാരം 22-12-20-ൽ പ്രസിദ്ധീകരിച്ച കൃഷി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റ്-I ൽ പൂജ്യം മാർക്ക് ലഭിച്ച ബി.എസ്.സി. അഗ്രികൾച്ചർ സയൻസ് ഉദ്യോഗാർത്ഥികൾ ഉൾപ്പെട്ടത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കൃഷി അസിസ്റ്റന്റ് ഗ്രേഡ് II തസ്തികയുടെ റാങ്ക് ലിസ്റ്റ്-I ൽ പൂജ്യം മാർക്ക് വാങ്ങിയവർ ഉൾപ്പെട്ടതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വി.എച്ച്.എസ്.സി. അഗ്രികൾച്ചർ ഡിപ്ലോമ കഴിഞ്ഞവർക്ക് കൃഷി അസിസ്റ്റന്റ് ഗ്രേഡ് II അല്ലാതെ മറ്റ് തസ്തികകളിൽ അപേക്ഷിക്കാൻ യോഗ്യതയില്ലെന്നിരിക്കെ, ബി.എസ്.സി. അഗ്രികൾച്ചർ യോഗ്യതയുള്ളവർക്കും വി.എച്ച്.എസ്.സി. അഗ്രികൾച്ചർ ഡിപ്ലോമക്കാർക്കും ഒരേ പരീക്ഷ നടത്തുകയും അതിൽ ഡിപ്ലോമക്കാർക്ക് കട്ട് ഓഫ് മാർക്ക് തീരുമാനിക്കുകയും എന്നാൽ ബി.എസ്.സി. അഗ്രികൾച്ചർ വിഭാഗക്കാർക്ക് കട്ട് ഓഫ് മാർക്ക് ഒന്നുമില്ലാതെ, പൂജ്യം മാർക്ക് നേടിയവർക്കു പോലും റാങ്ക് ലിസ്റ്റിൽ ഉൾപ്പെടാൻ സാധിച്ചുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത അപാകത പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(ബി & സി) കാർഷിക വികസന കർഷകക്ഷേമ വകുപ്പിൽ അഗ്രികൾച്ചർ അസിസ്റ്റന്റ് ഗ്രേഡ് 2 (കാറ്റഗറി നമ്പർ 444/2016) തസ്തികയുടെ ലിസ്റ്റ് I ലിസ്റ്റ് II എന്നീ രണ്ട് വിഭാഗങ്ങളായാണ് റാങ്ക് പട്ടിക പ്രസിദ്ധീകരിച്ചിട്ടുള്ളത്. ടി തസ്തികയുടെ ചുവടെ ചേർത്തിട്ടുള്ള യോഗ്യതകളിൽ A(1) ആയി ചേർത്തിട്ടുള്ള യോഗ്യതയുള്ളവരെ ലിസ്റ്റ് ഒന്നിലും ശേഷിക്കുന്ന യോഗ്യതയുള്ളവരെ ലിസ്റ്റ് രണ്ടിലും ഉൾപ്പെടുത്തിയിരിക്കുന്നു. ലിസ്റ്റ് ഒന്നിലെ ഉദ്യോഗാർത്ഥികളുടെ അഭാവത്തിൽ ലിസ്റ്റ് രണ്ടിലെ ഉദ്യോഗാർത്ഥികളെ പരിഗണിക്കുന്നതാണ്. ചുവടെ ചേർക്കുന്ന A(1) യോഗ്യതയുടെ Rule 10 a (ii) (KS&SSR) പ്രകാരമുള്ള യോഗ്യതയുള്ളവരെയും ടി റാങ്ക് പട്ടികയുടെ ലിസ്റ്റ് I-ൽ പരിഗണിച്ചിട്ടുണ്ട്. വിജ്ഞാപന വ്യവസ്ഥകൾ പാലിച്ചുകൊണ്ടാണ് റാങ്ക് പട്ടിക തയ്യാറാക്കിയിട്ടുള്ളത്. വിജ്ഞാപന പ്രകാരമുള്ള ടി തസ്തികയുടെ യോഗ്യതകൾ ചുവടെ ചേർക്കുന്നു:

A(1) കേരള കാർഷിക സർവകലാശാലയിൽനിന്നും നൽകപ്പെടുന്ന കൃഷിശാസ്ത്രത്തിലുള്ള ഡിപ്ലോമയോ തത്തുല്യമായ യോഗ്യതയോ. മുകളിൽ വിവരിച്ച യോഗ്യതയുള്ളവരുടെ അഭാവത്തിൽ

(2) അഗ്രിക്കൾച്ചറിലുള്ള വൊക്കേഷണൽ ഹയർ സെക്കണ്ടറി സർട്ടിഫിക്കറ്റ് ഒന്നും രണ്ടും ഖണ്ഡികകളിലുള്ള യോഗ്യതയുള്ളവരുടെ അഭാവത്തിൽ

(3) കൃഷി മുഖ്യ വിഷയമായിട്ടുള്ള എസ്.എസ്.എൽ.സി.-യോ തത്തുല്യ യോഗ്യതയോ അല്ലെങ്കിൽ എസ്.എസ്.എൽ.സി.-യോ തത്തുല്യമായ യോഗ്യതയും കൃഷിയിൽ അംഗീകൃത പരിശീലനവും. അല്ലെങ്കിൽ കൃഷി ഐച്ഛിക വിഷയമായി ഉൾപ്പെടുത്തിക്കൊണ്ടുള്ള ബേസിക് സ്കൂൾ ലിവിംഗ് സർട്ടിഫിക്കറ്റ്.

**പേരാമ്പ്ര മണ്ഡലത്തിൽ കൃഷിഭവനകളിലെ ഒഴിവുകൾ**

74(2794) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര മണ്ഡലത്തിൽ അഗ്രിക്കൾച്ചർ ആഫീസർമാർ, അഗ്രിക്കൾച്ചർ അസിസ്റ്റന്റുമാർ ഇല്ലാത്ത എത്ര കൃഷി ഭവനകളുണ്ടെന്ന് വ്യക്തമാക്കാമോ?

കോഴിക്കോട് ജില്ലയിലെ പേരാമ്പ്ര നിയോജകമണ്ഡലത്തിൽ ചെറുവണ്ണൂർ കൃഷിഭവനിൽ നിലവിൽ കൃഷി ഓഫീസറുടെ തസ്തികയിൽ ഒരു ഒഴിവുണ്ട്. കൂടാതെ, 7 കൃഷി ഭവനകളിൽ കൃഷി അസിസ്റ്റന്റ് തസ്തികയിൽ ഒഴിവുകളുണ്ട്.

(ബി) ഈ ഒഴിവുകൾ നികത്താൻ അടിയന്തര നടപടി സ്വീകരിക്കുമോ?

കൃഷി ഓഫീസർ തസ്തികയിലെ ഒഴിവ് കേരള പബ്ലിക് സർവ്വീസ് കമ്മീഷന്റെ നിർദ്ദേശപ്രകാരം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു. കൃഷി അസിസ്റ്റന്റ് തസ്തികയിലെ ഒഴിവുകൾ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുവാനുള്ള നിർദ്ദേശവും നല്കിയിട്ടുണ്ട്.

**മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ ഒഴിവുള്ള തസ്തികകൾ**

75(2795) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിൽ നിലവിൽ എത്ര ഒഴിവുകളാണ് ഉള്ളതെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം നിയോജകമണ്ഡലത്തിൽ കൃഷി വകുപ്പിൽ നിലവിൽ ഒരു ഒഴിവാണുള്ളത്.

(ബി) ഏതെല്ലാം തസ്തികകളാണ് ഒഴിഞ്ഞ് കിടക്കുന്നതെന്ന് വ്യക്തമാക്കുമോ?

മഞ്ചേശ്വരം കൃഷി അസിസ്റ്റന്റ് ഡയറക്ടറുടെ തസ്തികയാണ് ഒഴിഞ്ഞു കിടക്കുന്നത്.

(സി) ഒഴിവുകൾ നികത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടോ;

&

(ഡി) ഒഴിവുള്ള തസ്തികകളിൽ എപ്പോൾ നിയമനം നടത്തുമെന്ന് വിശദമാക്കുമോ?

(സി & ഡി) ടി ഒഴിവിലേയ്ക്ക് നിയമനം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഒഴിഞ്ഞുകിടക്കുന്ന കൃഷി ഓഫീസർമാരുടെ തസ്തിക**

76(2796) ശ്രീ. എ. എൻ. ഷംസീർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര കൃഷി ഓഫീസർമാരുടെ തസ്തിക ഒഴിഞ്ഞുകിടക്കുന്നുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ?

കൃഷി ഓഫീസർ തസ്തികയിലെ ഒഴിവുകൾ (ജില്ല തിരിച്ച്)-തിരുവനന്തപുരം-10, കൊല്ലം-3, പത്തനംതിട്ട-9, ആലപ്പുഴ-7, കോട്ടയം-7, ഇടുക്കി-5, എറണാകുളം-7, തൃശ്ശൂർ-10, പാലക്കാട്-15, മലപ്പുറം-9, കോഴിക്കോട്-12, വയനാട്-4, കണ്ണൂർ-12, കാസർഗോഡ്- 4.

(ബി) തലശ്ശേരി നിയോജകമണ്ഡലത്തിലെ കതിരൂർ ഗ്രാമപഞ്ചായത്തിൽ കൃഷി ഓഫീസർ ഇല്ലാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ആയത് പരിഹരിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉണ്ട്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ഒഴിവ് നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കൃഷി ഓഫീസർമാരില്ലാത്ത കൃഷിഭവനുകൾ**

77(2797) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ സ്ഥിരമായി കൃഷി ഓഫീസർമാരില്ലാത്ത എത്ര കൃഷിഭവനുകൾ ഉണ്ടെന്ന് വിശദമാക്കാമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ കൃഷി ഓഫീസർ ഇല്ലാത്ത കൃഷിഭവൻ - അജാനൂർ.

(ബി) പ്രസ്തുത കൃഷിഭവനുകളിൽ സ്ഥിരമായി കൃഷി ഓഫീസർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ അറിയിക്കാമോ?

കൃഷി ഓഫീസർ തസ്തികയിലെ ഒഴിവ് എപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന നികത്തുവാനുള്ള നടപടി സ്വീകരിച്ചുവരുന്നു.

**കാർഷിക മേഖലയിൽ നടപ്പിലാക്കുന്ന പദ്ധതികൾ**

78(2798) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് - 19 വ്യാപനംമൂലം കാർഷിക മേഖലയെ സാരമായി ബാധിച്ച പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ സ്വീകരിച്ച നടപടികളെ സംബന്ധിച്ച് വിശദമാക്കാമോ?

കോവിഡ്-19 വ്യാപനംമൂലം കാർഷിക മേഖലയെ സാരമായി ബാധിച്ച പ്രതിസന്ധികൾ പരിഹരിക്കാൻ സർക്കാർ നിരവധി പദ്ധതികൾ നടപ്പിലാക്കി.

1. സുസ്ഥിര നെൽകൃഷി വികസന പദ്ധതി പ്രകാരം 50510 ഹെക്ടർ സ്ഥലത്തെ നെൽകൃഷിക്ക് ഹെക്ടറിന് 5,500 രൂപാ നിരക്കിൽ ആനുകൂല്യം നൽകി. കൂടാതെ 2193 ഹെക്ടർ സ്ഥലത്ത് രജിസ്റ്റേർഡ് നെല്ലുല്പാദന പദ്ധതി നടപ്പിലാക്കി. 88036 നെൽ കർഷകർക്ക് ഹെക്ടറിന് 2,000 രൂപാ നിരക്കിൽ റോയൽറ്റി നൽകി.

2. കേരവികസന പദ്ധതിപ്രകാരം 15 പുതിയ കേരഗ്രാമങ്ങളും അത്യുല്പാദന ശേഷിയുള്ള കുറിയ ഇനം തെങ്ങിനങ്ങളുടെ 25-ഓളം പ്രദർശന തോട്ടങ്ങളും സ്ഥാപിച്ചു. കൂടാതെ 7.57 ലക്ഷം തെങ്ങിൻതൈകൾ നാളികേര വികസന കൗൺസിൽ പദ്ധതി പ്രകാരം വിതരണം ചെയ്യുകയുണ്ടായി.

3. പച്ചക്കറി വികസന പദ്ധതി പ്രകാരം 67.42 ലക്ഷം പച്ചക്കറി വിത്ത് പാക്കറ്റുകളും 201.92 ലക്ഷം പച്ചക്കറി തൈകളും വിതരണം ചെയ്തു. കൂടാതെ ലോക്ക്ഡൗൺ സമയത്ത് വീട്ടുവളപ്പിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 50 ലക്ഷം വിത്ത് പാക്കറ്റുകൾ വിതരണം ചെയ്തു. ക്ലസ്റ്റർ അടിസ്ഥാനത്തിൽ 560.36 ഹെക്ടർ സ്ഥലത്തും ഇടുക്കി, വയനാട് ജില്ലകളിൽ 333.34 ഹെക്ടർ സ്ഥലത്ത് ശീതകാല പച്ചക്കറി കൃഷിക്കും 79.23 ഹെക്ടർ സ്ഥലത്ത് പരമ്പരാഗത പച്ചക്കറി കൃഷിക്കും ആനുകൂല്യം നൽകി. പോഷകത്തോട്ടങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 37815 ബഹുവർഷ പച്ചക്കറി തൈ കിറ്റുകളും വിതരണം ചെയ്തു. മട്ടുപ്പാവ് കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് 23188 ഗ്രോബാഗ് യൂണിറ്റുകളും 520 ചെറുകിട ഉള്ളിനന യൂണിറ്റുകളും സ്ഥാപിച്ചു. 123143 സ്ക്വയർ മീറ്റർ മഴ മറകൾ സ്ഥാപിച്ചു. 246 യൂണിറ്റ് ഫാമിലി ഉള്ളിനന യൂണിറ്റുകളും 25 ഫെർട്ടിഗേഷൻ യൂണിറ്റുകളും സ്ഥാപിച്ചു.

4. ഹ്രസ്വകാല എണ്ണക്കുരു വിളകളായ എള്ള്, നിലക്കടല എന്നിവയുടെ വികസനത്തിന് ആനുകൂല്യം നല്കുക വഴി 866 ഹെക്ടർ സ്ഥലത്ത് എള്ള് കൃഷിയും 206 ഹെക്ടർ സ്ഥലത്ത് നിലക്കടല കൃഷിയും 206 ഹെക്ടർ സ്ഥലത്ത് കരിമ്പ് കൃഷിയും നടപ്പിലാക്കി. കൂടാതെ ഇടുക്കി ജില്ലയിലെ തായന്നാംകുടിയിൽ 30 ഹെക്ടർ സ്ഥലത്തും അട്ടപ്പാടിയിൽ 586 ഹെക്ടർ സ്ഥലത്തും ചെറുധാന്യ കൃഷിയും നടപ്പിലാക്കി.

5. കിഴങ്ങുവർഗ്ഗങ്ങളുടെ വികസനം ലാക്കാക്കി 134 ഹെക്ടർ സ്ഥലത്ത് ട്യൂബർ സീഡ് വില്ലേജ് സ്ഥാപിക്കാനും 50 ഹെക്ടർ സ്ഥലത്ത് ട്യൂബർ സീഡ് ഉല്പാദിപ്പിക്കുന്നതിനുമുള്ള പദ്ധതി നടപ്പിലാക്കി.

6. സുഗന്ധവ്യഞ്ജന വിളകളുടെ വികസന പദ്ധതിയിൽ 232 ഹെക്ടർ സ്ഥലത്ത് കുരുമുളകിനും, 240 ഹെക്ടർ സ്ഥലത്തു ഇഞ്ചി/ മഞ്ഞൾ എന്നിവയ്ക്കും 47 ഹെക്ടർ സ്ഥലത്ത് ജാതി/ ഗ്രാമ്പൂ കൃഷിക്കും ആനുകൂല്യം നൽകുകയുണ്ടായി.

7. പഴവർഗ്ഗവിള വികസന പദ്ധതിയിൽ 1.47 കോടി ഫലവൃക്ഷതൈകൾ വിതരണം നടത്തുകയും 5300 ഹെക്ടർ സ്ഥലത്തേക്ക് വിള വ്യാപനത്തിന് ആനുകൂല്യം നൽകുകയും ചെയ്തു.

8. മണ്ണിന്റെ ഫലഭൂയിഷ്ഠത വർദ്ധിപ്പിച്ച് കാർഷികോല്പാദനം വർദ്ധിപ്പിക്കുക എന്ന ഉദ്ദേശത്തോടെ മണ്ണിലെ അമ്ലത്വം ക്രമീകരിക്കുന്നതിന് 21075 ഹെക്ടർ സ്ഥലത്ത് കുമ്മായം വിതരണം ചെയ്തു.

9. വിള ആരോഗ്യ പദ്ധതിയുടെ കീഴിൽ 5 പുതിയ പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ സ്ഥാപിക്കുകയും 100 എലി നശീകരണ ക്യാമ്പുകൾ സംഘടിപ്പിക്കുകയും കീടരോഗ നിരീക്ഷണ യൂണിറ്റുകൾക്കാവശ്യമായ സഹായങ്ങൾ നൽകുകയും ചെയ്തു.

10. സംസ്ഥാന വിള ഇൻഷ്വറൻസ് പദ്ധതിയിൽ 323698 അംഗങ്ങളെ ചേർക്കുകയും 45134 കർഷകർക്ക് വിളനാശം സംഭവിച്ചതിന് 6957.25 ലക്ഷം രൂപ ബഡ്ജറ്റ് വിഹിതത്തിൽനിന്ന് നൽകുകയുമുണ്ടായി. ഇതുകൂടാതെ പ്രകൃതിക്ഷോഭ ദുരിതാശ്വാസമായി 2020-21 വർഷത്തിൽ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽനിന്നും സംസ്ഥാന വിഹിതമായി 83.96 കോടി രൂപയും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽനിന്നും 27.85 കോടി രൂപയും വിതരണം ചെയ്തു.

11. 2020-ലെ വിഷു, ഓണം സമയത്ത് 2000 എണ്ണം പഴം പച്ചക്കറി വിപണികൾ കൃഷിവകുപ്പും അനുബന്ധ സ്ഥാപനങ്ങളായ VFPCK, ഹോർട്ടിക്കോർപ്പ് എന്നിവയും സംയുക്തമായി നടത്തുകയുണ്ടായി. കേരള ഫാം ഫ്രഷ്, പഴം, പച്ചക്കറി താങ്ങുവില 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വരികയും ഇതുവഴി 16 ഇനം പഴം പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിക്കുകയുമുണ്ടായി. 2712 കർഷകർക്ക് 3.021 കോടി രൂപ അടിസ്ഥാനവില പദ്ധതി പ്രകാരം വിതരണം ചെയ്തു.

12. SFAC മുഖാന്തരം 11 MSME കാർഷികോല്പന്ന മൂല്യവർദ്ധന യൂണിറ്റുകൾക്ക് ധനസഹായം നൽകി.

13. റീബിൽഡ് കേരളാ ഇനിഷ്യേറ്റീവ് പദ്ധതിയിലൂടെ 2020-21-ൽ ലഭിച്ച 134.63 കോടി രൂപ ഉപയോഗിച്ച് 14 പ്രോജക്ടുകളും 3 പഠനങ്ങളും നടന്നുവരുന്നു.

14. സർക്കാരിന്റെ ഫ്ലാഗ്ഷിപ് പദ്ധതിയായ സുഭിക്ഷ കേരള പദ്ധതി പ്രകാരം 9070.09 ഹെക്ടർ തരിശു നിലത്ത് നെൽകൃഷിയും 4527.353 ഹെക്ടർ തരിശുനിലത്ത് പച്ചക്കറി കൃഷിയും 3381.069 ഹെക്ടർ തരിശു നിലത്ത് ഫലവർഗ കൃഷിയും 4907.591 ഹെക്ടർ തരിശുനിലത്ത് കിഴങ്ങുവർഗ്ഗ കൃഷിയും 636.5881 ഹെക്ടർ തരിശുനിലത്ത് പയറുവർഗ്ഗ കൃഷിയും 325.045 ഹെക്ടർ തരിശുനിലത്ത് ചെറുധാന്യ കൃഷിയും നടത്തുകയുണ്ടായി.

(ബി) ആലപ്പുഴ ജില്ലയിലെ കാർഷിക മേഖലയ്ക്ക് ഉണർവ്വേകാൻ സർക്കാർ നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

1. കാർഷിക വിജ്ഞാന വ്യാപനം ജില്ലയിൽ കാർഷിക വിജ്ഞാന വ്യാപന പ്രവർത്തനങ്ങൾ ത്വരിതപ്പെടുത്തുന്നതിന് വാർഡ് തലത്തിലും ബ്ലോക്ക് തലത്തിലും ജില്ലാ തലത്തിലും കർഷക സഭകളും ഞാറ്റുവേല ചന്തകളും നടന്നുവരുന്നു. ടി പദ്ധതിയിൽ ജില്ലയിലെ കാർഷിക വികസന സമിതികൾ പുനഃസംഘടിപ്പിക്കുകയും ആയത് കൃഷിഭവൻ തലത്തിൽ നടന്നുവരുന്നു.

2. ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് - കർഷകർ കൃഷിയിടങ്ങളിൽ നേരിടുന്ന കീടരോഗബാധ പ്രശ്നങ്ങൾ, മൂലകങ്ങളുടെ അഭാവം എന്നീ പ്രശ്നങ്ങളെ നിരീക്ഷിക്കുകയും കർഷകർക്ക് അതിനു വേണ്ട നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും ചെയ്യുന്ന ക്രോപ്പ് ഹെൽത്ത് മാനേജ്മെന്റ് പദ്ധതി പ്രകാരം ആലപ്പുഴ ജില്ലയ്ക്ക് 2021-22 സാമ്പത്തിക വർഷത്തിൽ 51.09751 ലക്ഷം രൂപയാണ് അനുവദിച്ചിട്ടുണ്ട്.

എലിനശീകരണ ക്യാമ്പയിൻ-ജില്ലയിലെ പാടശേഖരങ്ങളിലേയും കൃഷിയിടങ്ങളിലേയും എലികളുടെ നിയന്ത്രണത്തിനായുള്ള എലിനശീകരണ ക്യാമ്പയിൻ നടത്തിപ്പിനായി എലിവിഷം, മറ്റ് നടത്തിപ്പ് ചെലവുകൾ എന്നിവ ഉൾപ്പെടെ ഒരു ക്യാമ്പയിന് 25,000 രൂപ വീതം നൽകിവരുന്നു.

പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷൻ-ആലപ്പുഴ ജില്ലയിൽ കളർകോട് പ്രവർത്തിക്കുന്ന പാരസൈറ്റ് ബ്രീഡിംഗ് സ്റ്റേഷനിൽ നെല്ലിന്റെ തണ്ടുതുരപ്പൻ പുഴു, തെങ്ങിന്റെ ഇലതീനിപ്പുഴു എന്നിവയ്ക്കെതിരെയുള്ള പരാദപ്രാണികളുടെ ഉൽപ്പാദനം നടത്തുന്നു.

ഒരു കോടി ഫലവൃക്ഷത്തൈ വിതരണം (One crore fruit plants) സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടപ്പിലാക്കുന്ന ഒരു കോടി ഫലവൃക്ഷത്തൈകളുടെ വിതരണം പദ്ധതിയുടെ രണ്ട് ഘട്ടങ്ങളിലായി 514827 ഫലവൃക്ഷതൈകളാണ് വിതരണം ചെയ്യാനുള്ളത്.

പച്ചക്കറി വികസന പദ്ധതികൾ - ഓണത്തിന് വിഷരഹിതമായ പച്ചക്കറി വീട്ടുവളപ്പിൽനിന്നുതന്നെ ലഭ്യമാക്കുവാൻ ഉദ്ദേശിച്ചുള്ള ഓണത്തിന് ഒരു മുറം പച്ചക്കറി എന്ന പദ്ധതിയുടെ ഭാഗമായി ആലപ്പുഴ ജില്ലയിൽ 78 കൃഷിഭവനുകൾ മുഖേന 4 ലക്ഷം വിത്തുപായ്ക്കറ്റുകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നതാണ്. ഓണത്തിനെ ലക്ഷ്യമാക്കി പച്ചക്കറി കിറ്റ് കൂടാതെ പച്ചക്കറി വികസന പദ്ധതി വഴി സ്ഥാപിതമായ പച്ചക്കറി നഴ്സറികൾ മുഖേന ഉത്പ്പാദിപ്പിക്കുന്ന തൈകൾ കർഷകർക്ക് സൗജന്യമായി വിതരണം ചെയ്യുന്നു. ജില്ലയിൽ 120 സ്കൂളുകളിൽ 10 സെന്റ് കുറയാത്ത സ്ഥലത്ത് പച്ചക്കറി കൃഷി ചെയ്യുന്നതിന് 4000 രൂപ നിരക്കിൽ സബ്സിഡി നൽകുന്നുണ്ട്. പൊതുസ്വകാര്യ സ്ഥാപനങ്ങൾക്ക് പ്രോജക്ട് അടിസ്ഥാനത്തിൽ പച്ചക്കറി കൃഷി വിജയകരമായി നടപ്പിലാക്കുവാൻ 5 ലക്ഷം രൂപ ഈ സാമ്പത്തിക വർഷം നീക്കിവെച്ചിരിക്കുന്നു. വാണിജ്യാടിസ്ഥാനത്തിൽ പച്ചക്കറി കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് രൂപീകരിച്ചിട്ടുള്ള അഞ്ച് ഹെക്ടർ വീതമുള്ള ജില്ലയിലെ 90 ക്ലസ്റ്ററുകൾക്ക് 1,25,000 രൂപ വീതം ധനസഹായം നൽകും. കർഷകർക്ക് ജലസേചനത്തിനായി 70 പമ്പ്സെറ്റുകൾ 10,000 രൂപ സബ്സിഡി നിരക്കിൽ കൊടുക്കുകയുണ്ടായി. 1,500 രൂപ സബ്സിഡി നിരക്കിൽ 180 സ്പ്രേയറുകളും വിതരണം ചെയ്തു. പരമ്പരാഗത പച്ചക്കറി ഇനങ്ങളുടെ വിത്ത് ഉത്പാദിപ്പിച്ച് വിതരണം ചെയ്യുന്നതിനായി ഹെക്ടറൊന്നിന് 25,000 രൂപ സബ്സിഡി അനുവദിക്കുകയും പരമ്പരാഗത വിത്ത് ഇനങ്ങൾ കാത്തു സൂക്ഷിക്കുന്നതിനായി വിത്ത് സംഭരിക്കുകയും ചെയ്യുന്നു. അർബൻ ക്ലസ്റ്ററുകളെ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി വീട്ടുവളപ്പുകളിൽ/ടെറസ്സിൽ കൃഷി ചെയ്യുന്നതിനായി 25 ഗ്രോബാഗുകൾ അടങ്ങിയ 3800 യൂണിറ്റുകൾ 1,500 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയുന്നു. കുറഞ്ഞ സ്ഥലത്ത് കണിക ജലസേചനം നടത്തുന്നതിനായി ഫാമിലി ഡ്രിപ്പ് ഇറിഗേഷൻ സിസ്റ്റം സ്ഥാപിക്കുന്നതിന് ഒരു യൂണിറ്റിന് 7,500 രൂപ നിരക്കിൽ സബ്സിഡി അനുവദിക്കും. അതിശക്തമായ അൾട്രാവയലറ്റ് രശ്മികളിൽ നിന്നും ശക്തിയായ മഴയിൽനിന്നും വിളകളെ സംരക്ഷിക്കുന്നതിനുവേണ്ടി നൂതന സാങ്കേതിക വിദ്യയായ മഴമറ നിർമ്മിക്കുന്നതിനായി 100 sqm-ന് 75%

സബ്സിഡിയായി 50,000 രൂപ നിരക്കിൽ 36.25 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. തരിശ് സ്ഥലത്ത് കൃഷിയിറക്കുന്നത് ഈ സാമ്പത്തിക വർഷം 90 ഹെക്ടർ സ്ഥലത്ത് 40,000 രൂപ നിരക്കിൽ ധനസഹായം നൽകും.

ഭാരതീയ പ്രകൃതി കൃഷി പദ്ധതി- ഭാരതീയ പ്രകൃതി കൃഷി പദ്ധതിയിൽ 14 ക്ലസ്റ്ററുകളിലായി 7000 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കുന്നതിനായി ആകെ 371 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

ജൈവ കൃഷി പദ്ധതി- ജൈവ കൃഷി നടപ്പിലാക്കുന്നതിനായി ആലപ്പുഴ ജില്ലയിൽ ആകെ 70 ഹെക്ടറിൽ ജൈവ പച്ചക്കറി കൃഷി നടത്തുന്നതിനും ഒരു എക്കോ ഷോപ്പ് ആരംഭിക്കുന്നതിനുമായി 10.2618 ലക്ഷം രൂപയാണ് അനുവദിച്ചിരിക്കുന്നത്.

എല്ലാ വീട്ടിലും ഒരു പോഷകത്തോട്ടം മലയാള മനോരമയും സംസ്ഥാന ഹോർട്ടിക്കൾച്ചർ മിഷനും വി.എഫ്.പി.സി.കെ.-യും സംയുക്തമായി നടപ്പിലാക്കുന്ന എല്ലാ വീട്ടിലും ഒരു പോഷകത്തോട്ടം എന്ന പദ്ധതിയിൽ ആലപ്പുഴ ജില്ലയിൽ 2513 അപേക്ഷകർക്ക് കിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

നാളികേര വികസന പദ്ധതികൾ:

(എ) കേരഗ്രാമം പദ്ധതി മൂന്നാം വർഷവും നടന്നുവരുന്നു.

(ബി) നാളികേര വികസന കൗൺസിൽ ഡബ്ല്യൂ.സി.റ്റി, ഹൈബ്രിഡ്, കുറിയ ഇനം തെങ്ങിൻ തൈകൾ 50% സബ്സിഡി നിരക്കിൽ ജില്ലയിലെ കൃഷി ഭവനുകൾ വഴി വിതരണം ചെയ്തുവരുന്നു.

(സി) കേരസമൃദ്ധി നല്ലയിനം വിത്ത് തേങ്ങകൾ കർഷകരിൽനിന്നും സംഭരിച്ച് കൃഷിത്തോട്ടത്തിൽ മുളപ്പിച്ച് നല്ലയിനം തെങ്ങിൻതൈകൾ കർഷകർക്ക് വിതരണം നടത്തുന്ന കേരഗ്രാമം പദ്ധതിയിൽ സംഭരിക്കുന്ന വിത്ത് തേങ്ങകൾക്ക് ഒരു തേങ്ങയ്ക്ക് 70 രൂപ നിരക്കിൽ ലഭ്യമാക്കുന്നു.

(ഡി) മോഡൽ ഹൈ യീൽഡിംഗ് വെറൈറ്റി പ്രദർശനത്തോട്ടം ജില്ലയിൽ മൂന്ന് പ്രദർശനത്തോട്ടങ്ങൾ സ്ഥാപിക്കുന്നതിന് ലക്ഷ്യമിടുന്നു. ജില്ലയിലെ കൃഷിത്തോട്ടങ്ങൾ നല്ലയിനം നടീൽ വസ്തുക്കളുടെ ഉത്പാദനം, ഒരു കോടി ഫലവൃക്ഷ തൈകളുടെ ഉത്പാദനം, നല്ലയിനം തെങ്ങിൻതൈ, കുരുമുളക് വള്ളി, നെൽവിത്ത് എന്നിവയുടെ ഉത്പാദനം ജില്ലയിലെ മൂന്ന് ഫാമുകളിലായി (ജില്ലാ കൃഷിത്തോട്ടം മാവേലിക്കര, സ്റ്റേറ്റ് സീഡ് ഫാം അറുന്നൂറ്റിമംഗലം, സ്റ്റേറ്റ് സീഡ് ഫാം, വീയപുരം) നടന്നുവരുന്നു.

സംസ്ഥാന ഹോർട്ടികൾച്ചർ മിഷൻ പദ്ധതികൾ-പദ്ധതികൾക്കായി 2021-22 സാമ്പത്തിക വർഷത്തേക്ക് 122.5895 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
ജനകീയാസൂത്രണ പദ്ധതികൾ:

(എ) സുഫലം വിപണി-50 ലക്ഷം

(ബി) ജൈവഗ്രാമം-10 ലക്ഷം ഡെവലപ്മെന്റ് ആൻഡ് പ്രൊമോഷൻ ഓഫ് ലൊക്കേഷൻ സ്പെസിഫിക് ക്രോപ്സ്

പ്രസ്തുത പദ്ധതിയിലേയ്ക്കുള്ള 2021-22 സാമ്പത്തിക വർഷത്തിൽ 34 ലക്ഷം രൂപയുടെ ഭൗതിക ലക്ഷ്യം അനുവദിച്ചിട്ടുണ്ട്.

സ്കീം ഫോർ ഡെവലപ്മെന്റ് ഓഫ് സ്പൈസസ്:

1. ഏരിയ എക്സ്പാൻഷൻ ഓഫ് പെപ്പർ - (20000/ഹെക്ടർ) 30 ഹെക്ടർ - 6 ലക്ഷം
2. റീജുവനേഷൻ ഓഫ് പെപ്പർ (10000/ഹെക്ടർ) 75 ഹെക്ടർ - 7.5 ലക്ഷം
3. ഏരിയ എക്സ്പാൻഷൻ (ഇഞ്ചി, മഞ്ഞൾ) - 12500/ഹെക്ടർ 20 ഹെക്ടർ - 2.5 ലക്ഷം
4. നട്ട്മഗ്/ക്ലോവ്(20000/ഹെക്ടർ) - 4 ഹെക്ടർ - 80000/-

നെൽകൃഷി വികസനപദ്ധതിയിൽ - സുസ്ഥിര നെൽകൃഷി വികസനം, പാട ശേഖരങ്ങൾക്ക് ഓപ്പറേഷണൽ സപ്പോർട്ട്, കരനെൽകൃഷി, സ്പെഷ്യാലിറ്റി റൈസ്, തരിശു നെൽകൃഷി, സിംഗിൾ ടു ഡബിൾ ക്രോപ്പ്, പാഡി റോയൽറ്റി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നു. കൂടാതെ സൗജന്യ വൈദ്യുതി പദ്ധതി, സോയിൽ ഹെൽത്ത് മാനേജ്മെന്റ്, നെൽകർഷകർക്ക് ഉല്പാദന ബോണസ്സ് ലഭ്യമാക്കുന്ന പദ്ധതി, ജൈവ വൈവിധ്യ പദ്ധതി, പയർ കൃഷി വികസനം, കേരള നെൽവയൽ തണ്ണീർത്തട നിയമം 2008 സംബന്ധിച്ച എല്ലാ കാര്യങ്ങളും ജില്ലയിൽ നടപ്പിലാക്കുന്നുണ്ട്.

**തരിശുരഹിതമാക്കുന്നതിന് നടപ്പിലാക്കിയ പദ്ധതികൾ**

79(2799) ശ്രീ. കെ. ഡി. പ്രസേനൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ മണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. (റൂറൽ ഇൻഫ്രാസ്ട്രക്ച്ചർ ഡെവലപ്മെന്റ് ഫണ്ട്) XXIV-ലും ആർ.ഐ.ഡി.എഫ്. XXV-ലും ഉൾപ്പെട്ട പ്രവൃത്തികളുടെ വിശദവിവരം ലഭ്യമാക്കാമോ?

കൃഷി വകുപ്പിലെ പദ്ധതി നിർവ്വഹണ ഏജൻസികൾ മുഖേന ആലത്തൂർ നിയോജകമണ്ഡലത്തിൽ ആർ.ഐ.ഡി.എഫ്. 24-ാം ഘട്ടത്തിൽ ഉൾപ്പെടുത്തി പദ്ധതികൾ ഒന്നും നടപ്പിലാക്കിയിട്ടില്ല. ആർ.ഐ.ഡി.എഫ്. 25-ാം ഘട്ടത്തിൽ കിഴക്കഞ്ചേരി പഞ്ചായത്തിൽ ഉൾപ്പെട്ട പിട്ടുകാരികുളമ്പ് നീർത്തട പദ്ധതി നടപ്പിലാക്കുന്നതിന് മണ്ണ് പര്യവേക്ഷണ മണ്ണ് സംരക്ഷണ വകുപ്പിന് അംഗീകാരം നൽകിയിട്ടുണ്ട്. 49.10 ലക്ഷം രൂപ അടങ്കൽ ഉള്ള പ്രസ്തുത പദ്ധതിയിലൂടെ 554.7 ഹെക്ടർ പ്രദേശത്ത് മണ്ണ് ജല സംരക്ഷണ പ്രവർത്തനങ്ങൾ നടപ്പിലാക്കുവാൻ ലക്ഷ്യമിടുന്നു. നാളിതുവരെ 39% പ്രവർത്തനങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. പദ്ധതി പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ആലത്തൂർ മണ്ഡലത്തെ തരിശുരഹിതമാക്കുന്നതിന് കൃഷി വകുപ്പ് നടപ്പിലാക്കിയ പദ്ധതികൾ വിശദമാക്കുമോ?

2020-21 സാമ്പത്തിക വർഷത്തിൽ സുഭിക്ഷകേരളം പദ്ധതിയുടെ ഭാഗമായി ആലത്തൂർ മണ്ഡലത്തിൽ നെല്ല്, പച്ചക്കറി, ഫലം, കിഴങ്ങ് വർഗ്ഗം, പയറുവർഗ്ഗം എന്നീ വിളകൾക്കായി 16.26 ഹെക്ടർ സ്ഥലത്ത് കൃഷി നടപ്പിലാക്കിയിട്ടുണ്ട്. ആയതിലേയ്ക്കായി 5.94 ലക്ഷം രൂപയും 2021-22 സാമ്പത്തിക വർഷം പച്ചക്കറി വികസന പദ്ധതിയിൻകീഴിൽ തരിശു നിലത്തിൽ പച്ചക്കറി കൃഷി ചെയ്യുന്നതിനായി അഞ്ച് ഹെക്ടറിന് രണ്ട് ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

**കൃഷി ഭവനിലെ ഫലവൃക്ഷത്തൈ വിതരണം**

80(2800) ശ്രീ. മോൻസ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജില്ലയിൽ ഉള്ളൂർ കൃഷിഭവനിൽ കഴിഞ്ഞ സാമ്പത്തിക വർഷം ഫല വൃക്ഷത്തൈകൾക്കുവേണ്ടി എത്ര ഗുണഭോക്താക്കൾ വിഹിതമടച്ചുയെന്ന് വ്യക്തമാക്കാമോ?

ജനകീയാസൂത്രണം 2020-21-ലെ പ്രോജക്ട് നമ്പർ 198 (ഫലവൃക്ഷ കൃഷി വ്യാപനം ഉള്ളൂരിൽ) എന്ന പദ്ധതിയിൽ 372 ഗുണഭോക്താക്കൾ ഗുണഭോക്തൃ വിഹിതം അടയ്ക്കുകയുണ്ടായി.

(ബി) ഇവർക്ക് ഫല വൃക്ഷത്തൈകൾ വിതരണം ചെയ്തോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; പ്രസ്തുത തൈകൾ എന്നേക്ക് വിതരണം ചെയ്യും എന്നറിയിക്കാമോ?

കൃഷി വകുപ്പ് നടപ്പിലാക്കിയ "ഒരു കോടി ഫലവൃക്ഷത്തൈ എന്ന പദ്ധതി" പ്രകാരം ലഭ്യമായ മുഴവൻ ഫലവൃക്ഷത്തൈകളും യഥാസമയം നിർദ്ദിഷ്ട മാർഗ്ഗരേഖ പ്രകാരം നൽകിയിട്ടുണ്ട്. ജനകീയാസൂത്രണം 2020-21-ലെ ടി പദ്ധതിയിൽ 162 ഗുണഭോക്താക്കൾക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്തുകഴിഞ്ഞു. കോവിഡ്

പശ്ചാത്തലത്തിൽ ഉൽപ്പാദകർക്ക് യഥാസമയം തൈകൾ എത്തിക്കാൻ കഴിയാതെ പോയതിനാലാണ് ബാക്കിയുള്ള ഗുണഭോക്താക്കൾക്ക് ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യാൻ കാലതാമസം നേരിട്ടത്. എത്രയുംവേഗം ഫലവൃക്ഷത്തൈകൾ വിതരണത്തിന് എത്തിക്കാമെന്ന് ഉൽപ്പാദകർ അറിയിച്ചിട്ടുണ്ട്. 2021 ഓഗസ്റ്റ് 7-ാം തീയതിക്കുള്ളിൽ ബാക്കിയുള്ള മുഴുവൻ ഗുണഭോക്താക്കൾക്കും ഫലവൃക്ഷത്തൈകൾ വിതരണം ചെയ്യാനാകും.

(സി) ഈ കൃഷിഭവനിൽ വളം, വിത്തുകൾ, തൈകൾ എന്നിവ ജനകീയാസൂത്രണത്തിന്റെ ഭാഗമായി അപേക്ഷിച്ചവർക്ക് യഥാമസയം അവ വിതരണം ചെയ്യുന്നില്ലായെന്ന പരാതിക്ക് പരിഹാരം കണ്ടെത്തുമോ; ആയത് യഥാസമയം വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ?

2020-21 ജനകീയാസൂത്രണത്തിന്റെ വിവിധ പദ്ധതികളിലായി അപേക്ഷ സമർപ്പിക്കുകയും ഗുണഭോക്തൃവിഹിതം അടയ്ക്കുകയും ചെയ്ത മുഴുവൻ പേർക്കും വിത്തുകളും തൈകളും വിതരണം ചെയ്തിട്ടുണ്ട്. 2021 ആഗസ്റ്റ് 7-നുള്ളിൽ തെങ്ങിൻ തൈകളുടെ വിതരണം പൂർത്തിയാക്കാനാകും. 41 കർഷകർക്കുള്ള തെങ്ങു വളം കൃഷി ഭവനിൽനിന്നും വിതരണം ചെയ്തുവരുന്നുണ്ട്.

(ഡി) കൃഷി ഓഫീസറും ജീവനക്കാരും കൃത്യസമയത്ത് ഓഫീസിൽ ഹാജരാകാത്തതും കൃഷിക്കാർ ഇവരെക്കാത്ത് മണിക്കൂറുകൾ കാത്ത് നിൽക്കേണ്ട അവസ്ഥയ്ക്കും പരിഹാരം കണ്ടെത്തുമോ?

കൃഷി ഭവൻ ജീവനക്കാർ എല്ലാ പ്രവൃത്തിദിവസങ്ങളിലും 10 മണിക്ക് മുമ്പുതന്നെ ഓഫീസിൽ എത്താറുണ്ട്. 5 മണിക്കുശേഷവും ജീവനക്കാർ ഓഫീസിൽ ഉണ്ടാകാറുണ്ട്. ആഴ്ച ചന്തയുള്ള ദിവസങ്ങളിൽ രാവിലെ 8.30 മണി മുതൽ ഓഫീസ് തുറന്ന് പ്രവർത്തിക്കാറുണ്ട്. അത്യാവശ്യ ഘട്ടങ്ങളിൽ പൊതുഅവധി ദിവസങ്ങളിലും ഓഫീസ് തുറന്ന് പ്രവർത്തിക്കാറുണ്ട്. ഉദ്യോഗസ്ഥർ ഫീൽഡ് പരിശോധനയ്ക്കായി പോകേണ്ടി വരുമ്പോൾ കർഷകർക്ക് കൃഷി ഭവനിൽ കാത്തുനിൽക്കേണ്ട അവസ്ഥ ചുരുക്കം ചില സന്ദർഭങ്ങളിൽ ഉണ്ടാകാറുണ്ട്. ഭാവിയിൽ ഇത്തരം സന്ദർഭങ്ങൾ ആവർത്തിക്കാതിരിക്കുവാൻ കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**കാർഷികമേഖലയിൽ അധിക തൊഴിലവസരങ്ങൾ**

81(2801) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാർഷികമേഖലയിൽ അധിക തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കൃഷിഭവനുകൾ മുഖേന ഏതെങ്കിലും തരത്തിലുള്ള വിവരശേഖരണം നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

ഉണ്ട്. കാർഷിക മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നത് സംബന്ധിച്ച് കൃഷി ഭവനുകളിൽനിന്നും ശേഖരിച്ച റിപ്പോർട്ട് പ്രകാരമാണ് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ജൈവഗൃഹം പദ്ധതി മുഖേന കുറഞ്ഞത് 14,000 തൊഴിലവസരങ്ങൾ സൃഷ്ടിച്ചു എന്ന വിവരം ലഭ്യമായത്.

## പൈനാപ്പിൾ കർഷകർക്കുള്ള സഹായം

82(2802) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:</u> താഴെക്കാണുന്ന ചോദ്യത്തിന് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്ത് പൈനാപ്പിൾ കർഷകരെയും തൊഴിലാളികളെയും സഹായിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വ്യക്തമാക്കാമോ?

സ്റ്റേറ്റ് ഹോർട്ടികൾച്ചർ മിഷൻ മുഖേന നടപ്പിലാക്കുന്ന മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയുടെ 2021-22-ലെ വാർഷിക കർമ്മ പദ്ധതിയിൽ ഉൾപ്പെടുത്തി ഹെക്ടർ ഒന്നിന് 26,250 രൂപ നിരക്കിൽ പൈനാപ്പിളിന്റെ വിള വിസ്തൃതി വ്യാപനം 300 ഹെക്ടറിൽ നടപ്പിലാക്കാനായി 78.75 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് പരമാവധി 4 ഹെക്ടർ സ്ഥലത്ത് വരെ പൈനാപ്പിൾ കൃഷി ചെയ്യുന്നതിന് ധനസഹായം നൽകുന്നതാണ്. പൈനാപ്പിളിന്റെ മൂല്യവർദ്ധിത ഉല്പന്നങ്ങളിലൂടെ കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുന്നതിന് സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കുന്നതിന് മിഷൻ ഫോർ ഇന്റഗ്രേറ്റഡ് ഡെവലപ്പ്മെന്റ് ഓഫ് ഹോർട്ടികൾച്ചർ പദ്ധതിയിലൂടെ സാമ്പത്തിക സഹായം അനുവദിക്കുന്നു. പ്രൈമറി/മൊബൈൽ/മിനിമൽ പ്രോസസ്സിംഗ് യൂണിറ്റുകൾക്ക് സമതല പ്രദേശങ്ങളിൽ യൂണിറ്റൊന്നിന് 10 ലക്ഷം രൂപയും മലയോര പ്രദേശങ്ങളിൽ 11.75 ലക്ഷം രൂപയും ധനസഹായമായി നൽകുന്നു. ഇവ പൈനാപ്പിളിന്റെ ഉല്പന്നങ്ങളുടെ സംസ്കരണത്തിനും ഉപയോഗിക്കാവുന്നതാണ്. പൈനാപ്പിൾ സംഭരിക്കുന്നതിന് പായ്ക്ക് ഹൗസ് സ്ഥാപിക്കുന്നതിനായി 2 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നുണ്ട്. ഗുണനിലവാരത്തിന് കോട്ടം തട്ടാത്ത രീതിയിൽ പൈനാപ്പിൾ ദൂരസ്ഥലത്തേക്ക് കൊണ്ടുപോകുന്നതിന് 4 മുതൽ 9 മെട്രിക് ടൺ സംഭരണ ശേഷിയുള്ള 26 ലക്ഷം രൂപ ചെലവ് വരുന്ന റീഫർ വാനിന് സമതല പ്രദേശങ്ങളിൽ പദ്ധതി ചെലവിന്റെ 35 ശതമാനവും മലയോര പ്രദേശങ്ങളിൽ 50 ശതമാനവും വായ്പാബന്ധിത ധനസഹായം നൽകുന്ന പദ്ധതിയും നിലവിലുണ്ട്. സംസ്ഥാനത്ത് പൈനാപ്പിൾ കർഷകരെ സഹായിക്കുന്നതിനായി കേരള ഫാം ഫ്രഷ് പഴം പച്ചക്കറി താങ്ങുവില പദ്ധതി 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. ആയതുപ്രകാരം പൈനാപ്പിളിന് കിലോയ്ക്ക് 15 രൂപ അടിസ്ഥാന വിലയായി പ്രഖ്യാപിച്ചിട്ടുണ്ട്. കൃഷി വകുപ്പിന്റെ AIMS പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ

അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ, അടിസ്ഥാനവില പ്രഖ്യാപിച്ച വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാന വില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉല്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക്, തെരഞ്ഞെടുത്ത 550 വിപണികൾ വഴി സംഭരിക്കുകയും അടിസ്ഥാന വിലയുമായി വ്യത്യാസമുള്ള തുക കർഷകന്റെ ബാങ്ക് അക്കൗണ്ടിൽ നേരിട്ടുനൽകുന്നു. കൂടാതെ വാഴക്കുളത്ത് പ്രവർത്തിക്കുന്ന ആഗ്രോ ഫ്രൂട്ട് പ്രോസസ്സിംഗ് കമ്പനി പൈനാപ്പിൾ സംഭരിക്കുകയും അതുപയോഗിച്ച് വിവിധ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി വിതരണം ചെയ്യുകയും ചെയ്യുന്നു. പൈനാപ്പിൾ കൃഷി ലാഭകരമാക്കുന്നതിന് ചെറുകിട കർഷക കാർഷിക വ്യാപാര കൺസോർഷ്യം കേരളയുടെ നേതൃത്വത്തിൽ കാർഷിക മേഖലയിലെ സൂക്ഷ്മ-ചെറുകിട- ഇടത്തരം മൂല്യവർദ്ധന സംരംഭങ്ങൾക്കുള്ള പ്രോത്സാഹന പദ്ധതി പ്രകാരം പൈനാപ്പിൾ ഉല്പന്നങ്ങൾ മൂല്യവർദ്ധനം നടത്തുന്നതിനായി സഹായം നൽകിവരുന്നു. ഇതിനുപുറമെ മൂല്യവർദ്ധിത സംരംഭങ്ങൾ തുടങ്ങുന്നതിനായി 93 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ഇതിൽ ഉൾപ്പെടുത്തിയും പൈനാപ്പിൾ സംസ്കരണത്തിനായി സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു.

## കാർഷിക ആവശ്യത്തിന് വൈദ്യുതി

83(2803) <u>ശ്രീ. ടി. സിദ്ദിഖ്</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക ആവശ്യത്തിന് വൈദ്യുതി കണക്ഷൻ നൽകുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) കാർഷിക ആവശ്യത്തിന് വൈദ്യുതി നൽകുന്നതിന് എന്തെങ്കിലും ഇളവുകൾ അനുവദിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കാർഷികാവശ്യത്തിനായി താഴെപ്പറയുന്ന മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ കാർഷിക സൗജന്യ വൈദ്യുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. 30 സെന്റിൽ കുറയാതെ കൈവശ ഭൂമിയുള്ളവരും അതിൽ 75%-ൽ കുറയാതെ കൃഷി ചെയ്തിട്ടുള്ളതുമായ വ്യക്തികൾ. 10 സെന്റിൽ കുറയാതെ പച്ചക്കറി കൃഷി ചെയ്തിട്ടുള്ള കർഷകർ. 5 സെന്റിൽ കുറയാതെ വെറ്റില കൃഷി ചെയ്തിട്ടുള്ള കർഷകർ. നെൽകൃഷി ചെയ്യുന്ന കർഷകർക്ക് ഭൂപരിധിയില്ല. നിലവിൽ കാർഷിക സൗജന്യ വൈദ്യുതി പദ്ധതിപ്രകാരം 263883 കാർഷിക വൈദ്യുതി കണക്ഷനുകൾ കൃഷി വകുപ്പ് മുഖാന്തരം കർഷകർ, പാടശേഖര സമിതികൾ, കർഷക ഗ്രൂപ്പുകൾ എന്നിവർക്ക് നൽകി വരുന്നു.

## പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ

84 (2804) ശ്രീമതി യു. പ്രതിഭ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ വഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് വിശദമാക്കാമോ?

പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾ മുഖേന കാർഷിക വിളകളുടെ ആരോഗ്യ പരിരക്ഷ ഉറപ്പുവരുത്തുന്നതിനായി കീടരോഗ നിരീക്ഷണം നടത്തി കർഷകർക്ക് കീടരോഗബാധയെപ്പറ്റി മുൻകൂട്ടി അറിവ് നൽകുകയും നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കുന്നതിനുള്ള ശാസ്ത്രീയ നിർദ്ദേശങ്ങൾ നൽകുകയും ചെയ്യുന്നു. കൃത്യമായ ഇടവേളകളിൽ ആവശ്യാനുസരണം കൃഷിയിടം സന്ദർശിക്കുന്ന ഉദ്യോഗസ്ഥർ കീടരോഗബാധ സംബന്ധിച്ച് മുന്നറിയിപ്പുകളും നിയന്ത്രണത്തിന് അനുവർത്തിക്കേണ്ട ശാസ്ത്രീയ മാർഗ്ഗങ്ങളും കർഷകർക്ക് നൽകുന്നു. കൂടാതെ കീടരോഗ നിർണ്ണയത്തിനുള്ള ഉപകരണങ്ങൾ, ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനുള്ള സ്പെസിമനുകൾ, കീടരോഗ ലക്ഷണങ്ങൾ സംബന്ധിച്ച പോസ്റ്ററുകൾ, ചാർട്ടുകൾ, ഫോട്ടോഗ്രാഫുകൾ എന്നിവയും കൃഷി സംബന്ധമായ വിവരങ്ങൾ അടങ്ങിയ ചെറുലൈബ്രറികളും പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകളിൽ സ്ഥാപിച്ച് ആവശ്യമായ സന്ദർഭങ്ങളിൽ കർഷകർക്ക് കീടരോഗ നിയന്ത്രണം സാദ്ധ്യമാക്കുന്നതിന് അറിവും ഉപദേശങ്ങളും നൽകുന്നു. കീടരോഗ നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ കർഷകർക്കാവശ്യമായ നിർദ്ദേശങ്ങൾ അടങ്ങുന്ന പെസ്റ്റ്ബുള്ളറ്റിനും ക്ലിനിക്കുകൾ മുഖേന കർഷകർക്ക് നൽകുന്നു. ഇതുവഴി ശത്രു/മിത്ര കീടങ്ങളെ തിരിച്ചറിയാനും കീടബാധയുടെ തോത് അനുസരിച്ച് രാസകീടനാശിനികൾ പരമാവധി കുറച്ച് നിയന്ത്രണ മാർഗ്ഗങ്ങൾ സ്വീകരിക്കാനും കർഷകർക്ക് കഴിയുന്നു. കൂടാതെ IIITMK-യുടെ ക്രോപ്പ് പെസ്റ്റ് സർവ്വെയൻസ് സിസ്റ്റം എന്ന വെബ്സൈറ്റിലൂടെ എല്ലാ കർഷകർക്കും ലഭ്യമാകുന്ന രീതിയിൽ കീടങ്ങളെയും രോഗങ്ങളെയും സംബന്ധിച്ച വിശദാംശങ്ങളും പ്രസിദ്ധപ്പെടുത്തുന്നുണ്ട്.

(ബി) സംസ്ഥാനത്ത് എത്ര പ്ലാന്റ് ഹെൽത്ത് ക്ലീനിക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ജില്ല തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കാമോ?

സംസ്ഥാനത്ത് 281 പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾക്ക് അനുമതി നൽകിയിരുന്നു. ആയതിൽ 271 എണ്ണം പ്രവർത്തനം തുടങ്ങിയിട്ടുണ്ട്. ജില്ലതിരിച്ചുള്ള കണക്കുകൾ അനുബന്ധമായി ചേർക്കുന്നു.*

(സി) കായംകുളം മണ്ഡലത്തിൽ എത്ര പ്ലാന്റ് ഹെൽത്ത് ക്ലിനിക്കുകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഇതിന്റെ പ്രവർത്തന പുരോഗതി വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കായംകുളം മണ്ഡലത്തിൽ '2' പ്ലാന്റ് ഹെൽത്ത് ക്ലിനിക്കിന് അനുമതി നൽകിയിരുന്നു. ദേവികുളങ്ങര കൃഷിഭവനുകീഴിലാണ് ഒരു ക്ലിനിക് പ്രവർത്തിച്ചുവരുന്നത്. 2014-15 സാമ്പത്തിക വർഷത്തിലാണ് ദേവികുളങ്ങര കൃഷിഭവനുകീഴിലുള്ള പ്ലാന്റ് ഹെൽത്ത് ക്ലിനിക് സ്ഥാപിച്ചത്. 2019-20 സാമ്പത്തിക വർഷത്തിൽ പത്തിയൂർ കൃഷിഭവനിൽ ക്ലിനിക് അനുവദിച്ചു. എന്നാൽ കോവിഡ്-19 മഹാമാരി രൂക്ഷമായ സാഹചര്യവും ലോക്ഡൗണും കാരണം ക്ലിനിക് തുടങ്ങുവാൻ സാധിച്ചില്ല. കാർഷിക വിളകളെ ബാധിക്കുന്ന കീടരോഗബാധ, സൂക്ഷ്മമൂലകങ്ങളുടെ അഭാവം എന്നീ പ്രശ്നങ്ങൾക്ക് നിയന്ത്രണ മാർഗ്ഗങ്ങൾ നിർദ്ദേശിക്കുകയും അതിനായി പഞ്ചായത്തിലെ നെല്ല്, പച്ചക്കറി, തെങ്ങ്, വാഴ എന്നീ വിളകളിലെ മികച്ച കർഷകരെ തെരഞ്ഞെടുത്ത് ഫിക്സഡ് പ്ലോട്ടുകൾ സ്ഥാപിക്കുകയും ടി പ്ലോട്ടുകളിൽ ക്ലിനിക്കിൽ പ്രവർത്തിക്കുന്ന പെസ്റ്റ് സ്കൗട്ടുകൾ കൃത്യമായ നിരീക്ഷണം നടത്തുകയും ആയതിന്റെ അടിസ്ഥാനത്തിൽ കർഷകർക്ക് സമയോചിതമായ നിർദ്ദേശങ്ങൾ നല്കുകയും ചെയ്തുവരുന്നു. ഫീൽഡുതലത്തിലുള്ള നിരീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ എല്ലാമാസവും ബ്ലോക്കുതലത്തിൽ ബുള്ളറ്റിനുകൾ കർഷകർക്കായി വിതരണം നടത്തി വരുന്നു. കർഷകർക്ക് ക്ലിനിക്കിൽ എത്തി നേരിട്ട് സംശയ നിവാരണം നടത്തുന്നതിനും മണ്ണുപരിശോധന നടത്തുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ സംയോജിത വളപ്രയോഗ നിർദ്ദേശങ്ങൾ കർഷകർക്ക് ലഭ്യമാക്കുന്നതിനും സാധ്യമായിട്ടുണ്ട്.

**മങ്കടയിലെ കെ.എൽ.ഡി.സി. പദ്ധതി**

85(2805) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മങ്കട ബ്ലോക്ക് പഞ്ചായത്തിലെ മങ്കട തോടിലേയ്ക്ക് വെള്ളം വന്നുചേരുന്ന മലംതോട്, കുട്ടിൽതോട്, പൊട്ടേങ്ങൽതോട്, മങ്കട പാടം ആണിച്ചാൽ എന്നിവിടങ്ങളിൽ ചേരിയം മലയിൽനിന്നും വെള്ളം ഒഴുകി മണ്ണിടിച്ചിലും കൃഷി നാശവും ഉണ്ടാകുന്നത് കാരണം കർഷകർ അനുഭവിക്കുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഈ ബുദ്ധിമുട്ട് പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

&

(ബി) ഈ പ്രദേശങ്ങളിലെ ഭൂമിയും കൃഷിയിടങ്ങളും തോടുകളും പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനും ആവശ്യമായ സ്ഥലങ്ങളിൽ വി.സി.ബി. നിർമ്മിക്കുന്നതിനും കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷൻ വഴി ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. പ്രസ്തുത ബുദ്ധിമുട്ട് പരിഹരിക്കുന്നതിനാവശ്യമായ പദ്ധതി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിന് KLDC-ക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം

86(2806) ശ്രീ. ടി. വി. ഇബ്രാഹിം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവ്വകലാശാലയ്ക്ക് കീഴിൽ വിവിധ കോഴ്സുകളിൽ വിജയിച്ച കുട്ടികൾക്ക് നൽകേണ്ട സർട്ടിഫിക്കറ്റുകൾ വിതരണം ചെയ്യുന്നതിൽ കാലതാമസം ഉണ്ടാകുന്നുയെന്ന പരാതി ശ്രദ്ധയിൽ വന്നിട്ടുണ്ടോ?

ഉണ്ട്.

(ബി) ഈ സർവ്വകലാശാലയ്ക്ക് കീഴിലുള്ള ഫുഡ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി കഴിഞ്ഞ കുട്ടികളുടെ ഇതുവരെയുള്ള സർട്ടിഫിക്കറ്റ് വിതരണം ചെയ്തിട്ടുണ്ടോ; ഇല്ലെങ്കിൽ വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

ഫുഡ് എഞ്ചിനീയറിംഗ് ആൻഡ് ടെക്നോളജി ബിരുദം നേടിയ വിദ്യാർത്ഥികളുടെ ജോലി/ഉപരിപഠന ആവശ്യങ്ങൾ പരിഗണിച്ച് അപേക്ഷ നൽകിയ വിദ്യാർത്ഥികൾക്ക് അസ്സൽ ബിരുദ സർട്ടിഫിക്കറ്റുകൾ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## കോഴ്സുകളിൽ കാലാനുസൃതമായ മാറ്റങ്ങൾ

87(2807) ശ്രീ. കെ. പി. എ. മജീദ്:
ശ്രീ. യു. എ. ലത്തീഫ്:
ഡോ. എം. കെ. മുനീർ:
ശ്രീ എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകളിൽ കാലാനുസൃതമായ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്. യു.ജി.സി. നിർദ്ദേശപ്രകാരം 2020-21 കാലഘട്ടത്തിൽ പല കോഴ്സുകളും LOCF Outcome Based മാതൃകയിൽ പരിഷ്കരിച്ചിട്ടുണ്ട്. മറ്റു പല കോഴ്സുകളും ഈ മാതൃകയിലേയ്ക്ക് മാറ്റുവാനായിട്ടുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇതിനായി സർവ്വകലാശാലാ നിയമങ്ങളിലും ചട്ടങ്ങളിലും മാറ്റംവരുത്തുന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

സർവ്വകലാശാലാ നിയമങ്ങളിലും ചട്ടങ്ങളിലും കാലാനുസൃതമായി വരുത്തേണ്ട മാറ്റങ്ങൾ വരുത്തുന്നതിനായി നിയമപരിഷ്കാര കമ്മീഷനെ നിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി പാഠ്യപദ്ധതി പരിഷ്കരിക്കുമോ; വിശദാംശം നൽകുമോ?

ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനായി, കാലഘട്ടത്തിന്റെ മാറ്റങ്ങൾക്കനുസരിച്ച് ഓരോ സിലബസും മൂന്നുവർഷത്തിലൊരിക്കൽ പരിഷ്കരിച്ചുവരുന്നു. യു.ജി. പ്രോഗ്രാമുകളിൽ Industry based course-കളും കൂടാതെ Apprenticeship Embedded Degree Course-കളും തുടങ്ങുന്നതുമായി ബന്ധപ്പെട്ട നടപടികളും കൈക്കൊണ്ടുവരുന്നു. കൂടുതൽ Inter-disciplinary, New Generation Course-കൾ തുടങ്ങാൻ നടപടികൾ കൈക്കൊണ്ടുവരുന്നു.

**ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പുകൾ**

88(2808) ശ്രീ. എം. രാജഗോപാലൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഉന്നതവിദ്യാഭ്യാസ മേഖലയിൽ പഠനം നടത്തുന്ന വിദ്യാർത്ഥികൾക്ക് നൽകുന്ന സ്കോളർഷിപ്പുകൾ ഏതൊക്കെയെന്നും ഇപ്പോൾ നൽകിവരുന്ന തുക ഏതുവർഷമാണ് അവസാനമായി പരിഷ്കരിച്ചതെന്നും വ്യക്തമാക്കാമോ?

അനുബന്ധമായി ചേർക്കുന്നു*.

(ബി) ഇത്തരത്തിലുള്ള സ്കോളർഷിപ്പുകൾ സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന വിദ്യാർത്ഥികൾക്ക് മാനദണ്ഡങ്ങൾക്ക് വിധേയമായി നൽകാൻ നടപടികൾ സ്വീകരിക്കുമോ?

സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, ന്യൂനപക്ഷ വിഭാഗത്തിൽപ്പെടുന്ന സാമ്പത്തികമായി പിന്നാക്കം നിൽക്കുന്നവർ, പൂർണ്ണമായും മെറിറ്റ് അടിസ്ഥാനമാക്കി, എന്നിങ്ങനെ വിവിധ മാനദണ്ഡങ്ങൾക്ക് വിധേയമായാണ് സ്കോളർഷിപ്പുകൾ അനുവദിക്കുന്നത്.

**കാലടി സംസ്കൃത സർവ്വകലാശാല**

89(2809) ശ്രീ. റോജി എം. ജോൺ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലടി സംസ്കൃത സർവ്വകലാശാലയിൽ സംസ്കൃത സാഹിത്യ ബിരുദാനന്തര ബിരുദ പരീക്ഷയുടെ ഉത്തരക്കടലാസുകൾ കാണാനില്ല എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയുടെ സംസ്കൃത സാഹിത്യ വിഭാഗത്തിലെ ജനുവരി 2021-ൽ നടന്ന 9 വിഷയങ്ങളിലെ 279 ഉത്തരക്കടലാസുകൾ 8-2-2021-ന് മൂല്യനിർണ്ണയത്തിനായി സാഹിത്യവിഭാഗം വകുപ്പ് അദ്ധ്യക്ഷന് കൈമാറിയത് മൂല്യനിർണ്ണയം പൂർത്തീകരിച്ചശേഷം മൂല്യനിർണ്ണയ ചെയർമാനായ സാഹിത്യ വിഭാഗത്തിലെ അസോസിയേറ്റ് പ്രൊഫസർ ഡോ. സംഗമേശൻ കെ.എം. 17-3-2021-ന് വകുപ്പദ്ധ്യക്ഷയ്ക്ക് കൈമാറിയെങ്കിലും അപ്രകാരം അവ വകുപ്പദ്ധ്യക്ഷയ്ക്കോ, ഓഫീസിലോ ലഭിച്ചിട്ടില്ലെന്ന് വകുപ്പദ്ധ്യക്ഷ അറിയിക്കുകയും പിന്നീട് കാണാതായതായി സ്ഥിരീകരിച്ച് 14-7-2021-ന് കാലടി പോലീസിൽ പരാതിപ്പെട്ടിട്ടുള്ളതാണ്. അതിന്റെ അടിസ്ഥാനത്തിൽ കാലടി പോലീസ് ക്രൈം നമ്പർ 894/21 ആയി കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു. ഇക്കാര്യത്തിൽ സിൻഡിക്കേറ്റ് അംഗങ്ങളായ പ്രൊഫ. എസ്. മോഹൻദാസ്, പ്രൊഫ. ഡി. സലീംകുമാർ, പ്രൊഫ. എം. മണിമോഹനൻ എന്നിവർ അംഗങ്ങളായി അന്വേഷണക്കമ്മിറ്റിയെ 14-7-2021-ന് വിശദമായ അന്വേഷണത്തിനായി നിയോഗിച്ചിട്ടുണ്ട്. പ്രസ്തുത അന്വേഷണങ്ങൾ തുടർന്ന് വരികെ നഷ്ടപ്പെട്ടതായ മുഴുവൻ ഉത്തരക്കടലാസുകളും ഗ്രേഡ് ഷീറ്റുകളും 26-7-2021-ന് പരീക്ഷാവിഭാഗത്തിൽതന്നെ കണ്ടെത്തിയിട്ടുള്ളതും അക്കാര്യത്തിനും പോലീസ് നടപടികൾ തുടരുന്നുമുണ്ട്.

(ബി) പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് മൂല്യനിർണ്ണയ സമിതി ചെയർമാനെ സസ്പെന്റ് ചെയ്തിരുന്നോ; ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശവും ബന്ധപ്പെട്ട സസ്പെൻഷൻ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കാമോ?

മേൽ വിവരിച്ച ഉത്തരക്കടലാസുകൾ നഷ്ടപ്പെട്ട സംഭവത്തെ തുടർന്ന് മൂല്യനിർണ്ണയ ചെയർമാനായ സംസ്കൃത വിഭാഗം അസോസിയേറ്റ് പ്രൊഫസർ ഡോ. സംഗമേശൻ കെ.എം.-നെ 14-7-2021-ന് അന്വേഷണ വിധേയമായി സസ്പെൻഡ് ചെയ്തിരുന്നു. ഉത്തരവിന്റെ പകർപ്പ് അനുബന്ധം (I) ആയി ചേർക്കുന്നു*. 26-7-2021, 27-7-2021 എന്നീ ദിവസങ്ങളിലെ ഫോറൻസിക്, പോലീസ് നടപടികൾക്കുശേഷം ഉത്തരക്കടലാസ്സുകൾ വീണ്ടെടുക്കുകയും ഇക്കാര്യങ്ങൾ സംബന്ധിച്ച അന്വേഷണ കമ്മിറ്റിയുടെ 26-7-2021-ലെ ഇടക്കാല റിപ്പോർട്ടും പരിഗണിച്ച് ഡോ. സംഗമേശൻ കെ.എം.-ന്റെ സസ്പെൻഷൻ 26-7-2021-ന് പിൻവലിച്ച് അദ്ദേഹം ജോലിയിൽ പ്രവേശിച്ചിട്ടുള്ളതുമാകുന്നു.

(സി) എത്ര കുട്ടികളുടെ ഉത്തരക്കടലാസ്സാണ് നഷ്ടമായതെന്നും ഇതുസംബന്ധിച്ച് ഏതെങ്കിലും പരാതി സർക്കാരിനോ പോലീസിനോ നൽകിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയതിന്റെ പകർപ്പും ലഭ്യമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സംസ്കൃത സാഹിത്യ വിഭാഗവുമായി ബന്ധപ്പെട്ട 157 കുട്ടികളുടെ 279 ഉത്തര ക്കടലാസുകളാണ് നഷ്ടപ്പെട്ടത്. 14-7-2021-ന് സർവ്വകലാശാല കാലടി പോലീസിന് നൽകിയ മൊഴിയുടെ അടിസ്ഥാനത്തിൽ കാലടി പോലീസ് ക്രൈം നമ്പർ 894//21 നമ്പർ എഫ്.ഐ.ആർ. പകർപ്പ് അനുബന്ധം (II) ആയി ചേർക്കുന്നു*.

(ഡി) കാലടി സംസ്കൃത സർവ്വകലാശാലയിൽ സമാനമായ കാലഘട്ടത്തിൽ നടന്ന മറ്റ് പരീക്ഷകളുടെ ഉത്തരക്കടലാസുകളും നഷ്ടപ്പെട്ടിട്ടുണ്ടെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; കഴിഞ്ഞ രണ്ട് വർഷം യൂണിവേഴ്സിറ്റി നടത്തിയ പരീക്ഷാ പേപ്പറുകളുടെ വിവരം സംബന്ധിച്ച് സർക്കാർ ഉന്നതതല അന്വേഷണം നടത്തുമോ; വിശദാംശം ലഭ്യമാക്കാമോ?

സർവ്വകലാശാലയിൽ നടന്ന മറ്റ് പരീക്ഷകളുടെ ഉത്തരക്കടലാസുകളൊന്നും നഷ്ടപ്പെട്ടിട്ടില്ല.

## അതിഥി അധ്യാപകരുടെ വേതനം

90(2810) ശ്രീ. പി. ടി. തോമസ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർക്കാർ എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപകരുടെ നിലവിലെ വേതനം എത്രയാണെന്ന് അറിയിക്കുമോ; ഈ കാര്യത്തിൽ 4-7-2018-ന് ഇറക്കിയ സർക്കാർ ഉത്തരവിനുശേഷം പിന്നീട് വേതന വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

കേരളത്തിലെ സർക്കാർ എയ്ഡഡ് കോളേജുകളിലെ അതിഥി അധ്യാപകരുടെ നിലവിലെ വേതനം യു.ജി.സി യോഗ്യതയുള്ളവർക്ക് പ്രതിദിനം 1750 രൂപ എന്ന നിരക്കിൽ പരമാവധി ഒരു മാസം 43,750 രൂപയും യു.ജി.സി. യോഗ്യത ഇല്ലാത്തവർക്ക് പ്രതിദിനം 1,600 രൂപ എന്ന നിരക്കിൽ പരമാവധി ഒരു മാസം 40,000 രൂപയുമാണ്; പ്രസ്തുത ഉത്തരവിനുശേഷം വേതന വർദ്ധനവുണ്ടായിട്ടില്ല.

(ബി) യു.ജി.സി. 2019 ജനവരി 28-ന് ഇറക്കിയ സർക്കുലറിൽ അതിഥി അധ്യാപകരുടെ വേതനം മണിക്കൂറിൽ ആയിരത്തി അഞ്ഞൂറ് എന്ന നിരക്കിൽ വർദ്ധിപ്പിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; യു.ജി.സി.-യുടെ പ്രസ്തുത ഉത്തരവ് നടപ്പി ലാക്കണമെന്ന് മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശത്തിന്മേൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്; യു.ജി.സി.-യുടെ പ്രസ്തുത ഉത്തരവ് നടപ്പിലാക്കണമെന്ന മനുഷ്യാവകാശ കമ്മീഷൻ നൽകിയ നിർദ്ദേശത്തിന്മേൽ കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) വിവിധ ഡി.ഡി.ഇ. ഓഫീസുകളിലെ ജീവനക്കാരുടെ അനാസ്ഥ കാരണം അതിഥി അധ്യാപകരുടെ ശമ്പള ബില്ലുകൾ മുടങ്ങിയിട്ടുള്ളതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; സ്ഥിര അധ്യാപകരുടെ ബില്ലുകൾ വീഴ്ച കൂടാതെ നൽകുകയും അതിഥി അധ്യാപകരുടെ വേതന ബില്ലുകൾ നൽകുന്നതിൽ വീഴ്ച വരുത്തുകയും ചെയ്ത ജീവനക്കാർക്കെതിരെ ശിക്ഷാ നടപടി സ്വീകരിക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല; അതിഥി അധ്യാപകരുടെ ശമ്പളം മാറുന്നതിനാവശ്യമായ എല്ലാ രേഖകളും സഹിതം ബില്ലുകൾ ഹാജരാക്കുന്ന മുറയ്ക്ക് യഥാസമയം തന്നെ ശമ്പളം മാറുന്നതിനാവശ്യമായ അനുവാദം നല്കിവരുന്നു.

(ഡി) ഉന്നതവിദ്യാഭ്യാസ വകുപ്പ് 21-10-2017-ന് ഇറക്കിയ ഉത്തരവ് പ്രകാരം എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരും അതിഥി അധ്യാപകരുടെ മുൻമാസത്തെ വേതന ബിൽ സമർപ്പിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം ശമ്പള ബില്ലിനോടൊപ്പം നൽകണമെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ ഇതിൽ വീഴ്ച വരുത്തിയ പ്രിൻസിപ്പൽമാർക്കെതിരെ എന്ത് നടപടികൾ സ്വീകരിച്ചുവെന്ന് അറിയിക്കാമോ?

എല്ലാ എയ്ഡഡ് കോളേജ് പ്രിൻസിപ്പൽമാരും അതിഥി അധ്യാപകരുടെ മുൻമാസത്തെ വേതന ബിൽ സമർപ്പിച്ചിട്ടുണ്ടെന്ന സാക്ഷ്യപത്രം ശമ്പള ബില്ലിനോടൊപ്പം നൽകണമെന്ന് വ്യവസ്ഥ ചെയ്ത് ഉന്നത വിദ്യാഭ്യാസ വകുപ്പിൽനിന്നും ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല. എന്നാൽ 21-10-2017-ൽ കോഴിക്കോട് കോളേജ് വിദ്യാഭ്യാസ ഡെപ്യൂട്ടി ഡയറക്ടറുടെ കാര്യാലയത്തിൽനിന്നും ഇപ്രകാരം നിർദ്ദേശിച്ചുകൊണ്ട് ഒരു സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്; ഇത്തരത്തിൽ വീഴ്ച വരുത്തിയെന്ന പരാതികളൊന്നും ലഭിച്ചിട്ടില്ല.

**കോഴ്സുകളുടെ ആധുനികവൽക്കരണം**

91(2811) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗവേഷണ കോഴ്സുകളുടെ ആധുനികവൽക്കരണത്തിന് എന്ത് നടപടിയാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

ആധുനികവൽക്കരണത്തിന് സ്വീകരിക്കുന്ന നടപടികൾ താഴെപ്പറയുന്നവയാണ്.

1. ഗവേഷണ കോഴ്സുകളായ എം.ഫിൽ/പി.എച്ച്.ഡി എന്നിവ സംബന്ധിച്ചുള്ള അക്കാദമികവും മറ്റുമായ കാര്യങ്ങൾ UGC (Minimum standards and procedure for Award of M.Phil/P.hD. Degrees) Regulations 2016-ന് അനുസൃതമായി നടത്തിവരുന്നു.

2. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ ഗവേഷകരുടെ പ്രശ്നങ്ങൾ പഠിക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ രൂപീകരിച്ച ഡോ. ജെ. രാജൻ അദ്ധ്യക്ഷനായുള്ള കമ്മിറ്റി ശിപാർശകൾ നൽകിയിട്ടുണ്ട്.

3. കേരളത്തിലെ എഞ്ചിനീയറിംഗ് കോളേജുകളിൽ പലതരത്തിലുള്ള ഗവേഷണങ്ങൾ പഠനത്തിന്റെ ഭാഗമായി നടത്തിവരുന്നു. കൂടാതെ Research Initiative proposals എല്ലാ വർഷവും ക്ഷണിക്കാറുണ്ട്. കോളേജുകളിൽനിന്നും ലഭിക്കുന്ന പ്രൊപ്പോസലുകൾ വിദഗ്ദ സമിതിയെ വച്ച് വിലയിരുത്തി അവ പ്രായോഗികമായി നടപ്പിലാക്കാൻ പറ്റുന്ന പദ്ധതികളെ കണ്ടെത്തി അവയ്ക്കുവേണ്ട അടിസ്ഥാന സൗകര്യങ്ങളും ഫണ്ടും വകുപ്പിൽനിന്നും നൽകിവരുന്നു.

4. ഇന്ററാക്ഷൻ വിത്ത് എമിനന്റ് സ്കോളർ എന്ന പദ്ധതി കേരള സർവ്വകലാശാല ഐ.ക്യൂ.എ.സി. നടപ്പിലാക്കിവരുന്നു.

5. മഹാത്മാഗാന്ധി സർവ്വകലാശാല റിസർച്ച് സംബന്ധമായി എല്ലാ കാര്യങ്ങളും ഏകജാലക സംവിധാനത്തിൽ ഉൾപ്പെടുത്തുന്നതിന്റെ ഭാഗമായി സർവ്വകലാശാലയിൽ ഒരു സമഗ്ര റിസർച്ച് പോർട്ടൽ തയ്യാറായിവരുന്നു.

6. കാലിക്കറ്റ് സർവ്വകലാശാല ഡയറക്ടറേറ്റ് ഓഫ് റിസർച്ചിലെ പ്രവർത്തനങ്ങളെല്ലാം ഡിജിറ്റൽ രൂപത്തിൽ ആക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ ഓൺലൈൻ പ്ലാറ്റ്ഫോം ഉപയോഗപ്പെടുത്തുന്നു. ഗവേഷണ കേന്ദ്രങ്ങൾക്ക് ഭൗതികവും അക്കാദമികവുമായ സൗകര്യങ്ങൾ ഉറപ്പുവരുത്തുകയും ഇന്റർഡിസിപ്ലിനറി വിഷയങ്ങളിൽ ഗവേഷണം അനുവദിച്ചുവരികയും ചെയ്യുന്നു. കാലിക്കറ്റ് സർവ്വകലാശാല അധ്യാപകർക്ക് റിസർച്ച് പ്രോജക്ടുകൾ നടത്തുന്നതിനായി കാലിക്കറ്റ് സർവ്വകലാശാല 'സീഡ് മണി' പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാന വികസനവുമായി ബന്ധപ്പെട്ട് പുതുതലമുറ കോഴ്സുകളും സ്കോളർഷിപ്പുകളും സ്മാർട്ട് ക്ലാസ്റൂമുകളും ഏർപ്പെടുത്തുന്നതിനും പാഠ്യവിഷയങ്ങളും പാഠ്യപദ്ധതിയും പരിഷ്കരിക്കാനും നടപടി സ്വീകരിക്കുമോ?

1. കേരള, എം.ജി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, എം.ജി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത, മലയാളം സർവ്വകലാശാല എന്നിവയിൽ New Generation Inter Disciplinary സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ 2021 Academic വർഷം ആരംഭിക്കുവാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്.

2. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളിൽ ഡിജിറ്റൽ സാങ്കേതിക വിദ്യ പഠന പ്രക്രിയയ്ക്ക് സഹായകരമാകുന്ന രീതിയിൽ നേരത്തെതന്നെ ഉപയോഗിച്ചുവരുന്നു. മിക്ക സ്ഥാപനങ്ങളിലും ഡിജിറ്റൽ ക്ലാസ് മുറികൾ സ്ഥാപിച്ചു. പഠന സൗകര്യങ്ങൾക്കൊപ്പം ലൈബ്രറിയും ഡിജിറ്റൈസ് ചെയ്തിട്ടുണ്ട്. ഇ-ബുക്കുകൾ, ഇ-ജേർണലുകൾ എന്നിവ സ്ഥാപനങ്ങളിൽ ലഭ്യമാക്കിയിട്ടുണ്ട്.

3. കോളേജ് വിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള സർക്കാർ കോളേജുകളിൽ ഘട്ടംഘട്ടമായി സ്മാർട്ട് ക്ലാസ് മുറികൾ തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. കൂടാതെ കോളേജുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് 16 ഇനം സ്കോളർഷിപ്പുകൾ അനുവദിച്ചുവരുന്നു.

4. കേരള സർവ്വകലാശാലയിൽ എല്ലാ പഠന വകുപ്പുകളിലും തിയേറ്റർ ക്ലാസ്സ്റൂം സ്ഥാപിക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു.

5. മഹാത്മാഗാന്ധി സർവ്വകലാശാല ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി എം.ഫിൽ, പി.എച്ച്.ഡി., പി.ഡി.എഫ്. ഗവേഷകർക്കായി എം.ഫിൽ ഫെലോഷിപ്പ്, യൂണിവേഴ്സിറ്റി ജൂനിയർ റിസർച്ച് ഫെലോഷിപ്പ്, പോസ്റ്റ് ഡോക്ടറൽ ഫെലോഷിപ്പ് എന്നീ ഫെലോഷിപ്പുകൾ നൽകിവരുന്നു.

**ബിരുദ-ബിരുദാനന്തര കോഴ്സുകളുടെ പാഠ്യപദ്ധതിയും ഘടനയും**

92 (2812) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ:
ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എം. വിജിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ആർട്സ് ആൻഡ് സയൻസ് ബിരുദ, ബിരുദാനന്തര കോഴ്സുകളുടെ പാഠ്യപദ്ധതിയും ഘടനയും മാറ്റാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി രൂപീകരിച്ചിരുന്ന വിദഗ്ധ സമിതിയുടെ നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

&

(ബി) മികച്ച ആശയവിനിമയ ശേഷിയും യുക്തിബോധവും വളർത്തുന്നതും അന്തർവൈജ്ഞാനിക കോഴ്സുകൾ ഉൾപ്പെടുന്നതുമായ രീതിയിലാണോ നവീകരണം ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(എ&ബി) സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകളിൽ മാറ്റം വരുത്തുന്നതിനായി ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കിയ മാർഗ്ഗ നിർദ്ദേശങ്ങൾ താഴെപ്പറയുന്നവയാണ് :

(i) നൂതന കോഴ്സുകൾ സംയോജിതവും ബഹുവൈജ്ഞാനിക രീതിയിലും ഉള്ളതാണ് (Integrated and Interdisciplinary)

(ii) ഓഫ്‌ലൈൻ-ഓൺലൈൻ സംയോജിത മാതൃക (Blended Model).

(iii) വിവിധ യൂണിവേഴ്സിറ്റികളിൽ പഠനം പൂർത്തിയാക്കാൻ കഴിയുന്ന അക്കാഡമിക് മൊബിലിറ്റിയുള്ള കോഴ്സുകൾ.

(iv) തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന കോഴ്സുകളായിരിക്കണം.

(v) ഗവേഷണ സ്ഥാപനങ്ങളുമായും വ്യവസായ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കാൻ കഴിയുന്നവയായിരിക്കണം.

(vi) വ്യവസായ രംഗത്ത് നിന്നുള്ള adjunct faculty-യെ ഇത്തരം കോഴ്സുകളിൽ ഉപയോഗിക്കാം.

1. <u>കരിക്കുലം പരിഷ്കരണം</u>:

സംസ്ഥാനത്തെ സർവകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും സിലബസും കാലോചിതമായി പരിഷ്കരിക്കുന്നതിന് ഉന്നത വിദ്യാഭ്യാസ കൗൺസിൽ മാർഗനിർദ്ദേശം നൽകിവരുന്നുണ്ട്. ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ പുനഃസംഘടിപ്പിക്കുന്നതിന് നേതൃത്വം നൽകിയത് കൗൺസിലാണ്. എല്ലാവർക്കും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ഈ സമ്പ്രദായം സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കിത്തുടങ്ങി. ഇതിന് ചുവടുപിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുനഃസംഘടിപ്പിച്ചു. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഉന്നത

വിദ്യാഭ്യാസ കൗൺസിൽ ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജെമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി നൽകുന്ന കരിക്കുലം ഫ്രെയിം വർക്കിൽ, വൈജ്ഞാനിക രംഗത്തെ പുതിയ അറിവുകൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാനാണ് സർവ്വകലാശാലകൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകി വരുന്നത്.

(1) യു.ജി.സി മാർഗ്ഗനിർദ്ദേശങ്ങൾക്കനുസരിച്ച് ഉന്നത വിദ്യാഭ്യാസ ബിരുദ ബിരുദാനന്തര പൊതുപ്രോഗ്രാമുകൾ (ബി.എ, ബി.എസ് സി., ബി.കോം, അവയ്ക്ക് തുല്യമായവ) നടത്തണം. ആ പ്രോഗ്രാമുകൾ നടത്തുന്ന സ്ഥാപനങ്ങൾ നാക് അക്രെഡിറ്റേഷൻ തേടണം.

(2) എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും എല്ലാ വിദ്യാർത്ഥികൾക്കും കണക്ടിവിറ്റി സ്ഥാപിക്കുന്നതിന് സർക്കാർ ഏജൻസികളുമായി സഹകരിച്ച് പ്രവർത്തിക്കണം.

(3) എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളും അവരുടെ IQAC-കളിലൂടെ അദ്ധ്യാപകർ, പഠനം, ഫാക്കൽറ്റി, സ്റ്റാഫ്, വിദ്യാർത്ഥികൾ എന്നിവർക്കായി ICT-യെ സമന്വയിപ്പിക്കുന്നതിനുള്ള പരിശീലന പരിപാടികൾ സംഘടിപ്പിക്കണം. അവ മുഖാമുഖ രീതിയിലോ ഓൺലൈൻ രീതിയിലോ ആകാം.

(4) ഓരോ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മുഴവൻ അധ്യാപന/പഠന രീതിയിലും വിദ്യാഭ്യാസത്തിനായുള്ള ICT (സാങ്കേതിക വിദ്യയിൽ) ശ്രദ്ധ കേന്ദ്രീകരിക്കുന്ന ഒരു പ്രത്യേക സെൽ ഉണ്ടായിരിക്കണം.

2. ഡോ. ജെമ്മീസ് കമ്മിറ്റി റിപ്പോർട്ട്: ബിരുദ ബിരുദാനന്തര വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജെമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതി വിശദമായി റിപ്പോർട്ട് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്.

3. പ്രൊഫ. എൻ. ജെ. റാവു കമ്മിറ്റി: സർവ്വകലാശാലകളിലെ പരീക്ഷാ പരിഷ്കരണം സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. എൻ.ജെ. റാവു അദ്ധ്യക്ഷനായ കമ്മിറ്റി വ്യവസ്ഥാപരം (Systemic), കരിക്കുലം, സാങ്കേതികത, പരീക്ഷാസമ്പ്രദായം എന്നിവയെ അടിസ്ഥാനപ്പെടുത്തിയിട്ടുള്ള സമഗ്രമായ നിർദ്ദേശങ്ങളാണ് മുന്നോട്ട് വച്ചിട്ടുള്ളത്.

അവയിൽ ചിലത്:

1. ഫലാധിഷ്ഠിത വിദ്യാഭ്യാസ രീതി (OBE) പൂർണ്ണമായും നടപ്പിലാക്കുക.

2. നാക്ക് അക്രെഡിറ്റേഷൻ ആവശ്യകതകൾ നിറവേറ്റുന്നതിനും നിലവിലുള്ള ഫാക്കൽറ്റിയുടെ തൊഴിൽ സുരക്ഷ ഉറപ്പു വരുത്തുന്നതിനും സ്റ്റുഡൻസ് ഫാക്കൽറ്റി അനുപാതങ്ങളും ഫാക്കൽറ്റി കേഡർ അനുപാതങ്ങളും ഉറപ്പാക്കിക്കൊണ്ട് ആവശ്യമായ മാറ്റം വരുത്തുക.

3. യു.ജി.സി.-യുടെ ക്രെഡിറ്റ് മാനദണ്ഡം കൃത്യമായി നടപ്പാക്കുക.

4. ഉന്നത വിദ്യാഭ്യാസ ബിരുദ ബിരുദാനന്തര സാങ്കേതിക പ്രോഗ്രാമുകൾ (എഞ്ചിനീയറിംഗ്, ഫാർമസി, എം.സി.എ, മാനേജ്മെന്റ്). എ.ഐ.സി.റ്റി.ഇ. നൽകിയ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് നടത്തുകയും എൻ.ബി.എ. അക്രെഡിറ്റേഷൻ തേടുകയും വേണം.

5. കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയിൽ New Generation Inter Disciplinary സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ 2021 അക്കാദമിക് വർഷം ആരംഭിക്കാൻ അനുമതി നൽകിയിട്ടുണ്ട്.

(സി) സർവ്വകലാശാലകളിലെ ഗവേഷണ പ്രവർത്തനങ്ങളെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്നതിനും നാടിന്റെ വികസനത്തിന് ചാലകശക്തിയാകാൻ കഴിയുന്നതരത്തിൽ രൂപപ്പെടുത്തിയെടുക്കുന്നതിനും പരിപാടിയുണ്ടോയെന്ന് അറിയിക്കുമോ?

കേരള സർവ്വകലാശാലയിൽ ഗവേഷണ പ്രവർത്തനങ്ങളെ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്കുയർത്തുന്നതിനും സമൂഹത്തിന്റെയും നാടിന്റെയും നന്മയ്ക്കായി പ്രയോജനപ്പെടുത്തുന്നതിനും വിവിധ ഗവേഷണ വകുപ്പുകളുടെ കീഴിൽ നൂതന ഗവേഷണ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയിൽ ഗവേഷണ പ്രവർത്തനങ്ങളെ ഉത്പാദന മേഖലയിൽ എത്തിക്കുന്നതിനുള്ള സഹായം ചെയ്യുന്നതിനായി സർവ്വകലാശാലയിൽ Business Innovation and Incubation Centre സ്ഥാപിച്ചിട്ടുണ്ട്. ടി സെന്ററിന്റെ കീഴിൽ വിവിധ സ്റ്റാർട്ട് അപ്പുകൾ തുടങ്ങുകയും പേറ്റൻറുകൾക്കായി അപേക്ഷകൾ സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. Tyre Tread Fabrication -നുമായി ബന്ധപ്പെട്ട് മഹാത്മാഗാന്ധി സർവകലാശാലയിൽ അപ്പോളോ ടയേഴ്സ്, ചെന്നൈയുമായി ഇൻഡസ്ട്രിയൽ പ്രോജക്ട് കോളാബറേഷനിൽ ഏർപ്പെട്ടിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിൽ 7 സ്റ്റാർട്ട് അപ്പ് കമ്പനികൾ പ്രവർത്തിക്കുന്നു. വിദ്യാർത്ഥികൾക്ക് ആർട്ടിഫിഷ്യൽ ഇന്റലിജൻസ് പോലുള്ള നൂതന സാങ്കേതിക വിദ്യകളിൽ അറിവും വ്യവസായത്തിനാവശ്യമായ തൊഴിൽ വൈദഗ്ധ്യവും ആർജ്ജിക്കുന്നതിനായി School of Artificial Intelligence and Robotics, School of Data Analytics, School of Nano Science and Technology, School of Food Technology and Quality Assurance, School of Energy Materials എന്നീ പുതിയ പഠന വകുപ്പുകൾ മഹാത്മാഗാന്ധി സർവകലാശാല തുടങ്ങിയിട്ടുണ്ട്. കൂടാതെ Social Science-ലും, Science-ലും ഇൻറഗ്രേറ്റഡ് ബിരുദ ബിരുദാനന്തര കോഴ്സുകൾ ആരംഭിച്ചിട്ടുണ്ട്. മഹാത്മാഗാന്ധി സർവകലാശാലയുടെ വിവിധ പഠന വകുപ്പുകളും അക്കാദമിക് സെന്ററുകളും എകദേശം അറുപത്തിമൂന്നോളം ദേശീയ അന്തർദേശീയ സർവകലാശാല/സ്ഥാപനങ്ങളുമായി ഗവേഷണ, അക്കാദമിക് മേഖലകളിൽ MoU-ൽ ഏർപ്പെട്ടിട്ടുണ്ട്. കാലിക്കറ്റ് സർവ്വകലാശാലയിൽ വിദേശ രാജ്യങ്ങളിൽ ജോലി ചെയ്തുവരുന്ന, ഗവേഷണത്തിന് യോഗ്യതയുള്ള ഇന്ത്യക്കാർക്കും യോഗ്യരായ മറ്റു വിദേശ പൗരന്മാർക്കും ടി യൂണിവേഴ്സിറ്റിയുമായി ധാരണാപത്രം ഒപ്പുവച്ചിട്ടുള്ള വിദേശ സർവ്വകലാശാലകളിലെ അദ്ധ്യാപകർക്കും കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കീഴിൽ പാർട്ട് ടൈം ആയി ഗവേഷണം നടത്തുന്നതിന് സഹായകമാകുന്ന രീതിയിലുള്ള പ്രവർത്തനങ്ങൾ യൂണിവേഴ്സിറ്റിയുടെ ഭാഗത്തു നിന്നും ആരംഭിച്ചിട്ടുണ്ട്. അതുപോലെതന്നെ Sao Paulo University, Brazil, Stamford International University, Bangkok മുതലായ വിദേശ യൂണിവേഴ്സിറ്റികളുമായി MoU ധാരണയായി ഉത്തരവ് ഇറക്കിയിട്ടുണ്ട്. കൊച്ചി സർവ്വകലാശാലയിൽ സ്റ്റാർട്ട് അപ്പ് പ്രോഗ്രാമുകൾ നടത്തിവരുന്നു. അന്തർ സർവ്വകലാശാല ബൗദ്ധിക സ്വത്തവകാശ കേന്ദ്രം (IUCIPRS, CUSAT) വഴി വിവിധ ഗവേഷണ ഫലങ്ങൾ സമൂഹത്തിലേയ്ക്കെത്തിക്കുവാൻ ശ്രമങ്ങൾ നടക്കുന്നു.

## എയ്ഡഡ്/സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾ

93(2813) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ പത്ത് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് എയ്ഡഡ്/സ്വകാര്യ മേഖലകളിൽ എത്ര വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത സ്ഥാപനങ്ങളിലെ കോഴ്സുകൾ ഏതൊക്കെയാണെന്നും കുട്ടികളുടെ എണ്ണം എത്രയെന്നും സ്ഥാപനം തിരിച്ച് വ്യക്തമാക്കാമോ;

&

(സി) ഈ സ്ഥാപനങ്ങളുടെ നടത്തിപ്പ് ഇൻഡിവിജ്വൽ/കോർപ്പറേറ്റ് മാനേജ്മെന്റ് ഉത്തരവാദിത്തത്തിലാണോയെന്ന് തരം തിരിച്ച് വ്യക്തമാക്കാമോ?

(എ-സി) മഹാത്മാഗാന്ധി, കാലിക്കറ്റ്, കണ്ണൂർ സർവ്വകലാശാലകളെയും സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനെയും സംബന്ധിച്ച വിവരം അനുബന്ധം (I) ആയി* ചേർത്തിരിക്കുന്നു. കേരള, സാങ്കേതിക സർവ്വകലാശാലകളെ സംബന്ധിച്ച വിവരങ്ങൾ ശേഖരിച്ച് നൽകുന്നതാണ്.

(ഡി) എയ്ഡഡ്/സ്വകാര്യ മേഖലകളിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാനുള്ള അപേക്ഷ തീർപ്പുകൽപ്പിക്കുന്നതിനായി ബാക്കിയുണ്ടോയെന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകാമോ?

കണ്ണൂർ സർവ്വകലാശാലയ്ക്ക് കീഴിൽ എയ്ഡഡ്/സ്വകാര്യ മേഖലയിൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾ അനുവദിക്കാൻ അഞ്ച് അപേക്ഷകളാണ് ബാക്കിയുള്ളത്. കേരള, സാങ്കേതിക സർവ്വകലാശാലകളെ സംബന്ധിച്ച വിവരം ശേഖരിച്ചുവരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയും കാലിക്കറ്റ് സർവ്വകലാശാലയും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം (II) ആയി ചേർക്കുന്നു.*

## സ്ത്രീധനത്തിനെതിരെ ബോധവൽക്കരണം

94(2814) ഡോ. എം. കെ. മുനീർ:
ശ്രീ. യു. എ. ലത്തീഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്ത്രീധനം എന്ന സാമൂഹ്യതിന്മയെ സംബന്ധിച്ച് കോളേജ് വിദ്യാർത്ഥികൾക്കിടയിൽ അവബോധം സൃഷ്ടിക്കുന്നതിനായി എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സ്ത്രീധനം പോലുള്ള ദുരാചാരങ്ങൾ സമൂഹത്തിൽനിന്നും തുടച്ചുനീക്കുന്നതിനായുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി ആദ്യം കോളേജ് വിദ്യാർത്ഥികൾക്ക് ലിംഗസമത്വം, സ്ത്രീസുരക്ഷാ നിയമങ്ങൾ, സ്ത്രീധന സമ്പ്രദായം നിർത്തലാക്കുന്നത്, വിവാഹധൂർത്ത് കുറയ്ക്കുന്നത് എന്നിവ സംബന്ധിച്ചുള്ള ബോധവൽക്കരണം നടത്തുന്നതിനുള്ള നടപടികൾ വനിതാ ശിശു വികസന വകുപ്പ് മുഖേന സ്വീകരിച്ചുവരുന്നു. കൂടാതെ മേൽ വിഷയങ്ങൾ കോളേജുകളിലെ കരിക്കുലത്തിൽ ഉൾപ്പെടുത്തുന്നകാര്യം പരിശോധിക്കുന്നതാണ്. ലിംഗസമത്വം യുവാക്കളിൽനിന്നും തുടങ്ങണമെന്ന ഉദ്ദേശ്യത്തോടെ സംസ്ഥാനത്തെ മുഴുവൻ കോളേജുകളിലും പരിശീലനം ലഭിച്ച റിസോഴ്സ് പേഴ്സൺമാർ മുഖാന്തരം എൻ.സി.സി., എൻ.എസ്.എസ്., കോളേജ് യൂണിയൻ, യുവജന കമ്മീഷൻ എന്നിവയുടെ സഹകരണത്തോടെ ജെൻഡർ അവയർനെസ് ക്യാമ്പയിൻ സംഘടിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരുന്നു. അതുപോലെ, കേരള വനിതാ കമ്മീഷൻ സംസ്ഥാനത്ത് സ്ത്രീധനം എന്ന സാമൂഹ്യതിന്മയെ സംബന്ധിച്ച് സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്കിടയിൽ കലാലയ ജ്യോതി എന്ന പേരിലും യുവതി യുവാക്കൾക്കിടയിൽ വിവാഹപൂർവ്വ ശില്പശാല എന്ന പേരിലും പരിപാടികൾ നടത്തിവരുന്നു. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സ്ത്രീധനമുൾപ്പെടെയുള്ള സ്ത്രീവിരുദ്ധ പ്രവണതകൾ ചർച്ച ചെയ്യാവുന്ന "ജെൻഡർ ജസ്റ്റിസ് ഫോറങ്ങൾ" ആരംഭിക്കാൻ ഉത്തരവ് ഇറക്കിയിട്ടുണ്ട്.

(ബി) ബിരുദം നേടുന്നതിന് സ്ത്രീധന ബോണ്ട് ഏർപ്പെടുത്തണമെന്ന നിർദ്ദേശം പരിശോധിച്ചിട്ടുണ്ടോ;

&

(സി) എങ്കിൽ പ്രസ്തുത നിർദ്ദേശം എപ്രകാരം നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(ബി & സി) ഇക്കാര്യത്തിൽ വിശദമായ പരിശോധന ആവശ്യമാണ്.

## കോന്നി മണ്ഡലത്തിലെ ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ പുതിയ കോഴ്സുകൾ

95 (2815) <u>ശ്രീ. കെ. യു. ജനീഷ് കുമാർ</u>: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോന്നി നിയോജകമണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന ഐ.എച്ച്.ആർ.ഡി. കോളേജുകളിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

കോന്നി നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ഐ.എച്ച്.ആർ.ഡി.-യുടെ കോന്നി അപ്ലൈഡ് സയൻസ് കോളേജിൽ പുതിയ പി.ജി. കോഴ്സായ എം.എസ്‌സി. കമ്പ്യൂട്ടർ സയൻസ് (ഡാറ്റാ അനലിറ്റിക്സ്) സർക്കാരിന്റേയും യൂണിവേഴ്സിറ്റിയുടേയും അനുമതി ലഭിക്കുന്നമുറയ്ക്ക് ആരംഭിക്കുന്നതിന് 30-6-2021-ൽ കൂടിയ ഐ.എച്ച്. ആർ. ഡി.-യുടെ 103-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റി യോഗം തീരുമാനിച്ചിട്ടുണ്ട്. ഇതുസംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

**തിരുവനന്തപുരം ജില്ലയിൽ ആരംഭിക്കുന്ന പുതിയ കോളേജുകൾ**

96(2816) ശ്രീ. വി. ജോയി: താഴെക്കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുവനന്തപുരം ജില്ലയിൽ പുതിയ കോളേജുകൾ ആരംഭിക്കുന്നതിനായി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

തിരുവനന്തപുരം ജില്ലയിൽ വർക്കല, വാമനപുരം എന്നിവിടങ്ങളിൽ സർക്കാർ കോളേജുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്. സർക്കാർ മേഖലയിൽ പുതിയ കോളേജുകൾ അനുവദിക്കുന്നത് സംബന്ധിച്ച് സർക്കാരിന്റെ സാമ്പത്തിക സ്ഥിതി കൂടി കണക്കിലെടുത്ത് മാത്രമേ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ.

**ഉന്നത വിദ്യാഭ്യാസ നയം**

97(2817) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവകേരള നിർമ്മാണത്തിന് ആക്കം കൂട്ടുന്നതിനായി ആവിഷ്കരിക്കുന്ന ഉന്നതവിദ്യാഭ്യാസ നയം സംബന്ധിച്ച് വിശദമാക്കാമോ;

&

(ബി) പ്രസ്തുത നയത്തിന്റെ ഭാഗമായി സാങ്കേതിക വിദ്യാഭ്യാസ വകുപ്പിൽ എന്തൊക്കെ മാറ്റങ്ങളാണ് കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; വ്യക്തമാക്കാമോ?

(എ & ബി) മറുപടി അനുബന്ധമായി ചേർക്കുന്നു.*

**ലെറ്റ്സ് ഗോ ഡിജിറ്റൽ നയം**

98(2818) ശ്രീ. കെ. ജെ. മാക്സി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ രംഗത്ത് മുഴുവൻ കോളേജ് വിദ്യാർത്ഥികൾക്കും ഡിജിറ്റൽ ഉപകരണം നിലവിൽ ലഭ്യമാണോ; ഇല്ലെങ്കിൽ എല്ലാ വിദ്യാർത്ഥികൾക്കും ആയത് ഉറപ്പുവരുത്താൻ സ്വീകരിച്ചുവരുന്ന പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് അറിയിക്കുമോ?

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്ക് ഓൺലൈൻ പഠനത്തിനാവശ്യമായ ഡിജിറ്റൽ ഉപകരണം ലഭ്യമാണോ എന്നത് സംബന്ധിച്ച കണക്കെടുപ്പുകൾ സ്ഥാപനതലത്തിൽ നടത്തിവരുന്നു. കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ വിദ്യാർത്ഥികൾക്ക് ഡിജിറ്റൽ പഠനോപകരണങ്ങൾ ലഭ്യമാക്കുന്നതിനുള്ള അപേക്ഷകൾ വിദ്യാർത്ഥികളിൽനിന്നും സ്വീകരിക്കുന്നുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള കോളേജുകളിൽ വിദ്യാർത്ഥികൾക്ക് ഫലപ്രദമായ രീതിയിൽ ഓൺലൈൻ/ഡിജിറ്റൽ പഠനം നടത്തുന്നതിനായി പി.ടി.എ., പൂർവ്വ വിദ്യാർത്ഥി കൂട്ടായ്മകൾ, സന്നദ്ധ സംഘടനകൾ എന്നിവയിലൂടെ പഠനോപകരണങ്ങൾ സമാഹരിക്കുന്ന നടപടി സ്വീകരിച്ചുവരുന്നു. എൽ.ബി.എസ്.-ന്റെ കീഴിൽ വരുന്ന 2 എഞ്ചിനീയറിംഗ് കോളേജുകളിലും ഒരു ഡിഗ്രി കോളേജിലും ഏകദേശം 95% വിദ്യാർത്ഥികൾക്കും ഡിജിറ്റൽ പഠനോപകരണം ലഭ്യമായിട്ടുണ്ട്. മറ്റ് വിദ്യാർത്ഥികൾക്ക് സന്നദ്ധസംഘടനകളും കോളേജ് alumni association-നുമായി ബന്ധപ്പെട്ട് ഡിജിറ്റൽ പഠനോപകരണം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൂടാതെ കോളേജിലെ കമ്പ്യൂട്ടറുകൾ താൽക്കാലികമായി വീട്ടിൽ കൊണ്ടുപോയി ഉപയോഗിക്കാനുള്ള അനുമതിയും നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പ്രവർത്തനങ്ങളുടെ ഭാഗമായ ലെറ്റ്സ് ഗോ ഡിജിറ്റൽ നയം കൊണ്ട് ഉദ്ദേശിക്കുന്നത് എന്തെല്ലാമെന്നും ഇതുവഴി ഉന്നതവിദ്യാഭ്യാസ രംഗത്ത് ഉണ്ടാക്കാനുദ്ദേശിക്കുന്ന മാറ്റങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

"ലെറ്റ്സ് ഗോ ഡിജിറ്റൽ" പദ്ധതി ഹയർ എഡ്യൂക്കേഷൻ കൗൺസിൽ മുഖാന്തരം ഡിജിറ്റൽ സർവ്വകലാശാലയുടെ, സാങ്കേതിക സഹായത്തോടെ, വിവിധ സർവ്വകലാശാലകൾ, ഐ.എച്ച്.ആർ.ഡി, എൽ.ബി.എസ്., കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, എ.പി.ജെ. അബ്ദുൾകലാം സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളെ ഏകോപിപ്പിച്ചുകൊണ്ട് സംസ്ഥാനത്തെ കോളേജുകൾ, സർവ്വകലാശാലകൾ, മറ്റ് ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയിൽ ഏറ്റവും പുതിയ ഡിജിറ്റൽ സാങ്കേതിക വിദ്യ ഉപയോഗിച്ചുകൊണ്ടുള്ള അധ്യയനം സാദ്ധ്യമാകുന്ന വിധത്തിലുള്ള സൗകര്യങ്ങളൊരുക്കാനും ഡിജിറ്റൽ സാങ്കേതിക വിദ്യയിൽ അധിഷ്ഠിതമായ പഠനക്രമങ്ങൾ സാദ്ധ്യമാക്കുന്നതിനും വിദ്യാർത്ഥികളെ ഇതിന് പ്രാപ്തമാക്കുന്നതുമാണ് ഈ പദ്ധതിയുടെ പരമമായ ഉദ്ദേശ്യലക്ഷ്യങ്ങൾ. ഇതുമൂലം കോവിഡ് അനന്തര വിദ്യാഭ്യാസ രംഗത്ത് ഡിജിറ്റൽ വിദ്യാഭ്യാസ വിപ്ലവം തന്നെ സാദ്ധ്യമാകുന്നതാണ്.

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ വിദ്യാർത്ഥികൾക്കുള്ള വിദ്യാഭ്യാസ കലണ്ടർ പഠന വിദ്യാർത്ഥികൾക്കും ഗവേഷണ വിദ്യാർത്ഥികൾക്കുമായി പ്രസിദ്ധീകരിക്കുന്നത് പരിഗണിക്കുമോ; വിശദാംശം വ്യക്തമാക്കുമോ?

സംസ്ഥാനത്തെ എല്ലാ സർവ്വകലാശാലകളും അക്കാദമിക വർഷത്തിന്റെ ആരംഭത്തിൽ ബിരുദ-ബിരുദാനന്തര പ്രോഗ്രാമുകൾക്കായുള്ള അക്കാദമിക് കലണ്ടർ പ്രസിദ്ധീകരിച്ചുവരുന്നു. സെമസ്റ്റർ സമ്പ്രദായം നടപ്പിലാക്കിയതോടുകൂടി 90 ദിവസമുള്ള ഓരോ സെമസ്റ്റർ അക്കാദമിക കലണ്ടറും സർവ്വകലാശാല പ്രസിദ്ധീകരിച്ച് കോളേജുകൾക്ക് നൽകാറുണ്ട്. അക്കാദമിക കലണ്ടറിൽ പ്രോഗ്രാമുകളുടെ ആരംഭം, അഡ്മിഷൻ പൂർത്തിയാക്കൽ, ഇന്റേണൽ പരീക്ഷകൾ, END സെമസ്റ്റർ പരീക്ഷകൾ എന്നിവയുടെ കൃത്യമായ ദിവസങ്ങൾ നിശ്ചയിച്ച് നൽകിവരുന്നു. ഇത് സർവ്വകലാശാലാ വെബ് സൈറ്റിൽ പ്രസിദ്ധീകരിക്കുന്നുണ്ട്. പരീക്ഷാ കലണ്ടർ വാർഷിക അടിസ്ഥാനത്തിലും അക്കാദമിക കലണ്ടർ അക്കാദമിക വർഷാടിസ്ഥാനത്തിലുമാണ് തയ്യാറാക്കുന്നത്. ഗവേഷണം സംബന്ധിച്ചുള്ള കാര്യങ്ങൾ യു.ജി.സി. റെഗുലേഷന് അനുയോജ്യമായ രീതിയിലാണ് സർവ്വകലാശാലകൾ തയ്യാറാക്കുന്നത്.

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുനഃസംഘടന**

99(2819) ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. വി. ശശി:
ശ്രീ. സി. സി. മുകുന്ദൻ:
ശ്രീ. മുഹമ്മദ് മുഹസിൻ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുനഃസംഘടന ലക്ഷ്യമാക്കി ബ്ലെൻഡഡ് മോഡ് ഓഫ് ലേണിംഗ് & ടീച്ചിംഗ് എന്ന പേരിൽ യു.ജി.സി. ആശയക്കുറിപ്പ് പ്രസിദ്ധീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സംസ്ഥാനത്തിന്റെ അഭിപ്രായം തേടിയിട്ടുണ്ടോ?

ബ്ലെൻഡഡ് മോഡ് ഓഫ് ലേണിംഗ് സംബന്ധിച്ച യു.ജി.സി. കരട് റിപ്പോർട്ടിന്മേലുള്ള നിർദ്ദേശങ്ങൾ ഉന്നത വിദ്യാഭ്യാസ കൗൺസിൽ യു.ജി.സി.-ക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) യു.ജി.സി.-യുടെ പ്രസ്തുത നിർദ്ദേശം ഉന്നതവിദ്യാഭ്യാസത്തിന്റെ കച്ചവടവത്കരണത്തിന് ഇടയാക്കുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) കോവിഡ് കാലത്തെ പ്രതിസന്ധി അതിജീവിക്കുന്നതിന് താൽക്കാലിക ഉപാധിയെന്ന നിലയിൽ ആരംഭിച്ച ഓൺലൈൻ ക്ലാസ്സുകളെ അനൗപചാരിക വിദ്യാഭ്യാസത്തിന് പകരമായി സ്ഥാപനവത്ക്കരിക്കാൻ ശ്രമിക്കുന്നതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

(സി&ഡി) സർക്കാർ നയത്തിന്റെ വീക്ഷണത്തിൽ പരിശോധന ആവശ്യമാണ്.

## നൂതന കോഴ്സുകളിൽ പരിശീലനം

100(2820) ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നൂതന കോഴ്സുകളായ ആർട്ടിഫിഷ്യൽ ഇന്റലിജൻസ്, റോബോട്ടിക്സ്, ഡിസൈൻ എഞ്ചിനീയറിംഗ് എന്നിവയിൽ വിദ്യാർത്ഥികൾക്ക് പരിശീലനം നൽകാൻ സൗകര്യങ്ങൾ ഒരുക്കിയിട്ടുണ്ടോ;

&

(ബി) മാറുന്ന തൊഴിൽ സാഹചര്യങ്ങൾക്ക് അനുസൃതമായി പ്രൊഫഷണൽ കോഴ്സുകൾ പുനഃക്രമീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ?

(എ & ബി) ഉണ്ട്.

(സി) പ്രൊഫഷണൽ വിദ്യാർത്ഥികൾക്ക് അതത് മേഖലകളിലെയും ഇതര വൈജ്ഞാനിക മേഖലകളിലെയും ഏറ്റവും മികച്ച അറിവുകൾ സ്വായത്തമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നത്; വിശദമാക്കുമോ?

എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക ശാസ്ത്ര സർവ്വകലാശാല ഒരു പ്രത്യേക എഞ്ചിനീയറിംഗ് ശാഖയിലെ ആഴത്തിലുള്ള വിജ്ഞാനം ലക്ഷ്യമാക്കി ആരംഭിച്ച ബി.ടെക് ഓണോഴ്സ് ഡിഗ്രിക്കുള്ള വ്യവസ്ഥകൾ ഉദാരമാക്കി. നിലവിൽ എൻ.ബി.എ. അക്രഡിറ്റേഷനും പ്രസ്തുത ശാഖയിൽ എം.ടെക് കോഴ്സുമുള്ള കോളേജുകളിലെ വിദ്യാർത്ഥികൾക്കാണ് ഓണോഴ്സ് ഡിഗ്രി ലഭിച്ചിരുന്നത്. ഈ വ്യവസ്ഥകൾ ഒഴിവാക്കി എല്ലാ കോളേജുകളിലെയും 8.5 ഗ്രേഡ് ലഭിക്കുന്ന സമർത്ഥരായ വിദ്യാർത്ഥികളെ ഓണോഴ്സ് ഡിഗ്രിക്കായി രജിസ്റ്റർ ചെയ്യാൻ അനുവദിക്കും. വിവിധ എഞ്ചിനീയറിംഗ് മേഖലകളിൽ ഉന്നത പഠന ഗവേഷണ സാധ്യതകളും അഭിരുചികളും സൃഷ്ടിക്കുവാൻ കഴിയുന്ന വിധത്തിലാണ് ബി.ടെക് ഓണോഴ്സ്

വിഷയങ്ങൾ വിഭാവന ചെയ്തിട്ടുള്ളത്. എഞ്ചിനീയറിംഗ് ശാസ്ത്രരംഗത്തെ വിജ്ഞാന വൈവിധ്യങ്ങൾ ഉൾക്കൊള്ളുവാൻ വിദ്യാർത്ഥികളെ പ്രാപ്തരാക്കുന്ന ബി.ടെക് മൈനർ ബിരുദവും ആരംഭിച്ചു. ഇതുവഴി ഏതു സാങ്കേതിക ശാഖയിലും പഠിക്കുന്ന വിദ്യാർത്ഥികൾക്ക് മറ്റു ശാഖകളിലെ നവീനമായ വിഷയങ്ങൾ പഠിക്കുവാൻ അവസരം ലഭിക്കും. 2019-ലെ AICTE-യുടെ നിർദ്ദേശാനുസരണം വിദ്യാർത്ഥികളുടെ അക്കാദമിക നിലവാരം ഉയർത്തുന്നതിനായി കരിക്കുലത്തിൽ Honors-ഉം Minor Programme-ഉം ഉൾപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, തങ്ങളുടെ മേഖലകളിലുണ്ടാകുന്ന പുരോഗതിക്കനുസരിച്ച് elective courses പുതുതായി ഉൾപ്പെടുത്തുന്നതിനുള്ള സംവിധാനവും ഒരുക്കിയിട്ടുണ്ട്. Multi-disciplinary ആയും cross-disciplinary ആയും ഉള്ള വിഷയങ്ങൾ ഉൾപ്പെടുത്തി കരിക്കുലം ഡിസൈൻ ചെയ്തിരിക്കുന്നതു കൊണ്ട് കുട്ടികൾക്ക് വിവിധ മേഖലകളിൽ ജോലി ലഭിക്കുന്നതിനും ഗവേഷണ ചാതുര്യം വളർത്തുന്നതിനും സഹായകരമാകുന്നു. അക്കാഡമിക് ഓഡിറ്റ് മുഖാന്തരം എല്ലാ അഫിലിയേറ്റഡ് കോളേജുകളിലും യൂണിവേഴ്സിറ്റി മിനിമം നിലവാരം ഉറപ്പുവരുത്തു ന്നതിനുള്ള സാഹചര്യം ഒരുക്കിയിട്ടുണ്ട്.

(ഡി) ഉയർന്ന നിലവാരത്തിലുള്ള വിദേശ സർവ്വകലാശാലകളുമായി ചേർന്ന് സംസ്ഥാനത്ത് ഉന്നതപഠനം സാധ്യമാക്കുന്നതിന് സർവ്വകലാശാലകൾ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയെന്ന് വ്യക്തമാക്കാമോ?

വിദേശ സർവ്വകലാശാലകളുമായി ചേർന്ന്, സംസ്ഥാനത്ത് ഉന്നത പഠനം സാധ്യമാക്കുന്നതിന്റെ ഭാഗമായി

1. കേരള സർവ്വകലാശാലയിൽ ഇന്ററാക്ഷൻ വിത്ത് എമിനന്റ് സ്കോളർ പദ്ധതി, ട്രാവൽ ത്രൂ നോബൽ വിന്നേഴ്സ് എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിദേശ രാജ്യങ്ങളിലെ വിദ്യാർത്ഥികൾക്കായി സെന്റർ ഫോർ ഗ്ലോബൽ അക്കാദമിക്സ് പ്രവർത്തിച്ചുവരുന്നു.

2. മഹാത്മാഗാന്ധി സർവ്വകലാശാല വിദേശ സർവ്വകലാശാലകളുമായി ചേർന്ന് പിഎച്ച്.ഡി. പ്രോഗ്രാം നടത്തുന്നതിന് പുറമെ ബിരുദാനന്തര ബിരുദ വിദ്യാർത്ഥികൾക്ക് റിസർച്ച് പ്രോജക്ടുകൾ, ഗവേഷണ വിദ്യാർത്ഥികൾക്ക് ഗവേഷണത്തിന്റെ ഒരു ഭാഗം വിദേശ സർവ്വകലാ ശാലകളിൽ പൂർത്തീകരിക്കാനുള്ള അവസരം എന്നിവ നൽകുന്നുണ്ട്.

3. കണ്ണൂർ സർവ്വകലാശാല University of Adelaide-Australia, University of Erfurt-Germany, University of Chieti-Italy എന്നീ വിദേശ സർവ്വകലാശാലകളുമായി അക്കാദമിക സഹകരണത്തിനായി ധാരണാപത്രങ്ങൾ ഒപ്പുവച്ചിട്ടുണ്ട്.

4. മലയാള സർവ്വകലാശാല ജർമ്മനിയിൽ ഗുണ്ടർട്ട് ചെയർ സ്ഥാപിച്ച് മാതൃഭാഷയെ പരിപോഷിപ്പിക്കുന്നു.

5. നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് വിദേശ സർവ്വകലാശാലകളുമായി ചേർന്ന് എക്സ്ചേഞ്ച്/ ലെക്ചർ പ്രോഗ്രാം നടത്തുന്നുണ്ട്.

6. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാല Shimane University-Japan, Yamagata University-Japan, Nansen Environmental and Remote Sensing Centre-Norway, Nippon Kaiji Kyokai-Japan, Niigata University-Japan, Old Dominion University-USA, University of Gothenburg-Sweden, University of Salerno-Italy, Univesite de Rennes-France എന്നീ വിദേശ സർവ്വകലാശാലകളുമായി അക്കാദമിക സഹകരണത്തിനായി ധാരണാപത്രങ്ങൾ ഒപ്പു വച്ചിട്ടുണ്ട്.

7. എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല വിദേശ സർവ്വകലാശാലകളുമായി ചേർന്ന് പഠനം സാധ്യമാക്കുന്നതിനായിട്ടുള്ള കൊളാബോറേഷൻ ആൻഡ് ട്വിന്നിങ് പ്രോഗ്രാമിനുള്ള മാർഗ്ഗനിർദേശ്ശങ്ങൾക്ക് അന്തിമരൂപം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

### ലെറ്റ്സ്ഗോ ഡിജിറ്റൽ പ്ലാറ്റ്ഫോം

101(2821) ശ്രീ. കടകംപള്ളി സുരേന്ദ്രൻ:
ശ്രീ. കെ. എം. സച്ചിൻദേവ്:
ഡോ. സുജിത് വിജയൻപിള്ള:
ശ്രീ. പി. പി. സുമോദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും ചേർന്ന് കോളേജ് വിദ്യാർത്ഥികൾക്കായി ലെറ്റ്സ്ഗോ ഡിജിറ്റൽ എന്ന ഏകീകൃത പ്ലാറ്റ്ഫോം തയ്യാറാക്കിയിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ ഏതെല്ലാം സർവ്വകലാശാലകളെയും സ്ഥാപനങ്ങളെയും ഏകോപിപ്പിച്ചാണ് പദ്ധതി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതി നിർവ്വഹണത്തിന്റെ സാങ്കേതിക സഹായവും ഏകോപനവും ഏത് ഏജൻസിയെയാണ് ഏൽപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത പദ്ധതി എന്ന് ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കാമോ?

(എ-ഡി) ലെറ്റ്സ് ഗോ ഡിജിറ്റൽ പദ്ധതി മിഷൻ രീതിയിൽ നടപ്പാക്കുന്നതിനും സംസ്ഥാനതല ഏകോപനം നടത്തുന്നതിനും 30-7-2021-ലെ സ.ഉ.(സാധാ) നമ്പർ 983/2021/ ഉ.വി.വ. പ്രകാരം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ചെയർമാനായ ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി ഒരു മാർഗ്ഗരേഖ രൂപീകരിച്ച് സമർപ്പിക്കുവാൻ കമ്മിറ്റിക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. സ്വതന്ത്ര സോഫ്റ്റ്വെയർ ആയ Moodle എന്ന ലേണിങ് മാനേജ്മെന്റ് സിസ്റ്റം ഉപയോഗിച്ച് ഉന്നത വിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും സംയുക്തമായിട്ടാണ് "ലെറ്റ്സ് ഗോ ഡിജിറ്റൽ" പദ്ധതി നടപ്പിലാക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ വിവിധ സർവ്വകലാശാലകൾ ഐ.എച്ച്.ആർ.ഡി., എൽ.ബി.എസ്, കോളേജ് വിദ്യാഭ്യാസ ഡയറക്ടറേറ്റ്, സാങ്കേതിക വിദ്യാഭ്യാസ ഡയറക്ടറേറ്റ്, എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാല എന്നീ സ്ഥാപനങ്ങളും ഇതിന്റെ ഭാഗമാകുന്നതാണ്. പദ്ധതിയുടെ ഭാഗമായി ആദ്യഘട്ടമെന്ന നിലയിൽ Moodle ഉപയോഗവുമായി ബന്ധപ്പെട്ട് ആയിരത്തിലധികം അദ്ധ്യാപകർക്ക് പരിശീലനം നൽകിക്കഴിഞ്ഞിട്ടുണ്ട്. ഹയർ എഡ്യൂക്കേഷൻ കൗൺസിൽ സ്ഥാപിക്കുന്ന കേന്ദ്രീകൃത എൽ.എം.എസ്.-ന്റെ ഭാഗമായി സ്ഥാപനതല എൽ.എം.എസ്സുകൾ സ്ഥാപനങ്ങളുടെ ആഭിമുഖ്യത്തിൽ തന്നെയാണ് സ്ഥാപിക്കുക. പദ്ധതിയുടെ മറ്റൊരു ഉപഘടകം "ബ്രിഡ്ജ് ദി ഡിവൈഡ്" ഡിജിറ്റൽ സമത്വം പരിഹരിക്കാനുദ്ദേശിച്ചുള്ളതാണ്. ഇതുമായി ബന്ധപ്പെട്ട സർവ്വേ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

## ഉന്നതവിദ്യാഭ്യാസ മേഖലയിലെ പരിഷ്കരണം

102(2822) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ഐ. ബി. സതീഷ്:
ശ്രീ. പി. വി. അൻവർ:
ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖല മികവുറ്റതാക്കുന്നതിന്റെ ഭാഗമായി വിവിധ വൈജ്ഞാനിക മേഖലകളെ ഒരു കുടക്കീഴിൽ കൊണ്ടുവരുന്നതിനുള്ള കേന്ദ്രം ആരംഭിക്കുന്നത് പരിഗണനയിൽ ഉണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രങ്ങളായി ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണെന്ന് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഇതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ നടന്നുവരികയാണ്.

(ബി) ഉന്നതവിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി നിലവിലെ നിയമങ്ങൾ കാലോചിതമായി മാറ്റുന്നതിനുള്ള നടപടികൾ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉന്നത വിദ്യാഭ്യാസ മേഖല പരിഷ്കരിക്കുന്നതിന്റെ ഭാഗമായി ആവശ്യമായ ഘട്ടങ്ങളിൽ നിയമങ്ങളിൽ കാലോചിതമായി മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ട്.

(സി) കരിക്കുലം, പരീക്ഷ, ഗവേഷണ പ്രവർത്തനങ്ങൾ എന്നിവയിൽ എന്തെല്ലാം തരത്തിലുള്ള മാറ്റങ്ങളാണ് പരിഗണിക്കുന്നത്; വിശദാംശങ്ങൾ നൽകാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകൾ നടത്തുന്ന കോഴ്സുകളിൽ മാറ്റംവരുത്തു ന്നതിനാവശ്യമായ താഴെപ്പറയുന്ന മാർഗ്ഗനിർദ്ദേശങ്ങൾ പരിശോധിക്കുന്നതാണ് :

(i) നൂതന കോഴ്സുകൾ സംയോജിതവും ബഹുവൈജ്ഞാനിക രീതിയിലും ഉള്ളതാക്കുക.

(ii) ഓഫ്‌ലൈൻ-ഓൺലൈൻ സംയോജിത മാതൃക നടപ്പാക്കുക.

(iii) വിവിധ യൂണിവേഴ്സിറ്റികളിൽ പഠനം പൂർത്തിയാക്കാൻ കഴിയുന്ന അക്കാഡമിക് മൊബിലിറ്റിയുള്ള കോഴ്സുകൾ നടപ്പാക്കുക.

(iv) തൊഴിൽ സാധ്യത വർദ്ധിപ്പിക്കുന്ന കോഴ്സുകൾക്ക് പ്രാധാന്യം നൽകുക.

(v) ഗവേഷണ സ്ഥാപനങ്ങളുമായും വ്യവസായ സ്ഥാപനങ്ങളുമായും ബന്ധം സ്ഥാപിക്കാൻ കഴിയുന്ന കോഴ്സുകൾ നടപ്പാക്കുക.

(vi) വ്യവസായ രംഗത്ത് നിന്നുള്ള adjunct faculty-യെ കോഴ്സുകളിൽ ഉപയോഗിക്കുക

(I) എല്ലാവർക്കും ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ബിരുദതല വിദ്യാഭ്യാസം Choice Based Credit Semester System (CBCSS) മാതൃകയിൽ സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കി തുടങ്ങി. ഇതിന് ചുവടുപിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുനഃസംഘടിപ്പിച്ചു.

(II) ഡോ. ജെമ്മീസ് കമ്മിറ്റി റിപ്പോർട്ട് പ്രകാരം ബിരുദ ബിരുദാനന്തര വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടി പ്പിക്കുന്ന കാര്യത്തിൽ ഉന്നത വിദ്യാഭ്യാസ കൗൺസിലിന്റെ നേതൃത്വ ത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ. ഡി. ജെമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതി വിശദമായി റിപ്പോർട്ട് തയ്യാറാക്കി സർവകലാശാലകൾക്ക് നൽകിയിട്ടുണ്ട്.

(III) സർവ്വകലാശാലകളിലെ പരീക്ഷാ പരിഷ്കരണം സംബന്ധിച്ച് സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ച പ്രൊഫ. എൻ. ജെ. റാവു അദ്ധ്യക്ഷനായ കമ്മിറ്റിയുടെ റിപ്പോർട്ടും സർക്കാർ പരിശോധിച്ചുവരുന്നു. കേരള, മഹാത്മഗാന്ധി, കാലിക്കറ്റ്, കണ്ണൂർ യൂണിവേഴ്സിറ്റികളിലെ അഫിലിയേറ്റഡ് കോളേജുകളിലും കാലിക്കറ്റ്, മഹാത്മഗാന്ധി, കുസാറ്റ്, കേരള, കണ്ണൂർ, സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവയിൽ New Generation Inter Disciplinary സ്വഭാവമുള്ള 170-ഓളം കോഴ്സുകൾ 2020-21 അക്കാദമിക് വർഷം ആരംഭിക്കാൻ സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ മേഖലയിലെ സമൂല പരിവർത്തനം ലക്ഷ്യമാക്കിക്കൊണ്ട് ഒരു ഉന്നത വിദ്യാഭ്യാസ പരിഷ്കരണ കമ്മീഷനെ നിയോഗിക്കാനും ചട്ടങ്ങളും നിയമങ്ങളും പരിഷ്കരിക്കാനും പരീക്ഷാരീതി പരിഷ്കരിക്കുന്നതിനും വ്യത്യസ്ത കമ്മിറ്റികളെ നിയോഗിക്കാനും ഉദ്ദേശിക്കുന്നു.

**മലപ്പുറം ജില്ലയിൽ അക്കാദമിക് സിറ്റി**

103(2823) ശ്രീ. പി. ഉബൈദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഉന്നത വിദ്യാഭ്യാസ മേഖലയെ അന്തർദ്ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി അക്കാദമിക് സിറ്റി സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിലെ നയം വ്യക്തമാക്കുമോ?

മലപ്പുറം ജില്ലയിൽ അക്കാദമിക് സിറ്റി ആരംഭിക്കുന്ന കാര്യം ഇപ്പോൾ സർക്കാരിന്റെ പരിഗണനയിലില്ല.

(ബി) എങ്കിൽ വിദ്യാഭ്യാസപരമായി പിന്നാക്കാവസ്ഥയിലുള്ള മലപ്പുറം ജില്ലയിൽ ഒരു അക്കാദമിക് സിറ്റി ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോ ?

ബാധകമല്ല.

**ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് ബോണ്ട്**

104(2824) ശ്രീ. എച്ച്. സലാം: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ എയ്ഡഡ് കോളേജുകളിൽ ഗസ്റ്റ് അദ്ധ്യാപകരെ നിയമിക്കുന്നതിന് ബോണ്ട് ഏർപ്പെടുത്തിയത് ഏത് വർഷം മുതലാണെന്ന് അറിയിക്കുമോ?

2013 മുതൽ.

(ബി) പ്രസ്തുത ബോണ്ട് വയ്ക്കുന്നതിൽനിന്നും ഗസ്റ്റ് അധ്യാപകർക്ക് ഏതെങ്കിലും വർഷം ഇളവ് നൽകിയിട്ടുണ്ടോ; എങ്കിൽ ബന്ധപ്പെട്ട ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

25-5-2018-ലെ ഡി1/109/2018/ഉവിവ നമ്പർ സർക്കാർ കത്ത് പ്രകാരം 2017-18 അധ്യയന വർഷത്തിലേയ്ക്ക് ബോണ്ട് വയ്ക്കുന്നതിൽനിന്നും ഇളവ് നൽകിയിട്ടുണ്ട്. ടി കത്തിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) 2018-19 അദ്ധ്യയന വർഷം മുതൽ ഇത്തരത്തിൽ ബോണ്ട് വയ്ക്കാത്തതുമൂലം ശമ്പളം ലഭിക്കാത്ത അധ്യാപകരുടെ എണ്ണം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ ജില്ല തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

എണ്ണം കണക്കാക്കിയിട്ടില്ല.

(ഡി) ഈ അദ്ധ്യാപകർക്ക് ബോണ്ട് വയ്ക്കുന്നതിൽനിന്നും പ്രത്യേക ഇളവ് നൽകി ചെയ്ത ജോലിക്ക് ശമ്പളം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വ്യക്തമാക്കാമോ?

2018-19 അധ്യയന വർഷം മുതൽ പ്രവർത്തിയെടുക്കുന്ന അതിഥി അദ്ധ്യാപകർ ജോലിയിൽ പ്രവേശിക്കുന്ന ദിവസം തന്നെ ബോണ്ട് വയ്ക്കണമെന്ന 25-5-2018-ലെ ഡി1/109/2018/ഉവിവ. നമ്പർ സർക്കാർ കത്തിലെ വ്യവസ്ഥ പാലിക്കാത്തതിനാൽ വേതനം നൽകുവാൻ കഴിഞ്ഞില്ലായെന്നും അതിഥി അദ്ധ്യാപകർക്ക് വേതനം നൽകുന്നതിലേയ്ക്കായി ടി നിർദ്ദേശത്തിൽനിന്നും ഇളവ് നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിഗണിച്ചുവരുന്നു.

**അദ്ധ്യാപക നിയമനങ്ങളിലെ ക്രമക്കേടുകൾ**

105(2825) ശ്രീ. പി. കെ. ബഷീർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം:
ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങളിൽ ഉള്ളതായി പറയപ്പെടുന്ന ക്രമക്കേടുകളെ സംബന്ധിച്ച് പരിശോധന നടത്തിയിട്ടുണ്ടോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ക്രമക്കേട് സംബന്ധിച്ചുള്ള ആരോപണങ്ങൾ/ പരാതികൾ ഉണ്ടാകുമ്പോൾ ഉചിതമായ തലത്തിൽ പരിശോധന നടത്താറുണ്ട്.

(ബി) സർവ്വകലാശാല അദ്ധ്യാപക നിയമനത്തിന് ഏകീകൃത രൂപം വേണമെന്ന നിർദ്ദേശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

യു.ജി.സി. റെഗുലേഷനെ അടിസ്ഥാനമാക്കിയാണ് അദ്ധ്യാപക നിയമനങ്ങൾ നടത്തുന്നത്. അതിനാൽ യോഗ്യതയിലും മറ്റു അക്കാഡമിക് മാനദണ്ഡങ്ങളിലും ഏകീകൃത രൂപമുണ്ടാകാറുണ്ട്.

(സി) പ്രസ്തുത നിയമനങ്ങളിലെ പരാതികൾ പരിഗണിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കുമോ?

പരാതികൾ ലഭ്യമാകുമ്പോൾ ആയത് വിവിധ തലങ്ങളിൽ പരിശോധിക്കപ്പെടാറുണ്ട്.

**എയ്ഡഡ് കോളേജ് നിയമനങ്ങൾ**

106(2826) ശ്രീമതി കെ. കെ. രമ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസ മേഖലയിലെ വിവിധ തസ്തികകളിലെ നിയമനങ്ങൾക്കുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ?

എയ്ഡഡ് കോളേജുകളിലെ ഒഴിവുകൾ ബന്ധപ്പെട്ട യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിനും യു.ജി.സി./എ.ഐ.സി.ടി.ഇ./എൻ.സി.ടി.ഇ. ചട്ടങ്ങൾക്കും വിധേയമായി മതിയായ യോഗ്യതയുള്ള ഉദ്യോഗാർത്ഥികളെ സെലക്ഷൻ കമ്മിറ്റി മുഖേന തെരഞ്ഞെടുത്ത് നിയമിക്കുന്നു. സർക്കാർ കോളേജുകളിലെ നിയമനങ്ങൾ പി.എസ്.സി. വഴിയാണ് നടത്തുന്നത്.

(ബി) എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളെല്ലാം പ്രസ്തുത മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിലാണോ നടത്തുന്നത്; ഇല്ലെങ്കിൽ ഏതൊക്കെ തസ്തികകൾക്കാണ് ഇളവുകൾ അനുവദിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ?

എയ്ഡഡ് കോളേജുകളിലെ നിയമനങ്ങളെല്ലാം പ്രസ്തുത മാനദണ്ഡങ്ങൾക്കനുസൃതമായിട്ടാണ് നടത്തുന്നത്.

(സി) എയ്ഡഡ് മേഖലയിലെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള അധ്യാപക, അനധ്യാപക നിയമനങ്ങളിൽ സംവരണതത്വം പാലിക്കുന്നുണ്ടോ; എങ്കിൽ സംവരണം നൽകുന്നതിന്റെ ആനുപാതിക കണക്ക് വിശദീകരിക്കുമോ?

സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ്/ അറബിക്/ ബി.എഡ്. കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യുംപ്രകാരം ഓപ്പൺ/കമ്മ്യൂണിറ്റി ഒഴിവുകളിൽ 50:50 അനുപാതം പാലിച്ചാണ് നിയമനം നടത്തുന്നത്. ഇവിടെ കമ്മ്യൂണിറ്റി മെറിറ്റ് എന്നത് പ്രസ്തുത കോളേജുൾപ്പെടുന്ന വിദ്യാഭ്യാസ ഏജൻസിയുമായി ബന്ധപ്പെട്ട കമ്മ്യൂണിറ്റിയെയാണ് സൂചിപ്പിക്കുന്നത്. ഇതല്ലാതെ എയ്ഡഡ് കോളേജുകളിൽ നിയമനത്തിനായി ജാതി സംവരണം സംബന്ധിച്ച് സർവ്വകലാശാല ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്തിട്ടില്ല. എന്നാൽ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ്/ അറബിക്/ബി.എഡ്. കോളേജുകളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഏർപ്പെടുത്തിക്കൊണ്ട് 15-2-2021-ലെ സ.ഉ.(കൈ) 96/2021/ഉവിവ പ്രകാരം ഉത്തരവായിട്ടുണ്ട്.

(ഡി) ഇല്ലെങ്കിൽ സർക്കാർ ശമ്പളം നൽകുന്ന പ്രസ്തുത സ്ഥാപനങ്ങളിലെ നിയമനങ്ങളെല്ലാം സംവരണതത്വം പാലിച്ചുകൊണ്ടുള്ളതാക്കാൻ നടപടി സ്വീകരിക്കുമോ?

കേരളത്തിലെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിച്ചു നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ 25-5-2015-ലെ വിധിന്യായത്തിനെതിരെ ഏതാനും എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ പുറപ്പെടുവിച്ച 21-12-2017-ലെ വിധിന്യായം മാനേജുമെന്റുകൾക്ക് അനുകൂലമായിരുന്നു. എയ്ഡഡ് കോളജുകളിൽ അദ്ധ്യാപക-അനദ്ധ്യാപക നിയമനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗ സംവരണം ഏർപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 21-12-2017-ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ 26-12-2017-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീംകോടതി മുമ്പാകെ എസ്.എൽ.പി. (സി)9975/18 നമ്പരായി എസ്.എൽ.പി. ഫയൽ ചെയ്തിട്ടുള്ളതും ആയതിൻമേൽ വാദം നടന്നു വരികയുമാണ്.

**സംസ്ഥാനത്തെ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനം**

107(2827) ശ്രീ. ടി. സിദ്ദിഖ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളിലെ അദ്ധ്യാപക നിയമനങ്ങൾ പബ്ലിക് സർവ്വീസ് കമ്മീഷന് വിടുന്നതിനും ഇത്തരം ഒഴിവുകൾ യഥാസമയം റിപ്പോർട്ട് ചെയ്യുന്നതിനുംവേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിന് സർക്കാർ ഓർഡിനൻസ് (2021-ലെ 51) പുറപ്പെടുവിച്ചിട്ടുണ്ട്.

(ബി) സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനങ്ങളിൽ സംവരണം ഉറപ്പുവരുത്തുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

അതത് സർവ്വകലാശാലകളിലെ സ്റ്റാറ്റ്യൂട്ട്സിന് വിധേയമായി കെ.എസ്. & എസ്.എസ്.ആർ. 14-17 പ്രകാരം 100 പോയിന്റ് സംവരണക്രമം പാലിച്ചാണ് അധ്യാപക നിയമനങ്ങൾ നടത്താറുള്ളത്.

(സി) എയ്ഡഡ് കോളേജുകളിലെ അദ്ധ്യാപക നിയമനത്തിൽ സംവരണം പാലിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം കോളേജുകളിലെ അദ്ധ്യാപക നിയമനത്തിൽ സംവരണം ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

സംസ്ഥാനത്തെ സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ്/ അറബിക്/ ബി.എഡ്. കോളേജുകളിൽ അസിസ്റ്റന്റ് പ്രൊഫസർ നിയമനവുമായി ബന്ധപ്പെട്ട് സർവ്വകലാശാല സ്റ്റാറ്റ്യൂട്ടുകളിൽ വ്യവസ്ഥ ചെയ്യുംപ്രകാരം ഓപ്പൺ/കമ്മ്യൂണിറ്റി ഒഴിവുകളിൽ 50:50 അനുപാതം പാലിച്ചാണ് നിയമനം നടത്തുന്നത്. ഇവിടെ കമ്മ്യൂണിറ്റി മെറിറ്റ് എന്നത് പ്രസ്തുത കോളേജുൾപ്പെടുന്ന വിദ്യാഭ്യാസ ഏജൻസിയുമായി ബന്ധപ്പെട്ട കമ്മ്യൂണിറ്റിയെയാണ് സൂചിപ്പിക്കുന്നത്. ഇതല്ലാതെ എയ്ഡഡ് കോളേജുകളിൽ നിയമനത്തിനായി ജാതി സംവരണം സംബന്ധിച്ച് സർവ്വകലാശാല ആക്ടിലും സ്റ്റാറ്റ്യൂട്ടിലും വ്യവസ്ഥ ചെയ്തിട്ടില്ല. സ്വകാര്യ എയ്ഡഡ് ആർട്സ് & സയൻസ്/അറബിക്/ബി.എഡ്. കോളേജുകളിൽ ഭിന്നശേഷിക്കാർക്ക് 4% സംവരണം ഏർപ്പെടുത്തിക്കൊണ്ട് 15-2-2021-ലെ സ.ഉ.(കൈ) 96/2021/ഉ.വി.വ. പ്രകാരം ഉത്തരവായിട്ടുണ്ട്. കേരളത്തിലെ എയ്ഡഡ് ആർട്സ് & സയൻസ് കോളേജുകളിൽ പട്ടികജാതി-പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെടുന്ന ഉദ്യോഗാർത്ഥികൾക്ക് സംവരണം അനുവദിച്ചു നൽകണമെന്ന ബഹു. ഹൈക്കോടതിയുടെ 25-5-2015-ലെ വിധി ന്യായത്തിനെതിരെ ഏതാനും എയ്ഡഡ് കോളേജ് മാനേജ്മെന്റുകൾ ഫയൽ ചെയ്ത റിട്ട് അപ്പീലുകളിന്മേൽ പുറപ്പെടുവിച്ച 21-12-2017-ലെ വിധിന്യായം മാനേജുമെന്റുകൾക്ക് അനുകൂലമായിരുന്നു. എയ്ഡഡ് കോളേജുകളിൽ അദ്ധ്യാപക-

അനദ്ധ്യാപക നിയമനത്തിൽ പട്ടികജാതി-പട്ടിക വർഗ്ഗ സംവരണം ഏർപ്പെടുത്തുക എന്ന സർക്കാർ നയത്തിന്റെ ഭാഗമായി 21-12-2017-ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുവാൻ 26-12-2017-ലെ മന്ത്രിസഭായോഗം തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ ബഹു. സുപ്രീം കോടതി മുമ്പാകെ എസ്.എൽ.പി. (സി) 9975/18 നമ്പരായി എസ്.എൽ.പി ഫയൽ ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിലെ ഓപ്പൺ യൂണിവേഴ്സിറ്റികളിൽ വിവിധ കോഴ്സുകൾക്ക് അനുമതി നൽകുന്നതിന് എന്തെങ്കിലും കാലതാമസം നേരിടുന്നുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

യു.ജി.സി.-യുടെ കീഴിലുള്ള ഡിസ്റ്റൻസ് എഡ്യൂക്കേഷൻ ബ്യൂറോയുടെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയിൽ യു.ജി., പി.ജി. കോഴ്സുകൾ ആരംഭിക്കുവാൻ കഴിയുന്നതാണ്.

## സി-ആപ്റ്റിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം

108(2828) <u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിലെ ജീവനക്കാർക്ക് ഇപ്പോൾ നൽകുന്നത് എത്രാമത്തെ ശമ്പള പരിഷ്കരണം അനുസരിച്ചുള്ള ശമ്പളമാണെന്ന് അറിയിക്കാമോ?

സി-ആപ്റ്റിലെ ജീവനക്കാർക്ക് ഇപ്പോൾ 9-ാം ശമ്പള പരിഷ്കരണ പ്രകാരമുള്ള ശമ്പളമാണ് നൽകിവരുന്നത്.

(ബി) ഇനി എത്ര ശമ്പള പരിഷ്കരണം നടപ്പിലാക്കാനുണ്ട്; കാലതാമസത്തിനുള്ള കാരണമെന്തെന്ന് വ്യക്തമാക്കാമോ?

സംസ്ഥാന സർക്കാർ ജീവനക്കാർക്കും അധ്യാപകർക്കും ഇപ്പോൾ 11-ാം ശമ്പള പരിഷ്കരണം സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്. എന്നാൽ, സി-ആപ്റ്റിലെ ജീവനക്കാർക്ക് 10-ാം ശമ്പളപരിഷ്കരണം 26-2-2021-ലെ G.O(Ms)No: 152/ 2021/HEDN തീയതി, പ്രകാരം സർക്കാർ തത്വത്തിൽ അംഗീകരിച്ച് ഉത്തരവായിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിനുള്ള അവസാനഘട്ട നടപടികൾ പൂർത്തിയായിവരുന്നു. സി-ആപ്റ്റിലെ സാമ്പത്തിക പരിമിതിമൂലമാണ് ശമ്പള പരിഷ്കരണം യഥാസമയങ്ങളിൽ നടപ്പിലാക്കാൻ കാലതാമസമുണ്ടാകുന്നത്.

## പത്തിരിപ്പാല ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സ് അനുവദിക്കുന്നത്

109 (2829) ശ്രീമതി ശാന്തകുമാരി കെ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോങ്ങാട് മണ്ഡലത്തിലെ പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജിൽ എം.എ. മലയാളം ലാംഗ്വേജ് വിത്ത് മീഡിയ സ്റ്റഡീസ്, എം.എ. ഇംഗ്ലീഷ് ലാംഗ്വേജ് & ലിറ്ററേച്ചർ വിത്ത് ജെൻഡർ സ്റ്റഡീസ്, ബി.എ. ഇക്കണോമിക്സ്, ബി.എസ്.സി. മാത്തമാറ്റിക്സ് കോഴ്സുകൾ അനുവദിക്കുന്നതിനുള്ള ശിപാർശ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

&

(ബി) എങ്കിൽ പ്രസ്തുത കോഴ്സുകൾ അനുവദിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) പത്തിരിപ്പാല സർക്കാർ ആർട്സ് & സയൻസ് കോളേജിൽ 2020-21 അദ്ധ്യയന വർഷം 'മാസ്റ്റർ ഇൻ കൊമേഴ്സ് ആൻഡ് ടാക്സേഷൻ' കോഴ്സ് അനുവദിച്ചിട്ടുണ്ട്. 2021-22 വർഷം കോഴ്സുകൾ അനുവദിക്കുന്നത് സംബന്ധിച്ച് തീരുമാനിച്ചിട്ടില്ല.

(സി) പത്തിരിപ്പാല സർക്കാർ കോളേജിൽ ഓഫീസ് റൂം, പ്രിൻസിപ്പൽ റൂം, സ്റ്റോറൂം, കോൺഫറൻസ് ഹാൾ, പരീക്ഷാ ഹാൾ, ലൈബ്രറി എന്നീ സൗകര്യങ്ങളോടുകൂടിയ അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്ക് നിർമ്മിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

അഡ്മിനിസ്ട്രേറ്റീവ് ബ്ലോക്കിന്റെ നിർമ്മാണത്തിനായി കോളേജിൽനിന്നും പൊതുമരാമത്ത് വകുപ്പിലേയ്ക്ക് എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് കത്ത് നൽകിയിട്ടുണ്ട്. അത് അംഗീകരിച്ച് ലഭ്യമാകുന്നമുറയ്ക്ക് ഫണ്ടനുവദിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

## പേരാമ്പ്ര സി.കെ.ജി.എം. ഗവൺമെന്റ് കോളേജിന്റെ സമഗ്രവികസനം

110(2830) ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പേരാമ്പ്ര സി.കെ.ജി.എം. ഗവൺമെന്റ് കോളേജിന്റെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എന്തൊക്കെ കാര്യങ്ങളാണ് അതിൽ ഉൾപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ; ഇതിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പേരാമ്പ്ര സി.കെ.ജി.എം. ഗവൺമെന്റ് കോളേജിന്റെ സമഗ്ര വികസനത്തിനായുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. അക്കാദമിക് ബ്ലോക്ക്, സ്റ്റാഫ് കോർട്ടേഴ്സ്, മെൻസ് ഹോസ്റ്റൽ, ഓഡിറ്റോറിയം, കോൺഫറൻസ് ഹാൾ, ഓപ്പൺ എയർ സ്റേറജ്, സ്പോർട്സ് കോംപ്ലക്സ്, ഇൻഡോർ സ്റ്റേഡിയം, റോഡ്, മെയിൻ ഗേറ്റ് എന്നിവയാണ് മാസ്റ്റർ പ്ലാനിൽ ഉൾപ്പെട്ടിട്ടുള്ളത്. ഇതിൽ അക്കാഡമിക് ബ്ലോക്കിന്റെയും ലൈബ്രറിയുടെയും നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുകയാണ്.

(ബി) നിലവിൽ ഈ കോളേജിൽ ഏതൊക്കെ കോഴ്സുകളാണ് ഉള്ളതെന്നും പുതിയ കോഴ്സുകൾ ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ എന്നും വ്യക്തമാക്കാമോ;

&

(സി) ഏതൊക്കെ പുതിയ കോഴ്സുകളാണ് ആരംഭിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

(ബി&സി) ബി.എസ്.സി. ഫിസിക്സ്, ബി.എ. ഇംഗ്ലീഷ്, എം.കോം ഫിനാൻസ്, എം.എസ്.സി മാത്സ് എന്നീ കോഴ്സുകൾ നിലവിലുണ്ട്. G.O.(Ms) No.150/2021/HEdn തീയതി 25-2-2021 ഉത്തരവുപ്രകാരം BSc Applied Statistics with Data Science കോഴ്സ് അനുവദിച്ചിട്ടുണ്ട്.

**ഉദുമ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിലെ കോഴ്സുകൾ**

111(2831) ശ്രീ. സി. എച്ച്. കുഞ്ഞമ്പു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ ഉദുമ ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ നിലവിൽ എത്ര കോഴ്സുകളാണുള്ളത്; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ ബി.എ. ഹിസ്റ്ററി, ബി.എ. ഇംഗ്ലീഷ്, ബി.കോം. കോ-ഓപ്പറേഷൻ എന്നീ ബിരുദ കോഴ്സുകളും എം.എ. സോഷ്യൽ സയൻസ് വിത്ത് സ്പെഷ്യലൈസേഷൻ ഇൻ ഹിസ്റ്ററി എന്ന ബിരുദാനന്തര കോഴ്സുമുണ്ട്.

(ബി) പ്രസ്തുത സ്ഥാപനത്തിൽ പുതിയ കോഴ്സുകൾ അനുവദിക്കുന്ന വിഷയം പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല.

**നാദാപുരം സർക്കാർ കോളേജിന്റെ വാടക കുടിശ്ശിക**

112(2832) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജിൽ വാടക കുടിശ്ശിക നൽകാനുണ്ടോയെന്ന് അറിയിക്കുമോ;

(ബി) എങ്കിൽ പ്രസ്തുത കുടിശ്ശിക നൽകാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) 1-4-2019 മുതൽ 29-2-2020 വരെ കരാർ പ്രകാരം 3,30,000 രൂപ (മൂന്ന് ലക്ഷത്തി മുപ്പതിനായിരം രൂപ മാത്രം) വാടക നൽകിയിട്ടുണ്ട്. 29-2-2020-ന് ശേഷം കരാർ പുതുക്കിയിട്ടില്ല. കൂടാതെ നിലവിൽ കോളേജ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറിയിട്ടുണ്ട്.

## ഷൊർണ്ണൂർ മണ്ഡലത്തിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ്

113(2833) <u>ശ്രീ. പി. മമ്മിക്കുട്ടി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മണ്ഡലത്തിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ചെർപ്പുളശ്ശേരിയിൽ 2019-20 ബഡ്ജറ്റിൽ പ്രഖ്യാപിച്ച സർക്കാർ കോളേജിന്റെ നിജസ്ഥിതി എന്താണ്; കോളേജിന്റെ പ്രവർത്തനം എന്ന് ആരംഭിക്കാൻ കഴിയും; വിശദമാക്കാമോ?

ചെർപ്പുളശ്ശേരിയിൽ പുതിയ സർക്കാർ കോളേജനുവദിക്കുന്നതിനായി 2020-21-ലെ ഭരണാനുമതിയില്ലാത്ത മരാമത്തുപണികൾക്കുള്ള ബഡ്ജറ്റ് എസ്റ്റിമേറ്റ് ഉൾപ്പെടുത്തി 1 കോടി രൂപ അനുവദിച്ചിരുന്നുവെങ്കിലും ഭരണാനുമതി ഇല്ലാത്തതിനാൽ ഫണ്ട് അനുവദിച്ചിരുന്നില്ല. പുതിയ സർക്കാർ കോളേജ് അനുവദിക്കുന്നത് സംബന്ധിച്ച് നയപരമായ തീരുമാനമെടുക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## അമ്പലപ്പുഴ സർക്കാർ കോളേജ്

114 (2834) <u>ശ്രീ. എച്ച്. സലാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴയിൽ സർക്കാർ കോളേജ് അനുവദിച്ചത് ഏത് വർഷമാണ്; ആയത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

അമ്പലപ്പുഴയിൽ സർക്കാർ കോളേജ് അനുവദിച്ചത് 2010-ലാണ്. ആയത് സംബന്ധിച്ച് സർക്കാർ ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) പ്രസ്തുത കോളേജിൽ ഏതൊക്കെ കോഴ്സുകളാണുള്ളത്; കാലാനുസൃതമായ പുതിയ കോഴ്സുകൾ കോളേജിൽ അനുവദിക്കുമോ?

അമ്പലപ്പുഴ സർക്കാർ കോളേജിൽ നിലവിൽ ബി.എ. ഇംഗ്ലീഷ്, ബി.എസ്.സി മാത്സ്, ബികോം, എം.എ. ഇംഗ്ലീഷ്, എം.എ. എക്കണോമിക്സ്, എം.കോം എന്നീ കോഴ്സുകളുണ്ട്.

(സി) പ്രസ്തുത കോളേജിന് നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

കോളേജിന് നാക് അക്രഡിറ്റേഷൻ ലഭിച്ചിട്ടില്ല. ആയത് ലഭ്യമാക്കുന്നതിനുള്ള പ്രാരംഭ പ്രവർത്തനങ്ങൾ കോളേജിൽ സ്വീകരിച്ചുവരികയാണ്.

(ഡി) ആലപ്പുഴ ജില്ലയിലെ പടിഞ്ഞാറൻ മേഖലയിലെ ഏക സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജ് എന്ന നിലയിൽ പ്രസ്തുത കോളേജിന്റെ സമഗ്ര വികസനത്തിൽ എന്തൊക്കെ കാര്യങ്ങളാണ് ഇനിയും പൂർത്തീകരിക്കാനായി ഉള്ളതെന്നും ആയതിനായി എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നും വിശദമാക്കുമോ?

കോളേജ് നിലവിൽ സ്ഥിതി ചെയ്യുന്നത് പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള ഭൂമിയിലാണ്. കോളേജിന്റെ ഭാവി വികസനത്തിനും യു.ജി.സി. അംഗീകാരത്തിനുമായി സ്വന്തമായി 5 ഏക്കർ ഭൂമി ആവശ്യമാണ്. കൂടാതെ കോളേജിന്റെ വികസനത്തിന് കൂടുതൽ ക്ലാസ്സുമുറികൾ ഉൾക്കൊള്ളുന്ന അക്കാഡമിക് കെട്ടിടം, ലൈബ്രറി, കമ്പ്യൂട്ടർ ലാബുകൾ, സയൻസ് ലാബുകൾ, ആഡിറ്റോറിയം എന്നിവ നിർമ്മിക്കേണ്ടത് ആവശ്യമാണ്. ഭൂമി വകുപ്പിന് ലഭ്യമാക്കി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## കുന്ദമംഗലം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ പുതിയ കോഴ്സുകൾ

115(2835) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വിദ്യാഭ്യാസ സൗകര്യങ്ങളുടെ കാര്യത്തിൽ ഏറെ പിന്നാക്കം നിൽക്കുന്ന പ്രദേശത്ത് സ്ഥിതി ചെയ്യുന്ന കുന്ദമംഗലം ഗവൺമെന്റ് ആർട്സ് & സയൻസ് കോളേജിൽ തൊഴിൽ സാധ്യതയുള്ള പുതിയ ബിരുദ, ബിരുദാനന്തര കോഴ്സുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ?

കുന്ദമംഗലം ഗവണ്മെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജിൽ 2020-21 അദ്ധ്യയന വർഷത്തിൽ പുതുതായി എം.എസ്.സി. മാത്തമാറ്റിക്സ് കോഴ്സിന് അംഗീകാരം നൽകിയിട്ടുണ്ട്. 2021-22 അദ്ധ്യയന വർഷം പുതിയ കോഴ്സുകൾ ആരംഭിക്കുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ

116(2836) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതനവുമായി ബന്ധപ്പെട്ട് സർക്കാർ സ്വീകരിച്ച നടപടികൾ അറിയിക്കുമോ;

(ബി) സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ സംബന്ധിച്ച് ചട്ടങ്ങൾ തയ്യാറാക്കിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

&

(സി) നിലവിൽ സംസ്ഥാനത്തെ സ്വാശ്രയ കോളേജുകളിൽ പിൻതുടരുന്ന ചട്ടങ്ങൾ ഏതെല്ലാമെന്ന് വ്യക്തമാക്കുമോ?

(എ-സി) സംസ്ഥാനത്തെ സർവ്വകലാശാലകളുമായി അഫിലിയേറ്റ് ചെയ്തിട്ടുള്ള സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക-അനദ്ധ്യാപക ജീവനക്കാരുടെ സേവന-വേതന വ്യവസ്ഥകൾ ക്രമപ്പെടുത്തുന്നതിന് സർക്കാർ ഓർഡിനൻസ് (2021-ലെ 51) പുറപ്പെടുവിച്ചിട്ടുണ്ട്.

## സി-ആപ്റ്റിലെ ജീവനക്കാർ

117(2837) ശ്രീ. ടി. സിദ്ദിഖ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സി-ആപ്റ്റിലെ ജീവനക്കാരുടെ ഓവർടൈം വേതനം മണിക്കൂറിൽ എത്ര രൂപയാണെന്ന് വ്യക്തമാക്കുമോ; ഇത് എന്നാണ് പ്രബല്യത്തിൽ വന്നതെന്നും വേതനം പുതുക്കി നിശ്ചയിക്കുവാൻ എന്തെങ്കിലും തടസ്സം ഉണ്ടോ എന്നും അറിയിക്കുമോ?

സി-ആപ്റ്റിന്റെ 14-8-2007-ലെ കെ. എസ്.എ.വി.ആർ.സി/ 3794/07 നമ്പർ ഉത്തരവുപ്രകാരം സ്ഥാപനത്തിലെ ജീവനക്കാരുടെ ഓവർടൈം അലവൻസ് മണിക്കൂറിൽ 20 രൂപയായി നിശ്ചയിച്ചുകൊണ്ട് ഉത്തരവായിരുന്നു. തുടർന്ന് 19-11-2013-ലെ ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ 4998/ K3/11/HEDN നമ്പർ കത്ത് പ്രകാരം ലോട്ടറി ജോലികളുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന ജീവനക്കാരുടെ ഓവർടൈം അലവൻസ് മണിക്കൂറിൽ 40 രൂപയായി വർദ്ധിപ്പിക്കുകയുണ്ടായി. സി-ആപ്റ്റിന്റെ നിലവിലെ സാമ്പത്തിക സ്ഥിതിയും സി-ആപ്റ്റിലെ നല്ലൊരു

ശതമാനം ജീവനക്കാരും ജോലിഭാരം അധികമില്ലാത്ത സബ് സെന്ററുകളിലാണ് ജോലി നോക്കുന്നതെന്ന വസ്തുതയും കണക്കിലെടുത്താണ് ഓവർടൈം അലവൻസ് വർദ്ധിപ്പിച്ച് നൽകാത്തത്. ജോലിഭാരം അധികമില്ലാത്ത സബ് സെന്ററുകളിൽ ജോലി ചെയ്യുന്ന ജീവനക്കാരെ ജോലിഭാരം കൂടുതലുള്ള സമയങ്ങളിൽ ഹെഡ് ഓഫീസിൽ ചുരുങ്ങിയ കാലയളവിലേയ്ക്ക് പുനർവിന്യസിച്ച് സ്ഥാപനത്തിന് അധിക സാമ്പത്തിക ബാധ്യതയുണ്ടാകാത്തവിധം ജോലികൾ പൂർത്തിയാക്കുകയാണ് ചെയ്യുന്നത്.

(ബി) പ്രസ്തുത ജീവനക്കാരുടെ ഇ.പി.എഫ്. വിഹിതം അടയ്ക്കുന്നതിൽ കുടിശ്ശിക വരുത്തിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

സി-ആപ്റ്റിലെ ജീവനക്കാരുടെ നാളിതുവരെ വിതരണം ചെയ്ത ശമ്പളത്തിന്റെ ഇ.പി.എഫ്. വിഹിതം അടച്ചിട്ടുണ്ട്.

(സി) സി-ആപ്റ്റിലെ എത്ര ജീവനക്കാർ കഴിഞ്ഞ രണ്ട് വർഷക്കാലയളവിൽ അൺഓതറൈസ്ഡ് ആബ്സന്റ് ആയിട്ടുണ്ടെന്ന് അറിയിക്കുമോ; ഇവർ ആരൊക്കെയെന്നും ഇവരെ തിരികെ ജോലിയിൽ പ്രവേശിപ്പിക്കാൻ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ?

നിലവിൽ സി-ആപ്റ്റിലെ 68 ജീവനക്കാർ അൺഓതറൈസ്ഡ് ആബ്സന്റാണെന്ന് കണ്ടെത്തിയിട്ടുണ്ട്. വിശദവിവരം അനുബന്ധമായി ചേർത്തിട്ടുണ്ട്*. നിലവിൽ സർക്കാർ ജീവനക്കാരുടെ പരമാവധി ശൂന്യവേതനാവധി 5 വർഷമായി സർക്കാർ നിജപ്പെടുത്തിയിട്ടുണ്ട്. സി-ആപ്റ്റിലെ ജീവനക്കാർക്കും ടി ഉത്തരവ് ബാധകമാക്കിയിട്ടുണ്ട്. ടി ഉത്തരവ് പ്രകാരമുള്ള അച്ചടക്ക നടപടികൾ സെന്ററിലെ അൺഓതറൈസ്ഡ് ആബ്സന്റ് ആയിട്ടുള്ള ഉദ്യോഗസ്ഥർക്കെതിരെയും സ്വീകരിച്ചുവരുന്നു.

**എഞ്ചിനീയറിംഗ് പഠനം മാതൃഭാഷയിൽ**

118(2838) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മാതൃഭാഷയിലും എഞ്ചിനീയറിംഗ് പഠനമാകാമെന്ന ഓൾ ഇന്ത്യ കൗൺസിൽ ഫോർ ടെക്നിക്കൽ എഡ്യൂക്കേഷൻ നിർദ്ദേശം സംബന്ധിച്ച് എന്തെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശാസ്ത്ര സാങ്കേതിക വിദ്യാഭ്യാസം മാതൃഭാഷയിലും പഠനമാകാമെന്ന അഖിലേന്ത്യാ സാങ്കേതിക വിദ്യാഭ്യാസ കൗൺസിലിന്റെ നിർദ്ദേശം ലഭിച്ചതിനെ ത്തുടർന്ന് സാങ്കേതിക വിദ്യാഭ്യാസം മാതൃഭാഷയിലാക്കുന്നതിനുള്ള നടപടികൾ സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്ക്നിക്കൽ എഡ്യൂക്കേഷൻ (SBTE) മുഖേന സാങ്കേതിക വിദ്യാഭ്യാസ വകുപ്പ് സ്വീകരിച്ചുവരികയാണ്. ഇതിലേയ്ക്കായി ഭാഷാ വിദഗ്ധരെയും ശാസ്ത്ര സാങ്കേതിക പണ്ഡിതന്മാരേയും ഉൾപ്പെടുത്തി ഒരു കമ്മീഷനെ നിയോഗിച്ച് പഠന റിപ്പോർട്ട് തയ്യാറാക്കണമെന്നുള്ള കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ടിന്റെ നിർദ്ദേശം സർക്കാരിന്റെ പരിഗണനയിലാണ്. ബിരുദതലം മുതലുള്ള എഞ്ചിനീയറിംഗ് പാഠ്യപദ്ധതി പരിഷ്കരിക്കുന്നതിനുള്ള നടപടി എ.പി.ജെ. അബ്ദുൾ കലാം സാങ്കേതിക സർവ്വകലാശാലാതലത്തിൽ സർക്കാർ കൈക്കൊള്ളുന്നതാണ്.

**മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ പുതിയ കോഴ്സുകൾ**

119(2839) <u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മട്ടന്നൂർ ഗവൺമെന്റ് പോളിടെക്നിക്കിൽ ഏതൊക്കെ കോഴ്സുകളിലായി എത്ര കുട്ടികൾ വീതം പഠിക്കുന്നു എന്ന് വ്യക്തമാക്കാമോ; പ്രസ്തുത സ്ഥാപനത്തിൽ നിലവിൽ എത്ര തസ്തികകളാണ് ഉള്ളതെന്നും അവ ഏതൊക്കെയെന്നും വ്യക്തമാക്കുമോ?

മട്ടന്നൂർ സർക്കാർ പോളിടെക്നിക് കോളേജിൽ നിലവിലുള്ള കോഴ്സുകളുടെയും ടി കോഴ്സുകളിൽ പഠിക്കുന്ന കുട്ടികളുടെയും തസ്തികകളുടേയും വിവരങ്ങൾ അനുബന്ധം ഒന്നും രണ്ടും ആയി ചേർത്തിരിക്കുന്നു.* 12-7-2021- ലെ സ.ഉ. (കൈ) നമ്പർ 297/21/ഉവിവ പ്രകാരം ഒരു ലക്ചറർ (ഇലക്ട്രോണിക്സ്) തസ്തിക പുതുതായി സൃഷ്ടിക്കുകയും മെക്കാനിക്കൽ എഞ്ചിനീയറിംഗ്, ഇൻസ്ട്രുമെന്റേഷൻ എഞ്ചിനീയറിംഗ് എന്നീ ലക്ചറർ തസ്തികകളിൽ ഓരോ എണ്ണം വീതം ടി സ്ഥാപനത്തിലേയ്ക്ക് പുനർവിന്യസിക്കുകയും ചെയ്തു. അതോടൊപ്പം മേൽപ്പറഞ്ഞ പട്ടികയിൽ ഉൾപ്പെട്ട ലക്ചറർ (കമ്പ്യൂട്ടർ എഞ്ചിനീയറിംഗ്) തസ്തിക ടി സ്ഥാപനത്തിൽനിന്നും പയ്യന്നൂർ റസിഡൻഷ്യൽ വനിതാ പോളിടെക്നിക്ക് കോളേജിലേയ്ക്ക് പുനർ വിന്യസിക്കുകയും ചെയ്തിട്ടുണ്ട്.

(ബി) ഏതൊക്കെ കോഴ്സുകളാണ് പുതിയതായി ഇവിടെ ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്; ഇതിനാവശ്യമായ തസ്തികകൾ ഏതൊക്കെയാണ്; ഇവ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ എന്നറിയിക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

സിവിൽ എഞ്ചിനീയറിംഗ്, ഇലക്ട്രിക്കൽ & ഇലക്ട്രോണിക്സ് എഞ്ചിനീയറിംഗ് എന്നീ കോഴ്സുകളാണ് ടി സ്ഥാപനത്തിൽ പുതിയതായി ആരംഭിക്കാൻ ഉദ്ദേശിക്കുന്നത്. ഇതിനാവശ്യമായ തസ്തികകളുടെ വിശദ വിവരം അനുബന്ധം മൂന്നായി ചേർത്തിരിക്കുന്നു.* തസ്തിക സൃഷ്ടിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

**പോളിടെക്നിക്കുകളെ എഞ്ചിനീയറിംഗ് കോളേജുകൾ ആക്കാൻ നടപടി**

120(2840) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ മേഖലയിലെ എ ക്ലാസ്സ് പോളിടെക്നിക്കുകളെ എഞ്ചിനീയറിംഗ് കോളേജുകളാക്കി മാറ്റുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) എ ക്ലാസ് ഐ.ടി.ഐ.-കളെ പോളിടെക്നിക്കുകളാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ & ബി) ഇപ്പോൾ പരിഗണനയിലില്ല.

**നിലമ്പൂർ താലൂക്കിൽ പുതിയ വനിതാ സർക്കാർ പോളിടെക്നിക് കോളേജ്**

121(2841) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ സർക്കാർ പോളിടെക്നിക് കോളേജുകൾ ആരംഭിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; സഹകരണ മേഖലയിൽ പ്രസ്തുത കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ സർക്കാരിന്റെ നിലപാട് വ്യക്തമാക്കാമോ?

സംസ്ഥാനത്ത് കൂടുതൽ സർക്കാർ പോളിടെക്നിക് കോളേജുകൾ മുക്കം, ഹരിപ്പാട്, നടുവിൽ, വിളപ്പിൽശാല, കുറ്റിപ്പുറം, പിണറായി എന്നിവിടങ്ങളിൽ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിൽ സർക്കാർ മേഖലയിലും സഹകരണ മേഖലയിലും പുതിയ പോളിടെക്നിക് കോളേജുകൾ/കോഴ്സുകൾ ആരംഭിക്കാവുന്നതാണെന്നാണ് സർക്കാർ നിലപാട്. CAPE (Co-operative Academy of Professional Education)-നുകീഴിലുള്ള എഞ്ചിനീയറിംഗ് കോളേജുകളിൽ 6 പുതിയ ഡിപ്ലോമ കോഴ്സുകളും IHRD (Institute of Human Resource Development)-ന് കീഴിൽ 6 ഡിപ്ലോമ കോഴ്സുകളും ആരംഭിക്കുന്നതിന് സ്റ്റേറ്റ് ബോർഡ് അനുവാദം (AICTE അംഗീകാരത്തിന് വിധേയമായി) നല്കിയിട്ടുണ്ട്.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) നിലവിലുള്ള പോളിടെക്നിക് കോളേജുകളുടെ എണ്ണവും വിശദ വിവരങ്ങളും ജില്ല തിരിച്ച് ലഭ്യമാക്കാമോ?

നിലവിലുള്ള പോളിടെക്നിക് കോളേജുകളുടെ എണ്ണവും വിശദവിവരങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(സി) വനിതകൾക്കായി സംസ്ഥാനത്ത് എത്ര പോളിടെക്നിക് കോളേജുകളാണ് പ്രവർത്തിക്കുന്നതെന്നും അവ ഏതൊക്കെ ജില്ലകളിലാണെന്നും വിശദമാക്കാമോ?

സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് കൈമനം, തിരുവനന്തപുരം, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് കായംകുളം ആലപ്പുഴ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് കളമശ്ശേരി, എറണാകുളം, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ്, നെടുപുഴ, തൃശ്ശൂർ, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ്, കോട്ടക്കൽ, മലപ്പുറം, സർക്കാർ വനിതാ പോളിടെക്നിക്ക് കോളേജ് കോഴിക്കോട്, റസിഡൻഷ്യൽ വനിതാ പോളിടെക്നിക്ക് കോളേജ് പയ്യന്നൂർ, കണ്ണൂർ എന്നിവയാണ് വനിതകൾക്കായി സംസ്ഥാനത്ത് നിലവിലുള്ള പോളിടെക്നിക് കോളേജുകൾ.

**മുക്കം ഗവൺമെന്റ് പോളിടെക്നിക്**

122(2842) **<u>ശ്രീ. ലിന്റോ ജോസഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:**

(എ) 2015-ൽ ഭരണാനുമതി ലഭിച്ച മുക്കം ഗവൺമെന്റ് പോളിടെക്നിക് ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണം വിശദമാക്കുമോ;

(ബി) സ്ഥലം ലഭ്യമാക്കുന്ന ഇടങ്ങളിൽ പോളിടെക്നിക് ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കുമോ?

(എ&ബി) മുക്കം പോളിടെക്നിക്കിനായി നിർദേശിച്ചിട്ടുള്ള സ്ഥലം മുൻപ് വനഭൂമി ആയിരുന്നതിനാൽ അത് തരംമാറ്റി ലഭിക്കുന്നതിനുള്ള ഫോറസ്റ്റ് ചീഫ് കൺസർവേറ്ററിൻെറ അനുമതിക്കുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. അനുമതി ലഭിക്കുന്ന മുറയ്ക്ക് തുടർ നടപടികൾ സ്വീകരിക്കാവുന്നതാണ്.

(സി) എങ്കിൽ തിരുവമ്പാടി മണ്ഡലത്തിൽ സ്ഥലലഭ്യതയുള്ള പ്രദേശത്ത് പോളിടെക്നിക് ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## മാനന്തവാടി ദ്വാരക സർക്കാർ പോളിടെക്നിക്കിന് പുതിയ കെട്ടിടം

123 (2843) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി മണ്ഡലത്തിലെ ദ്വാരക സർക്കാർ പോളിടെക്നിക്കിന് പുതിയ കെട്ടിടം നിർമിക്കുന്ന നടപടിയുടെ നിലവിലെ സ്ഥിതി അറിയിക്കാമോ;

(ബി) പ്രസ്തുത കെട്ടിട നിർമ്മാണത്തിന്റെ മേൽനോട്ട ചുമതല വഹിക്കുന്ന ഏജൻസി ഏതാണെന്ന് വ്യക്തമാക്കുമോ;

(സി) കെട്ടിടനിർമ്മാണം എപ്പോൾ പൂർത്തീകരിക്കാൻ കഴിയും എന്ന് അറിയിക്കാമോ?

(എ-സി) 28-11-2018-ലെ സ.ഉ(സാധാ) നമ്പർ 2160/2018/ഉവിവ. പ്രകാരം മാനന്തവാടി സർക്കാർ പോളിടെക്നിക്ക് കോളേജിലെ അക്കാഡമിക്ക് ബ്ലോക്കിന്റെ നിർമ്മാണത്തിന് 4.22 കോടി രൂപയുടെ ഭരണാനുമതി നല്കിയിരുന്നു. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങൾ നിർവ്വഹിക്കുന്നത് KITCO ആണ്. KITCO-യ്ക്ക് സ്ഥലം കൈമാറുന്നമുറയ്ക്ക് നിർമ്മാണം ആരംഭിക്കുന്നതാണ്. 2022 ആഗസ്റ്റിൽ പദ്ധതി പൂർത്തീകരിക്കുവാനാണ് ഉദ്ദേശിക്കുന്നത്.

## സി-ആപ്റ്റിലെ അനധികൃത സ്ഥാനക്കയറ്റം

124 (2844) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പ്രിന്റിംഗ് മേഖലയിൽ ഉന്നത ടെക്നിക്കൽ വിദ്യാഭ്യാസയോഗ്യത ആവശ്യമായ തസ്തികകളിൽ യോഗ്യതയില്ലാത്തവരെ പ്രൊമോട്ട് ചെയ്യുന്നത് എന്തടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കാമോ; എല്ലാ തസ്തികകൾക്കും ഇത് ബാധകമാണോ?

സി-ആപ്റ്റിൽ നിലവിൽ പ്രൊമോഷൻ പോളിസി/സ്റ്റാഫ് പാറ്റേൺ/ സ്പെഷ്യൽ റൂൾസ് എന്നിവ നടപ്പിലാക്കിയിട്ടില്ലാത്തതിനാൽ ഒരു വിഭാഗത്തിലുള്ള ജീവനക്കാർക്കും ഇപ്പോൾ പ്രൊമോഷൻ നൽകുന്നില്ല. 2002 ജനുവരി 3-ാം തീയതി ചേർന്ന സെന്ററിന്റെ 24-ാമത് എക്സിക്യൂട്ടീവ് കമ്മിറ്റിയുടെ തീരുമാന പ്രകാരം സി-ആപ്റ്റിലെ ജീവന ക്കാരുടെ പ്രൊമോഷൻ മരവിപ്പിച്ചിരിക്കുകയാണ്. എന്നാൽ, കോടതിവിധിയുടെ അടിസ്ഥാനത്തിൽ ഒരു ജീവനക്കാരന് പ്രൊമോഷൻ നൽകിയതൊഴികെ മറ്റാർക്കുംതന്നെ ഇക്കാലയളവിൽ പ്രൊമോഷൻ നൽകിയിട്ടില്ല.

(ബി) സി-ആപ്റ്റിന്റെ എല്ലാ ജില്ലാ ഓഫീസുകളിലും ഓഫീസർ-ഇൻ-ചാർജ്ജ് എന്ന തസ്തികയിൽ സ്ഥിരം ഓഫീസർമാരെ നിയമിക്കാൻ നടപടി സ്വീകരിക്കാമോ?

സി-ആപ്റ്റിൽ സ്റ്റാഫ് പാറ്റേൺ/പ്രൊമോഷൻ പോളിസി/സ്പെഷ്യൽ റൂൾസ് എന്നിവ നടപ്പിലാക്കുന്ന മുറയ്ക്ക് അതിൽ പരാമർശിച്ചിട്ടുള്ള പ്രകാരമുള്ള നിയമനങ്ങൾ നടത്തുന്നതാണ്.

(സി) സ്വന്തമായി ഒരു കെട്ടിടം ഇല്ലാത്തതിനാൽ അടച്ചുപൂട്ടൽ ഭീഷണിയിലായ കോട്ടയം സബ്സെന്ററിന് സ്വന്തമായി കെട്ടിടം ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

സി-ആപ്റ്റിന്റെ കോട്ടയം ഉപകേന്ദ്രം നിലവിൽ പൊതുവിദ്യാഭ്യാസ വകുപ്പിന് കീഴിലുള്ള പാലാ ടെക്സ്റ്റ് ബുക്ക് ഡിപ്പോ കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. കോട്ടയം ഉപകേന്ദ്രത്തിനായി സർക്കാർ അധീനതയിലുള്ള കെട്ടിടങ്ങൾ ലഭ്യമാക്കുന്നതിനുള്ള ശ്രമം നടന്നുവരുന്നു.

**കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ്**

125 (2845) **ശ്രീ. പി. ടി. എ. റഹീം**: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഏതെങ്കിലും അംഗീകൃത സ്ഥാപനത്തിൽ കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ് റെഗുലറായി നടത്തുന്നുണ്ടോ?

സംസ്ഥാനത്ത് കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) കോഴ്സ് റെഗുലറായി നടത്തുന്നില്ല.

(ബി) കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) പരീക്ഷ എഴുതുന്നതിന് നിശ്ചയിച്ചിട്ടുള്ള യോഗ്യത എന്താണെന്ന് വിശദമാക്കാമോ?

കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) എന്ന കോഴ്സ് നിലവിലില്ല.

(സി) സി-ആപ്റ്റിന്റെ ആറുമാസത്തെ കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് റെഗുലറായാണോ നടത്തുന്നത്; ഇത് പഠിക്കുന്നതിനുള്ള യോഗ്യത എന്താണ്?

സർക്കാർ ഉത്തരവ് സ.ഉ(സാധാ) നമ്പർ 1478/05/ഉവിവ പ്രകാരം Advance Certificate Course in offset Printing നിർത്തലാക്കുകയും ഒരു വർഷ ദൈർഘ്യമുള്ള ഓഫ്സെറ്റ് പ്രിന്റിംഗ് ടെക്നോളജി സർട്ടിഫിക്കറ്റ് കോഴ്സ് സി-ആപ്റ്റ് മുഖേന റെഗുലറായി നടത്തുകയും ചെയ്യുന്നുണ്ട്. പ്രസ്തുത കോഴ്സിന്റെ നിലവിലുള്ള അടിസ്ഥാന യോഗ്യത Pre Degree/+2/VHSE/Diploma in any discipline or any other equivalent examination ആണ്.

(ഡി) ഒരു സർക്കാർ അംഗീകൃത സ്ഥാപനത്തിൽ റെഗുലറായി പഠിച്ച് കെ.ജി.ടി.ഇ. അഡ്വാൻസ്ഡ് കോഴ്സ് ഇൻ ഓഫ്സെറ്റ് പ്രിന്റിംഗ് പാസായി ലഭിക്കുന്ന സർട്ടിഫിക്കറ്റ്, സ്വകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള പരിചയ സർട്ടിഫിക്കറ്റിന്റെമാത്രം പിൻബലത്തിൽ അപേക്ഷ നൽകി ആർക്കും എഴുതാവുന്ന കെ.ജി.ടി.ഇ. പ്രിന്റിംഗ് (ലോവർ) സർട്ടിഫിക്കറ്റിന് തുല്യമായി പരിഗണിക്കാൻ സാധിക്കില്ലെന്ന് സർക്കാർ നിലപാട് സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ തുല്യത സർട്ടിഫിക്കറ്റ് ലഭ്യമാക്കാൻ ലഭിക്കുന്ന അപേക്ഷകളിൽ അനാവശ്യ കാലതാമസം വരുത്തുന്നുണ്ടോയെന്ന കാര്യം പരിശോധിക്കുമോ?

കെ.ജി.റ്റി.ഇ. & പ്രിന്റിംഗ് (ലോവർ) കോഴ്സ് നിലവില്ല. നിലവിലുള്ള കോഴ്സായ കെ.ജി.റ്റി.ഇ. പ്രീ പ്രസ്സ് ഓപ്പറേഷൻ/പ്രസ്സ് വർക്ക് /പോസ്റ്റ് പ്രസ്സ് എന്നിവയ്ക്ക് സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽ ഒരു വർഷം ദൈർഘ്യമുള്ള കോഴ്സ് പൂർത്തീകരിക്കേണ്ടതാണ്. കേവലം പരിചയ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരീക്ഷയ്ക്ക് പങ്കെടുക്കുവാൻ സാധിക്കില്ല. തുല്യതാ സർട്ടിഫിക്കറ്റിനായി ലഭിക്കുന്ന അപേക്ഷകളിൽ കാലതാമസം വരുത്താതെ തുല്യത അനുവദിച്ചുവരുന്നു.

**ഉന്നതവിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം**

126 (2846) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. നജീബ് കാന്തപുരം:
ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉന്നതവിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ?

ഉണ്ട്.

(ബി) നിലവിലുള്ള കോഴ്സുകൾ കാലാനുസൃതമായി പരിഷ്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

സംസ്ഥാനത്തെ സർവ്വകലാശാലകളിലെയും അഫിലിയേറ്റഡ് കോളേജുകളിലെയും കരിക്കുലവും സിലബസും കാലോചിതമായി പരിഷ്കരിക്കുന്നതിന് മാർഗ്ഗനിർദ്ദേശം നൽകിവരുന്നത് പ്രധാനമായും കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിലാണ്. ബിരുദതല വിദ്യാഭ്യാസം ഗുണമേന്മയുള്ള ഉന്നത വിദ്യാഭ്യാസം എന്ന ലക്ഷ്യത്തോടെ ഈ സമ്പ്രദായം സംസ്ഥാനത്ത് 2009-10 മുതൽ നടപ്പിലാക്കി തുടങ്ങി. ഇതിന് ചുവടുപിടിച്ച് കേരളത്തിലെ സർവ്വകലാശാലകൾ

ബിരുദാനന്തര ബിരുദ വിദ്യാഭ്യാസവും പുന:സംഘടിപ്പിച്ചു. ബിരുദാനന്തര ബിരുദ വിദ്യാഭ്യാസം സമഗ്രവും ഏകീകൃതവുമായ രീതിയിൽ പുനഃസംഘടിപ്പിക്കുന്ന കാര്യത്തിൽ വിശദമായി റിപ്പോർട്ട് തയ്യാറാക്കാൻ ഉന്നത വിദ്യാഭ്യാസ കൗൺസിൽ ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സയൻസിലെ പ്രൊഫസറായ ഡോ. ഇ.ഡി. ജമ്മീസ് അദ്ധ്യക്ഷനായ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സർവ്വകലാശാലകൾക്ക് നൽകിയിട്ടുണ്ട്. ഉന്നത വിദ്യാഭ്യാസ കൗൺസിൽ തയ്യാറാക്കി നൽകുന്ന കരിക്കുലം ഫ്രെയിം വർക്കിൽ, വൈജ്ഞാനിക രംഗത്തെ പുതിയ അറിവുകൾ കൂടി ഉൾപ്പെട്ടുത്തിക്കൊണ്ടുള്ള പാഠ്യപദ്ധതികൾ രൂപീകരിക്കാനാണ് സർവ്വകലാശാലകൾക്ക് പ്രോത്സാഹനവും പരിശീലനവും നൽകിവരുന്നത്.

## എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് പഠിച്ചിറങ്ങുന്നവരുടെ നൈപുണ്യശേഷി

127 (2847) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. അൻവർ സാദത്ത്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എഞ്ചിനീയറിംഗ് കോളേജുകളിൽനിന്ന് പഠിച്ചിറങ്ങുന്നവർ നൈപുണ്യശേഷി കൈവരിക്കുന്നുണ്ടെന്ന് ഉറപ്പാക്കുന്നതിന് കെ.ടി.യു. എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ?

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല 2015 മുതൽ outcome based education system ആണ് പിൻതുടരുന്നത്. അതിൻപ്രകാരം കോഴ്സുകളിലൂടെ വിദ്യാർത്ഥികളുടെ നൈപുണ്യം വിലയിരുത്തപ്പെടുന്നു. വിദ്യാർത്ഥികളിൽ സ്വയം പഠനം (self Learning) പ്രോത്സാഹിപ്പിക്കുന്നു. കൂടാതെ Project management, finance management എന്നിവ പാഠ്യപദ്ധതിയുടെ ഭാഗമാണ്.

(ബി) ഉന്നത വിദ്യാഭ്യാസ കോഴ്സുകൾ പാശ്ചാത്യ മാതൃകയിൽ ക്രെഡിറ്റ് ബേസ്ഡ് ആക്കാൻ ആലോചനയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ നൽകാമോ?

എ.പി.ജെ. അബ്ദുൾ കലാം ശാസ്ത്ര സാങ്കേതിക സർവ്വകലാശാല ക്രെഡിറ്റ് ബേസ്ഡ് സിസ്റ്റമാണ് പിൻതുടരുന്നത്.

(സി) സാങ്കേതിക ശാസ്ത്ര സർവ്വകലാശാലയുടെ പരീക്ഷാ നടത്തിപ്പും മൂല്യനിർണ്ണയവും കുറ്റമറ്റതാക്കാൻ കഴിഞ്ഞ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ; ഈ സർക്കാർ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പരിഷ്കാരങ്ങൾ വ്യക്തമാക്കാമോ?

പരീക്ഷ കഴിഞ്ഞ് ഒന്നര മുതൽ മൂന്ന് മാസത്തിനുള്ളിൽ സർവ്വകലാശാല സാധാരണയായി മൂല്യനിർണ്ണയ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നു. ഫലം പ്രസിദ്ധീകരിച്ചതിനുശേഷം മൂന്ന് മാസത്തിനുള്ളിൽ പുനർമൂല്യനിർണയ ഫലങ്ങൾ പ്രസിദ്ധീകരിക്കുന്നു. അതിന്റെ മൂല്യനിർണ്ണയ പ്രക്രിയ മെച്ചപ്പെടുത്തുന്നതിനുവേണ്ടി താഴെ പ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

- മൂല്യനിർണ്ണയ ക്യാമ്പുകളിൽ ഹാജരാകാത്ത പരീക്ഷകർക്ക് പിഴ ചുമത്താൻ തീരുമാനമെടുത്തിരുന്നു.
- മൂല്യനിർണ്ണയത്തിൽ ഗുരുതരമായ തെറ്റുകൾ വരുത്തുന്ന പരീക്ഷകർക്കും പിഴ ചുമത്തുന്നു (5,000 രൂപയാണ് പിഴ ഈടാക്കുന്നത്).

**ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മ ഉയർത്തൽ**

128 (2848) ശ്രീ. പി. ടി. തോമസ്:
ശ്രീ. പി. സി. വിഷ്ണുനാഥ്:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സനീഷ്കുമാർ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഉന്നത വിദ്യാഭ്യാസത്തിന്റെ ഗുണമേന്മയും പ്രാപ്യതയും വർദ്ധിപ്പിക്കാനായി നടത്തിയ പ്രവർത്തനങ്ങളെക്കുറിച്ച് അറിയിക്കാമോ?

100 ദിവസത്തിനുള്ളിൽ കേരളത്തിലെ എല്ലാ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഡിജിറ്റൽ വിദ്യാഭ്യാസത്തിന് സൗകര്യമൊരുക്കാൻ ഉദ്ദേശിച്ചുകൊണ്ട് " Lets go digital" എന്ന ക്യാമ്പയിൻ സർക്കാർ തുടക്കം കുറിച്ചു. കേരളത്തിലെ മുഴവൻ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങളിലെയും അദ്ധ്യയനം, പാഠനം, വിലയിരുത്തൽ, പരീക്ഷ ഇവയെല്ലാം പൊതുവായ Moodle ലേണിംഗ് മാനേജ്മെന്റ് സിസ്റ്റത്തിൽ കൊണ്ടുവരികയാണ് ഡിജിറ്റൽ എനേബിൾമെന്റ് ഓഫ് ഹയർ എഡ്യൂക്കേഷൻ പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. ഉന്നതവിദ്യാഭ്യാസ കൗൺസിലും ഡിജിറ്റൽ സർവ്വകലാശാലയും യോജിച്ച് തയ്യാറാക്കിയ പദ്ധതിയാണിത്. LMS നടപ്പാക്കുന്നതിന്റെ ഭാഗമായി സംസ്ഥാനതലത്തിലും ഓരോ വിദ്യാഭ്യാസ സ്ഥാപനതലത്തിലും ആവശ്യമായ ഓൺലൈൻ പഠന സംവിധാനമാണ് ഈ പദ്ധതിയിലൂടെ വിഭാവനം ചെയ്യുന്നത്. ഓൺലൈൻ പഠനവുമായി ബന്ധപ്പെട്ട് യൂണിവേഴ്സിറ്റി/ കോളേജ് അദ്ധ്യാപകർക്കായി ഉന്നതവിദ്യാഭ്യാസ കൗൺസിൽ പരിശീലന പരിപാടി നടത്തുന്നുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകളിലെ വിവിധ വിഷയങ്ങളിലുള്ള യു.ജി./പി.ജി. പ്രോഗ്രാമുകളുടെ പഠനസാമഗ്രികൾ കൗൺസിലിന്റെ വെബ് പോർട്ടലിൽ

"ഓൺലൈൻ സ്റ്റഡി മെറ്റീരിയൽസ്" എന്ന ശീർഷകത്തിൽ ലഭ്യമാക്കിയിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ നടത്താൻ സാധിക്കാതെ വന്നിട്ടുള്ള സ്റ്റഡി ടൂർ, ടീച്ചിംഗ് പ്രാക്ടീസ് മുതലായവയ്ക്ക് മറ്റ് സംവിധാനങ്ങൾ ഏർപ്പെടുത്തി കോഴ്സ് പൂർത്തീകരിക്കാൻ വിദ്യാർത്ഥികൾക്ക് സൗകര്യമൊരുക്കി നൽകിയിട്ടുണ്ട്. ഡോ. എ. പി. ജെ. അബ്ദുൾ കലാം ടെക്നോളജിക്കൽ സർവ്വകലാശാലയിൽ പഠന പ്രക്രിയ ഓൺലൈൻവഴി നടപ്പിലാക്കിയ സാഹചര്യത്തിൽ ഡിജിറ്റൽ ലേണിംഗ് സൗകര്യങ്ങൾ ലഭ്യമല്ലാത്ത വിദ്യാർത്ഥികൾക്ക് തങ്ങളുടെ താമസസ്ഥലത്തിനടുത്തുള്ള എഞ്ചിനീയറിംഗ് കോളേജുകളിലെ ഡിജിറ്റൽ സൗകര്യങ്ങൾ സൗജന്യമായി ഉപയോഗപ്പെടുത്താൻ സർവ്വകലാശാലതന്നെ അതിനുള്ള സൗകര്യം ചെയ്തു നൽകുകയുണ്ടായി. അക്കാദമിക് പ്രവർത്തനങ്ങളിലും പരീക്ഷ നടത്തിപ്പിലുമുള്ള പരാതികൾ പരിഹരിക്കുന്നതിനായി കോവിഡ് ഹെൽപ് ലൈൻ സേവനവും നടപ്പിലാക്കി.

(ബി) യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈൻ ആയി നടത്തണമെന്ന നിർദ്ദേശം സർക്കാരിന് മുൻപിൽ വിദ്യാർത്ഥി സമൂഹം സമർപ്പിച്ചിരുന്നോ?

പരീക്ഷകൾ ഓൺലൈനായി നടത്തണമെന്ന് ഒരു വിഭാഗം വിദ്യാർത്ഥികൾ ആവശ്യപ്പെട്ടിരുന്നു.

(സി) എങ്കിൽ ഈ നിർദ്ദേശം പരിഗണിക്കാൻ വിസമ്മതിച്ചതിന് കാരണം വിശദമാക്കാമോ;

&

(ഡി) യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താനുള്ള പ്രതിബന്ധങ്ങൾ എന്താണെന്ന് അറിയിക്കാമോ?

(സി & ഡി) കോവിഡ് സാഹചര്യത്തിൽ ചുരുങ്ങിയ സമയത്തിനുള്ളിൽ സുരക്ഷിതവും സുതാര്യവുമായ രീതിയിൽ ഓൺലൈൻ പരീക്ഷകൾ നടത്തുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളുടെ അപര്യാപ്തത, സോഫ്റ്റ്വെയറുകൾ വികസിപ്പിക്കുന്നതിനും ഐ.ടി. സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള കാലതാമസം, കോളേജുകളിലെ വിദ്യാർത്ഥികൾക്കെല്ലാം വീട്ടിലിരുന്ന് പരീക്ഷയെഴുതാനുള്ള സാഹചര്യമില്ലായ്മ, ഇങ്ങനെ നടത്തപ്പെടുന്ന പരീക്ഷയുടെ സുതാര്യത ഉറപ്പിക്കാൻ നിലവിൽ സംവിധാനമില്ലായ്മ തുടങ്ങിയവയാണ് യൂണിവേഴ്സിറ്റി പരീക്ഷകൾ ഓൺലൈനായി നടത്താൻ പ്രതിബന്ധമായത്. തുടർന്നുള്ള കാലങ്ങളിൽ ഓൺലൈൻ പരീക്ഷകൾ നടത്തേണ്ടുന്ന സാഹചര്യം ഉണ്ടാകുമെന്നതിനാൽ ഭാവിയിലെ പരീക്ഷകൾ എപ്രകാരമായിരിക്കണമെന്നും മറ്റും തീരുമാനിക്കുന്നതിനായി ഒരു വിദഗ്ധ കമ്മിറ്റിയെ രൂപീകരിക്കാനും തീരുമാനമായിട്ടുണ്ട്.

## ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റം

129 (2849) <u>ശ്രീ. കെ. എം. സച്ചിൻദേവ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നതവിദ്യാഭ്യാസ മേഖലയിൽ സമഗ്ര മാറ്റം ലക്ഷ്യമാക്കി സർവ്വകലാശാലകളിൽ മികവിന്റെ കേന്ദ്രം ആരംഭിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

സർവ്വകലാശാലകളിൽ 30 ഓട്ടോണമസ് ഇന്റർ യൂണിവേഴ്സിറ്റി സെന്ററുകളും സ്കൂളുകളും സ്ഥാപിക്കുന്നതാണെന്ന് നടപ്പ് വർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ മികവിന്റെ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് പ്രത്യേക ധനസഹായമായി 100 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഈ സെന്ററുകളുടെ പശ്ചാത്തല സൗകര്യ സൃഷ്ടിക്ക് കിഫ്ബിയിൽനിന്ന് 500 കോടി രൂപ അനുവദിക്കുന്നതാണെന്നും പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഗവേഷണമടക്കമുള്ള ഏതെല്ലാം മേഖലകളിലാണ് സമഗ്ര പരിഷ്കാരം കൊണ്ടുവരാൻ ഉദ്ദേശിക്കുന്നത്; ഇതിന്റെ നടപടികൾ ആരംഭിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

കണ്ണൂർ സർവ്വകലാശാലയിൽ നിലവിൽ ഇതുമായി ബന്ധപ്പെട്ട് കണ്ണൂർ യൂണിവേഴ്സിറ്റി ഇൻസ്ട്രുമെന്റേഷൻ സെന്റർ എന്ന സ്ഥാപനം പ്രവർത്തിക്കുന്നുണ്ട്. വടക്കൻ കേരളത്തിലെ ഗവേഷകർക്കാവശ്യമായ പിന്തുണ നൽകലാണ് ഈ സ്ഥാപനത്തിന്റെ ലക്ഷ്യം. Kerala Knowledge Economy Mission-ന്റെ ഭാഗമായി നൂതന ആശയങ്ങൾ പ്രോത്സാഹിപ്പിക്കാനും യുവതീയുവാക്കളെ പുതിയ തൊഴിൽ മേഖലകൾക്ക് സജ്ജരാക്കാനും ലക്ഷ്യമിട്ടുകൊണ്ട് Kannur University Centre for Studies in Transformative Futures എന്ന സംരംഭം ആരംഭിക്കാനും തീരുമാനിച്ചിട്ടുണ്ട്. കൊച്ചി ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയെ അന്താരാഷ്ട്ര തലത്തിലുള്ള മികവിന്റെ കേന്ദ്രമാക്കുന്നതിന് കേരള സർക്കാർ കിഫ്ബി പദ്ധതി പ്രകാരം അംഗീകാരം നൽകിയിട്ടുണ്ട്. ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ ഒന്നിലധികം വിഭാഗങ്ങളിലെ ഗവേഷണ സാധ്യതകൾ പരിപോഷിപ്പിക്കുന്നതിനായി Interdisciplinary Research Centres നിലവിലുണ്ട്. മലയാള സർവ്വകലാശാലയിൽ ക്ലാസിക്കൽ ഭാഷയായി മലയാളത്തെ മാറ്റിയെടുക്കാനുള്ള സമഗ്ര ഗവേഷണങ്ങൾ നടന്നുവരുന്നു. മഹാത്മാഗാന്ധി സർവ്വകലാശാലയുടെ കീഴിലുള്ള അഫിലിയേറ്റഡ് കോളേജുകളിൽ വ്യവസായത്തിന്റെ ആവശ്യകതയ്ക്കനുസരിച്ചുള്ള Material Science, Artificial Intelligence & Robotics, Data Analytics, Nano science & Technology, Food Science B.Voc., Integrated Sciences, Social Sciences, MCA, B.Arch, MHRM, BHM, B.Com, M.Com, MBA എന്നീ പ്രോഗ്രാമുകൾ നടത്തിവരുന്നു.

(സി) ഉന്നതവിദ്യാഭ്യാസ മേഖലയിലെ സമഗ്ര മാറ്റത്തിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഉന്നതാധികാര കമ്മീഷനെ നിയമിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

ഉന്നതവിദ്യാഭ്യാസ മേഖലയിലെ സമഗ്ര മാറ്റത്തിനുവേണ്ടി നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനായി ഒരു കമ്മീഷനെ നിയമിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ട്.

**സർവ്വകലാശാല ചട്ടങ്ങളിലെ ഭേദഗതി**

130 (2850) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ സർവ്വകലാശാലകളുമായി ബന്ധപ്പെട്ട് കാലാകാലങ്ങളായി സർക്കാർ പുറപ്പെടുവിക്കുന്ന ഉത്തരവുകൾക്കനുസൃതമായി സമയാസമയങ്ങളിൽ അതാത് സർവ്വകലാശാല ചട്ടങ്ങളിൽ ഭേദഗതി വരുത്താറുണ്ടോ?

ഉണ്ട്.

(ബി) ഇപ്രകാരം സർവ്വകലാശാല ചട്ടങ്ങളിൽ ഭേദഗതി വരുത്താത്തതുമൂലം നിലവിലെ സർക്കാർ ഉത്തരവിലെ മാനദണ്ഡങ്ങൾക്ക് വിപരീതമായി സർവ്വകലാശാലകൾ തീരുമാനമെടുക്കുകയും അതിനെത്തുടർന്ന് സർവ്വകലാശാലകൾക്കും സർക്കാരിനും സാമ്പത്തിക ബാധ്യതയുൾപ്പെടെ സൃഷ്ടിക്കുന്ന സ്ഥിതിവിശേഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ആയത് ഒഴിവാക്കാൻ കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുകളിലെ മാനദണ്ഡങ്ങൾ ഉൾപ്പെടുത്തി ബന്ധപ്പെട്ട സർവ്വകലാശാല ചട്ടങ്ങളിൽ സമയബന്ധിതമായി ഭേദഗതി വരുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

സ്വീകരിച്ചുവരുന്നു.

(ഡി) കേരളത്തിലെ സർവ്വകലാശാലകളിലെ അധ്യാപക, അനധ്യാപക ജീവനക്കാർക്ക് കാലാകാലങ്ങളിലെ സർക്കാർ ഉത്തരവുപ്രകാരമുള്ള ശമ്പളം, മറ്റാനുകൂല്യങ്ങൾ എന്നിവ അനുവദിക്കുമ്പോൾ ബന്ധപ്പെട്ട സർവ്വകലാശാല ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിന് സർക്കാരിൽ നിന്നും നിർദ്ദേശം നൽകാറുണ്ടോ; ആയതുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

നിർദ്ദേശം നൽകാറുണ്ട്. ആയതുമായി ബന്ധപ്പെട്ട് സർവ്വകലാശാലകൾ സ്വീകരിച്ച നടപടികൾ സംബന്ധിച്ച് വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇത്തരം സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസരിച്ച് ഭേദഗതി വരുത്തിയ സർവ്വകലാശാലകളുടെ പ്രൊപ്പോസലുകൾക്ക് ചാൻസലറിൽനിന്നും അംഗീകാരം ലഭിക്കാൻ ബാക്കിയുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

സർക്കാരിന്റെ അഭിപ്രായം ആരായുന്നതിന് ചാൻസലറിൽനിന്നും ലഭിച്ചിട്ടുള്ള വിവിധ സർവ്വകലാശാലകളുടെ ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ പരിശോധിച്ചു വരുന്നുണ്ട്.

### ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാല

131 (2851) ശ്രീ. സണ്ണി ജോസഫ്:
ശ്രീ. സജീവ് ജോസഫ്:
ശ്രീ. ഐ.സി. ബാലകൃഷ്ണൻ:
ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെഗുലർ വിദ്യാഭ്യാസം വിവിധ കാരണങ്ങളാൽ അസാധ്യമായവർക്ക് അവസരം നൽകുക എന്ന ലക്ഷ്യത്തോടെ ആരംഭിച്ച ശ്രീനാരായണഗുരു ഓപ്പൺ സർവ്വകലാശാലയുടെ പ്രവർത്തനം വിശദമാക്കാമോ?

സംസ്ഥാനത്ത് നിലവിലുള്ള സാമ്പ്രദായിക വിദ്യാഭ്യാസ സമ്പ്രദായത്തിൽ നിന്നും വ്യത്യസ്തമായി ആധുനിക സാങ്കേതികശാസ്ത്ര സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി എല്ലാ വൈജ്ഞാനിക മേഖലകളിലും മെറിറ്റും സാമൂഹ്യനീതിയും ഗുണനിലവാരവും ഉറപ്പുവരുത്തി ഉന്നത വിദ്യാഭ്യാസവും നൈപുണ്യവികസനവും ഉറപ്പാക്കുന്ന പാഠ്യപദ്ധതികളാണ് ശ്രീനാരായണ ഗുരു ഓപ്പൺ യൂണിവേഴ്സിറ്റി രൂപകൽപ്പന ചെയ്യുന്നത്. ആധുനിക സാങ്കേതികശാസ്ത്ര വിദ്യ ഉപയോഗിച്ച് ഗുണനിലവാരമുള്ള ഉന്നത വിദ്യാഭ്യാസവും നൈപുണ്യവികസനവും വിദൂര-വെർച്വൽ മാതൃകകളിൽ പ്രദാനം ചെയ്യാനുള്ള പദ്ധതികളാണ് ആവിഷ്കരിക്കുന്നത്. സമൂഹത്തിലെ എല്ലാ വിഭാഗത്തിൽപ്പെട്ടവർക്കും മുഴുവൻ സമയ തൊഴിലെടുക്കുന്നവർക്കും വീട്ടമ്മമാർക്കും മുതിർന്നവർക്കും വിവിധ മേഖലകളിലുള്ള യു.ജി, പിജി, സർട്ടിഫിക്കറ്റ്, ഡിപ്ലോമ കോഴ്സുകളിൽ പഠനം നടത്തി അറിവ് നേടാനുള്ള അവസരം ഇതിലൂടെ ഒരുങ്ങുന്നു. തൊഴിലധിഷ്ഠിത കോഴ്സുകളിലൂടെയും നൂതന മേഖലകളിലെ സർട്ടിഫിക്കറ്റ് ഡിപ്ലോമ കോഴ്സുകളിലൂടെയും ലഭ്യമാകുന്ന ആശയങ്ങൾ ഉൽപ്പാദന-സേവന മേഖലകളുടെ നവീകരണത്തിനുതകുന്ന വിധമാണ് സർവ്വകലാശാല പ്രവർത്തിക്കുന്നത്.

(ബി) പ്രസ്തുത സർവ്വകലാശാലയുടെ പ്രവർത്തനം നിലച്ചിട്ടുണ്ടോ; എങ്കിൽ കാരണം വ്യക്തമാക്കാമോ;

(സി) ശ്രീനാരായണ ഗുരു ഓപ്പൺ സർവ്വകലാശാല നിയമത്തിലെ ന്യൂനതകൾ കാരണം കേരളത്തിലെ വിദ്യാർത്ഥികൾക്ക് സംസ്ഥാനത്ത് ഓപ്പൺ കോഴ്സുകളിൽ പഠനം ലഭ്യമാക്കാൻ സാധിക്കാത്ത സാഹചര്യമുണ്ടോ?

(ബി & സി) ഇല്ല.

(ഡി) എങ്കിൽ ഇത് പരിഹരിക്കാൻ നിയമ ഭേദഗതി കൊണ്ടുവരാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കുമോ?

ഓപ്പൺ കോഴ്സുകളിൽ പഠനാവസരം ഉറപ്പുവരുത്തുവാൻ സർക്കാർ ശ്രദ്ധിക്കുന്നതാണ്.

**നിയമ സർവ്വകലാശാല രൂപീകരണം**

132 (2852) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിയമപഠനത്തിന്റെ സാധ്യതകൾ വർദ്ധിപ്പിക്കുന്നതിലേയ്ക്കായി നിയമ സർവ്വകലാശാലയോ നിയമ വിദ്യാഭ്യാസ ഡയറക്ടറേറ്റോ രൂപീകരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ; വിശദമാക്കാമോ;

(ബി) പ്രത്യേക നിയമ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് മൂന്നംഗ സമിതി സമർപ്പിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

(എ & ബി) സംസ്ഥാനത്ത് നിയമപഠനത്തിനായി നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് (NUALS) എന്ന സർവ്വകലാശാല കൊച്ചി ആസ്ഥാനമായി 2005 മുതൽ പ്രവർത്തിച്ചുവരുന്നു. ഈ സർവ്വകലാശാലയിൽ BA, LLB, LLM. Ph.D എന്നീ പ്രോഗ്രാമുകൾ നിലവിലുണ്ട്. പ്രത്യേക നിയമ വിദ്യാഭ്യാസ ഡയറക്ടറേറ്റ് രൂപീകരിക്കുന്നതുമായി ബന്ധപ്പെട്ട് പ്രൊഫ.വിക്രമൻ നായർ അദ്ധ്യക്ഷനായി മൂന്നംഗ സമിതിയെ കേരള സംസ്ഥാന ഉന്നത വിദ്യാഭ്യാസ കൗൺസിൽ നിയോഗിച്ചിരുന്നു. 2019 മാർച്ച് മാസം സമിതി റിപ്പോർട്ട് സമർപ്പിച്ചു. പ്രസ്തുത കമ്മിറ്റി കേരളത്തിലെ നാല് ഗവൺമെന്റ് ലോ കോളേജുകളെ ഉൾപ്പെടുത്തി പ്രത്യേക ഡയറക്ടറേറ്റ് ഓഫ് ലീഗൽ എഡ്യൂക്കേഷൻ രൂപീകരിക്കാൻ ഐകകണ്ഠമായി ശിപാർശ ചെയ്തിട്ടുണ്ട്. ഇക്കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പ്രസ്തുത മൂന്നംഗ സമിതിയുടെ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**വിദ്യാർത്ഥികളുടെ മാനസിക സംഘർഷം ലഘൂകരിക്കാൻ നടപടി**

133 (2853) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കോവിഡ് മഹാമാരിയെ തുടർന്ന് ഉണ്ടാകുവാൻ സാധ്യതയുള്ള മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുവാൻ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ ആയതിനുള്ള നടപടി സ്വീകരിക്കുമോ?

(എ&ബി) ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കുണ്ടാകുന്ന മാനസിക സംഘർഷങ്ങൾ ലഘൂകരിക്കുന്നതിനും അവരുടെ ജീവിത പ്രശ്നങ്ങൾ നേരിടുന്നതിനായുള്ള മാർഗ്ഗനിർദ്ദേശങ്ങൾ യഥാസമയം നൽകുന്നതിനുമായി കോളേജ് വിദ്യാഭ്യാസ വകുപ്പിനുകീഴിൽ "ജീവനി കോളേജ് മെന്റൽ അവെയർനെസ്സ് പ്രോഗ്രാം" എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സൈക്കോളജിയിൽ ബിരുദാനന്തര ബിരുദം പൂർത്തിയാക്കിയ ഉദ്യോഗാർത്ഥികളെ കേരളത്തിലെ 69 സർക്കാർ കോളേജുകളിലായി അപ്രന്റീസുമാരായി നിയോഗിച്ചിട്ടുണ്ട്. കൗൺസിലിംഗിനുപുറമെ കോളേജുകളിൽ മാനസികാരോഗ്യ ബോധവത്കരണ ക്യാമ്പുകളും നടത്തിവരുന്നു. കോവിഡ്-19 വ്യാപന നിയന്ത്രണവുമായി ബന്ധപ്പെട്ട് കോളേജുകൾ തുറന്ന് പ്രവർത്തിക്കാതിരിക്കുന്ന സാഹചര്യത്തിൽ വിദ്യാർത്ഥികൾക്ക് ടെലിഫോൺ മുഖേന കൗൺസിലിംഗ് നൽകുന്നതിനും പ്രസ്തുത പദ്ധതി മുഖേന സാധിച്ചിട്ടുണ്ട്. സാങ്കേതിക വിദ്യാഭ്യാസ വകുപ്പിന് കീഴിലെ കോളേജുകളിലും ഓൺലൈൻ കൗൺസിലിംഗും മാനസിക പ്രശ്നങ്ങൾ സംബന്ധിച്ച ബോധവൽക്കരണവും നടത്തിവരുന്നു. ഇത്തരം പ്രവർത്തനങ്ങൾക്ക് പ്രൊഫഷണൽ സഹായം പുറമെനിന്നും ലഭ്യമാക്കാൻ (സ്ഥാപനങ്ങളിലെ Students affairs & counselling centres പ്രവർത്തനങ്ങൾക്കായി) നടപടി സ്വീകരിച്ചിട്ടുണ്ട്.

**മാവേലിക്കര മണ്ഡലത്തിൽ യു.ഐ.ടി.**

134 (2854) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര മണ്ഡലത്തിൽ അനുവദിച്ച കേരള യൂണിവേഴ്സിറ്റിയുടെ യു.ഐ.ടി. ആരംഭിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത യു.ഐ.ടി. അടിയന്തരമായി ആരംഭിക്കുമോ; വ്യക്തമാക്കുമോ?

(എ&ബി) സർവ്വകലാശാലയുടെ മുൻകാല ബജറ്റ് പ്രസംഗത്തിൽ പ്രസ്തുത യു.ഐ.ടി. ആരംഭിക്കുന്നത് സംബന്ധിച്ച പ്രഖ്യാപനമുണ്ടായിരുന്നുവെങ്കിലും ഇപ്പോഴത്തെ പ്രത്യേക സാഹചര്യത്തിൽ നിലവിലുള്ള യു.ഐ.ടി.കളുടെ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനാണ് സർവ്വകലാശാല മുൻഗണന നൽകുന്നത്. ആയതിനാൽ നിലവിൽ പുതിയ യു.ഐ.ടി. ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നില്ല.

**കേരള സർവ്വകലാശാലയിൽ മലയാള മഹാനിഘണ്ടു മേധാവി നിയമനം**

135 (2855) ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. സി. ആർ. മഹേഷ്:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സർവ്വകലാശാലയിൽ മലയാള മഹാനിഘണ്ടു മേധാവിയായി നിയമിച്ച വ്യക്തി മുൻപ് യു.ജി.സി. ഫണ്ട് കൈപ്പറ്റിയിട്ടും സംസ്കൃത ഭാഷ നിഘണ്ടു തയ്യാറാക്കിയില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) സംസ്കൃത സർവ്വകലാശാല പ്രൊഫസറായിരിക്കെ സംസ്കൃത ഭാഷ നിഘണ്ടു തയ്യാറാക്കിയില്ലെന്ന കാരണത്താൽ കൈപ്പറ്റിയ തുക സർവ്വകലാശാല നിരന്തരം ആവശ്യപ്പെട്ട പ്രകാരം തിരിച്ചടച്ച വ്യക്തിക്ക് കേരള സർവ്വകലാശാ ലയിൽ മലയാള മഹാനിഘണ്ടു മേധാവിയായി നിയമനം നൽകിയതിന്റെ അടിസ്ഥാനം വ്യക്തമാക്കാമോ?

(എ&ബി) മലയാള മഹാനിഘണ്ടു എഡിറ്റർ തസ്തികയിലേയ്ക്ക് ഡെപ്യൂട്ടേഷൻ നിയമനത്തിനായി ചുമതലപ്പെടുത്തിയ സെലക്ഷൻ കമ്മിറ്റി യോഗ്യതകൾ നിശ്ചയിച്ച്, രേഖകൾ പരിശോധിച്ച്, അഭിമുഖം നടത്തി നൽകിയ ശിപാർശ പ്രകാരമാണ് സിൻഡിക്കേറ്റിന്റെ അനുമതിയോടെ താൽക്കാലികമായ ഡെപ്യൂട്ടേഷൻ നിയമനം നടത്തിയത്.

## സർവ്വകലാശാലകളിലെ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികകൾ

136 (2856) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 വിഭാഗത്തിൽ ആകെ എത്ര തസ്തികകളാണ് നിലവിലുള്ളത്; പ്രസ്തുത തസ്തികയിൽ നിലവിൽ ജോലി നോക്കിവരുന്നതിൽ പി.എസ്.സി. വഴി ജോലി നേടിയവരുടെയും കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവരുടെയും വിവരങ്ങൾ സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

കേരളത്തിലെ വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ്-II തസ്തികകൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു: സർവ്വകലാശാല പി.എസ്.സി വഴി ജോലി നേടിയവർ കരാർ അടിസ്ഥാനത്തിൽ ജോലി ചെയ്യുന്നവർ അംഗീകൃത തസ്തികകൾ കേരള 64-36 എം.ജി 22-22 കാലിക്കറ്റ് 25 - 31 കുസാറ്റ് 16 - 21 കണ്ണൂർ - 6 6 ന്യൂവാൽസ് 1- കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 തസ്തികയിൽ കേരള സർവ്വകലാശാലയിൽ 36 തസ്തികകളാണുള്ളത്. നിലവിൽ 64 പേർ ജോലി ചെയ്തുവരുന്നു, കമ്പ്യൂട്ടർ അസിസ്റ്റന്റ് (ഗ്രേഡ് 2), (ഗ്രേഡ് 1), (സീനി.ഗ്രേഡ്), (സെല.ഗ്രേഡ്) എന്നീ തസ്തികകളിൽ നിലനിന്നിരുന്ന ഒഴിവുകൾ എൻട്രി കേഡറിലേയ്ക്ക് ഡൗൺഗ്രേഡ് ചെയ്ത് പി.എസ്.സി-ക്ക് റിപ്പോർട്ട് ചെയ്താണ് നിയമനങ്ങൾ നടത്തിയിരിക്കുന്നത്. സംസ്കൃത സർവ്വകലാശാലയിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് കാറ്റഗറിയിൽ (ഗ്രേഡ് 1, ഗ്രേഡ് 2, സീനിയർ ഗ്രേഡ്, സെലക്ഷൻ ഗ്രേഡ്) ആകെ 10 സർക്കാർ അംഗീകൃത തസ്തികകളാണുള്ളത്. ഈ തസ്തികകളിൽ സർവ്വകലാശാല നേരിട്ട് നിയമിച്ചതും പി.എസ്.സി മുഖേന നിയമിച്ചതുമായ 9 ജീവനക്കാർ സേവനം ചെയ്യുന്നുണ്ട്. മേൽപ്പറഞ്ഞ സർക്കാർ അംഗീകൃത 10 തസ്തികകൾ കൂടാതെ സർവ്വകലാശാല സിൻഡിക്കേറ്റ് അംഗീകരിച്ച തസ്തികകളിൽ 6 ജീവനക്കാർ കരാർ/ദിവസ വേതന അടിസ്ഥാനത്തിൽ സേവനം ചെയ്യുന്നുണ്ട്.

(ബി) പ്രസ്തുത തസ്തികയിൽ വിവിധ സർവ്വകലാശാലകളിലായി നിലവിൽ എത്ര ഒഴിവുകളുണ്ട്; ടി ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ടോ; വിശദാംശം നൽകാമോ?

വിവിധ സർവ്വകലാശാലകളിൽ കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 വിഭാഗത്തിൽ നിലവിൽ ആകെ 44 ഒഴിവുകളുണ്ട്. നിലവിലെ ഒഴിവുകൾ എല്ലാംതന്നെ പി.എസ്.സി - ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

(സി) അടുത്ത രണ്ടുവർഷത്തിനുള്ളിൽ പ്രസ്തുത തസ്തികയിൽ പ്രൊമോഷൻ, റിട്ടയർമെന്റ് എന്നിവയുൾപ്പെടെ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ടാകും എന്നുള്ള വിവരം സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

| സർവ്വകലാശാല | പ്രതീക്ഷിത ഒഴിവുകൾ |
|---|---|
| കേരള | ഇല്ല |
| എം.ജി | തിട്ടപ്പെടുത്തിയിട്ടില്ല |
| കാലിക്കറ്റ് | 12 |
| കുസാറ്റ് | 8 |
| SSUS | 1 |
| കണ്ണൂർ | 2 |

(ഡി) വിവിധ സർവ്വകലാശാലകളിലെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി കമ്പ്യൂട്ടർ അസിസ്റ്റന്റ് ഗ്രേഡ് 2 വിഭാഗത്തിൽ പുതുതായി തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിവരം സർവ്വകലാശാല അടിസ്ഥാനത്തിൽ ലഭ്യമാക്കാമോ?

സംസ്കൃത സർവ്വകലാശാല, മലയാളം സർവ്വകലാശാല എന്നിവ പുതിയ കമ്പ്യൂട്ടർ അസിസ്റ്റന്റ് തസ്തിക സൃഷ്ടിക്കുന്നതിന് പ്രൊപ്പോസൽ ലഭ്യമാക്കിയിട്ടുണ്ട്.

**ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിലെ തസ്തികകൾ**

137 (2857) ശ്രീ. എം. നൗഷാദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ആസ്ഥാനമായി പ്രവർത്തിക്കുന്ന ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ സർക്കാർ അനുവദിച്ചിരിക്കുന്ന തസ്തികകൾ ഏതൊക്കെയെന്ന് വെളിപ്പെടുത്താമോ; പ്രസ്തുത തസ്തികയിൽ നടക്കുന്ന നിയമനം സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്താമോ;

(ബി) പ്രസ്തുത സർവ്വകലാശാലയിൽ മറ്റ് സർവ്വകലാശാലകളിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമനത്തിനുള്ള സാധ്യത പരിഗണിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

(എ & ബി) ശ്രീനാരായണഗുരു ഓപ്പൺ യൂണിവേഴ്സിറ്റിയിൽ തസ്തികകൾ അനുവദിക്കുന്നകാര്യം സർക്കാർ പരിശോധിച്ചുവരുന്നു.

(സി) ഇതിനോടകം പ്രസ്തുത സർവ്വകലാശാലയിൽ നടന്ന നിയമനങ്ങൾ സംബന്ധിച്ച് ഏതെങ്കിലും വിധത്തിലുള്ള പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത പരാതിയിന്മേൽ കൈക്കൊണ്ട നടപടികൾ വിശദീകരിക്കാമോ?

ഇല്ല;

**തുറവൂരിലെ സംസ്കൃത സർവ്വകലാശാലയുടെ പ്രാദേശിക പഠനകേന്ദ്രം**

138 (2858) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അരൂർ മണ്ഡലത്തിലെ തുറവൂരിൽ പ്രവർത്തിക്കുന്ന സംസ്കൃത സർവ്വകലാശാല പ്രാദേശിക പഠന കേന്ദ്രം വാടക കെട്ടിടത്തിലാണ് പ്രവർത്തിക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സ്ഥാപനത്തിന് സ്ഥലമെടുക്കുന്നതിന് 2019-20 ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ തുക വകയിരുത്തിയതിനെ തുടർന്ന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതിനായുള്ള ഭൂമി ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

(എ & ബി) നിലവിൽ വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന സംസ്കൃത സർവ്വകലാശാലയുടെ തുറവൂർ പ്രാദേശിക കേന്ദ്രത്തിന് അനുയോജ്യമായ ഭൂമി കണ്ടെത്തുന്നതിനായി സർവ്വകലാശാല നിയോഗിച്ച കമ്മിറ്റി ചേർത്തല താലൂക്ക് തുറവൂർ തെക്ക് വില്ലേജിലെ 20371, 22228 എന്നീ തണ്ടപ്പേരുകളിൽപ്പെട്ട ആറേക്കർ 63.43 സെന്റ് ഭൂമി അനുയോജ്യമാണെന്ന് കണ്ടെത്തിയശേഷം വസ്തുവിന്റെ സ്കെച്ച്, വസ്തുവിവരണം എന്നിവ ഉൾക്കൊള്ളുന്ന ഫോറം-2 രേഖകൾ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുള്ളതാണ്. പ്രസ്തുത സ്ഥലമേറ്റെടുക്കുന്നതിനാവശ്യമായ ഭരണാനുമതി ഉത്തരവിനായി സർവ്വകലാശാല സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു.

## കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സ്വാശ്രയ കോളേജ് അദ്ധ്യാപകരോടുള്ള സമീപനം

139 (2859) <u>ശ്രീ. പി. അബ്ദുൽ ഹമീദ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സേവന വ്യവസ്ഥകളിൽ തുല്യരാണെന്ന് പറയപ്പെടുമ്പോഴും സ്വാശ്രയ കോളേജുകളിലെ പരിചയം യോഗ്യതയായി പലയിടത്തും പരിഗണിക്കാറില്ല എന്നതിൽ സർക്കാർ നിലപാട് വ്യക്തമാക്കാമോ;

(ബി) സർക്കാർ നിയന്ത്രണത്തിലുള്ള സ്വാശ്രയ സ്ഥാപനങ്ങളിലെ പരിചയം യോഗ്യതയായി പരിഗണിക്കാവുന്നതല്ലേയെന്ന് അറിയിക്കുമോ?

(എ&ബി) സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപക നിയമനം അംഗീകരിക്കുന്നതിന് സർവ്വകലാശാലതലത്തിലോ സർക്കാർതലത്തിലോ വ്യവസ്ഥാപിത സംവിധാനമില്ലാത്തതിനാൽ സ്വാശ്രയ കോളേജിലെ സേവനം യോഗ്യതയായി കണക്കാക്കാൻ നിലവിൽ സർക്കാരിന് പരിമിതികളുണ്ട്.

(സി) കാലിക്കറ്റ് യൂണിവേഴ്സിറ്റിയിൽ സ്വാശ്രയ കോളേജ് അദ്ധ്യാപകർക്ക് പാർട്ട് ടൈം പി.എച്ച്.ഡി.-ക്ക് പ്രവേശനം നേടാനുള്ള അവസരം ലഭ്യമല്ലാത്തതിനാൽ അതിന്മേൽ എന്ത് നടപടിയാണ് സ്വീകരിക്കുകയെന്ന് വ്യക്തമാക്കുമോ?

സർവ്വകലാശാലയിലെ അഫിലിയേറ്റഡ് കോളേജ് പ്രിൻസിപ്പൽമാർക്ക് പാർട്ട് ടൈം പി.എച്ച്.ഡി ചെയ്യുന്നതുമായി ബന്ധപ്പെട്ട വിഷയം സർവ്വകലാശാല പരിശോധിക്കുന്നുണ്ട്.

(ഡി) സ്വാശ്രയ കോളേജ് അദ്ധ്യാപകരെ യൂണിവേഴ്സിറ്റി സെനറ്റ്, സിൻഡിക്കേറ്റ്, സബ്ജക്ട് കമ്മിറ്റി എന്നിവയിൽ ഉൾപ്പെടുത്താത്തത് സംബന്ധിച്ച് സർക്കാരിന്റെ നയം വ്യക്തമാക്കുമോ;

(ഇ) സർക്കാരിന്റെ നയം അനുകൂലമല്ലെങ്കിൽ എന്താണ് കാരണം; അനുകൂലമാണെങ്കിൽ ഇതുവരെ എന്ത് നടപടി സ്വീകരിച്ചു; വിശദമാക്കുമോ?

(ഡി & ഇ) സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരുടെ നിയമനത്തിന് അംഗീകാരം നൽകാൻ സർവ്വകലാശാല നിയമങ്ങളിൽ വ്യവസ്ഥയില്ല. ആയതിനാൽ സ്വാശ്രയ കോളേജുകളിലെ അദ്ധ്യാപകരെ സെനറ്റ്, സിൻഡിക്കേറ്റ് എന്നിവയിൽ ഉൾപ്പെടുത്താൻ കഴിയുന്നതല്ല.

## പ്രൊഫസർക്ക് ശമ്പളം നൽകുവാനുള്ള കോടതി ഉത്തരവ്

140 (2860) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ അർഹതയുണ്ടായിട്ടും ജോലി ലഭിക്കാതെപോയ പ്രൊഫസർക്ക് ജോലി ചെയ്തതായി കണക്കാക്കി ശമ്പളം കൊടുക്കുവാൻ കോടതി ഉത്തരവ് വന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ സാഹചര്യം വ്യക്തമാക്കുമോ; സംഭവത്തിന് കാരണക്കാരായ ഉദ്യോഗസ്ഥർ ആരെല്ലാമാണെന്ന് അറിയിക്കുമോ; പ്രസ്തുത ഉദ്യോഗസ്ഥർക്കെതിരെ നടപടി എടുത്തിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ബി) കാലിക്കറ്റ് സർവ്വകലാശാലയിൽ അയോഗ്യനായിട്ടും ജോലിയിൽ തുടർന്ന പ്രൊഫസർക്ക് ശമ്പളം നൽകുവാൻ കോടതി ഉത്തരവ് ഉണ്ടായിട്ടുണ്ടോ; ഇതിന്റെ സാഹചര്യം വ്യക്തമാക്കുമോ?

(എ & ബി) സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## കാലിക്കറ്റ് സർവ്വകലാശാലയിലെ ഗവേഷക വിദ്യാർത്ഥികൾക്കുള്ള ഫെല്ലോഷിപ്പ്

141 (2861) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയ്ക്ക് കീഴിലെ കോളേജുകളെ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളായി അംഗീകരിച്ചിട്ട് വർഷങ്ങളായിട്ടും നാളിതുവരെ ഗവേഷക വിദ്യാർത്ഥികൾക്ക് സർവ്വകലാശാല യാതൊരു വിധ ഫെല്ലോഷിപ്പും നൽകുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) കേരളത്തിലെ മറ്റ് സർവ്വകലാശാലകൾക്ക് കീഴിലെ അംഗീകൃത ഗവേഷണ സ്ഥാപനങ്ങളായ കോളേജുകളിലുള്ള ഗവേഷക വിദ്യാർത്ഥികൾക്ക് അതാത് സർവ്വകലാശാലകൾ വർഷങ്ങളായി ഫെല്ലോഷിപ്പ് നൽകിക്കൊണ്ടിരിക്കുമ്പോൾ കാലിക്കറ്റ് സർവ്വകലാശാലമാത്രം ഗവേഷക വിദ്യാർത്ഥികളോട് കാണിക്കുന്ന വിവേചനം അവസാനിപ്പിക്കുവാൻ നിർദ്ദേശങ്ങൾ നൽകുമോ?

യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റിലെ ഗവേഷക വിദ്യാർത്ഥികൾക്കായി ഫെല്ലോഷിപ്പ് നൽകിവരുന്നുണ്ട്. അഫിലിയേറ്റഡ് കോളേജുകളിലെ ഗവേഷകർക്കുകൂടി ഫെല്ലോഷിപ്പ് ലഭ്യമാക്കുന്ന കാര്യം സർവ്വകലാശാല പരിശോധിക്കുന്നുണ്ട്.

(സി) ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി രാജ്യത്തെ യു.ജി.സി അടക്കമുള്ള വിദ്യാഭ്യാസ രംഗത്തെ സമിതികൾ സർവകലാശാലകൾ മുഖേനയും അതിന് കീഴിലുള്ള കലാലയങ്ങൾ മുഖേനയും നിരന്തരം പരിശ്രമിച്ചുകൊണ്ടിരിക്കുന്ന സാഹചര്യത്തിൽ കേരളത്തിലെ സർവ്വകലാശാലകളിൽ ഒരു ഏകീകൃത നയം ഗവേഷണ മേഖലയിൽ നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

ഉന്നത വിദ്യാഭ്യാസ രംഗത്ത് ഗവേഷണം പ്രോത്സാഹിപ്പിക്കുന്നതുമായി ബന്ധപ്പെട്ട പദ്ധതികളും/സംരംഭങ്ങളും ചുവടെ ചേർക്കുന്നു :

I. കൈരളി ഗവേഷണ പുരസ്കാരങ്ങൾ

II. സർവ്വകലാശാലകളുടെ പ്രവർത്തന മികവിന് നൽകുന്ന ചാൻസലേഴ്സ് അവാർഡ്

III. എറുഡൈറ്റ് പദ്ധതി (Erudite-Scholar-in-Residence Programme)

IV. ഫാക്കൽറ്റി ഡെവലപ്മെന്റ് പ്രോഗ്രാം

V. (FLAIR - Fostering Linkages for Academic Innovation & Research)

VI. ആസ്പയർ സ്കോളർഷിപ്പ് പദ്ധതി

VII. PLEASE-Performance Linked Encouragement for Academic Studies & Endeavour.

**കാലിക്കറ്റ് സർവ്വകലാശാലയിൽ അംഗപരിമിതരുടെ സംവരണം**

142 (2862) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാലയിൽ അംഗപരിമിതരുടെ സംവരണത്തിന് ഹൊറിസോണ്ടൽ സംവരണ രീതിയാണോ വെർട്ടിക്കൽ സംവരണ രീതിയാണോ അവലംബിച്ചതെന്ന് വ്യക്തമാക്കുമോ; ഇതു സംബന്ധിച്ച ഫയലിന്റെ പകർപ്പ് ലഭ്യമാക്കുമോ?

കാലിക്കറ്റ് സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനത്തിൽ The Right of Persons with Disabilities Act-2016-ൽ പരാമർശിക്കുന്ന അംഗപരിമിത സംവരണം ഉറപ്പുവരുത്തുന്നതിനായുള്ള 31-10-2019-ലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 12/2019/ സാ.നീ.വ-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരമാണ് നിയമനം

നടത്തിയിട്ടുള്ളത്. അനദ്ധ്യാപക നിയമനത്തിൽ അംഗപരിമിത സംവരണം ഉറപ്പുവരുത്തുന്നതിനായി പി.എസ്.സി നിഷ്കർഷിക്കുന്ന സംവരണക്രമത്തിൽ നിയമനം നടത്തിവരുന്നു.

(ബി) പ്രസ്തുത രീതി അവലംബിക്കുവാൻ സർവ്വകലാശാല അടിസ്ഥാന മാക്കിയ സർക്കാർ ഉത്തരവ് ഏതാണെന്ന് അറിയിക്കുമോ; വ്യക്തമാക്കുമോ?

സർവ്വകലാശാലയിലെ അദ്ധ്യാപക നിയമനത്തിൽ 31-10-2019-ലെ തീയതിയിലെ സർക്കാർ ഉത്തരവ് (അച്ചടി) നമ്പർ. 12/2019/സാ.നീ.വ-ൽ നിർദ്ദേശിച്ചിട്ടുള്ള പ്രകാരവും അനദ്ധ്യാപക നിയമനത്തിൽ കെ.എസ്. & എസ്.എസ്.ആർ. ഭാഗം - II ചട്ടം നമ്പർ 14 പ്രകാരവും നിയമനം നടത്തിവരുന്നു.

## പ്രവേശന പരീക്ഷയ്ക്ക് കൂടുതൽ പരീക്ഷാ സെന്ററുകൾ

143 (2863) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2021-22 അധ്യയന വർഷത്തെ കേരള എഞ്ചിനീയറിംഗ്, ഫാർമസി എന്നീ കോഴ്സുകളിലേയ്ക്കുള്ള പ്രവേശന പരീക്ഷയ്ക്ക് കോവിഡിന്റെ സാഹചര്യത്തിൽ കൂടുതൽ പരീക്ഷാ സെന്ററുകൾ അനുവദിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിനായി എന്തൊക്കെ മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ?

കീം പ്രവേശന പരീക്ഷാ കേന്ദ്രങ്ങൾ സംസ്ഥാനത്തെ ജില്ലാ ആസ്ഥാനങ്ങൾ കേന്ദ്രീകരിച്ചായിരുന്നു മുൻവർഷങ്ങളിൽ തെരഞ്ഞെടുത്തിരുന്നത്. എന്നാൽ കോവിഡ്-19-ന്റെ സാഹചര്യത്തിൽ കീം 2021-ന്റെ പ്രവേശന പരീക്ഷയ്ക്കായി സംസ്ഥാനത്തെ 14 ജില്ലകളിലെ 77 താലൂക്കുകളിലായി 415 പരീക്ഷാകേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. കൂടാതെ മുംബൈ, ഡൽഹി, ദുബായ് എന്നീ സ്ഥലങ്ങൾ കേന്ദ്രീകരിച്ചും പരീക്ഷാ കേന്ദ്രങ്ങൾ അനുവദിച്ചിട്ടുണ്ട്. കോവിഡ് മാനദണ്ഡങ്ങൾ കൃത്യമായി പാലിച്ച് പരീക്ഷ നടത്തണമെന്ന കർശനമായ നിർദ്ദേശം പരീക്ഷാ കേന്ദ്രങ്ങൾക്ക് നൽകിയിട്ടുണ്ട്. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട് വിവിധ സർക്കാർ വകുപ്പുകളുടെ സഹായ സഹകരണവും ഏകോപനവും ഉറപ്പാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചിട്ടുണ്ട്.

## സി-ആപ്റ്റ്

144 (2864) ശ്രീ. ടി. ജെ. വിനോദ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സി-ആപ്റ്റിൽ ലോട്ടറി അച്ചടി വിപുലീകരിക്കുന്നതിന്റെ ഭാഗമായി ഇരുപത് കോടി രൂപയുടെ പദ്ധതി നടപ്പിലാക്കുന്നതിന്റെ നടപടിക്രമങ്ങൾ വിശദമാക്കാമോ?

13-6-2019-ലെ സർക്കാർ ഉത്തരവ് ജി.ഒ. (ആർ.ടി.) നമ്പർ 948/2019/ ഉ.വി.വ. പ്രകാരം സി-ആപ്റ്റിന് ലോട്ടറി അച്ചടി വിപുലീകരിക്കുന്നതിനാവശ്യമായ മെഷീനുകൾ വാങ്ങുന്നതിലേയ്ക്കായി 20 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിനെത്തുടർന്ന്, സർക്കാർ രൂപീകരിച്ചിട്ടുള്ള ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റി ലോട്ടറി ടിക്കറ്റ് പ്രിന്റിംഗിനുള്ള മെഷീനുകൾ വാങ്ങുന്നതിലേയ്ക്കായി ഇന്ത്യയിലെയും വിദേശത്തെയും പ്രമുഖ നിർമ്മാതാക്കളും വിതരണക്കാരുമായി ചർച്ച നടത്തുകയും തുടർന്ന് മെഷീൻ വാങ്ങുന്നതിനായി സി-ആപ്റ്റ് താൽപ്പര്യപത്രം ക്ഷണിക്കുകയുമുണ്ടായി. ഇതിൻപ്രകാരം, 5 കമ്പനികൾ നിർദ്ദേശങ്ങൾ സി-ആപ്റ്റിൽ സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത നിർദ്ദേശങ്ങൾ ടെണ്ടർ ഇവാല്യുവേഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിരിക്കുകയാണ്.

### ഡോ. റ്റി. കെ. ആനന്ദി കമ്മിറ്റി റിപ്പോർട്ട്

145 (2865) <u>ശ്രീ. ഷാഫി പറമ്പിൽ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-ൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ നിയോഗിച്ച ഡോ. റ്റി. കെ. ആനന്ദി കമ്മിറ്റിയുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ച നടപടികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഒരു ഐ.സി.ഡി.എസ്. സൂപ്പർവൈസറുടെ ചുമതലയിലുള്ള അംഗനവാടികളുടെ എണ്ണത്തിന്റെ അനുപാതത്തിൽ മാറ്റം വരുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കാമോ?

(എ&ബി) ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നേരിടുന്ന പ്രശ്നങ്ങളെപ്പറ്റി പഠിക്കാൻ ഇത്തരത്തിൽ ഒരു കമ്മിറ്റിയെ സർക്കാർ നിയോഗിച്ച് ഉത്തരവ് നൽകിയിട്ടില്ല.

(സി) നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ റാങ്ക് ലിസ്റ്റ് പ്രാബല്യത്തിലുണ്ടോ; ഉണ്ടെങ്കിൽ ആയതിന്റെ കാലാവധി ഏതുവരെ, എത്രപേർക്ക് നിയമനം നൽകി, എത്ര ഒഴിവുകൾ റിപ്പോർട്ട് ചെയ്യപ്പെട്ടതിൽ നടപടി സ്വീകരിക്കാനുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

നിലവിൽ ഐ.സി.ഡി.എസ്. സൂപ്പർവൈസർ തസ്തികയിലെ ജനറൽ കാറ്റഗറിയിലെ റാങ്ക് ലിസ്റ്റ് (കാറ്റഗറി നമ്പർ 238/2018, റാങ്ക് ലിസ്റ്റ് നമ്പർ 83/2021/ER XIII തീയതി 23-2-2021) നിലവിലുണ്ട്. പ്രസ്തുത ലിസ്റ്റിന്റെ പരമാവധി കാലാവധി ലിസ്റ്റ് പ്രാബല്യത്തിൽവന്ന തീയതി മുതൽ മൂന്നുവർഷം വരെയാണ്. ടി ലിസ്റ്റിൽനിന്നും നാളിതുവരെ 176 ഉദ്യോഗാർത്ഥികൾക്ക് നിയമന ഉത്തരവ്

നൽകിയിട്ടുണ്ട്. നിലവിൽ ശേഷിക്കുന്ന 42 ഒഴിവുകളിലേയ്ക്ക് പി.എസ്.സി.-യിൽ നിന്നും നിയമന ശിപാർശ ലഭിക്കാനുണ്ട്. ഡിഗ്രി യോഗ്യതയും 10 വർഷ അങ്കണവാടി പരിചയവുമുള്ള അങ്കണവാടി ക്വാട്ടയിലെ റാങ്ക് ലിസ്റ്റ് 19-7-2017-ൽ നിലവിൽ വന്നിട്ടുള്ളതും ആയതിന്റെ കാലാവധി 18-7-2020-ന് അവസാനിച്ചിട്ടുള്ളതുമാണ്. ടി കാറ്റഗറിയിലെ ആകെ അനുവദനീയമായ 146 തസ്തികകളിൽ 145 ഐ.സി.ഡി.എസ്. സൂപ്പർവൈസർമാർ നിലവിൽ വകുപ്പിൽ സേവനമനുഷ്ഠിക്കുന്നുണ്ട്. ശേഷിക്കുന്ന 1 ഒഴിവ് OX ഉദ്യോഗാർത്ഥിയുടെ അഭാവത്തിൽ പി.എസ്.സി.-യിൽനിന്നും നികത്താനുണ്ട്. എസ്.എസ്.എൽ.സി. യോഗ്യതയും 10 വർഷ അങ്കണവാടി സേവന പരിചയവുമുള്ള അങ്കണവാടി ക്വാട്ടയിലെ 136 ഒഴിവുകൾ പി.എസ്.സി.-യിൽ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ടി കാറ്റഗറിയിലെ റാങ്ക് ലിസ്റ്റ് നിലവിൽ വന്നിട്ടില്ല.

### മിശ്രവിവാഹിതർക്കുവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ

146 (2866) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ നീതി വകുപ്പ് മിശ്രവിവാഹിതർക്കായി നടപ്പിലാക്കുന്ന പദ്ധതികളെക്കുറിച്ച് വിശദമാക്കാമോ?

പട്ടികജാതി/പട്ടിക വർഗ്ഗ വിഭാഗങ്ങൾ ഒഴികെയുള്ള ജനറൽ കാറ്റഗറിയിൽ ഉൾപ്പെടുന്ന മിശ്ര വിവാഹിതരായ ദമ്പതികൾക്ക് ഉപജീവനത്തിനുള്ള പിന്തുണയായി 30,000 രൂപ ഒറ്റത്തവണ സാമ്പത്തിക സഹായം അനുവദിച്ചുവരുന്നു. വിവാഹം കഴിഞ്ഞ് ഒരു വർഷം പൂർത്തിയായി രണ്ട് വർഷത്തിനകം ധനസഹായത്തിനായി അപേക്ഷ സമർപ്പിക്കാവുന്നതാണ്. വാർഷിക കുടുംബവരുമാന പരിധി 1 ലക്ഷം രൂപയാണ്. അപേക്ഷാ ഫോമും മറ്റു അനുബന്ധ രേഖകളും സഹിതം ജില്ലാ സാമൂഹ്യനീതി ആഫീസിലാണ് ധനസഹായത്തിനുള്ള അപേക്ഷ നൽകേണ്ടത്.

(ബി) മിശ്രവിവാഹം പ്രോൽസാഹിപ്പിക്കുന്നതിനും മിശ്രവിവാഹിതർക്ക് സാമൂഹ്യ സുരക്ഷ ഉറപ്പുവരുത്തുന്നതിനുമായി സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

മിശ്രവിവാഹം നടന്നതിന്റെ പേരിൽ ഉണ്ടാകുന്ന സാമൂഹിക മാനസിക പ്രശ്നങ്ങൾ ലഘൂകരിച്ച് ഇവരെ സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്ക് കൊണ്ടുവരുന്നതിനും സമൂഹവും കുടുംബവും ഇവരെ അംഗീകരിക്കുന്നതുവരെ സാമൂഹ്യസുരക്ഷ ഉറപ്പാക്കി സാമൂഹ്യ പുനരധിവാസം ഒരുക്കുന്നതിന്റെ ഭാഗമായും സുരക്ഷിതമായി താമസിക്കാവുന്ന തരത്തിലുള്ള സെയ്ഫ് ഹോമുകൾ എൻ.ജി.ഒ.-കൾ മുഖേന സംസ്ഥാനത്ത് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## മൊബൈൽ ക്രഷ് പദ്ധതി

147 (2867) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇതരസംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പരിപാലിക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള മൊബൈൽ ക്രഷ് പദ്ധതി സംസ്ഥാനത്ത് എവിടെയൊക്കെയാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് അറിയിക്കാമോ?

കേരളത്തിലെ നിർമ്മാണമേഖലയിലും മറ്റ് തൊഴിൽ മേഖലകളിലുമുള്ള പ്രവർത്തനങ്ങൾക്കായി എത്തിയിട്ടുള്ള ഇതര സംസ്ഥാന തൊഴിലാളികൾ പകൽ സമയങ്ങളിൽ തൊഴിലിൽ ഏർപ്പെടുന്ന സമയത്ത് അവരുടെ ആറു വയസ്സിൽ താഴെയുള്ള കുഞ്ഞുങ്ങളെ സുരക്ഷിതമായി പരിചരിക്കുകയെന്ന ലക്ഷ്യത്തോടെ 2017-18 വർഷം എറണാകുളം ജില്ലയിൽ കൊച്ചി (അർബൻ-2) ഐ.സി.ഡി.എസ്. പ്രോജക്ടിന്റെ പരിധിയിൽ ആരംഭിച്ചതാണ് മൊബൈൽ ക്രഷ് പദ്ധതി. തുടർന്ന് തിരുവനന്തപുരം, പത്തനംതിട്ട, കോട്ടയം, പാലക്കാട്, കോഴിക്കോട്, കണ്ണൂർ, തൃശ്ശൂർ, ഇടുക്കി, ആലപ്പുഴ എന്നീ ജില്ലകളിൽക്കൂടി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയിരുന്നു. എന്നാൽ കോവിഡ്-19 വ്യാപനത്തെത്തുടർന്നുള്ള പ്രത്യേക സാഹചര്യം കണക്കിലെടുത്ത് 31-5-2020-ഓടുകൂടി പദ്ധതി നിർത്തലാക്കുന്നതിന് 12-7-2020-ലെ സ.ഉ. (ആർ.റ്റി) നമ്പർ 326/2020/സാനീവ. പ്രകാരം ഉത്തരവാകുകയും പ്രസ്തുത തീയതി മുതൽ പദ്ധതി നിർത്തലാക്കുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

പദ്ധതി നടപ്പിലാക്കിയിരുന്ന സമയത്ത് ICDS സൂപ്പർവൈസർ, ശിശു വികസന പദ്ധതി ഓഫീസർ തലത്തിൽ നേരിട്ടുള്ള മോണിറ്ററിംഗും പ്രോഗ്രാം ഓഫീസർ തലത്തിൽ ജില്ലാതല അവലോകനവും നടത്തിവന്നിരുന്നു. പ്രസ്തുത ക്രഷുകൾക്ക് ആവശ്യകത അനുസരിച്ച് ഫണ്ട് നല്കിയിട്ടുണ്ട്.

## ആശ്വാസകിരണം പദ്ധതി

148 (2868) ശ്രീ. കെ. പി. മോഹനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി പ്രകാരമുള്ള ധനസഹായം നൽകുന്നതിലെ കാലതാമസം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത കാലതാമസം ഒഴിവാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത ധനസഹായം ക്ഷേമ പെൻഷനുകൾ നല്കുന്നതുപോലെ കൃത്യമായി വിതരണം ചെയ്യുവാൻ നടപടികൾ സ്വീകരിക്കുമോ?

(എ-സി) ഫണ്ടിന്റെ ലഭ്യതയനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്. നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ 2020 ജനുവരി മാസംവരെയും മറ്റു ജില്ലകളിൽ 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം നല്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്. ഉടനെ വിതരണം ചെയ്യുന്നതാണ്.

**മൂളിയാർ എൻഡോസൾഫാൻ പുനരധിവാസ കേന്ദ്രം**

149 (2869) ശ്രീ. സി. എച്ച്. കുഞ്ഞമ്പു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ മൂളിയാർ പഞ്ചായത്തിലെ എൻഡോസൾഫാൻ പുനരധിവാസ കേന്ദ്രത്തിന്റെ നിർമ്മാണ പുരോഗതി അറിയിക്കുമോ?

എൻഡോസൾഫാൻ ദുരിത ബാധിതരുടെ ശാരീരികവും മാനസികവുമായ ഉന്നമനം ലക്ഷ്യമിട്ട് ആവിഷ്കരിച്ച മൂളിയാർ റീഹാബിലിറ്റേഷൻ വില്ലേജിന്റെ ആദ്യഘട്ട പ്രവർത്തനം തുടങ്ങുന്നതിനായി കാസർഗോഡ് ഡെവലപ്മെന്റ് പാക്കേജിൽനിന്ന് 5 കോടി രൂപ അനുവദിച്ച് ഉത്തരവായിട്ടുണ്ട്. 2020 മാർച്ച് 4-ന് ഇതിന്റെ തറക്കല്ലിടൽ കർമ്മം നിർവ്വഹിച്ചിട്ടുള്ളതാണ്. ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയുമായി നിർമ്മാണ കരാറിലേർപ്പെട്ട് നിർമ്മാണപ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇത് പൂർണ്ണതോതിൽ യാഥാർത്ഥ്യമാക്കാൻ എത്ര തുക വേണ്ടിവരും; വിശദമാക്കാമോ;

(സി) ഈ തുക കണ്ടെത്താനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

(ബി&സി) മൂളിയാർ റീഹാബിലിറ്റേഷൻ വില്ലേജ് പദ്ധതിയുടെ വിശദമായ രൂപരേഖ തയ്യാറാക്കി സമർപ്പിക്കുവാൻ കോഴിക്കോട് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ഏൽപ്പിച്ചിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റി 58.75 കോടി രൂപ അടങ്കൽ വരുന്ന പദ്ധതിയുടെ മാസ്റ്റർപ്ലാൻ തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. ടി

പദ്ധതി കാസർഗോഡ് വികസന പാക്കേജിൽ ഉൾപ്പെടുത്തിയാണ് ചെയ്യുന്നത്. പാർശ്വവൽക്കരിക്കപ്പെടുന്നവർക്കായി സാമൂഹ്യ സുരക്ഷിതത്വ സംരംഭങ്ങൾ എന്ന പദ്ധതിക്കായി നടപ്പുസാമ്പത്തിക വർഷം 2235-60-200-83(പി) എന്ന ശീർഷകത്തിൽ 13 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. പ്രസ്തുത പദ്ധതിയിൽ "എൻഡോസൾഫാൻ പുനരധിവാസ ഗ്രാമം സ്ഥാപിക്കൽ" ഒരു കംപോണന്റായി ഉൾപ്പെടുത്തിയിട്ടുണ്ട്.

**ആശ്വാസ കിരണം പദ്ധതി**

150 (2870) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആശ്വാസകിരണം പദ്ധതി മുഖേന എന്തെല്ലാം സഹായങ്ങളാണ് നൽകുന്നതെന്ന് വിശദമാക്കുമോ?

തീവ്രമായ ശാരീരിക/മാനസിക വെല്ലുവിളി നേരിടുന്നവരെയും 100% അന്ധത ബാധിച്ചവരെയും ബുദ്ധിമാന്ദ്യം, ഓട്ടിസം, സെറിബ്രൽ പാൾസി എന്നീ രോഗങ്ങൾ ബാധിച്ചവരെയും പ്രായാധിക്യംകൊണ്ടും കാൻസർ മുതലായ പലവിധ രോഗങ്ങളാലും കിടപ്പിലാവുകയും ദൈനംദിന കാര്യങ്ങൾക്ക് പരസഹായം ആവശ്യമാവുകയും ചെയ്യുന്ന അവസ്ഥയിലുള്ള ആളുകളേയും അവരുടെ പരിചാരകരെയും ഉൾപ്പെടുത്തി പരിചരിക്കുന്ന ഒരാൾക്ക് പ്രതിമാസം 600 രൂപ നിരക്കിൽ ധനസഹായം അനുവദിക്കുന്നു.

(ബി) പ്രസ്തുത പദ്ധതി മുഖേന എന്ന് മുതലുള്ള കുടിശ്ശികയാണ് നൽകാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) കുടിശ്ശിക നൽകുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(ബി&സി) നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ 2020 ജനുവരി മാസംവരെയും മറ്റു ജില്ലകളിൽ 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം നല്കിയിട്ടുണ്ട്. ധനസഹായം അനുവദിക്കുന്നതിന് ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്.

**ഭിന്നശേഷിക്കാർക്ക് സൗജന്യ സഹായ ഉപകരണങ്ങൾ**

151 (2871) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യത്തിന് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വികലാംഗക്ഷേമ കോർപ്പറേഷൻവഴി ഭിന്നശേഷിക്കാർക്ക് സൗജന്യ സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൽ ബധിരർക്ക് ആശയ വിനിമയം എളുപ്പ മാക്കുന്നതിനുള്ള സ്മാർട്ട് ഫോൺ/ടാബ് എന്നിവ നൽകുന്ന കാര്യം പരിഗണനയിലുണ്ടോ എന്നറിയിക്കാമോ?

കേരള വികലാംഗക്ഷേമ കോർപ്പറേഷൻവഴി കേൾവി വൈകല്യമുള്ളവർക്ക് സൗജന്യമായി ഹിയറിംഗ് എയ്ഡ് നൽകുന്ന പദ്ധതിയാണ് നിലവിലുള്ളത്. സഹായ ഉപകരണങ്ങൾ നൽകുന്ന പദ്ധതിയിൽ ബധിരർക്ക് ആശയവിനിമയം എളുപ്പമാക്കുന്നതിനുള്ള സ്മാർട്ട് ഫോൺ/ ടാബ് എന്നിവ വിതരണം ചെയ്യുന്ന കാര്യം പരിഗണനയിലില്ല.

**സാമൂഹ്യ സുരക്ഷാ മിഷനിൽനിന്നുള്ള സഹായം**

152 (2872) ശ്രീ. പി. വി. ശ്രീനിജിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാമൂഹ്യ സുരക്ഷാ മിഷൻ മുഖേന നടപ്പാക്കിവരുന്ന വിവിധ സാമൂഹ്യ ക്ഷേമ പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(ബി) പ്രസ്തുത പദ്ധതികൾ മുഖേന കുന്നത്തുനാട് നിയോജകമണ്ഡലത്തിലെ അപേക്ഷകർക്ക് കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ ലഭിച്ചിട്ടുള്ള സഹായങ്ങളെ ക്കുറിച്ച് വിശദമാക്കാമോ?

ആശ്വാസകിരണം, സ്നേഹപൂർവ്വം, ശ്രുതിതരംഗം പദ്ധതികൾ മുഖേനയുള്ള സഹായങ്ങൾ കഴിഞ്ഞ രണ്ടുവർഷ കാലയളവിൽ കുന്നത്തുനാട് നിയോജക മണ്ഡലത്തിലെ അപേക്ഷകർക്ക് ലഭിക്കുന്നുണ്ട്. മറ്റ് പദ്ധതി സഹായങ്ങൾ എറണാകുളം ജില്ലയിൽ നിന്നുള്ള അപേക്ഷകർക്ക് നൽകുന്നുണ്ടെങ്കിലും നിയോജകമണ്ഡലം തിരിച്ചുള്ള ലിസ്റ്റ് ലഭ്യമല്ല.

**ആശ്വാസ കിരണം പദ്ധതി**

153 (2873) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആശ്വാസ കിരണം പദ്ധതിയുടെ ആകെ ഗുണഭോക്താക്കൾ എത്രയെന്നറിയിക്കുമോ?

98,027 ഗുണഭോക്താക്കൾ നിലവിലുണ്ട്.

(ബി) പ്രസ്തുത പദ്ധതി ആരംഭിച്ചത് എന്നാണെന്നും കഴിഞ്ഞ സർക്കാരിന്റെയും ഈ സർക്കാരിന്റെയും കാലത്ത് പദ്ധതിയിൽ പുതുതായി ചേർന്നവരുടെ എണ്ണവും അറിയിക്കുമോ;

---

*നിയമസഭാ വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) പദ്ധതിയിലൂടെ സഹായം ലഭിക്കുന്നതിനായി പുതുതായി അപേക്ഷ സമർപ്പിച്ചിട്ടുള്ളവരുടെ എണ്ണം എത്രയാണെന്നറിയിക്കാമോ?

(ബി&സി) 2010-ലാണ് പദ്ധതി ആരംഭിച്ചത്. 2016-21 കാലയളവിൽ പദ്ധതിയിൽ ചേർന്നവർ - 60633 (2011 മുതൽ 2016 വരെ ലഭിച്ച അപേക്ഷകളിൽ നടപടി സ്വീകരിയ്ക്കാതെ വച്ചിരുന്ന 23804 അപേക്ഷകൾ ഇതിലുൾപ്പെടും) 2018 ഏപ്രിൽ മുതൽ 2021 മേയ് വരെ 49424 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ഡി) പ്രസ്തുത പദ്ധതി പ്രകാരമുള്ള സഹായധന വിതരണം നിലച്ചിരിക്കുകയാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര മാസത്തെ കുടിശ്ശികയാണ് ഇനി വിതരണം ചെയ്യാനുള്ളതെന്നറിയിക്കാമോ;

(ഇ) പ്രസ്തുത കുടിശ്ശിക അടിയന്തരമായി വിതരണം ചെയ്യുന്നതിന് നടപടി സ്വീകരിക്കുമോ?

(ഡി&ഇ) ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ധനസഹായം നൽകിവരുന്നുണ്ട്. നിലവിലുള്ള ഗുണഭോക്താക്കൾക്ക് ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ 2020 ജനുവരി മാസം വരെയും മറ്റു ജില്ലകളിൽ 2020 ഫെബ്രുവരി വരെയുമുള്ള ധനസഹായം നല്കിയിട്ടുണ്ട്. ഈ സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതം അനുവദിച്ചിട്ടുണ്ട്. ഉടനെ വിതരണം ചെയ്യുന്നതാണ്.

**ഇരിക്കൂർ മണ്ഡലത്തിലെ അങ്കണവാടികൾ**

154 (2874) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിൽ എത്ര അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ടെന്നും ഇതിൽ എത്ര അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടങ്ങളില്ല എന്നും വിശദീകരിക്കാമോ?

ഇരിക്കൂർ നിയോജകമണ്ഡലത്തിൽ 268 അങ്കണവാടികൾ പ്രവർത്തിക്കുന്നുണ്ട്. ഇതിൽ 23 അങ്കണവാടികൾക്ക് സ്വന്തമായി കെട്ടിടമില്ല.

(ബി) സ്വന്തമായി കെട്ടിടങ്ങളില്ലാത്ത അങ്കണവാടികൾക്ക് കെട്ടിടം നിർമ്മിക്കുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെ ചുമതലയിൽ എന്തെല്ലാം പദ്ധതികളാണ് ഉള്ളതെന്ന് വിശദീകരിക്കുമോ?

വനിതാ ശിശുവികസന വകുപ്പിലെ സ്വന്തമായി കെട്ടിടമില്ലാത്ത അങ്കണവാടികൾക്ക് സ്ഥലം ലഭ്യമാകുന്നപക്ഷം മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി (MGNREGS) പ്രകാരവും കൂടാതെ തദ്ദേശഭരണ സ്ഥാപനത്തിന്റെ വിഹിതം അവർ അനുവദിക്കുകയാണെങ്കിൽ ബാക്കി തുക വകുപ്പ് സ്റ്റേറ്റ് പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി സ്മാർട്ട് അങ്കണവാടി കെട്ടിടവും നിർമ്മിച്ചുവരുന്നു.

## കോതമംഗലം മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടികൾ

155 (2875) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സമഗ്ര ശിശുവികസന പരിപാടിയുടെ ഭാഗമായി കോതമംഗലം മണ്ഡലത്തിൽ എത്ര അങ്കണവാടികൾ സ്മാർട്ട് അങ്കണവാടികളാക്കി ഉയർത്തിയിട്ടുണ്ട് എന്നും അവ ഏതെല്ലാമെന്നും വിശദമാക്കാമോ?

കോതമംഗലം നിയോജകമണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ 66-ാം നമ്പർ അങ്കണവാടിക്ക് സ്മാർട്ട് അംഗനവാടി കെട്ടിടം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) സ്മാർട്ട് അങ്കണവാടികളിൽ കുട്ടികൾക്ക് എന്തെല്ലാം സൗകര്യങ്ങളാണ് ലഭ്യമാകുന്നതെന്ന് വിശദമാക്കാമോ?

അങ്കണവാടികളിൽ എത്തുന്ന കുട്ടികളുടെ മാനസികവും ശാരീരികവുമായ വികാസത്തിനാവശ്യമായ എല്ലാ അടിസ്ഥാന സൗകര്യങ്ങളും ഉൾപ്പെടുത്തിയാണ് സ്മാർട്ട് അങ്കണവാടി പദ്ധതി രൂപകല്പന ചെയ്തിട്ടുള്ളത്. ക്ലാസ്സ്റൂം, ഇൻഡോർ ഔട്ട്ഡോർ പ്ലേ-ഏരിയ, കിച്ചൺ, ക്രിയേറ്റീവ് സോൺ, ഡൈനിംഗ് ഏരിയ, ബേബി ഫ്രണ്ട്ലി ടോയ്‌ലറ്റ് തുടങ്ങിയ സൗകര്യങ്ങൾ സ്മാർട്ട് അങ്കണവാടികളിൽ ലഭ്യമാക്കിയിട്ടുണ്ട്.

(സി) പ്രസ്തുത മണ്ഡലത്തിലെ സ്മാർട്ട് അങ്കണവാടി ആയി ഉയർത്തുന്നതിന് പ്രൊപ്പോസൽ നൽകിയിട്ടുള്ള അങ്കണവാടികൾ പൂർണ്ണതോതിൽ സ്മാർട്ട് അങ്കണവാടികളായി പ്രവർത്തനസജ്ജമായിട്ടുണ്ടോ; ഇവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

ഇല്ല. നിർമ്മാണാനുമതി നൽകിയ കോതമംഗലം നിയോജക മണ്ഡലത്തിലെ നെല്ലിക്കുഴി ഗ്രാമപഞ്ചായത്തിലെ 66-ാം നമ്പർ അങ്കണവാടി കെട്ടിട നിർമ്മാണത്തിന്റെ തറക്കല്ലിടൽ കഴിഞ്ഞിട്ടുണ്ട്.

(ഡി) മണ്ഡലത്തിലെ കൂടുതൽ അങ്കണവാടികൾ ഇപ്രകാരം ഉയർത്തുന്നതിനു വേണ്ട നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

സ്വന്തമായി സ്ഥലം ലഭ്യമായിട്ടുള്ള അങ്കണവാടികൾക്ക് സ്മാർട്ട് അങ്കണവാടി കെട്ടിട നിർമ്മാണത്തിനായി എൽ.എസ്.ജി.ഡി. വിഹിതം ഉറപ്പാക്കുന്നപക്ഷം ഭരണാനുമതി നൽകുന്നതാണ്.

## എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച ഭിന്നശേഷിക്കാർ

156 (2876) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 16-8-1999 മുതൽ 2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 18-5-2013-ലെ സ.ഉ.(പി) നമ്പർ 40/2013/സാ.നീ.വ. പ്രകാരം പുനർനിയമനം ലഭിച്ച ഭിന്നശേഷി ജീവനക്കാരുടെ റെഗുലറൈസേഷനുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളുടെ അടിസ്ഥാനത്തിൽ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

10-2-2020-ലെ എക്സ്പെർട്ട് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും വിശദമായ ശിപാർശ ലഭ്യമാക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു.

(ബി) പ്രസ്തുത വിഷയം സംബന്ധിച്ച് സാമൂഹ്യനീതി വകുപ്പ് സമർപ്പിച്ച ശിപാർശയിന്മേൽ സ്വീകരിച്ച നടപടികളുടെ വിശദാംശം ലഭ്യമാക്കുമോ ?

സാമൂഹ്യനീതി വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയും ടി വിഷയവുമായി ബന്ധപ്പെട്ട കോടതിവിധികളും പരിശോധിച്ചുവരുന്നു. അന്തിമതീരുമാനം കൈക്കൊണ്ടിട്ടില്ല.

## ബഡ്സ് സ്കൂളുകൾ

157 (2877) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് എത്ര ബഡ്സ് സ്കൂളുകളാണ് ഉള്ളതെന്ന് കണക്കാക്കിയിട്ടുണ്ടോ; ബഡ്സ് സ്കൂളുകൾ അനുവദിക്കുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

ഉണ്ട്. തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിൽ 177 ബഡ്സ് സ്കൂളുകളാണ് നിലവിൽ പ്രവർത്തിക്കുന്നത്. ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിന് തദ്ദേശഭരണ സ്ഥാപനങ്ങൾ കുടുംബശ്രീ ജില്ലാ മിഷൻ വഴി കുടുംബശ്രീ സംസ്ഥാന മിഷനിൽ അപേക്ഷ സമർപ്പിക്കുകയും കുടുംബശ്രീ ആവശ്യമായ ഭരണാനുമതി സർക്കാരിൽനിന്നും ലഭ്യമാക്കുകയുമാണ് ചെയ്യുന്നത്. ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ 29-7-2009-ലെ സ.ഉ.(എംഎസ്.) നമ്പർ 148/2009/തസ്വഭവ പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്. ആയത് അനുബന്ധമായി ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) ബഡ്സ് സ്കൂളുകളിലെ തസ്തികകൾക്ക് നിശ്ചയിച്ചിട്ടുള്ള യോഗ്യതകളെന്തെല്ലാമാണ്; പ്രസ്തുത യോഗ്യതകളുള്ള ആളുകൾ തന്നെയാണോ നിലവിൽ പ്രസ്തുത സ്കൂളുകളിലെ തസ്തികകൾ കൈകാര്യം ചെയ്യുന്നതെന്ന് വ്യക്തമാക്കാമോ?

29-7-2009-ലെ സ.ഉ.(കൈ) നമ്പർ 148/2009/തസ്വഭവ. പ്രകാരം Rehabilitation Council of India (RCI)-യുടെ അംഗീകൃത പരിശീലനം സിദ്ധിച്ച അദ്ധ്യാപകരാണ് ബഡ്സ് സ്കൂളിൽ ഉണ്ടായിരിക്കേണ്ടത്. ബഡ്സ് സ്കൂളിൽ പ്രവർത്തിക്കുന്ന അദ്ധ്യാപകരുടെ യോഗ്യതകൾ 7-2-2018-ലെ സ.ഉ.(എംഎസ്.)നമ്പർ 20/2018/തസ്വഭവ. പ്രകാരം നിർണ്ണയിച്ചിട്ടുണ്ട്. ആയത് പ്രകാരം D.Ed Special (Autism Spectrum disorder), Diploma in Early Childhood Special Education (DECSE), (Mental Retardation), D.Ed Special Education (Cerebral Palsy), D.Ed Special Education (Hearing Impairement), D.Ed Special Education (Visual impairment) Diploma in Community Based Rehabilitation, Diploma in Vocation Rehabilitation എന്നിവയാണ്. നിലവിൽ 314 അദ്ധ്യാപകരാണ് ബഡ്സ് സ്കൂളിൽ സേവനമനുഷ്ഠിക്കുന്നത്. ഇതിൽ 249 പേരും നിശ്ചയിച്ചിട്ടുള്ള യോഗ്യതയുള്ളവരാണ്. ശേഷിച്ച 65 പേർ നിശ്ചിത യോഗ്യതയില്ലാതെ അസിസ്റ്റന്റ് ടീച്ചർ വിത്തൗട്ട് സ്പെഷ്യൽ ട്രെയിനിംഗ് സ്കൂൾ ഫോർ ദി ഹാൻഡികാപ്പ്ഡ് വിഭാഗത്തിൽ 7-2-2018-ലെ സ.ഉ.(എംഎസ്.) നമ്പർ 20/2018/തസ്വഭവ, പ്രകാരം സേവനം അനുഷ്ഠിച്ചുവരുന്നു. മേൽ ഉത്തരവിന്റെ പകർപ്പ് അനുബന്ധം 2 -ആയി ചേർക്കുന്നു*.

(സി) കൂടുതൽ മേഖലകളിൽ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്ന കാര്യം പരിഗണിക്കുമോയെന്ന് വ്യക്തമാക്കാമോ?

തദ്ദേശഭരണ സ്ഥാപനങ്ങളിൽ കൂടുതൽ ബഡ്സ് സ്കൂളുകൾ ആരംഭിക്കുന്നതിനുള്ള സാധ്യതാ പഠനം നടന്നുവരുന്നുണ്ട്.

**ഭിന്നശേഷിവിഭാഗക്കാർക്ക് കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം**

158(2878) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാഴ്ചപരിമിതർ ഉൾപ്പെടെയുള്ള ഭിന്നശേഷിവിഭാഗത്തിന് കമ്പ്യൂട്ടർ അധിഷ്ഠിത പരിശീലനം നൽകുന്ന പദ്ധതി നിലവിലുണ്ടോ; ഇത്തരം പരിശീലനം ലഭ്യമാക്കിയിരുന്ന ഇൻസൈറ്റ് എന്ന പദ്ധതി പുനരാരംഭിക്കുവാൻ ആലോചിച്ചിട്ടുണ്ടോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

കാഴ്ചപരിമിതർ ഉൾപ്പെടെയുള്ള ഭിന്നശേഷി വിഭാഗത്തിന് സാമൂഹ്യനീതി വകുപ്പിന്റെ അതിജീവനം സമഗ്ര പദ്ധതിയിലുൾപ്പെടുത്തി തൊഴിൽ പരിശീലന പദ്ധതിയും വിവര സാങ്കേതിക വിദ്യയിലൂടെ കാഴ്ചപരിമിതരെ സമൂഹത്തിന്റെ മുഖ്യധാരയിലെത്തിക്കുന്നതിനുള്ള ICT Based Training പദ്ധതിയും നിലവിലുണ്ട്. ആയതിനാൽ ഇത്തരം പരിശീലനം ലഭ്യമാക്കിയിരുന്ന ഇൻസൈറ്റ് പദ്ധതി പ്രത്യേകമായി നടത്തേണ്ട സാഹചര്യം നിലവിലില്ല.

(ബി) ഭിന്നശേഷി വിഭാഗത്തിനായി കമ്പ്യൂട്ടർ, ആൻഡ്രോയ്ഡ് പരിശീലനം ലഭ്യമാക്കുന്ന പദ്ധതികൾ ആവിഷ്കരിക്കുന്ന കാര്യം പരിഗണനയിലുണ്ടോ?

മാനസിക വെല്ലുവിളി നേരിടുന്ന ഭിന്നശേഷി വിഭാഗത്തിനായി കമ്പ്യൂട്ടർ, മറ്റ് തൊഴിലധിഷ്ഠിത പദ്ധതികൾ വകുപ്പിന്റെ അതിജീവനം പദ്ധതിയിൽ ഉൾപ്പെടുത്തി എൻ.ജി.ഒ. മുഖേന നടത്തുന്ന സ്ഥാപനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി നടപ്പിലാക്കിവരുന്നു. അതിജീവനം പദ്ധതിപ്രകാരം ഇപ്രകാരമുള്ള പരിശീലനം ലഭ്യമാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായാൽ ടെക്നിക്കൽ കമ്മിറ്റി പരിശോധന നടത്തി ശിപാർശ ചെയ്യുന്നപക്ഷം നടപ്പിലാക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. നിലവിൽ അത്തരം പദ്ധതികൾ നടപ്പാക്കുന്നതിനുള്ള പ്രൊപ്പോസലുകൾ ലഭ്യമായിട്ടില്ല.

**ഭിന്നശേഷി ജീവനക്കാരുടെ നിയമനം**

159 (2879) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

16-8-1999 മുതൽ 2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലിക നിയമനം ലഭിച്ച് 18-5-2013-ലെ സർക്കാർ ഉത്തരവ് GO (P) No. 40/13/SJD പ്രകാരം പുനർനിയമനം ലഭിച്ച ഭിന്നശേഷിക്കാരായ ജീവനക്കാരുടെ റഗുലറൈസേഷനുമായി ബന്ധപ്പെട്ട് ലഭിച്ച അപേക്ഷകളിന്മേൽ സാമൂഹ്യനീതി വകുപ്പ് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ?

10-2-2020-ലെ എക്സ്പെർട്ട് കമ്മിറ്റി ഈ വിഷയം പരിശോധിക്കുകയും വിശദമായ ശിപാർശ ലഭ്യമാക്കുവാൻ സാമൂഹ്യനീതി വകുപ്പ് ഡയറക്ടറോട് ആവശ്യപ്പെടുകയും ചെയ്തിരുന്നു. സാമൂഹ്യനീതി ഡയറക്ടർ ലഭ്യമാക്കിയ ശിപാർശയും ടി വിഷയവുമായി ബന്ധപ്പെട്ട കോടതി വിധികളും പരിശോധിച്ചുവരുന്നു. അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

**ഭിന്നശേഷിക്കാരുടെ സ്ഥിര നിയമനം**

160 (2880) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2004 മുതൽ സർക്കാർ സർവ്വീസിൽ പ്രവേശിച്ച ഭിന്നശേഷിക്കാരായ ജീവനക്കാരെ സ്ഥിരമാക്കുന്നത് സംബന്ധിച്ച നിലപാട് വ്യക്തമാക്കാമോ?

31-12-2003 വരെ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക സേവനമനുഷ്ഠിച്ച ഭിന്നശേഷി ജീവനക്കാർക്ക് പുനർനിയമനം നൽകിയിട്ടുണ്ട്. 2004 മുതൽ സർക്കാർ എസ്റ്റാബ്ലിഷ്മെന്റുകളിലെ നിയമനങ്ങളിൽ 3% ഭിന്നശേഷി സംവരണം ഏർപ്പെടുത്തി, പി.എസ്.സി. മുഖേന നിയമനങ്ങൾ നടത്തുന്ന സാഹചര്യത്തിൽ, 2004-നുശേഷം എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലിക സേവനമനുഷ്ഠിച്ച ഭിന്നശേഷി ജീവനക്കാരെ പുനർനിയമനത്തിന് പരിഗണിച്ചിട്ടില്ല.

(ബി) 2003 വരെ താത്കാലിക ജീവനക്കാരായി എത്ര ഭിന്നശേഷിക്കാരെ നിയമിച്ചിട്ടുണ്ട്; ആയതിൽ എത്രപേർ സർവ്വീസിൽനിന്നും വിരമിച്ചു എന്ന് വ്യക്തമാക്കാമോ?

6-8-1999 മുതൽ 31-12-2003 വരെയുള്ള കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താൽക്കാലികമായി കെ.എസ്&എസ്.എസ്.ആർ ഭാഗം II ചട്ടം 9(എ)(1) പ്രകാരം നിയമിക്കപ്പെട്ടിട്ടുള്ള താൽക്കാലിക ഭിന്നശേഷി ജീവനക്കാരെ സൂപ്പർന്യൂമററി തസ്തികയിൽ പുനർ/സ്ഥിരം നിയമനം നൽകിക്കൊണ്ടുള്ള സർക്കാർ ഉത്തരവനുസരിച്ച് നിയമിച്ചവരുടെ വിവരം വിവിധ വകുപ്പുകളിൽ നിന്നും ശേഖരിച്ചു വരുന്നു. എംപ്ലോയ്മെന്റ് സർവ്വീസ് വകുപ്പിൽ ടി രീതിയിൽ നിയമനം നൽകിയിട്ടുള്ള ഭിന്നശേഷി ജീവനക്കാരുടെയും പ്രസ്തുത ജീവനക്കാരിൽനിന്ന് നാളിതുവരെ സർവ്വീസിൽനിന്ന് വിരമിച്ച ജീവനക്കാരുടെയും എണ്ണം തസ്തിക തിരിച്ച് അനുബന്ധമായി ചേർക്കുന്നു*.

(സി) എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് വഴി നിയമിതരായ ഭിന്നശേഷിക്കാരായ ഉദ്യോഗാർത്ഥികളെ സ്ഥിരപ്പെടുത്തുന്നതിന് എന്തെങ്കിലും മാനദണ്ഡം നിലവിലുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉണ്ട്. 16-8-1999 മുതൽ 31-12-2003 വരെ കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം താത്കാലിക സേവനം അനുഷ്ഠിച്ച ഭിന്നശേഷി ജീവനക്കാർക്ക് പുനർ നിയമനം നൽകുന്നതിനായി 2677 സൂപ്പർന്യൂമററി തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് 18-5-2013-ലെ സ.ഉ(പി)നമ്പർ 40/13/സാ.നീ.വ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവിലെയും 3-2-2016-ലെ സ.ഉ(അച്ചടി) നമ്പർ 01/16/സാനീവ. ഉത്തരവിലെയും 26-4-2017-ലെ സ.ഉ.(പി)നമ്പർ5/17/സാനീവ നമ്പർ ഉത്തരവിലെയും മാനദണ്ഡങ്ങൾ പ്രകാരമാണ് നിയമിക്കുന്നത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**ഭിന്നശേഷിക്കാരുടെ നിയമനപ്രക്രിയയെക്കുറിച്ചുള്ള പഠനം**

161 (2881) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ൽ ഭിന്നശേഷിക്കാരുടെ നിയമനപ്രക്രിയ പഠിക്കുന്നതിന് കമ്മിറ്റിയെ നിയോഗിച്ചിരുന്നുവോ; എങ്കിൽ കമ്മിറ്റി റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കുമോ?

രൂപീകരിച്ചിട്ടുണ്ട്. റിപ്പോർട്ട് അനുബന്ധമായി ചേർക്കുന്നു*.

(ബി) ഭിന്നശേഷി വിഭാഗത്തിന് ജോലിയിലുള്ള സംവരണത്തിന് ഹൊറിസോണ്ടൽ സംവരണ രീതിയാണോ വെർട്ടിക്കൽ സംവരണ രീതിയാണോ സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഭിന്നശേഷി സംവരണത്തിന് നിലവിൽ out-of-turn സംവരണ രീതിയാണ് സ്വീകരിക്കുന്നത്. ഹൊറിസോണ്ടൽ സംവരണ രീതി നടപ്പിലാക്കുന്ന വിഷയത്തിൽ നിലവിൽ തീരുമാനമായിട്ടില്ല.

(സി) ഹൊറിസോണ്ടൽ രീതിയിലാണ് സംവരണമെങ്കിൽ അത് നടപ്പാക്കുന്ന പ്രക്രിയ വിശദമാക്കുമോ?

ബാധകമല്ല.

**ഓട്ടിസം ബാധിതരായ കുട്ടികളുടെ ക്ഷേമത്തിനായുള്ള പദ്ധതികൾ**

162 (2882) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓട്ടിസം ബാധിതരായ കുട്ടികളുടെ ക്ഷേമത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കേരള സാമൂഹ്യസുരക്ഷാ മിഷൻ 'അനുയാത്ര'യുടെ ഭാഗമായി ഓട്ടിസം കുട്ടികൾക്കായി ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന പ്രത്യേക സമഗ്ര പദ്ധതിയാണ് 'സ്പെക്ട്രം' (SPECTRUM). ഈ പദ്ധതിയിലൂടെ ഓട്ടിസം സ്ക്രീനിംഗ്, പരിശീലനങ്ങൾ, ആധുനിക തെറാപ്പി സൗകര്യങ്ങൾ, ഓട്ടിസം മേഖലയിലെ പഠനങ്ങളും ഗവേഷണങ്ങളും രക്ഷിതാക്കൾക്കുള്ള പരിശീലനം, ഈ രംഗത്ത് പ്രവർത്തിക്കുന്ന ഡോക്ടർമാർ ഉൾപ്പെടെയുള്ളവർക്ക് വിദഗ്ദ്ധ പരിശീലനം തുടങ്ങിയവ നടപ്പാക്കിവരുന്നു. കേരള സംസ്ഥാന വികലാംഗക്ഷേമ കോർപ്പറേഷൻ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ഉൾപ്പെടെ 50 ശതമാനത്തിലധികം ഭിന്നശേഷിത്വമുള്ള 12 വയസ്സിൽ താഴെ

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രായവും ഒരു ലക്ഷത്തിൽ കുറഞ്ഞ വാർഷിക വരുമാനവുമുള്ള കുട്ടികളുടെ പേരിൽ 20000 രൂപ സ്ഥിരനിക്ഷേപം നടത്തിവരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡർ ബാധിച്ച കുട്ടികളുടെ രക്ഷിതാക്കൾക്ക് കുറഞ്ഞ പലിശനിരക്കിൽ സ്വയംതൊഴിൽ വായ്പയും ഇവർക്കാവശ്യമായ സഹായ ഉപകരണങ്ങളും നൽകിവരുന്നു. ഓട്ടിസം സ്പെക്ട്രം ഡിസോർഡറുള്ള കുട്ടികളുടെ പുനരധിവാസത്തിനായി സമഗ്ര ശിക്ഷാ കേരള മുഖേന താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു :

1. 168 ബി.ആർ.സി.കളിലായി ഓട്ടിസം സെന്ററുകൾ ആരംഭിച്ചു.

2. ഈ ഓട്ടിസം സെന്ററുകളിലെ ഓട്ടിസം സ്പെക്ട്രം ഡിസോർഡർ വിഭാഗത്തിലുള്ള കുട്ടികൾക്ക് അധിക പിന്തുണ നൽകുന്നതിനായി സ്പെഷ്യൽ എഡ്യൂക്കേറ്റർമാരുടെയും ആയമാരുടെയും സേവനം ലഭ്യമാക്കിയിട്ടുണ്ട്.

3. ഈ കുട്ടികൾക്ക് സെൻസറി ഇന്റഗ്രേഷൻ പോലെയുള്ള വിവിധ തെറാപ്പികൾ നൽകിവരുന്നു.

(ബി) ഇവർക്കായുള്ള സ്പെക്ട്രം പദ്ധതിയുടെ പ്രവർത്തനം എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

സ്പെക്ട്രം (SPECTRUM) പദ്ധതിയുടെ ഭാഗമായി കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന നിലവിൽ നടപ്പിലാക്കിവരുന്ന പ്രവർത്തനങ്ങൾ അനുബന്ധം I ആയി ചേർക്കുന്നു*.

(സി) എൻഡോസൾഫാൻ ബാധിതപ്രദേശമായ കാസർഗോഡ് ജില്ലയിലെ ചീമേനിയിൽ ഓട്ടിസം ബാധിതരായവർക്ക് റീഹാബിലിറ്റേഷൻ സെന്റർ ആരംഭിക്കുമോയെന്ന് അറിയിക്കാമോ?

ചീമേനി പഞ്ചായത്തിൽ ഓട്ടിസം ഉൾപ്പെടെയുള്ള ഭിന്നശേഷിയുള്ള കുട്ടികൾക്ക് തെറാപ്പികളും സ്പെഷ്യൽ എഡ്യൂക്കേഷനും നൽകുന്നതിനായി മോഡൽ ചൈൽഡ് റീഹാബിലിറ്റേഷൻ സെന്റർ (മാതൃകാ ശിശു പുനരധിവാസ കേന്ദ്രം) 2019 മുതൽ പ്രവർത്തിച്ചുവരുന്നുണ്ട്. ചീമേനി ഗ്രാമപഞ്ചായത്തിന്റെയും കേരള സാമൂഹ്യസുരക്ഷാ മിഷന്റെയും സംയുക്ത സംരംഭമാണിത്. ഫിസിയോ തെറാപ്പിസ്റ്റ്, ഒക്യുപ്പേഷണൽ തെറാപ്പിസ്റ്റ്, സ്പീച്ച് തെറാപ്പിസ്റ്റ്, സ്പെഷ്യൽ എഡ്യൂക്കേറ്റർ എന്നിവരുടെ സേവനം ഈ സെന്ററിൽ ലഭ്യമാണ്. ഇവിടേയ്ക്കാവശ്യമായ ഉപകരണങ്ങളും ഫർണിച്ചറും കേരള സാമൂഹ്യസുരക്ഷാ മിഷൻ മുഖേന ലഭ്യമാക്കിയിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ഇ-ഓഫീസ് സംവിധാനം

163 (2883) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഇ-ഓഫീസ് സംവിധാനം കാഴ്ചപരിമിതർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്ക് സൗഹാർദ്ദപരമാക്കുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

സർക്കാർ ഓഫീസുകളിൽ ഏർപ്പെടുത്തിയിരിക്കുന്ന ഇ-ഓഫീസ് സംവിധാനം കാഴ്ചപരിമിതർ ഉൾപ്പെടെയുള്ള ഭിന്നശേഷിക്കാർക്ക് സൗഹാർദ്ദപരമാക്കുന്നതിന് നിലവിൽ പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ C-DAC ഡെവലപ് ചെയ്ത "ചങ്ങാതി" എന്ന മലയാളം സ്ക്രീൻ റീഡർ സോഫ്റ്റ്‌വെയർ ഡൗൺലോഡ് ചെയ്ത് ഇൻസ്റ്റാൾ ചെയ്ത് ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത സോഫ്റ്റ്‌വെയർ സാമൂഹ്യനീതി വകുപ്പിന്റെ വെബ്സൈറ്റിൽ സൗജന്യമായി ലഭ്യമാണ്. വകുപ്പിന്റെ sjd.kerala.gov.in എന്ന വെബ്സൈറ്റിൽ Resource എന്ന മെനുവിൽ Screen Reader എന്ന ലിങ്കിൽ Click ചെയ്താൽ ലഭിക്കുന്നതാണ്.

## ഭിന്നശേഷിക്കാർക്ക് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റും ഐഡന്റിറ്റികാർഡും

164 (2884) ശ്രീ എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മഞ്ചേശ്വരം നിയോജക മണ്ഡലത്തിലെ എട്ട് പഞ്ചായത്തുകളിലായി ഭിന്നശേഷിക്കാർക്ക് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും ലഭ്യമാക്കുന്നതിനായി 2326 അപേക്ഷകൾ തീർപ്പുകൽപ്പിക്കാതെയുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത അപേക്ഷകർക്ക് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റും ഐഡന്റിറ്റി കാർഡും നൽകുന്നതിന് കാലതാമസം നേരിടുന്നത് എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

&

(സി) പ്രസ്തുത അപേക്ഷകളിൽ തീർപ്പ് കൽപ്പിച്ച് സർട്ടിഫിക്കറ്റും ഐഡി കാർഡും എപ്പോൾ വിതരണം ചെയ്യാൻ കഴിയുമെന്ന് വിശദമാക്കുമോ?

(എ-സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കാസർഗോഡ് ജില്ലാ മെഡിക്കൽ ഓഫീസറുടെ റിപ്പോർട്ടുപ്രകാരം മഞ്ചേശ്വരം താലൂക്കിൽ നിന്നായി മൊത്തം 48 പേർ ഭിന്നശേഷി സർട്ടിഫിക്കറ്റിനായി അപേക്ഷ സമർപ്പിച്ചിട്ടുണ്ട്. ആയതിൽ 12 എണ്ണം മഞ്ചേശ്വരം താലൂക്കിൽ താമസമുള്ളവരുടേതാണ്. മഞ്ചേശ്വരം നിയോജകമണ്ഡലത്തിലെ

ഭിന്നശേഷിക്കാർക്ക് കാസർഗോഡ് ജനറൽ ആശുപത്രിയിൽനിന്നാണ് സർട്ടിഫിക്കറ്റ് നൽകുന്നത്. ടി അപേക്ഷകളുടെ തീർപ്പ് കൽപ്പിക്കാൻ മെഡിക്കൽ ബോർഡ് ചേർന്ന് അർഹരായവരെ കണ്ടെത്തി താമസമില്ലാതെ സർട്ടിഫിക്കറ്റ് നൽകി വരുന്നുണ്ട്. കോവിഡ് 19 വ്യാപനം രൂക്ഷമായതിനാൽ രണ്ട് മാസക്കാലം മെഡിക്കൽ ബോർഡ് ചേരുവാൻ സാധിച്ചിരുന്നില്ല. എന്നാൽ 21-7-2021-നും 28-7-2021-നും രണ്ട് ക്യാമ്പുകൾ നടത്തി സർട്ടിഫിക്കറ്റുകൾ നൽകിയിട്ടുണ്ട്. 18-8-2021-ന് മെഡിക്കൽ ബോർഡ് ചേർന്ന് 25.08.2021-നുമുമ്പ് സർട്ടിഫിക്കറ്റ് വിതരണം നടത്താൻ തീരുമാനിച്ചിട്ടുണ്ട്.

(ഡി) മംഗൽപാടി താലൂക്ക് ആസ്ഥാന ആശുപത്രിയിൽ, ഭിന്നശേഷിക്കാർക്ക് ഡിസ്എബിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമാക്കുന്നതിന് മെഡിക്കൽ ബോർഡ് സ്ഥാപിക്കുന്നതിന് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കുമോ?

കാസർഗോഡ് ജില്ലയിൽ നിലവിൽ കാസർഗോഡ് ജനറൽ ആശുപത്രിയിലും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലുമാണ് മെഡിക്കൽ ബോർഡ് ചേരുന്നത്. മംഗൽപാടിക്ക് സമീപമാണ് കാസർഗോഡ് ജനറൽ ആശുപത്രി.

## ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടിയുള്ള പദ്ധതികൾ

165 (2885) <u>ശ്രീ. എം. എസ്. അരുൺ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സവിശേഷ സഹായം അർഹിക്കുന്ന ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കുമോ?

ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്കുവേണ്ടി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു.

1. <u>ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി:</u>

   ഒന്നാം ക്ലാസ്സ് മുതൽ പ്രൊഫഷണൽ/പി.ജി കോഴ്സുകൾക്ക് പഠിക്കുന്ന ഭിന്നശേഷിക്കാരായ കുട്ടികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി. അപേക്ഷകന്റെ കുടുംബവാർഷിക വരുമാനം 36,000 രൂപയിൽ അധികരിക്കരുത്. സ്കോളർഷിപ്പിനായി അപേക്ഷിക്കുന്നതിന്റെ മുൻവർഷം കുറഞ്ഞത് 40% മാർക്ക് നേടിയിരിക്കണം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് അദ്ധ്യയന വർഷം ആരംഭിച്ച് 3 മാസത്തിനുള്ളിൽ സമർപ്പിക്കണം. അർഹതപ്പെട്ട അപേക്ഷകർക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന സ്കോളർഷിപ്പ് വിതരണം ചെയ്യുന്നു.

2. <u>വിദ്യാജ്യോതി പദ്ധതി:</u>

ഗവ./എയ്ഡഡ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ഒമ്പതാം ക്ലാസ്സ് മുതൽ പി.ജി.കോഴ്സ് വരെ 40 ശതമാനമോ അതിൽ കൂടുതലോ ഭിന്നശേഷിയുള്ള വിദ്യാർത്ഥികൾക്ക് യൂണിഫോം, പഠനോപകരണങ്ങൾ എന്നിവ വാങ്ങുന്നതിനുള്ള ധനസഹായം നൽകുന്ന പദ്ധതി. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

3. <u>ഭിന്നശേഷിക്കാർക്ക് വിദൂര വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പ് പദ്ധതി:</u>

ശാരീരിക മാനസിക അവശതകൾമൂലം വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി പഠനം നടത്താനാവാതെ വിഷമിക്കുന്നവർക്കായി ഓപ്പൺ യൂണിവേഴ്സിറ്റി പ്രോഗ്രാം, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവവഴി വീട്ടിൽത്തന്നെയിരുന്ന് പഠിക്കുന്നതിന് സ്കോളർഷിപ്പ് നൽകുന്ന ഒരു പദ്ധതിയാണിത്. ഭിന്നശേഷിക്കാരായ കുട്ടികളുടെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഈ പദ്ധതി സഹായകമാവും. രജിസ്ട്രേഷൻ ഫീ, കോഴ്സ് ഫീ/ ട്യൂഷൻ ഫീ, പരീക്ഷാ ഫീസ്, പുസ്തകങ്ങൾ, പഠനോപകരണങ്ങൾ എന്നിവയ്ക്കാവശ്യമായ തുകയാണ് സ്കോളർഷിപ്പായി അനുവദിക്കുക. ഇത് പരമാവധി 10,000 രൂപയായി നിജപ്പെടുത്തിയിട്ടുണ്ട്. വരുമാന പരിധി 1 ലക്ഷം രൂപ. ഓപ്പൺ യൂണിവേഴ്സിറ്റി, പ്രൈവറ്റ് രജിസ്ട്രേഷൻ എന്നിവ വഴി കേരളത്തിനകത്തെ യൂണിവേഴ്സിറ്റികളിൽ രജിസ്റ്റർ ചെയ്ത് ഡിഗ്രിക്കും അതിനുമുകളിലും പഠിക്കുന്ന ഭിന്നശേഷിയുള്ളവർക്ക് സ്കോളർഷിപ്പിന് അപേക്ഷിക്കാം. അപേക്ഷ ബന്ധപ്പെട്ട ജില്ലാ സാമൂഹ്യനീതി ഓഫീസർക്ക് സമർപ്പിക്കണം.

4. <u>വിജയാമൃതം പദ്ധതി:</u>

വൈകല്യത്തോട് പൊരുതി വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പോയി/ വീട്ടിലിരുന്ന് പഠിച്ച് ഡിഗ്രി, പി.ജി/പ്രൊഫഷണൽ കോഴ്സ് എന്നീ തലത്തിൽ ഉന്നത വിജയം കരസ്ഥമാക്കിയ ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം എന്ന തരത്തിൽ ക്യാഷ് അവാർഡ് നൽകുന്ന ഒരു പദ്ധതിയാണ് വിജയാമൃതം. ഇത്തരക്കാരെ വിദ്യാഭ്യാസത്തിലൂടെ അറിവ് സമ്പാദിക്കുന്നതിനും അവകാശങ്ങൾ നേടിയെടുക്കുന്നതിനും സമൂഹത്തിന്റെ മുഖ്യധാരയിലേയ്ക്കെത്തിക്കുവാനും സാധിക്കുന്നു. ഡിഗ്രിതലത്തിൽ ആർട്സ് വിഷയത്തിൽ 60 ശതമാനവും സയൻസ് വിഷയത്തിൽ 80 ശതമാനവും/അതിൽ കൂടുതലും മാർക്ക് കരസ്ഥമാക്കിയവരുമായ വിദ്യാർത്ഥികളാണ് ഗുണഭോക്താക്കൾ. പി.ജി/പ്രൊഫഷണൽ കോഴ്സുകൾക്ക്

60 ശതമാനവും/അതിൽ കൂടുതലും മാർക്ക് കരസ്ഥമാക്കിയിരിക്കണം. അപേക്ഷകർ സർക്കാർ/സർക്കാർ അംഗീകൃത സ്ഥാപനങ്ങൾ/ കോളേജുകൾ/ മറ്റ് അംഗീകൃത സ്ഥാപനങ്ങൾ (പാരലൽ കോളേജ്, വിദൂര വിദ്യാഭ്യാസം) എന്നിവിടങ്ങളിൽനിന്നും ആദ്യ അവസരത്തിൽത്തന്നെ പാസായിരിക്കണം. ഭിന്നശേഷിക്കാരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് നൽകുന്ന പദ്ധതി, വിദ്യാജ്യോതി പദ്ധതി എന്നിവയുടെ സ്കോളർഷിപ്പ് നിരക്ക് പട്ടിക അനുബന്ധമായി ചേർക്കുന്നു*.

(ബി) ഈ വിഭാഗം വിദ്യാർത്ഥികളുടെ ഉന്നമനത്തിനായി 2016-2021 കാലയളവിൽ ചെലവഴിച്ച തുകയുടെ വിശദവിവരം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

മേൽ പരാമർശിത പദ്ധതികൾക്കായി 2016-2021 കാലയളവിൽ ചെലവഴിച്ച തുകയുടെ ജില്ലാതല വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) ഇവർക്കായി സർക്കാർ നടപ്പിലാക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഏതെല്ലാമെന്ന് വിശദമാക്കുമോ?

സാമൂഹ്യനീതി വകുപ്പ് മുഖേന ഭിന്നശേഷിക്കാരായ കുട്ടികൾക്കായി ഭിന്നശേഷി സ്കോളർഷിപ്പ്, വിദ്യാജ്യോതി, വിദൂരവിദ്യാഭ്യാസ സ്കോളർഷിപ്പ്, വിജയാമൃതം എന്നീ പദ്ധതികൾ തുടർപദ്ധതികളായി നടപ്പാക്കിവരുന്നു. കൂടാതെ കോവിഡ് 19 മഹാമാരി കാരണം സംസ്ഥാനത്തെ ഭിന്നശേഷി വിഭാഗങ്ങൾക്കുവേണ്ടി പ്രവർത്തിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളും തൊഴിൽ പരിശീലന കേന്ദ്രങ്ങളും പൂർണ്ണമായും അടഞ്ഞുകിടക്കുന്ന സാഹചര്യത്തിൽ കുട്ടികൾക്കും രക്ഷിതാക്കൾക്കും ഒരുപോലെ മാനസിക പിരിമുറുക്കം ഒഴിവാക്കി സമാധാനം നേടുന്നതിന് സാമൂഹ്യനീതി വകുപ്പിന്റെകീഴിൽ സംസ്ഥാനത്താകെ 'സഹജീവനം' ഭിന്നശേഷി സഹായ കേന്ദ്രങ്ങൾ നടപ്പുവർഷം ആരംഭിച്ചിട്ടുണ്ട്.

**ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവരുടെ ക്ഷേമം**

166 (2886) <u>ശ്രീ. ഡി. കെ. മുരളി</u>:
<u>ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി</u>:
<u>ശ്രീ. പി. മമ്മിക്കുട്ടി</u>:
<u>ശ്രീ. എ. രാജ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഉന്നത വിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പുമന്ത്രി സദയം മറുപടി പറയാമോ:

(എ) സംസ്ഥാനത്ത് ട്രാൻസ്ജെൻഡർ വിഭാഗത്തിൽപ്പെട്ടവർ എത്രപേരുണ്ടെന്ന് കണ്ടെത്താൻ സർവ്വേ നടത്തിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

---

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2014-ലെ ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ NALSA ജഡ്ജ്മെന്റിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന സർക്കാർ 2014-15 സാമ്പത്തിക വർഷം സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ എണ്ണവും സാമൂഹ്യ സാഹചര്യവും പഠന വിധേയമാക്കിയിരുന്നു. ബാംഗ്ലൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സംഗമ എന്ന സംഘടന മുഖേനയാണ് പ്രസ്തുത സർവ്വേ സംസ്ഥാനത്ത് നടപ്പിലാക്കിയത്. പ്രസ്തുത സർവ്വേയിൽ 3916 ട്രാൻസ്ജെൻഡർ വ്യക്തികൾ നേരിട്ട് പങ്കെടുക്കുകയും snowball sampling method-ലൂടെ സംസ്ഥാനത്ത് ഏകദേശം 25000-ത്തോളം ട്രാൻസ്ജെൻഡർ വ്യക്തമാക്കുകയും ചെയ്യുന്നു. സർവ്വേ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് 2015-ൽ ട്രാൻസ്ജെൻഡർ നയം രൂപീകരിച്ചിരുന്നു. പ്രസ്തുത സർവ്വേ റിപ്പോർട്ട് വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. 2015-ൽ രൂപീകരിച്ച ട്രാൻസ്ജെൻഡർ നയത്തിന്റെ അടിസ്ഥാനത്തിൽ 2019-20 സാമ്പത്തിക വർഷം സോഷ്യോ എക്കണോമിക് സർവ്വേയും ഇൻഡിവിജ്വൽ ഡെവലപ്മെന്റ് പ്ലാനും ഒരു ഓൺലൈൻ പ്ലാറ്റ്ഫോമിൽ നടത്തുന്നതിനായി സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

(ബി) ഇന്ത്യയിലാദ്യമായി ട്രാൻസ്ജെൻഡർ വിഭാഗത്തിനായി ഒരു നയം രൂപീകരിച്ച് നടപ്പാക്കിയത് കേരളത്തിലാണോ; എങ്കിൽ പ്രസ്തുത നയത്തിന്റെ വിശദാംശങ്ങൾ അറിയിക്കാമോ?

ഇന്ത്യയിലാദ്യമായി ട്രാൻസ്ജെൻഡർ വിഭാഗത്തിനായി ട്രാൻസ്ജെൻഡർ പോളിസി രൂപീകരിച്ച് നടപ്പാക്കിയ സംസ്ഥാനം കേരളമാണ്. 2015-ലാണ് ട്രാൻസ്ജെൻഡർ പോളിസി നിലവിൽ വന്നിട്ടുള്ളത്. ട്രാൻസ്ജെൻഡർ പോളിസിയുടെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

(സി) ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ ക്ഷേമത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദീകരിക്കാമോ?

ട്രാൻസ്ജെൻഡർ ക്ഷേമത്തിനായി സാമൂഹ്യനീതി വകുപ്പ് മുഖേന നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. <u>തിരിച്ചറിയൽ കാർഡ് വിതരണം</u>:

   ഒരു വ്യക്തിക്ക് തന്റെ വ്യക്തിത്വം തെളിയിക്കുന്നതിനുവേണ്ടി അടിസ്ഥാന പരമായി ഉണ്ടാകേണ്ട രേഖയാണ് തിരിച്ചറിയൽ കാർഡ്. എന്നാൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തങ്ങളുടെ സ്വത്വം വെളിപ്പെടുത്തുന്നതിനായി യാതൊരു രേഖയും നിലവിലില്ലാത്ത സാഹചര്യത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന 640 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തിരിച്ചറിയൽ കാർഡ് നൽകിയിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2. <u>സമന്വയ തുടർവിദ്യാഭ്യാസ പദ്ധതി:</u>

പാതി വഴിയിൽ വിദ്യാഭ്യാസം ഉപേക്ഷിക്കേണ്ടിവന്ന മുഴുവൻ ട്രാൻസ്ജെൻഡർ വ്യക്തികൾക്കും തുടർ വിദ്യാഭ്യാസം സാധ്യമാക്കുന്നതിനായി കേരള സംസ്ഥാന സാക്ഷരതാ മിഷൻ അതോറിറ്റി മുഖേന പദ്ധതി നടപ്പിലാക്കിവരുന്നു. ഇതിൻ പ്രകാരം തുല്യതാ പരീക്ഷ എഴുതുന്നതിന് സന്നദ്ധരായ 914 പേരെ കണ്ടെത്തുകയും അവർക്ക് തുടർ വിദ്യാഭ്യാസം നല്കുന്നതിനുമായുള്ള പദ്ധതികൾ നടപ്പിലാക്കിവരികയും ചെയ്യുന്നു.

3. <u>ബോധവൽക്കരണ പരിപാടികൾ:</u>

സംസ്ഥാനത്താകമാനം പോലീസ് ഉദ്യോഗസ്ഥരെയും സർക്കാർ ജീവനക്കാരെയും അദ്ധ്യാപകരെയും ഉൾപ്പെടുത്തി ബോധവൽക്കരണ പരിപാടികൾ ജില്ലാതലത്തിൽ നടന്നുവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിൽനിന്നും 5 സ്കൂളുകളും കോളേജുകളും തെരഞ്ഞെടുത്തു വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും ബോധവൽക്കരണ പരിപാടികൾ നടത്തിയിട്ടുണ്ട്.

4. <u>ട്രാൻസ്ജെൻഡർ സ്കോളർഷിപ്പ്:</u>

വിദ്യാഭ്യാസപരമായി വളരെയധികം പിന്നോക്കം നിൽക്കുന്ന വിഭാഗമെന്ന നിലയിൽ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് കൂടുതൽ പരിഗണന നല്കേണ്ടതിന്റെ ആവശ്യകത ഏറെ കൂടുതലാണ്. നിലവിൽ സ്കൂളുകളിൽ/ കോളേജുകളിൽ പഠനം നടത്തിക്കൊണ്ടിരിക്കുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വിദ്യാഭ്യാസ സ്കോളർഷിപ്പ് ഇനത്തിൽ ധനസഹായം നൽകുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. പ്രസ്തുത പദ്ധതിപ്രകാരം സ്കൂൾതലം മുതൽ പ്രൊഫഷണൽ ഡിഗ്രി തലം വരെയുള്ള ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഈ ധനസഹായം ലഭിക്കുന്നതാണ്. സ്കൂൾ വിദ്യാർത്ഥികൾക്ക് പ്രതിമാസം 1000 രൂപയും കോളേജ് വിദ്യാർത്ഥികൾക്ക് പ്രതിമാസം 2000 രൂപയുമാണ് സ്കോളർഷിപ്പ് തുക.

5. <u>സംരംഭകത്വ വികസന പരിശീലന പരിപാടി:</u>

സംസ്ഥാനത്തെ ട്രാൻജെൻഡർ സമൂഹത്തിന് അവസരങ്ങളും അവകാശങ്ങളും ഉറപ്പാക്കുക എന്ന ലക്ഷ്യം മുൻനിർത്തി അതിജീവനത്തിന് ഇവരെ പ്രാപ്തരാക്കുന്നതിനായി സംരഭകത്വ വികസന പരിശീലന പരിപാടി സർക്കാർ സ്ഥാപനമായ C-STED മുഖേന നടപ്പിലാക്കി വരുന്നു.

6. <u>കെയർ ഹോമുകൾ/സേഫ്റ്റി ഹോമുകൾ:</u>

സംസ്ഥാനത്ത് വിവിധ കമ്മ്യൂണിറ്റി ബേസ്ഡ് ഓർഗനൈസേഷൻ മുഖേന പ്രവർത്തിച്ചുവന്നിരുന്ന 5 കെയർ ഹോം/സേഫ്റ്റി ഹോമുകൾ കാലാവധി പൂർത്തീകരിച്ചതിനാൽ പ്രവർത്തനം അവസാനിപ്പിച്ചിരുന്നു. നിലവിൽ NGO-കൾ മുഖേന സംസ്ഥാനത്ത് 2 കെയർ ഹോമുകൾ പ്രവർത്തിച്ചുവരുന്നു. എറണാകുളം ജില്ലയിൽ സ്നേഹജ്യോതി ചാരിറ്റബിൾ ട്രസ്റ്റിന്റെ കീഴിൽ ട്രാൻസ് വുമൺ വ്യക്തികൾക്കും തിരുവനന്തപുരം ജില്ലയിൽ മാർത്തോമ നവോദയ മൂവ്മെന്റ് സൊസൈറ്റിയുടെ കീഴിൽ ട്രാൻസ് മെൻ വ്യക്തികൾക്കുമാണ് കെയർ ഹോമുകളുള്ളത്. 30 വ്യക്തികൾക്കുവരെ ഒരേ സമയം താമസിക്കുന്നതിനുള്ള സൗകര്യം 2 ഹോമുകളിലും ഒരുക്കിയിട്ടുണ്ട്.

7. <u>സീറോ എച്ച്.ഐ.വി. സർവൈലൻസ് സെന്റർ:</u>

HIV വിമുക്തമായ ഒരു സമൂഹം കെട്ടിപ്പടുക്കുക എന്ന ലക്ഷ്യത്തോടെ സാമൂഹ്യക്ഷേമ ബോർഡ് വഴി തിരുവനന്തപുരം ജില്ലയിൽ പൈലറ്റ് അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിരുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം സെന്ററിന്റെ പ്രവർത്തനം എറണാകുളം, കാസർകോട് ജില്ലകളിലും ആരംഭിച്ചിട്ടുണ്ട്.

8. <u>24x7 ഹെൽപ്പ് ലൈൻ:</u>

ട്രാൻസ്ജെൻഡർ വ്യക്തികൾക്കുനേരെ നടക്കുന്ന അതിക്രമങ്ങൾ കാര്യക്ഷമമായി ക്രോഡീകരിക്കാനും വേണ്ടതരത്തിൽ നിയമ നടപടികൾ കൈക്കൊള്ളാനുമായി സാമൂഹ്യ നീതി വകുപ്പിന്റെ മേൽനോട്ടത്തിൽ 24x7 ട്രാൻജെൻഡർ ഹെൽപ്പ് ലൈൻ ആരംഭിച്ചിട്ടുണ്ട്.

9. <u>ബ്യൂട്ടീഷ്യൻ പദ്ധതി:</u>

ധ്വയ ട്രാൻസ്ജെൻഡേഴ്സ് ആർട്സ് ആൻഡ് ചാരിറ്റബിൾ സൊസൈറ്റി മുഖേന ട്രാൻജെൻഡർ വ്യക്തികൾക്കായി മൂന്നു മാസത്തെ ബ്യൂട്ടീഷ്യൻ പരിശീലനം നടത്തിയിരുന്നു.

10. <u>തയ്യൽ മെഷീൻ വിതരണ പദ്ധതി:</u>

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തമായി തൊഴിൽ ചെയ്ത് ജീവനോപാധി കണ്ടെത്തുന്നതിനുള്ള ലക്ഷ്യം മുൻനിർത്തി തയ്യൽ പഠിച്ച് പ്രവൃത്തി പരിചയമുള്ള ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്

11. <u>ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കുള്ള ധനസഹായം(എസ്സ്.ആർ.എസ്സ്):</u>

പുരുഷനിൽ നിന്നും സ്ത്രീയിലേയ്ക്കും സ്ത്രീയിൽനിന്നും പുരുഷനിലേയ്ക്കും ഉണ്ടാകുന്ന ശാരീരിക മാറ്റത്തിന് ലിംഗമാറ്റ ശസ്ത്രക്രിയ അനിവാര്യമാണ്. 2018-19 മുതൽ 2019-20 വർഷം വരെ പരമാവധി രണ്ടു ലക്ഷം രൂപ വീതമാണ് ഓരോ വ്യക്തിക്കും ലിംഗമാറ്റ ശസ്ത്രക്രിയയ്ക്കായി അനുവദിച്ചിരുന്നത്. കഴിഞ്ഞ സാമ്പത്തിക വർഷം ട്രാൻസ് മെൻ വ്യക്തികൾക്ക് പരമാവധി 5 ലക്ഷം രൂപ വരെയും ട്രാൻസ് വുമൺ വ്യക്തികൾക്ക് പരമാവധി രണ്ടര ലക്ഷം രൂപ വരെയുമാണ് ധനസഹായം അനുവദിച്ചത്.

12. <u>എസ്.ആർ.എസ് കഴിഞ്ഞ ട്രാൻസ്ജൻഡർ വ്യക്തികൾക്ക് പോഷകാഹാരത്തിനും തുടർചികിത്സയ്ക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതി:</u>

എസ്.ആർ.എസ്. കഴിഞ്ഞ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സർജറി കഴിഞ്ഞ് 12 മാസത്തേയ്ക്ക് പോഷകാഹാരം വാങ്ങുന്നതിനും മറ്റ് അനുബന്ധ ചെലവുകൾക്കുമായി പ്രതിമാസം 3000/- രൂപ നിരക്കിൽ 12 മാസകാലയളവിൽ അനുവദിച്ചുവരുന്നു.

13. <u>സ്വയം തൊഴിൽ ധനസഹായം:</u>

ട്രാൻസ്ജെൻഡർ വ്യക്തികളുടെ പുനരധിവാസം ഉറപ്പാക്കുന്നതിലേയ്ക്കായി തൊഴിൽ സംരംഭം ആരംഭിക്കുന്നതിന് ഒരു വ്യക്തിക്ക് 50,000 രൂപ ധനസഹായം അനുവദിച്ചുവന്നിരുന്നു. ആദ്യ ഘട്ടമെന്ന നിലയ്ക്ക് 63 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയം തൊഴിൽ ധനസഹായം നൽകിയിട്ടുണ്ട്.

14. <u>വനിതാ വികസന കോർപ്പറേഷൻ വഴി സ്വയം തൊഴിലിനുള്ള വായ്പ പദ്ധതി:</u>

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് വ്യക്തിപരമായോ, സംഘം ചേർന്നോ തൊഴിൽ സംരംഭം തുടങ്ങുന്നതിനായുള്ള പദ്ധതിയാണിത്. വനിതാ വികസന കോർപ്പറേഷൻ മുഖേന നടപ്പിലാക്കിവരുന്ന പ്രസ്തുത പദ്ധതി പ്രകാരം സംരംഭകർക്കോ സംരംഭകത്വത്തിനോ പരമാവധി 3 ലക്ഷം രൂപ വരെ നൽകിവരുന്നു.

15. <u>ഡ്രൈവിംഗ് പരിശീലനം:</u>

സംസ്ഥാനത്തെ ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവന മാർഗ്ഗം കണ്ടെത്തുന്നതിനായി ഡ്രൈവിംഗ് പരിശീലനം നൽകുന്ന പദ്ധതി സാമൂഹ്യനീതി വകുപ്പ് നടപ്പിലാക്കിയിട്ടുണ്ട്.

16. ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം/താമസ സൗകര്യം കണ്ടെത്തുന്നതിന് ധനസഹായം അനുവദിക്കുന്ന പദ്ധതി:

സർക്കാർ/എയ്ഡഡ്/അൺഎയ്ഡഡ്/സെൽഫ്ഫിനാൻസിംഗ് സ്ഥാപനങ്ങളിൽ പഠിക്കുന്ന ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഹോസ്റ്റൽ സൗകര്യം നല്കുന്നതിനായി വകുപ്പ് ഈ പദ്ധതി നടപ്പിലാക്കുന്നു. അർഹരായ വിദ്യാർത്ഥികൾക്ക് പ്രതിമാസം 4000 രൂപ എന്ന ക്രമത്തിലാണ് തുക അനുവദിക്കുന്നത്.

17. ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് വിവാഹധനസഹായം നൽകുന്ന പദ്ധതി:

നിയമപരമായി വിവാഹം ചെയ്ത ട്രാൻസ്ജെൻഡർ ദമ്പതികൾക്ക് 30,000 രൂപ പ്രസ്തുത പദ്ധതി പ്രകാരം ധനസഹായമായി ലഭ്യമാക്കുന്നു.

18. സഫലം പദ്ധതി:

ട്രാൻസ്ജെൻഡർ വിദ്യാർത്ഥികൾക്ക് ഡിഗ്രി/ഡിപ്ലോമ തലത്തിലുള്ള കോഴ്സുകൾ പഠിക്കുന്നതിനായി ഒരു ലക്ഷം രൂപവരെ സാമ്പത്തിക ധനസഹായം അനുവദിക്കുന്ന പദ്ധതിയാണിത്.

19. സോഷ്യോ എക്കണോമിക്ക് സർവ്വേ സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് മുഖേന കേരളത്തിലെ ട്രാൻസ്ജെൻഡർ വ്യക്തികളുടെ സാമൂഹിക സാമ്പത്തിക സർവേ ആരംഭിച്ചിട്ടുണ്ട്.

20. ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള കരിയർ ഡെവലപ്മെന്റ് പ്രോഗ്രാം (E2-HUB):

ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് അവരുടെ അഭിരുചിക്കനുസരിച്ച് തൊഴിൽ കണ്ടെത്തി ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനായി E2-HUB Economic Empowerment Hub for Transgender Persons എന്ന പേരിൽ കരിയർ കോഴ്സ് സാമൂഹ്യ ക്ഷേമ ബോർഡ് മുഖേന നടപ്പിലാക്കിവരുന്നു. ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സ്വന്തമായി തൊഴിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിനോ അനുയോജ്യമായ തൊഴിൽ മേഖല കണ്ടെത്തി വിപുലീകരിക്കുന്നതിനോ ആവശ്യമായ ഗൈഡൻസ്, കൗൺസിലിംഗ് എന്നിവ നൽകിക്കൊണ്ട് ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനുവേണ്ട സാഹചര്യമൊരുക്കുന്നതിന്റെ ഭാഗമായാണ് പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത്.

21. <u>അഡ്വക്കസി ക്യാമ്പയിൻ</u>:

ട്രാൻസ്ജെൻഡർ സമൂഹത്തെക്കുറിച്ചും ജെൻഡർ വ്യക്തികൾ അനുഭവിക്കുന്ന ശാരീരിക മാനസിക സംഘർഷത്തെക്കുറിച്ചും പൊതു ഇടങ്ങളിൽ അനുഭവിക്കേണ്ടിവരുന്ന വിവേചനപരമായ ഇടപെടലുകൾ ലഘൂകരിക്കുന്നതിനും പൊതു സമൂഹത്തിൽ നിലനിൽക്കുന്ന തെറ്റിദ്ധാരണകൾ മാറ്റുന്നതിനുംവേണ്ട ഇടപെടലുകൾ വകുപ്പ് മുഖേന നടന്നുവരുന്നു. ഇതിന്റെ ഭാഗമായി സംസ്ഥാനവ്യാപകമായി അഡ്വക്കസി ക്യാമ്പയിൻ നടത്തുന്നതിന് സി-ഡിറ്റ് മുഖേന നടപടികൾ പൂർത്തിയാക്കിയിട്ടുണ്ട്. പ്രസ്തുത ക്യാമ്പയിൻ വിവിധ മാധ്യമങ്ങൾ (പ്രിന്റ്, വിഷ്വൽ, സാമൂഹ്യ മാധ്യമങ്ങൾ ഉൾപ്പെടെ) വഴി വ്യാപക പ്രചരണം നടത്തുന്നതിന് സജ്ജമാണ്.

കൂടാതെ കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ സാമൂഹ്യനീതി വകുപ്പ് മുഖേന സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. കോവിഡ്- 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ഒറ്റത്തവണ ധനസഹായമായി 1000 രൂപ വീതം 409 വ്യക്തികൾക്ക് അനുവദിച്ചു.

2. കോവിഡ്- 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് ഹോർമോൺ ചികിത്സ തുടരാൻ കഴിയാതെ പോയ 96 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് മരുന്നുകൾ ലഭ്യമാക്കുന്നതിന് 35000 രൂപ അനുവദിച്ചു നൽകിയിട്ടുണ്ട്.

3. കോവിഡ്- 19-ന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നേരിടുന്ന 2000 ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് ജില്ലാ സാമൂഹ്യ നീതി ഓഫീസുകൾ മുഖേന രണ്ട് ഘട്ടങ്ങളിലായി ഭക്ഷ്യ ധാന്യകിറ്റ് വിതരണം ചെയ്തിട്ടുണ്ട്.

4. കോവിഡ്-19-ന്റെ പശ്ചാത്തലത്തിൽ താമസ സൗകര്യം ലഭ്യമല്ലാതിരുന്ന ട്രാൻസ്ജെൻഡർ വ്യക്തികൾക്ക് സംസ്ഥാനത്ത് CBO-കളുടെ കീഴിൽ പ്രവർത്തിച്ചിരുന്ന ഷെൽട്ടർ ഹോമുകളിൽ താമസ സൗകര്യം ഏർപ്പെടുത്തിയിരുന്നു.

(ഡി) ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ നൈപുണ്യവികസനത്തിനായി ഏതെങ്കിലും പദ്ധതികൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ട്രാൻസ്ജെൻഡർ വിഭാഗത്തിന്റെ നൈപുണ്യ വികസനത്തിനായി നടപ്പു സാമ്പത്തിക വർഷം പദ്ധതികൾ ആരംഭിച്ചിട്ടില്ല. 2018-19 സാമ്പത്തിക വർഷം C-STED എന്ന സർക്കാർ ഏജൻസി മുഖേന സംരംഭകത്വ വികസന പരിശീലന പരിപാടികൾ സംഘടിപ്പിച്ചിരുന്നു. 2019-20 സാമ്പത്തിക വർഷം ട്രാൻസ്ജെൻഡർ വ്യക്തികൾക്കായി ഡ്രൈവിംഗ് പരിശീലനം, ബ്യൂട്ടീഷൻ പരിശീലനം, തയ്യൽ പരിശീലനം എന്നിവ നൈപുണ്യ വികസനത്തിന്റെ ഭാഗമായി നടപ്പിലാക്കിയിരുന്നു. 2021-22 സാമ്പത്തിക വർഷം ട്രാൻസ്ജെൻഡർ വ്യക്തികൾക്കുള്ള നൈപുണ്യ വികസനത്തിനായി പദ്ധതികൾ രൂപീകരിക്കുന്നതിന്റെ പ്രാരംഭ നടപടികൾ വകുപ്പു തലത്തിൽ പൂർത്തീകരിച്ചുവരുന്നു.

## പ്രകൃതിസൗഹൃദ ഗതാഗത സംവിധാനം

167 (2887) <u>ശ്രീ. റോജി എം. ജോൺ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഗതാഗത സംവിധാനം പ്രകൃതിസൗഹൃദമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ?

ഗതാഗത സംവിധാനം പ്രകൃതി സൗഹൃദമാക്കുന്നതിന്റെ ഭാഗമായി ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങളുടെ സ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങൾ/ഹരിത വാതകങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനാണ് പദ്ധതിയിട്ടിട്ടുള്ളത്. ഇതിന്റെ ഭാഗമായി കേരള മോട്ടോർ വാഹന ചട്ടം 292 A പ്രകാരം രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയാക്കിയ ഡീസൽ ഓട്ടോറിക്ഷകൾ 1-6-2021 മുതൽ നിർത്തലാക്കുന്നതിനും അവ ഇലക്ട്രിക്, CNG, LNG മുതലായ ഇതര ഇന്ധന സംവിധാനത്തിലേയ്ക്ക് മാറ്റുന്നതിനും നിർദ്ദേശിച്ചിട്ടുണ്ട്. ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി ഇലക്ട്രിക് വാഹന നയം സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. സ്വകാര്യ ആവശ്യങ്ങൾക്കായുള്ള ഇലക്ട്രിക് വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ, രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തെ തുകയിൽ 50% ഇളവനുവദിച്ചിട്ടുണ്ട്. 1-4-2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇലക്ട്രിക് വാഹനങ്ങളെ പെർമിറ്റെടുക്കുന്നതിൽനിന്നും കേന്ദ്ര സർക്കാർ ഒഴിവാക്കിയിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾ പ്രോത്സാഹിപ്പിക്കുന്നതിനായി ഇവയുടെ ഉടമകൾക്ക് സബ്സിഡി അനുവദിക്കുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. ഗതാഗത സംവിധാനം പ്രകൃതി സൗഹൃദമാക്കുക എന്ന ഉദ്ദേശ്യത്തോടെ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 400 ബസുകൾ എൽ.എൻ.ജി.യിലേയ്ക്കും 3000 ബസുകൾ സി.എൻ.ജി.-യിലേയ്ക്കും

പരിവർത്തനം ചെയ്യുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. ഇവയുടെ പ്രവർത്തന മികവ് വിലയിരുത്തുന്നതിനായി പരീക്ഷണാടിസ്ഥാനത്തിൽ ഒരു CNG ബസും 2 LNG ബസുകളും സർവ്വീസ് നടത്തിവരുന്നു. കെ.എസ്.ആർ.ടി.സി.-ക്ക് 8 ഇലക്ട്രിക് ബസ്സുകൾ വെറ്റ് ലീസ് വ്യവസ്ഥയിൽ സർവ്വീസിനായി ലഭ്യമായിട്ടുണ്ട്. കൂടാതെ 310 CNG ബസുകൾ വാങ്ങുന്നതിനും 50 ഇലക്ട്രിക് ബസുകൾ വാങ്ങുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ജലഗതാഗത വകുപ്പിൽ പരിസ്ഥിതി മലിനീകരണം നിയന്ത്രിക്കുക, പ്രവർത്തനച്ചെലവ് കുറയ്ക്കുക എന്നീ ലക്ഷ്യത്തോടു കൂടി ഇന്ത്യയിലെ പ്രഥമ സംരംഭമായ 75 പാസഞ്ചർ കപ്പാസിറ്റിയുള്ള സോളാർ ബോട്ട് 'ആദിത്യ' തവണക്കടവ്-വൈക്കം റൂട്ടിൽ സർവ്വീസ് നടത്തിവരുന്നു. 2020-ൽ ആദിത്യയ്ക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള (ഗസ്റ്റേവ് ട്രോവ്) പുരസ്കാരവും ലഭിക്കുകയുണ്ടായി. ഇതുകൂടാതെ 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് അനുമതി നല്കിയിട്ടുണ്ട്. സ്വദേശ/വിദേശ ടൂറിസ്റ്റുകൾക്കും യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി എറണാകുളം-വൈക്കം റൂട്ടിൽ ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ ഉത്ഘാടനം 4.11.18-ൽ നിർവ്വഹിച്ചു. കൂടാതെ 'സീ-കുട്ടനാട്' എന്ന പേരിൽ 90 യാത്രക്കാർക്ക് കയറാവുന്ന ഡബിൾ ഡെക്കർ പാസ്സഞ്ചർ-കം-ടൂറിസ്റ്റ് ബോട്ടുകൾ സർവ്വീസ് ആരംഭിച്ചുവരുന്നു. ഗ്രീൻ പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടാണ് മിക്ക ബോട്ടുകളും സർവ്വീസ് നടത്തുന്നത്. കായൽ മലിനീകരണം ഒഴിവാക്കുന്നതിനായി ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് വകുപ്പിന്റെ എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എൽ.ഇ.ഡി. ടി.വി. സ്ഥാപിച്ചിട്ടുണ്ട്. മലപ്പുറം ജില്ലയിലെ പരപ്പനങ്ങാടി-പൊന്നാനി കേന്ദ്രീകരിച്ചും കോഴിക്കോട് ജില്ലയിൽ വടകര-പയ്യോളി അങ്ങാടി മേഖലകളെ ബന്ധിപ്പിച്ചും വയനാട് ജില്ലയിലെ ബാണാസുര സാഗർ അണക്കെട്ടിലും സോളാർ ബോട്ടുകൾ ഉപയോഗിച്ച് ടൂറിസ്റ്റ് സർവ്വീസുകൾ ആരംഭിക്കുന്നതിന് പഠനം നടത്തിയിട്ടുണ്ട്.

### കെ.എസ്.ആർ.ടി.സി. ബസ്സുകളിലെ സാമൂഹ്യ അകലം

168 (2888) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കോവിഡിന്റെ ഒന്നും രണ്ടും തരംഗത്തിൽ സാമൂഹ്യ അകലം നിഷ്കർഷിച്ചിരുന്നത് എത്രയാണ്?

വ്യക്തികൾ തമ്മിൽ 2 മീറ്റർ അകലമാണ് നിഷ്കർഷിച്ചിട്ടുള്ളത്.

(ബി) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്രക്കാരിൽ ഏറിയ പങ്കം സാധാരണക്കാരായതിനാൽ ബസ്സുകളിൽ കോവിഡിനോടനുബന്ധിച്ച് നിർബന്ധമായും പാലിക്കേണ്ട സാമൂഹിക അകലം പരിപൂർണ്ണമായും ലംഘിച്ച് സർവ്വീസ് നടത്തിയിരുന്നോ?

സാമൂഹ്യ അകലം ഉൾപ്പെടെ കോവിഡ് പ്രോട്ടോക്കോൾ നിർബന്ധമായും പാലിച്ചാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്.

(സി) യാത്രക്കാരിൽ അധികവും സാധാരണക്കാരാണെന്ന സമീപനത്തിൽ മാറ്റം വരുത്തി പ്രതീക്ഷിക്കുന്ന കോവിഡിന്റെ മൂന്നാം തരംഗത്തിന്റെ തീവ്രത ലഘൂകരിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

കോവിഡ് വ്യാപനത്തിന്റെ തീവ്രത കണക്കിലെടുത്ത് സർക്കാർ സമയാസമയങ്ങളിൽ നിഷ്കർഷിക്കുന്ന മാനദണ്ഡങ്ങൾ കൃത്യമായി നടപ്പിലാക്കിയായിരിക്കും കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുക.

(ഡി) സാമൂഹ്യ അകലം പാലിക്കേണ്ടതുണ്ടെങ്കിലും യാത്രക്കാർ അധികവും സാധാരണക്കാരായതിനാലാണോ ഇത് ലംഘിച്ച് സർവ്വീസ് നടത്തുന്നതിന് കെ.എസ്.ആർ.ടി.സി.-യെ അനുവദിച്ചത്?

സാമൂഹ്യ അകലം ഉൾപ്പെടെ സർക്കാരിന്റെ കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ടുതന്നെയാണ് കെ.എസ്.ആർ.ടി.സി. സർവ്വീസ് നടത്തുന്നത്.

## മൊബിലിറ്റി ഹബ്ബ്

169 (2889) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ടൗണിൽ നിർമ്മിക്കാനുദ്ദേശിക്കുന്ന മൊബിലിറ്റി ഹബ്ബിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ടോ; എത്ര രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്; പദ്ധതിയുടെ നിർവ്വഹണ ചുമതല, നിർമ്മാണ ചുമതല എന്നിവ ആർക്കാണെന്ന് വ്യക്തമാക്കുമോ?

മൊബിലിറ്റി ഹബ്ബിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. G.O. (MS) 60/2018/Trans തീയതി: 0-10-2018 പ്രകാരം 493.06 കോടി രൂപയാണ് പദ്ധതിക്കായി വകയിരുത്തിയിട്ടുള്ളത്. M/s. INKEL Limited എന്ന സ്ഥാപനത്തിനാണ് നിർമ്മാണ ചുമതല നൽകിയിട്ടുള്ളത്.

(ബി) പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ടോ; നിർമ്മാണം ആരംഭിക്കുന്നതിൽ എന്തെങ്കിലും തടസ്സങ്ങളുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

&

(സി) തടസ്സങ്ങളുണ്ടെങ്കിൽ ആയത് പരിഹരിച്ച് എന്നത്തേയ്ക്ക് നിർമ്മാണം ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) മൊബിലിറ്റി ഹബ്ബ് പദ്ധതിയോടനുബന്ധിച്ചുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ നിർമ്മാണത്തിനായി 1,06,45,11,424 രൂപയുടെ എസ്റ്റിമേറ്റ് M/s. INKEL Ltd. സമർപ്പിച്ചിട്ടുണ്ട്. ടി എസ്റ്റിമേറ്റ് അംഗീകരിച്ച് Technical sanction നൽകുന്നതിന് സർക്കാർതലത്തിൽ രൂപീകരിച്ചിരിക്കുന്ന ടെക്നിക്കൽ കമ്മിറ്റി മുമ്പാകെ സമർപ്പിക്കുന്നതിനായി എസ്റ്റിമേറ്റ് കെ.എസ്.ആർ.ടി.സി.യിൽനിന്ന് 29-7-2021-ൽ ലഭിച്ചിട്ടുണ്ട്. പ്രസ്തുത പ്രവൃത്തിക്കായി ടെസ്റ്റ് പൈലിംഗ് നടത്തുന്ന സ്ഥലത്തിനടുത്തുകൂടി വാഹന ഗതാഗതം പാടില്ലാത്തതിനാൽ ഗ്യാരേജിന് കിഴക്ക ഭാഗത്തുകൂടി പുറത്തേയ്ക്ക് ഒരു റോഡ് നിർമ്മിക്കേണ്ടതുണ്ട്. ആയതിന് തടസ്സമായി നിൽക്കുന്ന മരങ്ങൾ മുറിച്ചുമാറ്റുന്നതിനുള്ള അനുമതിക്കായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിൽ കത്ത് നൽകിയിരിക്കുകയാണ്. ടി പ്രവൃത്തികൾ പൂർത്തീകരിച്ചാൽ മാത്രമേ test piling നടത്തുവാൻ സാധിക്കുകയുള്ളൂ.

**പരിശോധനയില്ലാതെ വാഹന രജിസ്ട്രേഷൻ**

170 (2890) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന പരിശോധനയില്ലാതെതന്നെ വാഹന രജിസ്ട്രേഷൻ എന്ന നയം നടപ്പാക്കിയിട്ടുണ്ടോ?

ഉണ്ട്. കേന്ദ്ര സർക്കാർ വിജ്ഞാപനം GSR 240(E) അനുസരിച്ച് ഭേദഗതി ചെയ്ത കേന്ദ്ര മോട്ടോർ വാഹന ചട്ടം 48 B പ്രകാരം പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങളെയാണ് രജിസ്ട്രേഷനുവേണ്ടിയുള്ള പരിശോധനയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളത്. ഷാസി വാങ്ങി ബോഡി നിർമ്മിക്കുന്ന വാഹനങ്ങളെ ഇതിൽനിന്നും ഒഴിവാക്കിയിട്ടില്ല. മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർ പദവിയിലുള്ള ഉദ്യോഗസ്ഥന് ഡീലറുടെ പക്കൽ വിൽപ്പനയ്ക്കായി സൂക്ഷിച്ചിട്ടുള്ള ഏതു വാഹനവും പരിശോധിക്കാൻ വ്യവസ്ഥയുണ്ട്.

(ബി) ഇതുപ്രകാരം ഉപഭോക്താക്കൾ ഉദ്ദേശിച്ച വാഹനംതന്നെയാണ് അവർക്ക് ലഭിക്കുന്നത് എന്ന് ഉറപ്പാക്കാൻ ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം വിശദമാക്കുമോ?

വാഹനം തെരഞ്ഞെടുക്കുന്ന വേളയിൽ അതിന്റെ എഞ്ചിൻ നമ്പർ, ഷാസി നമ്പർ, വാഹനത്തിന്റെ നിറം, ഇനം എന്നിവ ഡീലറിൽനിന്നും വാങ്ങി സൂക്ഷിക്കുകയും രജിസ്ട്രേഷനുശേഷം വാഹനം ഡെലിവറി ചെയ്യുമ്പോൾ വാഹനത്തോടൊപ്പം ലഭിക്കുന്ന രേഖകളോടൊത്തുനോക്കി ഉപഭോക്താക്കൾക്ക് തങ്ങൾ ഉദ്ദേശിച്ച വാഹനം

തന്നെയാണ് ലഭിച്ചിരിക്കുന്നതെന്ന് ഉറപ്പുവരുത്താവുന്നതാണ്. ഇതിൽ ഏതെങ്കിലും വ്യത്യാസം കാണുന്നപക്ഷം ബന്ധപ്പെട്ട രജിസ്റ്ററിംഗ് അതോറിറ്റി മുൻപാകെ പരാതി സമർപ്പിച്ചാൽ ഡീലർക്കെതിരെ നടപടി സ്വീകരിക്കുന്നതാണ്.

(സി) വാഹനങ്ങൾ കാണാതെ ഫിറ്റ്നസ് നൽകുമ്പോൾ വാഹനത്തിന്റെ ന്യൂനതയുടെ ഉത്തരവാദിത്തം ആർക്കാണെന്ന് അറിയിക്കുമോ?

കേന്ദ്ര മോട്ടോർ വാഹനചട്ടം 16(1)-ലെ വ്യവസ്ഥയനുസരിച്ച് പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങൾക്ക് പ്രത്യേക പരിശോധന കൂടാതെതന്നെ അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ രണ്ടുവർഷത്തെ കാലാവധിയിലേയ്ക്ക് ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ലഭിക്കുന്നതാണ്. കേന്ദ്ര സർക്കാർ അംഗീകൃത സ്ഥാപനമായ Automotive Research Association of India അംഗീകൃത സർട്ടിഫിക്കറ്റ് ലഭ്യമായിട്ടുള്ള വാഹനങ്ങൾമാത്രമാണ് രജിസ്റ്റർ ചെയ്യാൻ അനുമതിയുള്ളത്. വാഹനത്തെ സംബന്ധിച്ച എല്ലാ വിവരങ്ങളും അതാതു നിർമ്മാതാക്കളാണ് VAHAN എന്ന കേന്ദ്രീകൃത പോർട്ടലിൽ അപ്‌ലോഡ് ചെയ്യുന്നത്. ആയതിനാൽ വാഹനത്തിന്റെ ന്യൂനതയുടെ ഉത്തരവാദിത്തം അതാതു വാഹന നിർമ്മാതാക്കളിൽ നിക്ഷിപ്തമാണ്.

(ഡി) പുതിയതായി രജിസ്റ്റർ ചെയ്യുന്ന ട്രാൻസ്പോർട്ട് വാഹനങ്ങൾക്ക് ഫിറ്റ്നസ് നൽകുന്ന നിലവിലെ രീതിയുടെ വിശദാംശം നൽകുമോ?

മോട്ടോർ വാഹന ചട്ടം 1988-ലെ സെക്ഷൻ 56-ൽ എല്ലാ ട്രാൻസ്‌പോർട്ട് വാഹനങ്ങൾക്കും ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമാണെന്ന് നിഷ്കർഷിച്ചിരിക്കുന്നു. കേന്ദ്ര മോട്ടോർ വാഹന നിയമം 1989-ലെ റൂൾ 62-ലാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകുന്നതിന്റെ കാലാവധിയും നടപടിക്രമങ്ങളും വിശദീകരിച്ചിരിക്കുന്നത്. നിയമം 62-ലെ സബ് റൂൾ - 1, പ്രൊവിഷൻ -1 ചുവടെ ചേർക്കുന്നു. " Provided that the renewal of a fitness certificate shall be made only after an inspecting officer or authorized testing stations as referred to in sub-section(1) of section 56 of the Act has carried the tests specified in the Table given." ഇതിൽ ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് പുതുക്കുവാൻ വാഹന പരിശോധന നിർബന്ധമാണെന്ന് പ്രതിപാദിക്കുന്നു. എന്നാൽ ഒരു വാഹനത്തിന് ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന നിർബന്ധമാണെന്ന് നിഷ്കർഷിക്കുന്നില്ല. ഇതേ സബ് റൂളിലെ പ്രൊവിഷൻ - 4 ചുവടെ ചേർക്കുന്നു. " Provided further that no fitness certification shall be required at the time of registration for new transport vehicle sold as fully built vehicle and such vehicle shall be deemed to be having certificate of fitness for a period of two years from the

date of registration" ഇതിൻ പ്രകാരം പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടി വില്പന നടത്തുന്ന വാഹനങ്ങൾക്ക് പ്രത്യേകമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് ആവശ്യമില്ല. എന്നാൽ ഫിറ്റ്നസ് സർട്ടിഫിക്കറ്റിന് രണ്ടുവർഷം കാലാവധിയുള്ളതായി കണക്കാക്കണമെന്നും നിഷ്കർഷിക്കുന്നു. മേൽ വിവരിച്ചിരിക്കുന്ന സാഹചര്യങ്ങളിൽനിന്നും പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങൾക്ക് ആദ്യമായി ഫിറ്റ്നസ്സ് സർട്ടിഫിക്കറ്റ് നൽകുന്നതിന് വാഹന പരിശോധന ആവശ്യമില്ല എന്നുള്ളത് നിയമാനുസൃതമാണ്. ക്യാബിൻ-ഷാസി മാത്രമായി വാങ്ങി ബോഡി ലോക്കലായി നിർമ്മിക്കപ്പെടുന്ന വാഹനങ്ങൾക്ക് നിലവിൽ വാഹന പരിശോധനയ്ക്കുശേഷം മാത്രമാണ് രജിസ്ട്രേഷനും ഒപ്പം ഫിറ്റ്നസ്സും നൽകുന്നത്.

(ഇ) സംസ്ഥാനത്ത് ട്രാൻസ്പോർട്ട് വാഹനങ്ങളിൽ പ്രത്യേക സംവിധാനങ്ങൾ എന്തെങ്കിലും പുതുതായി ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ കമ്പനികൾ നിർമ്മിക്കുന്ന ട്രാൻസ്പോർട്ട് വാഹനങ്ങളിൽ അവ പാലിക്കപ്പെടുന്നു എന്ന് ഉറപ്പാക്കുന്നതെങ്ങനെയെന്ന് വ്യക്തമാക്കുമോ?

ട്രാൻസ്പോർട്ട് വാഹനങ്ങളിൽ പ്രത്യേകമായി ഏർപ്പെടുത്തിയിരിക്കുന്ന സംവിധാനങ്ങൾ speed limiting device-ഉം Vehicle location tracking device-ഉം ആണ്. പുതുതായി രജിസ്റ്റർ ചെയ്യുന്ന വാഹനങ്ങളിൽ speed limiting device in built ആയിട്ടാണ് വാഹനം ലഭ്യമാകുന്നത്. ഈ വിവരം പ്രാഥമിക ഫിറ്റ്നസ്സ് രേഖയായ ഫോം.22-ൽ രേഖപ്പെടുത്തിയിട്ടുണ്ടോയെന്ന് പരിശോധിക്കേണ്ടതാണ്. Vehicle tracking device അതാത് രജിസ്റ്ററിംഗ് അതോറിറ്റിയെ സമീപിച്ച് ടാഗ് ചെയ്യേണ്ടതാണ്.

## ഇന്റലിജന്റ് ട്രാൻസ്പോർട്ട് സംവിധാനം

171 (2891) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ നഗരങ്ങളും പട്ടണങ്ങളും നേരിടുന്ന ഗതാഗത പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ അടിയന്തര നടപടികൾ സ്വീകരിക്കേണ്ട പ്രശ്നങ്ങൾ സംബന്ധിച്ച വിശദാംശം ജില്ല തിരിച്ച് ലഭ്യമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ജില്ലതിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) സിവിൽ നിർമ്മിതികൾക്ക് പകരം ഇന്റലിജന്റ് ട്രാൻസ്പോർട്ട് ആണ് പല രാജ്യങ്ങളും നടപ്പാക്കിവരുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിലും ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. ടി പദ്ധതി നടപ്പിലാക്കുന്നതിലേയ്ക്കായി കേരള യൂണിവേഴ്സിറ്റി ഓഫ് ഡിജിറ്റൽ സയൻസസ് ഇന്നോവേഷൻ ആൻഡ് ടെക്നോളജി (KUDSIT) എന്നിവയ്ക്ക് 15-6-2021-ൽ വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

(സി) ഇന്റലിജന്റ് ട്രാൻസ്പോർട്ട് സംവിധാനം സംസ്ഥാനത്ത് നടപ്പാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിക്കുന്ന നടപടികൾ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉദ്ദേശിക്കുന്നുണ്ട്. കെ.എസ്.ആർ.ടി.സി.യിൽ ഇന്റലിജന്റ് ട്രാൻസ്പോർട്ട് മാനേജ്മെന്റ് സിസ്റ്റം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പൊതു ജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി M/s. KUDSIT-ന് 15-6-2021-ന് വർക്ക് ഓർഡർ നൽകി നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുപൂർണ്ണമായും നടപ്പിലാക്കി കഴിയുമ്പോൾ ലഭ്യമാകുന്ന സേവനങ്ങൾ ചുവടെ ചേർക്കുന്നു.

(a) <u>പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം (PIS)</u>:

Artificial Intelligence ഉപയോഗിച്ച് പ്രവർത്തിക്കുന്ന പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം നടപ്പിലാക്കി യാത്രക്കാർക്ക് റൂട്ടുകളെക്കുറിച്ചും ഷെഡ്യൂളുകളെക്കുറിച്ചുമുള്ള വിവരങ്ങൾ യഥാസമയം ലഭ്യമാക്കാൻ സാധിക്കും. IOS, Android Platform-കളിൽ ടി ആപ്ലിക്കേഷൻ ലഭ്യമാക്കും.

(b) <u>ഫ്ളീറ്റ് മാനേജ്മെന്റ് സിസ്റ്റം</u>:

കെ.എസ്.ആർ.ടി.സി.-യുടെ ദിവസേനയുള്ള ഓപ്പറേഷൻസ് കാര്യക്ഷമത ഉയർത്താൻ സാധിക്കുമെന്നും ജീവനക്കാരുടെയും ബസിന്റെയും വിവരങ്ങൾ ശേഖരിച്ച് Artificial Intelligence ഉപയോഗിച്ച് Decision Support System നടപ്പിലാക്കാൻ സാധിക്കും. ഇതിലെ പ്രധാന ഘടകങ്ങൾ ചുവടെ ചേർക്കുന്നു :

i. <u>വാഹനങ്ങളുടെ തൽസമയ ട്രാക്കിംഗ്</u> -

AIS 140 ജി.പി.എസ്. ഉപയോഗിച്ച് ബസ്സുകൾ യഥാസമയം ട്രാക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

ii. <u>ഇ.ടി.എം. ഡാറ്റ മാനേജ്മെന്റ്</u> -

ടി സംവിധാനം ഇ.ടി.എം.-മായി ബന്ധിപ്പിക്കുന്നതുവഴി സർവ്വീസ് അടിസ്ഥാനത്തിലുള്ള കളക്ഷൻ, യാത്രക്കാരുടെ എണ്ണം എന്നിവയെല്ലാം ഏകോപിപ്പിച്ച് മാനേജ്മെന്റിന് ആവശ്യമായ റിപ്പോർട്ടുകൾ ലഭ്യമാക്കാൻ സാധിക്കും.

iii. <u>മെഷീൻ ലേണിംഗ് ഉപയോഗിച്ച് റൂട്ട് ആസൂത്രണവും ഷെഡ്യൂളിംഗും</u> -

ടി ഡാറ്റ ഉപയോഗിച്ച് ബസുകളുടെ പെർമിറ്റ് വിവരങ്ങൾ, റൂട്ട്, വേ പോയിന്റ്സ്, ലൊക്കേഷൻസ്, യാത്രാ സമയം എന്നിവ കണക്കാക്കി ടൈം ഷെഡ്യൂൾ ലഭ്യമാക്കും. ബസുകളുടെ പെർമിറ്റ് മാനേജ്മെന്റ്, ബസ് ബഞ്ചിംഗ്, ഏറ്റവും കളക്ഷനുള്ള റൂട്ട് എന്നിവ കണ്ടെത്തി ലഭ്യമാക്കും.

iv. <u>റോസ്റ്ററിംഗ് ആന്റ് ക്രൂ മാനേജ്മെന്റ്</u> -

ടി പദ്ധതിവഴി ജീവനക്കാരുടെ വിവരങ്ങൾ, ഡ്യൂട്ടി, ദീർഘകാല ഡ്യൂട്ടി പ്ലാനിംഗ്, ലീവ്, ട്രെയിനിംഗ്, ലോഗ് ബുക്ക് എന്നിവയും ജീവനക്കാർക്ക് യഥാസമയം എസ്.എം.എസ്. ലഭ്യമാക്കൽ. ഓവർ ടൈം കാൽക്കുലേഷൻ, ഇൻസെന്റീവ് സിസ്റ്റം എന്നിവ നടപ്പിലാക്കാൻ സാധിക്കുകയും ചെയ്യും.

v. <u>ഫ്യുവൽ മാനേജ്മെന്റ് സിസ്റ്റം</u> -

ടി സംവിധാനം ഇൻഡ്യൻ ഓയിൽ കോർപ്പറേഷനുമായി സഹകരിച്ച് ബസിൽ അടിച്ച ഡീസലിന്റെ അളവ്, മൈലേജ്, ഓപ്പറേറ്റ് ചെയ്ത കി.മീറ്റർ, ഓപ്പറേറ്റ് ചെയ്ത സമയം എന്നിവ ലഭ്യമാക്കാൻ സാധിക്കും.

(c) <u>കേന്ദ്രീകൃത കൺട്രോൾ മാനേജ്മെന്റ് സിസ്റ്റം:</u>

i. <u>കേന്ദ്രീകൃത ക്രൂ മാനേജ്മെന്റ് സിസ്റ്റം</u> -

ടി പദ്ധതി ഉപയോഗിച്ച് കെ.എസ്.ആർ.റ്റി.സി.-യുടെ മുഴുവൻ ജീവനക്കാരെയും ഒരു കേന്ദ്രീകൃത പ്ലാറ്റ്ഫോമിൽ ഉൾക്കൊള്ളിച്ച് കാര്യക്ഷമമായ ഓപ്പറേഷൻസ് നടത്തുവാൻ സാധിക്കും.

ii. വയലേഷൻ, ആക്സിഡന്റ് അലർട്സ് ട്രാഫിക് വയലേഷൻസ്, ആക്സിഡൻസ്, എന്നിവ സംബന്ധിച്ച തത്സമയ വിവരങ്ങൾ കേന്ദ്രീകൃത കൺട്രോൾ റൂമിൽ ലഭ്യമാക്കി ആവശ്യമായ നടപടികൾ ഉടനടി സ്വീകരിക്കുവാൻ സാധിക്കുന്നതാണ്.

iii. Artificial Intelligence ഉപയോഗിച്ച് Decision Support System നടപ്പിലാക്കാൻ സാധിക്കും.

d. ഡൈനാമിക്ക് MIS ഡാഷ് ബോർഡ് ആന്റ് ഡിസിഷൻ ടൂൾ:

ഡൈനാമിക്ക് MIS ഡാഷ് ബോർഡിലുള്ള എല്ലാ മോഡ്യൂളുകളും സംയോജിപ്പിച്ച് വിവിധതരം റിപ്പോർട്ടുകൾ ലഭ്യമാക്കാൻ സാധിക്കും.

**കൊച്ചി മെട്രോപൊളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി**

172(2892) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി എന്ന് മുതലാണ് നിലവിൽ വന്നത് എന്നും നാളിതുവരെ അവർ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും വ്യക്തമാക്കുമോ?

കേരള മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ആക്ട് (2019-ലെ 25)-ലെ 3-ാം വകുപ്പുപ്രകാരം നൽകിയ അധികാരങ്ങൾ വിനിയോഗിച്ചുകൊണ്ട് കേരള സർക്കാർ കൊച്ചി കോർപ്പറേഷൻ പരിധിയിലെ പ്രദേശങ്ങൾ ഉൾക്കൊള്ളുന്ന അർബൻ മൊബിലിറ്റി പ്രദേശത്തിനുവേണ്ടി 30-10-2020-ലെ സ.ഉ(അച്ചടി) നമ്പർ 57/2020/ ഗതാഗതം (SRO. No.757/2020) പ്രകാരം കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി രൂപീകരിച്ചു. 1-11-2020 മുതൽ പ്രസ്തുത അതോറിറ്റി പ്രാബല്യത്തിൽ വന്നിട്ടുള്ളതാണ്. 22-1-2021-ൽ ചേർന്ന KMTA-യുടെ പ്രഥമ ബോർഡ് യോഗം കൊച്ചിയിലെ സംയോജിത ഗതാഗത പദ്ധതികളുടെ സുഗമവും സമയബന്ധിതവുമായ നടത്തിപ്പിനായി വിവിധ തീരുമാനങ്ങൾ കൈക്കൊള്ളുകയും ഇതിനായുള്ള പ്രവർത്തനങ്ങൾ നടത്തിവരികയുമാണ്. വൈപ്പിനിൽനിന്നും കൊച്ചിയിലേയ്ക്ക് ബസ്സുകളുടെ പ്രവേശനം സംബന്ധിച്ച് പഠിക്കുന്നതിനായി NATPAC-നെ ചുമതലപ്പെടുത്തിയിട്ടുള്ളതാണ്. കൊച്ചി മെട്രോ റെയിൽ ലിമിറ്റഡ് (KMRL)-ൽ പ്രവർത്തിച്ചിരുന്ന Urban Mobility Transport Authority (UMTA)-യുടെ തുടർപ്രവർത്തനങ്ങളിൽ ഇപ്പോൾ കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റി ശ്രദ്ധ ചെലുത്തി വരുന്നു. 23.-7-2021-ൽ കൊച്ചി ഓപ്പൺ മൊബിലിറ്റി നെറ്റ്‌വർക്ക് (KOMN)-ന്റെ ഉദ്ഘാടനം, യാത്രി ആപ്പിന്റെ പ്രകാശനം ഉൾപ്പടെയുള്ള പ്രവർത്തനങ്ങൾ നിർവ്വഹിച്ചു.

(ബി) പ്രസ്തുത അതോറിറ്റിക്ക് നാളിതുവരെ ലഭ്യമായ ഫണ്ടും പിഴയിനത്തിൽ ഈടാക്കിയ തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

കൊച്ചി മെട്രോപോളിറ്റൻ ട്രാൻസ്പോർട്ട് അതോറിറ്റിയുടെ 2020-21-ലെ പ്രവർത്തനങ്ങൾക്കായി സംസ്ഥാന ബഡ്ജറ്റിൽ 2.5 കോടി രൂപ വകയിരുത്തിയിരുന്നു. 29-12-2020-ലെ സ.ഉ.(സാധാ) നമ്പർ 455/2020/ഗതാ. നമ്പർ ഉത്തരവ് പ്രകാരം 44,54,324 രൂപ 5075-60-800-62 എന്ന ഹെഡ് ഓഫ് അക്കൗണ്ടിൽ അതോറിറ്റിയുടെ പ്രാരംഭ ചെലവുകൾക്കായി അനുവദിച്ചിട്ടുണ്ട്. അതോറിറ്റി ഇതുവരെ പിഴയിനത്തിൽ യാതൊരു തുകയും സമാഹരിച്ചിട്ടില്ല.

**എടത്വയിൽനിന്നും ഇന്റർസ്റ്റേറ്റ് സർവ്വീസ് ആരംഭിക്കാൻ നടപടി**

173 (2893) <u>ശ്രീ. തോമസ് കെ. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വയിൽനിന്നും അന്തർ സംസ്ഥാന ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

അയൽ സംസ്ഥാനങ്ങളുമായി രൂപീകരിക്കുന്ന അന്തർ സംസ്ഥാന കരാറുകളിലെ വ്യവസ്ഥകൾക്കനുസരിച്ചാണ് കെ.എസ്.ആർ.ടി.സി. അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തിവരുന്നത്. നിലവിലെ കരാറുകളിൽ എടത്വ ഡിപ്പോയിൽനിന്ന് അന്തർ സംസ്ഥാന റൂട്ടുകളിലേയ്ക്ക് സർവ്വീസ് നടത്തുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ലാത്തതിനാൽ പ്രസ്തുത ഡിപ്പോയിൽനിന്നും അന്തർ സംസ്ഥാന സർവ്വീസുകൾ ആരംഭിക്കുന്നകാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി) എടത്വ, ചക്കുളത്തുകാവ് തീർത്ഥാടന കേന്ദ്രങ്ങളെ ബന്ധിപ്പിച്ച് കൂടുതൽ ബസ് സർവീസുകൾ ആരംഭിക്കാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

നിലവിൽ എടത്വ ഡിപ്പോയിൽനിന്നും ചക്കുളത്തുകാവ്, തിരുവല്ല, കോട്ടയം, തൃശ്ശൂർ വഴി ഗുരുവായൂരിലേയ്ക്ക് സർവ്വീസ് ഓപ്പറേറ്റ് ചെയ്യുന്നുണ്ട്. പാറശ്ശാല ഡിപ്പോയിൽനിന്നും തിരുവനന്തപുരം, കൊല്ലം, എടത്വ വഴി ചക്കുളത്തുകാവിലേയ്ക്ക് സർവ്വീസുണ്ട്. കൂടാതെ ആലപ്പുഴ, തിരുവല്ല, എടത്വ, ഹരിപ്പാട് എന്നിവിടങ്ങളിൽനിന്നും ചക്കുളത്തുകാവ് വഴി നിരവധി സർവ്വീസുകൾ ഇപ്പോൾ നടത്തുന്നുണ്ട്. കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി സമർപ്പിക്കുന്ന റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പരിശോധിക്കുന്നതാണ്.

**പൊതു യാത്രാവാഹനങ്ങളെ ആശ്രയിക്കുന്നതിന് നടപടി**

174 (2894) <u>ശ്രീ. സി. ആർ. മഹേഷ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പൊതു യാത്രാവാഹനങ്ങളെ കൂടുതലായി ആശ്രയിക്കുകയും അപ്രകാരം ഇന്ധനത്തിന്റെ ഉപയോഗവും വാഹനാപകടങ്ങളും കുറയ്ക്കുകയും ചെയ്യുന്നതിനുവേണ്ടി എന്തൊക്കെ പരിപാടികൾ സർക്കാർ നടത്തിവരുന്നുണ്ട്; വിശദീകരിക്കുമോ?

വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ് മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ക്ലാസ് A/C സർവ്വീസുകളിലും ജൻറം A/C ബസുകളിലും മൾട്ടി ആക്സിൽ ബസ്സുകളിലും യാത്രക്കാരെ കൂടുതലായി ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് നിരക്ക് വർദ്ധനയുടെ ഭാരം ലഘൂകരിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ കേരളത്തിനുള്ളിൽ സൂപ്പർ ഫാസ്റ്റ് മുതലുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ 3-11-2020 മുതൽ 25 ശതമാനവും 25-11-2020 മുതൽ ലോഫ്ളോർ A/C സർവ്വീസുകൾക്ക് 25 ശതമാനവും 10-2-2021 തീയതിയായി മൾട്ടിആക്സിൽ A/C സർവ്വീസുകൾക്ക് 30 ശതമാനവും യാത്രാ ചാർജ്ജിൽ നിരക്കിളവ് നൽകിയിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യിൽ വാഹനാപകടം കുറയ്ക്കുന്നതിന്റെ ഭാഗമായി ക്രൂ ചെയിഞ്ച് സംവിധാനം നടപ്പിലാക്കുകയും ക്രൂവിന് മതിയായ വിശ്രമം ലഭ്യമാക്കുകയും ഡ്രൈവർമാർക്ക് പരിശീലനം നൽകിവരുകയും ചെയ്യുന്നു. കെ.എസ്.ആർ.ടി.സി.യിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സോണുകളായി തരംതിരിച്ച് ഫ്യൂൽ സെൽ ഡിവിഷൻ പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടപ്പിലാക്കിവരുന്നു. ഫ്യൂവൽ സെല്ലിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഡിപ്പോതലത്തിൽ ഇന്ധനക്ഷമത കുറവുള്ള ബസ്സുകൾ കണ്ടെത്തി പരിഹാര നടപടികൾ സമയബന്ധിതമായി നടപ്പിലാക്കിപ്പോരുന്നു. ഇതോടൊപ്പംതന്നെ ഡിപ്പോതലത്തിൽ ഡ്രൈവർമാർക്ക് കൃത്യമായ ഇടവേളകളിൽ ഇന്ധനക്ഷമത വർദ്ധിപ്പിക്കുന്നതിനുള്ള പരിശീലനങ്ങൾ, കൗൺസിലിംഗ് എന്നിവ നൽകിപ്പോരുന്നു. കൂടാതെ പൊതുമേഖലാ എണ്ണ കമ്പനികളുടെ സഹകരണത്തോടെ ഡിപ്പോകളിലെ ഡീസൽ പമ്പുകളിൽ ഓട്ടോമൈസേഷൻ നടപടികൾ പുരോഗമിക്കുന്നു. ഇതുവഴി ബസുകളിൽ നിറയ്ക്കുന്ന ഡീസൽ, ഉപഭോഗം, ഇന്ധനക്ഷമത എന്നിവ നേരിട്ട് ഓൺലൈനായി ലഭിക്കുന്നതിനുള്ള സൗകര്യമുണ്ട്. ഇത്തരത്തിലുള്ള പ്രവർത്തനങ്ങളുടെ ഫലമായി കെ.എസ്.ആർ.ടി.സി ബസുകളുടെ ഇന്ധനക്ഷമത ഉയർത്തുവാൻ സാധിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി M/s. KUDSIT-നെ ഏല്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുപൂർണ്ണമായും നടപ്പിലാക്കിക്കഴിയുമ്പോൾ ബസ് utilization, mileage, service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാനും സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ്

വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കിക്കഴിയുമ്പോൾ തത്സമയം ഓരോ ട്രിപ്പിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ ട്രിപ്പുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയതുവഴി ടി ട്രിപ്പ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. കെ.എസ്.ആർ.ടി.സി. ബസ്സുകൾമൂലമുണ്ടാകുന്ന വാഹനാപകടങ്ങൾ കുറയ്ക്കുന്നതിനായി കെ.എസ്.ആർ.ടി.സി. ഉദ്യോഗസ്ഥരും SCT എഞ്ചിനീയറിംഗ് കോളേജ്, ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെന്റ്, നാറ്റ്പാക് എന്നിവിടങ്ങളിൽ നിന്നുള്ള പ്രതിനിധികളെയും ഉൾപ്പെടുത്തി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റി യോഗം ചേർന്ന് അപകടങ്ങൾ കുറയ്ക്കുന്നതിനുള്ള നടപടികൾ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ പരിഹാര നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു. ഇതിനുപുറമേ അപകടങ്ങൾ കുറയ്ക്കുന്നതിലേയ്ക്കായി റോഡ് സേഫ്റ്റി ആൻഡ് ആക്സിഡന്റ് റിഡക്ഷൻ എന്ന ഒരു പ്രോജക്ട് നടപ്പിലാക്കുന്നതിനായി ഒരു വിശദമായ പ്രൊപ്പോസലും ആയതിലേയ്ക്കായി 42 കോടി രൂപയുടെ ഫണ്ടും അനുവദിക്കുന്നതിലേയ്ക്കായി കേരള റോഡ് ഫണ്ട് ബോർഡിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്.

**പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ**

175 (2895) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷന് ആധാർ നിർബന്ധിത തിരിച്ചറിയൽ രേഖയായി നിഷ്കർഷിക്കുന്നുണ്ടോ?

പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷനുവേണ്ടി ആധാർ ഒരു തിരിച്ചറിയൽ രേഖയായി സ്വീകരിക്കാമെങ്കിലും നിർബന്ധിത തിരിച്ചറിയൽ രേഖയായി നിഷ്കർഷിച്ചിട്ടില്ല.

(ബി) പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ നടപടികൾ ഇപ്പോൾ വാഹന ഷോറൂമുകളിൽ നിന്നുതന്നെ പൂർത്തീകരിക്കപ്പെടുന്നുണ്ടോ; വിശദമാക്കാമോ?

പുതിയ വാഹനങ്ങൾക്ക് രജിസ്ട്രേഷനുള്ള അപേക്ഷയും ഫീസ്, ടാക്സ് തുടങ്ങിയവയും ഡീലർ ഓൺലൈൻ മുഖാന്തരം സമർപ്പിക്കുന്നു. കൂടാതെ മേൽവിലാസത്തിനുള്ള തെളിവ് തുടങ്ങിയ രേഖകൾ ഡീലർ ഓൺലൈനായി അപ്‌ലോഡ് ചെയ്യുന്നു. പൂർണ്ണമായും ഫാക്ടറി നിർമ്മിത ബോഡിയോടുകൂടിയ വാഹനങ്ങൾക്ക് വാഹന പരിശോധനയോ നേരിട്ടുള്ള അപേക്ഷയോ കൂടാതെ ഓൺലൈനായി ലഭ്യമായ അപേക്ഷയുടെയും രേഖകളുടെയും അടിസ്ഥാനത്തിൽ അതാത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്/സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസുകളിൽനിന്ന് മോട്ടോർ വാഹന നിയമം സെക്ഷൻ 41 (6) പ്രകാരം രജിസ്ട്രേഷൻ നമ്പർ അനുവദിക്കുന്നു. ഇത് എസ്.എം.എസ്. മുഖേന ഉടമയെ അപ്പപ്പോൾത്തന്നെ അറിയിക്കുകയും ചെയ്യുന്നു. ' ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റ്' ഡീലർ വാഹനത്തിൽ ഘടിപ്പിച്ചതിനുശേഷം മാത്രമേ വാഹനം വാങ്ങിയ ആൾക്ക് നൽകുവാൻ പാടുള്ളൂ. ഹൈ സെക്യൂരിറ്റി നമ്പർ പ്ലേറ്റിന്റെ വിവരങ്ങൾ ഡീലർ അപ്‌ലോഡ് ചെയ്യുന്നതിനനുസരിച്ച് വാഹൻ സോഫ്റ്റ്‌വെയറിൽനിന്ന് രജിസ്ട്രേഷൻ സർട്ടിഫിക്കറ്റ് പ്രിന്റ് ലഭ്യമാവുകയും ഉടമയ്ക്ക് അയച്ചുനൽകുകയും ചെയ്യുന്നു.

(സി) സംസ്ഥാനത്ത് താൽക്കാലിക രജിസ്ട്രേഷൻ രീതി ഇപ്പോൾ നിലവിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കേരള മോട്ടോർ വാഹന നിയമം, റൂൾ 95 പ്രകാരം ഫാൻസി രജിസ്ട്രേഷൻ നമ്പർ റിസർവ് ചെയ്യുന്നതിനായി താൽകാലിക രജിസ്ട്രേഷൻ ആവശ്യമാണ്. രജിസ്ട്രേഷൻ നമ്പർ റിസർവ് ചെയ്യേണ്ടുന്ന വാഹനങ്ങൾക്കും കൂടാതെ ബോഡി നിർമ്മാണം ആവശ്യമായിവരുന്ന വാഹനങ്ങൾക്കും നമ്മുടെ സംസ്ഥാനത്തെ ഡീലർമാർ ഇതര സംസ്ഥാനത്തെ പൗരന്മാർക്ക് വിൽപ്പന നടത്തുന്ന വാഹനങ്ങൾക്കും താൽക്കാലിക രജിസ്ട്രേഷൻ അനുവദിക്കുന്നുണ്ട്.

**സേഫ് കേരള പദ്ധതി**

176 (2896) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സേഫ് കേരള പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉണ്ട്. റോഡപകടങ്ങൾ ഒഴിവാക്കി സുരക്ഷിത യാത്ര ഉറപ്പാക്കുക എന്ന പ്രധാന ലക്ഷ്യത്തോടെ കേരള റോഡ് സുരക്ഷാ അതോറിറ്റിയുടെ സഹകരണത്തോടെ മോട്ടോർ വാഹന വകുപ്പ് നടപ്പാക്കുന്ന ബൃഹത് പദ്ധതിയാണ് "സേഫ് കേരള

പദ്ധതി". ഓരോ ജില്ലയിലും എൻഫോഴ്സ്മെന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറുടെ നേതൃത്വത്തിൽ ഓരോ താലൂക്കിലും ഒരു സ്ക്വാഡ് എന്ന ക്രമത്തിൽ 7x24 രീതിയിൽ 85 സ്ക്വാഡുകൾ റോഡ് നിരീക്ഷണവും വാഹന പരിശോധനയും നടത്തിവരുന്നു. 4-6-2018-ലെ സ.ഉ. (കൈ) നമ്പർ 42/2018/ഗതാഗതം, 16-6-2018-ലെ സ.ഉ. (കൈ) നമ്പർ 44/2018/ഗതാഗതം എന്നിവ പ്രകാരം സേഫ് കേരള പദ്ധതിയുടെ നടത്തിപ്പിനായി 10 ആർ.റ്റി.ഒ, 65 എം.വി.ഐ., 187 എ.എം.വി.ഐ എന്നിവരുടെ അധിക തസ്തികകൾ മോട്ടോർ വാഹന വകുപ്പിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇതിനു പുറമേ മോട്ടോർ വാഹന വകുപ്പ് കണ്ടെത്തിയ 14 സ്ഥലങ്ങളിൽ കൺട്രോൾ റൂമുകൾ സ്ഥാപിക്കുന്നതിന് 13-12-2018-ലെ സ.ഉ. (കൈ) നമ്പർ 70/2018/ഗതാഗതം എന്ന ഉത്തരവുവഴി മോട്ടോർ വാഹന വകുപ്പിന് അനുമതി നൽകിയിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതിക്കായി നാളിതുവരെ ലഭ്യമാക്കിയ ഉപകരണങ്ങളുടേയും വാഹനങ്ങളുടേയും മറ്റുള്ളവയുടേയും വിശദവിവരം അറിയിക്കുമോ?

റഡാറുകൾ ഘടിപ്പിച്ച Interceptor- 17, Alcometer- 87, Wheel clamp- 140, Rain coat - 358, Batten light- 191, Metal body torch - 86, Collar light- 50, Reflective jacket-377, Umbrella- 87 എന്നിവയാണ് സേഫ് കേരള പദ്ധതിക്കായി നാളിതുവരെ ലഭ്യമാക്കിയ വാഹനങ്ങളും ഉപകരണങ്ങളും. 105 വാഹനങ്ങൾ അതിൽ 71 ഇലക്ട്രിക് വാഹനങ്ങളും 17 ഇന്റർസെപ്റ്റർ വാഹനങ്ങളും ഉൾപ്പെടുന്നു.

(സി) പ്രസ്തുത പദ്ധതിയനുസരിച്ച് എട്ട് മണിക്കൂർ ഷിഫ്റ്റിൽ ഒരു അസിസ്റ്റന്റ് മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർ ആണ് ഡ്യൂട്ടി നോക്കുന്നത് എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഇരുപത്തിനാല് മണിക്കൂർ എൻഫോഴ്സ്മെന്റ് പ്രാബല്യത്തിലാക്കുന്നതിനായി ആവശ്യമായ ഉദ്യോഗസ്ഥരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ?

(സി & ഡി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അനുവദിക്കപ്പെട്ടിട്ടുള്ള ഉദ്യോഗസ്ഥരെ ഉപയോഗിച്ച് 24 മണിക്കൂറും സ്ക്വാഡുകളുടെ സാന്നിധ്യം ഉറപ്പുവരുത്തുന്നു.

(ഇ) സംസ്ഥാനത്ത് 2020-21 വർഷത്തിൽ എത്ര വാഹന അപകടങ്ങൾ ഉണ്ടായിട്ടുണ്ടെന്നും ഇവയിൽ പരിക്കേറ്റവർ എത്രയെന്നും മരണപ്പെട്ടവർ എത്രയെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് 2020-ൽ 27,877 അപകടങ്ങളുണ്ടായിട്ടുണ്ട്. അതിൽ 30,510 പേർക്ക് പരിക്കേൽക്കുകയും 2,979 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. 2021 വർഷത്തിൽ ആദ്യത്തെ ആറുമാസത്തെ റിപ്പോർട്ടുപ്രകാരം 16,203 അപകടങ്ങളുണ്ടാകുകയും അതിൽ 17,915 പേർക്ക് പരിക്ക് പറ്റുകയും 1723 പേർ മരണമടയുകയും ചെയ്തതായി SCRB-യുടെ റിപ്പോർട്ടിൽ പറയുന്നു. 2020 വർഷത്തിലും 2021 ജൂൺ മാസം വരെയുള്ള റോഡപകടങ്ങളുടെ വിവരങ്ങൾ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു*.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വർദ്ധിച്ചുവരുന്ന വാഹന അപകടങ്ങൾ

177 (2897) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹന അപകടങ്ങൾ വർദ്ധിച്ചുവരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വാഹന അപകടങ്ങൾ കുറയ്ക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

വാഹന അപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ

1. സേഫ് കേരള:

കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതി യാണ് "സേഫ് കേരള പദ്ധതി".

2. ശബരിമല സേഫ് സോൺ:- ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "ശബരിമല സേഫ് സോൺ പദ്ധതി".

3. ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ:

മുൻവർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്തെ ഏറ്റവും അപകട സാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തു ന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി നാറ്റ്പാക്ക് മുഖാന്തരം പഠനം നടത്തിവരുന്നു. റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള SCCoRS-യുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ്-പൊതുമരാമത്ത്-മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാര നിർദ്ദേശങ്ങൾ നാറ്റ്പാക്ക് മുഖാന്തരം ക്രോഡീകരിച്ച്, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്യുന്നു.

4. മാതൃകാ സുരക്ഷാ വീഥി:

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി.

ചലഞ്ച് ഫണ്ടുപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്. റ്റി.പി.-ക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

(i) എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം)

(ii) കൊട്ടിയം-കുണ്ടറ

(iii) മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം

(iv) പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട്.

5. ബോധവൽക്കരണ പരിപാടികൾ:

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം, ഓൾ ഇന്ത്യ റോഡിയോക ളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ ബോധവൽക്കരണ ക്ലാസ്സുകൾ, സ്കൂൾ/കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസ്സുകൾ, അച്ചടി-ഇലക്ട്രോണിക്ക് മാധ്യമങ്ങ ളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തിവരുന്നു.

6. റോഡ് സുരക്ഷാ മാസാചരണം:- റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനുമുതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/ പരിശീലന പരിപാടികൾ, കാഴ്ച കുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന ബോർഡുകൾ/ഫ്ലക്സുകൾ എന്നിവ നീക്കംചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ജനുവരി-18 മുതൽ ഫെബ്രുവരി 17 വരെ ആയിരുന്നു.

7. അപകട മേഖലകളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നത്:- റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീം കോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ മലയോരപാതകളിലും ജലാശയങ്ങളോട് ചേർന്നുള്ള പാതകളിലും മറ്റ് അപകടമേഖലയുള്ള പാതകളിലും അടിയന്തരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. നിലവിൽ ക്രാഷ് ബാരിയർ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാ ക്രമത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ 14.88 കോടി രൂപ പൊതുമരാമത്ത് വകുപ്പിന് അനുവദിച്ചിട്ടുണ്ട്.

8. സ്കൂൾ സുരക്ഷാ മേഖല:- കുട്ടികൾക്ക് സ്കൂളിലേയ്ക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "സേഫ് സ്കൂൾ സോൺ". സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനുംവേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവിടങ്ങളിലാവശ്യമായ സൈൻ ബോർഡുകളും മാർക്കിംഗുകളും നടപ്പിലാക്കുന്നതിനാണ് ടി പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

**വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിനുള്ള പ്രവർത്തനങ്ങൾ**

178 (2898) ശ്രീ. എം. എം. മണി:
ശ്രീ. സി. കെ ഹരീന്ദ്രൻ:
ശ്രീ. എം. നൗഷാദ്:
ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വാഹനാപകടങ്ങൾ കുറച്ചുകൊണ്ടുവരുന്നതിന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളുടെ വിശദാംശം ലഭ്യമാക്കുമോ?

വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. സേഫ് കേരള :

കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് "സേഫ് കേരള പദ്ധതി".

2. ശബരിമല സേഫ് സോൺ :

ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "ശബരിമല സേഫ് സോൺ പദ്ധതി".

3. ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ :

മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച് സംസ്ഥാനത്തെ ഏറ്റവും അപകട സാധ്യതകൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, നാറ്റ്പാക്ക് മുഖാന്തരം പഠനം നടത്തിവരുന്നു. റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള SCCoRS-യുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ് - പൊതുമരാമത്ത് - മോട്ടോർ വാഹന വകുപ്പുകളുടെ സഹായത്തോടെ പരിശോധന നടത്തി പരിഹാര നിർദ്ദേശങ്ങൾ നാറ്റ്പാക്ക് മുഖാന്തരം ക്രോഡീകരിച്ച്, റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കി വരികയാണ്.

4. മാതൃകാ സുരക്ഷാ വീഥി :

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി.

കൂടാതെ ചലഞ്ച് ഫണ്ടുപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികൾ നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.ക്ക് അയച്ചു കൊടുത്തിട്ടുണ്ട്.

(i) എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം)

(ii) കൊട്ടിയം-കുണ്ടറ

(iii) മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം

(iv) പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട്

5. ബോധവൽക്കരണ പരിപാടികൾ -

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം, ഓൾ ഇന്ത്യ റോഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡു സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തിവരുന്നു.

6. റോഡ് സുരക്ഷാ മാസാചരണം :

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനു മുതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/ പരിശീലന പരിപാടികൾ, കാഴ്ച മറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന ബോർഡുകൾ/ ഫ്ലക്സുകൾ/ ഹോർഡിംഗുകൾ എന്നിവ നീക്കംചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു.

7. അപകട മേഖലകളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നത് :

റോഡ് സുരക്ഷയ്ക്കായുള്ള സുപ്രീം കോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ മലയോരപാതകളിലും ജലാശയങ്ങളോടുചേർന്നുള്ള പാതകളിലും മറ്റു അപകടമേഖലയുള്ള പാതകളിലും അടിയന്തരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗത്തിന് നിലവിൽ ക്രാഷ് ബാരിയർ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാക്രമത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ 14.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

8. സ്കൂൾ സുരക്ഷാ മേഖല :

കുട്ടികൾക്ക് സ്കൂളിലേയ്ക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് സേഫ് സ്കൂൾ സോൺ. സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനുംവേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവടങ്ങളിലാവശ്യമായ സൈൻ ബോർഡുകളും മാർക്കിംഗുകളും നടപ്പിലാക്കുന്നതിനാണ് ടി പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

9. <u>നിയമലംഘനങ്ങൾക്കെതിരെയുള്ള നടപടികൾ</u> :

ട്രാഫിക് നിയമലംഘന ങ്ങൾക്കെതിരെ സുശക്തവും കാര്യക്ഷമവുമായ വാഹന പരിശോധന നടത്തിവരുന്നു. ഹെൽമറ്റ്, സീറ്റ് ബെൽറ്റ് എന്നിവ ഉപയോഗിക്കാതെ വാഹനം ഓടിക്കുന്നവർക്കും വാഹനം ഓടിക്കുമ്പോൾ മൊബൈൽ ഫോൺ ഉപയോഗിക്കുന്നവർക്കും മദ്യപിച്ച് വാഹനമോടിക്കുന്നവർക്കും അലക്ഷ്യവും അപകടകരമായി വാഹനം ഓടിക്കുന്നവർക്കും എതിരെ ശക്തമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) അതിന്റെ ഫലമായി വാഹനാപകടങ്ങളും മരണങ്ങളും എത്രമാത്രം കുറച്ചുകൊണ്ടുവരുന്നതിന് സാധിച്ചിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ; സംസ്ഥാനത്തെ നിലവിലെ വാഹനാപകടങ്ങളുടേയും അവമൂലമുള്ള മരണങ്ങളുടേയും നിരക്ക് ദേശീയ ശരാശരിയുമായി താരതമ്യം ചെയ്തിട്ടുണ്ടോ?

2019-ൽ 41111 അപകടങ്ങളും 4440 മരണങ്ങളും 46055 പേർക്ക് പരിക്ക് പറ്റുകയുമുണ്ടായി. 2020-ൽ 27877 അപകടങ്ങളും 2979 അപകട മരണങ്ങളും 30510 പേർക്ക് പരിക്കേൽക്കുകയും ചെയ്തിരുന്നു. 2021 മെയ് മാസം വരെ 14763 അപകടങ്ങളിലായി 1543 പേർക്ക് ജീവഹാനിയും 16476 പേർക്ക് പരിക്കും പറ്റിയിട്ടുണ്ട്. ഇതിൽനിന്നും റോഡപകടങ്ങളുടെ എണ്ണം അതുമൂലമുള്ള മരണം എന്നിവ കുറവു വന്നിട്ടുള്ളതായി കാണാം. പിഴത്തുക വർദ്ധിപ്പിച്ചത് വാഹന പരിശോധനാ റോഡ് സുരക്ഷാ പ്രവർത്തനങ്ങൾ എന്നിവ മോട്ടോർ വാഹന വകുപ്പിന്റെ Safe Kerala പദ്ധതിയുടെ ഭാഗമായി കർശനമായി നടത്തിവരുന്നതും വാഹനാപകടങ്ങളും മരണവും കുറയാൻ കാരണമായിട്ടുണ്ട്. 2016-19 വർഷത്തെ ദേശീയശരാശരിയുമായി താരതമ്യം ചെയ്യുന്ന റോഡപകട സ്ഥിതിവിവര കണക്കുകൾ അനുബന്ധമായി ചേർക്കുന്നു*.

(സി) കേന്ദ്ര സർക്കാർ ഡ്രൈവിംഗ് ലൈസൻസ് ടെസ്റ്റ് നടത്തുന്നതിനുള്ള ഉത്തരവാദിത്തം സ്വകാര്യ സ്ഥാപനങ്ങൾക്ക് നൽകുന്നതുവഴി നിലവിലുള്ള നിലവാരം പുലർത്താൻ കഴിയില്ലെന്ന ആശങ്ക പരിശോധനയ്ക്ക് വിധേയമാക്കിയിട്ടുണ്ടോ;

(ഡി) മോട്ടോർ വാഹന വകുപ്പിന്റെ നിലവിലുള്ള പ്രവർത്തനം വൻ മുതൽമുടക്കും മത്സരബുദ്ധിയുമുള്ള സ്വകാര്യ സ്ഥാപനങ്ങളെ ഏൽപ്പിക്കുമ്പോൾ ഗുണമേന്മ കുറയുകയും അഴിമതി വർദ്ധിക്കുകയും സാധാരണക്കാർക്ക് അപ്രാപ്യമാകുകയും ചെയ്യുമെന്നുള്ള ആശങ്ക പരിഹരിക്കാൻ വേണ്ട നടപടിയുണ്ടാകണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോയെന്ന് അറിയിക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി&ഡി) കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച 7-6-2021-ലെ GSR 394(E) വിജ്ഞാപന പ്രകാരം കേന്ദ്ര മോട്ടോർ വാഹന ചട്ടം 31-ൽ വരുത്തിയിട്ടുള്ള ഭേദഗതിയനുസരിച്ച് നിലവിലുള്ള ഡ്രൈവിംഗ് സ്കൂൾ സംവിധാനത്തിന് സമാന്തരമായ ക്രമീകൃതമായതും ഉയർന്ന നിലവാരത്തിലുള്ള ഡ്രൈവിംഗ് പരിശീലനം ലക്ഷ്യമാക്കിക്കൊണ്ടുള്ളതുമായ അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രെയിനിംഗ് സെന്ററുകൾ രൂപീകരിക്കുന്നതിനും വ്യവസ്ഥ ചെയ്തിട്ടുണ്ട്. നിലവിൽ പ്രവർത്തനാനുമതിയുള്ള ഡ്രൈവിംഗ് പരിശീലന സ്ഥാപനങ്ങൾ സ്വകാര്യമേഖലയിലാണ് പ്രവർത്തിക്കുന്നത്. അവയിൽനിന്നും പരിശീലനം പൂർത്തിയാക്കുന്നവർക്ക് മോട്ടോർ വാഹന വകുപ്പിലെ ഉദ്യോഗസ്ഥർ നിയമാനുസൃതം ടെസ്റ്റ് നടത്തി ലൈസൻസ് നൽകുന്നു. എന്നാൽ അക്രഡിറ്റഡ് ഡ്രൈവിംഗ് ട്രയിനിംഗ് സെന്ററുകളിൽ നിശ്ചിത കാലയളവിൽ നടത്തപ്പെടുന്ന പരിശീലന പരിപാടിയിൽ പങ്കെടുത്ത് Proficiency certificate കരസ്ഥമാക്കുന്നവർക്ക് ആ സർട്ടിഫിക്കറ്റ് ലൈസൻസിംഗ് അതോറിറ്റി മുൻപാകെ ഹാജരാക്കിയാൽ ലൈസൻസ് നൽകുന്നതിനുള്ള വ്യവസ്ഥയാണ് പുതുക്കിയ നിയമത്തിലുള്ളത്. എന്നാൽ കേന്ദ്ര മോട്ടോർ വാഹന നിയമം സെക്ഷൻ 9(3)-ൽ കേന്ദ്ര സർക്കാർ നിർദ്ദേശിക്കുന്നവിധം ടെസ്റ്റ് പാസാകുന്നവർക്കുമാത്രമേ ലൈസൻസ് നൽകുവാൻ പാടുള്ളൂവെന്ന് പ്രസ്താവിച്ചിട്ടുണ്ട്. ടെസ്റ്റ് ഒഴിവാക്കി നൽകേണ്ടുന്ന സാഹചര്യങ്ങൾ സെക്ഷൻ 9(3)(a)i മുതൽ iii വരെ വ്യക്തമാക്കിയിട്ടുണ്ട്. അവയിലൊന്നുംതന്നെ അക്രഡിറ്റഡ് ഡ്രൈവിംഗ് സെന്ററുകൾ വഴി പരിശീലനം നേടുന്നവർക്ക് ടെസ്റ്റ് പൂർണ്ണമായും ഒഴിവാക്കണം എന്ന പരാമർശമില്ല. ഭേദഗതി ചെയ്യപ്പെട്ട കേന്ദ്ര മോട്ടോർ വാഹന ചട്ടം 31J(6) പ്രകാരം ഡ്രൈവിംഗ് സംബന്ധമായ തിയറി പാസായവർക്ക് മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടറുടെ ടെസ്റ്റുകൂടി പാസ്സായാൽ മാത്രമേ Proficiency Test Certificate നൽകാൻ കഴിയുകയുള്ളൂ. അത് ലൈസൻസിംഗ് അതോറിറ്റിക്കുമുൻപാകെ ഹാജരാക്കി ലൈസൻസ് ലഭ്യമാക്കാം എന്നാണ് പറഞ്ഞിട്ടുള്ളത്. National Skill Development Corporation (NSDC) and Standardization Testing and Quality Certification (STQC) Guidance and Requirements എന്നിവയ്ക്കനുസൃതമായി വിഭാവന ചെയ്തിരിക്കുന്നു. ഇത്തരത്തിൽ അക്രഡിറ്റഡ് ഡ്രൈവിംഗ് കേന്ദ്രങ്ങളിലെ പരിശീലനവും ടെസ്റ്റിംഗ് രീതികളും Rule31F പ്രകാരം പരിശോധിക്കാൻ വ്യവസ്ഥയുണ്ട്. നിർദ്ദിഷ്ട നിലവാരം പുലർത്താൻ കഴിയുന്നില്ലെന്നുകാണുന്നപക്ഷം Rule 31G പ്രകാരം നടപടികൾ സ്വീകരിക്കാനും വ്യവസ്ഥയുണ്ട്.

## കായംകുളം മണ്ഡലത്തിൽ രജിസ്റ്റർ ചെയ്ത വാഹനാപകടക്കേസ്സുകൾ

179 (2899) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം മണ്ഡലത്തിൽ 2011 ഏപ്രിൽ മുതൽ 2016 മെയ് വരെയും 2016 ജൂൺ മുതൽ 2021 മേയ് വരെയും എത്ര വാഹനാപകടക്കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നും എത്രപേർ പ്രസ്തുത അപകടങ്ങളിൽ മരിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ?

കായംകുളം മണ്ഡലത്തിൽ, 2011 ഏപ്രിൽ മുതൽ 2016 മെയ് വരെ രജിസ്റ്റർ ചെയ്ത ആകെ വാഹനാപകടങ്ങളുടെ എണ്ണം - 3276, മരണപ്പെട്ടവർ - 438, 2016 ജൂൺ മുതൽ 2021 മേയ് വരെ രജിസ്റ്റർ ചെയ്ത ആകെ വാഹനാപകടങ്ങളുടെ എണ്ണം - 3138, മരണപ്പെട്ടവർ - 340.

## റോഡപകടങ്ങൾ കുറയ്ക്കാൻ നടപടി

180 (2900) ശ്രീ. അൻവർ സാദത്ത്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റോഡപകടങ്ങൾ കുറയ്ക്കാനും റോഡ് സുരക്ഷാ പരിശോധന കർശനമാക്കുന്നതിനും മുൻ സർക്കാരിന്റെ കാലയളവിൽ നടപ്പിലാക്കിയ പ്രധാന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

വാഹനാപകടങ്ങൾ കുറയ്ക്കുന്നതിന് കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നടപ്പിലാക്കിയ പ്രവർത്തനങ്ങൾ ചുവടെ ചേർക്കുന്നു:

1. സേഫ് കേരള -

   കേരളത്തിലെ റോഡുകളെ അപകട വിമുക്തമാക്കുന്നതിനായി 24 മണിക്കൂറും എൻഫോഴ്സ്മെന്റ് പ്രവർത്തനങ്ങൾ ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതിയാണ് "സേഫ് കേരള പദ്ധതി".

2. ശബരിമല സേഫ് സോൺ -

   ഉത്സവകാലത്ത് ശബരിമല അപകട വിമുക്തമാക്കുന്നതിനായി മോട്ടോർ വാഹന വകുപ്പുമായി സഹകരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് "ശബരിമല സേഫ് സോൺ പദ്ധതി".

3. ബ്ലാക്ക് സ്പോട്ട് പരിഹാര നടപടികൾ -

   മുൻ വർഷങ്ങളിലെ അപകടങ്ങൾ അപഗ്രഥിച്ച്, സംസ്ഥാനത്തെ ഏറ്റവും അപകട സാധ്യത കൂടിയ ഇടങ്ങളായ ബ്ലാക്ക് സ്പോട്ടുകൾ കണ്ടെത്തുന്നതിനായി കേരള റോഡ് സുരക്ഷാ അതോറിറ്റി, നാറ്റ്പാക്ക് മുഖാന്തരം

പഠനം നടത്തിയിരുന്നു. റോഡ് സുരക്ഷയ്ക്കുവേണ്ടിയുള്ള SCCoRS-യുടെയും കേന്ദ്ര ഗതാഗത മന്ത്രാലയത്തിന്റെയും നിർദ്ദേശങ്ങൾക്കനുസൃതമായി നാറ്റ്പാക് കണ്ടെത്തിയ ബ്ലാക്ക് സ്പോട്ടുകളിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി, പോലീസ് - പൊതുമരാമത്ത് - മോട്ടോർ വാഹന വകുപ്പുകളുടെയും സഹായത്തോടെ പരിശോധന നടത്തി പരിഹാര നിർദ്ദേശങ്ങൾ നാറ്റ്പാക് മുഖാന്തരം ക്രോഡീകരിച്ച് റോഡ് സുരക്ഷയ്ക്ക് അത്യാവശ്യമായ പദ്ധതികൾ തയ്യാറാക്കി കേരള റോഡ് സുരക്ഷാ ഫണ്ട് ഉപയോഗിച്ച് നടപ്പിലാക്കുകയും ചെയ്തുവരുന്നു.

4. മാതൃകാ സുരക്ഷാ വീഥി -

സുരക്ഷിത യാത്ര ഉറപ്പുവരുത്തുന്നതിനായി അന്താരാഷ്ട്ര നിലവാരമുള്ള റോഡ് സുരക്ഷാ ക്രമീകരണങ്ങൾ സ്ഥാപിച്ച് സുരക്ഷാ ഇടനാഴികൾ സൃഷ്ടിക്കുന്ന പദ്ധതിയാണിത്. ഇതിലാദ്യത്തേതാണ് ലോക ബാങ്കിന്റെ സഹായത്തോടെ നിർമ്മിച്ച അടൂർ-കഴക്കൂട്ടം മാതൃകാ സുരക്ഷാവീഥി.

ചലഞ്ച് ഫണ്ടുപയോഗിച്ച് താഴെ ചേർത്തിരിക്കുന്ന പദ്ധതികളും നടപ്പാക്കാനായി കേരള റോഡ് സുരക്ഷാ അതോറിറ്റി അംഗീകാരം നൽകി കെ.എസ്.റ്റി.പി.-ക്ക് അയച്ചുകൊടുത്തിരുന്നു.

(i) എറണാകുളത്തെ ഇ-യാത്ര പദ്ധതി (വൈപ്പിൻ-മുനമ്പം)

(ii) കൊട്ടിയം-കുണ്ടറ

(iii) മെഡിക്കൽ കോളേജ് - പേട്ട, തിരുവനന്തപുരം

(iv) പാവങ്ങാട്-കോരപ്പുഴ, കോഴിക്കോട്

5. ബോധവൽക്കരണ പരിപാടികൾ -

റോഡ് സുരക്ഷാ വാരാചരണം, എഫ്.എം., ഓൾ ഇന്ത്യ റോഡിയോകളിലൂടെയുള്ള റോഡ് സുരക്ഷാ സന്ദേശങ്ങളുടെ പ്രചരണം, റോഡ് സുരക്ഷാ സന്ദേശങ്ങൾ ഉൾക്കൊള്ളുന്ന കലാപരിപാടികളുടെ പ്രദർശനം, ഡ്രൈവർമാർക്കും ഡ്രൈവിംഗ് സ്കൂളുകൾക്കും നൽകുന്ന പരിശീലന/ബോധവൽക്കരണ ക്ലാസുകൾ, സ്കൂൾ/ കോളേജ് വിദ്യാർത്ഥികൾക്ക് നൽകുന്ന അവബോധ ക്ലാസുകൾ, അച്ചടി - ഇലക്ട്രോണിക് മാധ്യമങ്ങളിലൂടെയുള്ള പ്രചാരണ പരിപാടികൾ തുടങ്ങിയ റോഡ് സുരക്ഷാ അവബോധം സൃഷ്ടിക്കുന്ന പരിപാടികളും നടത്തിവരുന്നു.

6. റോഡ് സുരക്ഷാ മാസാചരണം -

റോഡപകടങ്ങൾ കുറയ്ക്കുന്നതിനും ട്രാഫിക് നിയമലംഘനങ്ങൾ തടയുന്നതിനുമുതകുന്ന കർശന വാഹന പരിശോധന, ബോധവൽക്കരണ പരിപാടികൾ, ഡ്രൈവർമാർക്കുള്ള അവബോധ/ പരിശീലന പരിപാടികൾ, കാഴ്ചകുറയ്ക്കുന്ന തരത്തിലുള്ള റോഡിനരികിലെ വൃക്ഷശിഖരങ്ങൾ, സുഗമമായ യാത്രയ്ക്ക് വിഘാതം നിൽക്കുന്ന ബോർഡുകൾ/ ഫ്ലക്സുകൾ എന്നിവ നീക്കം ചെയ്യൽ തുടങ്ങിയ പരിപാടികൾ വർഷംതോറും നടത്തിവരുന്നു. ഈ വർഷത്തെ വാരാചരണം ജനുവരി 18 മുതൽ ഫെബ്രുവരി 17 വരെ ആയിരുന്നു.

7. അപകട മേഖലകളിൽ ക്രാഷ് ബാരിയർ സ്ഥാപിക്കുന്നത്

റോഡ് സുരക്ഷ യ്ക്കായുള്ള സുപ്രീംകോടതി കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം സംസ്ഥാനത്തെ മലയോരപാതകളിലും ജലാശയങ്ങളോട് ചേർന്നുള്ള പാതകളിലും മറ്റു അപകടമേഖലയുള്ള പാതകളിലും അടിയന്തരമായി ക്രാഷ് ബാരിയർ സ്ഥാപിക്കുന്നതിനുള്ള പദ്ധതിയാണിത്. പൊതുമരാമത്ത് വകുപ്പ് (റോഡ്സ്) വിഭാഗത്തിന് നിലവിൽ ക്രാഷ് ബാരിയർ ആവശ്യമുള്ള സ്ഥലങ്ങൾ കണ്ടെത്തി മുൻഗണനാക്രമത്തിൽ പദ്ധതി നടപ്പിലാക്കുന്നതിനായി ആദ്യഘട്ടത്തിൽ 14.88 കോടി രൂപ അനുവദിച്ചിട്ടുണ്ട്.

8. സ്കൂൾ സുരക്ഷാ മേഖല -

കുട്ടികൾക്ക് സ്കൂളിലേയ്ക്ക് സുരക്ഷിതമായി യാത്ര ചെയ്യുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് (സേഫ് സ്കൂൾ സോൺ). സ്കൂൾ മേഖല അപകടരഹിതമാക്കുന്നതിനും കുട്ടികളുടെ സുഗമമായ യാത്ര ഉറപ്പുവരുത്തുന്നതിനുംവേണ്ടി നടപ്പാതകൾ, കൈവരികൾ, സീബ്രാ ക്രോസ്സിംഗ് എന്നിവിടങ്ങളിൽ ആവശ്യമായ സൈൻ ബോർഡുകളും മാർക്കിംഗുകളും നടപ്പിലാക്കുന്നതിനാണ് പദ്ധതി. ആദ്യഘട്ടമായി സംസ്ഥാനത്തുടനീളമുള്ള തെരഞ്ഞെടുത്ത 50 സ്കൂളുകളിൽ നടപ്പിലാക്കുന്നതിനായി റോഡ് സുരക്ഷാ ഫണ്ട് അനുവദിച്ചിട്ടുണ്ട്.

9. കൈപ്പുസ്തകം -

റോഡ് സുരക്ഷ അവബോധമുള്ള ഒരു തലമുറയെ വാർത്തെടുക്കുന്നതിന്റെ ഭാഗമായി കേരള റോഡ് സുരക്ഷാ അതോറിറ്റി SCERT-യുമായി സഹകരിച്ച് വിദ്യാർത്ഥികൾക്ക് സുരക്ഷാ അവബോധം നൽകുന്നതിനായി ഈ പദ്ധതി നടപ്പിലാക്കിവരുന്നു. ആദ്യഘട്ടമായി അദ്ധ്യാപകർക്കായി "റോഡ് സുരക്ഷിത യാത്ര" എന്ന കൈപ്പുസ്തകം തയ്യാറാക്കിയിട്ടുണ്ട്. സ്കൂൾ സിലബസിൽ റോഡ് സുരക്ഷാ പാഠങ്ങൾ ഉൾക്കൊള്ളിക്കുന്നതിനുള്ള തുടർനടപടികൾ നടന്നു വരികയാണ്.

(ബി) പ്രസ്തുത കാലയളവിൽ സംസ്ഥാനത്തെ റോഡപകടങ്ങളുടെ കണക്ക് വർഷം തിരിച്ച് വെളിപ്പെടുത്താമോ?

സംസ്ഥാനത്തെ റോഡപകടങ്ങുടെ കണക്ക് ചുവടെ ചേർക്കുന്നു :

| വർഷം | റോഡപകടങ്ങൾ |
|---|---|
| 2016 | 39420 |
| 2017 | 38470 |
| 2018 | 40181 |
| 2019 | 41111 |
| 2020 | 27877 |

**വാഹന അപകട നിരക്ക്**

181 (2901) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർ വാഹന നിയമത്തിന്റെ അടിസ്ഥാനത്തിൽ പിഴ ഇനത്തിൽ ഈടാക്കുന്ന തുക വർദ്ധിപ്പിച്ച സാഹചര്യത്തിൽ അപകട നിരക്ക് കുറഞ്ഞിട്ടുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. മോട്ടോർ വാഹന നിയമ ഭേദഗതി 2019 സെപ്റ്റംബറിൽ നിലവിൽ വന്നതുമുതൽ ജൂൺ 2021 വരെയുള്ള 22 മാസക്കാലയളവിൽ, അതിനുമുമ്പുള്ള ഇതേ കാലയളവിൽനിന്നും റോഡപകടങ്ങൾ 22.7%-ഉം അപകട മരണങ്ങൾ 25.5%-ഉം കുറഞ്ഞിട്ടുണ്ട്.

**അപകടമരണത്തിന് നഷ്ടപരിഹാരം**

182 (2902) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസും സ്കൂട്ടറുമായി ഇടിച്ച് കോഴിക്കോട് കുരുവട്ടൂർ ഗ്രാമപഞ്ചായത്തിലെ പയിമ്പ്ര, പണ്ടാരപ്പറമ്പ്, പുറായിൽ മുഹമ്മദ് മരിച്ചതിനെത്തുടർന്ന് നഷ്ടപരിഹാരമായി 8,38,500 രൂപ നൽകാൻ കോടതി സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടോ?

വിധി തുക കെട്ടിവയ്ക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) എന്നാണ് ഇതുസംബന്ധിച്ച വിധിയുണ്ടായതെന്ന് വ്യക്തമാക്കാമോ?

29-8-2019-ൽ കോടതി വിധിയുണ്ടായി.

(സി) നഷ്ടപരിഹാരം ലഭ്യമാക്കുന്നതിന് അടിയന്തരനടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മരിച്ചയാളുടെ ഭാര്യ ശ്രീമതി ടി.സി. ബുഷ്റ അപേക്ഷ നൽകിയിട്ടുണ്ടോ; പ്രസ്തുത തുക നൽകുന്നതിൽ കാലതാമസം വരുന്നതിനിടയാക്കിയ കാരണം വിശദമാക്കാമോ; മറ്റു വരുമാന മാർഗ്ഗമൊന്നുമില്ലാത്ത ഈ കുടുംബത്തിന് തുക എപ്പോൾ ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ?

ശ്രീമതി ബുഷ്റ നൽകിയ അപേക്ഷ കെ.എസ്.ആർ.ടി.സി.-യിൽ ലഭിച്ചിരുന്നു. അപകട നഷ്ടപരിഹാരം ആവശ്യപ്പെട്ട് ശ്രീമതി ബുഷ്റ ബഹു. കോഴിക്കോട് എം.എ.സി.റ്റി-യിൽ ഫയൽ ചെയ്ത ഒ.പി.(എം.വി) 735/2012-ലെ വിധിത്തുകയായ 5,82,500 രൂപ 7.5% പലിശ ഉൾപ്പെടെ കോർപ്പറേഷൻ കടക്കാരിക്ക് 3-12-2014-ലെ 712870 മുതൽ 712879-ാം നമ്പർ വരെയുള്ള ചെക്ക് പ്രകാരം നൽകിയിരുന്നു. വിധിത്തുക അധികരിച്ച് ലഭിക്കുന്നതിലേയ്ക്കായി അപേക്ഷക ബഹു. ഹൈക്കോടതിയിൽ എം.എ.സി.എ നമ്പർ 2974/2014 ഫയൽ ചെയ്യുകയും ബഹു. ഹൈക്കോടതി അപേക്ഷകയ്ക്ക് 8,38,500 രൂപ 7.5% പലിശ ഉൾപ്പെടെ അധികമായി അനുവദിക്കാൻ വിധി പുറപ്പെടുവിക്കുകയും ചെയ്തു. പ്രസ്തുത വിധി നടപ്പിലാക്കുന്ന തിനുവേണ്ടി കോർപ്പറേഷൻ 13,41,255 രൂപയുടെ നടപടിക്രമം (Proceedings) പുറപ്പെടുവിച്ചിട്ടുണ്ട്. കോർപ്പറേഷന്റെ നിലവിലെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുന്ന മുറയ്ക്ക് ഈ തുക നൽകുന്നതാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ കടം

183 (2903) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കടം എത്രയാണ് എന്ന് വ്യക്തമാക്കാമോ?

കൺസോർഷ്യം വായ്പയായി 3,163.63 കോടി രൂപയും ജീവനക്കാർക്ക് നൽകുവാനുള്ള കുടിശ്ശികയായി 212.54 കോടി രൂപയും വിവിധ കമ്പനികൾ, കരാറുകാർ, എണ്ണക്കമ്പനികൾ, മറ്റുള്ളവ എന്നിവയ്ക്ക് 639.96 കോടി രൂപയും സർക്കാർ വായ്പയായി 6496.13 കോടി രൂപയും ഉൾപ്പെടെ കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ ആകെ കടം ഉദ്ദേശം 10,512.26 കോടി രൂപയാണ്.

(ബി) 2016-ൽ കടം എത്രയായിരുന്നു എന്നും വ്യക്തമാക്കാമോ?

2015-16 സാമ്പത്തിക വർഷാവസാനത്തിലെ കടം 4,075.27 കോടി രൂപയാണ്.

**കെ.എസ്.ആർ.ടി.സി. യുടെ ലാഭം**

184 (2904) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീ. ടോമിൻ തച്ചങ്കരി സി.എം.ഡി. ആയിരുന്ന കാലത്ത് കെ.എസ്.ആർ.ടി.സി.-യെ ലാഭത്തിലാക്കിയിരുന്നുവെന്ന അവകാശവാദത്തിന്റെ യാഥാർത്ഥ്യമെന്താണ്; ആയതുമായി ബന്ധപ്പെട്ട രേഖകളുടെ പകർപ്പ് മേശപ്പുറത്ത് വയ്ക്കുമോ?

കൂടിയ പലിശനിരക്കിലും കുറഞ്ഞകാല തിരിച്ചടവിലും കെ.എസ്.ആർ.ടി.സി. എടുത്തിട്ടുണ്ടായിരുന്ന വായ്പകൾ 31-3-2018-ൽ പൊതുമേഖല ബാങ്കുകളുടെ കൺസോർഷ്യത്തിലേയ്ക്ക് മാറ്റിയിരുന്നു. ഇതിന്റെ ഫലമായി വായ്പ തിരിച്ചട വിനത്തിൽ പ്രതിമാസം ചെലവാക്കിയിരുന്ന തുകയിൽനിന്ന് ഗണ്യമായ തുക കുറവ് വന്നിരുന്നു. 16-4-2018 മുതൽ 6-2-2019 വരെയുള്ള കാലഘട്ടത്തിലാണ് ശ്രീ. ടോമിൻ തച്ചങ്കരി കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറായി സേവനമനുഷ്ഠിച്ചിരുന്നത്. 2017-18 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടേയും കെ.യു.ആർ.ടി. സി.-യുടെയും ടിക്കറ്റ്, ടിക്കറ്റിതര ആകെ വരുമാനം 2210.12 കോടി രൂപയാണ്. ശ്രീ. ടോമിൻ തച്ചങ്കരി കെ.എസ്.ആർ.ടി.സി. മാനേജിംഗ് ഡയറക്ടറായിരുന്ന 2018-19 സാമ്പത്തിക വർഷത്തിൽ കെ.എസ്.ആർ.ടി.സി.യുടെയും കെ.യു.ആർ.ടി. സി.യുടെയും ടിക്കറ്റ്, ടിക്കറ്റിതര ആകെ വരുമാനം 2293.80 കോടി രൂപയായിരുന്നു. അതായത് മുൻവർഷത്തെ അപേക്ഷിച്ച് 83.68 കോടി രൂപയുടെ വരുമാന വർദ്ധനവുണ്ടായിട്ടുണ്ട്. ശ്രീ. ടോമിൻ തച്ചങ്കരി CMD ആയിരുന്ന 2018-19 കാലത്ത് കെ.എസ്.ആർ.ടി.സി. നഷ്ടത്തിൽത്തന്നെയായിരുന്നു. 2015-16 വരെയുള്ള അക്കൗണ്ടസ് മാത്രമേ audit നടത്തി പൂർത്തീകരിച്ചിട്ടുള്ളൂ. അതിനാൽ 2018-19-ന്റെ നഷ്ടത്തിന്റെ കൃത്യമായ കണക്ക് ഓഡിറ്റിനുശേഷമേ കൃത്യമായി അറിയുവാൻ കഴിയുകയുള്ളൂ.

(ബി) പ്രസ്തുത വ്യക്തി സി.എം.ഡി. ആയിരുന്ന കാലഘട്ടത്തിൽ ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ കൃത്യമായി നല്കിയിരുന്നുവോ; ഇല്ലെങ്കിൽ അക്കാലത്തെ ലാഭക്കണക്കിൽ ഇപ്രകാരം നല്കാനുണ്ടായിരുന്ന ആനുകൂല്യങ്ങൾക്കുള്ള തുകകൂടി ഉൾപ്പെട്ടിരുന്നുവോ എന്ന് വ്യക്തമാക്കാമോ; വിശദാംശം നൽകുമോ?

ജീവനക്കാരുടെ ശമ്പളം യഥാസമയം വിതരണം ചെയ്തിട്ടുണ്ട്. അക്കാലയളവിലും സർക്കാരിൽനിന്നുള്ള സാമ്പത്തിക സഹായവും ഉപയോഗപ്പെടുത്തിയാണ് ജീവനക്കാർക്ക് ശമ്പളം നൽകിയത്. ശ്രീ. ടോമിൻ തച്ചങ്കരി, ചെയർമാൻ & മാനേജിംഗ് ഡയറക്ടറായിരുന്ന കാലത്ത് സാമ്പത്തിക പ്രതിസന്ധി കാരണം ജീവനക്കാരുടെ മറ്റ് അലവൻസുകൾ, എൻ.ഡി.ആർ. എന്നിവ നൽകാൻ കഴിഞ്ഞിരുന്നില്ല.

## വൈദ്യുതബസ്സ് സർവ്വീസുകൾ

185 (2905) ശ്രീ. എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇലക്ട്രിക് ബസ് സർവ്വീസുകൾ നടത്തുന്നതുമൂലം കെ.എസ്.ആർ.ടി.സി.-ക്ക് ലാഭം ഉണ്ടായിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

2018 നവംബർ മാസത്തിലാണ് വെറ്റ് ലീസ് അടിസ്ഥാനത്തിൽ A/C ഇലക്ട്രിക്ക് ബസ്സുകൾ കെ.എസ്.ആർ.ടി.സി. ലഭ്യമാക്കിയിട്ടുള്ളത്. നിലവിൽ 8 ഇലക്ട്രിക് ബസ്സുകളാണ് കോർപ്പറേഷനിലുള്ളത്. എന്നാൽ കോവിഡ് വ്യാപനംമൂലം സർക്കാർ ഏർപ്പെടുത്തിയ നിയന്ത്രണങ്ങളെത്തുടർന്ന് നിലവിൽ ഇലക്ട്രിക് ബസുകൾ ഉപയോഗിച്ചുകൊണ്ടുള്ള സർവ്വീസുകൾ നടത്തുന്നില്ല. സർവ്വീസ് നടത്തിയിരുന്നപ്പോൾ ലഭിച്ച വരുമാനവും വാടകയും താരതമ്യം ചെയ്യുമ്പോൾ പ്രസ്തുത സർവ്വീസുകളിൽ നിന്നും ലാഭമുണ്ടായിട്ടില്ല.

(ബി) എങ്കിൽ ഇത്തരം സർവ്വീസുകൾ വിപുലീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിലെ ഡീസൽ ബസ്സുകൾ ഇലക്ട്രിക് ബസ് ആയി പരിവർത്തനം ചെയ്യുന്നതിന്റെ സാദ്ധ്യതാപഠനം ശ്രീചിത്തിര തിരുനാൾ എഞ്ചിനീയറിംഗ് കോളേജ്, കേരള ഓട്ടോമൊബൈൽ ലിമിറ്റഡ് എന്നിവയുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. പരിശോധിച്ചുവരുന്നു.

## കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ സൗജന്യ പാസ്സ്

186 (2906) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ യാത്ര ചെയ്യാൻ സൗജന്യ പാസ്സ് അനുവദിക്കാറുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉണ്ട്.

(ബി) എങ്കിൽ ഏതെല്ലാം വിഭാഗങ്ങൾക്കാണ് സൗജന്യ പാസ്സ് അനുവദിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

വിദ്യാർത്ഥികൾ, വികലാംഗർ, അന്ധർ, ബധിര-മൂകർ, സെറിബ്രൽ പാൾസി, ബുദ്ധിമാന്ദ്യമുള്ളവർ, അവരെ അനുഗമിക്കുന്നവർ, കാൻസർ രോഗികൾ, വിവിധ മേഖലകളിൽ കഴിവ് തെളിയിച്ച സർക്കാർ നിർദ്ദേശിച്ചിട്ടുള്ള അവാർഡ് ജേതാക്കൾക്കുള്ള കോംപ്ലിമെന്ററി പാസുകൾ, എം.എൽ.എ, എം.പി, മുൻ എം.എൽ.എ, മുൻ എം.പി. എന്നിവർക്കും പത്രപ്രവർത്തകർക്കും സൗജന്യ/കൺസഷൻ യാത്രാപാസ് അനുവദിച്ചിട്ടുണ്ട്.

(സി) കൺസഷൻ നിരക്കിൽ യാത്ര ചെയ്യാൻ വിദ്യാർത്ഥികൾക്കോ മറ്റേതെങ്കിലും വിഭാഗങ്ങൾക്കോ സംവിധാനം ഉണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. പ്ലസ് 2 തലം വരെയുള്ള വിദ്യാർത്ഥികൾക്ക് സൗജന്യ യാത്ര അനുവദിച്ചിട്ടുണ്ട്. പ്ലസ് ടു തലത്തിന് മുകളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്കും സംസ്ഥാനത്തിനകത്ത് കൺസഷൻ യാത്ര അനുവദിച്ചിട്ടുണ്ട്.

(ഡി) കാസർകോട് പോലെ മറ്റു സംസ്ഥാനങ്ങളുമായി അതിർത്തി പങ്കിടുന്ന ജില്ലകളിൽനിന്ന് ഇതര സംസ്ഥാനങ്ങളിലെ മംഗലാപുരം പോലെയുള്ള സ്ഥലങ്ങളിലേയ്ക്ക് ദിവസേന യാത്ര ചെയ്തു പഠിക്കുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാറുണ്ടോ; എങ്കിൽ വിശദാംശം നൽകാമോ?

കെ.എസ്.ആർ.ടി.സി. നിലവിൽ അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ദിവസേന യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിച്ചു വരുന്നില്ല.

(ഇ) ഇല്ലെങ്കിൽ മറ്റു സംസ്ഥാന സർക്കാരുകളുടെ ബസ്സുകളിൽ മലയാളി വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകുമ്പോൾ കെ.എസ്.ആർ.ടി.സി.യിൽ എന്തുകൊണ്ട് നൽകുന്നില്ലെന്ന് വിശദമാക്കാമോ; ഇത്തരം വിദ്യാർത്ഥികൾക്ക് കൺസഷൻ നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ?

കെ.എസ്.ആർ.ടി.സി അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ദിവസേന യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ നിലവിൽ നൽകുന്നില്ല. ഇനി നൽകുന്ന കാര്യം നിലവിൽ പരിഗണനയിലില്ല.

## കെ.എസ്.ആർ.ടി.സി. പ്രതിസന്ധി

187 (2907) ശ്രീ. കെ. ആൻസലൻ:
ശ്രീ. പി. ടി. എ. റഹീം:
ശ്രീമതി ദെലീമ:
ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാരിന്റെ പെർമിറ്റില്ലാതെ ഏതു റൂട്ടിലും ബസ്സോടിക്കാൻ വൻകിട സ്വകാര്യ കമ്പനികൾക്ക് കേന്ദ്ര സർക്കാർ അനുമതി നൽകിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കെ.എസ്.ആർ.ടി.സി.-യെ കൂടുതൽ പ്രതിസന്ധിയിലാക്കാനിടയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്ര ഉപരിതല മന്ത്രാലയത്തിലെ 7-1-2020-ലെ RT-16011/10/2019-T നമ്പരായി പ്രാഥമിക വിജ്ഞാപനം പുറപ്പെട്ട വിച്ചിട്ടുണ്ട്. ഇതുപ്രകാരം എ.സി., ഡീലക്സ് ശ്രേണിയിലുള്ള 22 സീറ്റുകൾക്ക് മുകളിലുള്ള ബസ്സുകൾക്ക് മോട്ടോർ വാഹന നിയമത്തിലെ 66(1) വകുപ്പുപ്രകാരമുള്ള വ്യവസ്ഥകൾ ഒഴിവാക്കണമെന്ന നിർദ്ദേശം ഉൾക്കൊള്ളിച്ചിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശം നടപ്പിലാക്കിയാൽ ഏത് കോൺട്രാക്ട് ക്യാരേജുകൾക്കും എവിടേയ്ക്കും ആവശ്യാനുസരണം ഇഷ്ടമുള്ള തുക ഈടാക്കി യാതൊരുവിധ നിയന്ത്രണങ്ങളുമി ല്ലാതെതന്നെ സർവ്വീസ് നടത്താവുന്ന സാഹചര്യം വന്നുചേരും. ഇപ്പോൾ ദീർഘദൂര അന്തർ സംസ്ഥാന സർവ്വീസുകൾ നടത്തുന്നതിനുള്ള പൂർണ്ണ അധികാരം കെ.എസ്.ആർ.ടി.സി.-ക്കും മറ്റ് സംസ്ഥാനങ്ങളിലെ എസ്.റ്റി.യു.-കൾക്കുമായി നിശ്ചയിച്ച നൽകിയിട്ടുണ്ട്. എന്നാൽ പുതിയ നിർദ്ദേശം നടപ്പിലാക്കിയാൽ സ്വകാര്യ ഓപ്പറേറ്റർമാർ യഥേഷ്ടം അന്തർ സംസ്ഥാന പാതകളിൽ സർവ്വീസ് നടത്തുന്നതിനും അതുവഴി നിലവിലെ യാത്രക്കാർ കെ.എസ്.ആർ.ടി.സി ഉൾപ്പെടെയുള്ള പൊതുഗതാഗത സംവിധാനത്തെ ഉപേക്ഷിച്ചുപോകുന്ന സാഹചര്യം വന്നുചേരുകയും ചെയ്യും. കൂടാതെ ഇപ്പോൾ അനധികൃതമായി സർവ്വീസ് നടത്തുന്ന സ്വകാര്യ കോൺട്രാക്ട് ക്യാരേജ് ബസ്സുകൾക്ക് ഇത്തരത്തിൽ അനുമതി നൽകിയാൽ ടി സർവ്വീസുകൾ നിയമപരമായി നടത്തുവാൻ കഴിയുന്നതും ഭാവിയിൽ യാത്രക്കാരുടെ തിരക്ക് അനുഭവപ്പെടുന്ന പ്രത്യേക ഉത്സവകാലങ്ങളിൽ കൂടുതൽ നിരക്ക് യാതൊരു നിയന്ത്രണവുമില്ലാതെ ഈടാക്കുവാനുള്ള സാദ്ധ്യത തള്ളിക്കളയുവാൻ കഴിയാത്തതുമാണ്.

(ബി) കെ.എസ്.ആർ.ടി.സി.യുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിനും വരുമാന നഷ്ടം കുറയ്ക്കുന്നതിനും സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരവ് ചെലവ് അന്തരം കുറയ്ക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പുനരുദ്ധാരണം 2.0 എന്ന പദ്ധതിയുടെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. ദീർഘദൂര സർവ്വീസുകളിൽ ആധുനിക സംവിധാനങ്ങളുടെ സഹായ ത്തോടുകൂടി കൂടുതൽ യാത്രാ സൗകര്യങ്ങളൊരുക്കുക എന്ന ലക്ഷ്യ ത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകര ണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലികാടിസ്ഥാ നത്തിൽ നിയമനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ. ടി.സി.-യിൽ ഒരു കൊമേഴ്സ്യൽ ഡിവിഷൻ രൂപീകരിച്ച് വിവിധ നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.യുടെ സംവിധാനങ്ങൾ ഉപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിച്ച് നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.യുടെ ബസ്-സ്റ്റാഫ് ആനുപാതം ദേശീയ ശരാശരിയേക്കാൾ കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. പൊതുജനത്തിന് കൂടുതൽ യാത്രാ സൗകര്യം നൽകുന്നതിനായി BOND Service/City Circular Service/Feeder Service മുതലായവ ആരംഭിച്ചു. പ്രധാന മത്സ്യ വിപണന കേന്ദ്രങ്ങളിൽനിന്നും സിറ്റികളിലെ വിവിധ സ്ഥലങ്ങളിലേയ്ക്കും തിരിച്ചും വനിതാ മത്സ്യത്തൊഴിലാളികളെ എത്തിക്കുന്നതിനായി പ്രത്യേകമായി രൂപ കൽപ്പന ചെയ്ത 3 സ്പെഷ്യൽ ബസ്സുകൾ ഫിഷറീസ് വകുപ്പുമായി ചേർന്ന് തുടങ്ങുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. ചെലവ് ചുരുക്കുന്നതിന്റെ ഭാഗമായി സ്വീകരിക്കാനുദ്ദേശിക്കുന്ന നടപടികൾ ഇവയാണ്.

   (i) ചെലവ് കുറഞ്ഞ LNG / CNG മുതലായ ഇന്ധനങ്ങളിലേക്ക് ചുവടു മാറ്റുക.

   (ii) റൂട്ട് Rationalization.

   (iii) ബസ്സുകളുടെ Utilization വർദ്ധിപ്പിക്കുക.

   (iv) സർവ്വീസ് Operation Optimize ചെയ്യുക.

   (v) ജീവനക്കാരുടെ എണ്ണം കുറയ്ക്കുക.

   (vi) ഇന്ധനക്ഷമത വർദ്ധിപ്പിക്കുക.

ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന പദ്ധതികളാണ് വിഭാവനം ചെയ്യുന്നത്. കെ.എസ്.ആർ.ടി.സി.യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി ബസ് സ്റ്റേഷനുകളിൽ പൊതുജനങ്ങൾക്കുകൂടി പ്രയോജനപ്പെടുന്ന രീതിയിൽ റീട്ടെയിൽ ഫ്യൂൽ ഔട്ട്ലെറ്റുകൾ സ്ഥാപിക്കുന്നതിനുള്ള

നടപടികൾ പുരോഗമിച്ചുവരുന്നു. കൂടാതെ സ്ക്രാപ്പ് ചെയ്യുന്ന ബസ്സുകൾക്ക് രൂപമാറ്റം വരുത്തി പൊതുമേഖലാ എണ്ണ കമ്പനികളുടെ പങ്കാളിത്തത്തോടെ 'ലൂബ് ഷോപ്പ്' എന്ന പദ്ധതിയും നടപ്പിലാക്കിയിട്ടുണ്ട്. ലൂബ്രിക്കന്റ് വിൽപ്പന, ഓയിൽ ചേയ്ഞ്ച് തുടങ്ങിയ പ്രവർത്തനങ്ങൾ ഉൾപ്പെടുത്തുന്നതുവഴി കൂടുതൽ വരുമാനം പ്രതീക്ഷിക്കുന്നു. കൂടാതെ ജില്ലാ വർക്ക്ഷോപ്പുകൾ എല്ലാ ജില്ലകളിലും ക്രമീകരിക്കുകയും ഡിപ്പോ മെയിന്റനൻസ് പുനഃക്രമീകരിക്കുകയും ചെയ്യുക വഴി ബസ്സ്/ ജീവനക്കാർ അനുപാതം ക്രമേണ കുറയ്ക്കുന്നതിന് ലക്ഷ്യമിടുന്നു. 3400 ഡീസൽ ബസ്സുകൾ LNG/ CNG-യിലേക്ക് കൺവർട്ട് ചെയ്യുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ നടന്നുവരുന്നു. കെ.എസ്.ആർ.ടി.സി.-യുടെ സർവീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്.ആർ.ടി.സി.യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേല ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ച് വരുന്നു. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യമൊരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ “ Sight seeing” എന്ന പദ്ധതിയും “ conducted tour” മാതൃകയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി ബസുകളിലും ലോറികളിലും സർക്കാർ/ അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും കൊറിയർ പാഴ്സൽ സർവ്വീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ഡിപ്പോകളിലെ ഡീസൽ പമ്പുകൾ, ഐ.ഒ.സി. മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതുവാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്കരീതിയിൽ ഫ്യൂവൽ കോംപ്ലക്സ് (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്കാവശ്യം വരുന്ന സൗകര്യങ്ങൾ, (public amenities), കഫറ്റേരിയ, ATM, റെസ്റ്റ് റൂമുകൾ ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിച്ച് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. CNG, LNG ഔട്ട്ലറ്റുകൾ സ്ഥാപിക്കുകവഴി കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ, പരസ്യ

ലേലം/ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി ഇ-ടെണ്ടർ നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

(സി) ഹരിത ഇന്ധനാധിഷ്ഠിതമായ വാഹനങ്ങൾ വാങ്ങുന്നതിന് കെ.എസ്.ആർ.ടി.സി. പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; ഇതിനായി പ്രത്യേകോദ്ദേശ്യ കമ്പനി രൂപീകരിച്ചിട്ടുണ്ടോ; എങ്കിൽ കമ്പനിയുടെ പ്രവർത്തന ലക്ഷ്യങ്ങൾ വിശദമാക്കാമോ?

പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. ആദ്യഘട്ടത്തിൽ 310 സിഎൻജി ബസുകൾ വാങ്ങുന്നതിനും 50 ഇലക്ട്രിക് ബസ്സുകൾ വാങ്ങുന്നതിനുമുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു. ഇതിനാവശ്യമായ പ്രത്യേക ഉദ്ദേശ്യകമ്പനി ആയ കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത കമ്പനിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ നടന്നുവരികയാണ്. ടി കമ്പനിയുടെ രൂപീകരണംകൊണ്ട് ഉദ്ദേശിക്കുന്ന പ്രധാന ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നവയാണ് :

കിഫ്ബി ഫണ്ടുപയോഗിച്ച് വാങ്ങുന്ന പുതിയ ബസ്സുകൾ, പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി വാങ്ങുന്ന പുതിയ ബസുകൾ, നിലവിലുള്ള ദീർഘദൂര ബസ്സുകൾ എന്നിവ കേന്ദ്രീകൃത നിയന്ത്രണ സംവിധാനത്തിന് കീഴിൽ കാര്യക്ഷമമായി ഓടിക്കുക.

കെ.എസ്.ആർ.ടി.സി-യുടെ വിവിധ സംവിധാനങ്ങൾ/അടിസ്ഥാന സൗകര്യങ്ങൾ ഉപയോഗിക്കുന്നതിനുള്ള പ്രതിഫലമായി കെ.എസ്.ആർ.ടി.സി-ക്ക് നിശ്ചിത ഉപയോക്തൃ നിരക്ക് നൽകുക.

പ്രവർത്തന ചെലവുകൾക്കും കിഫ്ബി ലോൺ തിരിച്ചടവിനുംശേഷം ഉണ്ടാകുന്ന മിച്ചം കെ.എസ്.ആർ.ടി.സി.ക്ക് നൽകുക.

പ്രസ്തുത തുക കെ.എസ്.ആർ.ടി.സി.-ക്ക് ലോൺ തിരിച്ചടവ്, ക്ഷേമ പദ്ധതികളുടെ അടവ് എന്നിവയ്ക്കുപയോഗിക്കാൻ സാധിക്കും. കിഫ്ബി ലോൺ ലഭ്യമാക്കുന്നതിനുള്ള പ്രധാന നിബന്ധനകളിലൊന്നായ SPV (Special Purpose Vehicle) രൂപീകരണവും കെ.എസ്.ആർ.ടി.സി. സ്വിഫ്റ്റ് രൂപീകരിക്കുന്നതിലൂടെ നേടാൻ സാധിക്കും.

**ഇൻഷ്വറൻസ് പരിരക്ഷ**

188 (2908) ശ്രീ. യു. എ. ലത്തീഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുജനങ്ങളുമായി അടുത്തിടപഴകുന്ന റേഷൻകട വ്യാപാരികൾക്ക് ഗവൺമെന്റ് കോവിഡ് ഇൻഷ്വറൻസ് ഏർപ്പെടുത്തിയ മാതൃകയിൽ പൊതുജനങ്ങളുമായി സമ്പർക്കത്തിലേർപ്പെടുന്ന കെ.എസ്.ആർ.ടി.സി.യിലെ കണ്ടക്ടർ, ഡ്രൈവർ എന്നീ വിഭാഗക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തേണ്ടതാണെന്ന് കരുതുന്നുണ്ടോ;

(ബി) എങ്കിൽ കോവിഡിന്റെ രണ്ടാം തരംഗം അവസാനിക്കാറായ ഈ കാലയളവിലെങ്കിലും കോവിഡിൽനിന്നും കോവിഡ് അനുബന്ധ രോഗങ്ങളിൽ നിന്നും പരിരക്ഷ നൽകിക്കൊണ്ട് പ്രസ്തുത ജീവനക്കാർക്ക് ഇൻഷ്വറൻസ് ഏർപ്പെടുത്താൻ അടിയന്തര നടപടി സ്വീകരിക്കാമോ?

(എ & ബി) കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ വിഭാഗം ജീവനക്കാർക്കും അടിയന്തര മെഡിക്കൽ സഹായം നൽകുന്നതിനായി വെൽഫെയർ ഫണ്ട് ട്രസ്റ്റ് രൂപീകരിക്കുന്നതിനുള്ള തുടർനടപടികൾ പുരോഗമിക്കുകയാണ്. കോവിഡിന് മാത്രമായി ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തുന്നത് പരിഗണനയിലില്ല.

**കെ.എസ്.ആർ.ടി.സി. ഭൂമിയിലെ കയ്യേറ്റം ഒഴിപ്പിക്കുന്നതിന് നടപടി**

189 (2909) ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. കൈവശം വച്ചിട്ടുള്ളതും പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ ഏതുവരെയായി എന്നറിയിക്കുമോ?

കെ.എസ്.ആർ.ടി.സി. കൈവശം വച്ചിട്ടുള്ളതും പട്ടയം ലഭിച്ചിട്ടില്ലാത്തതുമായ ഭൂമിക്ക് ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിന്റെ ഭാഗമായി റവന്യൂ വകുപ്പിൽനിന്നും വിരമിച്ച രണ്ട് ഉദ്യോഗസ്ഥരെ ഒരു വർഷക്കാലത്തേയ്ക്ക് സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ്) ഗ്രേഡ് I, സ്പെഷ്യൽ ഓഫീസർ (എസ്റ്റേറ്റ് ഗ്രേഡ് II)-മാരായി കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ചടയമംഗലം, മാവേലിക്കര, പാലക്കാട്, മണ്ണാർക്കാട്, പയ്യന്നൂർ, കണിയാപുരം, പേരൂർക്കട, കിളിമാനൂർ, പൂവാർ, വെള്ളറട, ദേവികുളം എന്നീ യൂണിറ്റുകളുടെ പട്ടയം ലഭ്യമായിട്ടില്ലാതിരുന്ന ഭൂമിക്ക് കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ കരമടച്ച് പട്ടയം ലഭ്യമായിട്ടുണ്ട്. ബാക്കിയുള്ള വിവിധ യൂണിറ്റുകൾ ഉൾപ്പെടുന്ന ഭൂമിക്ക് പട്ടയം ലഭ്യമാക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

(ബി) ആയതുമായി ബന്ധപ്പെട്ട് നടപടികൾ നടത്തുന്നതിനായി നിയോഗിച്ച റിട്ടയേർഡ് ആയ റവന്യൂ ഉദ്യോഗസ്ഥർക്കായി നാളിതുവരെ ആകെ എന്ത് തുക ചെലവഴിച്ചു; എന്ന് മുതൽ; ഇക്കാര്യത്തിന് തുക കൈപ്പറ്റിയ രസീതിന്റെ പകർപ്പുകൾ സഹിതം മേശപ്പുറത്തുവയ്ക്കുമോ?

ശ്രീ വിനോദ് എം. പി: 4,73,333 രൂപ (17-9-2020 മുതൽ 30-6-2021 വരെ). ശ്രീ. വിനീഷ് എസ്: 3,78,667 രൂപ (17-9-2020 മുതൽ 30-6-2021 വരെ). കെ.എസ്.ആർ.ടി.സി.-യിലെ എല്ലാ ഉദ്യോഗസ്ഥരുടെയും സാലറി SBI INB (bulk posting) വഴിയാണ് upload ചെയ്യുന്നത്. SBI INB-യിൽനിന്നും individual receipt എടുക്കുവാൻ നിർവ്വാഹമില്ല.

(സി) റിട്ടയേർഡ് ആയ ഇവർക്ക് നിയമനം നൽകിയ ഉത്തരവിന്റെ പകർപ്പും ലഭ്യമാക്കുമോ?

ടി ഉദ്യോഗസ്ഥരെ നിയമിച്ചുകൊണ്ട് കെ.എസ്.ആർ.ടി.സി. ഇറക്കിയ നിയമന ഉത്തരവിന്റെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു.*

(ഡി) തലസ്ഥാനത്തെ സിറ്റി ബസ് സ്റ്റാൻഡിന് പുറകിലുള്ള കെ.എസ്.ആർ. ടി.സി.-യുടെ ഏറെ വിലമതിക്കുന്ന ഭൂമി കയ്യേറി കടകൾ സ്ഥാപിച്ചത് ഒഴിപ്പിക്കുവാൻ ഇവർക്ക് ചുമതല നൽകിയിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

തലസ്ഥാനത്ത് സിറ്റി ബസ് സ്റ്റാൻഡിന് പിറകുവശത്ത് കടകൾ സ്ഥാപിച്ചത് ഒഴിപ്പിക്കാൻ കെ.എസ്.ആർ.ടി.സി.യിൽ നിയമിച്ച റിട്ടയേർഡ് റവന്യൂ ഉദ്യോഗസ്ഥർക്ക് ചുമതല നൽകിയിട്ടില്ല.

**കെ.എസ്.ആർ.ടി.സി.-യുടെ ഇന്ധന പമ്പുകൾ**

190 (2910) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. പൊതുജനങ്ങൾക്കായി പെട്രോൾ-ഡീസൽ പമ്പുകൾ സംസ്ഥാനത്ത് ഏതെല്ലാം സ്ഥലങ്ങളിലാണ് തുടങ്ങുവാൻ തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(ബി) ഇപ്രകാരം പെട്രോൾ-ഡീസൽ പമ്പുകൾ ആരംഭിക്കുന്നതിലൂടെ കെ.എസ്.ആർ.ടി.സി. എന്തെല്ലാം നേട്ടങ്ങളാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(എ & ബി) കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ പമ്പുകളുള്ള ഡിപ്പോകളിൽ എല്ലാംതന്നെ പെട്രോൾ - ഡീസൽ പമ്പുകൾ തുടങ്ങുവാനാണ് തീരുമാനിച്ചിട്ടുള്ളത്. കോഴിക്കോട്, തൃശ്ശൂർ, പെരിന്തൽമണ്ണ, മൂവാറ്റുപുഴ, ചാലക്കുടി, മാവേലിക്കര, ചടയമംഗലം, കിളിമാനൂർ എന്നീ 8 ഡിപ്പോകളിലെ പമ്പുകളിലാണ് ആദ്യഘട്ടത്തിൽ റീട്ടെയിൽ ഔട്ട്ലറ്റ് പമ്പുകൾ തുടങ്ങുവാൻ ഉദ്ദേശിക്കുന്നത്. ഇത് ആരംഭിക്കുന്നതിന്റെ ഇൻസ്റ്റലേഷൻ ചെലവുകൾ എണ്ണ കമ്പനികൾ വഹിക്കുമെന്നതിനാലും വിൽപ്പന യ്ക്കാനുപാതികമായി ഡീലർ കമ്മീഷൻ കൂടുതൽ ലഭിക്കുന്നതിനാലും ഈ പുതിയ വരുമാനമാർഗ്ഗം കെ.എസ്. ആർ.ടി.സി.ക്ക് നേട്ടമാണ്.

## കെ.എസ്.ആർ.ടി.സി.-യുടെ പെട്രോൾ പമ്പുകൾ

191 (2911) ശ്രീ. ജി. എസ്. ജയലാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരി ക്കുന്നതിന് എന്തെല്ലാം നടപടികളാണ് പരിഗണനയിലുള്ളതെന്ന് വെളിപ്പെടുത്താമോ?

കെ.എസ്.ആർ.ടി.സി.-യുടെ പ്രവർത്തനം കാലോചിതമായി പരിഷ്കരിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികൾ ചുവടെ ചേർക്കുന്നു :

1. ദീർഘദൂര സർവ്വീസുകൾ ആധുനിക സംവിധാനങ്ങളുടെ സഹായത്തോടു കൂടി, കൂടുതൽ യാത്രാ സൗകര്യങ്ങളൊരുക്കി, കൂടുതൽ യാത്രക്കാരെ ആകർഷിച്ച്, കൂടുതൽ വരുമാനം കൈവരിക്കുക എന്ന ലക്ഷ്യത്തോടുകൂടി കെ.എസ്.ആർ.ടി.സി.-യുടെ പരിപൂർണ്ണ സഹായ സഹകരണത്തോടുകൂടി പ്രവർത്തിക്കുന്ന KSRTC-SWIFT എന്ന കമ്പനി രൂപീകരിച്ചിട്ടുണ്ട്.

2. പ്രൊഫഷണൽ ഉദ്യോഗസ്ഥരുടെ സേവനം മാനേജ്മെന്റ് തലത്തിൽ വർദ്ധിപ്പിക്കുന്നതിന് ഓപ്പൺ മാർക്കറ്റിൽനിന്നും താൽക്കാലിക അടിസ്ഥാനത്തിൽ നിയമനങ്ങൾ നടത്തി കെ.എസ്.ആർ.ടി.സി.-യിൽ പ്രൊഫഷണലിസം കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

3. ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി കെ.എസ്.ആർ. ടി.സി.-യിൽ ഒരു കൊമേർഷ്യൽ ഡിവിഷൻ രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

4. കെ.എസ്.ആർ.ടി.സി.-യുടെ സംവിധാനങ്ങളുപയോഗപ്പെടുത്തി ലോജിസ്റ്റിക്സ് സംവിധാനം ആരംഭിച്ചിട്ടുണ്ട്. നിശ്ചിത യോഗ്യതയുള്ള കെ.എസ്.ആർ. ടി.സി.-യിലെ ജീവനക്കാരിൽ 25 പേരടങ്ങുന്ന ഒരു ലോജിസ്റ്റിക്സ് മാർക്കറ്റിംഗ് ടീം രൂപീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

5. കെ.എസ്.ആർ.ടി.സി.-യുടെ ബസ്-സ്റ്റാഫ് അനുപാതം ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. ആയത് ദേശീയ ശരാശരിയേക്കാൾ കുറച്ച് ചെലവ് കുറയ്ക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

6. അക്കൗണ്ടിംഗ് വിഭാഗം കാര്യക്ഷമമാക്കുന്നതിന് മാനേജീരിയൽ തസ്തികകളിൽ പ്രൊഫഷണൽ യോഗ്യതയുള്ളവരെ നിയമിക്കുന്നതിനും നിശ്ചിത യോഗ്യതയുള്ള ക്ലറിക്കൽ വിഭാഗം ജീവനക്കാരെയും ക്ലറിക്കൽ വിഭാഗം ജീവനക്കാരിൽ നിശ്ചിത യോഗ്യതയുള്ളവർ കുറവുള്ളപക്ഷം മറ്റ് വിഭാഗങ്ങളിൽ നിശ്ചിത യോഗ്യതയുള്ളവരെയും ചേർത്ത് കെ.എസ്.ആർ.ടി.സി.-യുടെ മിനിസ്റ്റീരിയൽ വിഭാഗത്തെ അഡ്മിനിസ്ട്രേഷൻ, അക്കൗണ്ട്സ് എന്നിങ്ങനെ രണ്ട് വിഭാഗമാക്കി ക്രമീകരിക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

7. BOND Service/City Circular Service/Feeder Service മുതലായവയുടെ സഹായത്തോടുകൂടി പൊതുജനത്തിന് കൂടുതൽ യാത്രാസൗകര്യം നൽകി വരുമാന വർദ്ധനവിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

8. ആധുനിക സൗകര്യങ്ങളുള്ള ETM നടപ്പിലാക്കുന്നതാണ്.

9. കെ.എസ്.ആർ.ടി.സി.-യുടെ വസ്തുവകകളിലുള്ള ഇന്ധന പമ്പുകൾ പൊതുജനങ്ങൾക്കുകൂടി ഉപയോഗിക്കുന്നതിന് സജ്ജീകരിക്കുന്ന നടപടികൾ പുരോഗമിക്കുന്നു.

കെ.എസ്.ആർ.ടി.സി.യുടെ 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേയ്ക്ക് പരിവർത്തനം വരുത്തുന്നതിനായി 7-1-2021 അവസാന തീയതിയായി ദർഘാസ് ക്ഷണിച്ചതിൽ 3 കമ്പനികൾ യോഗ്യത നേടുകയും ദർഘാസിന്റെ 2-ാം ഘട്ടമായ POC (Proof of concept) പൂർത്തീകരിക്കുന്നതിനുള്ള തുടർനടപടികൾ ദ്രുതഗതിയിൽ നടന്നുവരികയും ചെയ്യുന്നു. പ്രാഥമിക യോഗ്യത നേടിയ സ്ഥാപനങ്ങൾ ഡൽഹി, ഹരിയാന എന്നീ സംസ്ഥാനങ്ങളിൽനിന്നും ആയതിനാൽ കോവിഡ്-19 നിയന്ത്രണങ്ങൾ പദ്ധതിയെ ബാധിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുടെ നിലവിലുള്ള 5 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിനുള്ള പുനർ ദർഘാസിൽ 2 കമ്പനികൾ പങ്കെടുത്തിട്ടുള്ളതും ടെണ്ടർ തുറന്ന് രേഖകൾ പരിശോധിക്കുന്ന നടപടികൾ ദ്രുതഗതിയിൽ നടന്നുവരികയുമാണ്. നിലവിലുള്ള 3000 ഡീസൽ ബസ്സുകൾക്ക് വാഹന നിർമ്മാതാക്കളിൽനിന്നും പുതിയ സി.എൻ.ജി. എഞ്ചിൻ വാങ്ങി പരിവർത്തനം നടത്തുന്ന പദ്ധതി ഇതോടൊപ്പം പുരോഗമിക്കുകയാണ്. സി.എൻ.ജി/എൽ.എൻ.ജി. ബസ്സുകൾ പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി

പ്രവർത്തന മികവ് വിലയിരുത്തുന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽ നിന്നും ഒരു സി.എൻ.ജി ബസ്സ് വാങ്ങുകയും 23-3-2018 മുതൽ കെ.എസ്.ആർ.ടി.സി. ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും നിലവിൽ പ്രസ്തുത വാഹനം വിവിധ മേഖലകളിൽ സർവ്വീസ് നടത്തിയതിൽനിന്നും ടി മോഡൽ ബസ്സുകൾ പ്രോത്സാഹ നജനകമായി കാണുന്നു. ഇന്ധന വിലയിൽ 38% കുറവുവന്നതായി ബോധ്യപ്പെട്ടിട്ടുണ്ട്. കൂടാതെ M/s Petronet LNG യുടെ ഉടമസ്ഥതയിലുള്ള 2 എൽ.എൻ.ജി. ബസ്സുകൾ വാടകയ്ക്ക് ലഭ്യമാക്കി 21-6-2021 മുതൽ എറണാകുളം കേന്ദ്രീകരിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലേയ്ക്ക് ഇപ്പോൾ സർവ്വീസ് നടത്തിവരുന്നു. ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങളും വിശകലനം ചെയ്തുവരുകയാണ്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി M/s. KUDSIT-നെ ഏൽപ്പിച്ച് നടപടികൾ പുരോഗമിച്ചുവരുന്നു. ഇതുപൂർണ്ണമായും നടപ്പിലാക്കിക്കഴിയുമ്പോൾ ബസ് utilization, mileage, service സംബന്ധിച്ച വിവരങ്ങൾ വിശകലനം ചെയ്യുവാനും സാധിക്കും. ഇതിന്റെ ഭാഗമായി, വെഹിക്കിൾ ലൊക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്കവിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കിക്കഴിയുമ്പോൾ തത്സമയം ഓരോ സർവ്വീസിലുമുള്ള യാത്രക്കാരുടെ എണ്ണം ഓൺലൈനായി അറിയുവാൻ സാധിക്കും. മാത്രമല്ല പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. കൂടാതെ ഓരോ സർവ്വീസുകളുടേയും കളക്ഷൻ വിവരങ്ങളും ഓരോ ബസിന്റെയും വരുമാനം സംബന്ധിച്ച വിവരങ്ങളും ലഭ്യമാക്കുവാൻ സാധിക്കും. ആയതുവഴി ടി സർവ്വീസ് ലാഭകരമാണോ എന്ന് വിശകലനം ചെയ്യുവാനും സാധിക്കും. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിനും പരിഷ്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനമേർപ്പെടുത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി

ബസ്സുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്. ജീവനക്കാരുടെ ശമ്പള വിവരങ്ങളും സർവ്വീസ് സംബന്ധമായ വിവരങ്ങളും സാലറി സ്ലിപ്പ് തുടങ്ങിയ സംവിധാനങ്ങളോടുകൂടിയ ജി-സ്പാർക്ക് സോഫ്റ്റ്‌വെയർ നടപ്പിലാക്കിയിട്ടുണ്ട്. ഓഫീസ് പ്രവർത്തനങ്ങൾ സുഗമവും വേഗതയേറിയതും കാര്യക്ഷമമാക്കുന്നതിനും ഐ.ടി. മിഷന്റെ ഇ-ഓഫീസ് സംവിധാനം നടപ്പിലാക്കുവാനുദ്ദേശിക്കുന്നു. ഇതിനാവശ്യമായ കമ്പ്യൂട്ടറും മറ്റു അനുബന്ധ ഉപകരണങ്ങളും വാങ്ങുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ച് വരികയാണ്. ആദ്യഘട്ടമെന്ന നിലയിൽ കെ.എസ്.ആർ.ടി.സി.-യുടെ ചീഫ് ഓഫീസിലും മൂന്ന് സോണൽ ഓഫീസുകളിലും ടി സംവിധാനം നടപ്പിലാക്കുന്നതിനായി ഐ.ടി. മിഷനുമായി ബന്ധപ്പെട്ട് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) പൊതുജനങ്ങൾക്ക് ഗുണനിലവാരമുള്ള പെട്രോളിയം ഉൽപ്പന്നങ്ങൾ നൽകുവാനായി പമ്പുകൾ തുടങ്ങുന്നതിലൂടെ കെ.എസ്.ആർ.ടി.സി.-ക്ക് വരുമാന വർദ്ധനവ് പ്രതീക്ഷിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കെ.എസ്.ആർ.ടി.സി.-ക്ക് നിലവിൽ പൊതുജനങ്ങൾക്ക് പെട്രോളിയം ഉൽപ്പന്നങ്ങൾ നൽകുന്ന പമ്പുകളില്ല. എന്നാൽ കെ.എസ്.ആർ.ടി.സി-യിൽ നിലവിലുള്ള പമ്പുകളിൽ പുതുതായി തുടങ്ങുന്ന റീട്ടെയിൽ ഫ്യൂവൽ ഔട്ട്‌ലെറ്റുകളിൽനിന്നും പൊതുജനങ്ങൾക്ക് പെട്രോളിയം ഉൽപ്പന്നങ്ങൾ നൽകുന്നതിലൂടെ കെ.എസ്.ആർ. ടി.സി.-യുടെ ടിക്കറ്റേതര വരുമാനം വർദ്ധിക്കും.

(സി) പമ്പുകൾ സ്ഥാപിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യ്ക്ക് സാമ്പത്തിക ബാധ്യത ഉണ്ടാകുമോ; വിശദമാക്കാമോ?

ഇല്ല. നിലവിൽ പുതിയ പമ്പുകൾ സ്ഥാപിക്കുന്നതിനുവേണ്ട എല്ലാ ഉപകരണങ്ങളും ഇൻഫ്രാസ്ട്രച്ചർ ഫെസിലിറ്റികളും ഐ.ഒ.സി-യുടെ ചെലവിലും ഇതിലേയ്ക്ക് നിയോഗിക്കുന്ന ജീവനക്കാരുടെ വേതനം, മറ്റ് ദൈനംദിന ആവശ്യങ്ങൾക്കായുള്ള ഉപഭോഗവസ്തുക്കളുടെ ചെലവ് എന്നിവ കെ.എസ്.ആർ.ടി.സി.യുമാണ് വഹിക്കുന്നത്.

(ഡി) പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ചുവരുന്നതിനാൽ സി.എൻ.ജി.-യിലേയ്ക്കും ഇലക്ട്രിക് വാഹനങ്ങളിലേയ്ക്കും മാറുന്നതായി കെ.എസ്. ആർ.ടി.സി. പ്രഖ്യാപിച്ച സാഹചര്യത്തിൽ പ്രസ്തുത പമ്പുകൾ വഴി സി.എൻ.ജി. ഇന്ധനംകൂടി നൽകുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദമാക്കുമോ?

നിലവിലുള്ള പമ്പുകളിൽ ഇപ്പോൾ സി.എൻ.ജി., എൽ.എൻ.ജി. എന്നിവ ലഭ്യമല്ല. എന്നാൽ എൽ.എൻ.ജി., സി.എൻ.ജി., ഇലക്ട്രിക് ചാർജ്ജിംഗ് എന്നിവ ലഭ്യമാകുന്ന മുറയ്ക്ക് ആയവ കെ.എസ്.ആർ.ടി.സി.യുടെ ഈ റീട്ടെയിൽ ഔട്ട്‌ലെറ്റ് പമ്പുകളിലും ഉൾപ്പെടുത്തുന്നതാണ്.

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനുകളിലെ സൗകര്യങ്ങൾ

192 (2912) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-ക്ക് എത്ര ബസ് സ്റ്റേഷനുകൾ ഉണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കുമോ?

സംസ്ഥാനത്ത് കെ.എസ്.ആർ.ടി.സി.-യുടെ ബസ് സ്റ്റേഷനുകൾ സംബന്ധിച്ച ജില്ല തിരിച്ചുള്ള വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പ്രസ്തുത ബസ് സ്റ്റേഷനുകൾ എപ്പോൾ നിർമ്മിച്ചതാണെന്നും അതിനായി എത്ര തുക വിനിയോഗിച്ചുവെന്നും ഫണ്ടിന്റെ സ്രോതസ്സ് എങ്ങനെയായിരുന്നു വെന്നും ജില്ല തിരിച്ച് വ്യക്തമാക്കുമോ?

ബസ് സ്റ്റേഷനുകളെ സംബന്ധിച്ച് ലഭ്യമായ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(സി) പ്രസ്തുത ബസ് സ്റ്റേഷനുകളിൽ ഉള്ള സൗകര്യങ്ങളും സംവിധാനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

യാത്രക്കാർക്കുള്ള കാത്തിരിപ്പ് കേന്ദ്രങ്ങൾ, പബ്ലിക് ടോയ്‌ലറ്റുകൾ, ബസ് പാർക്കിംഗ് ഏരിയ, ഗ്യാരേജ്, ഓഫീസ്, ജീവനക്കാർക്കുള്ള വിശ്രമമുറികൾ എന്നീ സംവിധാനങ്ങളുണ്ട്. അവയെല്ലാം പലതും കാലപ്പഴക്കം ചെന്നവയാണ്. പുതിയതായി ആരംഭിച്ച ബസ് സ്റ്റേഷനുകളിൽ ഇവയെല്ലാം നല്ല രീതിയിൽ പ്രവർത്തിക്കുന്നുണ്ട്.

(ഡി) എല്ലാ ബസ് സ്റ്റേഷനുകളിലും ശൗചാലയങ്ങൾ ഉണ്ടോയെന്നും അവ ഉപയോഗപ്രദമാണോയെന്നും വ്യക്തമാക്കാമോ?

പൊതുജനങ്ങൾക്കും ജീവനക്കാർക്കും ഉപയോഗിക്കുന്നതിനായി പ്രത്യേകം ശൗചാലയങ്ങളാണുള്ളത്. നിലവിൽ ചില ഡിപ്പോകളിൽ പൊതുജനങ്ങൾക്ക് ഉപയോഗിക്കുന്നതിനുള്ള ശൗചാലയങ്ങൾ ഉപയോഗപ്രദമല്ല. KSRTC-യുടെ എല്ലാ ബസ് സ്റ്റേഷനുകളിലെ ശൗചാലയങ്ങൾ പുനരുദ്ധരിക്കുന്നതിനും പുതുതായ ആധുനിക സംവിധാനങ്ങളോടുകൂടി നിർമ്മിക്കുന്നതിനുംവേണ്ടി നടപടികൾ എടുത്തുവരുന്നു.

(ഇ) കാസർഗോഡ് കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷനിലെ സെപ്റ്റിക് ടാങ്ക് നിറഞ്ഞ് മലിനജലം പുറത്തേയ്ക്കൊഴുകി ശൗചാലയം ശോചനീയാവസ്ഥയി ലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എന്ത് പരിഹാര നടപടി കളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ?

ഉണ്ട്. മലിനജലം നീക്കംചെയ്യുന്ന പ്രവൃത്തി ചെയ്യുന്നതിനായി 1,50,000 രൂപ മുൻകൂറായി കാസർഗോഡ് യൂണിറ്റധികാരിക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**കെ.എസ്.ആർ.ടി.സി.**

193 (2913) ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. സണ്ണി ജോസഫ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-ക്ക് സമാന്തരമായി കെ-സ്വിഫ്റ്റ് എന്ന സ്വകാര്യ കമ്പനി രൂപീകരിക്കാനുള്ള മാനേജ്മെന്റ് നീക്കം കെ.എസ്.ആർ.ടി.സി.-യുടെ സ്വകാര്യവൽക്കരണത്തിനുള്ള ശ്രമമാണെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വസ്തുതകൾ വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-ക്ക് സമാന്തരമായി സ്വകാര്യ കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടില്ല. എന്നാൽ 19.02.2021-ലെ സർക്കാർ ഉത്തരവ് G.O. (MS) No. 7/2021/TRANS പ്രകാരം കെ.എസ്.ആർ. ടി.സി.-സ്വിഫ്റ്റ് എന്ന കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പ്രസ്തുത ഉത്തരവ് പ്രകാരം കെ.എസ്.ആർ.ടി.സി.-സ്വിഫ്റ്റ് നൂറുശതമാനം സർക്കാരിന്റെ ഉടമസ്ഥതയിലുള്ള കമ്പനിയാണ്. ആധുനിക സംവിധാനങ്ങളോടുകൂടി പൊതുജനങ്ങൾക്ക് മെച്ചപ്പെട്ട യാത്രാ സൗകര്യം നൽകി അധിക വരുമാനം കണ്ടെത്തി കെ.എസ്.ആർ.ടി.സി.-യുടെ നില മെച്ചപ്പെടുത്തുക എന്ന ലക്ഷ്യത്തോടുകൂടിയാണ് KSRTC-SWIFT എന്ന കമ്പനി രൂപീകരിക്കാൻ തീരുമാനിച്ചിട്ടുള്ളത്. ടി കമ്പനിയുടെ രൂപീകരണവുമായി ബന്ധപ്പെട്ട് KSRTC തൊഴിലാളികളുടെ ചില ആശങ്കകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം ആശങ്കകൾ പരിഹരിക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി കെ.എസ്.ആർ.ടി.സി.-യിലെ തൊഴിലാളി സംഘടനാ പ്രതിനിധികളുമായി ചർച്ചകൾ പുരോഗമിക്കുകയാണ്. KSRTC-SWIFT കമ്പനിയുടെ പ്രത്യേകതകൾ താഴെ ചേർക്കുന്നു :

(എ) KSRTC-യിൽനിന്നും നിയമപരമായി വേർപ്പെട്ടതും സ്വതന്ത്രവുമായിരിക്കും.

(ബി) കമ്പനി നിയമപരമായി സ്വതന്ത്രമായിരിക്കുമ്പോൾ തന്നെ KSRTC-യുടെ എല്ലാ വിധത്തിലുള്ള ഇൻഫ്രാസ്ട്രക്ച്ചറുകളും ബസുകളും ഉപയോഗപ്പെടുത്തി മാത്രമേ പ്രസ്തുത കമ്പനിക്ക് മുന്നോട്ട് പോകാനാകൂ.

(സി) SWIFT-ന്റെ വരുമാനത്തിൽനിന്നും KSRTC-യുടെ ജീവനക്കാർക്ക് വേണ്ടുന്ന ആനുകൂല്യങ്ങൾ നൽകുന്നതിനും KSRTC-യുടെ ലോണുകൾ/കടങ്ങൾ തിരിച്ചടയ്ക്കുന്നതിനും നിയമപരമായ ബാധ്യത പുതിയ സംവിധാനത്തിലുണ്ടായിരിക്കണം.

(ഡി) കെ.എസ്.ആർ.ടി.സി.-യുടെ ചെയർമാൻ & മാനേജിംഗ് ഡയറക്ടർ തന്നെ ആയിരിക്കും KSRTC-SWIFT-ന്റെ ചെയർമാൻ & മാനേജിംഗ് ഡയറക്ടറും.

(ഇ) കിഫ്ബിയുടെ ലോൺ ഉപയോഗിച്ച് ബസുകൾ വാങ്ങുവാൻവേണ്ടി ഒരു Special Purpose Vehicle (SPV) form ചെയ്യേണ്ടതുണ്ട്. അതാണ് KSRTC- SWIFT.

(എഫ്) 10 വർഷം കഴിയുമ്പോൾ KSRTC-SWIFT പൂർണ്ണമായും കെ.എസ്.ആർ.ടി.സി.-യിൽ ലയിപ്പിക്കും.

(ബി) കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് 2021 ജൂൺ മാസം മുതൽ പതിനൊന്നാം ശമ്പള പരിഷ്കരണ കമ്മീഷൻ ആനുകൂല്യങ്ങൾ ലഭ്യമാക്കുന്നതാണെന്നുള്ള പ്രഖ്യാപനം നടപ്പിലാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ഗതാഗത വകുപ്പുമന്ത്രി 21-6-2021-ൽ ചർച്ച നടത്തിയിരുന്നു. ശമ്പള പരിഷ്കരണം വൈകുന്ന സാഹചര്യത്തിൽ 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ ഇടക്കാലാശ്വാസമായി 1,500 രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ച് നൽകിയിട്ടുണ്ട്. കൂടാതെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണംചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500 രൂപ വീതം ഇടക്കാലാശ്വാസമായി നൽകിവരുന്നു. കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകളുമായി ചർച്ചചെയ്ത് സമവായത്തിലെത്തി ബന്ധപ്പെട്ട സർക്കാർ വകുപ്പുകളുടെ അംഗീകാരത്തോടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗതിയിലാണ്.

**കെ.എസ്.ആർ.ടി.സി. -യുടെ ടിക്കറ്റിതര വരുമാനമാർഗ്ഗങ്ങൾ**

194 (2914) <u>ശ്രീ. എ. കെ. എം. അഷ്റഫ്:</u>
<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്:</u>
<u>ശ്രീ. യു. എ. ലത്തീഫ്:</u>
<u>ശ്രീ. നജീബ് കാന്തപുരം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റ് ഇതര വരുമാന മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ;

&

(ബി) ഇപ്രകാരമുള്ള വരുമാന മാർഗ്ഗങ്ങൾ വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത്?

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവ്വീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചുവരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാനമാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്: കെ.എസ്.ആർ.ടി.സി.-യുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗയോഗ്യമല്ലാത്ത ബസുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിക്കുകയും ചെയ്തിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനുകളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., 'ഷോപ്പ് ഓൺ വീൽസ്' പദ്ധതിയിൽ താൽപ്പര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യ ലേലം ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ "സ്ലീപർ ഇൻ ബസ്" എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യമൊരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കുവാനുദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ "Sight seeing" എന്ന പദ്ധതിയും "conducted tour" മാതൃകയിൽ ആവിഷ്ക്കരിച്ചിട്ടുണ്ട്. കൊവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി ലോജിസ്റ്റിക്സ് എന്ന പേരിൽ കെ.എസ്.ആർ.ടി.സി.-യുടെ വാനുകൾ സജ്ജീകരിക്കുകവഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി ബസുകളിലും ലോറികളിലും സർക്കാർ/അർദ്ധ സർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും കൊറിയർ പാഴ്സൽ സർവ്വീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്ക്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ ഉയർന്ന ഗുണമേന്മയും വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനികളുമായി

ചേർന്ന് കെ.എസ്.ആർ.ടി.സി രൂപമാറ്റം വരുത്തിയ ബസ്സുകളിൽ വിതരണം ചെയ്യുന്നതിന് 'ലൂബ്ഷോപ്പ്' എന്ന പദ്ധതി 2021 ജൂലൈ 23-ാം തീയതി ആരംഭിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി ഡിപ്പോകളിലെ ഡീസൽ പമ്പുകൾ IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്കരീതിയിൽ "ഫ്യുവൽ കോംപ്ലക്സ്" (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കുന്നതോടൊപ്പം, പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾ (public amenities), കഫറ്റേരിയ, എ.ടി.എം., റെസ്റ്റ് റൂമുകൾ ഒരുക്കുന്നതിനായിട്ടുള്ള നൂതന പദ്ധതി ആവിഷ്കരിക്കാനായി പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. CNG, LNG ഔട്ട്ലെറ്റുകൾ സ്ഥാപിക്കുകവഴിയും കെ.എസ്.ആർ. ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻവർദ്ധനവ് വരുത്തുന്നതിന് സാധിക്കും. ദീർഘകാലാടിസ്ഥാനത്തിൽ ഷോപ്പിംഗ് കോമ്പ്ലക്സുകൾ കെ.എസ്. ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതു മേഖല കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ സ്വീകരിക്കുവാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തികരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസ്സിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.യുടെ വരുമാന സ്രോതസുകൾ ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് വിംഗ് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്.

(സി) ടിക്കറ്റിതര വരുമാനമാർഗ്ഗങ്ങൾ വഴി എത്ര തുക സമാഹരിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്; വിശദമാക്കുമോ?

കോവിഡ്- 19 മഹാമാരിക്കുമുൻപ് പ്രതിമാസ ടിക്കറ്റിതര വരുമാനം 3,14,86,785 രൂപയായിരുന്നു. മേൽ പിരിവിൽ സൂചിപ്പിച്ചിരിക്കുന്ന പ്രകാരമുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം പ്രതിമാസം 25 കോടി രൂപ ആയി ഉയരുമെന്ന് പ്രതീക്ഷിക്കുന്നു.

## കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളപരിഷ്കരണ ചർച്ച

195 (2915) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിലെ ശമ്പള പരിഷ്കരണ ചർച്ചാവേളയിൽ കഠിനജോലികളിലേർപ്പെടുന്ന ലൈൻ ഡ്യൂട്ടിക്കാർക്ക് ലഘുവായ ഓഫീസ് ജോലികളിലേർപ്പെടുന്നവരേക്കാൾ കൂടുതൽ അടിസ്ഥാനശമ്പളം നടപ്പാക്കണമെന്ന് തൊഴിലാളി യൂണിയനുകൾ ആവശ്യം ഉന്നയിച്ചിരുന്നോ;

&

(ബി) എങ്കിൽ ഏതെല്ലാം യൂണിയനുകൾ; വിശദാംശം ലഭ്യമാക്കുമോ?

(എ&ബി) ഉന്നയിച്ചിട്ടില്ല.

(സി) മറ്റു പൊതുമേഖലാ സ്ഥാപനങ്ങളിൽ ഓപ്പറേറ്റിംഗ് വിഭാഗങ്ങൾക്ക് മിനിസ്റ്റീരിയൽ വിഭാഗത്തേക്കാൾ കൂടുതൽ ശമ്പളം നൽകുന്ന രീതി അവലംബിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യിൽ മാത്രം ഇക്കാര്യത്തിൽ വിരുദ്ധ മാനദണ്ഡം അവലംബിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കുമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല. കെ.എസ്.ആർ.ടി.സി.യിൽ ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നത് കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത തൊഴിലാളി സംഘടനകൾ സമർപ്പിക്കുന്ന Charter of Demands-ന്റെ അടിസ്ഥാനത്തിൽ സംഘടനകളുമായി നടത്തുന്ന നിരവധി ചർച്ചകളിലൂടെ ഉരുത്തിരിയുന്ന തീരുമാനങ്ങളിലൂടെയും സർക്കാരിന്റെ അനുമതിയോടുകൂടിയുമാണ്. കൂടാതെ കെ.എസ്.ആർ.ടി.സി.യിൽ കണ്ടക്ടർ, ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് അവരുടെ ജോലികൾക്കനുസൃതമായി കിലോമീറ്റർ അലവൻസ്, ഇൻസെന്റീവ് ബാറ്റ, കളക്ഷൻ ബാറ്റ, ലേ ഓവർ അലവൻസ് എന്നീ ആനുകൂല്യങ്ങൾ നൽകിവരുന്നു. എന്നാൽ ഓഫീസ് ജീവനക്കാർക്ക് ഇത്തരം അലവൻസുകൾ ഒന്നുംതന്നെ നൽകുന്നില്ല. കൂടാതെ ഡ്രൈവർ വിഭാഗം ജീവനക്കാർക്ക് മറ്റ് വിഭാഗം ജീവനക്കാരേക്കാൾ അടിസ്ഥാനശമ്പളം കൂടുതലാണ്.

(ഡി) അവശ്യസാധന വിലവർദ്ധനയും രൂക്ഷമായ പണപ്പെരുപ്പവും പരിഗണിച്ച് മറ്റ് പൊതുമേഖലാ സ്ഥാപനങ്ങളെ മാതൃകയാക്കി കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളപരിഷ്കരണ ചർച്ചകളിൽ ഉചിതമായ തീരുമാനമെടുക്കുമോ; ഇല്ലെങ്കിൽ കാരണം അറിയിക്കുമോ?

കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ചകൾ നടത്തിവരുന്നു. ആയതിന്റെ തുടർച്ചയായി 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ ഇടക്കാലാശ്വാസമായി

1,500 രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻകാർക്ക് 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500 രൂപ വീതം ഇടക്കാലാശ്വാസമായി അനുവദിച്ചുവരുന്നു. ശമ്പളപരിഷ്കരണ കരാറിനൊപ്പം ഒരു ദീർഘകാല കരാറും ഒപ്പിടേണ്ടതുണ്ട്. ആയത് സർക്കാർ അംഗീകാരത്തോടെ, കെ.എസ്.ആർ.ടി.സി.-യിലെ അംഗീകൃത സംഘടനകളുമായി ചർച്ചചെയ്ത് സമവായത്തിലെത്തി നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

**വരുമാനം വർദ്ധിപ്പിക്കുന്നതിന് കെ.എസ്.ആർ.ടി.സി.-യുടെ നടപടി**

196 (2916) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി. ബസ്സുകളിലേയ്ക്ക് കൂടുതൽ യാത്രക്കാരെ ആകർഷിക്കുന്നതിനായി നവീന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

വിവിധ സ്ഥലങ്ങളിൽനിന്നും ഓഫീസുകളും മറ്റും കേന്ദ്രീകരിച്ച് പ്രതിമാസ നിരക്കിൽ ആവശ്യക്കാർക്കായി ബോണ്ട് (Bus on demand) സർവ്വീസ് ആരംഭിച്ചിട്ടുണ്ട്. തിരുവനന്തപുരം സിറ്റിയിലെ പ്രധാന ഓഫീസ്, മറ്റ് സ്ഥാപനങ്ങളെ ബന്ധിപ്പിച്ച് കൃത്യമായ ഇടവേളകളിൽ സിറ്റി സർക്കുലർ സർവ്വീസ് ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. തുടക്കത്തിൽ 7 റൂട്ടുകളിലായിരിക്കും സർവ്വീസ് നടത്തുക. ഇത്തരം സർവ്വീസുകൾക്ക് പ്രത്യേക നിറങ്ങളിലുള്ള ബസ്സുകളായിരിക്കും നൽകുന്നത്. സർക്കുലർ സർവ്വീസുകളിൽ യാത്ര ചെയ്യുന്നതിനായി യാത്രക്കാർക്ക് ഒരു നിശ്ചിത തുകയ്ക്ക് ഒരു ദിവസം മുഴുവനും യാത്ര ചെയ്യുവാൻ സൗകര്യം ഒരുക്കുന്നതാണ്. കെ.എസ്.ആർ.ടി.സി.യുടെ സൂപ്പർ ക്ലാസ് A/C സർവ്വീസുകളിലും ജൻറം A/C ബസുകളിലും മൾട്ടി ആക്സിൽ ബസ്സുകളിലും യാത്രക്കാരെ കൂടുതലായി ആകർഷിക്കുന്നതിനും പൊതുജനങ്ങൾക്ക് നിരക്ക് വർദ്ധനയുടെ ഭാരം ലഘൂകരിക്കുന്നതിനായി ചൊവ്വ, ബുധൻ, വ്യാഴം ദിവസങ്ങളിൽ കേരളത്തിനുള്ളിൽ സൂപ്പർ ഫാസ്റ്റ് മുതലുള്ള സൂപ്പർക്ലാസ് സർവ്വീസുകളിൽ 3-11-2020 മുതൽ 25%-വും 25-11-2020 മുതൽ ലോ ഫ്ളോർ A/C സർവ്വീസുകൾക്ക് 25%വും 10-2-2021 തീയതിയായി മൾട്ടി ആക്സിൽ A/C സർവ്വീസുകൾക്ക് 30%വും നിരക്കിളവ് നൽകിയിട്ടുണ്ട്. പൊതുജനങ്ങൾക്കും യാത്രക്കാർക്കും ഉപയോഗപ്രദമാകുന്ന രീതിയിൽ മൊബൈൽ ആപ്ലിക്കേഷൻ ഉപയോഗിച്ച് ഷെഡ്യൂളുകളുടേയും സർവ്വീസുകളുടേയും യഥാർത്ഥ സമയക്രമം നൽകുന്നതിനായി വെഹിക്കിൾ ട്രാക്കിംഗ് സിസ്റ്റം, പാസഞ്ചർ

ഇൻഫർമേഷൻ സിസ്റ്റം എന്നിവ നടപ്പിലാക്കുന്നതിനായി ഡിജിറ്റൽ യൂണിവേഴ്സിറ്റി ആയ M/s. KUDSIT-നെ ഏല്പിച്ചിട്ടുണ്ട്. നടപടികൾ പുരോഗമിച്ചുവരുന്നു. ഇത് പൂർണ്ണമായും നടപ്പിലാക്കികഴിയുമ്പോൾ, ബസ് utilization, mileage, service സംബന്ധിച്ച വിവരങ്ങൾ എന്നിവ വിശകലനം ചെയ്യുവാനും സാധിക്കും. ഇതിന്റെ ഭാഗമായി വെഹിക്കിൾ ലോക്കേഷൻ ട്രാക്കിംഗ് ഡിവൈസ് വാങ്ങുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. Closed Loop Smart Card സംവിധാനം ഉപയോഗിക്കത്തക്ക വിധത്തിൽ GPRS Bluetooth, RFID സംവിധാനമുള്ള ETM മെഷീനുകൾ വാങ്ങുന്നതിനുള്ള പർച്ചേസ് ഓർഡർ നൽകിയിട്ടുണ്ട്. ഇത് നടപ്പിലാക്കിക്കഴിയുമ്പോൾ പ്രീ-പെയ്ഡ് കാർഡ് ഉപയോഗിച്ച് യാത്ര ചെയ്യുന്നതിനുള്ള സൗകര്യവും ഉണ്ടായിരിക്കുന്നതാണ്. വിവിധതരം പാസുകളെ സ്മാർട്ട് കാർഡ് സംവിധാനത്തിലേയ്ക്ക് മാറ്റുവാനും കഴിയുന്നതാണ്. കെ.എസ്.ആർ.ടി.സി.-യിലേയ്ക്ക് യാത്രക്കാരെ ആകർഷിക്കുന്നതിനും ടിക്കറ്റുകൾ മുൻകൂർ ബുക്ക് ചെയ്യുന്നതിന് പരിഷ്ക്കരിച്ചതും കൂടുതൽ സൗകര്യങ്ങളോടുകൂടിയതുമായ ഓൺലൈൻ റിസർവേഷൻ സംവിധാനം ഏർപ്പെടു ത്തിയിട്ടുണ്ട്. യാത്രക്കാർക്ക് 30 ദിവസം മുൻകൂറായി ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്. കൂടാതെ, മുൻകൂർ ടിക്കറ്റ് ബുക്കിംഗിനായി " എന്റെ കെ.എസ്.ആർ.ടി.സി" എന്ന മൊബൈൽ ആപ്ലിക്കേഷൻ ആരംഭിച്ചിട്ടുണ്ട്. ടി ആപ്പ് ഉപയോഗിച്ചും യാത്രക്കാർക്ക് കെ.എസ്.ആർ.ടി.സി. ബസുകളിൽ ടിക്കറ്റ് ബുക്ക് ചെയ്യാൻ സാധിക്കുന്നതാണ്.

(ബി) യാത്രക്കാരിൽനിന്നുള്ള വരുമാനം കൂടാതെ മറ്റു പദ്ധതികളിൽ നിന്നും കൂടുതൽ വരുമാനം ലഭിക്കുവാൻ കെ.എസ്.ആർ.ടി.സി. സ്വീകരിച്ചിട്ടുള്ള നടപടി കളെന്തെല്ലാം; വിശദ വിവരം നൽകുമോ?

കെ.എസ്.ആർ.ടി.സി.-യുടെ വരുമാനത്തിന്റെ ഏറിയ പങ്കും സർവീസ് ഓപ്പറേഷനിലൂടെയാണ് ലഭിക്കുന്നത്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങളിലും ഷോപ്പിംഗ് കോംപ്ലക്സുകളിലും കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിപ്പിക്കുന്നതിലൂടെയും ബസ് സ്റ്റേഷൻ പരസ്യം, ബസിലെ പരസ്യം, മൊബൈൽ ടവർ മുതലായവയിൽനിന്നും ടിക്കറ്റിതര വരുമാനം ലഭിച്ചുവരുന്നു. കൂടാതെ കൊറിയർ പാഴ്സൽ, എ.ടി.എം. എന്നിവയ്ക്കായി ലേലം/ടെണ്ടർ നടപടികൾ സ്വീകരിച്ചു വരുന്നു. കോവിഡ്-19 മഹാമാരിയുടെ പശ്ചാത്തലത്തിൽ ടിക്കറ്റിതര വരുമാനത്തിൽ ഗണ്യമായ കുറവ് വന്നുവെങ്കിലും നൂതന വരുമാന മാർഗ്ഗങ്ങളിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സ്വീകരിച്ചുവരുന്ന നടപടികളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്: കെ.എസ്.ആർ.ടി.സിയുടെ സർവ്വീസ് ഓപ്പറേഷന് ഉപയോഗ യോഗ്യമല്ലാത്ത ബസ്സുകളെ രൂപമാറ്റം വരുത്തി സ്റ്റാളുകളാക്കി മാറ്റി വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി പദ്ധതി രൂപീകരിക്കുകയും നിലവിൽ മിൽമ, കുടുംബശ്രീ, ഹോർട്ടികോർപ്പ് എന്നീ സ്ഥാപനങ്ങൾക്ക് പ്രാരംഭമെന്ന നിലയിൽ

പ്രവർത്തിപ്പിക്കുന്നതിന് ലൈസൻസ് അനുവദിച്ചിട്ടുണ്ട്. Scheduled Tribes Development Department-ന് കെ.എസ്.ആർ.ടി.സി.-യുടെ 14 ബസ് സ്റ്റേഷനു കളിൽ ഷോപ്പ് ഓൺ വീൽസ് ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കെ.ടി.ഡി.സി., ഷോപ്പ് ഓൺ വീൽസ് പദ്ധതിയിൽ താൽപ്പര്യം അറിയിച്ചിട്ടുണ്ട്. വ്യക്തികൾ, സ്ഥാപനങ്ങൾ എന്നിവർക്ക് പരസ്യലേലം/ടെണ്ടർ നടപടിയിലൂടെ ലൈസൻസ് അനുവദിച്ച് നൽകുന്നതിനുള്ള നടപടികൾ പൂർത്തീകരിച്ചുവരുന്നു. അപ്രകാരം പദ്ധതി കൂടുതൽ വിപുലീകരിക്കുന്നതിന് സാധിക്കും. മൂന്നാറിൽ സ്ലീപർ ഇൻ ബസ് എന്ന പദ്ധതി പ്രകാരം യാത്രക്കാരായ പൊതുജനങ്ങൾക്ക് കുറഞ്ഞ ചെലവിൽ താമസ സൗകര്യമൊരുക്കി വരുമാനം കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സ്ലീപ്പർ ഇൻ ബസ് പദ്ധതി മറ്റ് സ്ഥലങ്ങളിലേയ്ക്കും വ്യാപിപ്പിക്കു വാനുദ്ദേശിക്കുന്നു. കൂടാതെ മൂന്നാറിൽ " Sight seeing" എന്ന പദ്ധതിയും " conducted tour" മാതൃകയിൽ ആവിഷ്കരിച്ചിട്ടുണ്ട്. കൊവിഡ്-19 കിറ്റുകൾ കൊണ്ടുപോകുന്നതിന് കെ.എസ്.ആർ.ടി.സി. ലോജിസ്റ്റിക്സ് എന്ന പേരിൽ കെ.എസ്.ആർ.ടി.സി.യുടെ വാനുകൾ സജ്ജീകരിക്കുക വഴിയും ടിക്കറ്റിതര വരുമാനം കൂടുതലായി ലഭിച്ചുവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി. ബസുകളിലും ലോറികളിലും സർക്കാർ, അർദ്ധസർക്കാർ വകുപ്പുകളുടെ രഹസ്യ സ്വഭാവമുള്ള രേഖകൾ യഥാസ്ഥാനത്ത് എത്തിക്കുന്നതിന് നടപടി കൈക്കൊള്ളാനും കൊറിയർ പാഴ്സൽ സർവീസ് വിപുലീകരിക്കുവാനും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പൊതുജനങ്ങൾക്ക് ഉപകാരപ്രദമായരീതിയിൽ ഉയർന്ന ഗുണമേന്മയും വാഹനങ്ങളുടെ എഞ്ചിൻ ഓയിൽ തുടങ്ങി മുഴുവൻ ലൂബ്രിക്കന്റ്സുകളും പ്രമുഖ ഓയിൽ കമ്പനികളുമായി ചേർന്ന് കെ.എസ്.ആർ.ടി.സി. രൂപമാറ്റം വരുത്തിയ ബസ്സുകളിൽ വിതരണം ചെയ്യുന്നതിന് ലൂബ്ഷോപ്പ് എന്ന പദ്ധതി ജൂലൈ 23-ാം തീയതി ആരംഭിച്ചിട്ടുണ്ട്. കെ.എസ്. ആർ.ടി.സി. ഡിപ്പോകളിലെ ഡീസൽ പമ്പുകൾ IOC മുതലായ വൻകിട എണ്ണ കമ്പനികളുടെ സഹകരണത്തോടെ പൊതു വാഹനങ്ങൾക്കുകൂടി ഉപയോഗിക്കത്തക്ക രീതിയിൽ ഫ്യൂവൽ കോംപ്ലക്സ് (CNG + LNG + Electric vehicle charging + Diesel + Petrol) സ്ഥാപിക്കുന്നതോടൊപ്പം പൊതുജനങ്ങൾക്ക് ആവശ്യം വരുന്ന സൗകര്യങ്ങൾ (public amenities), കഫറ്റേറിയ, ATM, റെസ്റ്റ് റൂമുകൾ ഒരുക്കുന്ന തിനായിട്ടുള്ള നൂതന പദ്ധതിയും ആവിഷ്കരിക്കുന്നതിന് പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്. CNG, LNG ഔട്ട്ലെറ്റുകൾ സ്ഥാപിക്കുക വഴിയും കെ.എസ്.ആർ. ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ഉപയോഗപ്പെടുത്തി വാണിജ്യ സമുച്ചയങ്ങൾ നിർമ്മിച്ച് നൽകുന്നതിലൂടെ ടിക്കറ്റിതര വരുമാനത്തിൽ വൻവർദ്ധനവ് വരുത്തുന്നതിന് സാധിക്കും. ദീർഘകാല അടിസ്ഥാനത്തിൽ ഷോപ്പിംഗ് കോംപ്ലക്സുകൾ, കെ.എസ്.ആർ.ടി.സിയുടെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ എന്നിവ പാട്ടത്തിന് (പൊതുമേഖല കെ.എസ്.ആർ.ടി.സി. സംയുക്ത സംരംഭം) നൽകുന്നതിലൂടെ ടിക്കറ്റിതര

വരുമാനത്തിൽ വൻ വർദ്ധനവ് വരുത്തുന്നതിന് സാധിക്കും. കൂടാതെ പരസ്യ ലേലം ടെണ്ടർ നടപടികൾ കൂടുതൽ സുതാര്യമാക്കുന്നതിനായി e-Tender നടപടികൾ ആവിഷ്കരിക്കാൻ പദ്ധതി നടപ്പിലാക്കിവരുന്നു. നിലവിൽ പണി പൂർത്തീകരിച്ച വാണിജ്യ സമുച്ചയങ്ങൾ, പണി പൂർത്തീകരിക്കേണ്ടവ എന്നിവയിലെ കടമുറികൾ ലേലം/ ടെണ്ടർ വഴി അനുവദിക്കുന്നതിനും അതിലൂടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനുമുള്ള നടപടി സ്വീകരിച്ചുവരുന്നു. ബസിനുള്ളിൽ ഡിജിറ്റൽ ഡിസ്പ്ലേ മുഖേന പരസ്യം പ്രദർശിപ്പിച്ചും ബസ് സ്റ്റേഷനുകളിൽ പാസഞ്ചർ ഇൻഫർമേഷൻ സിസ്റ്റം, എല്ലാ ബസ് സ്റ്റേഷനുകളിലും ഹോർഡിംഗ്സ്, ഇലക്ട്രോണിക് ബോർഡുകൾ എന്നിവ സ്ഥാപിച്ചും ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുവാൻ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ കെ.എസ്.ആർ.ടി.സി.-യുടെ വരുമാന സ്രോതസുകൾ കണ്ടെത്തി ശരിയായി മാർക്കറ്റ് ചെയ്യുന്നതിനായി ഒരു മാർക്കറ്റിംഗ് ടീം പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

**കെ.എസ്.ആർ.ടി.സി.-യിലെ ശമ്പളവും പെൻഷനും**

197 (2917) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പളവും പെൻഷനും മുടങ്ങുന്ന സാഹചര്യം ഉണ്ടോയെന്ന് വ്യക്തമാക്കുമോ; ഉണ്ടെങ്കിൽ എത്ര മാസത്തെ ശമ്പളവും പെൻഷനുമാണ് മുടങ്ങിയിരിക്കുന്നതെന്ന് അറിയിക്കുമോ?

കോവിഡ് മഹാമാരിമൂലം രാജ്യത്തെ പൊതു ഗതാഗത മേഖല ആകമാനം പ്രതിസന്ധിയിലായിരിക്കുകയാണ്. 2021 ജൂൺ മാസം വരെയുള്ള ശമ്പളം പൂർണ്ണമായും വിതരണം ചെയ്തുകഴിഞ്ഞു. 2021 ജൂൺ മാസം വരെയുള്ള പെൻഷൻ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളുടെ കൺസോർഷ്യം മുഖേന പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. 2021 ജൂലൈ മാസത്തെ പെൻഷൻ വിതരണത്തിനുള്ള നടപടി സ്വീകരിച്ചു വരികയാണ്.

(ബി) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരുടെ ശമ്പളവും പെൻഷനും ഏറ്റവും ഒടുവിൽ പരിഷ്കരിച്ചത് ഏത് വർഷമാണെന്ന് നൽകുമോ?

1-3-2011 മുതൽ പ്രാബല്യത്തിലാണ് ശമ്പളവും പെൻഷനും അവസാനമായി പരിഷ്കരിച്ചത്.

(സി) മറ്റു മേഖലകളിലെല്ലാം കൃത്യമായ ഇടവേളകളിൽ ശമ്പളവും പെൻഷനും പരിഷ്കരിക്കുമ്പോൾ കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാരെ മാത്രം ശമ്പള പരിഷ്കരണ പരിധിയിൽ ഉൾപ്പെടുത്താത്തതിന് കാരണമെന്താണെന്ന് അറിയിക്കുമോ;

(ഡി) കെ.എസ്.ആർ.ടി.സി.-യിലെ ജീവനക്കാർക്ക് ശമ്പള പരിഷ്കരണം അടിയന്തരമായി നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ?

(സി & ഡി) കെ.എസ്.ആർ.ടി.സി.-യിൽ ശമ്പള പരിഷ്കരണവുമായി ബന്ധപ്പെട്ട് അംഗീകൃത ട്രേഡ് യൂണിയനുകളുമായി ചർച്ചകൾ നടന്നുവരികയാണ്. ആയതിന്റെ തുടർച്ചയായി 2020 ഡിസംബർ മാസം (2020 നവംബറിലെ ശമ്പളം) മുതൽ ഇടക്കാലാശ്വാസമായി 1,500 രൂപ എല്ലാ ജീവനക്കാർക്കും അനുവദിച്ചിട്ടുണ്ട്. കൂടാതെ പെൻഷൻകാർക്കും 2021 ജൂൺ മാസം മുതൽ വിതരണം ചെയ്യുന്ന പെൻഷനോടൊപ്പം പ്രതിമാസം 500 രൂപ വീതം ഇടക്കാലാശ്വാസമായി അനുവദിച്ചിട്ടുണ്ട്. ശമ്പളപരിഷ്കരണ കരാറിനൊപ്പം സേവനവ്യവസ്ഥ സംബന്ധിച്ചും ഒരു ദീർഘകാല കരാർ ഒപ്പിടേണ്ടതുണ്ട്. ആയത് ചർച്ചചെയ്ത് ഒപ്പിടാൻ സംഘടനകൾ തയ്യാറാകുന്ന പക്ഷം സർക്കാർ അംഗീകാരത്തോടെ കെ.എസ്.ആർ.ടി.സി.യിലെ അംഗീകൃത സംഘടനകളുമായി ചർച്ചചെയ്ത് സമവായത്തിലെത്തി, ധനകാര്യ വകുപ്പിന്റെ അംഗീകാരത്തോടെ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് ദീർഘകാല കരാർ ഒപ്പിട്ടുകൊണ്ട് ശമ്പള പരിഷ്കരണം താമസംവിനാ നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചു വരികയാണ്.

**കെ.എസ്.ആർ.ടി.സി.-യുടെ ഭൂമിയിൽ വ്യാപാര സമുച്ചയങ്ങൾ**

198(2918) <u>ശ്രീ വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ആർ.ടി.സി.-യുടെ കൈവശമുള്ള ഭൂമിയിൽ ബസ്സ് സ്റ്റേഷന് ആവശ്യമുള്ളത് ഒഴികെയുള്ളവയിൽ വ്യാപാരത്തിന് ആവശ്യമായ കെട്ടിട സമുച്ചയങ്ങൾ നിർമ്മിച്ച് വരുമാനമുണ്ടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ;

(ബി) ഇല്ലെങ്കിൽ അത്തരം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കുമോ?

(എ&ബി) കെ.എസ്.ആർ.ടി.സി.-യുടെ ടിക്കറ്റിതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി കെ.എസ്.ആർ.ടി.സി.-യുടെ വാണിജ്യ പ്രാധാന്യമുള്ള തെരഞ്ഞെടുത്ത ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മിച്ചു വരുന്നുണ്ട്. അപ്രകാരം കൊട്ടാരക്കര, കാട്ടാക്കട, കാസർഗോഡ്, നെടുമങ്ങാട്, നെയ്യാറ്റിൻകര, പയ്യന്നൂർ എന്നീ ബസ് സ്റ്റേഷനുകളിൽ ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സുകൾ നിർമ്മിച്ചുകഴിഞ്ഞു. ഇപ്പോൾ തൊടുപുഴ, മൂവാറ്റുപുഴ, പത്തനംതിട്ട, മലപ്പുറം, ഹരിപ്പാട് എന്നീ ബസ് സ്റ്റേഷനുകളിലും ബസ് ടെർമിനൽ കം ഷോപ്പിംഗ് കോംപ്ലക്സിന്റെ നിർമ്മാണ പ്രവൃത്തികൾ ചെയ്ത് പൂർത്തീകരിച്ചുകൊണ്ടിരിക്കുകയാണ്. കൂടാതെ KSRTC-യുടെ മറ്റുള്ള പ്രധാന ബസ് സ്റ്റേഷനുകളിലും ആധുനിക ബസ് ടെർമിനൽ സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിയിട്ടുണ്ട്.

## ഒറ്റപ്പാലത്ത് കെ.എസ്.ആർ.ടി.സി. ഡിപ്പോ ആരംഭിക്കുന്നതിന് നടപടി

199 (2919) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജക മണ്ഡലത്തിൽ ഒരു കെ.എസ്.ആർ.ടി.സി. ഡിപ്പോ ഇല്ലെന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഒറ്റപ്പാലം നഗരത്തിൽനിന്നും രാത്രി 9.00 മണിക്കുശേഷം ചെർപ്പുളശ്ശേരി, മണ്ണാർക്കാട്, കോങ്ങാട് തുടങ്ങി പാലക്കാട് ജില്ലയുടെ മിക്ക ഭാഗങ്ങളിലേയ്ക്കും ബസ് സർവ്വീസില്ലാത്തതിനാൽ ഒറ്റപ്പാലം മുനിസിപ്പാലിറ്റിയുടെ ബസ് സ്റ്റാൻഡിന്റെ ഒരു ഭാഗം ഉപയോഗപ്പെടുത്തിക്കൊണ്ട് അവിടെ കെ.എസ്.ആർ.ടി.സി.-ക്കായി ഒരു ഡിപ്പോ ആരംഭിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുവാൻ കഴിയുമോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക സ്ഥിതിയിൽ ഒറ്റപ്പാലത്ത് ഒരു ഡിപ്പോ അനുവദിക്കുന്നത് ഇപ്പോൾ പരിഗണിക്കാൻ കഴിയുകയില്ല. എന്നാൽ സാമ്പത്തിക സഹായം എം.എൽ.എ. ഫണ്ടിൽ നിന്നോ എൽ.എസ്.ജി.ഡി. ഫണ്ടിൽനിന്നോ കിട്ടുകയാണെങ്കിൽ ഒറ്റപ്പാലത്തു ഒരു ഡിപ്പോ ആരംഭിക്കുന്നതിനെ കുറിച്ച് ആലോചിക്കുന്നതാണ്.

## ഇരിക്കൂരിലെ ബസ് സർവ്വീസുകൾ

200 (2920) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ അഞ്ച് വർഷത്തിനിടയിൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന എത്ര കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസുകളാണ് നിർത്തലാക്കിയത്; പ്രസ്തുത സർവ്വീസുകൾ പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

യാത്രക്കാർ കുറവായതിനാൽ ഇരിക്കൂർ നിയോജകമണ്ഡലത്തിലൂടെ സർവ്വീസ് നടത്തിയിരുന്ന കൽപ്പറ്റ യൂണിറ്റിലെ - 1-ഉം മാനന്തവാടി യൂണിറ്റിലെ - 2-ഉം കണ്ണൂർ യൂണിറ്റിലെ - 5-ഉം പയ്യന്നൂർ യൂണിറ്റിലെ - 3-ഉം സർവ്വീസുകളും തലശ്ശേരി യൂണിറ്റിൽ നിന്ന് 4 ഇന്റർസ്റ്റേറ്റ് സർവ്വീസുകളുമുൾപ്പെടെ 15 സർവ്വീസുകൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. കോവിഡ് നിയന്ത്രണങ്ങൾ മാറുകയും കൂടുതൽ യാത്രക്കാർ വരികയും ഇന്റർസ്റ്റേറ്റ് സർവ്വീസ് പുനഃരാരംഭിക്കുകയും ചെയ്യുന്നമുറയ്ക്ക് മേൽ സർവ്വീസുകൾ പുനഃസ്ഥാപിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

(ബി) എരുമേലിയിൽനിന്നും ചന്ദനക്കാംപാറയിലേയ്ക്കുള്ള കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നിർത്തലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; പ്രസ്തുത സർവ്വീസ് പുന:സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉണ്ട്. എരുമേലിയിൽ നിന്നുള്ള ചന്ദനക്കാംപാറ സർവ്വീസ് താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. 26-1-2021 മുതൽ 2-2-2021 വരെ ഈ സർവ്വീസ് നടത്തിയിരുന്നുവെങ്കിലും വളരെ കുറഞ്ഞ വരുമാനം മാത്രമാണ് ലഭിച്ചിരുന്നത്. കോവിഡ് നിയന്ത്രണങ്ങൾ അവസാനിക്കുന്നമുറയ്ക്ക് യാത്രക്കാരുടെ എണ്ണം കൂടുന്നമുറയ്ക്ക് പ്രസ്തുത സർവ്വീസ് പുനരാരംഭിക്കുന്നത് പരിശോധിക്കുന്നതാണ്.

**കോവളം മണ്ഡലത്തിലെ കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ**

201 (2921) <u>ശ്രീ. എം. വിൻസെന്റ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളം നിയോജകമണ്ഡലത്തിൽ കഴിഞ്ഞ 5 വർഷ കാലയളവിൽ എത്ര കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നിർത്തലാക്കിയെന്നും എത്ര പുതിയ സർവ്വീസുകൾ തുടങ്ങിയെന്നും വിശദമാക്കാമോ?

കോവളം നിയോജകമണ്ഡലത്തിലെ വിഴിഞ്ഞം യൂണിറ്റിൽ നിന്നും 6 സർവ്വീസുകളും പ്രസ്തുത നിയോജക മണ്ഡലത്തിലൂടെ ഓപ്പറേറ്റ് ചെയ്യുന്ന പാറശ്ശാല യൂണിറ്റിലെ 5-ഉം തിരുവനന്തപുരം സിറ്റി യൂണിറ്റിലെ 2-ഉം പാപ്പനംകോട് യൂണിറ്റിലെ 9-ഉം പേരൂർക്കട യൂണിറ്റിലെ 2-ഉം ഉൾപ്പെടെ 24 ഷെഡ്യൂളുകൾ യാത്രക്കാരുടെ കുറവും കോവിഡ് നിയന്ത്രണങ്ങളും കാരണം കഴിഞ്ഞ അഞ്ചുവർഷക്കാലയളവിൽ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്. പാപ്പനംകോട് ഡിപ്പോയിൽനിന്നും 2 സർവ്വീസുകൾ പുതിയതായി തുടങ്ങുകയും ചെയ്തിട്ടുണ്ട്.

(ബി) പ്രസ്തുത മണ്ഡലത്തിൽ നിലവിൽ എത്ര സ്റ്റേ സർവ്വീസുകളുണ്ടെന്നും എത്രയെണ്ണം പ്രസ്തുത കാലയളവിൽ നിർത്തലാക്കിയെന്നും വിശദമാക്കാമോ?

പ്രസ്തുത മണ്ഡലത്തിൽ നിലവിൽ ഒരു സ്റ്റേ സർവ്വീസാണുള്ളത്. യാത്രക്കാരുടെ കുറവും കോവിഡ് നിയന്ത്രണങ്ങളും കാരണം 13 സ്റ്റേ സർവ്വീസുകൾ താൽക്കാലികമായി നിർത്തിവച്ചിട്ടുണ്ട്.

(സി) കെ.എസ്.ആർ.ടി.സി. 2016-ൽ തിരുവനന്തപുരം ജില്ലയിൽ ആകെ ഓപ്പറേറ്റ് ചെയ്തിരുന്ന ഷെഡ്യൂളുകൾ എത്രയായിരുന്നെന്നും നിലവിൽ എത്രയെണ്ണം ഓപ്പറേറ്റ് ചെയ്യുന്നുവെന്നും വിശദമാക്കാമോ?

2016-ൽ തിരുവനന്തപുരം ജില്ലയിൽ ശരാശരി 1277 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്തിരുന്നു. കോവിഡ് വ്യാപനംമൂലം യാത്രക്കാർ കുറവായതിനാൽ നിലവിൽ ശരാശരി 805 സർവ്വീസുകൾ ഓപ്പറേറ്റ് ചെയ്യുന്നുണ്ട്.

## ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജ് വഴി ബസ്സ് സർവ്വീസ്

202 (2922) ശ്രീ. കെ. പ്രേംകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാലക്കാട് ജില്ലയിലെ ഏക സർക്കാർ എഞ്ചിനീയറിംഗ് കോളേജ് ആയ ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജ് വഴി മുൻപ് സർവ്വീസ് നടത്തിയിരുന്ന കെ.എസ്.ആർ.ടി.സി. ബസ് ഇപ്പോൾ സർവ്വീസ് നടത്തുന്നില്ല എന്നുള്ള കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും കോളേജിൽ എത്തിച്ചേരാനും തിരികെ പോകാനും ആവശ്യമായ സമയങ്ങളിൽ പാലക്കാട് ഡിപ്പോയിൽനിന്നും പെരിന്തൽമണ്ണ ഡിപ്പോയിൽ നിന്നും ശ്രീകൃഷ്ണപുരം കോളേജ് വഴി ബസ്സ് സർവ്വീസുകൾ അനുവദിക്കുവാൻ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ശ്രീകൃഷ്ണപുരം എഞ്ചിനീയറിംഗ് കോളേജ് വഴി കെ.എസ്.ആർ.ടി.സി നടത്തിയിരുന്ന ബസ് സർവ്വീസ് വരുമാനക്കുറവുമൂലം 2013 മുതൽ നിർത്തലാക്കി യിട്ടുണ്ട്. നിർത്തലാക്കിയ ബസ് സർവ്വീസ് പുനരാരംഭിക്കണമെന്ന ആവശ്യം സാധ്യതാപഠനം നടത്തി റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കും.

## കോട്ടയം കെ.എസ്.ആർ.ടി.സി. ഡിപ്പോ

203 (2923) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ. ഫണ്ടുപയോഗിച്ച് നിർമ്മിക്കുന്ന കോട്ടയം കെ.എസ്. ആർ.ടി.സി. ബസ് ഡിപ്പോയിലെ പുതിയ ബ്ലോക്കിന്റെയും യാർഡിന്റേയും നിർമ്മാണം ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ?

പ്രസ്തുത പ്രവൃത്തിയുടെ ടെണ്ടർ Project Management Consultant ആയ M/s Hindustan Prefab Limited മുഖേന ക്ഷണിച്ചതിൽ യോഗ്യത നേടിയ M/s. Aranco Infrastructure എന്ന സ്ഥാപനത്തിന് work order നൽകിയിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പ്രാരംഭഘട്ടത്തിലാണ്.

(ബി) പ്രസ്തുത പ്രവൃത്തി എന്ന് പൂർത്തിയാകുമെന്നറിയിക്കാമോ?

പ്രസ്തുത പദ്ധതി ഡിസംബർ മാസം 2021-ൽ പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

### കായംകുളം ബസ് സ്റ്റേഷൻ നവീകരണം

204 (2924) ശ്രീമതി യു. പ്രതിഭ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രിസദയം മറുപടി നൽകുമോ:

(എ) കായംകുളം കെ.എസ്.ആർ.ടി.സി. ബസ്സ് സ്റ്റേഷൻ തികച്ചും ജീർണ്ണാവസ്ഥയിലായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കഴിഞ്ഞ സർക്കാരിന്റെ അവസാന ബഡ്ജറ്റിൽ കായംകുളം ബസ്സ് സ്റ്റേഷൻ നവീകരിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമെന്ന് പ്രഖ്യാപിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിഷയത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

പ്രഖ്യാപിച്ചിട്ടുണ്ട്. കായംകുളം കെ.എസ്.ആർ.ടി.സി ഡിപ്പോയിൽ ബസ് ടെർമിനൽ കെട്ടിടം നിർമ്മിക്കുന്നതിനായി മാസ്റ്റർ പ്ലാൻ തയ്യാറാക്കി ഡീറ്റെയിൽഡ് പ്രോജക്ട് റിപ്പോർട്ട് സമർപ്പിക്കുന്നതിന് പ്രോജക്ട് മാനേജ്മെന്റ് കൺസൾട്ടൻസിയായ M/s HLL Lifecare Ltd.-ന് 3-12-2020-ൽ നിർദ്ദേശം നൽകിയിട്ടുണ്ട്.

### കോതമംഗലം കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ

205 (2925) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലത്ത് എം.എൽ.എ. ആസ്തിവികസന ഫണ്ടിൽനിന്ന് 1.87 കോടി രൂപ അനുവദിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി.-യുടെ പുതിയ ബസ് ടെർമിനൽ നിർമ്മാണത്തിന്റെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

കോതമംഗലം ബസ് ടെർമിനൽ നിർമ്മാണം നടത്തുന്നതിനായി soil test നടത്തിയിട്ടുണ്ട്. എന്നാൽ ടി പ്രവൃത്തി നടത്താൻ തീരുമാനിച്ചിരുന്ന സ്ഥലത്ത് സ്ഥിതിചെയ്യുന്ന പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനായി ടെണ്ടർ ക്ഷണിച്ചെങ്കിലും ആരും പങ്കെടുക്കാത്തതിനാൽ, കെട്ടിടം പൊളിച്ചു മാറ്റുവാൻ കഴിഞ്ഞില്ല. ആയതിനാൽ പുതിയ കെട്ടിട നിർമ്മാണം ആരംഭിക്കുവാൻ കാലതാമസം നേരിടുന്നു.

(ബി) പ്രസ്തുത ബസ് ടെർമിനൽ നിർമ്മാണത്തിന്റെ ഭാഗമായി നിലവിലുള്ള പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിനുവേണ്ടി മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും എടുക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(സി) പഴയ കെട്ടിടം പൊളിച്ച് മാറ്റിയാൽ മാത്രമേ പുതിയ കെട്ടിടം നിർമ്മിക്കുവാൻ കഴിയൂ എന്നതിനാൽ മൂന്ന് പ്രാവശ്യം ടെണ്ടർ ചെയ്തിട്ടും ആരും എടുക്കാത്ത സാഹചര്യത്തിൽ പഴയ കെട്ടിടം പൊളിച്ചുമാറ്റുന്നതിന് എന്ത് നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ;

(ഡി) പഴയ കെട്ടിടം പൊളിക്കുന്നതുമായി ബന്ധപ്പെട്ട് ഉചിതമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

(സി & ഡി) ടെണ്ടർ വ്യവസ്ഥകളിൽ ഭേദഗതി വരുത്തി വിപുലമായ പരസ്യം നൽകി വീണ്ടും ടെണ്ടർ ക്ഷണിച്ച് കെട്ടിടം പൊളിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**വടകര ഡിപ്പോയുടെ പുനരുദ്ധാരണം**

206 (2926) ശ്രീമതി കെ. കെ. രമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബംഗലൂരു, കോഴിക്കോട്, വയനാട് തുടങ്ങി ഒട്ടനവധി ദീർഘദൂര യാത്രകളെ ഒന്നിപ്പിക്കുന്ന പ്രധാന ഡിപ്പോകളിൽ ഒന്നായ വടകര കെ.എസ്.ആർ.ടി.സി. ഡിപ്പോയിലെ അസൗകര്യങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ദൂരയാത്ര ചെയ്തു വരുന്ന വനിതകളുൾപ്പെടെയുള്ള ജീവനക്കാർക്കോ യാത്രക്കാർക്കോ വിശ്രമിക്കുന്നതിനോ ഉറങ്ങുന്നതിനോ ഉള്ള ഒരു വിശ്രമ മുറിയോ സ്റ്റേ റൂം സംവിധാനമോ ഇവിടെയില്ലാത്തതിനാൽ ജീവനക്കാർ ബസ്സുകളിലാണ് ഉറങ്ങുന്നത് എന്നത് പരിശോധിച്ചിട്ടുണ്ടോ?

പരിശോധിച്ചിട്ടുണ്ട്.

(സി) ഇവിടെ ബസ്സുകൾ സുരക്ഷിതമായി സൂക്ഷിക്കുന്നതിനുള്ള ഭൗതിക സംവിധാനങ്ങളോ അടച്ചുറപ്പുള്ള ക്യാഷ് ആന്റ് ടിക്കറ്റ് കൗണ്ടറോ ലഭ്യമല്ല എന്നതും ഡിപ്പോയുടെ കോൺക്രീറ്റിംഗ് നടത്താത്ത ഭാഗങ്ങളിലെ ചെളിയും കുഴികളും കാരണം യാത്രക്കാർ ദുരിതത്തിലായതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ഡി) എങ്കിൽ ഈ ഡിപ്പോയുടെ പുനരുദ്ധാരണത്തിനായി അടിയന്തര നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.യുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തുന്നതിന് കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ടി ഡിപ്പോയുടെ നവീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനായി സർക്കാരിൽ നിന്നോ, കിഫ്ബിയുടെ ഫണ്ട് ലഭ്യമാക്കിയോ, എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ട് ലഭ്യമാക്കിയോ തുടർ നടപടികൾ സ്വീകരിക്കും.

## ഷൊർണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിൽ കെ.എസ്.ആർ.ടി.സി. സബ്ഡിപ്പോ

207 (2927) ശ്രീ. പി. മമ്മിക്കുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷൊർണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിൽ കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോ തുടങ്ങാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

&

(ബി) എങ്കിൽ എന്ന് തുടങ്ങാൻ കഴിയുമെന്ന് വിശദമാക്കാമോ?

(എ & ബി) ഷൊർണ്ണൂർ മുനിസിപ്പാലിറ്റി പരിധിയിൽ കെ.എസ്.ആർ.ടി.സി. സബ്-ഡിപ്പോ ആരംഭിക്കണമെന്ന ആവശ്യം സാമ്പത്തിക നില മെച്ചപ്പെടുമ്പോൾ പരിഗണിക്കാവുന്നതാണ്.

## എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോ നവീകരണം

208 (2928) ശ്രീ. തോമസ് കെ തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എടത്വ കെ.എസ്.ആർ.ടി.സി. ഡിപ്പോയുടെ നവീകരണത്തിന് എന്തെല്ലാം നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കാമോ?

കെ.എസ്.ആർ.ടി.സി.-യുടെ നിലവിലെ സാമ്പത്തിക പ്രതിസന്ധിമൂലം തനത് ഫണ്ടിൽ ഉൾപ്പെടുത്തി പണി ചെയ്യുന്നതിന് കഴിയുന്നില്ല. സാമ്പത്തിക സ്ഥിതി പുരോഗമിക്കുന്നതിനനുസരിച്ച് ഡിപ്പോ നവീകരിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(ബി) എടത്വയിൽനിന്നും ദീർഘദൂര ബസ്സ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടികൾ സ്വീകരിക്കുമോ?

എടത്വ ഡിപ്പോയിൽനിന്നും നിലവിൽ എറണാകുളത്തേയ്ക്ക് 3 സർവ്വീസുകളും തിരുവനന്തപുരം-ഗുരുവായൂർ-വൈറ്റില ഹബ് എന്നിവിടങ്ങളിലേയ്ക്ക് ഓരോ ദീർഘദൂര സർവ്വീസുകളും ഇപ്പോൾ ക്രമീകരിച്ചിട്ടുണ്ട്. കൂടുതൽ ദീർഘദൂര സർവ്വീസുകൾ ആരംഭിക്കണമെന്ന ആവശ്യം സാധ്യതാ പഠനം നടത്തി തീരുമാനിക്കുന്നതാണ്.

(സി) കുട്ടനാട്ടിൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നതിന് നടപടി ഉണ്ടാകുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

കുട്ടനാട്ടിൽ കൂടുതൽ ബസ് സർവ്വീസുകൾ ആരംഭിക്കുന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി തുടർനടപടി സ്വീകരിക്കുന്നതാണ്.

**തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ നിർമ്മാണം**

209 (2929) ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) താൽക്കാലിക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന തിരുവമ്പാടി കെ.എസ്.ആർ.ടി.സി. ഓപ്പറേറ്റിംഗ് സെന്റർ നിർമ്മാണത്തിന് നിയോജകമണ്ഡല ആസ്തി വികസന ഫണ്ടിൽനിന്നും 3 കോടി രൂപ അനുവദിച്ചിട്ടും പ്രവൃത്തി ആരംഭിക്കാൻ കഴിയാത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കാരണം വിശദമാക്കുമോ?

(എ&ബി) ഉണ്ട്. തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്കുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് ഡെവലപ്പ് ചെയ്ത് നൽകുവാൻ പോകുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കാനുദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. ആയത് കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ ലഭിക്കുന്ന മുറയ്ക്ക് ഡിപ്പോ നിർമ്മാണം ആരംഭിക്കുന്നതാണ്.

(സി) ടി പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിനുള്ള സാങ്കേതിക തടസ്സം എന്താണെന്ന് വ്യക്തമാക്കാമോ;

(ഡി) തടസ്സം ഒഴിവാക്കി പുതുക്കിയ ഭരണാനുമതി ലഭിക്കുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കുമോ?

(സി&ഡി) കെ.എസ്.ആർ.ടി.സി. തിരുവമ്പാടി ഓപ്പറേറ്റിംഗ് സെന്ററിൽ ബഹുമാനപ്പെട്ട മുൻ എം.എൽ.എ. ശ്രീ. ജോർജ് എം. തോമസ് അവർകളുടെ ആസ്തി വികസന ഫണ്ടിൽനിന്നും അനുവദിച്ച 2,78,96,160 രൂപ ഉപയോഗിച്ച് തിരുവമ്പാടി കെ.എസ്.ആർ.ടി.സി ഡിപ്പോ നിർമ്മാണം എന്ന പ്രവൃത്തി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി മുഖേന നിർവ്വഹിക്കുന്നതിന് 26-7-2018-ലെ GO (Rt) No. 339/ 2018/ TRANS സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചില സാങ്കേതിക കാരണങ്ങളാൽ ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ടി പ്രവൃത്തി ചെയ്യുന്നതിൽനിന്നും പിൻമാറിയതിനാൽ ടി പ്രവൃത്തിയുടെ നിർവ്വഹണ ചുമതല

കോഴിക്കോട് തദ്ദേശസ്വയംഭരണ വകുപ്പ് എക്സിക്യൂട്ടീവ് എഞ്ചിനീയറെ ഏൽപ്പിക്കുന്നതിന് എം.എൽ.എ. അറിയിച്ചിരിക്കുന്നതിനാൽ ഇതുസംബന്ധിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. തിരുവമ്പാടി കെ.എസ്.ആർ.ടി.സി. സബ് ഡിപ്പോയ്ക്കുവേണ്ടി പഞ്ചായത്ത് ഏറ്റെടുത്ത് ഡെവലപ്പ് ചെയ്ത് നൽകുവാൻ പോകുന്ന സ്ഥലത്താണ് ടി കെട്ടിടം നിർമ്മിക്കുവാനുദ്ദേശിച്ചിരിക്കുന്നത്. എന്നാൽ പ്രസ്തുത സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ കൈമാറ്റം ചെയ്ത് ലഭിച്ചിട്ടില്ല. സ്ഥലം കെ.എസ്.ആർ.ടി.സി.-യുടെ പേരിൽ രജിസ്റ്റർ ചെയ്ത് കിട്ടുന്ന മുറയ്ക്കുതന്നെ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കുറ്റ്യാടിയിൽ നിന്നും കെ.എസ്.ആർ.ടി.സി.ബസ് സർവ്വീസ്**

210 (2930) ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുറ്റ്യാടിയിൽനിന്ന് തീക്കുനി, ആയഞ്ചേരി, മേമുണ്ട വഴി വടകരയിൽ എത്തിച്ചേരുന്നതിനും കുറ്റ്യാടി, വലകെട്ട്, പെരുവയൽ, കാട്ടിയങ്ങാട്, പേരാമ്പ്ര വഴി കോഴിക്കോട് പോകുന്നതിനും പൊതുഗതാഗതമില്ലാതെ ജനങ്ങൾ ബുദ്ധിമുട്ടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കുറ്റ്യാടിയിൽ നിന്ന് തീക്കുനി, ആയഞ്ചേരി, മേമുണ്ട വഴി വടകരയിൽ എത്തിച്ചേരുന്നതിന് കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് ആരംഭിക്കണം എന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. എന്നാൽ കുറ്റ്യാടി, വലകെട്ട്, പെരുവയൽ, കാട്ടിയങ്ങാട്, പേരാമ്പ്ര വഴി കോഴിക്കോട് എത്തിചേരുന്നതിന് സർവ്വീസ് ആരംഭിക്കണം എന്നുള്ള ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) കുറ്റ്യാടിയിൽ നിന്ന് വ്യാപാരത്തിനും ജോലിക്കും ചികിത്സയ്ക്കുമായി വടകരയിലും കോഴിക്കോട്ടും എത്തിച്ചേരുന്നതിനുള്ള പ്രധാന ഗതാഗത മാർഗ്ഗമായ കെ.എസ്.ആർ.ടി.സി. ബസ്സുകൾ പ്രസ്തുത റൂട്ടുകൾ വഴി സർവ്വീസ് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്നത് അറിയിക്കാമോ;

(സി) പ്രസ്തുത റൂട്ടുകളിൽ കെ.എസ്.ആർ.ടി.സി. ബസ് സർവ്വീസ് നടത്തുന്നതിന് അടിയന്തര നടപടികൾ സ്വീകരിക്കാമോ?

(ബി&സി) കെ.എസ്.ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോ എന്നത് സംബന്ധിച്ച് സാധ്യതാ പഠനം നടത്തി റിപ്പോർട്ട് ലഭ്യമാക്കുന്നതിന്റെ അടിസ്ഥാനത്തിലാണ് സർവ്വീസ് നടത്തുന്നത്. ആയതിന്റെ അടിസ്ഥാനത്തിൽ സാധ്യതാ പഠനം നടത്തിയതിനുശേഷം മാത്രമേ കുറ്റ്യാടിയിൽ നിന്ന് വടകരയിലും കോഴിക്കോട്ടേയ്ക്കും സർവ്വീസ് നടത്തുന്നതിനുള്ള സാധ്യത പരിഗണിക്കാൻ സാധിക്കുകയുള്ളൂ.

## മംഗലാപുരത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ്

211 (2931) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർകോട്-മംഗലാപുരം ദേശസാൽകൃത റൂട്ടിൽ മംഗലാപുരത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ പഠിക്കുന്ന വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് ലഭിക്കാത്തതിനാൽ വിദ്യാർത്ഥികൾ പ്രയാസം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) പ്രസ്തുത റൂട്ടിൽ കർണ്ണാടക ആർ.ടി.സി.-യുടെ ബസ്സുകളും സർവ്വീസ് നടത്തുന്നുണ്ടോ; ഈ ബസ്സുകളിൽ ഭാഷാന്യൂനപക്ഷ വിഭാഗങ്ങളിലെ വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് നൽകുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കർണ്ണാടക ആർ.ടി.സി. ബസ്സുകൾ സർവ്വീസ് നടത്തുന്നതായും ഭാഷാ ന്യൂനപക്ഷ വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് നൽകുന്ന കാര്യവും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) പ്രസ്തുത റൂട്ടിലെ കെ.എസ്.ആർ.ടി.സി. ബസ്സുകളിൽ വിദ്യാർത്ഥികൾക്ക് യാത്രാ ഇളവ് നൽകുന്ന കാര്യം പരിഗണനയിലുണ്ടോ; യാത്രാഇളവ് എന്നു മുതൽ പ്രാബല്യത്തിൽ വരുമെന്ന് വ്യക്തമാക്കുമോ?

കെ.എസ്.ആർ.ടി.സി അതീവ ഗുരുതരമായ സാമ്പത്തിക പ്രതിസന്ധിയിലൂടെ കടന്നുപോകുന്നതിനാൽ അന്തർ സംസ്ഥാന റൂട്ടുകളിൽ, അയൽ സംസ്ഥാനങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്ക് ദിവസേന യാത്ര ചെയ്യുന്ന വിദ്യാർത്ഥികൾക്ക് കൺസഷൻ അനുവദിക്കുന്നത് നിലവിൽ പരിഗണനയിലില്ല.

## കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ബസ് സ്റ്റാൻഡ് നിർമ്മാണം

212 (2932) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോങ്ങാട് മണ്ഡലത്തിലെ വിനോദസഞ്ചാര കേന്ദ്രമായ കാഞ്ഞിരപ്പുഴ പഞ്ചായത്തിൽ ഡാമിനോട് ചേർന്നുകിടക്കുന്ന ഇറിഗേഷൻ സ്ഥലത്ത് ബസ് സ്റ്റാൻഡ് നിർമ്മാണത്തിനാവശ്യമായ പദ്ധതിയുടെ നിലവിലെ സ്ഥിതി വിശദീകരിക്കാമോ?

പ്രസ്തുത സ്ഥലത്ത് കെ.എസ്.ആർ.ടി.സി. നിർമ്മാണ പ്രവൃത്തികൾ നടത്തുന്നില്ല.

**കോട്ടയം നഗരത്തിലെ ആകാശപാത**

213 (2933) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടയം നഗരത്തിൽ നിർമ്മാണം നിലച്ചിരിക്കുന്ന ആകാശപാത പുനർനിർമ്മിക്കുന്നതിനുള്ള തടസ്സങ്ങൾ എന്താണെന്ന് വ്യക്തമാക്കുമോ?

കോട്ടയം ശീമാട്ടി ജംഗ്ഷനിലെ കാൽനടയാത്രക്കാരുടെ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിനുവേണ്ടി ആവിഷ്കരിച്ച പദ്ധതിയാണ് "സ്കൈവാക്". സ്റ്റെയർ കേസ്/ ലിഫ്റ്റ് മുതലായവ നിർമ്മിക്കാൻ ഭൂമി വിട്ടുനൽകുന്നതിന് തയ്യാറാണെന്ന കോട്ടയം നഗരസഭയുടെ തീരുമാനം കോട്ടയം ജില്ലാ കളക്ടർ കേരള റോഡ് സുരക്ഷാ അതോറിറ്റിയെ അറിയിച്ചിട്ടുണ്ട്. എന്നാൽ പ്രസ്തുത പദ്ധതി വിജയകരമായി പൂർത്തിയാക്കുന്നതിനായി വിവിധ ഭൂവുടമസ്ഥരായ കോട്ടയം YMCA, CSI, പോസ്റ്റൽ വകുപ്പ് മുതലായവരിൽനിന്ന് ഭൂമി ലഭിച്ചിട്ടില്ല. ഈ സാഹചര്യത്തിലാണ് പ്രസ്തുത പദ്ധതി പൂർത്തിയാക്കാൻ കഴിയാത്തത്.

(ബി) എത്ര മാസത്തിനുള്ളിൽ പ്രസ്തുത ആകാശപാതയുടെ നിർമ്മാണം പൂർത്തീകരിക്കാൻ സാധിക്കുമെന്ന് അറിയിക്കാമോ?

സ്റ്റെയർകേസ്/ലിഫ്റ്റ് എന്നിവയ്ക്ക് സ്ഥലം ലഭിക്കാത്തതിനാലും പ്രസ്തുത നിർമ്മാണത്തെ സംബന്ധിച്ച് വിജിലൻസ് ആൻഡ് ആന്റി കറപ്ഷൻ ബ്യൂറോയുടെ അന്വേഷണം നടത്തുവാൻ ഉത്തരവായിട്ടുള്ളതിനാലും തുടർ നിർമ്മാണ പ്രവർത്തനം എപ്പോൾ പൂർത്തിയാക്കുവാൻ സാധിക്കുമെന്ന് പറയുവാൻ കഴിയില്ല.

**ട്രാഫിക് ചട്ട ലംഘനത്തിന് ഈടാക്കുന്ന പിഴ**

214 (2934) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിവിധ ട്രാഫിക് ചട്ടങ്ങളുടെ ലംഘനത്തിന് ഈടാക്കി വരുന്ന പിഴ സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് നൽകാമോ?

സർക്കാർ ഉത്തരവ് GO(P)No.37/2019/Trans dated 26-10-2019 പ്രകാരം നിശ്ചയിച്ചിട്ടുള്ള നിരക്കിലാണ് കേരളത്തിൽ ട്രാഫിക് നിയമലംഘനങ്ങൾക്ക് പിഴ ഈടാക്കുന്നത്. പകർപ്പ് അനുബന്ധമായി ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കേന്ദ്ര സർക്കാരിന്റെ പുതിയ മോട്ടോർ വാഹന നിയമം കേരളത്തിൽ നടപ്പിലാക്കിയിട്ടുണ്ടോ?

നടപ്പിലാക്കിയിട്ടുണ്ട്.

(സി) ഇല്ലെങ്കിൽ പ്രസ്തുത നിയമപ്രകാരം ഓരോ ചട്ടത്തിന്റേയും ലംഘനത്തിന് ഈടാക്കാനാവുന്ന പിഴ സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് നൽകാമോ?

കേന്ദ്ര മോട്ടോർ വാഹന നിയമം ഭേദഗതി 2019 പ്രകാരം ചില പുതിയ വകുപ്പുകൾ കൂട്ടിച്ചേർക്കുകയും പിഴത്തുക പുനർനിർണ്ണയിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ മോട്ടോർ വാഹന നിയമം സെക്ഷൻ 200-ന് വിധേയമായി കേരള സർക്കാർ പിഴത്തുക പുനർനിർണ്ണയിച്ച് G.O.(P)No.37/2019/Trans dated 26-10-2019 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇത്തരത്തിൽ പുതുക്കിയ നിരക്കനുസരിച്ചാണ് സംസ്ഥാനത്ത് ട്രാഫിക് നിയമലംഘനത്തിന് പിഴ ഈടാക്കുന്നത്.

## റോഡപകടങ്ങൾ

215 (2935) ശ്രീ. പി. സി. വിഷ്ണുനാഥ്: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ട്രാഫിക് സിഗ്നലുകൾ രാത്രികാലങ്ങളിൽ അണയ്ക്കുന്നതുമൂലം റോഡപകടങ്ങൾ വർദ്ധിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പരിഹരിക്കാൻ എന്തെല്ലാം നടപടി കളാണ് സ്വീകരിച്ചിരിക്കുന്നത് എന്ന് അറിയിക്കാമോ?

ഉണ്ട്. 2018-ൽ നടത്തിയ റോഡപകടങ്ങളുടെ വിശകലനപ്രകാരം ചരക്കു ഗതാഗത വാഹനങ്ങൾ അധികമുള്ള ഹൈവേകളിലെ അനിയന്ത്രിത കവലകളിലാണ് രാത്രികാല അപകട മരണങ്ങളും മാരകവും ഗുരുതരവുമായ പരിക്കുകളുമുണ്ടാകുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ കേരള റോഡ് സുരക്ഷാ അതോറിറ്റി വിളിച്ചുചേർത്ത യോഗത്തിൽ, ട്രാഫിക് സിഗ്നലുകൾ 24x7 പ്രവർത്തിപ്പിക്കാൻ തീരുമാനമായി. ഇതിനെത്തുടർന്ന് ട്രാഫിക് സിഗ്നലുകൾ 24x7 പ്രവർത്തിപ്പിക്കണമെന്നും രാത്രി സമയങ്ങളിൽ ഓട്ടോമാറ്റിക് ട്രാഫിക് സിഗ്നലുകളുടെ പ്രവർത്തനത്തിൽ എന്തെങ്കിലും ബുദ്ധിമുട്ടുകൾ നേരിടുകയാണെങ്കിൽ അത് സാങ്കേതികമായി വിലയിരുത്തുകയും ഉചിതമായ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നും ജില്ലാ കളക്ടർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ഡ്രൈവിംഗ് പ്രായോഗിക ടെസ്റ്റ്

216 (2936) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ലോക്ഡൗൺ കാരണം ഡ്രൈവിംഗ് ടെസ്റ്റ് നടക്കാത്തതിനാൽ ലേണേഴ്സ് ലൈസൻസിന്റെ കാലാവധി നീട്ടി നൽകുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ?

17-6-2021-ലെ Ministry of Road Transport and Highways (MoRTH)-ന്റെ നിർദ്ദേശം നമ്പർ RT-11036/35/2020-MVL പ്രകാരം മോട്ടോർ വാഹന നിയമമനുസരിച്ച് നൽകുന്ന ഫിറ്റ്നസ്, പെർമിറ്റ്, ഡ്രൈവിംഗ് ലൈസൻസ്, രജിസ്ട്രേഷൻ തുടങ്ങിയ രേഖകളുടെ സാധുത 30-9-2021 വരെ നീട്ടിയിട്ടുണ്ട്. ആയതിൻ പ്രകാരം 1-2-2020-നും 30-9-2021-നുമിടയിൽ കാലാവധി അവസാനിക്കുന്ന ലേണേഴ്സ് ലൈസൻസുകളുടെ സാധുതയും 30-09-2021 വരെ നീട്ടി നൽകിയിട്ടുണ്ട്. 16-7-2021-ലെ സ.ഉ(സാധ)249/2021/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം കോവിഡ്-19 മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റ് പുനരാരംഭിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്.

## മോട്ടോർ വാഹന വകുപ്പിൽ പുതിയ ഓഫീസുകൾ ആരംഭിച്ചത്

217 (2937) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നശേഷം മോട്ടോർ വാഹന വകുപ്പിനുകീഴിൽ എത്ര പുതിയ ഓഫീസുകൾ ആരംഭിച്ചുവെന്നും അത് ഏതൊക്കെയെന്നും ജില്ല തിരിച്ച് വിശദമാക്കാമോ?

കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം മോട്ടോർ വാഹന വകുപ്പിൽ 9-2-2018-ലെ സ.ഉ.(കൈ)നമ്പർ 11/2018/ഗതാഗതം നമ്പർ സർക്കാർ ഉത്തരവുപ്രകാരം 6 പുതിയ സബ് ആർ.ടി ഓഫീസുകളും 11-2-2019-ലെ സ.ഉ(കൈ) നമ്പർ 13/2019/ഗതാഗതം നമ്പർ സർക്കാർ ഉത്തരവ് പ്രകാരം 7 പുതിയ സബ് ആർ.ടി ഓഫീസുകളും ഉൾപ്പെടെ 13 പുതിയ ഓഫീസുകൾ ആരംഭിക്കുന്നതിന് ഉത്തരവായിട്ടുണ്ട്. തിരുവനന്തപുരം ജില്ല (2) - കാട്ടാക്കട സബ് ആർ.ടി ഓഫീസ്, വർക്കല സബ് ആർ.ടി ഓഫീസ്; പത്തനംതിട്ട ജില്ല (1) - കോന്നി സബ് ആർ.ടി ഓഫീസ്; കൊല്ലം ജില്ല (2) - ചടയമംഗലം സബ് ആർ.ടി ഓഫീസ്, പത്തനാപുരം സബ് ആർ.ടി ഓഫീസ്; തൃശ്ശൂർ ജില്ല (1) - തൃപ്രയാർ സബ് ആർ.ടി ഓഫീസ്; മലപ്പുറം ജില്ല (1) - കൊണ്ടോട്ടി സബ് ആർ.ടി ഓഫീസ്; കണ്ണൂർ ജില്ല (2) - ഇരിട്ടി സബ് ആർ.ടി ഓഫീസ്, പയ്യന്നൂർ സബ് ആർ.ടി ഓഫീസ്; കോഴിക്കോട് ജില്ല (3)-നന്മണ്ട സബ് ആർ.ടി ഓഫീസ്, രാമനാട്ടുകര (ഫറോഖ്) സബ് ആർ.ടി ഓഫീസ്, പേരാമ്പ്ര സബ് ആർ.ടി ഓഫീസ്; കാസർഗോഡ് ജില്ല (1) - വെള്ളരിക്കുണ്ട് സബ് ആർ.ടി ഓഫീസ്.

(ബി) പ്രസ്തുത ഓഫീസുകൾ ആരംഭിക്കുന്നതിന് മാനദണ്ഡം നിശ്ചയിച്ചിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ അത് എന്താണെന്ന് വിശദമാക്കാമോ?

വാഹനങ്ങളുടെ രജിസ്ട്രേഷനും അതുവഴി വരുമാനവും വർദ്ധിക്കുന്ന സാഹചര്യം വിലയിരുത്തിയുമാണ് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത്.

## മോട്ടോർ തൊഴിലാളികളുടെ ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് നടപടി

218 (2938) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്വകാര്യ ബസ്സ്, ടാക്സി, ഓട്ടോറിക്ഷ മേഖലകളിൽ മുതൽ മുടക്കിയവരും തൊഴിലാളികളും കോവിഡ് മഹാമാരിയും ഇന്ധന വിലവർദ്ധനവും നിമിത്തം അനുഭവിക്കുന്ന ബുദ്ധിമുട്ടുകൾ വകുപ്പുതലത്തിൽ വിലയിരുത്തിയിട്ടുണ്ടോ;

(ബി) ഇവയ്ക്ക് പരിഹാരം കാണുന്നതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

(എ&ബി) ലോക്ഡൗൺ കാലത്ത് വാഹനങ്ങൾ നിരത്തിലിറക്കാൻ കഴിയാത്തതുമൂലം സംസ്ഥാനത്തെ മോട്ടോർ തൊഴിലാളികളുടെ പ്രതിസന്ധി വിലയിരുത്തിയതിന്റെ അടിസ്ഥാനത്തിൽ വാഹനങ്ങളുടെ നികുതി അടയ്ക്കുന്നതിനുള്ള സമയം നീട്ടി നൽകുകയും സ്റ്റേജ് കാര്യേജിന്റെയും കോൺട്രാക്ട് കാര്യേജിന്റെയും നികുതി ക്വാർട്ടർ അടിസ്ഥാനത്തിൽ ഒഴിവാക്കുകയോ ഇളവ് അനുവദിക്കുകയോ ചെയ്തിട്ടുമുണ്ട്. വാഹന സംബന്ധമായ എല്ലാത്തരം രേഖകളുടെയും കാലാവധി 30-9-2021 വരെ ദീർഘിപ്പിച്ചു നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## ജോയിന്റ് ആർ.ടി.ഒ. തസ്തികയുടെ യോഗ്യത

219 (2939) ശ്രീ. ഐ. സി. ബാലകൃഷ്ണൻ:
ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജോയിന്റ് ആർ.ടി.ഒ. മുതൽ മുകളിലേയ്ക്കുള്ള തസ്തികകൾ ടെക്നിക്കൽ തസ്തികകൾ ആണെന്നും ആയതിന് സാങ്കേതിക യോഗ്യത ആവശ്യമാണെന്നും വ്യവസ്ഥ ചെയ്ത് ഉത്തരവിറക്കിയിട്ടുണ്ടോ?

27-2-2021-ലെ സ.ഉ.(കൈ)നമ്പർ.10/2021/ ഗതാഗതം നമ്പർ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നുവെങ്കിലും 16-3-2021-ലെ സ.ഉ.(കൈ) നമ്പർ. 11/2021/ ഗതാഗതം നമ്പർ പ്രകാരം പ്രസ്തുത ഉത്തരവ് റദ്ദാക്കുകയും ചെയ്തു.

(ബി) ഇപ്രകാരം ഉത്തരവിറക്കാൻ ഇടയായ സാഹചര്യം എന്താണെന്ന് വ്യക്തമാക്കുമോ;

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(സി) മേൽ പരാമർശിച്ച ഉത്തരവ് മോട്ടോർ വാഹന നിയമത്തിലെ വ്യവസ്ഥകൾക്ക് വിരുദ്ധമാണോ; ആണെങ്കിൽ പ്രസ്തുത ഉത്തരവ് റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ?

(ബി&സി) കേരള മോട്ടോർ വെഹിക്കിൾസ് ഡിപ്പാർട്ട്മെന്റ് ഗസറ്റഡ് ഓഫീസേഴ്സ് അസോസിയേഷൻ, മോട്ടോർ വാഹന വകുപ്പിലെ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലെ ജോലികൾ നിർവ്വഹിക്കുന്നതിന് സാങ്കേതിക പരിജ്ഞാനം ആവശ്യമാണെന്ന് ചൂണ്ടിക്കാട്ടി പ്രസ്തുത തസ്തികയിലേയ്ക്ക് യോഗ്യത നിശ്ചയിക്കണമെന്ന് ആവശ്യപ്പെട്ട് 9-4-2018-ന് സർക്കാരിൽ നിവേദനം സമർപ്പിച്ചിരുന്നു. കൂടാതെ 10-ാം ശമ്പള പരിഷ്കരണ കമ്മീഷനും 1-3-2011-ൽ മോട്ടോർ വാഹന വകുപ്പിൽ കൂടിയ വകുപ്പുതല പ്രൊമോഷൻ കമ്മിറ്റി (ഹയർ)-യും ഇക്കാര്യം വിലയിരുത്തിയിട്ടുമുണ്ട്. മേൽ സാഹചര്യത്തിൽ സർക്കാർ പ്രസ്തുത നിവേദനം പരിശോധിച്ചുവരവേ, ബഹു. സുപ്രീം കോർട്ട് കമ്മിറ്റി ഓൺ റോഡ് സേഫ്റ്റിയുടെ 2-7-2019-ലെ മീറ്റിംഗിൽ സംസ്ഥാനങ്ങളിലെ മോട്ടോർ വാഹന വകുപ്പുകളിൽ മദ്ധ്യനിര ഓഫീസർമാർക്ക്, പ്രധാനമായും റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ, അസിസ്റ്റന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർമാർ (ജോയിന്റ് ആർ.ടി.ഒ) എന്നിവർക്ക് സാങ്കേതിക പരിജ്ഞാനം ഉണ്ടായിരിക്കണമെന്ന് ചൂണ്ടിക്കാട്ടുകയുണ്ടായി. മേൽ സാഹചര്യത്തിലാണ് മോട്ടോർ വാഹന വകുപ്പിലെ മദ്ധ്യനിര ഓഫീസർമാരിൽ പ്രധാനികളും തുടർന്ന് ജോയിന്റ് ട്രാൻസ്പോർട്ട് കമ്മീഷണർവരെ സ്ഥാനക്കയറ്റം ലഭിക്കേണ്ടതുമായ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയിലേയ്ക്ക് യോഗ്യത നിശ്ചയിച്ച് നിലവിലെ സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്യാൻ സർക്കാർ തീരുമാനിച്ചത്. കേന്ദ്ര മോട്ടോർ വാഹന നിയമത്തിലെ സെക്ഷൻ 213 (4) പ്രകാരം മോട്ടോർ വെഹിക്കിൾസ് ഇൻസ്പെക്ടർമാർക്ക് വേണ്ടുന്ന ഏറ്റവും കുറഞ്ഞ യോഗ്യത കേന്ദ്ര സർക്കാർ നിശ്ചയിച്ച് ഉത്തരവിറക്കിയിട്ടുണ്ട്. എന്നാൽ ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ തസ്തികയ്ക്ക് കേന്ദ്ര സർക്കാർ യോഗ്യത നിശ്ചയിച്ചിട്ടില്ലാത്ത സാഹചര്യത്തിൽ, 1968-ലെ കേരള പബ്ലിക് സർവീസ് ആക്ടിലെ (Act 19 of 1968) സെക്ഷൻ 2 പ്രകാരം യോഗ്യത നിശ്ചയിച്ച് വിശേഷാൽ ചട്ടങ്ങൾ നിർമ്മിക്കുന്നതിന് സംസ്ഥാന സർക്കാരിന് അധികാരമുണ്ട്.

**നിലമ്പൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്**

220 (2940) <u>ശ്രീ. പി. വി. അൻവർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാടകക്കെട്ടിടത്തിൽ പ്രവർത്തിച്ചുവരുന്ന നിലമ്പൂർ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് നിലമ്പൂർ മിനി സിവിൽ സ്റ്റേഷനിലേയ്ക്ക് മാറ്റുന്ന നടപടികളുടെ പുരോഗതിയും എന്നത്തേയ്ക്ക് ഓഫീസ് പുതിയ കെട്ടിടത്തിലേയ്ക്ക് മാറ്റാനാകുമെന്നുള്ളതും അറിയിക്കാമോ?

നിലമ്പൂർ സബ് ആർ.ടി. ഓഫീസ് സ്വകാര്യ ഉടമസ്ഥതയിലുള്ള കെട്ടിടത്തിൽ 20,000 രൂപ പ്രതിമാസ വാടകയിനത്തിൽ പ്രവർത്തിച്ചുവരുന്നു. പ്രസ്തുത ഓഫീസ് പ്രവർത്തിപ്പിക്കുന്നതിന് നിലമ്പൂർ മിനി സിവിൽ സ്റ്റേഷന്റെ 3-ാം നിലയിൽ 304.98 സ്ക്വയർ മീറ്റർ സ്ഥലം നിലമ്പൂർ തഹസിൽദാർ അനുവദിച്ചതായി 20-10-2020-ൽ അറിയിച്ചിട്ടുണ്ട്. ലഭ്യമായ സ്ഥലത്ത് സൗകര്യങ്ങളൊരുക്കി ഓഫീസ് പ്രവർത്തനം ആരംഭിക്കുന്നതിനായി 23-11-2020-ൽ ഗതാഗത കമ്മീഷണർ അനുമതി നൽകിയിട്ടുണ്ട്. അനുവദിച്ചു കിട്ടിയ നിലമ്പൂർ മിനി സിവിൽ സ്റ്റേഷന്റെ 3-ാം നിലയിൽ സിവിൽ, ഇലക്ട്രിക്കൽ, ഫർണിച്ചർ, അലൂമിനിയം, ലാൻ നെറ്റ്‌വർക്ക് ഉൾപ്പെടുന്ന നിർമ്മാണ പ്രവൃത്തികൾ നടത്തുന്നതിനായി സർക്കാർ അംഗീകൃത സ്ഥാപനങ്ങളിൽനിന്നും എസ്റ്റിമേറ്റ് സമർപ്പിച്ചിട്ടുണ്ട്. ഈ ആവശ്യത്തിലേയ്ക്ക് പൊതുമരാമത്ത് വകുപ്പിലെ സാങ്കേതിക വിദഗ്ദ്ധൻ ഉൾപ്പെടുന്ന വകുപ്പുതല ടെക്നിക്കൽ കമ്മിറ്റി രൂപീകരിച്ചുകൊണ്ട് ആവശ്യമായ നിർമ്മാണപ്രവൃത്തികൾ/ സാമഗ്രികൾ ഏതൊക്കെയെന്ന് വിലയിരുത്തി നിർമ്മാണ പ്രവൃത്തികൾ ഏകോപിപ്പിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) മിനി സിവിൽ സ്റ്റേഷൻ പരിസരത്ത് ഡ്രൈവിംഗ് ടെസ്റ്റുകൾ നടത്തുന്നതിന് സ്ഥല സൗകര്യം ലഭ്യമാണോ; ഇല്ലെങ്കിൽ ടെസ്റ്റുകൾ എവിടെയാണ് നടത്താൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

ഡ്രൈവിംഗ് ടെസ്റ്റ് നടത്തുന്നതിന് നിലവിൽ ഓഫീസിനോട് ചേർന്ന സ്ഥല സൗകര്യങ്ങൾ ലഭ്യമല്ല. സർക്കാർ ഉടമസ്ഥതയിലുള്ള സ്ഥലം ലഭ്യമാകുന്നതിന് ബന്ധപ്പെട്ട വകുപ്പുകളുമായി ആലോചനകൾ തുടരുന്നുണ്ട്.

(സി) ലേണേഴ്സ് ടെസ്റ്റിനോടനുബന്ധിച്ച് റോഡ് സുരക്ഷയുമായി ബന്ധപ്പെട്ട ബോധവൽക്കരണ ക്ലാസുകൾ നിലമ്പൂർ സബ് ആർ.ടി. ഓഫീസിൽ മുൻപ് നടത്തിയിരുന്നോ; ഇപ്പോൾ ഇത്തരത്തിൽ ബോധവൽക്കരണ ക്ലാസുകൾ നടക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ക്ലാസ് പുനരാരംഭിക്കുന്നതിന് നിർദ്ദേശം നൽകുമോ?

നടത്തിയിരുന്നു. കോവിഡ്-19 വ്യാപനംമൂലമാണ് ക്ലാസുകൾ താൽക്കാലികമായി നിർത്തിവച്ചത്. ഡ്രൈവിംഗ് ടെസ്റ്റുകൾ തുടങ്ങിയതിനാൽ ബോധവത്കരണ ക്ലാസ്സുകൾ പുനരാരംഭിക്കുന്നതാണ്.

(ഡി) റോഡ് ടെസ്റ്റുകൾ നടക്കാത്തതിനാൽ നിലമ്പൂർ സബ് ആർ.ടി. ഓഫീസിൽ പുതിയ ലൈസൻസ് എടുക്കുന്നതിനുള്ള നിരവധി അപേക്ഷകൾ തീർപ്പാക്കാനുള്ള കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതുമൂലം പൊതുജനങ്ങൾക്കുണ്ടാകുന്ന പ്രയാസങ്ങൾ പരിഹരിക്കാൻ എന്താണ് ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കാമോ?

16-7-2021-ലെ സ.ഉ(സാധാ)നമ്പർ 249/2021/ ഗതാഗതം നമ്പർ ഉത്തരവ് പ്രകാരം കോവിഡ്-19 മാനദണ്ഡങ്ങൾ കർശനമായി പാലിച്ചുകൊണ്ട് 19-7-2021 മുതൽ സംസ്ഥാനത്ത് ഡ്രൈവിംഗ് ടെസ്റ്റ് പുനരാരംഭിക്കുന്നതിനും ഡ്രൈവിംഗ് പരിശീലനം നടത്തുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(ഇ) പ്രസ്തുത അപേക്ഷകൾ തീർപ്പാക്കുന്നതിന് പുതിയ എം.വി.ഐ തസ്തിക കൂടി അനുവദിക്കുമോ?

നിലവിൽ പരിഗണനയിലില്ല.

**കുന്ദമംഗലം ജോയിന്റ് ആർ.ടി. ഓഫീസ്**

221 (2941) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ ഏക സബ് താലൂക്ക് ആസ്ഥാനമായ കുന്ദമംഗലത്ത് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വിശദമാക്കാമോ?

കുന്ദമംഗലത്ത് ഒരു പുതിയ സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിൽ പരിഗണനയിലില്ല.

**പാറശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനം**

222 (2942) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി സമർപ്പിച്ചിരുന്ന പ്രൊപ്പോസലിൻമേൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ?

അടിസ്ഥാന സൗകര്യ വികസനത്തിനായി പ്രൊപ്പോസൽ ലഭിച്ചിട്ടില്ല.

(ബി) പാറശാല ആർ.ടി.ഒ. ടെസ്റ്റിംഗ് ഗ്രൗണ്ടിലേയ്ക്ക് കെ.എസ്.ആർ.ടി.സി.-യുടെ ഉടമസ്ഥതയിലുള്ള സ്ഥലത്തിലൂടെ കടന്നുപോകുന്ന മൺറോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ റോഡ് നവീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

മൺറോഡിന്റെ ശോചനീയാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. റോഡ് ടാർ ചെയ്യുന്നതിന് എം.എൽ.എ. ഫണ്ടിന്റെ ലഭ്യത അന്വേഷിക്കുന്നതിനും/ ഗവൺമെന്റ് അക്രഡിറ്റഡ് ഏജൻസിയിൽനിന്നും എസ്റ്റിമേറ്റ് വാങ്ങുവാനും പാറശ്ശാല ജോയിന്റ്

റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസറോട് ഗതാഗത കമ്മീഷണർ ആവശ്യപ്പെട്ടിട്ടുണ്ട്. ഇതിനെതുടർന്ന് ടാർ ചെയ്യുന്നതിലേയ്ക്കാവശ്യമായ എസ്റ്റിമേറ്റ് ആവശ്യപ്പെട്ട് ജോയിന്റ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസർ, പാറശ്ശാല പി.ഡബ്ല്യു.ഡി, അസിസ്റ്റന്റ് എഞ്ചിനീയർക്ക് കത്ത് നൽകിയിട്ടുള്ളതാണ്.

**ഓൺലൈൻ സേവനങ്ങൾ**

223(2943) <u>ശ്രീമതി കാനത്തിൽ ജമീല</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മോട്ടോർവാഹന വകുപ്പുമായി ബന്ധപ്പെട്ട് ഒരു വ്യക്തിക്ക് ഓഫീസ് സന്ദർശിക്കാതെ പൂർണ്ണമായും ഓൺലൈൻവഴി പൂർത്തീകരിക്കാവുന്ന സേവനങ്ങൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ?

ഡ്രൈവിംഗ് ടെസ്റ്റ് ഒഴികെ ഡ്രൈവിംഗ് ലൈസൻസ് സംബന്ധിച്ച എല്ലാവിധ സേവനങ്ങളും ഫാൻസി നമ്പർ റിസർവേഷൻ, വാഹനങ്ങളുടെ നികുതിയടവ്, വിവിധ പെർമിറ്റുകൾ സംബന്ധിച്ച സേവനങ്ങൾ ഉൾപ്പെടെ 36 സേവനങ്ങൾ ഓഫീസിൽ പോകാതെ പൂർണ്ണമായും ഓൺലൈൻ മുഖാന്തരം ലഭ്യമാണ്. പഴയ സോഫ്റ്റ്‌വെയറിൽ നിന്നും ഡാറ്റ വാഹൻ സാരഥിയിലേയ്ക്ക് മാറ്റിയിട്ടുണ്ട്. ഇത്തരത്തിൽ മാറ്റപ്പെട്ടിട്ടുള്ള ലൈസൻസ്, വാഹന രജിസ്ട്രേഷൻ തുടങ്ങിയവയിൽ ചിലതിന് ഡാറ്റയിലുള്ള സാങ്കേതിക പ്രശ്നങ്ങൾ കാരണം ഓൺലൈൻ അപേക്ഷ സമർപ്പിക്കുവാൻ സാധിക്കാത്തതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ ഇ-മെയിൽ മുഖാന്തരമോ ഫോൺ മുഖേനയോ നേരിട്ടോ ശ്രദ്ധയിൽപ്പെടുമ്പോൾ വേഗത്തിൽ തന്നെ പരിഹരിച്ചു കൊടുക്കുന്നുണ്ട്. ഓൺലൈൻ മുഖാന്തരം ലഭ്യമാകുന്ന സേവനങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**ഇലക്ട്രിക് വാഹനങ്ങൾ**

224 (2944) <u>ശ്രീ. അനൂപ് ജേക്കബ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഗതാഗത സംവിധാനം പ്രകൃതി സൗഹൃദമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നത്; വിശദമാക്കാമോ?

ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ച് പ്രവർത്തിക്കുന്ന വാഹനങ്ങൾ പരമാവധി നിയന്ത്രിക്കുന്നതിനും അവയുടെ സ്ഥാനത്ത് ഇലക്ട്രിക്/ഹരിത ഇന്ധന വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതുമാണ് സർക്കാർ സമീപനം. ഇലക്ട്രിക് വാഹന

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നയം രൂപീകരിച്ചുകൊണ്ട് 10-3-2019-ലെ ജി.ഒ. (എംഎസ്.) 24/2019/ട്രാൻസ് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി രജിസ്ട്രേഷൻ കാലാവധി 15 വർഷം പൂർത്തിയായ ഡീസൽ ഓട്ടോറിക്ഷകൾ 01-06-2021 മുതൽ നിർത്തലാക്കിയിട്ടുണ്ട്. അവ ഇലക്ട്രിക്, CNG, LNG മുതലായ ഇതര ഇന്ധന സംവിധാനത്തിലേയ്ക്ക് മാറിയാൽ മാത്രമേ തുടർന്നുള്ള കാലാവധിയിലേയ്ക്ക് ഫിറ്റ്നസ് മുതലായ രേഖകൾ പുതുക്കി നൽകുകയുള്ളൂ. സ്വകാര്യ ആവശ്യത്തിനുള്ള ഇലക്ട്രിക് വാഹനങ്ങൾക്ക് അവയുടെ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യ 5 വർഷത്തെ ഒറ്റത്തവണ നികുതിയിൽ 50% ഇളവ് അനുവദിച്ചിട്ടുണ്ട്. ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ 5 വർഷത്തേയ്ക്ക് നികുതി പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. ഇത്തരം വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. ബാറ്ററി ഉപയോഗിച്ച് പ്രവർത്തിക്കുന്ന ഓട്ടോറിക്ഷകളുടെ ഉടമകൾക്ക് പരമാവധി 30,000 രൂപ വരെ സബ്സിഡിയായി നൽകിവരുന്നുണ്ട്. നിലവിൽ കെ.എസ്.ആർ.ടി.സി 8 ഇലക്ട്രിക് വെറ്റ് ലീസ് ബസ്സുകൾ ലഭ്യമാക്കി സർവ്വീസ് നടത്തിവരുന്നു. കൂടാതെ കെ.എസ്.ആർ.ടി.സി.-യിൽ നിലവിലുള്ള ഡീസൽ ബസ്സുകൾ സി.എൻ.ജി. ബസ്സുകളായി പരിവർത്തനം ചെയ്യുന്നതിന് മുന്നോടിയായി പ്രവർത്തന മികവ് വിലയിരുത്തു ന്നതിനുവേണ്ടി പരീക്ഷണാടിസ്ഥാനത്തിൽ M/s Ashok Leyland-ൽനിന്നും ഒരു സി.എൻ.ജി. ബസ് വാങ്ങുകയും 23-3-2018 മുതൽ കെ.എസ്.ആർ.ടി.സി. ആലുവ യൂണിറ്റിൽ ഉൾപ്പെടുത്തി എറണാകുളം സിറ്റി സർവ്വീസിനായി ഉപയോഗിക്കുകയും നിലവിൽ പ്രസ്തുത വാഹനം വിവിധ മേഖലകളിൽ സർവ്വീസ് നടത്തി പ്രവർത്തന മികവ് വിലയിരുത്തി വരികയുമാണ്. കൂടാതെ M/s Petronet LNG-യുടെ ഉടമസ്ഥതയിലുള്ള 2 എൽ.എൻ.ജി ബസ്സുകൾ ലഭ്യമാക്കി 21-6-2021 മുതൽ എറണാകുളം കേന്ദ്രീകരിച്ച് തിരുവനന്തപുരം, കോഴിക്കോട് എന്നിവിടങ്ങളിലേയ്ക്ക് സർവ്വീസ് നടത്തിവരുന്നു. ആയതിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള വിവരങ്ങളും വിശകലനം ചെയ്തുവരികയാണ്. നിലവിലുള്ള കെ.എസ്.ആർ.ടി.സി.-യുടെ 400 ഡീസൽ ബസ്സുകൾ എൽ.എൻ.ജി.യിലേയ്ക്ക് പരിവർത്തനം വരുത്തുന്നതിനായി ദർഘാസ് ക്ഷണിക്കുകയും ആയതിനോടനുബന്ധിച്ചുള്ള തുടർനടപടിയായി proof of concept നടന്നുവരികയുമാണ്. കൂടാതെ നിലവിലുള്ള 3000 ഡീസൽ ബസ്സുകൾ സി.എൻ.ജി.-യിലേയ്ക്ക് പരിവർത്തനം ചെയ്യുന്നതിന് വാഹന നിർമ്മാതാക്കളിൽനിന്നും താത്പര്യപത്രം ക്ഷണിച്ചിരിക്കുകയാണ്.

(ബി) ഇലക്ട്രിക് വാഹനങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിനായി സംസ്ഥാന സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കാമോ?

സർക്കാർ ഉത്തരവ് G.O.(MS)24/2019/Trans dated 10-3-2019 പ്രകാരം അംഗീകരിച്ചിട്ടുള്ള ഇലക്ട്രിക് വാഹനനയമനുസരിച്ച് ഇത്തരം വാഹനങ്ങളുടെ നികുതിയിൽ ഇളവുനൽകുകയും ഇലക്ട്രിക് ആട്ടോറിക്ഷകൾക്ക് സബ്സിഡി

അനുവദിക്കുകയും ചെയ്തുവരുന്നു. കെ.എസ്.ഇ.ബി.എൽ.ന്റെ സഹായത്തോടെ 32 ചാർജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. 22-4-2020-ലെ സർക്കാർ ഉത്തരവ് G.O.(P)21/2020/Trans പ്രകാരം 1-4-2020 മുതൽ രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ആട്ടോറിക്ഷകളുടെ നികുതി, രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. മാത്രമല്ല ഇത്തരം വാഹനങ്ങളെ പെർമിറ്റ് എടുക്കുന്നതിൽനിന്നും ഒഴിവാക്കിയിട്ടുണ്ട്. 23-2-2021-ലെ സർക്കാർ ഉത്തരവ് G.O.(P) No.12/2021/Trans in SRO No.231/2021, പ്രകാരം 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ തുകയുടെ 50% ഇളവനുവദിച്ചിട്ടുണ്ട്. നിലവിൽ 6 ചാർജ്ജിംഗ് സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയാകുകയും 26 കേന്ദ്രങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയുമാണ്. ഇലക്ട്രിക് ആട്ടോറിക്ഷ ഉടമകൾക്ക് 30,000 രൂപ വരെ സബ്സിഡി നൽകുന്ന പദ്ധതി നിലവിലുണ്ട്.

**മോട്ടോർ വാഹന നിയമവും ഡ്രൈവിംഗ് സ്കൂളുകളും**

225 (2945) ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ആർ. 394(ഇ) നമ്പർ ഉത്തരവ് പ്രകാരം 1-7-21-ൽ ഭേദഗതി ചെയ്ത് പ്രാബല്യത്തിൽവന്ന മോട്ടോർ വാഹന നിയമം ഡ്രൈവിംഗ് സ്കൂളുകളെയും റോഡ് ട്രാൻസ്പോർട്ട് മേഖലയെയും എങ്ങനെയെല്ലാം ബാധിക്കും എന്ന് സർക്കാർ പഠനം നടത്തിയിട്ടുണ്ടോ?

ഇല്ല.

(ബി) ഈ നിയമംമൂലം സാധാരണ ജനങ്ങൾക്ക് ലൈസൻസ് ലഭിക്കുവാൻ ഉണ്ടാകുന്ന അമിത സാമ്പത്തിക ബാധ്യത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

നിലവിൽ സംസ്ഥാനത്ത് ഡ്രൈവിംഗ് പരിശീലനം നൽകുന്ന സ്ഥാപനങ്ങൾക്ക് ഒരു ഏകീകൃത കോഴ്സ് ഫീ സർക്കാർ നിശ്ചയിച്ചിട്ടില്ല. മേല്പറഞ്ഞ നിയമംമൂലം ഉയർന്ന നിലവാരത്തിലുള്ള Accredited Driver Traning Centre സ്ഥാപിക്കാനാണ് ലക്ഷ്യമിടുന്നത്. കോഴ്സ് ഫീ സംബന്ധിച്ച് വ്യക്തത നൽകിയിട്ടില്ലാത്തതിനാൽ അധിക സാമ്പത്തിക ബാധ്യത ഉണ്ടാകുമോ എന്ന കാര്യം ഇപ്പോൾ വിലയിരുത്താൻ കഴിയില്ല.

(സി) കുത്തക കോർപ്പറേറ്റുകളുടെ കടന്നുകയറ്റത്തെ തടഞ്ഞ്, ഡ്രൈവിംഗ് സ്കൂൾ മേഖലയെ സംരക്ഷിക്കുന്നതിന് സർക്കാർ കൈക്കൊണ്ട നടപടികൾ വ്യക്തമാക്കാമോ?

ഇത് സംബന്ധിച്ച് വിശദമായ റിപ്പോർട്ട് ഗതാഗത കമ്മീഷണറിൽനിന്നും ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സംസ്ഥാന സർക്കാരിന്റെ കീഴിൽ ഇടപ്പാളിൽ പ്രവർത്തിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡ്രൈവർ ട്രെയിനിംഗ് &റിസർച്ച് (ഐ.ഡി.റ്റി.ആർ.) പോലെ എല്ലാ ജില്ലകളിലും അക്രഡിറ്റേഷൻ സെന്റർ ആരംഭിച്ച് ഡ്രൈവിംഗ് സ്കൂൾ മേഖലയിൽ ജോലി ചെയ്യുന്നവരെ സംരക്ഷിക്കാനുള്ള നടപടി സ്വീകരിക്കാമോ?

സംസ്ഥാനത്ത് പി.പി.പി മോഡലിൽ 75 കേന്ദ്രങ്ങളിലായി സ്ഥാപിക്കാനുദ്ദേശിക്കുന്ന കമ്പ്യൂട്ടറൈസ്ഡ് വെഹിക്കിൾ ടെസ്റ്റിംഗ് സ്റ്റേഷൻസ്/കമ്പ്യൂട്ടറൈസ്ഡ് ഡ്രൈവർ ടെസ്റ്റിംഗ് ട്രാക്ക് സംബന്ധിച്ച പ്രൊപ്പോസൽ സർക്കാരിന്റെ പരിഗണനയിലാണ്.

### പുതിയ വാഹനങ്ങളുടെ രജിസ്ട്രേഷൻ

226 (2946) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2021 ജനുവരി മുതൽ വയനാട് ജില്ലയിൽ എത്ര പുതിയ വാഹനങ്ങൾ രജിസ്റ്റർ ചെയ്തു എന്ന കണക്ക് ലഭ്യമാക്കാമോ?

6835 എണ്ണം.

(ബി) ഈ കാലയളവിൽ പ്രസ്തുത ജില്ലയിലെ ഏത് ഓഫീസിലാണ് കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്തത് എന്നും കുറവ് വാഹനങ്ങൾ രജിസ്റ്റർ ചെയ്തത് എന്നുമുള്ള കണക്ക് ലഭ്യമാക്കാമോ?

വയനാട് ജില്ലയിൽ ഏറ്റവും കൂടുതൽ വാഹനങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് സബ് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, സുൽത്താൻ ബത്തേരിയിലാണ്-2292 വാഹനങ്ങൾ. ഏറ്റവും കുറവ് വാഹനങ്ങൾ രജിസ്റ്റർ ചെയ്തിരിക്കുന്നത് റീജിയണൽ ട്രാൻസ്പോർട്ട് ഓഫീസ്, വയനാട്-2257 വാഹനങ്ങൾ.

(സി) 2020-ൽ പ്രസ്തുത ജില്ലയിൽ ആകെ എത്ര പുതിയ വാഹനങ്ങളാണ് രജിസ്റ്റർ ചെയ്തിട്ടുള്ളതെന്ന് അറിയിക്കാമോ?

11161 എണ്ണം.

### വൈദ്യുത വാഹനങ്ങൾക്ക് ആനുകൂല്യങ്ങൾ

227 (2947) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുത വാഹനങ്ങൾ വാങ്ങുന്നവർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് നൽകിവരുന്നതെന്ന് വിശദീകരിക്കുമോ; പെട്രോൾ, ഡീസൽ വില വർദ്ധിക്കുന്ന സാഹചര്യത്തിൽ കൂടുതൽ ആനുകൂല്യങ്ങൾ നൽകുമോ; വ്യക്തമാക്കുമോ?

ഇലക്ട്രിക് വാഹന നയത്തിന്റെ ഭാഗമായി ഫോസിൽ ഇന്ധനങ്ങൾ ഉപയോഗിച്ചുള്ള വാഹനങ്ങൾക്ക് പകരം വൈദ്യുതി/ബാറ്ററിയിൽ പ്രവർത്തിക്കുന്ന വാഹനങ്ങൾക്ക് പ്രോത്സാഹനം നൽകിവരുന്നു. അതിനായി ഇലക്ട്രിക് വാഹനങ്ങളുടെ രജിസ്ട്രേഷൻ ഫീസ്, നികുതി എന്നിവയിൽ ഇളവ് ഏർപ്പെടുത്തിയിട്ടുണ്ട്. 1-4-2020 മുതൽ പുതിയതായി രജിസ്റ്റർ ചെയ്യുന്ന ഇലക്ട്രിക് ഓട്ടോറിക്ഷകളുടെ നികുതി രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ച് വർഷത്തേയ്ക്ക് പൂർണ്ണമായും ഒഴിവാക്കിയിട്ടുണ്ട്. (G.O.(P)No.21/2020/Trans dated, 22-4-2020 in SRO. No.284/2020). 1-4-2021 മുതൽ രജിസ്റ്റർ ചെയ്യുന്ന സ്വകാര്യ ആവശ്യത്തിനുള്ള വാഹനങ്ങളുടെ ഒറ്റത്തവണ നികുതിയിൽ രജിസ്ട്രേഷൻ തീയതി മുതൽ ആദ്യത്തെ അഞ്ചുവർഷത്തെ തുകയുടെ 50% ഇളവ് അനുവദിച്ചിട്ടുണ്ട് (G.O.(P)No.12/2021/Trans dated, 23-2-2021 in SRO No.231/2021). കൂടാതെ ഇലക്ട്രിക് ഓട്ടോറിക്ഷകൾക്ക് 30,000 രൂപ വരെ സബ്സിഡി അനുവദിച്ചിട്ടുണ്ട്. 1989-ലെ കേന്ദ്ര മോട്ടോർ വാഹന ചട്ടത്തിലെ Rule 2(4)-ൽ പറയുന്ന "Battery Operated" വാഹനങ്ങളെ 1988-ലെ മോട്ടോർ വാഹന നിയമത്തിന്റെ സെക്ഷൻ 66-ൽ നിഷ്കർഷിച്ചിട്ടുള്ള പെർമിറ്റുകളിൽനിന്നും ഒഴിവാക്കിക്കൊണ്ടും 18-10-2018-ൽ കേന്ദ്രസർക്കാർ SO. 5333(E) ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**വൈദ്യുത വാഹനങ്ങൾക്ക് ചാർജ്ജിംഗ് സ്റ്റേഷൻ**

228 (2948) <u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വൈദ്യുത വാഹനങ്ങളുടെ ബാറ്ററി ചാർജ്ജ് ചെയ്യുന്നതിനായി കെ.എസ്.ഇ. ബി.എൽ.-മായി സഹകരിച്ച് കൂടുതൽ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ; നിലവിൽ എത്ര ചാർജ്ജിംഗ് പോയിന്റുകൾ ഉണ്ടെന്നും അവ എവിടെയൊക്കെ ആണെന്നും വിശദമാക്കാമോ?

സംസ്ഥാനത്ത് ഇലക്ട്രിക് വാഹനങ്ങളുടെ ചാർജ്ജിംഗ് സ്റ്റേഷനുകൾ സ്ഥാപിക്കുന്നതിന് കെ.എസ്.ഇ.ബി.എൽ.-നെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ആയതിലേയ്ക്കായി ഇ-മൊബിലിറ്റി ഫണ്ടിൽനിന്നും 5 കോടി രൂപ കെ.എസ്.ഇ.ബി.-ക്ക് നൽകിയിട്ടുണ്ട്. ഇതിൻപ്രകാരം 6 സ്റ്റേഷനുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായിട്ടുണ്ടെന്നും 26 കേന്ദ്രങ്ങളിൽ നിർമ്മാണപ്രവർത്തനങ്ങൾ പുരോഗമിക്കുകയാണെന്നും അറിയിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തിയായവയുടെയും രണ്ടാംഘട്ടത്തിൽ പൂർത്തിയാക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നവയെക്കുറിച്ചുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കോൺട്രാക്ട് കാര്യേജുകൾക്ക് നികുതി ഒഴിവാക്കാൻ നടപടി

229 (2949) <u>ശ്രീ. മാണി. സി. കാപ്പൻ</u>: താഴെ കാണുന്ന ചോദ്യത്തിന് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോവിഡ് ലോക്ഡൗൺമൂലം സംസ്ഥാനത്തുള്ള കോൺട്രാക്ട് കാര്യേജ് വാഹനങ്ങൾ ഓടാൻ കഴിയാതെ നശിച്ചുകൊണ്ടിരിക്കുന്നതുകാരണം ഉടമകൾ വൻസാമ്പത്തിക പ്രതിസന്ധി നേരിടുന്നതിനാൽ ആയത് പരിഹരിക്കുന്നതിന് പ്രസ്തുത വാഹനങ്ങൾക്ക് ഈ കാലയളവിൽ നികുതി കുറയ്ക്കുന്നതിനോ ഒഴിവാക്കുന്നതിനോ ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

കോവിഡ് മഹാമാരിയുമായി ബന്ധപ്പെട്ട് ഏർപ്പെടുത്തിയ ലോക്ഡൗൺ നിയന്ത്രണങ്ങൾ പരിഗണിച്ച് കോൺട്രാക്ട് കാര്യേജ് വിഭാഗത്തിലുള്ള വാഹനങ്ങളുടെ വാഹന നികുതി ഒഴിവാക്കുകയും വാഹന നികുതി ഒടുക്കുന്നതിന് സമയം ദീർഘിപ്പിച്ചു നൽകുകയും ചെയ്തിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

## ജലഗതാഗതം വ്യാപകമാക്കുവാൻ പദ്ധതികൾ

230 (2950) <u>ശ്രീമതി യു. പ്രതിഭ:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീ. എൻ. കെ. അക്ബർ:</u>
<u>ശ്രീ. പി. നന്ദകുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലഗതാഗത വകുപ്പ് കൈവരിച്ച നേട്ടങ്ങൾ ഈ സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കാമോ?

കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ജലഗതാഗത വകുപ്പ് കൈവരിച്ച നേട്ടങ്ങൾ ചുവടെ ചേർക്കുന്നു :

1. ഇൻഡ്യയിലെ പ്രഥമ സംരംഭമായ സോളാർ ബോട്ട് 'ആദിത്യ' നിർമ്മാണം പൂർത്തീകരിച്ച് 12-1-2017 മുതൽ തവണക്കടവ്-വൈക്കം റൂട്ടിൽ മെച്ചപ്പെട്ട രീതിയിൽ സർവ്വീസ് നടത്തിവരുന്നു. 2020-ൽ ആദിത്യയ്ക്ക് ലോകത്തെ മികച്ച ഫെറികൾക്കുള്ള ഗസ്റ്റേവ് ട്രോവ് പുരസ്കാരം ലഭിക്കുകയുണ്ടായി.

2. പ്രധാനപ്പെട്ട 5 സ്റ്റേഷനുകളിൽ റെസ്ക്യൂ സർവ്വീസായും ആംബുലൻസ് സർവ്വീസായും ഉപയോഗിക്കുവാനുതകുന്ന രീതിയിൽ ആധുനിക സജ്ജീകരണങ്ങളോടുകൂടിയ 5 റെസ്ക്യൂ ബോട്ടുകളുടെ നിർമ്മാണം

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പൂർത്തീകരിച്ച് 19-4-2018-ൽ പ്രവർത്തനസജ്ജമായി. 2018-19 പ്രളയകാലത്ത് വെള്ളക്കെട്ടാൽ ചുറ്റപ്പെട്ട കുട്ടനാടൻ മേഖലകളിൽ നിന്നും രാത്രികാലങ്ങളിലുൾപ്പെടെ ഒറ്റപ്പെട്ടുപോയവരെ സുരക്ഷിത സ്ഥാനങ്ങളിൽ എത്തിക്കുവാൻ റെസ്ക്യൂ ബോട്ടുകൾക്ക് സാധിച്ചിരുന്നു. നിലവിൽ 24 മണിക്കൂറും പ്രവർത്തനസജ്ജമായ ഈ ബോട്ടുകൾ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കും ഉപയോഗിച്ചുവരുന്നു.

3. വൈക്കത്തുനിന്ന് എറണാകുളത്തേയ്ക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിലും റോഡ് ഗതാഗത തടസ്സങ്ങളിൽ ഉൾപ്പെടാതെയും സ്വച്ഛമായും സ്വദേശികളും വിദേശികളുമായ ടൂറിസ്റ്റുകൾക്കും യാത്രക്കാർക്കും യാത്ര ചെയ്യുന്നതിനായി ഒരു അതിവേഗ 120 പാസഞ്ചർ കപ്പാസിറ്റിയുള്ള എ.സി. ബോട്ട് നിർമ്മിക്കുകയും ടി പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ടിന്റെ ഉദ്ഘാടനം 4-11-2018-ന് നടത്തുകയും ചെയ്തു.

4. പയ്യന്നൂർ മേഖല കേന്ദ്രീകരിച്ച് മാട്ടൂൽ-അഴീക്കൽ ഫെറി സർവ്വീസ് 24-2-2019-ൽ ഉദ്ഘാടനം ചെയ്യുകയും അത്യാധുനിക സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നിലവിലുണ്ടായിരുന്ന സർവ്വീസ് ടൂറിസ്റ്റ് ഫ്രണ്ട്‌ലി സർവ്വീസാക്കി നടത്തിവരുകയും ചെയ്യുന്നു.

5. ആലപ്പുഴ ജില്ലയിലെ കനാലുകളുടെ സൗന്ദര്യം ആസ്വദിച്ചുകൊണ്ട് പാതിരാമണൽ ദ്വീപ്, കുമരകം എന്നീ ടൂറിസ്റ്റ് കേന്ദ്രങ്ങൾ സന്ദർശിക്കുന്നതിനും കുറഞ്ഞ ചെലവിൽ സുരക്ഷിത യാത്ര ഒരുക്കുക എന്ന ഉദ്ദേശത്തോടെയും കോട്ടയത്തുനിന്നും ആലപ്പുഴയ്ക്കുവരുന്ന യാത്രക്കാർക്ക് കുറഞ്ഞ സമയ ദൈർഘ്യത്തിൽ എത്തുന്നതിനും ആലപ്പുഴ-കുമരകം-കോട്ടയം റൂട്ടിൽ ഒരു 120 പാസഞ്ചർ കപ്പാസിറ്റിയുള്ള വേഗത കൂടിയ ഒരു കാറ്റമറൈൻ പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസ് ബോട്ട് നിർമ്മാണം പൂർത്തിയാക്കി 8-3-2020-ൽ ഉദ്ഘാടനം നടത്തി.

6. എല്ലാവിധ സുരക്ഷാ സജ്ജീകരണങ്ങളോടുംകൂടിയ ഐ.ആർ.എസ്. ക്ലാസ്സിൽ നിർമ്മിച്ച 5 ബോട്ടുകളുടെയും കൈനകരി സർക്കുലർ സർവ്വീസിന്റെയും ഉദ്ഘാടനം 4-1-2019-ൽ നടത്തി.

7. ഇൻലാൻഡ് നാവിഗേഷൻ മേഖലയിൽ സർക്കാർതലത്തിൽ കേരളത്തിലെ തന്നെ ആദ്യസംരംഭമെന്ന നിലയിൽ ആലപ്പുഴ ജില്ലയിലെ പോഞ്ഞിക്കരയിൽ 7.78 കോടി രൂപ ഭരണാനുമതിയോടുകൂടിയ പുതിയ ഡ്രൈഡോക്കിന്റെ നിർമ്മാണം പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിച്ചു.

8. പാണാവള്ളി സ്റ്റേഷൻ ഓഫീസ് നിർമ്മാണം പൂർത്തീകരിച്ച് 9-4-2018-ൽ ഉദ്ഘാടനം നടത്തി പ്രവർത്തനം ആരംഭിച്ചു.

9. ജീവനക്കാരുടെ ഹാജരിന്റെ കൃത്യനിഷ്ഠ ഉറപ്പുവരുത്തുന്നതിനായി വകുപ്പിന്റെ ആസ്ഥാന ഓഫീസിലും മേഖലാ കാര്യാലയങ്ങളിലും ബയോമെട്രിക് പഞ്ചിംഗ് സംവിധാനം ഏർപ്പെടുത്തി.

10. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കുന്നതിന്റെ ആവശ്യകത, രീതി എന്നിവ മനസ്സിലാക്കുന്നതിനും കായൽ മലിനീകരണം ഒഴിവാക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വകുപ്പിന്റെ എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷനുകളിലും എൽ.ഇ.ഡി. ടി.വി സ്ഥാപിക്കുകയും 2016 ഡിസംബർ 12-ന് ഉദ്ഘാടനം നടത്തുകയും ചെയ്തു.

11. ഇൻഡ്യയിലെതന്നെ ആദ്യ സംരംഭമെന്ന നിലയിൽ 4 വാട്ടർ ടാക്സി നിർമ്മാണം ആരംഭിക്കുകയും ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15-10-2020-ലും രണ്ടാമത്തെ ബോട്ടിന്റെ ഉദ്ഘാടനം 4-1-2021-ലും നടത്തുകയും ചെയ്തു. ടി ബോട്ടുകൾ യഥാക്രമം ആലപ്പുഴയിലും പറശ്ശിനിക്കടവിലും സർവ്വീസ് നടത്തിവരുന്നു. മൂന്നും നാലും ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

12. ആധുനിക സുരക്ഷാ സംവിധാനങ്ങളോടുകൂടിയ 100 പാസഞ്ചർ കപ്പാസിറ്റിയുള്ള 7 കാറ്റമറൈൻ ബോട്ടുകളുടെ നിർമ്മാണം ആരംഭിക്കുകയും ഇവയിലെ 2 ബോട്ടുകളുടെ നിർമ്മാണം പൂർത്തീകരിച്ച് എറണാകുളം മേഖലയിൽ സർവ്വീസ് നടത്തിവരുകയും ചെയ്യുന്നു.

(ബി) പ്രസ്തുത പ്രവർത്തനങ്ങൾ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും വകുപ്പിന്റെ പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിനും എന്തെല്ലാം പ്രവൃത്തികളാണ് നടന്നുവരുന്നതെന്ന് അറിയിക്കാമോ?

വേഗതയേറിയതും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിക്കുന്നതിന്റെയും ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. റോഡ് ഗതാഗതത്തിൽ ടാക്സി സംവിധാനങ്ങളുണ്ടെങ്കിലും ജലഗതാഗതത്തിൽ ഇത്തരം സർവ്വീസുകളില്ലാത്തതിനാൽ പൊതുജനങ്ങൾക്ക് കൂടുതൽ പ്രയോജനപ്പെടുന്നരീതിയിൽ ഇൻഡ്യയിലെതന്നെ ആദ്യ സംരംഭമെന്ന

നിലയിൽ 4 വാട്ടർ ടാക്സികളുടെ നിർമ്മാണം ആരംഭിക്കുകയും ഇവയിലെ ആദ്യത്തെ ബോട്ടിന്റെ ഉദ്ഘാടനം 15-10-2020-ലും രണ്ടാമത്തെ ബോട്ടിന്റെ ഉദ്ഘാടനം 4-1-2021-ലും നടത്തുകയും ചെയ്തു. മൂന്നും നാലും ബോട്ടുകളുടെ നിർമ്മാണം അന്തിമഘട്ടത്തിലാണ്.

(സി) പരിസ്ഥിതി സൗഹൃദവും അപകടരഹിതവും ചെലവുകുറഞ്ഞതും സുഖകരമായ യാത്ര പ്രദാനം ചെയ്യുന്നതുമായ ജലഗതാഗതത്തിന്റെ സാധ്യതകൾ കൂടുതൽ പ്രയോജനപ്പെടുത്തുന്നതിനും ജലഗതാഗതം വ്യാപകമാക്കുന്നതിനും എന്തെല്ലാം പദ്ധതികളാണ് ആസൂത്രണം ചെയ്തുവരുന്നതെന്ന് അറിയിക്കാമോ?

ആദ്യകാലങ്ങളിൽ വകുപ്പ് തടി ബോട്ടുകളും സ്റ്റീൽ ബോട്ടുകളുമാണ് ഉപയോഗിച്ചിരുന്നത്. കാലക്രമേണ യാത്രാവേഗത വർദ്ധിപ്പിക്കുന്നതിനും സുരക്ഷിതത്വം ഉറപ്പാക്കുന്നതിനുമായി തടി, സ്റ്റീൽ ബോട്ടുകൾക്കുപുറമേ കാറ്റമറൈൻ ഫൈബർ ബോട്ടുകളും ഉപയോഗിക്കുന്നു. 75-നും 100-നുമിടയിൽ പാസഞ്ചർ കപ്പാസിറ്റിയുള്ള തടി, സ്റ്റീൽ, ഫൈബർ ബോട്ടുകളാണ് വകുപ്പ് പാസഞ്ചർ സർവ്വീസിനായി ഉപയോഗിക്കുന്നത്. അത്യാധുനിക സജ്ജീകരണങ്ങളോടുകൂടിയതും 120 പാസഞ്ചർ കപ്പാസിറ്റിയുള്ളതുമായ കാറ്റമറൈൻ എ.സി.ബോട്ടുകളും അപ്പർഡെക്ക് സൗകര്യമുള്ള ബോട്ടുകളും ഉപയോഗിച്ച് പാസഞ്ചർ-കം-ടൂറിസ്റ്റ് സർവ്വീസുകൾ നടത്തിവരുന്നു. ജലഗതാഗതത്തിൽ ടാക്സി സർവ്വീസുകൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി 4 വാട്ടർ ടാക്സികളുടെ നിർമ്മാണം ആരംഭിക്കുകയും ഇവയിൽ 2 ബോട്ടുകൾ നിർമ്മാണം പൂർത്തിയാക്കി സർവ്വീസ് നടത്തിവരികയും ചെയ്യുന്നു. എല്ലാ ബോട്ടുകളിലും ആവശ്യമായ ലൈഫ്ജാക്കറ്റുകൾ, തീ നിയന്ത്രണ ഉപകരണങ്ങൾ എന്നിവ സജ്ജമാക്കിയും യാത്രക്കാർക്കും ജീവനക്കാർക്കും ഇൻഷ്വറൻസ് പരിരക്ഷ ഏർപ്പെടുത്തിയും സുരക്ഷിതത്വം ഉറപ്പുവരുത്തിയിട്ടുണ്ട്. സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കേണ്ടതിന്റെ ആവശ്യകത, രീതി എന്നിവ മനസ്സിലാക്കുന്നതിനും കായൽ മലിനീകരണം ഒഴിവാക്കുന്നതിന് ജനങ്ങളെ ബോധവൽക്കരിക്കുന്നതിനും വകുപ്പിന്റെ എല്ലാ ബോട്ടുകളിലും പ്രധാനപ്പെട്ട സ്റ്റേഷൻ ഓഫീസുകളിലും എൽ.ഇ.ഡി. ടി.വി.-കൾ സ്ഥാപിച്ചിട്ടുണ്ട്. പൂർണ്ണമായും സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന ഒരു ബോട്ടുപയോഗിച്ച് വൈക്കം-തവണക്കടവ് ഫെറി സർവ്വീസും നടത്തിവരുന്നു. കൂടുതൽ സോളാർ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വേഗതയേറിയതും സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതുമായ ബോട്ടുകൾ സർവ്വീസിൽ ഉൾപ്പെടുത്തുന്നതിന്റെയും ഉൾനാടൻ ജലഗതാഗതം പ്രോത്സാഹിക്കുന്നതിന്റെയും ഭാഗമായി 30 പാസഞ്ചർ കപ്പാസിറ്റിയുള്ള 4 സോളാർ ബോട്ടുകൾ, 120 പാസഞ്ചർ കപ്പാസിറ്റിയുള്ള ഒരു പാസഞ്ചർ-കം-ടൂറിസ്റ്റ് ബോട്ട്, 75 പാസഞ്ചർ കപ്പാസിറ്റിയുള്ള 2 സോളാർ ബോട്ടുകൾ, 5 ഡിങ്കി ബോട്ടുകൾ എന്നിവ വാങ്ങുന്നതിന് സർക്കാർ അനുമതി നല്കിയിട്ടുണ്ട്. ടി ബോട്ടുകൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

### കുട്ടനാട്ടിൽ ബോട്ട് സർവ്വീസ് ആരംഭിക്കുന്നതിന് നടപടി

231(2951) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗതത്തെ വലിയ തോതിൽ ആശ്രയിക്കുന്ന കുട്ടനാട്ടിൽ കൂടുതൽ ബോട്ട് സർവീസുകൾ ആരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കും എന്ന് വ്യക്തമാക്കുമോ?

വകുപ്പിന്റെ വിവിധ സ്റ്റേഷനുകളിൽ നിന്നായി കുട്ടനാട് കേന്ദ്രീകരിച്ച് നിലവിൽ 22-ഓളം ബോട്ടുകൾ സർവ്വീസ് നടത്തുന്നുണ്ട്. ടി ബോട്ടുകൾ ഉപയോഗിച്ച് ദിനംപ്രതി 110-ഓളം ട്രിപ്പുകൾ നടത്തുന്നുണ്ട്. യാത്രക്കാരുടെ ആവശ്യകത പരിശോധിച്ച് കൂടുതൽ സർവ്വീസുകൾ ആരംഭിക്കുന്നതിൽ തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നിലവിലുള്ള മുഴുവൻ ബോട്ടുകളും ഫിറ്റ്നസ് ഉറപ്പുവരുത്തി ജലഗതാഗതത്തിന് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദവിവരം ലഭ്യമാക്കുമോ?

വകുപ്പിന്റെ ബോട്ടുകൾ സർവ്വീസ് നടത്തുന്നത് കേരള ഇൻലാൻഡ് വെസൽ റൂൾ 2010 പ്രകാരമാണ്. കേരള മാരിടൈം ബോർഡിൽ ഫീസടച്ച് സർവ്വേയർ സുരക്ഷ പരിശോധന നടത്തിയ ബോട്ടുകളാണ് വകുപ്പ് സർവ്വീസിനായി ഉപയോഗിക്കുന്നത്.

(സി) ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് നടപടികൾ ഉണ്ടാകുമോ; എങ്കിൽ വിശദ വിവരം ലഭ്യമാക്കുമോ?

സർവ്വീസ് ബോട്ടുകളുടെ അറ്റകുറ്റപ്പണികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുവേണ്ട ഭൗതിക സംവിധാനങ്ങൾ ഡോക്കിൽ ലഭ്യമാണ്. ഏഴ് ബോട്ടുകൾ ഒരേ സമയം കരയ്ക്കുകയറ്റാനാകുന്ന സ്ലിപ് വേ, നാല് ബോട്ടുകൾ കയറ്റാനാകുന്ന ഡ്രൈഡോക്ക് എന്നിവ റിപ്പയർ വിഭാഗത്തിന് നിലവിലുണ്ട്. കൂടാതെ എറണാകുളം ജില്ലയിലെ തേവരയിലും പയ്യന്നൂർ മേഖലയിലെ അയിറ്റിയിലും റിപ്പയർ വിഭാഗം പ്രവർത്തിച്ചുവരുന്നു. ടി സൗകര്യങ്ങൾ പ്രയോജനപ്പെടുത്തി ബോട്ടുകൾ റിപ്പയർ ചെയ്തുവരുന്നു.

### പുതിയ തസ്തികകൾ അനുവദിക്കാൻ നടപടി

232(2952) ശ്രീമതി ദലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലഗതാഗത വകുപ്പിൽ പുതുതായി അനുവദിച്ച ബോട്ടുകൾക്കായി പുതിയ തസ്തികകൾ അനുവദിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാങ്കേതിക തടസ്സമുണ്ടോ; എങ്കിൽ വിശദമാക്കാമോ?

സർക്കാരിന്റെ സാമ്പത്തിക പ്രതിസന്ധി കാരണം പുതിയ തസ്തികകൾ അനുവദിച്ചിട്ടില്ല

(സി) പ്രസ്തുത തസ്തികകൾ അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

വിവിധ സർക്കാർ ഉത്തരവുപ്രകാരം 4 ഷെഡ്യൂൾ ബോട്ടുകളിലും 5 റെസ്ക്യൂ ആൻഡ് ഡൈവ് ബോട്ടുകളിലും ദിവസവേതനാടിസ്ഥാനത്തിൽ ജീവനക്കാരെ നിയമിക്കുകയും അവർക്ക് സർക്കാർ നിർദ്ദേശിച്ച പ്രകാരം വേതനം നല്കുന്നു.

**കൊയിലാണ്ടി പുറക്കാട് ഇൻഡോർ സ്റ്റേഡിയം**

233(2953) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബജറ്റിൽ ഇരുപത് ശതമാനം തുക വകയിരുത്തിയ കൊയിലാണ്ടി മണ്ഡലത്തിലെ പുറക്കാട് ഇൻഡോർ സ്റ്റേഡിയം നിർമ്മാണ പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പൂർത്തിയാക്കിയിട്ടുണ്ടോ;

(ബി) പൂർത്തിയാക്കിയ എസ്റ്റിമേറ്റും പ്ലാനും ഭരണാനുമതിക്കായി സമർപ്പിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(സി) ഇല്ലെങ്കിൽ ഈ പ്രവൃത്തിക്ക് വേഗത്തിൽ ഭരണാനുമതി നൽകാനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കാമോ?

(എ-സി) 2019-20 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II വാല്യം II-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 1848-ൽ തിക്കോടി പുറക്കാട് ഇൻഡോർ സ്റ്റേഡിയം പദ്ധതിക്കായി കായിക വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ 250 ലക്ഷം അടങ്കൽ തുകയും 2019-20 സാമ്പത്തിക വർഷത്തേയ്ക്ക് 50 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനായി കായിക യുവജനകാര്യാലയത്തിലെ കായിക എഞ്ചിനീയറിംഗ് വിഭാഗം തിക്കോടി ഗ്രാമപഞ്ചായത്തിലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും സ്ഥലത്തിന്റെ മണ്ണുപരിശോധനയ്ക്കായി തിരുവനന്തപുരം ലാൽബഹദൂർ ശാസ്ത്രി എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ്-19 മൂലമുള്ള നിയന്ത്രണങ്ങൾകാരണം മണ്ണ് പരിശോധന പൂർത്തിയാക്കുവാൻ സാധിക്കാത്ത സാഹചര്യത്തിൽ നിലവിലെ

കോവിഡ് 19 നിയന്ത്രണങ്ങൾ മാറുന്ന മുറയ്ക്ക് മണ്ണ് പരിശോധന നടത്തി റിപ്പോർട്ട് ലഭിക്കുന്ന മുറയ്ക്ക് സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്തശേഷം വിശദമായ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഭരണാനുമതി നൽകുന്നകാര്യം പരിഗണിക്കുന്നതാണ്. കൂടാതെ സ്റ്റേഡിയത്തിന്റെ നിർമ്മാണം നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് തിക്കോടി ഗ്രാമപഞ്ചായത്ത് അധികൃതർ കായിക വകുപ്പുമായി ധാരണാ പത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്.

**ഒരു വില്ലേജിൽ ഒരു കളിസ്ഥലം**

234(2954) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒരു വില്ലേജിൽ ഒരു കളിസ്ഥലം എന്ന പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ?

കേരളത്തിലെ വില്ലേജുകളിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ആദ്യഘട്ടമെന്നനിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാം ഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 സ്റ്റേഡിയങ്ങളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. ബഡ്ജറ്റ് വിഹിതം ഉപയോഗിച്ച് നിരവധി സ്റ്റേഡിയങ്ങളുടെ നവീകരണവും നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ, മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള കളിസ്ഥലങ്ങളുടെ വിവര ശേഖരണവും പരിഗണനയിലാണ്. പ്രസ്തുത വിവര ശേഖരണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ പഞ്ചായത്തിലും/വില്ലേജുകളിലും ഒരു സ്റ്റേഡിയം/കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) പഞ്ചായത്തുകളിലെ മിനി സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിക്കുവാൻ തയ്യാറാകുമോ; വ്യക്തമാക്കാമോ;

(സി) ബാലുശ്ശേരി മിനി സ്റ്റേഡിയം നവീകരിക്കുന്നതുമായി ബന്ധപ്പെട്ട് നിവേദനം ലഭിച്ചിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നിവേദനത്തിന്മേൽ സ്വീകരിച്ച നടപടികൾ അറിയിക്കാമോ?

(ബി & സി) ഇതുസംബന്ധിച്ച പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

**കായിക മേഖലയിലെ വികസന പദ്ധതികൾ**

235 (2955) ശ്രീമതി കെ. കെ. ശൈലജ ടീച്ചർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ കായിക മേഖലയുടെ വികസനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ വിശദാംശം നൽകാമോ?

കേരളത്തിൽ കായിക മേഖലയുടെ സമഗ്ര വികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

ഓപ്പറേഷൻ ഒളിമ്പ്യ

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് & കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽനിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എസ്.എച്ച്. മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്.

എലൈറ്റ് സ്കീം

മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫുട്ബോൾ, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കായികരംഗത്ത് മികവാർന്ന നേട്ടങ്ങൾ കരസ്ഥമാക്കുന്ന കായികതാരങ്ങൾക്ക് എല്ലാവർഷവും ജി.വി. രാജാ സ്പോർട്സ് അവാർഡ് നൽകിവരുന്നു. മികവുറ്റ കായിക താരങ്ങൾക്ക് പ്രതിമാസം 10,000 രൂപ വീതം സ്കോളർഷിപ്പായി നൽകിവരുന്നു. കൂടാതെ, കായികയുവജന കാര്യാലയത്തിൻ കീഴിൽ കായിക മികവ് പുലർത്തുന്ന കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി

ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാനപരിശീലനം ലഭ്യമാക്കുന്നതിനായി ഗ്രാസ് റൂട്ട് പരിശീലന പരിപാടികളായ ഹൂപ്സ്, സ്പ്രിന്റ്, കിക്കോഫ്, സപ്ലാഷ്, ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകളാക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കി വരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ് നടപ്പിലാക്കിവരുന്നു. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും കായികയുവജന കാര്യാലയവും സംയുക്തമായി നടത്തുന്ന പദ്ധതിയാണ് സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ്. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി. കായികയുവജന കാര്യാലയത്തിൻ കീഴിൽ രണ്ട് സ്പോർട്സ് സയൻസ് സെന്ററുകൾ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയുമാണ്. കുന്നംകുളം ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ 7, 8 ക്ലാസ്സുകളിലേയ്ക്കായി ഓരോ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്ന തിനായി അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്പോർട്സ് ഡിവിഷനുവേണ്ടിയുള്ള ഫുട്ബോൾ മൈതാനം, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജമാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളുമു ൾപ്പെടെ ഏകദേശം 1,000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി.വി. രാജ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവി ടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കി വരുന്നുണ്ട്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയ സ്റ്റേഡിയങ്ങൾ നിർമ്മാണത്തിനുമായി കായിക വകുപ്പിനു കീഴിൽ സ്പോർട്സ് കേരള ലിമിറ്റഡ് എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ടുവരുന്നതിനും സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പ് എന്നിവയുമാണ് ലക്ഷ്യമിടുന്നത്.

(ബി) കായിക മേഖലയുടെ വികസനത്തിനായി മട്ടന്നൂർ നിയോജക മണ്ഡലത്തിൽ മുൻ സർക്കാർ ഭരണാനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയാണ്; അവയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ?

അത്‌ലറ്റിക്സ് ഗ്രാസ്റൂട്ട് പരിശീലന പരിപാടിയായ സ്പ്രിന്റ് പദ്ധതി നടപ്പിലാക്കുന്നതിനായി തെരഞ്ഞെടുത്ത ആറ് സ്കൂളുകളിലൊന്ന് മട്ടന്നൂർ നിയോജക മണ്ഡലത്തിലെ ജി.എച്ച്.എസ്.എസ്. പടിയൂർ ആണ്. കൂടാതെ ഫുട്ബോൾ ഗ്രാസ് റൂട്ട് പരിശീലന പരിപാടിയായ കിക്കോഫ് മട്ടന്നൂർ നിയോജകമണ്ഡലത്തിലെ ജി.എച്ച്.എസ്.എസ് കൂടാളിയിൽ നടപ്പിലാക്കിവരുന്നു. നിലവിലെ കോവിഡ് 19 പ്രതിസന്ധി കാരണം പ്രസ്തുത പദ്ധതികളുടെ പരിശീലനം ആരംഭിക്കുവാൻ സാധിച്ചിട്ടില്ല. മുൻ സർക്കാരിന്റെ കാലത്ത് മട്ടന്നൂർ നിയോജക മണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

**പുതിയ കായിക നയം**

236 (2956) <u>ശ്രീ. പി. എസ്. സുപാൽ:</u>
<u>ശ്രീ. വി. ആർ. സുനിൽ കുമാർ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. പി. ബാലചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കായിക നയം പരിഗണനയിലുണ്ടോ; വിശദമാക്കാമോ?

ഉണ്ട്. കായിക രംഗത്തെ കേരളത്തിന്റെ ശ്രേഷ്ഠമായ പാരമ്പര്യത്തെ ഉയർത്തിപിടിക്കാനും കായിക രംഗത്തെ പുതിയ വികാസങ്ങളെ ഉൾക്കൊണ്ടുകൊണ്ടും ഒരു പുതിയ കായിക നയം രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ കായിക രംഗത്തിന്റെ പുരോഗതിക്കായി ഒരു വിഷൻ ഡോക്യുമെന്റ് തയ്യാറാക്കുന്നതിനായി ഭരണാനുമതി നൽകുകയും പുതിയ കായിക നയത്തിനുള്ള രൂപരേഖ തയ്യാറാക്കിയിട്ടുമുണ്ട്. 35-ാമത് ദേശീയ ഗെയിംസിന്റെ ഭാഗമായും കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയും സംസ്ഥാനത്ത് മികച്ച കായിക അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചിട്ടുണ്ട്. ഇവയുടെ ഫലപ്രദമായ ഉപയോഗം ഉറപ്പുവരുത്തിക്കൊണ്ടും സ്പോർട്സ് സയൻസ് മേഖലയിലെ പുത്തൻ ആശയങ്ങൾക്ക് മുൻതൂക്കം നൽകിക്കൊണ്ടുമുള്ള ഒരു സമഗ്ര കായിക നയം രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചുവരുന്നു.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) കായിക നയം രൂപീകരിക്കുന്നതിന്റെ ഭാഗമായി നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ പൊതുജനങ്ങൾക്ക് അവസരം നല്കുമോ?

കായികനയം രൂപീകരിക്കുന്നതിനായി കായിക താരങ്ങൾ, പരിശീലകർ, ഭരണകർത്താക്കൾ, കായിക സംഘടനകൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ, വിദ്യാർത്ഥികൾ, രക്ഷിതാക്കൾ, ക്ലബ്ബുകൾ, അക്കാഡമികൾ എന്നിവയിൽനിന്നും അഭിപ്രായം സ്വരൂപിക്കുന്നതാണ്.

(സി) കായിക രംഗത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് പദ്ധതികൾ ആസൂത്രണം ചെയ്യുന്നുണ്ടോ; വ്യക്തമാക്കാമോ?

കായികരംഗത്തിന്റെ സമഗ്രപുരോഗതി ലക്ഷ്യമിട്ട് വിവിധ കായിക ഇനങ്ങളിൽ തൽപ്പരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാനപരിശീലനം ലഭ്യമാക്കുന്നതിനായി ഗ്രാസ് റൂട്ട് പരിശീലന പരിപാടികളായ ഹൂപ്സ്, സ്പ്രിന്റ്, കിക്കോഫ്, സപ്ലാഷ്, ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകളാക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ "സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ണർഷിപ്പ്" നടപ്പിലാക്കിവരുന്നു. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആന്റ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും സംയുക്തമായി ചേർന്ന് സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റസ് നടത്തുന്നു. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി. കായികയുവജന കാര്യാലയത്തിനു കീഴിൽ രണ്ട് സ്പോർട്സ് സയൻസ് സെന്ററുകൾ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രാരംഭ നടപടികൾ സ്വീകരിച്ചു വരികയുമാണ്. കുന്നംകുളം ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ 7, 8 ക്ലാസ്സുകളിലേയ്ക്കായി ഓരോ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്പോർട്സ് ഡിവിഷനുവേണ്ടിയുള്ള ഫുട്ബോൾ മൈതാനം, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജമാണ്.

(ഡി) കളികളിലൂടെ കുട്ടികളുടെ ശാരീരിക, മാനസിക ആരോഗ്യം വളർത്തിയെടുക്കുന്നതിനായി ആരംഭിച്ച പ്ലേ ഫോർ ഹെൽത്ത് പദ്ധതിയുടെ പ്രവർത്തന പുരോഗതി വിലയിരുത്തിയിട്ടുണ്ടോ; പദ്ധതി സംസ്ഥാന വ്യാപകമായി നടപ്പാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ?

ഉണ്ട്. കായിക വിനോദങ്ങളിലൂടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും പൊതുവിദ്യാലയങ്ങളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് "പ്ലേ ഫോർ ഹെൽത്ത്." കുട്ടികളെ അവരുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിന് സഹായിക്കുന്നതിലൂടെ പ്രൊഫഷണൽ ഗെയിമുകളുടെ അടിസ്ഥാനതത്വങ്ങൾ അവരെ പരിചയപ്പെടുത്തുക വഴി അവരെ സ്പോർട്സിലും ഗെയിമുകളിലും പ്രത്യേക താൽപ്പര്യമുള്ളവരാക്കുക, ഇതിലൂടെ ആരോഗ്യമുള്ളതും ഉത്തരവാദിത്തമുള്ളതുമായ പൗരന്മാരെ വാർത്തെടുക്കുക എന്നീ ലക്ഷ്യത്തോടെ നടപ്പാക്കുന്ന പദ്ധതി നിലവിൽ സംസ്ഥാനത്തെ 14 ജില്ലകളിലെ 25 സെന്ററുകളിൽ നടപ്പിലാക്കിവരുന്നു. കൂടുതൽ സ്കൂളുകളിലേയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഉടുമ്പൻചോല മണ്ഡലത്തിലെ കായിക മേഖലയിലെ പ്രവൃത്തികൾ**

237 (2957) ശ്രീ. എം. എം. മണി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉടുമ്പൻചോല നിയോജക മണ്ഡലത്തിൽ കായിക മേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി എന്തൊക്കെ പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ; പ്രസ്തുത പ്രവൃത്തികൾക്ക് അനുവദിച്ച ഫണ്ട് സംബന്ധിച്ച വിശദാംശം നൽകാമോ;

(ബി) ഓരോ നിർമ്മാണ പ്രവൃത്തിയും ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ; ആയതിന്റെ വിശദാംശം നൽകാമോ?

(എ&ബി) ഉടുമ്പൻചോല നിയോജകമണ്ഡലത്തിലെ കായികമേഖലയുടെ സമഗ്ര പുരോഗതി ലക്ഷ്യമാക്കി കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി കെ. പി. തോമസ് ഇൻഡോർ സ്റ്റേഡിയം (ഇടുക്കി ജില്ലാ സ്റ്റേഡിയം), നെടുങ്കണ്ടം പഞ്ചായത്ത് സ്റ്റേഡിയം എന്നീ രണ്ട് പദ്ധതികൾ അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്.*

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## കായിക പ്രതിഭകളെ സ്കൂൾ തലത്തിൽ കണ്ടെത്താൻ പദ്ധതി

238 (2958) <u>ശ്രീ. ടി. പി. രാമകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക പ്രതിഭകളെ സ്കൂൾതലത്തിൽതന്നെ കണ്ടെത്തുന്നതിന് പ്രത്യേക പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

കായിക പ്രതിഭകളെ സ്കൂൾതലത്തിൽതന്നെ കണ്ടെത്തുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

എലൈറ്റ് സ്കീം - മികച്ച കായിക താരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനുകീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ, 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കായികക്ഷമത മിഷൻ കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും മെച്ചപ്പെട്ട ആരോഗ്യവും കൈവരിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കായികക്ഷമതാ മിഷൻ. ടി പദ്ധതി നഴ്സറിതലം മുതൽ 4-ാം ക്ലാസ്സ് വരെയുള്ള വിദ്യാർത്ഥികൾ, 5-ാം ക്ലാസ്സ് മുതൽ പ്ലസ്ടു വരെയുള്ള വിദ്യാർത്ഥികൾ, യൂണിവേഴ്സിറ്റിതലത്തിലെ വിദ്യാർത്ഥികൾ, യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെയുള്ളവർ എന്നിവർക്ക് പ്രത്യേകമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്.

ഓപ്പറേഷൻ ഒളിമ്പ്യ - കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായികതാരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". നിലവിൽ അത്‌ലറ്റിക്, ബോക്സിംഗ്, ബാഡ്മിന്റൺ, ഫെൻസിംഗ്, റോവിംഗ് എന്നീ ഇനങ്ങളിലാണ് പരിശീലന പദ്ധതി തുടരുന്നത്. കായികപ്രതിഭകളെ സ്കൂൾ തലത്തിൽ കണ്ടെത്തി കായികവകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഗവ. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, ജി.വി.എച്ച്.എസ്.എസ്. കണ്ണൂർ, തൃശ്ശൂർ സ്പോർട്സ് ഡിവിഷൻ എന്നീ വിദ്യാലയങ്ങളിൽ പ്രവേശനം നൽകുന്നതിനായി ടാലന്റ് ഹണ്ട് എന്ന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. പ്രസ്തുത സ്കൂളുകളിൽ വർഷംതോറും ജില്ലാടിസ്ഥാനത്തിൽ

സെലക്ഷൻ ട്രയൽ നടത്തുന്ന പദ്ധതിയാണ് ടാലന്റ് ഹണ്ട്. കായികയുവജന കാര്യാലയം മുഖേന നടപ്പിലാക്കുന്ന ഫുട്ബോൾ ഗ്രാസ് റൂട്ട് പരിശീലന പദ്ധതിയായ കിക്കോഫിൽ മികവ് തെളിയിക്കുന്ന കായികതാരങ്ങളെ കണ്ടെത്തി ഗവ. ജി.വി. രാജാ സ്പോർട്സ് സ്കൂൾ, ജി.വി.എച്ച്.എസ്.എസ്. കണ്ണൂർ എന്നിവിടങ്ങളിലാരംഭിക്കുന്ന എലൈറ്റ് ഫുട്ബോൾ അക്കാഡമിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനും അന്തർദേശീയ നിലവാരത്തിലുള്ള ഫുട്ബോൾ താരങ്ങളാക്കി വളർത്തിയെടുക്കുന്നതിനും ലക്ഷ്യമിടുന്നു.

(ബി) സ്കൂളുകളിൽ കളിസ്ഥല നിർമ്മാണം, സ്പോർട്സ് ഉപകരണങ്ങൾ എന്നിവയ്ക്ക് കായിക വകുപ്പ് പ്രത്യേക ആനുകൂല്യം നൽകുന്നുണ്ടോ; എങ്കിൽ ഇതിന്റെ മാനദണ്ഡം വിശദമാക്കാമോ?

സ്കൂളുകളിൽ കളിസ്ഥല നിർമ്മാണം, കായികോപകരണങ്ങൾ വാങ്ങൽ എന്നിവയ്ക്കായി കായികവികസന നിധിയിൽനിന്നും സാമ്പത്തിക സഹായം അനുവദിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം മാനദണ്ഡം തയ്യാറാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

## കായിക രംഗത്തെ വികസനം

239 (2959) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. പി. അബ്ദുൽ ഹമീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കായിക രംഗത്തിന്റെ വികസനത്തിനായി നടപ്പാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്; വിശദമാക്കുമോ?

സംസ്ഥാനത്ത് കായിക രംഗത്തിന്റെ വികസനത്തിനായി കായിക യുവജന കാര്യാലയത്തിന് കീഴിൽ വിവിധ കായിക ഇനങ്ങളിൽ തൽപ്പരരായ കുട്ടികളെ ചെറുപ്രായത്തിൽ കണ്ടെത്തി ബാസ്കറ്റ്ബോൾ, അത്‌ലറ്റിക്സ്, ഫുട്ബോൾ, നീന്തൽ, ജൂഡോ, ബോക്സിംഗ് എന്നീ കായിക ഇനങ്ങളിൽ അടിസ്ഥാനപരിശീലനം ലഭ്യമാക്കുന്നതിനായി ഗ്രാസ് റൂട്ട് പരിശീലന പരിപാടികളായ ഹൂപ്സ്, സ്പ്രിന്റ്, കിക്കോഫ്, സപ്ലാഷ്, ജൂഡോക്ക, പഞ്ച് എന്നീ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സ്കൂളുകളെ സ്പോട്ടിംഗ് ഹബ്ബുകളാക്കുന്നതിന് പ്ലേ ഫോർ ഹെൽത്ത് സ്കീം എന്നിവ നടപ്പിലാക്കിവരുന്നു. കേരളത്തിന്റെ സമഗ്രമായ കായികവികസനം ലക്ഷ്യമിട്ട് കായികയുവജനകാര്യാലയവും ഓസ്ട്രേലിയയിലെ വിക്ടോറിയ യൂണിവേഴ്സിറ്റിയുമായി സഹകരിച്ചുള്ള പദ്ധതിയായ സ്പോർട്സ് എക്സലൻസ് ത്രൂ ഇന്റർനാഷണൽ പാർട്ടണർഷിപ്പ് നടപ്പിലാക്കിവരുന്നു. ജി. വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ

സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക ക്ഷമത വിലയിരു ത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും ഈ വകുപ്പും സംയുക്തമായി സയൻസ് & ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ് നടത്തിവരുന്നു. അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ് സ്പോർട്സ് കേരള ഫുട്ബോൾ അക്കാഡമി. കായിക യുവജന കാര്യാലയത്തിനുകീഴിൽ രണ്ട് സ്പോർട്സ് സയൻസ് സെന്ററുകൾ തൃശ്ശൂർ, കണ്ണൂർ ജില്ലകളിൽ ആരംഭിക്കുന്നതിന് അനുമതി നൽകുകയും പ്രാരംഭ നടപടികൾ സ്വീകരിച്ചുവരികയുമാണ്. കുന്നംകുളം ഗവൺമെന്റ് മോഡൽ ബോയ്സ് ഹൈസ്കൂളിൽ 7, 8 ക്ലാസ്സുകളിലേയ്ക്കായി ഓരോ സ്പോർട്സ് ഡിവിഷനുകൾ ആരംഭിക്കുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. നിലവിൽ സ്പോർട്സ് ഡിവിഷനുവേണ്ടിയുള്ള ഫുട്ബോൾ മൈതാനം, ഇൻഡോർ സ്റ്റേഡിയം എന്നിവ സജ്ജമാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തി 14 ജില്ലാ സ്റ്റേഡിയങ്ങളും 43 പഞ്ചായത്ത് സ്റ്റേഡിയങ്ങളുമുൾപ്പെടെ ഏകദേശം 1000 കോടി രൂപ മുതൽമുടക്കിൽ നിർമ്മിക്കുന്നതിന് വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ജി. വി. രാജാ സ്പോർട്സ് സ്കൂൾ, മൈലം, സ്പോർട്സ് ഡിവിഷൻ കണ്ണൂർ എന്നിവിടങ്ങളിലെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. എല്ലാവർക്കും ആരോഗ്യം എന്ന ലക്ഷ്യത്തോടെ ആരംഭിച്ച സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്ററുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതികളും നടപ്പിലാക്കിവരുന്നുണ്ട്. കായിക നിർമ്മിതികളുടെ കൃത്യമായ പരിപാലനത്തിനും നടത്തിപ്പിനും പുതിയ സ്റ്റേഡിയങ്ങൾ നിർമ്മാണത്തിനുമായി കായികവകുപ്പിന് കീഴിൽ സ്പോർട്സ് കേരള ലിമിറ്റഡ് എന്ന പബ്ലിക് സെക്ടർ കമ്പനി രൂപീകരിച്ചിട്ടുണ്ട്. നിലവിലുള്ള കായിക നിർമ്മിതികളെ പ്രസ്തുത കമ്പനിയുടെ കീഴിൽ കൊണ്ടുവരുന്നതിനും സംസ്ഥാനത്തുടനീളമുള്ള കായിക സമുച്ചയങ്ങളുടെ ഏകീകൃതവും വ്യവസ്ഥാപിതവുമായ നടത്തിപ്പ് എന്നിവയാണ് ലക്ഷ്യമിടുന്നത്. ഓപ്പറേഷൻ ഒളിമ്പ്യ - കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ മുഖേന ഒളിമ്പിക്സിൽ കേരള കായിക താരങ്ങൾ രാജ്യത്തിനായി മെഡൽ കരസ്ഥമാക്കുന്നത് ലക്ഷ്യമാക്കി അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ, കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട കായികതാരങ്ങൾക്ക് അന്തർദേശീയ നിലവാര ത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ". ആദ്യഘട്ടത്തിൽ ആർച്ചറി, ഷൂട്ടിംഗ് എന്നീ കായികയിനങ്ങളെ ഒഴിവാക്കിയിരുന്നു. തുടർന്ന് സൈക്ലിംഗ്, റസ്ലിംഗ്, സ്വിമ്മിംഗ്, കനോയിംഗ് &

കയാക്കിംഗ് എന്നിവ ഓപ്പറേഷൻ ഒളിമ്പ്യയിൽനിന്നും ഒഴിവാക്കി ഫീഡിംഗ് സെന്ററായി (സി.എച്ച്.എസ് മോഡൽ) തുടരുവാനും തീരുമാനിച്ചിട്ടുണ്ട്. എലൈറ്റ് സ്കീം - മികച്ച കായികതാരങ്ങൾക്ക് ശാസ്ത്രീയമായ ഉന്നത പരിശീലനം നൽകി ലോകോത്തര നിലവാരമുള്ള കളിക്കാരാക്കി മാറ്റുന്നതിന് അത്‌ലറ്റിക്സ്, വോളീബോൾ, ഫെൻസിംഗ്, ബാസ്കറ്റ് ബോൾ എന്നീ കായിക ഇനങ്ങളിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിനു കീഴിൽ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ 31 ജില്ലാ സ്പോർട്സ് അക്കാഡമികൾ, 51 കോളേജ് സ്പോർട്സ് അക്കാഡമികൾ, 22 സ്കൂൾ സ്പോർട്സ് അക്കാഡമികൾ 9 റൂറൽ സ്പോർട്സ് കോച്ചിംഗ് സെന്ററുകൾ എന്നിവയിലൂടെ മികച്ച കായിക പരിശീലനം നൽകിവരുന്നു. കായികരംഗത്ത് മികവാർന്ന നേട്ടങ്ങൾ കരസ്ഥമാക്കുന്ന കായികതാരങ്ങൾക്ക് എല്ലാവർഷവും ജി. വി. രാജാ സ്പോർട്സ് അവാർഡ് നൽകിവരുന്നു. മികവുറ്റ കായിക താരങ്ങൾക്ക് പ്രതിമാസം 10000 രൂപ വീതം സ്കോളർഷിപ്പായി നൽകി വരുന്നു.

(ബി) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും കായിക പരിശീലനത്തിനായി സ്റ്റേഡിയങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശമുണ്ടോ; ഇല്ലെങ്കിൽ ആയത് പരിഗണിക്കുമോ?

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ പ്രാരംഭഘട്ടം കിഫ്ബി ധനസഹായത്തോടെ സർക്കാർ നടപ്പിലാക്കിവരുന്നുണ്ട്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള കളിസ്ഥലങ്ങളുടെ വിവര ശേഖരണവും നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. പ്രസ്തുത വിവര ശേഖരണം പൂർത്തിയാകുന്നമുറയ്ക്ക് മുൻഗണനാക്രമത്തിൽ എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം/കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയം നവീകരണം**

240 (2960) ശ്രീമതി കാനത്തിൽ ജമീല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിൽ എന്തെങ്കിലും നവീകരണ പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) പ്രസ്തുത നവീകരണ പദ്ധതിക്ക് അംഗീകാരം ലഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ; ഇല്ലെങ്കിൽ അംഗീകാരത്തിനായി സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്നും ആയതിന്റെ ഇപ്പോഴത്തെ സ്ഥിതിയും വിശദമാക്കാമോ?

(എ&ബി) കൊയിലാണ്ടി സ്പോർട്സ് കൗൺസിൽ സ്റ്റേഡിയത്തിന്റെ നവീകരണ പ്രവൃത്തികൾക്കായി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ഒരു പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കി കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിലിന് നൽകിയിട്ടുണ്ട്. പ്രസ്തുത പ്രോജക്ട് റിപ്പോർട്ട് അംഗീകാരത്തിനായി സംസ്ഥാന സ്പോർട്സ് കൗൺസിലിൽ ലഭ്യമാക്കിയിട്ടില്ല.

### മാവൂർ പഞ്ചായത്തിൽ സ്പോർട്സ് കോംപ്ലക്സ്

241 (2961) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ പഞ്ചായത്തിൽ മരാമത്ത് വകുപ്പിന്റെ കൈവശമുള്ള 7.8 ഏക്കർ ഭൂമിയിൽ ഒരു സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കുന്നത് സംബന്ധിച്ച് സ്പോർട്സ് കൗൺസിൽ പരിശോധന നടത്തി തൃപ്തി രേഖപ്പെടുത്തിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്ഥലം അന്യാധീനപ്പെടുന്നത് ഒഴിവാക്കാൻ പൊതുമരാമത്ത് വകുപ്പിൽനിന്നും ആയത് ഏറ്റെടുത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോ?

(എ&ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

### പി. മൊയ്തീൻകുട്ടി സ്മാരക സ്പോർട്സ് അക്കാദമി

242 (2962) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പ്രഖ്യാപിച്ച മലപ്പുറം ജില്ലയിലെ പി. മൊയ്തീൻകുട്ടി സ്മാരക സ്പോർട്സ് അക്കാദമി ഇപ്പോൾ ഏത് ഘട്ടത്തിലാണ്; വിശദാംശം നൽകുമോ?

പി. മൊയ്തീൻകുട്ടി സ്മാരക സ്പോർട്സ് അക്കാഡമി എന്ന പദ്ധതി നിലവിലില്ല. എന്നാൽ കിഫ്ബി ധനസഹായത്തോടെ മലപ്പുറം ജില്ലാ സ്റ്റേഡിയമായി നിർമ്മിക്കാനുദ്ദേശിക്കുന്ന മൊയ്തീൻകുട്ടി ഇൻഡോർ സ്റ്റേഡിയം പയ്യനാടുള്ള സ്പോർട്സ് കോംപ്ലക്സിലാണ് നിർമ്മിക്കാനുദ്ദേശിക്കുന്നത്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിനായുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സ്റ്റേഡിയ നിർമ്മാണത്തിനായി 45 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. നിലവിൽ പദ്ധതിയുടെ ഡി.പി.ആർ., എസ്.പി.വി. ആയ കിറ്റ്കോ ലിമിറ്റഡ് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരവും സാങ്കേതികാനുമതിയും ലഭിക്കുന്ന മുറയ്ക്ക് പദ്ധതിയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

(ബി) മലപ്പുറം ജില്ലയിൽ ഒരു സ്പോർട്സ് അക്കാദമി യാഥാർത്ഥ്യമാക്കുന്നതിന് സത്വര നടപടികൾ സ്വീകരിക്കുമോ?

പരിശോധിക്കാവുന്നതാണ്.

(സി) അന്തർദ്ദേശീയ നിലവാരത്തിലുള്ള സ്റ്റേഡിയത്തിന്റെ അഭാവം ജില്ലയിലെ കായിക വികസനത്തിന് തടസ്സമാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ എം.എസ്.പി.-യുടെ കീഴിലുള്ള മലപ്പുറം കുട്ടമണ്ണ സ്റ്റേഡിയം അന്തർദ്ദേശീയ നിലവാരത്തിലേയ്ക്കുയർത്തുന്നതിന് നടപടി സ്വീകരിക്കുമോ?

ഇല്ല. പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

## കാലിക്കറ്റ് സർവ്വകലാശാലയിൽ സ്പോർട്സ് ഹബ്ബ്

243 (2963) ശ്രീ. പി അബ്ദുൽ ഹമീദ് .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിക്കറ്റ് സർവ്വകലാശാല കേന്ദ്രീകരിച്ച് ഒരു സ്പോർട്സ് ഹബ്ബ് തയ്യാറാക്കുന്ന കാര്യം പരിഗണിക്കുമോ;

(ബി) വള്ളിക്കുന്ന് നിയോജക മണ്ഡലത്തിലെ അരിയല്ലൂരിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കുമോ; ഇതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

(എ&ബി) പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആയത് പരിശോധിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## തെക്കേക്കര ഗ്രാമപഞ്ചായത്തിലെ ഫിറ്റ്നസ് സെന്റർ

244 (2964) ശ്രീ. എം. എസ്. അരുൺ കുമാർ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയോജക മണ്ഡലത്തിലെ തെക്കേക്കര ഗ്രാമ പഞ്ചായത്തിൽ ഒരു ഫിറ്റ്നസ് സെന്റർ അനുവദിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ഫിറ്റ്നസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വിശദമാക്കുമോ?

(എ & ബി) മാവേലിക്കര തെക്കേക്കര പഞ്ചായത്തുൾപ്പെടെ സംസ്ഥാനത്ത് 5 ജില്ലകളിലായി ഫിറ്റ്നസ് സെന്ററുകളുടെ ഇന്റീരിയർ പ്രവൃത്തികൾ ചെയ്യുന്നതിനായി അനുമതി നൽകിയിട്ടുണ്ട്. തെക്കേക്കര പഞ്ചായത്തുമായി കായിക യുവജനകാര്യാലയം ധാരണാപത്രത്തിലേർപ്പെട്ട് ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് കരാർ നൽകിയിട്ടുണ്ട്.

പ്രസ്തുത പ്രവൃത്തിയുടെ നടത്തിപ്പിനായി തെക്കേക്കര പഞ്ചായത്തിലെ കുറത്തിക്കാട് കമ്മ്യൂണിറ്റി ഹാളിന്റെ ഒന്നാമത്തെ നില വിട്ടുനൽകുന്നതിനായി പഞ്ചായത്തിനോടാവശ്യപ്പെട്ടു. എന്നാൽ നിലവിൽ പ്രസ്തുത സ്ഥലം കോവിഡ് കെയർ സെന്ററായി പ്രവർത്തിക്കുന്നതിനാൽ പ്രവൃത്തി ആരംഭിക്കാൻ സാധിക്കില്ല. പ്രസ്തുത സ്ഥലം ലഭിക്കുന്ന മുറയ്ക്ക് നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**സ്റ്റേഡിയം നിർമ്മാണത്തിന് കിഫ്ബി സഹായം**

245 (2965) ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്:
ശ്രീ. കുറുക്കോളി മൊയ്തീൻ:
ശ്രീ. നജീബ് കാന്തപുരം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സ്പോർട്സ് സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബിയിൽനിന്ന് സഹായങ്ങൾ ലഭ്യമാകുന്നുണ്ടോ?

കിഫ്ബി ധനസഹായത്തോടെ 2016-17, 2017-18 ബഡ്ജറ്റുകളിലായി പ്രഖ്യാപിച്ച 14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും ഉൾപ്പെടെ 58 സ്റ്റേഡിയങ്ങളുടെ നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്.

(ബി) ആയതിലേയ്ക്കായി എത്ര കോടി രൂപയുടെ പദ്ധതിയാണ് അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളതെന്ന് അറിയിക്കുമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ ലിമിറ്റഡ് നാളിതുവരെ 1073 കോടി രൂപയുടെ 52 പദ്ധതികളാണ് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 764.36 കോടി രൂപയുടെ 47 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ളത്. കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(സി) ഇവയിൽ അംഗീകാരം ലഭിച്ച പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ?

കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ ലിമിറ്റഡ് നാളിതുവരെ 1073 കോടി രൂപയുടെ 52 പദ്ധതികളാണ് കിഫ്ബി അംഗീകാരത്തിനായി സമർപ്പിച്ചിട്ടുള്ളത്. ഇതിൽ 764.36 കോടി രൂപയുടെ 47 പദ്ധതികൾക്കാണ് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുള്ളത്. കിഫ്ബി അംഗീകാരം ലഭിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം

246 (2966) ശ്രീ. കുറുക്കോളി മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം ജിമ്മി ജോർജ് ഇൻഡോർ സ്റ്റേഡിയം അടച്ചിട്ട് എത്ര കാലമായിയെന്ന് അറിയിക്കാമോ?

തിരുവനന്തപുരം ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിന്റെ പ്രവർത്തനങ്ങൾ കേന്ദ്ര-സംസ്ഥാന സർക്കാരുകൾ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള മാനദണ്ഡങ്ങൾ പ്രകാരം ക്രമീകരിച്ചുവരുന്നു. കോവിഡ്-19 വ്യാപനത്തിന്റെ ഭാഗമായി 12-3-2020 മുതൽ പലപ്പോഴായി സ്റ്റേഡിയം അടച്ചിട്ടിരുന്നു. കോവിഡ് വ്യാപനം രൂക്ഷമായ സാഹചര്യത്തിൽ നിലവിൽ 27-4-2021 മുതൽ സ്റ്റേഡിയം അടച്ചിട്ടിരിക്കുകയാണ്.

(ബി) കോവിഡ് പ്രോട്ടോക്കോൾ പാലിച്ചുകൊണ്ട് ഷട്ടിൽ ബാഡ്മിന്റൻ കളിക്കാൻ സൗകര്യം നിഷേധിച്ച് കോർട്ടുകൾ അടച്ചിടാനുള്ള കാരണം വ്യക്തമാക്കാമോ;

(സി) നിർമ്മാണ പ്രവർത്തനം നീട്ടിക്കൊണ്ടുപോകുകയും അതിന്റെ പേരിൽ പ്രസ്തുത സ്റ്റേഡിയം അനിശ്ചിതമായി അടച്ചിടുകയും ചെയ്യുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

(ബി & സി) സ്റ്റേഡിയത്തിലെ വുഡൻ സ്പോർട്സ് ഫ്ലോറിംഗ് ദൈനംദിന ഉപയോഗത്താൽ കേടുപാടുകൾ സംഭവിച്ചിട്ടുള്ളതിനാൽ സ്റ്റേഡിയത്തിന്റെ അറ്റകുറ്റപ്പണികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ന്യൂഡൽഹി ആസ്ഥാനമായി പ്രവർത്തിക്കുന്ന ഹാരിസൺ ഇൻഡസ്ട്രീസ് എന്ന സ്ഥാപനവുമായി കരാറിലേർപ്പെടുകയും ടി പ്രവൃത്തികൾ ആരംഭിക്കുകയും ചെയ്തിരുന്നുവെങ്കിലും കോവിഡ്-19-ന്റെ നിയന്ത്രണവുമായി ബന്ധപ്പെട്ട പ്രസ്തുത സ്റ്റേഡിയം മാസ് വാക്സിനേഷൻ കേന്ദ്രമായി ഏറ്റെടുത്ത സാഹചര്യത്തിലും കോവിഡ്-19-ന്റെ രണ്ടാംതരംഗംമൂലമുള്ള നിയന്ത്രണങ്ങൾ കാരണവും അറ്റകുറ്റപ്പണികൾ പൂർത്തിയാക്കാൻ സാധിക്കാത്ത സാഹചര്യത്തിൽ പ്രസ്തുത പ്രവൃത്തികൾ പുനരാരംഭിക്കുന്നതിന് കരാറുകാർക്ക് സമയം ദീർഘിപ്പിച്ച് നൽകുകയും പ്രവൃത്തികൾ പൂർത്തിയാകുന്നമുറയ്ക്ക് പരിശീലനത്തിനായി സ്റ്റേഡിയം തുറന്ന് കൊടുക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതുമാണ്.

(ഡി) സ്റ്റേഡിയത്തിന്റെ നിലവിലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ആരെല്ലാമാണെന്ന് അറിയിക്കുമോ?

ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയത്തിലെ മാനേജിംഗ് കമ്മിറ്റി അംഗങ്ങൾ ചുവടെ പറയുന്നവരാണ് :

1. ഡയറക്ടർ, കായികയുവജന കാര്യാലയം -ചെയർമാൻ

2. അഡീഷണൽ സെക്രട്ടറി/ജോയിന്റ് സെക്രട്ടറി/ഡെപ്യൂട്ടി സെക്രട്ടറി, കായിക യുവജനകാര്യ വകുപ്പ്

3. മാനേജിംഗ് ഡയറക്ടർ, കേരള വാട്ടർ അതോറിറ്റി

4. സെക്രട്ടറി, കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ.

(ഇ) സ്പോർട്സുമായി ബന്ധമുള്ള അംഗങ്ങളെ ഉൾപ്പെടുത്തി നിലവിലുള്ള കമ്മിറ്റി പുനഃസംഘടിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

(എഫ്) ഇതര ആവശ്യങ്ങൾക്ക് കാർ പാർക്കിംഗ് ഉൾപ്പെടെയുള്ള സൗകര്യ പ്രദമായ മറ്റ് സ്ഥലങ്ങൾ ലഭ്യമാണെന്നിരിക്കെ, സ്റ്റേഡിയം സ്പോർട്സിതര ആവശ്യങ്ങൾക്ക് നൽകാതെ ഇവിടെ സ്പോർട്സ് പ്രവർത്തനങ്ങൾ പുനരാരംഭിക്കു ന്നതിന് നടപടി സ്വീകരിക്കുമോ?

സർക്കാർ അംഗീകൃത മാനദണ്ഡപ്രകാരമാണ് കായികേതര ആവശ്യങ്ങൾക്ക് സ്റ്റേഡിയം അനുവദിച്ചുവരുന്നത്.

(ജി) സ്റ്റേഡിയം ഇതര ആവശ്യങ്ങൾക്ക് നൽകുന്നതുമൂലം കേടുപാടുകൾ സംഭവിക്കുന്നതിനാൽ സ്പോർട്സ് ആവശ്യങ്ങൾക്കുമാത്രം ഉപയോഗിക്കുന്നതിനായി നടപടി സ്വീകരിക്കുമോ?

ഇപ്പോൾ പരിഗണനയിലില്ല.

**വണ്ടൂർ സ്റ്റേഡിയം നിർമ്മാണം**

247 (2967) <u>ശ്രീ. എ. പി. അനിൽ കുമാർ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വണ്ടൂർ നിയോജക മണ്ഡലത്തിലെ വണ്ടൂരിൽ ആധുനിക രീതിയിലുള്ള സ്റ്റേഡിയം നിർമ്മാണവുമായി ബന്ധപ്പെട്ട് കായിക വകുപ്പ് ഉദ്യോഗസ്ഥതലത്തിൽ നാളിതുവരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

&

(ബി) സ്റ്റേഡിയത്തിന്റെ നിർമ്മാണം എന്നത്തേയ്ക്ക് തുടങ്ങാൻ കഴിയുമെന്ന് അറിയിക്കുമോ; പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് അറിയിക്കാമോ?

(എ&ബി) 2019-20-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന വണ്ടൂർ സ്റ്റേഡിയത്തിന്റെ ഡി.പി.ആർ. തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് കായിക വകുപ്പിലെ എഞ്ചിനീയറിംഗ് വിഭാഗം വണ്ടൂർ വി.എം.സി.എച്ച്.എസ്.എസ്-ലെ നിർദ്ദിഷ്ട സ്ഥലം സന്ദർശിക്കുകയും

സ്ഥലത്തിന്റെ മണ്ണ് പരിശോധനയ്ക്കായി തിരുവനന്തപുരം ലാൽബഹദൂർ ശാസ്ത്രി എഞ്ചിനീയറിംഗ് കോളേജിനെ ചുമതലപ്പെടുത്തുകയും ചെയ്തിരുന്നു. സംസ്ഥാനത്ത് നിലനിൽക്കുന്ന കോവിഡ്-19 മൂലമുള്ള നിയന്ത്രണങ്ങൾ കാരണം എഞ്ചിനീയറിംഗ് കോളേജിന് പ്രസ്തുത പ്രവൃത്തി പൂർത്തീകരിക്കാൻ കഴിഞ്ഞിട്ടില്ല. കോവിഡ്-19 മൂലമുള്ള നിയന്ത്രണങ്ങൾ മാറിയശേഷം മണ്ണ് പരിശോധന പൂർത്തിയാക്കുന്ന നടപടികൾ സ്വീകരിക്കുന്നതാണ്. മണ്ണ് പരിശോധന റിപ്പോർട്ട് കിട്ടുന്ന മുറയ്ക്ക് സ്ട്രക്ച്ചറൽ ഡിസൈൻ ചെയ്തശേഷം വിശദമായ ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കുന്നതാണ്. പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് വണ്ടൂർ വി.എം.സി.എച്ച്.എസ്.എസ്. അധികൃതർ കായിക വകുപ്പുമായി നിർദ്ദിഷ്ട സ്റ്റേഡിയത്തിന്റെ സുഗമമായ തുടർപരിപാലനവുമായി ബന്ധപ്പെട്ട് ധാരണാ പത്രത്തിൽ ഒപ്പുവയ്ക്കുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

### പാറശാല മണ്ഡലത്തിലെ സ്റ്റേഡിയങ്ങളുടെ നവീകരണം

248 (2968) ശ്രീ. സി. കെ. ഹരീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാറശാല മണ്ഡലത്തിലെ കുന്നത്തുകാൽ, കള്ളിക്കാട്, കൊല്ലയിൽ എന്നീ ഗ്രാമപഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിന് നടപടി സ്വീകരിക്കാമോ;

(ബി) പ്രസ്തുത സ്റ്റേഡിയങ്ങളുടെ നവീകരണവുമായി ബന്ധപ്പെട്ട് സ്പോർട്സ് എഞ്ചിനീയറിങ് വിഭാഗം മാസ്റ്റർ പ്ലാൻ തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) ഒരു പഞ്ചായത്തിൽ ഒരു സ്റ്റേഡിയം പദ്ധതിയിൽ ഉൾപ്പെടുത്തി പ്രസ്തുത സ്റ്റേഡിയങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടി സ്വീകരിക്കാമോ; വിശദാംശം അറിയിക്കാമോ?

(എ-സി) പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

### തൃക്കരിപ്പൂരിൽ ഫുട്ബോൾ സ്റ്റേഡിയം

249 (2969) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൃക്കരിപ്പൂർ ചീമേനി ഗവ. ഹയർ സെക്കന്ററി സ്കൂൾ ഗ്രൗണ്ടിൽ ഒരു ഫുട്ബോൾ സ്റ്റേഡിയം അനുവദിക്കാൻ നടപടികൾ സ്വീകരിക്കുമോ;

(ബി) ഇതിനാവശ്യമായ ഗ്രൗണ്ട് സൗകര്യം ഇവിടെ ലഭ്യമായിട്ടുള്ളതിനാൽ ഈ വർഷംതന്നെ സ്റ്റേഡിയം അനുവദിക്കുമോ?

(എ&ബി) പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## നിലമ്പൂർ സ്റ്റേഡിയം കോംപ്ലക്സ് പദ്ധതി

250 (2970) ശ്രീ. പി. വി. അൻവർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലമ്പൂർ സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ നിലവിലെ അവസ്ഥയും പദ്ധതി നിർവ്വഹണം എത്ര ശതമാനം പൂർത്തീകരിച്ചുവെന്നും അറിയിക്കാമോ?

കിഫ്ബി പദ്ധതിയിലുൾപ്പെട്ട നിലമ്പൂർ സ്റ്റേഡിയത്തിന്റെ നിർമ്മാണം എസ്.പി.വി. ആയ കിറ്റ്കോ മുഖേനയാണ് നടപ്പിലാക്കുന്നത്. നിലമ്പൂർ സ്റ്റേഡിയം കോംപ്ലക്സ് പദ്ധതിയുടെ ഒന്നാംഘട്ട നിർമ്മാണ പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ട്. ഒന്നാംഘട്ടത്തിൽ നാച്ചറൽ ഫുട്ബോൾ ടർഫും പവലിയൻ കെട്ടിടവുമാണ് പൂർത്തീകരിച്ചിട്ടുള്ളത്. ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവയുടെ നിർമ്മാണ പ്രവൃത്തികളാണ് ആരംഭിക്കാനുള്ളത്. കൂടാതെ സ്പോർട്സ് ഫ്ളോറിംഗിൽ ഉൾപ്പെട്ട 400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ 20% പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) 400 മീറ്റർ സിന്തറ്റിക് ട്രാക്ക് നിർമ്മാണം എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാവുമെന്ന് അറിയിക്കാമോ; സിന്തറ്റിക് ട്രാക്ക് നിർമ്മാണ കരാർ കാലാവധി എത്രയാണെന്നും വ്യക്തമാക്കാമോ?

400 മീറ്റർ സിന്തറ്റിക് ട്രാക്കിന്റെ നിർമ്മാണ കരാർ 5-11-2020-ന് നൽകിയിരുന്നു. 4 മാസമാണ് കരാർ കാലാവധി. എന്നാൽ ഫുട്ബോൾ ടർഫിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കാൻ വൈകിയതിനാലും കോവിഡ്-19-ന്റെ വ്യാപനം മൂലമുണ്ടായ ലോക്ഡൗൺ കാരണവും ട്രാക്കിന്റെ നിർമ്മാണം ആരംഭിക്കുവാൻ വൈകിയിരുന്നു. നിലവിൽ ട്രാക്കിന്റെ നിർമ്മാണ പ്രവൃത്തി പുരോഗമിച്ചുവരികയാണ്. 2021 ഡിസംബറിൽ സിന്തറ്റിക് ട്രാക്കിന്റെ പ്രവൃത്തികൾ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിടുന്നത്.

(സി) പദ്ധതിയുടെ ഭാഗമായ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം എന്നിവയുടെ നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കാത്തതിന്റെ കാരണം വിശദമാക്കാമോ; ഇവയുടെ നിർമ്മാണം ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങളുണ്ടോയെന്ന് അറിയിക്കാമോ?

മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയം, പരിശീലന നീന്തൽക്കുളം എന്നിവ സ്ഥാപിക്കാനുദ്ദേശിച്ചിരുന്ന സ്ഥലത്തെ ഇലക്ട്രിക് ലൈനുകൾ മാറ്റി സ്ഥാപിക്കുവാൻ വൈകിയതിനാലും നിർദ്ദിഷ്ട സ്ഥലത്തുണ്ടായിരുന്ന പഴയ കെട്ടിടങ്ങൾ നീക്കം ചെയ്യുന്ന പ്രവൃത്തി വൈകിയതിനാലും നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുവാൻ കഴിഞ്ഞിട്ടില്ല. തടസ്സരഹിതമായ പ്രവൃത്തികൾ പൂർത്തീകരിച്ചിരുന്നു. എന്നാൽ നിലവിൽ നിർമ്മാണത്തിനാവശ്യമായ വസ്തുക്കളുടെ വിലയിൽവന്ന വ്യതിയാനംമൂലം ഇൻഡോർ സ്റ്റേഡിയം, സ്വിമ്മിംഗ്പൂൾ എന്നിവയുടെ നിർമ്മാണം ആരംഭിക്കാൻ സാധിച്ചിട്ടില്ലെന്ന് എസ്.പി.വി. ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്.

(ഡി) സ്റ്റേഡിയത്തിന്റെ പാർശ്വസംരക്ഷണം ചില ഭാഗങ്ങളിൽ മാത്രമേ ചെയ്തിട്ടുള്ളൂവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; മഴക്കാലത്ത് പാർശ്വസംരക്ഷണ ഭിത്തി കെട്ടിയിട്ടില്ലാത്ത ഭാഗത്ത് മണ്ണിടിച്ചിലുണ്ടാകാനുള്ള സാധ്യത കണക്കിലെടുത്ത് ശേഷിക്കുന്ന ഭാഗത്തുകൂടി സംരക്ഷണ ഭിത്തി കെട്ടുന്നതിന് കിഫ്ബിയിൽനിന്നും അധിക തുക വകയിരുത്താനാകുമോ എന്നറിയിക്കാമോ?

ഉണ്ട്. നിലവിൽ എസ്റ്റിമേറ്റിൽ ഉൾപ്പെടുത്തിയിരിക്കുന്ന അളവിൽ പാർശ്വ സംരക്ഷണ ഭിത്തി നിർമ്മിച്ചിട്ടുണ്ടെന്നുള്ള വിവരം എസ്.പി.വി. ആയ കിറ്റ്കോ അറിയിച്ചിട്ടുണ്ട്. എന്നാൽ കിഫ്ബി മാനദണ്ഡപ്രകാരം പദ്ധതിയിലെ സേവിംഗ്സ് തുക ഉപയോഗിച്ച് മറ്റ് പ്രവൃത്തികൾ നടപ്പിലാക്കാൻ കിഫ്ബിയിൽനിന്ന് പ്രത്യേക അനുമതി നേടേണ്ടതുണ്ട്.

**ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം**

251 (2971) <u>ശ്രീ. ജോബ് മൈക്കിൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സിന്തറ്റിക് ട്രാക്കിലേയ്ക്ക് മാറ്റി പുനരുദ്ധരിക്കുന്നതിന് നടപടികൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇതിനായി എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും ആയതിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ; ബന്ധപ്പെട്ട ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) ചങ്ങനാശ്ശേരി മുനിസിപ്പൽ സ്റ്റേഡിയം സിന്തറ്റിക് ട്രാക്കിലേയ്ക്ക് മാറ്റി പുനരുദ്ധരിക്കുന്നതുസംബന്ധിച്ച് നിലവിൽ പദ്ധതികളൊന്നുമില്ല. പുനരുദ്ധാരണം സംബന്ധിച്ച് പ്രൊപ്പോസൽ ലഭ്യമാക്കുന്നമുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## അമ്പലപ്പുഴ സർക്കാർ കോളേജിലെ സ്റ്റേഡിയം നിർമ്മാണം

252 (2972) ശ്രീ. എച്ച്. സലാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അമ്പലപ്പുഴ സർക്കാർ കോളേജിൽ കിഫ്ബി ഫണ്ട് ഉപയോഗപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിച്ച സ്റ്റേഡിയത്തിന്റെ നിർമ്മാണ ചുമതല ഏത് ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച സർക്കാർ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കാമോ?

27-5-2017-ലെ സർക്കാർ ഉത്തരവ് നമ്പർ 99/2017/കായുവ. പ്രകാരം കിഫ്ബിയുടെ ധനസഹായത്തോടെയുള്ള പദ്ധതികൾ ഗവൺമെന്റ് അംഗീകൃത ഏജൻസിയായ കിറ്റ്കോ ലിമിറ്റഡിനെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. അമ്പലപ്പുഴ സർക്കാർ കോളേജിൽ കിഫ്ബി ഫണ്ടുപയോഗപ്പെടുത്തി നിർമ്മിക്കാനുദ്ദേശിക്കുന്ന സ്റ്റേഡിയത്തിന്റെ നിർമ്മാണ ചുമതലയും ഈ ഏജൻസിയെയാണ് ഏൽപ്പിച്ചിട്ടുള്ളത്. പ്രസ്തുത ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്*.

(ബി) പ്രസ്തുത പ്രോജക്ടിന് അംഗീകാരം ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) വിശദമായ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കാൻ താമസിക്കുന്നത് എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

&

(ഡി) ഇത് പരിഹരിച്ച് സ്റ്റേഡിയം നിർമ്മാണം യാഥാർത്ഥ്യമാക്കാൻ എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

(ബി-ഡി) അമ്പലപ്പുഴ സർക്കാർ കോളേജിൽ നടപ്പിലാക്കുവാനുദ്ദേശിക്കുന്ന പ്രോജക്ടിന്റെ ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി ഫണ്ടുപയോഗിച്ച് നടപ്പിലാക്കുന്ന പ്രവൃത്തികളുടെ സ്ഥല ഉടമകൾ കായിക വകുപ്പുമായി ധാരണാപത്രത്തിൽ ഏർപ്പെടേണ്ടതായുണ്ട്. പദ്ധതിക്ക് കിഫ്ബി അംഗീകാരം ലഭിക്കുന്നമുറയ്ക്ക് പ്രവൃത്തി ആരംഭിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## വെള്ളൂർ ഇരുമ്പയം സ്റ്റേഡിയം

253 (2973) ശ്രീമതി സി. കെ. ആശ: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2020-21-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ച വെള്ളൂർ ഇരുമ്പയം പെരുംതട്ട് സ്റ്റേഡിയം പദ്ധതി ഇപ്പോൾ നിർവഹണത്തിന്റെ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; പ്രസ്തുത പദ്ധതിക്കുവേണ്ടി ബഡ്ജറ്റിൽ അനുവദിച്ച തുകയുടെ വിശദാംശങ്ങൾ നൽകുമോ?

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

2020-21 സാമ്പത്തിക വർഷത്തെ വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II വാല്യം-II-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമനമ്പർ 2850-ൽ വെള്ളൂർ ഇരുമ്പയം പെരുംതട്ട് സ്റ്റേഡിയം പദ്ധതിക്ക് കായിക വകുപ്പിന്റെ ബഡ്ജറ്റ് വിഹിതത്തിൽ 300 ലക്ഷം രൂപ അടങ്കലായും 2020-21 സാമ്പത്തിക വർഷത്തേയ്ക്ക് 60 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. നിലവിലെ കോവിഡ്-19 നിയന്ത്രണങ്ങൾ മാറുന്നമുറയ്ക്ക് കായിക എഞ്ചിനീയറിംഗ് വിഭാഗം പ്രസ്തുത സ്ഥലം സന്ദർശിച്ച് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ചങ്ങനാശ്ശേരിയിൽ പുതിയ സ്റ്റേഡിയം

254 (2974) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരിയിൽ പുതിയതായി സ്റ്റേഡിയം നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നിലവിലെ സ്ഥിതി വ്യക്തമാക്കുമോ; എത്ര തുകയുടെ ഭരണാനുമതിയാണ് നൽകിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ?

(എ&ബി) 2019-20 സാമ്പത്തിക വർഷത്തെ വിശദമായ ബജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം-II വാല്യം-II-ൽ ഭരണാനുമതിയില്ലാത്ത പ്രവൃത്തികളിൽ ക്രമ നമ്പർ 847-ൽ ചങ്ങനാശ്ശേരി മുൻസിപ്പാലിറ്റി വക സ്ഥലത്ത് സ്പോർട്സ് കോംപ്ലക്സ് നിർമ്മാണം പദ്ധതിയായി തദ്ദേശസ്വയം ഭരണ വകുപ്പിന്റെ ബജറ്റ് വിഹിതത്തിൽ അടങ്കലായി 500 ലക്ഷം രൂപയും 2019-20 സാമ്പത്തിക വർഷത്തെ വിഹിതമായി 100 ലക്ഷം രൂപയും വകയിരുത്തിയിരുന്നു. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് ഡി.പി.ആർ. തയ്യാറാക്കുന്നതിലേയ്ക്കായി കായിക വകുപ്പിന്റെ എഞ്ചിനീയറിംഗ് വിഭാഗത്തെ ചുമതലപ്പെടുത്തിയിരുന്നു. പ്രസ്തുത സ്ഥലത്ത് സിന്തറ്റിക് ട്രാക്കും ഫുട്ബോൾ ടർഫും നിർമ്മിക്കണമെന്ന മുൻ എം.എൽ.എ.-യുടെ നിർദ്ദേശപ്രകാരം ചങ്ങനാശ്ശേരി ബൈപ്പാസിന് സമീപമുള്ള മുനിസിപ്പാലിറ്റിയുടെ സ്ഥലം കായിക എഞ്ചിനീയറിംഗ് വിഭാഗം പരിശോധിച്ചിരുന്നു. ചങ്ങനാശ്ശേരി ബൈപ്പാസ് നിർദ്ദിഷ്ട പദ്ധതി പ്രദേശത്തിന്റെ ഏതാണ്ട് മധ്യഭാഗത്തുകൂടി പോകുന്നതിനാൽ നിലവിൽ പ്രസ്തുത സ്ഥലത്ത് സിന്തറ്റിക് ട്രാക്കും ഫുട്ബോൾ ടർഫും നിർമ്മിക്കുന്നതിന് സാധിക്കുകയില്ല. പ്രസ്തുത സ്ഥലത്ത് മറ്റ് കായിക നിർമ്മിതികൾ നിർമ്മിക്കണമെങ്കിലും റോഡിന് സമാന്തരമായി സ്ഥലം ഉയർത്തേണ്ടതായിവരും. ഇതിന് വലിയ തോതിലുള്ള മണ്ണിട്ട് നികത്തൽ ആവശ്യമാണ്. പ്രസ്തുത സ്ഥലം പ്രളയബാധിത പ്രദേശമായതിനാൽ മണ്ണിട്ട് നികത്തൽമൂലമുണ്ടാകുന്ന പാരിസ്ഥിതിക പ്രത്യാഘാതങ്ങളും പരിഗണിക്കേണ്ടതായുണ്ട്. പ്രസ്തുത പദ്ധതി തദ്ദേശസ്വയംഭരണ വകുപ്പിന്റെ ബജറ്റ് ഹെഡ്ഡിലായതിനാൽ തുടർനടപടികൾ സംബന്ധിച്ച് നിർദ്ദേശവും അഭിപ്രായവും അറിയിക്കുന്നതിന് ചങ്ങനാശ്ശേരി നഗരസഭയോട് ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് പ്രസ്തുത പദ്ധതി സംബന്ധിച്ച തുടർനടപടി സ്വീകരിക്കുന്നതാണ്.

## എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം പദ്ധതി

255 (2975) ശ്രീ. കെ. ബാബു (നെന്മാറ): താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും ഒരു കളിസ്ഥലം എന്നത് നടപ്പിലാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതുകളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടം എന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ കായിക വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള കളിസ്ഥലങ്ങളുടെ വിവരശേഖരണവും സർക്കാർ പരിഗണനയിലാണ്. പ്രസ്തുത വിവരശേഖരണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയമെങ്കിലും സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) നെന്മാറ നിയോജകമണ്ഡലത്തിൽ ഈ പദ്ധതിക്കായി എത്ര പഞ്ചായത്തുകളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ?

നെന്മാറ നിയോജകമണ്ഡലത്തിലെ ഒരു കളിസ്ഥലവും നിലവിൽ കിഫ്ബി ധനസഹായത്തോടെ നടപ്പിലാക്കിവരുന്ന പഞ്ചായത്ത് സ്റ്റേഡിയങ്ങളിൽ ഉൾപ്പെട്ടിട്ടില്ല.

## എല്ലാ പഞ്ചായത്തുകളിലും പൊതുകളിസ്ഥലം

256 (2976) ശ്രീമതി ഒ. എസ്. അംബിക: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തുകളിലും പൊതുകളിസ്ഥലം/സ്റ്റേഡിയം ആരംഭിക്കുന്ന കാര്യം വകുപ്പിന്റെ പരിഗണനയിലുണ്ടോ; വിശദമാക്കുമോ?

കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും ഒരു പൊതുകളിസ്ഥലം എന്ന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 58 സ്റ്റേഡിയങ്ങളുടെ (14 ജില്ലാ സ്റ്റേഡിയങ്ങളും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളും) നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയങ്ങളിൽ 4 പഞ്ചായത്ത്

സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട പ്രവൃത്തികളുടെ നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. ഇവയിൽ 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപന ങ്ങളുടേയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടേയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/ മൈതാ നങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ കായിക വകുപ്പ് ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് സ്വകാര്യ മേഖലയിലുള്ള കളിസ്ഥലങ്ങളുടെ വിവര ശേഖരണവും പരിഗണനയിലാണ്. പ്രസ്തുത വിവര ശേഖരണം പൂർത്തിയാകുന്ന മുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയമെങ്കിലും സാധ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടാതെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ 10 ഇന പരിപാടിയിൽ ഉൾപ്പെടുത്തി പ്രാദേശികതലത്തിൽ ആളുകൾക്ക് പ്രഭാത സായാഹ്ന സവാരി നടത്തുവാനും കുട്ടികൾക്ക് കളിക്കുവാനും പൊതുയിടങ്ങൾ ഒരുക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. പദ്ധതിയുടെ ആദ്യഘട്ടത്തിൽ 50 ഗ്രാമപഞ്ചായത്തുകളിൽ പൊതുയിടം പൊതുജനങ്ങൾക്ക് തുറന്ന് നൽകിയിട്ടുണ്ട്.

**കോങ്ങാട് മണ്ഡലത്തിൽ മിനി സ്റ്റേഡിയങ്ങൾ**

257(2977) ശ്രീമതി ശാന്തകുമാരി കെ.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വളരുന്ന തലമുറകളുടെ കായികശേഷി വർദ്ധിപ്പിക്കുന്നതിനും കായിക മത്സരങ്ങൾ പരിപോഷിപ്പിക്കുന്നതിനും പഞ്ചായത്തുകളിൽ കളിസ്ഥലങ്ങളും മിനി സ്റ്റേഡിയങ്ങളും നിർമ്മിക്കാൻ സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വിശദീകരിക്കാമോ?

സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതിയുടെ പ്രാരംഭഘട്ടം കിഫ്ബി ധനസഹായത്തോടെ നിർമ്മിക്കുന്ന 14 ജില്ലാ സ്റ്റേഡിയങ്ങളുടെയും 44 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെയും നിർമ്മാണം പുരോഗമിച്ചുവരികയാണ്. ഇതിൽ 4 സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണവും പൂർത്തീകരിച്ചിട്ടുണ്ട്. കൂടാതെ 20 സ്റ്റേഡിയങ്ങളുടെ വിവിധ നിർമ്മാണ പ്രവൃത്തികൾ പുരോഗമിച്ചുവരികയാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കൈവശമുള്ള സ്റ്റേഡിയങ്ങൾ/മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. പ്രസ്തുത വിവര ശേഖരണം പൂർത്തിയാകുന്നമുറയ്ക്ക് എല്ലാ പഞ്ചായത്തിലും ഒരു സ്റ്റേഡിയം/ കളിസ്ഥലം സാധ്യമാക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(ബി) കോങ്ങാട് മണ്ഡലത്തിലെ കാരാകുറുശ്ശി, തച്ചമ്പാറ, കാഞ്ഞിരപ്പുഴ എന്നീ പഞ്ചായത്തുകളിൽ ലഭ്യമായ സ്ഥലങ്ങളിൽ മിനി സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ നടപടി സ്വീകരിക്കുമോയെന്ന് അറിയിക്കാമോ?

പ്രൊപ്പോസൽ ലഭ്യമാകുന്നമുറയ്ക്ക് ആയത് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

## ഒളിമ്പിക് താരത്തിന് വീടും സ്ഥലവും

258 (2978) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യത്തിന് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ടോക്കിയോ ഒളിംപിക്സിൽ 4x400 മീറ്റർ മിക്സഡ് റിലേയിൽ ഇന്ത്യയെ പ്രതിനിധീകരിക്കുന്ന തിരുവനന്തപുരം പുല്ലുവിള സ്വദേശി അലക്സ് ആന്റണിക്ക് വീടും സ്ഥലവും അനുവദിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

നിലവിൽ പരിഗണനയിലില്ല. എന്നാൽ ടോക്കിയോ ഒളിമ്പിക്സിൽ 4x400 മീറ്റർ റിലേ ഇനത്തിൽ പങ്കെടുക്കാൻ യോഗ്യത നേടിയ മലയാളി കായികതാരം ശ്രീ.അലക്സ് ആന്റണിക്ക് പരിശീലനത്തിനും മറ്റ് അനുബന്ധ സൗകര്യം ഒരുക്കുന്നതിനുമുള്ള സാമ്പത്തിക സഹായമായി 5 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## കോവിഡ്മൂലം നിലച്ച കായിക പ്രവർത്തനങ്ങൾ

259 (2979) ശ്രീ. പി. പി. ചിത്തരഞ്ജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് കായിക പരിശീലനം, കായിക പ്രകടനങ്ങൾ, ചെറുതും വലുതുമായ ടൂർണമെന്റുകൾ എന്നിവ നിലച്ചിരിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

കോവിഡ് കായികമേഖലയിലെ എല്ലാ പ്രവർത്തനങ്ങളെയും പ്രതികൂലമായി ബാധിച്ചിട്ടുണ്ട്. സ്റ്റേഡിയങ്ങളിലും മറ്റ് കളിസ്ഥലങ്ങളിലും പൊതുജനങ്ങൾക്ക് പ്രവേശനം നിരോധിച്ചതിനാൽ കായിക പരിശീലനത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

(ബി) എങ്കിൽ ഈ പ്രതിസന്ധി പരിഹരിക്കാൻ സ്വീകരിക്കുന്ന നടപടികളെക്കുറിച്ച് വിശദമാക്കാമോ?

കായികയുവജന കാര്യാലയത്തിന്റെ അധീനതയിലുള്ള ജി.വി.രാജ സ്പോർട്സ് സ്കൂളിലെയും കണ്ണൂർ സ്പോർട്സ് ഡിവിഷനിലെയും കുട്ടികൾക്കായി കായിക പരിശീലകരുടെ നേതൃത്വത്തിൽ ഓൺലൈൻ ക്ലാസ്സുകൾ സി-ഡിറ്റുമായിചേർന്ന് വിദഗ്ധരെയുൾപ്പെടുത്തി തയ്യാറാക്കിവരുന്നു.

## കേരള ഒളിമ്പിക് അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾ

260 (2980) ശ്രീ കെ. യു. ജനീഷ് കുമാർ:
ശ്രീ. കെ. ഡി. പ്രസേനൻ:
ശ്രീ. എം. വിജിൻ:
ശ്രീ. ലിന്റോ ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒളിമ്പിക് അസ്സോസിയേഷൻ സംസ്ഥാനത്തെ കായിക മേഖലയ്ക്ക് നൽകുന്ന സംഭാവന എന്തെല്ലാമെന്ന് വിലയിരുത്തിയിട്ടുണ്ടോ;

(ബി) അസ്സോസിയേഷൻ വിഭാവനം ചെയ്യുന്ന ഒളിമ്പിക് വേവ് പദ്ധതിയുടെ വിശദാംശങ്ങൾ വ്യക്തമാക്കുമോ ?

(എ&ബി) അന്താരാഷ്ട്ര ഒളിമ്പിക് കമ്മിറ്റി (ഐ.ഒ.സി) പ്രസിദ്ധീകരിച്ചിട്ടുള്ള ഒളിമ്പിക് ചാർട്ടറിൽ വിഭാവനം ചെയ്യുന്ന 'ഒളിമ്പിക് മൂവ്മെന്റ്'-ന്റെ പ്രചരണാർത്ഥം ഓരോ രാജ്യത്തും പ്രവർത്തിക്കുന്ന ദേശീയ ഒളിമ്പിക് അസ്സോസിയേഷനുകളിൽ ഒന്നായ ഇൻഡ്യൻ ഒളിമ്പിക് അസ്സോസിയേഷന്റെ അഫിലിയേഷനോടെ പ്രവർത്തിക്കുന്ന സംസ്ഥാന ഘടകമായ കേരള ഒളിമ്പിക് അസ്സോസിയേഷന്റെ സംസ്ഥാനത്തെ കായിക പ്രവർത്തനങ്ങളിലെ പങ്ക് ഒളിമ്പിക്സ് ഉൾപ്പെടെയുള്ള അന്താരാഷ്ട്ര മത്സരങ്ങൾക്ക് പ്രചാരണം നൽകുക, സംസ്ഥാനത്തെ വിവിധ കായിക സംഘടനകളുടെ പ്രവർത്തനങ്ങൾ നിരീക്ഷിക്കുക, സംസ്ഥാന ടീമുകളുടെ ദേശീയ ഗെയിംസ് ഉൾപ്പെടെയുള്ള മത്സങ്ങളിലെ പ്രാതിനിധ്യം ഉറപ്പാക്കുക, കായിക താരങ്ങളുടെ ക്ഷേമത്തിനായി പ്രവർത്തിക്കുക തുടങ്ങിയവയാണ്. 2020-21 സാമ്പത്തിക വർഷത്തെ ബജറ്റിൽ വകയിരുത്തിയിരുന്ന തുക ലഭിക്കുന്നതിനായി കേരള ഒളിമ്പിക് അസോസിയേഷൻ കായിക യുവജനകാര്യ ഡയറക്ടർക്ക് സമർപ്പിച്ച പ്രൊപ്പോസൽ പ്രകാരം പ്രസ്തുത അസ്സോസിയേഷൻ നടപ്പിലാക്കിയതും തുടർന്നുവരുന്നതുമായ പ്രവർത്തനങ്ങളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

കോവിഡ് പശ്ചാത്തലത്തിൽ യൂട്യൂബ്, വിക്റ്റേഴ്സ് ചാനലുകൾവഴി കായിക മത്സരങ്ങൾ, പരിശീലന പദ്ധതികൾ എന്നിവ സംബന്ധിച്ച പരിപാടികൾ പ്രാദേശിക ഭാഷയിൽ സംപ്രേഷണം ചെയ്തുവരുന്നു. കായികതാരങ്ങൾ, സ്കൂൾ, കോളേജ് വിദ്യാർത്ഥികൾക്കായി സ്പോർട്സ് അതോറിറ്റി ഓഫ് ഇൻഡ്യ ലക്ഷ്മിഭായി നാഷണൽ കോളേജ് ഓഫ് ഫിസിക്കൽ എഡ്യൂക്കേഷന്റെ സഹകരണത്തോടെ "സ്റ്റേ ഫിറ്റ്" എന്ന കായികക്ഷമതാ പരിപാടി ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. കുട്ടികൾക്ക് സ്വയം സുരക്ഷയ്ക്കായുള്ള ബോധവത്ക്കരണം നടത്തുന്നതിന് കേരള

പോലീസുമായി സഹകരിച്ച് "സ്റ്റേ അലർട്ട്" എന്ന പരിപാടിയും ആവിഷ്ക്കരിച്ചിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ദേശീയ, അന്തർദേശീയ കായിക ഫെഡറേഷനുകളുമായി ചേർന്ന് ഓൺലൈനായി മോട്ടിവേഷൻ ക്ലിനിക്ക്, സെമിനാറുകൾ, റിഫ്രഷർ കോഴ്സുകൾ, മുതിർന്നവരെ ലക്ഷ്യമിട്ട് ഒളിമ്പിക് വേവ് തുടങ്ങിയ പദ്ധതികൾ ആവിഷ്ക്കരിച്ച് നടപ്പാക്കിവരുന്നു.

(സി) സംസ്ഥാന-ജില്ലാ ഒളിമ്പിക് അസ്സോസിയേഷനുകളുടെ വരവ്-ചെലവുകൾ ഓഡിറ്റ് ചെയ്യുന്നത് ഏത് ഏജൻസിയാണെന്ന് അറിയിക്കാമോ?

കേരള സംസ്ഥാന സ്പോർട്സ് കൗൺസിലിന്റെ അഫിലിയേഷനോടെയോ കായിക വകുപ്പിന്റെ നിയന്ത്രണത്തിലോ പ്രവർത്തിക്കാത്തതിനാൽ വരവുചെലവ് കണക്കുകളുടെ ഓഡിറ്റ് സംബന്ധിച്ച വിവരം ലഭ്യമല്ല.

(ഡി) അസ്സോസിയേഷന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് ഏതെല്ലാം സ്രോതസ്സുകളിൽ നിന്നാണ് ലഭ്യമാകുന്നത്?

അഫിലിയേഷൻ ഫീസ്, ഡൊണേഷൻ, രജിസ്ട്രേഷൻ ഫീസ്, സ്പോൺസർഷിപ്പ്, ചാനൽ/മത്സര സംപ്രേഷണ അവകാശം, സർക്കാർ അനുവദിച്ച പരിപാടി നടത്തിപ്പ് ചെലവ്, ബാങ്ക് ഇന്ററസ്റ്റ് എന്നീ ഇനങ്ങളിലായി കേരള ഒളിമ്പിക് അസോസിയേഷന് വരുമാന സ്രോതസ്സുകളുള്ളതായും മേൽഇനങ്ങളിലായി 2019-20 സാമ്പത്തിക വർഷം 40,57,762 രൂപയും 2020-21 സാമ്പത്തിക വർഷം 43,83,999 രൂപയും വരുമാനമുള്ളതായും കായിക സംഘടനകൾ, സ്വകാര്യ വ്യക്തികൾ, കൈവശമുള്ള ഇതര ഫണ്ട് എന്നിവയിൽനിന്നായി 2019-20 സാമ്പത്തിക വർഷം 12,50,000 രൂപയും 2020-21 സാമ്പത്തിക വർഷം 14,75,000 രൂപയും ലോണായി സമാഹരിച്ചിട്ടുള്ളതായി പ്രസ്തുത അസ്സോസിയേഷൻ കായിക യുവജനകാര്യ ഡയറക്ടറേറ്റിൽ സമർപ്പിച്ച രേഖകൾ പ്രകാരം കാണുന്നു. കൂടാതെ 2020-21 സാമ്പത്തിക വർഷത്തെ ബഹു. ധനകാര്യ വകുപ്പുമന്ത്രിയുടെ ബജറ്റ് മറുപടി പ്രസംഗത്തിൽ കേരള ഒളിമ്പിക് അസ്സോസിയേഷന് 50 ലക്ഷം രൂപ വകയിരുത്തിയിരുന്നു. ആയതിൽ നിന്നും 25 ലക്ഷം രൂപ നിബന്ധനകൾക്ക് വിധേയമായി അനുവദിച്ചിരുന്നു.

(ഇ) ഒളിമ്പിക്സ് പ്രചാരണത്തിന്റെ ഭാഗമായി കായിക മേഖലയിൽ ആകർഷകമായ ഏതെങ്കിലും പദ്ധതിക്ക് രൂപം നൽകിയിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഒളിമ്പിക്സ് പ്രചാരണത്തിന്റെ ഭാഗമായി ഒളിമ്പിക് വേവ് എന്ന പദ്ധതി സംഘടിപ്പിച്ചുവരുന്നുണ്ട്.

## വഖഫ് ബോർഡിന്റെ പ്രവർത്തനം

261 (2981) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള വഖഫ് ബോർഡിന് 2016 മുതൽ ഒരോ വർഷവും സംസ്ഥാന സർക്കാർ നൽകിയ ഗ്രാന്റുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

കേരള വഖഫ് ബോർഡിന് 2016 മുതൽ ഓരോ വർഷവും സംസ്ഥാന സർക്കാർ നൽകിയ ഗ്രാന്റുകളുടെ വിവരണം അനുബന്ധം-1 ആയി ചേർക്കുന്നു *.

(ബി) പ്രസ്തുത കാലയളവിൽ വഖഫ് ബോർഡിന്റെ സാമൂഹ്യ ക്ഷേമ പദ്ധതിയുടെ കീഴിൽ ചികിത്സ, വിവാഹം എന്നിവയ്ക്ക് എത്ര തുക ധനസഹായം നൽകിയെന്ന് വ്യക്തമാക്കുമോ?

2016 മുതൽ വഖഫ് ബോർഡിന്റെ സാമൂഹ്യക്ഷേമ പദ്ധതിയുടെ കീഴിൽ നൽകിയ ധനസഹായ വിവരണം അനുബന്ധം-2 ആയി ചേർക്കുന്നു.*

(സി) ഈ കാലയളവിലെ ചികിത്സ, വിവാഹ സഹായങ്ങൾക്കുള്ള എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ടെന്ന് വ്യക്തമാക്കുമോ?

2016 മുതൽ തീർപ്പാക്കാനുള്ള വിവാഹം, ചികിത്സാ അപേക്ഷകളുടെ വിവരണം അനുബന്ധം-3 ആയി ചേർക്കുന്നു.*

(ഡി) പ്രസ്തുത അപേക്ഷകൾ പരിശോധിച്ച് സഹായം അനുവദിക്കുന്നതിനുള്ള തടസ്സം എന്തെന്ന് വ്യക്തമാക്കുമോ?

ഫണ്ടിന്റെ ലഭ്യതയ്ക്കുവിധേയമായി മാത്രമേ ധനസഹായം അനുവദിക്കുന്നതിന് സാധിക്കുകയുള്ളൂ.

(ഇ) വഖഫ് ബോർഡിന്റെ ഗ്രാന്റോ തനത് ഫണ്ടോ ഉപയോഗിച്ച് സാമൂഹ്യ സുരക്ഷ പദ്ധതികൾക്കോ വഖഫ് ബോർഡിൽ ലഭിച്ച അപേക്ഷകൾക്കോ അല്ലാതെ മറ്റേതെങ്കിലും കാര്യത്തിനോ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്കോ ധനസഹായം അനുവദിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കോഴിക്കോട് വഖഫ് ട്രൈബ്യൂണൽ രൂപീകരിക്കുന്നതിനായി 2018-19 വർഷത്തിൽ 52,42,838 രൂപയും കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ട് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ ഫണ്ടിലേയ്ക്ക് ഒരു കോടി രൂപയും പ്രധാനമന്ത്രിയുടെ പി.എം. കെയർ ഫണ്ടിലേയ്ക്ക് 10 ലക്ഷം രൂപയും വഖഫ് ബോർഡിന്റെ തനത് ഫണ്ടിൽനിന്നും നൽകിയിട്ടുള്ളതാണ്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## വെള്ളൂർ ഗവ. മാപ്പിള എൽ.പി. സ്കൂളിന് ഭൂമി

262 (2982) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ വെള്ളൂർ ഗവൺമെന്റ് മാപ്പിള എൽ.പി. സ്കൂൾ വഖഫ് ഉടമസ്ഥതയിലുള്ള ഭൂമിയിലാണോ പ്രവർത്തിക്കുന്നത്?

അതെ.

(ബി) എങ്കിൽ പുതിയ കെട്ടിടം നിർമ്മിക്കാൻ ആവശ്യമായ ഭൂമി സ്കൂളിന് വിട്ടുകൊടുക്കാൻ നടപടികൾ സ്വീകരിക്കുമോ?

1995-ലെ വഖഫ് നിയമത്തിൽ 2013-ലുണ്ടായ നിയമ ഭേദഗതി അനുസരിച്ച് 51(1-എ) വകുപ്പും 104-എ വകുപ്പും പ്രകാരം വഖഫ് വസ്തുക്കളുടെ വിൽപ്പന, ദാനം, ഒത്തുമാറ്റം, പണയപ്പെടുത്തൽ അല്ലെങ്കിൽ കൈമാറ്റം എന്നിവ നിരോധിച്ചിട്ടുള്ളതാണ്.

## ശബരി റെയിൽപാതയ്ക്കായി സ്ഥലമേറ്റെടുപ്പ്

263 (2983) ഡോ. മാത്യു കുഴൽനാടൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട ശബരി റെയിൽപ്പാത പദ്ധതി നടപ്പിലാക്കുന്നത് സജീവ പരിഗണനയിലുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

അങ്കമാലി-ശബരി റെയിൽ പദ്ധതി 1997-98 റെയിൽവേ ബഡ്ജറ്റിൽ ഉൾപ്പെടുത്തിയ പദ്ധതിയാണ്. റെയിൽവേ ബോർഡ് നിർദ്ദേശിച്ചതുപ്രകാരം അങ്കമാലി-ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ വഹിക്കുന്നതാണെന്ന് 7-1-2021-ലെ സ.ഉ.(കൈ) നമ്പർ 1/2021/ഗതാഗതം പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. പ്രസ്തുത തീരുമാനം മെമ്പർ എഞ്ചിനീയറിംഗ് റെയിൽവേ ബോർഡിന്റെ അറിവിലേയ്ക്കും തുടർനടപടികൾക്കായും നൽകുകയും കൂടാതെ സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ ഈ വിവരം അറിയിക്കുകയും ചെയ്തു. പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയും പെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനെ അറിയിക്കുകയുണ്ടായി.

(ബി) ഈ പദ്ധതിക്കായി സ്ഥലമേറ്റെടുപ്പ് നടപടികൾ ആരംഭിച്ചിട്ടുണ്ടോ; എങ്കിൽ ആയതിന്റെ നിജസ്ഥിതി വ്യക്തമാക്കാമോ?

നിലവിൽ പ്രസ്തുത പദ്ധതി റെയിൽ മന്ത്രാലയം തൽക്കാലത്തേയ്ക്ക് ഘനീഭവിപ്പിച്ചിരിക്കുകയാണ്. എന്നാൽ അങ്കമാലി- ശബരി റെയിൽവേ ലൈനിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് പദ്ധതി ചെലവിന്റെ 50 ശതമാനം കേരള സർക്കാർ

വഹിക്കുന്നതാണെന്ന് 7-1-2021-ലെ G.O.(Ms)No.1/2021/Trans പ്രകാരം സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന റെയിൽ വകുപ്പുമന്ത്രി കേന്ദ്ര റെയിൽ മന്ത്രാലയം മുമ്പാകെ സർക്കാരിന്റെ ഈ തീരുമാനം അറിയിക്കുകയും പദ്ധതി പുനരുജ്ജീവിപ്പിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എത്രയുംപെട്ടെന്ന് തുടങ്ങണമെന്നും റെയിൽവേ മന്ത്രാലയത്തിനോട് അഭ്യർത്ഥിക്കുകയുണ്ടായി. ഇക്കാര്യത്തിൽ റെയിൽവേയുടെ അനുകൂല തീരുമാനമുണ്ടാകുന്നമുറയ്ക്ക് സ്ഥലമേറ്റെടുപ്പ് നടപടികളുമായി മുന്നോട്ടുപോകാൻ സാധിക്കുന്നതാണ്.

(സി) സർക്കാർ ഈ പദ്ധതിക്കായി സ്ഥലമേറ്റെടുക്കുന്നു എന്ന കാരണത്താൽ പദ്ധതി നടത്തിപ്പിനായി 1996-97 കാലത്ത് കണ്ടെത്തിയിട്ടുള്ള/അളന്ന് തിരിച്ചിട്ടുള്ള സ്വകാര്യ ഭൂമി വിൽക്കുന്നതിന് പ്രയാസങ്ങൾ നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) പ്രസ്തുത സ്വകാര്യ ഭൂമി വിൽക്കുന്നതിനോ കൈമാറ്റം ചെയ്യുന്നതിനോ എന്തെങ്കിലും തടസമുണ്ടെങ്കിൽ ആയത് നീക്കം ചെയ്യുന്നതിന് നടപടികൾ സ്വീകരിക്കാമോ?

പരാതി ലഭ്യമായാൽ പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതി**

264 (2984) <u>ശ്രീ. എ. സി. മൊയ്തീൻ</u>:
<u>ശ്രീ. വി. ജോയി</u>:
<u>ശ്രീ. കെ. കെ. രാമചന്ദ്രൻ</u>:
<u>ശ്രീ. ആന്റണി ജോൺ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം-കാസർഗോഡ് സെമി ഹൈസ്പീഡ് റെയിൽ പദ്ധതിക്ക് കേന്ദ്ര റെയിൽവെ മന്ത്രാലയത്തിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

സിൽവർലൈൻ പദ്ധതിക്ക് കേന്ദ്രസർക്കാരിൽനിന്നും തത്വത്തിൽ അംഗീകാരം ലഭിച്ചിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ വിശദ പഠന റിപ്പോർട്ട് പൂർത്തീകരിക്കുകയും കേരള സർക്കാർ ടി റിപ്പോർട്ട് അംഗീകരിച്ച് റെയിൽവേ മന്ത്രാലയത്തിന്റെയും കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിന്റെയും കേന്ദ്രമന്ത്രി സഭയുടേയും അന്തിമാനുമതിക്കായി സമർപ്പിക്കുകയും ചെയ്തു. കേന്ദ്രസർക്കാരിന്റെ റെയിൽവേ മന്ത്രാലയം, നീതി ആയോഗ്, ഡിപ്പാർട്ട്മെന്റ് ഓഫ് എക്സ്പെന്റിച്ചർ എന്നീ വിഭാഗങ്ങൾ

പദ്ധതി വിദേശ വായ്പയ്ക്കായി പരിഗണിക്കുന്നതിനുള്ള ശിപാർശയും നോ ഒബ്ജക്ഷനും ലഭിക്കുകയുണ്ടായി. ആയത് കേന്ദ്ര സാമ്പത്തികകാര്യ വകുപ്പിനെ അറിയിക്കുകയും ചെയ്തു.

(ബി) പ്രസ്തുത പദ്ധതി പ്രാവർത്തികമാകുന്നതോടെ എന്തെല്ലാം മാറ്റങ്ങളാണ് ലക്ഷ്യമിടുന്നത്; ഈ പദ്ധതിയുടെ പ്രതീക്ഷിത ചെലവ് എത്രയാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ; ഇതിൽ സംസ്ഥാന വിഹിതം എത്രയെന്നും ഭരണാനുമതി നൽകിയത് ഏതൊക്കെ പ്രവൃത്തികൾക്കാണെന്നും വിശദമാക്കാമോ?

സിൽവർ ലൈൻ പദ്ധതി നടപ്പിലാക്കുകവഴി സംസ്ഥാനത്ത് വലിയ തോതിൽ നിക്ഷേപം കൊണ്ടുവരികയും പദ്ധതിയുടെ നിർമ്മാണഘട്ടത്തിലും പ്രവർത്തന ഘട്ടത്തിലുമായി അനവധി തൊഴിലവസരങ്ങളും സാമ്പത്തിക വികസനവും നൽകിക്കൊണ്ട് കേരള സംസ്ഥാനത്തിന്റെ സമ്പദ്‌വ്യവസ്ഥയെ ശക്തിപ്പെടുത്തുവാൻ കഴിയും. ഈ പദ്ധതി കടന്നുപോകുന്ന പ്രദേശങ്ങളിലെ വികസനത്തിനും സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനത്തിന് ഇത് ആക്കം കൂട്ടുന്നു. സാമൂഹിക നേട്ടങ്ങൾകൂടി കണക്കിലെടുത്തുള്ള പദ്ധതിയുടെ സാമ്പത്തിക വരുമാന നിരക്ക് (EIRR) 24.04 ശതമാനമാണ്. പദ്ധതി നടപ്പാക്കുമ്പോൾ ലഭിക്കുന്ന സാമ്പത്തിക ഉണർവ്വും ജോലികളും പദ്ധതിയുടെ നിർമ്മാണഘട്ടത്തിൽ 50000-ത്തിൽപ്പരവും പ്രവർത്തനഘട്ടത്തിൽ 11000-ൽ പ്പരവും ജോലി സാദ്ധ്യതയും പ്രതീക്ഷിക്കുന്നു. പദ്ധതി നിലവിൽ വരുമ്പോൾ കോവിഡുമൂലം ജോലി നഷ്ടപ്പെട്ടവർക്കും തകർന്ന സമ്പദ്‌വ്യവസ്ഥയ്ക്കും ഉത്തേജകമാകും. പ്രവർത്തനഘട്ടത്തിൽ പൂർണ്ണമായി സോളാർ പോലെയുള്ള ഹരിതോർജ്ജം ഉപയോഗിക്കുന്നതുവഴി വളരെ കാര്യക്ഷമവും പരിസ്ഥിതി സൗഹൃദ പ്രദവുമായ ഗതാഗത മാർഗ്ഗമാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഡി.പി.ആർ. പ്രകാരം പദ്ധതി തുടങ്ങുന്ന വർഷംതന്നെ 2.8 ലക്ഷം ടൺ കാർബൺഡൈ ഓക്സൈഡ് ബഹിർഗമനം കുറയ്ക്കുവാൻ സാധിക്കും. കൂടാതെ താഴെപ്പറയുന്ന പുരോഗതിയും നേട്ടങ്ങളും ഈ പദ്ധതി യാഥാർത്ഥ്യമാകുന്നതോടെ നടപ്പാക്കുമെന്ന് പ്രതീക്ഷിക്കുന്നു.

1. പ്രസ്തുത പാത പ്രാബല്യത്തിൽ വരുന്നതോടുകൂടി സംസ്ഥാനത്തെ റോഡ് ഗതാഗത തിരക്ക് കുറയുകയും യാത്ര സുഗമമാകുകയും തന്മൂലം അപകട നിരക്ക് കുറയുകയും ചെയ്യും. മാത്രമല്ല, വായു മലിനീകരണവും ശബ്ദ മലിനീകരണവും ഗണ്യമായി കുറയും.

2. നിലവിലെ ഗതാഗത സംവിധാനത്തിന്റെ പോരായ്മകൾമൂലം യാത്രാക്ലേശം അനുഭവിക്കുന്ന കേരളത്തിലെ ജനങ്ങൾക്ക് അടിസ്ഥാനസൗകര്യ വികസനകാര്യത്തിൽ ഒരു വൻമുന്നേറ്റം ഈ പദ്ധതിമൂലം കൈവരിക്കാൻ സാധിക്കും.

3. പദ്ധതി യാഥാർത്ഥ്യമായാൽ ഏകദേശം 19,000 വാഹനങ്ങളെ ഇന്നത്തെ സ്ഥിതിയിൽ സംസ്ഥാനത്തെ തിരക്കേറിയ റോഡുകളിൽനിന്ന് വിമുക്തമാക്കാൻ കഴിയും. ഇപ്പോഴത്തെ വിലനിലവാരമനുസരിച്ച് തന്നെ 530 കോടി രൂപയുടെ പെട്രോളും ഡീസലുമാണ് പ്രതിവർഷം ലാഭിക്കാൻ കഴിയുന്നത്. സിൽവർലൈൻ വഴിയുള്ള ചരക്കുഗതാഗത സംവിധാനമായ റോറോ (റോൾ-ഓൺ, റോൾ-ഓഫ്) സർവീസ് വഴി അഞ്ഞൂറോളം ചരക്കുവാഹനങ്ങൾ റോഡിൽനിന്ന് പിന്മാറും എന്നാണ് കണക്കാക്കപ്പെടുന്നത്. മാത്രമല്ല, ഇതുമൂലം കേരളത്തിന്റെ ടൂറിസം മേഖലയിലും പുരോഗതി പ്രാപിക്കാൻ കഴിയും.

4. പദ്ധതി നടപ്പാക്കാൻ ഏറ്റെടുക്കേണ്ടിവരുന്ന ആകെ ഭൂമി ഒരു നാലുവരി പാത നിർമിക്കുന്നതിനുവേണ്ടി ഏറ്റെടുക്കേണ്ടിവരുന്ന ഭൂമിയുടെ പകുതി മാത്രമാണ്. ഭാവിയിൽ പുതിയ റോഡുകൾക്ക് വേണ്ടിവരുന്ന സാമ്പത്തിക ബാധ്യത ഇങ്ങനെ ഗണ്യമായി കുറയ്ക്കാൻ സിൽവർ ലൈനിലൂടെ കഴിയുമെന്നു മാത്രമല്ല റോഡുകൾക്കുവേണ്ടി നഷ്ടപ്പെടുന്ന ഭൂമിയും ഭൂവുടമകളുടെ കഷ്ടപ്പാടും പുതിയ റോഡ് നിർമ്മിക്കാനുള്ള ചെലവും വേണ്ടിവരില്ല.

5. നിലവിൽ കേരളത്തിലെത്തുന്ന ആഭ്യന്തര-വിനോദ സഞ്ചാരികൾ ട്രെയിൻ യാത്രയെ കൂടുതലായി ആശ്രയിക്കുന്നുണ്ട്. സിൽവർ ലൈനിലെ പതിവ് സർവീസുകൾ ഇവർക്ക് പ്രയോജനപ്പെടും. മാത്രമല്ല, ഭാവിയിൽ ഈ പാതയിലൂടെ പ്രത്യേക ടൂറിസ്റ്റ് സർവീസുകൾ നടത്താനുള്ള പദ്ധതിയുമുണ്ട്.

6. സിൽവർലൈൻവഴി കേരളത്തിലെ വിവിധ നഗരകേന്ദ്രങ്ങളിലേയ്ക്കുള്ള പ്രവേശനം എളുപ്പമാകുന്നതുവഴി സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള സാമ്പത്തികവും വ്യാവസായികവുമായ വളർച്ച സാധ്യമാകും.

7. കേരളത്തിലെ ചെറുപട്ടണങ്ങൾ സിൽവർ ലൈനുമായി ബന്ധിപ്പിക്കുന്നതിനും അതുവഴി പ്രധാന നഗരങ്ങളിലേയ്ക്ക് എത്തിച്ചേരുന്നതിനും വേണ്ടി ഭാവിയിൽ വേണ്ടത്ര ഫീഡർ സ്റ്റേഷനുകൾ സ്ഥാപിക്കുന്ന പദ്ധതിയും വിഭാവനം ചെയ്തിട്ടുണ്ട്. പദ്ധതിയോടനുബന്ധിച്ചുള്ള ആസൂത്രിത നഗരവികസനവും പുതിയ നഗരങ്ങളുടെ സൃഷ്ടിയും പാത കടന്നുപോകുന്ന സ്ഥലങ്ങളുടെ സാമൂഹിക-സാമ്പത്തിക വികസന നേട്ടങ്ങളും ഇതുമൂലം കൈവരിക്കുവാൻ സാധിക്കും.

8. കേരള സംസ്ഥാനത്തിന്റെ ഈ അഭിമാന പദ്ധതി കേരളത്തിലെ ജനങ്ങൾക്കും വരും തലമുറയ്ക്കും ഗുണം ചെയ്യുമെന്നുള്ളത് നിസ്സംശയം പറയാം. നിർദ്ദിഷ്ട സിൽവർ ലൈൻ പദ്ധതിക്ക് 63,941 കോടി രൂപ മതിപ്പു ചെലവ് പ്രതീക്ഷിക്കുന്നു. സർക്കാർ അംഗീകരിച്ച വിശദ പദ്ധതി റിപ്പോർട്ട് പ്രകാരം ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്കായി 13,362 കോടി രൂപ ചെലവ് പ്രതീക്ഷിക്കുന്നു. കേരള സർക്കാരും റെയിൽ മന്ത്രാലയവും തമ്മിൽ ഒപ്പുവച്ച സംയുക്ത സംരംഭ കരാർ അനുസരിച്ചും ഡി.പി.ആർ. പ്രകാരവും പ്രസ്തുത തുക കേരള സർക്കാർ വഹിക്കേണ്ടതാകുന്നു. ഇനം തിരിച്ചുള്ള ചെലവ് അനുബന്ധമായി ഉൾപ്പെടുത്തിയിരിക്കുന്നു*. സിൽവർലൈൻ പദ്ധതിയുടെ ഭൂമി ഏറ്റെടുക്കൽ നടപടിക്രമങ്ങൾക്ക് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത സർക്കാർ ഉത്തരവുപ്രകാരം സാമൂഹികാഘാത പഠനം ഉൾപ്പെടെ ഭൂമി ഏറ്റെടുക്കൽ പ്രവൃത്തിയുമായി ബന്ധപ്പെട്ടുള്ള എല്ലാ പ്രാരംഭ പ്രവർത്തനങ്ങളും പൂർത്തീകരിക്കുവാനുള്ള അനുവാദം കെ.ആർ.ഡി.സി.എൽ.-ന് നൽകിയിരുന്നു. കൂടാതെ ഭൂമി ഏറ്റെടുക്കുന്നതിനായി പാത കടന്നുപോകുന്ന എല്ലാ ജില്ലകളിലും ഡെപ്യൂട്ടി കളക്ടറുടെ നേതൃത്വത്തിലുള്ള പ്രത്യേക സെൽ രൂപീകരിക്കുവാനും നിർദ്ദേശം നൽകിയിരുന്നു.

(സി) പ്രസ്തുത പദ്ധതിക്കായി എത്ര ഏക്കർ ഭൂമി ഏറ്റെടുക്കേണ്ടി വരും; വിശദാംശങ്ങൾ വ്യക്തമാക്കാമോ?

പ്രസ്തുത പദ്ധതിക്കായി 1383 ഹെക്ടർ ഭൂമിയാണ് പുനരധിവാസത്തിന് ഉൾപ്പെടെ കണക്കാക്കിയിരിക്കുന്നത്. ഏറ്റവും സാങ്കേതികമായും സാമ്പത്തികമായും അതിലുപരി സാമൂഹിക പ്രശ്നങ്ങൾക്ക് മുൻതൂക്കം നൽകികൊണ്ട് ജനസാന്ദ്രത കുറഞ്ഞ പ്രദേശങ്ങളിലൂടെയാണ് അലൈൻമെന്റ് നിശ്ചയിച്ചിരിക്കുന്നത്. പദ്ധതിക്കായുള്ള പാരിസ്ഥിതിക-സാമൂഹികാഘാത പഠനത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ നെൽപ്പാടങ്ങളും കൃഷിസ്ഥലങ്ങളും സംരക്ഷിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി ഈ പ്രദേശങ്ങളിൽ ആകാശപാതയിലൂടെയാണ് പദ്ധതി രൂപകല്പന ചെയ്തിരിക്കുന്നത്. ഇതിൽ 115 കിലോമീറ്റർ പാടശേഖരങ്ങളിൽ 88 കിലോമീറ്റർ ആകാശ പാതയിലൂടെയുമാണ് കടന്നുപോകുന്നത്. എംബാങ്ക്മെന്റ്-ന് 25 മീറ്റർ, വയാഡക്റ്റ്-ന് 15 മീറ്റർ കട്ട് & കവർ-ന് 20 മീറ്റർ എന്നിങ്ങനെ വിഭാവനം ചെയ്തിരിക്കുന്ന ഘടനകൾ അനുസരിച്ചാണ് സ്ഥലമേറ്റെടുക്കുന്നത്. ഭൂമിയേറ്റെടുക്കൽ നടപടിക്രമങ്ങൾ റവന്യൂ വകുപ്പിന്റെ കീഴിൽത്തന്നെയായിരിക്കും. അതുമായി ബന്ധപ്പെട്ടുള്ള പബ്ലിക് ഹിയറിംഗ് ഉൾപ്പെടെ സാമൂഹികാഘാത പഠനം ജില്ലാ കളക്ടർ മുഖാന്തരം

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

നടത്തുന്നതായിരിക്കും. സ്ഥലമേറ്റെടുക്കലിനും മറ്റുമായി 2013-ലെ ഭൂമി ഏറ്റെടുക്കൽ പുനരധിവാസ നിയമത്തിൽ (എൽ.എ.ആർ.ആർ. ആക്ട്) പ്രതിപാദിച്ചിരിക്കുന്ന രീതിയിലാണ് ഭൂമിയുടേയും മറ്റും പ്രതിഫലം നിശ്ചയിക്കുന്നത്. ഏറ്റെടുക്കേണ്ട ഭൂമിയുടെ കാര്യമായ കണക്ക് ഭൂസർവ്വേയ്ക്ക് ശേഷം മാത്രമേ നിജപ്പെടുത്താനാകൂ.

**റെയിൽ മേൽപ്പാലങ്ങൾ**

265 (2985) <u>ശ്രീ. എം. രാജഗോപാലൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കായികം, വഖഫ്, ഹജ്ജ് തീർത്ഥാടന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കഴിഞ്ഞ അഞ്ച് വർഷം അനുവദിച്ച റെയിൽ മേൽപ്പാലങ്ങൾ എത്രയെന്നും ഇവയിൽ എത്രയെണ്ണത്തിന്റെ പ്രവൃത്തി ആരംഭിച്ചിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

കഴിഞ്ഞ 5 വർഷം 72 റെയിൽവേ മേൽപ്പാലങ്ങൾക്ക് ആർ.ബി.ഡി.സി.കെ.-യ്ക്കും 27 റെയിൽവേ മേൽപ്പാലങ്ങൾക്ക് കെ.ആർ.ഡി.സി.എൽ.-നും ഭരണാനുമതി നൽകിയിട്ടുണ്ട്. ഇവയിൽ ആർ.ബി.ഡി.സി.കെ. 11 മേൽപ്പാലങ്ങളുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കെ.ആർ.ഡി.സി.എൽ. 5 ആർ.ഒ.ബി.-കളുടെ നിർമ്മാണം തുടങ്ങുവാനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നു.

(ബി) കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷന്റെ സെമി ഹൈസ്പീഡ് ട്രെയിൻ പദ്ധതി പ്രകാരം കാസർഗോഡ് ജില്ലയിൽ അനുവദിച്ച എത്ര പാലങ്ങളാണ് അലൈൻമെന്റ് പൂർത്തീകരിക്കാത്തതിനാൽ ടെണ്ടർ നടപടി ഉൾപ്പെടെ ആരംഭിക്കാൻ കഴിയാതെ വന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഇവയുടെ അലൈൻമെന്റ് എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

(ബി&സി) കെ.ആർ.ഡി.സി.എൽ. ഏറ്റെടുത്ത് നടത്തുന്ന 1 ആർ.ഒ.ബി.-യും ആർ.ബി.ഡി.സി.കെ-യുടെ 5 ആർ.ഒ.ബി-കളുമാണ് കാസർകോട് ജില്ലയിലെ സിൽവർ ലൈനിന്റെ അലൈൻമെന്റ് പ്രകാരം ബാധിക്കപ്പെടുന്നത്. ജനറൽ അലൈൻമെന്റ് ഡ്രോയിംഗ് (ജി.എ.ഡി) പുതുക്കി അലൈൻമെന്റ് പൂർത്തീകരിക്കുന്നത് ഒരു മാസത്തിനകം കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**മൃഗസംരക്ഷണ പദ്ധതികൾ**

266 (2986) <u>ശ്രീ. ഇ. കെ. വിജയൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ മൃഗസംരക്ഷണത്തിനായി എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

മൃഗസംരക്ഷണത്തിനായി നടപ്പിലാക്കുന്ന പദ്ധതികളും വിശദാംശങ്ങളും ചുവടെ ചേർക്കുന്നു :

1. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ
2. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്
3. മൃഗസംരക്ഷണ സേവനങ്ങൾ വീട്ടുപടിക്കൽ
4. ബീജസങ്കലന സൗകര്യങ്ങൾ വർദ്ധപ്പിക്കൽ
5. പ്രത്യേക കന്നുകുട്ടി പരിപാലന പദ്ധതി
6. ഗോവർദ്ധിനി പദ്ധതി
7. വകുപ്പിന്റെ കീഴിലുള്ള ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും
8. ആധുനികവല്ക്കരണവും ഇ-ഗവേണൻസും
9. ബാക്ക് യാർഡ് പൗൾട്രി ഡെവലപ്മെന്റ് പ്രൊജക്ട്
10. സമഗ്ര കന്നുകാലി ഇൻഷ്വറൻസ് പരിപാടി (ഗോസമൃദ്ധി)
11. താറാവ് കർഷകർക്കുള്ള ഇൻഷ്വറൻസ്
12. മൃഗപരിപാലന വിജ്ഞാപന വ്യാപനം
13. അനിമൽ റിസോഴ്സ് ഡെവലപ്മെന്റ് കേന്ദ്രാവിഷ്കൃത പദ്ധതികൾ
14. മൃഗാരോഗ്യവും രോഗനിയന്ത്രണ പരിപാടികളും (40% സംസ്ഥാന വിഹിതം)
15. ദേശീയ കന്നുകാലി മിഷൻ (40% സംസ്ഥാന വിഹിതം)
16. മൃഗസംരക്ഷണ സ്ഥിതിവിവരക്കണക്കും സാമ്പിൾ സർവ്വേയും (50% സംസ്ഥാന വിഹിതം)
17. ലൈവ്സ്റ്റോക്ക് സെൻസസ് (100% സംസ്ഥാന വിഹിതം) PSUs
18. കേരള സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന് സഹായം (കെ.എസ്.പി.ഡി.സി)
19. കേരള ലൈവ്സ്റ്റോക്ക് ഡെവലപ്മെന്റ് ബോർഡിന് സഹായം (കെ.എൽ.ഡി.ബി)
20. കേരള ഫീഡ്സ് ലിമിറ്റഡിന് സഹായം

21. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന് സഹായം RIDF

22. മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യാ ലിമിറ്റഡിന് സഹായം മൂലധന ശീർഷകം

23. മൃഗചികിത്സാ സേവനങ്ങൾ ശക്തിപ്പെടുത്തൽ

24. ബയോളജിക്കൽ പ്രൊഡക്ഷൻ കോംപ്ലക്സ്

25. ബീജസങ്കലന സൗകര്യം വർദ്ധിപ്പിക്കൽ

26. ഫാമുകളുടെ ശാക്തീകരണം

27. താറാവ് വളർത്തൽ കേന്ദ്രം

28. മൃഗപരിപാലന വിജ്ഞാന വ്യാപനം.

**വളർത്തുമൃഗങ്ങളുടെ പരിപാലനം സംബന്ധിച്ച കേന്ദ്രനിയമം**

267 (2987) ഡോ. എൻ. ജയരാജ്:
ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ:
ശ്രീ. ജോബ് മൈക്കിൾ:
ശ്രീ. പ്രമോദ് നാരായൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വളർത്തുമൃഗങ്ങളുടെ പരിപാലനം സംബന്ധിച്ച കേന്ദ്ര നിയമം കർശനമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കുമോ?

വളർത്തുമൃഗങ്ങളുടെ പരിപാലനവുമായി ബന്ധപ്പെട്ട കേന്ദ്ര സർക്കാരിന്റെ മൃഗങ്ങളോടുള്ള ക്രൂരത തടയൽ നിയമം (Prevention of Cruelty to Animals, 1960) സംസ്ഥാനത്ത് നടപ്പിലാക്കിവരുന്നു. മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന്റെ ഭാഗമായി നിയമനടപടികൾ സ്വീകരിക്കുന്നത് ഈ നിയമപ്രകാരമാണ്. ഇതുമായി ബന്ധപ്പെട്ട നിയമനടപടികൾ പോലീസ് വകുപ്പ് അധികാരികളാണ് സ്വീകരിക്കുന്നത്. പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു.

(ബി) വളർത്തുനായകളുടെ കുത്തിവയ്പിന് കേന്ദ്ര ഗവൺമെന്റിൽനിന്നും സഹായം ലഭിക്കുന്നുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

ഈ ആവശ്യത്തിനായി 2016-17-ൽ 2,70,00,000 (രണ്ട് കോടി എഴുപത് ലക്ഷം രൂപ)കേന്ദ്ര ഫണ്ട് ലഭിച്ചിട്ടുണ്ട്. ഈ തുക ഉപയോഗിച്ച് Rabies free Kerala Vaccination campaign നടത്തിവരുന്നു.

(സി) വളർത്തുനായകളുടെ കുത്തിവയ്പിനായി മൊബൈൽ യൂണിറ്റ് രൂപീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ;

&

(ഡി) കൂടുതൽ മൊബൈൽ യൂണിറ്റുകൾ രൂപീകരിച്ച് തെരുവുനായകൾ ഉൾപ്പെടെയുള്ളവയുടെ കുത്തിവയ്പ് ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

(സി&ഡി) വളർത്തുനായകളുടെ കുത്തിവയ്പിനായി സംസ്ഥാനത്ത് മൊബൈൽ കുത്തിവയ്പ് സംവിധാനം രൂപീകരിച്ചിട്ടില്ല. മൃഗാശുപത്രികളിൽവച്ച് പ്രതിരോധ കുത്തിവയ്പ്പ് നടത്തിവരുന്നു.

**വാമനപുരം മണ്ഡലത്തിലെ മൃഗസംരക്ഷണ ഓഫീസുകൾ**

268 (2988) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ മൃഗസംരക്ഷണ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഏതൊക്കെയെന്ന് പഞ്ചായത്ത് തിരിച്ച് അറിയിക്കാമോ?

| ക്രമ നമ്പർ | പഞ്ചായത്തിന്റെ പേര് | സ്ഥാപനത്തിന്റെ പേര് |
|---|---|---|
| (1) | (2) | (3) |
| 1 | ആനാട് | 1.വെറ്ററിനറി ഡിസ്പെൻസറി, ആനാട്<br>2. വെറ്ററിനറി ഉപകേന്ദ്രം, മൂഴി<br>3. വെറ്ററിനറി ഉപകേന്ദ്രം, വേങ്കവിള |
| 2 | കല്ലറ | 1. വെറ്ററിനറി ഹോസ്പിറ്റൽ, മിതൃമല<br>2. വെറ്ററിനറി ഉപകേന്ദ്രം, പരപ്പിൽ<br>3. വെറ്ററിനറി ഉപകേന്ദ്രം, കൊടിതൂക്കിയകുന്ന് |

| (1) | (2) | (3) |
|---|---|---|
| 3 | നന്ദിയോട് | 1. വെറ്ററിനറി ഡിസ്പെൻസറി, പാലോട്<br>2. വെറ്ററിനറി ഉപകേന്ദ്രം, നന്ദിയോട്<br>3. വെറ്ററിനറി ഉപകേന്ദ്രം, പേരയം |
| 4 | നെല്ലനാട് | 1. വെറ്ററിനറി ഹോസ്പിറ്റൽ, വാമനപുരം<br>2. വെറ്ററിനറി ഉപകേന്ദ്രം, പാലത്തറ |
| 5 | പനവൂർ | 1. വെറ്ററിനറി ഡിസ്പെൻസറി, ആട്ടുകാൽ<br>2. വെറ്ററിനറി ഉപകേന്ദ്രം, ആട്ടുകാൽ<br>3. വെറ്ററിനറി ഉപകേന്ദ്രം, പനവൂർ |
| 6 | പാങ്ങോട് | 1. വെറ്ററിനറി ഡിസ്പെൻസറി, പാങ്ങോട്<br>2. വെറ്ററിനറി ഉപകേന്ദ്രം, ഭരതന്നൂർ<br>3. വെറ്ററിനറി ഉപകേന്ദ്രം, പഴവിള |

| (1) | (2) | (3) |
|---|---|---|
| 7 | പെരിങ്ങമല | 1. വെറ്ററിനറി ഡിസ്പെൻസറി, പെരിങ്ങമല<br>2. വെറ്ററിനറി ഉപകേന്ദ്രം, തെന്നൂർ |
| 8 | പുല്ലമ്പാറ | 1. വെറ്ററിനറി ഡിസ്പെൻസറി, പുല്ലമ്പാറ<br>2. വെറ്ററിനറി ഉപകേന്ദ്രം, തേമ്പാമൂട് |
| 9 | വാമനപുരം | 1. വെറ്ററിനറി ഡിസ്പെൻസറി, കളമച്ചൽ<br>2. വെറ്ററിനറി ഉപകേന്ദ്രം, കുറ്റിമൂട്<br>3. വെറ്ററിനറി ഉപകേന്ദ്രം, പൂവത്തൂർ |

**ആട് കർഷകസംഘങ്ങൾ**

269 (2989) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊടകര മോഡലിൽ ആട് കർഷകസംഘങ്ങൾ തൃശ്ശൂർ ജില്ലയിലെ എല്ലാ മണ്ഡലങ്ങളിലും ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

സെൻട്രൽ സെക്ടർ സ്കീം പ്രകാരം 10000 ഫാർമർ പ്രൊഡ്യൂസേഴ്സ് ഓർഗനൈസേഷൻ ആരംഭിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ജില്ലാതല മോണിറ്ററിംഗ് കമ്മിറ്റി നബാർഡിന്റെ മേൽനോട്ടത്തിൽ ജില്ലയിലെ എല്ലാ മണ്ഡലങ്ങളിലും ആരംഭിക്കുകയും ആയതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തിട്ടുണ്ട്.

(ബി) ജനകീയാസൂത്രണ പദ്ധതിപ്രകാരം ആട് കർഷകർക്ക് ആവശ്യമായ ആടുകളെ ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. ജില്ലയിൽ ഈ വർഷം സംസ്ഥാന ആവിഷ്കൃത പദ്ധതിയുടെ ഭാഗമായി 20 വ്യാവസായിക ആട് വളർത്തൽ യൂണിറ്റുകൾ ആരംഭിക്കുന്നതിന് ഫണ്ട് ലഭിച്ചിട്ടുണ്ട്, പദ്ധതി നടപ്പിലാക്കുന്നതിന്റെ പ്രാരംഭ നടപടിയായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**ക്ഷീരകർഷകർ നേരിടുന്ന പ്രതിസന്ധി**

270 (2990) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. പി. ജെ. ജോസഫ്:
ശ്രീ. മാണി സി. കാപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലോക്ക്ഡൗൺ കാരണം പാലിന്റെ ഉപഭോഗം കുറഞ്ഞുവരുന്നതിനാൽ ക്ഷീരകർഷകർ വളരെയേറെ കഷ്ടപ്പെടുന്ന സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദീകരിക്കാമോ?

ഉണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ഹോട്ടലുകളും മറ്റ് വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതിന് നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുള്ള സാഹചര്യത്തിൽ പാലിന്റെ വില്പന കുറഞ്ഞിട്ടുണ്ട്. ക്ഷീരകർഷകർ ലഭ്യമാക്കുന്ന മുഴുവൻ പാലും ക്ഷീരസംഘങ്ങൾവഴി സംഭരിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ ക്ഷീര സംഘങ്ങളിൽ നിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400 രൂപ എന്ന നിരക്കിൽ ധനസഹായം നൽകിവരുന്നുണ്ട്.

(ബി) കാലിത്തീറ്റയുടെ ക്രമാതീതമായ വിലക്കയറ്റവും പാലിന് അർഹമായ വില കിട്ടാത്തതും ക്ഷീരകർഷകരെ പ്രതിസന്ധിയിലാക്കിയിരിക്കുന്നതിനാൽ സബ്സിഡി നിരക്കിൽ കാലിത്തീറ്റ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ?

പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്ന വിധം നടപ്പിലാക്കിവരുന്നു. കൂടാതെ ക്ഷീര സംഘങ്ങളിൽ പാലളക്കുന്ന ക്ഷീര കർഷകർക്ക് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന കാലിത്തീറ്റ സബ്സിഡിയും നൽകിവരുന്നു.

(സി) കാലിത്തീറ്റയുടെയും കോഴിത്തീറ്റയുടെയും ക്രമാതീതമായ വില വർദ്ധനവ് നിയന്ത്രിക്കുവാൻ എന്ത് നടപടി സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുവെന്ന് വ്യക്തമാക്കാമോ?

കേരളത്തിൽ പാലുല്പാദനത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും സമീകൃത കാലിത്തീറ്റയെ ആശ്രയിച്ചുകൊണ്ടുള്ള പാലുല്പാദനം വളരെ ചെലവേറിയതാണ്. ഇത് കർഷകർക്ക് നഷ്ടമുണ്ടാക്കുന്നു. ഇതിനെ മറികടക്കുകയെന്ന ലക്ഷ്യത്തോടെ ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം തീറ്റപ്പുൽകൃഷി പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ട് കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതനപദ്ധതിയും പുരോഗമിച്ചുവരുന്നു.

(ഡി) പാലുല്പാദനം ഗണ്യമായി വർദ്ധിക്കുന്ന സാഹചര്യമുണ്ടായാൽ അനുബന്ധ ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള യൂണിറ്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിക്കുമോ; ഇതുസംബന്ധിച്ചുള്ള നയം വ്യക്തമാക്കാമോ; ക്ഷീരകർഷകർ കോവിഡ് കാലഘട്ടത്തിൽ നേരിടുന്ന പ്രതിസന്ധിക്ക് പരിഹാരം കണ്ടെത്താൻ നടപടി സ്വീകരിക്കുമോ?

പാലുല്പാദനം ഗണ്യമായി വർദ്ധിച്ചിട്ടുള്ള നിലവിലെ സാഹചര്യത്തിൽ എല്ലാ മിൽമ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചുവരുന്നു. സംസ്ഥാനത്തിനകത്ത് പാൽപ്പൊടി നിർമ്മിക്കുന്നതിന്റെ ഭാഗമായി മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് കേന്ദ്രമാക്കി ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കൂടാതെ മാർച്ച് 1 മുതൽ 20 വരെ ക്ഷീരസംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം നൽകിയിട്ടുണ്ട്. (കുറഞ്ഞത് 250 രൂപ പരമാവധി 1,000 രൂപ).

## കാലിത്തീറ്റയുടെ വില വർദ്ധനവ്

271 (2991) <u>ശ്രീ. ടി. സിദ്ദീഖ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലിത്തീറ്റയുടെ വില വർദ്ധനവ് കർഷകരെ പ്രതികൂലമായി ബാധിക്കുന്നു എന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) കാലിത്തീറ്റയുടെ വില വർദ്ധനവ് തടയുന്നതിനായി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) കാലിത്തീറ്റ ഉത്പാദനത്തിനാവശ്യമായ അസംസ്കൃത വസ്തുക്കളെല്ലാം തന്നെ അന്യസംസ്ഥാനങ്ങളിൽനിന്നും ലഭ്യമാക്കുന്നവയാണ്. അസംസ്കൃത വസ്തുക്കളുടെ വിലയനുസരിച്ചാണ് കാലിത്തീറ്റ ഉല്പാദന ചെലവിലും വിലയിലും മാറ്റം വരുന്നത്. കോവിഡ് മഹാമാരിയുടെ അതിവ്യാപനവും ഡീസൽ വിലയിലുണ്ടായ വർദ്ധനവും ഉൽപാദന മേഖലയിലുണ്ടായിട്ടുള്ള പ്രതികൂല കാലാവസ്ഥയും അസംസ്കൃത പദാർത്ഥങ്ങളുടെ വിലയിൽ ഗണ്യമായ വർദ്ധനവുണ്ടാക്കിയിട്ടുണ്ട്. എന്നിരുന്നാലും അസംസ്കൃത പദാർത്ഥങ്ങളുടെ വിലവർദ്ധനവിനാനുപാതികമായി വില വർദ്ധിപ്പിക്കാതെയാണ് കേരള ഫീഡ്സ് ലിമിറ്റഡ്, മിൽമ എന്നിവർ കാലിത്തീറ്റ വിതരണം ചെയ്യുന്നത്. കൂടാതെ 2019-ലെ കാലിത്തീറ്റ വിലയാണ് ഇപ്പോഴും നിലവിലുള്ളത്. മിൽമ കഴിഞ്ഞ വർഷം നൽകിവന്നിരുന്ന ഡിസ്കൗണ്ടുകൾ പിൻവലിച്ചിട്ടുണ്ട്. കാലിത്തീറ്റ ഉത്പാദിപ്പിക്കുന്നതിനാവശ്യമായ അസംസ്കൃത പദാർത്ഥങ്ങളുടെ വില നിയന്ത്രിക്കുന്നതിന്റെ ഭാഗമായി കേരളത്തിലെ വിവിധ പഞ്ചായത്തുകളുമായി ചേർന്ന് ചില അസംസ്കൃത പദാർത്ഥങ്ങളുടെ ഉൽപ്പാദനം നടത്താൻ കേരള ഫീഡ്സ് നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) പൂർണ്ണമായും സർക്കാരിന്റെ നിയന്ത്രണത്തിലുള്ള ഒരു കാലിത്തീറ്റ ഫാക്ടറി നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

കേരള ഫീഡ്സ് ലിമിറ്റഡ് പൂർണ്ണമായും സർക്കാരിന്റെ ഉടമസ്ഥതയിലുള്ള ഒരു സ്ഥാപനമാണ്. പുതിയ പദ്ധതികളൊന്നും നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

(ഡി) കർഷകർക്ക് സബ്സിഡി നിരക്കിൽ കാലിത്തീറ്റ നൽകുന്നതിനു വേണ്ടി എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

മൃഗസംരംക്ഷണ വകുപ്പും ക്ഷീര വികസന വകുപ്പും തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്ന വിവിധ കാലിത്തീറ്റ പദ്ധതികൾക്ക് അതാത് വകുപ്പുകൾ സബ്സിഡി അനുവദിക്കുന്നുണ്ട്. ഈ പദ്ധതികൾക്ക് ഓർഡർ ലഭിക്കുന്നമുറയ്ക്ക് കേരള ഫീഡ്സ് ലിമിറ്റഡ് കാലിത്തീറ്റ വിതരണം ചെയ്യുന്നുണ്ട്. 2020-21 സാമ്പത്തിക വർഷത്തിൽ കേരള ഫീഡ്സിന് അനുവദിച്ച മാർക്കറ്റ് ഇന്റർവെൻഷൻ ഫണ്ടു പയോഗിച്ച് 58,072 മെട്രിക് ടൺ കാലിത്തീറ്റ സബ്സിഡി ഇനത്തിൽ വിതരണം നടത്തിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ ദുരിതമനുഭവിക്കുന്ന ക്ഷീരകർഷകർക്ക് കർഷക സംഘങ്ങളിൽനിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400 രൂപ സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന കാലിത്തീറ്റയിൽ 1,16,878 ബാഗുകൾ മിൽമവഴി വിതരണം ആരംഭിച്ചിട്ടുണ്ട്.

## വളർത്തുമൃഗങ്ങളോടുള്ള ക്രൂരത തടയാൻ നടപടി

272 (2992) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മൃഗസംരക്ഷണ ബോർഡ് നിലവിലുണ്ടോയെന്ന് വ്യക്തമാക്കാമോ; ഉണ്ടെങ്കിൽ ആയതിന്റെ ഘടന അറിയിക്കാമോ?

സംസ്ഥാനത്ത് 23-3-2018-ലെ GO (Ms) നമ്പർ 8/2018 /AHD പ്രകാരം സ്റ്റേറ്റ് അനിമൽ വെൽഫെയർ ബോർഡ് പ്രവർത്തിച്ചിരുന്നു. ആയതിന്റെ കാലാവധി 22-3-2021-ന് അവസാനിച്ചു. ബോർഡ് പുനഃസംഘടിപ്പിക്കുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) വളർത്തുമൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിന് സംസ്ഥാനത്ത് നിയമങ്ങൾ കർശനമാക്കാൻ നടപടി സ്വീകരിക്കുമോ; മൃഗങ്ങളോട് ക്രൂരത കാണിക്കുന്ന സംഭവത്തിൽ കുറ്റക്കാർക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കാനുള്ള നടപടി കൈക്കൊള്ളുമോ?

മൃഗങ്ങളോടുള്ള ക്രൂരത തടയുന്നതിനുള്ള നിയമ നടപടികൾ സ്വീകരിക്കുന്നത് കേന്ദ്ര സർക്കാർ പുറത്തിറക്കിയ PCA Act 1960 പ്രകാരമാണ്. ആയതുപ്രകാരം പോലീസാണ് നിയമനടപടികൾ സ്വീകരിച്ചുവരുന്നത്. പ്രസ്തുത നിയമം ഭേദഗതി ചെയ്യുന്നതിനുള്ള നടപടികൾ കേന്ദ്ര സർക്കാർ സ്വീകരിച്ചുവരുന്നു.

(സി) മൃഗങ്ങളെ കൊല്ലുന്നത് ശാസ്ത്രീയ മാർഗത്തിലൂടെ നടത്തുന്നതിന് സംസ്ഥാനത്തെ അറവുശാലകൾ ആധുനികവൽക്കരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് അറിയിക്കാമോ?

1996-ലെ കേരള പഞ്ചായത്ത് രാജ് കശാപ്പുശാലകളും ഇറച്ചികടകളും ചട്ടങ്ങൾ പ്രകാരം സംസ്ഥാനത്ത് അറവുശാലകൾ പ്രവർത്തിക്കുന്നത് തദ്ദേശ സ്വയംഭരണ വകുപ്പിന്റെ കീഴിലാണ്. ആയതിനാൽ ടി വിഷയവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ തദ്ദേശസ്വയംഭരണ വകുപ്പിൽ നടന്നുവരുന്നു.

## ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതി

273 (2993) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ആട് വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ നിലവിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. ഗോട്ട് സാറ്റലൈറ്റ് പദ്ധതി - തെരഞ്ഞെടുത്ത പഞ്ചായത്തുകൾവഴി ആട് വളർത്തലിന് സബ്സിഡി സഹായം (50%) മൃഗസംരക്ഷണ വകുപ്പ് വഴി നൽകിവരുന്നു. 5 പെണ്ണാടും ഒരു ആണാടും ഉൾപ്പെടുന്ന ഒരു യൂണിറ്റിന് 25000 രൂപയാണ് ധനസഹായമായി നൽകുന്നത്. 2021-22-ൽ 800 യൂണിറ്റിന് 200 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

2. കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് - ആടു വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി 2018-19 മുതൽ പുതിയ പദ്ധതിയായ അനിമൽ റിസോഴ്സ് ഡെവലപ്മെന്റിന്റെ കീഴിൽ കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് (വ്യാവസായിക അടിസ്ഥാനത്തിൽ ആട് വളർത്തൽ പദ്ധതി) എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 19 പെണ്ണാടും ഒരു ആണാടും അടങ്ങിയ ഒരു യൂണിറ്റിന് 1,00,000 രൂപ വീതം കർഷകന് ധനസഹായം നൽകുന്നു. 2021-22-ൽ 150 യൂണിറ്റിന് 150 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

3. RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതിയിൽ 565 യൂണിറ്റുകൾക്ക് 25000 രൂപ വീതം 1,41,25,000 രൂപ അനുവദിച്ചിട്ടുണ്ട്.

4. നാഷണൽ ലൈവ് സ്റ്റോക്ക് മിഷന്റെ കീഴിൽ കർഷകർക്ക് ജീവനോപാധി നൽകുന്ന പദ്ധതിയായ പിന്നാമ്പുറ ആട് വളർത്തൽ പദ്ധതിക്ക് 2021-22 സാമ്പത്തിക വർഷത്തിൽ ആകെ 396 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഗുണഭോക്താക്കൾക്ക് 10 പെണ്ണാടും ഒരു മുട്ടനാടും അടങ്ങുന്ന യൂണിറ്റ് സ്ഥാപിക്കുന്നതിനാണ് പദ്ധതി മുഖേന ധനസഹായം നൽകുന്നത്.

(ബി) പ്രസ്തുത പദ്ധതിക്കായി ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്ന രീതിയും മാനദണ്ഡങ്ങളും സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ലഭ്യമാക്കാം.

1. <u>ഗോട്ട് സാറ്റലൈറ്റ് പദ്ധതി</u> :

പഞ്ചായത്ത് തലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. APL, BPL വിഭാഗങ്ങളിൽനിന്നും 30% സ്ത്രീകൾ 10% SC/ST എന്നിവർ ഗുണഭോക്താക്കളായിരിക്കും. നിലവിൽ ആട്

വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പുതിയ യൂണിറ്റിന് അപേക്ഷിക്കാം. പഞ്ചായത്ത് പ്രസിഡന്റ് ചെയർമാനായ പർച്ചേയ്സ് കമ്മിറ്റിയിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗുണഭോക്താക്കളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 2 പേർ എന്നിവരടങ്ങുന്നു.

2. കൊമേഴ്സ്യൽ ഗോട്ടറി യൂണിറ്റ് -

Deputy Director ചെയർമാനായിട്ടുള്ള സ്ക്രീനിംഗ് കമ്മിറ്റിയിൽ APOs/ ജില്ല മൃഗസംരക്ഷണ ഓഫീസർ നിയോഗിക്കുന്ന ഓഫീസർമാർ അംഗങ്ങളായിരിക്കും. വ്യാവസായിക ആട് വളർത്തലിൽ ട്രെയിനിംഗ് നേടിയിട്ടുള്ള കർഷക രജിസ്ട്രേഷൻ നടത്തിയിട്ടുള്ള, 50 സെന്റ് വസ്തു സ്വന്തമായോ പാട്ടത്തിനോ ഉള്ളവർക്കാണ് മുൻഗണന. ചീഫ് വെറ്ററിനറി ഓഫീസർ ചെയർമാനായ പർച്ചേസ് കമ്മിറ്റിയിൽ ഇംപ്ലിമെന്റിംഗ് ഓഫീസർ, വികസന കാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഗുണഭോക്താക്കളിൽനിന്നും തെരഞ്ഞെടുക്കപ്പെട്ട 2 പേർ എന്നിവർ അടങ്ങുന്നു.

3. RKI പദ്ധതിയിൽ ഉൾപ്പെട്ട ആട് വളർത്തൽ പദ്ധതി -

2018-ലെ പ്രളയത്തിൽ നഷ്ടം സംഭവിച്ച് ആനുകൂല്യം ലഭിച്ചവർക്കാണ് മുൻഗണന. പഞ്ചായത്ത് തലത്തിലാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്.

4. National Livestock Mission-ന്റെ ഭാഗമായി നടപ്പിലാക്കുന്ന ആട് വളർത്തൽ പദ്ധതി -

പഞ്ചായത്ത്തലത്തിൽ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നു. പഞ്ചായത്ത് പ്രസിഡന്റ്, സ്റ്റാന്റിംഗ് കമ്മിറ്റി ചെയർമാൻ, ഇംപ്ലിമെന്റിംഗ് ഓഫീസർ എന്നിവരടങ്ങുന്ന സെലക്ഷൻ കമ്മിറ്റിയാണ് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നത്. APL, BPL വിഭാഗങ്ങളിൽനിന്നും 30% സ്ത്രീകൾ ഗുണഭോക്താക്കളായിരിക്കും. നിലവിൽ ആട് വളർത്തലിൽ ഏർപ്പെട്ടിരിക്കുന്നവർക്കും പുതിയ യൂണിറ്റിന് അപേക്ഷിക്കാം. BPL, ചെറുകിട കർഷകർക്കാണ് മുൻഗണന. പഞ്ചായത്ത് ലെവൽ പർച്ചേസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ ഉരുക്കളെ തെരഞ്ഞെടുക്കുന്നു.

**ഇറച്ചിക്കോഴി വില നിയന്ത്രണം**

274 (2994) ശ്രീ. പി. അബ്ദുൽ ഹമീദ് .: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇറച്ചിക്കോഴി വില നിയന്ത്രിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ?

'കേരള ചിക്കൻ' പദ്ധതി നടപ്പിലാക്കുന്നതുവഴി ഇറച്ചിക്കോഴി വളർത്തൽ മേഖലയിൽ സർക്കാർ ശക്തമായി ഇടപെടുകയും കർഷകർക്ക് നല്ല വരുമാനമാർഗ്ഗവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉറപ്പാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും കോഴിയിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരവും കോൺട്രാക്ട് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്കോ ചെയ്യുന്നത്. കെപ്കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്ട് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40-45 ദിവസംവരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസസ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്കോയുടെ വിപണന ഏജൻസികൾ മുഖാന്തരം ഉപഭോക്താക്കൾക്ക് നൽകുന്നു. പൊതുകമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240-250 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ കെപ്കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരം, കോൺട്രാക്ട് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കി ഉത്പാദനം വർദ്ധിപ്പിച്ച് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാനുള്ള ശ്രമവും കെപ്കോ നടത്തിവരുന്നുണ്ട്.

(ബി) മിതമായ വിലയിൽ ഗുണനിലവാരമുള്ള ഇറച്ചിക്കോഴികൾ വിതരണം ചെയ്യുന്നതിന് സർക്കാർ ഏജൻസികളെ ഏതുരീതിയിൽ പ്രാപ്തരാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി ഉദ്ദേശിക്കുന്ന കേരള ചിക്കൻ പദ്ധതിയിൽ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ, കേരള സ്റ്റേറ്റ് പൗൾട്രി ഡെവലപ്മെന്റ് കോർപ്പറേഷൻ, കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളെ ഉൾപ്പെടുത്തിയിട്ടുണ്ട്. ആയതുപ്രകാരം കുടുംബശ്രീക്ക് 1600 ബ്രോയിലർ ഫാമുകൾക്കും KSPDC-ക്ക് 200 ബ്രോയിലർ ഫാമുകൾക്കും 50,000 രൂപ വീതവും കുടുംബശ്രീക്ക് 240 വിപണന കേന്ദ്രങ്ങൾക്ക് 25,000 രൂപവീതവും ഫണ്ട് കേരള ചിക്കൻ പദ്ധതിയിൽ വകയിരുത്തിയിട്ടുണ്ട്. ഇതിനു പുറമേ KSPDC-യുടെ കീഴിൽ തിരുവനന്തപുരം ജില്ലയിൽ കുടപ്പനക്കുന്നിൽ പ്രവർത്തിക്കുന്ന ഏക സർക്കാർ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽനിന്നും മേൽത്തരം ഇറച്ചിക്കോഴി വർഗ്ഗമായ വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്തുവരുന്നു. ഇപ്പോൾ വർഷം 12 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിക്കുന്ന സ്ഥാനത്ത് പുതിയ ഷെഡ്ഡുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നതോടെ പ്രതിവർഷം 20 ലക്ഷം ഇറച്ചിക്കോഴി ക്കുഞ്ഞുങ്ങളെ ഉത്പാദിപ്പിച്ച് വിതരണം ചെയ്യുവാനും ലക്ഷ്യമിടുന്നു.

## ഉത്സവ സീസണിൽ ഇറച്ചിക്കോഴികളുടെ വിലവർദ്ധനവ്

275 (2995) ശ്രീ. നജീബ് കാന്തപുരം:

ശ്രീ. കുറുക്കോളി മൊയ്തീൻ:

ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നടപ്പ് ഉത്സവ സീസണിലെ ഇറച്ചിക്കോഴികളുടെ വില വർദ്ധനവ് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത വിലവർദ്ധനവ് നിയന്ത്രിക്കുന്നതിനും പൊതുവിപണിയിൽ ഇടപെടുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കുമോ?

'കേരള ചിക്കൻ' പദ്ധതി നടപ്പിലാക്കുന്നതുവഴി ഇറച്ചിക്കോഴി വളർത്തൽ മേഖലയിൽ സർക്കാർ ശക്തമായി ഇടപെടുകയും കർഷകർക്ക് നല്ല വരുമാന മാർഗ്ഗവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉറപ്പാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും കോഴി യിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാസ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരവും കോൺട്രാക്റ്റ് ഫാമിംഗിലൂടെയും ഇറച്ചി ക്കോഴികളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്കോ ചെയ്യുന്നത്. കെപ്കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്ട് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40-45 ദിവസം വരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസസ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്കോയുടെ വിപണന ഏജൻസികൾ മുഖാന്തരം ഉപഭോ ക്താക്കൾക്ക് നൽകുന്നു. പൊതുകമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240-250 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ കെപ്കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോ ക്താക്കൾക്ക് ലഭ്യമാക്കുന്നു. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരം കോൺട്രാക്ട് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കി ഉത്പാദനം വർദ്ധിപ്പിച്ച് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കുവാനുള്ള ശ്രമവും കെപ്കോ നടത്തിവരുന്നുണ്ട്.

(സി) സർക്കാർ നിയന്ത്രണത്തിൽ ഇറച്ചിക്കോഴികളെ വളർത്തി പൊതു വിപണിയിൽ എത്തിക്കുന്നതിനായി പുതിയ പദ്ധതി ആവിഷ്കരിക്കുന്നതിന് തയ്യാറാകുമോ എന്നറിയിക്കുമോ?

സർക്കാർ സംരംഭമായ കെപ്കോ മേൽത്തരം ഇനത്തിൽപ്പെട്ട വെൻകോബ് 400 ഇനത്തിൽപ്പെട്ട കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് കർഷകർക്ക് മിതമായ നിരക്കിൽ വിതരണം ചെയ്തുവരുന്നു. ഇപ്പോൾ വർഷത്തിൽ 12 ലക്ഷം ഇറച്ചി ക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിക്കുന്ന സ്ഥാനത്ത് പുതിയ ഷെഡ്ഡുകളുടെ നിർമ്മാണം പൂർത്തിയാക്കുന്നമുറയ്ക്ക് അടുത്ത വർഷം മുതൽ 20 ലക്ഷം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ ഉൽപ്പാദിപ്പിച്ച് വിതരണം ചെയ്യുവാൻ ലക്ഷ്യമിടുന്നു. കൂടാതെ, കെ.എസ്.പി.ഡി.സി, എം.പി.ഐ, കുടുംബശ്രീ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ ഏജൻസികളെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയ്ക്ക് പൊതുജനങ്ങളിലെത്തിക്കുകയെന്ന ഉദ്ദേശ്യത്തോടുകൂടി 'കേരള ചിക്കൻ' പദ്ധതിയും ആവിഷ്കരിച്ചിട്ടുണ്ട്.

**സംസ്ഥാനത്ത് മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പദ്ധതികൾ**

276 (2996) ശ്രീ. വി. ജോയി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് മുട്ടക്കോഴി/ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി എന്തെല്ലാം പദ്ധതികളാണ് നിലവിലുള്ളതെന്ന് വ്യക്തമാക്കാമോ?

മുട്ടക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി ജനകീയാസൂത്രണ പദ്ധതിവഴി ഒരു ഗുണഭോക്താവിന് 25 കോഴിക്കുഞ്ഞുങ്ങൾവരെ സൗജന്യ നിരക്കിൽ നൽകുന്നുണ്ട്. സംസ്ഥാനത്ത് മുട്ടക്കോഴി വളർത്തുന്നതിലേക്കായി സ്കൂൾ വിദ്യാർത്ഥികൾക്ക് 5 മുട്ടക്കോഴികളെ വീതം നൽകിക്കൊണ്ട് സ്കൂൾ പൗൾട്രി ക്ലബ് എന്ന പേരിൽ സംസ്ഥാനത്തുടനീളം മൃഗസംരക്ഷണ വകുപ്പ് പദ്ധതി നടപ്പാക്കിവരുന്നു. ഇതിനായി നടപ്പുവർഷം 3 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നേരിട്ട് പദ്ധതികളൊന്നും തന്നെ നടപ്പാക്കുന്നില്ല. എന്നാൽ വകുപ്പിന്റെ പൊതുമേഖലാ സ്ഥാപനമായ KSPDC, കോൺട്രാക്ട് ഫാമിംഗ് സമ്പ്രദായത്തിലൂടെ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പാക്കിവരുന്നു. ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിനായി മൃഗസംരക്ഷണ വകുപ്പ് നോഡൽ ഏജൻസിയായി കേരള പൗൾട്രി കോർപ്പറേഷൻ, കുടുംബശ്രീ, മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ, ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റി എന്നീ സ്ഥാപനങ്ങളെ സംയോജിപ്പിച്ചുകൊണ്ട് ചെറുകിട ബ്രോയിലർ ഫാം നടത്തുന്ന കർഷകരെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയ്ക്ക് നൽകുവാനുള്ള ഉദ്ദേശത്തോടുകൂടി കേരളചിക്കൻ പദ്ധതി സർക്കാർ നടപ്പിലാക്കിവരുന്നു.

(ബി) ഇതിൽ ഏർപ്പെടുന്ന കർഷകർക്ക് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നതെന്ന് വ്യക്തമാക്കാമോ?

കോഴി വളർത്തലിൽ ഏർപ്പെടുന്ന കർഷകർക്ക് എല്ലാ സാങ്കേതിക സഹായങ്ങളും മാർഗ്ഗനിർദ്ദേശങ്ങളും മൃഗസംരക്ഷണ വകുപ്പിന്റെ സ്ഥാപനങ്ങൾ മുഖേന നൽകി വരുന്നു.

**താറാവ് കർഷകർക്ക് നഷ്ടപരിഹാരം**

277 (2997) ശ്രീ. തോമസ് കെ. തോമസ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പക്ഷിപ്പനി ബാധിച്ച് താറാവുകൾ നഷ്ടപ്പെടുന്ന കർഷകർക്ക് മതിയായ നഷ്ട പരിഹാരം നൽകുന്നതിനും നല്ല ഇനം നാടൻ താറാവ് കുഞ്ഞുങ്ങളെ നൽകുന്നതിനും എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ; വിശദാംശം ലഭ്യമാക്കാമോ?

പക്ഷിപ്പനിമൂലം മരണപ്പെട്ട പക്ഷികളുടെയും കള്ളിംഗ് നടപടിമൂലം നശിപ്പിച്ച പക്ഷികളുടെയും ഉടമസ്ഥർക്ക് നഷ്ടപരിഹാരം നൽകുന്നതിന് സ.ഉ(സാധാ)നമ്പർ 9/2021/എ.എച്ച്.ഡി. പ്രകാരം ഉത്തരവായിരുന്നു. പക്ഷിപ്പനിയുമായി ബന്ധപ്പെട്ട് മരണപ്പെട്ടവയ്ക്കും കൾ ചെയ്ത പക്ഷികൾക്കും രണ്ടുമാസത്തിലധികം പ്രായമായ പക്ഷി ഒന്നിന് 200 രൂപ, രണ്ട് മാസത്തിൽ താഴെയുള്ള പക്ഷി ഒന്നിന് 100 രൂപ എന്ന നിരക്കിലും നശിപ്പിച്ച മുട്ട ഒന്നിന് 5 രൂപ നിരക്കിലും നഷ്ടപരിഹാരം നൽകുന്നതിന് ഉത്തരവ് നൽകിയിരുന്നു. രോഗപ്രതിരോധം, നഷ്ടപരിഹാരം എന്നീ ഇനത്തിൽ ആവശ്യമായ മൃഗസംരക്ഷണ വകുപ്പിന്റെ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ കോർപ്പസ് ഫണ്ടിൽനിന്നും ചെലവഴിക്കുന്നതിന് 8-1-2021-ന് ഉത്തരവ് നൽകി. നിലവിൽ ഈ ഇനത്തിൽ കർഷകർക്ക് നൽകാനുള്ള നഷ്ടപരിഹാരം പൂർണ്ണമായും വിതരണം ചെയ്തിട്ടുണ്ട്. സംസ്ഥാന പദ്ധതി ഇനത്തിൽ ഫാമുകളുടെ സംരക്ഷണവും ശക്തിപ്പെടുത്തലും എന്ന പദ്ധതിയുടെ കീഴിൽ ഉത്പാദന രീതിയിലുള്ള പരിപാടികൾ എന്ന ഘടകത്തിൽ ഉൾപ്പെടുത്തി താറാവ് വളർത്തൽ പദ്ധതിക്ക് 49 ലക്ഷം രൂപയ്ക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഒരു ഗുണഭോക്താവിന് 10 താറാവ് കുഞ്ഞുങ്ങളെ വളർത്താനായി നൽകുന്നതാണ് പദ്ധതി. ഒരു ഗുണഭോക്താവിന് 1200 രൂപയുടെ സഹായം ലഭിക്കും. കൂടാതെ RKI പദ്ധതിയിലും നടപ്പു സാമ്പത്തിക വർഷം ഇതേ മാതൃകയിൽ താറാവ് വളർത്തൽ പദ്ധതി നടപ്പിലാക്കുന്നുണ്ട്. ഇതിനായി 31.908 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

## ഇറച്ചിക്കോഴിയുടെ വില നിയന്ത്രണം

278 (2998) ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. പി. ഉബൈദുള്ള:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിപണിയിൽ ഇറച്ചിക്കോഴിയുടെ വില ക്രമാതീതമായി വർദ്ധിച്ചു വരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) വിപണിയിൽ ഇടപെട്ട് ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ?

'കേരള ചിക്കൻ' പദ്ധതി നടപ്പിലാക്കുന്നതുവഴി ഇറച്ചിക്കോഴി വളർത്തൽ മേഖലയിൽ സർക്കാർ ശക്തമായി ഇടപെടുകയും കർഷകർക്ക് നല്ല വരുമാനമാർഗ്ഗവും ഉപഭോക്താക്കൾക്ക് ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയിൽ ഉറപ്പാക്കാനും ലക്ഷ്യമിടുന്നു. കൂടാതെ സംസ്ഥാനത്ത് ഇറച്ചിക്കോഴിയുടെയും കോഴിയിറച്ചിയുടെയും വില നിയന്ത്രിക്കുന്നതിന് സർക്കാർ പൊതുമേഖലാ സ്ഥാപനമായ സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷൻ ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരവും കോൺട്രാക്ട് ഫാമിംഗിലൂടെയും ഇറച്ചിക്കോഴികളുടെ ആഭ്യന്തര ഉത്പാദനം വർദ്ധിപ്പിക്കുകയാണ് കെപ്കോ ചെയ്യുന്നത്. കെപ്കോയുടെ അധീനതയിലുള്ള തിരുവനന്തപുരം കുടപ്പനക്കുന്നിലെ ഇറച്ചിക്കോഴി പ്രജനന കേന്ദ്രത്തിൽ ഉൽപ്പാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ കോൺട്രാക്ട് യൂണിറ്റുകൾക്കും ആവശ്യക്കാരായ മറ്റ് കർഷകർക്കും മിതമായ നിരക്കിൽ നൽകി 40-45 ദിവസംവരെ പ്രായമാകുമ്പോൾ തിരിച്ചെടുത്ത് കെപ്കോയുടെ പ്ലാന്റിൽ പ്രോസ്സസ് ചെയ്ത് കോഴിയിറച്ചിയാക്കി കെപ്കോയുടെ വിപണന ഏജൻസികൾ മുഖാന്തരം ഉപഭോക്താക്കൾക്ക് നൽകുന്നു. പൊതുകമ്പോളത്തിൽ കോഴിയിറച്ചി കിലോയ്ക്ക് 240-250 രൂപ വിലയ്ക്ക് വിൽക്കുമ്പോൾ കെപ്കോ കോഴിയിറച്ചി കിലോയ്ക്ക് 200 രൂപയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നു. കുടുംബശ്രീ യൂണിറ്റുകളിലൂടെയും കോൺട്രാക്ട് ഫാമിംഗ് സംസ്ഥാനത്ത് വ്യാപകമാക്കിയും ഉത്പാദനം വർദ്ധിപ്പിച്ചും ഇറച്ചിക്കോഴിയുടെ വില നിയന്ത്രിക്കാനുള്ള ശ്രമവും കെപ്കോ നടത്തിവരുന്നുണ്ട്.

(സി) ഇറച്ചിക്കോഴി വളർത്തൽ പ്രോത്സാഹിപ്പിക്കുന്നതിന് കുടുംബശ്രീ യൂണിറ്റുകളുടെ സേവനം പ്രയോജനപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നല്കുമോ?

'കുടുംബശ്രീ'-യെ ഉൾപ്പെടുത്തി ഗുണനിലവാരമുള്ള കോഴിയിറച്ചി മിതമായ വിലയ്ക്ക് ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടിയാണ് 'കേരള ചിക്കൻ പദ്ധതി' സർക്കാർ ആവിഷ്കരിച്ചിരിക്കുന്നത്. ഈ പദ്ധതിപ്രകാരം കുടുംബശ്രീക്ക് 1600 ബ്രോയിലർ ഫാമുകൾക്ക് പരമാവധി 50,000 രൂപ വീതവും 240 വിപണന കേന്ദ്രങ്ങൾക്ക് 25,000 രൂപ വീതവും വകയിരുത്തിയിട്ടുണ്ട്. ഇതുകൂടാതെ സർക്കാർ സ്ഥാപനമായ കെ.എസ്.പി.ഡി.സി.-യുടെ ഉടമസ്ഥതയിലുള്ള ബ്രോയിലർ ബ്രീഡർ ഫാമിൽ ഉത്പാദിപ്പിക്കുന്ന വെൻകോബ് 400 ഇനത്തിൽപ്പെട്ട ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ മിതമായ നിരക്കിൽ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്യുന്നു. കോഴികൾക്ക് 45 ദിവസത്തെ വളർച്ചയെത്തുമ്പോൾ ന്യായമായ വില നൽകി കെപ്കോതന്നെ തിരിച്ചെടുക്കുകയും ചെയ്യുന്നു. ഇരുപത്തിയേഴ് കുടുംബശ്രീ യൂണിറ്റുകൾ ഇപ്രകാരം കെപ്കോ-കുടുംബശ്രീ ഇറച്ചിക്കോഴി വളർത്തൽ പദ്ധതിപ്രകാരം കോഴി വളർത്തൽ നടത്തുന്നു. കഴിഞ്ഞ സാമ്പത്തിക വർഷം ഒരു ലക്ഷത്തി പതിനായിരത്തോളം ഇറച്ചിക്കോഴിക്കുഞ്ഞുങ്ങളെ കുടുംബശ്രീ യൂണിറ്റുകൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

## സഞ്ചരിക്കുന്ന മൃഗാശുപത്രികൾ

279 (2999) ശ്രീ. കെ. എം. സച്ചിൻദേവ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഞ്ചരിക്കുന്ന മൃഗാശുപത്രികൾ ഏതെല്ലാം തരത്തിലുള്ള സേവനങ്ങളാണ് ഇപ്പോൾ കർഷകർക്ക് ലഭ്യമാക്കിക്കൊണ്ടിരിക്കുന്നതെന്ന് അറിയിക്കാമോ?

വകുപ്പിനുകീഴിൽ കൊല്ലം ജില്ലയിൽ ഒരു മൊബൈൽ ടെലി വെറ്ററിനറി യൂണിറ്റ് പ്രവർത്തിച്ചുവരുന്നു. കർഷകർക്ക് വീട്ടുപടിക്കൽ ചികിത്സ നൽകുന്നതിനായി ആവശ്യമായ മരുന്നുകളും ultra sound scanner, mobile X-ray unit, Animal Lifting device എന്നീ സൗകര്യങ്ങളും ഈ യൂണിറ്റിലുണ്ട്. രാവിലെ 8 മണി മുതൽ രാത്രി 8 മണി വരെയാണ് ഈ യൂണിറ്റ് പ്രവർത്തിക്കുന്നത്. ഇതിനായി 2 വെറ്ററിനറി സർജൻമാർ, 2 ഡ്രൈവർമാർ, 2 അറ്റന്റന്റ്മാർ, ഒരു X-Ray technician എന്നിവരെ കരാർ അടിസ്ഥാനത്തിൽ നിയമിച്ചിട്ടുണ്ട്. ഇതിനുപുറമെ തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ, കോട്ടയം, ഇടുക്കി, എറണാകുളം, കോഴിക്കോട്, പാലക്കാട്, കണ്ണൂർ ജില്ലകളിൽ ജില്ലാ വെറ്ററിനറി കേന്ദ്രത്തോടുചേർന്ന് മൊബൈൽ മൃഗാശുപത്രികൾ

പ്രവർത്തിച്ചുവരുന്നു. ഇവ കൂടാതെ എറണാകുളം, ഇടുക്കി, കോട്ടയം, വയനാട്, പാലക്കാട്, കണ്ണൂർ എന്നീ ജില്ലകളിൽ മൊബൈൽ ഫാം എയ്ഡ് യൂണിറ്റുകളും പ്രവർത്തിക്കുന്നുണ്ട്. ക്ഷീരസംഘങ്ങളുടെ സഹായത്തോടെ ചികിത്സാ ക്യാമ്പുകൾ നടത്തുക, യാത്ര സൗകര്യം കുറവായ പ്രദേശങ്ങളിലെ കർഷകരെ സഹായിക്കുന്നതിനായി ക്യാമ്പ് ഡിസ്പെൻസറികൾ സംഘടിപ്പിക്കുക, കർഷകർക്കാവശ്യമായ ബോധവത്കരണ ക്യാമ്പുകൾ, വാക്സിനേഷൻ ക്യാമ്പുകൾ എന്നിവയും ഈ സ്ഥാപനങ്ങൾവഴി നടപ്പാക്കുന്നു. ആലപ്പുഴ ജില്ലയിലെ ഭൂപ്രകൃതി കണക്കിലെടുത്ത് മൃഗാശുപത്രിയുടെ സേവനം എല്ലാ കർഷകർക്കും ലഭ്യമാക്കണമെന്ന ഉദ്ദേശ്യത്തോടെ ഒരു സഞ്ചരിക്കുന്ന മോട്ടോർ ബോട്ട് വെറ്ററിനറി ഹോസ്പിറ്റലും പ്രവർത്തിക്കുന്നു.

(ബി) ഓരോ ബ്ലോക്ക് കേന്ദ്രങ്ങളിലും ബ്ലോക്ക് പഞ്ചായത്തിന്റെ സഹായത്തോടെ 24 മണിക്കൂറും പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന മൃഗാശുപത്രി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ?

വകുപ്പിന്റെ കീഴിൽ RKI പദ്ധതി പ്രകാരം കണ്ണൂർ, എറണാകുളം ജില്ലകളിൽ ഫോഴ്സ് ട്രാവലർ ആംബുലൻസിൽ 2 ടെലി വെറ്ററിനറി യൂണിറ്റുകൾ പ്രവർത്തന സജ്ജമാകുന്നുണ്ട്. ക്ഷീരകർഷകർക്ക് വീട്ടുപടിക്കൽ സേവനം ലഭ്യമാക്കുന്നതാണ്. ചികിത്സാ രംഗത്തെ ആധുനിക ഉപകരണങ്ങളായ അൾട്രാ സൗണ്ട് യൂണിറ്റ്, പോർട്ടബിൾ X-Ray യൂണിറ്റ്, ടേബിൾ ടോപ്പ് സ്റ്റെറിലൈസർ, ടെലി മെഡിസിൻ, computer with tele medicine software, High resolution web camera, Animal Lifting Device and standing support, റെഫ്രിജറേറ്റർ തുടങ്ങിയവ ടെലിവെറ്ററിനറി യൂണിറ്റിൽ സജ്ജീകരിച്ചിട്ടുണ്ട്. ഇതിന്റെ സേവനം ഉടൻതന്നെ ക്ഷീരകർഷകർക്ക് ലഭ്യമാക്കുന്നതാണ്. കൂടാതെ RKI പദ്ധതിപ്രകാരം സംസ്ഥാനത്ത് 12 ടെലി വെറ്ററിനറി യൂണിറ്റ് തുടങ്ങുന്നതിനായുള്ള പ്രൊപ്പോസൽ സജീവ പരിഗണനയിലാണ്.

(സി) നിലവിൽ മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഓൺലൈൻ ചികിത്സാസൗകര്യം ലഭ്യമാണോ; വിശദാംശങ്ങൾ അറിയിക്കാമോ?

നിലവിൽ ഓൺലൈൻ ചികിത്സാ സൗകര്യം ലഭ്യമല്ല. ആരോഗ്യ വകുപ്പ് നടപ്പിലാക്കിയിട്ടുള്ള ടെലിമെഡിസിൻ സംവിധാനമായ ഇ-സഞ്ജീവനി ഒ.പി.ഡി. മാതൃകയിൽ മൃഗസംരക്ഷണ വകുപ്പിലും ഒരു ടെലിവെറ്ററിനറി ഒ.പി.ഡി. നടപ്പിലാക്കുന്നതിനായുള്ള പ്രാരംഭ നടപടികൾ ആരംഭിച്ചിട്ടുണ്ട്.

## തിരൂരങ്ങാടി മണ്ഡലത്തിൽ പുതിയ പോളിക്ലിനിക്ക്

280 (3000) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരൂരങ്ങാടി മണ്ഡലത്തിൽ പുതുതായി ഒരു വെറ്ററിനറി പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

## ഗുരുവായൂർ ക്ഷേത്രത്തിലെ ആനകളുടെ ചികിത്സ

281(3001) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ എഴുപതോളം ആനകളുടെ ചികിത്സ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായി ആധുനിക ചികിത്സാകേന്ദ്രം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഇല്ല. ഗുരുവായൂർ ദേവസ്വത്തിൽ നിലവിലുള്ള 44 ആനകളുടെ ചികിത്സയ്ക്കായി 5 ഡോക്ടർമാരെ ഉൾപ്പെടുത്തിയ "ജീവധനം" വിദഗ്ധസമിതി നിലവിലുണ്ട്. കൂടാതെ അവിടത്തെ ആനകൾക്ക് അത്യാവശ്യ ചികിത്സകളും മറ്റുസേവനങ്ങളും ഗുരുവായൂർ നഗരസഭയിലെ മൂന്ന് മൃഗാശുപത്രികളിലെ വെറ്ററിനറി സർജന്മാർ ചെയ്തുവരുന്നുണ്ട്.

## മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ

282(3002) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്താട്ടുകുളത്തെ മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യയിൽ മുൻസർക്കാരിന്റെ കാലയളവിൽ കാലാവധി കഴിഞ്ഞ മീറ്റ് ഒഴിവാക്കിയതിലൂടെ എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായതെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയിൽ കാലാകാലങ്ങളിൽ ഉപയോഗശൂന്യമായ ഉല്പന്നങ്ങൾ സ്റ്റോക്കിൽനിന്നും മാറ്റി അതിനെ ഉപോല്പന്നമായ എല്ലുപൊടിയും ടാലോയുമാക്കി മാറ്റി വില്പന നടത്തുന്നു. ഇത്തരത്തിൽ ഉപയോഗശൂന്യമായത് ആകെ ഉത്പാദനത്തിന്റെ 1%-ൽ താഴെയാണ്. കമ്പനിയിൽ ഉത്പാദിപ്പിക്കുന്ന ഇറച്ചിയും ഇറച്ചി ഉത്പന്നങ്ങളും 1% വരെ റൈറ്റ് ഓഫ് ചെയ്യുന്നത് അനുവദനീയമാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

(ബി) 2011-2016-ലെ സർക്കാരിന്റെ കാലത്ത് ലാഭകരമായി പ്രവർത്തിച്ചിരുന്ന കോഴിത്തീറ്റ/കാലിത്തീറ്റ ഫീഡ് മില്ല്, പ്രവർത്തനം നിർത്താൻ ഇടയായ കാരണമെന്തെന്ന് വിശദമാക്കാമോ?

2011-16-ലെ സർക്കാരിന്റെ കാലത്തും ഫീഡ് മിക്സിങ് പ്ലാന്റ് ലാഭത്തിൽ പ്രവർത്തിച്ചിരുന്നില്ല. കമ്പനി വളർത്തുന്ന പന്നികൾക്കും കോഴികൾക്കും തീറ്റ നൽകാനായിരുന്നു ഇത് സ്ഥാപിച്ചത്. വ്യാവസായികാടിസ്ഥാനത്തിൽ വിൽക്കാനല്ല. ഇക്കാരണത്താൽ ഇതിന്റെ ലാഭനഷ്ടങ്ങൾ പ്രത്യേകമായി കണക്കാക്കിയിരുന്നില്ല. കോവിഡ് കാരണത്താലും അസംസ്കൃത വസ്തുക്കളുടെ വർദ്ധിച്ച വില കാരണവും ഫീഡ്മില്ലിൽകൂടി ഫീഡ് ഉണ്ടാക്കുന്ന പ്രവൃത്തി തൽക്കാലം നിർത്തിവച്ചിരിക്കുകയാണ്. നഷ്ടം കൂടാതെ പ്രവർത്തിപ്പിക്കാൻ സാധിക്കുന്ന സാഹചര്യത്തിൽ ഇത് തുടർന്നു പ്രവർത്തിപ്പിക്കുന്നകാര്യം പരിശോധിക്കുന്നതാണ്.

(സി) ഏരൂർ വിളക്കുപാറ പഞ്ചായത്തിൽ പുതിയ പ്ലാന്റ് ആരംഭിക്കുന്നതിനായി മീറ്റ് പ്രോഡക്ട് ഓഫ് ഇന്ത്യ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദമാക്കാമോ?

ഏരൂർ വിളക്കുപാറ പഞ്ചായത്തിൽ പുതിയ പ്ലാന്റ് ആരംഭിക്കുന്നതിനായുള്ള ഭരണാനുമതി പ്രകാരം 1350 ലക്ഷം രൂപയാണ് പദ്ധതി ചെലവ് കണക്കാക്കിയിട്ടുള്ളത്. ഇതിൽ നാളിതുവരെയായി നബാർഡ് വായ്പയായി 750 ലക്ഷം രൂപയും സർക്കാരിൽ നിന്ന് 100 ലക്ഷം രൂപയും അനുവദിച്ച് നൽകിയിട്ടുണ്ട്. പ്ലാന്റിന്റെ കെട്ടിടസമുച്ചയ നിർമ്മാണം പൂർത്തിയായി. Indigenous യന്ത്രസാമഗ്രികളും സംഭരിച്ചുകഴിഞ്ഞു. ഇറക്കുമതി ചെയ്യുന്ന യന്ത്രസാമഗ്രികൾ ഓഗസ്റ്റ് രണ്ടാം വാരത്തോടെ എത്തും. ഇവയ്ക്കെല്ലാമായി ഇതുവരെ 8,28,74,002 രൂപ (എട്ട് കോടി ഇരുപത്തിയെട്ട് ലക്ഷത്തി എഴുപത്തി നാലായിരത്തി രണ്ട് രൂപ) ചെലവായിട്ടുണ്ട്.

(ഡി) പുതിയ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് മീറ്റ് ടെക് എന്ന കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത കമ്പനിയുമായി കേസ് നിലവിലുണ്ടോ; വിശദമാക്കാമോ?

പുതിയ പ്ലാന്റ് നിർമ്മാണവുമായി ബന്ധപ്പെട്ട് മീറ്റ്ടെക് കമ്പനിയുമായി കരാറിൽ ഏർപ്പെട്ടിട്ടില്ല. ടി കമ്പനിക്ക് 2014-ലെ സർക്കാരിന്റെ കാലത്ത് ഇടയാറിലെ ഹൈ ടെക് സ്ലോട്ടർ ഹൗസ് നിർമ്മാണത്തിന്റെ കോൺട്രാക്ട് നൽകിയിരുന്നു. പ്രസ്തുത കമ്പനി എറണാകുളം ആർബിട്രൽ ട്രിബ്യൂണലിൽ ആർബിട്രേഷൻ കേസ് ഫയൽ ചെയ്തതിൽ നടപടികൾ തുടർന്നുവരുന്നു.

**ക്ഷീരപരിശീലന കേന്ദ്രത്തിൽ ജീവനക്കാരെ നിയമിക്കാൻ നടപടി**

283 (3003) ശ്രീ. എ. കെ. എം. അഷ്റഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മഞ്ചേശ്വരം മണ്ഡലത്തിലെ കുമ്പള നായ്ക്കാപ്പ് എന്ന സ്ഥലത്ത് സ്ഥിതി ചെയ്യുന്ന ക്ഷീരപരിശീലന കേന്ദ്രത്തിൽ ജീവനക്കാരെ നിയമിക്കാത്തതിനാൽ പൂർണ്ണമായി പ്രവർത്തനം തുടങ്ങാൻ കഴിയാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) പ്രസ്തുത ക്ഷീരപരിശീലന കേന്ദ്രത്തിൽ എന്തെല്ലാം അടിസ്ഥാന ഭൗതിക സൗകര്യങ്ങളാണ് സർക്കാരും ജില്ലാ പഞ്ചായത്തും ഏർപ്പെടുത്തിയത്; ഇതിനായി എത്ര തുക ചെലവഴിച്ചു; പദ്ധതിയുടെ നിർവ്വഹണം നടത്തിയത് ഏത് ഏജൻസിയാണ്; വിശദമാക്കുമോ?

ഡയറി ലാബിന് 3 നില കെട്ടിടവും ഡയറി ട്രെയിനിംഗ് സെന്ററിന് രണ്ട് നില കെട്ടിടവും 50 പേർക്കുള്ള താമസസൗകര്യവുമുണ്ട്. കാസർഗോഡ് പാക്കേജിന്റെ ഭാഗമായാണ് 1.45 കോടി രൂപ മുതൽ മുടക്കി ഡയറി ട്രെയിനിംഗ് സെന്റർ നിർമ്മിച്ചിട്ടുള്ളത്. വാർഷിക പദ്ധതിയിൽപ്പെടുത്തി 3.79 കോടി രൂപ ചെലവഴിച്ചാണ് ഡയറി ലാബ് പണികഴിപ്പിച്ചത്. Kerala Police Housing Construction Corporation (KPHCC) ആണ് നിർമ്മാണ പ്രവർത്തനങ്ങൾ നടത്തിയത്.

(സി) പ്രസ്തുത ക്ഷീരപരിശീലന കേന്ദ്രത്തിൽ എത്ര തസ്തികകളാണ് ആവശ്യമായിട്ടുള്ളതെന്നും നിലവിൽ എത്ര തസ്തികകൾ അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ; ഒഴിവുള്ള തസ്തികകൾ ഏതൊക്കെയാണ്; ആവശ്യമായ മുഴുവൻ തസ്തികകൾ അനുവദിച്ചും നിയമനം നടത്തിയും ഈ കേന്ദ്രത്തെ പരിപൂർണ്ണമായ നിലയിൽ പ്രവർത്തിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ?

നിലവിൽ ഡെപ്യൂട്ടി ഡയറക്ടർ-1, ലോവർ ഡിവിഷൻ ക്ലാർക്ക്-1, ലാബ് അസിസ്റ്റന്റ്-1 എന്നിങ്ങനെ 3 തസ്തികകൾ അനുവദിച്ചിട്ടുണ്ട്. ഈ തസ്തികകളിൽ ഇപ്പോൾ എൽ.ഡി. ക്ലാർക്ക് ഒഴികെയുള്ള ഉദ്യോഗസ്ഥർ ജോലി ചെയ്തുവരുന്നു. 2 അസിസ്റ്റന്റ് ഡയറക്ടർ, 1 സബ്ജക്ട് മാറ്റർ സ്പെഷ്യലിസ്റ്റ് (കോ-ഓപ്പറേഷൻ), 2 ക്ഷീരവികസന ഓഫീസർ, 1 ക്ലാർക്ക്/ടൈപ്പിസ്റ്റ്, 1 ഓഫീസ് അറ്റൻഡന്റ്, 2 നൈറ്റ്‌വാച്ച്മാൻ എന്നീ തസ്തികകൾകൂടി ആവശ്യമാണ്. ലാബും ട്രെയിനിംഗ് സെന്ററും പരിപൂർണ്ണമായ നിലയിൽ പ്രവർത്തിപ്പിക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) ഇവിടെ സ്ഥിതി ചെയ്യുന്ന റീജിയണൽ ഡയറി ലാബ് നിലവിൽ പ്രവർത്തനക്ഷമമാണോയെന്ന് വ്യക്തമാക്കുമോ; ഏതൊക്കെ പരിശോധനകളാണ് ഇവിടെ നടക്കുന്നതെന്ന് വിശദമാക്കുമോ; ഏതൊക്കെ പരിശോധനകൾ നടത്തുന്നതിനാണ് ഈ ലാബ് സജ്ജീകരിച്ചിട്ടുള്ളത്; പ്രസ്തുത പരിശോധനകളെല്ലാം ഇവിടെ നടക്കുന്നുണ്ടോ; ഇല്ലെങ്കിൽ എന്ത് കൊണ്ടാണെന്ന് വ്യക്തമാക്കാമോ; ഇവിടെ നിലവിൽ എത്ര തസ്തികകളാണ് ഉള്ളത്; ഇപ്പോൾ എത്ര പേർ ഇവിടെ ജോലി ചെയ്യുന്നുണ്ട്; ആവശ്യമായ എല്ലാ തസ്തികകളിലും നിയമനം നടത്തി പ്രസ്തുത ലാബ് പൂർണ്ണസജ്ജമാക്കാൻ നടപടി സ്വീകരിക്കുമോ?

ഭാഗികമായി പ്രവർത്തനക്ഷമമാണ്. പ്രധാനമായും പാലിന്റെ രാസഭൗതിക ഗുണനിലവാര പരിശോധനകളാണ് നടത്തിവരുന്നത്. പാൽ, പാലുല്പന്നങ്ങൾ, വെള്ളം എന്നിവയുടെ രാസപരിശോധനകളും മൈക്രോബയോളജി പരിശോധനകളും നടത്തുന്നതിനുള്ള സൗകര്യങ്ങളാണ് ലാബിൽ സജ്ജീകരിച്ചിട്ടുള്ളത്. പാൽ, പാലുൽപ്പന്നങ്ങൾ എന്നിവയുടെ പരിശോധന പൂർണ്ണമായും നടത്തിവരുന്നുണ്ട്. ഡെപ്യൂട്ടി ഡയറക്ടർ, ലോവർ ഡിവിഷൻ ക്ലാർക്ക്, ലാബ് അസിസ്റ്റന്റ് എന്നീ തസ്തികകളാണ് അനുവദിച്ചിട്ടുള്ളത്. ഇപ്പോൾ 2 പേരാണ് ജോലി ചെയ്യുന്നത്. ലോവർ ഡിവിഷൻ ക്ലാർക്ക് ജോലിമാറ്റം കിട്ടിപ്പോയ ഒഴിവിൽ പുതിയ നിയമനം നടന്നിട്ടില്ല.

(ഇ) മേൽസ്ഥാപനത്തിൽ നിലവിൽ എത്ര താൽക്കാലിക ജീവനക്കാരാണ് ജോലി ചെയ്യുന്നത് എന്ന് വ്യക്തമാക്കുമോ; തസ്തികകളുടെ പേരുവിവരങ്ങളും വേതനവിവരങ്ങളും ലഭ്യമാക്കുമോ; ഇവരുടെ നിയമനാധികാരി ആരാണെന്ന് അറിയിക്കാമോ?

നിലവിൽ താൽക്കാലിക ജീവനക്കാരാരും ഇല്ല.

**കുളമ്പ് രോഗ പ്രതിരോധത്തിന് വാക്സിനേഷൻ**

284 (3004) <u>ശ്രീ. മുരളി പെരുനെല്ലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം കുളമ്പ് രോഗംമൂലം മണലൂർ മണ്ഡലത്തിൽ എത്ര വളർത്തു മൃഗങ്ങൾക്ക് ജീവഹാനി സംഭവിച്ചുവെന്ന് അറിയിക്കാമോ ?

22.

(ബി) കുളമ്പ് രോഗംമൂലം ജീവൻ നഷ്ടപ്പെട്ട വളർത്തുമൃഗങ്ങളുടെ ഉടമകൾക്ക് നഷ്ടപരിഹാരം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

നഷ്ടപരിഹാരത്തിനായി തൃശ്ശൂർ ജില്ലാ കോർഡിനേറ്റർക്ക് ലഭിച്ച 12 അപേക്ഷകൾ പരിശോധിച്ചുവരുന്നു.

(സി) കുളമ്പ് രോഗപ്രതിരോധത്തിന്റെ ഭാഗമായി വാക്സിനേഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

കുളമ്പ് രോഗപ്രതിരോധവാക്സിൻ (റിംഗ് വാക്സിനേഷൻ) 1279 വളർത്തു മൃഗങ്ങൾക്ക് നൽകിയിട്ടുണ്ട്.

**ക്ഷീരവികസനത്തിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ**

285 (3005) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഈ സർക്കാർ ക്ഷീരവികസനവുമായി ബന്ധപ്പെട്ട് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദവിവരം ലഭ്യമാക്കുമോ?

ക്ഷീരവികസന വകുപ്പുമായി ബന്ധപ്പെട്ട് ഈ സാമ്പത്തികവർഷം നടപ്പിലാക്കാനുദ്ദേശിക്കുന്ന പുതിയ പദ്ധതികൾ വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ്, പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും, കറവ പരിശീലനം, ഇടുക്കി പാക്കേജ്, വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം എന്നിവയാണ്.

വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ്:

ക്ഷീരസംഘങ്ങൾവഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീര സംഘങ്ങൾ വഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉത്പാദനവും വിപണനവും:

ക്ഷീരസംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചു കൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

കറവ പരിശീലനം:

നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ദ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞു വരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

ഇടുക്കി പാക്കേജ്:

പാലുല്പാദന വർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതി കളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ധാതു ലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

വാണിജ്യാടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം:

50 പശുക്കളിൽ കൂടുതലുള്ള ഡയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതിയാണിത്.

## വൈക്കോൽ ശേഖരിക്കാൻ നടപടി

286 (3006) ശ്രീമതി ദെലീമ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുട്ടനാട്ടിൽ കൊയ്ത്ത് കഴിഞ്ഞ് ഏക്കറുകണക്കിന് സ്ഥലത്തെ വൈക്കോൽ പാഴായിപ്പോകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്.

(ബി) ക്ഷീരവികസന വകുപ്പുവഴി വൈക്കോൽ ശേഖരിക്കാൻ എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; വ്യക്തമാക്കാമോ?

ഉണ്ട്. ക്ഷീര സംഘങ്ങളുടെ നേതൃത്വത്തിൽ വൈക്കോൽ ശേഖരിച്ച് ബെയിൽ ചെയ്ത് ക്ഷീരസംഘങ്ങൾവഴി ആവശ്യമുള്ള ക്ഷീര കർഷകർക്ക് നൽകുന്നതിനായുള്ള വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ് പദ്ധതിയുമായി ബന്ധപ്പെട്ട് പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

## വാമനപുരം മണ്ഡലത്തിലെ ക്ഷീരവികസന ഓഫീസുകൾ

287 (3007) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജക മണ്ഡലത്തിൽ ക്ഷീരവികസന വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന ഓഫീസുകൾ ഏതൊക്കെയെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിൽ അറിയിക്കാമോ?

ബ്ലോക്ക്തലത്തിലാണ് ഏറ്റവും താഴെത്തട്ടിലുള്ള ക്ഷീരവികസന വകുപ്പിന്റെ ഓഫീസ് പ്രവർത്തിക്കുന്നത്. കല്ലറ പഞ്ചായത്തിൽ വാമനപുരം ബ്ലോക്ക് ക്ഷീരവികസന യൂണിറ്റ് ഓഫീസ് പ്രവർത്തിക്കുന്നു.

## ചെറുപുഴ കേന്ദ്രീകരിച്ച് ക്ഷീരവികസന ഓഫീസ്

288 (3008) ശ്രീ. ടി. ഐ. മധുസൂദനൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ ബ്ലോക്കിന്റെ മലയോരമേഖലയിൽ പാൽ ഉത്പാദനം വർദ്ധിപ്പിക്കാൻ ഉതകുന്നതരത്തിൽ ചെറുപുഴ കേന്ദ്രീകരിച്ച് ക്ഷീരവികസന ഓഫീസ് ആരംഭിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

പരിശോധിച്ചിട്ടില്ല.

## ഇരിക്കൂറിലെ ക്ഷീരഗ്രാമം പദ്ധതി

289 (3009) ശ്രീ. സജീവ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ ഉൽപ്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ആരംഭിച്ച ക്ഷീരഗ്രാമം പദ്ധതി ഇരിക്കൂർ മണ്ഡലത്തിലെ ഏതെങ്കിലും പഞ്ചായത്തിൽ നടപ്പാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ?

കണ്ണൂർ ജില്ലയിലെ ഇരിക്കൂർ മണ്ഡലത്തിൽപ്പെട്ട ഉളിയ്ക്കൽ ഗ്രാമപഞ്ചായത്തിലാണ് 2020-21 സാമ്പത്തിക വർഷത്തിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കിയത്. രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), ആവശ്യാധിഷ്ഠിത സഹായം, Milking Machine, കാലിത്തൊഴുത്ത് നിർമ്മാണം, കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസൃതമായി പശുക്കൾക്കുണ്ടാകുന്ന സമർദ്ദം കുറയ്ക്കുന്നതിനുള്ള ധനസഹായം, ധാതുലവണ മിശ്രിത വിതരണം എന്നിങ്ങനെയുള്ള 9 ഘടക പദ്ധതികളാണ് ഉളിയ്ക്കൽ പഞ്ചായത്തിൽ നടപ്പിലാക്കിയത്.

(ബി) ക്ഷീര കർഷകരുടെ ക്ഷേമത്തിനായുള്ള ഏതെങ്കിലും പദ്ധതികൾ പ്രസ്തുത മണ്ഡലത്തിൽ നടപ്പാക്കുന്ന കാര്യം പരിഗണയിലുണ്ടോ എന്നറിയിക്കാമോ?

ക്ഷീര കർഷകരുടെ ക്ഷേമത്തിനായി സംസ്ഥാനത്തൊട്ടാകെ നടപ്പിലാക്കുന്ന സമഗ്ര ഇൻഷ്വറൻസ് പദ്ധതി, ക്ഷീരകർഷക ക്ഷേമനിധിയിലൂടെയുള്ള സഹായങ്ങൾ എന്നിവയൊഴികെ പ്രസ്തുത മണ്ഡലത്തിലേയ്ക്കായി പ്രത്യേക ക്ഷേമപദ്ധതികളൊന്നും തന്നെ ഇപ്പോൾ പരിഗണനയിലില്ല.

## ക്ഷീരഗ്രാമം പദ്ധതി

290 (3010) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിനെ ക്ഷീരഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയതിന്റെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

തലശ്ശേരി നിയോജകമണ്ഡലത്തിലെ ചൊക്ലി ഗ്രാമപഞ്ചായത്തിന് 2019-20 സാമ്പത്തിക വർഷമാണ് ക്ഷീരഗ്രാമം പദ്ധതി അനുവദിച്ചത്. ഒരു പശു യൂണിറ്റ്, രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, സമ്മിശ്ര ഡയറി യൂണിറ്റുകൾ, ആവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്ര ധനസഹായം, ശാസ്ത്രീയ കാലിത്തൊഴുത്ത് നിർമ്മാണം, ധാതുലവണ മിശ്രിത വിതരണം, കാലാവസ്ഥ വ്യതിയാനങ്ങൾക്കനുസൃതമായി പശുക്കൾക്കുണ്ടാകുന്ന സമ്മർദ്ദം കുറയ്ക്കുന്നതിനുള്ള ധനസഹായം എന്നീ പദ്ധതികളാണ് ക്ഷീരഗ്രാമം പദ്ധതിയുടെ ഭാഗമായി ചൊക്ലി ഗ്രാമപഞ്ചായത്തിൽ നടപ്പിലാക്കിയത്.

**ക്ഷീരഗ്രാമം പദ്ധതി**

291 (3011) <u>ശ്രീമതി ശാന്തകുമാരി കെ.</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ക്ഷീരഗ്രാമം പദ്ധതി സംസ്ഥാനത്തെ എത്ര പഞ്ചായത്തുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദാംശങ്ങൾ നൽകാമോ?

2016-17 സാമ്പത്തിക വർഷം മുതൽ 2020-21 സാമ്പത്തിക വർഷം വരെ സംസ്ഥാനത്തെ 53 ഗ്രാമപഞ്ചായത്തുകളിൽ ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. ക്ഷീര ഗ്രാമം പദ്ധതി നടപ്പിലാക്കിയതിന്റെ പട്ടിക അനുബന്ധമായി ചേർത്തിരിക്കുന്നു*.

(ബി) കോങ്ങാട് നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്; അവയുടെ നിലവിലെ സ്ഥിതി വിശദമാക്കാമോ?

പാലക്കാട് ജില്ലയിലെ കോങ്ങാട് നിയോജക മണ്ഡലത്തിൽപ്പെട്ട പറളി ഗ്രാമപഞ്ചായത്തിൽ മാത്രമാണ് പ്രസ്തുത പദ്ധതി 2017-18-ൽ നടപ്പിലാക്കിയിട്ടുള്ളത്. നിലവിൽ പഞ്ചായത്തിന്റെ പാലുല്പാദനം മെച്ചപ്പെടുകയും ഗുണഭോക്താക്കളെല്ലാം തന്നെ പശുവളർത്തൽ ഒരു പ്രധാന ഉപജീവനമാർഗ്ഗമായി മാറ്റുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിലുള്ള നൂതന പദ്ധതികളിൽ ആകൃഷ്ടരായി വളരെയധികം പുതിയ സംരംഭകരും കർഷകരും ക്ഷീരമേഖലയിലേയ്ക്ക് കടന്നുവരുന്നു.

**കിടാരി പാർക്കുകൾ**

292 (3012) <u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

ഗുണമേന്മയുള്ള കറവപ്പശുക്കളെ പ്രാദേശികമായി ലഭ്യമാക്കുവാനായി ക്ഷീര വികസന വകുപ്പ് സ്ഥാപിച്ച കിടാരി പാർക്കുകൾ അതിന്റെ പൂർണ്ണമായ ലക്ഷ്യം കൈവരിച്ചിട്ടുണ്ടോയെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ ഇത് സംബന്ധിച്ചുള്ള വിശദവിവരം നൽകുമോ?

ഉണ്ട്. ക്ഷീരമേഖലയിൽ ഭാവിയിലേയ്ക്കാവശ്യമായ കാലിസമ്പത്ത് സംസ്ഥാനത്തു തന്നെ വളർത്തിയെടുക്കുകയെന്ന ലക്ഷ്യത്തോടെ 2018-19 സാമ്പത്തിക വർഷം മുതൽ കിടാരി പാർക്ക് പദ്ധതിക്ക് തുടക്കമിട്ടു. നിലവിൽ 4 കിടാരി പാർക്കുകളിലായി 300 കിടാരികളെ വളർത്തുന്നു. ശാസ്ത്രീയപരിചരണത്തിലൂടെയും ചിട്ടയായ തീറ്റക്രമ ത്തിലൂടെയും വളർത്തിയെടുക്കുന്ന ഉരുക്കളിൽനിന്ന് ആരോഗ്യകരവും അത്യുല്പാദന ശേഷിയുള്ളതുമായ കന്നുകാലികളെ സംസ്ഥാനത്തിനുള്ളിൽ നിന്നുതന്നെ വളർത്തി യെടുക്കാൻ പദ്ധതി സഹായിക്കുന്നു. നാളിതുവരെ 4 കിടാരി പാർക്കുകൾ സ്ഥാപി ക്കുന്നതിനായി 68.74 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. കിടാരികൾ പ്രസവിച്ച് കറവപശുക്കളാകുന്നമുറയ്ക്ക് വിവിധ പദ്ധതികളിലുൾപ്പെട്ട കർഷകർക്ക് മിതമായ വില ഈടാക്കി നൽകുകയാണ് ചെയ്യുന്നത്.

---

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

## ക്ഷീരകർഷകർക്കായി നടപ്പിലാക്കുന്ന പദ്ധതികൾ

293 (3013) ശ്രീ. എൻ. എ. നെല്ലിക്കുന്ന്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ക്ഷീര വികസന വകുപ്പ് കഴിഞ്ഞ 5 വർഷം ക്ഷീരകർഷകർക്കായി നടപ്പിലാക്കിയ പദ്ധതികളും അവർക്ക് നൽകിയ ആനുകൂല്യങ്ങളും ജില്ല തിരിച്ച് വ്യക്തമാക്കാമോ?

ക്ഷീര വികസന വകുപ്പ് കഴിഞ്ഞ 5 വർഷം ക്ഷീരകർഷകർക്കായി നടപ്പിലാക്കിയ പദ്ധതികളുടെയും അവർക്ക് നൽകിയ ആനുകൂല്യങ്ങളുടെയും ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം 1 ആയി ചേർത്തിരിക്കുന്നു*.

(ബി) ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീര കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങൾ എന്തെല്ലാമെന്ന് ജില്ല തിരിച്ച് വിശദമാക്കാമോ?

ഇപ്പോഴത്തെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ക്ഷീര കർഷകർക്ക് നൽകിയിട്ടുള്ള ആനുകൂല്യങ്ങളുടെ ജില്ല തിരിച്ചുള്ള പട്ടിക അനുബന്ധം-2 ആയി ചേർത്തിരിക്കുന്നു.*

(സി) മൃഗസംരക്ഷണ വകുപ്പിന് കീഴിൽ ഓരോ ജില്ലയിലും എത്ര ഓഫീസുകൾ ഉണ്ടെന്നും പ്രസ്തുത ഓഫീസുകളിൽ ഡോക്ടർമാരുടേതടക്കം എത്ര തസ്തികകളുണ്ടെന്നും ഏതെങ്കിലും തസ്തികകൾ ഇപ്പോൾ ഒഴിഞ്ഞു കിടക്കുന്നുണ്ടോയെന്നും വ്യക്തമാക്കാമോ?

മൃഗസംരക്ഷണ വകുപ്പിൽ ഓരോ ജില്ലയിലുമുള്ള ഓഫീസുകളുടെ എണ്ണവും പ്രസ്തുത ഓഫീസുകളിൽ ഡോക്ടർമാരുടേതടക്കമുള്ള തസ്തികകളുടെ എണ്ണവും ഒഴിഞ്ഞു കിടക്കുന്ന തസ്തികകളുടെ വിവരവും അനുബന്ധം-3 ആയി ചേർത്തിരിക്കുന്നു.*

## പാൽ സംഭരണത്തിൽ മിൽമയുടെ നിയന്ത്രണം

294 (3014) ശ്രീ. പി. അബ്ദുൽ ഹമീദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പാൽ സംഭരണത്തിൽ മിൽമ നിയന്ത്രണം ഏർപ്പെടുത്തിയത് ക്ഷീര കർഷകരെ ബുദ്ധിമുട്ടിലാക്കിയത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് സർക്കാർ സംവിധാനം ഒരുക്കേണ്ടതിന്റെ പ്രധാന്യം ഗൗരവമായി കാണുന്നുണ്ടോ?

(എ &ബി) ഉണ്ട്.

(സി) എങ്കിൽ ക്ഷീരമേഖലയെ കോവിഡ് കാലത്തും സംരക്ഷിക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ക്ഷീരമേഖലയെ കോവിഡ് കാലത്ത് സംരക്ഷിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പാൽ സംഭരണത്തിൽ മിൽമ നിയന്ത്രണം ഏർപ്പെടുത്തിയ ഉടൻതന്നെ സർക്കാർ ഇടപെട്ട് പരിഹരിക്കുകയും പൂർണ്ണമായും പാൽ സംഭരിക്കുകയും ചെയ്തിരുന്നു.

* നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

പ്രതിസന്ധി ഘട്ടങ്ങളിൽ പാൽ സംഭരണത്തിന് ഒരു തടസ്സവും കൂടാതെ ക്രമീകരിക്കുന്നതിനായി പ്രാദേശികമായുള്ള കർഷകരേയും ക്ഷീരസംഘം പ്രതിനിധികളേയും ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തിക്കൊണ്ട് ഡിസാസ്റ്റർ മാനേജ്മെന്റ് കമ്മിറ്റി രൂപം നൽകുകകയും പ്രസ്തുത കമ്മിറ്റി കർഷകർക്ക് നഷ്ടം കണക്കാക്കി ധനസഹായം അനുവദിച്ചിട്ടുള്ളതുമാണ്. പ്രത്യേക കാലിത്തീറ്റ പാക്കേജിന്റെ ഭാഗമായി 11.23 കോടി രൂപയുടെ 2.81 ലക്ഷം ചാക്ക് കാലിത്തീറ്റ 2.04 ലക്ഷം ക്ഷീരകർഷകർക്ക് പ്രയോജനപ്പെടുന്നവിധം നടപ്പിലാക്കിവരുന്നു. കോവിഡ് നിരീക്ഷണത്തിലുള്ള ക്ഷേമനിധി അംഗങ്ങൾക്ക് 2,000 രൂപയും കോവിഡ് ബാധിതരായ ക്ഷേമനിധി അംഗങ്ങൾക്ക് 10,000 രൂപയും കൂടാതെ മാർച്ച് 1 മുതൽ 20 വരെ ക്ഷീര സംഘങ്ങളിൽ പാൽ അളന്നിട്ടുള്ള ക്ഷേമനിധി അംഗങ്ങൾക്ക് ലിറ്ററിന് 1.00 രൂപ നിരക്കിൽ ആശ്വാസ ധനസഹായവും ക്ഷീര കർഷക ക്ഷേമനിധി ബോർഡ് മുഖാന്തരം നൽകിയിട്ടുണ്ട്. (കുറഞ്ഞത് 250 രൂപ പരമാവധി 1,000 രൂപ).

## വയനാട് ജില്ലയിലെ പാലുൽപ്പാദനം

295 (3015) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വയനാട് ജില്ലയിൽ പ്രതിദിനം എത്ര ലിറ്റർ പാൽ ഉത്പാദിപ്പിക്കുന്നുവെന്നും ജില്ലയിൽ നിലവിൽ ഏറ്റവും കൂടുതൽ പാൽ ഉത്പാദിപ്പിക്കുന്ന ബ്ലോക്ക് ഏതാണെന്നുമുള്ള വിവരം അറിയിക്കാമോ?

വയനാട് ജില്ലയിലെ ശരാശരി പ്രതിദിന പാലുൽപ്പാദനം 2,73,394 ലിറ്ററാണ്. ജില്ലയിൽ ഏറ്റവും കൂടുതൽ പാലുൽപ്പാദിപ്പിക്കുന്ന ബ്ലോക്ക് പനമരം ആണ്. ഇവിടത്തെ ശരാശരി പ്രതിദിന പാൽ ഉൽപ്പാദനം 90994 ലിറ്ററാണ്.

(ബി) വയനാട് ജില്ലയിൽ എത്ര ക്ഷീരകർഷകരുണ്ടെന്ന കണക്ക് ക്ഷീര വികസന വകുപ്പിൽ ലഭ്യമാണോയെന്ന് വ്യക്തമാക്കുമോ?

ലഭ്യമാണ്. ജില്ലയിൽ ക്ഷീരസംഘങ്ങളിൽ പാലളക്കുന്ന ക്ഷീരകർഷകരുടെ എണ്ണം - 19539.

(സി) വയനാട് ജില്ലയിലെ ക്ഷീരമേഖലയെ പരിപോഷിപ്പിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

ക്ഷീരവികസനത്തിനായി ക്ഷീരവികസന വകുപ്പ് നിലവിൽ ക്ഷീര കർഷകർക്കും ക്ഷീര സംഘങ്ങൾക്കുംവേണ്ടിയുള്ള വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. ക്ഷീരകർഷകർക്ക് ആശ്വാസമായി വിവിധങ്ങളായ തീറ്റപ്പുൽകൃഷി വികസന പദ്ധതികൾ ക്ഷീരവികസന വകുപ്പ് നടപ്പിലാക്കിവരുന്നു. വയനാട് ക്ഷീരമേഖലയ്ക്ക് പ്രത്യേകമായി എല്ലാ വർഷവും 25 ലക്ഷം രൂപയുടെ പദ്ധതികളും നടപ്പിലാക്കിവരുന്നു. അവശ്യാധിഷ്ഠിത ധനസഹായം, ബയോഗ്യാസ്

പ്ലാന്റ് ധനസഹായം ധാതുലവണ മിശ്രിതം വിതരണം കൂടാതെ വിവിധ പരിശീലന പരിപാടികൾ എന്നിവയാണ് ഇതിൽ ഉൾപ്പെടുത്തുന്നത്. കൂടാതെ തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേനയും ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ സഹായത്തോടെയും വിവിധ പദ്ധതികൾ നടപ്പിലാക്കുന്നുണ്ട്. തീറ്റപ്പുൽക്കൃഷി, അസോളകൃഷി, കമ്പോസ്റ്റ് പിറ്റ്, ചാണകക്കുഴി എന്നിവയാണ് ഇതിൽ ഉൾപ്പെടുന്നത്.

**പാൽ ഉൽപ്പാദനം വർദ്ധിപ്പിക്കൽ**

296 (3016) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പാൽ ഉൽപാദനം വർദ്ധിപ്പിക്കാൻ എന്തൊക്കെ പദ്ധതികൾ ആവിഷ്കരിക്കുന്നുണ്ട്; വ്യക്തമാക്കാമോ?

ഈ സർക്കാർ അധികാരത്തിൽവന്നശേഷം പാലുൽപ്പാദനം വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് വിവിധങ്ങളായ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് വികസന പദ്ധതി, ക്ഷീര സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം, ഗുണനിലവാര ലാബുകളുടെ ശക്തിപ്പെടുത്തൽ, തീറ്റപ്പുൽകൃഷി വികസന പദ്ധതി, കാലിത്തീറ്റ സബ്സിഡി എന്നീ പദ്ധതികൾ നടപ്പിലാക്കിവരുന്നു. മിൽക്ക് ഷെഡ് ഡെവലപ്മെന്റ് പദ്ധതിയിൽ സർക്കാർ സബ്സിഡിയോടെ ഉരുക്കളെ വാങ്ങിനൽകുന്നു. ഗോധനം (സങ്കരയിനം), ഗോധനം (തനത് ഇനം), രണ്ട് പശു യൂണിറ്റ്, അഞ്ച് പശു യൂണിറ്റ്, പത്ത് പശു യൂണിറ്റ്, കോമ്പോസിറ്റ് ഡയറി യൂണിറ്റ് (1 പശു + 1 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (3 പശു + 2 കിടാരി), കോമ്പോസിറ്റ് ഡയറി യൂണിറ്റ് (6 പശു + 4 കിടാരി), കിടാരി പാർക്ക്, ക്ഷീരഗ്രാമം, ആവശ്യാധിഷ്ഠിത ധനസഹായം, കാലിത്തൊഴുത്ത് നിർമ്മാണം/നവീകരണം തുടങ്ങിയ പദ്ധതികളാണ് പ്രധാനമായും നടപ്പിലാക്കിവരുന്നത്. കൂടാതെ ക്ഷീര സംഘങ്ങൾക്ക് പ്രവർത്തനം മെച്ചപ്പെടുത്തുന്നതിനും കാര്യക്ഷമമായി പ്രവർത്തിക്കുന്നതിനുമായി വിവിധ ആവശ്യങ്ങൾക്ക് ധനസഹായവും നൽകിവരുന്നു. നടപ്പ് സാമ്പത്തികവർഷം നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന പദ്ധതികളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

1. വൈക്കോൽ ബെയ്‌ലിംഗ് യൂണിറ്റ് :

   ക്ഷീരസംഘങ്ങൾവഴി വൈക്കോൽ ശേഖരിച്ച് ബെയ്ൽ ചെയ്ത് ക്ഷീര സംഘങ്ങൾവഴി കർഷകർക്ക് വിപണനം ചെയ്യുന്ന പദ്ധതിയാണിത്. ആലപ്പുഴ, തൃശ്ശൂർ, പാലക്കാട് ജില്ലകളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്.

2. പാരമ്പര്യേതര കാലിത്തീറ്റകളുടെ ഉല്പാദനവും വിപണനവും:

   ക്ഷീര സംഘങ്ങളിൽ പ്രാദേശികമായി ലഭിക്കുന്ന തീറ്റവസ്തുക്കൾ ഉപയോഗിച്ചു കൊണ്ടുള്ള കാലിത്തീറ്റയുടെ നിർമ്മാണവും വിപണനവുമാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

3. <u>കറവ പരിശീലനം</u>:

നിലവിൽ കേരളത്തിൽ പശുക്കറവയിൽ വൈദഗ്ധ്യമുള്ളവരുടെ എണ്ണം കുറഞ്ഞുവരുന്ന സാഹചര്യത്തിൽ വനിതകൾക്ക് ശാസ്ത്രീയമായ പശുക്കറവയുടെ പരിശീലനം നൽകാനാണ് ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നത്.

4. <u>ഇടുക്കി പാക്കേജ്</u>:

പാലുല്പാദനവർദ്ധനവിനായി ഇടുക്കി ജില്ലയിൽ നടപ്പിലാക്കുന്ന പദ്ധതികളാണ് ഇടുക്കി പാക്കേജിൽ വരുന്നത്. ക്ഷീരകർഷകർക്കുള്ള അവശ്യാധിഷ്ഠിത ധനസഹായം, ധാതു ലവണ മിശ്രിത വിതരണം, വിവിധ പരിശീലനങ്ങൾ എന്നിവയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

5. <u>വാണിജ്യ അടിസ്ഥാനത്തിലുള്ള ഡയറി ഫാമുകൾക്ക് ധനസഹായം</u>:

50 പശുക്കളിൽ കൂടുതലുള്ള ഡയറി ഫാമുകൾക്ക് അടിസ്ഥാന സൗകര്യ വികസനത്തിനായി ധനസഹായം നൽകുന്നതിനുള്ള പദ്ധതി.

**ഗ്രാമീണമേഖലയിലെ പാൽ സംഭരണം**

297 (3017) <u>ശ്രീമതി കെ. കെ. രമ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഒരു ദിവസത്തെ ശരാശരി പാൽ ഉപഭോഗം എത്രയാണെന്ന് അറിയിക്കുമോ?

കേരളത്തിലെ ഒരു ദിവസത്തെ ശരാശരി പാൽ ഉപഭോഗം 87.5 ലക്ഷം ലിറ്ററാണ്.

(ബി) ഇതിൽ കവർ പാലായും നേരിട്ട് കർഷകരിൽനിന്നും സൊസൈറ്റികളിൽനിന്നും മറ്റ് പ്രാദേശിക വിതരണക്കാർ മുഖേനയും വിതരണം ചെയ്യപ്പെടുന്ന പാലിന്റെ അളവ് എത്രയാണെന്ന വിവരം ലഭ്യമാക്കുമോ?

കർഷകർ അവരുടെ പ്രാദേശിക വിൽപ്പനയ്ക്കുശേഷമുള്ള പാലാണ് സംഘങ്ങളിൽ അളക്കുന്നത്. ക്ഷീര സഹകരണ സംഘങ്ങൾവഴിയുള്ള പ്രാദേശിക വിൽപ്പന പ്രതിദിനം ശരാശരി 6 ലക്ഷം ലിറ്ററാണ്. ജൂലൈ മാസത്തെ കണക്കനുസരിച്ച് മിൽമ പ്രതിദിനം 13,67,000 ലിറ്റർ പാൽ വിതരണം ചെയ്തിട്ടുണ്ട്.

(സി) ഗ്രാമീണമേഖലയിലും നഗരമേഖലയിലും വിതരണം ചെയ്യപ്പെടുന്ന കവർ പാലിന്റെ അളവ് വേർതിരിച്ച് ലഭ്യമാക്കുമോ?

ഡയറി പ്ലാന്റുകളിൽനിന്നും നേരിട്ടാണ് പാൽ വിതരണത്തിന് പോകുന്നത്. ആയതിനാൽ ഗ്രാമീണമേഖലയിലും നഗരമേഖലയിലും വിതരണം ചെയ്യപ്പെടുന്ന കവർ പാലിന്റെ അളവ് വേർതിരിച്ച് എടുക്കുക പ്രായോഗികമല്ല.

(ഡി) ഗ്രാമീണമേഖലയിലെ വിതരണത്തിനുശേഷം മിച്ചമുള്ള പാൽ മാത്രം നഗരങ്ങളിൽ എത്തിച്ച് വിതരണം ചെയ്താൽ പാക്കിംഗ് - വിതരണ ചെലവുകളും കാർബൺ എമിഷനും കുറയ്ക്കാൻ സാധിക്കുമെന്ന് കരുതുന്നുണ്ടോ?

ക്ഷീരസഹകരണ സംഘങ്ങൾ പൊതുവെ ഗ്രാമീണ മേഖലയിലാണ് സ്ഥിതി ചെയ്യുന്നത്. ക്ഷീര കർഷകർ അവരുടെ പ്രാദേശിക വിൽപ്പനയ്ക്കും ശേഷമുള്ള പാലാണ് സംഘങ്ങളിൽ അളക്കുന്നത്. ക്ഷീരസഹകരണ സംഘങ്ങൾ പ്രാദേശിക വിൽപ്പന കഴിഞ്ഞുള്ള പാലാണ് മിൽമയ്ക്ക് നൽകുന്നത്. ആയതിനാൽ ഗ്രാമീണ മേഖലയെ അപേക്ഷിച്ച് നഗരങ്ങളിലാണ് പായ്ക്ക് ചെയ്ത പാലിന്റെ വിതരണം കൂടുതൽ നടക്കുന്നത്. നിലവിൽ നഗര പ്രദേശങ്ങളിൽ വിതരണത്തിനുള്ള പാലാണ് പ്ലാന്റുകളിൽ എത്തുന്നത്. ആയതുകൊണ്ടുതന്നെ പ്രത്യേകിച്ച് ചെലവുകൾ വർദ്ധിക്കുന്നില്ല.

(ഇ) എങ്കിൽ ഗ്രാമീണമേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്താൻ സർക്കാർ എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്നറിയിക്കുമോ?

ഗ്രാമീണ മേഖലയിലെ പാൽ സംഭരണ വിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിന് " ക്ഷീരസംഘങ്ങൾക്ക് ധനസഹായം" നൽകുന്ന പദ്ധതി നടപ്പിലാക്കി വരുന്നു. ക്ഷീരസംഘങ്ങൾക്കുള്ള അവശ്യാധിഷ്ഠിത ധനസഹായ പദ്ധതി, പുതുതായി ആരംഭിക്കുന്ന ക്ഷീരസംഘങ്ങൾക്കുള്ള ധനസഹായം, പ്രവർത്തനരഹിതമായ ക്ഷീര സംഘങ്ങളുടെ പുനഃരുദ്ധാരണ ധനസഹായ പദ്ധതി, മിൽക്ക് റൂട്ട് ഇല്ലാത്ത സംഘങ്ങൾക്കുള്ള സഹായ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് മാനേജീരിയൽ ധനസഹായ പദ്ധതി, ക്ഷീരസംഘങ്ങൾ മുഖേന പച്ചപ്പുൽ/വയ്ക്കോൽ വിതരണ പദ്ധതി, എഫ്.എസ്.എസ്.എ. 2006 നടപ്പിലാക്കാനുള്ള ധനസഹായ പദ്ധതി, നൂതന പദ്ധതികളായ മഴവെള്ളസംഭരണ നിർമ്മാണ പദ്ധതി, ക്ഷീരസംഘങ്ങൾക്ക് സ്വന്തമായി സ്ഥലം വാങ്ങുന്നതിന് ധനസഹായം എന്നിവ ഈ പദ്ധതിയുടെ ഘടക പദ്ധതികളാണ്. ഫാർമേഴ്സ് ഫെസിലിറ്റേഷൻ കം ഇൻഫർമേഷൻ സെന്റർ, ഹൈജീനിക് മിൽക്ക് കളക്ഷൻ റൂം, കോർപ്പസ് ഫണ്ട് ഉപയോഗിച്ചുള്ള സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ, ചെലവ് കുറഞ്ഞ മാലിന്യ സംസ്കരണ പ്ലാന്റുകളുടെ നിർമ്മാണം, സൗരോർജ്ജ സംരക്ഷണ പദ്ധതികൾ എന്നീ പദ്ധതികളും നടപ്പിലാക്കിവരുന്നു.

**ക്ഷീര ഗ്രാമം പദ്ധതി**

298 (3018) <u>ശ്രീ. എം. വിജിൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ക്ഷീര ഗ്രാമം പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കണ്ണൂർ ജില്ലയിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ എന്തൊക്കെ തുടർ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളത്; വിശദമാക്കാമോ?

പയ്യന്നൂർ നിയോജകമണ്ഡലത്തിലെ കടന്നപ്പള്ളി-പാണപ്പുഴ ഗ്രാമപഞ്ചായത്തിൽ 2020-21 സാമ്പത്തിക വർഷത്തിൽ 50 ലക്ഷം രൂപയുടെ വിവിധ പദ്ധതി ഘടകങ്ങൾ ഉൾപ്പെടുന്ന ക്ഷീരഗ്രാമം പദ്ധതി നടപ്പിലാക്കി. ക്ഷീരഗ്രാമ പദ്ധതിയിലെ ഘടക പദ്ധതികളായ പശു വാങ്ങൽ, കാലിത്തൊഴുത്ത് നിർമ്മാണം, അവശ്യാധിഷ്ഠിത ധനസഹായം, കറവയന്ത്രം എന്നിവയുടെ ധനസഹായം ഗുണഭോക്താക്കൾക്ക് അനുവദിച്ചിട്ടുണ്ട്.

**മിൽമയുടെ ഫുഡ്ട്രക്ക് സംവിധാനം**

299 (3019) ശ്രീ. എം. വിജിൻ: താഴെ കാണുന്ന ചോദ്യത്തിന് മൃഗ സംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

മിൽമയുടെ ഫുഡ്ട്രക്ക് സംവിധാനം ഇപ്പോൾ ഏതൊക്കെ സ്ഥലങ്ങളിലാണ് ലഭ്യമാക്കിയിട്ടുള്ളത്; പ്രസ്തുത സംവിധാനം കൂടുതൽ നഗരങ്ങളിൽ ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

മിൽമയുടെ ഫുഡ് ട്രക്ക് സംവിധാനം തിരുവനന്തപുരത്ത് കിഴക്കേകോട്ടയിലും മിൽമ ഓൺ വീൽസ് പദ്ധതി തൃശ്ശൂരും കണ്ണൂർ കെ.എസ്.ആർ.ടി.സി. ബസ് സ്റ്റാൻഡിനടുത്തും ആരംഭിച്ചിട്ടുണ്ട്. തമ്പാനൂർ, നെടുമങ്ങാട്, ആറ്റിങ്ങൽ, ചടയമംഗലം, കായംകുളം എന്നിവിടങ്ങളിലും എറണാകുളം, കോട്ടയം, ഇടുക്കി ജില്ലകളിലും മലബാർ മേഖലയിലും പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട് നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

**ക്ഷീരവികസനം**

300 (3020) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ക്ഷീരവികസനവുമായി ബന്ധപ്പെട്ട് മിൽമ എത്ര ലിറ്റർ പാലാണ് അധികമായി സംഭരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

കഴിഞ്ഞ വർഷത്തെ പാൽ സംഭരണത്തെ അപേക്ഷിച്ച് ഏകദേശം 17% വർദ്ധനവുണ്ടായിട്ടുണ്ട്. 2021 ജൂൺ മാസത്തിൽ സംസ്ഥാനത്തെ മൊത്ത ഉപഭോഗത്തിനുശേഷം പ്രതിദിനം ശരാശരി 1,33,000 ലിറ്റർ പാൽ അന്യ സംസ്ഥാനത്തേയ്ക്ക് അയച്ച് പാൽപ്പൊടിയാക്കിയിട്ടുണ്ട്. കോവിഡ് മഹാമാരിയുടെ പശ്ചാത്തലത്തിൽ വിപണനത്തിൽ കുറവുവന്നിട്ടുള്ള സാഹചര്യത്തിലാണ് അധിക പാൽ അന്യസംസ്ഥാനത്തേയ്ക്ക് അയച്ച് പാൽപ്പൊടിയാക്കുന്നത്.

(ബി) സംസ്ഥാനത്തിനകത്ത് നിന്നും അധികമായി സംഭരിക്കുന്ന പാൽ ഇവിടെത്തന്നെ വൈവിധ്യവൽക്കരണത്തിലൂടെ പാൽപ്പൊടി ഉൾപ്പെടെയുള്ള ഉല്പന്നങ്ങളാക്കാൻ സമയബന്ധിത നടപടികൾ സ്വീകരിക്കുന്നതിന് തടസ്സങ്ങളുണ്ടോയെന്ന് വ്യക്തമാക്കാമോ?

മലബാർ ക്ഷീരോൽപ്പാദക യൂണിയന്റെ ഉടമസ്ഥതയിൽ, സർക്കാർ ധനസഹായത്തോടെ മലപ്പുറം ജില്ലയിൽ മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. മിൽമയുടെ എല്ലാ ഡയറി പ്ലാന്റുകളിലും മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ നിർമ്മാണം നടക്കുന്നുണ്ട്.

**ക്ഷീര കർഷക പെൻഷൻ**

301 (3021) <u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

സാമൂഹ്യ സുരക്ഷാ പെൻഷൻ ലഭിച്ചുകൊണ്ടിരിക്കുന്ന ഗുണഭോക്താവ് ക്ഷീര കർഷക ക്ഷേമനിധിയിൽ അംഗമാണെങ്കിൽ ക്ഷീര കർഷക പെൻഷന് അപേക്ഷിക്കാൻ കഴിയുമോ എന്നറിയിക്കാമോ?

ഇല്ല. 6-11-2017-ലെ സ.ഉ.(കൈ) നമ്പർ 483/2017/ധന ഉത്തരവ് പ്രകാരം ക്ഷേമനിധി ബോർഡ് പെൻഷനോ സാമൂഹ്യ സുരക്ഷാ പെൻഷനോ ഏതെങ്കിലും ഒരു പെൻഷൻ മാത്രമേ ഒരു വ്യക്തിക്ക് ലഭിക്കുകയുള്ളൂ.

**കാലിത്തീറ്റയുടെ വില നിയന്ത്രിക്കുന്നതിന് നടപടി**

302 (3022) <u>ശ്രീ. വി. ജോയി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗ സംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി പറയുമോ:

(എ) കോവിഡ് മഹാമാരിയെ തുടർന്ന് സംസ്ഥാനത്തെ ക്ഷീരകർഷകർ പ്രയാസങ്ങൾ നേരിടുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ഉണ്ട്. സംസ്ഥാനത്ത് ലോക്ക്ഡൗൺമൂലം ഹോട്ടലുകളും മറ്റ് വ്യാപാര സ്ഥാപനങ്ങളും പ്രവർത്തിക്കുന്നതിനുള്ള നിയന്ത്രണങ്ങളുള്ളതിനാൽ പാലിന്റെ വില്പന മുൻപുള്ളതിനേക്കാൾ കുറഞ്ഞതായി കാണുന്നു. ക്ഷീരകർഷകരെ സംരക്ഷിക്കുന്നതിനായി ഉല്പാദിപ്പിക്കുന്ന മുഴുവൻ പാലും ക്ഷീരസംഘങ്ങൾവഴി സംഭരിക്കുവാനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) കന്നുകാലികൾക്ക് നൽകുന്ന തീറ്റയുടെ വില നിയന്ത്രിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ?

ഉണ്ട്. കാലിത്തീറ്റ വില വർദ്ധനവിനെ മറികടക്കുക എന്ന ലക്ഷ്യത്തോടെയാണ് ക്ഷീരവികസന വകുപ്പ് സംസ്ഥാനത്തുടനീളം തീറ്റപ്പുൽകൃഷി പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. തീറ്റപ്പുല്ലിനെ ആശ്രയിച്ച് പശുവളർത്തുന്ന കർഷകർക്ക് ലാഭകരമായി പശുവളർത്തൽ മുന്നോട്ടുകൊണ്ടുപോകാൻ കഴിയും. കൂടാതെ ഈ

വർഷത്തെ പദ്ധതികളിൽ സംഘങ്ങൾക്ക് പാരമ്പര്യേതര തീറ്റവസ്തുക്കൾ ഉപയോഗിച്ചുകൊണ്ടുള്ള കാലിത്തീറ്റ നിർമ്മാണത്തിനായുള്ള ഒരു നൂതനപദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. സംഘങ്ങളിൽനിന്നും വാങ്ങുന്ന കാലിത്തീറ്റയ്ക്ക് ഒരു ചാക്കിന് 400 രൂപ ധനസഹായം കോവിഡിന്റെ പശ്ചാത്തലത്തിൽ ദുരിതാശ്വാസ പദ്ധതിയുടെ ഭാഗമായി ക്ഷീരകർഷകർക്ക് നൽകിവരുന്നുണ്ട്.

**ക്ഷീരസഹകരണ സംഘങ്ങൾ**

303 (3023) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിലവിൽ എത്ര ക്ഷീരസഹകരണ സംഘങ്ങൾ പ്രവർത്തിക്കുന്നുണ്ടെന്ന് അറിയിക്കുമോ?

3635.

(ബി) പ്രസ്തുത സംഘങ്ങൾ കേരളത്തിൽനിന്ന് ശേഖരിക്കുന്ന പാലിന്റെ അളവും ഇതര സംസ്ഥാനങ്ങളിൽനിന്ന് ശേഖരിക്കുന്ന പാലിന്റെ അളവും എത്ര വീതമാണെന്ന് വ്യക്തമാക്കാമോ?

മിൽമ മേഖലാ യൂണിയനുകൾവഴി ക്ഷീര സഹകരണ സംഘങ്ങളിൽനിന്നും 2021 ജൂലൈ മാസത്തെ പ്രതിദിന ശരാശരി കണക്കനുസരിച്ച് 15,17,300 ലിറ്ററോളം പാൽ സംഭരിക്കുന്നുണ്ട്. വിപണനത്തിന് മതിയാകുമെന്നതിനാൽ ഇപ്പോൾ മിൽമ പുറത്തുനിന്നും പാൽ വാങ്ങുന്നില്ല. സ്വകാര്യ പാൽ വിതരണ കമ്പനികൾക്കായുള്ള പാലാണ് അതിർത്തി കടന്ന് എത്തുന്നത്. ക്ഷീരവികസന വകുപ്പിന്റെ കീഴിലുള്ള മീനാക്ഷിപുരം, ആര്യങ്കാവ്, പാറശ്ശാല ചെക്ക് പോസ്റ്റുകൾവഴി ജൂൺ മാസത്തിൽ പ്രതിദിനം ശരാശരി 4.9 ലക്ഷം ലിറ്റർ പാലാണ് കേരളത്തിലേയ്ക്ക് വന്നിട്ടുള്ളത്.

(സി) ലോക്ഡൗൺ കാലഘട്ടത്തിൽ പ്രസ്തുത സംഘങ്ങൾ ശേഖരിച്ച പാൽ ഉപയോഗയോഗ്യമല്ലാതെ നശിപ്പിക്കേണ്ടതായി വന്നിട്ടുണ്ടോ; വിശദമാക്കുമോ?

ലോക്ഡൗൺ കാലഘട്ടത്തിൽ ക്ഷീരസംഘങ്ങൾ ശേഖരിച്ച പാൽ ഉപയോഗയോഗ്യമല്ലാതെ നശിപ്പിക്കേണ്ടതായി വന്നിട്ടില്ല. ശേഖരിച്ച മുഴുവൻ പാലും മിൽമ സംഭരിച്ചിട്ടുണ്ട്. വിപണനം കഴിഞ്ഞ് ബാക്കിവന്ന അധിക പാൽ അന്യ സംസ്ഥാനത്ത് കൊണ്ടുപോയി പാൽപ്പൊടിയാക്കി മാറ്റുന്നു.

(ഡി) എല്ലാ ജില്ലയിലും പാൽ ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

നിലവിൽ എല്ലാ മിൽമ പ്ലാന്റുകളിലും പാലുല്പന്നങ്ങൾ നിർമ്മിച്ചുവരുന്നുണ്ട്. കൂടുതൽ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി സർക്കാരിന്റെ പരിഗണനയിലുണ്ട്. സംസ്ഥാനത്തുതന്നെ പാൽപ്പൊടി നിർമ്മിക്കുന്നതിനുള്ള പദ്ധതിയുടെ ഭാഗമായി മലപ്പുറം ജില്ലയിലുള്ള മൂർക്കനാട് ആധുനിക പാൽപ്പൊടി നിർമ്മാണ ഫാക്ടറി സ്ഥാപിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ പുരോഗമിക്കുകയും ചെയ്തുവരുന്നു.

## പാൽ വില പ്രദർശിപ്പിക്കുന്നതിന് നടപടി

304 (3024) ശ്രീ. ജോബ് മൈക്കിൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ക്ഷീര സഹകരണ സംഘങ്ങൾ പാലിന് (ലിറ്ററിന്) വിവിധ വില ഈടാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇങ്ങനെ വിവിധ വില ഈടാക്കുന്നതിനുള്ള കാരണം എന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം നൽകാമോ?

ബഹു. കേരള ഹൈക്കോടതിയുടെ WP(C)No. 13468/2011 ഉത്തരവ് പ്രകാരം പാൽ വില നിശ്ചയിക്കുന്നത് ക്ഷീരസഹകരണ സംഘങ്ങളുടെ അധികാര പരിധിയിലാണ്.

(സി) ക്ഷീര സഹകരണ സംഘങ്ങളിൽ പാലിന്റെ വിലവിവരം പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

സർക്കാർ അംഗീകരിച്ച് നൽകിയിരിക്കുന്ന പാൽ വിലവിവര ചാർട്ട് പൊതുവായി പ്രദർശിപ്പിക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) ഉണ്ടെങ്കിൽ എല്ലാ ക്ഷീര സഹകരണ സംഘങ്ങളിലും വിലവിവരം പ്രദർശിപ്പിച്ചിട്ടുണ്ടോയെന്ന് പരിശോധിക്കുമോ; വ്യക്തമാക്കാമോ?

സംസ്ഥാനത്ത് പ്രവർത്തിക്കുന്ന മുഴുവൻ ക്ഷീരസംഘങ്ങളിലും പാൽ വിലവിവര ചാർട്ട് പ്രദർശിപ്പിക്കുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിന് ഫീൽഡുതല ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നൽകുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

(നക്ഷത്രചിഹ്നമിടാത്ത 2790-ാം നമ്പർ ചോദ്യത്തിന്റെ ഉത്തരം ലഭ്യമായിട്ടില്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

10.00 am]

## II അടിയന്തരപ്രമേയം

### പ്ലസ് വൺ പ്രവേശനത്തിലെ ആശങ്ക

മി. സ്പീക്കർ: എസ്.എസ്.എൽ.സി. വിജയശതമാനവും 'എ പ്ലസ് ' ലഭിച്ചവരുടെ എണ്ണവും വർദ്ധിച്ചതുമൂലം സംസ്ഥാനത്ത് പ്ലസ് വൺ പ്രവേശനം സംബന്ധിച്ച ആശങ്ക പരിഹരിക്കുന്നതിന് സർക്കാർ ഭാഗത്തുനിന്ന് നടപടിയുണ്ടാകുന്നില്ലെന്ന് പറയപ്പെടുന്ന സാഹചര്യം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നാവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ എ. പി. അനിൽ കുമാർ, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീമതി കെ. കെ. രമ: സർ, ഈ വിഷയം സംബന്ധിച്ച് ഞാനും നോട്ടീസ് നൽകിയിട്ടുണ്ട്.

ശ്രീ. വി. ഡി. സതീശൻ: സർ, ഞങ്ങളുടെ കൈവശമുള്ള കോപ്പിയിൽ ശ്രീമതി കെ. കെ. രമയുടെ പേരുണ്ട്.

മി. സ്പീക്കർ: ഫോട്ടോകോപ്പി എടുത്തപ്പോഴുണ്ടായ അപാകതയാണ്. ശ്രീമതി കെ. കെ. രമയും ഈ വിഷയം സംബന്ധിച്ച് റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ള മുൻമന്ത്രിമാരായിരുന്ന അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുള്ള അടിയന്തരപ്രമേയത്തിന് ആധാരമായ വിഷയം ആശങ്കയിൽനിന്നും ഉയർന്നുവന്നതാണ്. ഇക്കഴിഞ്ഞ എസ്.എസ്.എൽ.സി. പരീക്ഷയിൽ 99.47% വിജയമാണ് ലഭിച്ചത്. പ്ലസ് വൺ പ്രവേശനം സംബന്ധിച്ച ആശങ്കയുടെ അടിസ്ഥാനത്തിലാണ് ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ള എം.എൽ.എ.-മാർ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിരിക്കുന്നത്. ഈ വിഷയത്തെ സംബന്ധിച്ച് സഭയിൽ ഒന്നുരണ്ട് പ്രാവശ്യം ഞാൻ വ്യക്തമാക്കിയിട്ടുള്ളതാണ്. കുട്ടികളുടെ ഉപരിപഠനമെന്നത് ഭരണ-പ്രതിപക്ഷമെന്ന നിലയിൽ എടുക്കേണ്ട വിഷയമല്ല. ഉപരിപഠനത്തിന് ഏതെങ്കിലും വിധത്തിലുള്ള കുറവുകളുണ്ടെങ്കിൽ കൂട്ടായി ആലോചിച്ച് പ്രതിപക്ഷത്തിന്റെ അഭിപ്രായങ്ങൾകൂടി മാനിച്ചുകൊണ്ട് അതിന് പരിഹാരം കാണണമെന്ന നിലപാടാണ് ഗവൺമെന്റിനുള്ളതെന്ന കാര്യം ഞാൻ ഇതിനുമുമ്പും വ്യക്തമാക്കിയിട്ടുള്ളതാണ്. ഒന്നുംരണ്ടും അലോട്ട്മെന്റുകൾ കഴിയുന്നതോടുകൂടി മുൻമന്ത്രിമാരായ

ഡോ. എം. കെ. മുനീർ, ശ്രീ. എ. പി. അനിൽ കുമാർ ഉൾപ്പെടെയുള്ളവരുടെയും വിദ്യാർത്ഥികളുടെയും രക്ഷിതാക്കളുടെയും ആശങ്കകൾ അവസാനിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. എന്നിട്ടും കുറവുകളുണ്ടെങ്കിൽ ഓരോ മണ്ഡലത്തിലെ എം.എൽ.എ.-മാരുമായും ബന്ധപ്പെട്ടവരുമായും ആലോചിച്ച് അത്തരം പ്രദേശങ്ങളിലെ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഏത് വിഷയത്തിനാണ് സീറ്റുകൾ കുറവുള്ളത്, ഏതെല്ലാം ജില്ലകളിലാണ് സീറ്റുകൾ കൂടുതലുള്ളത് എന്നിവ പരിശോധിച്ചുകൊണ്ട് റീ-അറേഞ്ച് ചെയ്യുന്നതുസംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കുകയാണ്. സംസ്ഥാനത്ത് ഹയർ സെക്കണ്ടറി ഒന്നാംവർഷ പ്രവേശനം സാധ്യമാകുന്നതിനായി 2015 മുതൽ 2020 വരെയുള്ള ഹയർ സെക്കണ്ടറി ഒന്നാംവർഷ പ്രവേശനം നേടിയവരുടെ എണ്ണത്തെ അടിസ്ഥാനപ്പെടുത്തി വിശകലനം നടത്തിയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ പ്ലസ് വൺ സീറ്റുകളെ സംബന്ധിച്ച റിപ്പോർട്ട് ചുരുക്കി പറയാനാണ് ഞാൻ ഉദ്ദേശിക്കുന്നത്.

2020-21 അദ്ധ്യയന വർഷത്തിൽ 421,887 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ എഴുതിയതിൽ 419,653 വിദ്യാർത്ഥികൾ ഉന്നത പഠനത്തിന് യോഗ്യത നേടി. അതായത് വിജയശതമാനം 99.47 ആണ്. സർക്കാർ എയ്ഡഡ് മേഖലയിൽ ബാച്ച് ഒന്നിന് 50 സീറ്റെന്ന ക്രമത്തിൽ ആകെ 306,150 സീറ്റുകളാണ് നിലവിലുള്ളത്. കഴിഞ്ഞ അഞ്ച് വർഷത്തെ കണക്കനുസരിച്ച് ഹയർ സെക്കണ്ടറി പ്രവേശനം നേടുന്നവർ 332,631 ആണ്, അതായത് 80 ശതമാനമാണ്. ഇതിൽ കുറവുള്ള സീറ്റുകളെന്ന് പറയുന്നത് 26,481 ആണ്. ഇതിനുപുറമെ വൊക്കേഷണൽ ഹയർ സെക്കണ്ടറി മേഖലയിൽ 30,000 സീറ്റുകളും ഐ.ടി.ഐ. മേഖലയിൽ 49,140 സീറ്റുകളും പോളിടെക്നിക്കിൽ 19,080 സീറ്റുകളുമുൾപ്പെടെ ആകെ 98,220 സീറ്റുകൾ വേറെയുണ്ട്. സർക്കാർ എയ്ഡഡ് മേഖലയിലെ സീറ്റുകൾ പരിഗണിച്ചാൽ പ്രവേശന നടപടികൾ അവസാനിക്കുമ്പോൾ ചില ജില്ലകളിൽ സീറ്റുകൾ ഒഴിഞ്ഞു കിടക്കുന്ന സാഹചര്യമാണുള്ളത്. നിലവിൽ സംസ്ഥാനത്തെ ചില ജില്ലകളിൽ പ്രത്യേകിച്ച്, മലപ്പുറം ജില്ലയിൽ ഹയർ സെക്കണ്ടറി പ്രവേശനത്തിന് സീറ്റുകളുടെ കുറവുണ്ട്. സംസ്ഥാനത്ത് മുൻവർഷത്തെ അപേക്ഷിച്ച് ഇത്തവണ 'എ പ്ലസ് ' നേടിയവരുടെ എണ്ണം കൂടുതലാണ്. പത്താംതരം പാസ്സായി പ്ലസ് വൺ പ്രവേശനത്തിന് യോഗ്യത നേടിയ എല്ലാ വിദ്യാർത്ഥികൾക്കും അപേക്ഷയിലെ ഓപ്ഷനുകൾക്കനുസരിച്ച് മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ പ്രവേശനം നൽകുന്നതാണ്. അതിനാൽ പ്ലസ് വൺ പ്രവേശനത്തെ സംബന്ധിച്ച് വിദ്യാർത്ഥികൾക്കും രക്ഷിതാക്കൾക്കും യാതൊരുവിധത്തിലുമുള്ള ആശങ്കയും ഉണ്ടാകേണ്ടതില്ല. മുൻവർഷങ്ങളിലെ കണക്കുകളുടെ അടിസ്ഥാനത്തിൽ പ്ലസ് വൺ പ്രവേശനത്തിന് ബുദ്ധിമുട്ടുണ്ടാകുകയില്ലായെന്നാണ് കരുതുന്നത്. മലബാർ മേഖലയിൽ ഇരുപത് ശതമാനവും മറ്റുമേഖലകളിൽ പത്ത്

ശതമാനവും സീറ്റ് വർദ്ധിപ്പിക്കുന്നതാണെന്ന് ഇന്നലെ സഭയിലെ ഒരുചോദ്യത്തിന് മറുപടിയായി ഞാൻ പറയുകയുണ്ടായി. കുട്ടികളുടെ ഉപരിപഠനത്തിനുള്ള അപേക്ഷ പരിശോധിച്ചശേഷം ഏതെങ്കിലും പ്രദേശത്ത് കുറവുണ്ടെങ്കിൽ ആ പ്രദേശത്തെ എം.എൽ.എ.-മാരുമായി ആലോചിച്ച് ഉപരിപഠനത്തിന് ആഗ്രഹിക്കുന്ന മുഴുവൻ വിദ്യാർത്ഥികൾക്കും അതിനുള്ള സൗകര്യം ഒരുക്കുന്നതാണെന്ന് ഞാൻ ഉറപ്പ് നൽകുകയാണ്. അതിനാൽ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയിരിക്കുന്ന അംഗങ്ങളുടെ ഉത്കണ്ഠ അടിസ്ഥാനരഹിതമാണ്. രക്ഷിതാക്കളുടെയും വിദ്യാർത്ഥികളുടെയും ഉത്കണ്ഠയുടെ അടിസ്ഥാനത്തിലാണ് പ്രമേയം കൊണ്ടുവന്നിരിക്കുന്നത്. അതിനെ ഞാൻ സ്വാഗതം ചെയ്യുന്നു. ഇക്കാര്യങ്ങൾ ജനങ്ങളെ അറിയിക്കുന്നതിനുള്ള ഒരവസരമായി ഇത് മാറിയിട്ടുണ്ട്. ഞാൻ ആവർത്തിച്ച് പറയുകയാണ് ഇതിൽ ഏതെങ്കിലും വിധത്തിലുള്ള കുറവുണ്ടെങ്കിൽ പരിഹരിക്കും. ഇതൊരു ഡിബേറ്റിന്റെ പ്രശ്നമല്ല, കുട്ടികളുടെ ഉന്നത വിദ്യാഭ്യാസത്തിന്റെ പ്രശ്നമാണ്. വിദ്യാഭ്യാസ രംഗത്ത് ഉന്നതനിലവാരം പുലർത്തുന്ന സംസ്ഥാനത്ത്, ഉന്നത വിദ്യാഭ്യാസത്തിന് ആഗ്രഹിക്കുന്ന ഒരുകുട്ടിക്കുപോലും ഉപരിപഠനം നിഷേധിക്കാൻ പാടില്ലായെന്നുള്ള നിലപാടാണ് ഗവൺമെന്റിനുള്ളത്. ഭരണപക്ഷത്തിന്റെ നിലപാട് മാത്രമല്ല, പ്രതിപക്ഷത്തിന്റെ നിലപാടും അതുതന്നെയാണെന്നാണ് ഞാൻ വിശ്വസിക്കുന്നത്. അത്തരത്തിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകാൻ കഴിയുമെന്നാണ് എനിക്ക് പറയാനുള്ളത്.

ഡോ. എം. കെ. മുനീർ: സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കാണ് ഞങ്ങൾ നോട്ടീസ് നൽകിയിരുന്നത്. കാരണം, ഗവൺമെന്റിന്റെ ഭാഗത്തുനിന്നും നയപരമായ തീരുമാനം ഉണ്ടാകേണ്ട വിഷയമാണ്. "തമാശ നല്ലതാണ് പക്ഷേ, അത് നമ്മുടെ കുഞ്ഞുങ്ങളെ വേദനിപ്പിക്കുന്നതും തളർത്തുന്നതുമാകരുത്". പൊതുവിദ്യാഭ്യാസ വകുപ്പുമന്ത്രി ഫെയ്സ്ബുക്ക് പേജിൽ പോസ്റ്റ് ചെയ്ത ഒരു വാചകമാണിത്. ഇത് പറഞ്ഞുകൊണ്ട് ഈ വിഷയം അവതരിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവിലൂടെ 61,230 സീറ്റ് വർദ്ധനവുണ്ടാകുമെന്നാണ് ഇന്നലെ ഒരു ചോദ്യത്തിന് മറുപടിയായി ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞിട്ടുള്ളത്. അങ്ങ് കേരളത്തിലെ വിദ്യാഭ്യാസ വകുപ്പിനെ ഒന്നായി എടുത്താണ് ഈ വിഷയം കാണുന്നത്. അതാണ് ഏറ്റവും വലിയ തെറ്റ്. കാസർഗോഡ് ജില്ലയിലെ ഒരു കുട്ടി തിരുവനന്തപുരത്തുവന്ന് പഠിക്കാൻ പോകുന്നില്ല. കാസർഗോഡുള്ള കുട്ടി അവിടെ പഠിക്കണം. ഏതെങ്കിലുമൊരു മണ്ഡലവുമായി ബന്ധപ്പെട്ട് സ്കൂളുകളുണ്ടെങ്കിൽ അവിടെ പഠിക്കണമെന്നാണ് അവരുടെ ആഗ്രഹം. ഇപ്പോൾ ഗൾഫ് വിഷയങ്ങൾകൂടി വന്നതോടെ പ്രവാസികൾ തിരിച്ചുവരാൻ തുടങ്ങിയതിനാൽ അവരുടെ കുട്ടികളും കേരളത്തിലെ സ്കൂളുകളിൽ പഠിക്കാൻ പോകുകയാണ്. മംഗലാപുരത്ത് പഠിച്ചിരുന്ന കാസർഗോഡുള്ള കുട്ടികൾ തിരിച്ച് കാസർഗോഡ് വരാൻ പോകുകയാണ്. ഇതിനു

പുറമെ, അങ്ങയുടെ കണക്കിൽപ്പെടാത്ത സി.ബി.എസ്.ഇ.-യും ഐ.സി.എസ്.ഇ.-യുമുണ്ട്. ഇതുരണ്ടും പഠിച്ചവർ കേരള സിലബസ് പഠിക്കാൻ ആഗ്രഹിക്കുകയാണ്. കഴിഞ്ഞ തവണ 75,000 സി.ബി.എസ്.ഇ. വിദ്യാർത്ഥികളാണ് പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ സമർപ്പിച്ച് കാത്തിരുന്നത്. ഐ.സി.എസ്.ഇ.-യിൽ ഏകദേശം 3000 കുട്ടികൾ സീറ്റിനായി കാത്തിരുന്നിട്ടുണ്ട്. ഈ കുട്ടികളും സ്റ്റേറ്റ് സിലബസിലേയ്ക്ക് വരാൻ പോകുകയാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. എന്നിവയിൽ ചില പ്രശ്നങ്ങൾ നിലനിൽക്കുന്നതിനാലാണ് അന്തിമ റിസൾട്ട് വരാത്തത്. ഇപ്രാവശ്യം പരീക്ഷയുണ്ടായിരുന്നില്ല, ഇന്റേൺഷിപ്പ് മാർക്ക് അടിസ്ഥാനത്തിലാണ് അവരുടെ വിജയം നിശ്ചയിച്ചിട്ടുള്ളത്. ആ കുട്ടികളുംകൂടി വരുമ്പോൾ കേരളത്തിന്റെ സ്ഥിതി എന്തായിരിക്കും? കുട്ടികൾ എന്തിനാണ് പ്ലസ് ടു-വിന് പോകുന്നത്, വി.എച്ച്.എസ്.ഇ., ഐ.ടി.ഐ., പോളിടെക്നിക് എന്നീ കോഴ്സുകൾക്ക് പോയിക്കൂടെയെന്നാണ് അങ്ങ് പറയുന്നത്. അത് നമ്മളല്ല തീരുമാനിക്കേണ്ടത്. മകൻ ഡോക്ടറും എഞ്ചിനീയറും ആകണമെന്ന് പണ്ടൊക്കെ അച്ഛനമ്മമാർ പറയുമായിരുന്നു. ..... (ബഹളം).... അങ്ങ് ഇന്നലെ പറഞ്ഞ മറുപടി ഞങ്ങൾ കേട്ടിരുന്നു. ഇതെല്ലാം വരുമ്പോൾ സീറ്റുകളുടെ എണ്ണം മതിയാകുമെന്നാണ് പറഞ്ഞത്. പോളിടെക്നിക്കിലേയ്ക്കും ഐ.ടി.ഐ.-ലേയ്ക്കും കുട്ടികളോട് പഠിക്കാൻ പോകാൻ എങ്ങനെ നിർബന്ധിക്കാൻ കഴിയും? അതിൽ പോകാൻ ആഗ്രഹിക്കുന്നവർ കാണും. അവർ പോകട്ടെ; കുട്ടികളുടെ ആഗ്രഹമാണ് വലുത്. അച്ഛനമ്മമാർ പറയുന്നതല്ല ഇപ്പോൾ കുട്ടികൾ തെരഞ്ഞെടുക്കുന്നത്. കുട്ടികൾ അവർക്ക് ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുക്കുന്നു. ഇപ്പോൾ ഇഷ്ടമുള്ള വിഷയം തെരഞ്ഞെടുക്കാൻ പറ്റില്ലെന്ന് മാത്രമല്ല കുട്ടികൾക്ക് പഠിക്കാൻപോലും പറ്റുന്നില്ല. കഴിഞ്ഞ തവണ 75,000 കുട്ടികളാണ് ഓപ്പൺ സ്കൂളിൽ പഠിച്ചത്. ആ കണക്ക് ആരുടെയെങ്കിലും കയ്യിലുണ്ടോ? മാർജിനൽ സീറ്റ് ഇൻക്രീസ് ചെയ്യാമെന്ന് അങ്ങ് പറഞ്ഞല്ലോ; അത് ചെയ്യാൻ പറ്റില്ലെന്ന് കോടതി വിധിയുണ്ട്. 50 കുട്ടികളിൽ കൂടുതൽ ഒരു ക്ലാസ്സിൽ ഇരിക്കാൻ പാടില്ലെന്നും ഒരു ക്ലാസ്സിൽ 65 കുട്ടികളാകാൻ പാടില്ലെന്നുമാണ് കോടതി വിധിയിൽ പറഞ്ഞിട്ടുള്ളത്, " Accommodation has caused hardship to the teachers to manage 60-65 students in a classroom especially when there is a shortage of space." ഒരു ക്ലാസ്സിൽ അങ്ങനെ ഇരുത്താൻ പാടില്ലെന്ന് ഹയർ സെക്കണ്ടറി നിയമത്തിലും പറയുന്നതാണ്. ഇപ്രാവശ്യം മാർജിനൽ ഇൻക്രീസ് ചെയ്യുന്നത് കോടതി വിധിക്കെതിരാണ്. " Therefore appropriate action shall be taken before the commencement of the classes in the next academic year 2021-2022." കോടതി വിധിയുണ്ടായിട്ടും അതിനെക്കുറിച്ച് സംസാരിച്ചിട്ടില്ല. ഓരോ സ്ഥലത്തെയും പ്ലസ്-ടു, വി.എച്ച്.എസ്.ഇ., ഐ.ടി.ഐ., പോളിടെക്നിക് എന്നിവയുൾപ്പെടുത്തിയാലും

തൃശ്ശൂരിൽ 830 സീറ്റുകൾ, പാലക്കാട് ജില്ലയിൽ ഏകദേശം 10,000 സീറ്റുകൾ, മലപ്പുറം ജില്ലയിൽ ഏകദേശം 30,000 സീറ്റുകൾ, കോഴിക്കോട് ജില്ലയിൽ ഏകദേശം 10,000 സീറ്റുകൾ, വയനാട് ജില്ലയിൽ ഏകദേശം 3,000 സീറ്റുകൾ, കണ്ണൂർ ജില്ലയിൽ ഏകദേശം 5,000 സീറ്റുകൾ, കാസർഗോഡ് ജില്ലയിൽ ഏകദേശം 5,000 സീറ്റുകൾ കുറവാണ്. അൺ എയ്ഡഡ് സ്കൂളുകളിൽ മിനിമം മാർക്ക് വച്ചിട്ടുള്ളത് 99 ശതമാനമാണ്. 96 ശതമാനം മാർക്ക് കിട്ടിയ കുട്ടികൾക്കുപോലും അൺ എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം ലഭിക്കാൻ സാധ്യതയില്ല. അതിനാൽ അവർ ആഗ്രഹിക്കുന്നത് ഗവൺമെന്റ്, എയ്ഡഡ് സ്കൂളുകളിൽ പ്രവേശനം ലഭിക്കണമെന്നാണ്. ഈ മേഖലയിൽ സീറ്റില്ലാതെ വിഷമിക്കുമ്പോൾ അവരുടെ കാര്യത്തിൽ യാതൊരു പരിഗണനയും കൊടുക്കാതിരിക്കുന്നത് അന്യായമല്ലേ? ഓരോ സ്കൂളുകളിലെയും ബാച്ചുകൾ വർദ്ധിപ്പിക്കുകയെന്നതാണ് ഇതിന് ഏക പരിഹാരം. 2015-16-നുശേഷം ഹയർ സെക്കണ്ടറി ബാച്ചുകൾ അനുവദിച്ചിട്ടില്ല. കഴിഞ്ഞ ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ ഭരണ കാലഘട്ടത്തിലാണ് ബാച്ചുകളുണ്ടാക്കിയത്. പലസ്ഥലത്തും രണ്ട് ബാച്ചുകളുള്ളത് പരിപൂർണ്ണമായും ഹയർ സെക്കണ്ടറി സ്കൂളുകളാക്കി മാറ്റുക. എന്തൊക്കെയാണ് ഇപ്രാവശ്യത്തെ പ്രശ്നം? വിജയശതമാനം ഉയർന്നു, 'എ-പ്ലസ്' വിജയികളുടെ എണ്ണം വർദ്ധിച്ചു, സി.ബി.എസ്.ഇ./ ഐ.സി.എസ്.ഇ. അനിശ്ചിതത്വം, കേരള സിലബസിലേയ്ക്ക് കുട്ടികൾക്ക് വരാനുള്ള ആഗ്രഹം ഇവയൊന്നും ചെറുതായി കാണരുത്. അവരുടെ ആഗ്രഹം നമ്മൾ സഫലീകരിക്കണ്ടേ? കുട്ടികളുടെ ആഗ്രഹങ്ങളുടെമേൽ നമ്മൾ കുതിരകയറരുത്, അവരുടെ സ്വപ്നങ്ങളുടെ ചിറകരിയരുത്, അവർക്ക് പല ആഗ്രഹങ്ങളുമുണ്ട്. അങ്ങ് തിരുവനന്തപുരത്ത് ഇരുന്ന് വീക്ഷിക്കുന്നതുകൊണ്ടാണ് എല്ലാ കുട്ടികൾക്കും സീറ്റ് ലഭിക്കുമെന്ന് തോന്നുന്നത്. ചില ജില്ലകളിൽ സീറ്റ് കൂടുതലുണ്ട്. എന്നാൽ, സീറ്റുകൾ കുറഞ്ഞ ജില്ലകളിലെ പ്രശ്നം എങ്ങനെ പരിഹരിക്കും; കുട്ടികൾ മറ്റ് ജില്ലകളിൽ പോയി പഠിക്കട്ടെയെന്ന നിലപാടെടുക്കാൻ സാധിക്കുമോ? ഒരിക്കലും സാധ്യമല്ലാത്തതിനാൽ ഇത് ഗൗരവമായ വിഷയമായി എടുക്കണം.

ഞാൻ കണക്കുകൾ നിരത്തിപറയുകയല്ല. ജില്ല തിരിച്ചുള്ള കണക്ക് പറയുകയാണെങ്കിൽ, പാലക്കാട് ജില്ലയിൽ നിലവിൽ 28,217 പ്ലസ് വൺ സീറ്റുകളാണുള്ളത്. എന്നാൽ അവിടെ എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ കുട്ടികൾ 38,518. മലപ്പുറം ജില്ലയിൽ നിലവിൽ 53,225 പ്ലസ്‌വൺ സീറ്റുകളുണ്ട്, എസ്.എസ്.എൽ.സി. പാസ്സായ കുട്ടികൾ 75,554. കോഴിക്കോട് ജില്ലയിൽ നിലവിൽ 34,522 സീറ്റുകളുണ്ട്, എസ്.എസ്.എൽ.സി. പാസ്സായവർ 44,430. വയനാട് ജില്ലയിൽ നിലവിൽ 8,706 പ്ലസ്‌വൺ സീറ്റുകളുണ്ട്, എസ്.എസ്.എൽ.സി. പാസ്സായവരുടെ എണ്ണം 11,518 ആണ്. കണ്ണൂർ ജില്ലയിൽ 28,017 പ്ലസ് വൺ സീറ്റുകളുണ്ട്, എന്നാൽ എസ്.എസ്.എൽ.സി.

പാസ്സായ കുട്ടികളുടെ എണ്ണം 34,287. കാസർഗോഡ് ജില്ലയിൽ നിലവിൽ 14,278 പ്ലസ്‌വൺ സീറ്റുകളുണ്ട്, എന്നാൽ എസ്.എസ്.എൽ.സി. പാസ്സായവർ 19,287. അങ്ങയുടെ കണക്ക് എവിടെനിന്നാണ് വന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഞാൻ എത്രനോക്കിയിട്ടും ആ കണക്കും ഇതുമായി ചേരുന്നില്ല. സത്യത്തിൽ കണക്കുകളുടെ കാര്യത്തിൽ പിശക് സംഭവിച്ചുകൊണ്ടിരിക്കുകയാണ്. മുഖ്യമന്ത്രി ഇതിൽ ഇടപെട്ട് നയപരമായ തീരുമാനമെടുക്കണമെന്ന് പറഞ്ഞത് അതുകൊണ്ടാണ്. ബഹുമാനപ്പെട്ട സ്പീക്കറുടെ ജില്ലയ്ക്കുംകൂടിവേണ്ടിയാണ് ഞാൻ സംസാരിക്കുന്നത്. അങ്ങയുടെ ജില്ലയിൽ പതിനായിരം സീറ്റ് കുറവുള്ളതിനാൽ എത്ര പേരാണ് അങ്ങയെ ഈ ആവശ്യവുമായി സമീപിച്ചത്? ഞങ്ങളുടെ ലെറ്റർ പാഡുകളെല്ലാം സീറ്റിനുവേണ്ടി എഴുതികൊടുക്കുകയാണ്. കാരണം, ആ കത്ത് അവർക്കൊരു ആശ്വാസത്തിനുവേണ്ടിയാണ്. ഗവൺമെന്റ് സ്കൂളിനുവരെ കത്ത് ചോദിക്കുകയാണ്. ഓരോ സ്ഥലത്തും ഏകജാലകത്തിൽ അപേക്ഷിച്ചവരുടെ കണക്ക് അങ്ങ് മേശപ്പുറത്തുവയ്ക്കുമോ? കാരണം ഓരോ ജില്ലയിലും എത്രപേരാണ് ഏകജാലകത്തിൽ അപേക്ഷിച്ചതെന്ന് അറിഞ്ഞാൽ സീറ്റിന്റെ സാധ്യതയെ സംബന്ധിച്ച് അറിയാൻ സാധിക്കും. പ്ലസ്‌വൺ പ്രവേശനത്തിന്റെ വിജ്ഞാപനം ഇപ്പോഴും പ്രസിദ്ധീകരിക്കാത്തത് മറ്റൊരു കാര്യമാണ്. എസ്.എസ്.എൽ.സി. ഫലപ്രഖ്യാപനം വന്ന് രണ്ടാഴ്ച കഴിഞ്ഞിട്ടും പ്ലസ് വൺ ഏകജാലക പ്രവേശത്തിനുള്ള മാനദണ്ഡം ഇതുവരെ നിശ്ചയിച്ചിട്ടില്ല. സംവരണം അൻപത് ശതമാനം കവിയരുതെന്ന സുപ്രീംകോടതി വിധിയാണ് പ്ലസ് വൺ പ്രവേശന നടപടികൾ അനിശ്ചിതത്വത്തിലാക്കിയിട്ടുള്ളത്. കഴിഞ്ഞ വർഷം മുതൽ 58 ശതമാനം വരെ സീറ്റുകൾ സംവരണത്തിന് നീക്കിവച്ചത് കോടതിയിൽ ചോദ്യം ചെയ്യപ്പെട്ടിരിക്കുകയാണ്. പഠിക്കാനായി സീറ്റ് കിട്ടുമെന്ന് ഉറപ്പുള്ള കുട്ടികൾ അത് കിട്ടുമോയെന്ന സംശയത്തിൽ നിൽക്കുമ്പോൾ, സീറ്റ് കിട്ടില്ലെന്ന് പറയുന്നവരുടെ കാര്യത്തിൽ എന്തിന്റെ അടിസ്ഥാനത്തിലുള്ള ഉറപ്പാണ് നൽകിയത്? പ്രതിപക്ഷവുമായി ചർച്ച ചെയ്യാൻ ഒരുക്കമാണെന്നാണ് മന്ത്രി ഇവിടെ പറഞ്ഞത്. അതുതന്നെയാണ് ഈ പ്രമേയത്തിൽ പറയുന്നത്. അങ്ങ് ചർച്ച ചെയ്യാമെന്ന് പറഞ്ഞല്ലോ; രണ്ടും ഒന്നാണല്ലോ? അതിനാൽ ഈ വിഷയം സഭാ നടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു.

<u>ശ്രീ. വി. ശിവൻകുട്ടി</u>: സർ, ഡോ. എം. കെ. മുനീർ ഇവിടെപ്പറഞ്ഞ കണക്കുകൾ അടിസ്ഥാനരഹിതമാണ്. ഞാൻ തിരുവനന്തപുരത്തുകാരനാണെങ്കിലും കേരളത്തെയും ഇന്ത്യയെയുമൊക്കെ ഒരേരൂപത്തിൽ കാണുന്ന ഒരു പ്രസ്ഥാനത്തിന്റെ പ്രവർത്തകനാണ്. അതുകൊണ്ടുതന്നെ തിരുവനന്തപുരം ജില്ലയ്ക്ക് കൊടുക്കുന്നതിനേക്കാൾ പ്രാധാന്യം വിദ്യാഭ്യാസപരമായി പിന്നോക്കം നിൽക്കുന്ന കാസർഗോഡ്, വയനാട്, മലപ്പുറം പോലുള്ള ജില്ലകൾക്ക് കൊടുക്കണമെന്ന് അഭിപ്രായമുള്ള പ്രസ്ഥാനത്തിന്റെ

പ്രവർത്തകനുമാണ്. എന്റെ മുൻഗാമികൾ ചെയ്തിട്ടുള്ളതും അങ്ങനെതന്നെയാണ്. ഇതുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളുടെയും കണക്കുകൾ എന്റെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട ചെയർ അനുവദിക്കുകയാണെങ്കിൽ ഞാനത് ഇവിടെ അവതരിപ്പിക്കുന്നതാണ്.

മി. സ്പീക്കർ: അങ്ങേയ്ക്ക് ചുരുക്കി അവതരിപ്പിക്കാവുന്നതാണ്.

ശ്രീ. വി. ശിവൻകുട്ടി: സർ, അദ്ദേഹം ഇവിടെ പറഞ്ഞ മലപ്പുറം ജില്ലയുടെ കണക്കിൽ കുറച്ച് കാര്യങ്ങൾ ശരിയാണ്. സർക്കാർ, എയ്ഡഡ് ഹയർ സെക്കണ്ടറി സ്കൂളുകളിൽ ലഭ്യമായ ഒന്നാം വർഷ സീറ്റിൽ ബാച്ച് ഒന്നിന് 50 എന്ന രീതിയിലാണ്. 2021 മേയ് മാസം 5-ാം തീയതിയിലെ ബഹുമാനപ്പെട്ട സുപ്രീംകോടതി വിധി, 2020-ലെ ഒരുകൂട്ടം സിവിൽ അപ്പീലുകളുടെ വിധി, ഇന്ദിരാ സാഹ്നി കേസ്സിലെ വിധി എന്നിവ നിലനിർത്തിക്കൊണ്ട് 50 ശതമാനത്തിനുമുകളിൽ സംവരണം ഏർപ്പെടുത്തുന്നത് അനുവദനീയമല്ല. നമ്മൾ ഇപ്പോൾ 48 ശതമാനം സീറ്റുകളും റിസർവ്വേഷൻ കാറ്റഗറികൾക്ക് കൊടുക്കുകയാണ്. 50 ശതമാനം മെറിറ്റിൽ ആക്കണമെന്നാണ് ബഹുമാനപ്പെട്ട സുപ്രീംകോടതി പറഞ്ഞിരിക്കുന്നത്. ഇത് വളരെ ഗൗരവമുള്ള വിഷയമാണ്. പ്ലസ്‌വൺ പ്രവേശനവുമായി ബന്ധപ്പെട്ട ഓൺലൈൻ പ്രോസ്പെക്ടസിലെ കാര്യങ്ങൾ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. എത്രയും പെട്ടെന്ന് പ്രോസ്പെക്ടസ് പരസ്യപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

മലപ്പുറം ജില്ലയിൽ 2021 മാർച്ച് മാസത്തിൽ എസ്.എസ്.എൽ.സി. വിജയിച്ച വിദ്യാർത്ഥികളുടെ എണ്ണം 75,554. എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ചവരിൽ ഹയർ സെക്കണ്ടറി പ്രവേശനം തേടുന്ന വിദ്യാർത്ഥികളുടെ എണ്ണം അഞ്ചു വർഷം മുമ്പുള്ള കണക്കുപ്രകാരം 67,092. എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരിൽ ഹയർ സെക്കണ്ടറി പ്രവേശനം നേടുന്ന വിദ്യാർത്ഥികളുടെ എണ്ണം അഞ്ച് വർഷത്തെ പ്രവേശനം അനുസരിച്ചാണെങ്കിൽ 53,040. പൊതുവിദ്യാലയങ്ങളിൽനിന്നും എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവർക്ക് പൊതുവിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറി പ്രവേശനം നേടുന്നതിനായി അനുവദനീയമായ സീറ്റുകളുടെ ലഭ്യതക്കുറവ് 11,090. ഇരുപത് ശതമാനം മാർജിനൽ സീറ്റ് വർദ്ധിപ്പിക്കുമ്പോൾ ലഭ്യമാകുന്ന സീറ്റ് 8390. പൊതുവിദ്യാലയങ്ങളിൽനിന്നും എസ്.എസ്.എൽ.സി. പരീക്ഷ വിജയിക്കുന്നവരിൽ പൊതുവിദ്യാലയങ്ങളിൽ ഹയർ സെക്കണ്ടറി പ്രവേശനം തേടുന്നതിനായി 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവിനു ശേഷമുള്ള ലഭ്യതക്കുറവ് 2700 ആണ്. അൺ എയ്ഡഡ് മേഖലയിലെ സീറ്റുകളുടെ എണ്ണം 11275. അങ്ങ് പറഞ്ഞതുപോലെ അൺ എയ്ഡഡ് സ്കൂളുകളിൽ എല്ലാ കുട്ടികൾക്കും

പ്രവേശനം ലഭിക്കാൻ സാധ്യതയില്ല. അവിടെ ഉയർന്ന മാർക്കിന്റെയും ചില പ്രത്യേക മാനദണ്ഡങ്ങളുടെയും അടിസ്ഥാനത്തിലാണ് അഡ്മിഷൻ നൽകുന്നത്. എല്ലാ ജില്ലകളെ സംബന്ധിച്ചുമുള്ള കണക്കുകളുണ്ട്. ഞാൻ ആ കണക്കുകൾ ഇവിടെ സൂചിപ്പിക്കുന്നില്ല.

മുഖ്യമായും മലബാർ മേഖലയിലെ കാര്യം സൂചിപ്പിച്ച ഡോ. എം. കെ. മുനീർ മറ്റു ചില മേഖലകളുടെ കാര്യവും പൊതുവിൽ സൂചിപ്പിച്ചു. ഞാൻ സൂചിപ്പിച്ചത് നമുക്ക് തമ്മിൽ ഒരു ചർച്ചയാകാം; അത് സഭ നിർത്തിവച്ച് ചർച്ച ചെയ്യണമെന്നല്ല ഞാൻ ഉദ്ദേശിച്ചത്. ഡോ. എം. കെ. മുനീറിനെപ്പോലെയുള്ള ഒരാൾ ഒരു അടിയന്തര പ്രമേയം അവതരിപ്പിക്കുമ്പോൾ അതിനെതിരെ ഒരു നിഷേധ നിലപാടല്ല സർക്കാരിനുള്ളത്. നമുക്ക് ചർച്ചയാകാമെന്നാണ് ഞാൻ പറഞ്ഞത്. ബഹുമാന്യരായ പ്രതിപക്ഷ നേതാവ്, പ്രതിപക്ഷ ഉപനേതാവ് എന്നിവരെക്കൂടി ഉൾപ്പെടുത്തി ഒരു മേശയ്ക്ക് ചുറ്റുമിരുന്ന് ഈ കാര്യം തുറന്ന് ചർച്ച നടത്താം. എന്റെ ഓഫീസിലോ, പ്രതിപക്ഷ നേതാവിന്റെ ഓഫീസിലോ ചർച്ച നടത്താം. അതിന് യാതൊരു ബുദ്ധിമുട്ടുമില്ല. അങ്ങ് ഉന്നയിച്ച പ്രശ്നത്തിന് പരിഹാരം കാണുന്നതിനുവേണ്ടി ശ്രമിക്കാം.

മലബാർ മേഖലയിൽ പാലക്കാട് മുതൽ കാസർഗോഡ് വരെ 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിക്കുമ്പോൾ 28,160 സീറ്റുകളാണ് കൂടുതലായി ലഭ്യമാകുന്നത്. ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ കണക്കുകളെല്ലാം കൃത്യമായി നോക്കുന്ന ആളാണ്. മലബാർ മേഖലയിൽ 2021-ൽ എസ്.എസ്.എൽ.സി. പരീക്ഷ പാസായവർ 22,4312 ആണ്. കഴിഞ്ഞവർഷത്തെ ശരാശരി പ്രവേശനമെടുത്താൽ ഹയർ സെക്കണ്ടറിയിൽ പ്രവേശനം നേടുന്ന കുട്ടികളുടെ എണ്ണം 165,477. ഓരോ ഡിവിഷനിലും 50 കുട്ടികളെന്ന കണക്കിൽ നിലവിൽ മലബാർ മേഖലയിൽ ആകെ 140,800 സീറ്റുകളുണ്ട്. 20 ശതമാനം മാർജിനൽ വർദ്ധനവ് വരുമ്പോൾ പുതുതായി 28,160 സീറ്റുകൾ കൂടും. അങ്ങനെ ആകെ 168,960 സീറ്റുകളുണ്ടാകും. മാർജിനൽ വർദ്ധനവ് വരുത്തിക്കഴിയുമ്പോൾ മലപ്പുറം ജില്ല ഒഴിച്ച് മറ്റെല്ലാ ജില്ലകളിലും ഗവൺമെന്റ് എയ്ഡഡ് സീറ്റുകൾതന്നെ തികയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഒന്നാമത്തെ അലോട്ട്മെന്റിലും രണ്ടാമത്തെ അലോട്ട്മെന്റിലും സ്വന്തം ജില്ലയിൽത്തന്നെ ഉപരി പഠനത്തിന് അർഹത നേടാൻ സാധിക്കാതെ വന്നാൽ അക്കാര്യം പ്രത്യേകമായി പരിഗണിക്കുമെന്നുള്ള കാര്യം ഞാൻ സഭയ്ക്ക് ഉറപ്പുനൽകുകയാണ്.

മലപ്പുറം ജില്ലയിൽ 2700 സീറ്റുകളുടെ കുറവുണ്ടാകുമെന്ന് അങ്ങിവിടെ സൂചിപ്പിച്ചു. കഴിഞ്ഞ വർഷത്തേക്കാൾ 1816 കുട്ടികൾ അധികമായി മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. വിജയിച്ചു. അതിന്റെയടിസ്ഥാനത്തിൽ സീറ്റുകൾ കുറവുണ്ട്. മലപ്പുറം ജില്ലയിൽ അൺഎയ്ഡഡ് മേഖലയിൽ 11275 സീറ്റുകളുണ്ട്. നേരത്തെ

സൂചിപ്പിച്ചതുപോലെ സി.ബി.എസ്.ഇ.-യുടെയും ഐ.സി.എസ്.ഇ.-യുടെയും വിഷയം വരുന്ന അവസരത്തിൽ, ഒന്നും രണ്ടും അലോട്ട്മെന്റുകൾ നടത്തിയതിനുശേഷം പരിശോധിക്കാം. അതിലെന്തെങ്കിലും കുറവുണ്ടെങ്കിൽ അതുകൂടി പരിഗണിച്ചുകൊണ്ട് പരിശോധിക്കാവുന്നതാണ്. ലഭിക്കുന്ന അപേക്ഷകളുടെ എണ്ണത്തെയും ഓപ്ഷനുകളെയും അടിസ്ഥാനപ്പെടുത്തി മലപ്പുറം ജില്ലയടക്കമുള്ള ജില്ലകളിൽ വരുന്ന സീറ്റുകളുടെ കുറവുകൾ പരിശോധിച്ച് അപേക്ഷ നൽകിയിട്ടുള്ള മുഴുവൻ വിദ്യാർത്ഥികൾക്കും ഉപരിപഠനം ഉറപ്പുവരുത്തുന്നതിനുവേണ്ടി ആവശ്യമായ ക്രമീകരണങ്ങൾ ചെയ്യാൻ ഗവൺമെന്റ് സന്നദ്ധമാണ്. അതുകൊണ്ട് ഒരു വിദ്യാർത്ഥിക്കുപോലും ഉപരിപഠന ത്തിലുള്ള അവസരം കിട്ടില്ലെന്നുള്ള ഒരാശങ്കയും വേണ്ട. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ലെന്നാണ് എനിക്ക് പറയാനുള്ളത്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിന് അനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷനേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരളത്തിലെ മാതാപിതാക്കൾ കുട്ടികളുടെ വിദ്യാഭ്യാസത്തിനാണ് ഒന്നാമത്തെ പ്രയോറിറ്റി നൽകുന്നത്. എസ്.എസ്.എൽ.സി., സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. പരീക്ഷകളുടെ റിസൾട്ട് വന്നതോടുകൂടി അവർ വലിയ ഉത്കണ്ഠയിലാണ്. രക്ഷാകർത്താക്കളുടെയും കുട്ടികളുടെയും ഉത്കണ്ഠയാണ് ഞങ്ങൾ ഈ സഭയിൽ കൊണ്ടുവരാൻ ശ്രമിച്ചത്. കഴിഞ്ഞവർഷങ്ങളിൽനിന്നും വ്യത്യസ്തമായ റിസൾട്ടാണ് ഈ വർഷം വന്നത്. ആ റിസൾട്ടിന്റെ പശ്ചാത്തലത്തിൽ, സംസ്ഥാനത്തെ പതിനാല് ജില്ലകളിലും നിലവിലുള്ള ആകെ സീറ്റുകളുടെ എണ്ണവും പാസ്സായ കുട്ടികളുടെ എണ്ണവും താരതമ്യപ്പെടുത്തു മ്പോഴുണ്ടാകുന്ന വ്യത്യാസം വളരെ വലുതാണെന്നതാണ് ഒന്നാമത്തെ കാര്യം. രണ്ടാമത്തെകാര്യം, എല്ലാ വിഷയത്തിനും 'എ പ്ലസ് ' ലഭിച്ച കുട്ടികൾക്ക് അവർ ആഗ്രഹിക്കുന്ന ബാച്ചിൽ ചേരാൻ കഴിയാത്ത സാഹചര്യം നിലനിൽക്കുന്നു. ഇത് കഴിഞ്ഞ വർഷത്തിന്റെ തുടർച്ചയാണ്. കഴിഞ്ഞ വർഷം നല്ല മാർക്കുള്ള പതിനായി രക്കണക്കിന് കുട്ടികൾ അവർ ആഗ്രഹിക്കുന്ന ബാച്ചിൽ ചേരാൻ സാധിക്കാതെ മറ്റുബാച്ചുകളിൽ ചേരാൻ നിർബന്ധിതരായിത്തീർന്നു. സംസ്ഥാനത്തൊട്ടാകെ ഒരു യൂണിറ്റായി പരിശോധിക്കപ്പെടേണ്ട വിഷയമല്ലിത്. ജില്ലാടിസ്ഥാനത്തിലാണ് പരിശോധിക്കേണ്ടത്. 419,000-ത്തിലധികം കുട്ടികൾ പാസ്സായി വരുമ്പോൾ 361,000-ത്തിലധികം സീറ്റുകൾ മാത്രമാണുള്ളത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, ഒന്നാമത്തെ അലോട്ട്മെന്റും രണ്ടാമത്തെ അലോട്ട്മെന്റും കഴിഞ്ഞാൽ ജില്ലാടി സ്ഥാനത്തിൽ പരിശോധിക്കാം. അതിന് പ്രശ്നമില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, 55,000 സീറ്റുകളുള്ളത് അൺ-എയ്ഡഡ് സ്കൂളുകൾ, സ്പെഷ്യൽ സ്കൂളുകൾ, റസിഡൻഷ്യൽ സ്കൂളുകൾ എന്നിവിടങ്ങളിലാണ്. 361,000-ത്തിലധികം സീറ്റുകൾ ഉള്ളതിൽ 55,000-ത്തോളം സീറ്റുകൾ 361 അൺ എയ്ഡഡ് സ്കൂളുകളിലാണ്. സർക്കാർ എയ്ഡഡ് സ്കൂളുകളിൽ നിലവിലുള്ള സീറ്റുകളുടെ എണ്ണവും പാസ്സായ കുട്ടികളുടെ എണ്ണവും കണക്കാക്കുമ്പോൾ ഏകദേശം ഒരു ലക്ഷത്തോളം വ്യത്യാസം വരികയാണ്. അതാണ് ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. കേരളത്തിലെ ഒൻപത് ജില്ലകളിൽ പാസ്സായ കുട്ടികളുടെ എണ്ണത്തിനേക്കാൾ കുറവാണ് നിലവിലെ സീറ്റുകളുടെ എണ്ണം. തെക്കോട്ടുള്ള ജില്ലകളിൽ ചെറിയ വ്യത്യാസം മാത്രമേയുള്ളൂ. അഞ്ച് ജില്ലകളിൽ മാത്രമാണ് സീറ്റ് കൂടുതലുള്ളത്. പാലക്കാട്, മലപ്പുറം, കണ്ണൂർ, കോഴിക്കോട്, കാസർഗോഡ്, വയനാട് ജില്ലകളിൽ സ്ഥിതി വളരെ രൂക്ഷമാണ്. പാസ്സായ കുട്ടികളുടെ എണ്ണവും സീറ്റുകളുടെ എണ്ണവും തമ്മിൽ വലിയ വ്യത്യാസമുണ്ട്. ഇതിൽ വേറൊരു പ്രധാനപ്പെട്ട പ്രശ്നം 2020-ൽ 'എ-പ്ലസ് ' ലഭിച്ച കുട്ടികളുടെ എണ്ണം 41,906 ആണ്. 42000-മെന്ന് കണക്കാക്കാം. ഈ പ്രാവശ്യം അതിന്റെ മൂന്നിരട്ടിയാണ്, ഏകദേശം 112,000 പേർക്കാണ് ഫുൾ 'എ-പ്ലസ് ' ലഭിച്ചിട്ടുള്ളത്. ഫുൾ 'എ-പ്ലസ് ' ലഭിച്ച കുട്ടികളുടെ എണ്ണം 41,000-ൽ നിന്നും 112,000-മായി വർദ്ധിച്ചിരിക്കുന്ന സാഹചര്യംകൂടി ഇവിടെ പരിഗണിക്കണം. ഫുൾ 'എ-പ്ലസ് ' ലഭിച്ച കുട്ടികൾക്കുപോലും അവർ ആഗ്രഹിക്കുന്ന സ്കൂൾപോയിട്ട്, ആഗ്രഹിക്കുന്ന വിഷയത്തിൽപ്പോലും ആ പ്രദേശത്തെ സ്കൂളുകളിൽ ചേരാൻ സാധിക്കാത്ത ഗൗരവകരമായ സാഹചര്യം മലബാറിലെ ആറ് ജില്ലകളിലുണ്ടെന്നുള്ള യാഥാർത്ഥ്യം നാം തിരിച്ചറിയണം. സ്റ്റേറ്റ് അടിസ്ഥാനത്തിലുള്ള യൂണിറ്റോ, ടോട്ടൽ നമ്പർ ഓഫ് സീറ്റോ, ടോട്ടൽ പാസ്സായ കുട്ടികളുടെ എണ്ണമോ അല്ല കണക്കാക്കേണ്ടത്. ഇതിനെ ജില്ലാടിസ്ഥാനത്തിൽ യൂണിറ്റായി കണക്കാക്കണം. ഈ പറയുന്ന കണക്കിൽ സി.ബി.എസ്.ഇ. കുട്ടികൾ വന്നിട്ടില്ല. കഴിഞ്ഞ പ്രാവശ്യം അപേക്ഷിച്ച സി.ബി.എസ്.ഇ. വിദ്യാർത്ഥികളിൽ പകുതി കുട്ടികൾക്കുമാത്രമേ അഡ്മിഷൻ ലഭിച്ചിട്ടുള്ളൂ. സി.ബി. എസ്.ഇ.-യിലെ 37000 കുട്ടികളും ഐ.സി.എസ്.ഇ.-യിലെ 3300 കുട്ടികളുമുൾപ്പെടെ ഏകദേശം നാൽപ്പതിനായിരത്തോളം കുട്ടികൾക്ക് കഴിഞ്ഞ പ്രാവശ്യം അഡ്മിഷൻ കൊടുക്കേണ്ടിവന്നു. സ്റ്റേറ്റിൽ വലിയൊരു ട്രെൻഡാണ്. ഒരുകാര്യം മനസ്സിലാക്കണം, സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികളുടെ എണ്ണം വർദ്ധി ക്കാനുണ്ടായ പ്രധാന കാരണം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ്സിൽ പഠിച്ചിരുന്ന കുട്ടികൾ പത്താം ക്ലാസ് കഴിഞ്ഞ് പതിനൊന്നാം ക്ലാസിൽ സ്റ്റേറ്റ്

സിലബസ്സിലേയ്ക്ക് മാറുകയാണ് എന്നതാണ്. പൊതുവിദ്യാഭ്യാസ മേഖലയിലേയ്ക്ക് ആ കുട്ടികൾ വന്നതിനെക്കുറിച്ച് വലിയ ക്രെഡിറ്റായി ഗവൺമെന്റ് പറയാറുണ്ട്. അതിന് ഒരു പ്രധാനപ്പെട്ട കാരണം സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസിൽനിന്നുള്ള കുട്ടികൾ കേരള സിലബസിലേയ്ക്ക് മാറുന്നതാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. സിലബസ് വളരെ പ്രയാസമാണ്. മാത്രമല്ല പ്രൊഫഷണൽ കോളേജുകളിലേയ്ക്കുള്ള അഡ്മിഷൻ സമയത്ത് ഇപ്പോൾ പ്ലസ്-ടു-വിന്റെ മാർക്ക് കൂട്ടുന്നുണ്ട്. സി.ബി.എസ്.ഇ.-യിലും ഐ.സി.എസ്.ഇ.-യിലും പ്ലസ്-ടു-വിന് കിട്ടുന്നതിനേക്കാൾ മാർക്ക് സ്കോർ ചെയ്യാൻ എളുപ്പം സ്റ്റേറ്റ് സിലബസായതു കൊണ്ടാണ് കുട്ടികൾ ഇതിലേയ്ക്ക് ഷിഫ്റ്റ് ചെയ്യുന്നത്. അങ്ങനെയൊരു വലിയ വിഭാഗം കുട്ടികൾ ഇങ്ങോട്ട് വരാൻ വേണ്ടി കാത്തിരിക്കുന്നു. വടക്കൻ ജില്ലകളിൽ 20 ശതമാനം സീറ്റുകൾ വർദ്ധിപ്പിച്ചു എന്നതാണ് ഗവൺമെന്റ് എടുത്തിരിക്കുന്നൊരു സൊല്യൂഷൻ. മലബാർ മേഖലയിൽ 10-20 ശതമാനം വരെ സീറ്റുകൾ വർദ്ധിപ്പിക്കുന്നത് സാധാരണ ചെയ്യാറുള്ളതാണ്. ആ കണക്കുവച്ചിട്ടാണ് മാനേജ് ചെയ്യാൻ പറ്റുമെന്ന് പറയുന്നത്. 2020-ൽ ഹൈക്കോടതി ജഡ്ജ്മെന്റ് വന്നപ്പോൾ ഒരു ഹയർ സെക്കണ്ടറി ക്ലാസ്റൂമിന്റെ ഡൈമെൻഷൻ കണക്കാക്കിയാണ് അവിടത്തെ ടോട്ടൽ സ്ട്രെങ്ത് തീരുമാനിച്ചിരിക്കുന്നത്. വെറുതെയല്ലല്ലോ; ഒരു ക്ലാസ് റൂമിന് ഒരു ഡയമെൻഷനുണ്ട്. Length and width-ന്റെ അടിസ്ഥാനത്തിൽ അതിന്റെ ഡൈമെൻഷൻ കണക്കാക്കിയാണ് ഒരു ക്ലാസിലെ ടോട്ടൽ സ്ട്രെങ്ത് അൻപതെന്ന് തീരുമാനിച്ചിരിക്കുന്നത്. ഇത് പരിശോധിച്ചിട്ട് 2020 ജൂലൈയിൽ ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞത്, 'I am of the view that the matter requires consideration by the Government after actual verification, in view of the present scenario of the outbreak of the COVID-19 pandemic, immediate action would be practically impossible.' പെട്ടെന്നൊരു തീരുമാനമെടുക്കാൻ കോടതി ഡയറക്ഷൻ കൊടുക്കുന്നത് ഇപ്പോൾ പോസിബിളല്ല, സർക്കാരിനെ അവർ ബുദ്ധിമുട്ടിലാക്കുന്നില്ല എന്നാണ്. 'Therefore, appropriate action shall be taken before the commencement of classes in the next academic year 2021-22'. ഇതിന്റെ അടിസ്ഥാനത്തിൽ എന്ത് ആക്ഷനാണ് എടുത്തത്? അതായത് മാർജിനൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നത് പ്രയോഗികമല്ല, അത് ക്ലാസ്റൂമിന്റെ വലിപ്പമനുസരിച്ച് പറ്റില്ല, ലാബിൽ സൗകര്യങ്ങൾ ഉണ്ടാകുകയില്ല. അതുകൊണ്ടാണ് മാർജിനൽ സീറ്റ് വർദ്ധിപ്പിക്കുന്നത് ശരിയല്ലെന്ന നിലപാട് ബഹുമാനപ്പെട്ട ഹൈക്കോടതി എടുക്കുകയും കഴിഞ്ഞ വർഷം സർക്കാരിനെ ബുദ്ധിമുട്ടിലാക്കാതിരിക്കാൻ ഈ pandemic outbreak-ന്റെ സാഹചര്യത്തിൽ ഒരു അയവ് കൊടുക്കുകയും അടുത്ത academic year-ന് മുമ്പായി ഇക്കാര്യത്തിൽ കൃത്യമായ തീരുമാനം എടുക്കണമെന്ന് നിർദ്ദേശിക്കുകയും ചെയ്തത്. മാർജിനൽ സീറ്റ് വർദ്ധിപ്പിക്കാനുള്ള

തീരുമാനത്തിനെതിരെ ആരെങ്കിലും ഹൈക്കോടതിയിൽ പോയാൽ എന്തുചെയ്യും, മാർജിനൽ സീറ്റ് ഇൻക്രീസ് ചെയ്യുവാനുള്ള തീരുമാനം റദ്ദാക്കും. അതിന്റെ പ്രായോഗികവശം നമ്മൾ മനസ്സിലാക്കണം. ഞങ്ങൾ ഇത് സർക്കാരിനെ പ്രതി കൂട്ടിലാക്കാൻ കൊണ്ടുവരുന്ന വിഷയമല്ല. രക്ഷകർത്താക്കളുടെയും കുട്ടികളുടെയും ഉത്കണ്ഠ പരിഹരിച്ച് പരമാവധി എല്ലാ കുട്ടികൾക്കും പ്ലസ് വൺ പ്രവേശനം ഉറപ്പു വരുത്തുന്നതിനുവേണ്ടിയുള്ള സദുദ്ദേശ്യത്തോടുകൂടിയാണ് ഇത് കൊണ്ടുവരുന്നത്. നിങ്ങൾ അത് മനസ്സിലാക്കണം. മാർജിനൽ സീറ്റുകൾ വർദ്ധിപ്പിക്കുന്നത് നിലനിൽ ക്കില്ലെന്നുമാത്രമല്ല അത് അപ്രായോഗികവുമാണ്. ഫിസിക്കൽ ക്ലാസ് തുടങ്ങി ക്കഴിഞ്ഞാൽ, അൻപത് കുട്ടികൾക്ക് നിൽക്കാൻ കഴിയുന്ന ലാബുകളിൽ അറുപതോ അറുപത്തിയഞ്ചോ കുട്ടികളെ നിർത്തേണ്ടിവരുന്നത് പ്രാക്ടിക്കലായ കാര്യമല്ല. Complete disorder ആകും. നമ്മൾ ഉദ്ദേശിക്കുന്നതുപോലെയല്ല. മാത്രമല്ല, ഒരു കാരണവശാലും അത് ചെയ്യാൻ പാടില്ല, ഈ വർഷത്തെ academic year-നുമുൻപ് ഇതെല്ലാം പരിശോധിച്ച് തീരുമാനം എടുക്കണമെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പറഞ്ഞിട്ട് വിദ്യാഭ്യാസ വകുപ്പ് എന്ത് തീരുമാനമാണ് എടുത്തിരിക്കുന്നത്; ഇത്തരം കാര്യങ്ങൾ വ്യക്തമാക്കണ്ടേ? വടകര വിദ്യാഭ്യാസ ജില്ലയിൽനിന്ന് കിട്ടിയൊരു കത്താണ്, ആ കത്തുവായിച്ചാൽ നമുക്ക് അറിയാം. 'നാല്പത് വർഷത്തോളമായി പ്രവർത്തിക്കുന്ന ഈ സ്കൂളിൽ ഈ വർഷം 560 വിദ്യാർത്ഥികൾ പരീക്ഷയെഴുതി. മുഴുവൻ കുട്ടികളും വിജയം നേടിയിട്ടുണ്ട്. ഞങ്ങളുടെതന്നെ പഞ്ചായത്തിലെ മറ്റൊരു സ്കൂളിൽനിന്നും 985 കുട്ടികളും എസ്.എസ്.എൽ.സി.-യിൽ വിജയം നേടിയിട്ടുണ്ട്. എന്നാൽ പഞ്ചായത്തിലെ ഈ രണ്ട് സ്കൂളുകളിലുമായി 575 സീറ്റ് മാത്രമെ നിലവിലുള്ളൂ' എന്നാണ് അതിൽ പറഞ്ഞിരിക്കുന്നത്. ഇത് വടകര വിദ്യാഭ്യാസ ജില്ലയിലെ സ്കൂളിൽനിന്നുള്ള കത്താണ്. ഇത് പല പഞ്ചായത്തുകളിലേയും പല താലൂക്കുകളിലേയും പ്രശ്നമാണ്. ഒരു താലൂക്കിനപ്പുറത്തോ, ജില്ലയുടെ മറ്റേയറ്റത്തോ കുട്ടികൾക്ക് പോയി പഠിക്കാൻ പറ്റുമോ? ഇവിടത്തെ മൂന്നുനാല് ജില്ലകളിൽ സീറ്റുകൾ കൂടുതലുണ്ടെങ്കിലും ആ സീറ്റുകൾ എന്തുകൊണ്ടാണ് ബാക്കി വരുന്നത്? കുട്ടികളുടെ ഓപ്ഷൻ അനുസരിച്ച് അവർ വേറെ സീറ്റുകൾ എടുക്കുന്നതുകൊണ്ടാണ്. ഇത് ഇങ്ങനെയല്ല കൈകാര്യം ചെയ്യേണ്ടത്. വളരെ ഗൗരവത്തോടുകൂടി കൈകാര്യം ചെയ്യണം. കൂടുതൽ ബാച്ചുകൾ അനുവദിക്കണം. എവിടെയാണ് കുറവുള്ളതെന്ന് പരിശോധിച്ച് ജില്ലയെ യൂണിറ്റായി കണക്കാക്കി ഓരോ താലൂക്കടിസ്ഥാനത്തിൽ സീറ്റുകളുടെ എണ്ണം കണക്കാക്കി ആ താലൂക്കുകളിലേയ്ക്ക് പ്രത്യേക ബാച്ചുകൾ അനുവദിക്കാൻവേണ്ടിയുള്ള തീരുമാനമാണ് ഗവൺമെന്റ് എടുക്കേണ്ടത്. കഴിഞ്ഞ അഞ്ച് വർഷമായി ഒരു തീരുമാനവും എടുക്കാത്തതുകൊണ്ടാണ് ഇങ്ങനെ സംഭവിച്ചത്. അല്ലാതെ ഇപ്പോഴത്തെ വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ മാത്രം പ്രശ്നമല്ല. കഴിഞ്ഞ

അഞ്ച് വർഷക്കാലമായി ഈയൊരു പ്രധാനപ്പെട്ട പ്രതിസന്ധി നിലനിൽക്കുകയാണ്. മറ്റ് സംസ്ഥാനങ്ങളിലേതുപോലെ കേരളത്തിലെ കുട്ടികളിൽ ആരെങ്കിലും പത്താം തരം കഴിഞ്ഞാൽ വിദ്യാഭ്യാസം നിർത്തുന്നുണ്ടോ; എല്ലാവരും ഹയർ സെക്കണ്ടറിയിലേയ്ക്കും മറ്റ് കോഴ്സുകളിലേയ്ക്കും പോകാൻ ആഗ്രഹിക്കുന്ന ഒരു സംസ്ഥാനമാണ്. ഈ കാര്യത്തെ ക്കുറിച്ച് സർക്കാർ ഒരു തയ്യാറെടുപ്പും നടത്തിയിട്ടില്ല. ഉന്നത വിദ്യാഭ്യാസ വകുപ്പ് ഒരു പഠനവും നടത്തിയിട്ടില്ല. ഇതുസംബന്ധിച്ച് എല്ലാ വർഷവും ചെയ്യുന്നതുപോലെ വെറുതെ മാർജിനൽ സീറ്റ് വർദ്ധിപ്പിച്ച് പതിനായിരക്കണക്കിന് കുട്ടികൾക്ക് പഠിക്കാൻ പറ്റാത്തൊരു സാഹചര്യം ഇന്ന് സംസ്ഥാനത്തുണ്ട്. ഫസ്റ്റും സെക്കന്റും അലോട്ടുമെന്റുകൾ കഴിഞ്ഞാൽ നമ്മൾ ആകാശത്തുനിന്നും സീറ്റ് കൊണ്ടുവരുമോ? എനിക്ക് മനസ്സിലാകുന്നില്ല. എങ്ങനെയാണ് ഇത് പ്രായോഗികമാകുന്നത്; ഫസ്റ്റും സെക്കന്റും അലോട്ടുമെന്റ് കഴിഞ്ഞതിനുശേഷം എങ്ങനെയാണ് പുതിയ സീറ്റ് ക്രിയേറ്റ് ചെയ്യുന്നത്; എവിടെയാണ് സീറ്റ് ക്രിയേറ്റ് ചെയ്യുന്നത്; ഏത് സ്കൂളിലാണ് സീറ്റ് ക്രിയേറ്റ് ചെയ്യുന്നത്; 20 ശതമാനമെന്നത് 30 ശതമാനമാക്കിമാറ്റി മാർജിനൽ സീറ്റ് വർദ്ധിപ്പിച്ചിട്ടാണോ സീറ്റ് ക്രിയേറ്റ് ചെയ്യുന്നത്? അപ്പോൾ മന്ത്രി പറഞ്ഞ മറുപടി തൃപ്തികരമല്ല. കാരണം ഫസ്റ്റും സെക്കന്റും അലോട്ടുമെന്റ് കഴിഞ്ഞ് ഏതെങ്കിലും ജില്ലകളിൽ ഡെഫിഷ്യൻസിയുണ്ടെങ്കിൽ അപ്പോൾ പരിശോധിക്കാമെന്നു പറഞ്ഞാൽ സീറ്റ് പുതുതായി ക്രിയേറ്റ് ചെയ്യാൻ മാജിക്കൊന്നുമില്ലല്ലോ. അതുകൊണ്ട് ഇത് ഗൗരവതരമായൊരു പ്രശ്നമാണ്. ഈ പ്രശ്നത്തെ ഗവൺമെന്റ് ഗൗരവത്തോടുകൂടിയല്ല നോക്കിക്കാണുന്നത്. ഒരു തയ്യാറെടുപ്പും നടത്താത്തതിലും പുതിയ ബാച്ചുകൾ തുടങ്ങണമെന്ന ഞങ്ങളുടെ ആവശ്യം അംഗീകരിക്കാത്തതിലും പതിനായിരക്കണക്കിന് വിദ്യാർത്ഥികളുടെ ഈ പ്രശ്നം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യാൻ സർക്കാർ തയ്യാറാകാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ഡോ. എം. കെ. മുനീർ: സർ, ഇവിടെ സൂചിപ്പിച്ചതുപോലെ എല്ലാ വിഷയത്തിലും 'എ-പ്ലസ് ' നേടിയവർ ഇപ്രാവശ്യം 121,318 ആണ്. കഴിഞ്ഞതവണ അത് 41,906 ആയിരുന്നു. യഥാർത്ഥത്തിൽ മൂന്നിരട്ടി പേരാണ് ഇപ്രാവശ്യം 'എ-പ്ലസ് ' നേടിയത്. 99.47 ശതമാനം വിജയമാണ് ഇപ്രാവശ്യമുണ്ടായത്. ഞാൻ പ്രാദേശിക വാദമായിട്ടല്ല സംസാരിച്ചത്. തിരുവനന്തപുരത്ത് ഇരുന്നുകൊണ്ട് കേരളത്തെ ഒരു യൂണിറ്റായി കാണരുത് എന്നുമാത്രമേ പറഞ്ഞിട്ടുള്ളൂ. അല്ലാതെ അങ്ങ് പ്രാദേശികവാദിയാണെന്ന് ഞാൻ ഒരിക്കലും പറഞ്ഞിട്ടില്ല. അങ്ങ് കേരളത്തെ ഒന്നായി കാണുന്നയാൾ തന്നെയാണ്. പക്ഷേ, ഒരു യൂണിറ്റായി ഇതിനെ കാണരുത് എന്നാണ് ഞാൻ പറയുന്നത്. ഓരോ

ജില്ലയുടേയും വിഷയം പ്രത്യേകമായി പരിഹരിക്കണം. ഈ വിഷയത്തിൽ ഒരു ചർച്ച അനിവാര്യമായിരുന്നു. അത് നിർവ്വഹിക്കാത്തതിൽ പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ഡോ. എം. കെ. മുനീറും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

ശ്രീ. പി. ജെ. ജോസഫ്: സർ, ഈ പാൻഡമിക് സിറ്റ്വേഷനിൽ കഴിഞ്ഞ വർഷത്തെ ഹൈക്കോടതി വിധി ഗൗരവമായി എടുത്തിട്ടില്ലെന്നുള്ളതാണ് പ്രധാനം. കാരണം മാർജിനൽ സീറ്റ് വർദ്ധിപ്പിക്കുന്നത് നടക്കില്ല. 50 സീറ്റുള്ളിടത്ത് അറുപതോ അറുപത്തിയഞ്ചോ സീറ്റാക്കാമെന്ന് പ്രതീക്ഷിച്ചാൽ നടക്കില്ല. ഫസ്റ്റും സെക്കന്റും അലോട്ടുമെന്റ് കഴിഞ്ഞതിനുശേഷമെടുക്കേണ്ട നടപടിയല്ല ഇത്. അത്യാവശ്യമായി ഏതാനും ബാച്ചുകൾ അനുവദിച്ചുമാത്രമേ ഈ പ്രശ്നം പരിഹരിക്കാൻ സാധിക്കുകയുള്ളൂ. അത് അടിയന്തരമായി പരിഗണിക്കാത്തതിലും ഗൗരവമായെടുക്കാത്തതിലും പ്രതിഷേധിച്ച് ഞാനും എന്റെ കക്ഷിയും വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. പി. ജെ. ജോസഫും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗവും സഭവിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഈ വിഷയത്തെ സംബന്ധിച്ച് കഴിഞ്ഞ 26-ാം തീയതി ബഹുമാനപ്പെട്ട മന്ത്രി നൽകിയ മറുപടിയിൽ സ്റ്റേറ്റ് ലെവൽ കമ്മിറ്റിയെ നിയോഗിച്ചിരിക്കുന്നു, അത് പരിശോധിച്ചുവരികയാണ് എന്നാണ് സൂചിപ്പിച്ചിരിക്കുന്നത്. ഗവൺമെന്റിന്റെ സജീവ ശ്രദ്ധയിലുള്ള ഒരു വിഷയം പരിഹരിക്കാനുള്ള നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഇതുവരെയുണ്ടായിട്ടില്ല. ഇത് വലിയൊരു ആശങ്കയാണ്. രക്ഷിതാക്കൾക്കും വിദ്യാർത്ഥികൾക്കുമുള്ള ആശങ്കയെ അഡ്രസ് ചെയ്യുന്ന കാര്യത്തിൽ ഗവൺമെന്റ് പരിപൂർണ്ണമായും പരാജയപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടാണ് മലബാർ മേഖലയിൽ സീറ്റുകളുടെ കാര്യത്തിൽ ഇത്രമാത്രം വ്യത്യാസമുണ്ടായിരിക്കുന്നത്. പുതിയ ബാച്ചുകൾ തുടങ്ങുന്നതടക്കമുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പിലാക്കുന്നകാര്യത്തിൽ സർക്കാർ പരാജയപ്പെട്ടിരിക്കുന്നു. ഈ വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് ഞാൻ വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭവിട്ട് പുറത്തുപോയി.

സഭവിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അല്പസമയത്തിനുശേഷം സഭയിൽ വീണ്ടും ഹാജരായി.)

## III ശ്രദ്ധ ക്ഷണിക്കൽ

### (1) കാർഷിക വിളകളുടെ അടിസ്ഥാനവില

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, കാർഷികമേഖലയിൽ വിപണി വിപുലീകരണത്തിനും സംഭരണം കാര്യക്ഷമമാക്കി വിളകൾക്ക് അടിസ്ഥാനവില ഉറപ്പാക്കുന്നതിനും സ്വീകരിച്ചുവരുന്ന നടപടികൾ ശക്തിപ്പെടുത്തേണ്ടതിന്റെ ആവശ്യകതയിലേയ്ക്ക് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രിയുടെ ശ്രദ്ധ ക്ഷണിക്കുകയാണ്. കഴിഞ്ഞ ഏഴ് മാസക്കാലമായി കൃത്യമായി പറഞ്ഞാൽ, ഇന്നേയ്ക്ക് 250 ദിവസമായി രാജ്യതലസ്ഥാനത്ത് നടന്നുവരുന്ന കർഷകപ്രക്ഷോഭം സ്വതന്ത്ര ഇന്ത്യയുടെ സമരചരിത്രത്തിൽ ഒരു പുതിയ അദ്ധ്യായം എഴുതിച്ചേർത്തിരിക്കുകയാണ്. മോദി സർക്കാർ പാസ്സാക്കിയ മൂന്ന് കർഷക വിരുദ്ധനിയമങ്ങൾ പിൻവലിക്കണമെന്ന് ആവശ്യപ്പെട്ടുകൊണ്ടാണ് ഡൽഹിയിൽ സമരം നടത്തുന്നത്. ഈ പ്രക്ഷോഭം അവസാനിപ്പിക്കാൻ യാതൊരു നടപടിയും സ്വീകരിക്കാത്ത കേന്ദ്ര ഗവൺമെന്റിന്റെ നിലപാടിൽ പ്രതിഷേധിക്കുകയും സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിക്കുകയും ചെയ്യുന്നു.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

കർഷകന്റെ വരുമാനം വർദ്ധിപ്പിക്കുമെന്ന് പ്രഖ്യാപിച്ച് അധികാരത്തിൽവന്ന കേന്ദ്ര ഗവൺമെന്റ് ജനവിരുദ്ധ നിയമത്തിലൂടെ ഇന്ത്യൻ കാർഷികമേഖല കോർപ്പറേറ്റുകൾക്ക് പതിച്ചുകൊടുക്കുന്ന നിലപാടാണ് സ്വീകരിച്ചിരിക്കുന്നത്. ഈ നയത്തിനെതിരായി ഒരു ബദൽ കാർഷികനയം നടപ്പിലാക്കുകയാണ് ഒന്നാം പിണറായി സർക്കാർ കേരളത്തിൽ ചെയ്തത്. കർഷകന്റെ വരുമാനത്തിൽ 50 ശതമാനം വർദ്ധനവുണ്ടാക്കാനാണ് ശ്രമിക്കുന്നത്. അതിനായി ഉൽപ്പാദനവും ഉൽപ്പാദനക്ഷമതയും വർദ്ധിപ്പിക്കണം. ഉൽപ്പന്നങ്ങൾക്ക് വിപണി കണ്ടെത്തുകയെന്നത് കൃഷിക്കാർ നേരിടുന്ന ക്ലേശകരമായ കാര്യമാണ്. കാർഷികവിളകളുടെ സംസ്കരണത്തിനുവേണ്ട സംവിധാനങ്ങളില്ലാത്തതും പ്രധാന പ്രശ്നമാണ്. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളുണ്ടാക്കി വിപണിയിലിറക്കിയാൽ മാത്രമേ കൃഷിക്കാരന്റെ വരുമാനം വർദ്ധിപ്പിക്കാൻ സാധിക്കുകയുള്ളൂ. നാളികേരം, റബ്ബർ, അടയ്ക്ക, കശുവണ്ടി, ധാന്യങ്ങൾ, പച്ചക്കറികൾ, പഴവർഗ്ഗങ്ങൾ, സുഗന്ധദ്രവ്യങ്ങൾ തുടങ്ങിയവയെല്ലാം വിലത്തകർച്ചയിലാണ്. മലബാർ മേഖലയിലെ പ്രത്യേകിച്ചും കാസർഗോഡ് ജില്ലയിലെ ഒരു പ്രധാന കൃഷിയാണ് അടയ്ക്ക. ഇപ്പോൾ അൽപ്പം ഭേദപ്പെട്ട വില ലഭിക്കുന്നുണ്ടെങ്കിലും സംഭരണത്തിനും സംസ്കരണത്തിനും ഒരു സംവിധാനവുമില്ല. നാളികേരത്തിന്റെ വില സ്ഥിരതയില്ലായ്മ വലിയ പ്രശ്നമാണ്. കൃഷിഭവനുകൾവഴി നാളികേരം സംഭരിക്കാനാവശ്യമായ സംവിധാനമുണ്ടാക്കണം. മൂല്യവർദ്ധിത ഉൽപ്പന്നങ്ങളിലൂടെ കർഷകന്

വില വർദ്ധിപ്പിച്ച് ലഭിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. റബ്ബറിന്റെ തറവില 170 രൂപയിൽനിന്നും 200 രൂപയായി ഉയർത്തണം. റബ്ബറധിഷ്ഠിത വ്യവസായം തുടങ്ങിയാൽ മാത്രമേ റബ്ബർ കർഷകരുടെ പ്രശ്നത്തിന് പരിഹാരമാവുകയുള്ളൂ. കോവിഡ് മഹാമാരിയുടെ ഭാഗമായി ലോക്ഡൗൺ പ്രഖ്യാപിക്കപ്പെട്ടപ്പോൾ, ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആഹ്വാനം ചെയ്ത ഭക്ഷ്യസുരക്ഷാ പദ്ധതിയിൽ നെൽകൃഷി വളരെ വിപുലമായി നടന്നു. ഏകദേശം അയ്യായിരത്തോളം ഏക്കർ തരിശുഭൂമി കൃഷിയോഗ്യമാക്കി. 2019-2020-ൽ 1.96 ലക്ഷം ഹെക്ടറായിരുന്ന നെൽകൃഷി ഇപ്പോൾ 2.31 ലക്ഷം ഹെക്ടറായി ഉയർന്നു. നെൽവയൽ ഉടമകൾക്ക് റോയൽറ്റി നൽകി. പച്ചക്കറി കൃഷിയിൽ കേരളം സ്വയംപര്യാപ്തമായി. 6.3 ലക്ഷം മെട്രിക് ടണ്ണിൽനിന്നും 14.9 ലക്ഷം മെട്രിക് ടണ്ണായി പച്ചക്കറി ഉൽപ്പാദനം ഉയർന്നു. 8.6 ലക്ഷം ടൺ പച്ചക്കറി അധികമായി ഉൽപ്പാദിപ്പിക്കുന്ന സ്ഥിതിയുണ്ടായി. 16 ഇനം പച്ചക്കറികൾക്ക് തറവില നിശ്ചയിച്ച് ഹോർട്ടികോർപ്പ്, വി.എഫ്.പി.സി.കെ. വഴി സംഭരിക്കാനുള്ള സംവിധാനമുണ്ടാക്കി. എന്നാൽ പല കൃഷിക്കാർക്കും പ്രായോഗികമായി ഇതിന്റെ ഫലം ലഭിച്ചില്ല. ഒരു ഉൽപ്പന്നം ഉണ്ടാക്കുന്നതിനേക്കാൾ വിഷമമാണ് അതിന്റെ വിൽപ്പന. ഉൽപ്പന്നം സംഭരിക്കാനോ കേടുകൂടാതെ സംരക്ഷിക്കാനോ ഉള്ള സംവിധാനം ഇപ്പോൾ കേരളത്തിലില്ല. അതിനാവശ്യമായ സംവിധാനമുണ്ടാക്കിയാൽ മാത്രമേ പച്ചക്കറിയുൾപ്പെടെ പെട്ടെന്ന് നശിച്ചുപോകുന്ന ഉൽപ്പന്നങ്ങൾ സംരക്ഷിക്കാനും അത് കൃഷിക്കാരന് ഗുണകരമായി മാറ്റാനും സാധിക്കുകയുള്ളൂ. എല്ലുമുറിയെ പണിയെടുക്കുന്ന കേരളത്തിലെ കർഷകരെ സംരക്ഷിക്കുന്നതിനാവശ്യമായ നടപടി ഉണ്ടാകണം. നമുക്ക് അന്നം നൽകുന്ന കൃഷിക്കാരന് സർക്കാർ താങ്ങും തണലുമാകണം. അതിനായി ഞാൻ ഈ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

കൃഷി വകുപ്പുമന്ത്രി (ശ്രീ. പി. പ്രസാദ്) : സർ, സംസ്ഥാനത്ത് കാർഷികോൽപ്പന്നങ്ങൾക്ക് ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി ന്യായവില ലഭ്യമാക്കുന്നതിന് വിവിധ ക്രമീകരണങ്ങളാണ് സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കിവരുന്നത്. 'കേരള ഫാം ഫ്രഷ് പച്ചക്കറി താങ്ങുവില പദ്ധതി' 2020 നവംബർ ഒന്നിന് പ്രാബല്യത്തിൽ വന്നു. പദ്ധതിയുടെ പ്രഖ്യാപനത്തിലൂടെ കേരളത്തിലെ മരച്ചീനി, നേന്ത്രൻ, വയനാടൻ നേന്ത്രൻ, കൈതച്ചക്ക, കുമ്പളം, വെള്ളരി, പാവൽ, പടവലം, വള്ളിപ്പയർ, തക്കാളി, വെണ്ട, കാബേജ്, കാരറ്റ്, ഉരുളൻകിഴങ്ങ്, ബീൻസ്, ബീറ്റ്റൂട്ട്, വെളുത്തുള്ളി എന്നീ 16 ഇനം പഴം, പച്ചക്കറികൾക്ക് അടിസ്ഥാനവില പ്രഖ്യാപിച്ചു. കൃഷി വകുപ്പിന്റെ AIMS (Agriculture Information Management System) പോർട്ടലിൽ രജിസ്റ്റർ ചെയ്തിട്ടുള്ള എല്ലാ അർഹരായ കർഷകർക്കും ഈ പദ്ധതിയുടെ പ്രയോജനം ലഭിക്കും. ജില്ലകളിൽ അടിസ്ഥാനവില പ്രഖ്യാപിച്ച

വിളയുടെ വില താഴുമ്പോൾ ജില്ലാ വില മോണിറ്ററിംഗ് കമ്മിറ്റിയുടെ ശിപാർശ പ്രകാരം കൃഷി ഡയറക്ടർ ജില്ലയിൽ അടിസ്ഥാനവില പ്രഖ്യാപിക്കുകയും അതിൻ പ്രകാരം ഉൽപ്പന്നങ്ങൾ നിലവിലെ മാർക്കറ്റ് വിലയ്ക്ക് തെരഞ്ഞെടുത്ത 550 വിപണികൾവഴി സംഭരിക്കുകയും ചെയ്യുന്നു. ഇതിൽ 250 വിപണികൾ PACS (Primary Agricultural Co-operative Society)-ന്റേയും 300 വിപണികൾ കൃഷി വകുപ്പിന്റേതുമാണ്. കൃഷി വകുപ്പിന്റെ കീഴിലുള്ള മാർക്കറ്റുകൾ - വി.എഫ്.പി. സി.കെ.-250, ഹോർട്ടികോർപ്പ്-18, ഇക്കോഷോപ്പുകൾ-12, 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ-14, മൊത്തവ്യാപാര വിപണികൾ-6 എന്നിങ്ങനെയാണ്. ഇങ്ങനെ സംഭരിക്കുമ്പോഴുണ്ടാകുന്ന പ്രഖ്യാപിച്ച താങ്ങുവിലയിൽനിന്നുള്ള വ്യത്യാസം കർഷകന്റെ അക്കൗണ്ടിലേയ്ക്ക് ഡയറക്ട് ബാങ്ക് ട്രാൻസ്ഫറായി നൽകുന്നു. സംസ്ഥാന കൃഷി വകുപ്പ് നിലവിലുള്ള വിവിധ 'എ' ഗ്രേഡ് ക്ലസ്റ്ററുകൾ, ഇക്കോഷോപ്പുകൾ, ആഴ്ചച്ചന്തകൾ, ഹോർട്ടികോർപ്പ് വിപണികൾ, വി.എഫ്.പി.സി.കെ. വിപണികൾ തുടങ്ങി കൃഷി വകുപ്പിന്റെ നിയന്ത്രണത്തിലുള്ള 1884 വിപണികളും ഏകോപിപ്പിച്ചുകൊണ്ട് കർഷകർ ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ സംഭരിച്ച് വിപണനം നടത്തിവരുന്നുണ്ട്. ഈ പദ്ധതിയുടെ ഭാഗമായി 2020-21 വർഷത്തിൽ വിവിധ ജില്ലകളിൽ 2712 കർഷകർക്ക് 3.021 കോടി രൂപ നൽകുകയും 4214 കർഷകർക്ക് 3.3 കോടി രൂപ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഒരു നിശ്ചിത കാർഷികോൽപ്പന്നത്തിന്റെ ഉൽപ്പാദനത്തിന് കർഷകന് ലഭിക്കുന്ന ന്യായമായ വിലയാകും അടിസ്ഥാന വിലയെന്നും അടിസ്ഥാന വില പ്രഖ്യാപിക്കുന്നതിലൂടെ അടിസ്ഥാന വിലയേക്കാൾ വിപണി വിലയിൽ ഇടിവുണ്ടാകുമ്പോൾ അടിസ്ഥാന വില കർഷകന് ലഭിക്കുന്നതിനാൽ വരുമാന നഷ്ടം തടയുവാനും അതുവഴി കർഷക താൽപ്പര്യം സംരക്ഷിക്കുവാനും വിപണിയിലെ വില വ്യതിയാനങ്ങൾ തടയുവാനും സാധ്യമാകും. കൂടാതെ, അടിസ്ഥാന വിലനിർണ്ണയം ഒരു കർഷകന് നിശ്ചിത വരുമാനം ഉറപ്പാക്കുന്നതിനാൽ അടിസ്ഥാനവിലയുള്ള വിളകൾ കൃഷി ചെയ്യാൻ കർഷകനെ പ്രേരിപ്പിക്കുകയും ചെയ്യുന്നു. കേരളത്തിൽ നിലവിൽ കൂടുതലായി ഉൽപ്പാദിപ്പിക്കുന്ന പഴം, പച്ചക്കറികൾ എന്നിവ വിളവെടുപ്പിനുശേഷം ഇപ്പോഴത്തെ സംഭരണശാലകളിൽ സൂക്ഷിക്കുവാൻ പറ്റുന്നയിനങ്ങളല്ല. കേന്ദ്ര സർക്കാരിന്റെ അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടുപയോഗിച്ച് പ്രത്യേക സംഭരണശാലകൾ ആരംഭിക്കുന്നതിനായി പ്രോജക്ട് പ്രൊപ്പോസൽ നൽകുവാൻവേണ്ട നിർദ്ദേശം പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾക്കും ജില്ലാ പ്രിൻസിപ്പൽ കൃഷി ഓഫീസർമാർക്കും നൽകിയിട്ടുണ്ട്. കർഷകർക്കും കർഷകകൂട്ടായ്മകൾക്കും ഇത്തരം സംഭരണശാലകൾ, അഗ്രിക്കൾച്ചറൽ ഇൻഫ്രാസ്ട്രക്ചർ ഫണ്ടിന്റെ സഹായത്തോടെ നടപ്പിലാക്കാൻവേണ്ട നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ, 'സുഭിക്ഷ കേരളം

പദ്ധതി'യുടെ ഭാഗമായി ആരംഭിച്ച 602 പുതിയ ആഴ്ച്ചന്തകൾ വഴിയും ഉൽപ്പന്നങ്ങൾ വിറ്റഴിക്കുന്നുണ്ട്. കൃഷി വകുപ്പിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ ഈ വിപണികൾ പ്രവർത്തിക്കുന്നതിനാൽ ഇടനിലക്കാരുടെ ചൂഷണം ഒഴിവാക്കി പ്രാദേശികമായി കർഷകർക്ക് നല്ല വില ലഭിക്കുന്നതിനും അതോടൊപ്പം ഉപഭോക്താക്കൾക്ക് ന്യായവിലയ്ക്ക് ഉൽപ്പന്നങ്ങൾ ലഭ്യമാക്കാനും വഴിയൊരുക്കുന്നു. ഹൈ എൻഡ് കാർഷിക വിപണികളെപ്പോലെ കർഷകർക്കും ഉപഭോക്താക്കൾക്കും ഒരുപോലെ പ്രയോജനപ്പെടുന്നതും നേരിട്ടുള്ള വിപണനത്തിന് സഹായകരവുമാകുന്ന വിപണിയാണ് റോഡരികിലെ നഗര വിപണികൾ അല്ലെങ്കിൽ കർഷകരുടെ വിപണികൾ എന്ന് വിളിക്കപ്പെടുന്ന നഗര വഴിയോര കാർഷിക വിപണികൾ. ഇതുപ്രകാരം 100 നഗര കാർഷിക വിപണികൾ 2021-2022 വർഷത്തിൽ മുഖ്യമന്ത്രിയുടെ നൂറുദിന പരിപാടികളുടെ ഭാഗമായി ആരംഭിക്കുന്നു. കൂടാതെ, ജില്ലാ സംഭരണ കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനും സംഭരിക്കുന്നതും സംസ്കരിച്ചതുമായ പഴം, പച്ചക്കറികൾ കേടുകൂടാതെ ഉപഭോക്താക്കൾക്കെത്തിക്കുന്നതിനുമായി സപ്ലൈ ചെയിൻ മാനേജ്മെന്റിനും ലോജിസ്റ്റിക് സൗകര്യങ്ങൾക്കുമായി ശീതീകരിച്ച വാഹനങ്ങൾ എല്ലാ ജില്ലകൾക്കും അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നഗര സംസ്കരണ കേന്ദ്രങ്ങൾ ശക്തിപ്പെടുത്താൻ കണ്ടെയ്നർ മാതൃകയിലുള്ള സംസ്കരണ വിപണന കേന്ദ്രം, സൗരോർജ്ജത്തിൽ പ്രവർത്തിക്കുന്ന സഞ്ചരിക്കുന്ന വില്പനശാലകൾ, സംസ്കരണ യൂണിറ്റ് സ്ഥാപിക്കൽ, സെക്കണ്ടറി നഗര സംസ്കരണ യൂണിറ്റുകൾ സ്ഥാപിക്കൽ, ഇൻക്യുബേഷൻ കേന്ദ്രങ്ങൾ സ്ഥാപിക്കൽ എന്നിവ കാർഷികരംഗത്തെ ശാക്തീകരിക്കുന്നതിന് നടപ്പിലാക്കാൻ നിശ്ചയിച്ചിരിക്കുന്ന പദ്ധതികളാണ്.

ശ്രീ. സി. എച്ച്. കുഞ്ഞമ്പു: സർ, ഇപ്പോഴും നാളികേരത്തിനും റബ്ബറിനും നിശ്ചയിച്ചിരിക്കുന്ന താങ്ങുവില വളരെ പരിമിതമാണ്. നാളികേരത്തിന് 20 രൂപയും റബ്ബറിന് 170 രൂപയുമാണ് ഇപ്പോഴുള്ള താങ്ങുവില. അത് നാളികേരത്തിന് 35 രൂപയും റബ്ബറിന് 200 രൂപയുമാക്കി വർദ്ധിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ശ്രീ. പി. പ്രസാദ്: സർ, രാവിലെ ചോദ്യോത്തരവേളയിൽ നാളികേരവുമായി ബന്ധപ്പെട്ട കാര്യങ്ങൾ പറഞ്ഞിരുന്നു. വില നിർണ്ണയിക്കുന്നതിനായി ഒരു സമിതിയെ നിശ്ചയിച്ചിട്ടുണ്ട്. ഈ സമിതി അക്കാര്യം പരിശോധിച്ച് ഉചിതമായ നടപടികൾ സ്വീകരിക്കുന്നതായിരിക്കും. റബ്ബറിന്റെ കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ പരിമിതികൾക്കുള്ളിൽ നിന്നുകൊണ്ടുതന്നെ 150 രൂപയെന്നത് 170 രൂപയായി ഉയർത്തിക്കഴിഞ്ഞിട്ടുണ്ട്.

## (2) ഭൂമിയേറ്റെടുക്കാൻ ഇളവ് അനുവദിക്കൽ

ശ്രീ. ഷാഫി പറമ്പിൽ: സർ, സ്പോർട്സ് നമ്മുടെ ഒരു ടോപ്പ് പ്രയോറിറ്റിയാക ണമെന്നുള്ള കാര്യത്തിൽ ഈ സഭയിൽ ആർക്കെങ്കിലും തർക്കമുണ്ടാകുമെന്ന് കരുതുന്നില്ല. നമ്മുടെ നാട്ടിലെ ചെറുപ്പക്കാരുടെ കർമ്മശേഷിയെ പോസിറ്റീവായി ഉപയോഗപ്പെടുത്താൻ സ്പോർട്സിനോളം കഴിയുന്ന മറ്റൊരു മേഖലയുണ്ടെന്ന് കരുതുന്നുമില്ല. എല്ലാ വിഭാഗീയതയും വിഭജനങ്ങളും അതിർവരമ്പുകളും ലംഘിക്കുന്ന ഒരു മേഖല. ശ്രീ. സച്ചിൻ ടെണ്ടുൽക്കറുടെ ഒരു സ്ട്രെയിറ്റ് ഡ്രൈവ്, ഇന്ത്യയിലെ ഓരോ സംസ്ഥാനത്തിന്റെയും അതിർത്തികളെ ലയിപ്പിച്ചു. പാക്കിസ്ഥാനിലും ആസ്ട്രേലിയയിലും അതിന് എത്ര ആരാധകരുണ്ടെന്ന് നമുക്കെല്ലാവർക്കും അറിയാം. ലയണൽ മെസ്സിയുടെ ബോൾ കൺട്രോളിന് രാജ്യങ്ങളുടെ അതിർവരമ്പുകളെ ഇല്ലാതാക്കാൻ കഴിഞ്ഞു. നെയ്മറുടെ ഒരു ഡ്രിബ്ലിംഗ് ലോകം മുഴുവൻ അതിർവരമ്പുകളില്ലാതെ ആസ്വദിക്കുന്നത് നമുക്ക് കാണാൻ കഴിഞ്ഞു. റൊണാൾഡോയുടെ സ്കിൽസിനെ ലോകം ആദരവോടെ കാണുമ്പോൾ ജാതിയോ മതമോ രാഷ്ട്രീയമോ അതിർത്തികളോ ഒന്നും അത് ആസ്വദിക്കുന്നതിന് ജനങ്ങൾക്കൊരു തടസ്സമല്ല. നമ്മുടെ യുവജനത ഇതുപോലെ വളർന്നുവന്നവരാണ്. നാട്ടിൻപുറത്ത് കൊയ്ത്തൊഴിഞ്ഞ പാടങ്ങളിലേയ്ക്ക് ശീമക്കൊന്നയുടെ ചെറിയ സ്റ്റമ്പുകളും മടൽ വെട്ടിയ ബാറ്റുംകൊണ്ട് കളിച്ച് വളർന്നവർ. പിന്നീട്, പുതിയ എക്യുപ്മെന്റ്സ് വന്നപ്പോൾ പണം കൊടുത്ത് വാങ്ങാൻ സാധിച്ചു. പക്ഷേ ആ സൗകര്യങ്ങളൊക്കെ വന്നപ്പോഴേയ്ക്കും നമ്മുടെ നാട്ടിലെ ഗ്രൗണ്ടുകൾ അന്യം നിന്നുപോകുന്നുവെന്നുള്ളത് കാണാതിരിക്കരുത്. കൊയ്ത്തൊഴിഞ്ഞ പാടങ്ങളിൽ ഇന്ന് കളിക്കാൻ പ്രയാസമാണ്. വീടിന്റെ മുറ്റത്തുണ്ടായിരുന്ന ചെറിയ ഇടങ്ങളിൽ പണ്ട് നമ്മൾ കളിച്ചിരുന്നു. പട്ടാമ്പിയിലെ ഓങ്ങല്ലൂർ പഞ്ചായത്തിലെ പാറപ്പുറം പ്രദേശത്ത് ഞങ്ങളൊക്കെ ചെറുപ്പത്തിൽ കളിച്ചിരുന്ന സമയത്ത് ആ ചുറ്റുവട്ടത്തുതന്നെ എത്ര ക്ലബ്ബുകളാണുണ്ടായിരുന്നത്. ഞാൻ വൈസ്മെൻസ് എന്നുപറയുന്ന ഒരു ക്ലബ്ബിൽ കളിച്ചിരുന്നു. അവിടെ കെ.സി.സി., ടൈഗേഴ്സ്, സിയാൻ, സംഗമം, 3 എ തുടങ്ങി ധാരാളം ക്ലബ്ബുകളുണ്ടായിരുന്നു. ചെറിയ ടൂർണ്ണമെന്റുകൾ സംഘടിപ്പിച്ചിരുന്നു. സ്കൂളിൽ പഠിക്കുന്ന കുട്ടികൾ ഒരു വെള്ളക്കടലാസിൽ ടൂർണ്ണമെന്റിന്റെ ഫിക്സ്ചർ എഴുതി അമ്പയറുടെ തീരുമാനം അന്തിമമായിരിക്കുമെന്ന് പറഞ്ഞ്, 10 രൂപ ഗ്രൗണ്ട് ഫീസ് വാങ്ങി, ചെറിയ കളികൾ സംഘടിപ്പിച്ച്, കൊച്ചു ട്രോഫികൾ വാങ്ങി അവിടെ ജയിക്കുന്ന ക്ലബ്ബുകൾക്ക് കൊടുത്ത്, വളർന്നുവന്നിരുന്ന ഒരു സ്പോർട്സ്മാൻ സ്പിരിറ്റ് ഉണ്ടായിരുന്നു. കടപ്പറമ്പത്ത് കാവിലെ അമ്പലപ്പറമ്പിലെ മുറ്റത്ത് കളിക്കാൻ ഞങ്ങൾക്കൊന്നും അന്ന് ഒരുതരത്തിലുമുള്ള തടസ്സങ്ങളുണ്ടായിരുന്നില്ല. ഞങ്ങളെല്ലാവരും ഒരുമിച്ചിരുന്ന് പ്രയാസങ്ങളും സന്തോഷങ്ങളും പങ്കുവച്ചിരുന്നു, ചെറിയ സങ്കടങ്ങളു ണ്ടാകുമ്പോൾ ഷെയർ ചെയ്തിരുന്നു. ഞാൻ ഒരു നൊസ്റ്റാൾജിയ പറയുകയോ പുതിയ തലമുറ ഇതൊന്നും ചെയ്യാത്തവരാണെന്ന് കുറ്റപ്പെടുത്തുകയോ അല്ല. ഇന്ന് അവർക്ക്

കളിക്കാൻ ഗ്രൗണ്ടുകളില്ല. ഉണ്ടായിരുന്ന ചെറിയ ഗ്രൗണ്ടുകളിലെല്ലാം കെട്ടിടങ്ങൾ വന്നു. അവിടെ പുതിയ സൗകര്യങ്ങളായപ്പോൾ പഞ്ചായത്തുകൾക്ക് സ്വന്തമായി ഗ്രൗണ്ടില്ലാത്ത സ്ഥിതിയാണ്. എന്റെ നിയോജകമണ്ഡലത്തിലെ പിരായിരി ഗ്രാമ പ്പഞ്ചായത്ത്; ഫുട്ബോളിന് എത്രയോ ആരാധകരും കളിക്കാരും താൽപ്പര്യക്കാരുമുള്ള ഒരുപറ്റം ചെറുപ്പക്കാരുടെ സ്ഥലമാണ്. പക്ഷേ പഞ്ചായത്തിന് സ്വന്തമായൊരു ഗ്രൗണ്ടില്ല. മാത്തൂർ പഞ്ചായത്ത്; അബ്ദുൾ റസാഖിനെപ്പോലുള്ള താരങ്ങൾ അവിടെയുള്ള സി.എഫ്.ഡി. സ്കൂളിൽനിന്നും വളർന്നുവരികയാണ്. അവിടെയും പഞ്ചായത്തിന് സ്വന്തമായൊരു ഗ്രൗണ്ടില്ല. കണ്ണാടി പഞ്ചായത്ത്; ഒത്തിരി പ്രതിഭാധനന്മാരായ താരങ്ങളുണ്ട്, അവിടെയും പഞ്ചായത്തിന് സ്വന്തമായൊരു ഗ്രൗണ്ടില്ല. ഇത് വലിയൊരു പ്രശ്നമായി നമ്മൾ അഭിമുഖീകരിക്കുകയാണ്. ഓൺലൈൻ ഗെയിമിംഗ് ഉൾപ്പെടെയുള്ള സംവിധാനങ്ങളുടെ പ്രയാസങ്ങൾ സൃഷ്ടിക്കുന്ന അപകടങ്ങൾ ഓരോ ദിവസവും വാർത്തയാകുകയാണ്. കുട്ടികൾ അവരവരുടെ റൂമുകളിലേയ്ക്കും അവരുടെ മുമ്പിലുള്ള ആറ് ഇഞ്ച് സ്ക്രീനിലേയ്ക്കും ഒതുങ്ങുകയാണ്. അതിനുപുറത്തേയ്ക്കോ തൊട്ടപ്പുറത്തെ വീട്ടിലെ ആളുകളുമായോ അവർക്ക് സൗഹൃദങ്ങളില്ല. ഈ ചെറുപ്പക്കാരിൽ social anxiety വളർന്നുവരുന്നതിന്റെ വാർത്തകൾ എത്രയാണ് നമ്മൾ വായിക്കുന്നത്. എത്രപേരാണ് ഡിപ്രഷന് അടിമപ്പെട്ട് റൂമിൽനിന്ന് പുറത്തിറങ്ങാതെ അച്ഛന്റെയും അമ്മയുടെയും തോരാത്ത കണ്ണുനീരിന് കാരണമാകുന്നത്? എത്രയാളുകളാണ് ആത്മഹത്യ ചെയ്യുന്നത്? പബ്ജി, ഫ്രീഫയറിംഗ് പോലുള്ള ഗെയിമുകൾക്ക് അടിമപ്പെട്ടുകൊണ്ട്, സമൂഹത്തിൽ സോഷ്യൽ ഇന്ററാക്ഷൻസ് നടത്താൻ മടിക്കുന്നതരത്തിലുള്ള അപകടങ്ങളിലേയ്ക്ക് കുട്ടികൾ പോകുന്നു. വളരെ ഗൗരവതരമായ ഒരു വിഷയമാണ്. പൊതുകളിയിടങ്ങൾ ഇല്ലാതാകുന്നതിന്റെ അപകടങ്ങൾ സ്പോർട്സിനെ മാത്രം ബാധിക്കുന്നതല്ല. കളിയിടങ്ങൾ ഇല്ലെങ്കിൽ നമ്മുടെ സ്പോർട്സ്മാൻ സ്പിരിറ്റിനെ, നമ്മുടെ സമൂഹത്തിന്റെ ഇന്ററാക്ഷൻസിനെ, കുട്ടികളുടെ ഭാവിയെ, അവരുടെ എനർജിയെ, ഹെൽത്തിനെ എന്നിവയെ എല്ലാം ബാധിക്കുന്നുവെന്ന് പഠനങ്ങൾ തെളിയിക്കുകയാണ്. പഞ്ചായത്തിന് ഒരു ഗ്രൗണ്ട് വേണമെങ്കിൽ സ്ഥലം അക്വയർ ചെയ്യണം. എന്നാൽ പഞ്ചായത്തും ഗവൺമെന്റും നിശ്ചയിക്കുന്ന റേറ്റിൽ സ്ഥലം അക്വയർ ചെയ്യാനോ ഗ്രൗണ്ട് വാങ്ങാനോ പഞ്ചായത്തിന് പണമില്ല. കൃഷി നടക്കാത്ത പാടങ്ങളോ മറ്റോ ഏറ്റെടുക്കാനാണെങ്കിൽ അതിന് നിയമത്തിൽ ഇളവുകളുമില്ല. വലിയ എത്രയോ പദ്ധതികൾക്കുവേണ്ടി നമ്മൾ സ്ഥലമേറ്റെടുക്കുന്നുണ്ട്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ:</u> അങ്ങ് പോയിന്റ് പറഞ്ഞ് അവസാനിപ്പിക്കൂ.

<u>ശ്രീ. ഷാഫി പറമ്പിൽ:</u> സർ, അവസാനിപ്പിക്കുന്നു. പ്രധാനപ്പെട്ട ഒരു വിഷയമാണ്. ഇതിനുവേണ്ടി ഇളവുകൾ കൊടുക്കാൻ നമുക്ക് കഴിയുന്നില്ല. അതിന് ഫണ്ടുകൾ ഉണ്ടാകുന്നില്ല. പഞ്ചായത്തിൽ ഒരു പൊതുഗ്രൗണ്ടുപോലുമില്ലാത്ത, പഞ്ചായത്ത് ഗ്രൗണ്ട് എന്നുപറയാൻ ഒരു സ്ഥലം പോലുമില്ലാത്ത, പഞ്ചായത്തുകൾക്ക് ഭൂമിയേ

റ്റെടുക്കുന്ന കാര്യത്തിലും അതിന് തുക കൊടുക്കുന്ന കാര്യത്തിലും സഹായവും ഇളവുകളും പ്രഖ്യാപിച്ച് കേരളത്തിലെ എല്ലാ പഞ്ചായത്തുകളിലും സാധിക്കുമെങ്കിൽ എല്ലാ വില്ലേജുകളിലും ഒരു പൊതുഗ്രൗണ്ടെങ്കിലും ഉണ്ടാകുന്നുവെന്ന് ഉറപ്പുവരുത്താനുള്ള നിയമഭേദഗതികളും ചട്ടഭേദഗതികളും നടപടികളും എടുക്കാൻ സർക്കാർ അടിയന്തര മായി ശ്രമിക്കണം.

11.00 am]

തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, രാവിലെ ചോദ്യോത്തരവേള മുതൽ ചർച്ചചെയ്യപ്പെട്ട പ്രധാന വിഷയം സ്പോർട്സുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. ലോകമെമ്പാടും ടോക്കിയോ ഒളിമ്പിക്സുമായി ബന്ധപ്പെട്ട ആവേശകരമായ കാഴ്ചകൾ ചെറുപ്പക്കാർ ഉൾപ്പെടെയുള്ള മുഴുവൻ ജനങ്ങളും കാണുകയും കേൾക്കുകയും ചെയ്തു കൊണ്ടിരിക്കുകയാണ്. കേരളത്തിനും വളരെയേറെ പ്രാധാന്യം നൽകുന്ന ഒന്നാണ് കായിക മേഖല. കഴിഞ്ഞ കുറേ വർഷക്കാലമായി ഒളിമ്പിക്സിൽ കേരളത്തിൽനിന്ന് സ്ഥിരമായി സ്ത്രീ പ്രാതിനിധ്യം വളരെ കൂടുതലുണ്ടായിരുന്നു. ഇപ്രാവശ്യം ഒരു വനിതാ കായികതാരത്തെപ്പോലും ഇന്ത്യൻ ഒളിമ്പിക്സ് ടീമിൽ അയയ്ക്കാനായില്ലെന്നുള്ളത് നമ്മളെല്ലാം ബോധപൂർവ്വം ഓർക്കേണ്ട വസ്തുതയാണ്. കേരളത്തിന്റെ കായിക മേഖലയെ കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാവരും ശ്രദ്ധിക്കുന്നുവെന്നുള്ളത് വളരെയേറെ താല്പര്യം നൽകുന്ന ഒന്നായി ഞാൻ കാണുകയാണ്. കേരളത്തിൽ പുതിയ കായികസംസ്കാരം വളർത്തിയെടുക്കുകയെന്നത് ഈ സർക്കാരിന്റെ ഒരു ലക്ഷ്യംതന്നെയാണ്. എല്ലാ ജില്ലകളിലും വിപുലമായ സ്പോർട്സ് കോംപ്ലക്സുകൾ നിർമ്മിക്കുമെന്ന് ഗവൺമെന്റ് ഇതിനകംതന്നെ പ്രഖ്യാപിച്ചിട്ടുണ്ട്. എല്ലാ പഞ്ചായ ത്തുകളിലും നഗരസഭകളിലും ഒരു മികച്ച കളിസ്ഥലമെങ്കിലും ഉറപ്പുവരുത്താൻ സർക്കാർ പരിശ്രമിക്കും. ഇതിന്റെ ഭാഗമായി എല്ലാ തദ്ദേശഭരണ പ്രദേശങ്ങളിലും ഒരു പൊതു കളിസ്ഥലമെന്ന പദ്ധതിയുടെ ആദ്യഘട്ടമെന്ന നിലയിൽ കിഫ്ബി ധനസഹായത്തോടെ 14 ജില്ലകളിലുംകൂടി 58 സ്റ്റേഡിയങ്ങളുടെയും 44 പ്രാദേശിക സ്റ്റേഡിയങ്ങളുടെയും നിർമ്മാണം വിവിധ ഘട്ടങ്ങളിലാണ്. പ്രസ്തുത 58 സ്റ്റേഡിയ ങ്ങളിൽ 4 പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 8 ജില്ലാ സ്റ്റേഡിയങ്ങളുടെ ഒന്നാംഘട്ട നിർമ്മാണപ്രവൃത്തികളും ഇതിനോടകം പൂർത്തീകരിച്ചിട്ടുണ്ട്. മറ്റ് 20 പദ്ധതികളുടെ പ്രവൃത്തികൾ വിവിധ ഘട്ടങ്ങളിലാണ്. സംസ്ഥാനത്തുടനീളമുള്ള വിവിധ തദ്ദേശഭരണ സ്ഥാപനങ്ങളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങൾ, മൈതാനങ്ങൾ എന്നിവയുടെ വിവരശേഖരണത്തിനുള്ള നടപടികൾ കായിക വകുപ്പ് ആരംഭിച്ചിട്ടുണ്ടെന്ന് നേരത്തെയുള്ള ചോദ്യത്തിന് ഉത്തരം നൽകി ക്കൊണ്ട് ബഹുമാനപ്പെട്ട കായിക വകുപ്പുമന്ത്രി സഭയിൽ വ്യക്തമാക്കുകയുണ്ടായി. പൊതു കളിസ്ഥലങ്ങളില്ലാത്ത പഞ്ചായത്തുകൾ കണ്ടെത്തി പഞ്ചായത്ത് ഭൂമിയിൽ

മൈതാനങ്ങൾ നിർമ്മിച്ചുനൽകുന്നതാണ് പരിഗണനയിലുള്ളത്. സ്വന്തമായി ഭൂമിയില്ലാത്ത പഞ്ചായത്തുകളിൽ സർക്കാർ സ്കൂളുകളുമായോ മറ്റ് വിദ്യാഭ്യാസ സ്ഥാപനങ്ങളുമായോ ബന്ധപ്പെട്ട് പ്രസ്തുത സ്കൂൾ ഗ്രൗണ്ടിൽ കളിക്കളം നിർമ്മിച്ചുനൽകുന്നതും പരിഗണനയിലുണ്ട്. ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയുമായി ഇക്കാര്യം ചർച്ച ചെയ്തപ്പോൾ റവന്യൂ ഭൂമിയുൾപ്പെടെ ഉപയോഗപ്പെടുത്തി കളിസ്ഥലം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട് ആവശ്യമായ നിലപാട് സ്വീകരിക്കാമെന്ന് അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. സ്ഥലം ലഭ്യമല്ലാത്ത തദ്ദേശഭരണ സ്ഥാപനങ്ങളിൽ മൈതാനങ്ങൾ നിർമ്മിക്കുന്നതിനായി സ്ഥലം ഏറ്റെടുത്ത് ലഭ്യമാകുന്നമുറയ്ക്ക് പദ്ധതി നടപ്പിലാക്കുന്നതാണ്. കായിക വകുപ്പിന്റെ പ്ലാൻ ഫണ്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുടെ വികസന ഫണ്ട്, എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ട് തുടങ്ങിയവയിൽനിന്നുള്ള തുകകൂടി ഉൾപ്പെടുത്തി പണം കണ്ടെത്താൻ സാധിക്കും. പൊതു കളിസ്ഥലമില്ലാത്ത പഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനുവേണ്ടി സ്ഥലം ഏറ്റെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ പലപ്പോഴും തടസ്സപ്പെടുന്നതിന്റെ കാര്യം ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിക്കുകയുണ്ടായി. നടപടിയിലുള്ള നിയമതടസ്സങ്ങൾക്ക് പ്രത്യേകം ഇളവുകൾ നൽകേണ്ടതിന്റെ ആവശ്യകത സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, അങ്ങ് അവസാനം സൂചിപ്പിച്ചത് ഏറ്റവും പ്രധാനപ്പെട്ട ഒരു തടസ്സം തന്നെയാണ്. സ്ഥലമില്ലാത്ത പഞ്ചായത്തുകൾക്ക്, സ്ഥലം അക്വയർ ചെയ്യുവാനുള്ള തടസ്സമുണ്ട്. ഒന്ന്, പഞ്ചായത്ത് നിശ്ചയിക്കുന്ന റേറ്റിന് ഒരു സ്ഥലവും നമുക്ക് വാങ്ങാൻ കിട്ടില്ല. കാരണം ആരും സ്ഥലം വിൽക്കാൻ തയ്യാറാകില്ല. മാർക്കറ്റ് പ്രൈസിലേ അത് കിട്ടുകയുള്ളൂ. രണ്ട്, വിലകുറഞ്ഞ സ്ഥലങ്ങളാണെങ്കിൽ അത് ചിലപ്പോൾ നിലം എന്ന കാറ്റഗറിയിലായിരിക്കാം. മറ്റൊരു പൊതു ഗ്രൗണ്ടുമില്ലാത്ത പഞ്ചായത്തുകൾക്കെങ്കിലും നിലമാണെങ്കിൽപ്പോലും അത് ഈയൊരു പർട്ടിക്കുലർ പർപ്പസിന് വേണ്ടിമാത്രം കൺവേർട്ട് ചെയ്യുവാനുള്ള പെർമിഷൻ കൊടുത്താൽ മാത്രമേ ഇത്തരം പഞ്ചായത്തുകൾക്ക് ഭൂമി വാങ്ങാൻ കഴിയുകയുള്ളൂ. അതുപോലതന്നെ പ്രധാനപ്പെട്ട കാര്യമാണ് എയ്ഡഡ് സ്ഥാപനങ്ങളിലെ ഗ്രൗണ്ടുകൾ. സ്കൂളുകളും കോളേജുകളും പ്രവർത്തിക്കുന്ന എയ്ഡഡ് സ്ഥാപനങ്ങളുടെ കളിസ്ഥലങ്ങൾ പൊതുവായി കൊടുക്കണമെന്ന് നമ്മൾ ആഗ്രഹിച്ചാൽപ്പോലും സ്വാഭാവികമായും അതിന് ഒരുപാട് പരിമിതികളുണ്ട്. അതുകൊണ്ട് പഞ്ചായത്ത് രണ്ടോ മൂന്നോ ഏക്കർ സ്ഥലമെങ്കിലും അക്വയർ ചെയ്യുകയെന്നുള്ളതല്ലാതെ ഇതിന് ശാശ്വത പരിഹാരമില്ല. അതിന് റേറ്റിന്റെ കാര്യത്തിലുള്ള കൺഫ്യൂഷൻ ഒഴിവാക്കേണ്ടിവരും. അതല്ലെങ്കിൽ റേറ്റ് കുറഞ്ഞുകിട്ടുന്ന നിലമുൾപ്പെടെയുള്ള ഭൂമി ഈ പർട്ടിക്കുലർ പർപ്പസിനുവേണ്ടി മാത്രം രൂപമാറ്റം വരുത്തുന്നതിന് പെർമിഷൻ നൽകുന്നതുസംബന്ധിച്ചുള്ള ഭേദഗതികൾ വരുത്താൻ സാധിക്കുമോ? ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രി ഈ വിഷയത്തിൽ ഇടപെടുന്നത് നന്നായിരിക്കുമെന്ന് തോന്നുന്നു.

ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ: സർ, റവന്യൂ വകുപ്പുമായി ആലോചിച്ച് തദ്ദേശഭരണ സ്ഥാപനങ്ങളിൽ എവിടെയാണോ ഇത്തരത്തിൽ ഒരു കളിസ്ഥലവുമി ല്ലാത്തത് അങ്ങനെയുള്ള പഞ്ചായത്തുകളിൽ കളിസ്ഥലം നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കാം.

## IV സബ്മിഷൻ

## (1) സൈബർ കുറ്റകൃത്യം

ശ്രീ. കെ. എം. സച്ചിൻദേവ്: സർ, സംസ്ഥാനത്തെ ഓൺലൈൻ ക്ലാസ്സുകളിൽ സാമൂഹിക വിരുദ്ധർ നുഴഞ്ഞുകയറി സൈബർ കുറ്റകൃത്യം ചെയ്യുന്നതിനെതിരെ കർശന നടപടി സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ടാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. കോവിഡ് മഹാമാരിയുടെ പ്രത്യേക സാഹചര്യത്തിൽ 2020 ജൂൺ മാസം മുതൽ ഡിജിറ്റൽ ക്ലാസ്സുകളും ഓൺലൈൻ ക്ലാസ്സുകളും രാജ്യത്തിനുതന്നെ മാതൃകയായി സംസ്ഥാനത്ത് നടത്തിവരികയാണ്. സംസ്ഥാനത്തെ എല്ലാ വിദ്യാർത്ഥികൾക്കും ഓൺലൈൻ പഠനം ഉറപ്പുവരുത്തുന്നതിനായി ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഡിജിറ്റൽ ഡിവൈസുകൾ ലഭ്യമാക്കിയും നെറ്റ്‌വർക്ക് പ്രൊവൈഡർമാരുടെ പ്രത്യേക യോഗം വിളിച്ചുചേർത്ത് നെറ്റ്‌വർക്ക് സംവിധാനം മെച്ചപ്പെടുത്തിയും മികവാർന്ന രീതിയിൽ ഓൺലൈൻ ക്ലാസ്സുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. വളരെയേറെ ഗൗരവത്തോടെ ഇത്തരം ക്ലാസ്സുകളെയും പഠന പ്രവർത്തനങ്ങളെയും സമീപിക്കുന്ന വിദ്യാർത്ഥികൾക്കും അദ്ധ്യാപകർക്കും രക്ഷിതാക്കൾക്കും വലിയ പ്രയാസമുണ്ടാക്കുന്ന സംഭവങ്ങളാണ് കഴിഞ്ഞ ദിവസങ്ങ ളിലുണ്ടായിട്ടുള്ളത്. ഓൺലൈൻ ക്ലാസ്സുകളിൽ നുഴഞ്ഞുകയറി അനാവശ്യമായ കുഴപ്പങ്ങളുണ്ടാക്കുന്ന തെറ്റായ പ്രവണതകൾ ഈയിടെയായി ഉയർന്നുവരുന്നത് വലിയ ആശങ്കയുളവാക്കുന്നുണ്ട്. കോഴിക്കോട് ജില്ലയിലെ നടുവണ്ണൂർ ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിലെ ഒൻപതാം തരത്തിലെ ഓൺലൈൻ ക്ലാസ്സിലും ഗൂഗിൾ മീറ്റ് വഴി സംഘടിപ്പിച്ച താമരശ്ശേരി ഹയർ സെക്കണ്ടറി സ്കൂളിലെ ഓൺലൈൻ ക്ലാസ്സിലും ഇത്തരത്തിലുള്ള ദുരനുഭവങ്ങൾ ഉണ്ടായിട്ടുണ്ട്. അദ്ധ്യാപകർ ക്ലാസ്സെടുത്തു കൊണ്ടിരിക്കുമ്പോഴാണ് വ്യാജ ഐ.ഡി. ഉപയോഗിച്ച് ഓൺലൈൻ ക്ലാസ്സുകളിൽ ഇടപെട്ട് അസഭ്യം പറയുകയും പഠിപ്പിക്കുന്ന അദ്ധ്യാപകരോട് മോശമായി സംസാരിക്കുകയും ചെയ്യുന്നത്. നെടുമ്പാശ്ശേരിയിലും ഇതേ സംഭവമുണ്ടായതായി ശ്രദ്ധയിൽപ്പെട്ടു. വ്യാജ പേരുകളിൽ അക്കൗണ്ടുകളുണ്ടാക്കി ഓൺലൈൻ ക്ലാസ്സുകളിൽ നുഴഞ്ഞുകയറി അശ്ലീല സംഭാഷണങ്ങളും വീഡിയോകളും പോസ്റ്റ് ചെയ്യുന്ന ഗുരുതര കുറ്റകൃത്യങ്ങളും ഇപ്പോൾ റിപ്പോർട്ട് ചെയ്തുവരികയാണ്. ഇത്തരം പ്രവണതകൾ ഒഴിവാക്കുന്നതിനായി കൂടുതൽ സുരക്ഷിതമായ 'ജി-സ്യൂട്ട്' ഉപയോഗിക്കുന്നതിനുള്ള

നടപടികൾ വേഗത്തിലാക്കുന്നതിനോടൊപ്പം ഇപ്പോൾ നടന്നുകൊണ്ടിരിക്കുന്ന ഓൺലൈൻ ക്ലാസ്സുകൾ പോലീസ് നിരീക്ഷണത്തിൽ കൊണ്ടുവരുകയും ഓൺലൈൻ ക്ലാസ്സുകളിൽ നുഴഞ്ഞുകയറി സൈബർ കുറ്റകൃത്യങ്ങൾ ചെയ്യുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുകയും ചെയ്യണമെന്ന് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, ശ്രീ. കെ. എം. സച്ചിൻദേവ് അവതരിപ്പിച്ച സബ്മിഷനിൽ ഉന്നയിച്ച കാര്യങ്ങൾ ആധുനിക കാലഘട്ടത്തിലെ വളരെയേറെ ഗൗരവമുള്ള പ്രശ്നങ്ങളാണ്. കോവിഡ് മഹാമാരിയുടെ വ്യാപനം തടയാൻ നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയ ഘട്ടത്തിൽ മറ്റേത് വിഭാഗത്തേക്കാളും ഒരുപക്ഷേ കൂടുതൽ ആഘാതമേറ്റത് ആഗോളതലത്തിൽത്തന്നെ കുട്ടികളുടെ പഠനത്തെയാണ്. ക്ലാസ് മുറികളിലെ പഠനത്തിന്റെ അഭാവത്തിലും കുട്ടികളുടെ പഠനത്തിൽ പോരായ്മ യുണ്ടാകരുത് എന്നതിന്റെ അടിസ്ഥാനത്തിലുമാണ് ഓൺലൈൻ ക്ലാസ്സുകളാരംഭിക്കുന്നതിന് സംസ്ഥാന സർക്കാർ മുൻകയ്യെടുക്കേണ്ടിവന്നത്. ഇത്തരം ക്ലാസ്സുകളാരംഭിക്കുമ്പോൾ സ്വാഭാവികമായും എല്ലാവർക്കും ഈ സംവിധാനം ലഭ്യമാക്കുക എന്നത് ഒരു പ്രശ്നമായിരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെയും ബഹുജനങ്ങളുടെയും പിന്തുണയോടെ ഈ പരിമിതിയെ ഏറെക്കുറെ മറികടക്കാൻ സംസ്ഥാന സർക്കാരിന് കഴിഞ്ഞു. ക്ലാസ് മുറിവിട്ട് ഓൺലൈനിലൂടെ പഠനപ്രവർത്തനത്തിന് നേതൃത്വം നൽകുന്ന തരത്തിൽ അദ്ധ്യാപക സമൂഹവും ഓൺലൈൻ സാദ്ധ്യതകളെ ഫലപ്രദമായി ഉപയോഗപ്പെടുത്തുന്ന സ്ഥിതിവിശേഷമുണ്ടായി. ഇതിലൂടെ വിദ്യാലയത്തിന്റെ അനുഭവങ്ങൾ ഒരുപരിധിവരെയെങ്കിലും പങ്കുവയ്ക്കാൻ കഴിയുന്ന അവസ്ഥ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഓൺലൈൻ പരീക്ഷകൾപോലും ഫലപ്രദമായി നടത്തുന്നതിന് സാധിച്ചു. കോവിഡ്-19 സൃഷ്ടിച്ച പരിമിതികളെ മറികടന്ന് പഠനപ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിന് ബഹുജന പിന്തുണയോടെ സംസ്ഥാന സർക്കാർ പരിശ്രമിക്കുന്ന ഘട്ടത്തിലാണ് ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ച തരത്തിലുള്ള സാമൂഹ്യവിരുദ്ധരുടെ കടന്നുകയറ്റമുണ്ടായിട്ടുള്ളത്. സൈബർ മേഖല ഏറെ നേട്ടങ്ങൾ നൽകിയിട്ടുണ്ടെങ്കിലും അതുപയോഗിച്ച് കുറ്റകൃത്യങ്ങൾ ചെയ്യുന്നതിനും കുട്ടികളെ വഴിതെറ്റിക്കുന്നതിനുമുള്ള പ്രവർത്തനങ്ങളും സാമൂഹ്യവിരുദ്ധർ നടത്തിവരികയാണ്. ഓൺലൈൻ ക്ലാസ്സുകളിൽ വ്യാജ ഐ.ഡി. ഉപയോഗിച്ച് ഹാക്ക് ചെയ്യുക, കുട്ടികളും അദ്ധ്യാപകരും രക്ഷിതാക്കളും അടങ്ങുന്ന ഗ്രൂപ്പുകളിൽ അശ്ലീല സംഭാഷണങ്ങളും വീഡിയോകളും അപ്‌ലോഡ് ചെയ്യുക എന്ന സ്ഥിതിയുണ്ടാകുന്നത് അത്തരം ഇടപെടലുകളുടെ ഭാഗമാണ്. പഴുതുകളടച്ചുള്ള സുരക്ഷയാണ് ഇക്കാര്യത്തിൽ വേണ്ടത്. എന്നാൽ പല പ്ലാറ്റ്ഫോമുകളും വിദേശനിർമ്മിതിയായതിനാൽ അവയുടെ നിയന്ത്രണത്തിന് പരിമിതിയുണ്ടെങ്കിലും ശക്തമായ നടപടി സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഈ അദ്ധ്യയന വർഷം സംസ്ഥാനത്ത് ഇത്തരത്തിലുള്ള

51 പരാതികളാണ് പോലീസിന് ലഭിച്ചത്. അതിന്റെ ഉദാഹരണങ്ങളാണ് ബഹുമാനപ്പെട്ട എം.എൽ.എ. ചൂണ്ടിക്കാണിച്ചത്. അവ കണ്ടെത്തി നടപടികൾ സ്വീകരിക്കുന്നതിനോടൊപ്പം ലഭിച്ച വിവരങ്ങൾ അടിസ്ഥാനപ്പെടുത്തി 8 കേസ്സുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയുമാണ്. ശക്തമായ ബോധവൽക്കരണത്തിലൂടെ മാത്രമേ ഇതിന്റെ അപകടങ്ങളെക്കുറിച്ചുള്ള ബോധം കുട്ടികളിലേയ്ക്കെത്തിക്കാൻ സാധിക്കുകയുള്ളൂ. അതിന് കൂട്ടായ പ്രവർത്തനമാണ് ആവശ്യം. കുട്ടികൾക്ക് ആത്മവിശ്വാസത്തോടെ ഈ രംഗത്ത് ഇടപെടാനുള്ള മാനസികാവസ്ഥയും ഇതോടൊപ്പം സൃഷ്ടിക്കാൻ കഴിയുമെന്നാണ് കരുതുന്നത്. സൈബർ കുറ്റകൃത്യങ്ങൾ തടയുന്നതിന് ശക്തമായ നടപടികൾ കേരള പോലീസ് വിവിധ തലങ്ങളിൽ സ്വീകരിച്ചിട്ടുണ്ട്. അത്തരത്തിൽ പ്രവർത്തിക്കുന്ന കേരള പോലീസിന്റെ വിഭാഗമാണ് സൈബർ ഡോം. സൈബർ സുരക്ഷയുമായി ബന്ധപ്പെട്ട വിഷയങ്ങൾ മുൻകൂട്ടി മനസ്സിലാക്കി കുറ്റകൃത്യങ്ങൾ തടയുന്നതിനാവശ്യമായ സൈബർ പട്രോളിംഗ് നടത്തുക, സർക്കാർ/അർദ്ധസർക്കാർ സ്ഥാപനങ്ങൾ, വിദ്യാഭ്യാസ സ്ഥാപനങ്ങൾ എന്നിവയുടെ വെബ്സൈറ്റുകളിൽ സുരക്ഷാ പരിശോധന നടത്തുക തുടങ്ങിയവ സ്വീകരിച്ചുവരുന്നുണ്ട്. ഇതിന് അന്താരാഷ്ട്ര ദേശീയ പുരസ്കാരങ്ങളും നമുക്ക് ലഭിച്ചിട്ടുണ്ട്. സാമൂഹ്യ മാധ്യമങ്ങൾ, CADMATE തുടങ്ങിയ പ്ലാറ്റ്ഫോമുകളിൽ കുട്ടികളുടെ അശ്ലീല ദൃശ്യങ്ങൾ പ്രചരിപ്പിക്കുന്ന സ്ഥിതിയുമുണ്ടായിട്ടുണ്ട്. ഇക്കാര്യത്തിൽ ശക്തമായ ഇടപെടലും സംസ്ഥാന സർക്കാർ നടത്തിയിട്ടുണ്ട്. ഈ അന്വേഷണങ്ങളിൽ പ്രാദേശികമായി കുട്ടികളുടെ ചിത്രങ്ങളും ഇത്തരത്തിൽ പ്രചരിപ്പിക്കുന്നതായി കേരള പോലീസ് CCSE (Counter Child Sexual Exploitation) സെന്റർ കണ്ടെത്തിയിരുന്നു. ഇതിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ രക്ഷിതാക്കളെ വിവരങ്ങൾ പറഞ്ഞ് മനസ്സിലാക്കി കുട്ടികളെ വിദഗ്ദ്ധ കൗൺസിലിംഗിന് നിർദ്ദേശിക്കുന്ന രീതിയും സ്വീകരിച്ചിട്ടുണ്ട്. കൂടാതെ അന്താരാഷ്ട്ര സംഘടനകളുടെ സഹായത്തോടെ ഇന്റർനെറ്റിൽനിന്നും ഇത്തരം കുട്ടികളുടെ അശ്ലീല ചിത്രങ്ങൾ നീക്കം ചെയ്യുന്ന പ്രവർത്തനവും നടത്തിയിട്ടുണ്ട്. ഡിജിറ്റൽ ഉപകരണങ്ങൾ, കുട്ടികളെ അപകടത്തിലേയ്ക്ക് നയിക്കുന്ന ഗെയിം ഉൾപ്പെടെയുള്ളവ ഒഴിവാക്കാൻ സേവനദാതാക്കളുടെ ശ്രദ്ധയിൽപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. ഇത്തരത്തിൽ നവമാധ്യമങ്ങളുടെ സാധ്യതകളെ പഠന പ്രവർത്തനങ്ങളിൽ ഉപയോഗിക്കുക എന്നതിനോടൊപ്പം അതിന്റെ തെറ്റായ ഉപയോഗങ്ങളെ തടയുന്നതിനും ബോധവൽക്കരണത്തിലൂടെ കുട്ടികളെ മനസ്സിലാക്കുന്നതിനുമുള്ള നടപടികളും സ്വീകരിക്കുന്നുണ്ട്. കുട്ടികളുടെ പഠന പ്രവർത്തനത്തെപ്പോലും അശ്ലീല പ്രചരണത്തിന്റെയും സാമൂഹ്യവിരുദ്ധ പ്രവർത്തനത്തിന്റെയും കേന്ദ്രങ്ങളാക്കി മാറ്റുന്ന ശക്തികൾക്കെതിരെ വിട്ടുവീഴ്ചയില്ലാത്ത നടപടിയും സംസ്ഥാന സർക്കാർ സ്വീകരിച്ചുവരുന്നുണ്ട്. ഇത്തരം പ്രവർത്തനം നടത്തുന്നവരെ സമൂഹത്തിൽനിന്ന് ഒറ്റപ്പെടുത്താനുള്ള ശക്തമായ ഇടപെടലുകളും ഉണ്ടാകേണ്ടതുണ്ട്.

## (2) സാമ്പത്തിക സംവരണ സമുദായങ്ങൾ

<u>ശ്രീ. റോജി എം. ജോൺ</u>: സർ, സംസ്ഥാനത്തെ സംവരണേതര വിഭാഗങ്ങളിൽപ്പെട്ട സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർക്ക് സർക്കാർ ജോലിയിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലേയ്ക്കുള്ള പ്രവേശനത്തിലും പത്ത് ശതമാനം സംവരണം അനുവദിച്ച് സർക്കാർ ഉത്തരവായിരുന്നു. ഇതിനനുബന്ധമായി 2021 ജൂൺ 3-ന് സർക്കാർ പുറത്തിറക്കിയ 166 സംവരണേതര വിഭാഗങ്ങളുടെ പട്ടികയിലെ കൃത്യതക്കുറവുകൊണ്ടും സമുദായം തെളിയിക്കുന്ന എസ്.എസ്.എൽ.സി. ബുക്കിലേയും മറ്റ് ഔദ്യോഗിക രേഖകളിലേയും വ്യത്യസ്തങ്ങളായ രേഖപ്പെടുത്തലുകൾകൊണ്ടും അർഹരായ പലർക്കും ആനുകൂല്യം നഷ്ടപ്പെടുന്ന സ്ഥിതി സംജാതമായിരിക്കുന്നു. ഉദാഹരണമായി, സർക്കാർ പ്രസിദ്ധീകരിച്ച പട്ടികയിലെ 163-ാം നമ്പരായി ക്രൈസ്തവ സമുദായത്തിലെ സീറോ മലബാർ വിഭാഗത്തെ സൂചിപ്പിച്ചിരിക്കുന്നത് സിറിയൻ കാത്തലിക്, സീറോ മലബാർ കാത്തലിക് എന്ന പേരിലാണ്. ഇത് സീറോ മലബാർ സിറിയൻ കാത്തലിക് എന്ന് ഭേദഗതി ചെയ്യണമെന്നാവശ്യപ്പെട്ട് സഭാ മേലദ്ധ്യക്ഷന്മാർ, അഭിവന്ദ്യ കർദിനാൾ ഉൾപ്പെടെയുള്ളവർ ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം നൽകിയിട്ടുണ്ട്. പരമ്പരാഗതമായി സ്കൂൾ/സർക്കാർ രേഖകളിൽ സീറോ മലബാർ സമുദായ നാമം ആർ.സി., ആർ.സി.എസ്., ആർ.സി.എസ്.ഇ., എസ്.ഇ., റോമൻ കാത്തലിക്, സിറിയൻ കാത്തലിക്, ക്രിസ്ത്യൻ റോമൻ കാത്തലിക്, ക്രിസ്ത്യൻ ആർ.സി., ക്രിസ്ത്യൻ ആർ.സി.എസ്.ഇ., സീറോ മലബാർ എന്നിങ്ങനെ വിവിധ തരത്തിലാണ് രേഖപ്പെടുത്തിയിരിക്കുന്നത്. എസ്.എസ്.എൽ.സി. സർട്ടിഫിക്കറ്റിൽ ജനറൽ കാറ്റഗറി എന്നുരേഖപ്പെടുത്തി മുകളിൽപ്പറഞ്ഞ ഏതെങ്കിലുമൊരു പേര് ചേർക്കുന്ന രീതിയാണ് നാളിതുവരെ തുടർന്നുപോന്നത്. അർഹരായവർക്ക് ഈ പേരുകളിൽ EWS (Economically Weaker Section) സർട്ടിഫിക്കറ്റ് ലഭിക്കുന്നുമുണ്ടായിരുന്നു. എന്നാൽ 3-6-2021-ൽ സംവരണേതര വിഭാഗങ്ങളുടെ പട്ടിക പ്രസിദ്ധീകരിച്ചതോടെ മുകളിൽ കൊടുത്തിരിക്കുന്ന പേരുകളിൽ EWS സർട്ടിഫിക്കറ്റ് ലഭിക്കുകയില്ല. അഥവാ ആ പേരുകളിൽ നൽകപ്പെട്ട സർട്ടിഫിക്കറ്റിന് സാധുത നഷ്ടമാകുന്നുവെന്ന ഗുരുതരമായ സാഹചര്യവും ഉടലെടുത്തിരിക്കുകയാണ്. പട്ടികയിൽ കൊടുത്തിരിക്കു ന്നതിൽനിന്നും വ്യത്യസ്തമായ പേരിലുള്ള EWS സർട്ടിഫിക്കറ്റ് സ്വീകാര്യമല്ലെന്ന വിവരം 11-6-2021-ന് സംസ്ഥാന പ്രവേശന കമ്മീഷണർ പത്രക്കുറിപ്പുമൂലം അറിയിക്കുകയും ചെയ്തിരിക്കുന്നു. ഇതുമൂലം സീറോ മലബാർ സഭാംഗങ്ങളായ വിദ്യാർത്ഥികൾക്ക് EWS റിസർവേഷൻ നഷ്ടമാകുകയും മറ്റ് സാങ്കേതിക പ്രശ്നങ്ങൾ നേരിടേണ്ടിവരികയും ചെയ്യുന്നു. ആയതിനാൽ മുമ്പ് സൂചിപ്പിച്ചതുപോലെ 163-ാം നമ്പരായി നൽകിയിരിക്കുന്ന സമുദായത്തിന്റെ പേര് ഭേദഗതി ചെയ്യുകയും

ആർ.സി., ആർ.സി.എസ്., ആർ.സി.എസ്.ഇ., എസ്.ഇ., റോമൻ കാത്തലിക്, സിറിയൻ കാത്തലിക്, ക്രിസ്ത്യൻ റോമൻ കാത്തലിക്, ക്രിസ്ത്യൻ ആർ.സി., ക്രിസ്ത്യൻ ആർ.സി.എസ്.ഇ., സീറോ മലബാർ എന്നിങ്ങനെയുള്ള പേരുകൾ സംവരണേതര വിഭാഗങ്ങളുടെ പട്ടികയിൽ 163-ാം നമ്പരായുള്ള സമുദായത്തിന്റെ പേരിന് തുല്യമാണെന്ന ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്യണമെന്ന് അഭ്യർത്ഥിക്കുന്നു. ഇപ്പോൾ നിരവധി കോഴ്സുകൾക്കുള്ള അഡ്മിഷനും മത്സരപ്പരീക്ഷകളും നടക്കുന്ന അവസരമായതിനാൽ ഈ വിഷയത്തിൽ അടിയന്തര നടപടിയുണ്ടാകണം. അല്ലാത്തപക്ഷം വിദ്യാർത്ഥികൾക്കും ഉദ്യോഗാർത്ഥികൾക്കും ഈ ആനുകൂല്യം ലഭ്യമാകുന്നതിനുവേണ്ടി വില്ലേജാഫീസുകളിൽ തുല്യതാ സർട്ടിഫിക്കറ്റിനായി കയറിയിറങ്ങേണ്ട സാഹചര്യം വന്നിരിക്കുകയാണ്. അതൊഴിവാക്കുന്നതിനാവശ്യമായ ഭേദഗതി സർക്കാർ കൊണ്ടുവരണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി (ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ): സർ, മുന്നോക്ക വിഭാഗങ്ങളിലെ സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന വിഭാഗങ്ങൾക്കുവേണ്ടിയുള്ള സംസ്ഥാന കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പട്ടികജാതി-പട്ടികവർഗ്ഗം, സംസ്ഥാന ഒ.ബി.സി., കേന്ദ്ര ഒ.ബി.സി. പട്ടികയിലുൾപ്പെടാത്തതും തൊഴിൽ സംവരണവും വിദ്യാഭ്യാസ ആനുകൂല്യവും ലഭിക്കാത്തതുമായ 164 വിഭാഗങ്ങളെ സംവരണേതര വിഭാഗങ്ങളായി പ്രഖ്യാപിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. സിറിയൻ കാത്തലിക് (സീറോ മലബാർ കാത്തലിക്) വിഭാഗവും ഈ പട്ടികയിലുൾപ്പെട്ടിട്ടുണ്ട്.

ക്രിസ്ത്യൻ റോമൻ കാത്തലിക്, സീറോ മലബാർ, ക്രിസ്ത്യൻ ആർ.സി., ആർ.സി.എസ്., ക്രിസ്ത്യൻ ആർ.സി. എന്നീ ചുരുക്കപ്പേരുകളിൽ അറിയപ്പെടുന്ന വിഭാഗങ്ങൾ ഒന്നുതന്നെയാണെന്ന് വ്യക്തമാക്കണമെന്ന ആവശ്യം സർക്കാർ പരിശോധിച്ചുവരുന്നു. ഇത്തരത്തിലുള്ള ചില അപാകതകൾ സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇക്കാര്യത്തിൽ സംസ്ഥാന കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടി സ്വീകരിക്കുന്നതാണ്. അതേസമയം നിലവിലെ പട്ടികയിലുൾപ്പെട്ടവർക്ക് മാത്രമേ EWS സർട്ടിഫിക്കറ്റ് നൽകാവൂ എന്ന് സർക്കാർ നിർദ്ദേശം നൽകിയിട്ടില്ല. ജാതി-മത വ്യത്യാസമില്ലാതെ ഇപ്പോൾ സംവരണം ലഭിക്കാത്ത എല്ലാ വിഭാഗങ്ങളിലെയും സാമ്പത്തികമായി പിന്നോക്കം നിൽക്കുന്നവർ EWS സംവരണത്തിന് അർഹരാണ്. മുന്നോക്ക കമ്മീഷൻ സമർപ്പിച്ച റിപ്പോർട്ടിലുൾപ്പെടാത്തതും നിലവിൽ എസ്.സി./ എസ്.ടി., ഒ.ബി.സി. സംവരണമൊന്നും ലഭിക്കാത്ത വിഭാഗങ്ങളും EWS സംവരണത്തിന് അർഹരാണ്.

## (3) പ്രകൃതി വാതക പൈപ്പ് ലൈൻ

ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ : സർ, ഗ്യാസ് അതോറിറ്റി ഓഫ് ഇൻഡ്യ ലിമിറ്റഡ് (ഗെയിൽ)-ന്റെ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതി കൊച്ചി മുതൽ ബാംഗ്ലൂർ വരെ രാഷ്ട്രത്തിന് സമർപ്പിച്ചുകഴിഞ്ഞതാണ്. കേരളത്തിലെ ഏഴ് ജില്ലകളിലൂടെ കടന്നുപോകുന്ന പൈപ്പ്ലൈൻ ഇടുന്ന പ്രവൃത്തി, ഒന്നാം പിണറായി സർക്കാർ പൂർത്തീകരിക്കുകയും പ്രധാനമന്ത്രി അഭിനന്ദിക്കുകയും ചെയ്തതാണ്. 1999-ൽ ആരംഭിച്ച ഈ പദ്ധതി ഗുണഭോക്താക്കൾക്ക് പൂർണ്ണമായും ലഭ്യമായിട്ടില്ല. നിർദ്ദിഷ്ട പെട്രോനെറ്റ് എൽ.എൻ.ജി. (ലിക്വിഫൈഡ് പെട്രോളിയം ഗ്യാസ്) സ്ഥിതി ചെയ്യുന്ന പ്രദേശം എന്ന പരിഗണന നൽകി പുതുവൈപ്പ് പഞ്ചായത്തുൾപ്പെടെ എട്ട് പഞ്ചായത്തുകളിലും എൽ.എൻ.ജി.-യും സി.എൻ.ജി. (കമ്പ്രെസ്ഡ് നാച്വറൽ ഗ്യാസ്)-യും സൗജന്യ നിരക്കിൽ ലഭ്യമാക്കേണ്ടതാണ്. ഇന്ധന വിലയും പാചകവാതക വിലയും ദിനംപ്രതി വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ സി.എൻ.ജി. വാഹനങ്ങളുടേയും സിറ്റി ഗ്യാസ് പദ്ധതിവഴി പ്രകൃതി വാതകത്തിന്റെയും ഉപയോഗത്തിലേയ്ക്ക് ജനങ്ങൾ മാറുന്നത് കണക്കിലെടുത്ത് പ്രസ്തുത പദ്ധതി എത്രയുംവേഗം പൂർത്തീകരിച്ച് സംസ്ഥാനമൊട്ടാകെ, പ്രത്യേകിച്ച് വൈപ്പിൻ മണ്ഡലത്തിലെ ജനങ്ങൾക്ക് ഈ പദ്ധതിയിലൂടെ പ്രയോജനം ലഭ്യമാക്കണമെന്ന് അഭ്യർത്ഥിക്കുകയാണ്. മറ്റ് പെട്രോളിയം ഇന്ധനങ്ങളേക്കാൾ വില കുറഞ്ഞതും സുരക്ഷിതവും സവിശേഷവും പരിസ്ഥിതി സൗഹൃദവുമായ പ്രകൃതി വാതകം എല്ലാ മനുഷ്യർക്കും അവകാശപ്പെട്ടതാണ്. ഇന്ന് 1 കി. ഗ്രാം. സി.എൻ.ജി. നൽകുന്ന ഊർജ്ജം മറ്റ് ഇന്ധനങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ, 1.39 ലിറ്റർ പെട്രോളിനും 1.18 ലിറ്റർ ഡീസലിനും തുല്യമാണ്. പെട്രോളിയം ഉല്പന്നങ്ങളുടെ വില അടിക്കടി കൂടിവരികയാണ്. പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡ് സ്ഥിതി ചെയ്യുന്നത് എന്റെ മണ്ഡലമായ വൈപ്പിനിലെ പുതുവൈപ്പിനിലാണ്. അതുകൊണ്ടാണ് മണ്ഡലത്തിലെ ജനങ്ങൾക്ക് അതിന്റെ പ്രയോജനം ലഭിക്കത്തക്കവിധം സർക്കാരിന്റെ ഇടപെടൽ ആവശ്യപ്പെടുന്നത്. ഏറ്റവും ചുരുങ്ങിയത് പെട്രോനെറ്റ് എൽ.എൻ.ജി. ലിമിറ്റഡിന്റെ സി.എസ്.ആർ. (കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി) ഫണ്ട് ഉപയോഗിച്ച് ഇളങ്കുന്നപ്പുഴ പഞ്ചായത്തിലെ 13350 കുടുംബങ്ങളിൽ ആവശ്യമുള്ള എല്ലാവർക്കും സൗജന്യമായി ലിക്വിഫൈഡ് നാച്വറൽ ഗ്യാസ് ലഭ്യമാക്കാനും സിറ്റി ഗ്യാസ് പദ്ധതി വൈപ്പിൻ മണ്ഡലത്തിലേയ്ക്കുകൂടി വ്യാപിപ്പിക്കാനും വീടുകൾക്കും ചെറിയ റെസ്റ്റോറന്റുകൾക്കും കണക്ഷൻ നൽകാനും നടപടിയുണ്ടാകണം. ചെറുകിട-വൻകിട വ്യവസായങ്ങൾ, ഓട്ടോറിക്ഷകളുൾപ്പെടെയുള്ള മോട്ടോർ വാഹനങ്ങൾ സി.എൻ.ജി. ഉപയോഗത്തിലേയ്ക്ക് മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ വൈപ്പിൻ നിയോജകമണ്ഡലത്തിൽ സി.എൻ.ജി. ഫില്ലിംഗ് സ്റ്റേഷൻ അനുവദിച്ചുകിട്ടുന്നതിനും സർക്കാർ മുൻകൈ എടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ഐ.ഒ.എ.ജി.പി.എൽ.

(ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ്) ആണ് ഇതിന്റെ നിർവ്വഹണം നടത്തിവരുന്നത്. പി.എൻ.ജി.ആർ.ബി. (പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ്)-യുടെ തീരുമാനപ്രകാരം 2012-ൽ കമ്മീഷൻ ചെയ്ത പദ്ധതി 2021 ആയിട്ടും പൂർണ്ണതയിലെത്തിയിട്ടില്ല. 2016-ൽ അധികാരത്തിൽവന്ന പിണറായി സർക്കാരിന്റെ ഇച്ഛാശക്തി ഒന്നുകൊണ്ടുമാത്രമാണ് കേരളത്തിൽ പൈപ്പിടൽ ജോലി പൂർണ്ണമായത്. ഐ.ഒ.എ.ജി.പി.എൽ.-നുപുറമെ, ലോക്കൽ ലെവൽ അസോസിയേറ്റഡ് കമ്പനികളെക്കൂടി പരിഗണിച്ചും പങ്കാളികളാക്കി മാറ്റിയും എത്രയുംവേഗം സംസ്ഥാനത്ത്, പ്രത്യേകിച്ച് വൈപ്പിൻ മണ്ഡലത്തിലെ ഗുണഭോക്താക്കൾക്ക് ഇതിന്റെ സേവനം ഉറപ്പാക്കാൻ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും കേരള സർക്കാരും കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താനും മുൻകയ്യെടുക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മുഖ്യമന്ത്രിക്കുവേണ്ടി തദ്ദേശസ്വയംഭരണം, ഗ്രാമവികസനം, എക്സൈസ് വകുപ്പുമന്ത്രി <u>(ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ)</u> : സർ, വളരെ പ്രധാനപ്പെട്ട കാര്യങ്ങളാണ് ബഹുമാനപ്പെട്ട അംഗം സബ്മിഷനിലൂടെ ഉന്നയിച്ചത്. കൊച്ചി-കൂറ്റനാട്-ബാംഗ്ലൂർ-മാംഗ്ലൂർ പ്രകൃതി വാതക പൈപ്പ്ലൈൻ പദ്ധതി രണ്ട് ഘട്ടങ്ങളായാണ് സംസ്ഥാനത്ത് നടപ്പാക്കിയത്. ഒന്നാം ഘട്ടത്തിൽ 48 കിലോമീറ്റർ ദൈർഘ്യമുള്ള പൈപ്പ്ലൈനാണ് 2013-ൽ പൂർത്തിയായത്. 2016-21-ൽ അതായത് കഴിഞ്ഞ സർക്കാരിന്റെ കാലത്ത്, 450 കിലോമീറ്റർ ദൈർഘ്യമുള്ള രണ്ടാം ഘട്ടം യാഥാർത്ഥ്യമാക്കി. ഇതോടെ കേരളത്തിന്റെ വ്യാവസായിക കുതിപ്പിന് ഉത്തേജനം നൽകാനായെന്നാണ് സർക്കാർ കാണുന്നത്. ചെറുകിട-വൻകിട വ്യവസായങ്ങൾക്ക് പ്രകൃതി വാതകം ലഭ്യമാക്കുന്നതോടെ ഇന്ധനച്ചെലവ് വളരെയധികം ലാഭിക്കാമെന്നത് വ്യവസായ വികസനത്തിന് മുതൽക്കൂട്ടാകും. പ്രകൃതി വാതക പൈപ്പ്ലൈൻ കടന്നു പോകുന്ന പ്രദേശങ്ങളിൽ ചെറുകിട വ്യവസായങ്ങൾ, വാഹനങ്ങൾ എന്നിവയ്ക്കുള്ള ഇന്ധനം വിതരണം ചെയ്യാനാകും. എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, വയനാട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ പ്രകൃതി വാതകം വിതരണം ചെയ്യുന്നതിന് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് എന്ന കമ്പനിയെയാണ് പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് ചുമതലപ്പെടുത്തിയിട്ടുള്ളത്. പ്രസ്തുത കമ്പനിക്ക് പ്രകൃതി വാതകം നൽകുന്നതിനായി എല്ലാ ജില്ലകളിലും ആവശ്യമായ സംവിധാനം ഗെയിൽ പദ്ധതി ഒരുക്കിയിട്ടുണ്ട്. വിതരണത്തിനായുള്ള പൈപ്പ്ലൈൻ ശൃംഖല സ്ഥാപിക്കേണ്ട ചുമതല ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡിനാണ്. നിലവിൽ എറണാകുളം, തൃശ്ശൂർ ജില്ലകളിൽ 10 വീതവും മലപ്പുറത്ത് മൂന്നും കോഴിക്കോട് നാലും പാലക്കാടും കണ്ണൂരും ഒന്നു വീതവും സി.എൻ.ജി. സ്റ്റേഷനുകൾ ഏർപ്പെടുത്തിയിട്ടുണ്ട്. 2026-ഓടെ വിവിധ ജില്ലകളിലായി 615 സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കു

ന്നതിനാണ് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡ് വിഭാവനം ചെയ്തിട്ടുള്ളത്. ഗെയിൽ പൈപ്പ്ലൈൻ കടന്നുപോകാത്ത തിരുവനന്തപുരം, കൊല്ലം, ആലപ്പുഴ എന്നീ ജില്ലകളിൽ വാതക വിതരണ ഏജൻസിയായി അറ്റ്ലാന്റിക്, ഗൾഫ് ആൻഡ് പെസഫിക് (എ.ജി. & പി.) എന്ന കമ്പനിയെയാണ് പെട്രോളിയം ആൻഡ് നാച്വറൽ ഗ്യാസ് റെഗുലേറ്ററി ബോർഡ് നിശ്ചയിച്ചിട്ടുള്ളത്. പ്രസ്തുത കമ്പനി പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രാഥമിക നടപടികൾ ആരംഭിച്ചിട്ടുണ്ട്. ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് പ്രൈവറ്റ് ലിമിറ്റഡും എ.ജി. & പി. എന്ന കമ്പനിയും ചേർന്ന് സിറ്റി ഗ്യാസ് പദ്ധതിയുടെ ഭാഗമായി 11 ജില്ലകളിൽ ഗാർഹിക, വ്യാവസായിക ആവശ്യങ്ങൾക്കുള്ള ഗ്യാസ് കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്. നിലവിൽ 3761 ഗാർഹിക ഗ്യാസ് കണക്ഷനുകൾ നൽകിയിട്ടുണ്ട്. അതിന്റെ പണി ആരംഭിച്ചുവെന്നാണ് അർത്ഥം. 2022 മാർച്ച് മാസത്തോടെ 54,000 ഗാർഹിക കണക്ഷനുകൾ നൽകുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സാമ്പത്തിക വർഷം പെരുമ്പാവൂർ, നോർത്ത് പറവൂർ, വെല്ലിംഗ്ടൺ ഐലൻഡ്, മറൈൻ ഡ്രൈവ് തുടങ്ങിയ പ്രദേശങ്ങളിൽ സി.എൻ.ജി. സ്റ്റേഷനുകൾ സ്ഥാപിക്കുവാനാണ് ലക്ഷ്യമിടുന്നത്. പെട്രോനെറ്റ് എൽ.എൻ.ജി. സ്ഥിതി ചെയ്യുന്ന സ്ഥലത്തിന് പരിഗണന നൽകി പുതുവൈപ്പിൻ പ്രദേശത്ത് സർവ്വേ നടത്തി സി.എൻ.ജി. പമ്പുകൾ സ്ഥാപിക്കുന്നത് ഇന്ത്യൻ ഓയിൽ അദാനി ഗ്യാസ് കമ്പനിയുടെ പരിഗണനയിലാണ്.

## (4) നഷ്ടപരിഹാരം

ശ്രീ. മാത്യു ടി. തോമസ് : സർ, 2018-ലെ മഹാപ്രളയത്തിൽ വീടുകൾ നഷ്ടപ്പെട്ടവർക്കും വീടുകൾക്ക് നാശനഷ്ടങ്ങൾ സംഭവിച്ചവർക്കും നൽകിയ നഷ്ടപരിഹാരത്തുക അർഹതപ്പെട്ടതിനേക്കാൾ അധികരിച്ചുവെന്ന് ജില്ലാ ധനകാര്യ പരിശോധനാ വിഭാഗം കണ്ടെത്തിയതിനെതുടർന്ന്, അവ തിരിച്ചടയ്ക്കാനുള്ള നോട്ടീസുകൾ റവന്യൂ വകുപ്പിൽനിന്നും നൽകിവരികയാണ്. പത്തനംതിട്ട ജില്ലയിൽമാത്രം ഏകദേശം നാനൂറോളം നോട്ടീസുകൾ നൽകിയെന്നാണ് ഡി.ഡി.സി. (ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കൗൺസിൽ) യോഗത്തിൽ പറഞ്ഞത്. എന്റെ നിയോജകമണ്ഡലത്തിലെ ഒരു വിധവ കഴിഞ്ഞ ദിവസം കൈപ്പറ്റിയ ഒരു നോട്ടീസിനെക്കുറിച്ച് ഇവിടെ സൂചിപ്പിക്കുകയാണ്. അവർക്ക് പുതിയ വീട് പണിയാൻവേണ്ടി ഒന്നേകാൽ ലക്ഷം രൂപ അനുവദിച്ചിരുന്നു. പണിതുകഴിഞ്ഞതിനുശേഷം, ആ തുക 7 ദിവസത്തിനകം തിരിച്ചടച്ചില്ലെങ്കിൽ നിയമ നടപടി സ്വീകരിക്കുമെന്നാണ് നോട്ടീസിൽ സൂചിപ്പിക്കുന്നത്. കോവിഡ് മഹാമാരിയുടെ കാലഘട്ടത്തിലൂടെയാണ് നാം കടന്നുപോകുന്നതെന്ന് ആരെയും ഓർമ്മിപ്പിക്കേണ്ടതില്ല. ഒരു ഭാഗത്ത് മൈക്രോഫിനാൻസുകാർ റൗഡിസം കാണിച്ച് പണം തിരിച്ചുപിടിച്ചുകൊണ്ടിരിക്കുന്നു. ഇപ്പോൾ സൂചിപ്പിച്ച സംഭവത്തിൽ, കൃത്രിമം

കാണിച്ച് വാങ്ങിയ തുകയാണെങ്കിൽ പരാതിയില്ല. നഷ്ടം തിട്ടപ്പെടുത്തിയതിൽ പിശക് വന്നുവെന്ന കാരണത്താലാണെങ്കിൽ, തിരിച്ചുപിടിക്കുന്നത് കോവിഡ് കാലത്തെങ്കിലും നിർത്തിവയ്ക്കണമെന്നും അതിനാവശ്യമായ നടപടികൾ സ്വീകരിക്കണമെന്നുമാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ബഹുമാനപ്പെട്ട അംഗം ഇവിടെ ഉന്നയിച്ചത് വളരെയേറെ ഗൗരവമുള്ളതും സർക്കാരിന്റെ ശ്രദ്ധയിൽ വന്നതുമായ വിഷയമാണ്. 2018-ൽ സംസ്ഥാനത്തുണ്ടായ പ്രളയത്തെത്തുടർന്ന് രണ്ട് ദിവസത്തോളം വെള്ളം കെട്ടി നിൽക്കുകയും മണ്ണിടിച്ചിൽ തുടങ്ങിയ കാരണത്താൽ വീട് വാസയോഗ്യമല്ലാതാകുകയും ചെയ്തിട്ടുള്ള പ്രദേശങ്ങളിൽ ഓരോ കുടുംബത്തിനും ഒറ്റ പ്രാവശ്യത്തെ ആശ്വാസ ധനസഹായമായി 10,000 രൂപയും പ്രളയക്കെടുതിയാൽ പൂർണ്ണമായും വീട് തകർന്ന ഗുണഭോക്താക്കൾക്ക് പരമാവധി 4 ലക്ഷം രൂപയുമാണ് അനുവദിച്ചിട്ടുള്ളത്. കേന്ദ്ര ദുരന്ത നിവാരണ നിയമം 2005 സെക്ഷൻ (19) മാനദണ്ഡപ്രകാരം ദുരിതാശ്വാസം അനുവദിക്കുന്നുവെന്ന് ഉറപ്പു വരുത്താൻ മിനിമം റിലീഫ് കോഡ് അംഗീകരിച്ചുകൊണ്ട് ടെക്നിക്കലി കോംപിറ്റന്റായ തദ്ദേശഭരണ സ്ഥാപനങ്ങളിലെ ഓവർസിയർമാരും എഞ്ചിനീയർമാരും പ്രളയക്കെടുതികളാൽ വീടുകൾക്കുണ്ടായ നാശനഷ്ടം കണക്കാക്കി, ഓരോ നാശനഷ്ടതോതിനും സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽനിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും അനുവദിക്കേണ്ട തുക നിശ്ചയിച്ച് അർഹരായവർക്ക് തുക വിതരണം ചെയ്യുവാനാണ് നിർദ്ദേശം നൽകിയിരുന്നത്. എന്നാൽ, പ്രസ്തുത നാശനഷ്ട തോത് കണക്കാക്കുന്നതിനും ഗുണഭോക്താക്കളുടെ അക്കൗണ്ട് വിവരങ്ങൾ കൃത്യമായി രേഖപ്പെടുത്തുന്നതിനുമുള്ള ചില പിഴവുമൂലം അക്കൗണ്ട് നമ്പർ ഇരട്ടിപ്പുവന്നതു കാരണം തുക വിതരണം ചെയ്തതിൽ ധാരാളം പിഴവുകൾ വന്നതായി അന്വേഷണങ്ങളിൽ സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുകയുണ്ടായി. സർക്കാരിന്റെ ഖജനാവിൽനിന്ന് ലഭ്യമായ അധിക തുക ഗുണഭോക്താക്കൾ സ്വമേധയാ തിരിച്ചടയ്ക്കാത്തതിനാലാണ്, ആയത് തിരിച്ചുപിടിക്കുന്നതിന് നിർദ്ദേശം നൽകിയിരുന്നത്. പത്തനംതിട്ട ജില്ലയിൽ മാത്രം 716 പേർക്കാണ് ഇരട്ടിപ്പുതുക വന്നതായി കാണുന്നത്. അതിൽ 358 പേർ ഇതിനകം തിരിച്ചടയ്ക്കുകയും ചെയ്തിട്ടുണ്ട്. കോവിഡ് പശ്ചാത്തലത്തിൽ ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച പ്രശ്നം വളരെ ഗൗരവപ്പെട്ടതാണ്. ഈ തുക തിരിച്ചുപിടിക്കുന്നത് നിർത്തിവയ്ക്കുന്നതിനേയും മറ്റു കാര്യങ്ങളെയും സംബന്ധിച്ച വിവരം സർക്കാർ പരിശോധിക്കുകയാണ്. തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. എൻ. എ. നെല്ലിക്കുന്ന്]

## (5) ഭൂമി ഏറ്റെടുക്കൽ

ശ്രീ. പി. വി. ശ്രീനിജിൻ: സർ, എന്റെ മണ്ഡലത്തിൽ സ്ഥിതിചെയ്യുന്ന ബി.പി.സി.എൽ. - കൊച്ചിൻ റിഫൈനറീസ് കമ്പനിയുടെ വികസനവുമായി ബന്ധപ്പെട്ട് പുത്തൻകുരിശ്, തിരുവാണിയൂർ പഞ്ചായത്തുകളിൽനിന്ന് ഏക്കർ കണക്കിന് ഭൂമിയാണ് ഇതിനോടകം ഏറ്റെടുത്തിരിക്കുന്നത്. എന്നാൽ അശാസ്ത്രീയമായ ഭൂമിയേറ്റെടുക്കൽ കാരണം നിരവധി കുടുംബങ്ങളാണ് പുതിയ പ്രോജക്ടുകളോടുചേർന്ന് താമസിച്ചുവരുന്നത്, 50 മീറ്റർ വരെ അടുത്ത് താമസിക്കുന്നവരുമുണ്ട്. പദ്ധതി പ്രദേശത്തോട് ചേർന്ന് കിടക്കുന്നതുകൊണ്ട് അവിടെ താമസിക്കുന്നവർ വായുമലിനീകരണം, ശബ്ദമലിനീകരണം, ജലമലിനീകരണം എന്നിവമൂലം വളരെയധികം ബുദ്ധിമുട്ടുകയാണ്. 24-3-2021-ൽ ഡിസ്ട്രിക്ട് ഡെവലപ്മെന്റ് കമ്മീഷണറുടെ നേതൃത്വത്തിൽ അവിടെ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും 21-6-2021-ൽ ഇതുസംബന്ധിച്ച വിശദമായ റിപ്പോർട്ട് കളക്ടർക്ക് സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. Ministry of Environment, Forest & Climate change നിഷ്കർഷിച്ചിരിക്കുന്ന ഗ്രീൻ ബെൽറ്റ് അടക്കമുള്ള വിഷയങ്ങളിൽ കമ്പനി വീഴ്ചവരുത്തിയിട്ടുള്ളതായാണ് റിപ്പോർട്ടിലുള്ളത്. മേൽപ്പറഞ്ഞ വിഷയങ്ങൾ കാരണം തങ്ങളുടെ ഭൂമി കമ്പനിക്കു തന്നെ കൈമാറി പോകുവാൻ ജനങ്ങൾ തയ്യാറായിട്ടും ഇവരുടെ ഭൂമി ഏറ്റെടുക്കാൻ കമ്പനി തയ്യാറാകുന്നില്ല. സർക്കാർ ഈ വിഷയത്തിൽ അടിയന്തരമായി ഇടപെട്ട് പ്രശ്നത്തിന് ശാശ്വത പരിഹാരം കാണണമെന്നാണ് സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്.

റവന്യൂ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. കെ. രാജൻ): സർ, ഇത് വളരെ വ്യത്യസ്തമായി സഭയിൽ കേൾക്കുന്ന ഒരു പ്രശ്നമാണ്. ശ്രീ. പി. വി. ശ്രീനിജിൻ, എം.എൽ.എ.-യും അദ്ദേഹത്തിന്റെ മുൻഗാമികളും പലതവണ ഈ വിഷയം സഭയുടെ ശ്രദ്ധയിൽ കൊണ്ടുവന്നിട്ടുള്ളതാണ്. കേന്ദ്ര പെട്രോളിയം പ്രകൃതി വാതക മന്ത്രാലയത്തിനുകീഴിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ബി.പി.സി.എൽ.-കൊച്ചി റിഫൈനറിയുടെ ഗ്രീൻ ബെൽറ്റിനായി Motor Spirit Block Project എന്ന പദ്ധതിയുടെ നിർമ്മാണത്തിന് കുന്നത്തുനാട് താലൂക്ക് പുത്തൻകുരിശ് വില്ലേജ് 39-ൽപ്പെട്ട 11.3334 ഹെക്ടർ സ്ഥലവും തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് നമ്പർ 40-ൽ സർവ്വെ നമ്പർ 115-ൽപ്പെട്ട 0.7050 ഹെക്ടർ സ്ഥലവും 7.3229 ഹെക്ടർ പുറമ്പോക്ക് ഭൂമിയുമുൾപ്പെടെ 20.5273 ഹെക്ടർ വിസ്തീർണ്ണം വരുന്ന സ്ഥലം നെഗോഷ്യേറ്റഡ് പർച്ചേസിന് വിധേയമായി ഏറ്റെടുക്കുന്നതിന് 3-4-2017-ൽ ഗവൺമെന്റ് ഉത്തരവ് 1595/2017/RD പ്രകാരം അനുമതി നൽകിയിട്ടുള്ളതും ഭൂവുടമകൾ ഭൂമി വില അംഗീകരിച്ച് എസ്.എൽ.ഇ.സി.-യുടെ അംഗീകാരത്തോടെ സ്ഥലം അർത്ഥനാധികാരിയുടെ പേർക്ക് രജിസ്റ്റർ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നതുമാണ്.

തിരുവാണിയൂർ ഗ്രാമപഞ്ചായത്തിലെ 13 ഏക്കർ ഭൂമി, ഭൂമി ഏറ്റെടുക്കുന്നതിനുള്ള വിജ്ഞാപനത്തിൽ ഉൾപ്പെട്ടിരുന്നുവെന്നും എന്നാൽ നിലവിൽ ഏറ്റെടുത്തിട്ടില്ലെന്നും സൂചിപ്പിച്ച് ഗ്രാമവാസികൾ പരാതി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സർക്കാർ സമഗ്ര അന്വേഷണം നടത്തുകയുണ്ടായി. അന്വേഷണത്തിൽ തിരുവാണിയൂർ വില്ലേജ് ബ്ലോക്ക് നമ്പർ 40-ലെ 18.0540 ഹെക്ടർ സ്ഥലം കൊച്ചിൻ റിഫൈനറിയുടെ PDPP (Propylene Derivatives Petrochemical Project)-നുവേണ്ടി ഏറ്റെടുക്കാൻ അർത്ഥന സമർപ്പിച്ചിരുന്നതും 6(1) നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചിരുന്നതുമാണ്. അതേത്തുടർന്ന് 26-12-2013-ൽ DLPC മീറ്റിംഗിൽ ഭൂവുടമകളുമായി നടന്ന ചർച്ചയിൽ സ്ഥലവില നിശ്ചയിക്കുന്ന കാര്യത്തിൽ തീരുമാനമാകാത്തതിൽ പദ്ധതി ഉപേക്ഷിച്ചുവെന്നാണ് ഇപ്പോൾ കമ്പനി സർക്കാരിനെ അറിയിച്ചിട്ടുള്ളത്. നിലവിൽ മറ്റ് പ്രോജക്ടുകൾക്കായി Additional Land Acquisition ആവശ്യമില്ലെന്നും കമ്പനി അറിയിച്ചിട്ടുണ്ട്. ഭൂമി ആവശ്യമുണ്ടെന്ന് കമ്പനി അറിയിക്കുന്നപക്ഷം ഭൂമിയേറ്റെടുത്ത് നൽകുന്നതിനാവശ്യമായ നടപടി സർക്കാരിന് സ്വീകരിക്കാവുന്നതാണ്. ബഹുമാനപ്പെട്ട എം.എൽ.എ. ഈ സബ്മിഷൻ ഇവിടെ ഉന്നയിക്കപ്പെട്ട സാഹചര്യത്തിൽ ഇതുമായി ബന്ധപ്പെട്ട് പ്രത്യേകമായ ഒരു യോഗം വിളിച്ച് എങ്ങനെയാണ് ഈ പ്രശ്നം പരിഹരിക്കാൻ കഴിയുകയെന്ന് വകുപ്പ് പ്രത്യേകമായി പരിശോധിക്കുന്നതാണ്.

### (6) ആരാധനാലയങ്ങൾക്ക് പുതിയ വാട്ടർ മീറ്റർ

ശ്രീ. കെ. ജെ മാക്സി: സർ, കൊച്ചിയിലെ പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജമാ അത്തെ എന്നീ ആരാധനാലയങ്ങളിൽ വാട്ടർ അതോറിറ്റി നൽകിവരുന്ന വാട്ടർ ബിൽ തുക വളരെ ഭീമമാണ്. പട്ടാളം ജുമാ മസ്ജിദിന് 28,57,568 രൂപയും കുന്നുംപുറം ജമാ അത്തെയ്ക്ക് 15 ലക്ഷം രൂപയുമാണ് ബിൽ തുക വന്നിരിക്കുന്നത്. കൂടാതെ ചെർലായി, തിരുമല ദേവസ്വം തുടങ്ങി മറ്റ് നിരവധി ആരാധനാലയങ്ങൾക്ക് ഭീമമായ ബിൽ ആണ് വാട്ടർ അതോറിറ്റി നൽകിവരുന്നത്. 1985 വരെ കൊച്ചി നഗരസഭയിൽ കുടിവെള്ളം പൂർണ്ണമായും സൗജന്യമായി നൽകിയിരുന്നത് നഗരസഭയാണ്. ഈ ആരാധനാലയങ്ങളിൽ വാട്ടർ മീറ്റർ സ്ഥാപിക്കുകയോ വാട്ടർ ബിൽ നൽകുകയോ ചെയ്തിരുന്നില്ല. 36 വർഷത്തിനുശേഷമാണ് ഈയൊരു നടപടിയുമായി വാട്ടർ അതോറിറ്റി മുന്നോട്ടുപോകുന്നത്. ആരാധനാലയങ്ങളുടെ ഈ ബിൽ തുക പൂർണ്ണമായും ഒഴിവാക്കി പുതിയ വാട്ടർ മീറ്റർ സ്ഥാപിക്കണമെന്ന് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, കൊച്ചിയിലെ പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജമാ അത്തെ എന്നീ ആരാധനാലയങ്ങളിൽ വാട്ടർ മീറ്റർ ഇല്ലാത്തതുമൂലം ഉപയോഗിച്ചിട്ടില്ലാത്ത ശുദ്ധജലത്തിന് നൽകിയിട്ടുള്ള ഭീമമായ

ബിൽ തുക ഒഴിവാക്കേണ്ടതിന്റെ ആവശ്യകത സംബന്ധിച്ചാണ് ബഹുമാനപ്പെട്ട എം.എൽ.എ. ഇവിടെ സബ്മിഷൻ അവതരിപ്പിച്ചിട്ടുള്ളത്. പ്രസ്തുത ആരാധനാലയ ങ്ങളിൽ പുതിയ വാട്ടർ മീറ്റർ അടിയന്തരമായി സ്ഥാപിച്ച് ശുദ്ധജല വിതരണം ക്രമീകരിക്കേണ്ടതിന്റെ ആവശ്യകതയും ഇവിടെ സൂചിപ്പിക്കുകയുണ്ടായി. കൊച്ചി കോർപ്പറേഷൻ 1991-നുമുൻപ് മട്ടാഞ്ചേരിയിലുള്ള പട്ടാളം ജുമാ മസ്ജിദ്, കുന്നുംപുറം ജമാ അത്തെ എന്നീ ആരാധനാലയങ്ങളിൽ നൽകിയ കണക്ഷനുകളാണിവ. 1999-ൽ കോർപ്പറേഷൻ വാട്ടർ അതോറിറ്റിക്ക് എല്ലാ കണക്ഷനുകളും ലെഡ്ജർ ബുക്കുകൾ സഹിതം കൈമാറി. പ്രസ്തുത കണക്ഷനുകളിൽ യഥാക്രമം 4,690 രൂപയും 6,065 രൂപയും ആ കാലത്തുതന്നെ കുടിശ്ശികയുണ്ടായിരുന്നു. കുടിശ്ശിക പിരിക്കുന്നതിന്റെ ഭാഗമായി നടന്ന പരിശോധനയിൽ മേൽ കണക്ഷനുകൾക്ക് വാട്ടർ മീറ്റർ ഇല്ലെന്ന് കണ്ടെത്തുകയും തുടർന്ന് ഉപഭോക്താക്കളുടെ കുടിശ്ശികത്തുക അടയ്ക്കാനും വാട്ടർ മീറ്റർ സ്ഥാപിക്കാനും നേരിട്ടും രേഖാമൂലവും നിരവധി തവണ ആവശ്യപ്പെട്ടെങ്കിലും ഈ കണക്ഷനുകൾ പൊതുടാപ്പുകളായി കോർപ്പറേഷൻ കൊടുത്തിട്ടുള്ളതാണെന്നും അതിനാലാണ് വാട്ടർ മീറ്റർ സ്ഥാപിക്കാത്തതെന്നും വാട്ടർ ചാർജ്ജ് അടയ്ക്കാത്ത തെന്നും അവർ അറിയിച്ചു. പരിശോധനയിൽ ഈ സ്ഥാപനങ്ങൾ മാത്രമാണ് ഈ കണക്ഷനുകളിൽ നിന്നും ജലം ഉപയോഗിക്കുന്നതെന്ന് മാത്രമല്ല, കണക്ഷനുകൾ പ്രസ്തുത സ്ഥാപനങ്ങളിലെ കോമ്പൗണ്ടിനുള്ളിൽത്തന്നെയാണ് സ്ഥിതി ചെയ്യുന്നതെന്നും കണ്ടെത്തി. ആയതിനാൽ പൊതുടാപ്പായി പരിഗണിക്കാൻ സാധിക്കുകയില്ല. പൊതുടാപ്പുകൾക്ക് വാട്ടർ അതോറിറ്റിയോ നേരത്തെ കോർപ്പറേഷനോ കൺസ്യൂമർ നമ്പർ അനുവദിച്ച് നൽകാറുമില്ല. എം.എൽ.എ. ഈ കാര്യത്തിൽ ഇടപെട്ടത് വളരെ സ്വാഗതാർഹമാണ്. വാട്ടർ മീറ്റർ ഘടിപ്പിച്ച് അതനുസരിച്ചുള്ള കാര്യങ്ങൾ ക്രമപ്പെടുത്തേണ്ടതായിട്ടുണ്ട്.

ഇവിടെ സൂചിപ്പിച്ചതുപോലെ, നിലവിൽ പട്ടാളം ജുമാ മസ്ജിദിന് ലെഡ്ജർ പ്രകാരം 28,57,568 രൂപയും കുന്നുംപുറം ജമാ അത്തെ ആരാധനാലയത്തിന് 15 ലക്ഷത്തിലധികം രൂപയും കുടിശ്ശികയുണ്ട്. നിലവിൽ ധാരാളം തുക വിവിധ ആരാധനാലയങ്ങളും സ്ഥാപനങ്ങളും മുഖാന്തരം വാട്ടർ അതോറിറ്റിക്ക് ലഭിക്കാനു ണ്ടെന്നുള്ളത് മുഖവിലയ്ക്കെടുക്കേണ്ടതായിട്ടുണ്ട്. ഈ വിഷയം പരിഹരിക്ക ണമെന്നു തന്നെയാണ് ഡിപ്പാർട്ടുമെന്റ് ആഗ്രഹിക്കുന്നത്. അവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി അപേക്ഷ നൽകുന്നതിനുള്ള സാവകാശം 15-30 ദിവസത്തിനകമായി നൽകാം. അതോടൊപ്പംതന്നെ മീറ്റർ ഘടിപ്പിച്ച് വാട്ടർ അതോറിറ്റിയെ അറിയിക്കണം. നിലവിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയുടെ ഭാഗമായി ഭീമമായ തുകയിൽ വലിയ തോതിൽ ഇളവുചെയ്ത് പ്രശ്നം പരിഹരിക്കാനുള്ള എല്ലാ നടപടികളും ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകും. എം.എൽ.എ.-യുടെ നേതൃത്വപരമായ പങ്കാളിത്തത്തോടുകൂടി ഈ വിഷയം പരിഹരിക്കുന്നതിന് വാട്ടർ അതോറിറ്റിയെ സഹായിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

## (7) വെള്ളക്കെട്ട്

ശ്രീ. ടി. ജെ. വിനോദ്: സർ, എറണാകുളം നിയോജകമണ്ഡലത്തിലെ കൊച്ചിൻ കോർപ്പറേഷന്റെ പരിധിയിലുള്ള താന്തോന്നിതുരുത്ത്, വടുതല, ചേരാനെല്ലൂർ പഞ്ചായത്ത്, കുറുങ്കോട്ട് ദ്വീപ് എന്നിവിടങ്ങളിൽ ചെറിയൊരു മഴപെയ്താൽപോലും വെള്ളപ്പൊക്കത്തിന് കാരണമാകുന്നത് വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിലേയ്ക്കുള്ള റെയിൽപ്പാതയുടെ നിർമ്മാണത്തോടനുബന്ധിച്ച് നിർമ്മിച്ച താൽക്കാലിക ബണ്ടും നിർമ്മാണ അവശിഷ്ടങ്ങളുമാണ്. വടുതല ഡോൺബോസ്കോ ലൈനിന്റെ കടവിനുസമീപം കായലിനുകുറുകെ ഇരുവശങ്ങളിലുമാണ് നീരൊഴുക്കിന് കാര്യമായ തടസ്സം നേരിടുന്നത്. ഇതുമൂലം കായലിലെ ഒഴുക്ക് നിശ്ചലാവസ്ഥയിലായി. പെരിയാർ നദി കായലുമായി സംഗമിക്കുന്ന സ്ഥലമാണിത്. മത്സ്യസമ്പത്ത് ഏകദേശം പൂർണ്ണമായി നശിച്ചതിനാൽ മത്സ്യത്തൊഴിലാളികളുടെ ഉപജീവനം പൂർണ്ണമായി നിലച്ചിരിക്കുകയാണ്. റെയിൽപ്പാതയുടെ നിർമ്മാണത്തിനുവേണ്ടി 2009-ൽ താൽക്കാലിക ബണ്ട് നിർമ്മിച്ചു. 2011-ൽ റെയിൽപ്പാതയുടെ പണി പൂർത്തീകരിച്ചെങ്കിലും കരാറെടുത്ത Afcons Infrastructure എന്ന കമ്പനി ബണ്ടും അവശിഷ്ടങ്ങളും നീക്കം ചെയ്യാതെ പോയതുകാരണം ഗുരുതരമായ സ്ഥിതിവിശേഷമാണ് ആ പ്രദേശങ്ങളിൽ നിലനിൽക്കുന്നത്. കൊച്ചിൻ പോർട്ട് ട്രസ്റ്റിനുവേണ്ടി കണ്ടെയ്നർ ടെർമിനലിന്റെ നടത്തിപ്പുകാരായ DP World-ഉം ഇന്ത്യൻ റെയിൽവേയ്ക്കുവേണ്ടി റെയിൽവേപ്പാതയുടെ നിർമ്മാണ ചുമതല ഏറ്റെടുത്ത റെയിൽവേയുടെ കൺസ്ട്രക്ഷൻ വിംഗായ റെയിൽ വികാസ് നിഗം ലിമിറ്റഡും അതിനുവേണ്ടി പ്രവൃത്തി ചെയ്ത Afcons Infrastrcture ഏജൻസിയും ഇതിന് ഉത്തരവാദികളാണ്. എന്നാൽ ഈ ഏജൻസികളൊന്നുംതന്നെ ഈ ബണ്ടും ചെളിയും എക്കലും നീക്കം ചെയ്യുന്ന ഉത്തരവാദിത്വം ഏറ്റെടുക്കാതെ മുന്നോട്ടുപോകുന്ന സാഹചര്യമാണ് ഇപ്പോഴുള്ളത്. ഈ വിഷയത്തിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി ഇടപെടേണ്ട സാഹചര്യമുണ്ടായി. ജില്ലയുടെ ചുമതലയുള്ള ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രി ഈ വിഷയത്തിൽ ഇടപെട്ടിട്ടുണ്ട്. പക്ഷേ ഇതുവരെ അതിനൊരു പരിഹാരവുമുണ്ടായിട്ടില്ലെന്നതാണ് യാഥാർത്ഥ്യം. കോവിഡ് മഹാമാരിയുടെ ഈ കാലത്ത് ഇനിയൊരു പ്രളയംകൂടി താങ്ങാനുള്ള മാനസികാവസ്ഥ ഈ പ്രദേശത്തുള്ളവർക്കില്ല. ആയതുകൊണ്ട് ഇതിന് പരിഹാരമുണ്ടാക്കുന്നതിന് സർക്കാർ അടിയന്തരമായി ഇടപെടണമെന്ന് ആവശ്യപ്പെടുകയാണ്.

ജലവിഭവ വകുപ്പുമന്ത്രി (ശ്രീ. റോഷി അഗസ്റ്റിൻ): സർ, ബഹുമാന്യനായ അംഗം അവതരിപ്പിച്ച സബ്മിഷന്റെ ഗൗരവം ഗവൺമെന്റ് പൂർണ്ണമായി ഉൾക്കൊള്ളുന്നു. ഈ വിഷയം മൂന്നാമത്തെ ദിവസമാണ് സഭയിൽ സബ്മിഷനായി വരുന്നത്. രണ്ടു ദിവസങ്ങളിലും പ്രതിപക്ഷം സഭ ബഹിഷ്കരിച്ചതുകൊണ്ട് സബ്മിഷൻ അവതരിപ്പിക്കാൻ

ബഹുമാന്യനായ എം.എൽ.എ.-ക്ക് സാധിച്ചില്ല. എന്നാൽ തുടർച്ചയായ മൂന്നാം ദിവസവും ഈ സബ്മിഷൻ അവതരിപ്പിക്കാൻ ബഹുമാനപ്പെട്ട സ്പീക്കർ അനുവദിച്ചതിനെ വളരെ സന്തോഷത്തോടുകൂടിയാണ് ഞാൻ കാണുന്നത്. വല്ലാർപാടം കണ്ടെയ്നർ ട്രാൻസ്ഷിപ്മെന്റ് ടെർമിനലിലേയ്ക്കുള്ള റെയിൽവേ പാലത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് റെയിൽവേയാണ് കായലിനുകുറുകെ ബണ്ട് നിർമ്മിച്ചത്. 2011-ൽ പാലത്തിന്റെ നിർമ്മാണം പൂർത്തിയായതോടുകൂടി ബണ്ട് പൊളിച്ചുനീക്കേണ്ട ചുമതലയും റെയിൽവേയ്ക്കായിരുന്നു. അക്കാര്യത്തിൽ റെയിൽവേ ഉദാസീനതയും വീഴ്ചയുമാണ് വരുത്തിയിട്ടുള്ളത്. ഈ സംഭവം ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്ന് അടിയന്തര ഇടപെടലുണ്ടായി. ശ്രീ. ടി. ജെ. വിനോദ് സൂചിപ്പിച്ചതുപോലെ, വ്യവസായ വകുപ്പുമന്ത്രി ഈ വിഷയം ശ്രദ്ധയിൽകൊണ്ടുവന്ന സമയത്തുതന്നെ ഇറിഗേഷൻ വിഭാഗം സ്ഥലം സന്ദർശിച്ച് വിശദമായ റിപ്പോർട്ട് നൽകിയതിന്റെ തുടർച്ചയായി ബഹുമാനപ്പെട്ട മന്ത്രി യോഗം വിളിച്ചു. അതിന്റെ ഉത്തരവാദിത്തം റെയിൽവേയ്ക്കാണെന്നുള്ളതുകൊണ്ടും അവർ ഇക്കാര്യത്തിൽ ഉദാസീനത നിലനിർത്തുന്നുവെന്നതുകൊണ്ടും ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ പരിഗണനയിൽ ഈ വിഷയം നിൽക്കുന്നതുകൊണ്ടും കാലതാമസം നേരിടേണ്ടിവന്നു. എന്നാൽ 29-7-2021-ൽ കോടതിയുടെ പരിഗണനയ്ക്കായി വന്ന ഈ കേസ് 5-8-2021-ലേയ്ക്ക് മാറ്റി വച്ചിരിക്കുകയാണ്. കോടതിയുടെ പരിഗണനയിലിരിക്കുന്ന ഒരു കേസ് എന്ന രീതിയിൽ സ്വാഭാവികമായും റെയിൽവേ ഇത് പൊളിച്ചുമാറ്റണമെന്നുള്ള നീതിപൂർവ്വമായ സമീപനമുണ്ടാകുമെന്നുതന്നെയാണ് കരുതുന്നത്. ഇതിലെ പ്രധാന വിഷയം, ഇത് വലിയ തോതിൽ പെരിയാറിലെ വെള്ളപ്പൊക്കത്തിന് കാരണമാകുന്നുണ്ട് എന്നതാണ്. തന്മൂലം ജനങ്ങൾക്ക് വലിയ ബുദ്ധിമുട്ട് അനുഭവപ്പെടുന്നുണ്ട്. അത് കോടതി നിരീക്ഷിക്കുമെന്നാണ് കരുതുന്നത്. വരുംകാലങ്ങളിൽ ഇതിന്റെ പേരിൽ ഒരു ബുദ്ധിമുട്ടുമുണ്ടാകാതെ ഗവൺമെന്റ് നിരീക്ഷിക്കും. കോടതിവിധി വരുന്നമുറയ്ക്ക് ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഈ വിഷയം ഭാവിയിലുണ്ടാകാതിരിക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## (8) ബി.ഐ.എസ്. അംഗീകാരം

ശ്രീ. സജീവ് ജോസഫ്: സർ, കേരളത്തിലെ റബ്ബർ കർഷകർ വിലത്തകർച്ചമൂലം ഗുരുതര പ്രതിസന്ധി നേരിടുന്ന ഈ സാഹചര്യത്തിൽ ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യാനും ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് (ബി.ഐ.എസ്.) അംഗീകാരം നൽകാനുമുള്ള കേന്ദ്ര സർക്കാരിന്റെ നീക്കം കർഷകർക്ക് ആശ്വാസം പകരുന്നതിനു പകരം റബ്ബർമേഖലയ്ക്ക് കനത്ത പ്രഹരമേൽപ്പിക്കുന്ന നടപടിയാണ്. ചിരട്ടപ്പാൽ ഇറക്കുമതി ചെയ്യാനുള്ള ഏക നിയമതടസം ബി.ഐ.എസ്. സർട്ടിഫിക്കേഷനില്ലെന്നുള്ളതാണ്. ഈ കടമ്പ മറികടക്കാൻ ചിരട്ടപ്പാലിന് ബി.ഐ.എസ്. അംഗീകാരം

നൽകാനുള്ള യോഗം കേന്ദ്ര സർക്കാർ വിളിച്ചിരിക്കുകയാണ്. പ്രധാനമന്ത്രിയുടെ ഓഫീസിൽനിന്ന് നിർദ്ദേശിച്ചതനുസരിച്ചാണ് യോഗം ചേരാൻ തീരുമാനിച്ചിരിക്കുന്നത്. ഇതിനുപരിയായി രാജ്യത്തിന്റെ ആരോഗ്യരംഗത്ത് വലിയ ഭവിഷ്യത്തുകൾ നേരിടുന്ന സാഹചര്യമാണുള്ളത്. ചിരട്ടപ്പാലിൽ അഴുകിയ രോഗാണുക്കളും സൂക്ഷ്മജീവികളും ഫംഗസുകളും അടിഞ്ഞുകൂടുന്നതിനാൽ പകർച്ചവ്യാധികൾക്കും മാരകരോഗങ്ങൾക്കും ഇത് കാരണമാകും. ഇക്കാരണത്താലാണ് തായ്‌ലാൻഡ് ഉൾപ്പെടെയുള്ള വിവിധ രാജ്യങ്ങൾ ഇറക്കുമതി നിരോധിച്ചത്. അസംസ്കൃത വസ്തുക്കൾ ഇറക്കുമതി ചെയ്യുന്നത് നിയമപരമായി കർശനമായി നിയന്ത്രിച്ചിട്ടുള്ള നമ്മുടെ രാജ്യത്ത്, പ്രത്യേകിച്ച് കോവിഡ് മഹാമാരിക്കെതിരെ ലോകം മുഴുവൻ പോരാട്ടം നടത്തുമ്പോൾ, കൂടുതൽ രോഗങ്ങൾക്ക് കാരണമാകുന്ന ഇത്തരം നീക്കം രാജ്യതാൽപ്പര്യത്തിനെതിരാണ്. മാത്രമല്ല, ഇത്തരം ഉല്പന്നങ്ങളുടെ ഇറക്കുമതി അന്താരാഷ്ട്ര ഉടമ്പടികളുടെ നഗ്നമായ ലംഘനവുമാണ്. നമ്മുടെ രാജ്യത്തെ റബ്ബർ കൃഷിയുടെ 90 ശതമാനവുമുള്ള കേരള ത്തെയാണ് ഇത് ഏറ്റവുമധികം ബാധിക്കുന്നത്. ഒരു കിലോ റബ്ബർ ഉല്പാദിപ്പിക്കാൻ 170 രൂപയിലധികം ചെലവുള്ളപ്പോൾ ചിരട്ടപ്പാലിന് പകുതിയിൽ താഴെ വിലയ്ക്ക്, അതായത് 60-70 രൂപയ്ക്ക് വിൽക്കേണ്ടിവരുന്ന സാഹചര്യമുണ്ടാകുന്നു. കേരളത്തിലെ റബ്ബർ കൃഷി പ്രതിസന്ധിയിലാകുമെന്നുമാത്രമല്ല, ഇതിനെമാത്രം ആശ്രയിച്ചു കഴിയുന്ന പന്ത്രണ്ട് ലക്ഷത്തോളം വരുന്ന റബ്ബർ കർഷകരെ ഇത് സാരമായി ബാധിക്കുകയും ചെയ്യും. ഈ സാഹചര്യത്തിൽ കേരളത്തിന്റെ സമ്പദ്ഘടനയുടെ നട്ടെല്ലായ റബ്ബർ കൃഷിയെ സംരക്ഷിക്കാനും മനുഷ്യനും മറ്റ് ജീവജാലങ്ങൾക്കും ഹാനികരമായ രോഗാണുവ്യാപനത്തിന് വഴിവയ്ക്കുന്ന ദുരന്തങ്ങളൊഴിവാക്കാനും ചിരട്ടപ്പാൽ ഇറക്കുമതി തടയണം. ഇതിനായി സംസ്ഥാന സർക്കാർ ഉടൻതന്നെ കേന്ദ്ര സർക്കാരിൽ ശക്തമായ സമ്മർദ്ദം ചെലുത്തണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, കപ്പ് ലമ്പ് റബ്ബർ എന്നറിയപ്പെടുന്ന ചിരട്ടപ്പാലിന് നാളിതുവരെ ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് (ബി.ഐ.എസ്.) ഗുണനിലവാരം നിശ്ചയിച്ചിട്ടില്ല. ചിരട്ടപ്പാൽ റബ്ബർ ഇറക്കുമതി പാടില്ലെന്നാവശ്യപ്പെട്ട് കേന്ദ്ര വാണിജ്യകാര്യ മന്ത്രിക്ക് സംസ്ഥാന സർക്കാർ 2018 മാർച്ച് മാസം 9-ാം തീയതിതന്നെ നിവേദനം നൽകിയിരുന്നു. ചിരട്ടപ്പാൽ റബ്ബറിൽ മാലിന്യങ്ങൾ അടങ്ങിയിരിക്കാൻ സാധ്യതയുള്ളതിനാൽ ചിരട്ടപ്പാൽ റബ്ബറിന്റെ ഇറക്കുമതി രാജ്യത്ത് രോഗങ്ങൾ വരുത്തിവയ്ക്കുക മാത്രമല്ല ഉൽപ്പന്നങ്ങളുടെ ഗുണമേന്മയേയും ബാധിക്കുമെന്നുള്ള കാര്യം കേന്ദ്ര സർക്കാരിനെ അറിയിച്ചിരുന്നു. ചിരട്ടപ്പാൽ റബ്ബർ ഗുണനിലവാരം നിശ്ചയിച്ചാൽ അത് വലിയ തോതിലുള്ള ചിരട്ടപ്പാൽ ഇറക്കുമതിക്ക് വഴിവയ്ക്കുകയും സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന ചിരട്ടപ്പാൽ റബ്ബറിന്റെ വിലയിടിവിന്

കാരണമാകുകയും ചെയ്യും. ചിരട്ടപ്പാൽ റബ്ബറിന് ബ്യൂറോ ഓഫ് ഇന്ത്യൻ സ്റ്റാന്റേർഡ്സ് അംഗീകാരം നൽകുന്നതു സംബന്ധിച്ച വിഷയം 29-7-2021-ലെ മീറ്റിംഗിൽ അജണ്ടയായി ഉൾപ്പെട്ടിട്ടില്ലെന്ന് റബ്ബർ ബോർഡ് സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. കൂടാതെ റബ്ബർ ഉല്പന്നങ്ങളുടെ സേഫ്റ്റി സ്റ്റാന്റേർഡ് നിർണ്ണയത്തിനു വേണ്ടിയുള്ള സാങ്കേതിക കമ്മിറ്റിയായ PCD 13-ൽ റബ്ബർ ബോർഡ് പ്രതിനിധികൾ ഉൾപ്പെട്ടിട്ടുള്ളതിനാൽ ടി വിഷയം ഗൗരവമായി കാണുമെന്ന് റബ്ബർ ബോർഡ് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ഉന്നയിച്ചതുപോലെ ഗൗരവമായ ഈ വിഷയത്തിന്മേൽ സംസ്ഥാന സർക്കാരിന്റെയും കേരളത്തിന്റെയും ആശങ്ക കേന്ദ്ര സർക്കാരിനെ അടിയന്തരമായി വീണ്ടും അറിയിക്കുന്നതുമായിരിക്കും.

## (9) ഡയറ്റിന്റെ പ്രവർത്തനം

<u>ശ്രീ. വി ശശി</u>: സർ, 1986-ലെ ദേശീയ വിദ്യാഭ്യാസ നയത്തിന്റെ ഭാഗമായാണ് 1992-ഓടുകൂടി കേരളത്തിലെ 14 ജില്ലകളിലും ജില്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങൾ (ഡയറ്റ്) ആരംഭിച്ചത്. പ്രൈമറി വിദ്യാഭ്യാസത്തിന്റെ പുരോഗതിക്കായി ഗവേഷണങ്ങൾ, പരിശീലനങ്ങൾ, പുസ്തക നിർമ്മിതി, പ്ലസ് ടു തലംവരെയുള്ള അദ്ധ്യാപകർക്ക് പരിശീലനം, വിദ്യാഭ്യാസ സാങ്കേതികവിദ്യയുടെ വ്യാപനം തുടങ്ങിയ നിരവധി പ്രവർത്തനങ്ങൾക്ക് ഡയറ്റ് നേതൃത്വം നൽകിവരുന്നു. സംസ്ഥാന സർക്കാരിന്റെ വിദ്യാഭ്യാസ നയങ്ങളും അതനുസരിച്ചുള്ള പദ്ധതികളും പരിപാടികളും ആശയങ്ങളും താഴെത്തട്ടിലെത്തിക്കുന്നതിനും നേതൃത്വം നൽകിവരുന്ന ഡയറ്റ് ഇന്ന് പ്രതിസന്ധി നേരിടുകയാണ്. ഈ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനും ഈ സ്ഥാപനത്തിന് ദിശാബോധം നൽകുന്നതിനും ആവശ്യമായ സ്പെഷ്യൽ റൂൾസ് 2011-ൽ രൂപീകരിച്ചെങ്കിലും പല അനോമലികൾകാരണം അത് നടപ്പാക്കാൻ സാധിച്ചിട്ടില്ല. ഇതുകാരണം 13 വർഷമായി അവിടെ നിയമനങ്ങൾ നടക്കുന്നില്ല. 14 ഡയറ്റുകളിലായി ഇരുന്നൂറിൽപ്പരം ലക്ചറർമാരുടെ തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നുവെന്നാണ് മനസ്സിലാക്കാൻ സാധിച്ചത്. ഈ ദുഃസ്ഥിതി പരിഹരിക്കുന്നതിന് 2016-ൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടുകയും അദ്ദേഹത്തിന്റെ സാന്നിദ്ധ്യത്തിൽ നടന്ന ചർച്ചയിൽ സ്പെഷ്യൽ റൂളിലെ അനോമലി പരിഹരിക്കുന്നതിനുള്ള നിർദ്ദേശങ്ങളുണ്ടാവുകയും ചെയ്തു. തൽക്കാലത്തേയ്ക്ക് 80 ലക്ചറർമാരെ ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ നിയമിക്കാനും സാധിച്ചു. 2020-ൽ അനോമലി പരിഹരിച്ച് സ്പെഷ്യൽ റൂൾ ഭേദഗതി ചെയ്ത് ഉത്തരവായി. ഇതനുസരിച്ച് 50 ശതമാനം അദ്ധ്യാപകരിൽനിന്നും ബൈ ട്രാൻസ്ഫർ മുഖേനയും 50 ശതമാനം പി.എസ്.സി. മുഖേന നേരിട്ടും നിയമിക്കാനുള്ള നടപടി ആരംഭിക്കാമായിരുന്നു. പക്ഷേ ഇതുവരെ അതിന്മേൽ യാതൊരു നടപടിയുമുണ്ടായില്ലെന്നാണ് അറിയാൻ സാധിച്ചത്. ആവശ്യമായ ജീവനക്കാരെ അടിയന്തരമായി നിയമിച്ച് ആ സ്ഥാപനത്തിന്റെ സുഗമമായ പ്രവർത്തനത്തിനുവേണ്ട നടപടി സ്വീകരിക്കണം. അദ്ധ്യാപകരെ നിയമിക്കുമ്പോൾ അവരുടെ ശമ്പള ചെലവിന്റെ

അൻപത് ശതമാനത്തോളം തുക കേന്ദ്ര സർക്കാരിൽനിന്നും ലഭിക്കുമെന്നതിനാൽ ഈ സ്ഥാപനം സുഗമമായി നടത്തുന്നതിനുള്ള ഉചിതമായ സ്ഥിതിവിശേഷം കൂടിയുണ്ടെന്ന വിവരം ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതുകൂടാതെ നിലവിലുള്ള ജീവനക്കാരുടെയും 1989 മുതൽ പ്രവർത്തിച്ചുവരുന്ന നിരവധി ജീവനക്കാരുടെയും ആനുകൂല്യങ്ങൾ ഉൾപ്പെടെയുള്ള സർവ്വീസ് അവകാശങ്ങൾ അനുവദിച്ചുനൽകിയിട്ടില്ല എന്ന കാര്യംകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഇതിനെല്ലാം പരിഹാരം കണ്ട് ഡയറ്റിന്റെ പ്രവർത്തനം കൂടുതൽ സുഗമമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത്.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (ശ്രീ. വി. ശിവൻകുട്ടി): സർ, സംസ്ഥാനത്തെ ഡയറ്റിലെ അദ്ധ്യാപക നിയമനങ്ങൾക്കായി 19-2-2001-ലെ ഗവൺമെന്റ് ഉത്തരവ് 09/2021 പ്രകാരം സ്പെഷ്യൽ റൂൾ പ്രാബല്യത്തിൽ വന്നിട്ടുണ്ട്. പൊതു വിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ ഒരു ജില്ലയിൽ ഒന്നുവീതം ആകെ 14 ഡയറ്റുകളാണ് നിലവിലുള്ളത്. സ്പെഷ്യൽ റൂൾ പ്രകാരം ഓരോ ഡയറ്റിലും ഒരു പ്രിൻസിപ്പാൾ, 7 സീനിയർ ലക്ചറർ, 20 ലക്ചറർ എന്നിങ്ങനെയാണ് അദ്ധ്യാപക തസ്തികകൾ അനുവദിച്ചിരിക്കുന്നത്. ഇതിനുപുറമേ കാസർഗോഡ് ഡയറ്റിൽ കന്നഡ ലക്ചറർ തസ്തികയും തിരുവനന്തപുരം, ഇടുക്കി, പാലക്കാട് ഡയറ്റുകളിൽ തമിഴ് ലക്ചറർ തസ്തികകളും അനുവദിച്ചിട്ടുണ്ട്. പ്രിൻസിപ്പാൾ തസ്തികയിലേയ്ക്ക് സീനിയർ ലക്ചറർ തസ്തികയിൽനിന്നും സീനിയർ ലക്ചറർ തസ്തികകളിലേയ്ക്ക് ലക്ചറർ തസ്തികയിൽ നിന്നും സ്ഥാനക്കയറ്റം വഴിയാണ് നിയമനം നടത്തുന്നത്. ലക്ചറർ തസ്തികയിലെ 50 ശതമാനം ഒഴിവുകൾ ഗവൺമെന്റ് സ്കൂൾ അദ്ധ്യാപകരിൽനിന്ന് ബൈട്രാൻസ്ഫർ മുഖേനയും 50 ശതമാനം ഒഴിവുകൾ നേരിട്ടുള്ള നിയമനവുമാണ്. രണ്ട് നിയമനങ്ങളും പി.എസ്.സി. മുഖേനയാണ് നടത്തേണ്ടത്. പ്രസ്തുത സ്പെഷ്യൽ റൂൾ പ്രകാരം ഡയറ്റ് അദ്ധ്യാപകരുടെ നിയമനാധികാരി സർക്കാരാണ്. കെ.എസ്.&എസ്.എസ്.ആർ. ചട്ടം 9 (ബി) പ്രകാരം ഡയറ്റ് ലക്ചറർ തസ്തികയിൽ താൽക്കാലികമായി ജോലി ചെയ്തുവരുന്ന അദ്ധ്യാപകർക്ക് അവരുടെ സേവനം ലക്ചറർ തസ്തികകളിൽ ക്രമീകരിച്ച് നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് 89 അദ്ധ്യാപകർ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ ഒ.എ. 702/2021 നമ്പർ ഹർജി ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത ഹർജിയിന്മേൽ ബഹുമാനപ്പെട്ട കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 25-3-2021-ലെ ഇടക്കാല ഉത്തരവ് പ്രകാരം ലക്ചറർ തസ്തികയിലെ 89 ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നത് രണ്ട് മാസത്തേയ്ക്ക് സ്റ്റേ ചെയ്തിരുന്നു. പ്രസ്തുത സ്റ്റേ ബഹുമാനപ്പെട്ട കോടതിയുടെ 29-6-2021-ലെ പൊതുഇടക്കാല ഉത്തരവിലൂടെ രണ്ട് മാസത്തേയ്ക്കുകൂടി വീണ്ടും ദീർഘിപ്പിച്ചിട്ടുണ്ട്. സ്റ്റേ ഒഴിവാക്കുന്ന മുറയ്ക്ക് ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## (10) ഹാച്ചറിയുടെ പ്രവർത്തനം

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, ബഹുമാന്യനായ കെ. പി. മോഹനൻ കേരളത്തിന്റെ കൃഷി വകുപ്പുമന്ത്രി ആയിരുന്ന സമയത്ത് 30-9-2014-ൽ അന്നത്തെ സർക്കാർ ജി.ഒ.(എംഎസ്.) 219/2014/എ.ഡി. പ്രകാരം എടവണ്ണ ഹാച്ചറിക്ക് അനുവാദം നൽകുകയുണ്ടായി. ഹാച്ചറിക്കുവേണ്ടി എടവണ്ണ ഗ്രാമപഞ്ചായത്ത് രണ്ടേക്കർ സ്ഥലം മൃഗസംരക്ഷണ വകുപ്പിന് സൗജന്യമായി വിട്ടുകൊടുത്തു. ഇതുസംബന്ധിച്ച് വിശദമായ പ്രോജക്ട് തയ്യാറാക്കി, അന്ന് 6,09,87,720 രൂപയ്ക്ക് റഫ് കോസ്റ്റ് എസ്റ്റിമേറ്റെടുത്തു. 1,95,00,000 രൂപയ്ക്ക് ഒന്നാംഘട്ടത്തിൽ ആർ.കെ.വി.വൈ. പ്രകാരം ഭരണാനുമതി നൽകിയെങ്കിലും അതിന്റെ പ്രവർത്തനം മന്ദഗതിയിലാണ് നീങ്ങിയിരുന്നത്. 6-11-2019-ലെ എന്റെ ചോദ്യത്തിന് അന്നത്തെ വനവും മൃഗസംരക്ഷണവും വകുപ്പുമന്ത്രി നൽകിയ മറുപടി, ഈ ഹാച്ചറിയുടെ കെട്ടിട നിർമ്മാണം, പൗൾട്രി ഷെഡ്ഡ് നിർമ്മാണം, തീറ്റ സംഭരണ മുറിയുള്ള ഓഫീസ് കെട്ടിട നിർമ്മാണം, വാട്ടർ ടാങ്ക് നിർമ്മാണം എന്നിവ പൂർത്തീകരിച്ചുവരുന്നതായും 67,14,000 രൂപ കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് നൽകുകയും ചെയ്തു എന്നാണ്. ആർ.കെ.വി.വൈ. സ്കീം പ്രകാരം ഒരു കോടി രൂപ അനുവദിച്ചിട്ടുള്ള ഈ പ്രവൃത്തിയുടെ കെട്ടിടത്തിന്റെ ഒന്നാംഘട്ടം പണി പൂർത്തീകരണത്തിൽ എത്തിയിരിക്കുകയാണ്. ഒന്നാംഘട്ടത്തിലുൾപ്പെടേണ്ട ഇൻക്യുബേറ്റർ, ചുറ്റുമതിൽ, വെള്ളം, ഇലക്ട്രിസിറ്റി ഇവയൊന്നും ഇനിയും പൂർത്തീകരിച്ചിട്ടില്ല. 1,95,00,000 രൂപയിൽ 1,24,29,000 രൂപയാണ് അനുവദിച്ചിട്ടുള്ളത്. മുഴുവൻ തുകയും ലഭിച്ചാൽമാത്രമേ ഇതിന്റെ ഒന്നാംഘട്ടം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമാകുകയുള്ളൂ എന്നാണ് ഞാൻ മനസ്സിലാക്കിയത്. മലബാറിൽ, പ്രത്യേകിച്ച് മലപ്പുറം ജില്ലയിലുള്ള സംസ്ഥാന ഗവൺമെന്റിന്റെ കീഴിലുള്ള ആദ്യത്തെ ഒരു ഹാച്ചറിയാണിത്. ഇതിന്റെ ഒന്നാംഘട്ടം പൂർത്തീകരിക്കുന്നത് സംബന്ധിച്ചോ രണ്ടാംഘട്ടം തുടങ്ങുന്നത് സംബന്ധിച്ചോ ഒരു വ്യക്തതയും നാളിതുവരെ ലഭിച്ചിട്ടില്ല. ഞാൻ ഇക്കാര്യം പുതുതായിവന്ന മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. 2020 മാർച്ച് മാസത്തോടെ ഇത് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്നായിരുന്നു അന്നത്തെ മന്ത്രി സൂചിപ്പിച്ചത്. ബഹുമാനപ്പെട്ട മന്ത്രി പ്രസ്തുത സ്ഥലം സന്ദർശിക്കണം. 2 കോടി രൂപ വിലവരുന്ന, പഞ്ചായത്തിന്റെ രണ്ടേക്കർ സ്ഥലം സൗജന്യമായാണ് നൽകിയത്. ഇതിന്റെ ഒന്നാംഘട്ട പ്രവൃത്തികൾ വേഗത്തിൽ പൂർത്തീകരിക്കാനും രണ്ടാംഘട്ടം അടിയന്തരമായി തുടങ്ങാനുമുള്ള നടപടിയുണ്ടാകണം. അതിനാവശ്യമായ ഫണ്ട് അനുവദിക്കാൻ ഗവൺമെന്റ് തയ്യാറാകണം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി (ശ്രീമതി ജെ. ചിഞ്ചുറാണി): സർ, ഏറനാട് മണ്ഡലത്തിലെ രാഷ്ട്രീയ കിസാൻ വികാസ് യോജന (RKVY) പദ്ധതി പ്രകാരമുള്ള എടവണ്ണ ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് 30-9-2014-ലെ ജി.ഒ.(എംഎസ്.) നമ്പർ 219/2014/എ.ഡി. പ്രകാരം ഭരണാനുമതി ലഭിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾക്ക് 30-11-2015-ലെ ഉത്തരവ് നമ്പർ 1979/2015/കൃഷി പ്രകാരം കേരള ലാൻഡ് ഡെവലപ്മെന്റ് കോർപ്പറേഷന് അനുമതി നൽകുകയും ചെയ്തിരുന്നു. പ്രസ്തുത പദ്ധതിക്ക് രണ്ട് കോടി രൂപയാണ് അനുവദിച്ചത്. അതിൽ നാളിതുവരെ 1,24,69,351 രൂപ ചെലവാക്കുകയും ബാക്കി തുകയായ 75,30,649 രൂപ മാനദണ്ഡങ്ങൾക്ക് വിധേയമായി കൃഷി ഡയറക്ടറുടെ അക്കൗണ്ടിലേയ്ക്ക് തിരികെ നൽകുകയും ചെയ്തു. ഹാച്ചറിയുടെ നിർമ്മാണ പ്രവർത്തനം നിലവിലെ എസ്റ്റിമേറ്റ് പ്രകാരം 95 ശതമാനം പൂർത്തിയായിട്ടുണ്ടെങ്കിലും ഗേറ്റ് നിർമ്മാണം, വാട്ടർ കണക്ഷൻ, വൈദ്യുതി എന്നിവ ലഭ്യമാക്കാനുണ്ട്. അടുത്തുള്ള ജലസ്രോതസ്സുകളിൽനിന്നും ജലലഭ്യത ഇല്ലെന്നുള്ള ഭൂഗർഭ വകുപ്പിന്റെ ഫീസിബിലിറ്റി സർട്ടിഫിക്കറ്റ് ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജലക്ഷാമം പരിഹരിക്കുന്നതിനായി എടവണ്ണ പഞ്ചായത്തിലെ വാട്ടർ സപ്ലൈ എടവണ്ണ ഹാച്ചറിയിലേയ്ക്കുകൂടി ലഭ്യമാക്കണമെന്ന് എടവണ്ണ പഞ്ചായത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിലേയ്ക്കായി ഇലക്ട്രിഫിക്കേഷൻ, പ്ലംബിംഗ് ജോലികൾ പൂർത്തിയാക്കിയിട്ടുണ്ട്. റവന്യൂ വകുപ്പിൽ നിന്നും കൈവശാവകാശ സർട്ടിഫിക്കറ്റ് ലഭ്യമാക്കി വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. നിലവിലുള്ള എസ്റ്റിമേറ്റ് പ്രകാരമുള്ള വർക്കുകൾക്കുപുറമെ ജനറേറ്റർ, ചുറ്റുമതിൽ, ഇന്റർലോക്ക്, വാച്ച്മാൻ ക്യാബിൻ എന്നിവകൂടി പൂർത്തീകരിക്കേണ്ടതുണ്ട്. കൂടാതെ, ഹാച്ചറി പ്രവർത്തനക്ഷമമാക്കുന്നതിന് മതിയായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കി ഉപകരണങ്ങൾ സ്ഥാപിച്ച് ആവശ്യമുള്ള ജീവനക്കാരെ നിയമിക്കേണ്ടതുണ്ട്. ആദ്യഘട്ടത്തിൽ 15,000 മുട്ടകൾ ആഴ്ചയിൽ വിരിയിക്കാൻ സാധിക്കും. പിന്നീട് 1.6 ലക്ഷം മുട്ടകൾ വിരിയിക്കാൻ സാധിക്കുന്നതാണ്. ബാക്കിയുള്ള തുടർപ്രവർത്തനങ്ങൾ നടത്തിയാൽ മാത്രമേ ഫാമിനെ പ്രവർത്തനസജ്ജമാക്കാൻ കഴിയുകയുള്ളൂ. ആയതിലേയ്ക്ക് ജില്ലാ പഞ്ചായത്തിൽനിന്നോ മറ്റേതെങ്കിലും മാർഗ്ഗങ്ങളിലൂടെയോ ഫണ്ട് കണ്ടെത്തി പ്രവർത്തനങ്ങൾ പൂർത്തീകരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിച്ചുവരികയാണ്.

## V റിപ്പോർട്ട് സമർപ്പണം

### സബ്ജക്ട് കമ്മിറ്റി XIII-ന്റെ 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ടും 2020-2021 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടും

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, സാമൂഹ്യസേവനം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി XIII-ന്റെ അദ്ധ്യക്ഷനായ ഞാൻ 2020-21 സാമ്പത്തിക വർഷത്തെ ധനാഭ്യർത്ഥനകളുടെ പരിശോധന സംബന്ധിച്ച അഞ്ചാമത് റിപ്പോർട്ടിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ട്, 2020 ഏപ്രിൽ 1 മുതൽ 2021 മാർച്ച് 31 വരെയുള്ള ആനുകാലിക റിപ്പോർട്ട് എന്നിവ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ടുകൾ സമർപ്പിച്ചിരിക്കുന്നു.

12.00 Noon]

## VI ക്രമപ്രശ്നം

### (1) ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, നിയമസഭാ സമിതികൾ സഭയുടെ മിനിയേച്ചർ ആണെന്നാണ് പറയുന്നത്. നമ്മുടെ പല ധനകാര്യ സമിതികൾക്കും ഭരണഘടനാ സംരക്ഷണവുമുണ്ട്. അതുകൂടാതെ ക്ഷേമ സമിതികളും പ്രവർത്തിക്കുന്നുണ്ട്. പതിനഞ്ചാം കേരള നിയമസഭ നിലവിൽവന്നതിനുശേഷം കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത സമിതികളുടെയെല്ലാം പ്രാഥമിക യോഗങ്ങൾ കൂടിക്കഴിഞ്ഞു. എന്നാൽ ഈ സമിതികൾ അഭിമുഖീകരിക്കുന്ന ഒരു പ്രധാന പ്രശ്നം തീർപ്പാകാതെ കിടക്കുന്ന പരാതികളാണ്. 1991 മുതൽ, അതായത് 9-ാം കേരള നിയമസഭയുടെ കാലംമുതലുള്ള ഫയലുകൾ സമിതി സെക്ഷനുകളിൽ പെൻഡിംഗിലാണ്. അതിന്റെ പ്രധാനകാരണം സമിതി റിപ്പോർട്ടുകൾക്കും റിപ്പോർട്ട് ആവശ്യപ്പെട്ട് അയയ്ക്കുന്ന പരാതികൾക്കും ബന്ധപ്പെട്ട വകുപ്പുകൾ പ്രാധാന്യം കൊടുക്കാത്തതാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205 (എ)-യിൽ ഇങ്ങനെ പറയുന്നുണ്ട്.

205 (എ) റിപ്പോർട്ടിൽ അടങ്ങിയ ശിപാർശയിന്മേൽ മറുപടി ലഭ്യമാക്കൽ: "സബ്ജക്ട് കമ്മിറ്റികൾ ഒഴികെയുള്ള ഒരു കമ്മിറ്റിയുടെ റിപ്പോർട്ടിലടങ്ങിയിട്ടുള്ള ശിപാർശകൾ സർക്കാർ പരിശോധിക്കേണ്ടതും അങ്ങനെയുള്ള ശിപാർശകളിന്മേൽ

എടുത്ത നടപടികളുടെ സ്റ്റേറ്റ്മെന്റ് റിപ്പോർട്ടിൽ വിനിർദ്ദേശിച്ചിട്ടുള്ള സമയപരിധി ക്കുള്ളിൽ നൽകേണ്ടതുമാണ്. റിപ്പോർട്ടിൽ യാതൊരു സമയപരിധിയും വിനിർദ്ദേ ശിച്ചിട്ടില്ലാത്ത സംഗതികളിൽ റിപ്പോർട്ട് സർക്കാർ കൈപ്പറ്റിയ തീയതി മുതൽ രണ്ട് മാസത്തിനകം എടുത്ത നടപടി സ്റ്റേറ്റുമെന്റ് നൽകേണ്ടതാണ് ".

എന്നാൽ വർഷങ്ങൾ കഴിഞ്ഞാലും ആക്ഷൻ ടേക്കൺ റിപ്പോർട്ട് സഭ മുൻപാകെ വരുന്നില്ല. ചില ഘട്ടങ്ങളിൽ സമിതി ഉദ്യോഗസ്ഥരെ വിളിച്ചുവരുത്തി അവരിൽ നിന്നും വിശദീകരണം ചോദിക്കുകയോ, തെളിവെടുപ്പ് നടത്തുകയോ ചെയ്യാറുണ്ട്. അങ്ങനെ വിളിച്ചുവരുത്തി സമിതികൾ വിശദീകരണം ചോദിച്ചാൽപ്പോലും ആക്ഷൻ ടേക്കൺ റിപ്പോർട്ട് നൽകാത്ത വകുപ്പുകളുണ്ട്. സമിതിയിലേയ്ക്ക് വലിയ പ്രതീക്ഷ യോടുകൂടി ജനങ്ങൾ തരുന്ന പരാതികളിന്മേൽ റിപ്പോർട്ട് ആവശ്യപ്പെട്ട് വകുപ്പുകൾക്ക് അയച്ചാൽ അതിന്മേലുള്ള മറുപടി സമിതിക്ക് നൽകുന്നതിന് വളരെയധികം കാലതാമസമുണ്ടാകുന്നുണ്ട്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രിമാരും മുഖ്യമന്ത്രിയും മുൻകയ്യെടുത്ത് സമിതി ശിപാർശകളിന്മേൽ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമയബന്ധിതമായി ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണം. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട സ്പീക്കറുടെ റൂളിംഗും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഇവിടെ ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ഉന്നയിച്ച ക്രമപ്രശ്നം ഗവൺമെന്റ് സജീവമായിത്തന്നെ ചർച്ച ചെയ്തതാണ്. കേരള നിയമസഭയുടെ നടപടിക്രമവും കാര്യനിർവ്വഹണവും സംബന്ധിച്ച ചട്ടങ്ങളിലെ ചട്ടം 205(എ) പ്രകാരം നിയമസഭാ സമിതികളിലെ ശിപാർശകൾ എത്രയും പെട്ടെന്ന് പരിശോധിക്കുകയും അതിന്റെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സർക്കാരിൽനിന്ന് സമയബന്ധിതമായി ലഭിക്കുകയും ചെയ്യേണ്ട ആവശ്യകതയെക്കുറിച്ചാണ് അദ്ദേഹം സൂചിപ്പിച്ചത്. ഇക്കാര്യത്തിൽ പല വകുപ്പുകളും ഉദാസീനത കാണിക്കുന്നുവെന്നും അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. നിയമസഭാ സമിതികളിലെ ശിപാർശകളിന്മേലുള്ള ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ എത്രയും പെട്ടെന്നുതന്നെ സമർപ്പിക്കേണ്ടതാണ്. അതിന് കാലതാമസമുണ്ടാക്കുന്നത് വളരെ ഗൗരവമായാണ് സർക്കാർ കാണുന്നത്. നമ്മുടെ പാർലമെന്ററി പ്രവർത്തനം ഗൗരവപൂർവ്വം സർക്കാർ കാണുന്നുണ്ട്. അത് ഫലപ്രദമാകണമെങ്കിൽ ചട്ടപ്രകാരംതന്നെ പാലിക്കപ്പെടാനുള്ള ഇടപെടലുകൾ നടത്തണം. ഓരോ വകുപ്പും സമയബന്ധിതമായി റിപ്പോർട്ടുകൾ സമിതികൾക്ക് നൽകണമെന്ന് നിലവിൽ ഗവൺമെന്റ് നിർദ്ദേശം നൽകിയിട്ടുണ്ട്. യാതൊരു കാരണവുമില്ലാതെ ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ വർഷങ്ങളോളം വൈകുന്നു വെന്നാണ് ക്രമപ്രശ്നത്തിലൂടെ ഇവിടെ ചൂണ്ടിക്കാണിച്ചത്. 30 വർഷത്തിലധികം പല റിപ്പോർട്ടുകളുടേയും ആക്ഷൻ ടേക്കൺ റിപ്പോർട്ട് എടുക്കാതെയിരിക്കുന്ന

സ്ഥിതി നിലവിലുണ്ട്. അത്തരം കാര്യങ്ങൾ നമ്മുടെ ജനാധിപത്യ പ്രക്രിയയ്ക്കുതന്നെ പോറലേൽപ്പിക്കുമെന്നുള്ളത് തിരിച്ചറിഞ്ഞുകൊണ്ട് എത്രയുംപെട്ടെന്ന് നടപടികൾ സ്വീകരിക്കാൻവേണ്ടിയാണ് ഗവൺമെന്റ് ശ്രമിക്കുന്നത്. വിവിധ സമിതികളുടെ പ്രവർത്തനം കുറേക്കൂടി മെച്ചപ്പെടുത്തണമെന്നാണ് ഇവിടെ സൂചിപ്പിച്ചത്. പലപ്പോഴും പരാതികൾ കൊടുത്താൽപ്പോലും തീരുമാനമെടുക്കുന്നതിന് കാലതാമസമുണ്ടാകുന്നുണ്ട്. അതിന് പരിഹാരം കാണാൻവേണ്ടിയുള്ള ഇടപെടലുകൾ നടത്താൻ കഴിയണം. സർക്കാർ ഇക്കാര്യത്തിൽ നടപടി ഊർജ്ജിതമാക്കിക്കൊണ്ട് കാര്യങ്ങൾ മുന്നോട്ട് കൊണ്ടുപോകുകയാണ്. ഇത് ലംഘിക്കുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. രണ്ട് മാസത്തിനകം റിപ്പോർട്ട് കൊടുക്കണമെന്നുണ്ടെങ്കിലും പലപ്പോഴും അത് നടക്കുന്നില്ലെന്നുള്ളതാണ് യാഥാർത്ഥ്യം. പതിമൂന്നാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ യോഗം രണ്ട് ദിവസങ്ങളിലായി ഇപ്പോൾ സഭ നടന്നുകൊണ്ടിരിക്കുന്ന സമയത്തു തന്നെ ചേർന്ന് ഏകദേശം 85 റിപ്പോർട്ടുകൾ അംഗീകരിച്ച് ഈ സഭാ സമ്മേളനത്തിൽത്തന്നെ സമർപ്പിക്കാൻ തീരുമാനിച്ചിരിക്കുകയാണ്. സമയബന്ധിതമായി റിപ്പോർട്ടുകൾ സമർപ്പിക്കേണ്ടതാണെന്ന് ഓരോ വകുപ്പിനേയും ഓർമ്മപ്പെടുത്തിയിട്ടുണ്ട്. അത്തരം റിപ്പോർട്ടുകൾ നൽകാത്ത വകുപ്പുകൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്.

## (2) കോവിഡ് വാക്സിന് വകയിരുത്തിയ അധിക തുകയുടെ വിനിയോഗം

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച പുതുക്കിയ ബഡ്ജറ്റ് 2605.18 കോടി രൂപയുടെ അധിക ചെലവ് ഉൾക്കൊള്ളുന്നതാണ്. അദ്ദേഹം ബഡ്ജറ്റിൽ എടുത്തുപറഞ്ഞത്, ഇതൊരു ആരോഗ്യ അടിയന്തരാവസ്ഥയുടെ കാലമാണ്, അതുകൊണ്ട് ഏതാണ്ട് 1500 കോടി രൂപ അതിനുവേണ്ടിയാണ് മാറ്റിവച്ചത് എന്നാണ്. അതിൽ 1,000 കോടി രൂപ 18 വയസ്സിനു മുകളിലുള്ളവർക്ക് സൗജന്യമായി വാക്സിൻ വാങ്ങി നൽകുന്നതിനും 500 കോടി രൂപ അനുബന്ധ ഉപകരണങ്ങൾ വാങ്ങുന്നതിനുംവേണ്ടിയാണ്. ഈ സഭതന്നെ കേന്ദ്ര സർക്കാരിന്റെ വാക്സിൻ പോളിസിക്കെതിരായി അതിശക്തമായ നിലപാടെടുക്കുകയും ഐകകണ്ഠ്യേന പ്രമേയം പാസ്സാക്കുകയും ചെയ്തു. സുപ്രീം കോടതിയടക്കമുള്ള ഇടപെടലിന്റേയും വിവിധ സംസ്ഥാന നിയമസഭകൾ ചെലുത്തിയ സമ്മർദ്ദങ്ങളുടേയുമൊക്കെ അടിസ്ഥാനത്തിൽ കേന്ദ്ര സർക്കാർ വാക്സിൻ പോളിസി പരിഷ്കരിച്ച് സൗജന്യമാക്കുന്ന സമീപനം സ്വീകരിച്ചു. ഇപ്പോൾ മാറ്റിവച്ച 1,000 കോടി രൂപ മിച്ചമായി നിൽക്കുകയാണ്. ഏതാണ്ട് 1605.18 കോടി രൂപയുടെ ആൾട്ടറേഷൻ മെമ്മോറാണ്ടമാണ് ഇപ്പോൾ സഭയുടെ മുൻപാകെ നിൽക്കുന്നത്. മിച്ചം വന്ന 1,000 കോടി രൂപയുടെ വിനിയോഗത്തെ സംബന്ധിച്ച് സഭയിലെ അംഗങ്ങൾക്ക് യാതൊരു അറിവുമില്ല. 18-ാം നമ്പർ ധനാഭ്യർത്ഥനയിലെ ഈ 1,000 കോടി രൂപയുടെ വിനിയോഗത്തെ

സംബന്ധിച്ചുള്ള അവ്യക്തത നിലനിൽക്കുകയാണ്. അതുകൊണ്ട് ഇതുസംബന്ധിച്ച് സബ്ജക്റ്റ് കമ്മിറ്റി വീണ്ടും ചർച്ച ചെയ്യുന്നതിനുള്ള ഒരു നിർദ്ദേശം ബഹുമാനപ്പെട്ട സ്പീക്കറിൽനിന്നുണ്ടാകണമെന്നും അതുസംബന്ധിച്ച് അങ്ങയുടെ റൂളിംഗ് ഉണ്ടാകണമെന്നും അഭ്യർത്ഥിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, കോവിഡ് നിയന്ത്രിക്കുന്നതിന് കേന്ദ്രം സൗജന്യമായി വാക്സിൻ നൽകുമെന്ന് പ്രഖ്യാപിക്കുന്നതിനുമുമ്പാണ് കേരളം സ്വന്തം നിലയ്ക്ക് വാക്സിൻ വാങ്ങി നൽകുമെന്ന് പ്രഖ്യാപിച്ചതും അതിനുശേഷം ജൂണിലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ വാക്സിൻ വാങ്ങുന്നതിന് 1,000 കോടി രൂപയും അനുബന്ധ ഉപകരണങ്ങൾ വാങ്ങിനൽകുന്നതിന് 500 കോടി രൂപയും വകയിരുത്തുന്നതായി പ്രഖ്യാപിച്ചതും. ഇതനുസരിച്ച് 2021-22-ലെ ആദ്യ ബഡ്ജറ്റിന്മേലുള്ള ഭേദഗതി പത്രികയിൽ 2210/6-101/12 കോവിഡ്-19 'പകർച്ചവ്യാധി നിയന്ത്രണവും നിർവ്വഹണവും' എന്ന ശീർഷകത്തിൽ 1500 കോടി രൂപ വകയിരുത്തുകയും ചെയ്തു. ജൂൺ 7-ാം തീയതിയാണ് വാക്സിൻ സൗജന്യമായി നൽകുമെന്ന പ്രധാനമന്ത്രിയുടെ പ്രഖ്യാപനം വരുന്നത്. ഈ പ്രഖ്യാപനത്തിനുശേഷവും വാക്സിൻ ആവശ്യകതയ്ക്കനുസരിച്ച് കിട്ടാത്ത സാഹചര്യമാണ് നിലവിലുള്ളത്. കേരളത്തിൽ കോവിഡ് വ്യാപനം തുടരുകയാണ്, കോവിഡ് മൂന്നാം തരംഗത്തിന്റെ പടിവാതിലിലാണ് രാജ്യമെന്നാണ് ഇപ്പോൾ വരുന്ന വാർത്തകൾ. കോവിഡ് വ്യാപനം ഈ നിലയിൽ ഉയരുകയും വാക്സിൻ ലഭ്യത ഇന്നത്തെ നിലയിൽ തുടരുകയും ചെയ്താൽ സമീപഭാവിയിൽ നമുക്ക് നേരിട്ട് വിപണിയിൽനിന്ന് വാക്സിൻ വാങ്ങേണ്ട സാഹചര്യമുണ്ടായേക്കാം. ബന്ധപ്പെട്ട ശീർഷകത്തിൽ തുക ഇല്ലാതെ വന്നാൽ ആ സമയത്ത് തുക ചെലവഴിക്കുന്നതിന് പ്രയാസം നേരിടും. അതുകൊണ്ട് 1000 കോടി രൂപ നിലവിൽ വകയിരുത്തിയ ശീർഷകത്തിൽത്തന്നെ നിലനിർത്തുന്നതാണ് സംസ്ഥാനത്തിന്റെ താൽപ്പര്യത്തിന് അത്യന്താപേക്ഷിതം. ബഡ്ജറ്റ് മാന്വൽ അനുസരിച്ച് ഒരു സാമ്പത്തിക വർഷത്തിന്റെ അവസാനത്തിൽ ചെലവഴിക്കപ്പെടാത്ത തുക അന്തിമ ധനവിനിയോഗത്തിലൂടെ പുനർവിനിയോഗം ചെയ്യുകയോ, റെസ്യൂം ചെയ്യുകയോ ആണ് ചെയ്യുന്നത്.

## റൂളിംഗ്

### (1) ആക്ഷൻ ടേക്കൺ റിപ്പോർട്ടുകൾ സമർപ്പിക്കുന്നതിലെ കാലതാമസം

മി. സ്പീക്കർ: നിയമസഭയുടെ മിനിയേച്ചർ എന്ന നിലയിൽ ലഭിക്കേണ്ട അംഗീകാരം നിയമസഭാ സമിതികൾക്ക് വിവിധ സർക്കാർ വകുപ്പുകളിൽനിന്നും ലഭിക്കുന്നില്ലെന്നും സമിതി റിപ്പോർട്ടുകളിന്മേൽ ഉന്നയിക്കുന്ന ശിപാർശകൾക്ക് സർക്കാർ വേണ്ടത്ര പരിഗണന നൽകുകയോ അതിന്മേലുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ യഥാസമയം ലഭ്യമാക്കുകയോ ചെയ്യുന്നില്ലെന്നും അതുമൂലം ഏറെ പഴക്കം ചെന്ന

ഒട്ടേറെ ഫയലുകൾ തീർപ്പാകാതെ സമിതി സെക്ഷനുകളിൽ കെട്ടിക്കിടക്കുന്നതായും സമിതികൾക്ക് ലഭിക്കുന്ന പരാതികളിന്മേലുള്ള റിപ്പോർട്ടുകളും യഥാസമയം ലഭ്യമാകുന്നില്ലെന്നും ഈ അവസ്ഥയ്ക്ക് മാറ്റം ഉണ്ടാകേണ്ടതുണ്ടെന്നും അതുസംബന്ധിച്ച് വ്യക്തമായ റൂളിംഗ് ചെയറിൽനിന്നും ഉണ്ടാകണമെന്നുമാണ് ബഹുമാനപ്പെട്ട അംഗം പി. സി. വിഷ്ണുനാഥ് ക്രമപ്രശ്നത്തിലൂടെ ഉന്നയിച്ചത്. ഇക്കാര്യം സംബന്ധിച്ച ഗവൺമെന്റ് നിലപാട് ബഹുമാനപ്പെട്ട പാർലമെന്ററികാര്യ വകുപ്പുമന്ത്രി വിശദീകരിക്കുകയുണ്ടായി.

നിയമസഭാ സമിതികളുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട സർക്കാർ വകുപ്പുകൾ സഹകരിക്കുന്നില്ലെന്ന പരാതികൾക്ക് സഭാസമിതികളുടെ ആവിർഭാവത്തോളംതന്നെ പഴക്കമുണ്ടെന്നാണ് കാണേണ്ടത്. സർക്കാർ വകുപ്പുകളുടെ സഹകരണത്തോടുകൂടി മാത്രമേ സഭാസമിതികൾക്ക് അതിന്റെ കർത്തവ്യം പൂർത്തീകരിക്കുവാൻ കഴിയൂ എന്നത് സുവ്യക്തമാണ്. സർക്കാരിൽനിന്നും ആവശ്യമായ വിവരങ്ങളും നടപടി സ്റ്റേറ്റ്മെന്റുകളും യഥാസമയം ലഭ്യമാകാതെ വന്നാൽ സഭാസമിതികളുടെ പ്രവർത്തനങ്ങളും അവതാളത്തിലാകുന്നതാണ്. കേരള നിയമസഭയെ സംബന്ധിച്ചിടത്തോളം അത്തരത്തിലൊരു സാഹചര്യം സംജാതമായിട്ടില്ലെങ്കിൽപ്പോലും സമിതികൾ ആവശ്യപ്പെടുന്ന വിവരങ്ങൾ ഗവൺമെന്റിൽനിന്നും യഥാസമയം ലഭ്യമാകുന്നില്ലെന്ന തരത്തിൽ വ്യാപകമായ പരാതികൾ ബഹുമാനപ്പെട്ട സമിതി അദ്ധ്യക്ഷന്മാരുടെ യോഗത്തിലും ബഹുമാനപ്പെട്ട അംഗങ്ങളുടെ പരിശീലന പരിപാടികളിലും ആവർത്തിച്ചാവർത്തിച്ച് ഉയർന്നുവന്നിട്ടുള്ളതായി ചെയർ മനസ്സിലാക്കുന്നു.

ഭരണ നിർവ്വഹണം നടത്തുന്ന എക്സിക്യൂട്ടീവിന്റെ പ്രവർത്തനങ്ങളെ സൂക്ഷ്മ പരിശോധനയ്ക്ക് വിധേയമാക്കുവാൻ ഭരണഘടന പ്രദാനം ചെയ്തിട്ടുള്ള അവകാശങ്ങൾ സഭാസമിതികൾ വിനിയോഗിക്കുന്ന വേളകളിൽ ഇത്തരത്തിലുള്ള സംഘർഷങ്ങൾ സ്വാഭാവികമാണെന്ന് വിലയിരുത്താമെങ്കിലും എക്സിക്യൂട്ടീവും ലെജിസ്ലേച്ചറും പാരസ്പര്യത്തോടെ പ്രവർത്തിച്ച് പൊതുജനങ്ങളുടെ പരാതികൾക്കും സമൂഹത്തിലെ തെറ്റായ പ്രവണതകൾക്കും പരിഹാരം കണ്ടെത്തിയിട്ടുള്ള മാതൃകാപരമായ ഒട്ടേറെ സന്ദർഭങ്ങൾ കേരള നിയമസഭയുടെ ചരിത്രത്തിൽ രേഖപ്പെടുത്തിക്കാണുന്നുണ്ട്.

സഭാസമിതികളുടെ പ്രവർത്തനങ്ങളിൽ സർക്കാർ ഭാഗത്തുനിന്നുള്ള നിസ്സഹകരണം സംബന്ധിച്ച ക്രമപ്രശ്നം ഉന്നയിച്ച ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് അംഗവും മുൻ നിയമസഭാംഗം ശ്രീ. സി. പി. മുഹമ്മദ് അദ്ധ്യക്ഷനുമായിരുന്ന പതിമൂന്നാം കേരള നിയമസഭയിലെ പരിസ്ഥിതി സംബന്ധിച്ച സമിതി, സമിതിയുടെ കാലാവധി അവസാനിക്കുന്നതിനുമുമ്പുതന്നെ

ആ സമിതിയുടെയും മുൻ സമിതികളുടെയും എല്ലാ ശിപാർശകളിന്മേലുമുള്ള നടപടി സ്റ്റേറ്റ്മെന്റുകൾ സർക്കാരിൽനിന്നും ലഭ്യമാക്കി നടപടികൾ പൂർത്തീകരിക്കുകയുണ്ടായി. അതുപോലെ സമിതി മുമ്പാകെയുള്ള പഴക്കം ചെന്ന എല്ലാ പരാതികൾക്കും പരിഹാരം കണ്ടെത്തുകയും ചെയ്തിരുന്നു.

സമാന രീതിയിൽ ഈ സഭയിലെ ബഹുമാനപ്പെട്ട അംഗങ്ങളായ സർവ്വശ്രീ ഐ. സി. ബാലകൃഷ്ണൻ, കോവൂർ കുഞ്ഞുമോൻ, എൻ. ഷംസുദ്ദീൻ, വി. ശശി എന്നിവർ അംഗങ്ങളും മുൻ നിയമസഭാംഗം ശ്രീ. വി. പി. സജീന്ദ്രൻ അദ്ധ്യക്ഷനുമായിരുന്ന പതിമൂന്നാം കേരള നിയമസഭയിലെ പട്ടികജാതി പട്ടികവർഗ്ഗ ക്ഷേമം സംബന്ധിച്ച സമിതിയും പരിസ്ഥിതി സംബന്ധിച്ച സമിതിയും സ്വീകരിച്ചതുപോലെ എല്ലാ കുടിശ്ശിക ജോലികളും സമയബന്ധിതമായി പൂർത്തീകരിക്കുന്ന കാര്യത്തിൽ വിജയം കൈവരിക്കുകയുണ്ടായിട്ടുണ്ട്. അതിന്റെ പേരിൽ മേൽപ്പറഞ്ഞ രണ്ട് സമിതി അദ്ധ്യക്ഷന്മാരേയും അംഗങ്ങളേയും ഉദ്യോഗസ്ഥരേയും സഭയിൽ നടത്തിയ പ്രത്യേക പരാമർശത്തിലൂടെ അന്നത്തെ സഭാദ്ധ്യക്ഷൻ അനുമോദിച്ചത് നമ്മുടെ നിയമസഭാ ചരിത്രത്തിലെ അപൂർവ്വമായതും തിളക്കമാർന്നതുമായ ചില ഏടുകളാണ്. ഈ ഉദാഹരണങ്ങൾ പ്രത്യേകമായി ചെയർ ഇവിടെ പരാമർശിച്ചത്, സഭാസമിതികൾ കണിശതയോടെയും ജാഗ്രതയോടെയും പ്രവർത്തിക്കുകയാണെങ്കിൽ ആവശ്യപ്പെടുന്ന എല്ലാ വിവരവും ഗവൺമെന്റിൽനിന്നും ലഭ്യമാക്കുവാനും കർത്തവ്യ നിർവ്വഹണം സമയബന്ധിതമായി പൂർത്തീകരിക്കുവാനും ഏതൊരു സമിതിക്കും കഴിയുമെന്ന് സൂചിപ്പിക്കുവാൻവേണ്ടി മാത്രമാണ്.

നിയമസഭയുടെ ചെറുരൂപമെന്ന നിലയിൽ സഭയ്ക്കുള്ള ഒട്ടുമിക്ക അധികാരാവകാശങ്ങളും സമിതിക്കുമുണ്ടെന്ന് നമുക്കൊക്കെ അറിയാം. എന്നാൽ മിക്ക സമിതികളും തങ്ങളിൽ നിക്ഷിപ്തമായിട്ടുള്ള അധികാരാവകാശങ്ങൾ വേണ്ടവിധം വിനിയോഗിക്കാറില്ല എന്നാണ് കാണുന്നത്. സമിതി ആവശ്യപ്പെടുന്ന വിവരങ്ങൾ നിർദ്ദിഷ്ട സമയപരിധിക്കുള്ളിൽ ലഭ്യമാക്കാതെ വരുന്ന സന്ദർഭങ്ങളിൽ ബന്ധപ്പെട്ട വകുപ്പു സെക്രട്ടറിമാരെ സമിതികളുടെ മുമ്പാകെ വിളിച്ചുവരുത്താനും വിവരങ്ങൾ ലഭ്യമാക്കണമെന്ന് നിർദ്ദേശിക്കുവാനും അതിന് തയ്യാറാകാതെ വരുന്ന ഗവൺമെന്റ് സെക്രട്ടറിമാരുടെ നിഷേധാത്മക നിലപാടുകൾ ചീഫ് സെക്രട്ടറിയുടെ ശ്രദ്ധയിൽ കൊണ്ടുവരാനും എന്നിട്ടും പരിഹാരമായില്ലെങ്കിൽ ചീഫ് സെക്രട്ടറിയെത്തന്നെ സമിതി മുമ്പാകെ വിളിച്ചുവരുത്താനുമുള്ള അധികാരം നമ്മുടെ നിയമസഭാ സമിതികൾക്കുണ്ട്. അതോടൊപ്പം സമിതിയുടെ പ്രവർത്തനങ്ങളുമായി മനഃപൂർവ്വം സഹകരിക്കാതിരിക്കുന്ന ഗവൺമെന്റ് സെക്രട്ടറിമാർക്കെതിരെ അവകാശലംഘനത്തിന്റെ പേരിൽ ശിക്ഷാനടപടി ശിപാർശ ചെയ്യാനും സമിതികൾക്ക് അധികാരമുണ്ട്.

ജനപ്രതിനിധി സഭയുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്ന സമിതികൾക്ക് ചട്ടപ്രകാരംതന്നെ ലഭ്യമായിട്ടുള്ള പ്രത്യേക അധികാരങ്ങൾ യഥാവിധി വിനിയോഗിക്കപ്പെടാതെ പോകുന്നതുമൂലമുള്ള ഒരു അവസ്ഥയെക്കുറിച്ചാണ് നാം വീണ്ടും വീണ്ടും പരാതിപ്പെട്ടുകൊണ്ടിരിക്കുന്നതെന്നാണ് ഇക്കാര്യത്തെ സംബന്ധിച്ചുള്ള ചെയറിന്റെ നിരീക്ഷണം.

കെട്ടിക്കിടക്കുന്ന ഗവൺമെന്റ് ഫയലുകൾ സമയബന്ധിതമായി തീർപ്പാക്കേണ്ട ആവശ്യകത സംബന്ധിച്ച് സംസാരിച്ച വേളയിൽ "ഓരോ ഫയലും ഓരോ ജീവിതമാണ്" എന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി നടത്തിയ പരാമർശമാണ് ചെയറിനും ആവർത്തിക്കാനുള്ളത്. പക്ഷേ, ഒരു വ്യത്യാസം മാത്രം. നിയമസഭാ സമിതികളുടെ മുമ്പാകെയുള്ള ഓരോ ഫയലും ഒന്നല്ല, ഒട്ടനവധി ജീവിതങ്ങളെ സംബന്ധിക്കുന്നവയാണ്. അവയ്ക്ക് അതർഹിക്കുന്ന പരിഗണന കിട്ടിയേ മതിയാകൂ.

തികച്ചും സാങ്കേതികവും യുക്തിരഹിതവുമായ കാരണങ്ങളുടെ പേരിൽ സമിതി പ്രവർത്തനങ്ങൾ തടസ്സപ്പെടുന്നില്ലെന്ന് ഉറപ്പുവരുത്തിക്കൊണ്ട് യാഥാർത്ഥ്യ ബോധത്തോടും പ്രായോഗിക സമീപനത്തോടുംകൂടി കാര്യങ്ങളെ സമീപിക്കുവാൻ എല്ലാ സമിതി അദ്ധ്യക്ഷന്മാരും സമിതി അംഗങ്ങളും ബന്ധപ്പെട്ട ഉദ്യോഗസ്ഥരും തയ്യാറാകുന്ന പക്ഷം ഇപ്പോൾ രൂപീകരിക്കപ്പെട്ടിരിക്കുന്ന സഭാ സമിതികളുടെ കാലാവധിയായ 30 മാസം പൂർത്തീകരിക്കുന്നതിനുമുമ്പുതന്നെ ധനകാര്യ സമിതികൾ ഒഴികെയുള്ള എല്ലാ സമിതികളുടെയും കുടിശ്ശിക ജോലികൾ പൂർത്തീകരിക്കുവാൻ കഴിയുമെന്നാണ് ചെയർ കരുതുന്നത്. അതിനായി സഭാ സമിതികൾ നടത്തുന്ന പരിശ്രമങ്ങൾക്ക് ചെയറിന്റെ ഭാഗത്തുനിന്നുള്ള എല്ലാ പിന്തുണയും പ്രോത്സാഹനവും ഉണ്ടായിരിക്കുന്നതാണെന്നുകൂടി അറിയിക്കട്ടെ.

## (2) കോവിഡ് വാക്സിന് വകയിരുത്തിയ അധിക തുകയുടെ വിനിയോഗം

<u>മി. സ്പീക്കർ</u>: കോവിഡ് വാക്സിൻ സൗജന്യമായി നൽകാൻ കേന്ദ്ര സർക്കാർ തീരുമാനമെടുത്ത സാഹചര്യത്തിൽ വാക്സിൻ വിലകൊടുത്ത് വാങ്ങുന്നതിനായി ബഡ്ജറ്റ് ശീർഷകത്തിൽ അധികമായി വകയിരുത്തിയ 1500 കോടി രൂപയുടെ പുനർവിനിയോഗം സംബന്ധിച്ച വിശദാംശം സഭയെ അറിയിക്കാത്തത് സംബന്ധിച്ച് ശ്രീ. പി. സി. വിഷ്ണുനാഥിന്റെ ക്രമപ്രശ്നത്തിനുള്ള മറുപടിയായി, അധികമായി വകയിരുത്തിയ തുക കോവിഡ് പശ്ചാത്തലത്തിൽ അതേ ശീർഷകത്തിൽത്തന്നെ നിലനിർത്തേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ വിശദീകരിച്ചു കഴിഞ്ഞു, പ്രസ്തുത വിശദീകരണം ഉചിതവും പ്രസക്തവുമായ കാര്യമായി ചെയർ കണക്കാക്കുന്നു. ആയതിനാൽ ക്രമപ്രശ്നം നിലനിൽക്കുന്നതല്ല.

# VII ധനകാര്യം

## 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള പുതുക്കിയ ബഡ്ജറ്റിലെ ധനാഭ്യർത്ഥനകളിന്മേലുള്ള ചർച്ചയും വോട്ടെടുപ്പും

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെയും പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനകൾക്കു നേരെ 9-ാം കോളത്തിൽ യഥാക്രമം കാണിച്ചിട്ടുള്ള തുകകൾ 2021-22 സാമ്പത്തിക വർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു :

| ധനാഭ്യർത്ഥന നമ്പർ | ധനാഭ്യർത്ഥനയുടെ പേര് | ബഡ്ജറ്റ് എസ്റ്റിമേറ്റ് 2021-22 | | | | | | |
|---|---|---|---|---|---|---|---|---|
| | | 25-01-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | 10-6-2021-ൽ സഭ പാസ്സാക്കിയ വോട്ട് ഓൺ അക്കൗണ്ട് തുക | | സഭയുടെ വോട്ടിന് സമർപ്പിക്കുന്ന ധനാഭ്യർത്ഥനയുടെ തുക | | ആകെ (രൂപ) |
| | | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | റവന്യൂ (രൂപ) | മൂലധനം (രൂപ) | |
| (1) | (2) | (3) | (4) | (5) | (6) | (7) | (8) | (9) |
| XVIII | വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും | 2676,51,78,,000 | 78,86,51,000 | 2924,38,84,000 | 59,14,89,000 | 400,64,72,000 | 98,58,15,000 | 4099,22,87,000 |
| XIX | കുടുംബക്ഷേമം | 175,08,58,000 | - | 131,31,43,000 | - | 218,85,72,000 | - | 218,85,72,000 |

പട്ടികജാതി-പട്ടികവർഗ്ഗ, പിന്നാക്കവിഭാഗ ക്ഷേമ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. രാധാകൃഷ്ണൻ): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, വൈദ്യസഹായ രംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയേയും കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയേയും സംബന്ധിക്കുന്ന സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിലെ ശിപാർശകളിന്മേൽ ചട്ടം 236 (3) പ്രകാരമുള്ള പ്രസ്താവന ഞാൻ മേശപ്പുറത്തുവയ്ക്കുന്നു.

മി. സ്പീക്കർ: ഖണ്ഡനോപക്ഷേപങ്ങൾ അവതരിപ്പിക്കാവുന്നതാണ്.

## ധനാഭ്യർത്ഥന നമ്പർ XVIII- വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. പി. ഉബൈദുള്ള: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവ് ചെയ്യേണ്ടതാണ് (പകർച്ചവ്യാധി കളോടൊപ്പം ജീവിതശൈലീ രോഗങ്ങളുടെയും പ്രതിരോധപ്രവർത്തനങ്ങൾക്ക് ഉതകുന്ന പ്രാഥമികാരോഗ്യ നയം രൂപീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ജീവിതശൈലീ രോഗ ങ്ങൾക്കുള്ള മരുന്നുകളുടെ വിലവർദ്ധനവ് തടയാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, വൈദ്യസഹായരംഗവും പൊതുജനാ രോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ വീഴ്ചയുണ്ടായതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. ജെ. വിനോദ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (രോഗിയുടെ മരണകാരണം സാക്ഷ്യപ്പെടുത്തേണ്ട ചുമതല ചികിത്സിച്ച ഡോക്ടറിൽ നിന്ന് ഒഴിവാക്കി സംസ്ഥാനതല വിദഗ്ദ്ധ സമിതിയിൽ നിക്ഷിപ്തമാക്കിക്കൊണ്ട് കോവിഡ് മരണങ്ങളുടെ കണക്കിൽ തിരിമറി നടത്തിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സി. ആർ. മഹേഷ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് രണ്ടാം തരംഗത്തിൽ രാജ്യത്ത് ഏറ്റവുമധികം പ്രതിദിന രോഗബാധിതരുള്ള സംസ്ഥാനമായി കേരളം മാറിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് രണ്ടാംതരംഗത്തിൽ ടി. പി. ആർ. നിരക്ക് പത്ത് ശതമാനത്തിൽ താഴെ എത്തിക്കുവാൻ സാധിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (കോവിഡ് മൂന്നാം തരംഗത്തെ പ്രതിരോധിക്കുന്നതിന് മുന്നൊരുക്കം നടത്തുന്നതിൽ പരാജയപ്പെട്ടതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. നജീബ് കാന്തപുരം: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് മൂന്നാം തരംഗം നേരിടുന്നതിന് മുന്നൊരുക്കങ്ങൾ സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. കെ. ബഷീർ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡും കോവിഡാനന്തര രോഗങ്ങളുംമൂലം മരിച്ചവരുടെ ആശ്രിതർക്ക് നഷ്ടപരിഹാരം ലഭിക്കാൻ നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് ബാധിച്ച

മരിച്ച എല്ലാവരെയും കോവിഡ് മരണത്തിന്റെ കണക്കിൽ ഉൾപ്പെടുത്താത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. യു. എ. ലത്തീഫ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (സമ്പൂർണ്ണമായി കോവിഡ് വാക്സിനേഷൻ നൽകുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഓൺലൈൻവഴി കോവിഡ് വാക്സിനേഷന് രജിസ്റ്റർ ചെയ്യുന്നവർക്ക് വാക്സിനേഷൻ നൽകാതെ തിരിച്ചയയ്ക്കുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഓൺലൈൻ വഴി വാക്സിനേഷന് രജിസ്റ്റർ ചെയ്തവരെ ഒഴിവാക്കി മറ്റുള്ളവർക്ക് വാക്സിനേഷൻ നൽകുന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് മുന്നണി പ്പോരാളികളായ സർക്കാർ-സ്വകാര്യ മേഖലയിലെ ആരോഗ്യപ്രവർത്തകർക്ക് കൂടുതൽ ആനുകൂല്യങ്ങളും അംഗീകാരവും നൽകുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സജീവ് ജോസഫ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് മഹാമാരിയുടെ കാലത്ത് സ്തുത്യർഹമായ സേവനമനുഷ്ഠിച്ച ആശാവർക്കർമാരുടെ വേതനവും ആനുകൂല്യങ്ങളും ഉയർത്തുന്നത് സംബന്ധിച്ച് ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി വിപുലീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മലപ്പുറം ജില്ലയിൽ ക്യാൻസർ ചികിത്സാകേന്ദ്രം ആരംഭിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 4099,22,87,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മഞ്ചേരി മെഡിക്കൽ കോളേജിന്റെ വികസനത്തിന് നടപടി സ്വീകരിക്കണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

**മിതവ്യയ വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ**

ശ്രീ. ടി. സിദ്ദിഖ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-01-001-99(5) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 28,78,000 രൂപ 25,78,000 രൂപയായി കുറവുചെയ്യേണ്ടതാണ് (സ്വകാര്യ ആശുപത്രികളിലെ കോവിഡ് ചികിത്സാനിരക്കുകൾ ഏകീകരിക്കണമെന്ന ഹൈക്കോടതി നിർദ്ദേശത്തിനു വിരുദ്ധമായി മുറിവാടക ഇനത്തിൽ കൂടുതൽ തുക ഈടാക്കാൻ സർക്കാർ ഉത്തരവിറക്കിയതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. സണ്ണി ജോസഫ്: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡിനുകീഴെ 2210-06-101-49(34) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 3,87,75,000 രൂപ 3,86,75,000 രൂപയായി കുറവ് ചെയ്യേണ്ടതാണ് (കോവിഡ്മൂലം മരണപ്പെട്ടവരുടെ പേരുവിവരങ്ങൾ ഉൾപ്പെടുത്താതെ അവ്യക്തമായ പട്ടിക പ്രസിദ്ധീകരിച്ചതിലൂടെ ഉണ്ടായിട്ടുള്ളതായി പറയപ്പെടുന്ന പ്രതിസന്ധി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. പി. അനിൽ കുമാർ: സർ, വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ബഡ്ജറ്റ് ഹെഡ്ഡിനുകീഴെ 2210-06-101-49(24) എന്ന ഇനത്തിന് വകകൊള്ളിച്ചിട്ടുള്ള 1,12,25,000 രൂപ 1,02,25,000

രൂപയായി കുറവ് ചെയ്യേണ്ടതാണ് (സി.എഫ്.എൽ.ടി.സി.കളിലും ഡൊമിസിലിയറി കെയർ സെന്ററുകളിലും കോവിഡ് ചികിത്സയ്ക്കായി എത്തുന്നവരുടെ സേവനത്തിന് ആംബുലൻസ് സൗകര്യം ഏർപ്പെടുത്താത്തതിനാൽ ഗുരുതരാവസ്ഥയിലായ രോഗികളെ ബൈക്കിലും മറ്റും വിദഗ്ധ ചികിത്സയ്ക്ക് കൊണ്ടുപോകേണ്ടി വന്നതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ധനാഭ്യർത്ഥന നമ്പർ XIX - കുടുംബക്ഷേമം

നയനിരാകരണത്തിനുള്ള വെട്ടിക്കുറയ്ക്കൽ ആവശ്യപ്പെടുന്ന ഉപക്ഷേപങ്ങൾ

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടുംബാരോഗ്യ കേന്ദ്രങ്ങളിലെ ഭൗതിക സൗകര്യങ്ങൾ വർദ്ധിപ്പിക്കേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. എ. കെ. എം. അഷ്റഫ്: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഗ്രാമീണ കുടുംബക്ഷേമ കേന്ദ്രങ്ങളുടെ പ്രവർത്തനം മെച്ചപ്പെടുത്താൻ നടപടി സ്വീകരിക്കണമെന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടുംബക്ഷേമ കേന്ദ്രങ്ങളിലെ ഒഴിവുകൾ നികത്തുന്നതിന് നടപടി സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കുടുംബക്ഷേമ കേന്ദ്രങ്ങളിലും ഉപകേന്ദ്രങ്ങളിലും പ്രതിരോധ കുത്തിവയ്പുകൾ നടത്തുന്നതിന് ആവശ്യമായ ജീവനക്കാരെ നിയമിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. പി. അബ്ദുൽ ഹമീദ്: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (ഹെൽത്ത് വിസിറ്റർമാരുടെ സേവനം ഉപയോഗിച്ച് പ്രതിരോധ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (മിഡ്‌വൈഫുമാർ, ആയമാർ എന്നിവർക്ക് കൂടുതൽ പരിശീലന പരിപാടികൾ നടത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. പി. കെ. ബഷീർ</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കോവിഡ് വാക്സിനേഷൻ ത്വരിതപ്പെടുത്തുന്നതിന് യുദ്ധ കാലാടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാത്തതായി പറയപ്പെടുന്ന വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. ഷംസുദ്ദീൻ</u>: കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (എല്ലാ സർക്കാർ ആശുപത്രികളിലും ഡയാലിസിസ് കേന്ദ്രങ്ങൾ ആരംഭിക്കാത്ത വിഷയം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. യു. എ. ലത്തീഫ്</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവു ചെയ്യേണ്ടതാണ് (മാതൃ-ശിശു സംരക്ഷണ പദ്ധതികൾ മെച്ചപ്പെടുത്തേണ്ടതിന്റെ ആവശ്യകത ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. നജീബ് കാന്തപുരം</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (പകർച്ചവ്യാധി പ്രതിരോധ പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപ ഒരു രൂപയായി കുറവുചെയ്യേണ്ടതാണ് (കാരുണ്യ ആരോഗ്യസുരക്ഷാ പദ്ധതി മെച്ചപ്പെടുത്തണമെന്ന ആവശ്യം ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

<u>സൂചക വെട്ടിക്കുറയ്ക്കൽ</u>

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ വകകൊള്ളിച്ചിട്ടുള്ള 218,85,72,000 രൂപയിൽ നിന്ന് നൂറ് രൂപ കുറവു ചെയ്യേണ്ടതാണ് (പൊതുവായി ചർച്ച ചെയ്യുന്നതിന്) എന്ന ഖണ്ഡനോപക്ഷേപം താഴെപ്പറയുന്ന ബഹുമാനപ്പെട്ട അംഗങ്ങൾ അവതരിപ്പിച്ചു :

ശ്രീ. സനീഷ്കുമാർ ജോസഫ്

ശ്രീ. സജീവ് ജോസഫ്

ശ്രീ. പി. സി. വിഷ്ണുനാഥ്

ശ്രീ. ടി. സിദ്ദിഖ്

ശ്രീ. സണ്ണി ജോസഫ്

ശ്രീ. എ. പി. അനിൽ കുമാർ

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ

ശ്രീ. ടി. ജെ. വിനോദ്

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)

ശ്രീ. സി. ആർ. മഹേഷ്.

<u>ശ്രീ. കെ. ബാബു (നെന്മാറ)</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. കുമിഞ്ഞുകൂടി കിടക്കുന്ന ധനമല്ല ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പത്ത്. Health is wealth. അതാണ് കഴിഞ്ഞ അഞ്ചുവർഷം എൽ.ഡി.എഫ്. സർക്കാർ തുടർന്നതെങ്കിൽ ആ ഉറപ്പുതന്നെയാണ് ഈ ഗവൺമെന്റിനെ വീണ്ടും കേരള ജനത അധികാരത്തിൽ എത്തിച്ചിട്ടുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

ഒരു മെഡിക്കൽ വിദ്യാർത്ഥി ഡോക്ടറാകുമ്പോൾ എടുക്കുന്ന Hippocratic Oath ഉണ്ട്. "I Will remember that there is art to medicine as well as science, and that warmth, sympathy, and understanding may outweigh the surgeon's knife or the chemist's drug." അത്തരം മൂല്യങ്ങൾ ഉയർത്തിപ്പിടിച്ച് കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്കിടയിൽ ജീവൻ ത്യജിക്കേണ്ടിവന്ന

മെഡിക്കൽ ഓഫീസർമാർ മുതൽ ആരോഗ്യ പ്രവർത്തകരെയും മറ്റ് ജനങ്ങളെയും ഞാൻ ഹൃദയപൂർവ്വം സ്മരിക്കുന്നു. കരിമ്പിൻ തോട്ടത്തിൽ കടന്ന കാട്ടാന കണക്കെ യായിരുന്നു യു.ഡി.എഫ്. ഭരണകാലമെങ്കിൽ അത് മാറ്റിമറിക്കുന്ന പ്രവർത്തന ങ്ങളായിരുന്നു 2016-2021 വരെയുള്ള എൽ.ഡി.എഫ്. സർക്കാർ ആരോഗ്യ മേഖലയിൽ നടത്തിയത്. ബോർഡുകൾ എഴുതി കെട്ടിത്തൂക്കിയതല്ലാതെ അടിസ്ഥാനപരമായി ഏതെങ്കിലും ആരോഗ്യ കേന്ദ്രങ്ങളുടെ സൗകര്യങ്ങൾ വർദ്ധിപ്പിക്കുകയോ അതിനാവശ്യമായ സമ്പത്ത് മാറ്റി വയ്ക്കുകയോ യു.ഡി.എഫ്. ഭരണകാലത്ത് ചെയ്തില്ല. ആർദ്രം മിഷനിലൂടെയാണ് പി.എച്ച്.സി.-കളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി മാറ്റിയതും ഡോക്ടർമാരുടെ സേവനം 9 മണിമുതൽ 3 മണിവരെ ലഭ്യമാക്കിയതും. റെറ്റിനോപ്പതി സ്ക്രീനിംഗ്, ശ്വാസ് ക്ലിനിക്കുകൾ എന്നിവ ജീവിതശൈലീ രോഗനിയന്ത്രണത്തിനാവശ്യമായ ക്ലിനിക്കുകളാക്കി മാറ്റിയതും കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരാണ്. സി.എച്ച്.സി., താലൂക്ക് ആശുപത്രികൾ, ജില്ലാ ആശുപത്രികൾ എന്നിവ രോഗീസൗഹൃദമാക്കി. കൊറോണറി കെയർ യൂണിറ്റുകൾ, കാത്ത് ലാബുകൾ ഉൾപ്പെടെയുള്ള മറ്റ് സൗകര്യങ്ങൾ ഏർപ്പെടുത്തി ജില്ലാ ആശുപത്രികളെ സൂപ്പർ ആശുപത്രികളാക്കി മാറ്റി. ആശ്വാസ് ക്ലിനിക്, അമ്മ മനസ്, സെക്കണ്ടറി പാലിയേറ്റീവ് കെയർ, ആദിവാസി സമൂഹത്തിന്റെ ആരോഗ്യ പ്രശ്നങ്ങൾ പരിഹരിക്കാൻ ഊര് മിത്രം, ആശ പ്രോഗ്രാം, വീണുകിടന്നാൽ ഓടിയെത്താൻ 108 ആംബുലൻസ്, ദിശാ പദ്ധതി, ആയുഷ് ആപ്പ്, കോസ്റ്റൽ മെന്റൽ ഹെൽത്ത്, അർബൻ മെന്റൽ ഹെൽത്ത്, എല്ലാ പഞ്ചായത്തുകളിലും ആയുർവേദ, ഹോമിയോ ഡിസ്പെൻസറികൾ, 3156 പുതിയ തസ്തികകൾ ഉൾപ്പെടെ പഞ്ചായത്തുകൾക്ക് ഡോക്ടർമാരെ താൽക്കാലികമായി നിയമിക്കുന്നതുൾപ്പെടെ ആരോഗ്യരംഗത്ത് ആവശ്യമായ എല്ലാ നിയമനങ്ങളും നടത്തിയതും കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്താണ്. മനോഹരമായ കെട്ടിടങ്ങളും ആധുനിക സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ചികിത്സാ രീതിയും ആവശ്യത്തിന് മരുന്നും സേവനതല്പരരായ ആരോഗ്യ പ്രവർത്തകരുംകൊണ്ട് സമ്പന്നമാണ് ഇന്ന് കേരളത്തിന്റെ ആരോഗ്യ കേന്ദ്രങ്ങൾ. അധികാരമേറ്റ ആദ്യഘട്ടത്തിൽ ഓഖി, നിപാ മുതലായവ സംസ്ഥാനത്തെ ബാധിച്ചു. രാപ്പകലില്ലാതെ നിപാ വൈറസിനെതിരെ പ്രതിരോധ പ്രവർത്തനങ്ങൾ നടത്തുന്നവർക്കൊപ്പംനിന്ന കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആരോഗ്യ വകുപ്പുമന്ത്രി ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചർക്ക് കേരളം നൽകിയ പേര് "ഡോക്ടറമ്മ" എന്നാണ്. അമേരിക്കൻ ആസ്ഥാനമായ ലോക വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് നിപാ വൈറസിനെതിരെ നടത്തിയ പ്രവർത്തനങ്ങൾക്ക് നൽകിയ അവാർഡ് ഏറ്റുവാങ്ങിയത് കേരളത്തിന്റെ അഭിമാനമായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയനും ആരോഗ്യ വകുപ്പുമന്ത്രി

ശ്രീമതി ശൈലജ ടീച്ചറുമാണ്. കൊല്ലവർഷം 1099-ലെ പ്രളയാനന്തരം മാറ്റി പാർപ്പിക്കപ്പെട്ടവരിൽ പടർന്നുപിടിച്ച കോളറയും പകർച്ചവ്യാധികളും നിരവധി പേരുടെ ജീവനാണ് എടുത്തതെങ്കിൽ 2018-ലെ പ്രളയാനന്തരം മാറ്റി പാർപ്പി ക്കേണ്ടിവന്നത് 15 ലക്ഷം പേരെയാണ്. അതിൽ ഒരാളെങ്കിലും പകർച്ചവ്യാധിയോ മറ്റ് രോഗംമൂലമോ മരണപ്പെട്ടു അല്ലെങ്കിൽ ജീവൻ നഷ്ടപ്പെട്ടു എന്നുപറയാൻ കഴിയുമോ? അതാണ് കരുതലും കരുത്തുമായി കഴിഞ്ഞ എൽ.ഡി.എഫ്. ഗവൺമെന്റിന്റെ ആരോഗ്യ രംഗത്തുള്ള പ്രവർത്തനം. 2020 ജനുവരി 30-ന് ആദ്യ കോവിഡ് കേസ് റിപ്പോർട്ട് ചെയ്ത് 18 മാസം പിന്നിടുമ്പോഴും കരുത്തും കരുതലുമായാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. രോഗലക്ഷണമുണ്ടായാൽ ആശാവർക്കർ, ആരോഗ്യ പ്രവർത്തകർ എന്നിവർ എത്തി ആർ.ടി.പി.സി.ആർ., ആന്റിജൻ ടെസ്റ്റുകൾ നടത്തും. പോസിറ്റീ വായാൽ ഹോം ക്വാറന്റൈൻ ഐസൊലേഷൻ ഒരുക്കും. അതിൽ സമ്പർക്ക മുണ്ടായാൽ ക്വാറന്റൈൻ അല്ലെങ്കിൽ 108 ആംബുലൻസ് എത്തും. ഡി.സി.സി., സി.എഫ്.എൽ.ടി.സി., സി.എസ്.എൽ.ടി.സി., കോവിഡ് ആശുപത്രികൾ, രോഗികൾക്കാവശ്യമായ രണ്ട് ലക്ഷത്തോളം കിടക്കകൾ, ഐ.സി.യു. കിടക്കകൾ, ഓക്സിജൻ ബെഡ്ഡുകൾ, വെന്റിലേറ്ററുകൾ തുടങ്ങി നിരവധി സൗകര്യങ്ങളാണ് കഴിഞ്ഞ സർക്കാർ കൊറോണ കാലഘട്ടത്തെ അതിജീവിക്കാൻവേണ്ടി നേതൃത്വം കൊടുക്കുന്നതിന്റെ ഭാഗമായി നടപ്പിലാക്കിയത്. ഇരുപതിനായിരത്തിലധികം വരുന്ന താൽക്കാലിക ജീവനക്കാർ, ആശാവർക്കർമാർ, അങ്കണവാടി ജീവനക്കാർ, ആർ.ആർ.ടി.-കൾ, ജനപ്രതിനിധികൾ, സന്നദ്ധ സംഘടനകൾ, പോലീസ്, ഫയർ ഫോഴ്സ് തുടങ്ങി എല്ലാ വിഭാഗങ്ങളെയും വകുപ്പുകളെയും സംയോജിപ്പിച്ച് സംസ്ഥാന തലം മുതൽ താഴെത്തലം വരെയുള്ള ജാഗ്രതാ സമിതികളുടെ പ്രവർത്തനവും നാം കണ്ടതാണ്. ഇന്ത്യയിൽ 1.34 ശതമാനമാണ് മരണ നിരക്കെങ്കിൽ രോഗവ്യാപനം കൂടുതലുള്ള കേരളത്തിൽ കേവലം 0.49 ശതമാനം മാത്രമാണ്. ടി.പി.ആർ. നിരക്കിനനുസരിച്ച് കേരളത്തിലെ ജനത മരിച്ചുവീഴുന്നില്ലല്ലോ എന്നുള്ള ദു:ഖമല്ലേ യു.ഡി.എഫ്. പ്രകടിപ്പിക്കുന്നത്. ആന്റിജൻ ടെസ്റ്റ്പോലും നടത്താതെ അതിർത്തി കടക്കാനും കോവിഡ് കാലത്ത് പാഴ്സൽ സർവ്വീസ് നടത്തേണ്ട ഹോട്ടലുകളിലേയ്ക്ക് ആൾക്കൂട്ടമായി ചെന്നിരുന്ന് മട്ടൻ ബിരിയാണി കഴിക്കുന്നതും കോവിഡ് വർദ്ധനവിനുവേണ്ടിയുള്ള പ്രവർത്തനമല്ലേ? ഐ.സി.എം.ആർ.-ന്റെ സർവ്വേയിൽ കേരളത്തിൽ 44.4 പേരിലാണ് ആന്റിബോഡി സാന്നിദ്ധ്യമെങ്കിൽ ദേശീയ തലത്തിൽ 68 ആണ്. അതുകൊണ്ടാണ് കേരളത്തിലെ കോവിഡ് നിയന്ത്രണം മാതൃകയാണെന്ന് സുപ്രീംകോടതി നിയോഗിച്ച പ്രശസ്ത വൈറോളജിസ്റ്റ് ഡോ. ഗഗൻദീപ് കാംഗ് പ്രശംസിച്ചത്. കേന്ദ്ര സർക്കാരിന്റെ കോവിഡ് വർക്കിംഗ് ഗ്രൂപ്പ് അംഗം ഡോ. ജയപ്രകാശ് മുളിയിലും ഐ.സി.എം.ആർ. ഗവേഷണ വിഭാഗം

തലവൻ ഡോ. ജേക്കബ് ജോണമാണ്. അതിപ്പോഴും തുടരുകയാണ്. ദേശീയ തലത്തിലും അന്തർദേശീയതലത്തിലും നിരവധി അവാർഡുകൾക്കൊപ്പം കഴിഞ്ഞ മാസം യു.എൻ. ജനറൽ സെക്രട്ടറി കോഫി അന്നനും തത്വചിന്തകൻ കാൾ പോപ്പറിനും സ്വെറ്റ്ലാനാ അലക്സിയേവിച്ചിനും നൽകിയിരുന്ന സെൻട്രൽ യൂറോപ്യൻ യൂണിവേഴ്സിറ്റിയുടെ ദി ഓപ്പൺ സൊസൈറ്റി പ്രൈസ് 2021-ന് അവാർഡ് നൽകി ആദരിച്ചത് ബഹുമാനപ്പെട്ട കെ. കെ. ശൈലജ ടീച്ചറെയാണ്. മുഖ്യമന്ത്രി ശ്രീ. പിണറായി വിജയന്റെ ഭരണപരമായ കരുത്തും വിളക്കേന്തിയ വനിത ഫ്ലോറൻസ് നൈറ്റിംഗേലിനെ ഓർമ്മപ്പെടുത്തുന്ന രൂപത്തിലുള്ള നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ ചുരുങ്ങിയ മാസങ്ങൾക്കകംതന്നെയുള്ള പ്രവർത്തനമികവും ആരോഗ്യരംഗത്തെ മികവുറ്റ രൂപത്തിലെത്തിക്കുമെന്നതിൽ സംശയമില്ല. അതാണ് കോവിഡ് 3-ാം തരംഗത്തെ തടയാൻ നിരവധി പ്രവർത്തനങ്ങളുമായി ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കേന്ദ്ര ഗവൺമെന്റ് ആവശ്യമായ വാക്സിൻ സമയാസമയങ്ങളിൽ തരുന്നില്ല, ആവശ്യമായ സമ്പത്തും തരുന്നില്ല. അതിനിടയിലും കോവിഡ് ബാധിച്ച് അനാഥത്വം പേറുന്ന കുട്ടികളുടെ പേരിൽ 3 ലക്ഷം രൂപയുടെ സ്ഥിര നിക്ഷേപവും മാസംതോറും രണ്ടായിരം രൂപയും കൊടുക്കുമെന്ന് കേരളം പ്രഖ്യാപിക്കുമ്പോൾ ദേശീയ ദുരന്തമായി കോവിഡിനെ പ്രഖ്യാപിക്കാൻ കേന്ദ്ര ഗവൺമെന്റിന് നേതൃത്വം കൊടുക്കുന്ന ബി.ജെ.പി. തയ്യാറാകുന്നില്ല.

ബ്രേക്ക് ദി ചെയിൻ, തുപ്പരുത് തോറ്റുപോകും, ജീവന്റെ വിലയുള്ള ജാഗ്രത വേണം എന്നിവ കേരള ജനത ഏറ്റെടുത്തു. പക്ഷേ കോൺഗ്രസ് അത് ചെവിക്കൊണ്ടില്ല. Break the Chain with BJP കേട്ടില്ലവർ, എൽ.ഡി.എഫ്. നടത്തുന്ന ജനക്ഷേമ പദ്ധതികളെ നോക്കി തുപ്പരുത് തോറ്റുപോകും. കോൺഗ്രസ് അത് ചെവിക്കൊണ്ടില്ല. വർഗ്ഗീയത ഉയർത്തുന്ന ബി.ജെ.പി. - ജമാഅത്ത് ഇസ്ലാം വെൽഫെയർ പാർട്ടിക്കെതിരെ ജീവന്റെ വിലയുള്ള ജാഗ്രത വേണമെന്ന് പറഞ്ഞു. കോൺഗ്രസ് അത് ചെവിക്കൊണ്ടില്ല, കഴിഞ്ഞ നിയമസഭാ തെരഞ്ഞെടുപ്പ് കഴിഞ്ഞ് കോവിഡിനെക്കാൾ മാരകമായ അസുഖം ബാധിച്ച് കോൺഗ്രസ് ഊർദ്ധ്വശ്വാസം വലിച്ച് ഇപ്പോൾ വെന്റിലേറ്ററിലാണ്. ലീഗിന്റെ പച്ചമരുന്ന് ഷാജിയുടെ ഇഞ്ചി നീരിൽ സമാസമം ചേർത്ത് കാവികഷായത്തിൽ കലക്കി മുല്ലപ്പള്ളി വൈദ്യർ നാലുനേരം കൊടുത്തിട്ടും കോൺഗ്രസിനെ രക്ഷിക്കാൻ കഴിയുമെന്ന് വിശ്വസിക്കുന്നില്ല. മാധ്യമ വൈദ്യൻമാർ നൽകുന്ന ഓക്സിജൻ ഒന്നുകൊണ്ടുമാത്രമാണ് വെന്റിലേറ്ററിലായ കോൺഗ്രസ് ഇപ്പോഴും ജീവിച്ചിരിപ്പുണ്ടെന്ന് ജനങ്ങൾ മനസ്സിലാക്കുന്നത്. മുല്ലപ്പള്ളി വൈദ്യരെക്കൊണ്ട് കോൺഗ്രസ് രക്ഷപ്പെടില്ലെന്ന് മനസ്സിലാക്കി അങ്ങ് വടക്കുള്ള ആളെ ഏൽപ്പിച്ചിരിക്കുകയാണ്. ആൾ ഇന്ത്യാ കോവിഡ് കെയർ സെന്റർ

ചുരുക്കപ്പേരിൽ AICC എന്നാണ് പറയുന്നത്. അതിന് നേതൃത്വം കൊടുക്കുന്ന വയനാടൻ തമ്പാൻ ഉൾപ്പെടുന്ന വൈദ്യന്മാരുണ്ടാക്കിയ സുധാകരാദി അമൃതം കൊടുത്തുവിട്ടിരിക്കുകയാണ്. അത് അമൃതല്ലെന്നും പാലാഴി മഥനം കടഞ്ഞ് ആദ്യം പുറത്തുചാടിയ കാളകൂട വിഷമാണെന്നും അടുപ്പമുള്ള കോൺഗ്രസിന്റെ ചില സുഹൃത്തുക്കൾ അടക്കം പറയുന്നുണ്ട്. ബഡായി ലേഹ്യവും കൊലവിളി ലേപവും ഗുണ്ടാചൂർണ്ണവും സമാസമം ചേർത്ത് ആഫീസ് സ്മാരക അഴിമതി കഷായത്തിൽ ചേർത്തുണ്ടാക്കിയതാണ് സുധാകരാദി അമൃതെന്നാണ് പെഗാസസ് പുറത്തുവിട്ടിട്ടുള്ള വാർത്ത എന്നത് കോൺഗ്രസ്സിനെ ഞാൻ ഓർമ്മപ്പെടുത്തുകയാണ്. അത് കഴിച്ചാലും കോൺഗ്രസ് രക്ഷപ്പെടാൻ പോകുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയുമായി ആലോചിച്ച് ഊർദ്ധ്വശ്വാസം വലിച്ച് വെന്റിലേറ്ററിൽ കിടക്കുന്ന കോൺഗ്രസ്സിനെ രക്ഷിക്കാൻ പ്രത്യേക മെഡിക്കൽ പാക്കേജ് പ്രഖ്യാപിക്കണമെന്നുകൂടി അഭ്യർത്ഥിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

<u>ശ്രീ. ടി. ജെ. വിനോദ്:</u> സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഇവിടെ പ്രസംഗിച്ച ബഹുമാന്യനായ കെ. ബാബു (നെന്മാറ) നല്ലൊരു ആയുർവ്വേദ വൈദ്യനാണെന്ന് അദ്ദേഹത്തിന്റെ കഷായങ്ങളുടെ കുറിപ്പടി വായിച്ച സന്ദർഭത്തിൽ മനസ്സിലാകുകയുണ്ടായി. ഇത്തരം കഷായങ്ങളുണ്ടാക്കാനുള്ള കുറിപ്പടിവിദ്യ അറിയാമെങ്കിൽ അദ്ദേഹം ഇവിടെ കഴിക്കുന്ന/കഴിപ്പിക്കുന്ന കഷായത്തിന്റെ ലിസ്റ്റ് ബംഗാളിലും ത്രിപുരയിലുമുള്ള സഖാക്കൾക്കുകൂടി കഴിക്കാനുള്ള അവസരമുണ്ടാക്കി കൊടുക്കണമെന്ന് വിനീതമായി അഭ്യർത്ഥിക്കുകയാണ്. കേരളം നേരിടുന്ന ഏറ്റവും വലിയ പൊതുജനാരോഗ്യ പ്രശ്നങ്ങളിലൊന്ന് ദൈനംദിനം വർദ്ധിച്ചുവരുന്ന ചികിത്സാച്ചെലവാണ്. സ്വതവെ സാധാരണക്കാരും ദരിദ്രരും കടക്കെണിയിലാകുന്നതും സമൂഹത്തിന്റെ ദാരിദ്ര്യം വർദ്ധിപ്പിക്കുന്നതും അപ്രതീക്ഷിതമായ ചികിത്സാച്ചെലവാണ്. ചികിത്സാച്ചെലവിന്റെ പ്രധാനകാരണം ആരോഗ്യമേഖലയിലെ സ്വകാര്യവത്കരണവും വാണിജ്യവത്കരണവുമാണ്. മെഡിക്കൽ സാങ്കേതികവിദ്യയിൽ അനാവശ്യ മരുന്നുകളുടെ മാറ്റങ്ങൾമൂലം ആരോഗ്യച്ചെലവിലുണ്ടാകുന്ന വർദ്ധനവ് കാരണമാണ് ദരിദ്ര വിഭാഗത്തിനാവശ്യമായ സൗജന്യ ചികിത്സ നൽകാൻ സർക്കാർ സംവിധാനത്തിന് കഴിയാത്തത്. ഏത് രോഗത്തിനും സൂപ്പർ സ്പെഷ്യാലിറ്റി ആശുപത്രിയെ ആശ്രയിക്കുന്നതിനുപകരം ചെറുരോഗങ്ങൾക്ക് പ്രാഥമികതലത്തിൽ ചികിത്സ ലഭ്യമാക്കുന്നതിനുള്ള അവബോധമില്ലായ്മയാണ്. കാൻസർ, മറ്റ് മാരകമായ അസുഖങ്ങളുടെ വർദ്ധനവ് എന്നീ വിഷയങ്ങളെ അഭിമുഖീകരിക്കാൻ കഴിഞ്ഞെങ്കിൽ മാത്രമേ ആരോഗ്യരംഗത്തെ വെല്ലുവിളികൾ നമുക്ക് അഭിമുഖീകരിക്കാൻ കഴിയൂവെന്നാണ് എനിക്ക് സഭ മുമ്പാകെ സൂചിപ്പിക്കാനുള്ളത്. ഇന്ന് കേരളം നേരിടുന്ന ആരോഗ്യ

രംഗത്തെ ഏറ്റവും വലിയ വെല്ലുവിളി കോവിഡുമായി ബന്ധപ്പെട്ടാണ്. സംസ്ഥാനത്തെ കോവിഡ് പ്രതിരോധത്തിന് നിരവധി അന്താരാഷ്ട്ര ബഹുമതികൾ ലഭിച്ചുവെന്നാണ് ഒന്നാം പിണറായി സർക്കാരിന്റെ അവകാശവാദം. എന്നാൽ ഇപ്പോൾ നമ്മുടെ രാജ്യത്ത് ഏറ്റവും കൂടുതൽ കോവിഡ് രോഗികളുള്ള സംസ്ഥാനമായി കേരളം മാറിയിരിക്കുകയാണ്. ഇന്നത്തെ 'ടൈംസ് ഓഫ് ഇന്ത്യ'യുടെ എഡിറ്റോറിയൽ പേജിൽ എഴുതിയിരിക്കുന്നത് കേരളത്തിലാണ് ഏറ്റവും കൂടുതൽ കോവിഡ് രോഗികൾ എന്നാണ്. ദേശീയ മാധ്യമങ്ങൾ ചർച്ച ചെയ്യുന്ന സന്ദർഭത്തിലാണ് ഈ വിഷയം ചർച്ച ചെയ്യുന്നതെന്ന് നമ്മൾ മനസ്സിലാക്കണം. അതുകൊണ്ട് ഈ വിഷയത്തിൽ ഗൗരവമായ ഇടപെടലുണ്ടാകണം. പൊതുനിരത്തുകളിൽ ലോക്ഡൗൺ പ്രഖ്യാപിച്ച് എല്ലാവരും വീട്ടിലിരുന്നതുകൊണ്ട് പ്രശ്നം പരിഹരിക്കപ്പെടില്ല. അതുകൊണ്ടാണ് ഒരു തുറന്ന ചർച്ചയ്ക്ക് ഗവൺമെന്റ് തയ്യാറാകണമെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവും ഉപനേതാവും കഴിഞ്ഞദിവസം പറഞ്ഞത്. കോവിഡിന്റെ ടി.പി.ആർ. കുറയാത്തത് സംബന്ധിച്ച് ഗൗരവമായി ചിന്തിക്കണം. അത്തരമൊരു ആലോചന ഗവൺമെന്റിൽ ഇല്ലാതെപോകുന്നുവെന്ന വസ്തുത ഞാൻ ഈ സന്ദർഭത്തിൽ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ഇതിന് പ്രധാനകാരണം അശാസ്ത്രീയ ലോക്ഡൗണും കോവിഡ് വാക്സിൻ വിതരണത്തിൽപ്പോലും രാഷ്ട്രീയം കലർത്തു ന്നതുമാണ്. പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞ പത്തുപേർക്ക് കോവിഡ് വാക്സിൻ കൊടുക്കാത്തതിന്റെ പേരിൽ ഡോക്ടർമാരെ മർദ്ദിച്ചുവെന്ന കാരണത്താൽ ഇന്ന് ആലപ്പുഴ ജില്ലയിലെ ഡോക്ടർമാർ സമരം ചെയ്യുകയാണ്. ഇത്തരം പ്രവർത്തനങ്ങൾ ഒരു കാരണവശാലും ഭൂഷണമല്ല. കോവിഡ് മരണ കണക്കുകൾപോലും മറച്ചുവച്ച് രാജ്യത്തെ ഏറ്റവും കുറവ് മരണം നടക്കുന്ന സംസ്ഥാനമായി കേരളത്തെ മാറ്റി. അതിലൂടെ തന്റെ ഗവൺമെന്റിന്റെ ഇമേജ് വർദ്ധിപ്പിക്കുകയെന്ന ഗുരുതര വീഴ്ചയാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും ചെയ്തതെന്ന ശക്തമായ ആക്ഷേപം ഞാൻ ഈ സഭയിൽ ഉന്നയിക്കുകയാണ്. കോവിഡ് മരണത്തിൽ വന്ന വ്യത്യാസത്തെക്കുറിച്ച് പ്രതിപക്ഷം നിയമസഭയിൽ പറഞ്ഞപ്പോൾ അതിനെ കളിയാക്കുന്ന നിലപാടാണ് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സ്വീകരിച്ചത്. ചക്ക വീണ് മരിച്ച വ്യക്തിക്ക് കോവിഡ് വന്നാൽ അത് കോവിഡ് മരണമായി കണക്കാക്കണമെന്നാണോ പ്രതിപക്ഷം പറയുന്നത് എന്ന രീതിയിലാണ് ബഹുമാനപ്പെട്ട മന്ത്രി ഉത്തരം പറഞ്ഞത്. കോവിഡുമൂലം മരണ മടഞ്ഞവരുടെ കുടുംബത്തിന് ധനസഹായം നൽകണമെന്ന സുപ്രീംകോടതി വിധി വന്ന സാഹചര്യത്തിൽ കണക്കുകൾ മറച്ചുവയ്ക്കുന്നത് സുപ്രീംകോടതിയോടുള്ള അനാദരവാണ്. യഥാർത്ഥത്തിൽ എത്രപേരാണ് മരിച്ചത്? കോവിഡുമൂലം മരിച്ചവരുടെ ലിസ്റ്റ് എന്തുകൊണ്ട് പ്രസിദ്ധീകരിക്കുന്നില്ല? അങ്ങനെ പ്രസിദ്ധീകരിച്ചാൽ മാത്രമേ യഥാർത്ഥ ലിസ്റ്റിലുൾപ്പെടാത്ത കോവിഡ് രോഗം വന്ന് മരണപ്പെട്ടവരെ ലിസ്റ്റിൽ

ഉൾപ്പെടുത്താൻ സാധിക്കൂ. കോവിഡ് വന്ന് മരണപ്പെട്ടാൽ തദ്ദേശഭരണ സ്ഥാപനങ്ങൾ ഇപ്പോൾ നൽകുന്ന മരണ സർട്ടിഫിക്കറ്റിൽ മരണകാരണം വ്യക്തമാക്കുന്ന കോളം ബെർത്ത് ആൻഡ് ഡെത്ത് രജിസ്റ്റർ, ഡെത്ത് റിപ്പോർട്ടിന്റെ ഫോർമാറ്റിൽ ഉൾപ്പെടുത്തിയാൽ ഈ പ്രശ്നം പരിഹരിക്കാൻ കഴിയുന്നതാണ്. അന്താരാഷ്ട്ര ഏജൻസിയായ ഡബ്ല്യു.എച്ച്.ഒ.-യും കോവിഡ് മരണങ്ങളെ സംബന്ധിച്ച് വ്യക്തമായ ഗൈഡ്‌ലൈൻ ഇറക്കിയിട്ടുണ്ട്. ഇതുപ്രകാരം cause of death കോവിഡാണോയെന്ന് രേഖപ്പെടുത്തണമെന്നാണ് പറഞ്ഞിരിക്കുന്നത്. അതായത് ന്യൂമോണിയ തുടങ്ങിയ രോഗങ്ങൾ കാരണം മരണം സംഭവിച്ചാൽ ആ രോഗത്തിന് കാരണം എന്താണെന്ന് രേഖപ്പെടുത്തണം. ഇതേ മാനദണ്ഡമാണ് ഐ.സി.എം.ആർ. നിർദ്ദേശിച്ചിട്ടുള്ളത്. ഡബ്ല്യു.എച്ച്.ഒ.-യും ഐ.സി.എം.ആർ.-ഉം ഇറക്കിയ ഗൈഡ്‌ലൈനിൽ കോവിഡ് മരണങ്ങൾ രേഖപ്പെടുത്തേണ്ടത് രോഗിയെ ശുശ്രൂഷിച്ച ഡോക്ടറാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ കേരളത്തിൽ തിരുവനന്തപുരത്തുനിന്നുള്ള മെഡിക്കൽ സംഘമായിരുന്നു നാളിതുവരെ മരണകാരണം കോവിഡ് ആണോ അല്ലയോ എന്ന് തീർച്ചപ്പെടുത്തിയിരുന്നത്. അതിനെ പ്രതിപക്ഷം ചോദ്യം ചെയ്തപ്പോൾ ജില്ലാതല സംഘമാക്കി മാറ്റി. യഥാർത്ഥത്തിൽ കേരളത്തിൽ വേണ്ടത് ഡെത്ത് ഓഡിറ്റാണ്. ചികിത്സിച്ച ഡോക്ടറാണ് മരണം കോവിഡാണോ അല്ലയോ എന്ന് തീരുമാനിക്കേണ്ടത്. കോവിഡ് മരണങ്ങളെ സംബന്ധിച്ച് ഐ.സി.എം.ആർ. മാതൃകയിലൊരു മാർഗ്ഗനിർദ്ദേശം നൽകാൻ അടിയന്തരമായ ഇടപെടൽ നടത്തണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. രാജ്യത്ത് മറ്റ് സംസ്ഥാനങ്ങളിൽ രണ്ടാം തരംഗം അസ്തമിക്കുമ്പോഴും കേരളത്തിൽ കേസ്സുകളുടെ എണ്ണം കുറയാതെ നിൽക്കുകയാണ്. സാമൂഹ്യ പ്രതിരോധശേഷി കൈവരിച്ചുമാത്രമേ കോവിഡിനെ പൂർണ്ണമായി പ്രതിരോധിക്കാൻ സാധിക്കുവെന്നാണ് സർക്കാർ പറയുന്നത്. ഐ.സി.എം.ആർ.-ന്റെ സിറോ സർവ്വെ പ്രകാരം കേരളത്തിൽ 44.4 ശതമാനം ആളുകളിലാണ് ആന്റിബോഡി സാന്നിദ്ധ്യമുള്ളത്. സർവ്വെ നടത്തിയ സമയത്ത് ഒരു കോടി ആളുകൾക്കാണ് വാക്സിൻ നൽകിയത്. സർവ്വെ പ്രകാരം ഇനി രണ്ടുകോടി ആളുകൾക്ക് പ്രതിരോധശേഷി ആർജ്ജിക്കാനുണ്ട്. ഇപ്പോഴത്തെ വേഗത്തിലാണ് വാക്സിൻ നൽകുന്നതെങ്കിൽ 18 വയസ്സിന് മുകളിലുള്ളവർക്ക് 70 ശതമാനം വാക്സിൻ എത്താൻ ആറ് മാസമെടുക്കും. അതുവരെ കോവിഡ് വ്യാപനം തുടർന്നേക്കും. സംസ്ഥാനം ഇങ്ങനെ അടച്ചിട്ട് എത്ര നാൾ മുന്നോട്ടുപോകും? കോവിഡ് എന്ന മഹാമാരിയെ തുരത്താൻ സർക്കാർ സംവിധാനം മാത്രമല്ല സ്വകാര്യ ആശുപത്രികളെയും വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോയാൽ മാത്രമേ പരിഹാരമുണ്ടാക്കാൻ കഴിയൂ എന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഉദാഹരണമായി കെ.എസ്.ആർ.ടി.സി.-യും സ്വകാര്യ ബസും ഓട്ടോറിക്ഷയും ടാക്സിയുമുൾപ്പെടെയുള്ള എല്ലാ വിഭാഗങ്ങളും ചേർന്ന് പ്രവർത്തിക്കുമ്പോഴാണ് പൊതുഗതാഗത രംഗം വിജയിക്കുന്നത്.

എനിക്ക് എറണാകുളം ജില്ലയുമായി ബന്ധപ്പെട്ട് ചില കാര്യങ്ങൾ സൂചിപ്പിക്കാനുണ്ട്. എറണാകുളം ജില്ലയിൽ ഇന്ന് പ്രവർത്തിക്കുന്ന പല ആശുപത്രികളും കോവിഡ് ചികിത്സയ്ക്കുവേണ്ടി മാത്രമായി വച്ചിരിക്കുന്നത് വളരെ ഗുരുതരമാണ്. എറണാകുളം പി.വി.എസ്. ഹോസ്പിറ്റൽ, ഫോർട്ട് കൊച്ചി താലൂക്ക് ആശുപത്രി, എറണാകുളം മെഡിക്കൽ കോളേജ് എന്നിവിടങ്ങളിലായി ഏകദേശം നൂറോളം ഐ.സി.യു. ബെഡ്ഡുകളുണ്ട്. അമ്പലമുകളിൽ റിഫൈനറിയുടെ സ്ഥലത്ത് ഒരു ഓക്സിജൻ ബെഡ് സ്ഥാപിച്ചിട്ടുണ്ട്. ഓക്സിജൻ നൽകിയാൽ മാത്രം കോവിഡ് ചികിത്സ പൂർണ്ണമാകുകയില്ല. അതുകൊണ്ട് ആ വിഷയത്തിൽ ഗവൺമെന്റ് അടിയന്തരമായി ഇടപെടണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എറണാകുളം നഗരത്തിലെ ട്രാൻസ്ജെൻഡേഴ്സിന്റെ വിഷയത്തിൽ ഗവൺമെന്റ് ഇടപെട്ട് പരിഹാരമുണ്ടാക്കണം. അവർക്ക് വേണ്ട ശസ്ത്രക്രിയകൾ ചെയ്യാൻ കേരളത്തിലെ മെഡിക്കൽ കോളേജുകളിൽ അവസരമുണ്ടാക്കണം. അവർക്കൊരു പ്രത്യേക പരിഗണന കൊടുക്കാൻ ഗവൺമെന്റ് തയ്യാറാകണം. ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ട്രാൻസ്ജെൻഡേഴ്സിന് ഇൻഷ്വറൻസ് ഏർപ്പെടുത്താനുള്ള നടപടി സ്വീകരിക്കണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഒരിക്കൽക്കൂടി എതിർത്തുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

<u>ശ്രീ. മുഹമ്മദ് മുഹസിൻ</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. വളരെ പ്രധാനപ്പെട്ട മേഖലയാണ് ആരോഗ്യ മേഖല. കോവിഡ് എന്ന മഹാമാരിയോട് യുദ്ധം ചെയ്തുകൊണ്ടിരിക്കുന്ന ഒരു ജനതയാണ് നമ്മൾ. അതുകൊണ്ടുതന്നെ ആരോഗ്യ മേഖലയ്ക്ക് കൂടുതൽ ഊന്നൽ നൽകുക എന്നത് ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ ഏറ്റവും വലിയൊരു അജണ്ടകൂടിയാണ്. ഇതിന്റെ ഭാഗമായി നിരവധി കാര്യങ്ങൾ ചെയ്തിട്ടുണ്ട്. ഓരോന്നിലേയ്ക്കും ഞാൻ വിശദമായി കടക്കുന്നില്ല. അധിക തുക ആവശ്യമുള്ള പല മേഖലകളെയും സംബന്ധിച്ച് സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്തിട്ടുണ്ട്. അതിൽ കോവിഡ് പ്രതിരോധത്തിൽ ഏറ്റവും കൂടുതൽ പ്രയോജനം ചെയ്ത കനിവ് ആംബുലൻസുകൾ, ആളുകളെ ഐസൊലേറ്റ് ചെയ്യാനും പെട്ടെന്ന് ആശുപത്രികളിലെത്തിക്കാനും ക്വാറന്റൈൻ ചെയ്യാനും ഏറ്റവും പ്രയോജനം ചെയ്ത '108' ആംബുലൻസുകൾ എന്നിവയ്ക്ക് കൊടുക്കാനുള്ള തുകയ്ക്കായി അധികതുക ആവശ്യപ്പെട്ടിട്ടുണ്ട്. അത് വളരെ വേഗത്തിൽ കൊടുക്കാനുള്ള നടപടിയുണ്ടാകണം. ആശാവർക്കർമാരുടെ വർദ്ധിപ്പിച്ച നിരക്കിലുള്ള ഓണറേറിയം നൽകുന്നതിനും അധിക തുക ആവശ്യപ്പെട്ടിട്ടുണ്ട്. കോവിഡ് പ്രതിരോധത്തിന്റെ മുന്നണിപ്പോരാളികളായി നിന്ന ആശാവർക്കർമാർക്ക് ഓണറേറിയം 6,000 രൂപയായിട്ടാണ് വർദ്ധിപ്പിച്ചിട്ടുള്ളത്. അത് കൂടുതൽ വർദ്ധിപ്പിക്കാനുള്ള ശ്രമങ്ങൾ പടിപടിയായി നടത്തണം എന്നുകൂടി

അറിയിക്കുകയാണ്. ആർ.സി.സി., എം.സി.സി. അടക്കമുള്ളവയ്ക്ക് കാൻസർ ട്രീറ്റ്മെന്റുകൾക്കുള്ള പണം വളരെ വേഗത്തിൽ കൊടുക്കാൻ കഴിഞ്ഞാൽ കൂടുതൽ ഗുണകരമായിരിക്കും. പട്ടാമ്പി താലൂക്ക് ആശുപത്രി അടക്കമുള്ള താലൂക്കാശുപത്രികളിൽ ഇപ്പോഴും സി.എച്ച്.സി.-യുടെ സ്റ്റാഫ് പാറ്റേണാണുള്ളത്. അതുകൊണ്ടുതന്നെ വലിയ രീതിയിലുള്ള ബുദ്ധിമുട്ടുണ്ടാകുന്നുണ്ട്. താലൂക്ക് ആശുപത്രിയായി ഉയർത്തിയാലും അതിനനുസരിച്ച് സ്റ്റാഫ് ഇല്ലാത്തതുകൊണ്ടുള്ള ബുദ്ധിമുട്ടുണ്ട്. അതുകൊണ്ട് പട്ടാമ്പി അടക്കമുള്ള താലൂക്ക് ആശുപത്രികളിൽ സ്റ്റാഫ് പാറ്റേൺ ഉയർത്താനുള്ള നടപടികൾകൂടിയുണ്ടാകണമെന്ന് അറിയിക്കുകയാണ്. വിശദമായി ഓരോ കാര്യത്തിലേയ്ക്കും ഞാൻ കടക്കുന്നില്ല.

കേരളത്തിൽ കോവിഡ് പ്രതിരോധം പാളി എന്നുള്ള രീതിയിലുള്ള പ്രചരണമാണ് യു.ഡി.എഫ്. നടത്തുന്നത്. കേസ്സുകളുടെ എണ്ണം വർദ്ധിക്കുന്ന തിനനുസരിച്ച് കേരളത്തിൽ കോവിഡ് പ്രതിരോധം പാളി എന്നാണ് പറയുന്നത്. രണ്ടാം തരംഗം പരമാവധി ഡിലേ ചെയ്യുന്നതിനായി ഇവിടത്തെ ആരോഗ്യ പ്രവർത്തകരും പോലീസ് സംവിധാനവും ഗവൺമെന്റും തദ്ദേശഭരണ സ്ഥാപനങ്ങളും എല്ലാവരും ഏകോപിച്ചുകൊണ്ട് നടത്തിയ പ്രവർത്തനങ്ങൾ കാണാതെ പോകരുത്. അതുകൊണ്ടാണ് രണ്ടാം തരംഗത്തെ നമുക്ക് ഇത്രയും ഡിലേ ചെയ്യാൻ കഴിഞ്ഞിട്ടുള്ളത്. ഇപ്പോൾ കോവിഡ് പോസിറ്റിവിറ്റി കൂടാനുള്ള ഏറ്റവും പ്രധാനപ്പെട്ട കാരണം നമുക്കെല്ലാവർക്കുമറിയാം, Seroprevalence Survey പ്രകാരം പറയുന്നത് കേരളത്തിലാണ് herd immunity ഏറ്റവും കുറവുള്ളത് എന്നാണ്. അതായത്, കേരളത്തിലെ ജനറൽ പോപ്പുലേഷന്റെ അടിസ്ഥാനത്തിൽ പരിശോധിച്ചാൽ ഇന്ത്യയിൽ ഏറ്റവും കുറവ് ആളുകൾക്ക് കോവിഡ് പോസിറ്റീവായ സംസ്ഥാനം ഏതാണെന്ന് ചോദിച്ചാൽ അത് കേരളമാണ്. കേരളത്തിലെ ജനങ്ങളെ പരമാവധി കോവിഡ് പോസിറ്റീവാക്കാതെയും അവരെ മരണത്തിലേയ്ക്ക് തള്ളിവിടാതെയും കേരളത്തിലെ ആരോഗ്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങൾ പ്രത്യേകം അഭിനന്ദിക്കേണ്ട കാര്യമാണ്. അത് കാണാതിരിക്കരുതെന്ന് യു.ഡി.എഫ്.-നോട് പറയാൻ ആഗ്രഹിക്കുകയാണ്. ഇതെല്ലാം ഡാറ്റയുടെ അടിസ്ഥാനത്തിലാണ് പറയുന്നത്. ഏറ്റവും കൂടുതൽ ആളുകൾക്ക് കോവിഡ് പോസിറ്റീവായി വന്നുപോകുമ്പോഴാണ് herd immunity കൂടുന്നത്. അല്ലെങ്കിൽ വാക്സിനേഷൻ വേണം. അതുകൊണ്ടുതന്നെ herd immunity ഏറ്റവും കുറവുള്ള സംസ്ഥാനമെന്നുള്ള നിലയ്ക്ക് കേരളത്തിന് കൂടുതൽ വാക്സിൻ നൽകുകയാണ് കേന്ദ്ര സർക്കാർ ചെയ്യേണ്ടത്. കേരളത്തിന് അവകാശപ്പെട്ട കൂടുതൽ വാക്സിൻ എത്തി ക്കാനായി ഒന്നിച്ചുള്ള സമരമാണ് വേണ്ടത്. അതല്ലാതെ ഈ പ്രതിരോധ പ്രവർത്തനങ്ങളെ പുറകിൽനിന്ന് കുത്തുകയല്ല വേണ്ടതെന്ന് പറയാൻ ഞാൻ

ആഗ്രഹിക്കുകയാണ്. ഒറ്റപ്പെട്ട സംഭവങ്ങളെ പർവ്വതീകരിച്ചുകൊണ്ട് കേരളത്തിൽ പ്രതിരോധപ്രവർത്തനങ്ങൾ പാളി എന്ന് പ്രചരണം നടത്തുന്നത് സംഘ്പരിവാർ രാഷ്ട്രീയമാണ്. മറ്റ് സംസ്ഥാനങ്ങളിൽ ഇത്തരത്തിൽ പാളിച്ച വന്നതുകൊണ്ട് അത് ഏറ്റെടുക്കരുത് എന്ന് പ്രിയപ്പെട്ട യു.ഡി.എഫ്. മെമ്പർമാരോട് പറയാൻ ഞാൻ ഈ സമയത്ത് ആഗ്രഹിക്കുകയാണ്. മരണനിരക്ക് ഏറ്റവും കുറഞ്ഞ സംസ്ഥാനം കേരളമാണ്. ഇവിടെ എനിക്ക് മുമ്പ് കോൺഗ്രസ് പ്രതിനിധിയാണ് സംസാരിച്ചത്. കേരളത്തിൽ മരണം കൂടുന്നുവെന്ന രീതിയിലുള്ള ഘോരഘോര പ്രസംഗങ്ങൾ നടത്തി. Mortality rate ഏറ്റവും കൂടുതലുള്ള സംസ്ഥാനം കോൺഗ്രസ് ഭരിക്കുന്ന പഞ്ചാബാണെന്നത് നിങ്ങൾ മറക്കരുത്. മരണനിരക്ക് നോക്കുമ്പോൾ മറ്റൊരു കാര്യംകൂടി നോക്കണം. കേരളത്തിൽ മരണനിരക്ക് റിപ്പോർട്ട് ചെയ്യുന്നില്ല എന്നാണ് പറയുന്നത്. അധിക മരണം പല സംസ്ഥാനങ്ങളിലുമുണ്ട്. അധിക മരണങ്ങളെന്ന് പറയുമ്പോൾ കോവിഡ് പോസിറ്റീവല്ല. റിപ്പോർട്ട് ചെയ്യാതെ അധിക മരണങ്ങൾ ഈ പാൻഡമിക്കിന്റെ സമയത്തുണ്ടായിട്ടുണ്ട്. കഴിഞ്ഞ വർഷത്തെ അധിക മരണങ്ങൾ കർണ്ണാടകയിൽ 1.26 ലക്ഷം, പശ്ചിമ ബംഗാളിൽ 1.20 ലക്ഷം, മധ്യപ്രദേശിൽ 1.92 ലക്ഷം, ആന്ധ്രാപ്രദേശിൽ 1.95 ലക്ഷം എന്നിങ്ങനെയാണ്. കഴിഞ്ഞ വർഷം മറ്റ് സംസ്ഥാനങ്ങളിലുണ്ടായതിനേക്കാൾ കേരളത്തിൽ എത്ര അധിക മരണങ്ങളാണുണ്ടായത്? അതിന് മുമ്പത്തെ വർഷത്തേക്കാൾ കൂടുതലായി 4178 മരണങ്ങൾ മാത്രമേ കേരളത്തിലുണ്ടായിട്ടുള്ളൂ. ഓരോ ജീവനും വിലപ്പെട്ടതാണെന്ന് മനസ്സിലാക്കിക്കൊണ്ട്, ഓരോ മനുഷ്യരുടെയും ജീവൻ രക്ഷിക്കാൻവേണ്ടി ആരോഗ്യ വകുപ്പ് നടത്തിയ പ്രവർത്തനങ്ങളുടെകൂടെ മറ്റുള്ള വകുപ്പുകളുടെ ഏകോപനത്തോടെയുള്ള പ്രവർത്തനങ്ങളുടെയും ഫലമായിട്ടാണ് കേരളത്തിലെ മരണ നിരക്ക് കുറയ്ക്കാൻ കഴിഞ്ഞത്. ശ്മശാനങ്ങളിൽ ജഡങ്ങൾ കുമിഞ്ഞുകൂടുന്ന സ്ഥിതിയായിരുന്നില്ലേ? ഡൽഹിയിൽ ലോധിയിലെ ഏറ്റവും പ്രധാനപ്പെട്ട ശ്മശാനത്തിലടക്കം ഇരുപത്തിനാല് മണിക്കൂറും പ്രവർത്തിച്ചിട്ടും അടക്കം ചെയ്യാനുള്ള ഒരു സാഹചര്യവുമില്ലാത്ത അവസ്ഥയുണ്ടായിരുന്നു. ഗംഗ അടക്കമുള്ള നദികളിൽ ജഡങ്ങൾ പൊങ്ങിയത് കണ്ടതാണ്. കേരളത്തിൽ അങ്ങനെയൊരു സാഹചര്യമുണ്ടായോ? ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ അധിക മരണങ്ങൾ റിപ്പോർട്ട് ചെയ്യാതെ മരിക്കുമ്പോഴും കേരളത്തിൽ ആളുകൾ അങ്ങനെ മരിക്കുന്ന സാഹചര്യമുണ്ടായില്ല. അത് ഈ ഗവൺമെന്റിന്റെ പ്രവർത്തനം ഒന്നു കൊണ്ടുമാത്രമാണ്. ഓക്സിജൻ കിട്ടാതെ മരിച്ചവരുടെ എണ്ണത്തെക്കുറിച്ച് പാർലമെന്റിൽപ്പോലും ഉത്തരം കൊടുക്കാതിരിക്കുമ്പോൾ ഇവിടെ ഓക്സിജൻ കിട്ടാതെ മരിച്ചവരുടെ എണ്ണം എത്രയാണ്? കേരളത്തിൽ ഇത് പൂജ്യമാണ്. പഞ്ചാബിലും മഹാരാഷ്ട്രയിലും മറ്റ് സംസ്ഥാനങ്ങളിലും മരിച്ചിട്ടുണ്ട്. നിങ്ങൾ കളിയാക്കേണ്ട കാര്യമില്ല. ഒരു മനുഷ്യനും മരിക്കാതിരിക്കാൻ കാണിച്ച ജാഗ്രത

കാണാതിരിക്കരുത് എന്നാണ് എനിക്ക് പറയാനുള്ളത്. ഓക്സിജൻ കിട്ടാതെ ആശുപത്രികളുടെ മുമ്പിലെ ക്യൂവിൽ നിന്ന മനുഷ്യരുണ്ടായിരുന്നെങ്കിൽ, അവിടെ നിന്ന് ശ്മശാനങ്ങളിലേയ്ക്കുള്ള ക്യൂവിലേയ്ക്കാണ് രണ്ടാം തരംഗത്തിൽ നമ്മുടെ രാജ്യം പോയതെങ്കിൽ, ആ രണ്ടാം തരംഗത്തിലും കേരളത്തിലെ ആളുകൾ മരിക്കാതിരിക്കുന്ന സാഹചര്യമുണ്ടായി. ഓക്സിജനുണ്ട്, സൗകര്യങ്ങളുണ്ട്. ഓക്സിജൻ മിച്ചമുള്ള ഏക സംസ്ഥാനമായി കേരളം മാറി. നമ്മുടെ രാജ്യത്തിന് അവകാശപ്പെട്ട ഓക്സിജൻ മറ്റ് രാജ്യങ്ങളിലേയ്ക്ക് കയറ്റുമതി ചെയ്യുകയായിരുന്നു. എന്നാൽ കേരളത്തിൽ അങ്ങനെയല്ല. മിച്ചമായ ഓക്സിജനുണ്ടായി. ഈ പാൻഡമിക്കിനെ നേരിടാനുള്ള എല്ലാ സംവിധാനങ്ങളുമുണ്ടാക്കിയാണ് കേരളം മുന്നോട്ടുപോയത്. കേരളത്തിന്റെ പ്രതിരോധം പാളി എന്നാണ് പറയുന്നത്. സത്യത്തിൽ കേരളത്തിന്റെ പ്രതിരോധമല്ല പാളിയത്. യു.ഡി.എഫ്.-ന്റെ ചില തന്ത്രങ്ങളാണ് പാളിയത്. ആ തന്ത്രങ്ങൾ എന്തായിരുന്നു? വലിയ പ്ലാൻ ചെയ്തിരുന്നു, ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ അറിയാതെ പറഞ്ഞുപോയി, കാലം ഇനിയും ഇങ്ങനെ വരികയാണ്. പ്രളയം വരും, ദുരന്തം വരും, അപ്പോൾ എങ്ങനെ ഇടപെടണമെന്ന് ഞങ്ങൾക്ക് അറിയാമെന്ന് പറഞ്ഞു. എന്നാൽ എന്താണുണ്ടായത്? ഇങ്ങനെ ഒരു ക്രൈസിസ് വന്നപ്പോൾ രാജ്യത്തെ അല്ലെങ്കിൽ ലോകത്തെതന്നെ ഏറ്റവും മികച്ച ക്രൈസിസ് മാനേജ്മെന്റ് നടത്തുന്ന ഒരു സംസ്ഥാനമാണ് കേരളമെന്ന് തെളിയിച്ചു. അതിനെ ഏകോപിപ്പിക്കാൻ കഴിയുന്ന ഒരു മുഖ്യമന്ത്രിയാണ് കേരളത്തിലുള്ളതെന്ന് തെളിയിച്ചു. അതിനെ നല്ല രീതിയിൽ മുന്നോട്ടുകൊണ്ടുപോകാൻ പറ്റുന്ന ആരോഗ്യ വകുപ്പും ആരോഗ്യ വകുപ്പുമന്ത്രിമാരുമാണ് കേരളത്തിലുണ്ടായിരുന്നതെന്ന് തെളിയിച്ചില്ലേ?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പോയിന്റ് ഓഫ് ഓർഡർ.

മി. ചെയർമാൻ: എന്താണ് പോയിന്റ് ഓഫ് ഓർഡർ? സമയം പോകുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, സമയം പോകില്ല. പോയിന്റ് ഓഫ് ഓർഡർ കോമൺ ടൈമാണ്. ഇവിടെ പ്രധാനപ്പെട്ട പ്രശ്നം, അങ്ങ് ഇവിടെ പറയുന്നത് കേട്ട് എനിക്ക് അത്ഭുതം തോന്നി. നമ്മുടെ നാട്ടിൽ ഒരു കാലഘട്ടത്തിൽ ഇങ്ങനെ കെട്ടിവച്ച് കാലാവസ്ഥ പിടിച്ചുനിർത്താൻ പറ്റുമോ? അത് ചിലപ്പോൾ വേനലായിരിക്കും, ചിലപ്പോൾ പ്രളയമായിരിക്കും, ചിലപ്പോൾ മഴയായിരിക്കും, ചിലപ്പോൾ കോവിഡായിരിക്കും. പല രൂപത്തിൽ വരാം.

മി. ചെയർമാൻ: ദയവായി അങ്ങ് പോയിന്റ് പറയണം.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, 307 ആണ് എന്റെ പോയിന്റ്. ഇതാണ് എന്റെ പോയിന്റ് എന്നുപറഞ്ഞ് എനിക്ക് ഇരിക്കാൻ പറ്റുമോ? അത് പറയണ്ടേ? ഞാൻ ആ കാലാവസ്ഥയിൽ പറഞ്ഞിട്ടുള്ള കാര്യത്തെ നിങ്ങൾ പൊളിറ്റിക്കലായെടുത്തു, ഞാൻ അതിന് മറുപടിയും പറഞ്ഞു.

മി. ചെയർമാൻ: 307 തന്നെയാണ് താങ്കൾ പറയുന്നത്. പക്ഷേ, അദ്ദേഹം എന്താണ് പറഞ്ഞതെന്ന് പറയണം. സമയമില്ലാത്തതുകൊണ്ടാണ്.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, അദ്ദേഹം പറഞ്ഞത് ഒന്നുകൂടി ഓർമ്മിപ്പിച്ച് ഞാൻ ഒരു അപമാനത്തിനുംകൂടി സാക്ഷിയാകണോ? അതിന് ഞാനില്ല. അതുകൊണ്ട് 307 അനുസരിച്ച്, അദ്ദേഹം എന്റെ പേരിൽ നടത്തിയ ദുരാരോപണം രേഖകളിൽ കാണരുത്.

മി. ചെയർമാൻ: പ്രിയപ്പെട്ട മുഹമ്മദ് മുഹസിൻ പറഞ്ഞതിലെ പോയിന്റ് എന്താണെന്ന് താങ്കൾ പറയുന്നില്ല.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, ഞാൻ അതുതന്നെയാണ് പറഞ്ഞത്. അത് ശ്രീ. മുഹമ്മദ് മുഹസിൻതന്നെ പറയും. ഇത് രേഖകളിൽനിന്ന് നീക്കം ചെയ്യണം.

മി. ചെയർമാൻ: ശ്രീ. മുഹമ്മദ് മുഹസിൻ, തുടരൂ.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഒരു പോയിന്റുമില്ല. അതുകൊണ്ടാണ് പറയാൻ പറ്റാത്തത്. വളരെ കൃത്യമായി കേരളം മുഴുവൻ കണ്ടതാണ്.

മി. ചെയർമാൻ: പരിശോധിക്കാം.*

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, പ്രളയം വരും, ഇനിയും വരും, അപ്പോൾ ഈ സർക്കാർ പരാജയപ്പെടുമെന്ന് പറഞ്ഞു. നാട് പ്രതിസന്ധിയിലായപ്പോൾ എല്ലാം മറന്ന് അതിശക്തമായി പ്രതികരിക്കുകയും നാടിനെ രക്ഷപ്പെടുത്തുകയും ചെയ്തതു കൊണ്ടാണ് തെരഞ്ഞെടുപ്പിൽ ഞങ്ങൾക്ക് നല്ല വിജയം ലഭിച്ചത്. അതിലുള്ള നിരാശയാണ് ഇപ്പോൾ പോയിന്റ് പറയാൻ പറ്റാത്തത്.

ഒരു കാര്യംകൂടി ഞാൻ പറയട്ടെ, കേരളത്തിൽ കോവിഡ് പ്രതിരോധം ഇത്രയും നന്നായി നടന്നതിൽ ഒരുപാട് മേഖലകളുടെ പങ്കുണ്ട്. അത് കഴിഞ്ഞ ഗവൺമെന്റ് എടുത്ത തീരുമാനങ്ങളാണ്. ലൈഫ് മിഷൻ പദ്ധതിയിൽ വീട് കൊടുത്തതുകൊണ്ട് മൂന്നര ലക്ഷം ആളുകൾക്ക് വീടുണ്ടായി. ക്വാറന്റൈനും സി.എഫ്.എൽ.ടി.സി.-യും അടക്കമുള്ള സൗകര്യങ്ങളൊരുക്കാൻ മികച്ച സ്കൂളുകളുണ്ടായി. അതോടൊപ്പംതന്നെ, ഭക്ഷ്യ ധാന്യക്കിറ്റ് അടക്കമുള്ള പ്രവർത്തനങ്ങളുമുണ്ട്. ഉത്തരവാദിത്തപ്പെട്ട ഒരു എം.പി. പറയുകയാണ് ഭക്ഷ്യധാന്യക്കിറ്റ് കൊടുത്തത് കേന്ദ്രമാണെന്ന്, ആരെങ്കിലും പ്രതികരിച്ചോ? നാഴികയ്ക്ക് നാൽപ്പതുവട്ടം പത്രസമ്മേളനം വിളിച്ചിരുന്ന മുൻ പ്രതിപക്ഷനേതാവുണ്ടായിരുന്നല്ലോ. കേന്ദ്രം കൊടുത്തു എന്ന് എം.പി. പറയുകയാണ്. ഇപ്പോൾ രണ്ടാമത്തെ ഓണക്കിറ്റ് കൊടുക്കുകയാണ്.

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 12703/ഇ.ബി./2021/നി.സെ. തീയതി 04-08-2021) സഭാ രേഖയിൽ നിലനിർത്തി.

മി. ചെയർമാൻ: അങ്ങയുടെ സമയം അധികരിക്കുകയാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഒരു രൂപ പോലും കിറ്റിനുവേണ്ടി ചെലവാക്കിയിട്ടില്ലാത്ത കേന്ദ്ര സർക്കാരിനുവേണ്ടി ഫ്രീയായി മാധ്യമങ്ങളിൽ വന്നിരുന്ന് അവരുടെ അജണ്ടയ്ക്കുവേണ്ടി പറഞ്ഞ വ്യക്തിയെ നിങ്ങൾ ഏറ്റവും വലിയ നേതാവാക്കി വച്ചു. സംഘ്പരിവാറിന് കുഴലൂത്ത് പാടുകയാണ് നിങ്ങൾ.

മി. ചെയർമാൻ: സമയം അവസാനിച്ചു, ദയവായി ചുരുക്കുക.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, രാജ്യത്ത് ഇടതുപക്ഷം ഉയർത്തിപ്പിടിക്കുന്ന, പൊതുമേഖലയിൽ ആരോഗ്യ സംവിധാനം നിലനിർത്തിക്കൊണ്ട് പ്രതിരോധം തീർക്കുന്ന, വാക്സിനടക്കം പ്രൈവറ്റ് മേഖലയ്ക്ക് കൊടുത്തപ്പോൾ, അങ്ങനെയല്ലാതെ ബദൽ മാർഗ്ഗമുണ്ടെന്ന് കേരളം കാണിക്കുമ്പോൾ, ആ കേരളത്തെ കോർപ്പറേറ്റ് മാനേജ്മെന്റുകൾക്കുവേണ്ടി സംഘ്പരിവാർ ഇകഴ്ത്തുമ്പോൾ അതിന്റെ കൂടെ കുഴലൂത്തുകാരാകുകയാണ് യു.ഡി.എഫ്. കോവിഡിനെതിരെയുള്ള കേരളത്തിലെ പ്രതിരോധ പ്രവർത്തനങ്ങൾ ഊർജ്ജിതമായി നടക്കുകയാണ്. ആരോഗ്യ വകുപ്പിന്റെ പ്രവർത്തനങ്ങൾ ശ്ലാഘനീയമാണെന്ന് അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. പി. എ. മജീദ്: സർ, ആരോഗ്യ രംഗത്ത് വർഷങ്ങളായി നാം നിലനിർത്തിവന്നിരുന്ന നിലവാരം അംഗീകരിച്ചുകൊണ്ടുതന്നെ കോവിഡ് മഹാമാരി കൈകാര്യം ചെയ്യുന്നതിലുണ്ടായ സംസ്ഥാന ഗവൺമെന്റിന്റെ പാളിച്ചകൾ ന്യായീകരിക്കാൻ മഹാരാഷ്ട്രയിലേയ്ക്കും ഉത്തർപ്രദേശിലേയ്ക്കും പോയ പരിതാപകരമായ അവസ്ഥയാണ് എനിക്കുമുൻപ് സംസാരിച്ച മെമ്പറിൽനിന്നുണ്ടായത്. കോവിഡ് ദുരന്തത്തിന്റെ ഫലമായി സംസ്ഥാനത്ത് വന്നുഭവിച്ചിട്ടുള്ള ഗുരുതര ആരോഗ്യ, സാമൂഹിക, സാമ്പത്തിക സാഹചര്യങ്ങൾ പ്രതിപക്ഷം ചൂണ്ടിക്കാണിക്കുമ്പോൾ അത് സംഘ്പരിവാർ അജണ്ടയാണെന്ന് പറയുന്നത് എത്ര മോശമായ പരാമർശമാണ്. ഇവിടെ കോവിഡ്മൂലം എത്ര മരണങ്ങളാണുണ്ടായത്; ആ മരണങ്ങൾ മറച്ചുപിടിച്ചതിന്റെ ഉദ്ദേശ്യം എന്തായിരുന്നു? കോവിഡിന്റെ സാഹചര്യത്തിൽ കാര്യങ്ങളെല്ലാം നല്ല നിലയിൽ പോകുന്നുവെന്ന് പുറത്തുകാണിക്കാൻ വേണ്ടിയുള്ള പൊങ്ങച്ചമാണ് ഈ ഗവൺമെന്റ് കാണിച്ചത്. അതിൽ എന്തെങ്കിലും ന്യായീകരണമുണ്ടോ? കോവിഡ് രോഗം വന്ന് ആളുകൾ മരിക്കും, കോവിഡ് എന്നത് ഒരു രോഗലക്ഷണമാണ്, രോഗമല്ല. ഒരാൾക്ക് കോവിഡ് ബാധിച്ചാൽ തന്മൂലം മറ്റ് രോഗങ്ങൾ വരാം. ഹൃദ്രോഗം, കിഡ്നി തകരാർ, ന്യൂമോണിയ ഇതെല്ലാം കോവിഡിന്റെ ഭാഗമായി വരുന്നതാണ്. അതെല്ലാം മറച്ചുവച്ചിട്ട് മരിക്കുമ്പോൾ കോവിഡ് നെഗറ്റീവായിരുന്നു എന്നുപറഞ്ഞ്

കണക്കിൽ കള്ളത്തരം കാണിക്കുകയല്ലേ സർക്കാർ ചെയ്യുന്നത്; അത് ചൂണ്ടിക്കാണിക്കുന്ന പ്രതിപക്ഷത്തിനെ പഴിക്കേണ്ട കാര്യമുണ്ടോ? ഞാൻ ഗവൺമെന്റിനോട് പറയുന്നത്, കോവിഡ് മഹാമാരി വന്ന സാഹചര്യത്തിൽ ഗവൺമെന്റ് വിളിച്ചുകൂട്ടിയ യോഗങ്ങളിലും തുടർപരിപാടികളിലും പ്രതിപക്ഷം എല്ലാവിധ സഹായങ്ങളും പിന്തുണയും നൽകിയിട്ടുണ്ട്. പക്ഷേ തെറ്റുകൾ ചൂണ്ടിക്കാണിക്കും. ഞങ്ങൾ എം.എൽ.എ.-മാരാണല്ലോ. ഞങ്ങളുടെ നിയോജകമണ്ഡലങ്ങളിൽ കോവിഡ് ടെസ്റ്റ്, വാക്സിനേഷൻ എന്നിവ നടത്തുന്ന കാര്യത്തിൽ അവിടത്തെ ജനപ്രതിനിധികളെയും ആരോഗ്യ, റവന്യൂ, പോലീസ് എന്നീ വകുപ്പുകളിലെ ഉദ്യോഗസ്ഥരേയും വിളിച്ച് ഞങ്ങൾ ചർച്ച നടത്തുന്നുണ്ട്. ഞങ്ങൾ അതിൽ പൂർണ്ണമായും സഹകരിക്കുകയാണ്. മലപ്പുറം ജില്ലാ സഹകരണ ആശുപത്രിയുടെ പ്രസിഡന്റാണ് ഞാൻ. അവിടെ രോഗികൾക്ക് മരുന്ന്, ലാബ് സൗകര്യം, ഭക്ഷണം എന്നിവ സൗജന്യമായി നൽകിയാണ് കോവിഡ് ചികിത്സ നടത്തുന്നത്. ഞങ്ങൾ സഹകരിക്കുന്നില്ലെന്ന് പറയരുത്. അങ്ങനെയുള്ള ആരോപണം മോശമാണ്. പക്ഷേ കോവിഡ്മൂലം മരിച്ചവരുടെ നിങ്ങളുടെ കൈവശമുള്ള കണക്ക് ഞാനിവിടെ പറഞ്ഞാൽ നിങ്ങൾക്ക് വളരെ പ്രയാസകരമായിരിക്കും. കാരണം നിങ്ങളുടെ കണക്കനുസരിച്ച് 16955 പേരാണ് മരിച്ചത്. പക്ഷേ പഞ്ചായത്തുകളിൽ നിന്നും വന്നിട്ടുള്ള കണക്കുകൾ പരിശോധിച്ചാൽ അത് 22000-ത്തോളം വരുമെന്ന് കാണാൻ സാധിക്കും. ഇത് മറച്ചുവയ്ക്കുമ്പോൾ അവർക്ക് ലഭിക്കേണ്ട ആനുകൂല്യം നഷ്ടപ്പെടുത്തുകയല്ലേ നിങ്ങൾ ചെയ്യുന്നത്? എത്ര പേർ മരിച്ചു, രോഗികളുടെ എണ്ണം തന്നെ കൂടിയിട്ടുണ്ട്. കോങ്ങാട് മുൻ എം.എൽ.എ. കെ. വി. വിജയദാസ് കോവിഡ് പോസിറ്റീവായിരുന്നു. പിന്നീട് നെഗറ്റീവായ ശേഷമാണ് മരിച്ചത്, എല്ലാവർക്കുമറിയാവുന്നതാണ്. അതുപോലെ നല്ലൊരു രാഷ്ട്രീയ പ്രവർത്തകനായിരുന്ന യുവജന ക്ഷേമ ബോർഡ് വൈസ് ചെയർമാൻ പി. ബിജു, മുൻ എം.എൽ.എ. എം. നാരായണൻ, മാതൃഭൂമി പത്രപ്രവർത്തകനായ വിപിൻ ചന്ദ് എന്നിവർ മരിച്ചു. ഇതൊക്കെ ഏത് കണക്കിലാണ് നിങ്ങൾ കൂട്ടുന്നത്; മരണം മറച്ചുവയ്ക്കുന്ന ഇത്ര ക്രൂരമായ വിനോദം നടത്താൻ അങ്ങേയ്ക്ക് എങ്ങനെ സാധിച്ചു? ഇത്തരം കാര്യങ്ങൾ മന്ത്രി നല്ല രീതിയിൽ നടത്തിക്കൊണ്ടുപോകേണ്ടതാണ്. പക്ഷേ അങ്ങനെ ചെയ്യുമ്പോൾ പഴയ ആരോഗ്യ വകുപ്പുമന്ത്രിയുടെ സ്ഥിതിയുണ്ടാകരുതെന്നൊരു അപേക്ഷ എനിക്കുണ്ട്. അത് ശ്രദ്ധിച്ചാൽ മതി. ഇത്രയും കാര്യങ്ങൾ നോക്കിയാൽ ഈ ഗവൺമെന്റിന്റെ പരാജയം കാണാൻ സാധിക്കുന്നതാണ്.

ഇവിടെ വാക്സിൻ കൊടുക്കുന്നുണ്ട്, വാക്സിൻ കൊടുക്കേണ്ട ചുമതല ആർക്കാണ്; ആരോഗ്യ വകുപ്പിനാണോ രാഷ്ട്രീയ പാർട്ടികൾക്കാണോ അതോ ജനപ്രതിനിധികൾക്കാണോ? എല്ലായിടത്തും പ്രശ്നങ്ങൾ ഉയരുകയാണ്. കാരണം വാക്സിൻ വിതരണം ചെയ്യുന്ന കാര്യത്തിൽ ധാരാളം പരാതികൾ വന്നുകൊണ്ടിരിക്കുന്നുവെന്ന് ഇതിനകം

തന്നെ നമ്മളെല്ലാവരും മനസ്സിലാക്കിയിട്ടുള്ളതാണ്. ഇന്ത്യ പുറത്തിറക്കിയ വാക്സിനാണ് കോവാക്സിൻ. ലോകത്തെങ്ങും ഇത് അംഗീകരിച്ചിട്ടില്ല. ശ്രീ. നരേന്ദ്ര മോദിയുടെ ഈ വാക്സിനെടുത്തുകഴിഞ്ഞാൽ രാജ്യത്തിന് പുറത്തുപോകാനേ കഴിയില്ല. അത് അംഗീകരിക്കാൻ വേണ്ടിയുള്ള ഒരു ശ്രമവും കേന്ദ്ര ഗവൺമെന്റ് നടത്തുന്നുമില്ല. അടുത്തനാളുകളിൽ പ്രവാസികളുടെ വിഷയങ്ങൾ ഉയർന്നുവന്ന സാഹചര്യത്തിൽ നമ്മുടെ ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കേന്ദ്ര ഗവൺമെന്റിന് കത്തയച്ച് സൂചിപ്പിച്ച കാര്യങ്ങളൊക്കെ ശ്ലാഘനീയമാണ്. അതുമാത്രമല്ല ഇന്ത്യയിൽനിന്നും വാക്സിൻ എടുക്കുമ്പോൾ ലഭിക്കുന്ന സർട്ടിഫിക്കറ്റിൽ നമ്മുടെ പ്രധാനമന്ത്രിയുടെ ചിത്രമാണുള്ളത്. ലോകത്തെവിടെയും ഇത്തരത്തിൽ ഒരു ഭരണാധികാരിയുടെ ചിത്രം സർട്ടിഫിക്കറ്റിൽ ഞാൻ കണ്ടിട്ടില്ല. സൗദിയിൽ പോയ ഒരാൾ എന്നോട് പറഞ്ഞതാണ്, ശരിയാണോയെന്ന് അറിയില്ല, തമാശയ്ക്ക് പറഞ്ഞതാകും, സൗദിയിൽ ചെന്നപ്പോൾ പാസ്പോർട്ടിലെ ഫോട്ടോയും വാക്സിൻ സർട്ടിഫിക്കറ്റിലെ ഫോട്ടോയും തമ്മിലുള്ള വ്യത്യാസം കണ്ടെത്തി തടഞ്ഞുനിർത്തി. അപ്പോൾ ഇദ്ദേഹം പറഞ്ഞു 'സർ, ഇത് പ്രധാനമന്ത്രിയുടെ ഫോട്ടോയാണ്, എന്റെ ഫോട്ടോയല്ല' എന്ന്. അങ്ങ് ഇത് മനസ്സിലാക്കണം, വലിയ പ്രശ്നമാണ്. അങ്ങനെയുള്ള മഹാ വിഡ്ഢിത്തരങ്ങളാണ് ഈ കാര്യത്തിൽ ചെയ്തുകൊണ്ടിരിക്കുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ന് ആലപ്പുഴയിൽ ഡോക്ടർമാരുടെ സമരമാണ്. എന്താണ് കാരണം? പ്രയോരിറ്റിയിലില്ലാത്ത ആളുകൾക്ക് വാക്സിൻ നൽകുന്നതിനുവേണ്ടിയുള്ള നീക്കത്തെ എതിർത്തതിന്റെ പേരിലാണ് അവരെ കയ്യേറ്റം ചെയ്തത്. അതിൽ പ്രതിഷേധിച്ചാണ് ഡോക്ടർമാർ സമരം നടത്തുന്നത്. ഇതിനിടയിൽ നിലമേൽ പഞ്ചായത്ത് പ്രസിഡന്റുൾപ്പെടെയുള്ള ഏതാനും മെമ്പർമാരെ ഇവർ ജയിലിലടച്ചല്ലോ. ബഹുമാനപ്പെട്ട മന്ത്രി മനസ്സിലാക്കണം, മുലകുടി മാറാത്ത ഒരു കുഞ്ഞിന്റെ അമ്മയാണ് ജയിലിൽ പോയത്. എന്തിനുവേണ്ടിയാണത്? വാക്സിൻ വിതരണത്തിൽ ക്രമവിരുദ്ധമായി പാർട്ടി പ്രവർത്തകർ ഇടപെട്ടതിനെ തടഞ്ഞതിന്റെ ഭാഗമായുണ്ടായ സംഘർഷത്തിന്റെ പേരിലാണ് ഇത്തരത്തിലൊരു അറസ്റ്റുണ്ടായത്. അതുകൊണ്ട് വാക്സിൻ വിതരണത്തിലുള്ള രൂക്ഷമായ പ്രശ്നങ്ങൾ സംബന്ധിച്ച് ഗവൺമെന്റ് പ്രത്യേകം പരിശോധിക്കേണ്ടതാണ്. പിന്നീട് ഇവിടെ പറഞ്ഞ വാക്സിൻ ക്ഷാമത്തെ സംബന്ധിച്ച കേന്ദ്ര സർക്കാർ നിലപാട് നമുക്കറിയാവുന്നതാണ്. പക്ഷേ കേന്ദ്ര സർക്കാർ വാക്സിൻ നൽകുന്നില്ലെങ്കിൽ അതിനൊരു പരിഹാരമുണ്ടാക്കണ്ടേ? വാക്സിനുവേണ്ടി സർക്കാർ നീക്കിവച്ച പണമില്ലേ, അത് ഉപയോഗപ്പെടുത്തി ഒരു പ്രത്യേക ഘട്ടം വരുമ്പോൾ വാക്സിൻ പുറത്തുനിന്നും വാങ്ങേണ്ടിവരും. അത് വാങ്ങിയില്ലെങ്കിൽ ഇത് കൂടുതൽ പ്രയാസങ്ങളുണ്ടാക്കും. കേരളത്തിന് രക്ഷപ്പെടണമെങ്കിൽ കൂടുതൽ ആളുകൾക്ക് വാക്സിൻ നൽകുകയല്ലാതെ യാതൊരുവിധ മാർഗ്ഗവുമുണ്ടാകില്ല.

ഡോ. മുഹമ്മദ് അഷീലിനെപ്പറ്റി ഇവിടെ പറയണ്ടേ. ഇത് ആകെ കുഴപ്പത്തിലാക്കിയത് അദ്ദേഹമാണല്ലോ. അദ്ദേഹത്തെ പൊതുജന താൽപ്പര്യാർത്ഥമാണ് പയ്യന്നൂർ താലൂക്കാശുപത്രിയിലേയ്ക്ക് മാറ്റിയത്. ഇതിനോടനുബന്ധിച്ച് ധാരാളം താൽക്കാലിക നിയമനങ്ങൾ, പാർട്ടി നിയമനങ്ങൾ മുതലായവ നടക്കുകയാണ്. അതുപോലെ കുറേ പ്രശ്നങ്ങളുണ്ട്, സമയക്കുറവുമൂലം പറയുന്നില്ല. ഞാൻ തിരുരങ്ങാടി മണ്ഡലത്തിലെ ഒരു കാര്യംകൂടി പറഞ്ഞ് അവസാനിപ്പിക്കാം.

മി. ചെയർമാൻ: അങ്ങേയ്ക്ക് അനുവദിച്ച സമയം അധികരിച്ചു.

ശ്രീ. കെ. പി. എ. മജീദ്: സർ, തിരുരങ്ങാടി താലൂക്കാശുപത്രി വളരെ നന്നായി നടക്കുന്ന ഒരു ആശുപത്രിയാണ്, രണ്ടായിരത്തോളം പേർ ഒ.പി.-യിൽ ചികിത്സയ്ക്കെത്തുന്നുണ്ട്. അവിടെ ഒരു ബ്ലഡ് ബാങ്ക് ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സൗജന്യമായി ചെയ്യാമെന്ന് പറഞ്ഞിരുന്നെങ്കിലും ഗവൺമെന്റ് ഇതുവരെ സാങ്ഷൻ കൊടുത്തിട്ടില്ല. ആവശ്യമായ ഡോക്ടർമാരോ ഒന്നര വർഷമായി സൂപ്രണ്ടോ ഇല്ലാത്ത അവസ്ഥയാണ് അവിടെയുള്ളത്. സൂപ്രണ്ട് ഓഫ്താൽമോളജി ഡോക്ടറായതിനാൽ ആ ഡിപ്പാർട്ടുമെന്റുതന്നെ ഇപ്പോൾ പ്രവർത്തിക്കുന്നില്ല. അഞ്ച് വെന്റിലേറ്ററുകളുണ്ടെങ്കിലും അത് പ്രവർത്തിപ്പിക്കാനും ആളില്ല. അത്തരമൊരു ദുരവസ്ഥയാണ് എന്റെ നിയോജകമണ്ഡലമായ തിരുരങ്ങാടി താലൂക്കാശുപത്രിയിലുള്ളത്.

മി. ചെയർമാൻ: ദയവായി അങ്ങ് അവസാനിപ്പിക്കുക.

ശ്രീ. കെ. പി. എ. മജീദ്: സർ, അതുപോലെതന്നെ നെടുവ എഫ്.എച്ച്.സി. (ഫാമിലി ഹെൽത്ത് സെന്റർ)-യിൽ നേരത്തെ കിടത്തി ചികിത്സയുണ്ടായിരുന്നത് ഇപ്പോഴില്ല, ഉണ്ടായിരുന്ന കെട്ടിടംതന്നെ ഇപ്പോൾ തകരാറിലാണ്. പെരുമണ്ണ ക്ലാരി പഞ്ചായത്തിലെ എഫ്.എച്ച്.സി. കെട്ടിടം ഉപയോഗശൂന്യമായതുകൊണ്ട് ഇപ്പോൾ ഒരു വീട്ടിലാണ് എഫ്.എച്ച്.സി. പ്രവർത്തിക്കുന്നത്. അങ്ങനെയുള്ള ഒട്ടേറെ പ്രശ്നങ്ങളുണ്ട്. ഈ കാര്യങ്ങളെല്ലാം പ്രത്യേകം ശ്രദ്ധിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ എതിർത്തുകൊണ്ട് നിർത്തുന്നു.

1.00 pm]

ശ്രീമതി ഒ. എസ്. അംബിക: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുന്നു. ആരോഗ്യമുള്ള ജനതയാണ് നാടിന്റെ സമ്പാദ്യം. 'ആരോഗ്യമുള്ള ശരീരത്തിലേ ആരോഗ്യമുള്ള മനസ്സുണ്ടാകൂ' എന്നാണ് പഴമൊഴി. ഒരു സംസ്ഥാനത്തിന്റെ സമസ്തവിഭാഗം ജനങ്ങളുടെയും ആരോഗ്യ സംരക്ഷണത്തിന് മാതൃകാപരമായ പ്രവർത്തനങ്ങളാണ് സർക്കാർ വിഭാവന ചെയ്യുതും വിട്ടുവീഴ്ചയില്ലാതെ നടപ്പിലാക്കി

വരുന്നതും. കോവിഡ് മഹാമാരി ലോകത്തിലെ വമ്പൻ സാമ്പത്തിക ശക്തികളെപ്പോലും പിടിച്ചുകുലുക്കിയപ്പോഴും നമ്മുടെ സംസ്ഥാനം അല്പംപോലും പതറാതെ നേരിട്ടത് താരതമ്യങ്ങളും സമാനതകളുമില്ലാത്തതും ഏതൊരു മലയാളിക്കും അഭിമാനിക്കാൻ കഴിയുന്നതുമായ മാതൃകയാണ്. കോവിഡ് ചികിത്സയുടെ പേരിൽ ഗോമൂത്രവും പശുവിൻപാലും അഭിഷേകം ചെയ്താൽ പ്രതിരോധശേഷി കൈവരുമെന്ന് അവകാശപ്പെട്ട് ലോകരാജ്യങ്ങളുടെ മുമ്പിൽ നമ്മുടെ രാജ്യത്തിനെ നാണംകെടുത്തിയപ്പോഴും എല്ലാവരുടെയും ആദരവ് പിടിച്ചുപറ്റാൻ കഴിയുന്ന പ്രവർത്തനങ്ങളാണ് സംസ്ഥാന സർക്കാർ കാഴ്ചവച്ചത്. ഏറ്റവും കുറഞ്ഞ മരണ നിരക്കുള്ള സംസ്ഥാനം, അതിവിപുലമായ നിരീക്ഷണ സംവിധാനം ഏർപ്പെടുത്തിയ സംസ്ഥാനം, രോഗനിർണ്ണയ പരിശോധനയിൽ സംവിധാനമേർപ്പെടുത്തിയ സംസ്ഥാനം, ദേശീയ ശരാശരിയേക്കാൾ ഏറ്റവും കുറവായ രോഗവ്യാപനം തുടങ്ങിയവ വളരെ ശ്രദ്ധേയങ്ങളാണ്. രോഗബാധയേയും പ്രാഥമിക സമ്പർക്കത്തേയുംതുടർന്ന് ഐസൊലേഷനിലും ക്വാറന്റൈനിലും കഴിയുന്നവരുടെ ഏകാന്തതയും മാനസിക അസ്വസ്ഥതകളും പരിഹരിക്കാൻ ടെലഫോൺ കോളുകളിലൂടെയും സാധ്യമായ ഇടങ്ങളിൽ ഗൃഹസന്ദർശനം നടത്തിയും അവരുടെ ആശങ്കകൾ കേൾക്കുകയും സംശയങ്ങൾ നിവാരണം ചെയ്യുകയും സേവനങ്ങളുറപ്പാക്കുകയും ചെയ്തിട്ടുണ്ട്. ഇതിനായി ശാസ്ത്രീയ പരിശീലനം നേടിയ ആയിരത്തോളം മാനസികാരോഗ്യ പ്രവർത്തകരുടെയും ആരോഗ്യ പ്രവർത്തകരുടെയും ആരോഗ്യ സേനയുടെയും സന്നദ്ധ പ്രവർത്തകരുടേയുമൊക്കെ കലവറയില്ലാത്ത പിന്തുണ ഉറപ്പാക്കി കോവിഡ് കാലത്ത് ഒരാളും ഒറ്റയ്ക്കല്ലായെന്നും അവർക്കൊപ്പം ഒരു സർക്കാർ സംവിധാനമുണ്ടെന്നും അടിവരയിട്ടുറപ്പിക്കുന്ന പ്രവർത്തനമാണ് നമ്മുടെ കൊച്ചുസംസ്ഥാനം യാഥാർത്ഥ്യമാക്കിയത്. കോവിഡ് രോഗബാധ തടയുന്നതിനായി ആരംഭിച്ച Break the Chain, SMS (Soap Mask Sanitizer) എന്നീ ക്യാമ്പയിനിലൂടെ ജനസമൂഹത്തിന് ബോധവൽക്കരണം നടത്താൻ ആരോഗ്യവകുപ്പിന് സാധിച്ചിട്ടുണ്ട്. ഇതിന്റെ പ്രാധാന്യം മനസ്സിലാക്കാൻ കേരളത്തിന് പുറത്തേയ്ക്ക് യാത്ര ചെയ്താൽ മതിയാകും. നമ്മുടെ സംസ്ഥാനത്ത് കുട്ടികൾ മുതൽ വൃദ്ധരായവർവരെ ഇതിന്റെ പ്രാധാന്യം മനസ്സിലാക്കിയിട്ടുണ്ട്. അവർ കൃത്യമായി പാലിക്കുന്നുമുണ്ട്. ആരോഗ്യ വകുപ്പ് നടത്തിയ നിരന്തര പ്രചരണങ്ങളാണ് ഇതിന് സഹായിച്ചതെന്ന് നാം കാണേണ്ടിയിരിക്കുന്നു. കവിതകളായി, കഥകളായി, ആനിമേഷൻ ചിത്രങ്ങളായി, കാർട്ടൂണുകളായി, പോസ്റ്ററുകളായി, വാർത്തകളായി, ട്രോളുകളായി രോഗവ്യാപനത്തിനെതിരായ പ്രവർത്തനം മലയാളികളുടെ ബോധമനസ്സിനെ നിരന്തരമായി സ്വാധീനിച്ചുവെന്നത് വിസ്മരിക്കാനാകില്ല. പതിനഞ്ചാം കേരള നിയമസഭയുടെ ആദ്യ ബില്ലായി കേരള സാംക്രമിക രോഗങ്ങൾ ബിൽ ഐകകണ്ഠ്യേന പാസ്സാക്കി. ഇതിലൂടെ രോഗനിയന്ത്രണത്തിൽ സർക്കാരിന് കൂടുതൽ അധികാരങ്ങൾ കൈവന്നു. പകർച്ചവ്യാധികൾ പടർന്നുപിടിക്കുമ്പോൾ നിയന്ത്രണങ്ങൾ ഏർപ്പെടുത്താൻ

അനുവദിക്കുന്ന ബില്ലാണിത്. രോഗം പടരാൻ സാധ്യതയുണ്ടെങ്കിൽ ഒത്തുചേരൽ, ആഘോഷങ്ങൾ, ആരാധന എന്നിവ നിർണ്ണയിക്കുവാനും നിരോധിക്കാനും അധികാരം നൽകുന്ന ബിൽ. സമയബന്ധിതമായി ബിൽ തയ്യാറാക്കി മാതൃകാപരമായി നടപ്പിലാക്കുന്നതിലൂടെ പൊതുജനാരോഗ്യത്തിന്റെ കാര്യത്തിൽ ഉത്തരവാദിത്തമുള്ള ഭരണകൂടം മുന്നോട്ടുവയ്ക്കുന്ന മികച്ച മാതൃകയായി നമ്മുടെ നാട് മാറുകയാണ്. ജീവിക്കാനുള്ള അവകാശം, സംരക്ഷിക്കാൻ സർക്കാർ കൂടെയുണ്ടെന്നതാണ് മാതൃക. പ്രവാസികൾ കേരളത്തിന്റെ കരുത്താണ്. മലയാളികളില്ലാത്ത നാടില്ലായെന്നാണ് പറയുന്നത്. ലോകത്തിന്റെ ഏത് കോണിലുമെത്തി തൊഴിൽ വ്യവസ്ഥയും വ്യാപാര സാധ്യതയും കണ്ടെത്തി ആ നാടിന്റെ സംസ്കാരത്തിനും സാഹചര്യത്തിനുമൊപ്പം ഇഴുകിച്ചേർന്ന് ജീവിക്കാൻ പ്രത്യേക വൈദഗ്ദ്ധ്യമുള്ളവരാണ് മലയാളികളായ പ്രവാസികൾ. ഇത്തരത്തിലുള്ള പ്രവാസി സഹോദരങ്ങൾക്ക് നാല് മുതൽ ആറ് ആഴ്ചയ്ക്കുള്ളിൽ രണ്ടാം ഡോസ് കോവിഷീൽഡ് വാക്സിൻ നൽകാൻ സംസ്ഥാനം മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചു. പന്ത്രണ്ട് മുതൽ പതിനാറ് ആഴ്ചയ്ക്കുള്ളിൽ രണ്ടാം ഡോസ് കോവിഷീൽഡ് എടുക്കുക എന്നതാണ് കേന്ദ്ര സർക്കാരിന്റെ മാർഗ്ഗനിർദ്ദേശം എന്നകാര്യം ഈ അവസരത്തിൽ നാം ഓർക്കേണ്ടതാണ്. അതോടൊപ്പം ഓർക്കേണ്ട മറ്റൊന്ന്, ആധാറും മറ്റ് തിരിച്ചറിയൽ രേഖകളുമുൾപ്പെടുത്തിയാണ് വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകിയിരുന്നത് എന്നതാണ്. എന്നാൽ പല വിദേശരാജ്യങ്ങളും പാസ്പോർട്ട് നമ്പർ രേഖപ്പെടുത്തിയ വാക്സിനേഷൻ സർട്ടിഫിക്കറ്റാണ് ആവശ്യപ്പെടുന്നത്. ഇത് പ്രവാസികൾക്ക് ഏറെ ബുദ്ധിമുട്ടുണ്ടാക്കി. പലരുടെയും തൊഴിൽ നഷ്ടപ്പെടുന്ന സാഹചര്യം സൃഷ്ടിക്കപ്പെട്ടു. ഇവിടെയും സംസ്ഥാന ആരോഗ്യ വകുപ്പ് ഉണർന്ന് പ്രവർത്തിച്ചു. വിദേശത്തേയ്ക്ക് പോകേണ്ടവർക്കായി പ്രത്യേക ഫോർമാറ്റിൽ വാക്സിനേഷൻ സർട്ടിഫിക്കറ്റ് നൽകുന്നു. പോർട്ടലിൽ ഇതിനുള്ള സൗകര്യമില്ലാത്ത തിനാൽ ജില്ലാതല സംവിധാനങ്ങൾ ഏർപ്പെടുത്തി സർട്ടിഫിക്കറ്റ് നൽകുന്നതിനുള്ള ചുമതല ജില്ലാ മെഡിക്കൽ ഓഫീസർക്ക് നൽകിയിരിക്കുന്നു. വാക്സിനെടുത്ത ബാച്ച് നമ്പറും തീയതിയും വേണ്ടവർക്ക് അതും രേഖപ്പെടുത്തുന്നു. കിടപ്പുരോഗികൾക്ക് അവരുടെ വീട്ടിലെത്തി വാക്സിൻ നൽകുന്നു. പതിനെട്ടിനും ഇരുപത്തിമൂന്നിനും ഇടയിൽ പ്രായമുള്ള കോളേജ് വിദ്യാർത്ഥികൾ, സ്വകാര്യ ബസ് ജീവനക്കാർ, അതിഥി തൊഴിലാളികൾ, മാനസിക വെല്ലുവിളി നേരിടുന്നവർ തുടങ്ങിയവർക്കും വാക്സിനേഷൻ മുൻഗണനാപട്ടികയിൽ ഇടം നൽകിയിരിക്കുന്നു. കോവിഡ് വാക്സിൻ ക്ഷാമം നേരിടുന്ന പശ്ചാത്തലത്തിൽ സ്വന്തമായി വാക്സിൻ ഉൽപ്പാദിപ്പിക്കാനുള്ള ശ്രമങ്ങൾ സംസ്ഥാനം ആരംഭിച്ചിരിക്കുന്നു. സാധ്യതകൾ പരിശോധിച്ച് ചർച്ചകൾ പുരോഗമിക്കുന്നു. നാട് അതിന്റെ പ്രതീക്ഷയിലാണ്. അസാധ്യമാണെന്ന് വിധിയെഴുതിയ പലതും അസാമാന്യമായ ഇച്ഛാശക്തിയോടെ യാഥാർത്ഥ്യമാക്കിയ ഒരു ഭരണനേതൃത്വത്തിന് ഇതും സാധ്യമാകുമെന്ന പ്രതീക്ഷയാണ്. നമ്മുടെ സംസ്ഥാനത്തെ

മാത്രമല്ല ദക്ഷിണേന്ത്യയുടെ മുഴുവൻ വാക്സിൻ ആവശ്യകതയും നിറവേറ്റുകയാണ് നമ്മുടെ ലക്ഷ്യം. എന്നാൽ രാജ്യത്തിന്റെ തെക്കുപടിഞ്ഞാറ് ഭാഗത്തുനിന്ന് വരുന്ന വാർത്തകൾക്കായി രാജ്യമാകമാനം കാതോർക്കുകയാണ്. വാക്സിൻ വിതരണത്തിലും നയത്തിലും പരമോന്നത ഭരണകൂടത്തെ നിയന്ത്രിക്കാൻ പരമോന്നത നീതിപീഠത്തിന് ഇടപെടേണ്ടിവരുന്ന ഈ രാജ്യത്തെ ജനതയുടെ പ്രതീക്ഷയാണ് നമ്മുടെ കേരളം. സർക്കാർ ആശുപത്രികളിൽ ഇ-ഹെൽത്ത് പദ്ധതി യാഥാർത്ഥ്യമാക്കുന്നു. രോഗികൾ ചികിത്സാരേഖകൾ കൊണ്ടുനടക്കേണ്ട ആവശ്യമില്ലായെന്നതാണ് പദ്ധതിയുടെ ഏറ്റവും വലിയ മികവ്. വ്യക്തിയുടെ ആരോഗ്യരേഖകൾ ആശുപത്രികൾ കേന്ദ്രീകരിച്ച് കമ്പ്യൂട്ടറിൽനിന്ന് ലഭ്യമാകുന്നു. ലാബ് പരിശോധനകളും കുറിപ്പുകളും പരിശോധനാ ഫലങ്ങളും ഓൺലൈനിൽ നേരിട്ട് ഡോക്ടർമാർക്ക് ലഭ്യമാക്കുന്നു. ഇ-ഹെൽത്ത് സംവിധാനത്തിൽ രജിസ്റ്റർ ചെയ്ത രോഗികൾക്ക് ഈ സംവിധാനംവഴി ഏത് ആശുപത്രിയിലും തുടർചികിത്സ നേടാൻ കഴിയുന്ന സാഹചര്യമാണുള്ളത്. നമ്മുടെ പൊതുജനാരോഗ്യ സംവിധാനം അത്രയേറെ മുന്നേറുകയാണ്. കോവിഡ് വ്യാപനം വർദ്ധിക്കുന്ന ഘട്ടത്തിൽ വീട്ടിലിരുന്ന് ചികിത്സ നേടുന്നതിനായി ഇ-സഞ്ജീവനി സേവനം ശക്തിപ്പെടുത്തി. ഇതിൽനിന്നും ലഭിച്ച കുറിപ്പടി തൊട്ടടുത്ത സർക്കാർ ആശുപത്രിയിൽ കാണിച്ചാൽ സൗജന്യമായി മരുന്ന് നൽകുന്നു. 2 ലക്ഷത്തിലധികം പേരാണ് ഇ-സഞ്ജീവനി പദ്ധതി ഉപയോഗപ്പെടുത്തിയത്. പ്രതിദിനം രണ്ടായിരത്തോളം പേർ ഇ-സഞ്ജീവനി പദ്ധതിവഴി ചികിത്സ നേടുന്നു. 2500 ഡോക്ടർമാരുടെ സേവനം ലഭ്യമാക്കുന്നതിനാൽ രോഗികൾ ആറ് മിനിട്ടിൽ താഴെ മാത്രമേ ചികിത്സയ്ക്കായി കാത്തിരിക്കേണ്ടിവരുന്നുള്ളൂവെന്നതും ആശ്വാസകരമാണ്. സംസ്ഥാനത്തെ 123 സർക്കാർ ആശുപത്രികൾക്കാണ് National Quality Assurance Standard അംഗീകാരം ലഭ്യമായത്. പഞ്ഞിയും മരുന്നുമില്ലാത്ത സർക്കാർ ആശുപത്രികൾ നമുക്ക് ഓർമ്മയുണ്ട്. 'നാടിന് പനിക്കുന്നു' എന്ന് മാധ്യമങ്ങൾ ചൂണ്ടിക്കാണിച്ച കാലം. പകർച്ചപ്പനിയെ നിയന്ത്രിക്കാൻ കഴിയാതെ ഇരുട്ടിൽ തപ്പിയ ഭരണ സംവിധാനം. ഈ സംവിധാനത്തിന് മാറ്റംവരുത്തി വിരലിലെണ്ണാവുന്ന വർഷങ്ങൾകൊണ്ട് അസൂയാവഹമായ നേട്ടമാണ് പൊതുജനാരോഗ്യ സംവിധാനം കൈവരിച്ചത്. സംസ്ഥാനത്തെ മൊത്തം ജനസംഖ്യയുടെ മൂന്നിലൊന്ന് പേർക്ക് ആദ്യ ഡോസ് വാക്സിൻ നൽകാൻ സാധിച്ചു. വാക്സിൻ നൽകുമ്പോൾ പാഴായി പോകാൻ ഇടയുള്ള വാക്സിന്റെ അളവ് അന്താരാഷ്ട്രതലത്തിൽത്തന്നെ കണക്കാക്കി അംഗീകരിച്ചിട്ടുണ്ട്. അതേസമയം ഒരു തുള്ളിപോലും പാഴാക്കാതെ മുഴുവൻ ആളുകൾക്കും വാക്സിൻ ലഭ്യമാക്കി, അധിക സാധ്യതകൂടി ഉപയോഗപ്പെടുത്തി നമ്മുടെ ആരോഗ്യപ്രവർത്തകർ മാതൃക സൃഷ്ടിച്ചു. കോവിഡ് രോഗബാധയുടെ ഘട്ടത്തിൽ രോഗം വഷളാകുന്ന കുടുംബത്തെ ആംബുലൻസിൽ ആശുപത്രിയിലേയ്ക്ക് അയയ്ക്കുന്നു. രോഗികളുടെ ആരോഗ്യസ്ഥിതിയിൽ

അവരുടെ ബന്ധുക്കൾക്കുണ്ടാകുന്ന ആശങ്കകൾ നമുക്ക് പറഞ്ഞ് ഫലിപ്പിക്കാനാകുന്നതിനുമപ്പുറമാണ്. ഇവിടത്തെ കോവിഡ് രോഗികൾക്ക് വീട്ടുകാരെ വിളിക്കാമെന്ന പദ്ധതിയുണ്ട്. വീഡിയോകോളിലൂടെ വീട്ടുകാരുമായി ആശയവിനിമയം നടത്തുന്നുവഴി രോഗികൾക്കും കുടുംബങ്ങൾക്കും ലഭിക്കുന്ന ആശ്വാസം വളരെ വലുതാണ്. നവജാത ശിശുക്കൾക്കും കുട്ടികൾക്കും രോഗബാധയുണ്ടായപ്പോൾ അവരുടെ ചികിത്സയ്ക്കായി മാർഗ്ഗരേഖയും അത് നിയന്ത്രിക്കാൻ The Standardized Infection Ratio (SIR) പ്ലാനും പുറത്തിറക്കിയത് ആശ്വാസകരമാണ്. കുട്ടികളുടെ ചികിത്സയ്ക്കായി ആരോഗ്യപ്രവർത്തകരെ പ്രാപ്തരാക്കുന്നതിന് 'കുരുന്ന്-കരുതൽ' എന്ന പദ്ധതി ആവിഷ്കരിച്ച് പരിശീലനം നടത്തിവരുന്നു. സ്വകാര്യ ആശുപത്രികളിൽ ചികിത്സ നേടുന്ന രോഗികൾക്ക് ആശ്വാസം പകരുന്ന കോവിഡ് ചികിത്സാ നിരക്ക് സർക്കാർ നിശ്ചയിച്ച് നൽകിയത് സ്വാഗതാർഹമാണ്. വയോജനങ്ങൾക്ക് കോവിഡ് കാലത്ത് ആശ്വാസം പകർന്നുകൊണ്ട് മരുന്ന് വീട്ടിലെത്തിച്ചുനൽകുന്ന 'Karunya@Home' പദ്ധതിക്ക് തുടക്കമായി. വീട്ടിലെത്തിച്ചുനൽകുന്ന മരുന്നിന് അധിക തുക ഈടാക്കുന്നില്ലായെന്നുമാത്രമല്ല, മരുന്നിന്റെ വില ഒരു ശതമാനം കുറച്ചുനൽകുന്നതും ഈ പദ്ധതിയുടെ സവിശേഷതയാണ്. വയോജനങ്ങളുടെ സംരക്ഷണം മാതൃകാപരമായി നടപ്പിലാക്കുന്നത് ഉത്തരവാദിത്വമുള്ള സമൂഹത്തിന്റെ ലക്ഷണമാണ്. രജിസ്റ്റർ ചെയ്തവർക്ക് കൃത്യമായ പ്രിസ്ക്രിപ്ഷന്റെ അടിസ്ഥാനത്തിൽ മരുന്നുകൾ വീട്ടിലെത്തിക്കുന്നു. അന്താരാഷ്ട്ര സഭ രൂപപ്പെടുത്തിയ ലക്ഷ്യങ്ങൾ, കേരളത്തിൽ പ്രസക്തമായി പരിശോധിക്കുകയും സംസ്ഥാനത്തിനിപ്പോഴുള്ള സാഹചര്യങ്ങൾക്ക് അനുയോജ്യമായ നിർദ്ദേശങ്ങൾ തെരഞ്ഞെടുക്കുകയും ചെയ്യുന്നു. വർഷങ്ങളായി സംസ്ഥാന ബഡ്ജറ്റിൽനിന്ന് വലിയ തുക നീക്കിവയ്ക്കുന്ന മേഖലയാണ് ആരോഗ്യമേഖല. സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽനിന്നും ഇരുപതിൽ ഒന്നാണ് ആരോഗ്യ മേഖലയ്ക്കായി മാറ്റിവയ്ക്കുന്നത്. ഇതിനുപുറമെ കെട്ടിട നിർമ്മാണത്തിനും ഉയർന്ന നിലവാരമുള്ള ഉപകരണങ്ങൾ വാങ്ങുന്നതിനും കിഫ്ബി ഫണ്ടുപയോഗിച്ച് വലിയ നിക്ഷേപങ്ങൾ നടത്തിയിട്ടുണ്ട്. ഈ നാടിന്റെ ആരോഗ്യ സംരക്ഷണത്തിനായി അഹോരാത്രം പ്രയത്നിക്കാൻ പ്രതിജ്ഞാബദ്ധരാണെന്ന് തെളിയിക്കുന്ന കാലത്തിനു മുമ്പേ നമുക്ക് ദീർഘവീക്ഷണപരമായ പദ്ധതികൾ ആവിഷ്കരിച്ച് മാതൃകാപരമായി നടപ്പിലാക്കുന്ന ഈ സർക്കാരിന്റെ ആരോഗ്യ പദ്ധതിക്ക് എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഒരിക്കൽകൂടി ഈ ധനാഭ്യർത്ഥനകളെ പിന്തുണച്ചുകൊണ്ട് നിർത്തുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. ആരോഗ്യ മേഖല പ്രതിസന്ധിയിലൂടെയും ആശങ്കയിലൂടെയും കടന്നുപോകുന്ന സന്ദർഭമാണിത്. കോവിഡ് വരുന്നത് ഗവൺമെന്റിന്റെ കുഴപ്പംകൊണ്ടാണെന്ന്

ഞാനൊരിക്കലും പറയില്ല, അങ്ങനെ ഞങ്ങളാരും പറഞ്ഞിട്ടുമില്ല. എന്നാൽ കോവിഡ് വ്യാപനം തടയുകയും നിയന്ത്രിക്കുകയും ചെയ്യുന്ന കാര്യത്തിലുണ്ടായിരിക്കുന്ന വീഴ്ചകളും പാളിച്ചകളും അതിലുണ്ടായിരിക്കുന്ന പരാജയവുമാണ് എല്ലാ സന്ദർഭങ്ങളിലും ഞങ്ങൾ ഉന്നയിച്ചിട്ടുള്ളത്. കോവിഡുമായി ബന്ധപ്പെട്ട അടിയന്തരപ്രമേയങ്ങളിൽ ഞങ്ങൾ പരമാവധി വാക്കൗട്ട് ഒഴിവാക്കിയിട്ടുണ്ട്. അപ്പോഴെല്ലാം ഞങ്ങൾ നിർദ്ദേശങ്ങൾ മുന്നോട്ടുവയ്ക്കുകയും ചർച്ചയ്ക്കായുള്ള വേദികൾ ഒരുക്കാനുമാണ് ശ്രമിക്കുന്നത്. എന്നാൽ കോവിഡിനെക്കുറിച്ച് ഞങ്ങളൊന്നും പറയാൻ പാടില്ലായെന്ന സമീപനമാണ് നിർഭാഗ്യവശാൽ ഗവൺമെന്റ് പലപ്പോഴും സ്വീകരിക്കുന്നത്. അതായത്, ഗവൺമെന്റ് പറയുന്നതാണ് ശരി, മറ്റുള്ളവർ അത് അംഗീകരിക്കണമെന്ന സമീപനം സ്വീകരിക്കാൻ സാധിക്കില്ല. കോവിഡുമായി ബന്ധപ്പെട്ട് പരിശോധിക്കുമ്പോൾ കേരളത്തിലുണ്ടായിരിക്കുന്ന പ്രതിസന്ധി വളരെ വലുതാണ്. കോവിഡ് രോഗം നിയന്ത്രിക്കുന്നതിനു വേണ്ടി സ്വീകരിച്ച സമീപനങ്ങളിൽ പാളിച്ചകളുണ്ടെന്ന് ഗവൺമെന്റുതന്നെ തിരിച്ചറിഞ്ഞിട്ടുണ്ടല്ലോ. ലോക്ഡൗൺ സംവിധാനത്തിലുണ്ടായിരിക്കുന്ന വീഴ്ചകളെയും അപ്രായോഗികതയെക്കുറിച്ചും വ്യക്തമായി ഇന്ന് ഗവൺമെന്റിന് ബോദ്ധ്യമായതുകൊണ്ട് അത് പുനഃപരിശോധിക്കാൻ സർക്കാർ സ്വയം തയ്യാറായിരിക്കുകയാണ്. ഇക്കാര്യം ഞങ്ങൾ വളരെ മുമ്പുതന്നെ ചൂണ്ടിക്കാണിച്ചതാണ്. പതിനാലാം കേരള നിയമസഭയുടെ സമ്മേളനം നടന്ന സമയത്തും ഈ വിഷയങ്ങൾ ഞങ്ങൾ മുന്നോട്ടുവച്ചതല്ലേ? ഞങ്ങൾ പറയുന്ന കാര്യങ്ങളെ അതിന്റേതായ സ്പിരിറ്റിൽ ഉൾക്കൊള്ളുവാൻ ഗവൺമെന്റിന് സാധിക്കാത്തതുതന്നെ വീഴ്ചകൾക്ക് ആക്കം വർദ്ധിപ്പിക്കുന്നുവെന്ന് ഓർമ്മപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുന്നു. മെഡിക്കൽ കോളേജുകൾക്ക് ഇന്ന് അമിതഭാരം വന്നിരിക്കുകയാണ്. സ്വാഭാവികമായും കോവിഡുമായി ബന്ധപ്പെട്ടുള്ള പ്രതിരോധ പ്രവർത്തനങ്ങൾ മെഡിക്കൽ കോളേജുകൾ കേന്ദ്രീകരിച്ച് നീങ്ങുമ്പോൾ ജോലിക്കാരിൽ അമിതമായ ജോലിഭാരം വന്നിരിക്കുകയാണ്. കൂടാതെ മറ്റു രോഗങ്ങളുമായി വരുന്നവർക്ക് ചികിത്സ ലഭിക്കാതെ വരുന്ന സാഹചര്യവുമുണ്ട്. തിരുവനന്തപുരം മെഡിക്കൽ കോളേജിലെ കിടക്കകളുടെ എണ്ണം 2435-ൽ നിന്നും 2607 ആയി വർദ്ധിപ്പിച്ചു. ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട്, എറണാകുളം തുടങ്ങിയ മെഡിക്കൽ കോളേജുകളിലെ കിടക്കകളുടെ എണ്ണത്തിൽ വർദ്ധനവുണ്ടായിട്ടില്ല. മെഡിക്കൽ കോളേജുകളിലെ കിടക്കകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടത് ആവശ്യമാണ്. അതോടൊപ്പം അവിടെ കോവിഡ് ചികിത്സ വന്നതിനുശേഷം മറ്റ് അസുഖങ്ങളാൽ വരുന്ന രോഗികൾക്ക് ആവശ്യമായ ചികിത്സ ലഭിക്കുന്നില്ലെന്ന പരാതി ഉയർന്നുവരുന്ന സാഹചര്യമാണ് നിലനിൽക്കുന്നത്. മെഡിക്കൽ കോളേജ് ആശുപത്രിയെമാത്രം ആശ്രയിക്കാതെ മറ്റുനിലയിൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ, ചികിത്സകൾ മുന്നോട്ടുകൊണ്ടുപോകാൻ സാധിക്കണം.

സി.എഫ്.എൽ.ടി.സി., ഡി.സി.സി. തുടങ്ങിയവയുടെയെല്ലാം പ്രവർത്തനങ്ങൾ നടക്കുന്നുണ്ടെങ്കിലും പഞ്ചായത്തുകൾ അമിത സാമ്പത്തിക ഭാരം ചുമക്കുകയാണ്. പലസ്ഥലങ്ങളിലും വളരെയേറെ പ്രതിസന്ധികൾ ഇതുമായി ബന്ധപ്പെട്ടുണ്ടെന്ന് സൂചിപ്പിക്കുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോവിഡ് അല്ലാതെ വരുന്ന രോഗികൾക്ക് മതിയായ ചികിത്സ ഉറപ്പുവരുത്തുന്ന കാര്യത്തിൽ ശ്രദ്ധയുണ്ടാകണം, എന്നാലതിന് സാധിക്കുന്നില്ലായെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മറ്റൊന്ന്, ഡോക്ടർമാർക്ക് അല്ലെങ്കിൽ ആരോഗ്യ പ്രവർത്തകർക്കുനേരെയുള്ള ആക്രമണങ്ങൾ വർദ്ധിച്ചുവരുന്നു എന്നതാണ്. അതും ഇതുമായി കൂട്ടിവായിക്കേണ്ട ഒരു വിഷയം തന്നെയാണ്. ഇന്ന് ഇത്തരത്തിലുള്ള വിഷയങ്ങൾ ആവർത്തിക്കപ്പെടുന്നു. ഈ വർഷം ആരോഗ്യ പ്രവർത്തകർക്കുനേരെ പന്ത്രണ്ടോളം ആക്രമണങ്ങൾ രാജ്യത്തുണ്ടായപ്പോൾ അതിൽ അഞ്ചെണ്ണമുണ്ടായത് കേരളത്തിലാണ്. അതുമായി ബന്ധപ്പെട്ട് ആലപ്പുഴ ജില്ലയിലെ ഡോക്ടർമാർ ഇന്നും സമരത്തിലാണെന്നാണ് അറിയുന്നത്. ഡോക്ടർമാരെ കാണാനുള്ള അമിതമായ കാത്തുനിൽപ്പ്, പരിശോധന ഫലം ലഭിക്കാത്തത്, ചില ആരോഗ്യ പ്രവർത്തകരുടെ സമീപനങ്ങൾ, മരുന്നുകളുടെ അഭാവം തുടങ്ങിയ പലവിധത്തിലുള്ള പ്രശ്നങ്ങളായിരിക്കാം അതിൽ പ്രധാനമായും കാണുന്നത്. കൃത്യമായ നിലയിൽ ഗവൺമെന്റ് അഡ്രസ്സ് ചെയ്യേണ്ട വിഷയമാണിത്. ഇന്ന് ഇത്തരത്തിലുള്ള വലിയ ആശങ്ക ആരോഗ്യ പ്രവർത്തകരുടെ ഇടയിൽ നിലനിൽക്കുന്നുണ്ട്.

സ്പോട്ട് വാക്സിനേഷനുള്ള സമീപനം ഗവൺമെന്റ് സ്വീകരിച്ചു. എന്നാൽ സ്പോട്ട് വാക്സിനേഷൻ കൃത്യമായി നടക്കുന്നുണ്ടോയെന്ന് മന്ത്രി പരിശോധിക്കണം. സ്പോട്ട് വാക്സിനേഷൻ പല തദ്ദേശഭരണ സ്ഥാപനങ്ങളിലും പല പഞ്ചായത്തുകളിലും പലരീതിയിലാണ് നടത്തുന്നത്. സ്പോട്ട് വാക്സിനേഷന് കേന്ദ്രീകൃത സ്വഭാവം കൃത്യമായ നിലയിൽ കൊണ്ടുവരാൻ സാധിക്കണം. വാക്സിനേഷനുമായി ബന്ധപ്പെട്ട് അറുപതോളം വിഭാഗങ്ങൾക്ക് മുൻഗണന നൽകുന്നുണ്ട്. അങ്ങനെയുള്ളവർക്ക് കൃത്യമായ നിലയിൽ പോർട്ടലിൽ വരാനും രജിസ്റ്റർ ചെയ്യാനുമുള്ള സംവിധാനം ഉണ്ടാകുന്നില്ലായെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. രാജ്യത്ത് ഒരുലക്ഷത്തിനുമേൽ കോവിഡ് ആക്ടീവ് കേസ്സുകളുള്ള ഏക സംസ്ഥാനം കേരളമാണ്. പതിനെട്ടിനും നാൽപ്പത്തി നാലിനുമിടയിൽ പ്രായമുള്ളവർക്ക് ആദ്യ ഡോസ് വാക്സിൻ നൽകിയതിൽ ദേശീയ ശരാശരി 21 ശതമാനമാകുമ്പോൾ കേരളത്തിലത് പതിനാറ് ശതമാനമാണ്. ഇതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ മന്ത്രി മറുപടി പറയുമ്പോൾ തിരുത്തി പറയണം. കേരളത്തിൽ കൃത്യമായ നിലയിൽ വാക്സിനേഷൻ നടക്കുന്നില്ലായെന്നാണ് ഇതിൽ നിന്നും മനസ്സിലാക്കാൻ സാധിക്കുന്നത്. മറ്റൊന്ന്, കോവിഡുമായി ബന്ധപ്പെട്ട് വന്നിരിക്കുന്ന മരണനിരക്കുകളുടെ ആശയക്കുഴപ്പമാണ് പലപ്പോഴും ഞങ്ങൾ ചൂണ്ടിക്കാണിക്കുന്നത്. കോവിഡ് ഭേദമായിവരുന്ന ഒരു രോഗി മറ്റ് പ്രശ്നങ്ങളാൽ

മരണപ്പെട്ടാൽ, ന്യൂമോണിയ ബാധിച്ചാണ് കൂടുതൽ ആളുകളും ഇപ്പോൾ മരണപ്പെടുന്നത്, അവരെ കോവിഡ് മരണത്തിന്റെ പട്ടികയിൽ ഉൾപ്പെടുത്തണ്ടേ? അങ്ങനെ കോവിഡ് വന്നതുമൂലമുണ്ടായ കോംപ്ലിക്കേഷൻസുകൊണ്ട് ധാരാളം മരണങ്ങൾ സംസ്ഥാനത്ത് നടക്കുന്നുണ്ട്. അതിന് അനവധി ഉദാഹരണങ്ങൾ ചൂണ്ടിക്കാണിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുമുമ്പും സംസാരിച്ച വിഷയമാണിത്. അത്തരം കാര്യങ്ങളിൽ ഗവൺമെന്റിന്റെ സമീപനം എന്താണ്? കോവിഡ് ബാധിച്ച് മരിക്കുന്നവരുടെ എണ്ണം കുറച്ച് കാണിക്കുന്നതിൽ ബോധപൂർവ്വമായ ശ്രമം ഉണ്ടാകരുത്. ആ കണക്കുകൾ കൃത്യമായി അവതരിപ്പിക്കാൻ സർക്കാർ തയ്യാറാകണം. അതിൽ മറ്റൊരു വിഷയമില്ല, ജനങ്ങളുടെ ആശങ്കയും അവരുടെ ആരോഗ്യവുമാണ് നമ്മളെ സംബന്ധിച്ച് മുഖ്യമായ ഘടകം. അതിനാൽ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിലേയ്ക്ക് നീങ്ങാൻ കഴിയണമെങ്കിൽ അത്തരത്തിലുള്ള സമീപനമുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

മറ്റൊരു പ്രധാനവിഷയം, 2006-07 കാലയളവിൽ അനവധി ഹെൽത്ത് സെന്ററുകളെ സി.എച്ച്.സി.-കളായും താലൂക്ക് ആശുപത്രികളായും ഉയർത്തിയിരുന്നു. എന്നാൽ അവിടെയൊന്നും ആവശ്യമായ ജീവനക്കാരുണ്ടായിരുന്നില്ല. എന്റെ നിയോജക മണ്ഡലത്തിലെ പിറവം ആശുപത്രിയെ 2008-ലാണ് താലൂക്ക് ആശുപത്രിയായി ഉയർത്തിയത്. അവിടെ ഒരു സൂപ്രണ്ടുൾപ്പെടെ പതിനഞ്ച് തസ്തികകൾ ലഭ്യമാക്കുന്നത് 2014-ലാണ്. എന്നാൽ ഇപ്പോഴും തസ്തികകൾ പൂർണ്ണമല്ല. എന്റെ നിയോജക മണ്ഡലവുമായി ബന്ധപ്പെട്ട് വിവിധ സി.എച്ച്.സി.-കളുടെയും എഫ്.എച്ച്.സി.-കളുടെയും താലൂക്ക് ആശുപത്രിയുടെയും വിഷയം സംബന്ധിച്ച് ഞാൻ മന്ത്രിക്ക് റെപ്രസന്റേഷൻ നൽകിയിട്ടുണ്ട്. ഇപ്പോഴത്തെ പശ്ചാത്തലത്തിൽ, ഞാൻ എന്റെ നിയോജക മണ്ഡലത്തെ മാത്രം അടിസ്ഥാനപ്പെടുത്തി സംസാരിക്കുന്നതല്ല. ആവശ്യമായ ആരോഗ്യ പ്രവർത്തകരെ, അത് ഡോക്ടർമാരായാലും മറ്റുജീവനക്കാരായാലും അനുബന്ധമായ സൗകര്യങ്ങളായാലും ഹെൽത്ത് സെന്ററുകളിൽ ഒരുക്കുവാനുള്ള നടപടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുണ്ടാകണം. നിയോജകമണ്ഡലങ്ങളിലെ ഇതുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ പ്രത്യേകം ശ്രദ്ധയുണ്ടാകണമെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളുമായി ബന്ധപ്പെട്ടുള്ള കാര്യങ്ങളിൽ ഏകോപനമില്ലായ്മ വ്യക്തമായ നിലയിൽ കാണാൻ കഴിയുന്നുണ്ട്. അക്കാര്യങ്ങളിൽ തിരുത്തേണ്ട ഭാഗങ്ങൾ തിരുത്തി ക്രിയേറ്റീവായിട്ടുള്ള ചർച്ചയിലൂടെ, ഈ വിഷയങ്ങളിൽ എല്ലാ വിഭാഗങ്ങളെയും വിശ്വാസത്തിലെടുത്ത് മുന്നോട്ടുകൊണ്ടുപോകാനുള്ള തുറന്ന സമീപനം ഗവൺമെന്റിനുണ്ടാകണമെന്ന് സൂചിപ്പിക്കുവാൻ ആഗ്രഹിക്കുന്നു.

ഡോ. സുജിത് വിജയൻപിള്ള: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുന്നു. കഴിഞ്ഞ അഞ്ചുവർഷക്കാലം ആരോഗ്യ മേഖലയിൽ അഭൂതപൂർവ്വമായ മാറ്റങ്ങളാണ് സംഭവിച്ചത്. ആരോഗ്യ മേഖലയിലെ തസ്തികകൾ

നികത്തുന്നതിനെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി, കഴിഞ്ഞ സർക്കാരിന്റെ കാലത്തടക്കം പുതിയ തസ്തികകളുൾപ്പെടെ പന്ത്രണ്ടായിരത്തി അഞ്ഞൂറോളം തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് ആരോഗ്യമേഖലയെ ശക്തിപ്പെടുത്തി. ഇപ്പോൾ കോവിഡ് ബ്രിഗേഡ് അടക്കമുള്ള സംവിധാനങ്ങൾ മുഖേനയും എൻ.എച്ച്.എം. മുഖേനയും താൽക്കാലികാടിസ്ഥാനത്തിലും നിരവധി ഡോക്ടർമാരെയും ആരോഗ്യപ്രവർത്തകരെയും നിയമിച്ചുകൊണ്ടിരിക്കുന്നു. പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുവരെയുള്ള തലങ്ങളിൽ ഏറ്റവും വലിയ വികസനം നടന്ന വർഷങ്ങളായിരുന്നു കഴിഞ്ഞ അഞ്ച് വർഷം. പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി ഉയർത്തുകയും ഒ.പി. ക്ലിനിക്കുകളുടെ സമയം മൂന്നുമണി വരെയാക്കി ക്രമീകരിക്കുകയും സൗജന്യ നിരക്കിൽ ലാബ് സംവിധാനങ്ങൾ ഏർപ്പെടുത്തുകയുംവഴി പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിൽത്തന്നെ മികച്ച രീതിയിലുള്ള ചികിത്സകൾ നൽകുവാൻ സാധിച്ചു. സബ്സെന്ററുകൾ വെൽനസ് ക്ലിനിക് സെന്ററുകളാക്കിയതിനാൽ മികച്ച മുന്നേറ്റം കൈവരിക്കാൻ സാധിച്ചു. ബി.എസ്‌സി. നഴ്സുമാരെ മിഡ് ലെവൽ സർവ്വീസ് പ്രൊവൈഡറായി നിയമിച്ചതുവഴി നോൺ കമ്മ്യൂണിക്കബിൾ ഡിസീസുകൾ നേരത്തെ കണ്ടെത്തുന്നതിന് സാധ്യമാകുന്ന രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. സാമൂഹികാരോഗ്യ കേന്ദ്രങ്ങളും താലൂക്ക് ആശുപത്രികളുമെല്ലാം മികച്ച സൗകര്യങ്ങളടങ്ങിയ രോഗീസൗഹൃദ ആശുപത്രികളായി മാറിക്കൊണ്ടിരിക്കുകയാണ്. ജില്ലാ ആശുപത്രികൾ കാത്ത് ലാബുകളും ട്രോമാകെയർ സെന്ററുകളും സ്പോർട്ട് ക്ലിനിക്കുകളുമടക്കമുള്ള സൂപ്പർസ്പെഷ്യാലിറ്റി സെന്ററുകളായി മാറിക്കൊണ്ടിരിക്കുന്നു. ഒന്നാംഘട്ട പ്രവർത്തനങ്ങളുടെ ഭാഗമായി തിരുവനന്തപുരം മെഡിക്കൽ കോളേജിൽ ഐ.പി. കിടക്കകളുടെ എണ്ണം വർദ്ധിപ്പിച്ചു. ഐ.സി.യു., ഓപ്പറേഷൻ തീയേറ്ററുകൾ, ഓങ്കോളജി സർജറി, ഓങ്കോ മെഡിസിനടക്കം മികച്ച സൗകര്യങ്ങൾ ഏർപ്പെടുത്തുന്നു. ഇതിന്റെയെല്ലാം ആകെ തുകയായി, നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡ് അനുസരിച്ച് കഴിഞ്ഞ രണ്ട് വർഷങ്ങൾകൊണ്ട് ഏറ്റവും മികച്ച പന്ത്രണ്ട് പ്രൈമറി ഹെൽത്ത് സെന്ററുകൾ കേരളത്തിൽ നിന്നുള്ളതാണ്. അതുപോലെ മികച്ച ജില്ലാ ആശുപത്രികളും താലൂക്കാശുപത്രികളുമുൾപ്പെടെ ഏതാണ്ട് 124-ഓളം സർക്കാർ ആശുപത്രികൾ നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിൽ ലിസ്റ്റ് ചെയ്യപ്പെട്ടു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. മുഹമ്മദ് മുഹസിൻ]

നോൺ കമ്മ്യൂണിക്കബിൾ ഡിസീസിന്റെ കാര്യം പറയുകയാണെങ്കിൽ, 'അമൃതം ആരോഗ്യം' എന്ന പദ്ധതി പതിനാല് ജില്ലകളിലും നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. സി.എച്ച്.സി., പി.എച്ച്.സി., സബ് ക്ലിനിക്കുകൾ എന്നിവയിലൂടെ നിരവധി ഡിറ്റക്ഷൻ പ്രോഗ്രാമുകളാണ് നടത്തുന്നത്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ ഡയബറ്റീസ് രോഗികളുള്ള

സംസ്ഥാനമാണ് കേരളം. ഇതിനൊക്കെ തുടക്കത്തിലേയുള്ള ചികിത്സവഴി കോമോർബിഡിറ്റികൾ, കിഡ്നി ഡിസീസസ് അടക്കമുള്ള രോഗങ്ങൾ കുറയ്ക്കുവാൻ സാധിക്കുന്നുണ്ട്. ഇതിന് തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബഡ്ജറ്റിലടക്കം ആരോഗ്യമേഖലയ്ക്കുവേണ്ടി 40 ശതമാനത്തോളം ഫണ്ട് മാറ്റിവയ്ക്കുകയും അത് കൃത്യമായി ഓഡിറ്റ് ചെയ്യുകയുമാണെങ്കിൽ ഇൻസുലിന്റെ ലഭ്യത കുറയുന്നത് പ്രൈമറി ഹെൽത്ത് സെന്ററിൽത്തന്നെ മോണിറ്റർ ചെയ്യാൻ സാധിക്കും.

കമ്മ്യൂണിക്കബിൾ ഡിസീസിന്റെ കാര്യം പറയുകയാണെങ്കിൽ, കേരളത്തിന്റെ ട്രോപ്പിക്കൽ ക്ലൈമറ്റിന്റെ പശ്ചാത്തലത്തിൽ ട്രോപ്പിക്കൽ ഡിസീസിന്റെ വലിയ ഗ്യാലറി തന്നെയാണ് കേരളം. നമ്മുടെ പുഴകളും കാടുകളും പുൽമേടുകളുമെല്ലാം ജലജന്യ രോഗങ്ങൾക്കും പണ്ടേ പ്രശ്നങ്ങളാണ്. പൂർവ്വികർ വെള്ളം തിളപ്പിച്ചുകുടിക്കുന്നതും കർക്കിടക മാസത്തിലെ മഴക്കാലത്ത് കർക്കിടക ചികിത്സയെന്നുപറഞ്ഞ് വീട്ടിലിരിക്കുന്നതും പണ്ടേയുള്ള പ്രവണതയാണ്. ഈ രോഗാണുക്കൾ കാരണം ഡെങ്കിപ്പനി, എച്ച്1 എൻ1, മലേറിയ, നിപ അടക്കമുള്ള എല്ലാ രോഗങ്ങളും നമ്മുടെ നാട്ടിൽ വന്നിട്ടുണ്ട്. പക്ഷേ ഈ രോഗങ്ങളെ അതിജീവിക്കാൻ സാധിക്കുന്നുണ്ടോ എന്നുള്ളതാണ് നാം മനസ്സിലാക്കേണ്ടത്. ബഡ്ജറ്റിൽ പറഞ്ഞിട്ടുള്ള Center for Disease Control and Prevention എന്ന സ്ഥാപനം വരികയാണെങ്കിൽ KUHS (Kerala University of Health Sciences)-മായി ചേർന്ന് നല്ലൊരു റിസർച്ചിനുള്ള വകയുണ്ട്. ഹെൽത്ത് യൂണിവേഴ്സിറ്റിയുടെ പ്രധാന ലക്ഷ്യം 'to Promote medical research' എന്നതിനാൽ ഇതിന് നല്ല സാധ്യതയുണ്ട്. പതിമൂന്നോളം ഗവൺമെന്റ് മെഡിക്കൽ കോളേജുകളോടൊപ്പം മുപ്പത്തിനാലോളം സ്വാശ്രയ മെഡിക്കൽ കോളേജുകളുള്ളത് നല്ലൊരു സാഹചര്യമാണ്. സാംക്രമിക രോഗങ്ങളെ ഫലപ്രദമായാണ് നമ്മുടെ സർക്കാർ നേരിട്ടത്. പ്രത്യേകിച്ച്, രണ്ട് പ്രളയങ്ങൾ വന്നിട്ടും വലിയ രീതിയിലുള്ള ജലജന്യരോഗങ്ങളൊന്നും ഉണ്ടായി ട്ടില്ലെന്നുള്ളത് എടുത്തുപറയേണ്ട കാര്യമാണ്. ഇത്രയും പ്രതികൂല സാഹചര്യത്തിലും നമ്മുടെ ഹെൽത്ത് ഇൻഡക്സ് യു.പി.-യെയോ ബീഹാറിനെയോ പോലെയൊന്നുമല്ല, ഇന്റർനാഷണൽ സ്റ്റാന്റേർഡിലെ ഇൻഡക്സ് മാത്രം നോക്കാം. കഴിഞ്ഞ 30 വർഷമായി Infant mortality rate സിംഗിൾ ഡിജിറ്റിലേയ്ക്ക് കൊണ്ടുവരാൻ ശ്രമിച്ചുകൊണ്ടിരി ക്കുകയാണ്. എപ്പോഴും പത്ത് ശതമാനത്തിലും പന്ത്രണ്ട് ശതമാനത്തിലും നിൽക്കുമായിരുന്നു. ഇപ്പോൾ അത് ഏഴുശതമാനത്തിലേയ്ക്ക് കൊണ്ടുവരാൻ സാധിച്ചു. നമ്മൾ മനസ്സിലാക്കേണ്ടത്, സ്കാൻഡിനേവിയൻ രാജ്യങ്ങളിൽ നാലും അഞ്ചും ശതമാനമെന്നുപറയുമ്പോൾ അവിടെ ജനനനിരക്ക് കേരളത്തെക്കാളും തുലോം തുച്ഛമാണ്. ഇത്രയും ജനനനിരക്കുള്ള സ്ഥലത്ത് Infant mortality rate ഇങ്ങനെ കുറയ്ക്കുവാൻ സാധിച്ചത് 2006-2011-ലെ ബഹുമാന്യനായ വി. എസ്. അച്ചുതാനന്ദൻ സർക്കാരിന്റെ കാലഘട്ടത്തിൽ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി പി. കെ. ശ്രീമതി ടീച്ചറുടെ നേതൃത്വത്തിൽ ആശുപത്രികളിൽ ഇൻഫക്ഷൻ കൺട്രോൾ പ്രോട്ടോക്കോൾ കൊണ്ടുവന്നതിന്റെ ഫലമായിട്ടാണ്.

കോവിഡുമായി ബന്ധപ്പെട്ട് നിരവധി ചർച്ചകൾ വന്നു. കോവിഡിന്റെ ഒന്നാം തരംഗത്തിൽ ലോക്ഡൗൺ പ്രോട്ടോക്കോൾ കൃത്യമായി സെറ്റ് ചെയ്തുകൊണ്ട് ധാരാളം ജീവനുകൾ രക്ഷപ്പെട്ടുവെന്ന് നിസംശയം പറയാം. ഞാൻ യു.പി.-യുമായല്ല താരതമ്യം ചെയ്യുന്നത്. യു.കെ., ഇറ്റലി, യു.എസ്. എന്നിവിടങ്ങളിലൊക്കെ നിരവധി മരണങ്ങളാണ് സംഭവിച്ചത്. അതെടുത്തുപറയുന്നത് ആവർത്തനവിരസതയുണ്ടാകുന്ന കാര്യമാണ്. പ്രത്യേകിച്ച്, അൺലോക്ക് ചെയ്യുന്ന പ്രക്രിയ, Herd immunity വരുത്താൻവേണ്ടി, യു.കെ.-യിൽ ലോക്ഡൗൺ ഇളവുകൾക്ക് അയവുവരുത്തിയപ്പോൾ നിരവധി മരണങ്ങളാണ് സംഭവിച്ചത്. U.K.-യിൽ Varient B1.1.7 എന്നുള്ളത് നിരവധി ജീവനുകൾ അപഹരിച്ചതായി കണ്ടു. കോവിഡ് രണ്ടാം തരംഗത്തിൽ രാജ്യങ്ങളുടെ പേരുപറഞ്ഞ് കോഡ് ചെയ്യരുതെന്ന് ലോകാരോഗ്യ സംഘടനതന്നെ പറയുന്നുണ്ട്. B1.617 രണ്ടാം തരംഗം കേരളത്തിൽ വന്നപ്പോൾ നമുക്കും ഇതുപോലെ നിരവധി പ്രശ്നങ്ങളുണ്ടായി. പക്ഷേ നമ്മൾ അതിനെ പ്രതിരോധിച്ചു. അതെന്താണ് മനസ്സിലാക്കാൻ കഴിയാത്തത്? നൂറുശതമാനം വിഭവങ്ങളും കൃത്യമായ ആസൂത്രണവുംകൊണ്ട് നമുക്ക് രോഗത്തെ പ്രതിരോധിക്കാൻ സാധിച്ചു. ജൂൺ-ജൂലൈ മാസങ്ങളിൽ നമ്മുടെ എല്ലാ വിഭവങ്ങളും ഉപയോഗിച്ചുകൊണ്ട് മരണനിരക്ക് കുറയ്ക്കാൻ സാധിച്ചു. കേരളത്തിലെ മരണനിരക്ക് ഇപ്പോഴും 0.5 ആണ്. മറ്റ് രാജ്യങ്ങളുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ മരണ നിരക്ക് വളരെ കുറവാണ്. അതിനെ അഭിനന്ദിക്കാൻ കഴിയണം. അതുപോലെ എന്റെ മണ്ഡലത്തിലെ കെ.എം.എം.എൽ. ഓക്സിജൻ പൈപ്പുവഴി ഓക്സിജൻ ബെഡ്ഡുകൾ ലഭ്യമാക്കി ധാരാളം ജീവനുകൾ രക്ഷിക്കാൻ സാധിച്ചു. സി.എഫ്.എൽ.ടി.സി., സി.എസ്.എൽ.ടി.സി., ഡി.സി.സി. അടക്കം ജനങ്ങളുടെ പങ്കാളിത്തത്തോടെ നന്നായി പ്രവർത്തിച്ചു. ഈ മാതൃകകൾ ലോകത്തെങ്ങും കാണുവാൻ സാധിക്കുകയില്ല. ഇതിനെയെല്ലാം അഭിനന്ദിക്കാൻ കഴിയണം. ഇന്നിപ്പോൾ ജാഗ്രതാ പോർട്ടൽ നോക്കുകയാണെങ്കിൽ, 70 ശതമാനം ഐ.സി.യു. ബെഡ്ഡുകൾ മാത്രമേ occupy ചെയ്യുന്നുള്ളൂ എന്ന് കാണാം. ബാക്കി 30 ശതമാനം റിസർവ്ഡ് ആണ്. ഇൻഫക്ടിവിറ്റി അത്രയും കുറവാണെന്നാണ് അത് സൂചിപ്പിക്കുന്നത്. ഐ.സി.എം.ആർ.-ന്റെ കാര്യം നേരത്തെ സൂചിപ്പിക്കുകയുണ്ടായി. കേരളത്തിലെ ഇൻഫക്ടിവിറ്റി ഇപ്പോഴും 45 ശതമാനം മാത്രമേ വരുന്നുള്ളൂ എന്നുള്ളത് വലിയ കാര്യമാണ്. കാരണം നമുക്ക് വളരെ പതുക്കെ ഓപ്പൺ ചെയ്തുകൊണ്ട് herd immunity വരുന്ന രീതിയിൽ അല്ലെങ്കിൽ വാക്സിൻ വരുന്ന രീതിയിൽ കൃത്യമായ പ്രോട്ടോക്കോളുകളാണ് പാലിക്കുന്നത്. കഴിഞ്ഞ ദിവസം മത്സ്യബന്ധനമേഖല തുറക്കുന്നതിനുമുൻപ് മത്സ്യബന്ധനത്തിൽ ഏർപ്പെടുന്നവരെല്ലാം വാക്സിൻ എടുക്കുകയുണ്ടായി. ആ രീതിയിൽ ആസൂത്രിതമായി മുന്നോട്ടുപോകുന്നു. കേരളത്തിൽ ഏതാണ്ട് മൂന്ന് മാസത്തിനുള്ളിൽ ഒന്നരക്കോടിയോളം ജനങ്ങൾ വാക്സിൻ എടുക്കുമെന്നാണ് വിശ്വസിക്കുന്നത്. വാക്സിൻ എന്നത് ultimate solution അല്ല. 61 ശതമാനം

വാക്സിനേഷൻ നടത്തിയ ഇസ്രായേലിൽ രണ്ടാമത്തെ ഡോസ് എടുത്തവർ റിലാക്സ് ചെയ്തപ്പോൾ ധാരാളം ആളുകൾ മരണപ്പെട്ടു. ഇപ്പോൾ അവർ മൂന്നാമത്തെ ഡോസിനെക്കുറിച്ച് ആലോചിക്കുകയാണ്. ലോകത്ത് എല്ലായിടത്തും ഇതൊരു trial and error അല്ല. This is the correct method എന്നുപറയാൻ കഴിയില്ല. ഓരോ രാജ്യത്തും അവരുടെ സാമൂഹിക ജനസംഖ്യ അനുസരിച്ചുള്ള യുണീക്ക് ആയ ഒരു പ്രോട്ടോക്കോൾ സെറ്റ് ചെയ്യും. കേരളം നല്ല മാതൃകയാണ് പിന്തുടരുന്നതെന്നാണ് എനിക്ക് പറയാനുള്ളത്. ഡോക്ടർമാരുടെയും ആരോഗ്യപ്രവർത്തകരുടെയും നേരെയുള്ള ആക്രമണത്തെക്കുറിച്ച് ഇവിടെ പലരും പറഞ്ഞു. ഇത്തരം ആക്രമണങ്ങൾ തടയുന്ന തിനായി സഭയിൽ പാസ്സാക്കിയിട്ടുള്ള ആക്ട് അനുസരിച്ച് ഏത് പാർട്ടിക്കാരാ ണെങ്കിലും Non bailable ആയിത്തന്നെ അറസ്റ്റ് ചെയ്യാൻ സാധിക്കണം. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് അതിനെ അപലപിക്കുന്നത് കണ്ടപ്പോൾ ശരിക്കും സങ്കടം തോന്നി. ആരോഗ്യമേഖലയിൽ ഏതാണ്ട് രണ്ട് ലക്ഷത്തിൽപ്പരം ആളുകൾക്ക് ഈ കാലയളവിൽ ഏകദേശം 177 കോടി രൂപയാണ് സർക്കാർ ചെലവാക്കിയത്. ഏറ്റവും സുപ്രധാനമായ കേരള സാംക്രമിക രോഗങ്ങൾ ബിൽ ഐകകണ്ഠ്യേന പാസ്സാക്കാൻ സാധിച്ചു. ഇനി വരാൻ പോകുന്ന കേരള പബ്ലിക് ഹെൽത്ത് ഓർഡിനൻസിനെയും വലിയ പ്രതീക്ഷയോടെയാണ് ആരോഗ്യമേഖല കാണുന്നത്. അത് അടുത്ത സഭയിൽത്തന്നെ ബില്ലായി വരുമെന്ന പ്രതീക്ഷയാണുള്ളത്. കേരള മോഡലിന്റെ ബാക്ക് ബോൺ എന്നുപറയുന്നത് ചെറുതും വലുതുമായ ആശുപത്രികളാണ്. പഞ്ചായത്തുകളിലെ ഐ.സി.യു.-വും ഓപ്പറേഷൻ തിയേറ്ററുകളും മറ്റ് സൗകര്യങ്ങളുമുള്ള ആശുപത്രികളെ എയ്ഡഡ് സ്കൂളുകൾപോലെ എയ്ഡഡ് ഹോസ്പിറ്റൽ എന്ന രീതിയിലാക്കുന്ന ആശയത്തെ സംബന്ധിച്ച് ആലോചിക്കാവുന്നതാണ്. ആരോഗ്യസുരക്ഷാ പദ്ധതിയൊക്കെ താരതമ്യംചെയ്തുകൊണ്ട് ഗ്രാമീണ മേഖലകളിൽ ഇങ്ങനെയുള്ള സൗകര്യങ്ങൾ നൽകുവാൻ സാധിക്കും. ആരോഗ്യ-കുടുംബക്ഷേമ വകുപ്പിന്റെ നേതൃത്വത്തിൽ നിരവധി പ്രവർത്തനങ്ങളുമായി മുന്നേറുന്ന ആരോഗ്യ വകുപ്പുമന്ത്രിക്കും ഡിപ്പാർട്ടുമെന്റിനും എല്ലാവിധ പിന്തുണയും അറിയിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്താങ്ങുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ പിന്തുണയ്ക്കുന്നു. ഇത് രാമായണമാസക്കാലമാണ്. രാമായണത്തിൽ മൃതസഞ്ജീവനി കൊണ്ടുവന്നാണ് ഒരു ഘട്ടത്തിൽ ആളുകളെ പുനരുജ്ജീവിപ്പിക്കുന്നത്. ഈ ഗവൺമെന്റ് അതേ ദൗത്യംതന്നെ ചെയ്തുകൊണ്ട് കേരളത്തിലെ ആരോഗ്യരംഗത്ത് മൃതസഞ്ജീവ നിയുടേതായ ആ വലിയ സാന്നിദ്ധ്യം ഉറപ്പാക്കിക്കൊണ്ട് ആളുകളുടെ ആരോഗ്യവും സുരക്ഷയും ഉറപ്പാക്കുന്ന വളരെ അഭിമാനകരമായ നേട്ടങ്ങളിലൂടെയാണ് കടന്നു പോകുന്നത്. ഇവിടെ എല്ലാവരും ആവർത്തിച്ചതുകൊണ്ട് ഞാൻ അതിലേയ്ക്ക്

പോകുന്നില്ല. കഴിഞ്ഞകാലത്തെ ദേശീയ ആരോഗ്യസൂചികയിൽ കേരളം നേടിയ നേട്ടങ്ങളിൽ 22 മാനദണ്ഡങ്ങളിലും ഒന്നാം സ്ഥാനം നിലനിർത്താൻ കഴിഞ്ഞു വെന്നുള്ളത് ചെറിയ കാര്യമല്ല. ഇവിടെ നവജാത ശിശുക്കൾ ഉൾപ്പെടെയുള്ള മരണത്തിന്റെ കാര്യങ്ങൾ സൂചിപ്പിക്കുകയുണ്ടായി. നമുക്കറിയാം ഈ കാര്യത്തിൽ ഏറ്റവും വലിയ മാതൃക മാതൃമരണ നിരക്കുമായി ബന്ധപ്പെട്ടാണ്. ദേശീയതലത്തിൽ അത് 113 ആണെങ്കിൽ കേരളത്തിൽ 43 ആണ്. കേരളത്തിൽ, ഈ രംഗത്തെല്ലാമുണ്ടാക്കിയ നേട്ടങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. അതോടൊപ്പം കോവിഡ് കാലത്തെ അതിജീവനവുമായി ബന്ധപ്പെട്ട് നടത്തിയ പ്രവർത്തനങ്ങളെല്ലാം ഒരു ദിവസം കൊണ്ട് ആരംഭിച്ചതല്ല. കഴിഞ്ഞ ഗവൺമെന്റിലെ മുൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ കാലത്ത് തുടങ്ങിവച്ച ആരോഗ്യരംഗത്തെ പ്രവർത്തനങ്ങളാണ് ഈ ഗവൺമെന്റിലെ പുതിയ ആരോഗ്യ വകുപ്പുമന്ത്രി വന്നപ്പോഴും നടന്നുകൊണ്ടിരിക്കുന്നത്. ഈ ബഡ്ജറ്റിലൂടെ 2800 കോടി രൂപ ആരോഗ്യരംഗത്തിനായി നീക്കിവച്ചു. ബഡ്ജറ്റുതന്നെ യഥാർ ത്ഥത്തിൽ ആരോഗ്യബഡ്ജറ്റാണ്. കാരണം ആരോഗ്യ അടിയന്തരാവസ്ഥയെ നേരിടാൻ വേണ്ടിയുള്ള അതിജീവനത്തിന്റേതായ ഒരു വലിയ സാക്ഷ്യപത്രമായി ഈ ബഡ്ജറ്റിനെ കാണാൻ കഴിയുമെന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പകർച്ചവ്യാധികൾ നിയന്ത്രിക്കാനുള്ള ഒട്ടനവധി പ്രവർത്തനങ്ങൾ നടത്തി. ഞാനതിലേയ്ക്കൊന്നും കടക്കുന്നില്ല. ഓക്സിജൻ പ്ലാന്റ്, വാക്സിൻ നിർമ്മാണ കേന്ദ്രങ്ങൾ എന്നിവ സ്ഥാപിക്കാനുള്ള വളരെ ക്രിയാത്മകമായ നിർദ്ദേശങ്ങളുണ്ടായി. തീർച്ചയായും ഇതെല്ലാം വളരെ പ്രധാനപ്പെട്ട കാര്യമാണ്. എല്ലാറ്റിനും മുമ്പിൽ ആരോഗ്യ മേഖലയ്ക്കാണ് പ്രാധാന്യം. ഒന്നാമത് ആരോഗ്യം എന്ന പ്രഖ്യാപിതമായ ലക്ഷ്യത്തിലേയ്ക്ക് സംസ്ഥാനം കടന്നുപോകുന്ന വളരെ സമ്പൂർണ്ണമായൊരു കാഴ്ചയാണ് ഈ കാര്യത്തിൽ കാണാൻ കഴിയുന്നത്. ആരോഗ്യരംഗത്തെ പ്രധാനപ്പെട്ട ഒന്നുരണ്ട് നേട്ടങ്ങൾ എടുത്തുപറയാ നാഗ്രഹിക്കുകയാണ്. ഒന്ന്, KASP (Karunya Arogya Suraksha Padhathi)-യുടെ നേട്ടങ്ങളാണ്. രണ്ട് പദ്ധതികളെ സംയോജിപ്പിച്ചുകൊണ്ട് ഗവൺമെന്റ് നടപ്പാക്കുന്ന ഈ പദ്ധതിയിൽ ഒരുപാടാളുകൾക്ക് സൗജന്യ ചികിത്സയുടെ ഒരുപാട് തലങ്ങൾ കേരളത്തിലെ സാധാരണക്കാരിലെത്തിക്കാൻ കഴിഞ്ഞുവെന്നുള്ളതാണ്. രണ്ട്, ടെലി മെഡിസിൻ അഥവാ ഇ-സഞ്ജീവനി. ഇന്നത്തെ പ്രത്യേക സാഹചര്യത്തിൽ രോഗികൾക്ക് ആശുപത്രിയിൽ പോകാനുള്ള ബുദ്ധിമുട്ടുകൾ ഒഴിവാക്കാൻ വേണ്ടിയുള്ള പ്രവർത്തനമാണിത്. അതോടൊപ്പം നമ്മുടെ 121 ആശുപത്രികൾക്ക് നാഷണൽ ക്വാളിറ്റി അഷ്വറൻസ് സ്റ്റാൻഡേർഡിന്റെ അംഗീകാരം ലഭിച്ചിട്ടുണ്ട്. പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളുടെ നിലവാരത്തിലും കേരളം ഏറ്റവും മുന്നിലേയ്ക്കുപോവുകയാണ്. ചുരുക്കത്തിൽ ആരോഗ്യരംഗത്തെ എല്ലാ സൂചികകളിലേയ്ക്കും കടക്കുമ്പോൾ കേരളം ഒന്നാമത് നിൽക്കുന്ന ഒരു ഘട്ടമാണ് കാണാൻ കഴിയുന്നത്. നമ്മുടെ ജില്ലാതല ഓതറൈസേഷൻ കമ്മിറ്റികളുടെ അവയവദാനവുമായി ബന്ധപ്പെട്ട് എടുത്ത

നിലപാടിനെ ഞാൻ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അതോടൊപ്പം കോവിഡ് ബാധിച്ച് മരിച്ച മാതാപിതാക്കളുടെ കുട്ടികൾക്കുള്ള 2,000 രൂപയുടെ ധനസഹായമുൾപ്പെടെയുള്ള പദ്ധതികൾ ഏറെ സ്വാഗതാർഹമാണ്. മൺസൂൺ കാലത്ത് കുട്ടികൾക്കുവേണ്ടി മൺസൂൺ ക്യാമ്പുകൾ നടത്തുന്നു. ട്രാൻസ്ജെൻഡേഴ്സുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. സ്ത്രീകൾക്കെതിരെയുള്ള അതിക്രമങ്ങൾ വർദ്ധിച്ചുവരുന്ന കാലഘട്ടത്തിൽ പ്രത്യേകിച്ച്, ട്രാൻസ്ജെൻഡർ അനന്യാ കുമാരിയുടെ മരണം ഗൗരവമായി അന്വേഷിക്കുകയും ഈ രംഗത്തുണ്ടാകുന്ന പ്രശ്നങ്ങൾ ഗൗരവമായി കാണുകയും ചെയ്യേണ്ടതുണ്ട്. അതോടൊപ്പം പ്രധാനപ്പെട്ട ഒരു കാര്യം സൂചിപ്പിക്കാനാഗ്രഹിക്കുന്നത്, പേശികളുടെ ശക്തി തിരിച്ചുകിട്ടാത്ത രീതിയിലുള്ള സ്പൈനൽ മസ്കുലാർ അട്രോഫി (എസ്.എം.എ.) എന്ന ഈ അടുത്തകാലത്ത് ശ്രദ്ധിക്കപ്പെട്ട ദാരുണമായ രോഗത്തിന്റെ ചികിത്സയ്ക്കായി ഭീമമായ തുകയുടെ ചെലവുണ്ട്. " 18 കോടി രൂപയിലധികം വില വരുന്ന ഈ മരുന്നിന് കാത്തുനിൽക്കാതെ ഇമ്രാൻ യാത്രയായി" എന്നുള്ള വാർത്ത കേരളത്തെ വളരെയേറെ വേദനിപ്പിച്ച ഒരു സംഭവമായിരുന്നു. ഇതുമായി ബന്ധപ്പെട്ട് ചില രക്ഷകർത്താക്കളുമായി സംസാരിച്ചപ്പോൾ എസ്.എം.എ.-യുടെ രോഗാവസ്ഥയിൽ 2016 വരെ കാര്യമായ മരുന്നില്ലായിരുന്നുവെന്നാണ് ഞാൻ മനസ്സിലാക്കിയത്. പക്ഷേ ഇന്ന് മരുന്നുകളുണ്ട്, ആ മരുന്നുകളുടെ വില വളരെ കൂടുതലാണ്. ഏതാണ്ട് ഒരു വർഷം കുറഞ്ഞത് 75 ലക്ഷം രൂപയെങ്കിലും വേണ്ടി വരുമെന്നും നിരന്തരമായി ഉപയോഗിക്കേണ്ടിവരുമെന്നുമാണ് അറിയാൻ കഴിഞ്ഞത്. കേരളത്തിൽ എസ്.എം.എ. രോഗം ബാധിച്ച 75-ഓളം കുട്ടികളുണ്ട്. 112 രോഗികൾ ഇപ്പോഴുണ്ടെന്നുള്ളതാണ് എനിക്ക് ലഭിച്ച ഒരറിവ്. ഏറ്റവും കുറഞ്ഞ നിരക്കിൽ ഇതിനുള്ള മരുന്ന് ലഭ്യമാക്കാൻ അടിയന്തര നടപടിയുണ്ടാകണമെന്നാണ് പൊതുവിൽ ഉയർന്നുവരുന്ന ആവശ്യം. അതോടൊപ്പം എസ്.എം.എ.-യ്ക്കുള്ള മരുന്നിനു വരുന്ന ചെലവിൽ, സംസ്ഥാന സർക്കാർ ജീവൻരക്ഷാ മരുന്നുകളുടെ നികുതി പൂർണ്ണമായും ഒഴിവാക്കാനുള്ള നടപടികൂടി ഉണ്ടാകണമെന്നുള്ള ആവശ്യം കുട്ടികളുടെ രക്ഷാകർത്താക്കളുടെ ഭാഗത്തുനിന്നുമുണ്ടായിട്ടുണ്ട്. എന്റെ നിയോജക മണ്ഡലത്തിലെ കാഞ്ഞിരപ്പള്ളി ജനറൽ ആശുപത്രിയിൽ പോസ്റ്റ്മോർട്ടത്തിനും മോർച്ചറിക്കും വേണ്ടി പുതിയ കെട്ടിടം വേണമെന്നത് ഞാൻ പല തവണ ആവശ്യപ്പെട്ട കാര്യമാണ്. അതുപോലെതന്നെ അവിടെ കാത്ത് ലാബ് ആരംഭിച്ചെങ്കിലും ആവശ്യത്തിന് സ്റ്റാഫ് ഇതുവരെയും ആയിട്ടില്ലാത്തതിനാൽ ആശുപത്രിയിലെ സ്റ്റാഫിന്റെ എണ്ണം വർദ്ധിപ്പിക്കാൻ നടപടിയുണ്ടാകണം.

ഇവിടെ കഴിഞ്ഞ ദിവസങ്ങളിലൊക്കെ ഞങ്ങളുടെ പാർട്ടിയുമായി ബന്ധപ്പെട്ട് ഒരുപാട് വിവാദങ്ങളും ചർച്ചകളുമുണ്ടായി. അതിനുള്ള മറുപടികൾ ഞങ്ങളുടെ പാർട്ടിയിലെ മറ്റംഗങ്ങൾ സൂചിപ്പിച്ചുവെങ്കിലും എനിക്ക് സൂചിപ്പിക്കാനുള്ളത് കേരളാ

കോൺഗ്രസ് ആരംഭിച്ചത് 1964-ലാണ്, ഭാരത കേസരി മന്നത്ത് പത്മനാഭൻ ഈ പ്രസ്ഥാനത്തിന് തിരികൊളുത്തുമ്പോൾ തിരുനക്കര മൈതാനത്തുവച്ച് ഞാൻ യാഗാശ്വത്തെ അഴിച്ചു വിടുന്നുവെന്നാണ് പറഞ്ഞത്. എന്റെ പിതാവ് പിന്നീട് എന്നോട് പറഞ്ഞൊരു കാര്യം ഞാൻ ഓർക്കുകയാണ്, മന്നത്ത് പത്മനാഭൻ ആരംഭിച്ച എല്ലാ പ്രസ്ഥാനങ്ങളും കൃത്യമായ സമയവും മുഹൂർത്തവും നോക്കിയാണ് സ്ഥാപിച്ചതെന്നാണ്. അതൊന്നും നശിച്ചിട്ടില്ല. കേരളാ കോൺഗ്രസിനെ സംബന്ധിച്ചിടത്തോളവും കേരളാ കോൺഗ്രസ് ആരംഭിച്ചത് നല്ല മുഹൂർത്തത്തിലാണ്. അതിനെ ആരൊക്കെ പിച്ചിച്ചീന്താൻ ശ്രമിച്ചാലും ഇല്ലാതാക്കാൻ ശ്രമിച്ചാലും അത്ര എളുപ്പമുള്ള കാര്യമല്ല. ദീർഘായുസ്സുള്ള ഒരു പാർട്ടിയാണ്. വ്യാഴം 11-ൽ നിൽക്കുന്ന കേരളാ കോൺഗ്രസിനെ അങ്ങനെയിങ്ങനെയൊന്നും ഇല്ലാതാക്കാൻ ആര് ശ്രമിച്ചാലും കഴിയില്ല എന്നുള്ളതാണ് സൂചിപ്പിക്കാനുള്ളത്. ബൈബിളിലെ സങ്കീർത്തനത്തിൽ ഒരു വാചകമുണ്ട്; "നിന്റെ ഭാര്യ നിന്റെ വീട്ടിനകത്ത് ഫലപ്രദമായ മുന്തിരിവള്ളിപോലെയും നിന്റെ മക്കൾ നിന്റെ മേശയ്ക്കുചുറ്റും ഒലിവുതൈകൾ പോലെയും ഇരിക്കും" എന്നു പറയുന്നതുപോലെ, മാണിസാറെന്നു പറയുന്ന ഒലിവുതൈയുടെ ചുറ്റിലുമുള്ള ചെറിയ ചെറിയ തൈകൾ വളർന്ന് ഞങ്ങൾക്കുചുറ്റും രക്ഷാകവചം സൃഷ്ടിച്ചുകൊണ്ട് ഇന്ന് ഞങ്ങളോടൊപ്പമുണ്ട്. ആ ആവേശവും ആശയവുമാണ് ഞങ്ങളുടെ ഈ പാർട്ടിയെ മുന്നോട്ടുകൊണ്ടുപോകുന്നത്. കെ. എം. മാണിയെന്നു പറയുന്ന പ്രതിരോധ മരുന്ന് കേരളാ കോൺഗ്രസിന് ഉള്ളിടത്തോളംകാലം ഇതിനെ ഒരു വൈറസിനും നശിപ്പിക്കാൻ കഴിയില്ല എന്നു പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുകയാണ്. എനിക്ക് സൂചിപ്പിക്കാനുള്ളത്, കേരളത്തിന്റെ രാഷ്ട്രീയത്തിൽ വളരെ കൃത്യമായ സ്പേസുള്ള രാഷ്ട്രീയ പാർട്ടി എന്ന നിലയിൽ ഞങ്ങളെ പുറത്താക്കിയശേഷം പുറത്താക്കിയ മക്കളെ പിന്നെയെന്തിനാണ് അന്വേഷിക്കുന്നത്. അവർ എവിടെയെങ്കിലും പോയി ജീവിക്കട്ടെ. ഏതായാലും പുറത്താക്കിയ മക്കൾ വളരെ നല്ല നിലയിൽ വളർന്ന് അന്തഃസ്സായിട്ട് അഭിമാനത്തോടെ ഇവിടെ വന്ന് മുൻനിരയിൽ ഇരിക്കും.

മി. ചെയർമാൻ: സമയം കഴിഞ്ഞു.

ഡോ. എൻ. ജയരാജ്: സർ, അതുകൊണ്ട് ആ മക്കൾ നല്ല നിലയിൽ മുൻനിരയിൽ ജീവിക്കുന്നുവെന്നുള്ളത് കണ്ടുകൊണ്ട് പറഞ്ഞുവിട്ട മാതാപിതാക്കൾ സന്തോഷത്തോടുകൂടി ഇരിക്കണമെന്നു മാത്രമാണ് എനിക്ക് വളരെ വിനയപൂർവ്വം അഭ്യർത്ഥിക്കാനുള്ളത്. അതുകൊണ്ട് രാമായണത്തിലെ വാത്മീകിയുടെ വാക്കുകൾ 'മാനിഷാദാ' എന്നു വീണ്ടും പറയാൻ ഞാനാഗ്രഹിക്കുകയാണ്. ഞങ്ങളുടെ നേരെ ഈ അമ്പുകളെയ്ത് പാവപ്പെട്ടവരായ ഞങ്ങളെ വീണ്ടും ഇങ്ങനെ ദുഃഖിപ്പിക്കരുതേ എന്ന് പറഞ്ഞുകൊണ്ടും ഒരിക്കൽക്കൂടി ധനാഭ്യർത്ഥനകളെ അനുകൂലിച്ചുകൊണ്ടും ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ് അവതരിപ്പിച്ച 2021-22 സാമ്പത്തിക വർഷത്തേയ്ക്കുള്ള ധനാഭ്യർത്ഥനകളെ പൂർണ്ണമായി പിന്തുണയ്ക്കുകയാണ്. ആദ്യംതന്നെ കേരളാ കോൺഗ്രസ് മാണി വിഭാഗം ലയിച്ചതിന്റെ ഭാഗമായി നമുക്ക് നല്ല ഒരു ചീഫ് വിപ്പിനെ കിട്ടിയെന്നുള്ള സന്തോഷം ഞാൻ ഈ സഭയെ അറിയിക്കുകയാണ്. അത്രയ്ക്കും അറിവും കഴിവുമുള്ള പരിണിതപ്രജ്ഞനായിട്ടുള്ള നല്ല ചീഫ് വിപ്പിനെയാണ് നമുക്ക് കിട്ടിയിരിക്കുന്നത്. 'The greatest Science in the world; in heaven and on earth; is love' എന്നാണ് പറയുന്നത്. ആ സ്നേഹത്തെ പ്രയോഗിച്ച് പരസ്പരം ഐക്യത്തിൽ ഈ സഭയിലെ ആദ്യത്തെ മുഖ്യമന്ത്രിയായിരുന്ന സഖാവ് ഇ.എം.എസ്. നമ്പൂതിരിപ്പാട് ദർശിച്ച പോലെ ഈ ആസുര ദശാബ്ദിയിലും നമ്മുടെ നാട്ടിൽ സ്വർഗ്ഗം തീർക്കാൻ ആരോഗ്യ വകുപ്പുമന്ത്രിയുടെ പ്രവർത്തനങ്ങൾക്കാകട്ടെയെന്ന് ആദ്യം ആശംസിക്കുകയാണ്. ലോകത്താകമാനമുള്ള മെഡിക്കൽ മുദ്രണങ്ങളിൽ നമുക്ക് കാണാൻ സാധിക്കാറുള്ള ഒരു ദണ്ഡുണ്ട്. ആ ദണ്ഡിൽ പരസ്പരം ചുറ്റിവരിഞ്ഞു നിൽക്കുന്ന രണ്ട് നാഗങ്ങളെയാണ് കാണിക്കുന്നത്. മഹത് സംസ്കാരങ്ങളായിട്ടുള്ള ഗ്രീക്ക്-റോമൻ സംസ്കാരങ്ങളിൽ നിന്നും ലോകം കടംകൊണ്ടതാണ് ആ ഒരു മുദ്രണമെന്നാണ് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുള്ളത്. രണ്ട് നാഗങ്ങൾ യുദ്ധം ചെയ്യുന്ന അവസരത്തിൽ അവരെ ശാന്തരാക്കാൻ രോഗശാന്തിയുടെ ദേവനായിട്ടുള്ള എസ്കലേപ്യസ് (Asclepius) ദിവ്യദണ്ഡ് അവർക്കിടയിലേയ്ക്ക് പ്രയോഗിച്ചുവെന്നാണ്. അപ്പോൾ ആ പാമ്പുകൾ കീഴടങ്ങി ശാന്തരായെന്നാണ് ആ മിത്ത് സൂചിപ്പിക്കുന്നത്. അതുപോലെ ലോകത്താകമാനം വന്നതാണ് കോവിഡ്. കേരളത്തിൽ വന്ന നിപ, കോവിഡ് എന്നീ വിഷസർപ്പങ്ങൾ നമ്മളോട് യുദ്ധത്തിന് ഒരുങ്ങുന്ന അവസരത്തിൽ കേരള ജനതയുടെ ഐക്യമാകുന്ന ദണ്ഡ് അവർക്കിടയിലേയ്ക്ക് എറിഞ്ഞ് അവരെ ശാന്തമാക്കാൻ ശ്രമിച്ച ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ആരോഗ്യനയങ്ങളിലൂടെയാണ് ഈ കഴിഞ്ഞ ഭരണ കാലത്തെ മുൻ ആരോഗ്യ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും ഇപ്പോഴത്തെ ആരോഗ്യ വകുപ്പുമന്ത്രിയും കടന്നുപോകുന്നത്. ഈ കാര്യത്തിൽ രാഷ്ട്രീയമില്ല, പ്രതിപക്ഷമില്ല, ഭരണപക്ഷവുമില്ല; കാരണം ഫണ്ട് അനുവദിക്കുന്ന കാര്യത്തിൽ വ്യത്യാസമൊന്നും കാണിച്ചിട്ടുമില്ല. കിഫ്ബിയുടെയടക്കം ഫണ്ടിൽ ഒരു വ്യത്യാസവും കാണിച്ചിട്ടില്ല. ആരോഗ്യരംഗത്ത് യാതൊരു വിട്ടുവീഴ്ചയും ഈ ഗവൺമെന്റിന്റെ ഭാഗത്തു നിന്നും വന്നിട്ടില്ല. എല്ലാവരെയും ഐക്യപ്പെടലിലൂടെ കൊണ്ടുപോകാൻ ശ്രമിക്കുമ്പോൾ ഇപ്പോൾ കേരളത്തിൽ നമ്മൾ നേടിയെടുത്തിരിക്കുന്ന ഈ നേട്ടങ്ങളെ കുത്തിത്തിരിപ്പിലൂടെ ഇല്ലാതാക്കാൻ ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങൾ ശ്രമിക്കരുത് എന്നൊരു അഭ്യർത്ഥന ആദ്യംതന്നെ വയ്ക്കുകയാണ്.

കേരളത്തിലെ ആരോഗ്യരംഗം ഇന്ന് ലോകത്തിനാകെ മാതൃകയാണെന്നുള്ള കാര്യം പ്രത്യേകം എടുത്തുപറയേണ്ട കാര്യമില്ല. ആരോഗ്യസൂചികയുടെ കാര്യമെടുത്താൽ, ജനങ്ങളുടെ ആരോഗ്യ നിലവാരത്തിന്റെ കാര്യത്തിൽ, ലോകത്തെ മികച്ച വികസിത രാജ്യങ്ങളുടെ നിലവാരത്തിലേയ്ക്ക് നാം എത്തിച്ചേർന്നിട്ടുണ്ട് എന്നുള്ളത് അത്യാവശ്യം പഠനം നടത്തുന്ന എല്ലാവർക്കുമറിയാം. അത് പെട്ടെന്നുണ്ടായ ഒരു നേട്ടമാണെന്ന് ഞങ്ങളെല്ലാവരും പറയുന്നില്ല. അതിൽ ഇടതുപക്ഷ ഗവൺമെന്റുകൾ കാലാകാലങ്ങളിൽ കൊണ്ടുവന്ന ചില നയങ്ങളുണ്ട്; അത് ഇടതുപക്ഷ ജനാധിപത്യമുന്നണിയുടെ ചില നയങ്ങളാണ്. ഭൂപരിഷ്കരണ നിയമവും വിദ്യാഭ്യാസരംഗത്തെ പുരോഗതിയും അതിന് കാരണമായിട്ടുണ്ട്. അതെല്ലാം ആരോഗ്യരംഗത്ത് പ്രതിഫലിപ്പിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. മുൻ ആരോഗ്യ വകുപ്പുമന്ത്രി ഈ സഭയിലിരുപ്പുണ്ട്. കഴിഞ്ഞ കാലത്ത് പൊതുജനാരോഗ്യനയം രൂപീകരിച്ചുകൊണ്ട്, പുതിയ കാലഘട്ടത്തിലെ പുതിയ വെല്ലുവിളികളെ എങ്ങനെ അഭിമുഖീകരിക്കാമെന്നാണ് 2016-2021 കാലഘട്ടത്തിലെ എൽ.ഡി.എഫ്. സർക്കാർ ആലോചിച്ചതും അതനുസരിച്ചുള്ള പദ്ധതികളാണ് പ്രാവർത്തികമാക്കിയതും. ഇന്ന് പ്രഷർ, ഷുഗർ, കൊളസ്ട്രോൾ തുടങ്ങിയ ജീവിതശൈലീ രോഗങ്ങളില്ലാത്ത ഒരു വീടുപോലുമില്ല. ഇപ്പോൾ ഡോ. എൻ. ജയരാജ് സൂചിപ്പിച്ചതുപോലെ എസ്.എം.എ. പോലുള്ള ജനിതക അപൂർവ്വ രോഗങ്ങളുടെ ചികിത്സയ്ക്ക് അധിക ചെലവുവരുന്നതാണ്. അത്തരം രോഗങ്ങൾ നേരിടാൻ കഴിയുന്ന തരത്തിലുള്ള പദ്ധതികളിലാണ് എൽ.ഡി.എഫ്. സർക്കാർ ശ്രദ്ധ പതിപ്പിച്ചത്. മുൻ പ്രതിപക്ഷ നേതാവിന്റെ മണ്ഡലവും എനിക്ക് വളരെ അടുപ്പമുള്ള ഒരു കുടുംബവുമായ, എസ്.എം.എ. രോഗബാധിതയായ ഗൗതമി എന്ന മകളുടെ വീട്ടിലേയ്ക്ക് കഴിഞ്ഞ വർഷം ഞാൻ ചെന്നപ്പോൾ കണ്ട കാഴ്ച, എസ്.എം.എ. ബാധിതയായിട്ടുള്ള ഈ കുഞ്ഞ് പത്താം ക്ലാസ് പരീക്ഷയിൽ വിക്ടേഴ്സ് ചാനലിന്റെ സഹായത്താൽ Full A+ കരസ്ഥമാക്കിയിരിക്കുന്നതാണ്. എസ്.എം.എ. ബാധിച്ച 150 കുഞ്ഞുങ്ങളിലൊരാളായതിനാൽ ഗൗതമിയെ പരാമർശിക്കാതെ പോകാൻ കഴിയില്ല. ശരീരത്തിന് മാത്രമാണ് അവർക്ക് പരിമിതികളുള്ളത്. അവരുടെ സ്വപ്നങ്ങൾക്ക്, അറിവ് കീഴടക്കാനുള്ള അവരുടെ ത്വരകൾക്ക് ഒന്നും യാതൊരു പരിമിതിയുമില്ല. അതുകൊണ്ട് തീർച്ചയായും അവരിലേയ്ക്ക് ഇറങ്ങിച്ചെല്ലാൻ കഴിയുന്ന സംവിധാനത്തിലേയ്ക്ക് നമ്മൾ പോകണം. ഇതുപോലുള്ള കുഞ്ഞുങ്ങളെ early detection-ൽക്കൂടി intervention നടത്താൻ കഴിയുംവിധം നമ്മുടെ പ്രാഥമികാരോഗ്യ കേന്ദ്രങ്ങളടക്കമുള്ള സ്ഥാപനങ്ങളെ എങ്ങനെ സജ്ജീകരിക്കാമെന്നും ഗൗതമിയെ കണ്ടപ്പോൾ കൂടുതൽ മനസ്സിലായി. ഇത് ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. പുതിയ കാലഘട്ടത്തിൽ ആധുനിക വൈദ്യശാസ്ത്രം അഭിസംബോധന ചെയ്യേണ്ട വളരെ ഗൗരവമുള്ള വിഷയമായി ഇതിനെ ചൂണ്ടിക്കാണിക്കുകയാണ്. ജനിതകരോഗങ്ങൾ തടയാൻ താഴെത്തട്ടിൽനിന്ന് നല്ല അവബോധം വളർത്താൻവേണ്ടിയാണ് early detection നടത്തുന്നത്. അത് observation and scales-ലെ മാനദണ്ഡങ്ങളാണ്. അത് ചെയ്യാൻ കഴിയുമെന്നാണ് ഇതിനെപ്പറ്റി കൂടുതൽ അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞത്.

നമ്മുടെ നാട്ടിൽ ജീവിതശൈലീ രോഗങ്ങൾ, സങ്കീർണ്ണമായിട്ടുള്ള ഹൃദ്രോഗം അടക്കമുള്ളവ ഇന്ന് കൂടുതലാണ്. കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി വിഭാഗങ്ങൾ ഒരിക്കലും താഴെത്തട്ടിലേയ്ക്ക് വരുന്നത് ചിന്തിക്കാൻ കഴിയുമായിരുന്നില്ല. എന്നാൽ ജില്ലാ ആശുപത്രികളിലടക്കം കാർഡിയോളജി, ന്യൂറോളജി, നെഫ്രോളജി എന്നിവ കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ കൊണ്ടുവരാൻ കഴിഞ്ഞുവെന്നത് ഒരു നേട്ടമായി ചൂണ്ടിക്കാണിക്കുകയാണ്. ജീവിതശൈലീരോഗങ്ങളുടെ സങ്കീർണ്ണതകളായി വരുന്ന ഹൃദ്രോഗം, പക്ഷാഘാതം തുടങ്ങിയവയ്ക്കുള്ള ചികിത്സയ്ക്കായി ജില്ലാ ആശുപത്രികളിൽ കൊറോണറി കെയർ യൂണിറ്റുകൾ, കാത്ത് ലാബുകൾ, സ്ട്രോക്ക് യൂണിറ്റുകൾ എന്നിവ സജ്ജീകരിക്കാൻ നമുക്ക് കഴിയുന്നുണ്ട്. കുടുംബാരോഗ്യ കേന്ദ്രങ്ങളിൽ പ്രമേഹരോഗത്തിന്റെ സങ്കീർണ്ണതകൾ കണ്ടുപിടിക്കുന്നതിനായി Retinopathy Screening കൊണ്ടുവരാൻ കഴിഞ്ഞിട്ടുണ്ട്. കോവിഡ് മഹാമാരി വന്നപ്പോൾ നമ്മുടെ ചിന്തകളും മാറിയിരിക്കുകയാണ്. അതായത് before Covid, after Covid എന്ന രൂപത്തിൽ സജ്ജീകരണം കൊണ്ടുവരണം. ബഹുമാനപ്പെട്ട സ്പീക്കർക്കും എനിക്കും ഇവിടെയിരിക്കുന്ന പല അംഗങ്ങൾക്കും കോവിഡ് വന്നിട്ടുണ്ട്. കോവിഡ് വന്നതിനുശേഷമുള്ള രോഗങ്ങളെ നേരിടുന്നതിന് പോസ്റ്റ് കോവിഡ് ക്ലിനിക്കുകൾ വഴി കേരളത്തിലെ ഗവൺമെന്റ് വലിയ ഇടപെടലാണ് ആരോഗ്യമേഖലയിൽ നടത്തിയത്. ആധുനിക കാലഘട്ടത്തിൽ ശാരീരികാരോഗ്യംപോലെ പ്രാധാന്യമുള്ള മേഖലയാണ് മാനസികാരോഗ്യം. മാനസികാരോഗ്യം നന്നാക്കാൻവേണ്ടി സമ്പൂർണ്ണ മാനസികാരോഗ്യ പരിപാടിയായ 'അമ്മ മനസ്സ്' ആരംഭിച്ചിട്ടുണ്ട്. മാനസികാരോഗ്യ പരിപാടികൾ വിപുലപ്പെടുത്തുന്നതിന്റെ ഭാഗമായി ആശ്വാസ് ക്ലിനിക്കുകൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെയെല്ലാം അനന്ത സാധ്യതകൾ ഈ കാലഘട്ടത്തിൽ വർദ്ധിപ്പിക്കുന്നതിനുവേണ്ടിയുള്ള ഇടപെടൽ ആരോഗ്യ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ അവസരത്തിൽ ആഗ്രഹിച്ചുപോകുകയാണ്. അതുപോലെതന്നെയാണ് കോവിഡിനെ പ്രതിരോധിക്കാൻ കഴിഞ്ഞുവെന്നുള്ളതും. കോവിഡ് മാത്രമല്ല, നമ്മൾ അഭിമുഖീകരിക്കേണ്ടിവന്ന പ്രശ്നങ്ങൾ. ഒരിക്കലും കോവിഡ് വരുമെന്ന് കണ്ടല്ല ആരോഗ്യ വകുപ്പ് 'ആർദ്രം മിഷൻ' പോലുള്ള പദ്ധതികൾ താഴെത്തട്ടിലേയ്ക്ക് നടപ്പിലാക്കിയത്. കഴിഞ്ഞ ഗവൺമെന്റ് പ്രകടന പത്രികയിൽ പറഞ്ഞ ഏറ്റവും വലിയ വാഗ്ദാനം നടപ്പാക്കിയതാണ് 'ആർദ്രം മിഷൻ' പദ്ധതി. 'ആർദ്രം മിഷൻ'-ന്റെ ഏറ്റവും ശ്രദ്ധേയമായ മാറ്റം 12.00 മണിവരെയുണ്ടായിരുന്ന ഡോക്ടർമാരുടെ ജോലി സമയം 6 മണിവരെയാക്കി. ഇതിലൂടെ ഒരുപാട് പേർക്ക് കൃത്യമായി ചികിത്സ നൽകാൻ കഴിഞ്ഞു. സി.എഫ്.എൽ.ടി.സി.-യെ സംബന്ധിച്ച് ഇവിടെ പറഞ്ഞതിനാൽ ഞാൻ ആവർത്തിക്കുന്നില്ല. കോവിഡ് ബ്രിഗേഡ്സ്, കമ്മ്യൂണിറ്റി കിച്ചൺ, ഇ-സഞ്ജീവനി ടെലി മെഡിസിൻ, പോസ്റ്റ് കോവിഡ് ക്ലിനിക്കുൾപ്പെടെ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിഞ്ഞു. കോവിഡ്

മൂന്നാം തരംഗം വന്നാൽ അതിനെ നേരിടാനുള്ള സജ്ജീകരണങ്ങൾ ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ കൊണ്ടുവരുന്നതിന് കഴിഞ്ഞിട്ടുണ്ട്. വാക്സിൻ വിതരണത്തിൽ കേന്ദ്രത്തിന്റെ സഹായമൊന്നുമില്ല. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ വാക്സിൻ വിതരണം കാര്യക്ഷമമാക്കാൻ കഴിഞ്ഞത് ഈ അവസരത്തിൽ പ്രത്യേകം പറയുകയാണ്. 1,29,69,000-ലധികം പേർക്ക് ഫസ്റ്റ് ഡോസ് വാക്സിനും 56,21,752 പേർക്ക് സെക്കൻഡ് ഡോസ് വാക്സിനും നൽകാൻ കഴിഞ്ഞിട്ടുണ്ട്. മെയ്, ജൂൺ മാസങ്ങളിൽ സംസ്ഥാനത്തെ 13 ആശുപത്രികൾക്ക് National Quality Assurance Standard അംഗീകാരം ലഭിക്കാൻ ഈ പ്രതിസന്ധി കാലഘട്ടത്തിലും കേരളത്തിലെ ആരോഗ്യ വകുപ്പിന് കഴിഞ്ഞിട്ടുണ്ട്. കോവിഡ് കാലത്താണ് ദേശീയ അംഗീകാരവും ഗുണനിലവാരവും ലഭിച്ചതെന്നത് ഒരു ചെറിയകാര്യമായി കാണാൻ കഴിയില്ല, വലിയ പ്രത്യേകതയായി എടുത്ത് കാണിക്കുകയാണ്. രാജ്യത്തെ മികച്ച പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ കേരളത്തിലാണ്. കാസർഗോഡും തിരുവനന്തപുരത്തുമുള്ള കുടുംബാരോഗ്യ കേന്ദ്രങ്ങൾ 99 ശതമാനം സ്കോറാണ് നേടിയിട്ടുള്ളത്. ശ്രീ. കെ. ഡി. പ്രസേനൻ എന്നോട് നേരത്തെ പറയുകയുണ്ടായി, അദ്ദേഹം വീട്ടിൽ ചെന്നാൽ അദ്ദേഹത്തിന്റെ ഭാര്യ ചെറിയ ഒരു അസുഖമുണ്ടെങ്കിലും പറയും ആശുപത്രിയിൽ പോകാമെന്ന്. കാരണം ആശുപത്രികളുടെ നിറം മാറി, മണം മാറി, ഗുണം മാറി, രീതികൾ മാറി, ഇപ്പോൾ നല്ല സംവിധാനമായിരിക്കുകയാണ്. എന്നോട് ഒരു പഞ്ചായത്ത് പ്രസിഡന്റ് പറഞ്ഞു, അദ്ദേഹത്തിന്റെ ഭാര്യ നമ്മുടെ സർക്കാർ വരുന്നതിനുമുമ്പ് സർക്കാർ ആശുപത്രിയിലേയ്ക്ക് പോകുമ്പോൾ ചെരിപ്പിട്ടാണ് അകത്തുകയറുന്നതെന്ന്. എന്നാൽ ഇപ്പോൾ അവർ ചെരിപ്പൊക്കെ അഴിച്ചുവച്ചിട്ടാണ് കയറുന്നതെന്ന്. അത്രയും വൃത്തിയുള്ള സംവിധാനങ്ങളോടുകൂടിയ ആശുപത്രികളുണ്ടാക്കി. വലിയമാറ്റങ്ങളാണ് ഇവിടെയുണ്ടാക്കിയത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയോട് ചില നിർദ്ദേശങ്ങൾ വച്ചുകൊണ്ട് എന്റെ പ്രസംഗം അവസാനിപ്പിക്കാം. ഈ കോവിഡ് കാലഘട്ടത്തിൽ കേരളത്തിലെ എല്ലാ പ്രധാന ആശുപത്രികളിലേയ്ക്കുമുള്ള യാത്ര സുഗമമാക്കുന്നതിനുവേണ്ടി കെ.എസ്.ആർ.ടി.സി.-യുമായി ആലോചിച്ച് കെ.എസ്.ആർ.ടി.സി. സർവ്വീസുകൾ നടത്തുന്നതിനുള്ള നടപടിയുണ്ടാകണം.

നല്ലൊരു സംവിധാനം ആശുപത്രികളിൽ ഇപ്പോഴുണ്ടായിട്ടുണ്ട്. High risk ഉള്ളവർക്കും പ്രായമുള്ളവർക്കും പ്രത്യേകം ക്യൂ സിസ്റ്റം ഏർപ്പെടുത്തുന്നതിനുള്ള ഇടപെടൽ നടത്തണം. ജീവനക്കാരുടെ സമീപനം മോണിറ്റർ ചെയ്യണം. നല്ല എസ്റ്റാബ്ലിഷ്ഡായിട്ടുള്ളൊരു സിസ്റ്റം ഇപ്പോൾ കേരളത്തിലുണ്ട്. അതിനെ കുടുതൽ മെച്ചപ്പെടുത്തിയെടുക്കാൻ പുതിയ ആരോഗ്യ വകുപ്പുമന്ത്രിക്ക് കഴിയുമെന്നുള്ളതുകൊണ്ട് അത്തരം കാര്യങ്ങളിലേയ്ക്ക് കുടുതൽ ശ്രദ്ധ പതിപ്പിക്കണമെന്ന് ഈ അവസരത്തിൽ

സൂചിപ്പിക്കുകയാണ്. സ്ത്രീകളെ സംബന്ധിച്ച് ഓവറി, ഗർഭപാത്രം നീക്കം ചെയ്യൽ എന്നീ പ്രശ്നങ്ങൾ ഇപ്പോൾ വർദ്ധിച്ചുവരുന്ന സ്ഥിതിയാണ്. ആർത്തവ സമയത്തെ വിശ്രമമില്ലായ്മയിൽ നിന്നാണോ ജീവിതശൈലിയിൽ നിന്നാണോ ഇത്തരം പ്രശ്നങ്ങളുണ്ടാകുന്നതെന്നതിനെ സംബന്ധിച്ച് പഠനം നടത്തിയാൽ മനസ്സിലാകും. 30 വയസ്സിന് മുകളിലുള്ളവരുടെ പരിശോധന നിർബന്ധമാക്കുന്നതിനുള്ള ഇടപെടൽ നടത്തണം. കർക്കിടകമാസ ചികിത്സ പാവപ്പെട്ടവർക്ക് കിട്ടുന്നതിനുവേണ്ടി പഞ്ചായത്ത് ആരോഗ്യ കേന്ദ്രങ്ങളെക്കൂടി സന്നദ്ധമാക്കുന്നതിനുള്ള ഇടപെടൽ നടത്തണം. (....ബഹളം....)

മി. ചെയർമാൻ: കൺക്ലൂഡ് ചെയ്യൂ....

ശ്രീമതി യു. പ്രതിഭ: മുൻമന്ത്രികൂടിയായ ശ്രീ. കെ. പി മോഹനൻ നമുക്ക് കർക്കിടകത്തിന്റെ ഭാഗമായിട്ടുള്ള സംരക്ഷണം ലഭിക്കാൻവേണ്ടി ശ്രമിച്ചിട്ടുണ്ട്. കേവലമായുള്ള അസ്വസ്ഥതകൊണ്ടും അസൂയകൊണ്ടും ആരോഗ്യ വകുപ്പിനെ കുറ്റപ്പെടുത്താൻവേണ്ടി മാത്രമേ പ്രതിപക്ഷത്തിന് കഴിയുകയുള്ളൂ. സമാനതകളില്ലാത്ത ഇടപെടൽ നടത്തിക്കൊണ്ട് ലോകത്തിനുതന്നെ മാതൃക സൃഷ്ടിക്കാൻ കേരളത്തെ മുന്നോട്ടുനയിക്കുന്ന ആരോഗ്യ വകുപ്പിന്റെ ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്. ഒരിക്കൽ ഒരു പിതാവ് മകളുടെ കല്ല്യാണവുമായി ബന്ധപ്പെട്ട് ധനം നൽകാൻ തീരുമാനിച്ച് ചെറുക്കന്റെ ആളുകളോട് ഞാൻ എന്റെ മകൾക്ക് ഒരു കോടിരൂപയും അൻപത് പവനും ഒരുകാറും കൊടുക്കുമെന്ന് പറഞ്ഞു. ഈ പറയുന്നതല്ലാതെ മറ്റൊന്നുമുണ്ടാകില്ലെന്ന് പറഞ്ഞു. വിവാഹം കഴിഞ്ഞപ്പോൾ ഇതൊന്നും കിട്ടിയില്ല. കാരണം ഈ പറയുന്നതല്ലാതെ മറ്റൊന്നും കൊടുക്കില്ലെന്ന് പറയുന്നതുപോലെയാണ് ഇവിടെ ശ്രീമതി യു. പ്രതിഭയുടെ പ്രസംഗം കേട്ടപ്പോൾ ഈ പറഞ്ഞകാര്യങ്ങളല്ലാതെ മറ്റൊരു കാര്യവും ഇവിടെയുണ്ടായിട്ടില്ല എന്നുള്ള താണ് യാഥാർത്ഥ്യം. ഇവിടെ ചീഫ് വിപ്പ് പറഞ്ഞു മന്നത്ത് പത്മനാഭൻ എല്ലാം സമയംനോക്കി കൃത്യമായി തുടങ്ങിയതുകൊണ്ട് ഒന്നും നശിച്ചുപോയിട്ടില്ലെന്ന്. ശരിയാണത്, കേരളാ കോൺഗ്രസും അങ്ങനെ തന്നെയാണ്. സമയം നോക്കിയാണ് കേരളാ കോൺഗ്രസ് ഉണ്ടായത്. പക്ഷേ കെ. എം. മാണി സാറിനുശേഷം ഇത്തവണ നിങ്ങൾ എൽ.ഡി.എഫ്.-ലേയ്ക്ക് പോയപ്പോൾ സമയം നോക്കിയില്ല. അതിന്റെ പ്രശ്നം നിങ്ങൾക്ക് അധികം താമസിയാതെയുണ്ടാകാൻ സാധ്യതയുണ്ട്. അദ്ദേഹം ഒരുകാര്യം കൂടിപറഞ്ഞു,

ശ്രീ. എ. എൻ. ഷംസീർ: സർ, .....(മൈക്ക് ഓഫ്).....

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, ഇത് ഇന്നും നാളെയും കൊണ്ട് തീരുന്നതല്ലല്ലോ ഷംസീറേ... കെ. എം. മാണിയെക്കുറിച്ച് പറഞ്ഞപ്പോൾ ഷംസീറിന്റെ കൈയടി അതിമനോഹരമായിരുന്നു.

മി. ചെയർമാൻ: അങ്ങ് ഇങ്ങോട്ട് നോക്കി പറയൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, പുറത്താക്കിയ മക്കളെക്കുറിച്ച് നിങ്ങളെന്തിന് വേദനിക്കുന്നു എന്നാണ് യു.ഡി.എഫ്.-നോട് ബഹുമാനപ്പെട്ട ചീഫ് വിപ്പ് പറഞ്ഞത്. ഞങ്ങൾ പുറത്താക്കിയതല്ല, അവർ ബൈബിളിലെ ധൂർത്ത് പുത്രനെപ്പോലെ പുറപ്പെട്ടുപോയതാണ്. ഒരു അപ്പനെ സംബന്ധിച്ചിടത്തോളം ധൂർത്ത് പുത്രൻ സ്വന്തം മകനായിപ്പോയെങ്കിൽ അവൻ നശിച്ചു പോകുന്നതുകാണുമ്പോൾ വേദനയുണ്ടാകില്ലേ; അവൻ മടങ്ങിവരാൻവേണ്ടി കാത്തിരിക്കുന്ന ഒരു നല്ല പിതാവിനെപ്പോലെയാണ് യു.ഡി.എഫ്. അവരെ വിമർശിക്കുന്നത് എന്ന കാര്യംകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്. (.....ബഹളം......). ഇവിടെ ശ്രീമതി വീണ ജോർജ്ജിനെക്കുറിച്ച് (.....ബഹളം......) ഞാൻ വഴങ്ങില്ല....ഞാൻ വഴങ്ങില്ല..... ഞാൻ വഴങ്ങില്ല.... മൂന്നുതരം... ശ്രീമതി വീണ ജോർജ്ജിനെക്കുറിച്ച് വളരെ പുകഴ്ത്തി എൽ.ഡി.എഫ്.-ന്റെ എം.എൽ.എ.-മാർ പറയുമ്പോൾ ശ്രീമതി വീണ ജോർജ്ജ് ഇടയ്ക്ക് നോക്കുകയാണ്. എന്നെക്കുറിച്ച് തന്നെയാണോ, എന്നെക്കുറിച്ച് തന്നെയാണോ പറയുന്നതെന്ന് നോക്കുന്നുണ്ട്. വൈദ്യം, ആരോഗ്യം, കുടുംബക്ഷേമം എന്നിവയെ ക്കുറിച്ച് പറയാൻ ഉദ്ദേശിച്ചിരുന്ന കാര്യമല്ല പറയുന്നത്. ഇതിൽ മുൻകൂർ ജാമ്യമെടു ക്കുകയാണ്. എന്നോട് ഒരാൾ പറഞ്ഞു "ഓ കുടുംബക്ഷേമം, കുടുംബം: കൂടുമ്പോൾ ഇമ്പമുള്ളത് നന്നായി. കുടുംബക്ഷേമം ഏറ്റവും കൂടുതൽ നോക്കിയ മന്ത്രിയാണല്ലോയിത്," ഞാൻ ചോദിച്ചു എന്താ; "താങ്കൾ അറിഞ്ഞില്ലേ, ഇത്തവണത്തെ ഹൈക്കോടതിയുടെ ഗവൺമെന്റ് പ്ലീഡർമാരുടെ നിയമനം." ഞാൻ പറഞ്ഞു, ഞാൻ അക്കാര്യം പറയില്ല "സഹോദരിയെ നിയമിച്ചെന്നോ, എം.പി.-യുടെ മകളെ നിയമിച്ചെന്നോ, അതല്ലെങ്കിൽ എം.എൽ.എ.-യുടെ." .... അക്കാര്യം ഞാൻ പറയുന്നില്ല. ഞാൻ പറയുന്നത് വ്യക്തിപരമായി ആക്ഷേപമൊന്നുമല്ല. (.....ബഹളം......)

ശ്രീ. എ. എൻ. ഷംസീർ: സർ, പോയിന്റ് ഓഫ് ഓർഡർ....

മി. ചെയർമാൻ: ശ്രീ. എ. എൻ. ഷംസീർ, പോയിന്റ് ഓഫ് ഓർഡർ ആണെങ്കിൽ പറയൂ.

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, കൂടുമ്പോൾ ഇമ്പമുള്ളതാണ് കുടുംബമെങ്കിൽ ഞാൻ പറയുന്ന ഈ ഇമ്പം കേരളത്തിലെ മുഴുവൻ പേർക്കുമുണ്ടാ കണമെന്നുള്ളതാണ്. ഞാൻ മന്ത്രിക്കെതിരെയോ, ഈ നടപടിക്കെതിരെയോ പറഞ്ഞിട്ടില്ല. ഈ രീതിയിലുള്ള ഇമ്പവും ഈ രീതിയിലുള്ള വികസനവും കേരളത്തിലെ മുഴുവൻ പേർക്കും ഉണ്ടാകണമെന്നാണ് ഇതിലൂടെ ഞാൻ സൂചിപ്പിക്കുന്നത്. (.....ബഹളം......)

മി. ചെയർമാൻ: പോയിന്റ് ഓഫ് ഓർഡർ എന്താണ്?

ശ്രീ. എ. എൻ. ഷംസീർ: സർ, ബഹുമാനപ്പെട്ട ചെയറിനോട്, സഭയ്ക്കകത്തിരിക്കുന്ന മന്ത്രിയുടെ കുടുംബത്തെ ആക്ഷേപിച്ചു. ഗവൺമെന്റ് പ്ലീഡർ യോഗ്യതയുണ്ടെങ്കിൽ ആർക്കുമാകാം. അത്തരം പരാമർശങ്ങൾ സഭാ രേഖയിലുണ്ടാകാൻ പാടില്ല.

മി. ചെയർമാൻ: അക്കാര്യം പരിശോധിക്കാം.*

ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: സർ, അദ്ദേഹം കേൾക്കുന്നില്ല. ഞാൻ പറഞ്ഞത് ബഹുമാനപ്പെട്ട അംഗം ഒന്നുംകൂടി റിക്കോർഡ് ചെയ്ത് കേൾക്കണം. ഞാൻ ആക്ഷേപിക്കുകയല്ല. അത് നല്ലതാണെന്നും ഈ രീതിയിലുള്ള ഇമ്പം എല്ലാവർക്കും കൊടുക്കണമെന്നുമാണ് ഷംസീർ ഞാൻ പറഞ്ഞത്. എന്റെ പ്രസംഗം റിക്കോർഡ് ചെയ്ത് ഒരിക്കൽക്കൂടി കേട്ടാൽ മതി. ഞാൻ ഇവിടെ ഒന്നും പറയുന്നില്ല. കാരണം ഇവരിതു പറയുമ്പോൾ 'എന്തിനാ അമ്മാവാ എന്നെ തല്ലുന്നത്, ഞാൻ ഏതായാലും നന്നാകാൻ പോകുന്നില്ല' എന്നുള്ള നയമാണെങ്കിൽ ഞാൻ ആ കാര്യം വിട്ടു.

ഇവിടെ ഇപ്പോഴത്തെ ആരോഗ്യമേഖലയുടെ അവസ്ഥ എന്താണ്? R-Value സംസ്ഥാനത്ത് 1.21-ന് മുകളിലാണ്, എന്നു പറഞ്ഞാൽ പകർച്ചവ്യാധി വ്യാപിക്കുന്നതിന്റെ സൂചനയാണിത്. R-Value ഒന്നിന് മുകളിലാണെങ്കിൽ പകർച്ചവ്യാധി വ്യാപനം/വൈറസ് വ്യാപനം വളരെ വേഗത്തിലാകുമെന്ന്, അതായത് കേരളത്തിൽ പകർച്ചവ്യാധിയുണ്ടാകാനുള്ള സാധ്യത ഇനിയും കൂടുതലാണ്. പുതിയ കോവിഡ് കേസ്സുകളുടെ എണ്ണത്തിൽ തുടർച്ചയായി വർദ്ധനവ് രേഖപ്പെടുത്തുന്ന ഇൻഡ്യയിലെ സംസ്ഥാനങ്ങളിൽ ഏറ്റവും കൂടുതൽ കേരളത്തിലാണ്. കേന്ദ്ര ആരോഗ്യമന്ത്രാലയം തന്നെ ഇത് സൂചിപ്പിച്ചിട്ടുണ്ട്. നാലാഴ്ചയായി പുതിയ കേസ്സുകളുടെ എണ്ണം വർദ്ധിക്കുന്ന നമ്മുടെ രാജ്യത്തെ 22 ജില്ലകളിൽ 7-ഉം കേരളത്തിലാണ്. ആരോഗ്യ വകുപ്പുമന്ത്രിയുടെ ജില്ലയായ പത്തനംതിട്ട കൂടാതെ ആലപ്പുഴ, കോട്ടയം, മലപ്പുറം, തൃശ്ശൂർ, വയനാട്, എറണാകുളം എന്നിവയാണത്. നമ്മുടെ രാജ്യത്ത് കേരളം എവിടെയെത്തി നിൽക്കുന്നു? മേനി പറഞ്ഞതുകൊണ്ടൊന്നും കാര്യമില്ല. ഒരുപക്ഷേ ആത്മാഭിമാനമുണ്ടെങ്കിൽ കോവിഡ് രംഗത്ത് ലോകത്തെ ഏറ്റവും പിന്നാക്കം പോയ സംസ്ഥാനമെന്ന രീതിയിൽ, കിട്ടിയ അവാർഡുകൾ തിരിച്ചുകൊടുത്ത് മാതൃക കാണിക്കുകയാണ് ഈ ഗവൺമെന്റ് ചെയ്യേണ്ടത്. ഇവിടെ ദീർഘമായ അടച്ചുപൂട്ടൽ നടപ്പിലാക്കിയിട്ടും രോഗ സ്ഥിരീകരണത്തിന്റെ നിരക്ക് (ടി.പി.ആർ.) ഇപ്പോഴും കേരളത്തിൽമാത്രം പത്തിന് താഴെയാകുന്നില്ല. നമ്മുടെ തൊട്ടടുത്ത സംസ്ഥാനമായ തമിഴ്നാട് എത്ര

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 12650/ഇ.ബി/2021/നി.സെ തീയതി 4-8-2021) സഭാ രേഖയിൽ നിലനിർത്തി.

പെട്ടെന്നാണ് കോവിഡിനെ അതിജീവിച്ച് മുന്നോട്ടുപോയത്. നമ്മൾ വീമ്പു പറഞ്ഞിട്ടു കാര്യമില്ല. ബഹുമാനപ്പെട്ട മന്ത്രിയും ഈ ഗവൺമെന്റും അതൊക്കെയൊന്ന് കണ്ട് മനസിലാക്കണം. കേരളീയർ കർണ്ണാടകത്തിലും തമിഴ്നാട്ടിലുമുണ്ടായിട്ടുള്ള കാര്യങ്ങൾ മനസ്സിലാക്കി മുന്നോട്ടുപോകാൻ തയ്യാറാകണമെന്ന് സൂചിപ്പിക്കുകയാണ്. ദൈവത്തിന്റെ സ്വന്തം നാട്, കൊറോണയുടെ സ്വന്തം നാട് എന്നറിയപ്പെടരുത്. ഈ സാഹചര്യം നേരിടുന്നതിനുവേണ്ടി നമ്മളൊന്നിച്ച് മുന്നോട്ടുപോകണം. വാക്സിൻ വിതരണം അതിവേഗത്തിലാക്കണം. സർക്കാർ മേഖലയിൽ വാക്സിനില്ല. പക്ഷേ, കേരളത്തിൽ സ്വകാര്യ ആശുപത്രിയിൽ പോയാൽ വാക്സിൻ കിട്ടും, പണം കൊടുത്താൽ മതി. അതെങ്ങനെ സംഭവിക്കുന്നു? സ്വകാര്യ മേഖലയിലും സൗജന്യമായി വാക്സിൻ കൊടുക്കു. തമിഴ്നാട്ടിൽ സ്വകാര്യമേഖലയിൽ സൗജന്യമായി വാക്സിൻ കൊടുത്തു. അവർ സി.എസ്.ആർ. ഫണ്ടുപയോഗപ്പെടുത്തി സ്വകാര്യ ആശുപത്രികളിലും സൗജന്യമായി വാക്സിൻ കൊടുക്കുന്നു. ഇവിടെ ജീവിക്കാൻ നിവൃത്തിയുണ്ടോ; നമുക്കെങ്ങനെ ആശുപത്രിയിൽ പോകാൻ കഴിയും; ആലുവയിലുള്ള എന്റെയൊരു സുഹൃത്ത് പല്ല് അടയ്ക്കാൻ പോയപ്പോൾ രജിസ്ട്രേഷൻ ഫീസ് 200 രൂപ, കൺസൾട്ടിംഗ് ഫീസ് 200 രൂപ (....ബഹളം....) മറ്റ് രീതിയിൽ 200 രൂപ ഈടാക്കുന്നു. ആരോഗ്യമേഖലയിൽ വലിയതോതിലുള്ള മാറ്റങ്ങൾ (.....ബഹളം......) ഞാനിവിടെ പ്രസംഗം അവസാനിപ്പിക്കാൻ പോകുകയാണ്. സമയത്തിന് പരിമിതിയുണ്ട്. ഈ നിയമസഭയിൽ 140 എം.എൽ.എ.-മാരുണ്ട്. ശ്രീ. അൻവർ സാദത്ത്, എം.എൽ.എ.-യുടെ പിതാവ് ഇന്നലെ കോവിഡ് ബാധിച്ച് മരണപ്പെട്ടു. ഈ 139 പേരിൽ ആരുടെയെങ്കിലും കണ്ണിൽനിന്നും കണ്ണീർ വന്നോ. ഒരു കണ്ണീരും വന്നുകാണില്ല. പക്ഷേ, അൻവർ സാദത്ത്, എം.എൽ.എ.-യുടെ കണ്ണിൽനിന്നും കണ്ണീർ വന്നുകാണും. കാരണം സ്വന്തം പിതാവാണ്. സ്വന്തക്കാരെ നഷ്ടപ്പെടുമ്പോൾ, മക്കളെ നഷ്ടപ്പെടുമ്പോൾ, അപ്പനെ നഷ്ടപ്പെടുമ്പോൾ, കോവിഡ്മൂലം വലിയ നഷ്ടമുണ്ടായിട്ടും ഈ ഗവൺമെന്റ് എന്തു ചെയ്തു? അപ്പനെയും അമ്മയെയും നഷ്ടപ്പെട്ട് എത്രയോ കുട്ടികൾ അനാഥരായി. എന്റെ മണ്ഡലത്തിൽ അപ്പനും അമ്മയും അതോടൊപ്പം ഭർത്താവും മരണപ്പെട്ടൊരു കുടുംബവുമുണ്ട്. ഇപ്പോഴും അനാഥരായ എത്രയോ കുടുംബങ്ങളുണ്ട്. ഇപ്പോഴും കോവിഡ് മരണ കണക്കുകൾ മറച്ചുവച്ചുകൊണ്ട് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നു.

<u>മി. ചെയർമാൻ</u>: അങ്ങയുടെ സമയം കഴിഞ്ഞു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, അവർ ഇടപെട്ടുകൊണ്ട് രണ്ട് മിനിറ്റിലധികമാണ് എന്നെ പ്രസംഗിക്കാൻ അനുവദിക്കാത്തത്. അങ്ങ് തന്നെ മൂന്നുമിനിറ്റിലധികം ഇവിടെ പ്രസംഗിച്ചില്ലേ? ഞാൻ ദീർഘമായ കാര്യങ്ങളിലേയ്ക്കൊന്നും പോകുന്നില്ല. നമുക്കൊരു വീണ്ടുവിചാരമുണ്ടാകാം, നമുക്ക് തിരുത്തണം. കണക്കിലെ കളികൾ കൊണ്ടുമാത്രം മുന്നോട്ടുപോകാൻ കഴിയില്ല. അതുകൊണ്ട് ഒരു കാര്യം കൂടി സൂചിപ്പിക്കുകയാണ്. ഞാൻ മാത്രമല്ല നിങ്ങൾക്കെതിരെ പറഞ്ഞത്.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, പോയിന്റ് ഓഫ് ഓർഡർ.

<u>മി. ചെയർമാൻ</u>: പോയിന്റ് ഓഫ് ഓർഡർ ആണോ. സമയം കഴിഞ്ഞു.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, പോയിന്റ് ഓഫ് ഓർഡർ ഇതുകഴിഞ്ഞിട്ട് പറയാമല്ലോ, ബഹുമാനപ്പെട്ട ചെയറിന് അതിനുള്ള അവകാശമുണ്ടല്ലോ. ഞാൻ പറഞ്ഞ് അവസാനിപ്പിക്കട്ടെ. ബഹുമാനപ്പെട്ട ശൈലജ ടീച്ചർ പറഞ്ഞല്ലോ കോവിഡ് ധനസഹായം അപര്യാപ്തമാണെന്ന്. നിങ്ങൾ കിറ്റ് കൊടുക്കുന്നു, നല്ലകാര്യം. കിറ്റിനോടൊപ്പം ഒരു ആയിരം രൂപകൂടി കൊടുക്കൂ. ആലോചിച്ചു മതി. ആയിരം രൂപ കൊടുത്താൽ കമ്മീഷൻ കിട്ടില്ല. അതുകൊണ്ട് ജനങ്ങൾക്ക് പണം കൊടുക്കുവാൻ തയ്യാറാകണം. (....ബഹളം......)

<u>മി. ചെയർമാൻ</u>: കൺക്ലൂഡ് ചെയ്യൂ.

<u>ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ</u>: സർ, ജനങ്ങൾക്കാവശ്യമുള്ള പണം കൊടുക്കാൻ തയ്യാറാകണം. സാമ്പത്തിക ബുദ്ധിമുട്ടിൽനിന്നും ജനങ്ങളെ മുന്നോട്ട് കൊണ്ടുവരണം. എന്റെ വാക്കുകൾ അവസാനിപ്പിക്കുകയാണ്. ഉറ്റവർ പോയവർ നഷ്ടപരിഹാരമില്ലാത്ത സാഹചര്യത്തിൽ അവരെ വേദനിപ്പിക്കാതെ, ബഹുമാനപ്പെട്ട മന്ത്രി വീണാ ജോർജ്ജ്, അങ്ങ് സുഖിപ്പിക്കൽ മാത്രം കേൾക്കാതെ (....ബഹളം.....) സത്യസന്ധമായിട്ടുള്ള പ്രതിപക്ഷത്തിന്റെ ആരോപണങ്ങൾ കേട്ട് ഏറ്റവും മികച്ചരീതിയിൽ മുന്നോട്ടുപോകണം എന്നു സൂചിപ്പിച്ചുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ഒരിക്കൽക്കൂടി എതിർക്കുന്നു.

<u>മി. ചെയർമാൻ</u>: എന്താണ് പോയിന്റ് ഓഫ് ഓർഡർ.

<u>ശ്രീമതി യു. പ്രതിഭ</u>: സർ, ബഹുമാനപ്പെട്ട പെരുമ്പാവൂർ അംഗം സംസാരിക്കുന്ന അവസരത്തിൽ തമിഴ്നാടിനെ കണ്ട് പഠിക്കണമെന്നൊരു പ്രസ്താവന പറഞ്ഞു. അത് തെറ്റിദ്ധാരണാജനകമായിട്ടുള്ള പ്രസ്താവനയാണ്. കോവിഡ് മരണത്തിന്റെ കാര്യത്തിൽ കേരളവുമായി താരതമ്യപ്പെടുത്തുമ്പോൾ വലിയ തരത്തിലുള്ള വ്യത്യാസമാണ്. കോവിഡ് ബാധിച്ച് 35,000-ലധികം മരണങ്ങൾ സംഭവിച്ച തമിഴ്നാടിനെ കണ്ട് പഠിക്കണമെന്ന അദ്ദേഹത്തിന്റെ പ്രസ്താവന രേഖയിലുണ്ടാകാൻ പാടില്ല.

<u>മി. ചെയർമാൻ</u>: അക്കാര്യം പരിശോധിക്കാം.*

---

* ബഹുമാനപ്പെട്ട സഭാദ്ധ്യക്ഷന്റെ ഉത്തരവിൻപ്രകാരം (ഫയൽ നമ്പർ 12650/ഇ.ബി/2021/നി.സെ തീയതി 4-8-2021) സഭാ രേഖയിൽ നിലനിർത്തി.

<u>ശ്രീ. പി. മമ്മിക്കുട്ടി</u>: സർ, ആരോഗ്യ സംരക്ഷണവും ശിശുക്ഷേമ- വനിതാ സംരക്ഷണവുമായും ബന്ധപ്പെട്ട് ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി വീണാ ജോർജ്ജ് അവതരിപ്പിച്ച പുതിയ ധനാഭ്യർത്ഥനയ്ക്ക് എല്ലാവിധ പിന്തുണയും അതോടൊപ്പം അത് പാസ്സാക്കിക്കൊടുക്കണമെന്ന അഭിപ്രായവും ഞാൻ രേഖപ്പെടുത്തുകയാണ്. എന്റെ സുഹൃത്ത് ശ്രീ. കെ. ബാബു (നെന്മാറ) യു.ഡി.എഫ്.-കാർ പ്രത്യേകിച്ച് കോൺഗ്രസ്സുകാർ നന്നാകുന്നതിനുവേണ്ടി ആയുർവ്വേദവിധി പ്രകാരമുള്ള ചില ചികിത്സയാണ് നിർദ്ദേശിച്ചത്. ആ ചികിത്സ നിർദ്ദേശിച്ചതിനുശേഷം സംസാരിച്ച ബഹുമാനപ്പെട്ട ഒന്നുരണ്ട് വ്യക്തികളുടെയും ഇപ്പോൾ പ്രസംഗിച്ച ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഉൾപ്പെടെയുള്ളവരുടെയും ചർച്ച കേട്ടപ്പോൾ ആയുർവ്വേദ വിധിപ്രകാരമുള്ള ചികിത്സ പോരാ, Three Phase ലൈനിൽനിന്നും നേരിട്ട് ഷോക്ക് കൊടുക്കണോ അതോ 110-ൽനിന്നും കൊടുക്കണോ എന്ന രീതിയിലുള്ള സംശയമാണുണ്ടായത്. 11 കെ.വി. ലൈനിൽനിന്നും കൊടുത്താൽ പറ്റില്ല. 110 ലൈനിൽനിന്നും നേരിട്ട് ഷോക്ക് കൊടുത്താലെങ്കിലും ഇവർ രക്ഷപ്പെടുമോയെന്ന് പരിശോധിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. സാധാരണ പറയാറുണ്ട് തിയറി അറിയില്ലെങ്കിൽ തെറി പറയരുതെന്ന്. ആശയദാരിദ്ര്യംകൊണ്ട് എന്താണ് പറയുന്നതെന്ന് നിശ്ചയമില്ലാത്ത രീതിയിലാണ് വാദഗതികൾ ഉന്നയിക്കുന്നത്. കേരളം എല്ലാ കാര്യത്തിലും മുൻപന്തിയിലാണ്. കേരളം ഒന്നാമതാണെന്ന് തെളിയിക്കാനുള്ള എല്ലാ സ്റ്റാറ്റിസ്റ്റിക്സും ഞങ്ങളുടെ കയ്യിലുണ്ട്. അതിനായി പ്രത്യേകം ചർച്ച നമുക്ക് സംഘടിപ്പിക്കാം. അതുകൊണ്ട് ഉദിച്ചുയരുന്ന ഉദയസൂര്യന്റെ പ്രകാശത്തെ പുകമറകൊണ്ട് തടുക്കാൻ ശ്രമിച്ചാൽ നിൽക്കില്ലെന്ന് യു.ഡി.എഫ്.-ലെ സുഹൃത്തുക്കളെ ബോദ്ധ്യപ്പെടുത്താൻ ഞാൻ ശ്രമിക്കുകയാണ്. ഞാൻ കൂടുതൽ വിശദീകരിക്കുന്നില്ല. ഒൻപത് മണിക്കൂർ പറഞ്ഞാലും നമ്മുടെ ഈ സബ്ജക്ട് അവസാനിക്കുന്നില്ല.

നേരത്തെ ഡോ. ടി. എം. തോമസ് ഐസക് അവതരിപ്പിച്ച ബഡ്ജറ്റിലെ 2,341 കോടി രൂപയും പുതുക്കിയ ബഡ്ജറ്റിലെ 2,800 കോടി രൂപയും കൂടി 5,141 കോടി രൂപയുമായി ബന്ധപ്പെട്ട കാര്യമാണ് ഇവിടെ ചർച്ച ചെയ്യുന്നത്. അതിനു പുറമെയാണ് പശ്ചാത്തല സൗകര്യങ്ങളും ആധുനിക മെഷീനറി സംവിധാനങ്ങളും ആശുപത്രികളുടെ അപ്ഗ്രഡേഷനുമായി ബന്ധപ്പെട്ട് 3,122 കോടി രൂപ കിഫ്ബിയിൽനിന്നും നീക്കിവച്ചത്.

2.00 pm]

പൊതുജനാരോഗ്യം, പൊതുവിദ്യാഭ്യാസം തുടങ്ങി എല്ലാ മേഖലകളിലും കേരളത്തെ മുൻപന്തിയിലെത്തിക്കാൻ കഴിഞ്ഞെങ്കിൽ ഇടതുപക്ഷ പ്രസ്ഥാനത്തിന്റെ, കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ കയ്യൊപ്പ് അതിന്റെ ഭാഗമായിട്ടുണ്ടെന്ന് നിങ്ങൾ അംഗീകരിക്കേണ്ടി

വരും. കോൺഗ്രസ് കാലാകാലം ഭരണം നടത്തിയ ആന്ധ്രാപ്രദേശ്, ഉത്തർപ്രദേശ്, ഇപ്പോൾ ഭരിക്കുന്ന പഞ്ചാബ് തുടങ്ങിയ സംസ്ഥാനങ്ങളുമായൊക്കെ ബന്ധപ്പെട്ട സൂചികകളുടെ പരിശോധന നടത്തിയാൽ അവിടത്തെ ശിശുമരണ നിരക്ക് എത്രയാണ്; ഗർഭിണികളുടെ മരണമെത്രയാണ്; പോഷകാഹാരക്കുറവുകൊണ്ട് എത്ര കുട്ടികളാണ് മരിക്കുന്നത്; കോവിഡുമായി ബന്ധപ്പെട്ട മരണമെത്രയാണ്; ആശുപത്രി സൗകര്യങ്ങളുടെ സ്ഥിതിയെന്താണ് എന്നെല്ലാം മനസ്സിലാക്കാൻ സാധിക്കും. ഒരുപക്ഷേ, മുംബൈയിലും കൽക്കട്ടയിലും സെക്കന്തരാബാദിലും ഹൈദരാബാദിലും പ്രമുഖ ആശുപത്രികൾ പ്രവർത്തിക്കുന്നുണ്ടാകും. ഗ്രാമീണ മേഖലയിൽ പാവപ്പെട്ട മനുഷ്യർക്ക് അവലംബിക്കാൻ കഴിയുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ എത്രത്തോളം പ്രവർത്തിക്കുന്നുണ്ടെന്ന് യു.ഡി.എഫ്. പരിശോധിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്.

ഞാനൊരു സമയത്ത് ബഹുമാന്യയായ ക്യാപ്റ്റൻ ലക്ഷ്മിയുടെ കാൺപൂരിലെ വീട്ടിൽ പോയിരുന്നു. അവർ 90 വയസ്സിലും ഡോക്ടറായി സേവനമനുഷ്ഠിച്ചിരുന്നു. രാവിലെ എന്നോട് പറഞ്ഞു: "ഞാൻ നഴ്സിംഗ് ഹോമിൽ ഒന്നു പോയി വരട്ടെ" എന്ന്. ഞാനും അവരോടൊപ്പം പോയി. പാവപ്പെട്ട നൂറുകണക്കിന് ഗ്രാമീണജനത കാത്തുനിൽക്കുകയാണ്. എന്തിനാണ്? ഒരു പാരസെറ്റാമോൾ കിട്ടാൻ, അതുപോലെ മറ്റ് പ്രാഥമികമായ സൗകര്യങ്ങൾ ലഭിക്കാനുള്ള സാധ്യതയില്ലാത്തതുകൊണ്ട്. യു.പി., ബീഹാർ, ഒറീസ്സ, മധ്യപ്രദേശ്, ആന്ധ്രാപ്രദേശ് എന്നിവിടങ്ങളിലൊക്കെയുള്ള സ്ഥിതി ഇതുതന്നെയാണെന്ന് മനസ്സിലാക്കാതിരിക്കുന്നത് നല്ലതല്ലെന്നാണ് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്. 2016-ൽ പിണറായി വിജയൻ സർക്കാർ അധികാരത്തിൽ വരുന്നതിനുമുമ്പ് ഇടക്കാലത്തൊക്കെ ഇടതുപക്ഷ ഗവൺമെന്റ് കേരളത്തിൽ അധികാരത്തിൽ വന്നിട്ടുണ്ട്. 1957-ൽ സഖാവ് ഇ.എം.എസ്.-ന്റെ നേതൃത്വത്തിലുള്ള സർക്കാരിന്റെ കാലത്ത് ഡോ. എ. ആർ. മേനോൻ ആയിരുന്നു അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി. പൊതുജനാരോഗ്യ സംരക്ഷണവുമായി ബന്ധപ്പെട്ട് അന്നത്തെ കാലഘട്ടത്തിനനുസരിച്ച് പാവപ്പെട്ടവരുടെ ജീവൻ രക്ഷിക്കാനാവശ്യമായ നടപടികൾ സ്വീകരിച്ചു. അതിന് പണമുണ്ടായിരുന്നില്ല. എവിടെനിന്ന് പണം കണ്ടെത്തുമെന്നാണ് അന്നത്തെ പ്രതിപക്ഷം ചോദിച്ചത്. അപ്പോൾ ബഹുമാന്യനായ മുഖ്യമന്ത്രി പറഞ്ഞത് "നമുക്ക് ലോട്ടറി വില്പന ആരംഭിക്കണം, നമുക്ക് ചിട്ടികൾ ആരംഭിക്കണം" എന്നാണ്. അങ്ങനെയാണ് കെ.എസ്.എഫ്.ഇ. ചിട്ടികളും ലോട്ടറി സംവിധാനവും ആരംഭിക്കാൻ തീരുമാനിച്ചത്. ലോട്ടറി മുഖേനയും കെ.എസ്.എഫ്.ഇ. ചിട്ടി മുഖേനയും ധനസമാഹരണം നടത്തിക്കൊണ്ടാണ് പാവപ്പെട്ട മനുഷ്യരെ കേരള സമൂഹത്തിന്റെ ഒപ്പമെത്തിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചത്. അതിനുശേഷം വന്ന ഇടതുപക്ഷ ഗവൺമെന്റുകൾ അത് തുടർന്നുവന്നു. ഞാൻ വിശദീകരിക്കുന്നില്ല.

2016-നുമുമ്പ് സാധാരണ പ്രൈമറി ഹെൽത്ത് സെന്ററുകളുടെ അവസ്ഥയെന്തായിരുന്നു? രാവിലെ ഡോക്ടർ വരും. 10 മണിക്കോ 11 മണിക്കോ പോകും. പോകാനുള്ള ധൃതിയാണ്. വിലാസിനി എന്നപേരുള്ള ഒരു സഹോദരി ക്യൂവിൽ നിൽക്കുകയാണെങ്കിൽ വിലാസിനി എന്ന് പേരു പറയും. ആണോ, പെണ്ണോ എന്നാണ് പിന്നെ ചോദിക്കുന്നത്. ഡോക്ടർ മുഖത്ത് നോക്കില്ല. ആണോ, പെണ്ണോ എന്ന് ചോദിച്ചശേഷം മരുന്ന് എഴുതിവിടുന്ന ആ കാലഘട്ടം മാറി. ഇപ്പോൾ രോഗികൾ മുൻകൂട്ടി അവിടെ പോകുന്നു, ടോക്കൺ എടുക്കുന്നു, അവർ ഇരിക്കുന്നു, അവിടെ മൈക്കിലൂടെ അനൗൺസ്മെന്റ് നടത്തുന്നു, അവർക്ക് പ്രവേശനം കിട്ടിയാൽ ഡോക്ടറുടെ അടുത്തേയ്ക്ക് പോകുന്നു, പരിശോധിക്കുന്നു.

കഴിഞ്ഞ തെരഞ്ഞെടുപ്പ് സമയത്ത് വോട്ട് അഭ്യർത്ഥിച്ച് ഒരു വീട്ടിൽ പോയപ്പോൾ ഒരു സഹോദരി എന്നോട് പറഞ്ഞു, "മകൾ പ്രസവിക്കാറായിരിക്കുന്നു." "ആയിക്കോട്ടെ അതിനെന്താ?" എന്ന് ഞാൻ ചോദിച്ചു, അതിന് അവർ മറുപടി പറഞ്ഞത് "നിങ്ങളുടെ ഗവൺമെന്റുതന്നെ വരില്ലേ; ശ്രീ. പിണറായി വിജയനും അതുപോലെതന്നെ ശ്രീമതി ശൈലജ ടീച്ചറുമൊക്കെ വരില്ലേ?" എന്നാണ്. വരും, അതിൽ യാതൊരു തർക്കവുമില്ലെന്ന് ഞാൻ പറഞ്ഞപ്പോൾ 'അവരൊക്കെ വരുമെന്നുള്ള സമാധാനത്തിലാണ് ഞങ്ങൾ നിൽക്കുന്നത്' എന്നായിരുന്നു മറുപടി. മകൾക്ക് പ്രസവവേദന വന്നാലും കോവിഡ് വന്നാലും മഹാമാരി വന്നാലും അവരെ സംരക്ഷിക്കാൻ ഇവിടെ ആളും നാഥനുമുണ്ടെന്ന വിശ്വാസത്തിന്റെ അടിസ്ഥാനത്തിലാണ് ഇടതുപക്ഷ ജനാധിപത്യ മുന്നണിയെ ഈ നാട്ടിലെ ജനങ്ങൾ വീണ്ടും തെരഞ്ഞെടുത്തിട്ടുള്ളത്. ഇവിടെ പഴകി പുളിച്ചുനാറിയ വാദഗതികൾ, കഴിഞ്ഞ തെരഞ്ഞെടുപ്പ് കാലത്ത് ജനകീയ കോടതിയിൽ സമർപ്പിക്കപ്പെട്ട നിങ്ങളുടെ വാദഗതികൾ, ജനകീയ കോടതി നിഷ്കരുണം തള്ളിക്കളഞ്ഞ, നിങ്ങളുടെ വാദം അംഗീകരിക്കുന്നില്ല; മറുവാദക്കാരെ ഞങ്ങൾ സ്വീകരിക്കുന്നുവെന്ന് പറഞ്ഞിട്ടല്ലേ ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റിന് മഹാഭൂരിപക്ഷം നൽകിയത്. ആ ജനകീയ കോടതി തള്ളിക്കളഞ്ഞ വാദഗതികൾ വീണ്ടും നിങ്ങൾക്ക് അവതരിപ്പിക്കണമെങ്കിൽ അടുത്ത നിയമസഭാ തെരഞ്ഞെടുപ്പ് വരണം. അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിൽ ഈ വാദഗതികൾ നിങ്ങൾ വീണ്ടും അവതരിപ്പിച്ചോളൂ. ഞങ്ങൾ ഞങ്ങളുടേതായ വാദഗതികൾ അവതരിപ്പിക്കും. ജനകീയ കോടതിയുടെ തീരുമാനത്തെ വെല്ലുവിളിച്ചുകൊണ്ട് വീണ്ടും ആ പഴയ പല്ലവിതന്നെ ഇവിടെ ആവർത്തിച്ച് വാദിക്കുന്നതുകൊണ്ട് പ്രയോജനം കിട്ടില്ല. ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് എല്ലാ മേഖലയിലും മികവാർന്ന പ്രകടനമാണ് കാഴ്ചവയ്ക്കുന്നത്. ഞാൻ മറ്റ് വിശദാംശങ്ങളിലേയ്ക്കൊന്നും കടക്കുന്നില്ല. പ്രൈമറി ഹെൽത്ത് സെന്ററുകളെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളാക്കി, താലൂക്കാശുപത്രികളും ജില്ലാ

ആശുപത്രികളും മെച്ചപ്പെട്ടതാക്കുകയും ആധുനിക സൗകര്യങ്ങൾ ഒരുക്കുകയും ചെയ്തു. കേരളത്തിലെ ഓരോ മുപ്പത് കിലോമീറ്റർ ദൂരത്തിനിടയിലും ഒരു 108 ആംബുലൻസ് ഓടിയത് ഈ കേരളീയർ കണ്ടിട്ടുണ്ട്. ഡൽഹിയിലെ എയിംസ് ആശുപത്രിക്ക് സമാനമായ രീതിയിലുള്ള ട്രോമാ കെയർ യൂണിറ്റുകളല്ലേ തിരുവനന്തപുരം മെഡിക്കൽ കോളേജ് ആശുപത്രികളുൾപ്പെടെയുള്ള മെഡിക്കൽ കോളേജുകളിൽ പ്രവർത്തിപ്പിക്കുന്നത്? മുൻകാലങ്ങളിൽ അപകടം പറ്റിയാൽ തിരിഞ്ഞുനോക്കാൻ ആളുകളുണ്ടാകില്ല. സാക്ഷി പറയേണ്ടിവരുമെന്നതിനാൽ ആരും അത് ഏറ്റെടുക്കാൻ പോകില്ല. ഈ ഗവൺമെന്റ് വന്നതിനുശേഷം, അപകടം സംഭവിച്ചാൽ അത്തരം സന്ദർഭത്തിൽ പെട്ടെന്ന് ആശുപത്രിയിലേയ്ക്ക് എത്തിക്കാനും ആവശ്യമായ സ്റ്റേറ്റ്മെന്റ് കൊടുക്കാനും ആര് മുന്നോട്ടുവന്നാലും അവരെ കേസ്സിൽ പ്രതിയാക്കില്ലെന്ന് പറഞ്ഞിരുന്നു. ഒരു മണിക്കൂറിനുള്ളിൽ ചികിത്സ കിട്ടിയാൽ ജീവൻ രക്ഷിക്കാമായിരുന്നുവെന്ന് മരണപ്പെട്ടതിനുശേഷം ഡോക്ടർമാർ പറയാറുണ്ട്. പക്ഷേ, ഇപ്പോൾ അത്തരം സ്ഥിതിയില്ല. സാധാരണഗതിയിൽ പകർച്ചവ്യാധികളേക്കാൾ മരണം നടക്കുന്നത് റോഡിൽ വച്ചുണ്ടാകുന്ന ആക്സിഡന്റുമായി ബന്ധപ്പെട്ട കേസ്സുകളിലാണ്. പക്ഷേ, അത്തരം ആക്സിഡന്റ് കേസ്സുകളിൽ പെട്ടെന്ന് ആശുപത്രിയിലെത്തിക്കാനും ഒരു മണിക്കൂറിനുള്ളിൽ ജീവൻ രക്ഷിക്കാനുമൊക്കെ ആവശ്യമായ നടപടികൾ സ്വീകരിച്ച ഈ ഗവൺമെന്റിനെയല്ലാതെ പിന്നെ ആരെയാണ് പിന്തുണയ്ക്കേണ്ടത്. ഇത്തരം ജീവകാരുണ്യപരമായ പ്രവർത്തനങ്ങളെ നിഷേധിക്കുന്ന, എതിർക്കുന്ന ഇവരുടെ സാമാന്യബോധത്തെ ഈ കേരളീയ സമൂഹം അളന്ന് തിട്ടപ്പെടുത്തുമെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. ജീവകാരുണ്യ പ്രവർത്തനങ്ങൾക്ക് പണം കൊടുക്കണമെന്ന് പറയുമ്പോൾ കൊടുക്കണ്ട എന്നുപറയുന്നവർ മനുഷ്യ സ്നേഹികളാണോ, സാമൂഹിക പ്രതിബദ്ധതയുടെ അടിസ്ഥാനത്തിൽ രാഷ്ട്രീയ പ്രവർത്തനം നടത്തുന്നവരാണോ എന്നുകൂടി നിങ്ങൾ പരിശോധിക്കണം. കേരളത്തിന്റെ ആയുർദൈർഘ്യം എത്രയാണ്; നിങ്ങൾ കുറേ കേമത്തം പറഞ്ഞല്ലോ; കൽക്കട്ടയിലും പഞ്ചാബിലും എത്രയാണ്? കേരള സംസ്ഥാനത്തെ ജനങ്ങളുടെ ആയുർദൈർഘ്യം 77 വയസ്സിലാണ് ഇപ്പോൾ നിൽക്കുന്നത്. നിങ്ങൾ ഇവിടെ ഉയർത്തിക്കാണിക്കുന്ന മാതൃകാപരമായ സംസ്ഥാനങ്ങളിലെ ആയുർദൈർഘ്യം എത്രയാണ്. പരിശോധിക്കണം. രേഖകൾ അടുത്ത് ഇല്ലാത്തതുകൊണ്ടാണ്. നേരത്തെ 60 വയസ്സായിരുന്നു പരമാവധി ആയുർദൈർഘ്യം. അതുകൊണ്ടാണല്ലോ സർവ്വീസിൽനിന്നും റിട്ടയർ ചെയ്യാൻ 55 വയസ്സ് നിശ്ചയപ്പെടുത്തിയത്. ഇപ്പോൾ നമ്മൾ ആരോടെങ്കിലും വയസ്സ് ചോദിക്കാറുണ്ടോ? സർവ്വീസിൽനിന്നും വിരമിച്ചിട്ട് എത്ര കാലമായി എന്നാണ് ചോദിക്കുന്നത്. അപ്പോൾ 55 വയസ്സ് വച്ച് കണക്കുകൂട്ടിയാൽ ചിലപ്പോൾ 80 അല്ലെങ്കിൽ 85 ആകും. ആയുർദൈർഘ്യം ഈ രീതിയിൽ വന്നത് ദൈവപ്രാർത്ഥന

കൊണ്ടോ, അനുഗ്രഹംകൊണ്ടോ അല്ല. സാമൂഹ്യ-ആരോഗ്യമേഖലയിൽ ഇടതുപക്ഷ ഗവൺമെന്റുകൾ നടത്തിയ പ്രവർത്തനത്തിന്റെ ഭാഗമായുണ്ടായ മാറ്റമാണതെന്ന് നിങ്ങൾ സ്വകാര്യമായെങ്കിലും അംഗീകരിക്കണമെന്നാണ് അതുമായി ബന്ധപ്പെട്ട് ചൂണ്ടിക്കാണിക്കാനുള്ളത്.

മി. ചെയർമാൻ: അങ്ങയുടെ സമയം കഴിഞ്ഞു.

ശ്രീ. പി. മമ്മിക്കുട്ടി: സർ, ഞാൻ ദീർഘിപ്പിക്കുന്നില്ല. മറ്റൊരു കാര്യം സൂചിപ്പിക്കാനുള്ളത്, മുൻപ് ആളുകൾ വിദഗ്ദ്ധ ചികിത്സയ്ക്കായി അമേരിക്കയിലേയ്ക്കായിരുന്നു പോയിരുന്നത്. അവിടെയാണ് വിദഗ്ദ്ധ ചികിത്സയുള്ളത്, അത് നിഷേധിക്കപ്പെടുന്നില്ല. പക്ഷേ, ഇപ്പോൾ അമേരിക്കയിൽനിന്നും ലണ്ടനിൽനിന്നും ആളുകൾ കേരളത്തിലേയ്ക്കാണ് വരുന്നത്. അതിന് കാരണം ചോദിച്ചപ്പോൾ പറഞ്ഞത്, അവിടെ കോവിഡ് ബാധിച്ചാൽ ചികിത്സയ്ക്ക് 30 മുതൽ 35 ലക്ഷം രൂപ വരെ വേണം, ഇവിടെ അരക്കാശിന്റെ ചെലവില്ലാതെ ചികിത്സ നടക്കുമെന്നാണ്. അമേരിക്കയിൽനിന്നും വന്ന് തിരിച്ചുപോകാൻ കഴിയാത്ത ഒരു കുടുംബത്തോട് നിങ്ങൾ എന്തിനാണ് ഗുലുമാൽ കാലത്ത് ഇങ്ങോട്ടുവന്നതെന്ന് ഞാൻ ചോദിച്ചപ്പോൾ "അവിടെ രണ്ട് പേരുടെ ചികിത്സ നടത്തുന്നതിന് ഒരു കോടിരൂപ വേണം. ഇവിടെ വന്ന് ചികിത്സിച്ച് രക്ഷപ്പെട്ട് പോകാമല്ലോ?" എന്നാണ് പറഞ്ഞത്. അതിനുശേഷം അവരുടെ പാസ്പോർട്ട് നമ്പരും മറ്റ് വിവരങ്ങളും ലഭ്യമാക്കി അവർക്ക് പോകാനുള്ള സൗകര്യം ചെയ്തുകൊടുത്തു. അതുപോലെ വയസ്സായ ആളുകൾ ഇപ്പോൾ പ്രാർത്ഥിക്കുന്നത്, ദൈവമേ, ഒരു പത്തുകൊല്ലക്കാലംകൂടി എന്നെ ഇവിടെ ജീവിക്കാൻ അനുവദിക്കണേ എന്നാണ്. പണ്ട് 50-ഉം 60-ഉം വയസ്സായ കാരണവന്മാർ പറഞ്ഞത്, ദൈവമേ, എന്നെ പെട്ടെന്നൊന്ന് മേലോട്ടെടുക്കണേയെന്നാണ്. മനസ്സിലായില്ലേ? മേലോട്ടെടുക്കണേയെന്ന് പ്രാർത്ഥിച്ചിരുന്ന ആളുകൾ ഇനിയും ഒരു പത്ത്, പതിനഞ്ച് കൊല്ലക്കാലം ഇവിടെ ജീവിക്കാൻ അവസരം നൽകണേ ദൈവമേ, പടച്ചതമ്പുരാനേ, എന്നാണ് പ്രാർത്ഥിക്കുന്നത്. കാരണം, ഇവിടെ അവരെ രക്ഷിക്കാൻ ആളുണ്ട്, നാഥനുണ്ട്, ശ്രീ. പിണറായി വിജയനുണ്ട്. അവരുടെ കാവലും കരുത്തുമായി ഇപ്പോൾ ശ്രീമതി വീണാ ജോർജ്ജും മറ്റ് ഇടതുപക്ഷക്കാരുമുണ്ട്. ഞങ്ങളെ സഹായിക്കുമെന്ന വിശ്വാസത്തിലേയ്ക്ക് വയോജനങ്ങളെ ഉൾപ്പെടെയെത്തിക്കാൻ കഴിഞ്ഞ ഈ സംസ്ഥാന ഭരണത്തിന്റെ തുടർച്ചയെന്ന നിലയ്ക്ക് ഇവിടെ അവതരിപ്പിക്കപ്പെട്ട എല്ലാ ധനാഭ്യർത്ഥനകളെയും ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീമതി ദെലീമ: സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന് ബർത്ത്ഡേ ആശംസിച്ചുകൊണ്ട് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു. ഞാനൊരു കവിത ചൊല്ലുകയാണ്:

"ഉടയുന്ന ഭൂമിക്ക് ഉടലേകുവാൻ കൊതിച്ചത്

സ്നേഹിയാം ഒരു കവിയുടെ മാനസം

ഉടയുന്ന ഭൂമിക്ക് ഉടലേകുവാൻ കൊതിച്ചത്

സ്നേഹിയാം ഒരു കവിയുടെ മാനസം

നിന്നെ ഞാൻ സ്നേഹിച്ച പോലൊരു ജന്മവും

ഇല്ലിനി സ്വർഗ്ഗവും തരുമെന്ന ചൊല്ലി ഞാൻ"

എന്റെ ഭൂമി, എന്റെ കേരളമാണ്, ഇത് ഞാൻ രചിച്ച കവിതാ ശകലങ്ങളാണ്. ഇവിടെ ഈ കവി എന്റെ പിണറായി സർക്കാരാണ്. എന്റെ കേരളം ഇടതുപക്ഷ ഭരണത്തിലേറുന്നതുവരെ പലതരത്തിൽ ഉടയുകയായിരുന്നു. പാവപ്പെട്ട മനുഷ്യന് നീതികിട്ടാതെ പിടയുകയായിരുന്നു. അങ്ങനെ നാനാവിധത്തിൽ ഉടഞ്ഞു കൊണ്ടിരുന്ന ഈ ഭൂമിയിൽ സ്വർഗ്ഗം വിതയ്ക്കാതെ മറ്റൊരു സ്വർഗ്ഗം നമുക്ക് എന്തിനാണ്? ഇവിടമാണ് സ്വർഗ്ഗം, പാവപ്പെട്ടവന്റെ കണ്ണീരിന് ആശ്വാസം കൊടുക്കുമ്പോഴാണ് സ്വർഗ്ഗം വരുന്നത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഞാനൊരു പാട്ടുകാരിയാണ്. പാട്ടുംപാടി ജയിച്ചു എന്നൊരു പ്രയോഗവുമുണ്ട്. ഈസിയായി കാര്യങ്ങൾ ചെയ്യുന്നതിനെയാണ് അങ്ങനെ പ്രശംസിക്കുന്നത്. കഠിനമായ ഒരു കാര്യം എളുപ്പത്തിൽ ചെയ്യുമ്പോഴാണ് ആ വർണ്ണന. പാട്ടുകാരിയായ എനിക്കറിയാം ഒരു പാട്ടും എളുപ്പമല്ല. നിരന്തരമായ സാധകവും പരിശീലനവും അത്യധികം കഠിനാദ്ധ്വാനവും ഓരോ മികച്ച പാട്ടിലുമുണ്ട്, സംഗീതത്തിനുമുണ്ട്. ഒരു പാട്ടുപോലെ ഹൃദ്യമാണ് കേരളത്തിന്റെ ആരോഗ്യരംഗം. ഏറ്റവും മികച്ച രീതിയിൽ ചിട്ടപ്പെടുത്തിയ നമ്മുടെ ആരോഗ്യ മേഖലയെ ലോകം അത്ഭുതത്തോടെ വീക്ഷിക്കുകയാണ്. മഹാമാരിയുടെ ഈ കാലത്ത് ചിട്ടയോടെ, താളപ്പിഴയില്ലാതെ ആരോഗ്യരംഗം കൈകാര്യം ചെയ്യുന്നതിൽ കേരളം ലോകത്തിന് മാതൃകയാണ്. രോഗം വന്നാൽ മരണംമാത്രം മുന്നിലുള്ള പലയിടങ്ങളിലെ വാർത്തകൾ നമുക്കുമുന്നിലുണ്ട്. പക്ഷേ കേരളത്തിൽ രോഗം വരുന്നതിൽ ആർക്കും ഭയമില്ല. സർക്കാർ-സ്വകാര്യ ആരോഗ്യ സംവിധാനങ്ങൾ ഇവിടെ ഓരോ ജീവനും കാവൽനിൽക്കുകയാണ്. കേരളത്തിലെ ഓരോ മനുഷ്യനും രോഗം വന്നാൽ ആശുപത്രിയിൽ പോകണമെന്ന ശാസ്ത്രബോധമുണ്ട്. ഈ ശാസ്ത്രബോധം വളർത്തുന്നതിൽ ഇടതുപക്ഷ പ്രസ്ഥാനങ്ങൾ വഹിച്ച രാഷ്ട്രീയ സംഭാവനകൾ വളരെ വലുതാണ്. ആരോഗ്യപ്രവർത്തനങ്ങളെ രാഷ്ട്രീയ പ്രവർത്തനമായും സേവനമായും കരുതുന്ന പ്രസ്ഥാനങ്ങളും സ്ഥാപനങ്ങളും കേരളത്തിന്റെ അനുഗ്രഹമാണ്.

നമ്മുടെ കേരളം ആരോഗ്യകാര്യത്തിൽ ലോകത്തിനൊപ്പം ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്യുന്നു. ഈ കൊച്ചുകേരളത്തിൽ ഡോക്ടർമാർ, നഴ്സുമാർ, ആരോഗ്യ പ്രവർത്തകർ എന്നീ കാവൽ പടയാളികൾ ലോകത്തിലെതന്നെ കൊറോണയേയും മറ്റ് രോഗങ്ങളെയും അകറ്റാൻ ലോകജനതയ്ക്ക് തണലായി ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ കഠിനാദ്ധ്വാനം ചെയ്യുന്നു. അവർ നമ്മുടെ അഭിമാനമാണ്. സ്വജീവൻ തൃണവൽക്കരിച്ചുകൊണ്ടാണിവർ മുന്നേറുന്നത്. കോവിഡിനോടുള്ള പോരാട്ടത്തിനിടയിൽ ജീവത്യാഗം ചെയ്തവർ അനേകരുണ്ട്. ഈ മഹത്തായ ജീവത്യാഗികൾക്ക് മുന്നിൽ ഞാൻ പ്രണാമം അർപ്പിക്കുന്നു. ഇതാണ് മലയാളി, ഈ മലയാളിയുടെ സ്നേഹത്തിനു മുമ്പിൽ ഒരു കൊറോണയും പിടിച്ചുനിൽക്കില്ല. ഒരു കൊറോണയ്ക്കും തകർക്കാനാവാത്ത വിധത്തിൽ ധീരതയോടെ ജീവിക്കാൻ ആരോഗ്യരംഗവും അതിനുപിന്നിൽ ധീരനായ പിണറായി സർക്കാരുമുണ്ട്. ആരോഗ്യ കേരളം സൃഷ്ടിക്കാൻ പങ്കുവഹിച്ച മുഴുവൻ പ്രയത്നത്തെയും നന്ദിപൂർവ്വം ഈ നാട് സ്മരിക്കുന്നു. എല്ലായിടത്തും പതറിയപ്പോഴും കേരളം കൊറോണയുടെ രണ്ട് കുറ്റൻ തരംഗങ്ങളെ മറികടന്നത് ഈ രംഗത്ത് നാം തുടരുന്ന നയത്തിന്റെ ബലത്തിലാണ്. ഞാൻ വരുന്നത് തീരദേശത്തുനിന്നാണ്. കടലിൽ കുറ്റൻ തരംഗങ്ങളെ നേരിടുന്നവരാണ് തീരജനത. തരംഗങ്ങളുടെ സംഹാര ശേഷിയെ എത്രയോ തവണ കടൽജനത അതിജീവിച്ചു. സർവ്വനാശ ശക്തിയുമായി കുതിച്ചെത്തുന്ന വൈറസുകളുടെ സംഹാരശേഷിയെ, കൊറോണയെ കേരളം നേരിട്ടു. ഒന്നിച്ചു നേരിടേണ്ട സമയത്തും ജനത്തെ വിഭജിക്കാനും രോഗപ്രതിരോധത്തെ തടയാനും ശ്രമിക്കുന്നവരെ നാടിന്റെ ശത്രുക്കളായി മാത്രമേ കാണാനാകൂ. അരൂരിൽ ചെമ്മീൻ വളർത്തുന്ന പാടങ്ങളുണ്ട്. ചെമ്മീൻകെട്ടുകൾ എന്നുപറയും. കഷ്ടപ്പെട്ട് ചെമ്മീൻ വളർത്തി വലുതാക്കുമ്പോൾ അതിൽ വിഷം കലക്കുന്ന ചിലരുണ്ട്. ദ്രോഹമാണത്. കേരളത്തിന്റെ ആരോഗ്യ മേഖലയെ ലോകം മുഴുവൻ വാഴ്ത്തുമ്പോൾ അതിൽ വിഷം കലക്കുന്നവർ. ലോക്ഡൗൺ നാടിന്റെ നന്മയ്ക്കാണ്, വൈറസിനെ തടയാനാണ്. ഇത്തരം ലോക്ഡൗൺ നിയന്ത്രണങ്ങൾ ലംഘിക്കുന്നവരെയും കൊറോണ വൈറസായി മാത്രമേ കാണാൻ സാധിക്കൂ. ഇതിലൊന്നും നമ്മൾ പതറില്ല. കൊറോണയെ തുത്തെറിഞ്ഞ് നമ്മൾ ജീവിക്കും. ഇത് നമ്മുടെ ഉറപ്പല്ലേ, ഇതാണ് നമ്മുടെ ഉറപ്പ്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആരോഗ്യ മേഖലയിൽ ഒട്ടനവധി പദ്ധതികളാണ് നടപ്പാക്കിയത്. കേരളത്തിന്റെ ആരോഗ്യ മേഖല മറ്റ് സംസ്ഥാനങ്ങൾക്ക് ഒരു മാതൃകയാണ്. ഉയർന്ന ആയുർദൈർഘ്യം, കുറഞ്ഞ ശിശു മരണനിരക്ക്, ജനനനിരക്ക്, മരണനിരക്ക് എന്നീ ആരോഗ്യസൂചികകളിൽ കേരളം വൻകുതിപ്പാണ് നടത്തിയിരിക്കുന്നത്. ലോകംതന്നെ കേരളത്തെ ഉറ്റുനോക്കുകയാണ്. കടുത്ത സാമ്പത്തിക പ്രതിസന്ധികൾക്കിടയിലും എല്ലാവർക്കും മുൻപേ ആരോഗ്യം,

ഒന്നാമത് ആരോഗ്യം എന്ന പ്രഖ്യാപനംതന്നെ ആരോഗ്യ പ്രതിസന്ധിയുടെ കാലത്ത് ആരോഗ്യ ബഡ്ജറ്റാണന്ന് വ്യക്തമാക്കുന്നു. കേന്ദ്രത്തിന്റെ വാക്സിൻ നയം അടക്കമുള്ള ജനവിരുദ്ധ നിലപാടുകൾ നമ്മുടെ പ്രശ്നങ്ങൾക്ക് തീവ്രതകൂട്ടുമ്പോൾ ഇതിനെയെല്ലാം തരണംചെയ്തു, ഇച്ഛാശക്തിയുള്ള ഒരു ഗവൺമെന്റിന്റെ ഇടപെടലുകളാണ് നമ്മൾ കണ്ടുകൊണ്ടിരിക്കുന്നത്. കോവിഡ് മഹാമാരിയെന്ന മഹാദുരന്തത്തെ അശാസ്ത്രീയതയും കെടുകാര്യസ്ഥതയുംകൊണ്ട് വഷളാക്കിയും അതോടൊപ്പം കോർപ്പറേറ്റ് ദാസ്യവൃത്തിയിലൂടെ തങ്ങളുടെ രാഷ്ട്രീയ ദൗത്യം നിർവ്വഹിക്കുകയുമാണ് മോദിസർക്കാർ ചെയ്തു കൊണ്ടിരിക്കുന്നത്. പനമ്പ് കുട്ടയിലിട്ട ഞണ്ടുകളെ നോക്കു, അവയിൽ ഒരെണ്ണംരക്ഷപ്പെടാൻ ശ്രമിച്ച് മുകളിലേയ്ക്ക് കയറുമ്പോൾ മറ്റുള്ളവ അവയുടെ പിൻകാലുകളിൽ പിടിച്ചുവലിച്ചും കടിച്ചും താഴേയ്ക്ക് ഇടുകയും ചെയ്യുന്നതുപോലെയാണ് ഇവിടെ ചിലരുടെ നിലപാടുകൾ. മഹാമാരി ദുരിതം വിതയ്ക്കുമ്പോഴും മറ്റുള്ളവരെ രക്ഷപ്പെടാൻ അനുവദിക്കാതെ വലിച്ചു താഴെയിടുകയാണ്. അതേസമയം ഉറുമ്പുകളെ നോക്കു വിശപ്പടക്കാനുള്ള അരിമണിയും ആഹാര സാധനങ്ങളുമായി ഒരുമിച്ച് വരിവരിയായി ഐക്യത്തോടെ നീങ്ങുന്നത് കണ്ടു പഠിക്കണം. ഒറ്റയാകാതെ, ഒറ്റപ്പെടുത്താതെ, ഒറ്റുകാരാകാതെ, ഒത്തൊരുമയോടെ നമുക്ക് നീങ്ങാൻ കഴിയണം. ഈ സർക്കാരിന് ധൈര്യമായി പറയാം നമ്മുടെ സിസ്റ്റം ശരിയാണെന്ന്. അതെ, ആർക്കും ഒരു സംശയവും വേണ്ട, നമ്മുടെ സിസ്റ്റം തികച്ചും ശരിതന്നെയാണ്. ലോകത്തിലെ വമ്പൻശക്തികളെപ്പോലും മുട്ടുകുത്തിച്ച കോവിഡ് മഹാമാരിക്കെതിരായ പോരാട്ടത്തിൽ കേരളം സൃഷ്ടിച്ചത് സമാനത കളില്ലാത്ത മാതൃകകളാണ്. രോഗവ്യാപനം ദേശീയ ശരാശരിയെക്കാൾ കുറവ്, രോഗനിർണ്ണയ പരിശോധനയിൽ ദേശീയ ശരാശരിയേക്കാൾ ബഹുദൂരം മുന്നിൽ, നിരീക്ഷണത്തിന് വിപുലമായ സംവിധാനം, മരണനിരക്ക് ഏറ്റവും കുറവ് ഇതെല്ലാം സർക്കാർ നടത്തിയ ഇച്ഛാശക്തിയുള്ള പ്രവർത്തനത്തിന്റെ മികവാണ്. വികസിത രാജ്യങ്ങളിൽ 65 വയസ് കഴിഞ്ഞ കോവിഡ് രോഗികളെ ആദ്യകാലത്ത് ഉപേക്ഷി ക്കപ്പെട്ടപ്പോൾ 88-ഉം 93-ഉം വയസുള്ളവരെ ചികിത്സിച്ചുഭേദമാക്കി കേരളം മാതൃകയായി. സംസ്ഥാനത്തെ ആശുപത്രികളിൽ ഐസൊലേഷൻ ക്വാറന്റൈനിൽ കഴിയുന്നവർക്ക് മാനസിക, സാമൂഹിക പിന്തുണ നൽകുന്നതിനായി 1107 മാനസികാരോഗ്യ കേന്ദ്രങ്ങൾവഴി ലക്ഷക്കണക്കിന് കോവിഡ് രോഗികൾക്ക് സേവനം നൽകി. ഒറ്റയ്ക്കല്ല ഒപ്പമുണ്ടെന്ന സർക്കാരിന്റെ സന്ദേശം ജനങ്ങൾക്ക് ആശ്വാസം നൽകുന്നതും ആത്മവിശ്വാസം പകരുന്നതുമായിരുന്നു. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാർ നടപ്പിലാക്കിയ ജനകീയ ആരോഗ്യനയം പിൻതുടർന്നതിന്റെ ഫലമാണ് നമുക്ക് ഈ പാനിക്കിനെ നിയന്ത്രിക്കാൻ കഴിഞ്ഞത്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് ആരോഗ്യവകുപ്പിൽ 3159 തസ്തികകൾ സൃഷ്ടിച്ചതും ആർദ്രം മിഷന്റെ ഭാഗമായി ഒന്നാംഘട്ടത്തിൽ എഴുന്നൂറോളം വരുന്ന പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയതും പി.എച്ച്.സി. മുതൽ മെഡിക്കൽ കോളേജുവരെ നടത്തിയ നവീകരണ വികസന പ്രവർത്തനങ്ങൾ കോവിഡുകാലത്ത് വൻതോതിൽ ഗുണകരമായി.

ആലപ്പുഴയിലെ ന്യൂറോളജി വിഭാഗം ശക്തിപ്പെടുത്തേണ്ടതാണ്. ഒന്നാം പിണറായി സർക്കാരിന്റെ കാലത്ത് മെഡിക്കൽ കോളേജിൽ ധാരാളം വികസന പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. അവയെല്ലാം പ്രാവർത്തികമാക്കാൻ കഴിയണം. ചേർത്തല, തുറവൂർ എന്നീ ഹോസ്പിറ്റലുകളുടെ പ്രവർത്തനം കൂടുതൽ മികവുറ്റതാക്കണം. സർക്കാർ നടത്തിവരുന്ന എല്ലാ വികസന പ്രവർത്തനങ്ങൾക്കും പിന്തുണ നൽകിക്കൊണ്ട് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട് ഇവിടെ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ സർവ്വാത്മനാ പിന്തുണയ്ക്കുന്നു. എല്ലാ എം.എൽ.എ.-മാർക്കും സ്നേഹത്തിന്റെ ഒരു പൊതിഭക്ഷണം ശ്രീ. കെ. പി. മോഹനൻ, എം.എൽ.എ. തന്നതിന് സ്നേഹത്തോടെ ഞാൻ നന്ദി പറയുന്നു.

<u>ശ്രീ. മാത്യു ടി. തോമസ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ അനുകൂലിക്കുകയാണ്. എന്റെ ജില്ലക്കാരിയായ ആരോഗ്യ വകുപ്പുമന്ത്രിക്ക് തിരൂരങ്ങാടി അംഗം ശ്രീ. കെ. പി. എ. മജീദ് നല്ലൊരു ഉപദേശം കൊടുത്തു. നന്നായി ഭരിക്കരുത്, നന്നായി ഭരിച്ചാൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ അനുഭവമുണ്ടാകുമെന്നാണ് അദ്ദേഹം നൽകിയ ഉപദേശം. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ അതിഗംഭീരമായി ഈ വകുപ്പ് കൈകാര്യം ചെയ്തുവെന്ന് ലോകം മുഴുവൻ അറിഞ്ഞ സത്യം അറിയാതെ ശ്രീ. കെ. പി. എ. മജീദ് പറഞ്ഞുപോയതാണ്. നീതി ആയോഗിന്റെ 17 മാനദണ്ഡങ്ങളും പാലിച്ച് സുസ്ഥിര വികസനം കൈവരിച്ച സംസ്ഥാനമായി കേരളത്തെ കാണുകയുണ്ടായി. അതേസമയം ദേശീയാരോഗ്യ സൂചികയിലെ 22 മാനദണ്ഡങ്ങളിലും ഒന്നാം സ്ഥാനം കൈവരിച്ച സംസ്ഥാനമാണ് കേരളം. കൃത്യമായ ദിശാബോധത്തോടെ കഴിഞ്ഞ അഞ്ച് വർഷക്കാലം സംസ്ഥാനത്തെ ആരോഗ്യ വകുപ്പ് കൈകാര്യം ചെയ്ത ശ്രീമതി കെ. കെ. ശൈലജ ടീച്ചറും പിണറായി വിജയൻ സർക്കാരും ഒരുമിച്ച് ആരോഗ്യ പ്രവർത്തകരെ വിശ്വാസത്തിലെടുത്ത് നടത്തിയ പ്രവർത്തനങ്ങളുടെ നേട്ടമാണ് അല്ലെങ്കിൽ അനന്തരഫലമാണിതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. പതിനാലാം കേരള നിയമസഭയുടെ 22-ാം സമ്മേളനത്തിൽ ശ്രീ. എം. രാജഗോപാലന്റെ നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 271-ന് അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി നൽകിയ ഉത്തരം എന്റെ കൈവശമുണ്ട്. അതിലെ ആദ്യത്തെ ചോദ്യം,

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുജനാരോഗ്യ മേഖലയിൽ എത്ര പുതിയ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്നും എത്ര സ്ഥാപനങ്ങൾ അപ്ഗ്രേഡ് ചെയ്തിട്ടുണ്ടെന്നുമുള്ള കണക്ക് ജില്ലതിരിച്ച് വ്യക്തമാക്കാമോ?

ആ ജില്ലകളുടെ കണക്ക് കാണുമ്പോഴാണ് കക്ഷിരാഷ്ട്രീയ താല്പര്യത്തിനു പരിയായിട്ടാണ് ഗവൺമെന്റ് പ്രവർത്തിച്ചതെന്ന് അറിയാൻ സാധിക്കുന്നത്.

1. W&C (Women and Children) ആശുപത്രി, പൊന്നാനി, മലപ്പുറം.

2. പബ്ലിക് ഹെൽത്ത് ലാബ്, മലപ്പുറം.

3. പബ്ലിക് ഹെൽത്ത് ലാബ്, സുൽത്താൻ ബത്തേരി, വയനാട്

തുടങ്ങി ഇങ്ങോട്ടുവരികയാണ്. ഒരു രാഷ്ട്രീയ വിവേചനവുമില്ലാതെ ഭരണ നിർവ്വഹണം നടത്തിയ ഗവൺമെന്റായിരുന്നു കഴിഞ്ഞ ഗവൺമെന്റ്. ആ പാതയിൽത്തന്നെയാണ് ഇപ്പോഴും മുന്നോട്ടുപോയിക്കൊണ്ടിരിക്കുന്നത്. അതിലെ രണ്ടാമത്തെ ചോദ്യം,

(ബി) ഈ സർക്കാർ (ഒന്നാം പിണറായി വിജയൻ സർക്കാർ) എത്ര പി.എച്ച്.സി.-കൾ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഒന്നാംഘട്ടം - 170 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

രണ്ടാംഘട്ടം - 504 സ്ഥാപനങ്ങൾ

മൂന്നാംഘട്ടം - 212 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ

ആകെ 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങളായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ മാറി. ഇങ്ങനെ കൃത്യമായ ദിശാബോധത്തോടെ പ്രവർത്തിച്ച ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ തുടർച്ചയായിട്ടാണ് ശ്രീമതി വീണാ ജോർജ്ജ് ഈ വകുപ്പ് കൈകാര്യം ചെയ്യുന്നത്. ശ്രീമതി കെ. കെ. ശൈലജ ടീച്ചറിന്റെ അവസ്ഥയുണ്ടാകുമെന്ന് പറഞ്ഞാൽ, ഇപ്പോൾ എന്താണ് കുഴപ്പം? അവർ മന്ത്രിയായില്ലെന്നുള്ളത് ഒരു ദുരന്തമായി കാണരുത്. നിങ്ങൾ എൽ.ഡി.എഫ്.-ന്റെ മൂല്യം കാണുന്നില്ല. അങ്ങ് കാണുന്നത് മുസ്ലീം ലീഗിന്റെ മൂല്യമാണ്. അങ്ങനെയാണെങ്കിൽ അവരുടെ അവസ്ഥയെന്താണ്? കേരളം മാത്രമല്ല, ലോകം മുഴുവനും ആദരപൂർവ്വം അംഗീകരിച്ച ഒരു മഹാ വ്യക്തിത്വമായി കഴിഞ്ഞ മന്ത്രിസഭയിലെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ മാറിയതിൽ നമ്മൾ അഭിമാനിക്കുകയല്ലേ വേണ്ടത്? ആ നിലയിൽനിന്ന് കൂടുതൽ ഉയരങ്ങളിലേയ്ക്ക് കേരളത്തിന്റെ പൊതുജനാരോഗ്യ മേഖലയെ കൊണ്ടെത്തിക്കാൻ പുതിയ ആരോഗ്യ വകുപ്പുമന്ത്രിക്ക് കഴിയുമെന്ന പൂർണ്ണവിശ്വാസം ഞങ്ങൾക്കുണ്ട്. അതിസങ്കീർണ്ണമായ കാലഘട്ടത്തിലൂടെയാണ് നാട് ഇപ്പോൾ കടന്നുപോകുന്നത്. കോവിഡ് കാലഘട്ടം- വർക്ക്ഷോപ്പിൽ വണ്ടി നന്നാക്കുന്നതുപോലെ ഈ രോഗത്തെ ചികിത്സിക്കാൻ കഴിയില്ലല്ലോ. നിരവധി പ്രശ്നങ്ങൾ

നമ്മുടെ മുമ്പിലുണ്ട്. കേരളത്തെ സംബന്ധിച്ച് സവിശേഷ സാഹചര്യങ്ങളുണ്ട്. കോവിഡ് വ്യാപനസാധ്യത വളരെയധികമുണ്ടാക്കുന്ന ഒന്നാണ് ജനസാന്ദ്രത. ഇന്ത്യയിലെ ശരാശരി ജനസംഖ്യ ഒരു ചതുരശ്ര കിലോമീറ്ററിൽ 382 ആണെങ്കിൽ കേരളം ഇന്ത്യയിൽ മൂന്നാമതാണ്. 859 ആണ് കേരളത്തിലെ ജനസാന്ദ്രത. കോവിഡ് രോഗവ്യാപന സാധ്യതപോലെ മരണ സാധ്യത കൂടുതലുള്ള ഘടകങ്ങളും ഇവിടെയുണ്ട്. പ്രായാധിക്യമുള്ളവർ, പ്രമേഹ രോഗികൾ, രക്തസമ്മർദ്ദമുള്ളവർ, ശ്വാസകോശ രോഗമുള്ളവർ. 60 വയസ്സിൽക്കൂടുതൽ പ്രായമുള്ള 14 ശതമാനം ആളുകൾ, ഏതാണ്ട് 48 ലക്ഷം ആളുകൾ കേരളത്തിലുണ്ട്. പ്രമേഹ രോഗികൾ 22 ശതമാനവും രക്തസമ്മർദ്ദമുള്ളവർ 33 ശതമാനവും ശ്വാസകോശ രോഗമുള്ളവർ 25 ലക്ഷവും കാൻസർ രോഗികൾ എല്ലാ വർഷവും 35000 ആളുകൾ വീതവും കൂടുന്നു. എന്നിട്ടും മരണനിരക്ക് 0.4 ശതമാനത്തിൽ നിർത്താൻ കഴിഞ്ഞില്ലേ? രോഗവ്യാപന സാധ്യതയ്ക്ക് മറ്റൊരു ഘടകമാണ് പ്രവാസികൾ കൂടുതലുള്ളത്. വിദേശ രാജ്യങ്ങളിൽനിന്നും അയൽ സംസ്ഥാനങ്ങളിൽനിന്നും നിരവധിയാളുകൾ ഈ കാലഘട്ടത്തിൽ കേരളത്തിലേയ്ക്കുവന്നു. ഈ പ്രതികൂല ഘടകങ്ങളൊക്കെ നിൽക്കുമ്പോഴും ഈ രോഗത്തെ നിയന്ത്രിച്ചുനിർത്താനാവശ്യമായ ജാഗ്രത പൊതുസമൂഹത്തിൽ എത്തിക്കാനുതകുന്ന രീതിയിൽ പ്രവർത്തിക്കാൻ നമ്മുടെ ആരോഗ്യ പ്രവർത്തകരെ സജ്ജമാക്കാൻ കഴിഞ്ഞുവെന്നുള്ളത് അഭിമാനത്തോടെ കാണണം. ആ ഗവൺമെന്റിന്റെ തുടർച്ചയായി ഈ ഗവൺമെന്റും ആ പാതയിൽത്തന്നെ മുന്നോട്ടുപോയിക്കൊണ്ടിരിക്കുകയാണ്. ഐ.സി.എം.ആർ.-ന്റെ Seroprevalence Survey for Covid 19 മൂന്നെണ്ണം കഴിഞ്ഞു. നാലാമത്തേത് പുറത്തു വന്നിരിക്കുകയാണ്. ഇതൊക്കെ ഡാറ്റയാണ്, കണക്കുകളാണ്. Seroprevalence survey-യിൽ സിറോപോസിറ്റിവിറ്റി, അതായത് ഒരു ശരീരത്തിൽ വൈറസിന്റെ ആന്റിബോഡി ഉണ്ടാകുന്നത് സംബന്ധിച്ച ആദ്യ സർവ്വേ നടന്നത് 2020 മേയ് മാസമാണ്. ദേശീയ തലത്തിൽ സിറോപോസിറ്റിവിറ്റി 0.73 ശതമാനമായിരുന്നപ്പോൾ കേരളത്തിൽ അത് 0.33 ശതമാനം മാത്രമാണ്. 2020 ആഗസ്റ്റിൽ നടന്ന പഠനത്തിൽ ദേശീയതലത്തിൽ 6.67 ശതമാനമായപ്പോൾ കേരളത്തിൽ അത് 0.8 ശതമാനം മാത്രമാണ്. 2020 ഡിസംബറിൽ നടന്ന പഠനത്തിൽ ദേശീയതലത്തിൽ 24 ശതമാനം. അതിനുകാരണം കൂടുതൽ ആളുകൾ exposed ആകുന്നതായിരുന്നു. ദേശീയതലത്തിൽ 24 ശതമാനമുള്ളപ്പോൾ കേരളത്തിൽ 11.6 ശതമാനമാണ്. ഈ മഹാമാരിയെ ഫലപ്രദമായി കൈകാര്യം ചെയ്യാൻ കേരളത്തിന് കഴിയുന്നു. നാലാമത്തെ സർവ്വേ പുറത്തുവന്നത് 2021 ജൂലൈ മാസമാണ്. മദ്ധ്യപ്രദേശ്, ബീഹാർ, രാജസ്ഥാൻ എന്നീ സംസ്ഥാനങ്ങളിൽ സിറോപോസിറ്റിവിറ്റി 75 ശതമാനത്തിൽ കൂടുതലായി. മഹാരാഷ്ട്രയിലും ആസ്സാമിലും കേരളത്തിലും മാത്രമാണ് 60 ശതമാനത്തിൽ താഴെ നിൽക്കുന്നത്. ഇന്ത്യയിൽ സിറോപോസിറ്റിവിറ്റി ഏറ്റവും

താഴ്ന്ന് നിൽക്കുന്നത് കേരളത്തിലാണ്, 44.4 ശതമാനം. ഇത് വ്യത്യാസമല്ലേ? ഇതല്ലേ നമ്മുടെ പ്രത്യേകത. ഇവിടെ പെരുമ്പാവൂർ എം.എൽ.എ. തമിഴ്നാടിനെ സംബന്ധിച്ച് സൂചിപ്പിച്ചു. സമയമില്ലാത്തതുകൊണ്ട് തമിഴ്നാടിനെ സംബന്ധിച്ച് ദീർഘമായി പറയുന്നില്ല. എങ്കിലും ഒരു കാര്യം മാത്രം പറയാം. ഇന്നത്തെ 'ദി ഹിന്ദു' ദിനപ്പത്രത്തിൽ (ദേശാഭിമാനിയല്ല) വെല്ലൂർ ക്രിസ്ത്യൻ മെഡിക്കൽ കോളേജിലെ പ്രൊഫസറായ Gagandeep Kang എഴുതിയ ആർട്ടിക്കിൾ ഉണ്ട്. അതിൽ തമിഴ്നാടിനെക്കുറിച്ച് പറയുന്നുണ്ട്, ഞാനത് വായിക്കുന്നില്ല, എന്നാൽ കേരളത്തെക്കുറിച്ച് പറയുന്ന കാര്യങ്ങൾ വളരെ പ്രധാനപ്പെട്ടതാണ്. "When Kerala is reporting the bulk of the country's positive cases and has a reproductive rate of infection of grater than 1, how concerned should we be? Seroepidemiology shows that the State has over 18 months been able to limit the exposure of its population, and vaccination data indicates that the State is outperforming most others. In general, the health-care infrastructure has not been over-whelmed, deaths are low and shortages of oxygen and hospital beds have not been reported. There is a need to ensure continued population compliance with restrictions, particularly with Onam approaching and a need to ramp up vaccination." സമയക്കുറവുകൊണ്ട് അതിലേയ്ക്ക് പോകുന്നില്ല. കേരളം നടത്തിയ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചുകൊണ്ട് എഴുതിയിരിക്കുന്ന ആർട്ടിക്കിളാണിത് - 'Fathoming serosurvey data, with caution.' ദേശീയ തലത്തിൽ ഈ രോഗത്തിന്റെ ആഴം മനസ്സിലാക്കിക്കൊണ്ടുള്ള അപഗ്രഥനമാണ്. കേരളം വലിയ നേട്ടം കൈവരിച്ചുവെന്ന് പറയുമ്പോൾത്തന്നെ മറ്റ് സ്ഥലങ്ങളിലുണ്ടായ തരത്തിലുള്ള വ്യാപനം ഇവിടെയുമുണ്ടാകും. ഇനിയും ജാഗ്രത തുടരണം. മൂന്നാം തരംഗം വരുമോ വരാതിരിക്കുമോ എന്നുള്ള തർക്കം അവിടെ നിൽക്കട്ടെ. നമ്മുടെ മുമ്പിലുള്ള പ്രശ്നമെന്താണ്? കടകളെല്ലാം തുറക്കണം, സാധാരണനില കൈവരിക്കണം എന്ന ഡിമാന്റ് ഒരുഭാഗത്ത്. ഒരു രൂപത്തിലും രോഗം വ്യാപിക്കുന്ന നടപടിയിലേയ്ക്ക് നീങ്ങരുതെന്ന സാമൂഹ്യ ആവശ്യം മറുഭാഗത്ത്. ഇതിനിടയിൽ പ്രായോഗിക സമീപനം ഫലപ്രദമായി നിർവ്വഹിക്കാൻ ഗവൺമെന്റിനാകണം. അതിന്റെ ശാസ്ത്രീയ വശങ്ങളിലേയ്ക്ക് കടക്കാൻ ഞാൻ ആളല്ല. ഗവൺമെന്റ് അത് പരിശോധിക്കുമായിരിക്കും. ഈ കാലഘട്ടത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിലേയ്ക്കും നിയമസഭയിലേയ്ക്കുമുള്ള രണ്ട് തെരഞ്ഞെടുപ്പുകളെ നമ്മൾ അഭിമുഖീകരിച്ചു. ഇനി വരാൻ പോകുന്ന ഓണത്തിന് കൂടിച്ചേരലുകൾ പരമാവധി ഒഴിവാക്കി രോഗവ്യാപനമുണ്ടാകാതെ സൂക്ഷിക്കാനുള്ള ഉത്തരവാദിത്തം പൊതുസമൂഹം ഏറ്റെടുക്കണം. ഓൺലൈൻ ക്ലാസ്സുകൾ നടക്കുന്നുണ്ട്. ഓൺലൈൻ ക്ലാസ്സുകളിൽ കുട്ടികൾക്ക് വിദ്യാലയാനുഭവങ്ങൾ ലഭ്യമാകുന്നില്ലെന്ന പരിമിതിയുണ്ടെങ്കിലും അതങ്ങനെ നടക്കട്ടെ. അതിലേയ്ക്ക് ഞാൻ കടക്കുന്നില്ല. എന്റെ നിയോജകമണ്ഡലത്തിലെ മല്ലപ്പള്ളി താലൂക്കാശുപത്രിയിൽ 83 കോടി

രൂപയുടെ ഒരു ആശുപത്രി സമുച്ചയം നിർമ്മിക്കാൻ ഭരണാനുമതി ആയിട്ടുണ്ട്. അതിന് ഫലപ്രദമായ നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിക്കുന്നു. ശരിയായ പാതയിൽ ഈ സംസ്ഥാനത്തിന്റെ ആരോഗ്യമേഖലയെ നയിക്കുന്ന ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ പ്രവർത്തനങ്ങൾ ഫലപ്രദമായി മുന്നോട്ടുപോകാൻ കഴിയട്ടെയെന്ന ആശംസയോടെ ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

ശ്രീ. പി. ഉബൈദുള്ള: സർ, രണ്ട് മാസംകൊണ്ടുതന്നെ രണ്ടാം പിണറായി സർക്കാരിന്റെ ആരോഗ്യസ്ഥിതി വഷളായി നിൽക്കുന്ന സാഹചര്യത്തിൽ ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണച്ചാൽ ജനം പൊറുക്കില്ല എന്നതുകൊണ്ട് ആ സാഹസത്തിന് ഞാൻ മുതിരുന്നില്ല. 'നിയമസഭയിൽ എപ്പോഴും പോയി ഇരിക്കണം, പുതിയ അറിവും വിവരവുമൊക്കെയുണ്ടാകും' എന്ന് ഞങ്ങളുടെ മുൻഗാമികളൊക്കെ പറഞ്ഞിട്ടുണ്ട്. കേരളത്തിലെ ആയുർദൈർഘ്യത്തിലുണ്ടായിട്ടുള്ള വർദ്ധനവ് ഒന്നാം പിണറായി സർക്കാരിന്റെ നേട്ടമാണെന്ന പുതിയ അറിവ് ഇപ്പോൾ കിട്ടി. പുതിയ അറിവുകൾ ഇനിയും അടുത്ത ദിവസങ്ങളിൽ പ്രതീക്ഷിക്കാം. പൊതുജനാരോഗ്യ രംഗത്ത് കേരളം ബഹുദൂരം മുന്നോട്ടുപോയിട്ടുണ്ട്. അത് ഒരു ഗവൺമെന്റിന്റെ നേട്ടമല്ല. മാറി മാറിവന്ന ഗവൺമെന്റുകൾ നടപ്പാക്കിയിട്ടുള്ള പ്രവർത്തനങ്ങളുടെ ഫലമായിട്ടാണ് കേരളം ആരോഗ്യ രംഗത്ത് മുന്നിലെത്തിയത്. കേരളത്തിലെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾ മറ്റ് സംസ്ഥാനങ്ങളെ അപേക്ഷിച്ച് നോക്കുമ്പോൾ ദയനീയമായി പരാജയപ്പെട്ടിരിക്കുകയാണ്. അതുകൊണ്ടല്ലേ കോവിഡ് മരണങ്ങളുടെ കണക്ക് മറച്ചുവയ്ക്കേണ്ടിവന്നത്? 7615 മരണങ്ങളാണ് ഈ ഗവൺമെന്റ് മറച്ചുവച്ചത്. എന്തിനാണ് മറച്ചുവയ്ക്കുന്നത്; കോവിഡ് ബാധിച്ച് മരണപ്പെട്ട ആളുകളുടെ കണക്ക് സത്യസന്ധമായി വെളിപ്പെടുത്തിയാൽ എന്താണ് സംഭവിക്കുന്നത്? ഇവിടെ യാതൊരു ശാസ്ത്രീയ പഠനവുമില്ലാതെയാണ് കോവിഡ് പ്രതിരോധ നിയന്ത്രണ പ്രവർത്തനങ്ങൾ ഏർപ്പെടുത്തിയതെന്നാണ് ഇന്നലെ ഐ.എം.എ. പറഞ്ഞത്. 18 വയസ്സിനുമുകളിൽ പ്രായമുള്ള വിദ്യാർത്ഥികൾ പഠിക്കുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അദ്ധ്യയനം ആരംഭിക്കണമെന്നും എല്ലാ ദിവസവും കടകൾ തുറക്കണമെന്നുമാണ് ഐ.എം.എ. മുന്നോട്ടുവച്ച നിർദ്ദേശം. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങൾക്ക് തുടക്കംമുതൽ ആരാണ് നേതൃത്വം കൊടുത്തത്; നമ്മുടെ ഗ്രാമപഞ്ചായത്തുകളല്ലേ? കമ്മ്യൂണിറ്റി കിച്ചനുകളും ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകളും ആരംഭിച്ചു. ഇതിനൊക്കെ നേതൃത്വം കൊടുത്തത് ആരാണ്? ഇതൊക്കെ ചെയ്തത് തദ്ദേശഭരണ സ്ഥാപനങ്ങളാണ്. നിർദ്ദേശം കൊടുക്കുന്ന ജോലിയല്ലാതെ സർക്കാരിന് ഒരു ജോലിയുമുണ്ടായിട്ടില്ല. അവർക്ക് ഇതൊക്കെ സജ്ജീകരിക്കാനേ പറ്റുകയുള്ളൂ. അവിടെ ആവശ്യമായ ഡോക്ടർമാരെയും

സ്റ്റാഫിനെയും നിയമിക്കാനുള്ള അധികാരം തദ്ദേശഭരണ സ്ഥാപനങ്ങൾക്കില്ല. പല ആശുപത്രികളിലും ആവശ്യമായ ഡോക്ടർമാരോ സ്റ്റാഫോ ഇല്ല. ഒരു വാർത്ത ഞാൻ വായിക്കാം. 'താലൂക്കാശുപത്രിയിലെ കോവിഡ് വെന്റിലേറ്ററുകൾ മോർച്ചറിയിൽ' - ഇത് കേരളത്തിലാണ്, തമിഴ്നാട്ടിലല്ല. കോവിഡ് സെന്ററുണ്ടായിട്ട് കാര്യമില്ലല്ലോ. വെന്റിലേറ്ററുകൾ പ്രവർത്തിക്കണമെങ്കിൽ ആവശ്യത്തിന് ഡോക്ടർമാരും സ്റ്റാഫും വേണം. ഇത് എന്റെ മണ്ഡലത്തിലെ മലപ്പുറം താലൂക്കാശുപത്രിയിലെ സ്ഥിതിയാണ്. മലപ്പുറം താലൂക്കാശുപത്രിയിൽ വെന്റിലേറ്ററുകൾ റെഡിയാക്കിയതാണ്. (...ബഹളം...) മലപ്പുറത്തെ കാര്യം നിങ്ങളാണോ പറയുക, ഞാനല്ലേ പറയേണ്ടത്. അതിനല്ലേ എന്നെ തെരഞ്ഞെടുത്ത് അയച്ചത്. മലപ്പുറം താലൂക്കാശുപത്രിയിൽ 15 ഐ.സി.യു. ബെഡ്ഡിൽ 10 വെന്റിലേറ്ററുണ്ട്. കോവിഡ് സ്റ്റെബിലൈസേഷൻ യൂണിറ്റ്, ഗുരുതരാവസ്ഥയിലെത്തുന്നവരെ ചികിത്സിക്കാൻ ഹൈ ഡിപ്പൻഡൻസി യൂണിറ്റ് ബെഡ്ഡുകൾ തുടങ്ങി എല്ലാം ഒരുക്കിയിട്ടുണ്ട്. പക്ഷേ ഇതിന് മുപ്പതോളം ജീവനക്കാർ വേണം. അത്രയും ജീവനക്കാരെ ഗവൺമെന്റ് കൊടുക്കണ്ടേ? ഇവിടെ സർക്കാർ എല്ലാ ഉത്തരവാദിത്തങ്ങളിൽനിന്നും പിന്മാറുകയാണ്. എന്നിട്ട് എം.എൽ.എ.-മാരുടെ ഫണ്ട് വെട്ടിക്കുറച്ചു. നാല് കോടി രൂപ വീതം ആസ്തി വികസന ഫണ്ടിൽനിന്നും വെട്ടിക്കുറച്ചത് എന്താണ് ചെയ്തത്? ആ തുക അതാത് മണ്ഡലത്തിലെ സർക്കാർ ആശുപത്രികളുടെ സ്ഥിതി മെച്ചപ്പെടുത്താൻവേണ്ടി നൽകുകയാണെങ്കിൽ ഇത്തരം കാര്യങ്ങളൊക്കെ നമുക്ക് ചെയ്യാമായിരുന്നു.

<u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: സർ, അതാത് നിയോജകമണ്ഡലത്തിനു വേണ്ടി നേരത്തെ തീരുമാനിച്ചതാണ് എം.എൽ.എ.-മാർക്കുള്ള അസറ്റ് ഡെവലപ്മെന്റ് ഫണ്ട്. അത് കോവിഡിനുവേണ്ടി എടുക്കുകയാണെങ്കിൽ അവനവന്റെ നിയോജക മണ്ഡലത്തിൽ ആ തുക ചെലവഴിക്കണ്ടേ? പണം കൊടുക്കുന്ന എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിൽ കാര്യമായിട്ടൊന്നും മുടക്കാതെ കോമൺ പൂളാക്കിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, ബഹുമാന്യനായ തിരുവഞ്ചൂർ രാധാകൃഷ്ണൻ പറഞ്ഞത് വളരെ പ്രസക്തമായിട്ടുള്ള കാര്യമാണ്. കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളിൽ ആരോഗ്യ വിഭാഗം, പോലീസ് തുടങ്ങി എല്ലാ വിഭാഗം ഉദ്യോഗസ്ഥരും വളരെ സജീവമായി പങ്കെടുത്തിരുന്നു. ആരോഗ്യപ്രവർത്തകരിൽ പ്രധാനപ്പെട്ട വിഭാഗമാണ് ആശാ വർക്കർമാർ. സ്വന്തം ജീവനുപോലും വില കല്പിക്കാതെയാണ് ആരോഗ്യ വകുപ്പിലെ ഉദ്യോഗസ്ഥരോടൊപ്പം അവർ സേവനം നടത്തിയത്. സംസ്ഥാനത്ത് 27350 ആശാ വർക്കർമാരുണ്ട്. ഇവർക്ക് നിശ്ചിതമായ ഒരു സേവന വേതന വ്യവസ്ഥയില്ല. ഇത്തരത്തിൽ കഠിനാദ്ധ്വാനം

ചെയ്യുന്ന ഒരു വിഭാഗത്തിന് സേവന വേതന വ്യവസ്ഥകളില്ല എന്നത് കേരളം പോലെയൊരു സംസ്ഥാനത്തിന് ഭൂഷണമല്ല. ആശാ വർക്കർമാർക്ക് ഓണറേറിയം നൽകുന്നത് 6,000 രൂപയാണ്. പ്രസ്തുത തുക മൂന്നോ നാലോ മാസം കൂടുമ്പോഴാണ് ലഭിച്ചുകൊണ്ടിരിക്കുന്നത്. കോവിഡ് റിസ്ക് അലവൻസ് ഇവർക്ക് ലഭിക്കുന്നില്ല. ആശാ വർക്കർമാർക്ക് അർഹമായ ആനുകൂല്യം നൽകുകയും ആരോഗ്യ വകുപ്പിൽ സ്ഥിരപ്പെടുത്താൻ നടപടി സ്വീകരിക്കുകയും ചെയ്യണമെന്നാണ് എന്റെ നിർദ്ദേശം.

കോവിഡ് മൂന്നാം തരംഗം വരുന്നതിനുമുമ്പ് എല്ലാവർക്കും വാക്സിൻ ലഭ്യമാക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണം. ഇപ്പോൾ ഒരിടത്തും വാക്സിൻ ലഭിക്കുന്നില്ല. ഒന്നാം ഡോസ് വാക്സിൻ ലഭിച്ചവർക്ക് രണ്ടാം ഡോഡ് ലഭ്യമാകുന്നില്ല. കേരളത്തിലാകെ 16 ശതമാനം ആളുകൾക്കാണ് വാക്സിൻ ലഭിച്ചിട്ടുള്ളത്. "നമ്മുടെ രാജ്യത്തിന്റെ നട്ടെല്ല്" എന്ന് വിശേഷിപ്പിക്കുന്ന പ്രവാസികളെക്കുറിച്ച് സംസാരിക്കുകയല്ലാതെ, അവർക്ക് വേണ്ടിയൊന്നും ചെയ്തിട്ടില്ല. ലക്ഷക്കണക്കിന് പ്രവാസികളാണ് ഈ കാലഘട്ടത്തിൽ തിരിച്ചെത്തിയത്. കേന്ദ്ര സർക്കാരിന്റെ പോർട്ടലിൽ വിവരങ്ങൾ പുതുക്കി നൽകാത്തതുകൊണ്ട്, രണ്ട് ഡോസ് വാക്സിനും സ്വീകരിച്ച ഒട്ടുമിക്ക പ്രവാസികൾക്കും സർട്ടിഫിക്കറ്റ് ഡൗൺലോഡ് ചെയ്യാൻ സാധിക്കുന്നില്ല. ഇതുകാരണം പല പ്രവാസികൾക്കും തിരികെപ്പോകാൻ കഴിയുന്നില്ല. ജോലി നഷ്ടപ്പെടുന്ന സാഹചര്യം വരെ നിലവിലുണ്ട്. ശ്രീ. നരേന്ദ്ര മോദിയുമായിട്ടുള്ള പുതിയ ബന്ധത്തിന്റെ അടിസ്ഥാനത്തിൽ, പ്രവാസികളുടെ വാക്സിനേഷൻ റിപ്പോർട്ടുകൾ, കോവിൻ പോർട്ടലിൽ രേഖപ്പെടുത്തി വാക്സിനേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കാനാവശ്യമായ നടപടി സ്വീകരിക്കണമെന്ന കാര്യം കൂടി ഞാനിവിടെ നിർദ്ദേശിക്കുകയാണ്. കോവിഡ് പ്രതിരോധപ്രവർത്തനങ്ങളിൽ സർക്കാരിനോടൊപ്പം ചേർന്നവരാണ് നമ്മുടെ നാട്ടിലെ ചെറുകിട കച്ചവടക്കാരും വ്യാപാരികളും. ഇന്ന് അവർ വളരെയേറെ പ്രയാസങ്ങളനുഭവിക്കുകയാണ്. ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ദിവസേനയുള്ള വൈകുന്നേരത്തെ വാർത്താസമ്മേളനത്തിൽ കടകൾ തുറക്കുന്നതിനെ സംബന്ധിച്ചുള്ള സമയക്രമീകരണങ്ങൾ പറയാറുണ്ട്. ഉദാഹരണത്തിന് ബാർബർ ഷോപ്പുകൾ മുടി വെട്ടാൻ മാത്രമേ തുറക്കാൻ പാടുള്ളൂവെന്നൊക്കെ പറയാറുണ്ട്. ഈ വാർത്തയുടെ അടിസ്ഥാനത്തിൽ വ്യാപാരികൾ കട തുറക്കുമ്പോൾ ഉടനെ അവിടെ പോലീസ് എത്തി 500 രൂപ, 1,000 രൂപ, 2,000 രൂപ എന്നിങ്ങനെ ഫൈൻ ചുമത്തുകയാണ്.

<u>മി. ഡെപ്യൂട്ടി സ്പീക്കർ</u>: ദയവായി ശ്രീ. പി. ഉബൈദുള്ളയുടെ പ്രസംഗത്തെ തടസ്സപ്പെടുത്താതിരിക്കുക.

ശ്രീ. പി. ഉബൈദുള്ള: സർ, പോലീസിന്റെ ഇപ്പോഴുള്ള പ്രധാന ജോലി വെറുതെ പിഴയടപ്പിക്കുക എന്നതാണ്. പാവപ്പെട്ടവരെ ഫൈനിന്റെ പേരിൽ പിഴിയുകയാണ്. കോവിഡ് കാലഘട്ടത്തിൽ അടയ്ക്കേണ്ടിവന്ന പിഴകളുടെ രസീതുകൾ മാലയാക്കി കഴുത്തിലണിഞ്ഞ് ഒരു യുവാവ് നടത്തിയ പ്രകടനത്തിന്റെ വാർത്ത എല്ലാവരും കണ്ടതാണ്. എന്റെ മണ്ഡലത്തിലെ ഈ ചെറുപ്പക്കാരൻ ശ്രീ. യു. എ. ലത്തീഫ് സാഹിബിന്റെ മണ്ഡലത്തിലാണ് പ്രകടനം നടത്തിയത്. കട അടയ്ക്കുവാൻ അഞ്ച് മിനിട്ട് വൈകിയാൽ ഉടൻ പോലീസെത്തും. സാധനം കൊടുക്കുന്നതിനല്ലേ കടകൾ തുറന്ന് പ്രവർത്തിക്കുന്നത്. ഷട്ടർ താഴ്ത്തുവാൻ അഞ്ച് മിനിട്ട് താമസിച്ചാൽ ഫൈൻ അടക്കേണ്ടിവരുന്ന സാഹചര്യമാണ് നിലവിലുള്ളത്. ആരാധനാലയങ്ങളിൽ പതിനഞ്ചു പേർക്കാണ് ആദ്യം പ്രവേശനാനുമതി നൽകിയിരുന്നത്. പെരുന്നാൾ ദിനത്തിന് മുന്നോടിയായി മതനേതാക്കളുടെ ആവശ്യപ്രകാരം നാൽപ്പത് പേർക്ക് പ്രവേശനാനുമതി നൽകി. വിശേഷദിനങ്ങളിലും നാൽപ്പതുപേർക്ക് അനുവാദം നൽകാമെന്ന് പറഞ്ഞിരുന്നു. വെള്ളിയാഴ്ച ദിവസം ഇതിലുൾപ്പെടുമെന്ന് കരുതി ജുമാ നമസ്കാരം നടത്തിയവരുടെ പേരിലും പോലീസ് കേസ്സെടുത്തിരിക്കുന്ന സാഹചര്യമാണുള്ളത്. പല പോലീസുകാരും കേസ്സെടുത്തുകൊണ്ടിരിക്കുകയാണ്. ഉദാഹരണത്തിന് ശ്രീ. കെ. പി. എ. മജീദ് സാഹിബിന്റെ മണ്ഡലത്തിൽ കേസ് നിലവിലുണ്ട്. വെള്ളിയാഴ്ചപോലും പതിനഞ്ചുപേരിൽ കൂടുതൽ ജുമാ നമസ്കാരം നടത്താൻ പള്ളിയിൽ കൂടാൻ പാടില്ലെന്ന് പാണ്ടിക്കാട് പോലീസ് സർക്കിൾ ഇൻസ്പെക്ടർ സാമൂഹിക മാധ്യമങ്ങളിൽ voice message ഇടുകയാണ്. ഇവിടെ ആരാണ് കാര്യങ്ങൾ തീരുമാനിക്കുന്നതെന്ന് മനസ്സിലാകുന്നില്ല. മുഖ്യമന്ത്രി ഒന്നുപറയുന്നു, പോലീസ് ഉദ്യോഗസ്ഥർ മറ്റൊന്ന് നടപ്പാക്കുന്നു. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പ്രസ്താവനകൾക്കനുസരിച്ച് ഒന്നും ചെയ്യാൻ സാധിക്കുന്നില്ലെന്നതാണ് സംസ്ഥാനത്തിന്റെ ഇപ്പോഴത്തെ അവസ്ഥ. സഭയിൽ വന്ന് വലിയ വർത്തമാനങ്ങൾ പറയുകയാണ്.

മി. ഡെപ്യൂട്ടി സ്പീക്കർ: അനുവദിച്ച സമയം കഴിഞ്ഞു. അങ്ങയുടെ പ്രസംഗം അവസാനിപ്പിക്കണം.

ശ്രീ. പി. ഉബൈദുള്ള: സർ, ജനങ്ങളെ വളരെയധികം പ്രയാസപ്പെടുത്തുകയാണ്. ഒരു യഥാർത്ഥ സർക്കാർ ഇങ്ങനെയാണോ ചെയ്യേണ്ടത്? എന്തുതൊട്ടാലും അതിനൊക്കെ പിഴ ചുമത്തി കഷ്ടപ്പെടുത്തി, ജനങ്ങളെ പീഡിപ്പിക്കുന്ന ഒരു സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. ഒരു ഭാഗത്ത് പോലീസ് ജനങ്ങളെ പല കാര്യങ്ങൾക്കും അടിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: അങ്ങേയ്ക്ക് അനുവദിച്ച സമയം കഴിഞ്ഞു. പ്രസംഗം അവസാനിപ്പിക്കണം.

<u>ശ്രീ. പി. ഉബൈദുള്ള</u>: സർ, പോലീസ് അടിക്കുന്നതിനുപുറമേ ഏതെങ്കിലും ഡോക്ടർമാർ സേവനം ചെയ്യുന്നുണ്ടെങ്കിൽ അവരെ സി.പി.ഐ.(എം.)-കാർ വരെ അടിക്കുകയാണ്. പ്രസ്തുത വാർത്ത എല്ലാവരുടേയും ശ്രദ്ധയിൽപ്പെട്ടുകാണുമെന്ന് കരുതുന്നു. ഒരുഭാഗത്ത് പോലീസ് ജനങ്ങളെ മർദ്ദിക്കുന്നു. അതേസമയം കുട്ടനാട് കൈനകരി പഞ്ചായത്തിലെ കോവിഡ് വാക്സിനേഷൻ സെന്ററിൽ ഡ്യൂട്ടിക്കിടെ ഡോക്ടർമാരെ മർദ്ദിച്ച സി.പി.ഐ.(എം.) നേതാക്കളെ അറസ്റ്റ് ചെയ്യാത്തതിനെതിരെ ഇന്ന് അവിടത്തെ ഡോക്ടർമാർ പ്രതിഷേധിക്കുകയാണ്. അവർ പണി നിർത്തി പോകാതെ കൂടുതൽ സമയം ജോലി ചെയ്താണ് സി.പി.ഐ.(എം.)-കാർക്കെതിരെ പ്രതിഷേധിച്ചത്. എല്ലാ അർത്ഥത്തിലും ജനജീവിതം ദു:സ്സഹമായിരിക്കുന്ന ഈ അവസരത്തിൽ, ജനങ്ങളെ ഈ ദുരിതത്തിൽനിന്ന് കരകയറ്റാൻ സർക്കാരിന് സാധ്യമാകാതെ വന്നതുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി എതിർക്കുന്നു.

<u>ശ്രീ. ടി. ഐ. മധുസൂദനൻ</u>: സർ, ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുകയാണ്. വ്യക്തിപരമായ ആക്ഷേപങ്ങളും വസ്തുതാപരമല്ലാത്ത കാര്യങ്ങൾ ഉദ്ധരിച്ചുകൊണ്ടുള്ള സംസാരങ്ങളുമെല്ലാം വളരെ ഗൗരവമുള്ള ഒരു വിഷയം ചർച്ച ചെയ്യുന്ന സന്ദർഭത്തിൽ നിയമസഭ കേട്ടുകൊണ്ടിരിക്കുകയാണ്. പുതിയ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി അവതരിപ്പിച്ച ബഡ്ജറ്റ് മുഖ്യമായും ചൂണ്ടിക്കാണിച്ചത് ആരോഗ്യ അടിയന്തരാവസ്ഥ കേരളത്തിൽ നടപ്പിലാക്കേണ്ടതുണ്ട് എന്നുള്ളതാണ്. കോവിഡ് രണ്ടാം വരവിന്റെ പശ്ചാത്തലത്തിൽ "പൗരന്മാരുടെ ആരോഗ്യം" എന്ന പ്രാഥമിക ഉത്തരവാദിത്വത്തിൽനിന്ന് സംസ്ഥാന സർക്കാരിന് പിന്മാറാനാകില്ലെന്ന് അസന്നിഗ്ദ്ധമായി പ്രഖ്യാപിച്ചുകൊണ്ട്, ആരോഗ്യ അടിയന്തരാവസ്ഥയെന്ന വലിയ കാഴ്ചപ്പാടാണ് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി പ്രഖ്യാപിച്ചത്. അതിന്റെ ഭാഗമായി പ്രതിപക്ഷനേതാവ്, കക്ഷിനേതാക്കൾ ഉൾപ്പെടെയുള്ളവരുമായി നടത്തിയ ആശയവിനിമയത്തിന്റെ അടിസ്ഥാനത്തിലാണ് എം.എൽ.എ.-മാരുടെ ആസ്തി വികസന ഫണ്ടിന്റെ വലിയൊരു ഭാഗം കോവിഡ് പ്രതിരോധത്തിനുവേണ്ടി ഉപയോഗിക്കാൻ പാകത്തിൽ സംസ്ഥാന സർക്കാർ ഏറ്റെടുക്കുകയാണെന്ന് പ്രഖ്യാപിച്ചത്. സഭ പൊതുവിൽ അംഗീകരിച്ച ഒരു കാര്യമാണത്. കോവിഡ് തരംഗം മണ്ഡലാടിസ്ഥാനത്തിലല്ല, കേരളത്തിലാകെയാണ് ബാധിച്ചതെന്ന് നമുക്കെല്ലാവർക്കുമറിയാം. മണ്ഡലാടിസ്ഥാനത്തിലല്ല എന്ന കാഴ്ചപ്പാടോടുകൂടി കേരളത്തിലെ മനുഷ്യരെ രക്ഷിക്കുന്നതിനുള്ള വലിയ ഉത്തരവാദിത്വമാണ് സർക്കാർ ഏറ്റെടുത്ത് മുന്നോട്ടുപോകുന്നത്. "ഇവിടെ ആയുർദൈർഘ്യം ഈ സർക്കാരിന്റെ കാലത്തു ണ്ടായതാണോ?" എന്നുള്ള ചോദ്യം വരികയുണ്ടായി. കേരളത്തിലെ മാറിമാറിവന്ന ഭരണങ്ങളുടെ നേട്ടമാണിതെന്ന് സമർത്ഥിക്കുന്നതിനുവേണ്ടിയുള്ള ശ്രമം നടന്നിട്ടുണ്ട്.

വിശദമായ ഒരു ചരിത്രത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. 2001-2006-ലെ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് മരുന്ന് കച്ചവടത്തിൽ നടന്നിട്ടുള്ള അഴിമതിയുടെ കഥകൾ നമ്മുടെ മുന്നിലുണ്ട്. 2006-2011-ൽ എൽ.ഡി.എഫ്. സർക്കാരിന്റെ കാലഘട്ടത്തിൽ ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ ആരോഗ്യ വകുപ്പുമന്ത്രിയായി. മരുന്ന് സംഭരണ-വിതരണത്തിലടക്കം ഒരു പൊതുസംവിധാനമുണ്ടാക്കി കേരളത്തിന്റെ ആരോഗ്യ മേഖലയെ ആരോഗ്യപരമായി ഉയർത്തിക്കൊണ്ടുവരുന്നതിന് അടിത്തറ പാകിക്കൊണ്ടുള്ള നടപടികൾ ആ സർക്കാർ സ്വീകരിച്ചു. 2011-ൽ വീണ്ടും യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നു. ആരോഗ്യമേഖലയെ സമ്പൂർണ്ണ അഴിമതിവല്ക്കരിച്ച് ഏറ്റവും വലിയ അധഃപതനത്തിലേയ്ക്ക് തള്ളിവിടുന്ന നിലപാടാണ് സ്വീകരിച്ചത്. അതുകഴിഞ്ഞ് 2016-ൽ വീണ്ടും പിണറായി സർക്കാർ അധികാരത്തിൽ വന്നു. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ കേരളത്തിലെ ആരോഗ്യ വകുപ്പുമന്ത്രിയായി. ഏറ്റവും ഫലപ്രദമായ രീതിയിൽ എല്ലാ വിഷമ സന്ധികളിലും ജനങ്ങളെ കൂട്ടായി അണിനിരത്തി, നാടിന്റെ പുരോഗതിക്കും വികസനത്തിനുംവേണ്ടിയുള്ള നടപടികൾ കൈക്കൊള്ളുന്നതിന്റെ ഭാഗമായി, ലോകത്തിനുതന്നെ മാതൃകയായി കേരളം ഉയർന്നുവന്നത് നമ്മളിന്ന് അഭിമാനത്തോടെ ഓർമ്മിക്കുന്നു.

ഇവിടെ പല രീതിയിലുള്ള ആക്ഷേപങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. ബഹുമാന്യനായ മാത്യു ടി. തോമസ് ഇവിടെ ഹിന്ദു പത്രം ഉദ്ധരിക്കുകയുണ്ടായി. നേരത്തെ പ്രതിപക്ഷത്തുള്ള ഒരു എം.എൽ.എ. ടൈംസ് ഓഫ് ഇന്ത്യയുടെ മുഖപ്രസംഗമാണ് ഉദ്ധരിച്ചത്. യു.ഡി.എഫ്. ഏറ്റവും വിശ്വസ്തമായി അംഗീകരിക്കുന്ന ഒരു പത്രം മലയാള മനോരമയാണ്. ഇന്നത്തെ മലയാള മനോരമ പത്രത്തിൽ വെല്ലൂർ സി.എം.സി. വൈറോളജി വിഭാഗം റിട്ടയേർഡ് പ്രൊഫസറായ ഡോ. ടി. ജേക്കബ് ജോണിന്റെ പ്രധാനപ്പെട്ട ഒരു ലേഖനം വന്നിട്ടുണ്ട്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. കേരളം ലോകത്തിന് എങ്ങനെയാണ് മാതൃകയായതെന്ന് അദ്ദേഹം മനോഹരമായി ഈ ലേഖനത്തിൽ സമർത്ഥിക്കുന്നുണ്ട്. അദ്ദേഹം ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കാരനൊന്നുമല്ലല്ലോ. ആ ലേഖനത്തിൽ പറയുന്നത് കോവിഡ് പ്രതിരോധത്തിൽ കേരളം നടത്തിക്കൊണ്ടിരിക്കുന്ന അഭിമാനകരമായിട്ടുള്ള കാര്യങ്ങൾ ഇന്ത്യയ്ക്കും ലോകത്തിനും മാതൃകയായതിനെക്കുറിച്ചാണ്. ഇതിൽ യു.ഡി.എഫ്. ആശങ്കപ്പെടുന്നത് രോഗബാധിതരുടെ എണ്ണം കേരളത്തിൽ കൂടിവരുന്നുവെന്നുള്ളതാണ്. സിറോ സർവ്വെയുടെ റിപ്പോർട്ടിൽ കേരളത്തിൽ രോഗം ബാധിച്ചിട്ടുള്ളവർ കുറവാണെന്നാണ് പറയുന്നത്. രോഗം ബാധിച്ചിട്ടുള്ളവർ കുറവായതുകൊണ്ടുതന്നെ രോഗബാധയ്ക്ക് സാധ്യത കൂടുതലാണ്. കേരളം ഇതുവരെ നടത്തിയിട്ടുള്ള പ്രതിരോധ പ്രവർത്തനത്തിന്റെ വിജയംകൊണ്ടാണ് രോഗബാധിതരുടെ എണ്ണം കുറവായി നിൽക്കുന്നത്. ഇന്ത്യയിൽ മറ്റൊരു സംസ്ഥാനത്തും ഇല്ലാത്ത നിലയിലാണ് ഈ മികച്ച നേട്ടം കേരളം നേടിയിട്ടുള്ളതെന്നാണ് ഈ ലേഖനത്തിൽ സമർത്ഥിക്കുന്നത്. ഈ ഗവൺമെന്റും അതിനുമുൻപുണ്ടായിരുന്ന ഗവൺമെന്റും നടത്തിക്കൊ

ണ്ടിരിക്കുന്ന ഓരോ കാര്യങ്ങളെക്കുറിച്ചും എല്ലാവർക്കുമറിയാം. കേരളത്തിൽ വാക്സിൻ കൊടുക്കുന്നതിൽ എന്തോ കുഴപ്പമുണ്ട്; ഈ ഗവൺമെന്റിന്റെ പിടിപ്പുകേടുകൊണ്ടാണ് വാക്സിൻ എല്ലാവർക്കും ലഭിക്കാത്തത് എന്നാണ് പറയുന്നത്. ഇവിടെ ഗവൺമെന്റിന്റെ കൈവശം വാക്സിൻ ഇല്ല, എന്നാൽ സ്വകാര്യ ആശുപത്രികളുടെ കയ്യിൽ വാക്സിനുണ്ട്. ബഹുമാനപ്പെട്ട പ്രതിപക്ഷാംഗങ്ങളായാലും ഭരണപക്ഷാംഗങ്ങളായാലും മനസ്സിലാക്കിയിട്ടുള്ള ഒരു കാര്യം; ചിലർ മനസ്സിലായാലും മറച്ചുവയ്ക്കുന്ന ഒരു കാര്യം; വാക്സിൻ ഉല്പാദിപ്പിക്കുന്നതിൽ 75 ശതമാനം കേന്ദ്ര ഗവൺമെന്റ് നേരിട്ട് വാങ്ങി സംസ്ഥാനങ്ങൾക്ക് വിതരണം ചെയ്യുകയാണ്. 25 ശതമാനം ഈ കമ്പനികളിൽ നിന്ന് സ്വകാര്യ സ്ഥാപനങ്ങൾക്ക് നേരിട്ട് വിലയ്ക്ക് വാങ്ങാം. സംസ്ഥാന ഗവൺമെന്റ് വിചാരിച്ചാൽ നേരിട്ട് വിലയ്ക്ക് വാങ്ങാൻ പറ്റില്ല; അതിന് നിയന്ത്രണമുണ്ട്. സ്വകാര്യ സ്ഥാപനങ്ങൾക്ക് ഈ രീതിയിൽ വില കൊടുത്ത് വാക്സിൻ വാങ്ങുന്നതിനുള്ള വഴിയൊരുക്കിക്കൊടുക്കുന്നത് കേന്ദ്ര ഗവൺമെന്റാണ്. കേന്ദ്ര ഗവൺമെന്റിന്റെ മനുഷ്യത്വവിരുദ്ധമായിട്ടുള്ള ഈ നിലപാടിനെതിരെ നിയമസഭയുടെ ശബ്ദം ഉയർത്തിക്കൊണ്ടുവരുന്നതിന് നിയമസഭയാകെ സന്നദ്ധമാകുമോ? സൗജന്യമായി എല്ലാവർക്കും വാക്സിൻ നൽകുന്നതിന് കേന്ദ്ര ഗവൺമെന്റ് നടപടി സ്വീകരിക്കണം. കൊള്ളവിലയ്ക്ക് സ്വകാര്യ സ്ഥാപനങ്ങൾക്ക് വാക്സിൻ വിൽക്കുന്ന നടപടി നിയന്ത്രിക്കണമെന്ന് ആവശ്യപ്പെടുന്നതിന് നമുക്ക് സാധിക്കുമോ? ഹിന്ദു പത്രത്തിലെ ചില കാര്യങ്ങൾ ഇന്നലെ ഇവിടെ ഉദ്ധരിക്കുകയുണ്ടായി. ഹിന്ദു പത്രത്തിലെ ഡാറ്റാ ടീം ഇന്നലെ ശേഖരിച്ചിട്ടുള്ള ചില വിവരങ്ങൾ പ്രസിദ്ധീകരിച്ചിട്ടുണ്ട്. അതിൽ ജൂലൈ 31 വരെ ജനസംഖ്യയുടെ 11 ശതമാനമാണ് രാജ്യത്ത് വാക്സിൻ ലഭിച്ചവരായിട്ടുള്ളത്. യു.പി.യിലും മദ്ധ്യപ്രദേശിലും കേരളത്തിലുമാണ് ഏറ്റവും കൂടുതൽ വാക്സിൻ ഈ ഘട്ടത്തിൽ ലഭിച്ചിട്ടുള്ളത്. അതിൽ കേരളത്തിന് കൂടുതൽ കിട്ടിയത് എന്തുകൊണ്ടാണ്? അതിൽ അവർ എത്തുന്ന നിഗമനം, സംസ്ഥാന സർക്കാരിന്റെ ശക്തമായിട്ടുള്ള നിലപാടുകൊണ്ടാണ് ജനസംഖ്യയിൽ ആനുപാതികമായി കുറവാണെങ്കിലും വാക്സിൻ ലഭ്യതയിൽ കേരളം മുന്നിൽ നിൽക്കുന്നത് എന്നാണ്. ആ നേട്ടം കൈവരിക്കുന്നതിന് കേരളത്തിന് സാധിച്ചുവെന്നതിൽ നമ്മൾ അഭിമാനം കൊള്ളുകയല്ലേ വേണ്ടത്?

ഇന്നലെ ശ്രീ. രാഹുൽ ഗാന്ധി ഇൻസ്റ്റഗ്രാമിൽ പങ്കുവച്ച ഒരു ചെറിയ കമന്റ് ചില പത്രങ്ങൾ കൃത്യമായി റിപ്പോർട്ട് ചെയ്തു. 'July has gone, but vaccine shortage has not gone' എന്നാണ് അദ്ദേഹം ഓൺലൈനിൽ ട്വീറ്റ് ചെയ്തിട്ടുള്ളത്. കേന്ദ്ര ഗവൺമെന്റ് ജൂലൈ മാസത്തോടുകൂടി എല്ലാവർക്കും വാക്സിൻ കൊടുക്കുമെന്ന് പറഞ്ഞു. അതിനോടാണ് ശ്രീ. രാഹുൽ ഗാന്ധി പ്രതികരിച്ചത്, 'ജൂലൈ മാസം കടന്നു പോയിരിക്കുന്നു. പക്ഷെ, വാക്സിന്റെ ഷോർട്ടേജ് അതുപോലെ നിൽക്കുന്നു'. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ചുമതലയേറ്റെടുത്തിട്ട് കുറച്ചുകാലമേ ആയിട്ടുള്ളൂ. അദ്ദേഹം പറഞ്ഞു, 'Rahul Gandhi doing petty politics in the name of vaccination.' രാഹുൽ ഗാന്ധി തരംതാഴ്ന്ന രാഷ്ട്രീയമാണ് കളിക്കുന്നത് എന്നാണ് അദ്ദേഹം പറഞ്ഞത്. ഞങ്ങൾ ചോദിക്കട്ടെ, ഇവിടെ പ്രതിപക്ഷവും ആ രാഷ്ട്രീയമല്ലേ കളിക്കുന്നത്?

എന്റെ മണ്ഡലത്തിൽ നടന്നുകൊണ്ടിരിക്കുന്ന ഒരു കാര്യംകൂടി സൂചിപ്പിച്ചു കൊണ്ട് ഞാൻ അവസാനിപ്പിക്കാം. കേരളത്തിലെ ജില്ലാ ആശുപത്രികളിൽ കാത്ത് ലാബ് എന്നുപറയുന്നത് സങ്കൽപ്പിക്കാൻപോലും കഴിയാത്തതാണ്. ആ കാത്ത് ലാബുകൾ നൽകുന്നതിനുവേണ്ടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ ഏറ്റവും ശ്ലാഘനീയമാണെന്ന് ആർക്കെങ്കിലും പറയാതിരിക്കാൻ സാധിക്കുമോ? പയ്യന്നൂർ താലൂക്കാശുപത്രിക്ക് കൊടുത്തത് 56 കോടി രൂപയാണ്. ആ 56 കോടി രൂപയുടെ ഒരു വലിയ ആശുപത്രി സമുച്ചയം 2022-ഓടുകൂടി പണി പൂർത്തിയാകാൻ പോകുകയാണ്. മണ്ഡലത്തിൽത്തന്നെയുള്ള പെരിങ്ങോം താലൂക്കാശുപത്രിക്ക് 12 കോടി രൂപയാണ് ഗവൺമെന്റ് കൊടുത്തത്. ഇന്ന് ഏറ്റവും കൂടുതൽ ജീവിതശൈലീരോഗങ്ങൾ വേട്ടയാടുന്ന നാടാണ് കേരളം. എല്ലാ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും ഡയാലിസിസ് സെന്ററുകൾ തുടങ്ങുന്നതിനുവേണ്ടി ഈ ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ള നടപടികൾ നമുക്ക് മറക്കാൻ കഴിയില്ല. കേരള ഗവൺമെന്റ് നടപ്പിലാക്കിവരുന്ന കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതി (KASP), കാരുണ്യ ബെനവലന്റ് ഫണ്ട് (KBF) ഇത് രണ്ടും സംയോജിപ്പിച്ചുകൊണ്ട് സ്റ്റേറ്റ് ഹെൽത്ത് ഏജൻസി എന്ന പദ്ധതി കേരളത്തിൽ 709 ആശുപത്രികളിലൂടെയാണ് നടപ്പിലാക്കിവരുന്നത്. 41.6 ലക്ഷം കുടുംബങ്ങൾ കാരുണ്യ ആരോഗ്യ സുരക്ഷാ പദ്ധതിയുടെ ഭാഗമായി ഇന്ന് ആശ്വാസം തേടുന്നുണ്ട്. 3 ലക്ഷം രൂപയിൽ കുറഞ്ഞ വാർഷികവരുമാനമുള്ള കുടുംബങ്ങൾക്ക് കാരുണ്യ ബെനവലന്റ് പദ്ധതിയുടെ ആനുകൂല്യങ്ങൾ ലഭിക്കുന്നുണ്ട്. ഈ പദ്ധതി കൂടുതൽ ആകർഷകമായ രീതിയിലും കൂടുതൽ മെച്ചപ്പെട്ട നിലയിലും നടപ്പിലാക്കുന്നതിന് ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജ്, ബഹുമാനപ്പെട്ട മുഖ്യമന്ത്രി, ധനകാര്യ വകുപ്പുമന്ത്രി ഉൾപ്പെടെയുള്ള ഈ ഗവൺമെന്റ് ഏറ്റവും ഫലപ്രദമായ രീതിയിൽ പ്രവർത്തനങ്ങൾ സംഘടിപ്പിക്കണം. ഗവൺമെന്റ് ആശുപത്രികളിൽ കാരുണ്യ, കാരുണ്യ ബെനവലന്റ് ഫണ്ട് എന്നിവ നടപ്പിലാക്കുന്നത് കുറേക്കൂടി എളുപ്പമാണ്. എന്നാൽ സ്വകാര്യ ആശുപത്രികളിലും സഹകരണ ആശുപത്രികളിലും ഇതിന്റെ റേറ്റ് കുറച്ച് പ്രയാസമുണ്ടാക്കുന്നുണ്ട്. അത് പുനഃപരിശോധന നടത്തി ആവശ്യമായ ക്രമീകരണങ്ങളുണ്ടാക്കണമെന്ന് ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുകയാണ്. ഈ നാടിന്റെ ജീവൻ രക്ഷിക്കാൻ വേണ്ടി പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ആരോഗ്യ വകുപ്പ് എല്ലാ അർത്ഥത്തിലും ഈ നാടിന് കരുത്തും വെളിച്ചവുമാണ്. അതിന് വഴിയൊരുക്കുന്ന ഈ ധനാഭ്യർത്ഥനകളെ ഞാൻ പൂർണ്ണമനസ്സോടുകൂടി പിന്താങ്ങുകയാണ്.

ശ്രീ. പി. ബാലചന്ദ്രൻ: സർ, പതിനാറാം നൂറ്റാണ്ടോടുകൂടി മാനവരാശിയെ പിടികൂടിയ പ്ലേഗ്, വസൂരി, കോളറ, സ്പാനിഷ് ഫ്ലൂ തുടങ്ങിയ മഹാവ്യാധികളെയും ഇരുപത്തിയൊന്നാം നൂറ്റാണ്ടിലെ കോവിഡിനെയുമൊക്കെ തരണം ചെയ്താണ് മാനവരാശി ഇതുവരെ എത്തിയിട്ടുള്ളത്. ഈ രോഗങ്ങളൊക്കെ ഓരോ ചരിത്രഘട്ടത്തെ

ബാധിക്കുമ്പോഴും ഒരു പ്രത്യേക സംവിധാനമാണ് അന്ന് നിലനിന്നിരുന്നത്. രാജ്യ ഭരണകാലമുണ്ടായിരുന്നു, ഫ്യൂഡൽ ഭരണകാലമുണ്ടായിരുന്നു, പിന്നീട് മുതലാളിത്ത ഭരണക്രമമായി, ഇപ്പോൾ ക്രോണിക് ക്യാപ്പിറ്റലിസത്തിന്റെ കാലമാണ് ഇന്ത്യയി ലെന്നാണ് പറയുന്നത്. ഈ സാഹചര്യത്തിലാണ് കോവിഡിനെ നേരിടാൻ നമ്മൾ ഒരുങ്ങുന്നത്. ഇന്ത്യക്കാരന്റെ നികുതിയിനത്തിൽനിന്നും ലഭിക്കുന്ന 4500 കോടി രൂപ ചെലവ് ചെയ്ത് ഇന്ത്യൻ സിറം ഇൻസ്റ്റിറ്റ്യൂട്ട് വാക്സിൻ ഉല്പാദിപ്പിച്ച് മുതലാളിത്ത രാജ്യങ്ങളായ അമേരിക്കയ്ക്കും ബ്രിട്ടണും 225 രൂപയ്ക്കും 350 രൂപയ്ക്കും കൊടുക്കുമ്പോൾ നമ്മുടെ നാട്ടിലെ പാവപ്പെട്ട ജനങ്ങൾക്ക് എത്ര രൂപയ്ക്കാണ് ആ വാക്സിൻ ഗവൺമെന്റ് കൊടുക്കുന്നത്? 850, 750, 600 രൂപയ്ക്കാണ്. ഇതിനെതിരെ തിരുവായ്ക്കെതിർവായില്ല എന്നപോലെ കേരളത്തിലേയ്ക്ക് അടിക്കടി വന്ന് ഇപ്പോൾ ലായത്തിൽ കെട്ടിയിരിക്കുന്ന കെ.പി.സി.സി., കുതിരയുടെ കടിഞ്ഞാൺ ഏറ്റുവാങ്ങിയ സാക്ഷാൽ കെ.പി.സി.സി.-യുടെ ഇപ്പോഴത്തെ പ്രസിഡന്റ് പത്രസമ്മേളനം നടത്തി പറഞ്ഞതെന്താണ്; എന്തു വാസ്തവമാണ് അതിലുള്ളത്? വീടുകളിൽ ആട് ഒറ്റ പ്രസവിക്കുന്നതുപോലെ അപൂർവ്വമായി മാത്രമേ ഇടതുപക്ഷ പ്രസ്ഥാനത്തെയും അതിന്റെ ഭരണസംവിധാനത്തെയും നാട്ടിലെ വാർത്താ മാധ്യമങ്ങൾ പുകഴ്ത്തി എഴുതാറുള്ളൂ. ഒരു ഘട്ടത്തിൽ 'ടീച്ചറമ്മ' എന്ന വിശേഷണം കൊടുത്ത് ശ്രീമതി കെ. കെ. ശൈലജ ടീച്ചറെ പൊതുജനമധ്യത്തിൽ അവതരിപ്പിച്ച് കോവിഡ് പ്രതിരോധപ്രവർത്തനവുമായി ബന്ധപ്പെട്ട് 'എ-പ്ലസ് ' സർട്ടിഫിക്കറ്റ് കേരളത്തിലെ എല്ലാ വാർത്താമാധ്യമങ്ങളും ഇടതുപക്ഷ മുന്നണിയുടെ ബഹുമാന്യയായ ഈ ആരോഗ്യ വകുപ്പുമന്ത്രിക്കും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്കും നൽകുകയുണ്ടായി. World Health Organisation-നും World Health Organisation-ന്റെ തൊട്ടുതാഴെ ആരോഗ്യമേഖലയുമായി ബന്ധപ്പെട്ട എല്ലാ വസ്തുതകളും ന്യായീകരിച്ച് അത് ലോകസമക്ഷം അവതരിപ്പിക്കുന്ന Hopkins University-യും UNESCO-യും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയെയും ആരോഗ്യ വകുപ്പുമന്ത്രിയെയും അനുമോദിച്ചു കൊണ്ട് അവാർഡുകൾ ഇവിടെ എത്തിക്കുമ്പോൾ കെ.പി.സി.സി.-ക്കുമാത്രം അത് മനസ്സിലാകുന്നില്ലെന്ന് പറഞ്ഞാൽ, അതിന്റെ അർത്ഥം രാഷ്ട്രീയ വൈരനിര്യാതന ബുദ്ധിയെന്നാണ് മൂക്ക് താഴോട്ടുള്ള മലയാളികൾ മനസ്സിലാക്കുക. അത്രയും കാര്യക്ഷമമായി കോവിഡ് മാനേജ്മെന്റ് കേരളത്തിൽ നടത്തുന്നു. കേരളത്തിലെ 15 മെഡിക്കൽ കോളേജുകൾ ഒരു രാത്രികൊണ്ട് അലർട്ടാക്കാൻ ഈ ഭരണ സംവിധാനത്തിന് സാധിച്ചു. തൃശ്ശൂർ ജില്ലയിലെ പെരിഞ്ഞനത്തുനിന്നും വന്ന ഒരു കുട്ടി, തൃശ്ശൂർ മെഡിക്കൽ കോളേജിൽ ഒരു വർഷവും ഒൻപത് മാസത്തിനും മുമ്പ് ഒരു രാത്രി എട്ടുമണിക്ക് രക്തം പരിശോധിച്ചപ്പോഴാണ് കോവിഡ് ഇന്ത്യയിലാദ്യമായി തൃശ്ശൂരിൽ ബാധിച്ചിരിക്കുന്നുവെന്ന് മനസ്സിലായത്. ആ രാത്രിതന്നെ തൃശ്ശൂരിലെ നാല് മന്ത്രിമാർ തൃശ്ശൂർ മെഡിക്കൽ കോളേജ് ആശുപത്രിയിലെത്തുകയും നേരം കൺമുമ്പിൽ പൊട്ടിവിരിയുന്ന സന്ദർഭത്തിൽ ഒരു കോവിഡ് പ്രോട്ടോക്കോൾ തയ്യാറാക്കുകയും

തിരുവനന്തപുരത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അയച്ചുകൊടുക്കുകയും പതിനഞ്ച് മെഡിക്കൽ കോളേജുകൾ കോവിഡിനെ നേരിടാൻ യുദ്ധസന്നാഹങ്ങളോടെ തയ്യാറെടുക്കുകയും താലൂക്കാശുപത്രികളെ ഫസ്റ്റ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ, സെക്കൻഡ് ലൈൻ ട്രീറ്റ്മെന്റ് സെന്ററുകൾ എന്ന കണക്കിൽ ആരോഗ്യമേഖലയെ സജ്ജമാക്കുകയും ചെയ്തു. കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ ഭാഷയിൽ പറഞ്ഞാൽ ഘടോപഘട സുഘടിതമാക്കി. അത്രയും സുസജ്ജമായി കേരളത്തിലെ ആരോഗ്യ മേഖലയെ മാറ്റിയെടുക്കാൻ നടപടി സ്വീകരിച്ചു. ആരോഗ്യമേഖലയിൽ സ്റ്റാഫില്ല, മരുന്നില്ല എന്നൊക്കെ ചിലർ പറയുന്നത് അസത്യമാണ്. കേരളത്തിന്റെ പ്രൈമറി ഹെൽത്ത് സെന്റർ മുതൽ മെഡിക്കൽ കോളേജുവരെ വലിയ മാറ്റമുണ്ടായിരിക്കുന്നു. വികസിത ചൈന ആരോഗ്യമേഖലയിൽ കൈവരിച്ച നേട്ടങ്ങൾ കേരളം നേടിക്കഴി ഞ്ഞുവെന്ന് വേൾഡ് ഹെൽത്ത് ഓർഗനൈസേഷനും ഈ മാനദണ്ഡങ്ങളെ ലോകത്തിന്റെ മുന്നിൽ അവതരിപ്പിക്കുന്ന ഏറ്റവും വലിയ നിർണ്ണായക കേന്ദ്രങ്ങളും പറയുന്നു. ഡോക്ടർ, രോഗി അനുപാതം വികസിത ചൈനയ്ക്ക് തുല്യമായി കഴിഞ്ഞി രിക്കുന്നു. ആർക്കാണ് അതിന്റെ നേട്ടം? ഇവിടെ ശ്രീ. പി. മമ്മിക്കുട്ടി സംസാരിച്ചപ്പോൾ ഡോ. എ. ആർ. മേനോനെക്കുറിച്ച് പറഞ്ഞു. ഒരു പൊതുജനാരോഗ്യ ക്രമീകരണം കേരളത്തിലുണ്ടാക്കുന്നതിനുവേണ്ടി ആദ്യത്തെ ഇടതുപക്ഷ സർക്കാർ ആരംഭിച്ച നവീകരണ പ്രവർത്തനങ്ങൾ മുതൽ അവസാനം കോവിഡ് ബാധിക്കുന്ന ഘട്ടത്തിലെ പ്രവർത്തനങ്ങൾ സുസജ്ജമായി മുന്നോട്ടുകൊണ്ടുപോയതിന്റെ ഫലമാണ് കേരളത്തിലിന്ന് അധികം മരണങ്ങളില്ലാതെ മുന്നോട്ടുപോകാൻ കഴിഞ്ഞത്. ഇവർ പറയുന്ന കണക്കുകൾ എവിടെനിന്നുണ്ടാക്കുന്നതാണെന്ന് അറിയില്ല. പ്രധാനപ്പെട്ട മാധ്യമങ്ങളും കേന്ദ്ര ഗവൺമെന്റിന്റെ കണക്കുകളും പറയുന്നത്, 3.4 ശതമാനമാണ് ഇന്ത്യയുടെ വാക്സിനേഷൻ നിരക്ക് എന്നാണ്. എന്നാൽ കേരളത്തിലത് 6.48 ശതമാനമാണ്. കഴിഞ്ഞ നിയമസഭയിൽ മുഖ്യമന്ത്രി അവതരിപ്പിച്ച രേഖയെ ഉദ്ധരിച്ചുകൊണ്ടാണ് ഞാൻ സംസാരിക്കുന്നത്. ട്രീറ്റ്മെന്റ് സെന്ററുകൾ രണ്ടാം ഘട്ടത്തിലേയ്ക്ക് കടക്കുമ്പോൾ ഡെൽറ്റ-2 കോവിഡ് വൈറസിനെ പ്രതിരോധിക്കു ന്നതിന് കൂടുതൽ സജ്ജീകരണങ്ങൾ നമുക്ക് ആവശ്യമായിവന്നു. അങ്ങനെയുള്ള സജ്ജീകരണങ്ങൾക്കായി കേരളത്തിലെ എല്ലാ ആശുപത്രികളും സജ്ജമാക്കു ന്നതിനുവേണ്ടി ഈ മുന്നണി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി വീണാ ജോർജ്ജിന്റെ നേതൃത്വത്തിൽ പരിശ്രമിച്ചിട്ടുണ്ട്. ആർക്കാണ് ഇപ്പോൾ വെന്റിലേഷൻ സൗകര്യം ലഭിക്കാത്തത്; കേരളത്തിൽ മാത്രമല്ലേ പ്രാണവായു കിട്ടാതെ ആരും മരിക്കാതിരുന്നത്; ഗംഗയിലും യമുനയിലും ഒഴുകിനടന്ന ജഡങ്ങളെക്കുറിച്ച് ഇവിടെ പരാമർശിക്കു ന്നില്ലല്ലോ; ശവക്കോട്ടകളും ശ്മശാനങ്ങളും അടയ്ക്കാൻ കഴിയാതെ ശവപ്പെട്ടികളുമായി കാത്തുനിന്ന വാഹനങ്ങളെക്കുറിച്ചും അന്യസംസ്ഥാനങ്ങളെക്കുറിച്ചും ഇവിടെ

പറയുന്നില്ലല്ലോ? തമിഴ്നാടിനെയും മഹാരാഷ്ട്രയെയും കണ്ടുപഠിക്കാൻ നമ്മളോട് ഉപദേശിക്കുന്നു. അമേരിക്ക സ്വീകരിക്കുന്ന പ്രതിരോധമാർഗ്ഗങ്ങൾ സ്വീകരിക്കണമെന്ന് അന്നത്തെ ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഈ സഭയിൽ പറയുകയുണ്ടായി. നമ്മുടെ കോവിഡ് പ്രതിരോധത്തിന്റെ സ്ട്രാറ്റജി അമേരിക്കൻ സ്ട്രാറ്റജിയായിരിക്കണമെന്നാണ് അദ്ദേഹം പറഞ്ഞത്. എന്താണ് അമേരിക്കയിൽ സംഭവിച്ചത്; എത്ര ദശലക്ഷം ആളുകളാണ് മരണത്തിന് കീഴടങ്ങിയത്; ഇൻഷ്വറൻസ് കമ്പനികളുടെ ദയാദാക്ഷിണ്യത്തിന് ഒരു ജനതയെ ആകെ എറിഞ്ഞുകൊടുക്കുന്ന ആരോഗ്യ വ്യവസായം നടത്തുന്ന അമേരിക്കപോലുള്ള രാജ്യത്തെ കേരളം മാതൃകയാക്കണമെന്ന് പരാമർശിക്കുന്ന കെ.പി.സി.സി.-യുടെയും പ്രതിപക്ഷത്തിന്റെയും മനോഭാവമെന്താണ്? അവരുടെ കൂട്ടത്തിൽനിന്ന് ചില ധൂർത്ത് പുത്രന്മാർ ഇറങ്ങിപ്പോയെന്ന് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ ഇവിടെ പറഞ്ഞു. എങ്ങനെ ഇറങ്ങിപ്പോകാതിരിക്കും? നിങ്ങളെ നയിക്കുന്ന മുന്നണിയുടെ മുഖ്യകക്ഷിയായ കോൺഗ്രസിന് തള്ളപ്പൂച്ചയുടെ സ്വഭാവമാണ്. വീടുകളിൽ പൂച്ച പ്രസവിച്ചാൽ പ്രസവരക്ഷയ്ക്കായി മൃഗമൃഗാധിരസായനമോ കണ്ടംകുളത്തി രസായനമോ ഉള്ളിലേഹ്യമോ ഒന്നുമല്ല കൊടുക്കുന്നത്, പൂച്ച അതിന്റെ തലക്കുഞ്ഞിനെ തിന്നും. നാട്ടുനടപ്പനുസരിച്ച് അതാണ് പൂച്ചയുടെ പ്രസവരക്ഷ. വീട്ടിലൊരു പൂച്ച ഉള്ളവർക്കെല്ലാം അതറിയാം. സ്വന്തം തലക്കുഞ്ഞുങ്ങളെ തിന്നുതീർക്കുന്ന ഒരു തള്ളപ്പൂച്ചയായി നിങ്ങളെ നയിക്കുന്ന കോൺഗ്രസ് മാറിയിട്ട് എത്രകാലമായി; എന്തുകൊണ്ട് ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിലിനെ കൈവച്ചില്ല? വാലറ്റക്കാരനാണ്, മൂക്കട്ടെ, അപ്പോൾ കാണാം. സ്വന്തം മുന്നണിയിൽനിന്ന് എത്ര പേർ ഇറങ്ങിപ്പോകുന്നു? അവർ വന്നത് ഇടതുപക്ഷത്തേയ്ക്കാണ്. മഴ വന്നപ്പോൾ ഓടിക്കയറിയതല്ല. ആ മുന്നണിക്കകത്ത് അനുഭവിച്ചിരുന്ന നെഞ്ചുപിളർക്കുന്ന നിരവധി കാര്യങ്ങളുമായി ബന്ധപ്പെട്ടാണ് ആ മുന്നണിയോട് ലാൽസലാം പറഞ്ഞ് ഇടതുപക്ഷത്തേയ്ക്ക് വന്നത്. അതുകൊണ്ട് എന്ത് സംഭവിച്ചു? വന്നവരെ സംരക്ഷിക്കുകയും അർഹമായ സ്ഥാനം ഈ മുന്നണി നൽകുകയും ചെയ്യും. കേരളത്തിൽ സുശക്തവും സുസംഘടിതവുമായ ഒരു മുന്നണിയായി, വരുംകാലങ്ങളിൽ കേരള മക്കളുടെ ഏത് ദൈന്യങ്ങളിലും അവരെ കൈപിടിച്ച് മുന്നോട്ടുനയിക്കാനുള്ള മുന്നണിയായി ഇടതുപക്ഷ ജനാധിപത്യമുന്നണി സുസജ്ജമായി ഉണ്ടായിരിക്കും. ഈ ആരോഗ്യ വകുപ്പുമന്ത്രിയുടെ കാലയളവിൽ കോവിഡ് സമയത്ത് ആശുപത്രികളിൽ വേണ്ടത്ര പാരാ മെഡിക്കൽ സ്റ്റാഫും മരുന്നുമില്ലായിരുന്നുവെന്ന് ഇവിടെ ശ്രീ. പി. ഉബൈദുള്ള പറഞ്ഞു. ആ ആശുപത്രിയുടെ പേരും ആ മണ്ഡലത്തിലെ എം.എൽ.എ.-യുടെ പേരും വെളിപ്പെടുത്തണം. ബന്ധപ്പെട്ട ആശുപത്രി ഇരുപത്തിനാല് മണിക്കൂറിനകം സന്ദർശിക്കാനും അവിടത്തെ പ്രശ്നം പരിഹരിക്കാനും കഴിയുന്നവിധത്തിലുള്ള സംവിധാനം ഇവിടെ വികസിപ്പിക്കപ്പെട്ടിട്ടുണ്ടെന്നത് ആർക്കാണ് അറിയാത്തത്?

3.00 pm]

ഇങ്ങനെ കണ്ണടച്ച് കാര്യങ്ങൾ സഭയ്ക്ക് മുമ്പിൽ അവതരിപ്പിക്കരുത്. ഇതൊരു മഹാവ്യാധിയുടെ കാലമാണ്. ആസുരമായ കാലമാണ്, കെട്ട കാലമാണ്. സമ്പന്നതയുടെ മട്ടുപ്പാവിലേയ്ക്കുപോലും ദാരിദ്ര്യവും ദുരിതവും ഇരച്ചുകയറുന്നു. അങ്ങനെയുള്ളൊരു കാലത്ത്, ഗതികെട്ട കാലത്ത് മൂന്നരക്കോടി വരുന്ന മനുഷ്യരെ, ഈ ഭാർഗവ ക്ഷേത്രത്തിലെ മലയാളികളെ നെഞ്ചടക്കിപ്പിടിച്ച് സംരക്ഷിക്കുമെന്ന് പ്രതിജ്ഞ ചെയ്തുകൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. ഓരോതലത്തിലും ഓരോ ഇടത്തിലും അതുമായി ബന്ധപ്പെട്ട കാര്യങ്ങളാണ് ചെയ്യുന്നത്. ഭക്ഷ്യക്കിറ്റിന്റെ കാര്യത്തിൽ നിങ്ങൾ സ്വീകരിച്ച നിലപാടെന്താണ്? ഭക്ഷണം കൊടുക്കുമ്പോൾ ആ കഞ്ഞിയിൽ മണ്ണ് വാരിയിട്ടവരാണ് നിങ്ങൾ. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ തിണ്ണയിലേയ്ക്ക് പോയവരാണ്. കോടതി എന്താണ് നിങ്ങളോട് പറഞ്ഞത്?ഇടതുപക്ഷം വന്നത് കോവിഡിന്റെ ഔദാര്യത്തിലാണെന്നും കോവിഡ് ഇല്ലായിരുന്നുവെങ്കിൽ ഞങ്ങൾ വരുമായിരുന്നുവെന്നുമുള്ള ഒരു പത്ര പ്രസ്താവന കണ്ടു. ഇടതുപക്ഷ ജനാധിപത്യ മുന്നണിയുടെ അന്നത്തെ മുഖ്യമന്ത്രി സർവ്വകക്ഷിയോഗം വിളിച്ചു. ആ യോഗത്തിൽ നിങ്ങളുടെ മുന്നണിയുടെ ബഹുമാനപ്പെട്ട നേതാക്കൾ എന്താണ് പറഞ്ഞത്; കോവിഡ് ആണെന്നുപറഞ്ഞ് ഒരു ആഴ്ചപോലും തെരഞ്ഞെടുപ്പ് നീട്ടി വയ്ക്കരുതെന്നും ഇപ്പോൾത്തന്നെ നടത്തണമെന്നുമാണ് പറഞ്ഞത്. നമ്മുടെ ആരോഗ്യ പ്രവർത്തകർക്കും മറ്റും കുറച്ചുകൂടി സാവകാശം നൽകിക്കൊണ്ട് തെരഞ്ഞെടുപ്പ് നടത്താമെന്ന് പറഞ്ഞപ്പോൾ അത് പറ്റില്ലെന്നും ഗവൺമെന്റ് കോവിഡിനെ മുതലെടുക്കാൻ ശ്രമിക്കുകയാണെന്നും നിങ്ങൾ പറഞ്ഞു. അങ്ങനെ മൂക്കിന് പിടിച്ച് നടത്തിയൊരു തെരഞ്ഞെടുപ്പായിരുന്നില്ലേ. ആ തെരഞ്ഞെടുപ്പിൽ ജനങ്ങൾ ഇടതുപക്ഷത്തെ കൈനീട്ടി സ്വീകരിച്ചപ്പോൾ കോവിഡിന്റെ കാലത്ത് നടത്തിയ തെരഞ്ഞെടുപ്പിന് അപാകത. ഇങ്ങനെ കാര്യങ്ങൾ വിശദീകരിച്ചതുകൊണ്ട് കാര്യമില്ല. വസ്തുതകൾക്കനുസരിച്ച്, നിയമങ്ങൾക്കനുസരിച്ച് നിങ്ങൾ ധാരണാപൂർവ്വം ഈ നിയമസഭയ്ക്കകത്ത് നിൽക്കണം. എത്ര വാക്കൗട്ടുകളായി? ഇന്ന് വാക്കൗട്ട് നടത്തി യതിന്റെ കാര്യമെന്താണ്? രാമായണത്തിൽ പറയും

" വദനമപി കരചരണമല്ല ശൗര്യാസ്പദം.

വാനരന്മാർക്കു വാലിന്മേൽ ശൗര്യമാകുന്നു."

ശ്രീരാമന്റെ മുദ്രാമോതിരവുമായി, അടയാളവുമായി ശിംശപച്ചോട്ടിലിരിക്കുന്ന സീതാദേവിയെ കാണാൻപോയ ഹനുമാനെ കരചരണങ്ങളൊക്കെ ബന്ധിച്ച് രാവണ സന്നിധിയിൽ ഹാജരാക്കി.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്ലീസ്... പ്ലീസ്.. ബഹുമാനപ്പെട്ട അംഗം, അങ്ങ് പ്രസംഗം അവസാനിപ്പിക്കൂ. (...ബഹളം...)

ശ്രീ. പി. ബാലചന്ദ്രൻ: സർ, രാവണ സന്നിധിയിൽവച്ച്, ലങ്ക നശിപ്പിച്ചതിന് ഹനുമാനെ എന്തുചെയ്യണമെന്നുള്ള ചോദ്യമുണ്ടായി. ദൂതുമായി വന്നവനാണ്; നമ്മളാരും പോസ്റ്റുമാനെ തല്ലാറില്ലല്ലോ. അതുകൊണ്ട് ഇദ്ദേഹത്തെ ചെറുതായൊന്ന് നോവിച്ച് വിട്ടാൽമതിയെന്നു പറഞ്ഞു. അങ്ങനെയാണ് വാലിന്മേൽ തുണിചുറ്റി, അത് കത്തിച്ച് ലങ്ക മുഴുവൻ ഹനുമാൻ നശിപ്പിച്ചത്. ഇവിടെ 'വദനമപി കരചരണമല്ല ശൗര്യാസ്പദം' എന്നത് പ്രതിപക്ഷത്തിന് വാക്കൗട്ടിൽ ശൗര്യമാകുന്നു. വാക്കൗട്ട് മാത്രമാണ് പ്രതിവിധി. എടുത്ത വാളുകളൊക്കെ ഉറയിലിട്ടു. അങ്കക്കലികൊണ്ട് വിറച്ചിരുന്നവരൊക്കെ ഇരുന്നു. കേരളത്തിനെ നയിക്കുന്ന ഇടതുപക്ഷ ജനാധിപത്യ മുന്നണിക്കെതിരെ അപഭ്രംശങ്ങൾ ഉന്നയിച്ചുകൊണ്ടും കെട്ടുകഥകൾ ചമച്ചുകൊണ്ടും കേരളത്തെ തെറ്റിദ്ധരിപ്പിക്കാമെന്ന് ആരെങ്കിലും വ്യാമോഹിക്കുന്നുണ്ടെങ്കിൽ അവർ വിഡ്ഢികളുടെ സ്വർഗ്ഗത്തിലെ അന്തേവാസികളാണ് എന്നുമാത്രം പറഞ്ഞുകൊണ്ട് ഈ ധനാഭ്യർത്ഥനകളെ ഞാൻ പിന്തുണയ്ക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. വി. ജോയി]

ഡോ. കെ. ടി. ജലീൽ: സർ, ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ ജന്മദിനമാണ് ഇന്ന്. ഞാൻ ആദ്യമേ ജന്മദിനാശംസകൾ നേരുകയാണ്. തന്റെ ജന്മദിനത്തിലാണ് ആരോഗ്യ വകുപ്പുമായി ബന്ധപ്പെട്ട ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്നുള്ള പ്രമേയം ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ചിരിക്കുന്നത്. ഞാൻ അതിനെ പിന്തുണയ്ക്കുകയാണ്. വിഭവ സമാഹരണത്തിൽ കേന്ദ്ര സർക്കാരുകൾക്ക് മുൻകൈവരുന്ന തരത്തിലാണ് ഒട്ടുമിക്ക ഫെഡറൽ രാജ്യങ്ങളുടേയും ഭരണഘടന. വരുമാനത്തിന്മേലും സമ്പത്തിന്മേലും ഉൽപ്പാദനത്തിന്മേലുമുള്ള നികുതികൾ കേന്ദ്ര സർക്കാരാണ് പിരിക്കുന്നതെങ്കിൽ സംസ്ഥാനങ്ങൾക്കായി മാറ്റിവച്ചിട്ടുള്ളത് മുഖ്യമായും ഉപഭോഗവുമായി ബന്ധപ്പെട്ട ചരക്കുസേവന നികുതി, വിൽപ്പന നികുതി, മോട്ടോർ വാഹന നികുതി തുടങ്ങിയവയാണ്. പക്ഷേ, ചെലവുകളുടെ കാര്യത്തിൽ സംസ്ഥാനങ്ങൾക്കാണ് കൂടുതൽ ഉത്തരവാദിത്വം. സാധാരണ മനുഷ്യരുടെ ജീവിതനിലവാരം മെച്ചപ്പെടുത്താൻ ഉദ്ദേശിച്ചുള്ള ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, വ്യവസായം, വാണിജ്യം എന്നീ മേഖലകളിൽ ആവശ്യമായ പണം ചെലവഴിക്കേണ്ട ബാദ്ധ്യത സംസ്ഥാനങ്ങൾക്കാണ്. മാനവ വികസന സൂചികയിലും ഭൗതിക ജീവിത ഗുണനിലവാര സൂചികയിലും ചില വികസിത രാജ്യങ്ങളോടുപോലും കിടപിടിക്കുന്നതാണ് കേരളത്തിന്റെ വർത്തമാന സ്ഥിതി. പ്രൊഫസർ അമർത്യാസെൻ പറഞ്ഞതുപോലെ, " പരിമിതമായ

പൊതുവിഭവങ്ങൾ മുഴുവൻ ആരോഗ്യ വിദ്യാഭ്യാസ മേഖലയിൽ മുതൽമുടക്കിയിട്ടുള്ള സംസ്ഥാനമാണ് കേരളം.” കേരളത്തിന് ഇതിലും വലിയൊരു സർട്ടിഫിക്കറ്റ്, ഇനിയെന്തുവേണം; ഏതാണ്ട് 30,000 കോടി രൂപയാണ് കോവിഡ് മഹാമാരിയെ നേരിടാൻ ആരോഗ്യ മേഖലയിലും ആരോഗ്യ മേഖലയ്ക്ക് പുറത്തും എൽ.ഡി.എഫ്. സർക്കാർ ചെലവിട്ടത്. ഇത് ഇന്ത്യയിലെ റെക്കോർഡാണ്. ഒന്നാം പിണറായി സർക്കാർ അധികാരത്തിൽ വന്നയുടനെ നാല് മിഷനുകൾ ആരംഭിച്ചതിൽ ഒന്ന് 'ആർദ്രം മിഷൻ' ആയിരുന്നു. പൊട്ടിപ്പൊളിഞ്ഞ കെട്ടിടങ്ങളും തകർന്നടിഞ്ഞ അതിർത്തി മതിലുകളും വൃത്തിഹീനമായ ചുറ്റുപാടുകളും അത്യാവശ്യത്തിനുപോലും ഡോക്ടർമാരും പാരാമെഡിക്കൽ സ്റ്റാഫും നഴ്സുമാരുമില്ലാത്ത ദയനീയ സ്ഥിതിയും ആധുനിക മെഡിക്കൽ ഉപകരണങ്ങളുടെ അപര്യാപ്തതയും സർക്കാർ ആശുപത്രികളുടെ മുഖമുദ്രയായിരുന്നു. അവയെല്ലാം മറികടന്ന് കേരളത്തിന്റെ പൊതു ആരോഗ്യ മേഖലയെ സ്വന്തം കാലിൽ നിൽക്കാൻ പ്രാപ്തമാക്കുക എന്നതായിരുന്നു ആർദ്രം മിഷന്റെ ലക്ഷ്യം. ബഡ്ജറ്റിലും ബഡ്ജറ്റിനുപുറത്ത് കിഫ്ബിയിലും ഭീമമായ തുക അതിനായി ഇടതുപക്ഷ സർക്കാർ വകയിരുത്തി. കേരളം പിന്നീട് സാക്ഷിയായത് പബ്ലിക് ഹെൽത്ത് സെക്ടറിന്റെ കുതിപ്പിനാണ്. നിപയും കോവിഡും വരുമെന്ന് മുൻകൂട്ടി കണ്ടുകൊണ്ടല്ലല്ലോ ആർദ്രം മിഷന് സർക്കാർ തുടക്കമിട്ടത്. ഒരു സോഷ്യലിസ്റ്റ് സർക്കാരിന് ജനങ്ങളോടുള്ള ബാദ്ധ്യത നിറവേറ്റുന്നതിന്റെ ഭാഗമായിരുന്നു അത്. പൊതു ആരോഗ്യരംഗം മെച്ചപ്പെട്ടതിൽ മാറിമാറി വന്ന സർക്കാരുകൾക്ക് പങ്കുണ്ടെന്നത് പൊതുവെ ശരിയാണ്. അതോടൊപ്പം ചില വസ്തുതകൾകൂടി കാണേണ്ടതുണ്ട്. യു.ഡി.എഫ്. ഭരണത്തിൽ വരുമ്പോൾ പബ്ലിക് ഹെൽത്ത് സെക്ടർ കിതച്ചും വീർപ്പുമുട്ടിയും ഞെങ്ങിഞെരുങ്ങി മുന്നോട്ടുപോയപ്പോൾ എൽ.ഡി.എഫ്. സർക്കാരുകളുടെ കാലത്ത് ആവേശകരമായ കുതിപ്പാണ് നടത്തിയത്. പൊതു ആരോഗ്യവണ്ടി യു.ഡി.എഫ്. കാലത്ത് 40 കി.മീ. സ്പീഡിൽ പോയപ്പോൾ എൽ.ഡി.എഫ്. ഭരണത്തിൻകീഴിൽ 80 കി.മീ. സ്പീഡിലാണ് മുന്നേറിയത്. ഈ യാഥാർത്ഥ്യം ആർക്കാണ് നിഷേധിക്കാൻ സാധിക്കുക? കോവിഡ് എന്ന മഹാമാരി തിമർത്താടിയപ്പോൾ പരിഷ്കൃത രാജ്യങ്ങൾവരെ പകച്ചുനിന്നു. അമിത സ്വകാര്യവൽക്കരണം പൊതുജനാരോഗ്യത്തെ എങ്ങനെ പ്രതികൂലമായി ബാധിക്കുമെന്ന് സമ്പന്ന മുതലാളിത്ത രാഷ്ട്രങ്ങൾ തിരിച്ചറിഞ്ഞത് കോവിഡ് കാലത്താണ്. ചെകുത്താനും കടലിനുമിടയിൽ എന്നപോലെ കൊറോണ വൈറസിന്റെ ആക്രമണത്തിനും സ്വകാര്യ ആശുപത്രി മാനേജുമെന്റുകളുടെ കഴുത്തറപ്പിനുമിടയിൽ ജനങ്ങൾ ബുദ്ധിമുട്ടുന്നതു കണ്ട് നിസ്സഹായമായി കൈമലർത്തി നിൽക്കുകയായിരുന്നു സമ്പന്ന വലതുപക്ഷ രാജ്യങ്ങളിലെ ഭരണകൂടങ്ങൾ. നിപയെ കേരളം പ്രതിരോധിച്ചത് ഒരു സ്വകാര്യ ആശുപത്രിയുടെയും പിൻബലത്തിലായിരുന്നില്ല. കോവിഡിന്റെ ഒന്നാം സ്റ്റേജിൽ കേരളം പൊരുതി ജയിച്ചത് നമ്മുടെ പൊതുജനാരോഗ്യ സംവിധാനത്തിന്റെ

സംരക്ഷിത കവചം ഉപയോഗിച്ചാണ്. കൊറോണയെ പേടിച്ച് എല്ലാവരും ആദ്യഘട്ടത്തിൽ സുരക്ഷിത താവളങ്ങളിലേയ്ക്ക് ഉൾവലിഞ്ഞപ്പോൾ ജനങ്ങൾക്ക് ആത്മവിശ്വാസം നൽകി സർക്കാരും സർക്കാരിന്റെ സകലമാന സംവിധാനങ്ങളും എണ്ണയിട്ട യന്ത്രംപോലെ പ്രവർത്തിച്ചു. ലക്ഷക്കണക്കിന് പ്രവാസികളായ നമ്മുടെ സഹോദരങ്ങൾ ഭയപ്പാടോടെ നാട്ടിൽ തിരിച്ചെത്തിയപ്പോൾ അവർക്കും ആശ്വാസത്തിന്റെ തണലേകി പരിലസിച്ചുനിന്നത് നമ്മുടെ ഡോക്ടർമാരും നഴ്സുമാരും ആരോഗ്യ പ്രവർത്തകരുമാണ്. നമ്മുടെ കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളും പ്രൈമറി ഹെൽത്ത് സെന്ററുകളും ഉച്ചയ്ക്കുശേഷം പ്രവർത്തിക്കാൻ തുടങ്ങിയത് ഒന്നാം പിണറായി സർക്കാരിന്റെ കാലത്തല്ലേ? ആർദ്രം മിഷന്റെ ഭാഗമായി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് പി.എച്ച്.സി.-കളിൽ ഒരു ഡോക്ടറേയും ഒരു നഴ്സിനേയും കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളിൽ രണ്ട് ഡോക്ടർമാരെയും രണ്ട് നഴ്സുമാരെയും നിയമിക്കാനുള്ള ഉത്തരവ് ലഭിച്ചതോടെയാണ് പി.എച്ച്.സി.-കളും സി.എച്ച്.സി.-കളും ഉച്ചയ്ക്കുശേഷവും പ്രവർത്തനക്ഷമമായത്. ലോകത്തെ വിശ്വാസയോഗ്യമായ പത്രങ്ങളെന്ന് പേരുകേട്ട ന്യൂയോർക്ക് ടൈംസും വാഷിംഗ്ടൺ പോസ്റ്റും കേരളത്തിന്റെ കോവിഡ് പ്രതിരോധ പ്രവർത്തനങ്ങളെ പ്രകീർത്തിച്ചത് ഞാനിവിടെ ഉദ്ധരിക്കുകയാണ്. വാഷിങ്ടൺ പോസ്റ്റിൽവന്ന ലേഖനത്തിന്റെ തലക്കെട്ട് നോക്കുക: " Aggressive testing, contact tracing, cooked meals: How the Indian state of Kerala flattened its coronavirus curve." കർക്കശ പരിശോധന, സമ്പർക്കാന്വേഷണം, പാകം ചെയ്ത ഭക്ഷണം. ഇന്ത്യയിലെ കേരള സംസ്ഥാനം കൊറോണ വൈറസ് വ്യാപനത്തോതിലെ ഉയർന്ന വക്രരേഖ നിവർത്തുന്നതെങ്ങനെ. ന്യൂയോർക്ക് ടൈംസിൽവന്ന ലേഖനത്തിന്റെ തലക്കെട്ട് ഇങ്ങനെയായിരുന്നു, " As India Stumbles, One State Charts Its Own Covid Course. Kerala uses tracking of patients and supplies, a network of health care workers and coronavirus " war rooms" to succeed where the national government has fallen short." ഇന്ത്യ ഇടറുമ്പോൾ ഒരു സംസ്ഥാനം തനത് കോവിഡ് പ്രതിരോധ മാർഗ്ഗം ആവിഷ്കരിക്കുന്നു. കേന്ദ്ര സർക്കാരിന് വീഴ്ച പറ്റുമ്പോൾ രോഗികളുടെ സമ്പർക്ക പാത കണ്ടെത്തിയും ആരോഗ്യ പ്രവർത്തകരുടെ ശൃംഖല ശക്തിപ്പെടുത്തിയും കൊറോണ വൈറസ് വാർ റൂം സജ്ജമാക്കിയും കേരളം മുന്നേറുകയാണ്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

ഇത് പറഞ്ഞത് കേരളത്തിലെ ഏതെങ്കിലും ഇടതുപക്ഷ പത്രങ്ങളല്ല, ലോകത്തിലെ ഏറ്റവും പേരുകേട്ട പത്രങ്ങളാണ് കേരളത്തിന്റെ നേട്ടങ്ങളെ പ്രകീർത്തിച്ചത്. രണ്ടുമൂന്ന് ദിവസം മുൻപ് കോവിഡിനെ തുടർന്ന് ജനങ്ങൾ അനുഭവിക്കുന്ന സാമ്പത്തിക ബുദ്ധിമുട്ടുകൾ ചൂണ്ടിക്കാട്ടി ബഹുമാന്യനായ കുഞ്ഞാലിക്കുട്ടി സാഹിബ് ഒരു

അടിയന്തരപ്രമേയം ഈ സഭയിൽ അവതരിപ്പിച്ചിരുന്നു. സാധാരണക്കാരുടെ കയ്യിൽ പണമില്ലാത്തതിന്റെ പ്രയാസങ്ങൾ അദ്ദേഹം ചൂണ്ടിക്കാണിച്ചത് ഞാൻ ഓർക്കുന്നു. അത് നൂറു ശതമാനവും ശരിയാണ്. എന്നാൽ മലപ്പുറം ജില്ലയിലെ ചില സഹകരണ ബാങ്കുകളിൽ പല ഉന്നതന്മാരുടെ മക്കളുടെയും ബിനാമികളുടെയും പേരിൽ കള്ളപ്പണം നിക്ഷേപിച്ചത് ആദായ നികുതി വകുപ്പ് കണ്ടെത്തിയതായ വാർത്തകൾ പുറത്തുവന്നതും അതോടൊപ്പം ചേർത്ത് വായിക്കേണ്ടതുണ്ട്. എ.ആർ. നഗർ സഹകരണ ബാങ്കിൽ 110 കോടി രൂപയുടെ കള്ളപ്പണമാണ് ആദായ നികുതി വകുപ്പ് കണ്ടുകെട്ടിയത്. അതിൽ 7 കോടി രൂപയുടെ ഉടമസ്ഥർ അവരുടെ രേഖകൾ ഹാജരാക്കി പണം വീണ്ടെടുത്തു. എന്നാൽ 103 കോടി രൂപയുടെ ഉടമസ്ഥർ ഇതുവരേയും രേഖകൾ ഹാജരാക്കിയിട്ടില്ല. ഇക്കൂട്ടത്തിൽ ബഹുമാന്യനായ പ്രതിപക്ഷ ഉപനേതാവ് കുഞ്ഞാലിക്കുട്ടി സാഹിബ്ബിന്റെ മകൻ ആഷിഖിന്റെ പേരിലുള്ള നിക്ഷേപവും ഉണ്ടെന്നുള്ളത് സാന്ദർഭികമായി സൂചിപ്പിക്കട്ടെ. ആദായ നികുതി വകുപ്പിന്റെ ഇതുസംബന്ധമായ പ്രൊസീഡിംഗ്സിലെ ആദ്യത്തെ പേരുകാരൻ ആഷിഖാണെന്നുള്ളത് പ്രത്യേകം ശ്രദ്ധേയമാണ്. പാലാരിവട്ടം പാലത്തിന്റെ കമ്മീഷൻ മലപ്പുറത്തേയ്ക്ക് ഒഴുകിയിട്ടുണ്ടെന്ന് അക്കാലത്തുതന്നെ സംസാരമുണ്ടായിരുന്നു. ഇബ്രാഹിം കുഞ്ഞ് സാഹിബ്ബ് ഒന്ന് തുമ്മണമെങ്കിൽ കുഞ്ഞാലിക്കുട്ടി സാഹിബ്ബിന്റെ സമ്മതം വേണമെന്ന് ആർക്കാണ് അറിയാത്തത്. എ.ആർ. നഗർ സഹകരണ ബാങ്കിൽ കണ്ടെത്തിയിട്ടുള്ള കള്ളപ്പണം സംബന്ധിച്ച് സമഗ്രമായൊരു അന്വേഷണം അനിവാര്യമാണ്. കഴിഞ്ഞ 5 വർഷം എന്റെ പിന്നാലെയായിരുന്നു കുഞ്ഞാലിക്കുട്ടി സാഹിബ്ബേ അങ്ങും കൂട്ടരും. ഈ 5 വർഷം താങ്കളുടെ പിന്നാലെ ഞാനും ഉണ്ടാകും. എനിക്കേറെ ബഹുമാന്യനും ആദരണീയനുമായ പാണക്കാട് സെയ്യിദ് ഹൈദർ അലി ശിഹാബ് തങ്ങളുടെ മൊഴിയെടുക്കാൻവേണ്ടി ഇ.ഡി. അദ്ദേഹത്തിന്റെ വീട്ടിലെത്തിയെന്ന കാര്യം മുസ്ലീം ലീഗിന്റെ സംസ്ഥാന നേതൃത്വയോഗത്തിലാണ് ഉന്നയിക്കപ്പെട്ടത്. മത-രാഷ്ട്രീയ-സാമൂഹ്യ മേഖലകളിൽ വിരാജിച്ച് നിൽക്കുന്ന തങ്ങൾ അവർകളെപ്പോലും ഇത്തരത്തിലുള്ള ഒരു കേസ്സിലേയ്ക്ക് വലിച്ചിഴച്ചതിന്റെ ഉത്തരവാദിത്വം കുഞ്ഞാലിക്കുട്ടി സാഹിബേ അങ്ങേയ്ക്കാണ്? മലപ്പുറത്തേയും മറ്റ് ജില്ലകളിലേയും സഹകരണ ബാങ്കുകളിൽ നിക്ഷേപിച്ച രേഖകളില്ലാത്ത കള്ളപ്പണം മുഴുവൻ കണ്ടുകെട്ടി കുഞ്ഞാലിക്കുട്ടി സാഹിബ്ബ് തന്റെ അടിയന്തരപ്രമേയ സമയത്ത് സൂചിപ്പിച്ച കോവിഡ് കാലത്തെ സാമ്പത്തിക പ്രയാസം തീർക്കാൻ പാവപ്പെട്ടവർക്ക് വിതരണം ചെയ്യാൻ ബന്ധപ്പെട്ട അധികാരികൾ മുന്നോട്ടുവരണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. എന്റെ സുഹൃത്ത് ശ്രീ. പി. ഉബൈദുള്ള ഇവിടെ സംസാരിച്ചപ്പോൾ സൂചിപ്പിച്ച ഒരു കാര്യം കാണാതെ പോകുന്നത് ശരിയല്ല. അദ്ദേഹം പറഞ്ഞത്; 40 ആളുകൾ വെള്ളിയാഴ്ച ജുമാ നമസ്കാരത്തിൽ പങ്കെടുത്തു എന്നുള്ളതിന്റെ പേരിൽ ചില സ്ഥലങ്ങളിൽ പോലീസ് കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടെന്നാണ്.

ബഹുമാന്യനായ മുഖ്യമന്ത്രി തന്നെ പറഞ്ഞതാണ്, വിശേഷാൽ ദിവസങ്ങളിൽ 40 ആളുകൾക്ക് ആരാധനാലയങ്ങളിൽ ഒത്തുകൂടാമെന്ന്. അങ്ങനെ പങ്കെടുക്കുമ്പോൾ വിവരം പോലീസിനെ ഫോണിൽ വിളിച്ച് പറയുന്നതാരാണ്? പോലീസിനോട് ചോദിക്കണം. ഉത്തരവാദപ്പെട്ട ജനപ്രതിനിധികൾ പറയുമ്പോൾ പോലീസ് കേസ്സെടുക്കുകയല്ലാതെ മറ്റെന്തുചെയ്യും? അങ്ങനെ കേസ്സെടുപ്പിച്ച് നാട്ടിൽ വർഗ്ഗീയ ധ്രുവീകരണമുണ്ടാക്കാനും വിഭാഗീയത വളർത്താനും ശ്രമിക്കുന്നത് ഇവിടെ ആക്ഷേപം പറയുന്നവരുടെ പ്രാദേശിക നേതാക്കളാണ്. ഇതിനെതിരായി ഈ നാടിന്റെ മതേതര മനസാക്ഷി ഉണരണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ആരോഗ്യ വകുപ്പുമന്ത്രി സഭയിൽ അവതരിപ്പിച്ച ധനാഭ്യർത്ഥനകളെ ഞാൻ ശക്തമായി പിന്തുണയ്ക്കുന്നു.

<u>ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി</u>: സർ, ഡോ. കെ. ടി. ജലീൽ മുസ്ലീം ലീഗിൽ നിന്നാണ് വളർന്നുവന്നത്, ഇപ്പോൾ ആ കൺസിഡറേഷനൊന്നും വേണ്ട. ലീഗിനെ രണ്ട് പറഞ്ഞില്ലെങ്കിൽ അദ്ദേഹത്തിന് അഡ്രസ്സില്ലെന്നുള്ളത് എല്ലാവർക്കും അറിയാം. അതിൽ എന്നെ ഒന്ന് പറഞ്ഞാൽ അഡ്രസ്സ് കിട്ടും, അതിനാണ് ഓരോ പ്രസംഗത്തിലും പുട്ടിന് തേങ്ങ ഇടുന്നപോലെ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുന്നത്. ആ പറഞ്ഞ കാര്യത്തെക്കുറിച്ച് ഞാൻ പറയാം, ശ്രീ. കെ. ടി. ജലീലിന് അറിയുമോ എൻ.ആർ. ഐ. അക്കൗണ്ട് എന്ന് പറയുന്ന ഒരു സാധനമുണ്ടെന്ന്? എന്റെ മകന്റെ പേരിൽ അവിടെ പത്തുപൈസയുണ്ടെങ്കിൽ അത് എൻ.ആർ.ഐ. അക്കൗണ്ടാണ്, അത് ആർക്കും തൊടാൻ പറ്റുകയില്ല. അത് മനസ്സിലാക്കാതെ വെറുതെ അവാസ്തവ പ്രസ്താവന ഇവിടെ വിളിച്ചു പറയുകയാണ്. ഒരു പത്രംപോലും അത് റിപ്പോർട്ട് ചെയ്യാത്തതിന് കാരണമെന്താണ്? അവർ വെരിഫൈ ചെയ്തപ്പോൾ എൻ.ആർ.ഐ. അക്കൗണ്ടാണെന്ന് മനസ്സിലാക്കി.(...ബഹളം...) ശ്രീ. കെ. ടി. ജലീലിന്റെ മുൻപിൽ രേഖ ഹാജരാക്കേണ്ട കാര്യമൊന്നും ഞങ്ങൾക്കില്ല. എൻ.ആർ.ഐ. അക്കൗണ്ട്....., അത് ക്ലിയറാക്കണം, ഒരു വാസ്തവുമില്ലാത്ത കാര്യമാണ്, വായിൽത്തോന്നിയത് വിളിച്ചു പറയുകയാണ്. എൻ.ആർ.ഐ. അക്കൗണ്ട്, പവിത്രമാണ്, യാതൊരു കുഴപ്പവുമില്ല. കോ-ഓപ്പറേറ്റീവ് ബാങ്കിൽ എൻ.ആർ.ഐ. അക്കൗണ്ടുണ്ടാകാൻ പാടില്ലേ? ആ ആഗ്രഹം മനസ്സിൽവച്ച് നടക്കേണ്ട, എൻ.ആർ.ഐ. അക്കൗണ്ട്, എന്റെ മകന്റെ പേരിലുണ്ടെങ്കിൽ അതിന് അവൻ തികച്ചും അർഹനാണ്, പ്രതിപക്ഷ നേതാവിനോട് ചോദിക്കണം, അതിനുള്ള വകയും അവനുണ്ട്. അവിടെനിന്നും അയച്ച പണമാണ്, അതിന്റെ എല്ലാ രേഖകളുമുണ്ട്. വേണമെങ്കിൽ ബഹുമാന്യനായ സഭാദ്ധ്യക്ഷന് രേഖകൾ കയ്യിൽ കൊണ്ടുവന്ന് തരാം, അല്ലാതെ ശ്രീ. കെ. ടി. ജലീലിന്റെ മുൻപിൽ കൊണ്ടുപോകുകയില്ല.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, ഞാൻ ഈ ധനാഭ്യർത്ഥനകളെ എതിർക്കുകയാണ്. നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി വീണാ ജോർജ്ജിന്റെ ജന്മദിനമാണെന്ന് അറിഞ്ഞു, എല്ലാവിധ ജന്മദിനാശംസകളും നേരുകയാണ്.

നമ്മുടെ പ്രിയങ്കരനായ കെ. എം. ബഷീറിന്റെ രണ്ടാം ചരമദിനം കൂടിയാണിന്ന്. കെ. എം. ബഷീറിനെ കാറിടിച്ച് കൊന്ന കേസ്സിലെ പ്രതി ഐ.എ.എസ്.-കാരനെ ആരോഗ്യ വകുപ്പിൽ ഉന്നത പദവിയിൽ സർക്കാർ ഇരുത്തിയിരിക്കുകയാണ്. കെ. എം. ബഷീറിന് നീതികൊടുക്കാൻ ഈ സർക്കാർ ഇടപെടണം. ഈ നിയമസഭയുടെ റിപ്പോർട്ടിംഗ് ഗ്യാലറിയിൽ സുസ്മേരവദനനായി ഇരുന്നിരുന്ന ഒരു ചെറുപ്പക്കാരനാണ്. സഭ റിപ്പോർട്ട് ചെയ്യാൻ വരുമ്പോൾ നമ്മൾ കണ്ടിട്ടുള്ള എപ്പോഴും ചിരിച്ച് കാണുന്ന കെ. എം. ബഷീറിന് ഇതുവരെ നീതി കിട്ടിയിട്ടില്ല എന്ന് ഞാൻ ഓർമ്മിപ്പിക്കുകയാണ്.

ഈ മഹാമാരിയുടെ കാലം, കേരള ചരിത്രത്തിൽ മുൻമാതൃകകളില്ലാത്ത സത്യാനന്തര പരീക്ഷണത്തിന്റെ കാലമായിരുന്നു. സത്യാനന്തരമെന്ന വാക്ക് പ്രചാരത്തിലായി കഷ്ടിച്ച് ഒരു പതിറ്റാണ്ട് കാലമായതേയുള്ളൂ. വസ്തുതകളുടേയും വിശദാംശങ്ങളുടേയും പിൻബലമില്ലാതെ ആസൂത്രിതമായി ഒരു വലിയ നുണയെ സത്യമെന്ന പ്രതീതിയോടെ പ്രചരിപ്പിക്കുന്ന കാലമാണിത്. ഏകാധിപത്യ ഭരണകൂടങ്ങൾ അധികാരവും പണവും ഉപയോഗിച്ച് മാധ്യമങ്ങളെ വരുതിക്ക് നിർത്തി, സാമൂഹ്യ മാധ്യമങ്ങളിൽ പ്രചാരണത്തിന് പ്രത്യേക സംവിധാനമുണ്ടാക്കി നടത്തുന്ന ഒരു ജനാധിപത്യവിരുദ്ധ രീതിയാണത്. ആ രീതിയുടെ സമീപകാല ലോക ചരിത്രത്തിലെ ക്ലാസ്സിക് ടെക്സ്റ്റ്ബുക്ക് ഉദാഹരണമാണ് കേരളം കോവിഡിനെ കെട്ടുകെട്ടിച്ച കഥ. ആ കഥ കേൾക്കാത്തവർ ഈ നാട്ടിലില്ല. ലോകത്തെ വരുതിക്ക് നിർത്തിയ ഒരു മഹാമാരിയെ മാന്ത്രികവിദ്യകൊണ്ട് കെട്ടുകെട്ടിച്ച കഥ. പത്രത്തിൽ, ടി.വി.-യിൽ, ഫെയ്സ് ബുക്കിൽ, വാട്സ്ആപ്പിൽ, ട്വിറ്ററിൽ, പൊതുവഴിയിൽ, പരസ്യപലകകളിൽ, എന്തിന് സർക്കാരിന്റെ ബഡ്ജറ്റ് രേഖകളിൽ എല്ലായിടത്തും കാണാം ആ കഥ. എനിക്ക് പറയാനുള്ളത് ആ കഥയുടെ മൂടുപടമൊന്ന് മാറ്റിയാൽ കാണാവുന്ന ലളിതമായ ചില സത്യങ്ങളെക്കുറിച്ചാണ്.

സത്യം ഒന്ന്, രോഗവ്യാപന സാധ്യത വർദ്ധിപ്പിക്കുന്ന ടെസ്റ്റിംഗ് രീതിയാണ് കേരളത്തിന്റേത്. അവികസിത ആഫ്രിക്കൻ രാജ്യങ്ങളിൽ തൊട്ട് നമ്മുടെ അയൽ സംസ്ഥാനമായ തമിഴ്നാട് വരെ കോവിഡിനെ നേരിടാൻവേണ്ടി ചെയ്തത് ആന്റിജൻ ടെസ്റ്റുകളുടെ എണ്ണം പരമാവധി കുറച്ചു, എന്നിട്ട് ആർ.ടി.പി.സി.ആർ. ടെസ്റ്റുകളുടെ എണ്ണം കൂട്ടി. കാരണമെന്താണ്, 1000 കോവിഡ് രോഗികളിൽ ആന്റിജൻ ടെസ്റ്റ് നടത്തിയാൽ 500 രോഗികളെ മാത്രമേ കണ്ടെത്താൻ കഴിയൂ. കാരണം 50 ശതമാനമാണ് അതിന്റെ സെൻസിറ്റിവിറ്റി. അപ്പോൾ ആന്റിജൻ ടെസ്റ്റിൽ നെഗറ്റീവായ ഒരാൾ രോഗമില്ലെന്ന് കരുതി കുടുംബാംഗങ്ങളുമായി, നാട്ടുകാരുമായി സമ്പർക്കം പുലർത്തും. അങ്ങനെ ഒരു വശത്ത് നാം അറിയാതെ രോഗവ്യാപനം നടക്കും. ഈ മഹാമാരി തുടങ്ങി രണ്ട് വർഷമായിട്ടും ഇന്നലെവരെയുള്ള കണക്കുകൾ പരിശോധിച്ചാൽ നമ്മൾ ചെയ്യുന്നതിൽ 70 ശതമാനവും ആന്റിജൻ

ടെസ്റ്റാണ്. അതായത് ഈ രണ്ടുകൊല്ലവും നമ്മുടെ സംവിധാനത്തിന് ഫെയ്സ് ചെയ്യാൻ പറ്റാത്ത രോഗവ്യാപനത്തിന്റെ ഒരു സമാന്തരപാത ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന അശാസ്ത്രീയമായ ടെസ്റ്റിംഗ് രീതിയാണ് ഇപ്പോഴും നമ്മൾ പിന്തുടരുന്നത്. ഈ തെറ്റായ രീതി ഇന്ത്യയിൽ മറ്റൊരു സംസ്ഥാനവും സ്വീകരിച്ചിട്ടില്ല. വിമർശനങ്ങൾ ഹൈക്കോടതിയിൽനിന്നും കേൾക്കേണ്ടി വന്നു. മറ്റു സംസ്ഥാനങ്ങളിലെല്ലാം തരംഗങ്ങൾക്കിടിയിൽ ഇടവേളകളുണ്ടായപ്പോൾ, ടി.പി.ആർ. കുറഞ്ഞപ്പോൾ കേരളത്തിൽ മാത്രം കഴിഞ്ഞ ഒരു വർഷത്തെ ടി.പി.ആർ.-ന്റെ ആവറേജ് 10-12 എന്ന് നിൽക്കുകയാണ്. ഇടയ്ക്ക് 30 ആയി, 27 ആയി, 18 ആയി, പക്ഷെ പത്തിന് മുകളിൽ ഒരു കൊല്ലമായി നമ്മൾ നിൽക്കുകയാണ്.

സത്യം രണ്ട്, കോവിഡ് ഒരു ക്രമസമാധാന പ്രശ്നമല്ല. രോഗം ഒരു കുറ്റമല്ല. ഒരു പൊതുജനാരോഗ്യ പ്രശ്നത്തെ നേരിടാൻ റൂട്ട് മാർച്ച് നടത്തിയ സർക്കാരാണിത്. പൂന്തുറ കടപ്പുറത്തേയ്ക്ക് കമാൻഡോകളുടെ റൂട്ട് മാർച്ച് നടത്തിയത് ഓർമ്മയില്ലേ; ഇടുക്കിയിലെ ഉസ്മാനെ ഓർമ്മയില്ലേ? മീൻകുട്ട വലിച്ചെറിഞ്ഞും പുല്ലരിയുന്ന വൃദ്ധന് ആയിരങ്ങൾ പിഴ ചുമത്തിയുമാണ് നാം ഒരു പൊതുജനാരോഗ്യ പ്രശ്നത്തെ നേരിട്ടുകൊണ്ടിരിക്കുന്നത്. പോലീസ് മാത്രമല്ല, സർക്കാർതന്നെ രോഗവ്യാപനത്തിന് കാരണക്കാരെ കണ്ടെത്തി ഓരോ ഘട്ടത്തിലും സമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിച്ചു. കാര്യങ്ങൾ കൈവിടുമെന്ന് തോന്നിയാൽ കുറ്റവാളികളെന്ന നിലയിൽ ആരെയെങ്കിലും പൊതുസമൂഹത്തിന്റെ മുമ്പിൽ വിചാരണയ്ക്ക് കൊണ്ടുനിർത്തി, ഉത്തരവാദിത്വത്തിൽ നിന്നും ഒഴിയുന്ന ഈ മാതൃകയുടെ അടുത്ത ഇരകൾ സർക്കാരിന്റെ ഭാഗമായ ഉദ്യോഗസ്ഥരും വിദഗ്ദ്ധ സമിതിയുമാണ്. നിങ്ങൾ നോക്കിയിരുന്നോ. ഇവിടെ മന്ത്രിസ്ഥാനം അലങ്കരിച്ച ചില ആളുകൾക്ക് ഒരു ഘട്ടത്തിൽ പ്രവാസികളായിരുന്നു കുറ്റവാളികൾ, അവർ കൊറോണ ചുമന്നുകൊണ്ട് വരുന്നവരായിരുന്നു. വാളയാർ അതിർത്തിയിൽ വെള്ളവും ഭക്ഷണവുമില്ലാതെ മലയാളികൾ കുടുങ്ങിക്കിടന്നപ്പോൾ വെള്ളവും ഭക്ഷണവുമായി എത്തിയവർ പ്രതിപക്ഷ ജനപ്രതിനിധികളായപ്പോൾ, അവരെ മരണവ്യാപാരികൾ എന്ന് വിളിച്ച് പ്രതിപക്ഷത്തെ പ്രതിചേർത്തു. പൂന്തുറ യിലെത്തിയപ്പോൾ തോക്കിന്റെ ഭാഷ മാത്രമറിയുന്നവർ എന്ന മട്ടിൽ മത്സ്യത്തൊ ഴിലാളികളെ പ്രതി ചേർത്തു. സർക്കാരിന്റെ ഭാഗമായിരിക്കുന്ന ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുതൽ ഉദ്യോഗസ്ഥർവരെ രോഗവ്യാപനത്തിന്റെ പ്രതികൾ എന്ന് പറഞ്ഞ് സമൂഹത്തിൽനിന്നും ആളുകളെ തെരഞ്ഞെടുത്ത് വിദ്വേഷപ്രചരണം നടത്തി. എന്തിനേറെ സർക്കാർ നടത്തിയ പരീക്ഷയിൽ ആൾക്കൂട്ടമുണ്ടായതിന്റെ പേരിൽ രക്ഷകർത്താക്കൾക്കെതിരെ കേസ്സെടുത്ത സർക്കാരാണിത്.

സത്യം മൂന്ന്, ആദ്യഘട്ടത്തിലെ വിജയകഥ കൃത്യമായ തിരക്കഥയാണ്. ഡോ. കെ. ടി. ജലീൽ കുറേയേറേ ഇംഗ്ലീഷ് പത്രങ്ങളിൽ വന്ന വാർത്തയുടെ തലക്കെട്ടുകൾ വായിച്ചു. നുണ ലോകം മുഴുവൻ കറങ്ങിയെന്നുകരുതി സത്യത്തിന് ചെരുപ്പിടാതിരിക്കാനാവില്ല. സർക്കാരിന്റെ പ്രതിരോധ പ്രവർത്തനങ്ങളിലെ മികവിന്റെ

തെളിവായി പ്രചരിപ്പിക്കപ്പെട്ടത് വിദേശ മാധ്യമങ്ങളിലെ പ്രശംസാ ലേഖനങ്ങളായിരുന്നു. ഈ ലേഖനങ്ങൾ എഴുതിയത് ആരായിരുന്നു? ശ്രീ. സുബിൻ ഡെന്നിസ്, വിജയപ്രസാദ് എന്നീ രണ്ടുപേരായിരുന്നു. മാർച്ച് 23-ന് യു.എ.ഇ. മാധ്യമമായ ആൾട്ടർനേറ്റ്, മാർച്ച് 24 ബ്രിട്ടീഷ് മാധ്യമം, മാർച്ച് 29-ന് കനേഡിയൻ/ജർമ്മൻ മാധ്യമമായ ഇൻഡെപ്ത് ന്യൂസ്, മാർച്ച് 30-നും ഏപ്രിൽ 17-നും ടർക്കിഷ് മാധ്യമങ്ങളായ എവർഗ്രീൻ, എലൈസ്മെലരി, ഏപ്രിൽ 1-ന് സ്പാനിഷ് മാധ്യമം, ഏപ്രിൽ 1-നുതന്നെയുള്ള ആഫ്രിക്കൻ മാധ്യമമായ ന്യൂ ഫ്രെയിം, ഏപ്രിൽ 14-ന് ബ്രസീലിയൻ മാധ്യമമായ ഡിഫാറ്റോ, ഏപ്രിൽ 14-നുതന്നെയുള്ള ദി ന്യൂയോർക്ക് ടൈംസ്. ഞാൻ പരിശോധിച്ചപ്പോൾ ഈ മാധ്യമങ്ങളിലെല്ലാം ലേഖനമെഴുതിയിരിക്കുന്നത് രണ്ടാളുകളാണ്. അത് മേൽസൂചിപ്പിച്ച ശ്രീ. സുബിൻ ഡെന്നിസും ശ്രീ. വിജയപ്രസാദുമാണ്. ലേഖനങ്ങൾക്കെല്ലാം വ്യത്യസ്ത തലക്കെട്ടുകളാണ്. ഒരേ ഉള്ളടക്കത്തിൽ രണ്ട് ആളുകൾ വിദേശ മാധ്യമങ്ങളിലെല്ലാം എഴുതിയിരിക്കുകയാണ്. കേരള സർക്കാരിന്റെ കോവിഡ് പ്രതിരോധത്തിന് ഇത്രയേറെ അന്താരാഷ്ട്ര പ്രസിദ്ധി നേടിക്കൊടുത്ത ഈ സുബിൻ ഡെന്നിസ് ആരാണ്? എസ്.എഫ്.ഐ. ഡൽഹി ഘടകത്തിന്റെ സംസ്ഥാന വൈസ് പ്രസിഡന്റായിരുന്നു. ആ ലേഖനങ്ങളുടെ താഴെ അദ്ദേഹംതന്നെ അക്കാര്യം വ്യക്തമാക്കിയിട്ടുണ്ട്. The Washington Post-ൽ വന്ന ലേഖനം ഡോ. കെ. ടി. ജലീൽ എടുത്തുകാട്ടി. എന്നാൽ വസ്തുതകളുടെ പിഴവുകൊണ്ട് പിന്നീട് തിരുത്തേണ്ടിവന്ന ലേഖനമാണത്. കേരളത്തിൽ തുടർച്ചയായി 30 വർഷം ഇടതുപക്ഷം ഭരിച്ചുവെന്ന് അതിൽ പറഞ്ഞിരുന്നു. ആ ലേഖനത്തിന്റെ അവസാനം കൊച്ചിക്കാരിയും ഇടതുസഹയാത്രികയുമായ മാധ്യമപ്രവർത്തകയുടെ വിവരങ്ങളുടെ അടിസ്ഥാനത്തിലാണ് ആ ലേഖനമെന്ന് അതിൽത്തന്നെ പറയുന്നുണ്ട്. മാർച്ചിലും ഏപ്രിലിലും യഥാർത്ഥത്തിൽ കേരളത്തിലെ കോവിഡ് പ്രതിരോധം തുടങ്ങുന്നതിനുമുമ്പ് ഇവിടെ വിജയാഹ്ലാദം നടത്തി. നമ്മൾ വിജയിച്ചുവെന്നു പറഞ്ഞ് അന്താരാഷ്ട്ര പ്രചരണം നടത്തി.

<u>ശ്രീമതി കെ. കെ. ശൈലജ ടീച്ചർ</u>: സർ....

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, എനിക്ക് സമയമില്ല..., മന്ത്രി മറുപടി പറയുമ്പോൾ ടീച്ചർക്ക് പറയാം. ..... എന്റെ സമയം പോകുന്നു..

<u>മി. സ്പീക്കർ</u>: അങ്ങ് വഴങ്ങുന്നില്ലെങ്കിൽ പ്രസംഗം തുടർന്നാൽമതി.

<u>ശ്രീ. പി. സി. വിഷ്ണുനാഥ്</u>: സർ, അശാസ്ത്രീയതയും സുതാര്യതയില്ലായ്മയുമാണ് നമ്മുടെ പ്രതിരോധ പ്രവർത്തനങ്ങളുടെ മാതൃക. സാമൂഹ്യ അകലമാണ് പ്രതിരോധ മാർഗ്ഗമെന്നിരിക്കെ കടകളിൽ തിരക്ക് കൂട്ടുന്നവിധം പ്രവർത്തനസമയം കുറയ്ക്കുന്ന ലോക്ഡൗൺ മാനദണ്ഡങ്ങൾ ശാസ്ത്രീയമാണോ? മദ്യഷോപ്പുകളിൽ സമയം

വർദ്ധിപ്പിച്ച് തിരക്ക് കുറയ്ക്കാൻ ശ്രമിക്കുന്ന സർക്കാരിന് സമയക്കുറവ് തിരക്ക് വർദ്ധിപ്പിക്കുമെന്ന് അറിയാം. എന്നിട്ടും വ്യാപാര സ്ഥാപനങ്ങളിൽ എന്തുകൊണ്ടാണ് അങ്ങനെ ചെയ്യാതിരുന്നത്? കോട്ടയത്ത് ഇരട്ട സഹോദരങ്ങൾ ആത്മഹത്യ ചെയ്തു. അവരുടെ ഉമ്മയുടെ പടം ഇന്നത്തെ പത്രങ്ങളിലെല്ലാമുണ്ട്. ബേക്കറിക്കാരൻ ആത്മഹത്യ ചെയ്തു, ലൈറ്റ് ആൻഡ് സൗണ്ട് മേഖലയിൽ അഞ്ചുപേരും പലചരക്കുകട വ്യാപാരിയും റിസോർട്ട് ഉടമയും ആത്മഹത്യ ചെയ്തു. നാൽപ്പത് ദിവസത്തിനിടയിൽ ഇരുപതോളം ആത്മഹത്യകൾ നടന്നു. ആത്മഹത്യാ കുറിപ്പുകളെല്ലാം സമാനമാണ്, ലോക്ഡൗൺ, സാമ്പത്തിക പ്രതിസന്ധി, കടബാദ്ധ്യത തുടങ്ങിയവതന്നെയാണ് കാരണങ്ങൾ. ഇവിടെ സ്വർഗ്ഗമാണെന്നൊക്കെ പ്രസംഗിക്കുന്നവർ ഇതൊന്നും കാണുന്നില്ലേ? അവരുടെ പ്രസംഗം ഞാൻ നേരത്തേ സൂചിപ്പിച്ച ഉമ്മ കാണുകയും കേൾക്കുകയും ചെയ്യരുത്. ടെസ്റ്റ്... ടെസ്റ്റ്... എന്ന് ലോകാരോഗ്യ സംഘടന പറഞ്ഞു. ഞാൻ ഉത്തരവാദിത്തത്തോടെ പറയുകയാണ്, മിനിട്ട്സിന്റെ കോപ്പി എന്റെ കയ്യിലുണ്ട്. ഇവിടെ സാമൂഹ്യ വ്യാപനമുണ്ടെന്ന് കണക്കാക്കി ടെസ്റ്റ് നിരക്ക് കൂട്ടണമെന്ന് 2020 മേയ് 23-ാം തീയതി വിദഗ്ദ്ധ സമിതിയുടെ ചെയർമാൻ ഡോ. ബി. ഇക്ബാൽ പറഞ്ഞു. ഇപ്പോൾ എഴുന്നേറ്റ അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതെന്താണെന്നോ? ഇവിടെ നടക്കുന്നത് സ്ട്രാറ്റജി ടെസ്റ്റിംഗാണ്, 'മനോരമയോട് ' പറഞ്ഞത് ടെസ്റ്റ് കൂട്ടിയാൽ കിറ്റ് തീരുമെന്നാണ്. എന്നിട്ട് ടെസ്റ്റുകളുടെ എണ്ണം കുറച്ചു. എന്നാൽ ഇപ്പോൾ ടെസ്റ്റ് നിരക്ക് കൂട്ടി. ടെസ്റ്റ്/മില്ല്യൺ ഇപ്പോൾ കൂടുതലാണ്. 2020 ജൂലൈ മാസം 10-ാം തീയതിക്കുമുൻപ് ദിവസം പതിനായിരം എണ്ണം ടെസ്റ്റ് തികച്ചും കേരളത്തിൽ നടത്തിയിട്ടില്ലെന്ന് ഞാൻ ഉറപ്പിച്ചുപറയുന്നു. സാമൂഹ്യ വ്യാപനത്തിന്റെ എല്ലാ സൂചനകളും നമുക്ക് ലഭിച്ചു. Seroprevalence സർവ്വേയെക്കുറിച്ച് നിങ്ങൾ ഇപ്പോൾ പറയുന്നുണ്ടല്ലോ, നാലാമത്തെ seroprevalence survey-യാണ് നിങ്ങളെല്ലാം ഇപ്പോൾ ഉദ്ധരിക്കുന്നത്. അതിനുമുമ്പ് ഇത്തരത്തിൽ മൂന്ന് സർവ്വേകൾ വന്നപ്പോഴും നിങ്ങൾ പറയുന്നതിനേക്കാളുംകൂടുതൽ ആന്റിബോഡിയുടെ സാന്നിദ്ധ്യം കാണുകയും കോവിഡ് വ്യാപനം നടന്നിട്ടുണ്ടെന്ന് മനസ്സിലാക്കുകയും ചെയ്തിട്ടുപോലും പരിശോധനകളുടെ എണ്ണം വർദ്ധിപ്പിക്കേണ്ടസമയത്ത് വർദ്ധിപ്പിക്കാതിരുന്നതു കൊണ്ടാണ് നിശബ്ദ വ്യാപനം ഇവിടെയുണ്ടായത്. രണ്ടര ലക്ഷം ക്വാറന്റൈൻ ബെഡ് എല്ലാവർക്കുമായി ഒരുക്കിയിട്ടുണ്ടെന്ന് നിങ്ങൾ പറഞ്ഞു. പ്രവാസികൾ വന്നുതുടങ്ങിയപ്പോൾ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ നിങ്ങൾ നിർത്തി. അങ്ങനെ ഇൻസ്റ്റിറ്റ്യൂഷണൽ ക്വാറന്റൈൻ നിർത്താനുള്ള ഉപദേശം നൽകിയത് ഏത് വിദഗ്ദ്ധ സമിതിയാണ്? ഞാൻ ഒരു കാര്യം പറയട്ടെ, ഭരണഘടനയിൽ വിവേചനം എന്നു പറയുന്നത് ഭരണഘടനാ ലംഘനമാണ്. തൃശ്ശൂർ സാമാജികനായ

ശ്രീ. പി. ബാലചന്ദ്രന് അഞ്ച് മിനിറ്റാണ് ഡെപ്യൂട്ടി സ്പീക്കർ അധികം നൽകിയത്. എനിക്ക് അഞ്ച് മിനിറ്റ് അധികമാവശ്യമില്ല, മൂന്നോ, നാലോ മിനിറ്റ് അധികം തന്നാൽമതി, അഞ്ച് മിനിറ്റുതന്നെ അധികം തന്നാലും കുഴപ്പമില്ല. ടെസ്റ്റ് വർദ്ധിപ്പിക്കേണ്ട സമയത്ത് അങ്ങനെ ചെയ്യുന്നില്ല. നമ്മൾ കൊറിയയേക്കാൾ മുകളിലാണ്, നിങ്ങൾ ടി.പി.ആർ. മാത്രം നോക്കിയാൽ മതിയെന്നാണ്. ടെസ്റ്റ് കുറവാണെന്ന് പറഞ്ഞാൽ ടി.പി.ആർ. കൂടുതലാണെന്ന് പറയും, ടി. പി.ആർ. കൂടുതലാണെന്ന് പറയുമ്പോൾ ടെസ്റ്റ് കൂടുതലാണെന്ന് പറയും. ഇങ്ങനെ ഓരോ സമയത്തും നിങ്ങൾ ഗോൾ പോസ്റ്റ് മാറ്റിക്കൊണ്ടിരിക്കുകയാണ് ഇപ്പോൾ seroprevalence-നെക്കുറിച്ചാണ് പറയുന്നത്. നമുക്ക് അതിനെക്കുറിച്ചുതന്നെ പരിശോധിക്കാം, തമിഴ്നാടിന്റെ ജനസംഖ്യ 7.2 കോടിയാണ്. അവിടെ മൊത്തം കോവിഡ് കേസ്സുകൾ 25 ലക്ഷമാണ്, അത് ജനസംഖ്യയുടെ മൂന്ന് ശതമാനം വരും. കേരളത്തിലെ ജനസംഖ്യ 3.5 കോടിയാണ്. ഇവിടെ പത്ത് ശതമാനം ആളുകൾക്ക് കോവിഡ് വന്നു. തമിഴ്നാട്ടിലെ ജനസംഖ്യയുടെ മൂന്ന് ശതമാനം ആളുകൾക്കുമാത്രമാണ് കോവിഡ് വന്നത്. എന്നാൽ നമ്മുടെ ജനസംഖ്യയുടെ പത്ത് ശതമാനത്തിനും കോവിഡ് വന്നുകഴിഞ്ഞു. ഇതേ ന്യായം പറഞ്ഞുകൊണ്ട് ഞങ്ങൾ കോവിഡിനെ ഫലപ്രദമായി പ്രതിരോധിക്കുന്നുവെന്ന് തമിഴ്നാടിനും പറഞ്ഞുകൂടേ? seroprevalence-ൽ അൻപത്തിയെട്ട് ശതമാനം ആന്റിബോഡി കണ്ടെത്തിയ മഹാരാഷ്ട്രയുടെ ജനസംഖ്യ 12 കോടിയാണ്. ഒരുസമയത്ത് കേസ് കുറവാണെന്ന് പറയും, മറ്റൊരുസമയത്ത് ടി. പി.ആർ. കുറവാണെന്നും പിന്നീടൊരു സമയത്ത് മരണ നിരക്ക് കുറവാണെന്നും വീണ്ടും മറ്റൊരു സമയത്ത് ആന്റിബോഡി കുറവാണെന്നും പറയും. കോവിഡ് പോലെ ഇതുമൊരു രോഗമാണ്. ഇങ്ങനെയുള്ള ഒരു മഹാമാരിയുടെ കാലത്തുപോലും ഒന്നാം റാങ്ക്, രണ്ടാം റാങ്ക്, അവാർഡ് എന്നൊക്കെപ്പറയുന്നത് ഒരു രോഗമാണ്. എങ്ങനെ ഇങ്ങനെയൊക്കെ പറയാൻ കഴിയുന്നു? മരണ നിരക്ക് കുറച്ചില്ലേ, ഞങ്ങൾ ഒന്നാം സ്ഥാനത്തല്ലേ എന്നൊക്കെ പറയുന്നത് രോഗമാണ്. ആളുകൾ മരിക്കുന്നു, ആത്മഹത്യ ചെയ്യുന്നു, വളരെയധികം പ്രയാസമനുഭവിക്കുന്നു. അങ്ങനെയുള്ള കാല ഘട്ടത്തിൽപ്പോലും ഇത്തരത്തിൽ ഒന്ന്, രണ്ട് എന്നൊക്കെപ്പറയുന്ന ദുരഭിമാനത്തിന്റെ സ്വഭാവത്തിൽനിന്നും ഗവൺമെന്റ് മാറണം. ഒറ്റ നിർദ്ദേശം കൂടി പറയാനുണ്ട്, തമിഴ്നാട് സർക്കാർ കാർഡൊന്നിന് നാലായിരം രൂപ കൊടുത്തു. അതുപോകട്ടെ, അതിനുശേഷം സ്വകാര്യ ആശുപത്രികളിലെ വാക്സിനേഷനും അവർ സൗജന്യമാക്കി. ഞാൻ രാവിലെ പറഞ്ഞകാര്യം വീണ്ടും ആവർത്തിക്കുകയാണ്, ആയിരം കോടി രൂപ സർക്കാർ ബഡ്ജറ്റിൽ മാറ്റിവച്ചിട്ടില്ലേ. നമ്മൾ നേരിടാൻ പോകുന്ന അപകടം രണ്ടാം തരംഗം തീരുംമുമ്പേ മൂന്നാംതരംഗം കേരളത്തിൽ വരാൻ പോകുകയാണെ ന്നതാണ്. ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങൾ ഈ പ്രശ്നത്തെ നേരിടുന്നില്ല. കേന്ദ്ര സർക്കാരിന്റെ വാക്സിൻ പോളിസി തെറ്റാണ്. പ്രധാനമന്ത്രി നരേന്ദ്രമോദി കോവിഡിനെ

കൈകാര്യം ചെയ്തത് പരാജയമാണ്. പക്ഷേ നമുക്ക് നമ്മുടെ ജനങ്ങളെ സംരക്ഷിക്കാനുള്ള, കോവിഡിൽനിന്നും രക്ഷിക്കാനുള്ള ഉത്തരവാദിത്തമുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള യാതൊരു നിർദ്ദേശങ്ങളും ഉൾക്കൊള്ളിക്കാത്ത ഈ ധനാഭ്യർത്ഥനകളെ ഞാൻ എതിർക്കുകയാണ്.

മി. സ്പീക്കർ: ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രിക്ക് ജന്മദിനത്തിൽ ആദ്യത്തെ ധനാഭ്യർത്ഥനയ്ക്ക് മറുപടി പറയാനുള്ള അവസരമാണ് ഉണ്ടായിട്ടുള്ളത്, അഭിനന്ദനങ്ങൾ.

ആരോഗ്യ-വനിത-ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി വീണാ ജോർജ്ജ്): നന്ദി സർ. വർത്തമാനകാല ആരോഗ്യ വെല്ലുവിളികളെയും യാഥാർത്ഥ്യങ്ങളെയും ഏറ്റവും ഫലപ്രദമായി നേരിടുന്നതിനുവേണ്ടിയുള്ള ധനാഭ്യർത്ഥനകളാണ് ഇന്ന് സഭയ്ക്കുമുമ്പിൽ അവതരിപ്പിക്കപ്പെട്ടിരിക്കുന്നത്. ആരോഗ്യവും വിദ്യാഭ്യാസവുമുൾപ്പെടെയുള്ള മാനദണ്ഡങ്ങൾ കണക്കിലെടുക്കുമ്പോൾ നീതി ആയോഗിന്റെ സുസ്ഥിര വികസന സൂചികകളിലുൾപ്പെടെ കേരളം ഒന്നാം സ്ഥാനത്താണ്. പതിറ്റാണ്ടുകളുടെ പരിശ്രമത്തിലൂടെയാണ് ആരോഗ്യരംഗത്തെ അഭിമാനകരമായ നേട്ടങ്ങൾ നമ്മൾ ആർജ്ജിച്ചെടുത്തത്. ലോകശ്രദ്ധയിലേയ്ക്ക് കേരളത്തിന്റെ ആരോഗ്യ മേഖലയെ എത്തിച്ചത് പൊതുജനാരോഗ്യ രംഗത്ത് നാം കൈവരിച്ച പുരോഗതിയാണ്. നവകേരളം കർമ്മപദ്ധതിയുടെ ഭാഗമായി കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ആവിഷ്കരിച്ച് നടപ്പിലാക്കിയ നാല് മിഷനുകളിലൊന്നായ ആർദ്രം മിഷൻ കേരളത്തിന്റെ ആരോഗ്യമേഖലയിൽ സൃഷ്ടിച്ചത് വിപ്ലവകരമായ മാറ്റമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെയും അന്നത്തെ ആരോഗ്യ വകുപ്പുമന്ത്രി ബഹുമാന്യയായ കെ. കെ. ശൈലജ ടീച്ചറുടെയും നേതൃത്വത്തിൽ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിയും ജില്ലാ/ജനറൽ/ താലൂക്ക് ആശുപത്രികളെയും മെഡിക്കൽ കോളേജുകളെയും രോഗീസൗഹൃദമാക്കിയും സെക്കൻഡറി സെക്ടറിൽപ്പെടുന്ന ആശുപത്രികളെ സ്പെഷ്യാലിറ്റി ആശുപത്രികളാക്കിമാറ്റിയും അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചുകൊണ്ട് നാം മുന്നോട്ടുപോയപ്പോൾ വാസ്തവത്തിൽ കേരളത്തിന്റെ ആരോഗ്യമേഖല വളരെ ദൃഢമാകുകയാണ് ചെയ്തത്. സംസ്ഥാനത്ത് 124 ആരോഗ്യ സ്ഥാപനങ്ങൾ NQAS (National Quality Assurance Standards) അക്രെഡിറ്റേഷനുള്ളവയാണ്. കോവിഡ് കാലത്തും ആശുപത്രി വികസനത്തിന് സർക്കാർ വളരെയേറെ പ്രാധാന്യം നൽകിക്കൊണ്ടാണ് മുമ്പോട്ടുപോകുന്നത്. 3 ജില്ലാ ആശുപത്രികൾ, 4 താലൂക്ക് ആശുപത്രികൾ, 7 സാമൂഹ്യ ആരോഗ്യ കേന്ദ്രങ്ങൾ, 32 അർബൻ പ്രൈമറി ഹെൽത്ത് സെന്ററുകൾ, 78 കുടുംബാരോഗ്യ കേന്ദ്രങ്ങൾ എന്നിങ്ങനെയാണ് NQAS അംഗീകാരം നേടിയ ആശുപത്രികൾ. രാജ്യത്തെ മികച്ച പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുടെ വിഭാഗത്തിൽ ആദ്യത്തെ പന്ത്രണ്ട് സ്ഥാനവും കേരളം നിലനിർത്തുകയാണ്. തിരുവനന്തപുരം

ഒറ്റശേഖരമംഗലം പൂഴനാട് കുടുംബാരോഗ്യ കേന്ദ്രവും കാസർഗോഡ് കയ്യൂർ രക്തസാക്ഷി സ്മാരക കുടുംബാരോഗ്യ കേന്ദ്രവും 99 ശതമാനം സ്കോർ കരസ്ഥമാക്കി ഇന്ത്യയിൽ ഒന്നാം സ്ഥാനത്താണ്. ജില്ലാതല ആശുപത്രികളുടെ കൂട്ടത്തിൽ സ്ത്രീകളുടെയും കുട്ടികളുടെയും ആശുപത്രി, കോഴിക്കോട് 96 ശതമാനം സ്കോറോടെ ദേശീയ തലത്തിൽ ഒന്നാം സ്ഥാനം പങ്കിട്ടു. ചാലക്കുടി താലൂക്ക് ആശുപത്രി 98.07 സ്കോർ കരസ്ഥമാക്കി ഇന്ത്യയിലെ ഏറ്റവും മികച്ച സബ്ജില്ലാ ആശുപത്രിയായി മാറി. അർബൻ പ്രൈമറി ഹെൽത്ത് സെന്റർ വിഭാഗത്തിൽ ഏറ്റവും കൂടുതൽ NQAS അംഗീകാരം നേടുന്ന സംസ്ഥാനവും കേരളമാണ് (30 എണ്ണം).

മൂന്ന് ഘട്ടങ്ങളിലായാണ് ആർദ്രം മിഷനിൽ ആരോഗ്യകേന്ദ്രങ്ങളുടെ വികസന പരിവർത്തനം ആവിഷ്കരിക്കപ്പെട്ടത്. 886 പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കാൻ തെരഞ്ഞെടുത്തതിൽ 496 എണ്ണം ഇതിനകം പൂർത്തിയാക്കി പ്രവർത്തനം ആരംഭിച്ചു. ബാക്കിയുള്ളവയുടെ നിർമ്മാണം നടന്നുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ആഴ്ച ബഹുമാന്യനായ മുഖ്യമന്ത്രി ആറ് കുടുംബാരോഗ്യ കേന്ദ്രങ്ങളുടെകൂടി ഉദ്ഘാടനം നിർവ്വഹിച്ചു. ബ്ലോക്കുതല കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കിമാറ്റുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചു കഴിഞ്ഞു. ആദ്യഘട്ടത്തിൽ 76 എണ്ണം ഈ സാമ്പത്തിക വർഷത്തിൽ പൂർത്തീകരിക്കും. രണ്ടാംഘട്ടത്തിൽ എല്ലാ ബ്ലോക്കുതല സി.എച്ച്.സി.-കളെയും (ബ്ലോക്കുതലത്തിൽ ഒരു സി.എച്ച്.സി.-യെ) കുടുംബാരോഗ്യ കേന്ദ്രമാക്കി ഉയർത്തുന്നതിനുള്ള നടപടിയും സ്വീകരിച്ചിട്ടുണ്ട്. താലൂക്കാശുപത്രികൾ മുതൽ മെഡിക്കൽ കോളേജുകൾവരെയുള്ള 82 ആരോഗ്യ സ്ഥാപനങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിന് 7019.18 കോടിരൂപയുടെ ഭരണാനുമതി കിഫ്ബിയിലൂടെ കഴിഞ്ഞ സർക്കാർ നൽകിയിട്ടുണ്ട്. ഇതിൽ 44 ഡയാലിസിസ് സെന്ററുകളും 10 കാത്ത്ലാബുകളും ഉൾപ്പെടുന്നു. തിരുവനന്തപുരം, കോന്നി, കോട്ടയം, എറണാകുളം, തൃശ്ശൂർ, കോഴിക്കോട്, പരിയാരം, വയനാട്, കാസർഗോഡ് എന്നീ മെഡിക്കൽ കോളേജുകളോടൊപ്പം ആരോഗ്യ വകുപ്പിനുകീഴിലുള്ള വിവിധ ആശുപത്രികൾ, ജനറൽ ആശുപത്രികൾ, താലൂക്കാശുപത്രികൾ, റീജിയണൽ കാൻസർ സെന്ററുകൾ (ആർ.സി.സി.), എം.സി.സി.- എന്നിവയുടെ വികസനം കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയിട്ടുണ്ട്. ഭരണാനുമതി നൽകിയ 82 പദ്ധതികളിൽ 56 എണ്ണത്തിനാണ് 4042.92 കോടി രൂപയുടെ സാമ്പത്തികാനുമതി ലഭ്യമായത്. ഇതിൽ പൂർത്തീകരിക്കപ്പെട്ടവയുമുണ്ട്. പുനലൂരിലെ താലൂക്കാശുപത്രി, എറണാകുളം ജനറൽ ആശുപത്രി എന്നിവ പൂർത്തീകരിക്കപ്പെട്ടവയാണ്. സമയബന്ധിതമായി കിഫ്ബിയുടെ പ്രവർത്തനങ്ങൾ നടത്തുന്നതിനും അവലോകനം ചെയ്യുന്നതിനും എസ്.പി.വി.-കളെ ഏകോപിപ്പിക്കുന്നതിനും ജോയിന്റ്

സെക്രട്ടറിതലത്തിലുള്ള ഒരു ഉദ്യോഗസ്ഥനെ പ്രത്യേകമായി ചുമതലപ്പെടുത്തിക്കൊണ്ടാണ് ഇപ്പോൾ പ്രവർത്തനങ്ങൾ മുന്നോട്ടുപോകുന്നത്. ദ്വിതീയ ആശുപത്രികളിൽ കിഫ്ബിയിൽനിന്ന് അനുമതി ലഭിച്ച ഇരുപതിടങ്ങളിൽ നിർമ്മാണം പുരോഗമിക്കുകയാണ്. ഡയാലിസിസ് സെന്ററുകളിൽ 43 എണ്ണം പൂർത്തിയായി. ആലത്തൂർ, നീലേശ്വരം, വടക്കാഞ്ചേരി എന്നീ മൂന്ന് ആശുപത്രികളിലെ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ഉടൻതന്നെ ആരംഭിക്കുന്നതാണ്. ജനറൽ ആശുപത്രികളായ കാഞ്ഞിരപ്പള്ളി, തൃശ്ശൂർ, കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി എന്നിവിടങ്ങളിലെ കാത്ത് ലാബും ഉടൻ പ്രവർത്തനം ആരംഭിക്കും. കാഞ്ഞിരപ്പള്ളിയിൽ അടുത്തമാസം പ്രവർത്തനം ആരംഭിക്കും. കണ്ണൂർ ജില്ലാ ആശുപത്രിയിലെ കാത്ത് ലാബ് നിർമ്മാണം അടുത്ത മാസവും ആലപ്പുഴ ജനറൽ ആശുപത്രിയിലേത് ഡിസംബറിലും പൂർത്തിയാകും. ജില്ലാ-താലൂക്ക് ആശുപത്രികളെ സൂപ്പർ സ്പെഷ്യാലിറ്റി, സ്പെഷ്യാലിറ്റി സൗകര്യങ്ങളോടെ നിശ്ചിത മാനദണ്ഡങ്ങളനുസരിച്ച് വികസിപ്പിക്കാനാണ് ശ്രമിക്കുന്നത്. രോഗീ സൗഹൃദമാക്കുന്നതിനുള്ള ഒ.പി. ട്രാൻസ്ഫർമേഷൻ ജില്ലാ-താലൂക്ക് തലങ്ങളിൽ 10 എണ്ണം പൂർത്തിയായി, ബാക്കിയുള്ള പതിനാലിടത്ത് നിർമ്മാണം പുരോഗമിക്കുന്നു. ഈ ഘട്ടത്തിൽ ആർദ്രം മിഷനിൽ കൂടുതൽ ജനപങ്കാളിത്തം ഉറപ്പാക്കുന്നതിനുള്ള ദൗത്യവും പരിപാടികളും കൂടുതൽ ഊർജ്ജസ്വലമായി ഏറ്റെടുക്കുകയാണ്. ആരോഗ്യ സൂചികയിൽ നാം മുന്നിൽ നിൽക്കുമ്പോഴും ഇവിടെ പല അംഗങ്ങളും സൂചിപ്പിച്ചതുപോലെ, കേരളം നേരിടുന്ന ഏറ്റവും പ്രധാനപ്പെട്ട വെല്ലുവിളി നമ്മുടെ ജീവിതശൈലീ രോഗങ്ങളാണ്. കേരളത്തിലുണ്ടാകുന്ന 60 ശതമാനം മരണങ്ങളും ജീവിത ശൈലീരോഗത്തെത്തുടർന്നുള്ള അനുബന്ധ രോഗങ്ങൾമൂലമാണ്. ഇതിന് മാറ്റമുണ്ടാക്കാനുള്ള ശ്രമങ്ങളാണ് കഴിഞ്ഞ സർക്കാർ നടത്തിയത്. അതിന്റെ തുടർച്ചയായിട്ടുള്ള പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് മുന്നോട്ടുപോകണം. രോഗങ്ങൾക്ക് ചികിത്സ നൽകുന്നതിനോടൊപ്പം പ്രധാനമാണ് രോഗാതുരത കുറയ്ക്കുകയെന്നുള്ളത്. ഒരു കുടുംബാരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ടുള്ള പ്രദേശത്തെ മുഴുവൻ ജനങ്ങളെയും ആരോഗ്യ നിരീക്ഷണത്തിലൂടെയും ആരോഗ്യ ബോധവൽക്കരണത്തിലൂടെയും കൃത്യമായ പരിശോധനകൾ ഉൾപ്പെടെയുള്ള ആരോഗ്യ ഇടപെടലുകൾ നടത്തി വ്യായാമത്തിലൂടെയും കായികപ്രവർത്തനത്തിലൂടെയും രോഗം വരാനുള്ള സാധ്യതകളെ കണ്ടെത്തുകയും ഒഴിവാക്കുകയും ചെയ്യുകയെന്നുള്ളതാണ് പ്രധാനം. ഈ പ്രവർത്തനങ്ങൾ കുടുംബാരോഗ്യ കേന്ദ്രങ്ങൾവഴി ഊർജ്ജിതപ്പെടുത്തും. ഇ-ഹെൽത്ത് സംവിധാനംവഴി ഈ പ്രവർത്തനങ്ങളുടെ കൃത്യമായ മോണിറ്ററിംഗ് ഉറപ്പാക്കും. ഇ-ഹെൽത്ത് പ്രോജക്ടിന്റെ ഭാഗമായി ഓരോരുത്തർക്കും യു.എച്ച്.ഐ.ഡി. നമ്പർ നൽകും. ഇതിന്റെ പ്രവർത്തനങ്ങൾ സംസ്ഥാനത്ത് പൂർത്തിയാക്കും. ജീവിത ശൈലീ രോഗങ്ങളുടെ മരണനിരക്കും രോഗാതുരതയും കുറച്ചുകൊണ്ടുവരുന്നതിനുള്ള

ആസൂത്രിതമായ ജനകീയ ഇടപെടലിൽ പ്രത്യേക ഊന്നൽ കൊടുത്തുകൊണ്ടാകും മുന്നോട്ടുപോകുക. പ്രമേഹരോഗ ഗവേഷണത്തിനും പഠനത്തിനും തിരുവനന്തപുരത്ത് പ്രവർത്തിക്കുന്ന ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡയബെറ്റിസ് പോലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കും. ജീവിതശൈലീരോഗ നിയന്ത്രണത്തിനും ചികിത്സയ്ക്കുമായി 'അമൃതം ആരോഗ്യം പദ്ധതി' 14 ജില്ലകളിലും ഇതിനോടകം നടപ്പിലാക്കിയിട്ടുണ്ട്. ജീവിതശൈലീ രോഗപ്രതിരോധം ഊർജ്ജിതമാക്കുന്നതോടൊപ്പം കാൻസർ ചികിത്സയിലും ആന്തരികാവയവ രോഗചികിത്സയിലും കഴിഞ്ഞ സർക്കാരിന്റെ കാലത്തെ പ്രവർത്തനങ്ങൾക്ക് തുടർച്ചയായി പ്രത്യേക പ്രാധാന്യം നൽകി മുന്നോട്ടുപോകാനാണ് ശ്രമിക്കുന്നത്.

റീജിയണൽ കാൻസർ സെന്ററുകളുടെ പ്രവൃത്തി ഭാരം കുറയ്ക്കുന്നതിനും രോഗികൾക്ക് വേഗം ചികിത്സ ഉറപ്പാക്കുന്നതിനും മെഡിക്കൽ കോളേജുകളിലും ജില്ലാതലങ്ങളിലും കാൻസർ ചികിത്സ ഉറപ്പാക്കുന്ന പ്രവർത്തനങ്ങൾ തുടരും. പ്രാരംഭഘട്ടത്തിൽത്തന്നെ കാൻസർ രോഗം കണ്ടെത്തുന്നതിനുള്ള ഡിറ്റക്ഷൻ സംവിധാനങ്ങളും ക്യാമ്പുകളും ഏർലി ഇന്റർവെൻഷനുകളും ശക്തമാക്കും. സ്തനാർബുദം, തൈറോയിഡ് കാൻസർ എന്നിവ കേരളത്തിൽ വർദ്ധിച്ചുവരുന്ന സാഹചര്യത്തിൽ ഇതുസംബന്ധിച്ച കൃത്യമായ ഗവേഷണം നടത്തും. മലബാർ കാൻസർ സെന്ററിൽ ബോൺ കാൻസറിനായി വിലകുറഞ്ഞ prosthesis വികസിപ്പിച്ചെടുക്കുന്നതിനുള്ള പ്രവർത്തനങ്ങൾ തുടരുകയാണ്. കേരളത്തിലെ സർക്കാർ/സ്വകാര്യ ആശുപത്രികളിൽ ചികിത്സ തേടുന്ന കാൻസർ രോഗികളിലെ രോഗസ്വഭാവത്തെയും രോഗത്തെയും സംബന്ധിച്ച വിവരങ്ങളിൽ ഗവേഷണവും പഠനവും നടത്തുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയാണ്. ഇതുസംബന്ധിച്ചൊരു ഡാറ്റയും ഡാറ്റബേസും ആവശ്യമാണ്. കോവിഡ് വാക്സിനും ക്ലിനിക്കൽ ട്രയലുമായി ബന്ധപ്പെട്ട് ഡിപ്പാർട്ടുമെന്റ് ഓഫ് ബയോടെക്നോളജി, ഗവൺമെന്റ് ഓഫ് ഇന്ത്യ തെരഞ്ഞെടുത്ത 15 സ്ഥാപനങ്ങളിൽ ഒന്നാണ് മലബാർ കാൻസർ സെന്റർ. കാൻസർ സെന്ററുകളിലെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ വേഗത്തിലാക്കേണ്ടതും അനിവാര്യമാണ്. ആർ.സി.സി.-യിൽ 14 നിലകളിൽ 26038 ചതുരശ്രമീറ്റർ വിസ്തൃതിയിലുള്ള കെട്ടിടം, കൊച്ചിൻ കാൻസർ സെന്ററിലേയും എം.സി.സി.-യിലെയും കിഫ്ബി പ്രവൃത്തികൾ എന്നിവ സമയബന്ധിതമായി പൂർത്തിയാക്കും. അവയവമാറ്റ ശസ്ത്രക്രിയകൾ ഒരു കുടുംബത്തിന്റെ അല്ലെങ്കിൽ വ്യക്തിയുടെ സാമ്പത്തികാവസ്ഥയെ തീർത്തും പ്രതികൂലമായി ബാധിക്കുന്ന സാഹചര്യമാണുള്ളത്. കേരളത്തിൽ സർക്കാർ മേഖലയിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ ഇപ്പോൾ നടക്കുന്നില്ല. രണ്ട് ഗവൺമെന്റ് മെഡിക്കൽ കോളേജുകൾ ലിവർ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയയ്ക്കായിട്ടുള്ള തയ്യാറെടുപ്പുകൾ ആരംഭിച്ചിട്ടുണ്ട്. കേരളത്തിൽ തിരുവനന്തപുരത്തും കോട്ടയത്തും മാസങ്ങൾക്കുള്ളിൽ ലിവർ ട്രാൻസ്പ്ലാന്റേഷൻ ശസ്ത്രക്രിയ സർക്കാർതലത്തിൽ ആരംഭിക്കാൻ കഴിയു

മെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ സർക്കാർ ചുമതലയേറ്റശേഷം അവയവദാന പ്രക്രിയയിൽ കാലതാമസം ഒഴിവാക്കുന്നതിനുള്ള നടപടികളുടെ ഭാഗമായി അവയവദാനത്തിന് അംഗീകാരം നൽകുന്ന ജില്ലാ ആതറൈസേഷൻ കമ്മിറ്റിയിൽ മാറ്റം വരുത്തി കോവിഡ് സാഹചര്യത്തിൽ അതാത് മെഡിക്കൽ കോളേജുകളിലെ അഡ്മിനിസ്ട്രേറ്റീവ് ഓഫീസർമാരെ ആരോഗ്യവകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ നോമിനിയായി നിയമിച്ചാണ് ഉത്തരവിറക്കിയത്. ഇതോടെ ജില്ലാതല ആതറൈസേഷൻ കമ്മിറ്റി വേഗത്തിൽ യോഗംകൂടി തീരുമാനമെടുക്കാൻ കഴിയും.

മെഡിക്കൽ കോളേജുകളെ സെന്റർ ഓഫ് എക്സലൻസ് ആക്കുന്നതിനുള്ള ഊർജ്ജിതമായ ശ്രമങ്ങൾ ആസൂത്രണം ചെയ്ത് മുന്നോട്ടുപോകുകയാണ്. ഇതുമായി ബന്ധപ്പെട്ട് മെഡിക്കൽ വിദ്യാഭ്യാസത്തിന് പ്രത്യേക പ്രാധാന്യം കൊടുത്ത് പുതിയ കോഴ്സുകളും ഗവേഷണ സാധ്യതകളും വർദ്ധിപ്പിക്കും. സംസ്ഥാനത്തെ രണ്ട് മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് തിരുവനന്തപുരത്തും കോഴിക്കോട്ടും ഐസൊലേഷൻ ബ്ലോക്കുകൾ നിർമ്മിക്കുന്നതിനുള്ള ശ്രമങ്ങൾ ആരംഭിച്ചുകഴിഞ്ഞു. ടെർഷ്യറി കാൻസർ ചികിത്സയ്ക്കും എമർജൻസി മെഡിസിൻ വിഭാഗം ശാക്തീകരിക്കുന്നതിനും ശ്രമം നടത്തും. എമർജൻസി മെഡിസിൻ പോസ്റ്റ് ഗ്രാജ്വേഷൻ കോഴ്സുകൾ രണ്ട് മെഡിക്കൽ കോളേജുകളിൽ ആരംഭിക്കും. ആദ്യമായി കഴിഞ്ഞ ദിവസം മഞ്ചേരി മെഡിക്കൽ കോളേജിൽ പോസ്റ്റ് ഗ്രാജ്വേഷൻ അനുവദിക്കപ്പെട്ടിട്ടുണ്ട്. ഇ.എൻ.ടി.-യിലാണ് അനുവദിക്കപ്പെട്ടിട്ടുള്ളത്. യു.ജി., പി.ജി. എന്നിവയിലും മെഡിക്കൽ കൗൺസിലിന്റെ അംഗീകാരവും ലഭിച്ചിട്ടുണ്ട്. കോന്നി, ഇടുക്കി മെഡിക്കൽ കോളേജുകളിൽ 2022-23 അക്കാദമിക് വർഷത്തിൽ ക്ലാസ്സുകൾ ആരംഭിക്കുന്നതിനുവേണ്ടിയുള്ള തീവ്രശ്രമമാണ് തുടരുന്നത്. ന്യൂക്ലിയർ മെഡിസിൻ വിഭാഗ ചികിത്സയിൽ PET (Positron Emission Tomography) സ്കാനർ ഉൾപ്പെടെയുള്ളവ സ്ഥാപിച്ച് സൗകര്യങ്ങൾ വർദ്ധിപ്പിക്കാൻ അനുമതി നൽകിയിട്ടുണ്ട്. തിരുവനന്തപുരത്തും കോഴിക്കോട്ടുമാണ് ആദ്യമായി ഇവ സ്ഥാപിക്കുന്നത്. അതുപോലെ പാരിപ്പള്ളി, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ നഴ്സിംഗ് കോളേജുകൾ ആരംഭിക്കുന്നതിനാവശ്യമായ സ്ഥലം ഐഡന്റിഫൈ ചെയ്ത് റിപ്പോർട്ടുകൾ തയ്യാറാക്കുന്നത് പൂർത്തിയാക്കിയിട്ടുണ്ട്.

രോഗപ്രതിരോധ പ്രവർത്തനത്തിലും ആരോഗ്യ സംരക്ഷണത്തിലും ആയുഷ് സമ്പ്രദായങ്ങളുടെ സേവനം പരമാവധി പ്രയോജനപ്പെടുത്തി രോഗാതുരത കുറയ്ക്കാൻ ശ്രമിക്കേണ്ടതായിട്ടുണ്ട്. ആയുഷിനെ സംബന്ധിച്ച കൂടുതൽ കാര്യങ്ങൾ ചർച്ചയിൽ വന്നിട്ടില്ലെങ്കിൽപ്പോലും ബഹുമാന്യരായ അംഗങ്ങൾ വളരെ സ്വാഗതാർഹമായ കാര്യങ്ങൾ ഇവിടെ പറഞ്ഞിട്ടുണ്ട്. ആയുഷ് ആരോഗ്യ ശാസ്ത്രങ്ങളായ ആയുർവ്വേദം, യോഗ & നാച്ചുറോപ്പതി, യുനാനി, സിദ്ധ, ഹോമിയോപ്പതി എന്നിവയെ മുഖ്യധാരയിൽ എത്തിക്കാൻവേണ്ടിയുള്ള പ്രവർത്തനങ്ങൾ കാര്യക്ഷമമാക്കും. 2023-24 ആകുമ്പോഴേയ്ക്കും

600 ആയുഷ് ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ സംസ്ഥാനത്ത് വികസിപ്പിച്ചെടുക്കാനാണ് ലക്ഷ്യമിടുന്നത്. യോഗ ട്രെയിനറുടെയും ആശാ പ്രവർത്തകരുടെയും സേവനവും വിവിധതരം ആരോഗ്യപരിശോധനകളും ലാബ് സൗകര്യങ്ങളും ഈ കേന്ദ്രങ്ങളിൽ അധികമായുണ്ടാകും. ആയുഷ് ഡിസ്പെൻസറികളെ ഹെൽത്ത് ആൻഡ് വെൽനസ് സെന്ററുകൾ ആക്കുന്നതോടെ ആരോഗ്യ സംരക്ഷണത്തിലും പ്രതിരോധത്തിലും ചികിത്സയിലും ആയുഷ് ശാസ്ത്രശാഖകൾ കൂടുതൽ ഫലപ്രദമാക്കാനും ജനകീയമാക്കാനും കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി 'ആരാമം ആരോഗ്യം' പദ്ധതിക്ക് വകുപ്പ് തുടക്കമിട്ടുകഴിഞ്ഞു. മറ്റത്തൂർ ലേബർ സൊസൈറ്റിപോലെയുള്ള കൃഷിക്കാരുടെ കൂട്ടായ്മകളിൽനിന്നും ട്രൈബൽ സൊസൈറ്റികളിൽനിന്നും കുടുംബശ്രീ യൂണിറ്റുകളിൽനിന്നും ന്യായവില ഉറപ്പുവരുത്തി ഔഷധിയുൾപ്പെടെയുള്ള സ്ഥാപനങ്ങൾ ഔഷധസസ്യങ്ങൾ വാങ്ങുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നുണ്ട്. അടുത്ത വർഷമാകുന്നതോടെ 700 ഹെക്ടർ സ്ഥലത്തുകൂടി ഔഷധസസ്യ കൃഷി ആരംഭിക്കാൻ കഴിയും. Zero Carbon Emission പദ്ധതിയുടെയും സാമൂഹ്യ വനവത്കരണത്തിന്റെയും ഭാഗമായി ഇടുക്കി, വയനാട്, പത്തനംതിട്ട മലയോര മേഖലകളിൽ ഔഷധസസ്യ വൃക്ഷത്തൈകൾ വച്ചുപിടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ആയുർവ്വേദ മരുന്നുകളുടെ ഗുണമേന്മാ സൂചകമായി ക്വാളിറ്റി കൗൺസിൽ ഓഫ് ഇന്ത്യ നൽകുന്ന ആയുഷ് പ്രീമിയം സർട്ടിഫിക്കേഷൻ ഔഷധി ഉല്പാദിപ്പിക്കുന്ന 33 ഇനം മരുന്നുകൾക്കും 173 ഇനങ്ങൾക്ക് ആയുഷ് സ്റ്റാൻഡേർഡ് മാർക്ക് സർട്ടിഫിക്കേഷനും ലഭ്യമാക്കിക്കഴിഞ്ഞു. ഔഷധ നിർമ്മാണ മേഖലയെ കൂടുതൽ പ്രോത്സാഹിപ്പിക്കേണ്ടതുണ്ട്. സംസ്ഥാന സർക്കാരിന്റെ ഡ്രീം പ്രോജക്ടാണ് കണ്ണൂരിലെ അന്താരാഷ്ട്ര ആയുർവ്വേദ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്. സാങ്കേതിക തടസ്സങ്ങൾ പരിഹരിച്ച് പദ്ധതി റീ-ടെണ്ടർ ചെയ്തിട്ടുണ്ട്. ആഗസ്റ്റ് 19-ാം തീയതി ടെണ്ടർ ഓപ്പൺ ചെയ്യും. നടപടിക്രമങ്ങൾ പൂർത്തിയാക്കി സെപ്റ്റംബർ അവസാനത്തോടെ പ്രവർത്തനം തുടങ്ങാൻ കഴിയും. ഇടുക്കിയിലെ പുതിയ സർക്കാർ ആയുർവ്വേദ ആശുപത്രിയുടെ നിർമ്മാണം സമയബന്ധിതമായി ആരംഭിക്കും. ആയുർവ്വേദത്തിലെന്നപോലെ ഹോമിയോപ്പതിയിലും ഗവേഷണവും വികസനവും പ്രോത്സാഹിപ്പിക്കും. ഹോംകോയുടെ നിലവിലെ ഉല്പാദനക്ഷമതയേക്കാൾ വളരെയധികമാണ് ലഭിക്കുന്ന ഓർഡറുകൾ. ഹോമിയോ മരുന്നുല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കുന്നു. കോവിഡ് പ്രതിരോധത്തിലും ആയുഷ് വകുപ്പ് ശക്തമായ പ്രതിരോധ പ്രവർത്തനങ്ങളാണ് നടപ്പിലാക്കിവരുന്നത്.

ഇവിടെ സംസാരിച്ച ബഹുമാന്യരായ അംഗങ്ങൾ ബഹുഭൂരിപക്ഷവും ഈ കാലഘട്ടത്തിൽ കോവിഡ്-19-മായി ബന്ധപ്പെട്ട് സംസ്ഥാനത്തിന്റെ പ്രതിരോധ പ്രവർത്തനങ്ങളെ സംബന്ധിച്ചാണ് പറഞ്ഞിട്ടുള്ളത്. സി.എം.സി. വെല്ലൂരിലെ

പ്രമുഖ മൈക്രോബയോളജിസ്റ്റും വൈറോളജിസ്റ്റുമായ Prof. Gagandeep Kang-ന്റെ വാക്കുകൾ ബഹുമാന്യനായ തിരുവല്ല മെമ്പറായ മാത്യു ടി. തോമസ് ഇവിടെ വായിച്ചു. അതിലെ ഒരു വരി വായിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. 'The large number of COVID-19 cases in Kerala and the low seropositivity compared to the national scenario is a result of the state's outstanding job in flattening the curve in the pandemic.' ബഹുമാന്യയായ ഈ പ്രൊഫസറുടെ രാഷ്ട്രീയമൊന്നും എനിക്ക് അറിയില്ല. പക്ഷേ എന്റെ മുമ്പിൽ മറ്റൊരു ആർട്ടിക്കിളുണ്ട്. 'The Wire' എന്ന ഓൺലൈൻ മാധ്യമത്തിൽ ഈ സഭയിലെ ഒരു പ്രതിപക്ഷ എം.എൽ.എ.-യുടെ സഹോദരനായ ഒരാളുടെ ആർട്ടിക്കിളാണത്. അദ്ദേഹത്തിന്റെ ധാരാളം ട്വീറ്റുകളുമുണ്ട്. അത് ഞാൻ വായിക്കുന്നില്ല, ആർട്ടിക്കിളിലെ രണ്ടുമൂന്ന് കാര്യങ്ങൾ മാത്രം വായിക്കുന്നു. 'Irrespective of the test type used, however, it is evident that Kerala's testing strategy has so far been more effective compared to the national average in detecting a higher proportion of cases..... ' സുദീർഘമായിട്ടുള്ള ലേഖനമാണ്; ഞാൻ അതിന്റെ അവസാനത്തെ സെന്റൻസ് കൂടി പറയാൻ ആഗ്രഹിക്കുന്നു. 'The current level of infections, at under 20000 daily new cases, is well within the capacity of Kerala's healthcare infrastructure to manage comfortably. While that provides the inadvertent impression that the State is unable to contain the epidemic, a slower spread imposes lower stress on the public healthcare system and improves the chances of saving each life.' എന്നാണ്. നമ്മുടെ മുമ്പിൽ രണ്ട് മാർഗ്ഗങ്ങളുണ്ടായിരുന്നു. ഇന്ത്യയിൽ ആദ്യം കോവിഡ് റിപ്പോർട്ട് ചെയ്തത് ഇവിടെയാണ്. ഈ രണ്ട് മാർഗ്ഗങ്ങളിൽ ആദ്യത്തേത്, ഒരു massive pandemic attack കേരളത്തിലുണ്ടാകുന്നു. ഒറ്റയടിക്ക് ജനങ്ങൾക്ക് ഈ പകർച്ചവ്യാധി പിടിപെടുന്നു. ഒരു അറ്റത്തുനിന്ന് തുടങ്ങി എല്ലാവരിലേയ്ക്കും ഈ രോഗം എത്തുന്നു. Seroprevalence-നെക്കുറിച്ച് പറഞ്ഞപ്പോൾ ചിലർ പറയുന്നത് കേട്ടു, (നമ്മുടെ സഭയിലല്ല), രോഗം വന്നുപോയാൽ പോരേ അപ്പോൾ ആന്റിബോഡി ഉണ്ടാകുമല്ലോയെന്ന്. ICMR-ന്റെ 42.7 ശതമാനം സെറോ പോസിറ്റിവിറ്റിയിൽ രോഗം വന്നവരും വാക്സിനേറ്റഡായിട്ടുള്ളവരുമുണ്ട്. വാക്സിനേറ്റഡായിട്ടുള്ളവരുടെ ശതമാനത്തിന് വളരെ താഴെയാണ് രോഗം വന്നവരുടെ എണ്ണം. ലോകത്തിൽ 42.4 ലക്ഷം ആളുകളാണ് കോവിഡ് ബാധിച്ച് മരിച്ചത്. ഇന്ത്യയിൽ അത് നാലേകാൽ ലക്ഷമാണ്. അതുമാത്രമല്ല സെക്കൻഡ് വേവ് കേരളത്തിലുണ്ടായിരിക്കുന്നത് ഡെൽറ്റാവേരിയന്റുകൊണ്ടാണ്. ഈ ഘട്ടത്തിൽ പോസ്റ്റ് കോവിഡ് ഡിസീസസ് വളരെ കൂടുതലാണ്. പേശീസംബന്ധമായ പ്രശ്നങ്ങളിൽ തുടങ്ങി, ന്യൂറോ ഡിസീസസ്, ക്ഷയരോഗം വരെ പോസ്റ്റ് കോവിഡ് ഡിസീസസായി ആളുകളിൽ കാണപ്പെടുന്നു. ഇതിന് ആളുകളെ അനുവദിക്കണോ; കേരളത്തിന്

പുറത്ത് ഇങ്ങനെ പല മാതൃകകളുമുണ്ട്, ഒരു മാസ്സീവ് അറ്റാക്ക്. രണ്ടാമത്തേത്, ഈ വൈറസ്സിൽനിന്ന് ജനങ്ങളെ സംരക്ഷിച്ച് നിർത്തുകയെന്നുള്ളതാണ്. ആദ്യം മുതൽ അതിനുള്ള ഒരു സ്ട്രാറ്റജി എടുത്തു; അതാണ് ടെസ്റ്റ് ചെയ്യുക, ട്രെയ്സ് ചെയ്യുക, ട്രീറ്റ്മെന്റ് കൊടുക്കുക, എല്ലാ കോൺടാക്ടുകളും ഐഡന്റിഫൈ ചെയ്യുക, ക്വാറന്റൈൻ നിലാകാൻ ആവശ്യപ്പെടുക തുടങ്ങിയവ. എനിക്കുമുമ്പ് ഇവിടെ പറഞ്ഞതുപോലെ, ടോട്ടൽ മെഡിക്കൽ കപ്പാസിറ്റി ത്രെഷോൾഡിന് തൊട്ടുതാഴെ രോഗികളുടെ എണ്ണം നിലനിർത്തുകയെന്നതാണ്. ടോട്ടൽ മെഡിക്കൽ കപ്പാസിറ്റി ത്രെഷോൾഡെന്നു പറഞ്ഞാൽ, ആശുപത്രികളിലെ കിടക്കകളുടെ എണ്ണം, ഐ.സി.യു. ബെഡ്ഡുകളുടെ എണ്ണം, വെന്റിലേറ്ററുകളുടെ എണ്ണം തുടങ്ങിയവ കേരളത്തിലെ സർക്കാർ മേഖലയും സ്വകാര്യമേഖലയും കണക്കിലെടുക്കുമ്പോൾ എത്രയുണ്ട് എന്നുള്ളത് നമുക്കറിയാൻ സാധിക്കും. അതിന് താഴെ രോഗികളുടെ എണ്ണം നിലനിർത്തുകയെന്നതാണ്. കേരളത്തിലാരെങ്കിലും ആശുപത്രികൾക്കുമുമ്പിൽ ഓക്സിജനില്ലാതെ പിടഞ്ഞുമരിച്ചിട്ടുണ്ടോ? ഐ.സി.യു. ഫെസിലിറ്റിയില്ലാതെ മരിച്ചിട്ടുണ്ടോ? (.......ബഹളം.........) ഞാനൊരു വാദപ്രതിവാദത്തിനില്ല.

<u>മി. സ്പീക്കർ</u>: അങ്ങ് സംസാരിക്കൂ.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ടോട്ടൽ മെഡിക്കൽ കപ്പാസിറ്റി ത്രെഷ്ഹോൾഡിന് താഴെ രോഗികളുടെ എണ്ണത്തെ നിലനിർത്തുന്നതിന് വേണ്ടിയാണ് നമ്മൾ ശ്രമിച്ചത്.

<u>മി. സ്പീക്കർ</u>: മറുപടി ശ്രദ്ധിക്കൂ.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ നാലാമത്തെ seroprevalence study വ്യക്തമാക്കുന്നത് രാജ്യത്തിന്റെ ജനസാന്ദ്രത 430/sq.km ആണെങ്കിൽ കേരളത്തിലെ ജനസാന്ദ്രത 860/sq.km ആണ്. ഇരട്ടി ജനസാന്ദ്രതയാണ് കേരളത്തിലുള്ളത്. ജീവിതശൈലീരോഗങ്ങളും മുതിർന്ന പൗരന്മാരുടെ ജനസംഖ്യാ ശതമാനവും കണക്കിലെടുക്കുമ്പോൾ കേരളം സ്വീകരിച്ച സ്ട്രാറ്റജിയായിരുന്നു ശരി എന്നതാണ് seroprevalence study വ്യക്തമാക്കുന്നത്. കോവിഡ് തരംഗത്തെ പിടിച്ചുനിർത്താനാണ് സർക്കാർ ശ്രമിച്ചത്. അതുപോലെ ഏപ്രിൽ പകുതിയോടുകൂടിയാണ് കേരളത്തിൽ രണ്ടാം തരംഗം ആരംഭിക്കുന്നത്. 2021 ജനുവരിയിലും ഇതേ സാഹചര്യമുണ്ടായിരുന്നു. കാരണം ആദ്യ കേസ് റിപ്പോർട്ട് ചെയ്തത് ഇവിടെയാണെങ്കിലും ഒന്നാംതരംഗം കുറച്ചുനാൾ കഴിഞ്ഞാണുണ്ടായത്. ഒന്നാംതരംഗം വൈകിയുണ്ടായി, ജനുവരി 2021-ൽ ഇന്ത്യയിലെ ആകെ കോവിഡ് കേസ്സുകളുടെ നാൽപ്പത് ശതമാനത്തിന് മുകളിലായി കേരളത്തിലെ കേസ്സുകൾ. രണ്ടാം തരംഗത്തിന്റെ ഈ ഘട്ടത്തിലും ഇന്ത്യയിലെ കേസ്സുകളുടെ

നാൽപ്പത് ശതമാനത്തിനടുത്ത് കേരളത്തിൽനിന്നാണ്. കേരളത്തിലെ മരണ നിരക്ക് താരതമ്യേന ഇന്ത്യയിലെതന്നെ ഏറ്റവും ലോവസ്റ്റാണെന്നാണ് നമ്മൾ കാണേണ്ടത്. ലോകത്തിലെതന്നെ ഏറ്റവും ബെസ്റ്റായ ഫെറ്റാലിറ്റി റേറ്റാണ് കേരളത്തിലുള്ളത്.

കോവിഡ് ടെസ്റ്റിനെ സംബന്ധിച്ച് ഒന്നുരണ്ട് കാര്യങ്ങൾ പറയാം. ടെസ്റ്റ് പെർ മില്യൺ- ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് എന്തുകൊണ്ടാണ് ഉയർന്നുനിൽക്കുന്നത്? ഒന്നാമതായി നമ്മൾ നടത്തുന്നത് ഫോക്കസ്ഡായിട്ടുള്ള ടെസ്റ്റുകളാണ്. അതായത് ഒരാൾ പോസിറ്റീവായാൽ അദ്ദേഹത്തിന്റെ കുടുംബാംഗങ്ങൾ, സുഹൃത്തുക്കൾ, മറ്റ് സമ്പർക്കത്തിലുള്ളവരെയെല്ലാം ടെസ്റ്റ് ചെയ്യാൻ ആവശ്യപ്പെടും. കേരളത്തിന്റെ ഒരു സ്വഭാവം കോൺടാക്റ്റിലുള്ള ആരെങ്കിലും പോസിറ്റീവായാൽ മറ്റുള്ളവർ അങ്ങോട്ടുപോയി ടെസ്റ്റ് ചെയ്യുന്ന സാഹചര്യമാണുള്ളത്. ടെസ്റ്റ് പോസിറ്റിവിറ്റി റേറ്റ് ഉയരുന്നതിനുള്ള ഒരു കാരണം നമ്മുടെ ടാർജറ്റഡ് ടെസ്റ്റാണ്. എന്തുകൊണ്ട് നമ്മൾ ടെസ്റ്റ് കൂട്ടുന്നു? ഇന്ത്യയിൽ 33 കേസ്സുകളുണ്ടാകുമ്പോൾ ഒരു കേസ്സാണ് കേരളത്തിൽ റിപ്പോർട്ട് ചെയ്യുന്നത്. കേരളത്തിൽ ആറ് പോസിറ്റീവ് കേസ്സുകളുണ്ടാകുമ്പോൾ ഒരു കേസ് റിപ്പോർട്ട് ചെയ്യുന്നുണ്ട്. രാജ്യത്തിലെ ഏറ്റവും നല്ല നിരക്കാണ്. കേരളത്തിന്റെ താഴെ ആരുമില്ല. കാരണം അത്രയും നല്ല നിരക്കാണ് കേരളത്തിലേത്. ടെസ്റ്റ് പെർ മില്യൺ ഓരോ ദശലക്ഷത്തിലും (.......ബഹളം......)

<u>മി. സ്പീക്കർ</u>: നിങ്ങൾ ഇങ്ങനെ നിരന്തരം കമൻഡറി നടത്തിക്കൊണ്ടിരിക്കുന്നതെന്തിനാണ്? അത് ഭരണപക്ഷത്തുനിന്നായാലും പ്രതിപക്ഷത്തുനിന്നായാലും ശരിയല്ല.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, കേരളത്തിൽ ടെസ്റ്റ് പെർ മില്യൺ ദേശീയ ശരാശരിയേക്കാൾ വളരെ കൂടുതലാണ്. അതുപോലെതന്നെ വാക്സിനേഷന്റെ കാര്യം, ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ കോവിൻ പോർട്ടലിൽ റിയൽ ടൈം അപ്ഡേഷൻ നടക്കുന്നുണ്ട്. നമുക്ക് രോഗം വന്നാൽ ആന്റിബോഡീസ് ഇല്ല. വാക്സിനേഷിലൂടെ മാത്രമേ ആന്റിബോഡീസ് ഉണ്ടാകുകയുള്ളൂ. ഏറ്റവും കുറഞ്ഞ സമയത്ത് പരമാവധി ആളുകൾക്ക് വാക്സിൻ എടുക്കുകയെന്നുള്ളതാണ് ലക്ഷ്യം. ഇപ്പോൾ വാക്സിനേഷനിൽ നമ്മൾ എവിടെ നിൽക്കുന്നു? നമ്മുടെ ജനസംഖ്യയുടെ 41.49 ശതമാനം ആളുകൾക്ക് ഒന്നാം ഡോസ് വാക്സിൻ എടുത്തിട്ടുണ്ട്. അത് ദേശീയ ശരാശരിയേക്കാൾ കൂടുതലാണ്. അതുപോലെ രണ്ടാം ഡോസ് വാക്സിൻ എടുത്തവരുടെ ശതമാനം 17.53 ആണ്. അത് ദേശീയ ശരാശരിയുടെ ഇരട്ടിയുമാണ്. രാജ്യത്ത് ആദ്യമായി കിടപ്പുരോഗികൾക്ക് വാക്സിൻ എടുത്തുതുടങ്ങിയത് കേരളത്തിലാണ്. മേയ് 31-ാം തീയതി അതിനുവേണ്ടിയുള്ള മാർഗ്ഗനിർദ്ദേശം പുറപ്പെടുവിച്ചതിനുശേഷമാണ് ഇന്ത്യയുടെ മറ്റ് സ്ഥലങ്ങളിൽ കിടപ്പുരോഗികൾക്ക് വാക്സിനേഷൻ ആരംഭിച്ചത്. വാക്സിൻ എടുത്തിട്ടുള്ള

ആളുകളുടെ എണ്ണം നോക്കിയാൽ, ഇന്നലെവരെ 14,563,938 പേർക്ക് ഒന്നാം ഡോസ് വാക്സിനും 61,53,270 പേർക്ക് രണ്ടാം ഡോസ് വാക്സിനും എടുത്തിട്ടുണ്ട്. ശരാശരി മൂന്ന് ലക്ഷം ഡോസ് വാക്സിൻ ഒരു ദിവസം കേന്ദ്ര സർക്കാർ നൽകിയാൽ നമുക്ക് ഒന്നര മാസംകൊണ്ട് പതിനെട്ട് വയസിന് മുകളിലുള്ള അല്ലെങ്കിൽ എലിജിബിൾ ആയിട്ടുള്ള എല്ലാവർക്കും ഒരു ഡോസ് വാക്സിൻ കൊടുക്കാൻ കഴിയും. അതിനുവേണ്ടിയുള്ള ശ്രമങ്ങളാണ് നടത്തുന്നത്. ബഹുമാന്യരായ അംഗങ്ങൾ ഇവിടെ പറഞ്ഞ ഒരു കാര്യവുമായി യോജിക്കുകയാണ്. അതായത് ഇപ്പോൾ കേന്ദ്രത്തിന്റെ നിർദ്ദേശമനുസരിച്ചാണ് അമ്പത് ശതമാനം സ്പോട്ട് രജിസ്ട്രേഷൻ, അമ്പത് ശതമാനം ഓൺലൈൻ രജിസ്ട്രേഷൻ എന്ന രീതിയിൽ വാക്സിനേഷൻ നൽകുന്നത്. സ്പോട്ട് രജിസ്ട്രേഷൻ ആക്കു എന്നുപറഞ്ഞ ബഹുമാന്യരായ അംഗങ്ങളുണ്ട്. ഓൺലൈനിലൂടെ രജിസ്റ്റർ ചെയ്യുമ്പോൾ, രണ്ട് കാര്യങ്ങളാണുള്ളത്. ഒന്നാമതായി പലർക്കും ഓൺലൈൻ രജിസ്ട്രേഷൻ സാധ്യമാകുന്നില്ല. രണ്ടാമത്തെ കാര്യം, അതിനുവേണ്ടി നമ്മൾ ഒരു ക്യാമ്പയിൻ ആരംഭിച്ചിട്ടുണ്ട്. ആരോഗ്യ വകുപ്പ് ആശാ പ്രവർത്തകരെയും വോളന്റിയേഴ്സിനെയും ഉൾപ്പെടുത്തിക്കൊണ്ട് ഓൺലൈൻ രജിസ്ട്രേഷൻ സാധ്യമാകാത്ത ആളുകൾക്കിടയിലേയ്ക്ക് ചെന്ന് രജിസ്ട്രേഷൻ സാധ്യമാക്കി അവർക്ക് വാക്സിനെടുപ്പിക്കുന്നതിനുവേണ്ടിയുള്ള ക്രമീകരണം ചെയ്യും. അതിലും കുറച്ചുകൂടി എളുപ്പം എന്നുള്ള രീതിയാണ് അമ്പത് ശതമാനം സ്പോട്ട്, അമ്പത് ശതമാനം ഓൺലൈൻ രജിസ്ട്രേഷൻ എന്നത്. എല്ലാ തദ്ദേശഭരണ സ്ഥാപനങ്ങളും അതായത് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളുമായി അല്ലെങ്കിൽ വാക്സിനേഷൻ സെന്ററുകളുമായി ബന്ധപ്പെട്ട് വളരെ കൃത്യമായി വാക്സിൻ എടുക്കുന്നതിനുവേണ്ടിയുള്ള കാര്യങ്ങൾ ബഹുമാനപ്പെട്ട തദ്ദേശസ്വയം ഭരണ വകുപ്പുമന്ത്രിയുമായി ആലോചിച്ചിരുന്നു.

സംസ്ഥാനത്ത് വാക്സിൻ കൊടുക്കുന്ന മൂന്ന് സെന്ററുകളാണുള്ളത്, തിരുവനന്തപുരത്തും കൊച്ചിയിലും കോഴിക്കോട്ടും. ഇന്ന് എത്ര ഡോസ് വാക്സിൻ വരുമെന്ന് ഈ നിമിഷം നമുക്കറിയില്ല, ചിലപ്പോൾ വൈകുന്നേരം കഴിഞ്ഞാണ് അക്കാര്യം അറിയുന്നത്. കൊച്ചിയിലാണ് വാക്സിൻ വരുന്നതെന്ന് ചിലപ്പോൾ പറയും. അല്ലെങ്കിൽ തിരുവനന്തപുരത്ത് എഴുപത്തയ്യായിരം വാക്സിൻ വരും, കോഴിക്കോട് ഇത്ര വരും എന്നുപറയും. മൂന്ന് വിമാനത്താവളങ്ങളിലേയ്ക്ക് വരുന്നു. ഈ വാക്സിനുകൾ ഒരു സെന്ററിലാണ് വരുന്നതെങ്കിൽ എത്രയും പെട്ടെന്ന് മൂന്ന് സെന്ററുകളിലേയ്ക്കും എത്തിക്കുന്നതിന് ശ്രമിക്കും. അവിടെനിന്ന് എല്ലാ ജില്ലകളിലേയ്ക്കും കൊടുക്കും. ഏത് മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് വാക്സിൻ കൊടുക്കുന്നത്? ഒന്ന്, ജനസംഖ്യയുടെ അടിസ്ഥാനത്തിൽ. രണ്ട്, എത്രവേഗം ജില്ലയുടെ കൈവശമുള്ള വാക്സിൻ അവർ ഉപയോഗിക്കുന്നു എന്നതിന്റെ അടിസ്ഥാനത്തിൽ. ജില്ലാതലത്തിൽ ജില്ലാ കളക്ടർ ഉൾപ്പെടെയുള്ള ടാസ്ക് ഫോഴ്സുകളുണ്ട്. സംസ്ഥാനം സ്വീകരിക്കുന്ന

മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിൽത്തന്നെ എല്ലാ പഞ്ചായത്തുകളിലേയ്ക്കും മുനിസിപ്പാലിറ്റികളിലേയ്ക്കും കോർപ്പറേഷനുകളിലേയ്ക്കും ഈ വാക്സിൻ നൽകണമെന്നത് സംബന്ധിച്ച് അവർക്ക് തീരുമാനിക്കാം. ഒരു തദ്ദേശഭരണ സ്ഥാപന പരിധിയിലെ ആരോഗ്യ കേന്ദ്രവുമായി ബന്ധപ്പെട്ട വാക്സിനേഷൻ സെന്ററാണെങ്കിൽ, പതിനാറ് വാർഡുണ്ടെങ്കിൽ ആദ്യത്തെ ദിവസം ഒന്നാം വാർഡും പതിനാറാം വാർഡും ഒന്നിച്ചെടുക്കാം. വാക്സിൻ എല്ലാവരുടെയും അവകാശമാണ്. അത് ചിലർക്ക് മാത്രം ലഭിക്കുന്ന സാഹചര്യം ഒരു കാരണവശാലും അംഗീകരിക്കാൻ കഴിയില്ല. അതിനനുസരിച്ചുള്ള ക്രമീകരണങ്ങൾ ജില്ലാതലത്തിൽ നടത്താവുന്നതാണ്. ബഹുമാന്യരായ എല്ലാ എം.എൽ.എ.-മാരുടെയും ഇടപെടൽ അതിലുണ്ടാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. അതോടൊപ്പം ഇതുമായി ബന്ധപ്പെട്ട് വളരെ നിർഭാഗ്യകരമായ ഒരു കാര്യം നമ്മുടെ ആരോഗ്യ പ്രവർത്തകർക്കെതിരെ ഉണ്ടാകുന്ന ആക്രമണമാണ്. ഇവിടെ നേരത്തെ ബഹുമാന്യനായ മെമ്പർ പറഞ്ഞതുപോലെ, ആര് ചെയ്താലും അത് തെറ്റാണ്, ന്യായീകരിക്കാൻ കഴിയില്ല. ആരോഗ്യപ്രവർത്തകർക്കെതിരെ അങ്ങനെയുള്ള അതിക്രമങ്ങൾ ഉണ്ടാകരുത്, അത് നമ്മുടെ സമൂഹത്തിന്റെ പൊതു ഉത്തരവാദിത്തമായിത്തന്നെ ഏറ്റെടുക്കണമെന്ന് ഈ അവസരത്തിൽ അഭ്യർത്ഥിക്കാൻ ആഗ്രഹിക്കുകയാണ്. അതെല്ലാം ഒഴിവാക്കുന്നതിനുവേണ്ടി കൃത്യമായ ഒരു പ്ലാനിംഗ് ജില്ലാതലത്തിൽ അല്ലെങ്കിൽ തദ്ദേശഭരണ സ്ഥാപനതലത്തിൽത്തന്നെ, ആരോഗ്യ വകുപ്പും എൽ.എസ്.ജി.ഡി.-യും ആ രീതിയിൽത്തന്നെയുള്ള നിർദ്ദേശങ്ങൾ കൊടുത്തിട്ടുണ്ട്.

ഒരു കാര്യംകൂടി പറഞ്ഞുകൊണ്ട് ഞാൻ നിർത്തുകയാണ്. ഇവിടെ പ്രത്യേകമായി ശ്രദ്ധിക്കേണ്ട ഒരു കാര്യം എന്തുകൊണ്ട് നമുക്ക് കൂടുതൽ വാക്സിൻ വേണമെന്ന് പറയുന്നു എന്നതാണ്. കേരളത്തിൽ സാദ്ധ്യതയുള്ള, ദുർബലരായിട്ടുള്ള ആളുകളുടെ എണ്ണം വളരെ കൂടുതലാണ്. അത് seroprevalence study-യിൽനിന്ന് വ്യക്തമായതാണ്. അതുകൊണ്ട് രോഗം വരാൻ സാദ്ധ്യതയുള്ള ജനസംഖ്യയുടെ അനുപാതത്തിനനുസരിച്ച് വാക്സിൻ നൽകണമെന്നുള്ളതാണ് കേന്ദ്രത്തോടുള്ള അഭ്യർത്ഥന. ഈ കോവിഡ് കാലത്ത് ജനങ്ങളെ ഇത്രയധികം ചേർത്തുനിർത്തിയ മറ്റൊരു സർക്കാർ ഉണ്ടാകില്ല. കോവിഡ് ചികിത്സ സർക്കാർ ആശുപത്രികളിൽ പൂർണ്ണമായും സൗജന്യമാണ്. സർക്കാർതലത്തിൽ ടെസ്റ്റ് നടത്തുന്നത് സൗജന്യമാണ്. ആദ്യം ടെസ്റ്റ് ചെയ്യുമ്പോൾ സാമ്പിളുകൾ പുറത്തുകൊടുത്താണ് പരിശോധിച്ചിരുന്നത്. ഇന്ന് എല്ലാ ജില്ലകളിലും സാമ്പിളുകൾ പരിശോധിക്കുന്നതിനുള്ള സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്. കോവിഡ് ചികിത്സയുമായി ബന്ധപ്പെട്ട് സ്വകാര്യ ആശുപത്രികളെക്കൂടി പങ്കാളികളാക്കുന്നതിന്റെ ഭാഗമായി നിശ്ചിത ബെഡ്ഡുകൾ കോവിഡ് ചികിത്സയ്ക്കായി നീക്കിവയ്ക്കണമെന്ന് അവരുമായുള്ള ചർച്ചകളിലൂടെ അഭ്യർത്ഥിച്ചു. ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ

ഇടപെടലിലൂടെത്തന്നെ അതിനുവേണ്ടിയുള്ള നിരക്കുകൾ നിശ്ചയിച്ചു. സ്വകാര്യ ലാബുകളിലെ ആർ.ടി.പി.സി.ആർ. ഉൾപ്പെടെയുള്ളവയുടെ നിരക്കുകളും ഈ ഘട്ടത്തിൽ നിശ്ചയിച്ചിട്ടുണ്ട്. വളരെ പ്രധാനപ്പെട്ട കാര്യമുണ്ട്. കോവിഡിനെ സംബന്ധിച്ചുള്ള genomic surveillance രാജ്യത്ത് ആദ്യമായി ആരംഭിച്ചത് കേരളത്തിലാണ്. ഇതിൽ CSIR-IGIB നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് പബ്ലിഷ് ചെയ്ത immune escape category കേരളം നടത്തിയ ജെനോമിക് സ്റ്റഡിയുടെ ഭാഗമായിട്ടാണ്. നിലവിൽ ഡൽഹി IGIB-യുടെ പങ്കാളിത്തത്തോടു കൂടിയാണ് ജെനോമിക് സ്റ്റഡി നിർവ്വഹിക്കുന്നത്. നമ്മൾ ഈ രീതിയിലുള്ള പഠനത്തിന് വിധേയമാക്കിയത് 6284 സാമ്പിളുകളാണ്. രണ്ടാം തരംഗത്തിൽ 6284 സാമ്പിളുകളുടെയും മെജോറിറ്റി കേസ്സുകൾ ഡെൽറ്റാ വേരിയന്റാണ് എന്നാണ് കണ്ടെത്തിയിട്ടുള്ളത്. രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയും കോഴിക്കോട് മെഡിക്കൽ കോളേജും ഈ രീതിയിൽ spike protein genomic study നടത്തുന്നുണ്ട്. രാജ്യത്തുതന്നെ ഏറ്റവും മികച്ച രീതിയിൽ genomic surveillance-ഉം പഠനവും നടത്തുന്നത് കേരളത്തിലാണെന്ന് എടുത്തുപറയാൻ ആഗ്രഹിക്കുകയാണ്. ഇവിടെ പോസ്റ്റ് കോവിഡുമായി ബന്ധപ്പെട്ട റീഹാബിലിറ്റേഷൻ സെന്ററുകൾ എല്ലാ ജില്ലകളിലും പ്രത്യേകിച്ച് മെഡിക്കൽ കോളേജ് ഉൾപ്പെടെയുള്ളവയിൽ ആരംഭിക്കുന്നതിന് ആലോചിക്കുന്നുണ്ട്. അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ നൽകിക്കഴിഞ്ഞു.

എല്ലാ നിയോജകമണ്ഡലങ്ങളിലെയും പകർച്ചവ്യാധി പ്രതിരോധ കേന്ദ്രങ്ങളുടെ നിർമ്മാണവുമായി ബന്ധപ്പെട്ട് ബഹുമാന്യരായിട്ടുള്ള എം.എൽ.എ.-മാർ ഇവിടെ പറയുകയുണ്ടായി. എം.എൽ.എ. ആസ്തി വികസന ഫണ്ട് നാല് കോടി രൂപ കൊടുത്തതിനെക്കുറിച്ചും അത് ആ മണ്ഡലത്തിൽ അല്പമെങ്കിലും ഉപയോഗിച്ചു കൂടേയെന്നും ചോദിച്ചു. ഈ നാല് കോടി രൂപയിൽ ആദ്യ ഘട്ടത്തിൽ 140 നിയോജകമണ്ഡലങ്ങളിലും ഐസൊലേഷൻ വാർഡുകൾ സജ്ജീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ആദ്യ ഘട്ടത്തിൽ എല്ലാ മണ്ഡലങ്ങളിലും ഓരോന്ന് വീതമാണ്. 2400 സ്ക്വയർ ഫീറ്റ് വിസ്തൃതിയിൽ പ്രീ എഞ്ചിനീയറിംഗ് പ്രക്രിയയിലൂടെ നിർമ്മിക്കാനുദ്ദേശിക്കുന്ന ഈ യൂണിറ്റിൽ പത്ത് കിടക്കകളുള്ള ഐസൊലേഷൻ വാർഡ്, അടിയന്തര ചികിത്സയ്ക്കുള്ള റെസിഷൻ യൂണിറ്റ്, നഴ്സിംഗ് യൂണിറ്റ്, ഡോക്ടർ കൺസൾട്ടേഷൻ റൂം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ എന്നിവയും വിഭാവന ചെയ്യുന്നുണ്ട്. ഏതൊരു അടിയന്തര സാഹചര്യത്തെയും നേരിടുന്നതിനുവേണ്ടിയുള്ള കണ്ടിന്യൂവസ് ഓക്സിജൻ സംവിധാനവും സക്ഷൻ സംവിധാനവും ഈ യൂണിറ്റിൽ ഒരുക്കുന്നുണ്ട്. കോവിഡിന്റെ മൂന്നാം തരംഗമുണ്ടാകുകയാണെങ്കിൽ അതിന്റെ മുന്നൊരുക്ക പ്രവർത്തനങ്ങളുടെ ഭാഗമായി എഴുപത്തിമൂന്ന് ഓക്സിജൻ പ്ലാന്റുകളാണ് സംസ്ഥാനത്ത് സ്ഥാപിക്കാൻ പോകുന്നത്. അതിൽ മുപ്പതോളം ഓക്സിജൻ

പ്ലാന്റുകളുടെ നിർമ്മാണം ആഗസ്റ്റ് മാസം 15-ാം തീയതിയോടുകൂടി പൂർണ്ണമാകും. അതിനുശേഷം ബാക്കിയുള്ളവയുടെ നിർമ്മാണംകൂടി പൂർത്തീകരിക്കുന്നതിനുവേണ്ടി സമയബന്ധിതമായുള്ള പ്രവർത്തനങ്ങളാണ് നടത്തുന്നത്. ആഗോള തലത്തിൽത്തന്നെ ലഭ്യമായിട്ടുള്ള കണക്കുകൾ വിലയിരുത്തുമ്പോൾ കോവിഡിന്റെ മൂന്നാം തരംഗം ശിശുക്കളെ സാരമായി ബാധിക്കുമെന്ന് പറയുന്നുണ്ട്. അതുകൊണ്ടുതന്നെ 'കുരുന്ന് കരുതൽ' എന്ന പേരിൽ ഒരു പ്രത്യേക ട്രെയിനിംഗ് തന്നെ ഇതിന്റെ ഭാഗമായി ആസൂത്രണം ചെയ്ത് മെഡിക്കൽ കോളേജുകളിലെ എല്ലാ ആരോഗ്യ പ്രവർത്തകർക്കും ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിലേയ്ക്കും ജില്ലാതലങ്ങളിലേയ്ക്കും നൽകിയിട്ടുണ്ട്. പീഡിയാട്രിക് കെയർ ഫെസിലിറ്റീസ് വർദ്ധിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ നടത്തുകയാണ്. ഇതിനോടകം ആരോഗ്യ വിദ്യാഭ്യാസ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങൾക്കായി 57 കോടി രൂപയുടെയും ആരോഗ്യ വകുപ്പിനുകീഴിലുള്ള സ്ഥാപനങ്ങളുടെ ശാക്തീകരണത്തിനായി 25 കോടി രൂപയുടെയും പദ്ധതികളാണ് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്. ഇവിടെ ബഹുമാന്യരായ മെമ്പർമാർ പറഞ്ഞ ഒന്നുരണ്ട് വിഷയങ്ങൾകൂടി ഇതിന്റെ ഭാഗമായി പറയണമെന്ന് ആഗ്രഹിക്കുകയാണ്. മൂന്നാം തരംഗത്തിന്റെ ഭാഗമായി ജൂൺ മാസം ആദ്യംതന്നെ ഗ്ലൗസ്, മാസ്ക്, പി.പി.ഇ. കിറ്റ് ഉൾപ്പെടെയുള്ളവയുടെ പ്രൊക്യൂർമെന്റുമായി ബന്ധപ്പെട്ട് യോഗങ്ങൾ നടത്തിയിരുന്നു. മെഡിക്കൽ കോളേജുകളിലെ ലോക്കൽ പർച്ചേസിന്റെ സാധനങ്ങളും കെ.എം.എസ്.സി.എൽ.-ൽ പ്രൊക്യൂർ ചെയ്യേണ്ട സാധനങ്ങളും ഇനം തിരിച്ചുതന്നെ ഇൻഡന്റ് ചെയ്യാൻ ആവശ്യപ്പെട്ടിരുന്നു. ആദ്യം ഒരു മാസത്തേയ്ക്കുള്ള ഇൻഡന്റ്, പിന്നെ ആറ് മാസത്തേയ്ക്കുള്ള ഇൻഡന്റ് എന്ന രീതിയിലുള്ള പ്രൊക്യൂർമെന്റ് നടക്കുകയാണ്.

4.00 pm]

ബഹുമാനപ്പെട്ട അംഗങ്ങൾ പറഞ്ഞ ചില വിഷയങ്ങളെ സംബന്ധിച്ച് പറയാൻ ആഗ്രഹിക്കുകയാണ്. അതിൽ ആരോഗ്യ വകുപ്പിനുകീഴിൽ വരുന്നത് ട്രാൻസ് പേഴ്സസൺസിന്റെ സർജറികളുമായി ബന്ധപ്പെട്ട കാര്യങ്ങളാണ്. നിലവിൽ സംസ്ഥാനത്ത് ഇതുസംബന്ധിച്ച് മാർഗ്ഗനിർദ്ദേശങ്ങളൊന്നുമില്ലാത്തതിനാൽ ട്രാൻസ്ജെൻഡേഴ്സ് സ്വകാര്യ മേഖലയിൽ ചൂഷണം അനുഭവിക്കുന്നുണ്ടെങ്കിൽ അത് അവസാനിപ്പിക്കുന്നതുൾപ്പെടെയുള്ള കാര്യങ്ങളിൽ കൃത്യമായ മാർഗ്ഗനിർദ്ദേശങ്ങൾ രൂപീകരിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റി രൂപീകരിച്ച് മുന്നോട്ടുപോകുന്നതിനാണ് വകുപ്പ് ശ്രമിക്കുന്നത്. ജില്ലാ ആശുപത്രികളും ജനറൽ ആശുപത്രികളുമുൾപ്പെടെയുള്ള ആരോഗ്യ കേന്ദ്രങ്ങളിൽ സ്ത്രീ, പുരുഷൻ എന്നീ രണ്ട് വിഭാഗങ്ങളേയുള്ളൂ, ട്രാൻസ് പേഴ്സൺസിനുവേണ്ടി ഒരു വിഭാഗം ഇല്ല. ആശുപത്രികളിൽ അഡ്മിറ്റ് ചെയ്യുന്ന സമയത്തുപോലും ഏത് വാർഡിൽ അവരെ ഉൾപ്പെടുത്തുമെന്ന ആശയക്കുഴപ്പം ആശുപത്രികൾക്കുണ്ട്. അതുകൊണ്ട് ട്രാൻസ് പേഴ്സൺസ് ഫ്രണ്ട്‌ലിയായി ആശുപത്രികളെ മാറ്റുന്നതിനുവേണ്ടിയുള്ള ഇടപെടൽകൂടിയുണ്ടാകുന്നുണ്ട്. ആരോഗ്യ

കേന്ദ്രങ്ങളെ മാതൃ-ശിശു സൗഹൃദമായി മാറ്റുന്ന രീതിയിൽ നേരത്തെതന്നെ നമ്മുടെ സംസ്ഥാനം ഉയർത്തപ്പെട്ടിരുന്നു എന്നാണ് എനിക്ക് പറയാനുള്ളത്. പക്ഷേ കുഞ്ഞിന് അമ്മയുടെ ആദ്യത്തെ ആറ് മാസത്തെ മുലപ്പാൽ നൽകുന്നതിൽ കേരളത്തിന്റെ കണക്കുകൾ കുറച്ച് പിന്നിലേയ്ക്കുപോയ സാഹചര്യത്തിൽ യുനിസെഫുമായി സഹകരിച്ചുകൊണ്ട് ഒരു വർഷത്തിനകം നമ്മുടെ ആശുപത്രികളും തൊഴിലിടങ്ങളും പൊതുഇടങ്ങളും മാതൃ-ശിശു സൗഹൃദമാക്കുന്നതിനുവേണ്ടിയിട്ടുള്ള ശ്രമങ്ങൾ തുടരുകയാണ്. അതുപോലെ ബഹുമാന്യനായ ഡോ. എൻ. ജയരാജ് പറഞ്ഞ വിഷയം സ്പൈനൽ മസ്കുലർ അട്രോഫിയുമായി ബന്ധപ്പെട്ടതാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഒരു കമ്മിറ്റി രൂപീകരിച്ച് ഫണ്ട് ഓപ്പൺ ചെയ്തിട്ടുണ്ട്. നിലവിൽ ഇതുസംബന്ധിച്ച് 42 അപേക്ഷകളാണ് സർക്കാരിന് ലഭിച്ചിരിക്കുന്നത്. വലിയ വിലയുള്ള മരുന്നാണ് ഇതിന്റെ ചികിത്സ യ്ക്കാവശ്യമായി വരുന്നത്. മരുന്നുകൾ ഏത് രീതിയിൽ ഉപയോഗിക്കണമെന്നതുൾ പ്പെടെയുള്ള ചികിത്സ സംബന്ധിച്ച കാര്യങ്ങളിൽ തീരുമാനമെടുക്കുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നൽകുന്നതിനുമായി നിലവിൽ ഒരു കമ്മിറ്റി പ്രവർത്തിക്കുന്നുണ്ട്. മാരക ജനിതക അപൂർവ രോഗങ്ങൾ ബാധിച്ചവരെക്കൂടി ഇത്തരത്തിൽ പരിഗണി ക്കണമെന്ന് ബഹുമാന്യയായ കായംകുളം അംഗം പറഞ്ഞിരുന്നു. ഇത്തരത്തിൽ ഭിന്നശേഷിയുള്ള ആളുകൾക്ക് 'ആരോഗ്യ കിരണം' പദ്ധതിയിൽപ്പെടുത്തി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിനുവേണ്ടി ആരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് മാതാപിതാക്കൾ ഇവരെ എടുത്തുകൊണ്ടുപോകേണ്ട സാഹചര്യങ്ങളുണ്ട്. കഴിഞ്ഞദിവസം സോഷ്യൽ മീഡിയയിൽ പ്രചരിച്ച ഒരു വീഡിയോയിൽ വളരെ ദയനീയമായ അനുഭവം കണ്ടതിന്റെകൂടി അടിസ്ഥാനത്തിൽ ഇപ്പോൾ ആശാ വർക്കർമാർ ഇത്തരത്തിലുള്ള ആളുകളുടെ വീടുകളിൽ എത്തി വീഡിയോ കോളിലൂടെ ഓൺലൈനായി ഡോക്ടറെ കണ്ട് സർട്ടിഫിക്കറ്റ് നൽകിയാൽ മതിയാകുമെന്ന് തീരുമാനിച്ചിട്ടുണ്ട്, വൈകാതെതന്നെ അതിന്റെ നിർദ്ദേശങ്ങൾ ഇറങ്ങുന്നതാണ്. കോവിഡ് വാക്സിനുമായി ബന്ധപ്പെട്ട് വളരെ തെറ്റിദ്ധരിപ്പിക്കുന്ന ചില കാര്യങ്ങൾ ഇവിടെ പറഞ്ഞു, അതൊക്കെ വളരെ നിർഭാഗ്യകരമാണ്. പ്രവാസികളുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ ഒരു സർട്ടിഫിക്കറ്റ് കൊടുക്കാനുണ്ടായ സാഹചര്യമെന്നത് കോവിഷീൽഡ് ആദ്യ ഡോസ് എടുത്തതിനു ശേഷം 84 ദിവസങ്ങൾ കഴിഞ്ഞുമാത്രമേ രണ്ടാം ഡോസ് കൊടുക്കാവൂ എന്ന് കേന്ദ്രം നിഷ്കർഷിച്ചതാണ്. നമ്മുടെ പ്രവാസി സഹോദരങ്ങൾക്ക് 84 ദിവസം നാട്ടിൽ നിൽക്കാൻ ലീവില്ലാത്തതിനാൽ 28 ദിവസത്തിനുശേഷം രണ്ടാം ഡോസ് വാക്സിൻ നൽകണമെന്ന് കേന്ദ്രത്തോട് നിരന്തരം അഭ്യർത്ഥിച്ചിട്ടും അതിൽ ഇടപെടലുണ്ടാകാത്ത സാഹചര്യത്തിലാണ് 28 ദിവസത്തിനുശേഷം കൊടുക്കാമെന്ന് സംസ്ഥാനം തീരുമാനിച്ചത്. അപ്പോൾ കോവിഷീൽഡ് എന്ന പേര് മറ്റു രാജ്യങ്ങളിൽ അംഗീകരിക്കില്ല, 'Oxford-Astra Zeneca' എന്ന പേര് ഉൾപ്പെടുത്തണം, ആധാർ നമ്പർ മാത്രം പോരാ, പാസ്പോർട്ട് നമ്പർ വേണം, ബാച്ച് നമ്പർ വേണം എന്നൊക്കെയുള്ള പല പ്രശ്നങ്ങൾ വന്നു. ഇത്തരം കാര്യങ്ങൾ ഉൾപ്പെടുത്തി സംസ്ഥാനം ഒരു സർട്ടിഫിക്കറ്റ് നൽകാൻ തുടങ്ങി. ഒടുവിൽ ജൂൺ അവസാനത്തോടുകൂടി 28 ദിവസത്തിനുശേഷം രണ്ടാം ഡോസ് എടുക്കാമെന്നുള്ള തീരുമാനത്തിൽ കേന്ദ്ര സർക്കാർ എത്തി. പക്ഷേ അപ്പോഴേയ്ക്കും നമ്മൾ ഒരു മാസം പിന്നിട്ടിരുന്നു. നിലവിലുള്ള സാഹചര്യമെന്ന് പറയുന്നത് അന്ന് വാക്സിൻ എടുത്തവർക്ക് കേന്ദ്രത്തിന്റെ സർട്ടിഫിക്കറ്റ്

ലഭ്യമാകില്ല. പ്രവാസി സഹോദരങ്ങളിൽ ഒരുപാട് ആളുകൾ യു.എ.ഇ. ഉൾപ്പെടെയുള്ള രാജ്യങ്ങളിലേയ്ക്ക് പോയിട്ടുണ്ട്. പക്ഷേ ചില രാജ്യങ്ങളിൽ നമ്മുടെ സർട്ടിഫിക്കറ്റ് സ്വീകരിക്കാത്ത സാഹചര്യമുണ്ട്. ഇവിടെ സൂചിപ്പിച്ചത് ആ ഡാറ്റാ എന്റർ ചെയ്യാത്തതുകൊണ്ടാണ് സർട്ടിഫിക്കറ്റ് കിട്ടാത്തതെന്നാണ്. പക്ഷേ അങ്ങനെയല്ല, നമുക്ക് പഴയ കോവിൻ പോർട്ടലിൽ കയറി അത് തിരുത്തുന്നതിനുള്ള അനുമതി കേന്ദ്രം നൽകുന്നില്ല. ബഹുമാനപ്പെട്ട മുഖ്യമന്ത്രി പ്രധാനമന്ത്രിയേയും ഞാൻ കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയേയും ഇക്കാര്യം അറിയിച്ചിട്ടുണ്ട്, അതുകൂടാതെ സെക്രട്ടറി തലത്തിലും ശക്തമായി ഉന്നയിക്കുന്നുണ്ട്. അതിന് അനുവാദം നൽകുകയും ആയിരക്കണക്കിന് വരുന്ന പ്രവാസി സഹോദരങ്ങളെ ഈ വൈഷമ്യത്തിൽനിന്നും രക്ഷിക്കുകയും ചെയ്യും എന്നാണ് പ്രതീക്ഷിക്കുന്നത്.

മെഡിക്കൽ കോളേജുകളുമായി ബന്ധപ്പെട്ട് നമ്മുടെ കപ്പാസിറ്റി എത്രത്തോളം വർദ്ധിച്ചുവെന്നൊരു വിഷയം ഇവിടെ പറയുകയുണ്ടായി. മെഡിക്കൽ കോളേജുകളുടെ ഐ.സി.യു. ബെഡ്ഡുകൾ 1063 എണ്ണംകൂടി വർദ്ധിപ്പിച്ചിട്ടുണ്ട്. വർദ്ധിപ്പിച്ച കണക്കുകളാണ് ഞാൻ പറയുന്നത്. വെന്റിലേറ്ററുകൾ 785 എണ്ണം, ഓക്സിജൻ ബെഡ്ഡുകൾ 660 എണ്ണം എന്നിങ്ങനെ വർദ്ധിപ്പിച്ചു. അതുപോലെതന്നെ ഡി.എച്ച്.എസ്. (ഡയറക്ടറേറ്റ് ഓഫ് ഹെൽത്ത് സർവ്വീസസ്)-ന് കീഴിലുള്ള സ്ഥാപനങ്ങളിൽ നോർമൽ ബെഡ്ഡുകൾ 2020 മാർച്ചിൽ 1880 ആയിരുന്നെങ്കിൽ 2021 ആഗസ്റ്റ് ആകുമ്പോഴേയ്ക്കും 21280 ബെഡ്ഡുകൾ ഇതിനുവേണ്ടി മാറ്റിവയ്ക്കുന്നതിന് സാധിച്ചിട്ടുണ്ട്. ഓക്സിജൻ ബെഡ്ഡുകൾ മാർച്ച് 2020-ൽ ഒന്നുമില്ലായിരുന്നു. ആഗസ്റ്റ് 2021 ആയപ്പോൾ 6482 ആയി. ഐ.സി.യു. ബെഡ്ഡുകൾ യഥാക്രമം 364, 2848, വെന്റിലേറ്ററുകൾ യഥാക്രമം 154, 1924 എന്നിങ്ങനെയാണുള്ളത്. ഇവിടെ ബഹുമാന്യനായ അംഗം തിരൂരങ്ങാടി ആശുപത്രിയുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞിരുന്നു. ഞാനത് പരിശോധിച്ചു. അവിടെ ഐ.സി.യു. പ്രവർത്തിക്കുന്നുണ്ട്. അവസാനത്തെ അഡ്മിഷനുണ്ടായത് ഇന്നലെയാണ്, അതായത് 2-8-2021-ൽ. ഇലക്ട്രിഫിക്കേഷൻ പ്രവൃത്തികൾക്കായി എൻ.എച്ച്.എം. (നാഷണൽ ഹെൽത്ത് മിഷൻ) അഞ്ച് ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. അതുപോലെ ബ്ലഡ് ബാങ്കല്ല, ബ്ലഡ് സ്റ്റോറേജ് യൂണിറ്റ് അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതിനായി കഴിഞ്ഞ മാസം 26-ാം തീയതി ലൈസൻസിനായി റീജിയണൽ ഡ്രഗ്സ് ഇൻസ്പെക്ടർക്ക് അപേക്ഷ നൽകിയിട്ടുണ്ട്.

ഇവിടെ വന്ന മറ്റ് പരാമർശങ്ങളെയെല്ലാം സ്വാഗതം ചെയ്യുകയാണ്. ഞാൻ പേരെടുത്ത് പറയുന്നില്ല. പ്രധാനപ്പെട്ടൊരു കാര്യം സ്ത്രീകളുടെയും കുഞ്ഞുങ്ങളുടെയും വയോജനങ്ങളുടെയും ആരോഗ്യവുമായി ബന്ധപ്പെട്ടും കാൻസറുമായി ബന്ധപ്പെട്ട വിഷയങ്ങളിലുമൊക്കെ കൃത്യമായ പ്രവർത്തനങ്ങളുണ്ടാകും. ഇൻഷ്വറൻസ് പദ്ധതിയുമായി ബന്ധപ്പെട്ട് നിലവിൽ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി വളരെ മികച്ച രീതിയിൽ പ്രവർത്തനങ്ങൾ നടത്തുന്നുണ്ട്, അത് വിപുലീകരിക്കുന്നതിനും കാര്യക്ഷമമാക്കുന്ന തിനുമുള്ള നടപടികൾ തുടരുന്നതാണ്. സ്റ്റാഫ് പാറ്റേണുമായി ബന്ധപ്പെട്ട് പട്ടാമ്പി യിലെയുൾപ്പെടെ കാര്യങ്ങൾ പറഞ്ഞു. ഒരു കാര്യം പറയാനുള്ളത്, ഇന്നലെ ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രി 300 അധിക തസ്തികകൾകൂടി ആരോഗ്യ വകുപ്പിനായി അനുവദിച്ചിട്ടുണ്ട്. അത് പി.എസ്.സി.-യിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

അതുപോലെ സ്റ്റേറ്റ് ഹെൽത്ത് ഏജൻസി ഒരു വർഷം പിന്നിടുമ്പോൾ, 2020-21 സാമ്പത്തിക വർഷത്തെ ആദ്യ പാദത്തിൽ ശരാശരി 19.25 കോടി രൂപയാണ് ഇൻഷ്വറൻസ് ചികിത്സാ ധനസഹായമായി കൊടുത്തതെങ്കിൽ 2022-23 സാമ്പത്തിക വർഷം ആദ്യ പാദം അത് 105.55 കോടി രൂപയാണ്. വലിയ വർദ്ധനവാണ് ഈ വിഭാഗത്തിൽ ഉണ്ടായിരിക്കുന്നത്. പ്രതിപക്ഷം ഉന്നയിച്ച കോവിഡ് മരണവുമായി ബന്ധപ്പെട്ട കാര്യത്തിൽ ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കുകയാണ്. ജൂൺ മാസം 14-ാം തീയതി സംസ്ഥാന ആരോഗ്യ വകുപ്പ് ഒരു ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. അതുപ്രകാരം എല്ലാ സർക്കാർ, സ്വകാര്യ ആശുപത്രികളിലും കോവിഡ് മരണമുണ്ടായാൽ 24 മണിക്കൂറിനകം ഓൺലൈൻ രജിസ്ട്രേഷൻ നടത്തിയിരിക്കണമെന്നാണ്. അതൊരു റിയൽ ടൈം എൻട്രിയാണ്. ആ ഡാറ്റ സമാഹരിച്ച് ജില്ലാതലത്തിൽ ക്രോഡീകരിച്ച് എത്ര കോവിഡ് മരണങ്ങളുണ്ടായി എന്നുള്ളത് ജില്ലാ തലത്തിൽത്തന്നെ പ്രഖ്യാപിക്കാവുന്നതാണ്. ഇതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാരിന്റെ നിലപാട് സുതാര്യം തന്നെയാണ്, അതിലൊരു തർക്കവുമില്ല. ഇവിടെ excess death analysis പറയുകയുണ്ടായി. ഇത് ഗൗരവമായി ആരോഗ്യ വകുപ്പ് പരിശോധിക്കുന്നുണ്ട്. മുൻപ് കോവിഡുമൂലം മരിച്ചവരുടെ ലിസ്റ്റ് പേര് സഹിതം പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ മരണനിരക്ക് കൂടുകയും privacy issues ഒക്കെ വരികയും ചെയ്ത സാഹചര്യത്തിൽ പേര് പ്രസിദ്ധീകരിക്കുന്നത് ഒഴിവാക്കി യിരുന്നു. എന്നാൽ നിലവിൽ പേര് പ്രസിദ്ധീകരിച്ചുതന്നെ ഓൺലൈൻ എൻട്രി നടത്തി മുന്നോട്ടുപോകാനാണ് തീരുമാനിച്ചിട്ടുള്ളത്, അത് നടത്തുന്നുമുണ്ട്.

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി കോവിഡ് മരണനിരക്കുകളെക്കുറിച്ചാണ് പറയുന്നത്. ഞങ്ങൾ അത് നിയമസഭയിൽ കൊണ്ടുവന്നതിനുശേഷം ജൂൺ മുതലുള്ള പേരുകൾ വരുത്താൻ തുടങ്ങി. ഞങ്ങളുന്നയിച്ചിരുന്ന പ്രധാനപ്പെട്ട ആവശ്യമെന്നത് ഒരു കമ്മിറ്റിയുമല്ല മരണ കാരണം നിശ്ചയിക്കുന്നതെന്നാണ്. Indian Council of Medical Research (ICMR)-ന്റെ മാർഗ്ഗനിർദ്ദേശമനുസരിച്ച് രോഗിയെ മിനിമം 24 മണിക്കൂറെങ്കിലും ചികിത്സിച്ച ഒരു ഡോക്ടറായിരിക്കണം ഒരാൾ കോവിഡ് മൂലമാണോ മരിച്ചതെന്ന് നിശ്ചയിക്കേണ്ടതെന്ന് ഞങ്ങൾ ആവശ്യപ്പെട്ടു. ഡിസംബർ മാസം മുതൽ ജൂൺ പതിനാലാം തീയതി വരെയുള്ള മരിച്ചവരുടെ കണക്ക് ഡെത്ത് ഓഡിറ്റ് കമ്മിറ്റിയാണ് പരിശോധിച്ചിരിക്കുന്നത്. ഐ.സി.എം.ആർ.-ന്റെ ഗൈഡ്‌ലൈൻ അനുസരിച്ചല്ല മരണ കാരണം നിശ്ചയിച്ചിരിക്കുന്നത്. അതുകൊണ്ട് മരിച്ച ആയിരക്കണക്കിന് ആളുകൾ ഗവൺമെന്റിന്റെ ഔദ്യോഗിക ലിസ്റ്റിൽ യഥാർത്ഥത്തിൽ വന്നിട്ടില്ല. ബഹുമാനപ്പെട്ട മന്ത്രി പരാതി കൊടുക്കാൻ പറഞ്ഞു. ഒരാൾ കോവിഡ്മൂലം മരിച്ചിട്ട് അത് സർക്കാരിന്റെ ലിസ്റ്റിലുണ്ടോ ഇല്ലയോയെന്ന് അയാളുടെ ഭാര്യ എങ്ങനെ അറിയും? നിങ്ങൾ ആ ലിസ്റ്റോ പേരുകളോ പ്രസിദ്ധീകരിച്ചിട്ടില്ല. പരാതി എങ്ങനെ കൊടുക്കും? ഒരു സ്ത്രീയുടെ ഭർത്താവ് കോവിഡ്മൂലം മരിച്ചിട്ടുണ്ടെങ്കിൽ ഗവൺമെന്റിന്റെ ലിസ്റ്റിലുണ്ടോ ഇല്ലയോയെന്ന് അവർക്കറിയില്ല. ഗവൺമെന്റ് ലിസ്റ്റ് പബ്ലിഷ് ചെയ്തിട്ടില്ല.

ഗവൺമെന്റിന്റെ കോവിഡ് മരണ നിരക്കിൽ പേരുകൾ പബ്ലിഷ് ചെയ്യാതെ എങ്ങനെ പരാതി കൊടുക്കും? ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം കേന്ദ്ര ഗവൺമെന്റോ സംസ്ഥാന ഗവൺമെന്റോ ഈ കുടുംബങ്ങൾക്ക് ധനസഹായം കൊടുക്കുമ്പോൾ ആയിരക്കണക്കിന് ആളുകൾക്ക് ഈ ബെനിഫിറ്റ് കിട്ടാതെ പോകുന്നുവെന്നുള്ളതാണ് ഞങ്ങൾ ഉന്നയിച്ച പ്രശ്നം. അതെങ്ങനെ പരിഹരിക്കും; ജൂൺ 14-ാം തീയതിക്കുമുമ്പുള്ള കേസ് എങ്ങനെ പരിഹരിക്കുമെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഗവൺമെന്റിന് ഇതിൽ ഒരു എതിർ നിലപാടുമില്ല. ആദ്യഘട്ടത്തിൽ പരാതികളുണ്ടെങ്കിൽ പരിശോധിക്കുമെന്ന് പറഞ്ഞു. വളരെ കുറച്ച് പരാതികളാണ് ലഭിച്ചിട്ടുള്ളത്. അതുകൊണ്ട് വകുപ്പുതന്നെ പരിശോധിക്കാമെന്ന് തീരുമാനിച്ചു. അങ്ങനെ ഡെത്തുകളുണ്ടെങ്കിൽ അത് പ്രസിദ്ധീകരിക്കുന്നതിന് വകുപ്പിന് മടിയില്ലായെന്ന് ഈ അവസരത്തിൽ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു കാര്യം ഉറപ്പാക്കുന്നുണ്ട്, അതിൽ ഒരാൾക്കും ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ നിർദ്ദേശപ്രകാരം ഈ രീതിയിലുള്ള ആനുകൂല്യങ്ങൾ ലഭിക്കാതെ പോകില്ല. രണ്ട് കാര്യങ്ങളാണ് പറയാനുള്ളത്. ലിസ്റ്റിലുണ്ടോ ഇല്ലയോയെന്ന് അറിയാൻ വേണ്ടിയാണ് പേര് പ്രസിദ്ധീകരിക്കാൻ തുടങ്ങിയത്. അതിനുമുമ്പുള്ള പേരുകൾ ജില്ലാ മെഡിക്കൽ ഓഫീസിൽ ലഭ്യമാക്കിയിട്ടുണ്ട്. ലിസ്റ്റിൽ പേരില്ലെങ്കിൽ വകുപ്പുതന്നെ പരിശോധന നടത്തുന്നുണ്ട്. അത് സുതാര്യവും കൃത്യവുമായി ചെയ്യണമെന്നുതന്നെയാണ് വകുപ്പ് ആലോചിക്കുന്നത്. അതിൽ പ്രതിപക്ഷത്തിന്റെയും സഹകരണമുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു.

ശ്രീ. വി. ഡി. സതീശൻ: സർ, ലിസ്റ്റ് പബ്ലിഷ് ചെയ്യാതെ എങ്ങനെ പരാതിപ്പെടും?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഇപ്പോഴുള്ള ലിസ്റ്റ് already published ആണ്.

ശ്രീ. വി. ഡി. സതീശൻ: സർ, അത് ജൂൺ 14-ന് ശേഷമുള്ളതാണ്. അതിന് മുമ്പുള്ള ലിസ്റ്റ് എവിടെ?

ശ്രീമതി വീണാ ജോർജ്ജ്: സർ, ഇത് പഞ്ചായത്തുതലത്തിൽ ലഭ്യമാക്കണമെങ്കിൽ ആക്കാം. ജില്ലയിലുള്ള കണക്കുകൾ ലഭ്യമാക്കുന്നതിൽ ഒരു പ്രശ്നവുമില്ല. മറച്ചുവയ്ക്കാനുണ്ടെങ്കിലല്ലേ ഇതുസംബന്ധിച്ച് പ്രസിദ്ധീകരിക്കാതിരിക്കേണ്ടതുള്ളൂ. സർക്കാരിന് ഒന്നും മറച്ചുവയ്ക്കാനില്ല. അതുകൊണ്ട് കുടുംബാരോഗ്യ കേന്ദ്രതലത്തിൽ തന്നെ ഇതുവരെയുള്ള എല്ലാ ലിസ്റ്റും പ്രസിദ്ധീകരിക്കണമെങ്കിൽ അതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. അതിൽ സർക്കാരിന് മറ്റൊരു നിലപാടില്ല. പേര് ഒഴിവാക്കപ്പെട്ടിട്ടുണ്ടെങ്കിൽ വകുപ്പ് പരിശോധിച്ച് കൃത്യമായ നടപടികൾ സ്വീകരിക്കുന്നതാണ്. അതുകൂടാതെ ഗതാഗതം സുഗമമാക്കുന്നതുൾപ്പെടെ ബഹുമാന്യരായ എം.എൽ.എ.-മാർ പറഞ്ഞ എല്ലാ കാര്യങ്ങളും നോട്ട് ചെയ്യുകയും നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ധനാഭ്യർത്ഥനകൾ പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

## ധനാഭ്യർത്ഥന നമ്പർ XVIII

## വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും

മി. സ്പീക്കർ: സർവ്വശ്രീ പി. ഉബൈദുള്ള, പി. അബ്ദുൽ ഹമീദ്. , കുറുക്കോളി മൊയ്തീൻ, ടി. ജെ. വിനോദ്, സി. ആർ. മഹേഷ്, കെ. ബാബു (തൃപ്പൂണിത്തുറ), എൽദോസ് പി. കുന്നപ്പിള്ളിൽ, നജീബ് കാന്തപുരം, പി. കെ. ബഷീർ, കെ. പി. എ. മജീദ്, യു. എ. ലത്തീഫ്, എ. കെ. എം. അഷ്‌റഫ്, ടി. വി. ഇബ്രാഹിം, പി. സി. വിഷ്ണുനാഥ്, സജീവ് ജോസഫ്, തിരുവഞ്ചൂർ രാധാകൃഷ്ണൻ, എൻ. എ. നെല്ലിക്കുന്ന്, എൻ. ഷംസുദ്ദീൻ, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, എ. പി. അനിൽ കുമാർ എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XVIII-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപ ക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

വൈദ്യസഹായരംഗവും പൊതുജനാരോഗ്യവും എന്ന XVIII-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യവിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്ക ണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ): സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

അനുകൂലിക്കുന്നവർ:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക

5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺകുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീമതി ജെ. ചിഞ്ചുറാണി
17. ശ്രീ. പി. പി. ചിത്തരഞ്ജൻ
18. ശ്രീമതി ദെലീമ
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. ചിറ്റയം ഗോപകുമാർ
21. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
22. ശ്രീ. സി. കെ. ഹരീന്ദ്രൻ
23. ഡോ. കെ. ടി. ജലീൽ
24. ശ്രീമതി കാനത്തിൽ ജമീല
25. ശ്രീ. ജി. എസ്. ജയലാൽ
26. ഡോ. എൻ. ജയരാജ്
27. ശ്രീ. കെ. യു. ജനീഷ് കുമാർ
28. ശ്രീ. ജോബ് മൈക്കിൾ

29. ശ്രീ. വി. ജോയി
30. ശ്രീ. ഒ. ആർ. കേളു
31. ശ്രീ. കെ. കൃഷ്ണൻകുട്ടി
32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. മാത്യു ടി. തോമസ്
39. ശ്രീ. കെ. ജെ. മാക്സി
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. മുഹമ്മദ് മുഹസിൻ
43. ശ്രീ. എം. മുകേഷ്
44. ശ്രീ. സി. സി. മുകുന്ദൻ
45. ശ്രീ. ഡി. കെ. മുരളി
46. ശ്രീ. മുരളി പെരുനെല്ലി
47. ശ്രീ. പി. നന്ദകുമാർ
48. ശ്രീ. എം. നൗഷാദ്
49. ശ്രീ. എ. പ്രഭാകരൻ
50. ശ്രീ. പ്രമോദ് നാരായൺ
51. ശ്രീ. വി. കെ. പ്രശാന്ത്
52. ശ്രീ. പി. പ്രസാദ്

53. ശ്രീ. കെ. ഡി. പ്രസേനൻ
54. ശ്രീമതി യു. പ്രതിഭ
55. ശ്രീ. കെ. പ്രേംകുമാർ
56. ശ്രീ. കെ. രാധാകൃഷ്ണൻ
57. ശ്രീ. പി. ടി. എ. റഹീം
58. ശ്രീ. എ. രാജ
59. ശ്രീ. എം. രാജഗോപാലൻ
60. ശ്രീ. കെ. രാജൻ
61. ശ്രീ. പി. രാജീവ്
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ
65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
66. ശ്രീ. റോഷി അഗസ്റ്റിൻ
67. ശ്രീ. കെ. എം. സച്ചിൻദേവ്
68. ശ്രീ. സജി ചെറിയാൻ
69. ശ്രീ. എച്ച്. സലാം
70. ശ്രീമതി ശാന്തകുമാരി കെ.
71. ശ്രീ. വി. ശശി
72. ശ്രീ. എ. കെ. ശശീന്ദ്രൻ
73. ശ്രീ. ഐ. ബി. സതീഷ്
74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
75. ശ്രീ. എ. എൻ. ഷംസീർ
76. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
77. ശ്രീ. വി. ശിവൻകുട്ടി
78. ശ്രീ. വാഴൂർ സോമൻ

79. ശ്രീ. പി. വി. ശ്രീനിജൻ
80. ശ്രീ. ജി. സ്റ്റീഫൻ
81. ഡോ. സുജിത് വിജയൻ പിള്ള
82. ശ്രീ. കെ. വി. സുമേഷ്
83. ശ്രീ. പി. പി. സുമോദ്
84. ശ്രീ. വി. ആർ. സുനിൽ കുമാർ
85. ശ്രീ. പി. എസ്. സുപാൽ
86. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
87. ശ്രീ. കെ. എൻ. ഉണ്ണികൃഷ്ണൻ
88. ശ്രീ. വി. എൻ. വാസവൻ
89. ശ്രീമതി വീണാ ജോർജ്ജ്
90. ശ്രീ. ഇ. കെ. വിജയൻ
91. ശ്രീ. എം. വിജിൻ
92. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി
4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ

11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീമതി കെ. കെ. രമ
27. ശ്രീ. റോജി എം. ജോൺ
28. ശ്രീ. സജീവ് ജോസഫ്
29. ശ്രീ. എൻ. ഷംസുദ്ദീൻ
30. ശ്രീ. സനീഷ്കുമാർ ജോസഫ്
31. ശ്രീ. വി. ഡി. സതീശൻ
32. ശ്രീ. സണ്ണി ജോസഫ്
33. ശ്രീ. പി. ഉബൈദുള്ള
34. ശ്രീ. എം. വിൻസെന്റ്
35. ശ്രീ. ടി. ജെ. വിനോദ്
36. ശ്രീ. പി. സി. വിഷ്ണുനാഥ്

<u>മി. സ്പീക്കർ</u>:

അനുകൂലിക്കുന്നവർ - 92

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

**ധനാഭ്യർത്ഥന നമ്പർ XIX**

**കുടുംബക്ഷേമം**

<u>മി. സ്പീക്കർ</u>: സർവ്വശ്രീ കുറുക്കോളി മൊയ്തീൻ, എ. കെ. എം. അഷ്റഫ്, ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, പി. അബ്ദുൽ ഹമീദ് , കെ. പി. എ. മജീദ്, പി. കെ. ബഷീർ, എൻ. ഷംസുദ്ദീൻ, യു. എ. ലത്തീഫ്, നജീബ് കാന്തപുരം, എൻ. എ. നെല്ലിക്കുന്ന്, സനീഷ്കുമാർ ജോസഫ്, സജീവ് ജോസഫ്, പി. സി. വിഷ്ണുനാഥ്, ടി. സിദ്ദിഖ്, സണ്ണി ജോസഫ്, എ. പി. അനിൽ കുമാർ, എൽദോസ് പി. കുന്നപ്പിള്ളിൽ, തിരുവഞ്ചൂർ രാധാകൃഷ്ണൻ, ടി. ജെ. വിനോദ്, കെ. ബാബു (തൃപ്പൂണിത്തുറ), സി. ആർ. മഹേഷ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ XIX-ാം നമ്പർ ധനാഭ്യർത്ഥനയ്ക്ക് അവതരിപ്പിച്ച ഖണ്ഡനോപക്ഷേപങ്ങൾ പ്രസ് ചെയ്യുന്നുണ്ടോ?

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

ഖണ്ഡനോപക്ഷേപങ്ങൾ സഭ നിരാകരിച്ചിരിക്കുന്നു.

കുടുംബക്ഷേമം എന്ന XIX-ാം നമ്പർ ധനാഭ്യർത്ഥനയുടെ പേരിൽ കാര്യ വിവരപ്പട്ടികയിൽ സൂചിപ്പിച്ചിട്ടുള്ള ലിസ്റ്റിൽ പ്രസ്തുത ധനാഭ്യർത്ഥനയ്ക്കുനേരെ 9-ാം കോളത്തിൽ കാണിച്ചിട്ടുള്ള തുക 2021-22 സാമ്പത്തികവർഷത്തെ ചെലവുകൾ പൂർത്തീകരിക്കുന്നതിനായി അനുവദിക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ.........

പ്രതികൂലിക്കുന്നവർ.........

<u>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ)</u>: സർ, ഞാൻ പോൾ ആവശ്യപ്പെടുന്നു.

(സഭാംഗങ്ങൾ താഴെപ്പറയും പ്രകാരം വോട്ട് രേഖപ്പെടുത്തി.)

<u>അനുകൂലിക്കുന്നവർ</u>:

1. ശ്രീ. വി. അബ്ദുറഹിമാൻ
2. ശ്രീ. അഹമ്മദ് ദേവർകോവിൽ
3. ശ്രീ. എൻ. കെ. അക്ബർ
4. ശ്രീമതി ഒ. എസ്. അംബിക
5. ശ്രീ. ജി. ആർ. അനിൽ
6. ശ്രീ. കെ. ആൻസലൻ
7. ശ്രീ. ആന്റണി ജോൺ
8. ശ്രീ. ആന്റണി രാജു
9. ശ്രീ. എം. എസ്. അരുൺകുമാർ
10. ശ്രീമതി സി. കെ. ആശ
11. ശ്രീ. കെ. ബാബു (നെന്മാറ)
12. ശ്രീ. പി. ബാലചന്ദ്രൻ
13. ശ്രീ. കെ. എൻ. ബാലഗോപാൽ
14. ഡോ. ആർ. ബിന്ദു
15. ശ്രീ. ഇ. ചന്ദ്രശേഖരൻ
16. ശ്രീമതി ജെ. ചിഞ്ചുറാണി
17. ശ്രീ. പി. പി. ചിത്തരഞ്ജൻ
18. ശ്രീമതി ദെലീമ
19. ശ്രീ. കെ. ബി. ഗണേഷ് കുമാർ
20. ശ്രീ. ചിറ്റയം ഗോപകുമാർ
21. ശ്രീ. എം. വി. ഗോവിന്ദൻ മാസ്റ്റർ
22. ശ്രീ. സി. കെ. ഹരീന്ദ്രൻ
23. ഡോ. കെ. ടി. ജലീൽ

24. ശ്രീമതി കാനത്തിൽ ജമീല
25. ശ്രീ. ജി. എസ്. ജയലാൽ
26. ഡോ. എൻ. ജയരാജ്
27. ശ്രീ. കെ. യു. ജനീഷ് കുമാർ
28. ശ്രീ. ജോബ് മൈക്കിൾ
29. ശ്രീ. വി. ജോയി
30. ശ്രീ. ഒ. ആർ. കേളു
31. ശ്രീ. കെ. കൃഷ്ണൻകുട്ടി
32. ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ
33. ശ്രീ. സി. എച്ച്. കുഞ്ഞമ്പു
34. ശ്രീ. ലിന്റോ ജോസഫ്
35. ശ്രീ. ടി. ഐ. മധുസൂദനൻ
36. ശ്രീ. പി. മമ്മിക്കുട്ടി
37. ശ്രീ. എം. എം. മണി
38. ശ്രീ. മാത്യു. ടി. തോമസ്
39. ശ്രീ. കെ. ജെ. മാക്സി
40. ശ്രീ. കെ. പി. മോഹനൻ
41. ശ്രീ. എ. സി. മൊയ്തീൻ
42. ശ്രീ. മുഹമ്മദ് മുഹസിൻ
43. ശ്രീ. എം. മുകേഷ്
44. ശ്രീ. സി. സി. മുകുന്ദൻ
45. ശ്രീ. ഡി. കെ. മുരളി
46. ശ്രീ. മുരളി പെരുനെല്ലി
47. ശ്രീ. പി. നന്ദകുമാർ

48. ശ്രീ. എം. നൗഷാദ്
49. ശ്രീ. എ. പ്രഭാകരൻ
50. ശ്രീ. പ്രമോദ് നാരായൺ
51. ശ്രീ. വി. കെ. പ്രശാന്ത്
52. ശ്രീ. പി. പ്രസാദ്
53. ശ്രീ. കെ. ഡി. പ്രസേനൻ
54. ശ്രീമതി യു. പ്രതിഭ
55. ശ്രീ. കെ. പ്രേംകുമാർ
56. ശ്രീ. കെ. രാധാകൃഷ്ണൻ
57. ശ്രീ. പി. ടി. എ. റഹീം
58. ശ്രീ. എ. രാജ
59. ശ്രീ. എം. രാജഗോപാലൻ
60. ശ്രീ. കെ. രാജൻ
61. ശ്രീ. പി. രാജീവ്
62. ശ്രീ. കെ. കെ. രാമചന്ദ്രൻ
63. ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി
64. ശ്രീ. ടി. പി. രാമകൃഷ്ണൻ
65. ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ
66. ശ്രീ. റോഷി അഗസ്റ്റിൻ
67. ശ്രീ. കെ. എം. സച്ചിൻദേവ്
68. ശ്രീ. സജി ചെറിയാൻ
69. ശ്രീ. എച്ച്. സലാം
70. ശ്രീമതി ശാന്തകുമാരി കെ.
71. ശ്രീ. വി. ശശി

72. ശ്രീ. എ. കെ. ശശീന്ദ്രൻ
73. ശ്രീ. ഐ. ബി. സതീഷ്
74. ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ
75. ശ്രീ. എ. എൻ. ഷംസീർ
76. ശ്രീമതി കെ. കെ. ശൈലജ ടീച്ചർ
77. ശ്രീ. വി. ശിവൻകുട്ടി
78. ശ്രീ. വാഴൂർ സോമൻ
79. ശ്രീ. പി. വി. ശ്രീനിജൻ
80. ശ്രീ. ജി. സ്റ്റീഫൻ
81. ഡോ. സുജിത് വിജയൻ പിള്ള
82. ശ്രീ. കെ. വി. സുമേഷ്
83. ശ്രീ. പി. പി. സുമോദ്
84. ശ്രീ. വി. ആർ. സുനിൽ കുമാർ
85. ശ്രീ. പി. എസ്. സുപാൽ
86. ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ
87. ശ്രീ. കെ. എൻ. ഉണ്ണിക്കൃഷ്ണൻ
88. ശ്രീ. വി. എൻ. വാസവൻ
89. ശ്രീമതി വീണാ ജോർജ്ജ്
90. ശ്രീ. ഇ. കെ. വിജയൻ
91. ശ്രീ. എം. വിജിൻ
92. ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി

<u>പ്രതികൂലിക്കുന്നവർ</u>

1. ശ്രീ. പി. അബ്ദുൽ ഹമീദ്
2. പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ
3. ശ്രീ. മഞ്ഞളാംകുഴി അലി

4. ശ്രീ. എ. പി. അനിൽ കുമാർ
5. ശ്രീ. അനൂപ് ജേക്കബ്
6. ശ്രീ. എ. കെ. എം. അഷ്റഫ്
7. ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ )
8. ശ്രീ. പി. കെ. ബഷീർ
9. ശ്രീ. ഐ. സി. ബാലകൃഷ്ണൻ
10. ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ
11. ശ്രീ. ടി. വി. ഇബ്രാഹിം
12. ശ്രീ. പി. ജെ. ജോസഫ്
13. ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടി
14. ശ്രീ. യു. എ. ലത്തീഫ്
15. ശ്രീ. സി. ആർ. മഹേഷ്
16. ശ്രീ. കെ. പി. എ. മജീദ്
17. ഡോ. മാത്യു കുഴൽനാടൻ
18. ശ്രീ. കുറുക്കോളി മൊയ്തീൻ
19. ശ്രീ. മോൻസ് ജോസഫ്
20. ഡോ. എം. കെ. മുനീർ
21. ശ്രീ. നജീബ് കാന്തപുരം
22. ശ്രീ. എൻ. എ. നെല്ലിക്കുന്ന്
23. ശ്രീ. ഉമ്മൻ ചാണ്ടി
24. ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ
25. ശ്രീ. രമേശ് ചെന്നിത്തല
26. ശ്രീമതി കെ. കെ. രമ
27. ശ്രീ. റോജി എം. ജോൺ

28. ശ്രീ. സജീവ് ജോസഫ്

29. ശ്രീ. എൻ. ഷംസുദ്ദീൻ

30. ശ്രീ. സനീഷ്കുമാർ ജോസഫ്

31. ശ്രീ. വി. ഡി. സതീശൻ

32. ശ്രീ. സണ്ണി ജോസഫ്

33. ശ്രീ. പി. ഉബൈദുള്ള

34. ശ്രീ. എം. വിൻസെന്റ്

35. ശ്രീ. ടി. ജെ. വിനോദ്

36. ശ്രീ. പി. സി. വിഷ്ണുനാഥ്

മി. സ്പീക്കർ:

അനുകൂലിക്കുന്നവർ - 92

പ്രതികൂലിക്കുന്നവർ - 36

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

പ്രമേയം സഭ പാസ്സാക്കിയിരിക്കുന്നു. ഗ്രാന്റ് അനുവദിച്ചിരിക്കുന്നു.

മി. സ്പീക്കർ: ഓർഡർ....... ഓർഡർ...... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2021 ആഗസ്റ്റ് 04-ാം തീയതി ബുധനാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേയ്ക്കായി സഭ വൈകുന്നേരം 4.17-ന് പിരിഞ്ഞു.)

## അനുബന്ധം

നക്ഷത്രചിഹ്നമിട്ട 2(242)-ാം നമ്പർ ചോദ്യത്തിന് കായികം വഖഫും ഹജ്ജ് തീർത്ഥാടനം വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിന്റെ വിശദാംശങ്ങൾ -

അനുബന്ധം I

### 1. കിക്കോഫ്

ഫുട്ബോൾ ലോക റാങ്കിംഗിൽ ഇന്ത്യയുടെ നിലവാരം ഉയർത്തുക എന്ന ലക്ഷ്യത്തോടെ കേരളത്തിലെ നഗര/ഗ്രാമ പ്രദേശങ്ങളിലെയും ഗിരിവർഗ്ഗ, കടൽത്തീര മേഖലകളിലെയും കുട്ടികളിൽനിന്നും ഫുട്ബോൾ പ്രതിഭകളെ കണ്ടെത്തി ചെറുപ്രായം മുതൽ പരിശീലനം നൽകുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് കിക്കോഫ്. പ്രൈമറി സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തിയാണ് പ്രസ്തുത പദ്ധതിയിലേയ്ക്ക് വിദ്യാർത്ഥികളെ തെരഞ്ഞെടുക്കുന്നത്. ഗ്രാസ്റൂട്ട് ഫുട്ബോൾ പരിശീലന മേഖലയിൽ മികവ് തെളിയിച്ച സ്പോർട്സ് എഡ്യൂക്കേഷൻ പ്രൊമോഷൻ ട്രസ്റ്റ് എന്ന സ്ഥാപനമാണ് പദ്ധതിയുടെ നിർവ്വഹണ ഏജൻസി.

ഓരോ സെന്ററിലും 25 കുട്ടികൾക്കുവീതമാണ് പ്രസ്തുത പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. ആദ്യഘട്ടമായി സംസ്ഥാനത്ത് 19 സെന്ററുകളിലാണ് പദ്ധതി ആരംഭിച്ചത്. പ്രസ്തുത സെന്ററുകളിൽ പദ്ധതിയുടെ ആദ്യഘട്ടം പൂർത്തിയാകുകയും രണ്ടാംഘട്ട പരിശീലനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പെൺകുട്ടികൾക്കുവേണ്ടി 14 സെന്ററുകളിലേയ്ക്കുകൂടി പരിശീലനം വ്യാപിപ്പിക്കുന്നതിനായി കുട്ടികളുടെ സെലക്ഷൻ നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്.

### 2. ഹൂപ്സ്

ലോകനിലവാരമുള്ള ബാസ്കറ്റ്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് ബാസ്കറ്റ്ബോൾ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് ഹൂപ്സ്. നടപ്പ് സാമ്പത്തിക വർഷം കണ്ണൂർ, കോഴിക്കോട്, തൃശ്ശൂർ, കൊല്ലം, തിരുവനന്തപുരം ജില്ലകളിലെ 10 സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. നാല് മുതൽ എട്ട് വരെ ക്ലാസ്സുകളിലെ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2020 ജനുവരി 21-ന് തിരുവനന്തപുരം തൈക്കാട് മോഡൽ ഹൈസ്കൂളിൽവച്ച് നടത്തപ്പെട്ടു.

## 3. സ്പ്രിന്റ്

ലോകനിലവാരത്തിലുള്ള അത്‌ലറ്റുകളെ ചെറുപ്രായത്തിൽത്തന്നെ കണ്ടെത്തി അന്താരാഷ്ട്രതലത്തിൽ കേരളത്തിന്റെ നഷ്ടപ്രതാപം വീണ്ടെടുക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്രിന്റ്. ആദ്യ ഘട്ടത്തിൽ കാസർഗോഡ്, കണ്ണൂർ, ഇടുക്കി, കോട്ടയം, പാലക്കാട്, പത്തനംതിട്ട ജില്ലകളിൽ ഓരോ സെന്ററുകളിലാണ് പദ്ധതി നടപ്പിലാക്കുക. സ്കൂൾ വിദ്യാർത്ഥികളിൽനിന്നും ഓപ്പൺ സെലക്ഷൻ നടത്തി തെരഞ്ഞെടുക്കപ്പെടുന്നവർക്കാണ് ഈ പദ്ധതിയിലൂടെ പരിശീലനം നൽകുന്നത്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം നടപ്പ് സാമ്പത്തികവർഷം നടത്തുന്നതിന് ഉദ്ദേശിക്കുന്നു.

## 4. പ്ലേ ഫോർ ഹെൽത്ത്

കായിക വിനോദങ്ങളിലൂടെ കുട്ടികളുടെ ശാരീരികവും മാനസികവുമായ കഴിവുകൾ വർദ്ധിപ്പിക്കുന്നതിനും അവരെ കായിക രംഗത്തേയ്ക്ക് കൂടുതൽ ആകർഷിക്കുന്നതിനും സ്കൂളുകളെ സ്പോർട്ടിംഗ് ഹബ്ബുകളാക്കുന്നതിനും വേണ്ടിയുള്ള പദ്ധതിയാണ് പ്ലേ ഫോർ ഹെൽത്ത്. സിഡ്കോയുടെ സാങ്കേതിക സഹകരണത്തോടെ സംസ്ഥാനത്തെ 25 സ്കൂളുകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. പദ്ധതി നടപ്പിലാക്കുന്ന സ്കൂളുകളിലെ മുഴുവൻ വിദ്യാർത്ഥികളും പ്രസ്തുത പദ്ധതിയുടെ ഗുണഭോക്താക്കളാണ്. പദ്ധതിക്കു വേണ്ടിയുള്ള കായികോപകരണങ്ങളുടെ ഇൻസ്റ്റലേഷൻ പൂർത്തിയാകുന്നമുറയ്ക്ക് പദ്ധതി പൂർണ്ണതോതിൽ നടപ്പിലാക്കുന്നതാണ്. പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം 2021 ജനുവരി 25-ന് കണ്ണൂർ തളാപ്പ് മിക്സഡ് യു.പി. സ്കൂളിൽവച്ച് നടത്തി.

## 5. സ്പ്ലാഷ്

ജലാശയ അപകടങ്ങളുടെ തോത് കുറയ്ക്കുന്നതിനായി സ്കൂൾ വിദ്യാർത്ഥികൾക്ക് നീന്തൽ പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയാണ് സ്പ്ലാഷ്. പ്രാരംഭ ഘട്ടമെന്ന നിലയിൽ കാസർഗോഡ്, വയനാട്, പാലക്കാട്, തൃശ്ശൂർ, ഇടുക്കി ജില്ലകളിലാണ് പദ്ധതി നടപ്പിലാക്കുന്നത്. എട്ട് വയസ്സ് മുതൽ പതിനെട്ട് വയസ് വരെ പ്രായമുള്ള സ്കൂൾ വിദ്യാർത്ഥികൾക്കാണ് പരിശീലനം നൽകുന്നത്. രക്ഷിതാക്കളുടെ സമ്മതപത്രം മാത്രമാണ് പദ്ധതിയിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുന്നതിനുള്ള മാനദണ്ഡം.

## 6. ജൂഡോ

സംസ്ഥാനത്ത് ജൂഡോയുടെ ഉന്നമനത്തിനായി മെച്ചപ്പെട്ട അടിത്തറയിടുന്നതിന് സ്കൂൾ വിദ്യാർത്ഥികൾക്ക് പരിശീലനം നടത്തുന്നതിനായുള്ള പദ്ധതിയാണിത്. എട്ട് മുതൽ പതിനൊന്ന് വയസ് വരെ പ്രായമുള്ള കുട്ടികൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടമെന്ന നിലയിൽ സംസ്ഥാനത്തെ പത്ത് ജില്ലകളിൽ ഒരു സ്കൂളിലെ 40 കുട്ടികൾക്ക് വീതം പരിശീലനം നൽകുന്നതിനാണ് ഉദ്ദേശിക്കുന്നത്.

## 7. പഞ്ച്

സംസ്ഥാനത്തെ സ്കൂൾ വിദ്യാർത്ഥിനികൾക്ക് ബോക്സിംഗ് കായിക ഇനത്തിൽ അടിസ്ഥാന പരിശീലനം ലഭ്യമാക്കുന്നതിനായി ആവിഷ്കരിച്ച പദ്ധതിയാണ് പഞ്ച്. 8 മുതൽ 11 വയസ് വരെ പ്രായമുള്ള പെൺകുട്ടികളിൽനിന്ന് ബോക്സിംഗിൽ അഭിരുചിയുള്ള കുട്ടികളെ കണ്ടെത്തി മികച്ച പരിശീലനം ലഭ്യമാക്കുകയാണ് പദ്ധതി മുഖേന ലക്ഷ്യമിടുന്നത്. ആദ്യഘട്ടത്തിൽ സംസ്ഥാനത്തെ അഞ്ച് ജില്ലകളിലെ സ്കൂളുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കുക. സംസ്ഥാനത്തെ ബോക്സിംഗ് കായികമേഖലയുടെ ഉന്നമനത്തിനൊപ്പം പെൺകുട്ടികളെ സ്വയരക്ഷ നേടുവാൻ പ്രാപ്തരാക്കുവാനും പദ്ധതി സഹായകരമാകും.

## 8. കേരള ഷൂട്ടിംഗ് അക്കാദമി

ലോകോത്തര നിലവാരമുള്ള ഷൂട്ടിംഗ് ചാമ്പ്യന്മാരെ വാർത്തെടുക്കുന്നതിനായി നാഷണൽ റൈഫിൾ അസോസിയേഷനുമായി ചേർന്ന് വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ 2020 ഫെബ്രുവരി 3-ന് കേരള ഷൂട്ടിംഗ് അക്കാദമി ആരംഭിച്ചു. ആദ്യ ബാച്ചിൽ 90 പേർക്ക് പരിശീലനം നടത്തിവരുന്നു.

## 9. സ്പോർട്സ് കേരള ഫുട്ബോൾ അക്കാദമി

അന്താരാഷ്ട്ര നിലവാരമുള്ള ഫുട്ബോൾ താരങ്ങളെ വാർത്തെടുക്കുന്നതിനായി പ്രൊഫഷണൽ ഫുട്ബോൾ ക്ലബ്ബുകളുമായി സഹകരിച്ച് ഫുട്ബോൾ അക്കാദമികൾ ആരംഭിക്കുന്നതിനുള്ള പദ്ധതിയാണ്. ആരംഭത്തിൽ ജി. വി. രാജ സ്പോർട്സ് സ്കൂൾ, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലാണ് അക്കാഡമി തുടങ്ങുന്നത്. ജൂനിയർ, സീനിയർ എന്നീ കാറ്റഗറികളിലായി (U-14, U-17, U-20) മൂന്ന് ടീമുകളാണ് ഉദ്ദേശിക്കുന്നത്. കണ്ണൂർ സ്പോർട്സ് ഡിവിഷനിലുള്ള അക്കാഡമിയിൽ പെൺകുട്ടികൾക്ക് മാത്രമായാണ് പരിശീലനം നടത്തുന്നത്. കിക്കോഫ് പരിശീലന പദ്ധതിയിലെ മികച്ച കുട്ടികളെ അക്കാഡമിയിൽ ഉൾപ്പെടുത്തുന്നതാണ്. കായിക യുവജന കാര്യാലയത്തിനുകീഴിലുള്ള അടിസ്ഥാനസൗകര്യങ്ങൾ ഉപയോഗിച്ച് പ്രൊഫഷണൽ ക്ലബ്ബുകൾവഴി പരിശീലനം നടത്തുന്നതിനാണ് പദ്ധതിയിലൂടെ ഉദ്ദേശിക്കുന്നത്. അക്കാഡമികൾ ആരംഭിക്കുന്നതിനുള്ള ടെണ്ടർ നടപടികൾ പുരോഗമിച്ചുവരുന്നു.

## 10. സയൻസ് ആൻഡ് ടെക്നോളജി അസസ്മെന്റ് ഓഫ് സ്റ്റുഡന്റ്സ്

ജി. വി. രാജാ സ്പോർട്സ് സ്കൂൾ, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായികക്ഷമത വിലയിരുത്തുന്നതിന് രാമചന്ദ്ര ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹയർ എഡ്യൂക്കേഷൻ ആൻഡ് റിസർച്ച് ഡീംഡ് യൂണിവേഴ്സിറ്റിയും ഈ വകുപ്പുമായി കൂടിചേർന്ന് നടത്തുന്ന 1,55,55,000 രൂപയുടെ പദ്ധതിയുടെ ആദ്യഘട്ടത്തിൽ

2019-20-ൽ ജി. വി. രാജാ സ്പോർട്സ് സ്കൂളിലെ കുട്ടികളുടെ കായികക്ഷമതാ പരിശോധന നടത്തി. 2020-21 സാമ്പത്തിക വർഷം 45,88,725 രൂപ ടി പദ്ധതിക്കായി അനുവദിച്ചുനൽകി. ആദ്യ ടെസ്റ്റ് നടക്കുകയും ആയതിന്റെ റിപ്പോർട്ട് ഈ വകുപ്പിൽ ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

11. ബയോപ്സി ടെസ്റ്റ്

ജി. വി. രാജ സ്പോർട്സ് സ്കൂൾ, മൈലം, തിരുവനന്തപുരം, കണ്ണൂർ സ്പോർട്സ് ഡിവിഷൻ എന്നിവിടങ്ങളിലെ കുട്ടികളുടെ കായിക മികവ് വിലയിരുത്തുന്നതിന് ബയോപ്സി ടെസ്റ്റ് നടത്തുന്നതിന് സർക്കാർ ഉത്തരവ് ലഭിച്ചിട്ടുണ്ട്. ബയോപ്സി ടെസ്റ്റ് നടത്തുന്നതിനാവശ്യമായ ക്രയോസ്റ്റാറ്റ് ഉപകരണം 2020-21 സാമ്പത്തിക വർഷം വാങ്ങുകയും ആയത് തിരുവനന്തപുരം മെഡിക്കൽ കോളേജിൽ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത ഉപകരണം വാങ്ങിയതിന് 19,22,576 രൂപ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ ലിമിറ്റഡിന് അനുവദിച്ചുനൽകി. 2021-22-ൽ ടി ഉപകരണത്തിനുവേണ്ടിയുള്ള റീഎജന്റ്സ് വാങ്ങിക്കുന്നതിനും ലക്ഷ്യമിടുന്നു.

അനുബന്ധം-2

(എ) ഇൻഡോർ സ്റ്റേഡിയം

ജി. വി. രാജ സ്പോർട്സ് സ്കൂളിന്റെ ഭരണനിർവ്വഹണം സ്പോർട്സ് ഡയറക്ടറേറ്റ് 2017 ഫെബ്രുവരിയിൽ ഏറ്റെടുത്തശേഷം നിലവിലുള്ള ഇൻഡോർ സ്റ്റേഡിയം ദേശീയ നിലവാരത്തിലേയ്ക്ക് ഉയർത്തിയിട്ടുണ്ട്. പ്രസ്തുത ഇൻഡോർ സ്റ്റേഡിയത്തിൽ പോളിയുറൈത്തെൻ (PU) സ്പോർട്സ് സർഫസ് സ്ഥാപിക്കുകയും വോളിബോൾ, ബാസ്കറ്റ്ബോൾ എന്നിവയുടെ പരിശീലനത്തിനായി ഓരോ ബോൾ ഫീഡിംഗ് മെഷീനുകളും സ്ഥാപിച്ചിട്ടുണ്ട്. ഇൻഡോർ സ്റ്റേഡിയത്തിൽ ജൂഡോ മാറ്റുകൾ, രണ്ട് ബോക്സിംഗ് റിംഗുകൾ എന്നിവ സ്ഥാപിച്ചിട്ടുണ്ട്. എൽ.ഇ.ഡി. ഫ്ലഡ് ലൈറ്റുകൾ സ്ഥാപിച്ച് രാത്രികാലങ്ങളിലും പരിശീലനം നടത്തുന്നതിനുള്ള എല്ലാ സംവിധാനങ്ങളും ഒരുക്കിയിട്ടുണ്ട്.

(ബി) സിന്തറ്റിക് ഹോക്കി ടർഫ്

472 ലക്ഷം രൂപ ചെലവഴിച്ച് പോപ് അപ്പ് സ്പ്രിംഗ്ലർ സംവിധാനത്തോടു കൂടിയ വിദേശത്തുനിന്നും ഇറക്കുമതി ചെയ്ത സിന്തറ്റിക് ഹോക്കി കോർട്ടും അനുബന്ധ സൗകര്യങ്ങളും ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) സിന്തറ്റിക് ഫുട്ബോൾ ടർഫ്

ഫിഫ ക്വാളിറ്റി പ്രോ നിലവാരത്തിലുള്ള സിന്തറ്റിക് ഫുട്ബോൾ ടർഫ് 383 ലക്ഷം രൂപ ചെലവഴിച്ച് നിർമ്മിച്ചിട്ടുണ്ട്. ഫുട്ബോൾ സിന്തറ്റിക് ടർഫുകൾക്ക് മെയിന്റനൻസ് കുറവായതിനാൽ ദീർഘകാലം പരിശീലനത്തിന് ഉപയോഗിക്കാവുന്നതാണ്. പ്രസ്തുത ഫുട്ബോൾ മൈതാനത്തിന് ഫിഫ സർട്ടിഫിക്കേഷൻ ലഭിച്ചിട്ടുണ്ട്.

(ഡി) സിന്തറ്റിക് ട്രാക്ക്

585 ലക്ഷം രൂപ ചെലവിൽ 8 സ്ട്രെയിറ്റ് ലൈനും 6 ലെയിൻ 400 മീറ്റർ സിന്തറ്റിക് ട്രാക്കും സിന്തറ്റിക് ലോംഗ് ജംപിന്റെ നിർമ്മാണം ലൈൻ മാർക്കിംഗ് ഉൾപ്പെടെ പൂർത്തീകരിച്ചുകഴിഞ്ഞു. സിന്തറ്റിക് ട്രാക്കിന് ആവശ്യമായ മെറ്റീരിയൽ പോർപ്ലാസ്റ്റിക് ജർമ്മനിയിൽനിന്നും ഇറക്കുമതി ചെയ്താണ് പൂർത്തീകരിച്ചിട്ടുള്ളത്.

(ഇ) ആധുനിക ഫിറ്റ്നസ് സെന്റർ

ജി. വി. രാജ സ്പോർട്സ് സ്കൂളിൽ ആധുനിക നിലവാരത്തിലുള്ള സ്പോർട്സ് ലൈഫ് ഫിറ്റ്നസ് സെന്റർ സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത ഫിറ്റ്നസ് സെന്ററിൽ ആധുനിക രീതിയിലുള്ള കാർഡിയോ ഉപകരണങ്ങളും പ്ലേറ്റ് ലോഡഡ് - പിൻ ലോഡഡ് ഉപകരണങ്ങളും സജ്ജീകരിച്ചിട്ടുണ്ട്.

(എഫ്) മോഡുലാർ കിച്ചൺ

നിലവിൽ ബോയ്സ് ഹോസ്റ്റലിലെയും ഗേൾസ് ഹോസ്റ്റലിലെയും കിച്ചൺ മോഡുലാർ സംവിധാനത്തിലേയ്ക്ക് മാറ്റിയിട്ടുണ്ട്.

(ജി) സ്പോർട്സ് മെഡിസിൻ സെന്റർ

കായിക താരങ്ങളുടെ ശാരീരികക്ഷമത നിലനിർത്തുന്നതിനും തുടർ പരിശോധനകൾക്കുമായി സ്പോർട്സ് മെഡിസിൻ സെന്റർ ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. പ്രസ്തുത മെഡിസിൻ സെന്ററിനാവശ്യമായ ഫിസിയോതെറാപ്പി ഉപകരണങ്ങൾ കായിക വകുപ്പ് ലഭ്യമാക്കിയിട്ടുണ്ട്.

ജി. വി. രാജ സ്പോർട്സ് സ്കൂൾ അന്താരാഷ്ട്ര നിലവാരത്തിലേയ്ക്ക് ഉയർത്തുന്നതിന്റെ ഭാഗമായി കായിക നിർമ്മിതികൾക്കുപുറമെ പഠനസൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ഇൻട്രാക്ടീവ് ക്ലാസ് റൂമുകൾ, ആധുനിക ലാബ് ഉപകരണങ്ങൾ, പുതിയ ഫർണിച്ചറുകൾ എന്നീ സൗകര്യങ്ങളും പൂർത്തീകരിച്ചിട്ടുണ്ട്. കോംബാറ്റ് സ്പോർട്സിനായി 5 നിലകളിലുള്ള ഒരു ബഹുനില കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചുവരികയാണ്.

## കണ്ണൂർ സ്പോർട്സ് ഡിവിഷൻ

കണ്ണൂർ ഗവൺമെന്റ് വൊക്കേഷണൽ ഹയർസെക്കണ്ടറി (സ്പോർട്സ് സ്കൂൾ) സ്കൂളിനെ പെൺകുട്ടികൾക്ക് മാത്രമുള്ള സമ്പൂർണ്ണ റസിഡൻഷ്യൽ സ്കൂളാക്കി മാറ്റുന്നതിന് സർക്കാർ അനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി സ്കൂളിൽ കായിക സൗകര്യങ്ങൾ ഒരുക്കുന്നതിനും ഹോസ്റ്റൽ പണി കഴിപ്പിക്കുന്നതിനുമുൾപ്പെടെയുള്ള ആസ്തി വികസന സൗകര്യങ്ങൾ ഒരുക്കുന്നതിലേയ്ക്ക് ഒരു മാസ്റ്റർപ്ലാൻ തയ്യാറാക്കിവരികയാണ്. ഘട്ടം ഘട്ടമായി പ്രസ്തുത മാസ്റ്റർ പ്ലാൻ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്. കോംബാറ്റ് കായികയിനങ്ങൾ പരിശീലിപ്പിക്കുന്നതിനായി മൂന്നുനിലകളിലുള്ള ഒരു ഇൻഡോർ കോംപ്ലക്സ്, ഡൈനിംഗ്, കിച്ചൺ, കോച്ചുകൾക്കുള്ള മുറികൾ ഉൾപ്പെടെയുള്ള സൗകര്യങ്ങളോടുകൂടിയ ഒരു ഹോസ്റ്റൽ സമുച്ചയം എന്നിവയാണ് പ്രഥമ പരിഗണനയിലുള്ളത്. ഇന്ത്യയിലെതന്നെ പെൺകുട്ടികൾക്ക് മാത്രമായുള്ള അപൂർവ്വം സ്പോർട്സ് റസിഡൻഷ്യൽ സ്കൂളുകളിൽ ഒന്നായി കണ്ണൂർ സ്പോർട്സ് സ്കൂളിനെ മാറ്റുകയാണ് ലക്ഷ്യം.